# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

2019 ജൂൺ 20, വ്യാഴം

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി-ഇൻ-ചാർജ്
**ശ്രീ. സി. ജോസ്**

ചീഫ് എഡിറ്റർ
**ശ്രീമതി വി.ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

388/2021

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. എം. എം. മണി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. വി. എസ്. സുനിൽകുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം

*പേജ്*

**I. ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ..01
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ..30

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..30

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..83

**II. അറിയിപ്പ്**

ശ്രീമതി കെ. ആർ. ഗൗരിയമ്മയ്ക്ക് ജന്മദിനാശംസകൾ ..390

**III. അടിയന്തരപ്രമേയം**

കശുവണ്ടി മേഖലയുടെ പുനരുദ്ധാരണം

(അവതരണാനുമതി നിഷേധിച്ചു) ..391

**IV. ശ്രദ്ധ ക്ഷണിക്കൽ**

(1) റോഡ്-പാലം പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാത്തതിനാലുള്ള നഷ്ടം

— ശ്രീ. കെ. ബി. ഗണേഷ് കുമാർ ..418

(2) എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിലെ നിലവാരത്തകർച്ചയും തൊഴിലില്ലായ്മയും

— ശ്രീ. കെ. എസ്. ശബരീനാഥൻ ..425

**V. സബ്മിഷൻ**

1. മൊറട്ടോറിയത്തിനുള്ള അനുമതി നിഷേധിക്കൽ

—പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല)

—ശ്രീ. പി. സി. ജോർജ് ..428

2. ചികിത്സാ ധനസഹായ സമാഹരണം

— ശ്രീ. വി. ഡി. സതീശൻ ..435

3. ബിരുദം യോഗ്യതയായിട്ടുള്ള തസ്തികകളുടെ പ്രായപരിധി

— ശ്രീ. മഞ്ഞളാംകുഴി അലി ..436

*പേജ്*

4. ഭൂമി ഏറ്റെടുക്കൽ

— ശ്രീ. വി. എസ്. അച്യുതാനന്ദൻ ..438

5. തിരുവനന്തപുരം നഗരത്തിലെ കുടിവെള്ളക്ഷാമം

— ശ്രീ. വി. എസ്. ശിവകുമാർ ..440

6. പയ്യന്നൂരിലെ കുടിവെള്ളക്ഷാമം

— ശ്രീ. സി. കൃഷ്ണൻ ..444

7. ലാൻഡ് റിക്ലമേഷൻ സ്കീം

— ശ്രീ. ആർ. രാമചന്ദ്രൻ ..445

8. റെയിൽപ്പാത നിർമ്മാണം

— ശ്രീ. രാജു എബ്രഹാം ..448

9. പാലം പുനർനിർമ്മാണം

— ശ്രീ. പി. ഉണ്ണി ..449

10. റോഡ് നിർമ്മാണം

— ശ്രീ. മാത്യു ടി. തോമസ് ..450

**VI. മേശപ്പുറത്തുവച്ച കടലാസുകൾ** ..452

**VII. ധനകാര്യം** ..457

2019-2020 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ XXX — ഭക്ഷ്യം

ധനാഭ്യർത്ഥന നമ്പർ XXXI — മൃഗസംരക്ഷണം

ധനാഭ്യർത്ഥന നമ്പർ XXXII — ക്ഷീരവികസനം

ധനാഭ്യർത്ഥന നമ്പർ XXXIV — വനം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

*2019 ജൂൺ 20, വ്യാഴം*

വാല്യം 176] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 12

നിയമസഭ 2019 ജൂൺ മാസം 20-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ......ഓർഡർ ചോദ്യം നമ്പർ *301

### നോർക്ക റൂട്ട്സിന്റെയും ഒഡെപെക്കിന്റെയും പ്രവർത്തനങ്ങൾ

1 (*301) ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിക്രൂട്ടിംഗ് ഏജൻസികൾ വ്യാപകമായി തൊഴിലന്വേഷകരെ കബളിപ്പിച്ചുവന്നിരുന്നതിന് അറുതിവരുത്തിക്കൊണ്ട് നോർക്ക റൂട്ട്സും ഒഡെപെക്കും വിദേശ തൊഴിലന്വേഷകർക്ക് അവസരം ഒരുക്കി നൽകുന്നുണ്ടോ; നോർക്ക എക്സ്പ്രസ് റിക്രൂട്ട്മെന്റ് സർവ്വീസ് ആരംഭിച്ചിട്ടുണ്ടോ;

(ബി) അവശതയനുഭവിക്കുന്ന പ്രവാസി കുടുംബങ്ങൾക്ക് സാന്ത്വന പദ്ധതി പ്രകാരം നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമാണ്;

(സി) വിമാനക്കമ്പനികൾ ഉത്സവ സീസണിൽ വിമാന ടിക്കറ്റിൽ വരുത്തുന്ന അന്യായമായ വർദ്ധനവ് നിയന്ത്രിക്കുവാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിവിധ വിമാന കമ്പനികളുമായി ധാരണയിലെത്തി നിരക്കിൽ ഇളവ് ലഭ്യമാക്കുവാൻ നോർക്ക റൂട്ട്സിന് കഴിഞ്ഞിട്ടുണ്ടോയെന്ന് അറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) നിയമപരവും ധാർമ്മികവും സുരക്ഷിതവും സുതാര്യവുമായ മാർഗ്ഗങ്ങളിലൂടെയുള്ള കുടിയേറ്റം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ റിക്രൂട്ട്മെന്റ് ഏജൻസിയായ നോർക്ക റൂട്ട്സ് വഴി ജി.സി.സി. രാജ്യങ്ങൾ ഉൾപ്പെടെയുള്ള വിദേശരാജ്യങ്ങളിലേയ്ക്ക് നിരവധി തൊഴിലവസരങ്ങൾ നൽകിവരുന്നു.

സൗദി അറേബ്യ, യു.എ.ഇ., ഒമാൻ, കുവൈറ്റ് എന്നീ രാജ്യങ്ങളിലേയ്ക്ക് ഡോക്ടർമാർ, നഴ്സുമാർ, മെഡിക്കൽ ടെക്നീഷ്യന്മാർ തുടങ്ങിയവർക്ക് നിരവധി തൊഴിലവസരങ്ങൾ നൽകിവരുന്നു. കുവൈറ്റിലെ അർദ്ധസർക്കാർ റിക്രൂട്ട്മെന്റ് കമ്പനിയായ 'അൽദുര ഫോർ മാൻപവർ' ആവശ്യപ്പെട്ടതനുസരിച്ച് ഈ വർഷം ഗാർഹിക തൊഴിൽ മേഖലയിൽ ആയിരത്തോളം വനിതകളെ തെരഞ്ഞെടുക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

വിദേശ ജോലിക്കുള്ള നടപടിക്രമങ്ങൾക്ക് സാധാരണയുള്ള കാലതാമസം പരമാവധി കുറച്ച് നടപ്പിലാക്കിയ സംവിധാനമാണ് എക്സ്പ്രസ് റിക്രൂട്ട്മെന്റ്. ഇതുവഴി മാസത്തിൽ രണ്ട് പ്രാവശ്യം സൗദി അറേബ്യയിലെ പ്രമുഖ സ്വകാര്യ ആശുപത്രിയിലെ നഴ്സുമാരുടെയും ടെക്നീഷ്യന്മാരുടെയും ഒഴിവിലേയ്ക്ക് വീഡിയോ കോൺഫറൻസിംഗ് സംവിധാനത്തിലൂടെ എക്സ്പ്രസ് റിക്രൂട്ട്മെന്റ് നടത്തിവരുന്നു.

നോർക്ക റൂട്ട്സ് അംഗീകൃത ഏജൻസിയായതിനുശേഷം 2015 മുതൽ നാളിതുവരെ 1050 നഴ്സുമാർ ഉൾപ്പെടെ 1283 പേരെ വിദേശത്ത് ജോലിക്ക് അയച്ചിട്ടുണ്ട്.

വിദേശ തൊഴിലന്വേഷകർക്കായി ഒഡെപെക് ഗൾഫ് രാജ്യങ്ങളിലേയ്ക്കും യൂറോപ്യൻ രാജ്യങ്ങളിലേയ്ക്കും റിക്രൂട്ട്മെന്റ് നടത്തിവരുന്നു. പ്രതിവർഷം 400-ഓളം പേർ ഇത്തരത്തിൽ വിദേശത്തേയ്ക്ക് തൊഴിൽ ലഭിച്ച് പോയിട്ടുണ്ട്.

(ബി) തിരികെയെത്തിയ പ്രവാസി കേരളീയർക്കുവേണ്ടി നോർക്ക റൂട്ട്സ് നടപ്പാക്കിയിട്ടുള്ള ദുരിതാശ്വാസ പദ്ധതിയാണ് സാന്ത്വന. ഈ പദ്ധതിപ്രകാരം മരണപ്പെട്ട പ്രവാസികളുടെ ആശ്രിതർക്ക് ധനസഹായമായി പരമാവധി ഒരു ലക്ഷം രൂപയും രോഗങ്ങളാൽ ദുരിതമനുഭവിക്കുന്ന പ്രവാസികൾക്ക് ചികിത്സാ ധനസഹായമായി പരമാവധി 50,000 രൂപയും സാമ്പത്തികമായി പിന്നോക്കമായിട്ടുള്ള പ്രവാസികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായമായി പരമാവധി 15,000 രൂപയും നൽകിവരുന്നു. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന തിരികെയെത്തിയ പ്രവാസികളിൽ വൈകല്യം ഉള്ളവർക്ക് ക്രച്ചസ്, വീൽചെയർ തുടങ്ങിയ ഉപകരണങ്ങൾ വാങ്ങുന്നതിന് പരമാവധി 10,000 രൂപ വരെയും നൽകിവരുന്നു.

(സി) ഉത്സവ സീസണിൽ വിമാന ടിക്കറ്റിൽ വരുത്തുന്ന അന്യായമായ വർദ്ധനവ് നിയന്ത്രിക്കാൻ കേന്ദ്രസർക്കാർ ഇടപെടണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

ഇന്ത്യയിൽ നിന്ന് വിദേശത്തേക്കും തിരിച്ചും ഒമാൻ എയർലൈൻസിൽ ഇക്കണോമി/ബിസിനസ്സ് ക്ലാസ്സിൽ യാത്ര ചെയ്യുന്ന നോർക്ക തിരിച്ചറിയൽ കാർഡുള്ള വിദേശ മലയാളികൾക്ക് (ഭാര്യ/ഭർത്താവ്, 8 വയസ്സിന് താഴെയുള്ള കുട്ടികൾ ഉൾപ്പെടെ) ടിക്കറ്റ് നിരക്കിൽ ഏഴ് ശതമാനം ഇളവ് അനുവദിക്കുന്ന ഒമാൻ ഫെയർ എന്ന പദ്ധതി നോർക്ക-റൂട്ട്സ് മുഖേന നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് വിമാനക്കമ്പനികളുമായും ഇത്തരത്തിൽ യാത്രാനിരക്ക് ഇളവ് അനുവദിക്കുന്നതിനുള്ള ചർച്ചകൾ നടക്കുന്നുണ്ട്.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രവാസി ക്ഷേമനിധി ബോർഡിൽ നിന്നും നൽകുന്ന പെൻഷൻ മൂന്നിരട്ടിയായി വർദ്ധിപ്പിച്ചിട്ടുണ്ട്, അതിന് ഈ സർക്കാരിനെ ഞാൻ അഭിനന്ദിക്കുകയാണ്. തിരികെയെത്തിയ പ്രവാസികളുടെ ക്ഷേമത്തിനുവേണ്ടി സർക്കാർ ഒട്ടേറെ കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്. അവരുടെ പുനരധിവാസത്തിനുവേണ്ടി NDPREM (Norka Department Project for Return Emigrants) പോലെയുള്ള സ്കീമുകൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. സാന്ത്വന പദ്ധതിപ്രകാരമുള്ള ധനസഹായങ്ങളും കാലതാമസമില്ലാതെ ഇവർക്ക് കൊടുക്കുന്നുണ്ട്. 60 വയസ്സ് കഴിഞ്ഞവർക്ക് ഈ ക്ഷേമനിധിയിൽ ചേരാൻ നിർവ്വാഹമില്ല. അവർക്ക് ഒറ്റത്തവണ പ്രീമിയമടച്ച് പെൻഷൻ കൊടുക്കുകയോ, മറ്റ് ആനുകൂല്യങ്ങൾ നൽകുകയോ ചെയ്യുന്ന ഒരു പദ്ധതി സർക്കാരിന് പരിഗണിക്കാനാകുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇതൊരു പ്രധാന വിഷയമായി വന്നുകൊണ്ടിരിക്കുകയാണ്. ഇക്കാര്യം പ്രത്യേകം പരിശോധിക്കാം.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, വിമാനടിക്കറ്റ് നിരക്കിൽ അമിതമായ വർദ്ധനവ് വരുത്തുന്നത് കേരളീയരോട് ചെയ്യുന്ന അപരാധമാണ്. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തുനിന്നും ഗൾഫിലേയ്ക്കോ മറ്റ് രാജ്യങ്ങളിലേയ്ക്കോ പോകുന്നവരോട് ഈ വിവേചനമില്ല. കേരളത്തിൽ നിന്നും ഗൾഫ് സെക്ടറിലേയ്ക്ക് പോകുന്ന ആളുകളോട് മാത്രം കാണിക്കുന്ന ഈ വിവേചനം മുഴുവൻ മലയാളികളോടും ചെയ്യുന്ന അപരാധവും വെല്ലുവിളിയുമായിട്ടാണ് കണക്കാക്കേണ്ടത്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരുമായി നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണ്. കേരളം ഈ വിഷയത്തിൽ

കക്ഷിരാഷ്ട്രീയത്തിന് അതീതമായി ഒന്നിച്ച് നിൽക്കേണ്ടതാണ്. എന്തുകൊണ്ട് ഗൾഫ് സെക്ടറിൽ മാത്രം ഇങ്ങനെയൊരു കൊള്ള നടത്തുന്നുവെന്ന പ്രശ്നം ദേശീയതലത്തിൽത്തന്നെ ഉന്നയിക്കേണ്ടതുണ്ട്. ഇക്കാര്യം പാർലമെന്റിൽ പല ഘട്ടങ്ങളിൽ ഉയർന്നുവന്നിട്ടുണ്ട്. നമ്മുടെ എം.പി.-മാരും കേരള സർക്കാരും സംയുക്തമായി ഇക്കാര്യം പാർലമെന്റിൽ ഉന്നയിക്കേണ്ടതുണ്ട്. നോർക്ക കാർഡുള്ളവർക്ക് ഒമാൻ എയർ ചില സൗജന്യങ്ങൾ നൽകുന്നുണ്ട്. മറ്റ് വിമാനകമ്പനികളുമായുള്ള ചർച്ച ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇവിടെ ബഹുമാന്യനായ അംഗം പറഞ്ഞ വിമാന ടിക്കറ്റ് നിരക്ക് വർദ്ധനവിന്റെ കാര്യത്തിൽ എല്ലാ കക്ഷികൾക്കും ഒരേ അഭിപ്രായമാണ്. ഒരു കക്ഷിക്കും വിമാന ടിക്കറ്റ് നിരക്ക് വർദ്ധിപ്പിക്കണമെന്ന അഭിപ്രായമില്ല. പക്ഷെ എല്ലാ കാലത്തും കേന്ദ്ര സർക്കാർ വിമാന ടിക്കറ്റ് നിരക്ക് വർദ്ധിപ്പിക്കുന്നതിനെ അംഗീകരിക്കുകയാണ്. അത് ഞങ്ങളല്ല, എയർപോർട്ട് അതോറിറ്റിയാണ്, സിവിൽ ഏവിയേഷൻ വകുപ്പാണ് ചെയ്യേണ്ടതെന്നൊക്കെ കേന്ദ്ര സർക്കാർ പറയുമെങ്കിലും, യഥാർത്ഥത്തിൽ അവർ ഇടപെടാത്തതിന്റെ ഭാഗമായാണ് ഇത്തരത്തിൽ അമിതമായ വർദ്ധനവ് വരുന്നത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ കേരളത്തിൽ നിന്ന് പോകുന്നവർക്ക് മാത്രമുള്ള ഒരു പിഴയായിട്ടാണ് വരുന്നത്. എല്ലാ തലത്തിലുമുള്ള വിവേചനം തന്നെയാണ്. ഇതിനെ പലവട്ടം സർക്കാർ എതിർക്കുകയും നിയമസഭ പ്രമേയം പാസ്സാക്കുകയും ചെയ്തിട്ടുണ്ട്, പാർലമെന്റിലും നിയമസഭയ്ക്കും പുറത്തും എല്ലാ രാഷ്ട്രീയകക്ഷികളും ഇതിനെതിരെ സംസാരിച്ചിട്ടുണ്ട്. പക്ഷെ ടിക്കറ്റ് നിരക്ക് വർദ്ധനവിൽ മാറ്റമില്ല. ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യം, ഒമാൻ എയർവേയ്സ് പോലെ മറ്റ് എയർവേയ്സുകളുമായി നടക്കുന്ന ആലോചനകൾ എവിടെവരെയായി എന്നതാണ്. മറ്റ് എയർവേയ്സുകളുമായി ബന്ധപ്പെട്ട് ആലോചനകൾ നടക്കുകയാണ്. നമുക്ക് ശുഭപ്രതീക്ഷയുണ്ട്.

ശ്രീമതി വീണാ ജോർജ്ജ്: സർ, പ്രവാസി ക്ഷേമമെന്നാൽ വിദേശ രാജ്യങ്ങളിലെ സ്വന്തം ബിസിനസ്സ് സാമ്രാജ്യങ്ങൾ ശക്തിപ്പെടുത്തലല്ല എന്ന് തെളിയിച്ചുകൊണ്ട്, അതിന് അറുതിവരുത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് മൂന്ന് വർഷമായി സംസ്ഥാന സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്. 2018-19 സാമ്പത്തിക വർഷം നോർക്ക റൂട്ട്സിന്റെ പ്ലാൻ ഫണ്ടിൽ നിന്നുള്ള ധനവിനിയോഗത്തിൽ മാത്രം 300 ശതമാനത്തിന്റെ വർദ്ധനവുണ്ടായിട്ടുണ്ട്. ഇവിടെ പരാമർശിച്ച സാന്ത്വന പദ്ധതിയിൽ 25 കോടി രൂപ ഡിസാസ്റ്റർ റിലീഫായി റിലീസ് ചെയ്തു. 800-ഓളം തിരികെയെത്തിയ പ്രവാസികൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി 15 കോടി രൂപ നൽകിയിട്ടുണ്ട്. വിദേശത്തുവച്ച് മരിക്കുന്ന കേരളീയരുടെ

മൃതദേഹം സൗജന്യമായി നാട്ടിലെത്തിക്കുന്നതിനുവേണ്ടിയുള്ള ഒരു പദ്ധതി ഈ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് എന്നുമുതൽ നടപ്പിലാക്കാൻ സാധിക്കും; ഏതെങ്കിലും എയർലൈൻസുമായി ഇതുസംബന്ധിച്ച് ചർച്ച നടത്തിയിട്ടുണ്ടോ; ഇതിനുവേണ്ടി കേന്ദ്രത്തിൽ നിന്നും എന്തെങ്കിലും സഹായം ലഭ്യമാകുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, മൃതശരീരങ്ങൾ കൊണ്ടുവരുന്നതിനുള്ള ഇടപെടൽ ചില ഘട്ടങ്ങളിൽ സംസ്ഥാന സർക്കാരിന് നടത്തേണ്ടിവന്നിട്ടുണ്ട്. ചില സൗജന്യങ്ങളും അനുവദിച്ചിരുന്നു. ഇപ്പോൾ മൃതദേഹം സൗജന്യമായി കൊണ്ടുവരാനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇതുമായി ബന്ധപ്പെട്ട് വിവിധ എയർലൈൻസുകളുമായി ചർച്ചകൾ നടക്കുന്നുണ്ട്. അതിന് എയർലൈൻസ് തയ്യാറാകണമെന്നില്ല, നമ്മൾ തുക കൊടുക്കേണ്ടിവരും. പക്ഷെ അവരുടെ സൗജന്യം ലഭിക്കുമോയെന്നുള്ളത് തുടർന്ന് പരിശോധിക്കാവുന്നതാണ്.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, ബഹുമാനപ്പെട്ട കെ. വി. അബ്ദുൾ ഖാദർ ഇവിടെ സൂചിപ്പിച്ചതുപോലെ പെൻഷൻ പദ്ധതിയിൽ ചേരാൻ സാധിക്കാത്തവരുമുണ്ട്. അങ്ങനെയുള്ള പ്രവാസികൾക്ക് 5 ലക്ഷം രൂപ കിഫ്ബിയിൽ നിക്ഷേപിച്ചാൽ പ്രതിമാസം 5,500 രൂപ ലഭിക്കുന്ന പ്രവാസി ലാഭവിഹിത പദ്ധതി ആവിഷ്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഇതുവഴി 1000 കോടി രൂപ സമാഹരിക്കാൻ കേരള പ്രവാസി ക്ഷേമനിധി ബോർഡിനെ ചുമതലപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അതൊരു നിർദ്ദേശമാണ്. കിഫ്ബിയുമായി ചർച്ച ചെയ്യാം.

<u>ശ്രീ. സജി ചെറിയാൻ</u>: സർ, എമിഗ്രേഷന്റെ ഭാഗമായി കോടിക്കണക്കിന് രൂപ കേന്ദ്ര സർക്കാരിന്റെ കൈവശമുണ്ട്. ഗൾഫിലെ തൊഴിലവസരങ്ങളുടെ കുറവുമൂലം ധാരാളം പ്രവാസികൾ തിരികെ വരുന്ന സാഹചര്യത്തിൽ പ്രവാസി മലയാളികളുടെ പുനരധിവാസത്തിന് ഈ തുക ലഭ്യമാക്കാൻ സാധിക്കുന്നതിനെക്കുറിച്ച് ചിന്തിക്കുന്നുണ്ടോ; അതിനാവശ്യമായ ഇടപെടൽ നടത്താൻ കഴിയുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇത് കേരളം ദീർഘകാലമായി ആവശ്യപ്പെടുന്ന കാര്യമാണ്. പക്ഷെ ഇതുമായി ബന്ധപ്പെട്ട അനുമതി കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല. അത്തരത്തിലൊരു ഫണ്ട് ഇതിനുവേണ്ടി ചെലവഴിക്കുന്നതിന് കേന്ദ്രസർക്കാർ ഇതുവരെ സന്നദ്ധമായിട്ടില്ല. എന്നാൽ പുനരധിവാസ കാര്യത്തിൽ കേന്ദ്രത്തിന്റെ സഹായം നമുക്ക് ലഭിക്കണം. അതിന് മേൽപ്പറഞ്ഞ ന്യായം കേന്ദ്ര സർക്കാരിന്റെ മുന്നിൽ വയ്ക്കാനുണ്ട്. തുടർന്നും ഇക്കാര്യത്തിൽ സമ്മർദ്ദം ചെലുത്താവുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഉത്സവ സീസണുകളിൽ വിമാനക്കമ്പനികൾ വൻതോതിൽ വിമാന ടിക്കറ്റ് നിരക്ക് വർദ്ധിപ്പിക്കുന്നതിലൂടെയുണ്ടാകുന്ന ബുദ്ധിമുട്ടുകൾ നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ഞാൻ പാർലമെന്റംഗമായിരുന്ന കാലത്ത് സിവിൽ ഏവിയേഷൻ കൺസൾട്ടേറ്റീവ് കമ്മിറ്റിയിൽ അംഗമായിരുന്നു. ഇക്കാര്യത്തിൽ വിമാനക്കമ്പനികൾ പറയുന്ന ഒരു ന്യായം, ഉത്സവ സീസണുകളിലാണ് കൂടുതൽ യാത്രക്കാരുള്ളതെന്നാണ്. അല്ലാത്ത സമയത്ത് ഓഫ് സീസണാണ്. പക്ഷെ അത് നമുക്ക് ബാധകമല്ല. കേരളത്തെ സംബന്ധിച്ചിടത്തോളം ഗൾഫ് സെക്ടറിലേക്ക് ഉത്സവ സീസണുകളിലും അല്ലാത്ത സമയങ്ങളിലും യാത്രക്കാർ വളരെ കൂടുതലുണ്ടാകും. അങ്ങനെ അവർക്ക് നഷ്ടമുണ്ടാകില്ല. നഷ്ടം കാണിച്ചാണ് അവർ ഇതുപറയുന്നത്. വസ്തുനിഷ്ഠമായി ഗൾഫ് സെക്ടറിലുള്ള യാത്രക്കാരുടെ കണക്കെടുത്തുകൊണ്ട് സിവിൽ ഏവിയേഷൻ വകുപ്പിന്റെ ചുമതലയുള്ള മന്ത്രിയെയും സിവിൽ ഏവിയേഷൻ സെക്രട്ടറിയുൾപ്പെടെയുള്ളവരെയും കണക്ക് ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞാൽ ഇതിനൊരു പരിഹാരമുണ്ടാക്കാൻ കഴിയുമെന്നാണ് എന്റെ അഭിപ്രായം. അതിന് സർക്കാർ മുൻകയ്യെടുക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, സിവിൽ ഏവിയേഷൻ വകുപ്പിന് മുന്നിൽ അവതരിപ്പിക്കേണ്ട വാദങ്ങളിൽ ഒന്നുകൂടി അദ്ദേഹം ചേർത്തുവെന്നേയുള്ളൂ. അതുകൂടി നമുക്ക് സിവിൽ ഏവിയേഷൻ വകുപ്പിന് മുന്നിൽ പറയാവുന്നതാണ്.

ശ്രീ. വി. ജോയി: സർ, വിമാനക്കമ്പനികളുടെ ചൂഷണത്തെ സംബന്ധിച്ച് അങ്ങ് സൂചിപ്പിക്കുകയുണ്ടായി. ലാഭത്തിൽ പ്രവർത്തിക്കുന്ന തിരുവനന്തപുരം വിമാനത്താവളം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ടിയാൽ (TIAL) എന്ന കമ്പനി രൂപീകരിച്ചിരുന്നു. അങ്ങ് ഈ അടുത്ത ദിവസം പ്രധാനമന്ത്രിയുമായി ചർച്ച നടത്തിയിരുന്നു. അതിൽ എന്തെങ്കിലും പുരോഗതിയുണ്ടോ എന്ന് അറിയിക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, തിരുവനന്തപുരം വിമാനത്താവളത്തിന്റെ കാര്യത്തിൽ നമ്മുടെ നിലപാട് നേരത്തേ തന്നെ വ്യക്തമാക്കിയതാണ്. അത് സംസ്ഥാന സർക്കാരിനെ ഏൽപ്പിക്കണമെന്നാണ് നേരത്തെ പറഞ്ഞിരുന്നത്. അതുമായി ബന്ധപ്പെട്ട് പ്രധാനമന്ത്രിക്ക് നിവേദനം നൽകിയിരിക്കുകയാണ്. നമ്മൾ നൽകിയ നിവേദനത്തിനുള്ള പ്രതികരണം മോശമല്ല. നമുക്ക് ശുഭപ്രതീക്ഷയോടെ കുറച്ചുനാൾകൂടി കാത്തിരിക്കാം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, നമ്മുടെ പ്രവാസികൾ കേരളീയ സമൂഹത്തിന് നൽകിയ സംഭാവനകൾ നിസ്തുലമാണ്. ഞാൻ ഇവിടെ ഉന്നയിക്കുന്ന ഒരു പ്രശ്നം, പ്രവാസ ലോകത്ത് ധാരാളം നിയമപ്രശ്നങ്ങളുണ്ട്. അവിടെയുണ്ടാകുന്ന തർക്കങ്ങൾ, സംഘട്ടനങ്ങൾ എന്നിവയിലൂടെ ക്രിമിനൽ കേസ്സുകളിലുൾപ്പെട്ട ധാരാളം

പ്രവാസികളുണ്ട്. അവരിൽ പലരും ജയിലിലാണ്, ചിലർ ഒളിവിലാണ്. വിസ പ്രശ്നങ്ങൾ, പെർമിഷന്റെ കാലാവധി കഴിഞ്ഞവർ ഇങ്ങനെയൊക്കെയുള്ള ധാരാളം വിഷയങ്ങളുണ്ട്. ഇവർക്ക് നിയമസഹായം ലഭിക്കാൻ വിദേശരാജ്യങ്ങളിൽ പ്രത്യേകിച്ച്, നമ്മുടെ ജി.സി.സി. രാജ്യങ്ങളിൽ ഒരു സംവിധാനവുമില്ല. എംബസികളിൽ നിന്ന് ലഭിക്കുന്നത് വളരെ കുറഞ്ഞ ശ്രദ്ധ മാത്രമാണ്. അതുപോലെതന്നെ എനിക്ക് പരിചയമുള്ള കെ.എം.സി.സി. ഉൾപ്പെടെയുള്ള പ്രവാസി സംഘടനകൾ അവരുടെ ലീഗൽ എയ്ഡും നൽകുന്നുണ്ട്. മണ്ണാർക്കാടുള്ള ഒരു സംഭവം എനിക്കറിയാം. ഒരു സംഘട്ടനത്തെത്തുടർന്ന് ഒരാളെ കാണാതായി, അയാളുടെ ബന്ധുക്കൾ എന്നും എന്നെ വന്നുകാണും. ഞാൻ എംബസിയിലേയ്ക്ക് അപേക്ഷ തയ്യാറാക്കി കൊടുത്തു. കാണാതായ ആളെ ഇതുവരെ കണ്ടെത്തിയിട്ടില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്തും നമ്മുടെ ഒരു ലീഗൽ സെൽ വേണമെന്നുള്ളത് ഞാൻ ഈ സഭയിൽ ഉന്നയിച്ചതാണ്, എംബസിയും കോൺസുലേറ്റുമുണ്ടെന്നുള്ളത് ശരിയാണ്. ലക്ഷക്കണക്കിന് മലയാളികൾ പ്രത്യേകിച്ച് സൗദിയിലും യു.എ.ഇ.-യിലുമൊക്കെയുള്ള സാഹചര്യത്തിൽ, നോർക്ക റൂട്ട്സിന് ഇപ്പോൾ അങ്ങനെയൊരു പദ്ധതിയുണ്ടെന്ന് കേട്ടു. അങ്ങനെയാണെങ്കിൽ എല്ലാ ജി.സി.സി. രാജ്യങ്ങളിലും സെല്ലുകളുണ്ടാകുമോ; എത്ര വീതം ലീഗൽ സെല്ലുകളാണ് പ്രവർത്തിക്കുക; ഗൾഫ് രാജ്യങ്ങൾക്ക് പുറമെയുള്ള മറ്റ് രാജ്യങ്ങളിലും ഉണ്ടാകുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഗൗരവമായ ഒരു പ്രശ്നം തന്നെയാണ് ബഹുമാന്യനായ അംഗം ഇവിടെ ചൂണ്ടിക്കാണിച്ചത്. ഇതിൽ രണ്ടുതരമുണ്ട്. ശരിയായ ക്രിമിനൽ പ്രവൃത്തി നടത്തിയ ഒരാൾ സാധാരണ നിലയ്ക്കുള്ള നിയമനടപടികൾ നേരിടേണ്ടത് തന്നെയാണ്. ക്രിമിനലായിട്ടുള്ള ഒരാൾക്ക് നിയമസഹായം ചെയ്യുക എന്നതല്ല നമ്മൾ പ്രധാനമായും ഉദ്ദേശിക്കുന്നത്. അദ്ദേഹം രണ്ടാമത്തെ ഭാഗത്ത് പറഞ്ഞതുപോലെ ഒട്ടേറെ നിരപരാധികൾ ജയിലിൽ കിടക്കേണ്ടിവരും. വളരെ നിസാരമായ കാര്യങ്ങൾക്ക് ജയിലിൽ കിടക്കുന്ന നില വരുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ടുള്ള നിയമസഹായം ലഭ്യമാകണമെന്നത് പ്രവാസികളുടെ നിരന്തരമായ ഒരാവശ്യമാണ്. അതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ യു.എ.ഇ.-യിൽ അതുമായി ബന്ധപ്പെട്ടുള്ള നടപടികൾ ഏകദേശം അവസാനഘട്ടത്തിലാണ്. നിയമസഹായം നൽകുന്നതിനാവശ്യമുള്ള ആളുകളെ അവിടെ നിയമിക്കുന്നതിനായി നോർക്ക വഴി നടപടി സ്വീകരിച്ചുവരികയാണ്. അത് മറ്റ് സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിക്കാനാകും.

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, വിദേശത്തുവച്ച് ഗുരുതരമായ അസുഖം ബാധിച്ച് വിമാനത്താവളത്തിൽ എത്തിച്ചേരുന്ന രോഗികൾക്ക് സൗജന്യമായി ആംബുലൻസ് സർവ്വീസ് ഏർപ്പെടുത്തുന്നതിനുള്ള ഏതെങ്കിലും പദ്ധതി നിലവിലുണ്ടോ; അതിനെ സംബന്ധിച്ച് വിശദീകരിക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, രോഗികളുടെ കാര്യത്തിൽ വേറെ വഴിയില്ലെങ്കിൽ അവർ സംസ്ഥാനവുമായി ബന്ധപ്പെടുമ്പോൾ എന്ത് വേണമെന്നുള്ളത് നമുക്ക് ആലോചിക്കാം.

ശ്രീ. കെ. സി. ജോസഫ്: സർ, ഗൾഫ് രാജ്യങ്ങളിലെ തൊഴിലവസരങ്ങളിൽ നിയമപരമായി ഇടപെടുന്നത് നല്ലതാണ്. നോർക്ക റൂട്ട്സിന്റെയും ഒഡെപെക്കിന്റെയും പങ്കാളിത്തവുമുണ്ട്. ഗൾഫ് രാജ്യങ്ങളിലെ തൊഴിലവസരങ്ങളാണ് നമുക്കുള്ള ഏക ഉറവിടം. 2015 മുതൽ 2019 വരെ ആകെ 1200-ഓളം ഡോക്ടർമാരെയും നഴ്സുമാരെയുമാണ് അയയ്ക്കാൻ സാധിച്ചതെന്നാണ് അങ്ങ് ഉത്തരത്തിൽ പറഞ്ഞത്. അവിടെയുള്ള ജോലി സാദ്ധ്യത നമുക്ക് മുതലെടുക്കാൻ സാധിക്കുന്നില്ല. ഇപ്പോൾ നമ്മുടെ കേന്ദ്ര വിദേശകാര്യ വകുപ്പുമന്ത്രി മലയാളിയായ ശ്രീ. വി. മുരളീധരനാണ്. അതുകൊണ്ട് ഇന്ത്യൻ എംബസി മുഖേന തൊഴിലവസരങ്ങൾ പരമാവധി ഉപയോഗിക്കാൻ നോർക്ക റൂട്ട്സിനും ഒഡെപെക്കിനുമുള്ള സാദ്ധ്യത വർദ്ധിപ്പിക്കുമോ; അതിന് സർക്കാർ മുൻകയ്യെടുക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, നോർക്ക റൂട്ട്സും ഒഡെപെക്കും അയച്ചിട്ടുള്ള ആളുകളെക്കുറിച്ചാണ് ഇവിടെ പറഞ്ഞത്. ഇൻഡ്യൻ എംബസിയുമായുള്ള ബന്ധപ്പെടലുകൾ വിവിധ മേഖലകളിൽ നടക്കുന്നുണ്ട്. അതിന്റെ ഭാഗമായി ധാരാളം ഓഫറുകളും നിൽക്കുന്നുണ്ട്. അതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരികയാണ്. ബഹുമാന്യനായ അംഗം പ്രതീക്ഷിക്കുന്നതുപോലെ തന്നെ ഇക്കാര്യത്തിൽ നല്ല വർദ്ധനവുണ്ടാക്കാൻ കഴിയും. ഇക്കാര്യത്തിൽ കേന്ദ്ര വിദേശകാര്യ വകുപ്പുമന്ത്രി ശ്രീ. വി. മുരളീധരനുമായും ബന്ധപ്പെടും. വേറെ പ്രശ്നങ്ങളൊന്നുമില്ല. അദ്ദേഹത്തിന്റെ സഹായവും നമുക്ക് സ്വീകരിക്കാവുന്നതാണ്.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, കേരളത്തിന്റെ സാമ്പത്തിക വ്യവസ്ഥയുടെ പ്രധാനപ്പെട്ട നട്ടെല്ലാണ് പ്രവാസികൾ. ദീർഘകാലമായി പ്രവാസലോകത്ത് ജോലി ചെയ്ത് നാട്ടിലെത്തുന്നവർ പലപ്പോഴും സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കാറുണ്ട്. അവർക്ക് നല്ല പരിചയസമ്പത്തും കഴിവും പണവുമുണ്ട്. പക്ഷെ ഇവിടെ നിക്ഷേപം നടത്താൻ തയ്യാറായി വരുമ്പോൾ പലതരത്തിലുള്ള പ്രശ്നങ്ങളുണ്ടാകാറുണ്ട്. അവർ വിദേശത്തായതുകൊണ്ട് നമ്മുടെ നാട്ടിലെ നടപടിക്രമങ്ങൾ അറിയാത്തതുകൊണ്ടുള്ള പ്രശ്നങ്ങൾ, അവരെ പറ്റിക്കുന്ന തരത്തിലുള്ള ചില അനുഭവങ്ങൾ, സർക്കാർ ഓഫീസുകളിൽ കയറിയിറങ്ങുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങളൊക്കെയുണ്ട്. അങ്ങനെ പ്രവാസികൾ നാട്ടിൽ തിരിച്ചെത്തി, അല്ലെങ്കിൽ തിരിച്ചെത്താതെ തന്നെ നിക്ഷേപം നടത്താൻ തയ്യാറാകുന്ന സമയത്ത് അവർക്ക് നോർക്ക റൂട്ടസ് വഴി കേരളത്തിൽ ആവശ്യമുള്ള സംരംഭം

തുടങ്ങാൻ പ്രത്യേകമായ ഒരു കൺസൾട്ടൻസിയും അതുപോലെതന്നെ ഒരു ഫെസിലിറ്റേഷൻ സെന്ററും ആരംഭിക്കാൻ കഴിയുകയാണെങ്കിൽ വലിയ തരത്തിലുള്ള മാറ്റമുണ്ടാകും. അങ്ങനെ ഒരാലോചന നടത്താൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, ചില പ്രയാസങ്ങൾ ഇത്തരം പ്രവാസികൾക്ക് അനുഭവപ്പെടുന്നുണ്ട് എന്നുള്ളത് ശരിയാണ്. അതിന്റെയടിസ്ഥാനത്തിൽത്തന്നെ അവർക്കാവശ്യമായ സഹായങ്ങൾ നൽകുന്നതിന് ഫെസിലിറ്റേഷൻ സെന്റർ അടക്കമുള്ള കാര്യങ്ങൾ ആലോചിച്ചുവരികയാണ്. അത്തരം നടപടികൾ നമുക്ക് സ്വീകരിക്കാവുന്നതാണ്.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഏറ്റവും കൂടുതൽ പ്രവാസികളുള്ള ജില്ലയാണ് മലപ്പുറം ജില്ല. അവരുടെ തിരിച്ചുവരവും പുനരധിവാസവും വലിയ ഭീഷണി തന്നെയാണ്. തിരികെ വരുന്ന പ്രവാസികളുടെ പുനരധിവാസത്തിനും അവരുടെ ആരോഗ്യത്തിനുമായി സ്ഥായിയായ എന്തെങ്കിലും പദ്ധതികൾ സർക്കാർ ഇതുവരെ നടപ്പിലാക്കിയിട്ടില്ല. അത്തരമൊരു പദ്ധതിയെ സംബന്ധിച്ച് സർക്കാർ ആലോചിക്കുന്നുണ്ടോ; അതുപോലെതന്നെ ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി വിഹിതത്തിൽനിന്ന് വിവിധ സെക്ടറുകളിൽ പല വിഭാഗങ്ങൾക്കുവേണ്ടി പണം മാറ്റിവയ്ക്കുന്നുണ്ട്. പ്രവാസികളുടെ പുനരധിവാസത്തിനും ക്ഷേമത്തിനുംവേണ്ടി നിശ്ചിത സംഖ്യ ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി വിഹിതത്തിൽ നീക്കിവയ്ക്കുന്ന കാര്യം സർക്കാർ ആലോചിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, പ്രവാസികളുടെ തിരിച്ചുവരവ് ഒരു പ്രശ്നം തന്നെയാണ്. ഇപ്പോൾ തിരികെ വരുന്ന പ്രവണത കുറച്ച് വർദ്ധിക്കുകയും ചെയ്യുന്നുണ്ട്. അവിടെയുണ്ടാകുന്ന ചില പ്രശ്നങ്ങളിന്മേൽ ചിലപ്പോൾ കൂട്ടായി തിരിച്ചുവരേണ്ടി വരുന്നുണ്ട്. അത്തരം ഘട്ടത്തിൽ പുനരധിവാസത്തിന് വലിയ ഊന്നൽ തന്നെയാണ് സർക്കാർ നൽകിയിട്ടുള്ളത്. തുടർന്നും അത്തരം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രവാസികളുടെ പുനരധിവാസം ഒരേ രീതിയിൽ നടക്കുന്നതല്ല. വിവിധ മേഖലയിൽ പ്രവർത്തിച്ച അനുഭവമുള്ളവരാണ് വരുന്നത്. അവരുടെ കഴിവിനനുസരിച്ചുള്ള പുനരധിവാസ പ്രവർത്തനങ്ങൾ നമുക്ക് ഇവിടെ നടത്താവുന്നതാണ്.

മി. സ്പീക്കർ: *302-ാം നമ്പർ ചോദ്യവുമായി *309-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യുന്നതിന് ബഹുമാനപ്പെട്ട അംഗം എൻ. എ. നെല്ലിക്കുന്ന് നോട്ടീസ് നൽകിയിട്ടുണ്ട്. ക്ലബ്ബിംഗ് അനുവദിക്കുകയാണ്. ബഹുമാനപ്പെട്ട ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രിക്കുവേണ്ടി പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടി പറയും.

## കാൻസർ രോഗമില്ലാത്ത യുവതിയെ കീമോതെറാപ്പിക്ക് വിധേയമാക്കിയ സംഭവം

2 (*302) ശ്രീ. സി. ദിവാകരൻ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ ഒരു മെഡിക്കൽ കോളേജിൽ കാൻസർ രോഗിയല്ലാത്ത യുവതി കീമോതെറാപ്പിക്ക് വിധേയയായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സംഭവം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആരുടെ ഭാഗത്താണ് ഇത്തരം മാപ്പർഹിക്കാത്ത തെറ്റുണ്ടായതെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ ഗുരുതരവും മനുഷ്യത്വരഹിതവുമായ സംഭവ വികാസങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സംഭവത്തിനിരയായ യുവതിക്ക് എന്തൊക്കെ നഷ്ടപരിഹാരം നൽകുമെന്ന് വ്യക്തമാക്കുമോ;

(ഇ) സ്വകാര്യ ലാബ് ഉടമകളും സർക്കാർ ഡോക്ടർമാരും തമ്മിൽ ആശാസ്യമല്ലാത്ത ബന്ധമുള്ളതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രിക്കുവേണ്ടി പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ,

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പ്രിൻസിപ്പൽ തലത്തിൽ നടത്തിയ അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഡോക്ടറുടെ ഭാഗത്തുനിന്നും വീഴ്ചയുള്ളതായി രേഖപ്പെടുത്തിയിട്ടില്ല. സംഭവത്തിൽ വിശദമായ അന്വേഷണം നടത്തുന്നതിന് ഒരു ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ട്. ഉന്നതതല സമിതിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ഉന്നതതല സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കാൻസർ ഇല്ലാത്ത രോഗിക്ക് കീമോതെറാപ്പി നടത്തിയതിനെതിരെ നടപടി

3 (*309) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സ്വകാര്യ ലാബിന്റെ തെറ്റായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാൻസർ ഇല്ലാത്ത രോഗിക്ക് കോട്ടയം മെഡിക്കൽ കോളേജിൽ കീമോതെറാപ്പി നൽകിയെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മെഡിക്കൽ കോളേജിലെ ലാബിനുപകരം സ്വകാര്യ ലാബിനെ ആശ്രയിക്കേണ്ടിവന്നതിനുള്ള സാഹചര്യം എന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) മെഡിക്കൽ കോളേജിലെ ലാബിൽനിന്നും ലഭിച്ച ബയോപ്സി റിപ്പോർട്ടിലെ നിഗമനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) തെറ്റായ റിപ്പോർട്ട് നൽകിയ ലാബിനെതിരെയും തെറ്റായ ചികിത്സ വിധിച്ച ഡോക്ടർമാർക്കെതിരെയും എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രിക്കുവേണ്ടി പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ,

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സർക്കാർ ആശുപത്രികളിലെ നിലവാരം മെച്ചപ്പെടുത്തുന്നതിനനുസരിച്ച് കൂടുതൽ ജനങ്ങൾ സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്ന അവസ്ഥയുണ്ടായിട്ടുണ്ട്. രോഗികളുടെ ബാഹുല്യം വളരെ അധികമാണ്. അതുകൊണ്ടുതന്നെ Biopsy Report കോട്ടയം മെഡിക്കൽ കോളേജിലെ പത്തോളജി വിഭാഗത്തിൽ തയ്യാറായി വരുമ്പോൾ രണ്ടാഴ്ചയിലധികം കാലതാമസം ഉണ്ടാകാറുണ്ട്. Locally Advanced Cancer ആയതിനാൽ ഇതിന്റെ പ്രസരണം തടയുന്നതിന് എത്രയുംവേഗമുള്ള

ചികിത്സ സഹായകരമാകും എന്നതിനാലും, രോഗിയുടെ പ്രായംകൂടി കണക്കിലെടുത്തുമാണ് ഒരു സാമ്പിൾ പുറത്തെ ലാബിലേയ്ക്ക് അയയ്ക്കാൻ ഇടയായ സാഹചര്യമുണ്ടായിട്ടുള്ളതെന്ന് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞിട്ടുണ്ട്.

(സി) Chronic Granulomatous Mastitis എന്ന റിപ്പോർട്ടാണ് മെഡിക്കൽ കോളേജിലെ പത്തോളജി ലാബിൽനിന്നും ലഭിച്ചത്. ഇത് കാൻസറുമായി വളരെയധികം അനുകരണീയമായ (mimic cancer) ഒരു രോഗാവസ്ഥയാണെന്ന് വിശദീകരിക്കുന്ന പല പഠന റിപ്പോർട്ടുകളും മെഡിക്കൽ ജേർണലിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഡി) ഈ വിഷയം സംബന്ധിച്ച് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ തലത്തിൽ നടത്തിയ അന്വേഷണത്തിൽ ചികിത്സ നടത്തിയ ഡോക്ടർമാർക്ക് പിഴവുണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടില്ല. തുടർന്ന് സംഭവത്തിൽ വിശദമായ അന്വേഷണം നടത്തുന്നതിനായി ഒരു ഉന്നതതല സമിതി രൂപീകരിക്കുകയും അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. സി. ദിവാകരൻ:</u> സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽ, പിഴവുകളൊന്നും പറ്റിയിട്ടില്ലെന്നും അന്വേഷണത്തിനായി ഉന്നതതല സമിതിയെ നിയോഗിച്ചിട്ടുണ്ടെന്നുമാണ് പറയുന്നത്. എന്ത് അന്വേഷണമാണെന്ന് വ്യക്തമല്ല. കേരളത്തെ ഞെട്ടിപ്പിച്ച ഒരു സംഭവമാണിത്. കാൻസർ രോഗമില്ലാത്ത ഒരാളിന് കീമോതെറാപ്പി ചികിത്സ നടത്തിയെന്നുള്ളതാണ് പരാതി. ചികിത്സയ്ക്കായി ആശ്രയിച്ചത് സ്വകാര്യ ലാബിന്റെ റിസൽട്ടിനെയാണ്. കേരളത്തിൽ സ്വകാര്യ ലാബുകൾ കുത്തഴിഞ്ഞ അവസ്ഥയിലാണ്. ലാബുകൾ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ ഒരു സംവിധാനവുമില്ല. എല്ലാ ആശുപത്രികളുടെയും ചുറ്റിനും പെട്ടിക്കടപോലെ സ്വകാര്യ ലാബുകൾ ഇഷ്ടംപോലെ പ്രവർത്തിക്കുകയാണ്. ടെക്നീഷ്യന്മാർ അർഹമായ യോഗ്യതയുള്ളവരല്ല. ഇപ്പോഴുണ്ടായ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ ലാബുകളിൽ ഒരു അടിയന്തര പരിശോധന നടത്താനും നിയന്ത്രിക്കാനും സംവിധാനമുണ്ടാകണം. ഒരു റെഗുലേറ്ററി അതോറിറ്റി രൂപീകരിച്ചുകൊണ്ട് ഈ പ്രവണത തടയണം. എല്ലാ ഡോക്ടർമാരും ഡയഗ്നോസിസിന്റെ അടിസ്ഥാനത്തിലാണ് ചികിത്സ തുടങ്ങുന്നത്. പാവപ്പെട്ടവർ ഡയഗ്നോസിസ് ചെയ്യുന്നത് നാട്ടിൻപുറത്തുള്ള സ്വകാര്യ ലാബുകളിലാണ്. ഗുരുതരമായ ഈ പ്രശ്നത്തെ നിയന്ത്രിക്കാൻ എന്തെങ്കിലും നിയമനടപടി സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്:</u> സർ, അതിനുവേണ്ടിയാണ് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ പാസ്സാക്കിയത്. അത് നിയമസഭയിലെ ഒരു ചരിത്ര സംഭവമാണ്. നേരത്തെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, കേരളത്തിലെ സ്വകാര്യ ലാബുകളിൽ നടക്കുന്ന അനാശാസ്യമായ പല പ്രവർത്തനങ്ങളും വർഷങ്ങളായി നമ്മൾ അനുഭവിക്കുന്നതാണ്. അതുകൊണ്ട് ആ പ്രവർത്തനത്തെ നിയന്ത്രിക്കുന്നതിനുവേണ്ടിയാണ് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ പാസ്സാക്കിയത്. അതുമാത്രമല്ല, വളരെവേഗം അതിന്റെ റൂൾസും തയ്യാറാക്കിയിട്ടുണ്ട്. അതിനുശേഷം രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ പൂർത്തിയായി കഴിയുമ്പോൾ വളരെ കൃത്യമായി ഇടപെടാനുള്ള സാഹചര്യങ്ങൾ ഉണ്ടാകുകയാണ്. വളരെ ശ്രദ്ധാപൂർവ്വം ചെയ്യേണ്ട ഒന്നാണ് ഇതെന്ന് ഈ അനുഭവത്തിൽ നിന്നും നമുക്ക് ബോദ്ധ്യമാകുകയാണ്. ഒരു ട്യൂമറുമായി വളരെ ചെറിയ വ്യത്യാസമേയുള്ളൂ. Benign tumor-കളും Malignant tumor-കളുമുണ്ട്. അത് ക്ലിനിക്കൽ എക്സാമിനേഷനിൽത്തന്നെ തിരിച്ചറിയാവുന്ന വിധം വ്യത്യസ്തമാണ്. പക്ഷെ പല ട്യൂമറുകളും വളരെ ക്ലോസാണ്. Mimic cancer എന്ന് പറയാവുന്ന വളരെ ക്ലോസായിട്ടുള്ള ട്യൂമറുകളുമുണ്ട്. അത് Benign ആണോ Malignant ആണോ എന്നറിയണമെങ്കിൽ വളരെ സൂക്ഷ്മമായ ടെസ്റ്റ് ആവശ്യമാണ്. അവിടെയാണ് യഥാർത്ഥ ടെസ്റ്റിന്റെ വിശ്വാസ്യതയും ആഴവും കാണേണ്ടത്. മെഡിക്കൽ കോളേജുകളിൽ അത്തരത്തിൽ ഏത് വ്യത്യാസവും അറിയത്തക്ക രീതിയിലുള്ള സംവിധാനങ്ങൾ ഉണ്ടാക്കാനും ആ സംവിധാനം സ്വകാര്യ ലാബുകളിൽ ഉണ്ടോയെന്ന പരിശോധന നടത്താനുമുള്ള വളരെ വിശദമായ തയ്യാറെടുപ്പിലാണ് സർക്കാർ ഏർപ്പെട്ടിട്ടുള്ളത്.

<u>ശ്രീ. സി. ദിവാകരൻ:</u> സർ, ജനുവരിയിൽ നടന്ന നിയമസഭാ സമ്മേളനത്തിൽ എത്ര സ്വകാര്യ ലാബുകൾ ഉണ്ടെന്ന ചോദ്യത്തിന് പരിശോധിച്ചിട്ടില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി മറുപടി കൊടുത്തിരിക്കുന്നത്. ശ്രീമതി രജനിയുടെ സംഭവം നടക്കുമ്പോഴും കേരളത്തിൽ എത്ര സ്വകാര്യ ലാബുകളുണ്ടെന്ന് നേരത്തെ സഭയിൽ ഒരു ചോദ്യം വന്നിട്ടും അതിനെ സംബന്ധിച്ച് ഒരന്വേഷണം നടത്താനോ ശരിയായ ഉത്തരം നൽകാനോ കഴിഞ്ഞിട്ടില്ല. 'സ്വകാര്യ മേഖലയിലെ ലാബുകളെ സംബന്ധിച്ച് കൃത്യമായി ക്രോഡീകരിച്ച രേഖകളൊന്നും സർക്കാരിൽ സൂക്ഷിച്ചിട്ടില്ലെന്നും സർക്കാർതലത്തിൽ പരിശോധനകളൊന്നും നടത്തിയിട്ടില്ല ' എന്നുമാണ് ജനുവരിയിൽ നടന്ന സമ്മേളനത്തിൽ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ രേഖാമൂലം നൽകിയ മറുപടി. ഇതാണ് അവസ്ഥയെങ്കിൽ ബിൽ കൊണ്ടുവരുന്നതും നടപടി എടുക്കുന്നതുമല്ലാതെ ശ്രീമതി രജനിയുടെ ദുരന്തത്തിന് കാരണമായ തെറ്റായ ഡയഗ്നോസിസ് റിസൾട്ട് കൊടുത്ത സ്വകാര്യ ലാബിന്റെ പേരിലെങ്കിലും അടിയന്തരമായി നടപടി എടുത്തുകൂടേ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, അതിന് ഡയറക്ടർ ഓഫ് ഹെൽത്ത് ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ ഒരു ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ട്. അവർ മെഡിക്കൽ കോളേജിൽ ഇന്നലെ തെളിവെടുപ്പ് നടത്തുകയും വളരെ വിശദമായ അന്വേഷണം നടന്നുവരികയുമാണ്. രണ്ടാമതായി, കേരളത്തിൽ എത്ര ലാബുകൾ ഉണ്ടെന്നുള്ളതിന്റെ കണക്ക് ശേഖരിക്കാനായി അതിന്റെ രജിസ്ട്രേഷൻ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. രജിസ്ട്രേഷൻ പൂർത്തീകരിച്ചുകഴിയുമ്പോൾ വളരെ കൃത്യമായി കേരളത്തിൽ യഥാർത്ഥ ലബോറട്ടറി എന്ന രീതിയിൽ പ്രവർത്തിക്കാവുന്ന എത്ര ലാബുകളുണ്ടെന്ന് ബോദ്ധ്യമാകുകയും അവയെ നിയന്ത്രിക്കാവുന്ന സാഹചര്യം ഉണ്ടാകുകയും ചെയ്യും. ഇതൊരു അനുഭവമായി എടുത്തുകൊണ്ട് അദ്ദേഹം പറഞ്ഞതുപോലെതന്നെ നല്ല നടപടിയിലേയ്ക്ക് നീങ്ങാൻതന്നെയാണ് ആരോഗ്യ വകുപ്പ് ഉദ്ദേശിക്കുന്നത്.

ശ്രീ. ചിറ്റയം ഗോപകുമാർ ചുമതലപ്പെടുത്തിയപ്രകാരം ശ്രീ. മുല്ലക്കര രത്നാകരൻ: സർ, പൊതുവെ നമ്മുടെ സമൂഹത്തിൽ പ്രചരിപ്പിക്കപ്പെടുന്നത് ഒരു മനുഷ്യന്റെ ഏറ്റവും വലിയ സമ്പത്ത് ആരോഗ്യമാണെന്നാണ്. ഇത് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ കേരളത്തിന്റെ പൊതു മനസ്സിനുമുമ്പിലും മനഃസാക്ഷിക്കുമുമ്പിലും ഒരു പാഠമാണ്. ഞാൻ ചോദിക്കുന്നത്, കേരളത്തിൽ പൊതുവെയുള്ള ഒരു ആക്ഷേപം, ഒരുപാട് ഡോക്ടർമാർ ആവശ്യമില്ലാത്ത പരിശോധനകൾ നടത്താനായി എഴുതുന്നുണ്ട്, അതിന്റെയർത്ഥം ഇതൊരു ആരോഗ്യപരമായ വ്യവസായമല്ലാതാകുകയാണെന്നാണ്. സത്യത്തിൽ ആരോഗ്യ മേഖല ആരോഗ്യപരമായ ചില എഥിക്സിന് വിധേയമാകേണ്ടതാണ്. പക്ഷെ, ഇപ്പോൾ ഇത് ഒട്ടും ആരോഗ്യപരമല്ലാത്ത രോഗാതുരമായ വ്യവസായമാകുകയാണ്. അതുകൊണ്ടാണ് ഇവിടെ ശ്രീ. സി. ദിവാകരൻ സൂചിപ്പിച്ചതുപോലെ ലാബുകൾ കുമിളുകൾപോലെ പലയിടത്തും ഉണ്ടാകുകയും അവരെ സഹായിക്കാൻ ഡോക്ടർമാർ തയ്യാറാകുകയും ചെയ്യുന്നതിലൂടെ ആവശ്യത്തിലധികം മരുന്ന് കഴിക്കേണ്ടിവരുകയും രോഗങ്ങൾ വീണ്ടും ഉണ്ടാകുകയും ചെയ്യുന്നത്. ഇതിനെക്കുറിച്ച് ഒരു പഠനം നടത്താനും ഇത് നിയന്ത്രിക്കാനുള്ള സംവിധാനം രൂപപ്പെടുത്താനും അങ്ങ് മുൻകയ്യെടുക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, തീർച്ചയായും. അത് ഉദ്ദേശിച്ച് തന്നെയാണ് ആർദ്രം പദ്ധതി സർക്കാർ ആരംഭിച്ചത്. നേരത്തെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ സ്വകാര്യവൽക്കരണനയം, നിയോ ലിബറൽ നയത്തിന്റെ ഭാഗമായി വന്നപ്പോൾ ഏറ്റവുമധികം കച്ചവടവൽക്കരിക്കപ്പെട്ടത് ആരോഗ്യ മേഖലയാണ്. സ്വകാര്യവൽക്കരണത്തിലൂടെ മെഡിക്കൽ കോളേജുകളും സർക്കാർ ആശുപത്രികളും ദുർബ്ബലമാകുമ്പോഴാണ് സ്വകാര്യ മേഖലയും സ്വകാര്യ

ലബോറട്ടറികളുമെല്ലാം മുളച്ചുപൊങ്ങുന്നത്. പൊതുമേഖലയെ ശക്തമാക്കുക എന്നുള്ളത് തന്നെയാണ് ഇത് തിരുത്താനുള്ള ഏറ്റവും പ്രധാനപ്പെട്ട വഴി. മെഡിക്കൽ കോളേജുകളെയും ആശുപത്രികളെയും ശക്തമാക്കുകയും ഡയഗ്നോസിസ് ടെക്നിക്സ് ഏറ്റവും പുതിയ രൂപത്തിലാക്കുകയും ചെയ്താൽ സ്വാഭാവികമായും ഡോക്ടർമാർക്ക് കച്ചവട ചിന്ത ഇല്ലാത്തതുകൊണ്ട് അവിടെയെല്ലാം ആവശ്യമുള്ള ടെസ്റ്റുകൾ വളരെ ക്ലിയറായി ചെയ്യും. ഇത്തരത്തിൽ സമൂഹത്തിൽ ആരോഗ്യ മേഖലയിലുള്ള സ്വകാര്യവൽക്കരണത്തിലൂടെ ഉണ്ടാകുന്ന പല പ്രവണതകളും ഇല്ലാതാക്കാനുള്ള വഴി ആരോഗ്യരംഗത്തെ പൊതുരംഗത്തേയ്ക്ക് മാറ്റുകയെന്നുള്ളതാണ്. അത് ഏറ്റവും ശക്തമായി കേരളത്തിൽ കഴിഞ്ഞ മൂന്ന് വർഷമായി ആർദ്രം പദ്ധതിയിലൂടെ നടപ്പിലാക്കുകയാണ്. അത് കൂടുതൽ വികസിപ്പിച്ച് കേരളത്തിൽ ഏറ്റവും ശക്തമായ ആരോഗ്യ പൊതുമേഖല വന്നുകഴിഞ്ഞാൽ ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയും. അതോടൊപ്പംതന്നെ ലബോറട്ടറികളെ നിയന്ത്രിക്കുന്ന ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബില്ലും വന്നുകഴിഞ്ഞാൽ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കും. അങ്ങനെ വളരെ പോസിറ്റീവായുള്ള ഒരവസ്ഥയാണ് ഈ രംഗത്ത് നിലനിൽക്കുന്നത്. ഇതൊരു അനുഭവ പാഠമാണ്.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, നമ്മുടെ ഡോക്ടർമാരെല്ലാം ഒരു ട്രീറ്റ്മെന്റ് പ്രോട്ടോക്കോളിന്റെ അടിസ്ഥാനത്തിലാണ് ചികിത്സ നടത്തുന്നത്. ഈ ട്രീറ്റ്മെന്റ് പ്രോട്ടോക്കോൾ അതുപോലെ പാലിക്കാൻ തീരുമാനിച്ചാൽ ഉടനെയൊന്നും രോഗികൾക്ക് ചികിത്സ കിട്ടാത്ത ഒരു സാഹചര്യം നമ്മുടെ മുമ്പിലുണ്ട്. ഇപ്പോൾ ഇവിടെ ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന വിഷയം, പുറത്തുനിന്നും ലഭിച്ച റിസൾട്ടിന്റെ അടിസ്ഥാനത്തിൽ ഡോക്ടർമാർ ട്രീറ്റ്മെന്റ് നടത്തിയതിനെക്കുറിച്ചാണ്. ഡോക്ടർ-രോഗി അനുപാതവും നഴ്സുമാരുടെ അനുപാതവും മറ്റ് കാര്യങ്ങളുമെല്ലാം കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബില്ലിന്റെ ഭാഗമായി ഗൗരവതരമായ ചർച്ച നടത്തിയതാണ്. മെഡിക്കൽ കോളേജുകളിൽ ചികിത്സ തേടിപ്പോയിട്ടുള്ള രോഗികൾക്കറിയാം, പലപ്പോഴും പുറത്തുനിന്നുള്ള ലാബുകളുടെ റിസൾട്ടുകൾ നാം ആശ്രയിക്കേണ്ടതായിവരും. കാരണം, ആശുപത്രികളിൽ എന്തൊക്കെ ചെയ്തുവെന്ന് പറയുമ്പോഴും, എത്തിച്ചേരുന്ന രോഗികളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും നമ്മുടെ സൗകര്യങ്ങളുടെ പരിമിതിയും കണക്കിലെടുക്കാതെ യാന്ത്രികമായ ഒരു ചർച്ച സംഘടിപ്പിക്കുന്നതിൽ ഒരു കാര്യവുമില്ല. ഈ ലാബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും കൃത്യത ഉറപ്പുവരുത്തുന്നതിനും ഒരു ഇടപെടൽ ഗവൺമെന്റ് തലത്തിൽ നടത്തണം. ഇപ്പോൾ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ

ഡോക്ടർമാരും മറ്റ് സംവിധാനങ്ങളും ആവശ്യത്തിനുണ്ട്. പക്ഷെ അതിന്റെ റിസൾട്ട് നോക്കുന്നതിന് ഒരു മോണിറ്റർ മാത്രമാണുള്ളത്. ഞാൻ അവിടെ പോയി നേരിട്ട് കണ്ട് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മൂന്നുനാല് മോണിറ്റർമാരെ അനുവദിച്ച് കൊടുക്കുന്നതിനായി ഒരുപാട് ശ്രമം നടത്തിയതാണ്. രോഗികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യങ്ങളിൽ വർദ്ധനവുണ്ടാക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, തീർച്ചയായും ഞാൻ നേരത്തെ സൂചിപ്പിച്ചു, രണ്ടോമൂന്നോ വർഷങ്ങൾക്ക് മുമ്പ് നമ്മുടെ മെഡിക്കൽ കോളേജുകളിലുണ്ടായിരുന്ന ഡയഗ്നോസ്റ്റിക് സൗകര്യങ്ങളുടെ മൂന്നോ നാലോ മടങ്ങ് പല മെഡിക്കൽ കോളേജുകളിലും പി.എച്ച്.സി.-കളിലും വർദ്ധിച്ചിട്ടുള്ളതായി കാണാം. അതൊന്നും പര്യാപ്തമാണെന്ന് സർക്കാർ പറയുന്നില്ല. പക്ഷെ ഒരു quantum leap ഈ രംഗത്തുണ്ടായിട്ടുണ്ട് എന്നുള്ളത് ഒരു വസ്തുതയാണ്. ആ മാറ്റം വന്നതുകൊണ്ടാണ് സർക്കാർ ആശുപത്രികളിൽ കൂടുതൽ രോഗികൾ വരുന്നത്. ചെലവ് കുറവാണ്, വിശ്വസനീയമായ ഡയഗ്നോസ്റ്റിക് സൗകര്യങ്ങളുണ്ട്, കഴിവുള്ള ഡോക്ടർമാരുണ്ട് എന്ന് തിരിച്ചറിഞ്ഞുകൊണ്ടാണ് കൂടുതൽ രോഗികൾ സർക്കാർ ആശുപത്രികളിലേയ്ക്ക് വന്നുകൊണ്ടിരിക്കുന്നത്. രോഗികളുടെ എണ്ണത്തിന്റെ വർദ്ധനവും അവിടത്തെ സൗകര്യങ്ങളും തമ്മിൽ ഒരു disproportionate ആയ അവസ്ഥയുണ്ടെന്നാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. ആ പ്രശ്നം സർക്കാരിനറിയാം. ഇപ്പോൾത്തന്നെ ഓരോ മെഡിക്കൽ കോളേജുകളിലും എന്തൊക്കെ സൗകര്യങ്ങൾ അനുവദിച്ചു എന്നതിനെപ്പറ്റി കണക്കുകളുണ്ട്, അതൊന്നും ഞാൻ വിശദീകരിക്കുന്നില്ല. തീർച്ചയായും അത് മാറ്റിയെടുത്തുകൊണ്ട് ഈ പ്രശ്നം പരിഹരിക്കും. വലിയൊരു മാറ്റം ഈ രംഗത്ത് വന്നിട്ടുണ്ട്. അതിന്റെ സൂചനയാണ് രോഗികളുടെ വർദ്ധനവ്. ഈ പ്രശ്നം കണക്കിലെടുത്ത് കൂടുതൽ ഡയഗ്നോസ്റ്റിക് സൗകര്യങ്ങൾ എല്ലാ മെഡിക്കൽ കോളേജുകളിലും ഉണ്ടാകത്തക്ക രീതിയിലുള്ള നിലപാട് സ്വീകരിക്കും.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, ആരോഗ്യരംഗത്ത് നല്ലവണ്ണം ഇടപെടുന്ന സർക്കാരാണിതെന്ന് പൊതുസമൂഹം അംഗീകരിക്കപ്പെടുന്നതാണ്. ശ്രീമതി രജനിക്ക് കാൻസറില്ലാതെ കീമോതെറാപ്പി ചെയ്ത വിവാദമായൊരു സാഹചര്യം നിലനിൽക്കുകയാണ്. കാൻസർ കൂടുതലായി കണ്ടുവരുന്ന ഈ ഘട്ടത്തിൽ early detection ആണ് ഏറ്റവും പ്രധാനപ്പെട്ടതെന്ന് ശാസ്ത്രസമൂഹവും ഡോക്ടർമാരുമെല്ലാം പറയുന്നു. അതിന് വലിയ രീതിയിലൊരു ക്യാമ്പയിൻ നടത്തേണ്ടത് അത്യാവശ്യമാണ്. Early detection-ലൂടെ കാൻസർ രോഗം

നിർണ്ണയിക്കാൻ വലിയൊരു ക്യാമ്പയിനെന്ന അർത്ഥത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പാലിയേറ്റീവ് സംഘടനകൾ, റോട്ടറി, ലയൺസ് ക്ലബ്ബുകൾ തുടങ്ങിയവയുടെ നേതൃത്വത്തിൽ ഒരു ജനകീയ ക്യാമ്പയിന് തുടക്കംകുറിക്കാൻ സർക്കാരിന് കഴിയുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, അത്തരത്തിലുള്ള ക്യാമ്പയിനാണ് 'ആർദ്രം' പദ്ധതിയിൽ ആരംഭിച്ചിട്ടുള്ളത്. Early detection-ലൂടെ കാൻസർ മാത്രമല്ല, പ്രമേഹമായാലും രക്തസമ്മർദ്ദമായാലും ഏതുരോഗമായാലും നേരത്തെ കണ്ടെത്തുക എന്നതുതന്നെയാണ് ചികിത്സയ്ക്ക് ഏറ്റവും പ്രധാനപ്പെട്ട കാര്യം. കുടുംബാരോഗ്യ മേഖല മുതൽ മെഡിക്കൽ കോളേജ് വരെ അതിനുള്ള പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്. നേരത്തെ രോഗം കണ്ടെത്തുക, ചികിത്സിക്കുന്നതിന് കൂടുതൽ ശ്രദ്ധ നൽകുക എന്നതിനപ്പുറം പ്രതിരോധത്തിലൂന്നുക എന്നതുകൂടി ആർദ്രം പദ്ധതിയിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. കാൻസർ വന്നതിനുശേഷം ചികിത്സിക്കുക എന്നതിനേക്കാൾ പ്രധാനം അത് വരാത്ത രീതിയിലുള്ള പ്രതിരോധ നടപടികൾ സ്വീകരിക്കുകയെന്നുള്ളതാണ്. അത് വളരെ ജനകീയമായി നടപ്പിലാക്കേണ്ട ക്യാമ്പയിനുകളാണ്. സ്വകാര്യമേഖല അത്രയധികം ശ്രദ്ധിക്കാത്ത ഒന്നാണ് പ്രതിരോധ മേഖല. ചികിത്സയ്ക്ക് മൂന്ന് ഘട്ടങ്ങളുണ്ട്. ഒന്ന്, പ്രതിരോധം, രണ്ട്, ചികിത്സ, മൂന്ന്, ചികിത്സ കൊണ്ടൊന്നും രോഗം ഭേദമാകാതെ വരുമ്പോഴാണ് സാന്ത്വനം എന്ന മേഖല. ഇങ്ങനെ മൂന്നായി തരംതിരിച്ചിരിക്കുകയാണ്. വാസ്തവത്തിൽ അതിൽ ഏറ്റവും പ്രധാനപ്പെട്ടത് പ്രതിരോധ മേഖല തന്നെയാണ്. അത് ശ്രദ്ധിക്കണമെങ്കിൽ ആരോഗ്യമേഖല പൊതുരംഗത്തായിരിക്കണം. സർക്കാർ ഇടപെടുന്ന മേഖലയിൽ മാത്രമേ പ്രതിരോധത്തിന് ഊന്നൽ നൽകുകയുള്ളൂ. സ്വകാര്യ മേഖല പലപ്പോഴും ചികിത്സാ മേഖലയിലാണ് ശ്രദ്ധിക്കുക. അതുകൊണ്ട് ഗുണങ്ങളുണ്ട്. ഒന്നും കുറവാണെന്നല്ല പറയുന്നത്. പക്ഷെ പ്രതിരോധത്തിൽക്കൂടി ശ്രദ്ധിച്ചുകൊണ്ട്, early detection കൂടി നടപ്പാക്കി കാൻസറിനെതിരെ നല്ലൊരു പ്രതിരോധം നടത്താനുള്ള ശ്രമമാണ് ആരോഗ്യ വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്നത്.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, മലയാളികളുടെ ജീവിത രീതിയും ഭക്ഷണ രീതിയുമൊക്കെ രോഗങ്ങളുടെ തോത് കൂട്ടിക്കൊണ്ടിരിക്കുകയാണ്. കാൻസറും മറ്റ് അനുബന്ധ രോഗങ്ങളും കൂടിക്കൊണ്ടിരിക്കുകയാണ്. കേരളത്തിലെ ആരോഗ്യ മേഖലയിൽ പി.എച്ച്.സി. കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുകയും അവിടെയെല്ലാം പുതിയ ലാബുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രതിരോധ പ്രവർത്തനമാണ് നടത്തേണ്ടതെന്ന് അങ്ങ് പറഞ്ഞു. ലാബുകളിലൂടെയുണ്ടാകുന്ന പ്രയാസമാണ് ഇപ്പോൾ നാം അനുഭവിക്കുന്നത്. പ്രതിരോധ പ്രവർത്തനം

നടത്തുന്നതിന്റെ ഭാഗമായി ലാബുകളിൽ കാൻസർ സ്ക്രീനിംഗ് സെന്ററുകൾ ആരംഭിച്ച് മുൻകൂട്ടി പരിശോധിക്കാനും ഡയഗ്നോസിസ് ചെയ്യുന്നതിനും ആവശ്യമായ സൗകര്യം ചെയ്തുകൊടുക്കുകയാണെങ്കിൽ നല്ലതായിരുന്നു. ലാബുകൾ അങ്ങനെയാക്കാൻ സാധിക്കുമോ; അതോടൊപ്പം കാൻസറിനുള്ള മരുന്നിന് 12 ശതമാനമാണ് ജി.എസ്.ടി. ഈടാക്കുന്നത്. ഒന്നുകിൽ അത് ഒഴിവാക്കുകയോ അല്ലെങ്കിൽ അത് അഞ്ച് ശതമാനമാക്കി കുറയ്ക്കുകയോ ചെയ്താൽ കാൻസർ രോഗികൾക്ക് വലിയ ഉപകാരപ്രദമായിരിക്കും. അത് നടപ്പിലാക്കാൻ കഴിയുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഇത് നടപ്പിലാക്കേണ്ടത് പ്രധാനപ്പെട്ട ഒരു കാര്യം തന്നെയാണ്. അങ്ങ് സൂചിപ്പിച്ചതുപോലെ, പ്രതിരോധത്തിന്റെ ഭാഗമായിട്ടല്ല ഡയഗ്നോസ്റ്റിക് സെന്ററുകളിൽ മാറ്റങ്ങൾ വരുത്തുന്നത്. അത് ചികിത്സയുടെയും ഡിറ്റക്ഷന്റെയും ഭാഗമായിട്ടാണ്. ഇപ്പോൾ സംഭവിച്ചതുപോലെ വളരെ ക്ലോസായിട്ടുള്ള ട്യൂമേഴ്സുമുണ്ട്, Benign എന്നുള്ളത് ഇങ്ങേയറ്റത്തുള്ളതും Malignant എന്നുപറയുന്നത് അങ്ങേയറ്റത്തുനിന്നുമാണ്. ഫസ്റ്റ് ക്ലിനിക്കൽ ഒബ്സർവേഷനിൽത്തന്നെ കാൻസർ അല്ലായെന്നും ഇത് കാൻസർ ആകാമെന്നും പറയുന്ന സ്പെസിഫിക്കായിട്ടുള്ള തിരിച്ചറിയിൽ ആവശ്യമാണ്. Chronic mastitis എന്ന് പറയുന്നത് ഒരു inflammation -ന്റെ അറ്റത്തുനിൽക്കുന്ന ഒന്നാണ്, that is very close to cancer. Mimic cancer വളരെ ക്ലോസായി കാൻസറിനൊപ്പം നിൽക്കുന്നതാണ്. പക്ഷേ, കാൻസർ സെൽ അല്ല. അതുകൊണ്ട് സ്പെസിഫിക്കായി അത് തിരിച്ചറിയത്തക്ക വിധത്തിലുള്ള ടെക്നോളജിയും എക്സ്പെർട്ടൈസും അവിടെ ആവശ്യമാണ്. അവിടെയാണ് ഈ പ്രശ്നം ഉണ്ടായിട്ടുള്ളത്. അക്കാര്യം വളരെ വിശദമായി പരിശോധിക്കാം. അത്രയും എക്സ്പെർട്ടൈസ് താഴെത്തട്ടിലേയ്ക്ക് എത്തേണ്ട ഒരു സാഹചര്യമാണ്. അങ്ങ് പറഞ്ഞ കാര്യം ശരിയാണ്. നമ്മുടെ ശ്രമവും അതിനാണ്. നമ്മുടെ മെഡിക്കൽ കോളേജുകളിൽ ഏറ്റവും അഡ്വാൻസ്ഡായിട്ടുള്ള, distinction കൃത്യമായി അറിയത്തക്ക രീതിയിലുള്ള എക്സ്പെർട്ടൈസും അതിനുള്ള ഉപകരണങ്ങളും വേണം. ആ രീതിയിൽ മെഡിക്കൽ കോളേജുകളെയും, കാൻസർ രംഗത്ത് ആർ.സി.സി.-യേയും മാറ്റിയെടുത്ത് താഴെത്തട്ടുവരെ അതിന്റെ എക്സ്പെർട്ടൈസ് എത്തിക്കുന്നതിനുള്ള ശ്രമമാണ് നടക്കുന്നത്. ആർദ്രം പദ്ധതി മുന്നോട്ട് പോകുന്നതിന്റെ ലക്ഷ്യം തന്നെ അതാണ്. പ്രതിരോധമെന്ന് പറയുന്നത് മറ്റൊന്നാണ്. അത് ഡിറ്റക്ഷനുമായി ബന്ധപ്പെട്ടതല്ല. ഡിറ്റക്ട് ചെയ്യത്തക്ക രീതിയിൽ വരാതെ ഒരു സെല്ലിനെ healthy cell ആയി നിലനിർത്തത്തക്ക രീതിയിൽ നമ്മുടെ ജീവിതം മാറ്റിയെടുക്കുകയാണ് ചെയ്യേണ്ടത്. പ്രകൃതിയോട് ഇണങ്ങി നിൽക്കുന്തോറും ഹെൽത്തി സെൽ ഹെൽത്തി സെൽ ആയി നിൽക്കും.

പ്രകൃതിയോട് അകന്നുപോകുന്തോറും സെൽ ഹെൽത്തിയല്ലാതെ വരും. ഹെൽത്തിയല്ലാത്ത സെല്ലിൽ വല്ലാത്ത ഡിവിഷൻ വരുമ്പോഴാണ് അത് കാൻസറായി മാറുന്നത്. അതിന്റെ ഒരു ഘട്ടത്തിലാണ് അത് malignant ആയി മാറുന്നത്. പ്രതിരോധത്തിലൂന്നിയ ആരോഗ്യ സംവിധാനത്തിലൂടെ ഒരു 'Healthy Kerala' എന്നൊരു വലിയ ലക്ഷ്യമാണ് സർക്കാരിന്റെ ആർദ്രം പദ്ധതിയുടെ മുന്നോട്ടുപോക്കിൽ സർക്കാർ ലക്ഷ്യം വച്ചിരിക്കുന്നത്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കാൻസർ രോഗിയല്ലാത്ത യുവതിക്ക് കീമോതെറാപ്പി കൊടുത്തതാണ് ഇവിടത്തെ വിഷയം. ഇഞ്ചക്ഷനും മരുന്നുമൊക്കെ മാറിക്കൊടുത്തതുകൊണ്ട് മൃതപ്രായരായി വർഷങ്ങളോളം നരകതുല്യമായ ജീവിതം നയിക്കുന്ന ഒരുപാട് മനുഷ്യർ നമ്മുടെ സംസ്ഥാനത്തുണ്ട്. അവരെ സഹായിക്കാനും അതുപോലെതന്നെ അവരെ ഈ അവസ്ഥയിലാക്കിയവർക്കെതിരെ നടപടികൾ സ്വീകരിക്കുവാനും സർക്കാർ തയ്യാറാകുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, അതുസംബന്ധിച്ച് വ്യക്തമായി പറഞ്ഞല്ലോ. അതിന്റെ റിപ്പോർട്ട് ചോദിച്ചിരിക്കുകയാണ്. ഇപ്പോൾ ഡയറക്ടറുടെ കീഴിൽ ഒരു വിദഗ്ദ്ധ സംഘത്തെ നിയോഗിച്ചിട്ടുണ്ട്. അവർ കോട്ടയം മെഡിക്കൽ കോളേജിൽ ഇന്നലെ എത്തിക്കഴിഞ്ഞു. അവർ നിരവധി അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. വിശദമായ പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്. അവരുടെ റിപ്പോർട്ട് വന്ന ഉടൻതന്നെ കുറ്റക്കാർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കും.

ശ്രീ. പി. ഉബൈദുള്ള: സർ, കാൻസറില്ലാത്ത രോഗിക്ക് കീമോതെറാപ്പി ചികിത്സ നടത്തിയത് സംബന്ധിച്ചുള്ള വാർത്തകൾ നമ്മളെ എല്ലാവരേയും ഞെട്ടിപ്പിച്ചതും വേദനിപ്പിച്ചതുമാണ്. മെഡിക്കൽ കോളേജുകളിൽ രോഗികളുടെ ബാഹുല്യം വർദ്ധിച്ചുവരുന്നതുകൊണ്ടാണ് ബയോപ്സി റിപ്പോർട്ട് ലഭിക്കാൻ കാലതാമസമുണ്ടായത്. അതുകൊണ്ടാണ് സ്വകാര്യലാബിനെ ആശ്രയിക്കേണ്ടി വന്നതെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ പറയുന്നത്. മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ സർക്കാർ ആശുപത്രികളിലെത്തുന്ന മുഴുവൻ രോഗികൾക്കും, രോഗികളുടെ എണ്ണം എത്ര വർദ്ധിച്ചുവന്നാലും അവർക്ക് സ്വകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കാതെ സർക്കാർ ആശുപത്രിയിൽത്തന്നെ ആവശ്യമായ എല്ലാ ടെസ്റ്റും നടത്താനുള്ള സംവിധാനം ഉണ്ടാകേണ്ടതുണ്ട്. ബഹുമാനപ്പെട്ട എൻ. എ. നെല്ലിക്കുന്ന് പറഞ്ഞതുപോലെ ഇഞ്ചക്ഷൻ, ഗുളിക എന്നിവ മാറിക്കൊടുക്കുന്ന സംഭവങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഈയിടെയാണ് മഞ്ചേരി മെഡിക്കൽ കോളേജിൽ മൂക്കിലെ ദശ ശസ്ത്രക്രിയ ചെയ്യാനെത്തിയ ഏഴ് വയസ്സുകാരനായ കുട്ടിയെ ഹെർണിയ ശസ്ത്രക്രിയയ്ക്ക് വിധേയനാക്കിയത്. ഇതൊരു

ചെറിയ സംഭവമാണോ; ഇത് ഒരു മെഡിക്കൽ കോളേജിൽ മാത്രം സംഭവിക്കുന്നതല്ല. മൂക്കിലെ ഓപ്പറേഷന് വന്നിട്ട് ഹെർണിയ ഓപ്പറേഷൻ, അതും ഏഴ് വയസ്സായ കുട്ടിക്കാണ് ചെയ്തിരിക്കുന്നത്. ഇത്തരം കാര്യങ്ങളെ ലാഘവത്തോടെ കണ്ടുകൊണ്ടുള്ള മറുപടിയല്ല ബഹുമാനപ്പെട്ട മന്ത്രിമാരിൽനിന്നും ഉണ്ടാകേണ്ടത്. ഇങ്ങനെയുള്ള സംഭവങ്ങൾ ഇനിയൊരിക്കലും സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ആവർത്തിക്കില്ലെന്ന് ഉറപ്പുവരുത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, തീർച്ചയായും. ഇക്കാര്യത്തിൽ വളരെ സൂക്ഷ്മമായി ശ്രദ്ധിച്ച് ഇനി ഇത്തരം സംഭവങ്ങൾ ആവർത്തിക്കാത്ത വിധത്തിലുള്ള ശക്തമായ നടപടിതന്നെയാണ് സർക്കാർ എടുക്കുന്നത്. ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ച മഞ്ചേരി മെഡിക്കൽ കോളേജിലെ പ്രശ്നം അന്വേഷിച്ചു, അത് ഓപ്പറേഷൻ തെറ്റി നടത്തിയത് തന്നെയാണ്. ആ ഡോക്ടറെ സസ്പെന്റ് ചെയ്തിട്ടുണ്ട്. അതുസംബന്ധിച്ച് തുടരന്വേഷണം നടത്തുകയാണ്. അത്തരത്തിലുള്ള തെറ്റ് ആവർത്തിക്കാതിരിക്കാനുള്ള ശക്തമായ നടപടികൾ തന്നെയാണ് ആരോഗ്യ വകുപ്പ് സ്വീകരിക്കുന്നത്.

<u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u>: സർ, തെറ്റായ പരിശോധനാ റിപ്പോർട്ടുകൾ നൽകിയാലും കാര്യമായ ശിക്ഷാനടപടികൾ ഉണ്ടാകാത്ത സാഹചര്യം കാരണമാണ് കൂടുതൽ അലസതയും ശ്രദ്ധയില്ലായ്മയും ലാബ് അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നത്. തെറ്റായ പരിശോധനാ ഫലങ്ങൾ നൽകുന്ന ലാബുകൾക്കെതിരെ എന്തെല്ലാം ശിക്ഷാനടപടികൾ സ്വീകരിക്കാൻ നിലവിൽ വ്യവസ്ഥയുണ്ട്; ലാബുകളുടെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ചകൾ ഉണ്ടാകുമ്പോൾ ലാബ് അധികൃതരിൽനിന്നുതന്നെ നഷ്ടപരിഹാരം ഈടാക്കി ബന്ധപ്പെട്ട കക്ഷികൾക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് ബില്ലിൽ ഇതാണ് വ്യക്തമാക്കിയിരിക്കുന്നത്. ഓരോന്നും ഓരോ തരത്തിലുള്ള കുറ്റമായി കണ്ട് അതിനുള്ള നടപടിയെടുക്കുവാനുള്ള സർക്കാരിന്റെ അധികാരമാണ് പ്രസ്തുത ബില്ലിൽ പറഞ്ഞിട്ടുള്ളത്. അതിന്റെ രജിസ്ട്രേഷനെല്ലാം കഴിഞ്ഞ് കേരളത്തിലെ എല്ലാ രജിസ്റ്റേർഡ് ലബോറട്ടറികളും ബില്ലനുസരിച്ച് രജിസ്റ്റേർഡ് അതോറിറ്റികളായി വരുമ്പോൾ അങ്ങുപറഞ്ഞ ഈ പ്രശ്നം കൂടുതൽ കാര്യക്ഷമമായി നേരിടാൻ കഴിയും. തെറ്റായ റിപ്പോർട്ട് നൽകുന്ന സാഹചര്യം ഉണ്ടാകാതിരിക്കത്തക്ക രീതിയിലുള്ള നിയമപരമായ സമീപനമാണ് സർക്കാർ എടുത്തിട്ടുള്ളത്.

ശ്രീ. എ. എൻ. ഷംസീർ: സർ, നേരത്തെ കാൻസർ ട്രീറ്റ്മെന്റിന് സൗത്തിൽ ആർ.സി.സി. മാത്രമാണ് ഉണ്ടായിരുന്നത്. ഇപ്പോൾ നോർത്തിൽ എം.സി.സി.-യും മധ്യകേരളത്തിൽ കൊച്ചിൻ കാൻസർ സെന്ററും വന്നു. ഈ മൂന്ന് സെന്ററുകളിലും ഉൾക്കൊള്ളാൻ സാധിക്കാത്തത്രയും രോഗികൾ വന്നിട്ടുണ്ട്. അതുകൊണ്ടാണ് പലരും പ്രൈവറ്റ് സെന്ററുകളിലേയ്ക്ക് പോകുന്നത്. പ്രൈവറ്റ് സെന്ററുകളിൽ വലിയ ചൂഷണമാണ് നടന്നുകൊണ്ടിരിക്കുന്നത്. ഈ മൂന്ന് സെന്ററുകൾ ഉപയോഗിച്ചുകൊണ്ട് ഒരു ട്രീറ്റ്മെന്റ് പ്രോട്ടോക്കോൾ ഉണ്ടാക്കി ആ ട്രീറ്റ്മെന്റ്തന്നെ സ്വകാര്യ ആശുപത്രികളിലും നടത്താനാവശ്യമായ ഇടപെടൽ സർക്കാരിന് നടത്താൻ സാധിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, കാൻസർ രോഗികളുടെ എണ്ണത്തിലെ വർദ്ധനവും അതിന്റെ growth rate-ഉം അതുപോലെ നമ്മുടെ പൊതുമേഖലയിലുള്ള ആശുപത്രികളുടെ ബെഡ്ഡിന്റെ വർദ്ധനവ് റേറ്റും വച്ചുനോക്കുമ്പോൾ വലിയ വ്യത്യാസമുണ്ട്. അതുകൊണ്ട് സ്വാഭാവികമായും സർക്കാർ മെഡിക്കൽ കോളേജുകളിലോ സർക്കാർ കാൻസർ ട്രീറ്റ്മെന്റ് സെന്ററിലോ മാത്രം പൂർണ്ണമായും എല്ലാ കാൻസർ രോഗികൾക്കും ചികിത്സ നൽകുന്നതിനുള്ള സാഹചര്യം ഇപ്പോഴില്ല. അങ്ങനെയൊരു സാഹചര്യം ഉണ്ടാക്കേണ്ടതുണ്ട്. സ്വകാര്യ ആശുപത്രികളിലും ചികിത്സ നടക്കുന്നു. ചികിത്സ സംബന്ധിച്ച ഇന്റർനാഷണൽ പ്രോട്ടോക്കോൾ അനുസരിച്ചുതന്നെയാണ് ചികിത്സ നടത്തുന്നത്. കീമോതെറാപ്പി കഴിഞ്ഞ് സർജറി, സർജറി കഴിഞ്ഞിട്ട് കീമോതെറാപ്പി, ഇങ്ങനെ രണ്ട് നിലയിലുണ്ട്. പലരും ധരിച്ചുവച്ചിരിക്കുന്നത് ഓപ്പറേഷൻ കഴിഞ്ഞതിനുശേഷം കീമോ തെറാപ്പി എന്നാണ്; തിരിച്ചുമാകാം. നൂറിലധികം ഡ്രഗ്ഗുകൾ കീമോ തെറാപ്പിയിലുണ്ട്. ഏത് സെൽ, ഏത് രീതിയിൽ പ്രവർത്തിക്കുന്നു എന്ന് തിരിച്ചറിഞ്ഞ് അതിനെ നശിപ്പിക്കത്തക്ക രീതിയിലുള്ള മോളിക്യൂൾസുള്ള മെഡിസിനാണ് ആ രംഗത്ത് കൊടുക്കുന്നത്. കൃത്യമായ പ്രോട്ടോക്കോൾ പാലിച്ചുകൊണ്ടാണ് എല്ലാ ആശുപത്രികളും അത് ചെയ്യുന്നത്. പക്ഷേ നേരത്തെ എല്ലാവരും സൂചിപ്പിച്ചതുപോലെ, സ്വകാര്യ രംഗത്തുള്ള മാറ്റമുണ്ട്. അത് കുറച്ചുകൊണ്ടുവരാൻ പൊതുമേഖലയെ കൂടുതൽ ശക്തമാക്കുക എന്നത് മാത്രമേ വഴിയുള്ളൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കോട്ടയം മെഡിക്കൽ കോളേജിൽ കാൻസർ ഇല്ലാത്ത ശ്രീമതി രജനിക്ക് കീമോതെറാപ്പി കൊടുത്തു എന്ന വളരെ വിവാദപരമായ ഒരു പ്രശ്നമുണ്ടാകുകയും അതിനെക്കുറിച്ച് അന്വേഷണം നടത്തുന്നതിനുവേണ്ടി ഡി.എം.ഇ.-യുടെ നേതൃത്വത്തിലുള്ള ഒരു വിദഗ്ദ്ധ കമ്മിറ്റിയെ നിയമിക്കുകയും ചെയ്തു. അതിന്റെ റിപ്പോർട്ട് കിട്ടിയെന്ന് അങ്ങും പറഞ്ഞു.

ഇന്നത്തെ മാധ്യമങ്ങളിൽ ഒരു വാർത്ത വന്നിട്ടുണ്ട്, ശ്രീമതി രജനി മാനസികരോഗമുള്ള ആളാണെന്ന് വരുത്തിത്തീർത്ത് ഡോക്ടർമാരെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള ഒരു നടപടി നടക്കുന്നതായി ഈ റിപ്പോർട്ടിന്റെ പുറത്തുവന്ന ഭാഗത്തിൽ കാണുകയാണ്. ആ റിപ്പോർട്ട് ഈ സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ; അവരുടെ മുടിയെല്ലാം കൊഴിഞ്ഞ് ആകപ്പാടെ വിഷമിച്ചിരിക്കുന്ന, മാനസികമായി സ്റ്റെയിനുള്ള സമയത്ത്, അവർക്ക് മാനസിക രോഗമാണെന്ന് വരുത്തിത്തീർക്കുകകൂടി ചെയ്ത് കൂടുതൽ അവഹേളിക്കുന്നതിനുവേണ്ടിയുള്ള നടപടി ആരെങ്കിലും എടുത്തിട്ടുണ്ടെങ്കിൽ അതിനെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ; ഈ വിദഗ്ദ്ധ സമിതിയെ മാറ്റി മറ്റേതെങ്കിലുമൊരു സംഘത്തെക്കൊണ്ട് ഈ കാര്യം അന്വേഷിപ്പിക്കാൻ പറ്റുമോ; ഞാൻ മനസ്സിലാക്കിയിടത്തോളം, ശ്രീമതി രജനിയോട് ഇന്നുവരെ ഈ കമ്മിറ്റിയുടെ മുമ്പിൽ ഹാജരാകാൻ പറഞ്ഞിട്ടില്ല. അവർ ആ കമ്മിറ്റിയുടെ മുമ്പിൽ ഹാജരായിട്ടുമില്ല. എന്നിട്ടും അവരെ ഒരു മാനസിക രോഗിയാക്കി ചിത്രീകരിക്കാനുള്ള ശ്രമം നടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അടിയന്തര നടപടി സ്വീകരിക്കുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, അത്തരത്തിലുള്ള ഒരു റിപ്പോർട്ട് വന്നിട്ടില്ല. ശ്രീമതി രജനിയെക്കുറിച്ച് അങ്ങനെയൊരു പ്രശ്നം റിപ്പോർട്ടിലൊന്നും വന്നിട്ടില്ല. റിപ്പോർട്ടുതന്നെ കിട്ടിയിട്ടില്ല. രണ്ട് റിപ്പോർട്ടുകളാണുള്ളത്. ഒന്ന്, പ്രിൻസിപ്പലിന്റെ നേതൃത്വത്തിൽ അന്വേഷിച്ച റിപ്പോർട്ട്. അതാണ് ആദ്യത്തെ റിപ്പോർട്ട്. നമുക്ക് ലഭിച്ചതും അതാണ്. ആ റിപ്പോർട്ട് ഞാൻ ഉത്തരത്തിൽ വായിച്ചു. രണ്ടാമത്തെ റിപ്പോർട്ട് സംബന്ധിച്ച് ഞാൻ പറഞ്ഞു. ഡയറക്ടറുടെ കീഴിൽ ഒരു സംഘത്തെ നിയോഗിച്ചിരിക്കുകയാണ്. ആ സംഘം ഇന്നലെ കോട്ടയം മെഡിക്കൽ കോളേജിൽ പോയി തെളിവെടുപ്പ് നടത്തിക്കൊണ്ടിരിക്കുകയാണ്. റിപ്പോർട്ട് നൽകിയിട്ടില്ല. തെളിവെടുപ്പിന് പോയപ്പോൾ അവർക്ക് ശ്രീമതി രജനിയെ നേരിട്ട് കാണാൻ സാധിച്ചിട്ടില്ല. അതിനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുകയാണ്. ശ്രീമതി രജനിയെക്കുറിച്ച് യാതൊരു തരത്തിലുള്ള തെറ്റായ വ്യാഖ്യാനവും ആരും പറഞ്ഞിട്ടില്ല. അത്തരത്തിലുള്ള ഒരു സംഭവവും ഉണ്ടായിട്ടില്ല. തന്നെയല്ല, അവരെക്കൂടി കണ്ട് എന്താണ് അവിടെ നടന്നിട്ടുള്ളത് എന്നതുസംബന്ധിച്ച് വളരെ വിശദമായ റിപ്പോർട്ട് ഡയറക്ടർ നിയോഗിച്ച ടീം സർക്കാരിന് നൽകും. വേറെ ഏതെങ്കിലും തരത്തിൽ, തെറ്റായ ഏതെങ്കിലും റിപ്പോർട്ട് ഉണ്ടെങ്കിൽ അതിനെതിരെ സർക്കാർ ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്യും.

<u>ശ്രീ. ബി. ഡി. ദേവസ്സി</u>: സർ, മുൻ എം.പി. ശ്രീ. ഇന്നസെന്റ് അദ്ദേഹത്തിന്റെ എം. പി. ഫണ്ടിൽനിന്ന് അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലെ എല്ലാ

ഗവൺമെന്റ് താലൂക്കാശുപത്രികളിലും മാമോഗ്രാം യന്ത്രം സ്ഥാപിക്കുകയുണ്ടായി. അതിലൂടെ പരിശോധന നടത്തി ചിലർക്ക് രോഗമുണ്ടെന്ന് കണ്ടെത്തുകയും ആരംഭത്തിൽ ചികിത്സിച്ച് ഭേദമാക്കാൻ കഴിയുകയും ചെയ്ത അനുഭവമുണ്ട്. കാൻസർ രോഗം നിർണ്ണയിക്കുന്നതിന് എല്ലാ താലൂക്ക് ആശുപത്രികളിലും മാമോഗ്രാം യന്ത്രം സ്ഥാപിക്കുന്നതോടൊപ്പംതന്നെ മൊബൈൽ സംവിധാനം ഉൾപ്പെടെ ഗ്രാമപ്രദേശങ്ങളിൽ എല്ലാ സ്ഥലങ്ങളിലും ചെന്ന് പരിശോധിക്കാനുള്ള സംവിധാനവും ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; അതോടൊപ്പംതന്നെ കാൻസർ രോഗികൾക്ക് പെൻഷൻ ലഭിക്കുന്നതിന് ആറ് മാസത്തിലൊരിക്കൽ ഓങ്കോളജിസ്റ്റിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കണം. വേദനയും യാതനയും അനുഭവിക്കുന്ന കാൻസർ രോഗികൾക്ക് ഇത് വളരെ പ്രയാസമുണ്ടാക്കുന്നതാണ്. അതുകൊണ്ട് താഴെതലത്തിലുള്ള ഗവൺമെന്റ് ഡോക്ടർമാരിൽനിന്ന് പ്രസ്തുത സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് പ്രായോഗികമായ സമീപനം സ്വീകരിക്കുമോ; കാൻസർ രോഗികൾക്കുള്ള പെൻഷൻ വർദ്ധിപ്പിക്കുന്ന കാര്യം ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, 'ആർദ്രം' പദ്ധതിയുടെ ഭാഗമായി എല്ലാ ആശുപത്രികളിലും സൗകര്യങ്ങൾ വർദ്ധിപ്പിച്ചുവരികയാണ്. അതുകൊണ്ടുതന്നെ ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചതുപോലുള്ള മാറ്റങ്ങൾ എല്ലാ ആശുപത്രികളിലും വേണം എന്നുതന്നെയാണ് നമ്മൾ ആഗ്രഹിക്കുന്നത്. അതോടൊപ്പം കൂടുതൽ ചികിത്സാ സൗകര്യങ്ങളും ചികിത്സിക്കാൻ വരുന്ന രോഗികൾക്കാവശ്യമുള്ള സാമ്പത്തിക സഹായവും നൽകണം എന്നുതന്നെയാണ് 'ആർദ്രം' പദ്ധതിയിലൂടെ ആഗ്രഹിച്ചിട്ടുള്ളത്. അത് കൂടുതൽ വർദ്ധിപ്പിച്ച് വരികയാണ്. തീർച്ചയായും ബഹുമാനപ്പെട്ട അംഗം പറഞ്ഞ ഈ സൗകര്യങ്ങൾ എല്ലാ ആശുപത്രികളിലും ഉണ്ടാകുന്നതാണ്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, നമ്മുടെ സംസ്ഥാനത്ത് പ്രതിവർഷം ഒന്നര ലക്ഷത്തോളം കാൻസർ രോഗികൾ ഉണ്ടാകുന്നുവെന്നാണ് പഠനത്തിൽ വെളിപ്പെട്ടിട്ടുള്ളത്. ഈ സാഹചര്യം മനസ്സിലാക്കിക്കൊണ്ട് സർക്കാർ ആശുപത്രികളിൽ കാൻസർ ചികിത്സ മാത്രമല്ല പരിശോധനയും ചികിത്സയും ഉൾപ്പെടെ കൂടുതൽ സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 5 മെഡിക്കൽ കോളേജുകളിൽ മിനി ആർ.സി.സി.-കൾ തുടങ്ങുന്നതിനുവേണ്ടി തീരുമാനമെടുത്തിട്ടുണ്ട്. ഈ സർക്കാർ അതുമായി മുന്നോട്ടുപോകുന്നുമുണ്ട്. ഈ 5 മെഡിക്കൽ കോളേജുകളിലും പരിശോധനകൾ നടത്തുന്നതിനും അവിടെത്തന്നെ ചികിത്സ കൊടുക്കുന്നതിനും വേണ്ടിയുള്ള എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തുമോ;

അതോടൊപ്പം കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട രണ്ട് ചികിത്സാ കേന്ദ്രങ്ങളാണ് തിരുവനന്തപുരത്തെ ആർ.സി.സി.-യും മലബാർ കാൻസർ സെന്ററും. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നാഷണൽ കാൻസർ ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തുന്നതിനുവേണ്ടി ഒരു റിക്വസ്റ്റ് കൊടുത്തിരുന്നു. കേന്ദ്ര സർക്കാർ അത് തൽക്കാലത്തേക്ക് നൽകാൻ കഴിയില്ല എന്നുപറഞ്ഞു. 2000 കോടി രൂപയാണ് നാഷണൽ കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് അനുവദിച്ചാൽ നമുക്ക് ലഭ്യമാകുന്നത്. കഴിഞ്ഞ കേന്ദ്ര സർക്കാർ തൽക്കാലത്തേയ്ക്ക് അനുവദിക്കാൻ കഴിയില്ലെന്നുപറഞ്ഞുകൊണ്ട്, സ്റ്റേറ്റ് കാൻസർ ഇൻസ്റ്റിറ്റ്യൂട്ടായി അതിനെ പ്രഖ്യാപിക്കുകയും 120 കോടി രൂപ അനുവദിക്കുകയും ചെയ്തു. അതിൽ 49 കോടി രൂപയാണ് ലഭ്യമായത്. അത് പഴയ കെട്ടിടങ്ങൾ നവീകരിക്കുന്നതിനും അതുപോലെതന്നെ എക്യുപ്മെന്റ്സ് വാങ്ങുന്നതിനുമാണ്. അതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുത്തിട്ടില്ല. 49 കോടി രൂപയേ കിട്ടിയിട്ടുള്ളൂ. അടിയന്തരമായി അതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകിയാൽ ബാക്കി തുക കിട്ടും. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടായി കാൻസർ ഇൻസ്റ്റിറ്റ്യൂട്ടിനെ മാറ്റുവാനും മലബാർ കാൻസർ സെന്ററിനെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ടാക്കി മാറ്റുന്നതിനുമുള്ള തീരുമാനം കഴിഞ്ഞ സർക്കാർ എടുത്തിരുന്നു. ആ നടപടിയുമായി മുന്നോട്ട് പോകുമോ; പുതിയ ഗവൺമെന്റ് കേന്ദ്രത്തിൽ വന്ന പശ്ചാത്തലത്തിൽ അതിന് വേണ്ടിയുള്ള സമ്മർദ്ദം ചെലുത്തുവാൻ സംസ്ഥാന സർക്കാർ തയ്യാറാകുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, തീർച്ചയായും, എല്ലാ മെഡിക്കൽ കോളേജുകളും ഇതുപോലെ ഉയർത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. കാൻസർ സെന്റർ മാത്രമല്ല, എല്ലാ മെഡിക്കൽ കോളേജുകളെയും ഇത്തരം സൗകര്യങ്ങളുള്ള സെന്ററുകളാക്കി ഉയർത്താനാണ് ഉദ്ദേശിക്കുന്നത്. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുത്തിട്ടില്ലാത്ത കാര്യം പരിശോധിച്ച് പറയാം. അത് കൃത്യമായി അറിഞ്ഞിട്ടില്ല. അത് തീർച്ചയായും പരിശോധിക്കാം. കേന്ദ്ര സർക്കാരിന്റെ സഹായവും മറ്റ് സാധ്യതകളും ഉപയോഗിച്ചുകൊണ്ട് കാൻസറിനെതിരെ ചികിത്സിക്കാൻ എല്ലാ സൗകര്യങ്ങളും എല്ലാ ദിക്കിലുമുണ്ടാക്കാനുള്ള ശ്രമം തന്നെയാണ് നടക്കുന്നത്. അങ്ങ് ആദ്യം സൂചിപ്പിച്ചത്, മെഡിക്കൽ കോളേജുകളിൽ കാൻസറിന്റെ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കണമെന്നാണ്. ഇപ്പോൾ മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും അതിനുള്ള ചികിത്സയുണ്ട്. വാസ്തവത്തിൽ പരിശോധനയെന്നു പറയുന്നത്, sophisticated ആയ ഇൻസ്ട്രുമെന്റ്സ് ഇല്ലാതെപോലും സാധാരണ ആശുപത്രികളിൽ ഇതിന്റെ പരിശോധന നടത്താൻ കഴിയും. ഞാൻ നേരത്തെ അത് സൂചിപ്പിച്ചു. പല ട്യൂമറുകൾക്കും ക്ലിനിക്കൽ എക്സാമിനേഷനാണ് ഏറ്റവും

ആദ്യം നടത്തുന്നത്. ക്ലിനിക്കൽ എക്സാമിനേഷനിലൂടെ കണ്ടത് ലബോറട്ടറി ടെസ്റ്റിലൂടെ വീണ്ടും confirm ചെയ്യും. Confirm ചെയ്യുമ്പോൾതന്നെ 'with clinical correlation' എന്ന് ഏത് വലിയ ലബോറട്ടറിയായാലും അതിൽ എഴുതും. പ്രധാനപ്പെട്ടത് ക്ലിനിക്കൽ എക്സാമിനേഷൻ തന്നെയാണ്. ആ ക്ലിനിക്കൽ എക്സാമിനേഷനിൽനിന്ന് കിട്ടുന്ന റിസൾട്ടുകൾ പെർഫക്ട് ആയാൽ clinical correlation ഉണ്ടാകും. അല്ലെങ്കിൽ clinical correlation ഉണ്ടാകില്ല. അതുകൊണ്ട് ക്ലിനിക്കൽ എക്സാമിനേഷൻ തന്നെയാണ് വൈദ്യശാസ്ത്ര രംഗത്ത് ഏറ്റവും പ്രധാനപ്പെട്ടത്. ആ ക്ലിനിക്കൽ എക്സാമിനേഷൻ എല്ലാ ദിക്കിലും വേണമെന്നുള്ളതാണ് ആർദ്രം പദ്ധതിയുടെ ലക്ഷ്യം. പലപ്പോഴും ആളുകൾ ധരിച്ചിരിക്കുന്നത്, ലബോറട്ടറികൾ ഉണ്ടെങ്കിൽ മാത്രമേ കാൻസർ ട്രീറ്റ്മെന്റ് അല്ലെങ്കിൽ കാൻസർ ഡിറ്റക്ഷൻ എളുപ്പമാകുകയുള്ളൂവെന്നാണ്. വാസ്തവത്തിൽ ആദ്യം വേണ്ടത് ക്ലിനിക്കൽ എക്സാമിനേഷനാണ്. ക്ലിനിക്കൽ എക്സാമിനേഷന് വേണ്ട പരിശീലനങ്ങളും അതിന്റെ സാധ്യതകളും വർദ്ധിപ്പിച്ച് കഴിഞ്ഞാൽ, ഏത് ആശുപത്രിയിലും അതിന്റെ പരിശോധന നടക്കും, അത് confirm ചെയ്യാൻ ലബോറട്ടറി ഉപയോഗിക്കണമെന്നേയുള്ളൂ.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, തെറ്റായ രോഗനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ ചികിത്സ നടത്തുകയെന്നുള്ളത് കേരളത്തിൽ പല സ്ഥലത്തും നടക്കുന്ന കാര്യമാണ്. ചില കാര്യങ്ങൾ പെട്ടെന്ന് പുറത്തുവരുന്നുവെന്നേയുള്ളൂ. അന്തരിച്ച നമ്മുടെ പ്രിയപ്പെട്ട എം. ഐ. ഷാനവാസ് മരിക്കുന്നതിന് കുറേ വർഷങ്ങൾക്കു മുൻപ് കേരളത്തിലെ പ്രമുഖമായൊരു സ്വകാര്യ ആശുപത്രിയിൽ തെറ്റായി രോഗനിർണ്ണയം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ചികിത്സ നടത്തുകയും ചെയ്തത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. മെഡിക്കൽ കോളേജുകളെ സംബന്ധിച്ച പ്രശ്നമെന്താണെന്നുവച്ചാൽ, കോട്ടയം മെഡിക്കൽ കോളേജിനോട് അനുബന്ധിച്ച ലാബോറട്ടറിയിൽ പരിശോധനയ്ക്ക് വളരെ കാലതാമസമെടുക്കുന്നതുമൂലം രോഗികളുടെ സമ്മർദ്ദം വരികയും ചെയ്യുന്നതിന്റെ ഫലമായിട്ടാണ് പരിശോധനയ്ക്ക് പുറത്തുകൊടുക്കുന്നത്. പ്രൊഫഷണൽ അല്ലാത്ത ബന്ധങ്ങൾ ഡോക്ടർമാരും ലാബോറട്ടറികളും തമ്മിൽ ഉണ്ടാകാറുണ്ട്, ഇല്ലെന്നല്ല ഞാൻ പറയുന്നത്. പക്ഷെ ഈ പ്രധാനപ്പെട്ട പ്രശ്നത്തിനുനേരെ നമ്മൾ കണ്ണടയ്ക്കരുത്, അതിന് പരിഹാരമുണ്ടാക്കുകയാണ് സുപ്രധാന കാര്യം. മെഡിക്കൽ കോളേജിലെ ലാബോറട്ടറികൾ സുശക്തമാക്കണം, ആധുനികമാക്കണം, അവിടെ കാലതാമസമില്ലാതെ രോഗനിർണ്ണയം നടത്താനുള്ള സംവിധാനമുണ്ടാകണം. അതിനാണ് ഗവൺമെന്റ് മുൻകയ്യെടുക്കേണ്ടത്, അതിന് ശ്രമിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, തീർച്ചയായും, ഞാൻ പലതവണയായി രണ്ടുമൂന്ന് ചോദ്യത്തിനുള്ള ഉത്തരത്തിൽ അതുതന്നെയാണ് പറഞ്ഞത്. ആർദ്രം പദ്ധതി ലക്ഷ്യമിടുന്നതും അതുതന്നെയാണ്; ഒപ്പം പ്രതിരോധവും വേണം. ഡയഗ്നോസിസിൽ വളരെ സൂക്ഷ്മമായി ശ്രദ്ധിക്കേണ്ടതുണ്ട്, ചെറിയ വ്യത്യാസങ്ങൾ പോലും തിരിച്ചറിയാൻ കഴിയണം. വൈറസുകൾക്കും ബാക്ടീരിയകൾക്കും മ്യൂട്ടേഷനിലൂടെ ചെറിയ ചെറിയ വ്യത്യാസങ്ങൾ വരുന്നുണ്ട്. ചെറിയ മ്യൂട്ടേഷനിൽ വ്യത്യാസം വരുന്നതിലൂടെ വളരെ പ്രകടമായ വ്യത്യാസം രോഗങ്ങളിൽ വരും. ക്ലിനിക്കൽ ടെസ്റ്റിൽ വ്യത്യാസം വരുന്നുണ്ട്. പക്ഷെ ചെറിയ വ്യത്യാസമേ അതിന്റെ മ്യൂട്ടേഷനിൽ ഉണ്ടാകുകയുള്ളൂ. ആ ചെറിയ മ്യൂട്ടേഷനിൽ വരുന്ന വ്യത്യാസങ്ങളെ കണ്ടുപിടിക്കാനുള്ള ഡയഗ്നോസിസ് ടെക്നിക്സ് ഇല്ലെങ്കിൽ ആ മ്യൂട്ടേഷൻ കാണാൻ കഴിയില്ല. അതുകൊണ്ടാണ് പലപ്പോഴും വളരെ ചെറിയ വ്യത്യാസമുള്ള രോഗങ്ങൾ തെറ്റിദ്ധരിപ്പിക്കപ്പെടുന്നത് അല്ലെങ്കിൽ തെറ്റിദ്ധരിക്കപ്പെടുന്നത്. തീർച്ചയായും ഇത് വളരെ പ്രധാനപ്പെട്ടൊരു പാഠമാണ്. ഇത് ഉൾക്കൊണ്ടുതന്നെ എല്ലാ മെഡിക്കൽ കോളേജുകളിലും ഏത് ചെറിയ distinction ഉണ്ടെങ്കിൽപ്പോലും അത് കാണത്തക്ക രീതിയിലുള്ള സംവിധാനങ്ങൾ ഒരുക്കാനാണ് ശ്രമിക്കുന്നത്.

### വിഴിഞ്ഞം തുറമുഖ നിർമ്മാണ പുരോഗതി

4(*303) ശ്രീ. എം. മുകേഷ്:
ശ്രീ. എസ്. ശർമ്മ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിജ്യ വ്യാപാര രംഗത്ത് വൻകുതിപ്പ് സൃഷ്ടിക്കുമെന്ന് പ്രതീക്ഷിക്കുന്ന വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിന്റെ നിലവിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഒന്നാംഘട്ടത്തിൽ ബ്രേക്ക് വാട്ടർ, ബെർത്ത്, യാർഡ് എന്നിവ എത്രയാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്നും അതിൽ എത്രഭാഗം പൂർത്തീകരിക്കാൻ സാധ്യമായെന്നും അറിയിക്കാമോ;

(സി) നിർമ്മാണത്തിന് ഇടക്കാലത്തുണ്ടായ മന്ദത പരിഹരിക്കാൻ നടത്തിയ ഇടപെടലുകൾ എന്താണെന്ന് വെളിപ്പെടുത്താമോ;

(ഡി) റോഡ്, റെയിൽ കണക്റ്റിവിറ്റി തുടങ്ങിയ അനുബന്ധ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ,

(എ) വിഴിഞ്ഞം രാജ്യാന്തര തുറമുഖ കമ്പനി (VISL)- യും സർക്കാരും തുറമുഖ നിർമ്മാണ പുരോഗതി വിലയിരുത്തുന്നുണ്ട്.

(ബി) 3100 മീറ്റർ നീളമുള്ള പുലിമുട്ട്, 800 മീറ്റർ നീളമുള്ള ബെർത്ത്, കടൽ നികത്തി രൂപപ്പെടുത്തുന്ന 53 ഹെക്ടർ കരഭൂമിയിൽ കണ്ടെയ്നർ യാർഡ് തുടങ്ങിയവയാണ് തുറമുഖത്തിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവൃത്തികളിൽ വിഭാവന ചെയ്തിരിക്കുന്നത്. ഇതിൽ പുലിമുട്ടിന്റെ കരയിൽ നിന്നുള്ള 565 മീറ്റർ നിർമ്മാണം പൂർത്തിയായി. 800 മീറ്റർ നീളമുള്ള ബെർത്തിന് ആവശ്യമുള്ള 615 പൈലുകളും സ്ഥാപിച്ചിട്ടുണ്ട്. പൈലുകളിൽ സ്ഥാപിക്കേണ്ട "പ്രീകാസ്റ്റ് കോൺക്രീറ്റ് യൂണിറ്റുകളുടെ നിർമ്മാണം പുരോഗമിക്കുകയാണ്. കടൽ നികത്തി രൂപപ്പെടുത്തേണ്ട 53 ഹെക്ടർ ഭൂമിയുടെ 40%-വും പൂർത്തീകരിച്ചു. ഇതിന് സമാന്തരമായി യാർഡ് വികസനവും അനുബന്ധ പ്രവൃത്തികളും നടന്നുവരുന്നുണ്ട്.

(സി) തുറമുഖ പദ്ധതിയുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് പുലിമുട്ട് നിർമ്മാണമാണ് നിർണായക പ്രവൃത്തിയായി കണക്കാക്കുന്നത്. പുലിമുട്ട് നിർമ്മാണത്തിന് ആവശ്യമായ പാറ ലഭിക്കുന്നതിനുള്ള തടസ്സം തുറമുഖത്തിന്റെ സമയബന്ധിതമായ പൂർത്തീകരണത്തെ ബാധിച്ചതായി ഇന്റിപെന്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. കരാർ പ്രകാരം പദ്ധതിക്ക് ആവശ്യമായ പാറ കണ്ടെത്തേണ്ടത് നിർമ്മാണ പങ്കാളിയായ അദാനി കമ്പനിയുടെ ചുമതലയാണ്. സംസ്ഥാനത്ത് നിലവിലുള്ള ക്വാറികളിൽ നിന്ന് ആവശ്യത്തിന് പാറ ലഭിക്കാത്ത സാഹചര്യത്തിൽ സ്വന്തമായി ക്വാറികൾ സ്ഥാപിച്ചും ഇതര സംസ്ഥാനങ്ങളിൽ നിന്ന് പാറ കൊണ്ടുവന്നും നിർമ്മാണം പൂർത്തീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അതനുസരിച്ച് സ്വന്തമായി ക്വാറികൾ സ്ഥാപിച്ച് പാറ കണ്ടെത്തുന്നതിനുള്ള നടപടികൾ അദാനി കമ്പനി സ്വീകരിച്ചുവരികയാണ്. സ്വന്തമായി ക്വാറികൾ സ്ഥാപിക്കുന്നതിന് റവന്യൂ, മൈനിംഗ് & ജിയോളജി, പരിസ്ഥിതി തുടങ്ങിയ വകുപ്പുകളുടെ അംഗീകാരം ആവശ്യമാണ്. ഇതിലേയ്ക്കുള്ള അപേക്ഷകൾ സമയബന്ധിതമായി പരിശോധിച്ച് അനുമതികൾ നൽകുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരം യോഗങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽതന്നെ രണ്ടുമൂന്ന് തവണ ചേരുകയും ചെയ്തിട്ടുണ്ട്. ഇതിന് സമാന്തരമായി ഇതര സംസ്ഥാനങ്ങളിൽ നിന്നും പാറ കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങളും അദാനി കമ്പനി നടത്തിവരുന്നുണ്ട്.

(ഡി) തുറമുഖത്തെ ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന നാല് വരി റോഡിന്റെ നിർമ്മാണ ചുമതല അദാനി കമ്പനിക്കാണ്. ഇതിനാവശ്യമായ ഭൂമി ഏറ്റെടുത്ത് കൈമാറിയിട്ടുണ്ട്. തുറമുഖ പാതയും ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന ജംഗ്ഷന്റെ ഡിസൈന് ദേശീയ പാത അതോറിറ്റി (NHAI) യുടെ അംഗീകാരം ലഭിച്ചാൽ മാത്രമേ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ.

തുറമുഖത്തെ തിരുവനന്തപുരം നാഗർകോവിൽ റെയിൽപാതയുമായി ബന്ധിപ്പിക്കുന്ന പ്രോജക്ട് നടപ്പിലാക്കുന്നതിന് കൊങ്കൺ റെയിൽവേ കോർപ്പറേഷനെ EPC കോൺട്രാക്ടറായി നിശ്ചയിച്ച് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. അവർ തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട് (DPR) സർക്കാർ പരിശോധിച്ച് പ്രാഥമിക അംഗീകാരം നൽകി. 10.77 കി.മീ. ദൈർഘ്യമുള്ള റെയിൽപാതയിൽ 9 കി.മീ. ഭൂമിക്കടിയിലുള്ള ടണൽ വഴിയാണ് ഡിസൈൻ ചെയ്തിരിക്കുന്നത്. ഡി.പി.ആർ. ദക്ഷിണ റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. ഇതിന് സമാന്തരമായി മറ്റു പഠനങ്ങളും കൊങ്കൺ റെയിൽ കോർപ്പറേഷന്റെ നേതൃത്വത്തിൽ നടത്തിവരുന്നു.

തുറമുഖ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായുള്ള 11 കെ.വി. വൈദ്യുതി ലൈനിന്റെ നിർമ്മാണം പൂർത്തീകരിച്ചു. തുറമുഖത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കുള്ള 220 കെ.വി. വൈദ്യുത ലൈനിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

3.3 ദശലക്ഷം ലിറ്റർ പ്രതിദിന ശേഷിയുള്ള ശുദ്ധജല വിതരണ പദ്ധതി പൂർത്തീകരിച്ച് തദ്ദേശവാസികൾക്ക് സംസ്ഥാന ജല അതോറിറ്റിയുടെ (KWA) നിലവിലുള്ള സംവിധാനം ഉപയോഗപ്പെടുത്തി ജലവിതരണം നടത്തിവരുന്നുണ്ട്. ഈ പ്രോജക്ടിൽ നിന്ന് തുറമുഖത്തിനാവശ്യമായ വെള്ളവും ലഭ്യമാക്കുന്നതാണ്.

<u>ശ്രീ. എം. മുകേഷ്</u>: സർ, വിഴിഞ്ഞം തുറമുഖ വികസനത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്? ഇനി എത്രമാത്രം ഭൂമിയാണ് ഏറ്റെടുത്ത് നൽകാനുള്ളതെന്ന് പറയാമോ?

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: സർ, തുറമുഖനിർമ്മാണത്തിന് അദാനി കമ്പനിക്ക് കടൽ നികത്തുന്നതുൾപ്പെടെ 149.6761 ഹെക്ടർ ഭൂമി ലഭിക്കേണ്ടതാണ്. 137.6101 ഹെക്ടർ ഭൂമി, 91% കൈമാറിയിട്ടുണ്ട്. ശേഷിക്കുന്ന ഭൂമി കൈമാറുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. ഇതിൽ 4.232 ഹെക്ടർ ഭൂമി വിട്ടുനൽകാൻ സമ്മതമല്ലാത്ത ഭൂ ഉടമകളിൽ നിന്ന് 2011-ലെ ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. നാളിതുവരെ 640 കോടി രൂപ ഭൂമി ഏറ്റെടുക്കൽ വിഷയവുമായി ബന്ധപ്പെട്ട് സർക്കാർ ചെലവഴിച്ചിട്ടുണ്ട്.

ശ്രീ. എം. മുകേഷ്: സർ, വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം നൽകുന്നതിനും പുനരധിവാസ പാക്കേജ് നടപ്പാക്കുന്നതിനുമായി എത്ര തുകയാണ് ഇതുവരെ ചെലവഴിച്ചിട്ടുള്ളത്, ഇനിയും നഷ്ടപരിഹാരം നൽകാനുള്ളവർക്ക് അത് അടിയന്തരമായി നൽകാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, നഷ്ടപരിഹാരത്തുക സംബന്ധിച്ച കാര്യങ്ങളിൽ സർക്കാരിന് ചെയ്യാൻ കഴിയുന്ന എല്ലാ കാര്യങ്ങളും നിർവ്വഹിച്ചിട്ടുണ്ട്. ചിപ്പി, ലോബ്സ്റ്റർ വിഭാഗത്തിൽ 261 പേർക്ക് 12.34 കോടി രൂപ വിതരണം ചെയ്തു. കരമടി, മത്സ്യബന്ധന വിഭാഗത്തിൽ 857 പേർക്ക് 50.03 കോടി രൂപ വിതരണം ചെയ്തു. നിർമ്മാണ കാലയളവിൽ പദ്ധതി പ്രദേശം ചുറ്റി പോകേണ്ടതിനാൽ 1221 മത്സ്യത്തൊഴിലാളികൾക്ക് 12.48 കോടി രൂപ മണ്ണെണ്ണ വിതരണം ചെയ്യുന്നതിനായി മത്സ്യഫെഡിന് നൽകിയിട്ടുണ്ട്. റിസോർട്ട് തൊഴിലാളികളായ 211 പേർക്ക് 6.08 കോടി രൂപ വിതരണം ചെയ്തു. സ്വയംസഹായ സംഘങ്ങളിലെ 24 പേർക്ക് 0.6 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. നാളിതുവരെ 2574 പദ്ധതി ബാധിതർക്ക് 81 കോടി രൂപ വിതരണം ചെയ്യുകയുണ്ടായി. പദ്ധതി വിഹിത മതിപ്പുചെലവിൽ ഈ ഇനത്തിൽ 140 കോടി രൂപ കണക്കാക്കിയിട്ടുണ്ട്. ശേഷിക്കുന്ന പദ്ധതി ബാധിതരെ കണ്ടെത്തി നഷ്ടപരിഹാരം തിട്ടപ്പെടുത്താനുള്ള നടപടികൾ നടന്നുവരികയാണ്.

ശ്രീ. എസ്. ശർമ്മ: സർ, പുനരധിവാസ പാക്കേജിന്റെ ഭാഗമായി ബഹുമാനപ്പെട്ട മന്ത്രി ഇക്കഴിഞ്ഞ ജനുവരി 28-ന് നൽകിയ മറുപടിയിൽ കൊടുത്തിരിക്കുന്നതനുസരിച്ച്, 2567 ഗുണഭോക്താക്കൾക്ക് 76.94 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ സ്വീകരിക്കാൻ നിശ്ചയിച്ചു. അർഹതപ്പെട്ട എത്രപേർ അപേക്ഷ തന്നുവെന്നുള്ളത് പരിശോധിച്ചിട്ടുണ്ടോ; വിഴിഞ്ഞം തുറമുഖ പദ്ധതി പൂർത്തീകരിക്കപ്പെടുമ്പോൾ തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളിക്കോ മത്സ്യത്തൊഴിലാളികളുടെ മക്കൾക്കോ ജോലി ലഭ്യമാക്കുമോ; നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ സ്ഥലവും വീടും എടുത്തപ്പോൾ പകരം ജോലി കൊടുത്തതുപോലെ വിഴിഞ്ഞം തുറമുഖ പദ്ധതിയിലും നടപ്പാക്കുമോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, 18000 പേരുടെ അപേക്ഷയാണ് കിട്ടിയത്. ഇത് പരിശോധിക്കുന്നതിന് ആർ.ഡി.ഒ.-യുടേയും, കളക്ടറുടേയും നേതൃത്വത്തിൽ ബന്ധപ്പെട്ട സമിതികളുണ്ട്. അർഹതപ്പെട്ടവരെ കണ്ടുപിടിക്കുന്ന ശ്രമകരമായ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. മറ്റു കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചതുപോലെ നിർവ്വഹിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെയുള്ള തൊഴിൽ സാധ്യതകളെക്കുറിച്ച് ബന്ധപ്പെട്ട കമ്പനിയുമായി സംസാരിക്കാൻ സർക്കാർ ആലോചിക്കുകയാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സ്വകാര്യ ലാബുകളുടെ പ്രവർത്തനത്തിന് നിയന്ത്രണം

5(*304) ശ്രീമതി സി. കെ. ആശ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ ലാബുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സ്വകാര്യ ലാബുകൾ തുടങ്ങുന്നതിന് എന്തൊക്കെ അനുമതികളാണ് വേണ്ടതെന്ന് വ്യക്തമാക്കുമോ;

(സി) സ്വകാര്യ ലാബുകളുടെ സ്വാധീനത്താൽ സർക്കാർ ഡോക്ടർമാർ ടെസ്റ്റുകൾ നടത്തുന്നതിന് അവിടങ്ങളിലേക്ക് കുറിപ്പുകൾ നൽകുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം ലാബുകൾ ടെസ്റ്റുകൾക്ക് സാധാരണ നിരക്കിനേക്കാൾ കൂടുതൽ തുക രോഗികളിൽ നിന്നും കൈപ്പറ്റുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) സ്വകാര്യ ലാബുകളിലെ പരിശോധനകളിൽ ഗുരുതരമായ തെറ്റുകൾ ഉണ്ടാകുമ്പോൾ ഇവർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കാറുണ്ടോ; വ്യക്തമാക്കുമോ;

(എഫ്) സർക്കാർ ഡോക്ടർമാരും സ്വകാര്യ ലാബുകളും തമ്മിലുള്ളതായി ആരോപിക്കപ്പെടുന്ന ആശാസ്യമല്ലാത്തതായ ബന്ധം ഇല്ലാതാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഹെൽത്തി കേരളയുടെ ഭാഗമായി ജില്ലാ മെഡിക്കൽ ആഫീസറുടെ നേതൃത്വത്തിൽ ടീം ലാബുകൾ പരിശോധിക്കാറുണ്ട്. പ്രസ്തുത പരിശോധനാ ടീം ഇൻഫെക്ഷൻ കൺട്രോൾ പ്രാക്ടീസസ്, ലാബ് ടെക്നീഷ്യൻമാരുടെ യോഗ്യത, ബയോ മെഡിക്കൽ വെയ്സ്റ്റ് മാനേജ്മെന്റിന്റെ കാര്യക്ഷമത, ലാബുകളുടെ മൊത്തത്തിലുള്ള ശുചിത്വം എന്നീ കാര്യങ്ങളാണ് ശ്രദ്ധിക്കുക. ഇതിൽ എന്തെങ്കിലും വീഴ്ച സംഭവിക്കുന്നുണ്ടെങ്കിൽ പ്രസ്തുത വിവരം പഞ്ചായത്ത് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ടി സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്യാൻ വേണ്ട നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുകയും ചെയ്യും.

(ബി) സ്വകാര്യ ലാബുകൾ തുടങ്ങുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസറുടെ നിരാക്ഷേപ സാക്ഷ്യപത്രം ആവശ്യമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് രജിസ്ട്രേഷൻ നിലവിൽ നടത്തുന്നത്.

ഡി.ആന്റ്.ഒ. ലൈസൻസ്, പാരാമെഡിക്കൽ രജിസ്ട്രേഷൻ, സ്ഥാപനത്തിലുണ്ടാകുന്ന ബയോ മെഡിക്കൽ വേസ്റ്റ് കൈമാറ്റം ചെയ്യുന്നതിന് IMAGE-ഉം ആയുള്ള ധാരണാപത്രം, സംസ്ഥാനത്തെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ എൻ.ഒ.സി., ഫോട്ടോ പതിച്ച അപേക്ഷയോടൊപ്പം കെട്ടിട നികുതിയുടെ കോപ്പി (വാടക കെട്ടിടത്തിലാണെങ്കിൽ കെട്ടിട ഉടമയുടെ സമ്മതപത്രം) തുടങ്ങിയവ ആവശ്യമാണ്. തുടർന്ന് 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് പ്രകാരമുള്ള രജിസ്ട്രേഷനും ചെയ്യേണ്ടതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സ്വകാര്യ ലാബുകളിലെ നിരക്കുകൾ നിയന്ത്രിക്കുന്നതിന് സർക്കാരിന് അധികാരം തരുന്ന നിയമം നിലവിലില്ല. എന്നാൽ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പൂർണ്ണമായും നിലവിൽവന്നാൽ ആയതുപ്രകാരം നിരക്കുകൾ പ്രദർശിപ്പിക്കേണ്ടതുള്ളതിനാൽ പൊതുജനങ്ങൾക്ക് താരതമ്യ പഠനത്തിന് അവസരം ലഭിക്കുന്നതാണ്.

(ഇ) പബ്ലിക് ഹെൽത്ത് ആക്ടിന്റെ പരിധിയിൽ വരുന്ന വീഴ്ചകളാണെങ്കിൽ പി.എച്ച്. ആക്ട് പ്രകാരമുള്ള തുടർനടപടികൾ എടുക്കാവുന്നതാണ്. കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന ക്ലിനിക്കൽ സ്ഥാപനങ്ങൾ ലാബുകൾ ഉൾപ്പെടെ അതത് സ്ഥാപനങ്ങളിലെ ലഭ്യമായ സേവനങ്ങളും അവയുടെ നിരക്കുകളും സ്ഥാപനത്തിൽ പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്. ഈ മാനദണ്ഡങ്ങൾക്കെതിരെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് അനുസരിച്ച് റദ്ദാക്കപ്പെടുന്നതാണ്.

(എഫ്) സർക്കാർ ആശുപത്രികളിൽ ലാബ് സൗകര്യം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആർദ്രം പദ്ധതി പ്രകാരം 170 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ലാബുകളുടെ പ്രവർത്തനം ഏർപ്പെടുത്തുകയും ലാബ് ടെക്നീഷ്യന്മാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനായി ലാബ് ടെക്നീഷ്യന്മാരുടെ 473 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. സർക്കാർ ലാബുകൾ ശക്തിപ്പെടുത്തുന്നതിനായി പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 2017-18-ൽ 7 കോടി രൂപയും 2018-19-ൽ 8 കോടി രൂപയും 2019-20-ൽ 8 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. രോഗ പരിശോധനകളും ചികിത്സാ രീതികളും മാർഗ്ഗരേഖ പ്രകാരം നടത്തുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമേ ഈ സർക്കാർ പുതിയതായി ജില്ലാ പബ്ലിക് ഹെൽത്ത് ലാബ്, മലപ്പുറം, ജില്ലാ പബ്ലിക് ഹെൽത്ത് ലാബ്, സുൽത്താൻ ബത്തേരി, റീജിയണൽ പബ്ലിക് ഹെൽത്ത് ലാബ്, പത്തനംതിട്ട എന്നിവ ആരംഭിച്ചു. ഈ ലാബുകൾക്കായി മൊത്തം 35 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ പാലക്കാട് റീജിയണൽ പബ്ലിക് ഹെൽത്ത് ലാബ് ആരംഭിക്കുന്നതിന് 2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

**ദുരന്തനിവാരണ അതോറിറ്റി പുനഃസംഘടിപ്പിക്കാൻ നടപടി**

6(*305) ഡോ. എൻ. ജയരാജ്:
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ നിരീക്ഷണവുമായി ബന്ധപ്പെട്ട വിവരങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്യുന്നതിന് നിലവിലുള്ള സർക്കാർ സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(ബി) വിവിധ വിഷയങ്ങളിലുള്ള വിദഗ്ദ്ധരെ ഉൾപ്പെടുത്തി ദുരന്തനിവാരണ അതോറിറ്റി പുനഃസംഘടിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) കേരളത്തിൽ ദുരന്തനിവാരണ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) കാലാവസ്ഥാവ്യതിയാനവും ദുരന്തനിവാരണവും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുമോ എന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) കാലാവസ്ഥാ വിശകലനം നടത്തുന്നത് കേന്ദ്ര കാലാവസ്ഥാ വകുപ്പാണ്. തിരുവനന്തപുരത്തും കൊച്ചിയിലുമായി കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ രണ്ട് കേന്ദ്രങ്ങൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ 68 മാന്വൽ മഴമാപിനികളിൽനിന്നും ദൈനംദിന വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്. കേന്ദ്ര കാലാവസ്ഥാ വകുപ്പ് കൊച്ചിയിലും മറ്റൊന്ന് തിരുവനന്തപുരത്തുമായി രണ്ട് ഡോപ്ലർ റഡാർ സ്ഥാപിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ പുതുതായി 16 വിഷയ വിദഗ്ദ്ധരെ നിയോഗിച്ചു. United Nations Development Programme, SPHERE India, UNICEF എന്നിവരുടെ സഹകരണത്തോടെ സംസ്ഥാന അതോറിറ്റിയിലും ജില്ലാ അതോറിറ്റികളിലും ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾക്ക് അധിക സാങ്കേതിക വിദഗ്ദ്ധരെ ലഭ്യമാക്കിയിട്ടുണ്ട്. ഡോ. കെ. ബി. വൽസല കുമാരി, ഐ.എ.എസ്. (Rtd.)-ന്റെ സേവനം UNICEF മുഖാന്തരം പ്രത്യേകമായി സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയിൽ ലഭ്യമാക്കിയിട്ടുണ്ട്. സ്കൂൾ സുരക്ഷാ പദ്ധതി, ദുരന്ത ലഘൂകരണ മുഖ്യധാരാവൽക്കരണം എന്നിവയിൽ ഡോ. കെ. ബി. വൽസല കുമാരിയുടെ സേവനം വിനിയോഗിക്കുന്നു.

(സി) വിശദമായി പരിശോധിച്ചതിനുശേഷം മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

(ഡി) ആത്യന്തികമായി പ്രകൃതിയുമായി ഇണങ്ങി ജീവിക്കുന്ന ഒരു സമൂഹം സൃഷ്ടിക്കുവാൻ ഉതകുന്ന പാഠ്യപദ്ധതിയാണ് സ്കൂൾതലത്തിൽ ആവശ്യം. വിവിധ വിഷയങ്ങളിൽ ദുരന്ത ലഘൂകരണം ഉൾപ്പെടുത്തി അതത് വിഷയങ്ങളുടെ ഭാഗമായി പഠിപ്പിക്കുകയെന്നതാണ് ഉചിതം. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഈ ആവശ്യം എസ്.സി.ഇ.ആർ.ടി.-യുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

## സർക്കാർ ആശുപത്രികളിൽ മികച്ച ചികിത്സാ സൗകര്യം

7(*306) ശ്രീ. യു. ആർ. പ്രദീപ് :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധാരണക്കാർക്ക് താങ്ങാനാവാത്തവിധം ചെലവേറിയ ചികിത്സ വേണ്ടിവരുന്ന കാൻസർ, ഹൃദ്രോഗം, സ്ട്രോക്ക് ഇടങ്ങിയ അസുഖങ്ങൾക്ക് സർക്കാർ ആശുപത്രികളിൽ മികച്ച ചികിത്സാ സൗകര്യം ഏർപ്പെടുത്താൻ പദ്ധതിയുണ്ടോ;

(ബി) ആർ.സി.സി.-യെ നാഷണൽ കാൻസർ ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യം കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; ഈ സ്ഥാപനത്തിന്റെ വികസനത്തിനായി സംസ്ഥാന സർക്കാർ നടത്തിവരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(സി) കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ, മലബാർ കാൻസർ സെന്റർ എന്നിവിടങ്ങളിലെ ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ഡി) ജില്ലാ, ജനറൽ ആശുപത്രികളിലെല്ലാം കാത്ത് ലാബും കൊറോണറി കെയർ യൂണിറ്റും ആരംഭിക്കാൻ പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഉണ്ട്.

(ബി) അംഗീകരിച്ചിട്ടില്ല. എന്നാൽ കേന്ദ്ര സർക്കാർ റീജിയണൽ കാൻസർ സെന്ററിന് സംസ്ഥാന കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് പദവി നൽകുകയും അതിനായി 104.35 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുമുണ്ട്. ഈ പദ്ധതിയുടെ 60 ശതമാനം വിഹിതം കേന്ദ്ര സർക്കാരും 40 ശതമാനം സംസ്ഥാന സർക്കാരുമാണ് നൽകുന്നത്. പദ്ധതി തുകയുടെ 70% ഉപകരണങ്ങൾ വാങ്ങുന്നതിനും ബാക്കി 30% പഴയ കെട്ടിടത്തിന്റെ നവീകരണ പ്രവർത്തനങ്ങൾക്കും വേണ്ടിയാണ് ചെലവഴിക്കേണ്ടത്. 2016-17 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ 4695.70 ലക്ഷം രൂപയും സംസ്ഥാന സർക്കാർ 3131 ലക്ഷം രൂപയും ആദ്യ ഗഡുവായി അനുവദിച്ചിരുന്നു. നിലവിലുള്ള കെട്ടിടത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ടെൻഡർ നടപടികൾ പൂർത്തീകരിച്ചുവരുന്നു.

134000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു പത്തുനില കെട്ടിടം നിർമ്മിച്ച് പ്രവർത്തനസജ്ജമാക്കുകയും ഒ. പി. വിഭാഗം പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. കൂടാതെ 187.2 കോടി രൂപ ചെലവിൽ ഒരു 14 നില കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു.

(സി) (i) കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ

കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിന്റെ ഔട്ട് പേഷ്യന്റ് വിഭാഗം 1-11-2016 മുതൽ പ്രവർത്തനം തുടങ്ങി. സെന്ററിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ

മുഴുവൻ സ്റ്റാഫുകളെയും നിയമിക്കുകയുണ്ടായി. 384 കോടി രൂപ മുടക്കി ആധുനിക ചികിത്സാ സൗകര്യങ്ങളോടുകൂടിയ ഒരു കാൻസർ സെന്ററാണ് നിർമ്മാണം ആരംഭിച്ചത്. കിഫ്ബിയിൽ നിന്നുള്ള ഫണ്ടാണ് ഇതിനായി വിനിയോഗിക്കുന്നത്. ഏറ്റവും മികച്ച ചികിത്സാരീതി സാധാരണക്കാരന് ലഭ്യമാക്കുക എന്നതാണ് ഈ സെന്ററിന്റെ ലക്ഷ്യം.

കിടത്തി ചികിത്സ തുടങ്ങുന്നതിന്റെ ഭാഗമായുള്ള നിർമ്മാണ പ്രവർത്തനങ്ങളും അനുബന്ധ പ്രവൃത്തികളും പൂർത്തിയായി. ഓപ്പറേഷൻ തീയറ്റർ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ചെയ്തുവരുന്നു. കിടത്തി ചികിത്സ തുടങ്ങുന്നതിന്റെ ഭാഗമായി 71 കരാർ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. മുൻ രാജ്യസഭ എം. പി. ശ്രീ. സി. പി. നാരായണൻ ലഭ്യമാക്കിയ ഒന്നരക്കോടി രൂപ ഉപയോഗിച്ച് വാങ്ങിയ മാമ്മോഗ്രാം, മൈക്രോടോം എന്നിവ സെന്ററിൽ സ്ഥാപിച്ചു. കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് നൽകിയ CSR ഫണ്ട് ഉപയോഗിച്ച് വാങ്ങിയ അൾട്രാ സൗണ്ട് സ്കാനിംഗ് മെഷീനും സ്ഥാപിച്ചു.

(ii) മലബാർ കാൻസർ സെന്റർ

പീഡിയാട്രിക് ഓങ്കോളജി ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്.

13-ാം ധനകാര്യ കമ്മീഷൻ ഫണ്ട് വിനിയോഗിച്ച് മലബാർ കാൻസർ സെന്ററിൽ പ്രോട്ടിയോമിക് ലാബ് പ്രവർത്തനസജ്ജമാക്കിക്കൊണ്ടിരിക്കുന്നു.

സി. ടി. സ്കാനർ, SPECT CT, Pet Scanner, PACS, Nuclear Medicine Facility, Cath Lab എന്നിവ സ്ഥാപിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

അത്യാധുനിക സംവിധാനങ്ങളോടുകൂടിയ ലബോറട്ടറി ബ്ലോക്കിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ഡി) സർക്കാർ ആശുപത്രികളിൽ കാർഡിയോളജി വിഭാഗം ശാക്തീകരിക്കുന്നതിന്റെ ഭാഗമായി 3 മെഡിക്കൽ കോളേജ് ആശുപത്രികളിലും തെരഞ്ഞെടുത്ത 7 ജില്ലാ/ജനറൽ ആശുപത്രികളിലും കാത്ത് ലാബ് കാർഡിയാക് കെയർ യൂണിറ്റ് മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൽ കളമശ്ശേരി മെഡിക്കൽ കോളേജ് ആശുപത്രി, കൊല്ലം ജില്ലാ ആശുപത്രി, പത്തനംതിട്ട ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ മേൽ സംരംഭം പ്രവർത്തനസജ്ജമായി സേവനം ലഭ്യമാക്കിയിട്ടുണ്ട്.

മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ കാത്ത് ലാബിന്റെ നിർമ്മാണം പൂർത്തീകരിച്ചു.

പാരിപ്പള്ളി മെഡിക്കൽ കോളേജ്, തൃശ്ശൂർ ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ കാത്ത് ലാബ് ഉപകരണം സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

ജനറൽ ആശുപത്രി കാഞ്ഞിരപ്പള്ളി, കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി, കണ്ണൂർ ജില്ലാ ആശുപത്രി, ആലപ്പുഴ ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് കാത്ത് ലാബ് ഉപകരണങ്ങൾ വിതരണം ചെയ്ത് പ്രവർത്തനം ആരംഭിക്കുവാൻ കഴിയും.

ഇതിനുപുറമെ ആരോഗ്യ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് ജനറൽ ആശുപത്രിയിലും മാനന്തവാടി ജില്ലാ ആശുപത്രിയിലും അടിമാലി താലൂക്ക് ആശുപത്രിയിലും കാത്ത് ലാബും കൊറോണറി യൂണിറ്റും സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## പൊതുവിതരണ സമ്പ്രദായത്തിലെ സോഷ്യൽ ഓഡിറ്റിംഗ്

8(*307) ശ്രീ. ആർ. രാമചന്ദ്രൻ:

ശ്രീമതി ഗീതാ ഗോപി:

ശ്രീ. ഇ. കെ. വിജയൻ:

ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ ഭദ്രതാ നിയമം 2013-ൽ പൊതു വിതരണ സമ്പ്രദായം സോഷ്യൽ ഓഡിറ്റിംഗിന് വിധേയമാക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) സോഷ്യൽ ഓഡിറ്റിംഗ് നടത്തുന്നതിനുള്ള നടപടിക്രമങ്ങളും സംവിധാനങ്ങളും ആയതിന്റെ പുരോഗതിയും വ്യക്തമാക്കുമോ;

(സി) ഇതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) സോഷ്യൽ ഓഡിറ്റിംഗ് നടത്തുന്നതിന് ഏതെങ്കിലും സ്ഥാപനവുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) പൊതുവിതരണ സമ്പ്രദായം പ്രവർത്തന അവലോകന നടപടിയായ സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണമെന്ന് ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013-ന്റെ സെക്ഷൻ (28) പ്രകാരം നിഷ്കർഷിക്കുന്നുണ്ട്.

(ബി-ഡി) ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ നിയമത്തിലെ സെക്ഷൻ (28) അനുശാസിക്കുന്ന രീതിയിലുള്ള പ്രവർത്തന അവലോകന നടപടിയായ സോഷ്യൽ ആഡിറ്റിന് വിധേയമാക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ആയത് നടപ്പിലാക്കുന്നതിന് മുന്നോടിയായി സോഷ്യൽ ആഡിറ്റിന്റെ പൈലറ്റ് പ്രോജക്ട് നടത്തുന്നതിന് ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ് (TISS)-ഉം ആയി ധാരണയിലായി. ടി പ്രോജക്ടിന്റെ കാലാവധി നവംബർ, 2018-ൽ അവസാനിച്ചിരുന്നു. എന്നാൽ ജോലികൾ പൂർത്തിയാവാത്തതിനാൽ പ്രോജക്ട് പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജൂൺ 2019 വരെ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ട്. പൈലറ്റ് പ്രോജക്ടിന്റെ ചെലവുകൾ വഹിക്കുന്നതിനായി 2018-19 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും 9,40,005 രൂപ ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകി. ആയതിന്റെ ആദ്യ ഗഡുവായി 6,58,004 രൂപയും (70%) രണ്ടാം ഗഡുവായി 1,88,001 (20%) TISS-ന് നൽകിയിട്ടുണ്ട്.

സോഷ്യൽ ആഡിറ്റിന്റെ പൈലറ്റ് പ്രോജക്ട് തിരുവനന്തപുരം ജില്ലയിലെ സിറ്റി റേഷനിംഗ് ഓഫീസ് (നോർത്ത്)-ന്റെ പരിധിയിലുള്ള എ.ആർ.ഡി. 107, 114, 116, 77 എന്നീ റേഷൻ കടകളിൽ നടന്നുവരുന്നു. ടി കടകളിലെ കാർഡുടമകൾക്ക് കൃത്യമായ തൂക്കത്തിലും ഗുണനിലവാരത്തിലും റേഷൻ സാധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള ക്യാമ്പയിൻ 2019 മേയ് മാസം 30, 31 തീയതികളിൽ നടത്തിയിരുന്നു. കൂടാതെ ടി കടകളിലെ ഗുണഭോക്താക്കൾക്ക് റേഷൻ സമ്പ്രദായവുമായി ബന്ധപ്പെട്ടുള്ള വിവിധങ്ങളായ പരാതികൾ ഉന്നയിക്കാനും അവയ്ക്ക് പരിഹാരം കാണുന്നതിനുമായി ജൂൺ 17 വരെ സോഷ്യൽ ഓഡിറ്റ് പ്രവർത്തകർ മുഖേനയും ജൂൺ 17-ന് വൈകുന്നേരം 4 മണി മുതൽ 6 മണി വരെ പൊതുവിതരണ വകുപ്പ് ഉദ്യോഗസ്ഥർ നേരിട്ടും പരാതി സ്വീകരിക്കുന്നതാണ്. കൂടാതെ ജൂൺ 22-ന് ഉച്ചകഴിഞ്ഞ് 2 മണി മുതൽ 5 മണിവരെ നടക്കുന്ന സോഷ്യൽ ഓഡിറ്റ് പൊതുയോഗത്തിൽ എ.ആർ.ഡി. 107, 114, 116, 77 എന്നീ കടകളിലെ കാർഡുടമകൾ ഉന്നയിച്ച പരാതികൾക്കുള്ള പരിഹാരം അറിയിക്കുന്നതുമാണ്.

ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ് (TISS) പൈലറ്റ് പ്രോജക്ട് നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സോഷ്യൽ ആഡിറ്റിംഗ് സംസ്ഥാനവ്യാപകമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ആർദ്രം മിഷൻ

9(*308) ശ്രീ. കെ. ആൻസലൻ:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാധാരണക്കാർക്കും പാർശ്വവത്കരിക്കപ്പെട്ട സാമൂഹിക വിഭാഗങ്ങൾക്കും ഗുണമേന്മയുള്ളതും സമയബന്ധിതവുമായ ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള എന്തെല്ലാം പ്രവർത്തനങ്ങളാണ് ആർദ്രം മിഷനിലൂടെ നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പകർച്ച വ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി ആർദ്രം മിഷൻ മുഖേന നടപ്പിലാക്കിയ ആരോഗ്യജാഗ്രതാ കർമ്മപരിപാടികളുടെ വിശദാംശം നൽകുമോ;

(സി) ആർദ്രം പദ്ധതിയുടെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന നടപടികളുടെ പ്രവർത്തന പുരോഗതി അറിയിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ത്രിതല ആരോഗ്യ സംവിധാനത്തിന്റെ നെടുംതൂണായ പ്രാഥമികാരോഗ്യ സംവിധാനങ്ങളെ നമ്മുടെ നാട്ടിലെ ജനങ്ങളുടെ ആരോഗ്യ ആവശ്യങ്ങൾ പരിഹരിക്കുന്ന രീതിയിൽ പരിവർത്തനപ്പെടുത്താനും ശക്തിപ്പെടുത്താനുമുള്ള ബഹുവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. സർക്കാർ ആശുപത്രികളിലെ അടിസ്ഥാന സൗകര്യം ശക്തിപ്പെടുത്തുന്നതിനും ആധുനിക രീതിയിലുള്ള ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കി സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം ഡോക്ടർമാരടക്കമുള്ള അധിക ജീവനക്കാരെ നിയമിച്ച് ആരോഗ്യ സേവനങ്ങൾ വിപുലപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് ആർദ്രം പദ്ധതി പ്രകാരം നടപ്പിലാക്കിവരുന്നത്.

- പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ആർദ്രം മിഷനിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിക്കൊണ്ടിരിക്കുന്നു.

- ആരോഗ്യ വകുപ്പിന്റെ പ്ലാൻ ഫണ്ട്, കിഫ്ബി, നബാർഡ്, എൻ.എച്ച്.എം., എം.പി./എം.എൽ.എ. ആസ്തി വികസന ഫണ്ട്, തദ്ദേശസ്ഥാപനങ്ങളുടെ ഫണ്ട് തുടങ്ങിയവ ഉപയോഗിച്ച് അടിസ്ഥാന സൗകര്യവികസനങ്ങൾ നടപ്പിലാക്കുന്നു.
- ആർദ്രം മിഷന്റെ ഭാഗമായി സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിൽപ്പെട്ട ഡോക്ടർമാരുടേതുൾപ്പെടെ വിവിധ വിഭാഗം തസ്തികകൾ സൃഷ്ടിച്ചു.
- ആർദ്രം മിഷന്റെ ഭാഗമായി ജില്ലാ/താലൂക്ക് ആശുപത്രികളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്ന പ്രവർത്തനങ്ങളും (സ്റ്റാൻഡേർഡൈസേഷൻ ഓഫ് ഹോസ്പിറ്റൽസ്) ജില്ല/താലൂക്കുതല ആശുപത്രികളിലെ ഒ. പി. വിഭാഗങ്ങൾ രോഗീസൗഹൃദമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു.

ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഒ. പി. വിഭാഗം രോഗീസൗഹൃദമാക്കുന്ന പ്രവർത്തനങ്ങൾ ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. (കോട്ടയത്തെ അഡീഷണൽ വർക്കുകൾ ഒഴികെയുള്ളത്) പാർശ്വവത്ക്കരിക്കപ്പെട്ട സാമൂഹിക വിഭാഗങ്ങൾക്കും ആദിവാസി സമൂഹത്തിനും ആരോഗ്യസേവനങ്ങൾ ലഭ്യമാക്കുന്നതിനായി " ഊരുതല ആശ" പദ്ധതി ആവിഷ്കരിച്ചു. തീരദേശ, ആദിവാസി മേഖലയിലെ ആശുപത്രികളുടെ ശക്തിപ്പെടുത്തലിനായി പ്ലാൻ ഫണ്ടിൽ ഉൾക്കൊള്ളിച്ച് പ്രത്യേക പദ്ധതി നടപ്പിലാക്കിവരുന്നു.

ആർദ്രംപദ്ധതിയുടെ ഭാഗമായി ആശുപത്രികൾ രോഗീ സൗഹൃദമാക്കുന്നതിനും രോഗികൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഉറപ്പിക്കുന്നതിനുമായി താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. രോഗികൾക്ക് വിശ്രമിക്കുന്നതിന് ആവശ്യമായ കാത്തിരിപ്പ് മുറികൾ, ഒ.പി. രജിസ്ട്രേഷൻ കൗണ്ടറുകൾ, രോഗീസൗഹൃദ ശുചിമുറികൾ, സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേക ശുചിമുറികൾ ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കുന്നതിനായി റാംമ്പ് നിർമ്മാണം, രോഗിയുടെ സ്വകാര്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ പരിശോധന മുറികൾ, കാത്തിരിപ്പ് മുറികളിൽ രോഗികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനുതകുന്ന രീതിയിൽ ടെലിവിഷൻ സ്ഥാപിക്കൽ, എയർപോർട്ട് ചെയർ, മറ്റ് കസേരകൾ ലഭ്യമാക്കൽ, കുടിവെള്ള വിതരണം എന്നിവ നടപ്പിലാക്കുന്നു. കൂടാതെ മെച്ചപ്പെട്ട ലാബ് സൗകര്യങ്ങൾ, ശ്വാസ്, ആശ്വാസ്, സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതികൾ എന്നിവ ലഭ്യമാക്കിവരുന്നു.

(ബി) പകർച്ചവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനുമായി ആരോഗ്യ വകുപ്പ് ആർദ്രം മിഷനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഇതരസർക്കാർ വകുപ്പുകളുമായിച്ചേർന്ന് നടപ്പിലാക്കിവരുന്ന കർമ്മപദ്ധതിയാണ് " ആരോഗ്യജാഗ്രത" . സമയബന്ധിതമായ പ്രവർത്തന കലണ്ടറിന്റെ അടിസ്ഥാനത്തിൽ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പ്രതിദിനം പ്രതിരോധത്തിലൂന്നിയ പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കിവരുന്നത്.

സംസ്ഥാനം നേരിടുന്ന പ്രധാന ആരോഗ്യപ്രശ്നമായ പകർച്ചവ്യാധികൾ പ്രധാനമായും കൊതുകുജന്യ/ജന്തുജന്യ/വായുജന്യ/ജലജന്യ രോഗങ്ങളാണ്. ഇവയുടെ പ്രതിരോധത്തിനും നിയന്ത്രണത്തിനും പരിസരശുചിത്വം, മാലിന്യനിർമ്മാർജ്ജനം, കൊതുക് നിയന്ത്രണത്തിന്റെ ഭാഗമായുള്ള ഉറവിട നശീകരണ പ്രവർത്തനങ്ങൾ, കുടിവെള്ള ശുചീകരണ പ്രവർത്തനങ്ങൾ എന്നിവ തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ഇതര വകുപ്പുകളുടെയും സഹകരണത്തോടെ ഫലപ്രദമായി നടത്തിവരുന്നു.

ജന്തുജന്യ രോഗസാധ്യതകൾ കുറയ്ക്കുന്നതിനും ഇതരസംസ്ഥാന തൊഴിലാളികൾക്ക് ആരോഗ്യപരമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും ഭക്ഷ്യവിഷബാധകൾ ഒഴിവാക്കുന്നതിനും ഇതര വകുപ്പുകളുടെ സഹകരണത്തോടെ ബാധകമായ പൊതുജനാരോഗ്യ നിയമങ്ങൾ ഉൾപ്പെടുത്തിയുള്ള ആരോഗ്യസുരക്ഷാ പരിശോധനകളും കർശനമായി നടപ്പാക്കിവരുന്നു.

ഇതോടൊപ്പം ഐ.ഡി.എസ്.പി., എൻ.വി.ഡി.സി.പി. തുടങ്ങിയ ദേശീയ ആരോഗ്യപരിപാടികളുടെ ഭാഗമായി പകർച്ചവ്യാധി നിരീക്ഷണം, കൊതുകുനിരീക്ഷണം, രോഗം പൊട്ടിപ്പുറപ്പെടുന്നിടങ്ങളിൽ ഊർജ്ജിത നിയന്ത്രണ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്.

(സി) 2017-18-ൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാനായി തെരഞ്ഞെടുക്കുകയും ഇവയിൽ 160 കേന്ദ്രങ്ങളുടെ പണി പൂർത്തീകരിക്കുകയും ബാക്കിയുള്ളവ പൂർത്തിയായി വരികയും ചെയ്യുന്നു. 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് ഒരു കേന്ദ്രത്തിൽ ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളും 150 കേന്ദ്രങ്ങളിലേയ്ക്ക് ഓരോ ഫാർമസിസ്റ്റ് തസ്തികയും സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. ഈ കേന്ദ്രങ്ങളുടെ സേവനം വൈകുന്നേരം 6 മണിവരെ ദീർഘിപ്പിക്കുകയും നഴ്സസ് പ്രീ ചെക്ക്, കൗൺസിലിംഗ്, എൻ.സി.ഡി. ക്ലിനിക്, ശ്വാസ് ക്ലിനിക്, ആശ്വാസ് ക്ലിനിക് മുതലായ സേവനങ്ങൾ അധികമായി ലഭ്യമാക്കിവരുന്നു. ടി കേന്ദ്രങ്ങൾ

രോഗീസൗഹൃദമാക്കുന്നതിന്റെ ഭാഗമായി മെച്ചപ്പെട്ട രജിസ്ട്രേഷൻ സൗകര്യങ്ങൾ, അധിക സൗകര്യങ്ങളോടുകൂടിയ വെയിറ്റിംഗ് ഏരിയ, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം മുതലായവ സജ്ജീകരിച്ചിട്ടുണ്ട്.

2018-19-ലേയ്ക്കായി കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റാൻ 504 സ്ഥാപനങ്ങളെ തെരഞ്ഞെടുത്ത് അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളും പരിശീലന പരിപാടികളും നടത്തിവരുന്നു. ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്കായി 23 കോടി രൂപയും രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുത്ത 504 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക് 95.55 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയ 170 സ്ഥാപനങ്ങളിൽ 160 എണ്ണത്തിന്റെ പണി ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട 504 സ്ഥാപനങ്ങളിൽ 7 എണ്ണത്തിന്റെ പണി പൂർത്തീകരിച്ചു. 71 എണ്ണത്തിന്റെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. 144 എണ്ണത്തിന്റെ ടെണ്ടർ നടപടികൾ കഴിഞ്ഞ് പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## പോലീസ് സംവിധാനത്തിലെ ഘടനാപരമായ മാറ്റങ്ങൾ

10(*310) ശ്രീ. എം. നൗഷാദ്:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. കെ. ദാസൻ:
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പുതുതായി പോലീസിൽ വരുത്തിയിരിക്കുന്ന ഘടനാപരമായ മാറ്റങ്ങൾ എന്തെല്ലാമാണ്;

(ബി) കുറ്റാന്വേഷണവും ക്രമസമാധാനപാലനവും കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി പോലീസ് സ്റ്റേഷനുകളിൽ ഇവയുടെ ചുമതല വേർതിരിക്കുന്ന പ്രവർത്തനം പൂർത്തീകരിച്ചോ;

(സി) പോലീസ് സ്റ്റേഷനുകളിൽ ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിക്കുന്ന നടപടിയുടെ പുരോഗതി അറിയിക്കാമോ;

(ഡി) ക്രൈം ബ്രാഞ്ച് പുനഃക്രമീകരണത്തിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ഇ) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം സേനയുടെ ശാക്തീകരണത്തിനായി പുതിയ തസ്തികകൾ സൃഷ്ടിച്ചതിന്റെയും നിയമനം നടത്തിയതിന്റെയും കണക്ക് ലഭ്യമാണോ; വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന പോലീസ് സേനയിൽ വരുത്തിയ ഘടനാപരമായ പരിഷ്കാരങ്ങളുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

ക്രമസമാധാനപാലനവും കേസന്വേഷണവും കാര്യക്ഷമമാക്കുന്നതിനുവേണ്ടി ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 21-10-2017-ലെ സ.ഉ.(എം.എസ്.) നമ്പർ 211/2017/ആഭ്യന്തരം ഉത്തരവ് പ്രകാരം സർക്കിൾ ഇൻസ്പെക്ടർമാർ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി പ്രവർത്തിച്ചിരുന്ന 7 പോലീസ് സ്റ്റേഷനുകൾക്ക് പുറമേ 196 പോലീസ് സ്റ്റേഷനുകളിൽ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി പോലീസ് ഇൻസ്പെക്ടർമാരെ നിയമിച്ചു. രണ്ടാം ഘട്ടമായി 268 പോലീസ് സ്റ്റേഷനുകളിൽക്കൂടി ഇൻസ്പെക്ടർമാരെ എസ്.എച്ച്.ഒ.-മാരായി നിയമിച്ചിട്ടുണ്ട്. 29-9-2018-ലെ സ.ഉ.(എം.എസ്.)നം. 150/2018/ആഭ്യന്തരം പ്രകാരം ഉത്തരവായിട്ടുണ്ട്.

സംസ്ഥാനത്തെ ട്രാഫിക് പോലീസ് സ്റ്റേഷനുകളിൽ നടത്തിവന്നിരുന്ന ട്രാഫിക് കേസ്സുകളുടെ അന്വേഷണ ചുമതല ബന്ധപ്പെട്ട ലോക്കൽ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് മാറ്റി, ട്രാഫിക് യൂണിറ്റുകളും ട്രാഫിക് പോലീസ് സ്റ്റേഷനുകളും ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളാക്കി മാറ്റി. ഇതുമൂലം ട്രാഫിക് നിയന്ത്രണം കൂടുതൽ ശക്തമാക്കുവാൻ സാധിച്ചു. പ്രധാന കേന്ദ്രങ്ങളിൽ ഗതാഗതക്കുരുക്ക് ലഘൂകരിക്കുവാനും സാധിച്ചിട്ടുണ്ട്.

കുറ്റാന്വേഷണം മികവുറ്റതാക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും സംസ്ഥാന ക്രൈം ബ്രാഞ്ചിന്റെ പ്രവർത്തനങ്ങൾ പുനഃസംഘടിപ്പിച്ചുകൊണ്ട് സ.ഉ.(കൈ) നമ്പർ 162/2018/ആഭ്യന്തരം തീയതി 11-10-2018 പ്രകാരം ഉത്തരവായിട്ടുണ്ട്.

സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന ഉത്തര-ദക്ഷിണ മേഖലകളിലെ എ.ഡി.ജി.പി. തസ്തികയെ ഐ.ജി. റാങ്കുകളിലേയ്ക്ക് മാറ്റുകയും റേഞ്ചുകളിൽ ഡി.ഐ.ജി.-മാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരത്തും കൊച്ചിയിലും പോലീസ് ഇൻസ്പെക്ടർ ജനറൽമാരെ കമ്മീഷണർമാരായി നിയമിച്ചിട്ടുണ്ട്. ഇതിനുപുറമേ സംസ്ഥാനത്ത് ആകെ ക്രമസമാധാനപാലന ചുമതലയുള്ള ഒരു എ.ഡി.ജി.പി.-യെ പോലീസ് ആസ്ഥാനത്ത് നിയമിക്കുകയും ചെയ്തു.

പോലീസ് വനിതാ പ്രാതിനിധ്യം ആദ്യഘട്ടത്തിൽ 10 ശതമാനവും തുടർന്ന് കൂടുതൽ വർദ്ധിപ്പിക്കുന്നതിനും സർക്കാർ തത്വത്തിൽ തീരുമാനിക്കുകയും അതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് ആദ്യമായി പുതിയ വനിതാ പോലീസ് ബറ്റാലിയൻ ആരംഭിച്ചിട്ടുണ്ട്. ഇതിൽ ഒരു വനിതാ കമാൻഡോ പ്ലാറ്റൂണിന്റെ പരിശീലനവും പൂർത്തിയാക്കിയിട്ടുണ്ട്. ഇതിനായി 451 പുതിയ തസ്തികകൾ സൃഷ്ടിച്ചു. വനിതാ ബറ്റാലിയന്റെ ആസ്ഥാനമായി തിരുവനന്തപുരത്ത് മേനംകുളത്ത് 10 ഏക്കർ സ്ഥലം സർക്കാർ നൽകിയിട്ടുള്ളതും ആയതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 6 പോലീസ് സ്റ്റേഷനുകളിൽ ശിശുസൗഹൃദ പോലീസ് സ്റ്റേഷൻ സമ്പ്രദായം ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതി 54 പോലീസ് സ്റ്റേഷനുകളിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പിങ്ക് പോലീസ് പട്രോൾ, പിങ്ക് പോലീസ് കൺട്രോൾ റൂം എന്നിവ ആരംഭിച്ചു.

ക്രൈം ആൻഡ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്കിംഗ് സിസ്റ്റം (സി.സി.റ്റി.എൻ.എസ്.) പദ്ധതി ശക്തിപ്പെടുത്തി.

ക്രൈം ബ്രാഞ്ചിനുകീഴിൽ വൈൽഡ് ലൈഫ് ക്രൈം കൺട്രോൾ യൂണിറ്റ് ആരംഭിക്കുന്നതിനായി അനുമതി നൽകി.

തീരദേശവാസികളായ 177 പേർക്ക് കോസ്റ്റൽ വാർഡന്മാരായി നിയമനം നൽകി പ്രത്യേക നിയമനം വഴി ആദിവാസി വിഭാഗത്തിൽപ്പെട്ട 78 പേരെ പോലീസ് സേനയിൽ നിയമിച്ചു.

(ബി&സി) സംസ്ഥാനത്തെ 471 പോലീസ് സ്റ്റേഷനുകളിൽ ഇൻസ്പെക്ടർമാരെ എസ്.എച്ച്.ഒ.-മാരായി നിയമിക്കുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതുപ്രകാരം 370 പോലീസ് സ്റ്റേഷനുകളിൽ ഇൻസ്പെക്ടർമാരെ എസ്.എച്ച്.ഒ.-മാരായി നിയമിക്കുകയും അവിടെ ക്രമസമാധാനപാലനവും കുറ്റാന്വേഷണവും രണ്ടായി തരംതിരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള പോലീസ് സ്റ്റേഷനുകളിൽ ഇൻസ്പെക്ടർമാരെ എസ്.എച്ച്.ഒ.-മാരായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കുറ്റാന്വേഷണം മികവുറ്റതാക്കുന്നതിനായി സർക്കാർ ഉത്തരവ് (കൈ) നമ്പർ 162/18/ആഭ്യന്തരം തീയതി 11-10-2018 പ്രകാരം ക്രൈംബ്രാഞ്ചിന്റെ പുനഃക്രമീകരണവും പേരുമാറ്റലും വരുത്തിയിട്ടുള്ളതാകുന്നു. തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന 3 സെൻട്രൽ സൂപ്പർവൈസറി ഓഫീസുകൾ, റെയ്ഞ്ച് ഐ.ജി. ഓഫീസുകളായി പുനർനാമകരണം ചെയ്ത് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലായി പ്രവർത്തിക്കുവാൻ ഉത്തരവായിട്ടുണ്ട്. അതോടൊപ്പം സംസ്ഥാന ക്രൈം ബ്രാഞ്ചിൽ എല്ലാ ജില്ലകളിലും പോലീസ് സൂപ്രണ്ടുമാരെ ചുമതലക്കാരായി വിന്യസിച്ചു. (കാസർഗോഡ്, വയനാട്, പത്തനംതിട്ട എന്നീ ജില്ലകളിൽ തൊട്ടടുത്ത ജില്ലകളിലെ സൂപ്രണ്ടുമാർക്കാണ് ചുമതല).

സങ്കീർണ്ണവും കോളിളക്കം സൃഷ്ടിക്കുന്നതുമായ അന്തർജില്ല-അന്തർ സംസ്ഥാന വ്യാപകമായ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് ക്രൈംബ്രാഞ്ചിൽ പോലീസ് സൂപ്രണ്ട് റാങ്കിലുള്ള ഉദ്യോഗസ്ഥൻ തലവനായി വരുന്ന 4 സെൻട്രൽ യൂണിറ്റുകൾ (തിരുവനന്തപുരം ആസ്ഥാനമായി രണ്ടും എറണാകുളം, കോഴിക്കോട് ജില്ലകൾ ആസ്ഥാനമായി ഓരോന്നുവീതവും പ്രവർത്തിക്കുന്നു.)

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള പോലീസ് സേനയിൽ ആകെ 2742 സ്ഥിരം തസ്തികയും 240 താൽക്കാലിക തസ്തികകളും പുതുതായി സൃഷ്ടിച്ചിട്ടുണ്ട്.

## നിപ രോഗവ്യാപനം തടയാൻ നടപടി

11(*311) ശ്രീ. ജെയിംസ് മാത്യു:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാരകവും അതിശീഘ്രവ്യാപനശേഷിയുമുള്ള നിപ വൈറസ് ഒരു വർഷത്തിനിടയിൽ രണ്ടാമതും സംസ്ഥാനത്ത് പ്രത്യക്ഷപ്പെട്ടപ്പോൾ രോഗവ്യാപനം പൂർണ്ണമായും തടയാൻ ആരോഗ്യ വകുപ്പിന്റെയും ആരോഗ്യ പ്രവർത്തകരുടെയും ഇടപെടലിന്റെ ഫലമായി സാധ്യമായിട്ടുണ്ടോ; അതീവ ജാഗ്രത തുടരാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) മാരക സാംക്രമിക രോഗങ്ങൾ ആവർത്തിക്കുന്ന സാഹചര്യത്തിൽ ഇവ തടയുന്നതിനും രോഗനിരീക്ഷണത്തിനും പ്രതിരോധത്തിനും സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇതിനായുള്ള സമിതിയുടെ പ്രവർത്തനം അറിയിക്കാമോ;

(സി) പൊതുജനാരോഗ്യ മേഖലയിൽ സ്തുത്യർഹമായ നേട്ടങ്ങൾ കൈവരിച്ച സംസ്ഥാനത്ത് കൂടുതൽ മികവ് കൈവരിക്കാൻ എയിംസ് അനുവദിക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തോടുള്ള കേന്ദ്രത്തിന്റെ നിഷേധാത്മക നിലപാട് തിരുത്താൻ ആവശ്യപ്പെടുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) സംസ്ഥാനത്ത് 2019-ൽ ഒരാൾക്ക് നിപ റിപ്പോർട്ട് ചെയ്തതിനെത്തുടർന്ന് പ്രസ്തുത രോഗം നിയന്ത്രണവിധേയമാക്കാൻ തുടക്കത്തിൽത്തന്നെ ഊർജ്ജിത പ്രവർത്തനങ്ങൾ ആരോഗ്യവകുപ്പ് നടത്തിയിരുന്നു. ഇതുവരെയുള്ള റിപ്പോർട്ടുകൾ പ്രകാരം രോഗവ്യാപനം പൂർണ്ണമായും തടയാൻ ആരോഗ്യവകുപ്പിന് സാധിച്ചിട്ടുണ്ട്. എറണാകുളത്ത് നിപ രോഗം സംശയിച്ചപ്പോൾത്തന്നെ ആരോഗ്യവകുപ്പുമന്ത്രിയും ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും ഉന്നത ഉദ്യോഗസ്ഥരും സ്ഥലം സന്ദർശിച്ച് അവിടെ ക്യാമ്പ് ചെയ്ത് രോഗനിരീക്ഷണം, പ്രതിരോധം, നിയന്ത്രണം തുടങ്ങിയവയ്ക്കായി അടിയന്തര നടപടികൾ സ്വീകരിച്ചു. കൺട്രോൾ റൂം പ്രവർത്തനം ആരംഭിച്ചു. രോഗിയുമായി സമ്പർക്കമുണ്ടായവരെ നിരീക്ഷണ വിധേയരാക്കി. എറണാകുളം ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ഐസൊലേഷൻ വാർഡ് സജ്ജീകരിച്ചു. പുതുതായി ആർക്കും ഈ രോഗം സ്ഥിരീകരിച്ചിട്ടില്ല. എങ്കിലും അതീവ ജാഗ്രത തുടരാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. രോഗനിരീക്ഷണത്തിനും പ്രതിരോധത്തിനുമായി സംയോജിത രോഗനിരീക്ഷണ പരിപാടി (ഐ.ഡി.എസ്.പി.) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നുണ്ട്. ഇത് വിവിധ പകർച്ചവ്യാധികൾ യഥാസമയം റിപ്പോർട്ട് ചെയ്യാനും പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടുവാനുള്ള അപകട സൂചനകൾ മനസ്സിലാക്കി യഥാസമയം പ്രതിരോധിക്കുവാനും നിയന്ത്രിക്കുവാനും സൗകര്യം ഒരുക്കുന്നു. ഇതുപോലെ ദേശീയ പ്രാണിജന്യ രോഗനിയന്ത്രണ പരിപാടി വഴി പ്രാണിജന്യ രോഗങ്ങൾക്കെതിരെയും സി.ഡി.ഡി.ഒ.ആർ.ടി. പ്രോഗ്രാം വഴി ജലജന്യരോഗങ്ങൾ ഉൾപ്പെടെയുള്ള പകർച്ചവ്യാധികളെ നിയന്ത്രിക്കുവാനും സാധ്യമാകുന്നു. വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെ പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിന് വർഷംതോറും ആരോഗ്യജാഗ്രത എന്ന പരിപാടിയും നടപ്പിലാക്കുന്നു. ഇത്തരം പ്രവർത്തനങ്ങൾ വാർഡുതലം മുതൽ സംസ്ഥാനതലം വരെ ഏകോപിപ്പിക്കുവാനും അവലോകനം ചെയ്യാനും വിവിധതലങ്ങളിലെ സമിതികൾ സഹായിക്കുന്നു.

(സി) സംസ്ഥാനത്ത് എയിംസ് ലഭിക്കുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് നടത്തിവരുന്നുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും അനുകൂലമായ തീരുമാനം ഉണ്ടാകുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

## ഐ.ടി. വ്യവസായ കേന്ദ്രങ്ങളുടെ വികസനത്തിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ

12(*312) ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. എം. സ്വരാജ്:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവരസാങ്കേതികവിദ്യ വ്യവസായവികസനത്തിന് സർക്കാർ നടത്തിവരുന്ന ഇടപെടലുകൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) അടുത്ത രണ്ട് വർഷത്തിനുള്ളിൽ രണ്ടര കോടി ചതുരശ്ര അടിയിലധികം ഐ.ടി. സ്പേസ് വികസിപ്പിക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ;

(സി) ടെക്നോപാർക്ക്, ടെക്നോസിറ്റി, ഇൻഫോപാർക്ക്, സൈബർ പാർക്ക് മുതലായ ഐ.ടി. വ്യവസായ കേന്ദ്രങ്ങളുടെ വികസനത്തിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(ഡി) പതിനയ്യായിരം പേർക്ക് തൊഴിൽ ലഭ്യമാക്കാൻ സാധ്യമാകുന്ന ടെക്നോസിറ്റിയിലെ വേൾഡ് ട്രേഡ് സെന്റർ നിർമ്മാണത്തിന് ധാരണാപത്രം ഒപ്പു വച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) ഐ.ടി. രംഗത്തെ വികസനം എല്ലാ ജില്ലാ കേന്ദ്രങ്ങളിലും എത്തിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തനം നടത്തിവരുന്നുണ്ടോ; വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ)

- വിവരസാങ്കേതിക വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനും മറ്റ് അനുബന്ധ മേഖലകളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഒരു സമഗ്ര വ്യവസായ വികസനം ലക്ഷ്യമാക്കി വിവരസാങ്കേതികവിദ്യ നയം രൂപീകരിച്ചു.

- സംസ്ഥാന ഐ.ടി. മേഖലയെ രാജ്യത്തിന്റെ മുൻനിരയിലേയ്ക്ക് കൊണ്ടുവരുന്നതിനായി നടപ്പിലാക്കേണ്ട പദ്ധതികൾക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനായി രൂപീകരിച്ച ഹൈപവർ ഐ.ടി. ഉപദേശക സമിതിയുടെ പ്രവർത്തനങ്ങൾ മുഖേന വൻകിട വിദേശ കമ്പനികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

- ഹൈപവർ ഐ.ടി. ഉപദേശക സമിതിയുടെ നിർദ്ദേശമനുസരിച്ച് രണ്ട് കൊല്ലത്തിലൊരിക്കൽ കേരളത്തിൽവച്ച് അന്താരാഷ്ട്ര ഡിജിറ്റൽ സമ്മേളനങ്ങൾ നടത്താനുള്ള തീരുമാനമനുസരിച്ച് ആദ്യത്തെ ആഗോള സമ്മേളനം മാർച്ച് 2018-ൽ കൊച്ചിയിൽ നടത്തി.

- സംസ്ഥാന ഐ.ടി. മേഖലയെ ശക്തിപ്പെടുത്തുന്നതിനായി "കേരള ഐ.ടി. " എന്ന ഒറ്റ ബ്രാന്റിൽ, ഗവൺമെന്റ് ഐ. ടി. പാർക്കുകൾ ഏകീകരിച്ചുകൊണ്ട് പ്രവർത്തിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു.

- ആഗോളതലത്തിൽ ഐ. ടി. അധിഷ്ഠിതമായുള്ള വ്യവസായ സംരംഭങ്ങൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള പശ്ചാത്തല സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനായി രൂപീകരിച്ച KSITIL എന്ന കമ്പനി കിഫ്ബിയുമായി സഹകരിച്ച് ഒരു എസ്.പി.വി. ആയി ഐ.ടി. അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുന്നു.

- US, Europe എന്നീ വിദേശ രാജ്യങ്ങളിൽ നടത്തിയ കേരള ഗ്ലോബൽ കണക്ട് റോഡ് ഷോകൾ, IT എക്സ്പോകൾ, GITEX Dubai, Mobile World Congress-ബാഴ്സിലോണ, CeBIT-Germany തുടങ്ങിയ അന്താരാഷ്ട്ര ഐ.ടി. സമ്മേളനങ്ങളിലെ പങ്കാളിത്തം.

- വൻകിട വിദേശ ഐ.ടി. സംരംഭ പദ്ധതികൾക്ക് മറ്റിതര സംസ്ഥാനങ്ങളിൽ നൽകിവരുന്ന ഇളവുകൾ ഇവിടെയും നൽകുന്നതിനുവേണ്ടിയുള്ള ഇടപെടലുകൾ നടത്തുകയും ആവശ്യമായ ഇളവുകൾ നൽകി കമ്പനികളെ ഇവിടേയ്ക്ക് കൊണ്ടുവരുകയും ചെയ്യുന്നു.

- ഗവൺമെന്റ് ഐ.ടി. പാർക്കുകളിൽ ഐ.ടി./ഐ.ടി.ഇ.എസ്. വ്യവസായ സംരംഭങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യ വികസനങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും.

(ബി) അടുത്ത രണ്ട് വർഷത്തിനുള്ളിൽ ഗവൺമെന്റ് ഐ. ടി. പാർക്കുകളിൽ ഗവൺമെന്റ് നേരിട്ടും പാർക്കുകളിൽ സ്വകാര്യ സംരംഭകർ മുഖേനയും ഏകദേശം

89.83 ലക്ഷം ചതുരശ്ര അടി ഐ.ടി. സ്പെയിസ് താഴെപ്പറയുന്ന തരത്തിൽ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നു:

| | | |
|---|---|---|
| ടെക്നോപാർക്ക് | - | 74 ലക്ഷം ചതുരശ്ര അടി |
| ഇൻഫോപാർക്ക് | - | 15.33 ലക്ഷം ചതുരശ്ര അടി |
| സൈബർപാർക്ക് | - | 50000 ചതുരശ്ര അടി |

(സി) ഐ. ടി. മേഖലയിൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളെല്ലാം ഘട്ടംഘട്ടമായി നടപ്പാക്കുന്നവയാണ്. സംസ്ഥാന ഐ. ടി. പാർക്കുകളിൽ പുതുതായും തുടർ പദ്ധതികളായും നടപ്പിലാക്കിവരുന്ന പ്രധാന അടിസ്ഥാന വികസന സൗകര്യ പ്രവർത്തനങ്ങൾ

- ടെക്നോപാർക്ക്, ഇൻഫോപാർക്ക്/സൈബർപാർക്ക് എന്നിവയുടെ വിവിധ വികസന ഘട്ടങ്ങളിലായി പാർക്കുകൾ നേരിട്ടും ഉപസംരംഭകർ വഴിയും ഐ.ടി./ഐ.ടി.ഇ.എസ്. സംരംഭങ്ങൾക്ക് നികുതി ഇളവുകളുള്ള പ്രത്യേക സാമ്പത്തിക മേഖലയിലും അല്ലാതെയും ആവശ്യമായ ഭൂമി, കെട്ടിട സൗകര്യങ്ങൾ പൂർണ്ണമായും ഫർണിഷ് ചെയ്ത പ്ലഗ് ആന്റ് പ്ലെ മോഡലിലുള്ള ബിസിനസ് ഓഫീസുകൾ എന്നിവ ലഭ്യമാക്കുന്നു.

- ഐ.ടി/ഐ.ടി.ഇ.എസ്. വ്യവസായങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങളിലുൾപ്പെട്ട മികച്ച കണക്ടിവിറ്റി, ജലം, വൈദ്യുതി തുടങ്ങിയവയ്ക്കുള്ള സംഭരണ-വിതരണങ്ങൾ (സബ്സ്റ്റേഷനുകൾ) കാമ്പസിനുള്ളിലുള്ള റോഡുകൾ/ഗതാഗത സൗകര്യങ്ങൾ, ഇന്റർനെറ്റ്-കണക്ടിവിറ്റി ഉൾപ്പെടെയുള്ള അനുബന്ധ സജ്ജീകരണങ്ങൾ എന്നിവയും ഐ.ടി. പാർക്കുകളിൽ നടപ്പിലാക്കിവരുന്നു.

- സംസ്ഥാന ഐ.ടി. പാർക്കുകളിൽ വൻകിട പദ്ധതികളായി ടോറസ്, നിസ്സാൻ, ടെറാനറ്റ്, റാക്ക് ബാങ്ക് തുടങ്ങിയ കമ്പനികൾ ആരംഭിക്കുന്നതിന് ധാരണയായിട്ടുണ്ട്. ടോറസ് ഗ്രൂപ്പിന്റെ ഐ.ടി. സംരംഭങ്ങൾക്കായുള്ള 10 ഏക്കർ (SEZ) ഭൂമിയിൽ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്. കൂടാതെ ബ്രിഗേഡ്, ലുലു ഗ്രൂപ്പ്, ട്രാൻസ് ഏഷ്യ, കാർണിവെൽ, അപ്പോളിസ് തുടങ്ങിയ കമ്പനികൾ കോ-ഡെവലപ്പർമാരായി അടിസ്ഥാന സൗകര്യ വികസനങ്ങളൊരുക്കാൻ മുന്നോട്ടുവന്നിട്ടുണ്ട്.

(ഡി) ഉണ്ട്. ഏകദേശം പതിനയ്യായിരം പേർക്ക് തൊഴിൽ ലഭ്യമാക്കാൻ സാധ്യമാകുന്ന വേൾഡ് ട്രേഡ് സെന്റർ പദ്ധതിക്കായി ടെക്നോസിറ്റിയിൽ 12.87 ഏക്കർ ഭൂമി നൽകുന്നതിന് ടെക്നോപാർക്കും ബ്രിഗേഡ് ഗ്രൂപ്പുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

(ഇ) ഐ. ടി. രംഗത്തെ വികസനം എല്ലാ ജില്ലാ കേന്ദ്രങ്ങളിലും എത്തിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഹബ്ബ് &സ്പോക്ക് മാതൃകയിൽ പ്രധാന പാർക്കുകളായ തിരുവനന്തപുരം ടെക്നോപാർക്ക്, കൊച്ചി ഇൻഫോപാർക്ക്, കോഴിക്കോട് സൈബർ പാർക്ക് എന്നിവ കേന്ദ്രീകരിച്ച് ഐ.ടി. ഉപപാർക്കുകൾ ആരംഭിക്കാൻ തീരുമാനിച്ചത്. തിരുവനന്തപുരം ടെക്നോപാർക്ക് കേന്ദ്രമാക്കി കൊല്ലം ജില്ലയിൽ കുണ്ടറ, ഇൻഫോപാർക്ക് കേന്ദ്രീകരിച്ച് ചേർത്തല, ആലപ്പുഴ, കൊരട്ടി എന്നീ സ്ഥലങ്ങളിൽ ഐ.ടി. പാർക്കുകൾ ആരംഭിച്ച് പ്രവർത്തിച്ചുവരുന്നു.

ഐ. ടി. വികസനം എല്ലാ ജില്ലാ കേന്ദ്രങ്ങളിലും എത്തിക്കുക എന്ന ലക്ഷ്യത്തോടെ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി "ലാൻഡ് ബാങ്ക്" രൂപീകരിച്ച് ഐ.ടി., ഐ.ടി. അനുബന്ധ പ്രവർത്തനങ്ങൾ നടത്താൻ ആലോചിക്കുന്നുണ്ട്.

**ചികിത്സ കിട്ടാതെ രോഗി മരണപ്പെട്ട സംഭവം**

13(*313) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം മെഡിക്കൽ കോളേജിലും രണ്ട് സ്വകാര്യ ആശുപത്രികളിലും ചികിത്സയ്ക്കായി എത്തിച്ച കട്ടപ്പന സ്വദേശിക്ക് ചികിത്സ കിട്ടാതെ ആംബുലൻസിൽ കിടന്ന് മരിക്കേണ്ടിവന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന് ഉത്തരവാദികളായവരെ കണ്ടെത്തിയിട്ടുണ്ടോ; അവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(സി) തമിഴ്നാട് സ്വദേശി മുരുകൻ ചികിത്സ കിട്ടാതെ മരണപ്പെട്ട സംഭവുമായി ബന്ധപ്പെട്ട് സർക്കാർ നൽകിയ നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർ ലംഘിച്ചതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) സർക്കാർ നൽകിയ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കാത്ത ഉദ്യോഗസ്ഥനിലപാടാണ് സമാനസംഭവങ്ങൾ ആവർത്തിക്കാനിടയാക്കുന്നത് എന്നുള്ളത് അതീവ ഗൗരവമായി കണ്ട് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 5-6-2019-ന് ഉച്ചയ്ക്കുശേഷം കട്ടപ്പനയിലെ ഒരു സ്വകാര്യ ഹോസ്പിറ്റലിൽ നിന്നും ഒരു മുന്നറിയിപ്പും കൂടാതെ അതീവ ഗുരുതരാവസ്ഥയിലാണ് ജേക്കബ് തോമസ് എന്ന രോഗിയെ ആംബുലൻസിൽ കോട്ടയം സർക്കാർ മെഡിക്കൽ കോളേജാശുപത്രിയിൽ കൊണ്ടുവന്നത്. രോഗിയോടൊപ്പമുള്ളവർ വെന്റിലേറ്റർ സൗകര്യം ആവശ്യപ്പെട്ടതിനാൽ ആയതിന്റെ ലഭ്യത സംബന്ധിച്ച് പി.ആർ.ഒ. ഉടൻതന്നെ അന്വേഷിക്കുകയും തുടർന്ന് ഗുരുതരമായ സാംക്രമിക രോഗം ബാധിച്ച രോഗികളെ ഐസൊലേഷൻ വാർഡിലേയ്ക്ക് (വാർഡ് നമ്പർ 24) മാറ്റണമെന്ന 3-6-2019-ലെ ഔട്ട് ബ്രേക്ക് മോണിറ്ററിംഗ് സെല്ലിന്റെ മീറ്റിംഗിൽ എടുത്ത തീരുമാനപ്രകാരം ശ്രീ. ജേക്കബ് തോമസിനെ ഐസൊലേഷൻ വാർഡിലേയ്ക്ക് തീരുമാനിക്കുകയും ചെയ്തിരുന്നു. ഐസൊലേഷൻ വാർഡിൽ വെന്റിലേറ്റർ സൗകര്യത്തിന്റെ ലഭ്യതയ്ക്ക് കുറവുണ്ടെന്ന് അറിയിച്ചപ്പോൾ ഒപ്പമുള്ളവർ രോഗിയെ മറ്റൊരു ആശുപത്രിയിലേയ്ക്ക് അതേ ആംബുലൻസിൽ തന്നെ കൊണ്ടുപോകുവാനാണ് തീരുമാനിച്ചത്.

മെഡിസിൻ വിഭാഗത്തിലെ ഡോക്ടർ രോഗിയെ പരിശോധിക്കാൻ എത്തിയെങ്കിലും ആംബുലൻസ് രോഗിയുമായി പോയിക്കഴിഞ്ഞിരുന്നു. അതിനുശേഷം വീണ്ടും ഇതേ ആംബുലൻസിൽ രോഗിയെ തിരികെ മെഡിക്കൽ കോളേജിൽ എത്തിച്ചെങ്കിലും ആംബുലൻസ് ജീവനക്കാരൻ രോഗി മരണപ്പെട്ടതായി അറിയിക്കുകയാണുണ്ടായത്. തുടർന്ന് കൂടെയുള്ളവർ പി.ആർ.ഒ.-യെ മർദ്ദിക്കുകയായിരുന്നു. (ഇത് വീഡിയോ പരിശോധിച്ചതിൽ നിന്നും വ്യക്തമാണ്). രോഗിയോടൊപ്പമുള്ളവരുടെ തീരുമാനപ്രകാരമാണ് മെഡിക്കൽ കോളേജാശുപത്രിയിൽ നിന്ന് രോഗിയെ മറ്റൊരു ആശുപത്രിയിൽ കൊണ്ടുപോയത്. സംഭവത്തിൽ കോട്ടയം സർക്കാർ മെഡിക്കൽ കോളേജിലെ ഡെപ്യൂട്ടി സൂപ്രണ്ട്, നഴ്സിംഗ് ഓഫീസർ എന്നിവർ ഉൾപ്പെട്ട സമിതി നടത്തിയ പ്രാഥമിക അന്വേഷണത്തിൽ മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഡോക്ടർമാർ അടക്കമുള്ള ജീവനക്കാർ ഉത്തരവാദികളാണെന്ന് കണ്ടെത്തിയിട്ടില്ല. ഈ സംഭവത്തിൽ വിശദമായ അന്വേഷണത്തിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

## നിപ രോഗബാധ

14(*314) ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. റോജി എം. ജോൺ::
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം നിപ ബാധമൂലം ആദ്യം മരിച്ച സോബിത്തിന് എപ്രകാരമാണ് വൈറസ് ബാധ ഏറ്റതെന്ന് ഇതിനകം കണ്ടെത്തിയിട്ടുണ്ടോ;

(ബി) വവ്വാലിൽ നിന്നാണ് രോഗം പിടിപെട്ടതെന്ന കാര്യം സാധൂകരിക്കുവാൻ തക്ക തെളിവുകൾ പരിശോധനയിൽ നിന്നും ലഭിച്ചിട്ടുണ്ടോ;

(സി) കഴിഞ്ഞ വർഷം രോഗബാധ കണ്ടെത്തിയ ഇരുപത്തിമൂന്നിൽ ഇരുപത്തിയൊന്ന് പേർക്കും ആശുപത്രികളിൽ നിന്നാണ് രോഗബാധ ഉണ്ടായതെന്നത് സർക്കാർ ആശുപത്രികളിലെ പകർച്ചവ്യാധി പ്രതിരോധ സംവിധാനത്തിന്റെ അപര്യാപ്തതയായി വിലയിരുത്തുന്നുണ്ടോ;

(ഡി) പ്രസ്തുത വിഷയത്തെക്കുറിച്ച് കഴിഞ്ഞ ഒരു വർഷത്തിനിടെ എന്തെങ്കിലും പഠനം നടത്തിയോ; അതിന്റെ അടിസ്ഥാനത്തിൽ ആശുപത്രികളിൽ നിന്നും പകർച്ചവ്യാധികൾ പടരാതിരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) 2018 മേയ് മാസം പകുതിയോടെയാണ് കേരളത്തിൽ ആദ്യമായി കോഴിക്കോട് ചങ്ങരോത്ത്, പേരാമ്പ്രയിൽ നിപ രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടത്. ഒരേ രോഗലക്ഷണത്താൽ സഹോദരങ്ങളായ മുഹമ്മദ് സോബിത്ത്, സാലിഹ് എന്നിവർ മരണമടഞ്ഞുവെങ്കിലും സാലിഹിന് മാത്രമാണ് നിപ രോഗം സ്ഥിരീകരിക്കാനായത്. സോബിത്തിന് നിപ രോഗം സ്ഥിരീകരിച്ചിട്ടില്ല.

(ബി) നിപ വൈറസ് ബാധയുടെ ഉറവിടം കണ്ടെത്തുന്നതിനായി ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് (ICMR) നിയോഗിച്ച നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയിലെ (NIV) വിദഗ്ദ്ധർ നിപയുടെ പ്രൈമറി വാഹകരായ പഴംതീനി വവ്വാലുകളെ (Pteropus) പരിശോധിക്കുകയും

22 ശതമാനത്തോളം വവ്വാലുകളിലും വൈറസ്ബാധ കണ്ടെത്തുകയും അതിൽ നിന്നാണ് മനുഷ്യരിലേയ്ക്ക് വൈറസ് പടർന്നതെന്നുള്ള നിഗമനത്തിലെത്തി ച്ചേരുകയുമുണ്ടായി.

(സി) ഇല്ല. കഴിഞ്ഞ വർഷം 18 പേർക്കാണ് നിപ രോഗബാധ സ്ഥിരീകരിച്ചിട്ടുള്ളത്. സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായും അപ്രതീക്ഷിതമായുമാണ് ഉയർന്ന മരണനിരക്കുള്ള ഈ പകർച്ചവ്യാധി പൊട്ടിപ്പുറപ്പെട്ടിട്ടുള്ളത്. ഈ രോഗം സ്ഥിരീകരിച്ച ഉടൻതന്നെ രോഗനിരീക്ഷണവും ചികിത്സയും പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങളും യുദ്ധകാലാടിസ്ഥാനത്തിൽ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും സഹകരണത്തോടെ നടപ്പിലാക്കിയതുകൊണ്ടാണ് രോഗബാധ 18 പേരിൽ മാത്രം നിയന്ത്രിച്ചു നിർത്താൻ സാധിച്ചത്. രോഗബാധ സ്ഥിരീകരിച്ച രണ്ടുപേരെ മരണത്തിൽനിന്നും രക്ഷിക്കാനും സാധിച്ചു. ആരോഗ്യവകുപ്പിന്റെ കാര്യക്ഷമതമൂലമാണ് ഇപ്രകാരം വളരെ പെട്ടെന്നുതന്നെ രോഗം നിയന്ത്രണ വിധേയമാക്കാൻ സാധിച്ചത്.

(ഡി)നിലവിൽ നിപ രോഗപ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾക്കായുള്ള മാർഗ്ഗരേഖകൾക്കനുസരിച്ചുള്ള നടപടികൾ 2018 മെയ് മാസത്തിലും തുടർന്നുള്ള മാസങ്ങളിലും നടപ്പിലാക്കി. 2018 നവംബർ, ഡിസംബർ മാസങ്ങളിൽത്തന്നെ ജില്ലകൾക്ക് നിപ രോഗം സംബന്ധിച്ച ജാഗ്രതാ നിർദ്ദേശം നൽകിയിരുന്നു. അതേ തുടർന്ന് നിപ രോഗനിരീക്ഷണം, ആശുപത്രികളിൽ രോഗാണു സംക്രമണ നിയന്ത്രണ പ്രവർത്തനങ്ങൾ, ബോധവത്കരണം തുടങ്ങിയവ നടത്തുകയുണ്ടായി. 2019 ആരോഗ്യ ജാഗ്രതയുടെ ഭാഗമായും നിപ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തിയിരുന്നു. ആയതിനാലാണ് 2019-ൽ തുടക്കത്തിൽത്തന്നെ നിപ കണ്ടെത്താനും ക്രിയാത്മക പ്രതിരോധ പ്രവർത്തനങ്ങൾ നടത്താനും കഴിഞ്ഞത്.

## വിമാനത്താവളങ്ങളുടെ നടത്തിപ്പും വികസനവും

15(*315) <u>ശ്രീ. പി. വി. അൻവർ:</u>
<u>ശ്രീ. വി. ജോയി:</u>
<u>ശ്രീ. എൻ. വിജയൻ പിള്ള:</u>
<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാഭത്തിൽ പ്രവർത്തിക്കുന്ന തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പ് സംസ്ഥാനത്തിന്റെ എതിർപ്പ് അവഗണിച്ച് അദാനിക്ക് നൽകാനുള്ള നീക്കവുമായി കേന്ദ്രസർക്കാർ മുന്നോട്ടുപോവുകയാണോ; വിശദമാക്കുമോ;

(ബി) സംസ്ഥാന സർക്കാർ ടിയാൽ കമ്പനി രൂപീകരിച്ച് വിമാനത്താവളത്തിന്റെ നടത്തിപ്പ് ഏറ്റെടുത്ത് നടത്താൻ കേന്ദ്രസർക്കാരിനെ സമീപിച്ചിരുന്നോ; കേന്ദ്രസർക്കാരിന്റെ നിലപാട് എന്തായിരുന്നുവെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്തിന്റെ പൊതു വികസനത്തിന് ഉത്തേജനം നൽകാനായി സംസ്ഥാനത്തെ വിമാനത്താവളങ്ങൾ വികസിപ്പിക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുക്കാൻ സർക്കാർ നടപടി തുടങ്ങിയിരുന്നോ; എയർപോർട്ട് അതോറിറ്റി വികസന പദ്ധതി വെട്ടിച്ചുരുക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ&ബി) വിമാനത്താവളങ്ങളുടെ നടത്തിപ്പ് സ്വകാര്യ ഏജൻസികൾക്ക് കൈമാറാനുള്ള നടപടിക്രമങ്ങളിൽനിന്നും തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തെ ഒഴിവാക്കണമെന്ന് 15-6-2019-ൽ ന്യൂഡൽഹിയിൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുമായുള്ള കൂടിക്കാഴ്ചയിൽ ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്രത്തിനും സംസ്ഥാന സർക്കാരിനും സ്വീകാര്യമായ വ്യവസ്ഥകളോടെ വിമാനത്താവള നടത്തിപ്പ് സംസ്ഥാന സർക്കാരിന് കൈമാറണമെന്നാണ് സംസ്ഥാനത്തിന്റെ നിലപാട്. പൊതു-സ്വകാര്യ ഉടമസ്ഥതയിൽ രണ്ട് സുപ്രധാന വിമാനത്താവളങ്ങൾ നടത്തുന്നതിനുള്ള കഴിവ് സംസ്ഥാനം തെളിയിച്ചിട്ടുണ്ട്. ഐക്യരാഷ്ട്ര സഭ ഉൾപ്പെടെയുള്ള അന്താരാഷ്ട്ര ഏജൻസികൾ പോലും സംസ്ഥാനത്തിന്റെ വിമാനത്താവള നടത്തിപ്പ് മാതൃകയെ അഭിനന്ദിച്ചിട്ടുണ്ട്.

കേരളം സമർപ്പിച്ച വസ്തുതകൾ കണക്കിലെടുത്ത് സംസ്ഥാനത്തിന്റെ ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് ബഹുമാനപ്പെട്ട പ്രധാനമന്ത്രി ഉറപ്പുനൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച് വ്യോമയാന വകുപ്പിൽനിന്നും വിശദാംശങ്ങൾ തേടുമെന്നും ബഹുമാനപ്പെട്ട പ്രധാനമന്ത്രി അറിയിച്ചിട്ടുണ്ട്.

635 ഏക്കർ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന തിരുവനന്തപുരം വിമാനത്താവളത്തിന്റെ ഭൂമിയിൽ അധികവും തിരുവിതാംകൂർ മഹാരാജാവും സംസ്ഥാന സർക്കാരും നൽകിയതാണ്. ബാക്കി സംസ്ഥാന സർക്കാർ സൗജന്യമായി ഏറ്റെടുത്ത് നൽകിയിട്ടുള്ളതാണ്. ഈ പശ്ചാത്തലത്തിൽ തിരുവനന്തപുരം വിമാനത്താവളം ഒരു സ്വകാര്യ കമ്പനിക്ക് കൈമാറുന്നത് അംഗീകരിക്കാനാവില്ല.

സ്വകാര്യവൽക്കരണം ഏതുവിധത്തിലും ഒഴിവാക്കണമെന്ന ലക്ഷ്യത്തോടെ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള ലിമിറ്റഡ് (TIAL) എന്ന ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുകയും മത്സരാധിഷ്ഠിത ലേലത്തിൽ പങ്കെടുക്കുകയും ചെയ്തു. എന്നാൽ അൽപ്പം ഉയർന്ന തുക ക്വാട്ട് ചെയ്തു എന്ന കാരണത്താൽ ഈ മേഖലയിൽ യാതൊരു പ്രവർത്തനപരിചയവുമില്ലാത്ത അദാനി എന്റർപ്രൈസസിന് വിമാനത്താവള നടത്തിപ്പ് കൈമാറാനാണ് നീക്കം നടക്കുന്നത്. ടി സ്ഥാപനത്തിന് ബിഡ് അവാർഡ് ചെയ്യുന്നതിനെതിരെ സംസ്ഥാന സർക്കാരും കെ.എസ്.ഐ.ഡി.സി.-യും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിട്ട് ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത ഹർജിയിൽ കോടതിവിധിക്ക് വിധേയമായിട്ടായിരിക്കും അവാർഡ് എന്ന ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഉണ്ട്. പുതിയ അന്താരാഷ്ട്ര ടെർമിനൽ കെട്ടിടത്തിനും അതോടനുബന്ധിച്ചുള്ള ഏപ്രൺ, കാർ പാർക്കിംഗ് മുതലായവയ്ക്കുമായി 137 ഏക്കറും നിലവിലെ ടെർമിനൽ കെട്ടിടത്തിനുമുന്നിൽ കാർ പാർക്കിംഗിന് അധിക സൗകര്യം ഏർപ്പെടുത്തുന്നതിനായി 15.5 ഏക്കറും ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ റൺവേ വികസനത്തിനായി ഭീമമായ തോതിൽ ഭൂമി നികത്തേണ്ടിവരുമെന്നതിനാലും ഇതിനായി ഏകദേശം മൂവായിരം കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാലും പ്രവൃത്തിയുമായി എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യ മുന്നോട്ടുപോകാത്ത സാഹചര്യമാണുള്ളത്.

### ആലപ്പുഴ - ചങ്ങനാശ്ശേരി ജലപാത

16(*316) <u>ശ്രീ. പി. ജെ.ജോസഫ്:</u>
<u>ശ്രീ. റോഷി അഗസ്റ്റിൻ:</u>
<u>ശ്രീ. സി. എഫ്. തോമസ്:</u>
<u>ഡോ. എൻ. ജയരാജ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ-ചങ്ങനാശ്ശേരി ജലപാത ദേശീയ ജലപാതയായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച ഉത്തരവ് എന്നാണ് കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രഖ്യാപനത്തിനുശേഷം ഈ ജലപാത ദേശീയ ജലപാതയുടെ നിലവാരത്തിലാക്കാൻ എന്തെങ്കിലും പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ;

(സി) യാത്രാ ബോട്ടുകൾക്കും ടൂറിസ്റ്റ് ബോട്ടുകൾക്കും ഉപയോഗപ്രദമായ രീതിയിൽ ഈ ജലപാതയിലുള്ള പാലങ്ങൾ പുനർനിർമ്മിക്കുന്നതിനുവേണ്ട പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിന്റെ നടപടികളിൽ കാലതാമസം ഉണ്ടാകുന്നുണ്ടോ; എങ്കിൽ ഇക്കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി കാലതാമസം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഉണ്ട്. നാഷണൽ വാട്ടർവേ ആക്ട്, 2016 പ്രകാരം 26-3-2016-ലാണ് ആലപ്പുഴ-ചങ്ങനാശ്ശേരി കനാൽ ദേശീയ ജലപാത-8 (NW-8) ആയി പ്രഖ്യാപിച്ചിട്ടുള്ളത്.

(ബി) ഉണ്ട്.

(സി&ഡി) ദേശീയ ജലപാത-8 (ആലപ്പുഴ-ചങ്ങനാശ്ശേരി കനാൽ) National Waterway Class - III നിലവാരത്തിൽ വികസിപ്പിക്കുന്നതിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് Inland Waterways Authority of India (IWAI) തയ്യാറാക്കുകയും അതിന്റെ പകർപ്പ് സംസ്ഥാനത്തിന്റെ അഭിപ്രായത്തിനായി ലഭ്യമാക്കുകയും ആയത് സർക്കാരിൽ പരിശോധിച്ചുവരികയുമാണ്. യാത്രാ ബോട്ടുകൾക്കും ടൂറിസ്റ്റ് ബോട്ടുകൾക്കും ഉപയോഗപ്രദമാകത്തക്ക വിധത്തിൽ പാലങ്ങൾ ദേശീയ ജലപാതാ നിലവാരത്തിൽ ഉയർത്തി പുനർനിർമ്മിക്കുന്നതിനുള്ള പ്രവൃത്തികളും ഡി.പി.ആർ.-ൽ നിഷ്കർഷിച്ചിട്ടുണ്ട്. ദേശീയജലപാതാ വികസനത്തിന്റെ അഭിവൃദ്ധി അവലോകനം ചെയ്യുന്നതിനായി സർക്കാർതലത്തിൽ 7-1-2019, 13-6-2019 എന്നീ തീയതികളിൽ യോഗം ചേരുകയും പ്രസ്തുത യോഗത്തിൽ IWAI-യുടെ പ്രതിനിധികൾ പങ്കെടുക്കുകയും ദേശീയ ജലപാതയായി പ്രഖ്യാപിച്ചിട്ടുള്ള ആലപ്പുഴ-ചങ്ങനാശ്ശേരി കനാൽ ഉൾപ്പെടെയുള്ള ദേശീയ ജലപാതകളുടെ വികസന പുരോഗതി ത്വരിതപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ IWAI-യോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

### നിപ വൈറസ്ബാധയുടെ ഉറവിടം

17(*317) ശ്രീ. റോജി എം. ജോൺ:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 മേയ് മാസത്തിൽ ഉണ്ടായ നിപ വൈറസ്ബാധയുടെ ഉറവിടം കണ്ടെത്താൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് നിപ വൈറസ്ബാധ സ്ഥിരീകരിച്ച് ഒരു വർഷത്തിന് ശേഷം വീണ്ടും എറണാകുളം ജില്ലയിലെ ഒരു വിദ്യാർത്ഥിക്ക് നിപ വൈറസ് ബാധിച്ചുവെന്നുള്ളത് ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) 2018 മേയ് മാസത്തിൽ ഉണ്ടായ നിപ വൈറസ്ബാധയുടെ ഉറവിടം സംബന്ധിച്ച് പഠനം നടത്താൻ ഏതെങ്കിലും അന്താരാഷ്ട്ര ഏജൻസിയുടെ സഹായം അഭ്യർത്ഥിച്ചിരുന്നോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) നിപ വൈറസ്ബാധയുടെ ഉറവിടം കണ്ടെത്തുന്നതിനായി ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് (ICMR) നിയോഗിച്ച നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി (NIV) വിദഗ്ദ്ധർ നിപയുടെ പ്രൈമറി വാഹകരായ പഴംതീനി വവ്വാലുകളെ (Pteropus) പരിശോധിക്കുകയും 22 ശതമാനത്തോളം വവ്വാലുകളിലും വൈറസ് ബാധ കണ്ടെത്തുകയും അതിൽ നിന്നാണ് മനുഷ്യരിലേയ്ക്ക് വൈറസ് പടർന്നതെന്നുള്ള നിഗമനത്തിൽ എത്തിച്ചേരുകയുമുണ്ടായി.

(ബി) ആരോഗ്യ വകുപ്പ് അത്യന്തം ഗൗരവത്തോടെയാണ് നിപരോഗം വീണ്ടും റിപ്പോർട്ട് ചെയ്തതിനെ കാണുന്നത്. നിപരോഗബാധ സംശയമുണ്ടായ ഉടൻതന്നെ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയും ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും ഉന്നത ഉദ്യോഗസ്ഥരും സ്ഥലം സന്ദർശിച്ച് അവിടെ ക്യാമ്പ് ചെയ്ത് രോഗനിരീക്ഷണം, പ്രതിരോധം, നിയന്ത്രണം തുടങ്ങിയവയ്ക്കായി അടിയന്തര നടപടികൾ സ്വീകരിച്ചു. നിപയുമായി ബന്ധപ്പെട്ട വിവിധ നടപടികൾക്കായി പന്ത്രണ്ട് ടീമുകളെ നിയോഗിച്ച് പ്രവർത്തനം ഊർജ്ജിതമാക്കി. എറണാകുളം ജില്ല കൂടാതെ തൃശ്ശൂർ, ആലപ്പുഴ, കൊല്ലം, കോട്ടയം, മലപ്പുറം, പാലക്കാട്, വയനാട് ജില്ലകളിലും നിരീക്ഷണം നടത്തുകയും വിദഗ്ദ്ധ ഏജൻസികളുടെ സേവനം തേടുകയും ചെയ്തു. രോഗിയുമായി സമ്പർക്കമുണ്ടായ 330 പേരെ നിരീക്ഷണത്തിലാക്കി. എറണാകുളം ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ 30 ബെഡ്ഡുള്ള പ്രത്യേക ഐസൊലേഷൻ യൂണിറ്റ് സജ്ജീകരിച്ചു. 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമും കാൾസെന്ററും സജ്ജീകരിച്ചു. വവ്വാലുകളെ പിടികൂടി പരിശോധനയ്ക്കയച്ച് പ്രവർത്തന പുരോഗതി വിവിധതലങ്ങളിൽ നടത്തിവരുന്നു.

(സി) നിപ വൈറസ്ബാധയുടെ ഉറവിടം സംബന്ധിച്ച് പഠനം നടത്താൻ ആരോഗ്യ വകുപ്പ് അന്താരാഷ്ട്ര ഏജൻസിയുടെ സഹായം അഭ്യർത്ഥിച്ചിട്ടില്ല.

## നവകേരള നിർമ്മാണം

18 (*[*]T 318) ശ്രീ. അനിൽ അക്കര:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:

ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതി പ്രകാരം പ്രകൃതി ദുരന്തങ്ങളുടെ ആഘാതം നേരിടാൻ ശേഷിയുള്ള പുതിയ കേരളമാണോ സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇതിനായി സർക്കാർ നാളിതുവരെ സ്വീകരിച്ച നടപടികളും ഇനി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങളും വ്യക്തമാക്കുമോ;

(സി) നവകേരള നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ&ബി) ഭാവിയിൽ ഉണ്ടായേക്കാവുന്ന പ്രകൃതിദുരന്തങ്ങളുടെ ആഘാതം നേരിടാൻ ശേഷിയുള്ള പുനർനിർമ്മാണം എന്നത് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ അടിസ്ഥാന ലക്ഷ്യങ്ങളിലൊന്നാണ്. പാരിസ്ഥിതിക സൗഹാർദ്ദ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട്, ഭാവിയിൽ ഉണ്ടായേക്കാവുന്ന ദുരന്തങ്ങളെ നേരിടാനുള്ള ശേഷിയോടെ ആസ്തികൾ പുനർനിർമ്മിക്കേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി നയപരമായ തിരുത്തലുകളും അതിന്റെ ഭാഗമായുള്ള സ്ഥാപന പുനഃക്രമീകരണങ്ങളും സാദ്ധ്യമാക്കണം. അടുത്ത പത്തു വർഷത്തേയ്ക്കുള്ള പദ്ധതികളും അതിനുള്ള വിഭവസമാഹരണവും വേണ്ടിവരും. ഇത്തരം ശിപാർശകൾ അടങ്ങുന്ന കേരള പുനർനിർമ്മാണ വികസന പരിപാടി (Rebuild Kerala Development Programme, RKDP) മന്ത്രിസഭ അംഗീകരിച്ചിട്ടുണ്ട്.

ദുരന്ത അപകട ലഘൂകരണത്തിനുള്ള നിർദ്ദേശങ്ങളടങ്ങിയ യു.എൻ. രേഖയായ sendai Framework പ്രകാരമുള്ള നിർദ്ദേശങ്ങൾ RKDP-യിലെ പ്രധാന മേഖലകളിലെല്ലാം ഉൾച്ചേർത്തിട്ടുണ്ട്.

ഓരോ സാഹചര്യത്തിനും അനുയോജ്യമായ, ഇനി ഉണ്ടാകാനിടയുള്ള ദുരന്തങ്ങളെക്കൂടി പരിഗണിച്ചുള്ള ഡിസൈനും നിർമ്മാണരീതിയും സ്വീകരിക്കുക, ദുരന്തരലഘൂകരണം സാദ്ധ്യമാക്കുന്ന തരത്തിൽ ഉയർന്ന എഞ്ചിനീയറിംഗ് നിലവാരം ഉറപ്പാക്കുക, കാലാവസ്ഥാമാറ്റത്തിന്റെ ഫലമായുണ്ടാകുന്ന ദുരന്തങ്ങളുടെ

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

അപകടം കുറയ്ക്കുന്നതിനായുള്ള ദുരന്തനിവാരണ രീതികളും സങ്കേതങ്ങളും ഉപയോഗിക്കുക, ദുരന്ത സാധ്യതാ മേഖലകൾ തിരിച്ചറിഞ്ഞ് അവിടങ്ങളിലെ പദ്ധതികൾക്ക് മുൻഗണന നൽകുക, ദുരന്തനിവാരണത്തിൽ അനുഭവപരിചയമുള്ള സർക്കാർ, സ്വകാര്യ പങ്കാളികളെയെല്ലാം വിവിധ പദ്ധതികളിലും പരിപാടികളിലും സഹകരിപ്പിക്കുക, ആവാസവ്യവസ്ഥകളെ സംരക്ഷിക്കുക, പരിസ്ഥിതി സൗഹൃദപരവും ചെലവുകുറഞ്ഞതുമായ രീതികളിലൂടെ ദുരന്താഘാതം കുറയ്ക്കുക തുടങ്ങിയവ പുനർനിർമ്മാണ പദ്ധതികളുടെ ഭാഗമാകും.

കൂടാതെ, ഭാവിയിലെ ദുരന്തങ്ങളുടെ ആഘാതം കുറയ്ക്കുന്നതിനായി റീബിൽഡ് കേരളയുടെ അടിസ്ഥാന ലക്ഷ്യങ്ങളിൽ, താഴെപ്പറയുന്ന കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്:

വേഗത്തിൽ വെള്ളം കയറുന്ന റോഡുകൾ ഉയർത്തി നിർമ്മിക്കുക, ഓടകൾ മെച്ചപ്പെട്ട രീതിയിലാക്കുക, മണ്ണിടിച്ചിൽ തടയുക, ഭൗമ എഞ്ചിനീയറിംഗ് വിദ്യകളുടെ ഉപയോഗം, ചെലവുകുറഞ്ഞതും ദുരന്തങ്ങളെ ചെറുക്കാൻ ശേഷിയുള്ളതുമായ രീതികൾ അവലംബിച്ച് പുനർനിർമ്മിക്കുന്ന പൊതുസംവിധാനങ്ങൾ, പ്രകൃതിയും മനുഷ്യനും തമ്മിലുള്ള സഹവർത്തിത്വത്തെ പ്രോൽസാഹിപ്പിക്കുന്ന തരത്തിലുള്ള കെട്ടിടനിർമ്മാണ രീതികൾ.

(സി) വിവിധ ഫണ്ടിംഗ് ഏജൻസികൾക്ക് മുമ്പാകെ വകുപ്പുകളുടെ മുൻഗണനകൾ അവതരിപ്പിച്ച് ആവശ്യമായ സഹായം ഉറപ്പുവരുത്താനുള്ള നടപടികളാണ് നിലവിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് സ്വീകരിച്ചിട്ടുള്ളത്. ഇത്തരത്തിൽ ലഭ്യമാകുന്ന ധനസഹായം സ്വീകരിച്ച് അതതു വകുപ്പുകളുടെ നേതൃത്വത്തിൽത്തന്നെ പദ്ധതികൾ സമയബന്ധിതമായി ഏറ്റെടുത്ത് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

## ഗൾഫ് വിമാന യാത്രാക്കൂലി വർദ്ധനവ്

19(*319) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീമതി. ഗീതാ ഗോപി:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്സവ സീസണുകളിലും മറ്റും സംസ്ഥാനത്ത് നിന്നും ഗൾഫ് മേഖലയിലേക്കും തിരിച്ചും യാത്രക്കാരുടെ വലിയ തിരക്കനുഭവപ്പെടുന്നതിനാൽ വിമാന യാത്രാക്കൂലി വൻതോതിൽ ഉയരുന്നതും ആവശ്യമായ വിമാന സർവ്വീസുകൾ ലഭ്യമല്ലാത്തതുമായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് നിന്ന് ഗൾഫ് മേഖലയിലേക്കുള്ള വിമാന യാത്രയ്ക്ക് പീക്ക് സീസണുകളിൽ നിശ്ചിത കാലയളവിലേക്ക് വിദേശ വിമാനകമ്പനികൾക്ക് കൂടുതൽ സീറ്റ് അനുവദിക്കുന്നതിനായി കേന്ദ്രവ്യോമയാന മന്ത്രാലയത്തിൽ നിന്നും അനുമതി നേടിയെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഗൾഫ് മേഖലയിലേക്ക് കൂടുതൽ തിരക്കനുഭവപ്പെടുന്ന കാലയളവ് മുൻകൂട്ടിക്കണ്ട് ആയതിന് ആനുപാതികമായി വിമാനങ്ങളിൽ കൂടുതൽ സീറ്റുകൾ അനുവദിക്കുന്നതിന് വ്യോമയാന മന്ത്രാലയത്തിന്റെ മുന്നനുമതി നേടിയെടുത്താൽ വിമാന യാത്രാക്കൂലി കുത്തനെ ഉയർത്തുന്ന പ്രവണത വിമാനക്കമ്പനികൾ ഒഴിവാക്കുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) തിരക്കേറിയ സമയത്ത് കൂടുതൽ നിരക്ക് ഈടാക്കി വരുന്നത് അവസാനിപ്പിക്കുന്നത് സംബന്ധിച്ച് കേന്ദ്രവ്യോമയാന മന്ത്രാലയവുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ-ഡി) കേരളത്തിൽനിന്നും ഗൾഫ് നാടുകളിലേയ്ക്കുള്ള യാത്രാ ചാർജ്ജ് വിമാന കമ്പനികൾ ഉത്സവ സീസണിൽ തിരക്കനുസരിച്ച് വർദ്ധിപ്പിക്കുന്നതും ആവശ്യമായ വിമാന സർവ്വീസുകൾ ലഭ്യമല്ലാത്ത സാഹചര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിൽനിന്നും ഗൾഫ് രാജ്യങ്ങളിലേയ്ക്കും തിരിച്ചും വർഷം മുഴുവൻ വിവിധ നിലയിലെ ടിക്കറ്റ് നിരക്കാണ് ഈടാക്കുന്നത്. തിരക്ക് കുറഞ്ഞ സമയത്ത് യാത്രക്കാരുടെ എണ്ണത്തിലുള്ള കുറവും വിദേശ എയർലൈനുകളുടെ കടുത്ത മത്സരവും കാരണം കുറഞ്ഞ നിരക്കാണ് ഈടാക്കുന്നത്. തിരക്കുള്ള സമയത്ത് നേരത്തെ ബുക്ക് ചെയ്യുന്നവർക്ക് കുറഞ്ഞ നിരക്കിലും അവസാന നിമിഷം ബുക്ക് ചെയ്യുന്നവർക്ക് IATA/DGCA അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തുന്ന നിരക്കിലും ടിക്കറ്റ് വാങ്ങേണ്ടി വരും. ലോകത്തെ എല്ലാ എയർലൈനുകളും ടിക്കറ്റ് നിരക്ക് ഈടാക്കുന്നത് ഈ രീതിയിലാണ്.

അവധിക്കാലങ്ങളിലും മറ്റ് വിശേഷ ദിവസങ്ങളിലും വിമാനക്കമ്പനികൾ പ്രവാസികളിൽനിന്നും ഉയർന്ന നിരക്കുകൾ ഈടാക്കുന്നു എന്നും ഇക്കാര്യത്തിൽ ഇടപെടണമെന്നും കേന്ദ്ര വ്യോമയാന മന്ത്രാലയത്തിനോട് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിരുന്നു. എന്നാൽ വിമാനയാത്രാ നിരക്കുകൾ നിശ്ചയിക്കുന്നത് കേന്ദ്രവ്യോമയാന മന്ത്രാലയമല്ലെന്നും 1937-ലെ എയർക്രാഫ്റ്റ് ചട്ടങ്ങൾ പ്രകാരം

സർവ്വീസിന്റെ പ്രത്യേകത, നടത്തിപ്പ്, ചെലവ്, മിതമായ ലാഭം, യാത്രക്കാരുടെ തിരക്ക് എന്നിവ പരിഗണിച്ച് യാത്രാ നിരക്ക് നിശ്ചയിക്കുന്നതിന് വിമാന കമ്പനികൾക്ക് പൂർണ്ണ അധികാരമുണ്ടെന്നുമാണ് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ നിലപാട്. മാത്രവുമല്ല, ലോകത്തിലെ എല്ലാ വിമാന കമ്പനികളും യാത്രക്കാരുടെ തിരക്കിനനുസരിച്ചാണ് അവരുടെ വിമാന യാത്രാനിരക്കുകൾ ക്രമീകരിച്ചിരിക്കുന്നത്. ആയതിനാൽ സംസ്ഥാന സർക്കാരിന് ഈ വിഷയത്തിൽ ഇടപെടുന്നതിന് പരിമിതികളുണ്ട്. എന്നിരുന്നാലും സംസ്ഥാനത്തെ വിമാനത്താവളങ്ങളിൽ നിന്നുമുള്ള ആഭ്യന്തര/വിദേശ സർവ്വീസുകളുടെ യാത്രാച്ചെലവ് കുറയ്ക്കുന്നതിലേയ്ക്കായി വിമാന ടിക്കറ്റുകളുടെ നിരക്ക് നിർണ്ണയിക്കുന്നതിൽ പ്രധാന ഘടകമായ ഏവിയേഷൻ ടർബൈൻ ഫ്യൂവലിന്മേൽ (ATF) ചുമത്തിയിരുന്ന KGST 5 ശതമാനമായി കുറച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ യാത്രാക്ലേശം പരിഹരിക്കുന്നതിലേയ്ക്കായി അധിക ആഭ്യന്തര/അന്താരാഷ്ട്ര വിമാന സർവ്വീസുകൾ നടത്തുന്നതിനുള്ള നടപടികൾ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ ഇന്ത്യയിൽ നിന്നും വിദേശത്തേയ്ക്കും തിരിച്ചും ഒമാൻ എയർലൈൻസിൽ ഇക്കണോമി/ബിസിനസ്സ് ക്ലാസ്സിൽ യാത്ര ചെയ്യുന്ന നോർക്ക തിരിച്ചറിയൽ കാർഡുള്ള വിദേശ മലയാളികൾക്ക് (ഭാര്യ/ഭർത്താവ്, 8 വയസ്സിന് താഴെയുള്ള കുട്ടികൾ ഉൾപ്പെടെ) ടിക്കറ്റ് നിരക്കിൽ 7% ഇളവ് അനുവദിക്കുന്ന ഒമാൻ ഫെയർ എന്ന പദ്ധതി നോർക്ക-റൂട്ട്സ് മുഖേന നടപ്പിലാക്കിവരുന്നുണ്ട്. മറ്റ് വിമാനക്കമ്പനികളുമായും ഇത്തരത്തിൽ യാത്രാ നിരക്ക് ഇളവ് അനുവദിക്കുന്നതിനുള്ള ചർച്ചകൾ നടക്കുന്നുണ്ട്.

**പ്രവാസിക്ഷേമ പദ്ധതികൾ**

20(*320) ശ്രീ. കെ. ജെ. മാക്സി:
ശ്രീ. രാജു എബ്രഹാം:
ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവാസികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും വിവിധ പ്രശ്നങ്ങളും പരാതികളും പരിഹരിക്കുന്നതിനുമായി ഈ സർക്കാർ ആവിഷ്കരിച്ചുവരുന്ന പ്രധാന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് നിന്നും ഗൾഫ് രാജ്യങ്ങളിലേയ്ക്ക് ജോലി തേടി പോകുന്നവർ അജ്ഞതമൂലം കോടതി വ്യവഹാരങ്ങളിലും മറ്റ് നിയമക്കുരുക്കുകളിലുംപ്പെട്ട് ശിക്ഷ അനുഭവിക്കേണ്ടി വരുന്ന സാഹചര്യം ഉണ്ടാകുമ്പോൾ അത്തരക്കാരെ സഹായിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) തിരികെ എത്തിയ പ്രവാസികൾക്കും അവരുടെ ആശ്രിതർക്കുമായി നടപ്പിലാക്കിയ സാന്ത്വനം പദ്ധതി പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇവർക്ക് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) സംസ്ഥാനത്ത് പ്രവാസികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും വിവിധ പ്രശ്നങ്ങളും പരാതികളും പരിഹരിക്കുന്നതിനുമായി നടപ്പാക്കിയിട്ടുള്ള പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. സാന്ത്വന പദ്ധതി
2. പ്രവാസി പുനരധിവാസ പദ്ധതി (NDPREM)
3. സ്വപ്നസാഫല്യം
4. നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ്
5. പ്രവാസി നിയമസഹായ സെൽ
6. പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പരിശീലന പരിപാടി
7. ലോകകേരള സഭ
8. നോർക്ക-റൂട്ട്സിന്റെ നവീകരിച്ച കാൾ സെന്റർ
9. നോർക്ക-റൂട്ട്സിന്റെ നവീകരിച്ച വെബ്പോർട്ടൽ
10. എൻ.ബി.എഫ്.സി. (നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ)
11. ജില്ലാ പ്രവാസി പരാതി പരിഹാര കമ്മിറ്റി

കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡുവഴി നടപ്പിലാക്കിവരുന്ന ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. പെൻഷൻ

2. കുടുംബപെൻഷൻ

3. അവശതാ പെൻഷൻ

4. മരണമടയുന്ന അംഗങ്ങളുടെ ആശ്രിതർക്ക് ധനസഹായം

5. ചികിത്സാസഹായം

6. വിവാഹ ധനസഹായം

7. പ്രസവാനുകൂല്യം

8. വിദ്യാഭ്യാസ ആനുകൂല്യം.

(ബി) തങ്ങളുടേതല്ലാത്ത കാരണങ്ങൾക്കും ചെറിയ കുറ്റകൃത്യങ്ങൾക്കും വിദേശ ജയിലുകളിൽ കഴിയുന്ന പ്രവാസി മലയാളികൾക്ക് ആവശ്യമായ നിയമസഹായം നൽകുന്നതിനും വിവിധ കാരണങ്ങളാൽ വിദേശ രാജ്യങ്ങളിൽ അഭയം ആവശ്യമായി വരുന്ന കേരളീയ സ്ത്രീകളെ എംബസികളിൽ എത്തിക്കുന്നതിനും ആവശ്യമായ വാഹനച്ചെലവ് വഹിക്കുന്നതിനുംവേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് പ്രവാസി നിയമസഹായ പദ്ധതി. ഈ പദ്ധതി പ്രായോഗികമാക്കുന്നതിന്റെ ഭാഗമായി 6 ജി.സി.സി. രാജ്യങ്ങളിൽ ലീഗൽ ലെയ്സൺ ഓഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

(സി) തിരികെയെത്തിയ പ്രവാസികൾക്കുവേണ്ടി സർക്കാർ നടപ്പിലാക്കിയിട്ടുള്ള ദുരിതാശ്വാസ പദ്ധതിയാണ് സാന്ത്വന പദ്ധതി. കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ളവർക്ക് അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടാണ് സാന്ത്വന പദ്ധതി പ്രകാരം ധനസഹായം നൽകിവരുന്നത്. മരണാനന്തര ധനസഹായമായി ഒരു ലക്ഷം രൂപവരെയും ചികിത്സാ ധനസഹായമായി, കാൻസർ, ഹൃദയ ശസ്ത്രക്രിയ, ഗുരുതര വൃക്കരോഗം, പക്ഷാഘാതം, അപകടംമൂലമുള്ള സ്ഥിര അംഗവൈകല്യം തുടങ്ങിയവയ്ക്ക് 50,000 രൂപ വരെയും മറ്റ് രോഗങ്ങളുടെ ചികിത്സയ്ക്ക് 20,000 രൂപ വരെയും അനുവദിച്ചുതരുന്നു. സാമ്പത്തികമായി പിന്നോക്കമായിട്ടുള്ള തിരികെയെത്തിയ പ്രവാസികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായമായി 15,000

രൂപവരെ നൽകിവരുന്നു. പ്രവാസികളായ കേരളീയർക്കും അവരുടെ ആശ്രിതർക്കും അംഗവൈകല്യ പരിഹാരത്തിനായി കൃത്രിമക്കാൽ, ഊന്നുവടി, വീൽച്ചെയർ മുതലായവ വാങ്ങുന്നതിന് പരമാവധി 10,000 രൂപ വരെ ധനസഹായം നൽകുന്നു.

## വിദേശരാജ്യങ്ങളിൽ തൊഴിൽ അന്വേഷിക്കുന്നവർക്കുള്ള ബോധവൽക്കരണ ക്ലാസ്സുകൾ

21(*321) ശ്രീ. ആന്റണി ജോൺ :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശരാജ്യങ്ങളിൽ തൊഴിൽ അന്വേഷിക്കുന്നവർക്ക് വിദേശ തൊഴിൽ അവസരങ്ങൾ, തൊഴിൽ നിയമങ്ങൾ, വിസ സ്റ്റാമ്പിംഗ്, ഇമിഗ്രേഷൻ, കസ്റ്റംസ് ക്ലിയറൻസ് തുടങ്ങിയവയെക്കുറിച്ച് അറിവ് നൽകുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) നിയമാനുസൃതമല്ലാത്ത റിക്രൂട്ട്മെന്റുകൾ, വിസ തട്ടിപ്പ് തുടങ്ങിയവയെക്കുറിച്ച് ശരിയായ ബോധവൽക്കരണം നടത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(സി) വിദേശ തൊഴിൽ കമ്പോളത്തിലെ വെല്ലുവിളികൾ നേരിടുന്നതിന് യുവജനങ്ങളെ പ്രാപ്തരാക്കുംവിധം വിദേശ തൊഴിൽ മേഖലയ്ക്ക് അനുസൃതമായ എന്തെല്ലാം നൈപുണ്യവികസന പരിശീലനപരിപാടികളാണ് സംസ്ഥാനത്ത് സംഘടിപ്പിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) വിദേശരാജ്യങ്ങളിൽ തൊഴിൽ അന്വേഷിക്കുന്നവർക്ക് വിദേശ തൊഴിൽ അവസരങ്ങൾ, തൊഴിൽ നിയമങ്ങൾ, വിസ സ്റ്റാമ്പിംഗ്, ഇമിഗ്രേഷൻ, കസ്റ്റംസ് ക്ലിയറൻസ് തുടങ്ങിയവയെക്കുറിച്ച് അറിവ് നൽകുന്നതിനായി പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പരിശീലന പരിപാടികൾ വിദേശകാര്യ മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് നോർക്ക-റൂട്ട്സ്, ഒഡെപെക് എന്നീ സ്ഥാപനങ്ങൾ മുഖേന നടത്തിവരുന്നു. ഇത് വിപുലീകരിക്കാനും സെന്റർ ഫോർ മാനേജ്മെന്റ് & ഡെവലപ്മെന്റിന്റെ സഹകരണത്തോടെ ഈ സാമ്പത്തിക വർഷം 14 ജില്ലകളിലും ബോധവൽക്കരണ പരിപാടി നടത്താനും

തീരുമാനിച്ചിട്ടുണ്ട്. പരിശീലകർക്ക് വിദേശകാര്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്തുവച്ച് ദ്വിദിന പരിശീലന പരിപാടിയും സംഘടിപ്പിച്ചിരുന്നു. ഒഡെപെക്-ന്റെ ആഭിമുഖ്യത്തിൽ എറണാകുളം കളമശ്ശേരിയിൽ പ്രവർത്തിക്കുന്ന പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ ട്രെയിനിംഗ് സെന്റർ മുഖേന വിദേശത്തേയ്ക്ക് തൊഴിൽ തേടി പോകുന്നവർക്കായി ബോധവത്കരണ ക്ലാസ്സുകൾ നടത്തിവരുന്നു. എമിഗ്രേഷൻ ക്ലിയറൻസ് നേടുന്നതിന്റെ ഭാഗമായി ഓരോ ഉദ്യോഗാർത്ഥിയേയും പ്രസ്തുത ക്ലാസ്സുകളിൽ നിർബന്ധമായും പങ്കെടുപ്പിക്കുന്നതിന് ശ്രദ്ധ ചെലുത്തുന്നുണ്ട്.

(ബി) നോർക്ക-റൂട്ട്സ്, ഒഡെപെക് എന്നിവ മുഖേന നടത്തിവരുന്ന പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പരിശീലന പരിപാടിയിലൂടെ നിയമാനുസൃതമല്ലാത്ത റിക്രൂട്ട്മെന്റുകൾ, വിസ തട്ടിപ്പ് തുടങ്ങിയവയെക്കുറിച്ച് ശരിയായ ബോധവത്കരണം നടത്തിവരുന്നുണ്ട്. വിദേശ തൊഴിൽ ദാതാവിൽ നിന്നും ഓരോ തൊഴിലിനനുസരിച്ചുള്ള നിയമങ്ങളും തൊഴിലാളിക്ക് നൽകുന്ന ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ഉൾപ്പെടുന്ന ഡിമാന്റ് ലെറ്റർ, പവർ ഓഫ് അറ്റോർണി എന്നിവ ശേഖരിക്കുകയും റിക്രൂട്ട്മെന്റിന്റെ ഭാഗമായി തൊഴിലുടമയും റിക്രൂട്ടിംഗ് ഏജൻസിയും സ്വീകരിക്കേണ്ട നിയമങ്ങൾ നിർദ്ദേശിക്കുന്ന കരാറിൽ ഒപ്പുവയ്ക്കുകയും ചെയ്തുവരുന്നു. വിദേശ തൊഴിൽ ദാതാവും റിക്രൂട്ടിംഗ് എജൻസിയും തൊഴിലാളിയും സംയുക്തമായി വിദേശകാര്യ മന്ത്രാലയത്തിന്റെ ഇ-മൈഗ്രേറ്റ് സംവിധാനത്തിൽ നിന്നും ലഭിക്കുന്ന തൊഴിൽ കരാറിൽ ഒപ്പുവയ്ക്കുന്നുണ്ട്. കൂടാതെ തൊഴിലന്വേഷകർ കബളിപ്പിക്കപ്പെടുന്നത് ഒഴിവാക്കാൻ വിദേശരാജ്യങ്ങളിലെ വിവിധ സർക്കാർ/സർക്കാർ ഇതര ഏജൻസികളുമായി കരാറിൽ ഏർപ്പെടുകയും ചെയ്തുവരുന്നുണ്ട്. പത്രമാധ്യമങ്ങൾ, എഫ്.എം. റേഡിയോ, സിനിമാ തിയേറ്ററുകൾ എന്നിവയിലൂടെ വിദേശ തൊഴിൽ അന്വേഷകർക്ക് ഉതകുന്ന ബോധവൽക്കരണ പരസ്യങ്ങളും നൽകിവരുന്നുണ്ട്.

(സി) കേരളത്തിലെ യുവാക്കളുടെ തൊഴിൽ വൈദഗ്ദ്ധ്യം വിദേശ തൊഴിൽ വിപണിയിലെ വെല്ലുവിളികൾ നേരിടത്തക്കവിധം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ കേരളീയ പ്രവാസികാര്യ വകുപ്പ് നോർക്ക-റൂട്ട്സ് മുഖേന സ്കിൽ അപ്ഗ്രഡേഷൻ പ്രോഗ്രാം & റീ-ഇന്റഗ്രേഷൻ പ്രോഗ്രാം എന്നിവ നടപ്പാക്കി വരുന്നു. നിശ്ചിത സാങ്കേതിക യോഗ്യതയുള്ളവർക്ക് വിദേശത്ത് പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിൽ തൊഴിൽ നേടാൻ സഹായകമാകുന്ന രീതിയിൽ സാങ്കേതിക വിദ്യ പകർന്നുകൊടുക്കുകയാണ് ഇതിന്റെ ലക്ഷ്യം. കേരള സർക്കാരിന്റെ വ്യാവസായിക പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകൾ (ഐ.റ്റി.ഐ.), പോളിടെക്നിക്ക് കോളേജുകൾ, എൽ.ബി.എസ്. സെന്ററുകൾ എന്നിവയുമായി സഹകരിച്ചാണ് ഈ പരിശീലന പദ്ധതി നടപ്പിലാക്കിവരുന്നത്. സാങ്കേതിക വൈദഗ്ദ്ധ്യം നൽകുക,

അറബ്-ഇംഗ്ലീഷ് ഭാഷകൾ, നിയമ നടപടികൾ, വിസ, തൊഴിൽ കരാർ മുതലായവ സംബന്ധിച്ച് ബോധവൽക്കരണം നൽകുക എന്നിവയും ഈ പരിശീലന പരിപാടിയിൽ ഉൾപ്പെടുന്നു. യു.കെ., അയർലന്റ് എന്നീ രാജ്യങ്ങളിലെ നഴ്സിംഗ് മേഖലയിൽ തൊഴിൽ അന്വേഷിക്കുന്നവർക്കായി ഒഡെപെക് മുഖേനയും ഗൾഫ് രാജ്യങ്ങളായ സൗദി അറേബ്യ, ഒമാൻ, യു.എ.ഇ., ഖത്തർ, കുവൈറ്റ് എന്നിവിടങ്ങളിലെ ആരോഗ്യ മേഖലയിൽ തൊഴിൽ നേടാനാഗ്രഹിക്കുന്നവർക്കായി കേരള അക്കാഡമിക് സ്കിൽസ് എക്സലൻസ് (കെ.എ.എസ്.ഇ.) എന്ന സ്ഥാപനം മുഖേനയും പരീക്ഷാ പരിശീലനം നൽകിവരുന്നു.

## റേഷൻ കടകളുടെ വൈവിദ്ധ്യവൽക്കരണം

22(*322) ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻകാലങ്ങളെ അപേക്ഷിച്ച് സമൂഹത്തിലെ എല്ലാ വിഭാഗം ആളുകളും റേഷൻ കടകളിലേക്ക് എത്തുന്ന സാഹചര്യത്തിൽ റേഷൻ കടകളെ വൈവിദ്ധ്യവൽക്കരിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ റേഷൻ കടകളുടെ വൈവിദ്ധ്യവല്ക്കരണ നടപടികൾക്ക് തുടക്കമായോ; ഏതൊക്കെ രീതിയിലുള്ള വൈവിദ്ധ്യവല്ക്കരണമാണ് ലക്ഷ്യമിടുന്നതെന്നും അവ എത്രകാലം കൊണ്ട് പൂർത്തിയാകുമെന്നും അറിയിക്കുമോ;

(സി) റേഷൻ കടകളിലേക്ക് കൂടുതൽ ജനങ്ങളെ ആകർഷിക്കുന്ന തരത്തിൽ അവ മോടിപിടിപ്പിക്കുന്നതിനും ഏകീകൃത രൂപം നല്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ജനങ്ങളുടെ സൗകര്യം കണക്കിലെടുത്ത് സംസ്ഥാനത്ത് കൂടുതൽ റേഷൻ കടകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ&ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതിന്റെ ഭാഗമായി റേഷൻ കടകളെ വൈവിദ്ധ്യവത്കരിക്കുന്നതിന് സപ്ലൈകോ വഴി വിൽക്കുന്ന സബ്സിഡി ഇതര സാധനങ്ങൾ റേഷൻ കടകൾ വഴി വിൽപ്പന നടത്തുന്നത് സംബന്ധിച്ചുള്ള പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുണ്ട്.

കൂടാതെ റേഷൻ കടകൾ വഴി കുപ്പിവെള്ളവും ശബരി തേയിലയും വിൽക്കുന്നത് സംബന്ധിച്ച വിഷയത്തിൽ 11-6-2019-ന് ബഹുമാനപ്പെട്ട ഭക്ഷ്യ പൊതുവിതരണ വകുപ്പുമന്ത്രി റേഷൻ വ്യാപാരി സംഘടനാ പ്രതിനിധികളുമായി നടത്തിയ യോഗത്തിൽ കുപ്പിവെള്ളവും ശബരി തേയിലയും മറ്റ് ഉല്പന്നങ്ങളും റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നതിന് തത്വത്തിൽ തീരുമാനിക്കുകയും ഒരു താലൂക്കിൽ ഒരു കടയിൽ കുപ്പിവെള്ളം, ശബരി തേയില എന്നിവ വിൽപ്പന നടത്തുന്നത് സംബന്ധിച്ച പൈലറ്റ് പ്രോജക്ട് നടപ്പിൽവരുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

റേഷൻ കടകളിലെ ഇ-പോസ് മെഷീൻ വഴി മൈക്രോ എ.ടി.എം. സംവിധാനം ആരംഭിക്കുന്നതിനായി വിവിധ ബാങ്കുകളുടെ Expression of Interest (EoI) പരിശോധിച്ചുവരുന്നു.

(സി) റേഷൻ കട നവീകരണത്തിന്റെ ഭാഗമായി റേഷൻ കടകൾക്ക് ഒരു ഏകീകൃത മാതൃക തയ്യാറാക്കുകയും ആയത് നടപ്പിൽവരുത്തി റേഷൻ കടകളുടെ നവീകരണം താഴെപ്പറയുന്ന രീതിയിൽ പൂർത്തീകരിച്ചിട്ടുണ്ട്.

(1) ചുവപ്പും മഞ്ഞയും നിറത്തിൽ നിശ്ചിത മാതൃകയിൽ ബോർഡുകൾ സ്ഥാപിക്കുക.

(2) നിശ്ചിത മാതൃകയിൽ ഉള്ള സ്റ്റോക്ക് ബോർഡ്/വിലവിവര പട്ടിക ജനങ്ങൾക്ക് കാണത്തക്ക രീതിയിൽ സ്ഥാപിക്കുക.

(3) കടയുടെ ഉൾവശം വൈറ്റ് വാഷ് ചെയ്യുക.

(4) ഷട്ടർ/ഡോർ എന്നിവ അംഗീകരിച്ച മാതൃകയിൽ പെയിന്റ് ചെയ്യുക.

(ഡി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നടപ്പിലാക്കിയതിന്റെ ഭാഗമായി റേഷൻകട ഏകീകരണം, പോർട്ടബിലിറ്റി തുടങ്ങിയവ നടപ്പിലാക്കിയതിനാൽ നിലവിൽ പുതിയ റേഷൻകട അനുവദിക്കുന്ന നടപടികൾ നിർത്തിവച്ചിരിക്കുകയാണ്. എന്നാൽ ആവശ്യകത പരിശോധിച്ച് ബോധ്യപ്പെടുന്ന പക്ഷം പുതിയ റേഷൻ കടകൾ അനുവദിക്കുന്നതാണ്.

**നവകേരള നിർമ്മാണ പ്രവർത്തനങ്ങൾ**

23(*323) ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള നിർമ്മാണത്തിന് സർക്കാർ നടത്തിയ സമർത്ഥമായ ഇടപെടലിന്റെ ഫലമായി ലോക ബാങ്കിൽ നിന്ന് ആദ്യഗഡു വായ്പ

അനുവദിച്ചിട്ടുണ്ടോ; ഏതൊക്കെ മേഖലകളിലുള്ള പുനഃസൃഷ്ടിക്കായാണ് തുക അനുവദിച്ചിരിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടേയും ജീവിത നിലവാരം മുൻപുണ്ടായിരുന്നതിനേക്കാൾ മെച്ചപ്പെട്ട രീതിയിൽ ഉറപ്പുവരുത്തുന്ന തരത്തിലാണോ പുനർനിർമ്മാണ പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നത്; വ്യക്തമാക്കുമോ;

(സി) ജീവനോപാധി പുനഃസൃഷ്ടിക്കാനായി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) കേരള പുനർനിർമ്മാണ പദ്ധതികൾക്കായി ലോക ബാങ്കിൽ നിന്ന് 5137.34 കോടി രൂപയുടെ (സംസ്ഥാന വിഹിതം ഉൾപ്പെടെ) വികസന നയവായ്പ (DPL), ജർമ്മൻ ബാങ്കായ KfW-ൽ നിന്ന് 1458 കോടി രൂപ (സംസ്ഥാന വിഹിതം ഉൾപ്പെടെ)-യുടെ വായ്പ എന്നിവ സംബന്ധിച്ച ധാരണാപത്രം ഒപ്പിടുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. വായ്പയുടെ ആദ്യ ഗഡു ലഭ്യമാക്കുന്നത് സംബന്ധിച്ച മുന്നൊരുക്ക പ്രവർത്തനങ്ങൾ നടന്നുവരുന്നു. വായ്പയായി ലഭിക്കുന്ന തുക കേരള പുനർനിർമ്മാണ വികസന പരിപാടി (Rebuild Kerala Development Programme)-യുടെ നയരൂപരേഖയിൽ സുപ്രധാന മേഖലകളായി പരാമർശിക്കുന്ന കൃഷി, മൃഗപരിപാലനം, ഫിഷറീസ്, വനം, ഭൂമി, ജീവനോപാധികൾ, റോഡുകളും പാലങ്ങളും, ഗതാഗതം, നഗരവികസനവും അടിസ്ഥാന സൗകര്യങ്ങളും, ജലവിതരണവും ശുചിത്വവും, ജലവിഭവം എന്നീ മേഖലകൾക്കും വിവിധ മേഖലകളിലായി വ്യാപിച്ചുകിടക്കുന്ന പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം, ദുരന്ത സാദ്ധ്യതാ ലഘൂകരണം, ഓപ്പൺ ഡാറ്റ, പൊതുമേഖലയെ ശക്തിപ്പെടുത്തൽ എന്നീ മേഖലകൾക്കും ഊന്നൽ നൽകിക്കൊണ്ട് ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്നതിന് കേരള പുനർനിർമ്മാണ വികസന പരിപാടി (Rebuild Kerala Development Programme)-യുടെ നയരൂപരേഖയ്ക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. അതിജീവനക്ഷമവും പരിസ്ഥിതി സൗഹാർദ്ദപരവുമായ പുനർനിർമ്മാണ പ്രവർത്തനം ഉറപ്പുവരുത്തുന്ന പദ്ധതി, കൃഷി, മൃഗപരിപാലനം, ഫിഷറീസ് അടിസ്ഥാന സൗകര്യ വികസനം, ജീവനോപാധികൾ, വനം, നഗരവികസനം, ജലവിതരണവും ശുചിത്വവും, ജലവിഭവം, ഗതാഗതം, കാലാവസ്ഥാ വ്യതിയാനം,

ദുരന്തസാധ്യതാ ലഘൂകരണം, ഓപ്പൺ ഡാറ്റ, പൊതുമേഖലയെ ശക്തിപ്പെടുത്തൽ തുടങ്ങിയ പ്രധാനപ്പെട്ട എല്ലാ മേഖലകളിലും ഫലപ്രദമായ ഇടപെടലുകൾ നടത്തി എല്ലാ വിഭാഗം ജനങ്ങളുടെയും ജീവിതനിലവാരം മുമ്പത്തേതിനേക്കാൾ മെച്ചപ്പെട്ട തലത്തിലേയ്ക്ക് എത്തിക്കുന്ന രീതിയിലാണ് പുനർനിർമ്മാണ പദ്ധതികൾ വിഭാവന ചെയ്തിരിക്കുന്നത്.

(സി) ജീവനോപാധികളുടെ പുനഃസ്ഥാപനം അതീവ പ്രാധാന്യത്തോടെ കണ്ടുകൊണ്ട് സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

കുടുംബശ്രീ പദ്ധതിയിൽപ്പെടുത്തി റീസർജന്റ് കേരള ലോൺ ഇനത്തിൽ നാളിതുവരെ 1348.18 കോടി രൂപയുടെ ധനസഹായം ലഭ്യമാക്കി.

പ്രളയക്കെടുതിയിൽ ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് വരുമാനമാർഗ്ഗം കണ്ടെത്തുക ലക്ഷ്യമിട്ട് ARISE പദ്ധതി പ്രകാരം 50000 പേർക്ക് വിവിധ മേഖലകളിൽ തൊഴിൽ പരിശീലനം നൽകുന്നു. കൂടാതെ, കെട്ടിടനിർമ്മാണം പൂർണ്ണമായും ഏറ്റെടുക്കാൻ പ്രാപ്തിയുള്ള 246 കൺസ്ട്രക്ഷൻ ഗ്രൂപ്പുകൾ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുണ്ട്. വ്യവസായ വകുപ്പ് പ്രളയത്തിൽ ഉൾപ്പെട്ടവർക്ക് തങ്ങളുടെ ഉപജീവനമാർഗ്ഗങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനായി 'ഉജ്ജീവന ' പദ്ധതി നടപ്പാക്കിവരുന്നു. കൂടാതെ പ്രളയബാധിതരെ സഹായിക്കാനായി പുനർജനി എന്ന പേരിൽ പുതിയ വായ്പാ പദ്ധതിക്ക് KSIDC രൂപം നൽകുകയും ചെയ്തിട്ടുണ്ട്.

കാർഷിക മേഖലയുടെ സമഗ്ര പുനരുജ്ജീവനത്തിനായി ജനപ്രതിനിധികൾ, കർഷകർ, സന്നദ്ധപ്രവർത്തകർ, അഗ്രോസർവ്വീസ് സെന്റർ - കാർഷിക കർമ്മസേന അംഗങ്ങൾ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി 'പുനർജനി ' എന്ന പേരിൽ കാർഷികമേഖലയുടെ പുനഃസൃഷ്ടിക്കായി, അടിയന്തര പ്രാധാന്യമുള്ള പ്രവൃത്തികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു.

**പ്രളയാനന്തര പുനർനിർമ്മാണത്തിനായി സ്വീകരിച്ച നടപടികൾ**

24(*324) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര പുനർനിർമ്മാണത്തിനായി ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത പുനർനിർമ്മാണത്തിന് ആവശ്യമായ തുക ഏതൊക്കെ വിധത്തിൽ സമാഹരിക്കുവാനാണ് ഉദ്ദേശിച്ചിരുന്നത്;

(സി) പ്രത്യേക ധനസഹായ പാക്കേജ് അനുവദിക്കണമെന്ന കേന്ദ്ര സർക്കാരിനോടുള്ള സംസ്ഥാന സർക്കാരിന്റെ അപേക്ഷയിൽ ഇതിനകം എന്തെങ്കിലും പ്രതികരണം ഉണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ കൂടുതൽ സമ്മർദ്ദം ചെലുത്തുമോ;

(ഡി) വിവിധ വകുപ്പുകൾ മുഖേനയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ധനസഹായം വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; അത് അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) സംസ്ഥാനത്ത് പ്രളയാനന്തര പദ്ധതികൾ ഏകോപിപ്പിക്കുന്നതിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI) സെക്രട്ടേറിയറ്റ് രൂപീകരിച്ചിട്ടുണ്ട്. പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയിട്ടുള്ള സമഗ്രരേഖയായ കേരള പുനർനിർമ്മാണ വികസന പരിപാടി (RKDP)-ക്ക് മന്ത്രിസഭ അംഗീകാരം നൽകിയിട്ടുണ്ട്. നിലവിൽ ലോകബാങ്കിന്റെ വികസനനയ വായ്പ ലഭിക്കുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു.

(ബി) പ്രളയാനന്തര പുനർനിർമ്മാണ പദ്ധതികൾ നടപ്പാക്കുന്നതിനാവശ്യമായ ഫണ്ടുകൾ താഴെപ്പറയുന്ന വിവിധ സ്രോതസ്സുകളിൽ നിന്ന് സമാഹരിക്കുന്നതിനായി സർക്കാർ തീരുമാനിച്ചിട്ടുണ്ട്:

- സംസ്ഥാന ബഡ്ജറ്റ് - ബഹുവിധ ഏജൻസികൾ (ലോകബാങ്ക്, എ.ഡി.ബി. മുതലായവ ഉൾപ്പെടെ), JICA, KfW മുതലായ ഏജൻസികൾ
- കേന്ദ്രാവിഷ്കൃത പദ്ധതികൾക്കു കീഴിൽ കൂടുതൽ വകയിരുത്തൽ
- കേന്ദ്ര ഗവൺമെന്റ് പദ്ധതികളുടെ കീഴിൽ ഫ്ലെക്സി ഫണ്ടിന്റെ വിന്യാസം
- ക്രൗഡ് ഫണ്ടിംഗ്
- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി വഴി സമാഹരണം
- NIDA വഴി നബാർഡ് ഫണ്ടിംഗ്
- ഹഡ്കോയും മറ്റ് വായ്പകളും

കൂടാതെ, സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക് സേവനങ്ങൾക്കുമേൽ ചുമത്തുന്ന ജി.എസ്.ടി.-ക്കുമേൽ ഒരു ശതമാനം സെസ് അധികമായി ചുമത്തുവാൻ അനുമതി ലഭിച്ചിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാരിൽനിന്നും മറുപടി ലഭിച്ചിട്ടില്ല.

(ഡി) സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിലേയ്ക്കുള്ള കേന്ദ്ര വിഹിതം 90 ശതമാനമായി ഉയർത്തണമെന്ന്, 2018 മേയ് മാസത്തിൽ പതിനഞ്ചാം ധനകാര്യ കമ്മീഷന് മുമ്പാകെ സംസ്ഥാനം സമർപ്പിച്ച മെമ്മോറാണ്ടത്തിൽ അഭ്യർത്ഥിച്ചിട്ടുണ്ട്. പതിനാലാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം 2018, 2019-20 വർഷങ്ങളിൽ കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള സംസ്ഥാന ദുരന്തനിവാരണ ഫണ്ടിലേയ്ക്കുള്ള വിഹിതം 90:10 എന്ന രീതിയിലാക്കിയിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്തുണ്ടായ പ്രളയ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പ്രളയ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട ചില പ്രവൃത്തികൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിലുള്ള 100 തൊഴിൽ ദിനങ്ങൾക്കുപുറമെ അധികമായി 100 അവിദഗ്ദ്ധ തൊഴിൽ ദിനങ്ങൾ കൂടി വർദ്ധിപ്പിക്കുകവഴി ആകെ 2600 കോടി രൂപയുടെ അധിക സഹായം നൽകണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ കേന്ദ്ര വിഹിതം വർദ്ധിപ്പിച്ചതായുള്ള അറിയിപ്പുകളൊന്നും ഇതുവരെ ലഭിച്ചിട്ടില്ല.

**ആയുഷ് ചികിത്സാ സമ്പ്രദായങ്ങളുടെ പ്രോത്സാഹനം**

25(*325) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. കെ. രാജൻ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുഷ് ചികിത്സാ സമ്പ്രദായങ്ങളുടെ വിവിധ സ്പെഷ്യാലിറ്റി ചികിത്സാരീതികൾ പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ ശ്രമങ്ങളാണ് നടത്തുന്നതെന്ന് വിശദമാക്കുമോ;

(ബി) ആയുഷ് ചികിത്സാ സമ്പ്രദായങ്ങളുടെ ശാസ്ത്രീയമായ അടിത്തറ വിപുലപ്പെടുത്തുന്നതിനും ലോകത്തിന് മുമ്പിൽ കൂടുതൽ ദൃശ്യത കൈവരുത്തുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) പൊതുജനാരോഗ്യമേഖലയിൽ ഏറ്റവും ചെലവ് കുറഞ്ഞതും ജനകീയവുമായ തദ്ദേശീയ വൈദ്യസമ്പ്രദായങ്ങളെ ഫലപ്രദമായി ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ചില രോഗങ്ങൾക്ക് അലോപ്പതി ചികിത്സയേക്കാൾ മെച്ചപ്പെട്ട ചികിത്സാ ഫലം നൽകുന്ന ആയുഷ് വിഭാഗം ചികിത്സാ രീതികൾ നിലവിലുണ്ടോ; ആയത് സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ഇ) ഹോളിസ്റ്റിക് മെഡിസിന്റെ സാധ്യതകളെ ഏത് തരത്തിലാണ് സർക്കാർ സമീപിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ആയുഷ് ചികിത്സാ സമ്പ്രദായങ്ങളിൽ സ്പെഷ്യാലിറ്റി ചികിത്സ നൽകുവാൻ സാധിക്കുന്ന മേഖല കണ്ടെത്തി പൊതുആരോഗ്യ രംഗത്തിന് ഉപയോഗപ്രദമായ രീതിയിൽ ആയുർവേദത്തിലും ഹോമിയോപ്പതിയിലും സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ, സെന്ററുകൾ, പദ്ധതികൾ എന്നിവ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള 14 ജില്ലകളിലേയും ജില്ലാ ആശുപത്രികളിൽ മാനസികം, പ്രസൂതി തന്ത്ര, കൗമാരഭൃത്യം, പഞ്ചകർമ്മ, ജെറിയാട്രിക് കെയർ എന്നീ യൂണിറ്റുകളും തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ ജീവനി, പുനർന്നവ, ക്ഷാരസൂത്ര, ക്ഷേമജനനി, സ്നേഹധാര, സിക്കിൾസെൽ, സിദ്ധ, നിർവിഷ, സ്പോർട്സ് മെഡിസിൻ എന്നീ യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. സ്കൂൾ കുട്ടികളിൽ ഉണ്ടാകുന്ന പഠനവൈകല്യങ്ങളും മറ്റ് അസുഖങ്ങളും പരിഹരിച്ച് നല്ലൊരു തലമുറയെ വാർത്തെടുക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ ഋതു, പ്രസാദം, ദൃഷ്ടി എന്നീ വിദ്യാലയ ആരോഗ്യ പദ്ധതികളും നടപ്പിലാക്കിവരുന്നു.

ഹോമിയോപ്പതി വകുപ്പിനുകീഴിൽ ജനനി, സീതാലയം, കൗമാര ആരോഗ്യം എന്നീ പദ്ധതികളും വയോജന പരിപാലന കേന്ദ്രങ്ങളും ഡി-അഡിക്ഷൻ, പെയിൻ & പാലിയേറ്റീവ് കെയർ സെന്ററുകളും, സ്പെഷ്യാലിറ്റി മൊബൈൽ ഹോമിയോ ക്ലിനിക്കുകൾ, ട്രാൻസ്ജെൻഡേഴ്സിന് വേണ്ടിയുള്ള ക്ലിനിക്കുകൾ എന്നിവയും നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ ആയുർവേദ/ ഹോമിയോപ്പതി വിദ്യാഭ്യാസ വിഭാഗത്തിന് കീഴിലുള്ള വിവിധ സർക്കാർ കോളേജുകളിൽ സ്പെഷ്യാലിറ്റികൾ

വകുപ്പടിസ്ഥാനത്തിൽ IP/OP ചികിത്സകളും നൽകിവരുന്നുണ്ട്. ഇതിലേയ്ക്കാവശ്യമായ എല്ലാ തുകയും സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ നിന്നും നാഷണൽ ആയുഷ് മിഷന്റെ ഫണ്ടിൽനിന്നും ഫലപ്രദമായി വിനിയോഗിച്ചുവരുന്നുണ്ട്.

(ബി) ആയുഷ് ചികിത്സാ സമ്പ്രദായങ്ങളുടെ ശാസ്ത്രീയ അടിത്തറ വിപുലപ്പെടുത്തി അവയെ ലോകസമക്ഷം അവതരിപ്പിക്കുകയും ആയതിൽ അധിഷ്ഠിതമായ വെൽനസ് ടൂറിസം മേഖലയിൽ കേരളത്തെ ഒന്നാമതായി അടയാളപ്പെടുത്തുകയും ആയുഷ് മേഖലയിലെ വിദഗ്ദ്ധരെ ലോകത്തിന് പരിചയപ്പെടുത്തുകയും പൊതുജനാരോഗ്യ മേഖലയിൽ ഏറ്റവും ജനകീയവും ചെലവ് കുറഞ്ഞതും തദ്ദേശീയവുമായ കേരള ആരോഗ്യ മാതൃകയെ ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിനും ആയുഷ് ചികിത്സാ സമ്പ്രദായങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിനും ലോകത്തിന് മുന്നിൽ ഈ സമ്പ്രദായത്തിന്റെ ദൃശ്യത കൂടുതൽ കൈവരുത്തുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായുമാണ് സംസ്ഥാന സർക്കാർ അന്താരാഷ്ട്ര ആയുഷ് കോൺക്ലേവ്, 2019 ഫെബ്രുവരിയിൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ചത്. അഞ്ച് ദിവസം നീണ്ടുനിന്ന പ്രസ്തുത പരിപാടിയിൽ അന്താരാഷ്ട്ര നിലവാരമുള്ള സെമിനാറുകൾ, എക്സ്പോ, ബിസിനസ്സ് മീറ്റ്, സ്റ്റാർട്ട്അപ്പ് പ്രോഗ്രാമുകൾ തുടങ്ങിയവ സംഘടിപ്പിച്ചിരുന്നു.

കൂടാതെ ആയുർവേദ ആശുപത്രികളിലും ഡിസ്പെൻസറികളിലും ചികിത്സയ്ക്കെത്തുന്ന രോഗികളുടെ വിവരങ്ങൾ ശേഖരിച്ച് ആയത് ശാസ്ത്രീയമായ ഗവേഷണ പഠനങ്ങളിലൂടെ ലോകത്തിന് മുമ്പിൽ അതിന്റെ വിശ്വാസ്യത കൈവരിക്കുന്നതിനുവേണ്ടി നാഷണൽ/ഇന്റർനാഷണൽ ജേർണലിൽ പബ്ലിഷ് ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികളും തുടങ്ങിക്കഴിഞ്ഞു.

ഇതിന് പുറമെ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ആയുർവേദവും ആധുനിക ജൈവസാങ്കേതികവിദ്യയും ബന്ധപ്പെടുത്തിയുള്ള ഗവേഷണങ്ങൾക്കുവേണ്ടി അന്തർദ്ദേശീയ നിലവാരമുള്ള ലബോറട്ടിയും പഠനകേന്ദ്രവും (ഇന്റർനാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദ) സ്ഥാപിക്കുന്ന പദ്ധതി സർക്കാർ ആരംഭിച്ചുകഴിഞ്ഞു. ഇതിന്റെ ശിലാസ്ഥാപനം കണ്ണൂർ, കല്യാട് ഫെബ്രുവരി മാസത്തിൽ നടന്നു.

(സി) പൊതുജനാരോഗ്യ മേഖലയിൽ ഏറ്റവും ചെലവ് കുറഞ്ഞതും ജനകീയവുമായ ഒന്നാണ് ആയുഷ് ചികിത്സാ സമ്പ്രദായങ്ങൾ. ഓരോ വർഷം പിന്നിടുമ്പോഴും പൊതുജനാരോഗ്യ മേഖലയിൽ ആയുഷ് ചികിത്സാ സമ്പ്രദായങ്ങൾ കൂടുതൽ ജനകീയമാകുകയും കൂടുതൽ പേർ ഇവയുടെ ആതുര സേവനങ്ങളെ മുമ്പെന്നത്തേക്കാൾ ആശ്രയിക്കുകയും ചെയ്തുവരുന്നു. ഇത്തരം

സമ്പ്രദായം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് കേരളത്തിലെ എല്ലാ പഞ്ചായത്തിലും ആയുർവേദ ഡിസ്പെൻസറികൾ ആരംഭിച്ചിട്ടുണ്ട്. ഹോമിയോപ്പതി വകുപ്പിന്റെ കീഴിലും എല്ലാ പഞ്ചായത്തുകളിലും ഡിസ്പെൻസറികൾ ആരംഭിക്കുന്ന നടപടികൾ ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി 10 ഹോമിയോ ഡിസ്പെൻസറികൾ ആരംഭിച്ചു. ഇതിലൂടെ കേരള സംസ്ഥാനത്തെ 100 ശതമാനം ആയുർവേദ ഹോമിയോപ്പതി വ്യാപന സംസ്ഥാനമാക്കി മാറ്റുവാനാണ് ലക്ഷ്യം വയ്ക്കുന്നത്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ആയുഷ്ഗ്രാമം, ആയുഷ് വെൽനെസ് സെന്റർ, സ്കൂൾ ആരോഗ്യ പരിപാടി തുടങ്ങിയവ മുഖാന്തരവും ഈ സമ്പ്രദായങ്ങളെ വ്യാപനം ചെയ്യുന്നുണ്ട്. ഇക്കാര്യങ്ങൾ എല്ലാം തദ്ദേശീയ വൈദ്യസമ്പ്രദായങ്ങളെ പ്രചരിപ്പിക്കുന്നതിനും ഫലപ്രദമായി ഉപയോഗിക്കുന്നതിനും സാധിക്കുന്നുണ്ട്.

(ഡി) ഇതുസംബന്ധിച്ച് ശാസ്ത്രീയമായ സമ്പൂർണ്ണ പഠനം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ശാരീരിക, മാനസിക ഭാവങ്ങളെ സമന്വയിപ്പിച്ചുകൊണ്ട് വ്യക്ത്യധിഷ്ഠിതമായുള്ള ഒരു സമഗ്ര ചികിത്സാ സമീപനമാണ് ഹോളിസ്റ്റിക് മെഡിസിൻ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഈ സമീപനത്തെ ചുവട് പിടിച്ചുകൊണ്ട് ആയുർവേദ, ഹോമിയോ, സിദ്ധ, യുനാനി, യോഗ, നാച്ചുറോപ്പതി എന്നീ ചികിത്സാ സമ്പ്രദായങ്ങളുടെ സേവനം ഒരു കുടക്കീഴിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി സംയോജിത ചികിത്സ ലഭ്യമാക്കുകയാണ് ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ ചെയ്തുവരുന്നത്. ആയുർവേദം, യോഗ മുതലായ ഭാരതത്തിന്റെ സമ്പ്രദായങ്ങളും പ്രകൃതിജീവനം, തെറാപ്യൂട്ടിക് യോഗ, ഹോമിയോപ്പതി എന്നിവയും ആയുഷ് മിഷന്റെ നേതൃത്വത്തിലുള്ള ഹോളിസ്റ്റിക് സെന്ററുകളിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

വിവിധ ചികിത്സാ ശാസ്ത്രങ്ങളുടെ ഗുണാംശങ്ങളെ സംയോജിപ്പിച്ചുകൊണ്ടുള്ള ഇത്തരം ഹോളിസ്റ്റിക് സെന്ററുകളുടെ സമഗ്ര ആതുര സേവനം ഒരു ചികിത്സാ സമ്പ്രദായത്തെ മാത്രം ആശ്രയിക്കുന്നതിനേക്കാൾ പലമടങ്ങ് ഗുണപ്രദമായി കണ്ടുവരുന്നു. അതത് ചികിത്സാ സമ്പ്രദായങ്ങളുടെ പ്രാധാന്യവും ഫലപ്രാപ്തിയും കണക്കിലെടുത്തുകൊണ്ട് പൊതുആരോഗ്യരംഗത്ത് ജനങ്ങൾക്ക് ഉപയോഗപ്രദമാകുന്ന രീതിയിലുള്ള സേവനങ്ങൾ നൽകുകയെന്ന ആത്യന്തിക ലക്ഷ്യം മുന്നിൽ വച്ചുകൊണ്ട് ഹോളിസ്റ്റിക് മെഡിസിന്റെ ഗുണപരമായ സാദ്ധ്യതകളെ പരമാവധി ഉപയോഗപ്പെടുത്തുകയെന്നതാണ് സർക്കാരിന്റെ സമീപനം.

## ഭക്ഷ്യോപദേശക വിജിലൻസ് സമിതികൾ

26(*326) ശ്രീ. റ്റി. വി.രാജേഷ്:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻസാധനങ്ങൾ പൊതുജനങ്ങൾക്ക് കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) റേഷൻ വിതരണത്തിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിനും പൊതുജനങ്ങൾ ഇതുസംബന്ധിച്ച് നൽകുന്ന പരാതികൾ തീർപ്പാക്കുന്നതിനുമായി ഭക്ഷ്യോപദേശക വിജിലൻസ് സമിതികൾ രൂപീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഈ സമിതികളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഏതെല്ലാം തലത്തിലാണ് ഇവ രൂപീകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) റേഷൻ സാധനങ്ങൾ പൊതുജനങ്ങൾക്ക് കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളിലും ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിച്ച് റേഷൻ വിതരണം ആരംഭിച്ചു.
2. റേഷൻ കാർഡിലെ അംഗങ്ങളുടെ ബയോമെട്രിക് വിവരങ്ങൾ ശേഖരിച്ച് ആതന്റിക്കേറ്റ് ചെയ്ത് യഥാർത്ഥ ഗുണഭോക്താവിനുതന്നെ റേഷൻ ലഭിക്കുന്നു എന്നുറപ്പാക്കുന്നു.
3. റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ തത്സമയം വകുപ്പിന്റെ പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കാൻ സാധിക്കും.
4. വാതിൽപ്പടി വിതരണം നിരീക്ഷിക്കുന്നതിന് സപ്ലൈ ചെയിൻ മാനേജ്മെന്റ് ആപ്ലിക്കേഷൻ ഉപയോഗിച്ചുവരുന്നു.
5. ഗുണഭോക്താക്കൾക്ക് റേഷൻ വിഹിതം സംബന്ധിച്ച് എസ്.എം.എസ്. സന്ദേശം നൽകിവരുന്നു.

6. മൊബൈൽ ആപ്പ് വഴി റേഷൻ കാർഡ് വിവരങ്ങളും റേഷൻ സാധനങ്ങളുടെ വിവരങ്ങളും ലഭ്യമാക്കുന്നു.
7. ഡിജിലോക്കർ സംവിധാനത്തിൽ റേഷൻ കാർഡുകളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.
8. പരാതികൾ പരിഹരിക്കുന്നതിനായി സംസ്ഥാന ഭക്ഷ്യ കമ്മീഷൻ രൂപീകരിച്ചു.

കൂടാതെ റേഷനിംഗ് ഇൻസ്പെക്ടർമാർ പ്രതിവാരം 10 കാർഡുകളെങ്കിലും പരിശോധിച്ച് പരിശോധനയുടെ അടിസ്ഥാനത്തിൽ കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടോ എന്നും റേഷൻ വ്യാപാരി കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടോ എന്നും ഉറപ്പ് വരുത്തുന്നതിനും വീഴ്ച വരുത്തുന്നവരുടെ പേരിൽ കർശന നടപടികൾ സ്വീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി&സി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013-ന്റെ സെക്ഷൻ (29) പ്രകാരം പൊതുവിതരണ രംഗത്തെ കൃത്യതയും സുതാര്യതയും ഉറപ്പ് വരുത്തുന്നതിനായി സംസ്ഥാന, ജില്ലാ, ബ്ലോക്ക്, റേഷൻകട തല വിജിലൻസ് കമ്മിറ്റികൾ 17-8-2018-ലെ സ.ഉ.(സാധാ) നമ്പർ 417/2018/ഭ.സി.സ.വ., 418/2018/ഭ.സി.സ.വ., 419/2018/ഭ.സി.സ.വ., 420/2018/ഭ.സി.സ.വ. എന്നിവ പ്രകാരം രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനതല വിജിലൻസ് കമ്മിറ്റിയിൽ കേരള നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികളിൽ നിന്നും നാമനിർദ്ദേശം ചെയ്യുന്നതിനായി നിയമസഭാസാമാജികരുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട രാഷ്ട്രീയ പാർട്ടികൾക്ക് കത്ത് നൽകിയിട്ടുണ്ട്. ജില്ലാ, താലൂക്ക്, റേഷൻകടതല വിജിലൻസ് കമ്മിറ്റികളിൽ ഉൾപ്പെടുത്തേണ്ട അംഗങ്ങളെ നിർദ്ദേശിക്കുന്നതിന് ജില്ലാ സപ്ലൈ ആഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## നവോത്ഥാന സംരക്ഷണ സമിതിയുടെ പ്രവർത്തനം

27(*327) <u>ശ്രീ. വി. പി. സജീന്ദ്രൻ :</u>
<u>ശ്രീ. കെ. സി. ജോസഫ് :</u>
<u>ശ്രീ. എം. വിൻസെന്റ് :</u>
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നവോത്ഥാനമൂല്യ സംരക്ഷണത്തിനായി രൂപീകരിച്ച നവോത്ഥാന സംരക്ഷണ സമിതിയുടെ പ്രവർത്തനം പാർലമെന്റ് തിരഞ്ഞെടുപ്പിന് മുന്നോടിയായി നിർത്തിവച്ചിരുന്നോ എന്നറിയിക്കുമോ;

(ബി) സർക്കാർ വിശ്വാസികൾക്ക് എതിരായിരുന്നു എന്ന പ്രചരണം പ്രതിരോധിക്കുന്നതിനും വിശ്വാസികളുടെ തെറ്റിദ്ധാരണ മാറ്റുന്നതിനും ഈ സമിതിയുടെ പ്രവർത്തനം തുടർന്നിരുന്നുവെങ്കിൽ സാധിക്കുമായിരുന്നുവെന്ന് സർക്കാർ കരുതുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ&ബി) നവോത്ഥാനമൂല്യ സംരക്ഷണത്തിനായി രൂപീകരിച്ച സമിതി അതത് ഘട്ടങ്ങളിൽ യോഗം ചേർന്ന് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് മുന്നോട്ടുപോകുന്ന രീതിയാണ് സ്വീകരിച്ചിട്ടുള്ളത്.

## ജീവിതശൈലിരോഗനിർണ്ണയ പരിപാടികൾ

28(*328) ശ്രീ. മുഹമ്മദ് മുഹസിൻ പി.:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പ് നടപ്പാക്കുന്ന ജീവിതശൈലീ രോഗനിർണ്ണയ പരിപാടികൾ സംബന്ധിച്ച വിവരങ്ങൾ വിശദമാക്കുമോ;

(ബി) വൃക്കരോഗികളുടെ എണ്ണത്തിന് ആനുപാതികമായി ഡയാലിസിസ് യൂണിറ്റുകളുടെ എണ്ണം വർദ്ധിക്കാതിരിക്കുന്നത് മൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിന് ഒരുക്കിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) രക്താതിമർദ്ദം (ഹൈപ്പർടെൻഷൻ) വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് ആയത് നിയന്ത്രിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ഡി) പ്രമേഹരോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നത് കണക്കിലെടുത്ത് അതിന് അനുബന്ധമായി ഉണ്ടാകുന്ന ഡയബറ്റിക് റെറ്റിനോപ്പതിയ്ക്ക് ചികിത്സാസൗകര്യം ഒരുക്കുമോ; വ്യക്തമാക്കുമോ; ഇതിനാവശ്യമായ നോൺ മെഡിയാട്രിക് ക്യാമറകൾ വാങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനും നിർണ്ണയിക്കുന്നതിനും ചികിത്സിച്ച് ഭേദമാക്കുന്നതിനും സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് അമൃതം ആരോഗ്യം പദ്ധതി. 30 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളെയും ജീവിതശൈലി രോഗങ്ങൾക്കായി സ്ക്രീനിംഗ് നടത്തുക, രോഗം കണ്ടെത്തുന്നവർക്ക് വിദഗ്ധർ തയ്യാറാക്കിയ പ്രോട്ടോക്കോൾ പ്രകാരമുള്ള മരുന്നുകളും ചികിത്സയും നൽകുക, രോഗങ്ങൾ മൂർദ്ധന്യാവസ്ഥയിലേയ്ക്ക് മാറാതെ സംരക്ഷിക്കുക, ആരോഗ്യ ബോധവൽക്കരണം നടത്തുക തുടങ്ങിയവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. ഈ സർക്കാർ നിലവിൽവന്നശേഷം ആരംഭിച്ച് കുടുംബാരോഗ്യ കേന്ദ്രത്തിൽ സ്റ്റാഫ് നഴ്സിന്റെ നേതൃത്വത്തിൽ പ്രീചെക്ക് ആരംഭിക്കുകയും എല്ലാ ദിവസവും എൻസിഡി സ്ക്രീനിംഗ് ഇവരിലൂടെ നടപ്പിലാക്കിവരികയും ചെയ്യുന്നു.

ഗുരുതര ശ്വാസകോശരോഗമായ COPD (Chronic Obstructive Pulmonary disease) നിർണ്ണയിക്കുന്നതിനും നിയന്ത്രിക്കുന്നതിനും SWAAS (Stepwise Approach to Airway Diseases) പദ്ധതി എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും 14 ജില്ലാ ആശുപത്രികളിലും 25 താലൂക്ക് ആശുപത്രികളിലും ആരംഭിക്കുകയുണ്ടായി. രക്താതിമർദ്ദത്തിന്റെയും പ്രമേഹത്തിന്റെയും നിയന്ത്രണനിരക്ക് വർദ്ധിപ്പിക്കുന്നതിനും ജനസംഖ്യാധിഷ്ഠിത രജിസ്ട്രി തയ്യാറാക്കുന്നതിനും ലോകാരോഗ്യ സംഘടനയുടെ സഹായത്തോടുകൂടി IHMI (India Hypertension Management Initiative) പദ്ധതിയും Population Based Screening പദ്ധതിയും 4 ജില്ലകളിൽ പ്രാവർത്തികമാക്കുകയും മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഡയബറ്റിസ് രോഗത്തിന്റെ സങ്കീർണ്ണതകളിലൊന്നായ ഡയബറ്റിക് റെറ്റിനോപ്പതി (നേത്രപടലാന്ധത) നിർണ്ണയിക്കുന്നതിനും നിയന്ത്രിക്കുന്നതിനും നയനാമൃതം ആരംഭിച്ചിട്ടുണ്ട്. പക്ഷാഘാതം നിർണ്ണയിക്കുന്നതിനും ചികിത്സിക്കുന്നതിനും പക്ഷാഘാതം വന്നവരെ പുനരധിവസിപ്പിക്കുന്നതിനും SIRAS (Stroke Identification, Rehabilitation, Awareness and Stabilisation Programme) എന്ന പേരിൽ പക്ഷാഘാത ക്ലിനിക്കുകൾ ജില്ലാ ആശുപത്രികളിൽ ആരംഭിച്ചിട്ടുണ്ട്. കാൻസർ രോഗനിർണ്ണയത്തിനും ചികിത്സയ്ക്കും എല്ലാ ജില്ലകളിലും ജില്ലാ കാൻസർ കെയർ പദ്ധതി ആരംഭിക്കുകയും 14 ജില്ലാ ആശുപത്രികളിൽ പാലിയേറ്റീവ് കീമോതെറാപ്പി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമേ ഡയബറ്റിക് ഫൂട്ട് ക്ലിനിക്ക്, CAPD (Continuous Ambulatory peritoneal Dialysis) പദ്ധതി, സ്കൂൾ, കോളേജ്, ക്യാമ്പസ് ആരോഗ്യപദ്ധതി എന്നിവയും ജീവിതശൈലീ രോഗ നിർണ്ണയത്തിനും നിയന്ത്രണത്തിനുമായി ആരംഭിച്ചിട്ടുണ്ട്.

(ബി) വൃക്കരോഗികളുടെ എണ്ണത്തിന് ആനുപാതികമായി ഡയാലിസിസ് യൂണിറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഡയാലിസിസ് യൂണിറ്റുകളുടെ പ്രവർത്തനം ആരംഭിച്ച് ഡയാലിസിസ് രോഗികൾക്ക് സേവനം നൽകിവരുന്നു. ഡയാലിസിസിനുവേണ്ടി സൗകര്യം ഒരുക്കുന്നതിനായി സംസ്ഥാനത്തെ 44 സർക്കാർ ആശുപത്രികളിലായി കിഫ്ബി ധനസഹായത്തോടുകൂടി 332 ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ ഭരണാനുമതി നൽകിയ തുകയിൽ ബാക്കി നിൽപ്പുണ്ടായിരുന്ന തുക ഉപയോഗപ്പെടുത്തി 22 കേന്ദ്രങ്ങളിലായി 100 ഡയാലിസിസ് യൂണിറ്റുകൾകൂടി ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 2015-16-ൽ 249.953 ലക്ഷം രൂപ, 2016-17-ൽ 360 ലക്ഷം രൂപ, 2017-18-ൽ 1080 ലക്ഷം രൂപ 2018-19-ൽ 6,14,91,544.48 രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്.

മെഡിക്കൽ കോളേജാശുപത്രികളിൽ മുതിർന്നവർക്കും കുട്ടികൾക്കും ഡയാലിസിസ് ചെയ്യുവാനുള്ള ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. കുട്ടികൾക്കുമാത്രമായി ഹീമോ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

(സി) രക്താതിമർദ്ദം നിയന്ത്രിക്കുന്നതിന് സംസ്ഥാന ആരോഗ്യ വകുപ്പ് ലോകാരോഗ്യ സംഘടനയുടേയും ഇൻഡ്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് (ICMR)-ന്റേയും പൊതുജനാരോഗ്യ സംഘടനയായ Resolve Save Lives എന്നിവരുമായി ചേർന്നുകൊണ്ട് തിരുവനന്തപുരം, തൃശ്ശൂർ, കണ്ണൂർ, വയനാട് എന്നീ ജില്ലകളിൽ IHMI (Indian Hypertension Management Initiative) എന്ന പരിപാടി ആരംഭിക്കുകയുണ്ടായി. 18 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാവരെയും സ്ക്രീനിംഗിന് വിധേയമാക്കുകയും രോഗം കണ്ടെത്തുന്നവർക്ക് ട്രീറ്റ്മെന്റ് കാർഡ് നൽകുകയും ഓരോ തവണ ആശുപത്രി സന്ദർശിക്കുമ്പോഴും രക്തസമ്മർദ്ദത്തിന്റെ തോതും ചികിൽസയും കൃത്യമായി ഈ കാർഡിൽ രേഖപ്പെടുത്തുകയും ചെയ്യുന്നതുകൊണ്ട് രോഗിയുടെ ചികിൽസാ പുരോഗതി കൃത്യമായി വിലയിരുത്തുവാൻ സാധിക്കുന്നുണ്ട്. വിദഗ്ദ്ധർ തയ്യാറാക്കിയ പ്രോട്ടോക്കോളിന്റെ അടിസ്ഥാനത്തിലുള്ള ചികിൽസ ഉറപ്പാക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. കൂടാതെ അമിതവണ്ണം നിയന്ത്രിക്കുക, മൂത്രത്തിലെ പ്രോട്ടീൻ പരിശോധന, ശരിയായ വ്യായാമം എന്നിവ പ്രധാനമായും നിർദ്ദേശിക്കാറുണ്ട്. ഗർഭിണിയായ അമ്മമാർക്ക് ആന്റിനേറ്റൽ ക്ലാസ്സുകൾ നൽകുന്നു. ഗർഭകാലത്ത് ഉണ്ടാകുന്ന ഹൈപ്പർ ടെൻഷന് എല്ലാ ചികിൽസയും നൽകിവരുന്നു.

(ഡി) സംസ്ഥാനത്ത് പ്രമേഹരോഗത്തിന്റെ എണ്ണം വർദ്ധിച്ചു വരുന്നതോടൊപ്പം അതിന്റെ ഗുരുതര ഭാഗമായ ഡയബറ്റിക് റെറ്റിനോപ്പതി (നേത്രപടലാന്ധത) പ്രതിരോധിക്കുന്നതിന് സംസ്ഥാന ആരോഗ്യ വകുപ്പ്

ആരംഭിച്ച പദ്ധതിയായ നയനാമൃതം തിരുവനന്തപുരം ജില്ലയിൽ ലണ്ടനിലെ മൂർഫീൽഡ് ഐ ഹോസ്പിറ്റലിന്റെ സാങ്കേതിക സഹായത്തോടെ നടപ്പിലാക്കി വരുന്നു. തിരുവനന്തപുരം ജില്ലയിലെ എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും നോൺമെഡ്രിയാട്ടിക് ക്യാമറ ഉപയോഗിച്ച് ഫണ്ടസ് ഫോട്ടോ എടുക്കുകയും ഇ-ഹെൽത്ത് സംവിധാനം വഴി തിരുവനന്തപുരം റീജണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജിയിൽ സ്ഥാപിച്ചിട്ടുള്ള സ്റ്റേറ്റ് ഡി.ആർ. സെല്ലിൽ ചിത്രങ്ങൾ എത്തിക്കുകയും 20 മിനിട്ടിനുള്ളിൽ രോഗനിർണ്ണയം നടത്തി ചികിത്സാ ഉപദേശം തിരികെ അറിയിക്കുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഈ പദ്ധതി സംസ്ഥാനവ്യാപകമായി വികസിപ്പിക്കുന്നതിന് 2018-19 സാമ്പത്തിക വർഷത്തിൽ 52 നോൺമെഡ്രിയാടിക് ക്യാമറകൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 2019-20-ഓടുകൂടി കേരളത്തിലെ എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഈ സേവനം ലഭ്യമാക്കുന്നതിന് 100 നോൺമെഡ്രിയാടിക് ക്യാമറ വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ, പാലക്കാട് ജില്ലാ ആശുപത്രി, കണ്ണൂർ ജില്ലാ ആശുപത്രി, കോട്ടയം ജനറൽ ആശുപത്രി, താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, ചിറയിൻകീഴ്, ജി. എച്ച്. നെയ്യാറ്റിൻകര, ജി.എച്ച്. തിരുവനന്തപുരം, താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി പുനലൂർ, ജില്ലാ ആശുപത്രി, കൊല്ലം എന്നീ ആശുപത്രികളിൽ ലേസർ ചികിത്സയ്ക്കുള്ള സംവിധാനങ്ങൾ ആരംഭിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. എറണാകുളം ജനറൽ ആശുപത്രിയിൽ ഡയബറ്റിക് റെറ്റിനോപ്പതി ലേസർ ചികിത്സയ്ക്കായുള്ള ഉപകരണം പുതുതായി സ്ഥാപിച്ചുവരുന്നു.

മെഡിക്കൽ കോളേജാശുപത്രിയിലെ ഒഫ്താൽമോളജി വിഭാഗങ്ങളിലും കണ്ണാശുപത്രിയിലും ഡയബറ്റിക് റെറ്റിനോപ്പതി പരിശോധനയ്ക്കുള്ള നൂതന ഉപകരണങ്ങളോടെയുള്ള ശസ്ത്രക്രിയയും ലേസർ ചികിൽസയും രോഗികൾക്ക് ലഭ്യമാണ്.

**സപ്ലൈകോയെ ജനോപകാരപ്രദമാക്കാൻ നടപടി**

29(*329) ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ വഴി വിതരണം ചെയ്യുന്ന പതിമൂന്നിനം അവശ്യ സാധനങ്ങളുടെ വില വർദ്ധിപ്പിക്കില്ലെന്ന പ്രഖ്യാപനം സംസ്ഥാനത്തെ പൊതുമാർക്കറ്റിൽ ഭക്ഷ്യ വസ്തുക്കളുടെ വില നിയന്ത്രിക്കാൻ എത്രമാത്രം ഫലപ്രദമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) സപ്ലൈകോയെ ജനോപകാരപ്രദമാക്കിത്തീർക്കുന്നതിന് നടത്തിയ ഇടപെടലുകൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(സി) വിപണന കേന്ദ്രങ്ങളുടെ കഴിഞ്ഞ വർഷത്തെ വിറ്റുവരവ് എത്രയായിരുന്നെന്നും ഈ വർഷം ലക്ഷ്യമിട്ടിരിക്കുന്ന നാലായിരത്തി അഞ്ഞൂറ് കോടി രൂപയുടെ വിറ്റുവരവ് സാധ്യമാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള വിപണന തന്ത്രങ്ങൾ എന്തെല്ലാമെന്നും അറിയിക്കാമോ;

(ഡി) സപ്ലൈകോയുടെ വാങ്ങൽ, വിൽക്കൽ ഇടപാടുകളെല്ലാം കമ്പ്യൂട്ടർവൽക്കൃതമാക്കി കേന്ദ്രീകൃത മേൽനോട്ടത്തിലൂടെ അഴിമതിരഹിതമാക്കാൻ പദ്ധതിയുണ്ടോ;

(ഇ) വിപണി വൈവിദ്ധ്യവൽക്കരണ പദ്ധതിയുടെ വിശദവിവരം നൽകാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ഉണ്ട്. അനിയന്ത്രിതമായ ഇന്ധന വിലവർദ്ധനവും കാർഷിക മേഖലയിലെ ഉൽപ്പാദന മാന്ദ്യവും നിമിത്തം മറ്റ് സംസ്ഥാനങ്ങളിൽ അവശ്യസാധനങ്ങളുടെ വിലയിൽ വർദ്ധനവുണ്ടായിട്ടും സംസ്ഥാനത്ത് വൻ തോതിലുള്ള വിലക്കയറ്റം പ്രകടമാകാത്തത് സപ്ലൈകോ വഴി വിതരണം ചെയ്യുന്ന പതിമൂന്നിനം അവശ്യ സാധനങ്ങളുടെ വില വർദ്ധിപ്പിക്കില്ലെന്ന പ്രഖ്യാപനത്തിന്റെ ഫലമായിട്ടാണ്. അയൽസംസ്ഥാന പട്ടണങ്ങളായ കോയമ്പത്തൂർ, മംഗലാപുരം, ഹൈദരാബാദ് എന്നിവിടങ്ങളിലെ നിത്യോപയോഗ സാധനങ്ങളുടെ പൊതുവിപണി വിലയേക്കാൾ കാര്യമായ വിലവർദ്ധന സംസ്ഥാനത്തുണ്ടായിട്ടില്ല.

(ബി) സബ്സിഡി നിരക്കിൽ 14 ഇനം അവശ്യ സാധനങ്ങൾ ശരാശരി ഇരുപത് മുതൽ അൻപത് ശതമാനം വരെ വിലക്കുറവിലും 28 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ 10 മുതൽ 20% വരെ വിലക്കുറവിൽ ഫ്രീസെയിൽ സബ്സിഡി നിരക്കിലും തേയില, കാപ്പി, കറിപൗഡറുകൾ, കായം, വാളൻപുളി, ഏലം, അപ്പംപൊടി, പുട്ടുപൊടി എന്നിവ പൊതുവിപണിയിലേതിനേക്കാൾ 20% വരെ വിലക്കുറവിൽ ശബരി ബ്രാൻഡിലും എം.ആർ.പി.-യേക്കാൾ ശരാശരി 5 മുതൽ 30% വരെ വിലക്കുറവിൽ FMCG (Fast moving consumer goods) സാധനങ്ങളും പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു. ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ ഉത്സവ കാലങ്ങളിൽ നിലവിലുള്ള വിൽപ്പനശാലകൾക്ക് പുറമെ, പ്രത്യേക ചന്തകളും സംഘടിപ്പിച്ചുവരുന്നു. സർക്കാരിന്റെ പ്രഖ്യാപിത

നയത്തിന്റെ ഭാഗമായി 14 ഇനം സബ്സിഡി സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. ഉപഭോക്താക്കളുടെ സൗകര്യാർത്ഥം കൂടുതൽ വിൽപ്പനശാലകൾ ആരംഭിക്കുകയും നിലവിലുള്ളവ നവീകരിച്ച് ഉപഭോക്തൃ സൗഹൃദ സ്ഥാപനങ്ങളാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇ-ടെണ്ടർ, ഇ-ലേലം മുതലായ സുതാര്യമായ പർച്ചേസ് രീതികൾക്ക് പുറമെ, നാഫെഡ് മുതലായ കേന്ദ്ര സർക്കാർ ഏജൻസികളിൽ നിന്നും ഭക്ഷ്യസാധനങ്ങൾ സംഭരിക്കുന്നു. ഗൃഹോപകരണങ്ങൾ, കുപ്പിവെള്ളം എന്നിവയും കുറഞ്ഞ വിലയ്ക്ക് വിൽപ്പന ആരംഭിച്ചിട്ടുണ്ട്.

(സി) സപ്ലൈകോയുടെ കഴിഞ്ഞ വർഷത്തെ വിറ്റുവരവ് 3,717.27 കോടി രൂപയാണ്. ഓരോ ഡിപ്പോയ്ക്കും ശാസ്ത്രീയമായ രീതിയിൽ ടാർജറ്റ് നിശ്ചയിച്ചു നൽകി വിൽപ്പന വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള വിപണന ശൃംഖല വിപുലീകരിക്കുന്നതിനും വിൽപ്പന കേന്ദ്രങ്ങളിൽ ആധുനിക സൗകര്യങ്ങളൊരുക്കി കൂടുതൽ ഉപഭോക്താക്കളെ ആകർഷിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി തെരഞ്ഞെടുത്ത വിൽപ്പന ശാലകൾ വഴി ഗൃഹോപകരണ വിൽപ്പന ആരംഭിച്ചും ആകർഷകമായ പരസ്യങ്ങളിലൂടെ ശബരി ബ്രാന്റ് ഉൽപ്പന്നങ്ങൾ ജനങ്ങളിലെത്തിക്കുന്നതിന് വിവിധ ബ്രാന്റഡ് കമ്പനികളുമായി ചേർന്ന് സെയിൽസ് പ്രൊമോഷൻ പദ്ധതികൾ നടപ്പിലാക്കിയും സപ്ലൈകോയുടെ ഉൽപ്പന്നങ്ങൾ റേഷൻ കടകൾ വഴി വിതരണം ചെയ്തും സപ്ലൈകോയുടെ ഈ വർഷത്തെ വിറ്റുവരവ് നാലായിരത്തി അഞ്ഞൂറ് കോടി രൂപയാക്കുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങൾ നടന്നുവരുന്നു.

(ഡി &ഇ) ഉണ്ട്. വിപണി വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി, ചില്ലറ വിൽപ്പന മേഖലയിലെ മാറ്റങ്ങൾ ഉൾക്കൊണ്ട് വിൽപ്പനശാലകൾ നവീകരിക്കുന്നതിനും നിലവിലുള്ളവ അപ്ഗ്രേഡ് ചെയ്യുന്നതിനും ആകർഷകവും ഏകീകൃതവുമായ നെയിം ബോർഡുകൾ എല്ലാ വിൽപ്പനശാലകളിലും സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കൂടുതൽ സ്ഥലസൗകര്യമുള്ള മാവേലി സ്റ്റോറുകളെ സെൽഫ് സർവ്വീസ് സൗകര്യത്തോടുകൂടി 'മാവേലി സൂപ്പർ സ്റ്റോറുകൾ ' എന്ന ശ്രേണിയിലുള്ള വിപണന കേന്ദ്രങ്ങളാക്കി അപ്ഗ്രേഡ് ചെയ്യുന്നതിനും സംസ്ഥനത്തെ റേഷൻ കടകൾ വഴിയും മൽസ്യബന്ധന വകുപ്പിന് കീഴിലുള്ള തീരമാവേലി സ്റ്റോറുകൾ വഴിയും സപ്ലൈകോ ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റീട്ടെയിൽ ഷോപ്പിംഗ് മേഖലയിലെ സാധ്യത കണക്കിലെടുത്ത് ഇ-കൊമേഴ്സ് വിൽപ്പന ആരംഭിക്കുന്നതും പരിഗണനയിലാണ്.

## പാരിസ്ഥിതികാവബോധം വളർത്താൻ നടത്തുന്ന പ്രവർത്തനങ്ങൾ

30(*330) ശ്രീ. കെ. വി .വിജയദാസ്:
ശ്രീ. രാജു എബ്രഹാം:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാവ്യതിയാനം കൊടുംവരൾച്ചയായും തീവ്രപ്രളയമായും കേരളീയ സാമൂഹ്യ ജീവിതത്തിന്റെമേലും സാമ്പത്തിക സ്ഥിതിയിലും കനത്ത ആഘാതങ്ങൾ തുടർച്ചയായി ഏല്പിക്കുന്ന സാഹചര്യത്തിൽ പരിസ്ഥിതി സംബന്ധിച്ച ഗവേഷണവും പരിസ്ഥിതി പരിപാലന പദ്ധതികളും ഏകോപിപ്പിക്കുന്നതിനായി പരിസ്ഥിതി വകുപ്പിനെ ശാക്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) വികസന പ്രവർത്തനങ്ങളുടെ ഫലമായി ഉണ്ടാകാനിടയുള്ള പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ പരമാവധി ലഘൂകരിക്കുന്നതിന് നടത്തിവരുന്ന ഇടപെടലുകൾ എന്തെല്ലാമാണ്;

(സി) ആവാസവ്യവസ്ഥയുടെ നിലനിൽപ്പും അതോടൊപ്പം സാമൂഹിക വികസനവും ലക്ഷ്യമാക്കി സമൂഹത്തിന്റെ പാരിസ്ഥിതികാവബോധം വളർത്താൻ നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) Rebuild Kerala Development Programme (RKDP)-ന്റെ ഭാഗമായി പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റിനെ ശക്തിപ്പെടുത്തുന്നതിനുവേണ്ട നടപടി സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി (SEIAA)-യിൽ പാരിസ്ഥിതികാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിൽ വിശദമായ പരിശോധന നടത്തുകയും ആവശ്യമായ നിബന്ധനകൾ ഉൾപ്പെടുത്തുകയും ചെയ്യുന്നു. അതിലൂടെ വികസന പ്രവർത്തനങ്ങളുടെ ഫലമായി ഉണ്ടാകാനിടയുള്ള പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ പരമാവധി ലഘൂകരിക്കുന്നതിന് കഴിയുന്നു.

(സി) 'പരിസ്ഥിതി അവബോധവും പ്രോത്സാഹനവും' എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി പരിസ്ഥിതി സംബന്ധിയായ വിവിധ അവബോധ പരിപാടികൾ

സംഘടിപ്പിച്ചുവരുന്നു. പരിസ്ഥിതി അവബോധ പദ്ധതികൾക്കും കർമ്മ പരിപാടികൾക്കും ഒരുപോലെ പ്രാധാന്യം നൽകുന്ന പാരിസ്ഥിതികം എന്ന പദ്ധതി ഓരോ വർഷവും ഓരോരോ പ്രമേയത്തിലധിഷ്ഠിതമായി സർക്കാർ, സർക്കാരേതര ഏജൻസികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, അംഗീകൃത സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ നടത്തിവരുന്നു. സംസ്ഥാന വ്യാപകമായി സെമിനാറുകളും സിംപോസിയങ്ങളും ശില്പശാലകളും സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ 378 ഹയർ സെക്കണ്ടറി സ്കൂൾ/കോളേജ് തലത്തിൽ പ്രവർത്തിച്ചുവരുന്ന ഭൂമിത്രസേന ക്ലബ്ബുകൾ മുഖേനയും അവബോധന പരിപാടികൾ സംഘടിപ്പിക്കുന്നതിനുപുറമേ എല്ലാ അന്താരാഷ്ട്ര പ്രാധാന്യമുള്ള പരിസ്ഥിതി ദിനങ്ങളും ആചരിച്ച് അവയുടെ പ്രാധാന്യത്തെ സംബന്ധിച്ച് ബോധവൽക്കരണവും നടത്തുന്നുണ്ട്. കാലാവസ്ഥാവ്യതിയാന പഠന കേന്ദ്രം " Climate Change and Disaster Risk Reduction" എന്ന പദ്ധതിയിലൂടെ 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും സന്നദ്ധ ആരോഗ്യ പ്രവർത്തകർക്കും പഞ്ചായത്ത് ജീവനക്കാർക്കും ജനപ്രതിനിധികൾക്കും കാലാവസ്ഥാ വ്യതിയാനത്തെ സംബന്ധിച്ചും ദുരന്ത നിവാരണ മാർഗ്ഗങ്ങളെയും കുറിച്ച് അവബോധ ക്ലാസുകൾ നൽകിയിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### നവകേരള സൃഷ്ടിക്കായി പുതിയ ഏജൻസി

1(3462) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരളം സൃഷ്ടിക്കുവാൻ മുന്നൊരുക്കവുമായി നീങ്ങുമ്പോൾ ദുരന്തങ്ങളുടെ വ്യാപ്തി മനസ്സിലാക്കാനും സങ്കീർണ്ണമായ പ്രശ്നങ്ങളെ നേരിടാനും സമർപ്പണബോധമുള്ള ഒരു സ്ഥാപനത്തിന് മാത്രമേ കഴിയുകയുള്ളൂ എന്നത് മനസ്സിലാക്കി ഇൻഡൊനീഷ്യയിലെ റിഹാബിലിറ്റേഷൻ ആന്റ് റീ-കൺസ്ട്രക്ഷൻ ഏജൻസി, ന്യൂസിലൻഡിലെ കാന്റർബറി എർത്ത് ക്വേക്ക് റിക്കവറി അതോറിറ്റി എന്നിവയുടെ മാതൃകയിൽ ഒരു ഏജൻസി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) സംസ്ഥാനത്ത് ഇത്തരത്തിൽ ഏതെങ്കിലും ഏജൻസി സർക്കാർ രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## ഉത്തരം

(എ&ബി) കേരളത്തിലെ സവിശേഷമായ സാഹചര്യങ്ങൾക്കനുസൃതമായി അതിജീവനക്ഷമവും പരിസ്ഥിതി സൗഹാർദ്ദപരവുമായ ഒരു നവകേരളം കെട്ടിപ്പടുക്കുന്നതിനായി സർക്കാർ റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് രൂപം നൽകിയിട്ടുണ്ട്.

## ഭരണഭാഷ മാതൃഭാഷയാക്കുന്നതിലെ മെല്ലെപ്പോക്ക്

2(3463) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭരണഭാഷ മാതൃഭാഷ ആക്കിയിട്ടുണ്ടെങ്കിലും ഇപ്പോഴും പല വകുപ്പുകളും ഇംഗ്ലീഷിൽ ഉത്തരവുകളിറക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇംഗ്ലീഷിൽ സർക്കാർ ഉത്തരവുകൾ/സർക്കുലറുകൾ പുറത്തിറക്കുന്നത് നിർത്തലാക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ വകുപ്പ് മേധാവികൾക്ക് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഭരണഭാഷ മാതൃഭാഷയാക്കുന്നതിൽ മെല്ലെപ്പോക്ക് തുടരുന്ന വകുപ്പുകൾക്ക് സർക്കാർ കർശന നിർദ്ദേശം നൽകുമോ;

(ഡി) ഇക്കാര്യങ്ങൾ നിരീക്ഷിക്കാൻ പ്രത്യേക സമിതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എല്ലാ സർക്കാർ/അർദ്ധ സർക്കാർ/സ്വയംഭരണ/പൊതുമേഖല/ സഹകരണ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിയമപരമായി ഇംഗ്ലീഷും സംസ്ഥാനത്തെ ന്യൂനപക്ഷ ഭാഷകളായ തമിഴും കന്നഡയും ഔദ്യോഗിക ഭാഷയായി ഉപയോഗിക്കാൻ അനുവദിച്ചിട്ടുള്ള പ്രത്യേക സാഹചര്യങ്ങളിലൊഴികെയുള്ള എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കേണ്ടതാണെന്ന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. നിബന്ധനയ്ക്കു വിധേയമായി എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും 2017 മേയ് 1 മുതൽ നിർബന്ധമായും മലയാളം മാത്രമേ ഉപയോഗിക്കാവൂയെന്ന് നിഷ്കർഷിച്ചുകൊണ്ട് ഭരണഭാഷാ പ്രഖ്യാപനവും നടത്തിയിട്ടുണ്ട്. സംസ്ഥാനത്തെ ജീവനക്കാർക്കെതിരെയുള്ള അച്ചടക്ക നടപടിക്രമങ്ങൾ, ജീവനക്കാർക്ക് നൽകുന്ന മെമ്മോകൾ, ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം, സ്ഥാനക്കയറ്റം, നിയമന ഉത്തരവുകൾ എന്നിവ ഉൾപ്പെടെയുള്ള സർവ്വീസ് സംബന്ധിച്ച വിഷയങ്ങൾ മലയാളത്തിലായിരിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് വിവിധ ഓഫീസുകളിലെ ഭാഷാമാറ്റ പുരോഗതി വിലയിരുത്തി നിർദ്ദേശങ്ങൾ നൽകുന്നതിന് എല്ലാ ഓഫീസുകളിൽ നിന്നും ഭാഷാമാറ്റ പുരോഗതിയുടെ റിപ്പോർട്ട് ലഭ്യമാക്കുകയും ബന്ധപ്പെട്ട ഓഫീസുകളിൽ ഔദ്യോഗിക ഭാഷാ വകുപ്പിലെ ഉദ്യോഗസ്ഥർ നേരിട്ട് പരിശോധന നടത്തി കർശന നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു.

(ഡി) ഉണ്ട്. സംസ്ഥാനത്തിന്റെ ഭരണഭാഷ മാതൃഭാഷയായ മലയാളത്തിൽ ആയിരിക്കണമെന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം നടപ്പിലാക്കുന്നതിന്റെ ഭാഗമായി മുഖ്യമന്ത്രി അദ്ധ്യക്ഷനായ ഔദ്യോഗികഭാഷാ ഉന്നതതല സമിതി 6 മാസത്തിലൊരിക്കലും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല ഔദ്യോഗികഭാഷാ സമിതി നാല് മാസത്തിലൊരിക്കലും യോഗം ചേർന്ന് ഭാഷാമാറ്റ പുരോഗതി വിലയിരുത്തുകയും തുടർ പദ്ധതികൾക്ക് രൂപം നൽകുകയും ചെയ്യുന്നുണ്ട്. ജില്ലാതലത്തിലുള്ള ഭാഷാമാറ്റ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതല ഏകോപന സമിതികൾ 3 മാസത്തിലൊരിക്കൽ യോഗം ചേരുന്നുണ്ട്. ഇവ കൂടാതെ വകുപ്പിലെ ജില്ലാതല മേധാവി അദ്ധ്യക്ഷനായ ഒദ്യോഗികഭാഷ സംബന്ധിച്ച ജില്ലാതലസമിതി 2 മാസത്തിലൊരിക്കലും വകുപ്പുതലമേധാവി അദ്ധ്യക്ഷനായ വകുപ്പുതല ഏകോപനസമിതി, വകുപ്പുസെക്രട്ടറി അദ്ധ്യക്ഷനായ വകുപ്പുതല സമിതി എന്നിവ 3 മാസത്തിലൊരിക്കലും യോഗം ചേർന്ന് ഭാഷാമാറ്റം അവലോകനം ചെയ്യാറുണ്ട്. ഈ സമിതികൾ ഒദ്യോഗികഭാഷ പൂർണ്ണമായും മലയാളത്തിലാക്കുന്നതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വിവിധ തലത്തിൽ പരിശോധിക്കുകയും ഭാഷാമാറ്റ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. ഇതിനുപുറമെ, ഭാഷാമാറ്റ പുരോഗതി വിലയിരുത്തുന്നതിനായി വകുപ്പുതലത്തിൽ പരിശോധനകളും നടത്തിവരുന്നുണ്ട്.

## സംസ്ഥാന സിവിൽ സർവ്വീസിന്റെ കാര്യശേഷി വർദ്ധിപ്പിക്കൽ

3(3464) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർവ്വീസിൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥർക്ക് ആദ്യ ഒരു വർഷത്തിനുള്ളിൽ നൽകുന്ന പരിശീലന പരിപാടികൾ വിശദമാക്കാമോ; സർവ്വീസിൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിയശേഷംമാത്രം ചുമതലകൾ ഏൽപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ ഹാജർ നിരീക്ഷിക്കാൻ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം സർക്കാർ ഓഫീസുകളിൽ ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ സംവിധാനം ഏതൊക്കെ വകുപ്പുകളിലെ ഓഫീസുകളിൽ നടപ്പാക്കിയിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(സി) പഞ്ച് ചെയ്തതിനുശേഷം ഓഫീസ് വിട്ടുപോകുന്ന ജീവനക്കാരെ നിരീക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സർവ്വീസിൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥർക്ക് ആദ്യത്തെ ഒരു വർഷത്തിനുള്ളിൽ പതിനെട്ട് ദിവസത്തെ ഇൻഡക്ഷൻ ട്രെയിനിംഗ് നൽകി വരുന്നു. ഇൻഡക്ഷൻ ട്രെയിനിംഗ് രണ്ട്തരത്തിലാണ് നൽകിവരുന്നത്. പല വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥർക്ക് ഒരുമിച്ച് പരിശീലനം നൽകുന്ന ജനറിക് ട്രെയിനിംഗും വകുപ്പുകളുടെ ആവശ്യകത അനുസരിച്ചുള്ള ഡിപ്പാർട്ട്മെന്റ് സ്പെസിഫിക് ട്രെയിനിംഗും നൽകിവരുന്നു. സർവ്വീസ് വിഷയങ്ങൾ, ഓരോ വകുപ്പുകളിലേയും അധികാരക്രമം (ഗവേണൻസ് സ്ട്രക്ചർ), ഭരണ നിർവ്വഹണത്തിലെ കാര്യക്ഷമത, ഓരോ വകുപ്പിന്റേയും പൊതുവായ ലക്ഷ്യങ്ങൾ എന്നിവ സംബന്ധിച്ചാണ് പ്രധാനമായും പരിശീലനം നൽകുന്നത്. 13-7-2017-ലെ സ.ഉ(അച്ചടി) നമ്പർ 9/2017/ഉഭപവ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പരിഷ്കരിച്ച സംസ്ഥാന പരിശീലന നയത്തിന്റെ ഖണ്ഡിക 5-ൽ പുതിയതായി സർവ്വീസിൽ എത്തുന്നവർക്ക് നിർബന്ധമായി ഇൻഡക്ഷൻ പരിശീലനം നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) സിവിൽ സർവ്വീസ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടമായി സെക്രട്ടേറിയറ്റിൽ 1-1-2018 മുതൽ സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ എല്ലാ സർക്കാർ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, ഗ്രാൻഡ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ എന്നിവയിൽ സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സെക്രട്ടേറിയറ്റിൽ പഞ്ച് ചെയ്തതിനുശേഷം ഓഫീസ് വിട്ടുപോകുന്ന ജീവനക്കാരെ നിരീക്ഷിക്കുന്നതിന് സി.സി.ടി.വി. നിരീക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കൺട്രോളിംഗ് ഓഫീസർമാർക്ക് കർശന നിർദ്ദേശവും നൽകിയിട്ടുണ്ട്.

## നവോത്ഥാന മൂല്യസംരക്ഷണം

4(3466) ശ്രീ. വി. പി. സജീന്ദ്രൻ:

ശ്രീ. കെ. സി. ജോസഫ്:

ശ്രീ. എം. വിൻസെന്റ്:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല യുവതീ പ്രവേശനം സംബന്ധിച്ച വിധിയുടെ പശ്ചാത്തലത്തിൽ ഹിന്ദുമത വിഭാഗങ്ങളുടെ നവോത്ഥാനമൂല്യങ്ങളെ ദുർബ്ബലപ്പെടുത്തുന്നതിന് ബോധപൂർവ്വമായ ശ്രമം ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ ;

(ബി) നവോത്ഥാനമൂല്യങ്ങൾ സംരക്ഷിക്കുന്നതിനായി നവോത്ഥാനമൂല്യ സംരക്ഷണ സമിതി രൂപീകരിച്ചിരുന്നോ; അതിൽ എത്ര സംഘടനകളെയാണ് ഉൾക്കൊള്ളിച്ചത്;

(സി) ഹിന്ദു പാർലമെന്റിന്റെ ഏതെങ്കിലും ഭാരവാഹിയെ പ്രസ്തുത സംരക്ഷണ സമിതിയുടെ ജോയിന്റ് കൺവീനറായി നിയമിച്ചിരുന്നോ; നവോത്ഥാന മൂല്യ സംരക്ഷണത്തിന് പ്രസ്തുത സംഘടന നൽകിയ സംഭാവനകൾ എന്തൊക്കെയാണ് എന്ന് പരിശോധിച്ചിരുന്നുവോ; എങ്കിൽ വിശദമാക്കാമോ;

(ഡി) നവോത്ഥാനമൂല്യ സംരക്ഷണ സമിതി നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കുന്നതിനായി ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

(ഇ) പാർലമെന്റ് തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് പ്രസ്തുത സമിതിയുടെ പ്രവർത്തനം നിർത്തിവയ്ക്കുവാൻ തീരുമാനിച്ചിരുന്നോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ ;

(എഫ്) നവോത്ഥാന മ്യൂസിയം നിർമ്മിക്കുവാൻ പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ അതിനായി എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളതെന്നറിയിക്കാമോ?

### ഉത്തരം

(എ) മതേതര മൂല്യങ്ങളെയും നവോത്ഥാനമൂല്യങ്ങളെയും ദുർബ്ബലപ്പെടുത്തുന്നതിനുള്ള ബോധപൂർവ്വമായ ശ്രമം ചില കോണുകളിൽനിന്നും ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) രൂപീകരിച്ചിരുന്നു. കേരളീയ നവോത്ഥാനത്തിന് ശ്രദ്ധേയമായ പങ്ക് വഹിച്ചിട്ടുള്ള പ്രസ്ഥാനങ്ങളെയും സംഘടനകളെയും നവോത്ഥാനമൂല്യങ്ങൾ സംരക്ഷിക്കാൻ തയ്യാറുള്ള സാമൂഹ്യ സംഘടനകളെയുമാണ് സമിതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

(സി) നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കണമെന്ന് താല്പര്യമുള്ള സംഘടനകളുടെ പ്രതിനിധികൾ എന്ന നിലയിലാണ് സമിതി കൂടിയാലോചിച്ച് വിവിധ ചുമതലകൾ നൽകിയിട്ടുള്ളത്.

(ഡി) സമിതി നവോത്ഥാനമൂല്യ സംരക്ഷണത്തിനും സ്ത്രീകളുടെ സാമൂഹ്യ പദവി ഉയർത്തുന്നതിനും ലക്ഷ്യമിട്ട് തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ സ്ത്രീ ജനങ്ങളെ അണിനിരത്തിക്കൊണ്ട് വനിതാമതിൽ സംഘടിപ്പിച്ചു. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ ചെറുക്കുന്നതിനും സമൂഹത്തിൽ പിന്നാക്കം നിൽക്കുന്ന സ്ത്രീ ജനങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനും ഇതിലൂടെ പ്രചോദനമായിട്ടുണ്ട്. സമൂഹം നേടിയിട്ടുള്ള നവോത്ഥാനമൂല്യങ്ങൾ സംരക്ഷിച്ചു നിർത്താൻ ഒറ്റക്കെട്ടാണെന്ന സന്ദേശം നൽകുവാൻ കഴിഞ്ഞിട്ടുണ്ട്.

(ഇ) ഇല്ല. എന്നാൽ തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തോടെ നവോത്ഥാന മൂല്യ സംരക്ഷണ പ്രവർത്തനങ്ങൾ വേണ്ടത്ര സജീവമാക്കാൻ സാധിച്ചിരുന്നില്ല.

(എഫ്) മ്യൂസിയം വകുപ്പിനുകീഴിൽ തിരുവനന്തപുരം ജില്ലയിൽ ഒരു നവോത്ഥാന മ്യൂസിയം 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും ആയതിലേക്കായി 2205-00-107-90 (പ്ലാൻ) എന്ന പദ്ധതി ശീർഷകത്തിൽ 100 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

## എൻഡോസൾഫാൻ ദുരിതബാധിതർക്ക് പുതിയ എ.ടി.എം. കാർഡ്

5(3468) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടമസ്ഥർ ബാങ്കിൽ നേരിട്ട് എത്തിയാൽ മാത്രമേ പുതിയ എ.ടി.എം. കാർഡ് നൽകുകയുള്ളൂ എന്ന ബാങ്കുകളുടെ തീരുമാനം, കിടപ്പിലായവരടക്കം നൂറുകണക്കിന് എൻഡോസൾഫാൻ ദുരിതബാധിതർക്ക് തിരിച്ചടിയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ബാങ്കുകൾ സാധാരണ എ.ടി.എം. കാർഡുകൾ തപാൽവഴി വീട്ടിലെത്തിച്ചു കൊടുക്കുമ്പോൾ നിരാലംബരായ എൻഡോസൾഫാൻ ദുരിതബാധിതരെ ബുദ്ധിമുട്ടിക്കുന്നതിനെതിരെ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ ഒരു മാസമായി പഴയ കാർഡുകളൊന്നും ഇത്തരക്കാർക്ക് ഉപയോഗിക്കാൻ കഴിയുന്നില്ല എന്നുള്ളത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പരിഹാരനടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ-സി) എ.ടി.എം. കാർഡ് പുതുക്കുന്നതുമായി ബന്ധപ്പെട്ട് എൻഡോസൾഫാൻ ദുരിതബാധിതർക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പേഴ്സണൽ സ്റ്റാഫിൽ ജോലിചെയ്തിരുന്ന കാലയളവിന് പെൻഷൻ**

6(3470) <u>ശ്രീ. അനിൽ അക്കര :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ധനകാര്യ കമ്മിറ്റി ചെയർമാൻ എന്നിവരുടെ പേഴ്സണൽ സ്റ്റാഫിൽ ജോലിചെയ്തശേഷം മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ നിയമിക്കപ്പെടുന്നവർക്ക് സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ധനകാര്യ കമ്മിറ്റി ചെയർമാൻ എന്നിവരുടെ പേഴ്സണൽ സ്റ്റാഫിൽ ജോലിചെയ്തിരുന്ന കാലയളവുകൂടി കണക്കിലെടുത്ത് പെൻഷൻ അനുവദിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ് എന്നറിയിക്കാമോ;

(ബി) നിലവിലുള്ള ചട്ടത്തിൽ ഭേദഗതി വരുത്തി സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ധനകാര്യ കമ്മിറ്റി ചെയർമാൻ എന്നിവരുടെ പേഴ്സണൽ സ്റ്റാഫിൽ ജോലിചെയ്തിരുന്ന കാലയളവ് കൂടി മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ ജോലിചെയ്തിരുന്ന കാലയളവിന്റെ കൂടെ ചേർത്ത് പെൻഷൻ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മന്ത്രിമാർ, പ്രതിപക്ഷനേതാവ്, ഗവ. ചീഫ് വിപ്പ് എന്നിവരുടെ പേഴ്സണൽ സ്റ്റാഫ് നിയമനം സംബന്ധിച്ച് നിലവിലുള്ള വിശേഷാൽ ചട്ട പ്രകാരം മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, ഗവ.ചീഫ് വിപ്പ് എന്നിവരുടെ പേഴ്സണൽ സ്റ്റാഫിലെ സേവനത്തിന് മാത്രം പേഴ്സണൽ സ്റ്റാഫ് പെൻഷൻ അനുവദിക്കുവാനാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ധനകാര്യ കമ്മിറ്റികളുടെ ചെയർമാൻ എന്നിവരുടെ പേഴ്സണൽ സ്റ്റാഫിൽ ജോലിചെയ്തശേഷം മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ നിയമിക്കപ്പെടുന്നവർക്ക് പ്രസ്തുത സേവന കാലയളവുകൂടി കൂട്ടിച്ചേർത്ത് പെൻഷൻ അനുവദിക്കുവാൻ നിലവിൽ വ്യവസ്ഥയില്ല.

(ബി) പരിശോധിച്ചുവരുന്നു.

**തസ്തികകൾ സൃഷ്ടിക്കൽ**

7(3471) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റതുമുതൽ നാളിതുവരെ സൃഷ്ടിച്ച തസ്തികകളിൽ സ്ഥിരം തസ്തികകൾ എത്രയാണെന്നും താൽക്കാലിക തസ്തികകൾ എത്രയാണെന്നുമുള്ള വിവരം വകുപ്പ് / സ്ഥാപനം അടിസ്ഥാനമാക്കി ലഭ്യമാക്കുമോ?

ഉത്തരം

വിവരം ശേഖരിച്ചു വരുന്നു.

**ഇ-ഓഫീസ് സംവിധാനം**

8(3472) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിലെ ഫയൽ കൈകാര്യം ചെയ്യുന്നതിനായി ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തിയത് എന്നാണെന്ന് അറിയിക്കാമോ;

(ബി) ഇതിനായി കരാറിലേർപ്പെട്ടത് ഏത് കമ്പനിയാണെന്നും പ്രാഥമിക കരാർ പ്രകാരം പ്രസ്തുത സംവിധാനം നടപ്പാക്കുന്നതിന് ആവശ്യമായ തുക എത്രയായിരുന്നെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത സംവിധാനം നടപ്പിലാക്കിയതിനുശേഷം സോഫ്റ്റ്‌വെയർ വികസിപ്പിക്കാനും കരാർ ജീവനക്കാരുടെ ശമ്പളത്തിനും ജീവനക്കാർക്ക് പരിശീലനം നൽകാനുമായി ചെലവഴിച്ച തുക ഇനം തിരിച്ച് അറിയിക്കാമോ;

(ഡി) പ്രസ്തുത സംവിധാനത്തിന്റെ തുടർന്നുള്ള ഉപയോഗത്തിന് ഇനിയും സാമ്പത്തിക ചെലവ് വരുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള ഉത്തരവ് 2013-ൽ പുറപ്പെടുവിക്കുകയും 2014 ഫെബ്രുവരി മാസത്തിൽ ധനകാര്യ വകുപ്പിൽ ആദ്യഘട്ടമായി ഇ-ഓഫീസ് നടപ്പിലാക്കുകയും ചെയ്തു. ഇതിനുശേഷം ഘട്ടം ഘട്ടമായി സെക്രട്ടേറിയറ്റിലെ മുഴുവൻ വകുപ്പുകളിലും കളക്ടറേറ്റുകളിലും ചില ഡയറക്ടറേറ്റുകൾ/കമ്മീഷണറേറ്റുകളിലും മറ്റ് ചില ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) നാഷണൽ ഇൻഫർമാറ്റിക് സെന്റർ മുഖേനയാണ് ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയത്. കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ, സെർവർ എന്നിവ വാങ്ങുന്നതിലേയ്ക്കായി പ്രാഥമികമായി 2,25,00,000 രൂപയാണ് വകയിരുത്തിയിരുന്നത്.

(സി) ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയതിനുശേഷം സോഫ്റ്റ്വെയർ വികസിപ്പിക്കാനും കരാർ ജീവനക്കാരുടെ ശമ്പളത്തിനും ജീവനക്കാർക്ക് പരിശീലനം നൽകാനുമായി എൻ.ഐ.സി.-ക്ക് നൽകിയ തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

- കരാർ ജീവനക്കാരുടെ ശമ്പളം- 7,28,95,693.
- സോഫ്റ്റ്വെയർ വികസിപ്പിച്ചതിനും പരിപാലത്തിനും 2,77,30,029.
- ആകെ - 10,06,25,722 രൂപ.

(ഡി) ഇ-ഓഫീസിന്റെ പരിപാലനത്തിനായി (സെർവർ മാനേജ്മെന്റ് ഡാറ്റാ ബേസ് മാനേജ്മെന്റ് ട്രെയിനിംഗ് തുടങ്ങിയവ) നിയോഗിച്ചിരിക്കുന്ന കരാർ ജീവനക്കാരുടെ ശമ്പളയിനത്തിൽ ഓരോ വർഷവും 2 കോടിയോളം രൂപ എൻ.ഐ.സി.-യ്ക്ക് കൈമാറുന്നുണ്ട്. പ്രസ്തുത സാമ്പത്തിക ചെലവ് തുടർന്നും വഹിക്കേണ്ടതായിട്ടുണ്ട്.

## ധനകാര്യ വകുപ്പിലെ പരിശോധനാ വിഭാഗം ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണം

9(3473) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ കോഴിക്കോട് കളക്ടർക്കെതിരെ വാഹന ദുരുപയോഗം സംബന്ധമായ വ്യാജ റിപ്പോർട്ട് തയ്യാറാക്കിയ ധനകാര്യ വകുപ്പിലെ പരിശോധനാ വിഭാഗം ഉദ്യോഗസ്ഥർക്കെതിരെ ചീഫ് സെക്രട്ടറിക്ക് പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പരാതിയിൽ ഇതിനകം സ്വീകരിച്ച നടപടി എന്തൊക്കെയാണ്;

(ബി) ക്വാറി-മണൽ മാഫിയയുമായി ഗൂഢാലോചന നടത്തിയതായി ആരോപിക്കപ്പെട്ട പ്രസ്തുത ഉദ്യോഗസ്ഥരുടെ പേരും തസ്തികയും വെളിപ്പെടുത്തുമോ;

(സി) കുറ്റാരോപിതരായ മേല്പറഞ്ഞ ധനകാര്യ വകുപ്പിലെ പരിശോധന വിഭാഗം ഉദ്യോഗസ്ഥരുടെ കഴിഞ്ഞ അഞ്ച് വർഷത്തെ സ്വത്ത് വിവരം സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; അതിൽ വെളിപ്പെടുത്താത്ത വിവരങ്ങളെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) കോഴിക്കോട് കളക്ടറുടെ വാഹന ദുരുപയോഗം സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിയ ധനകാര്യ പരിശോധനാ വിഭാഗം ഉദ്യോഗസ്ഥർക്കെതിരെ പരാതി ലഭിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിന്മേലുള്ള ഭരണ വകുപ്പിന്റെ നടപടി റിപ്പോർട്ട് 4-6-2019-ന് ധനകാര്യ വകുപ്പിൽ ലഭ്യമായതിനാൽ ഫയലിൽ തുടർനടപടി ആരംഭിച്ചിട്ടുണ്ട്.

(ബി&സി) ചീഫ് സെക്രട്ടറിക്ക് നൽകിയ പരാതിയിൽ ധനകാര്യ പരിശോധന വിഭാഗം ഉദ്യോഗസ്ഥർ ക്വാറി-മണൽ മാഫിയയുമായി ഗൂഢാലോചന നടത്തിയതായി ആരോപണം ഉന്നയിച്ചിട്ടില്ല.

**ഫയലുകൾ തീർപ്പാക്കാനുള്ള കാലതാമസം**

10 (3474) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഭരണ വകുപ്പിനുകീഴിലുള്ള വിവിധ വകുപ്പുകളിൽ എത്ര ഫയലുകളാണ് നാളിതുവരെയായി തീർപ്പാക്കാതെ അവശേഷിക്കുന്നത്; വകുപ്പുതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഇ- ഓഫീസ് സംവിധാനം നിലവിൽവന്നിട്ടും ഫയലുകൾ തീർപ്പാക്കുന്നതിൽ വളരെയധികം കാലതാമസം നേരിടുന്നതിന് കാരണമെന്താണെന്ന് വെളിപ്പെടുത്താമോ;

(സി) കോടതി നടപടികളില്ലാത്തതും നയപരമായ തീരുമാനം ആവശ്യമില്ലാത്തതുമായ ഫയലുകളിൽപ്പോലും അനാവശ്യ കാലതാമസം ഉണ്ടാകുന്നത് ഒഴിവാക്കുന്നതിനായി ഉദ്യോഗസ്ഥർക്ക് എന്തെല്ലാം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി&സി) ഫയലുകളിൽ തീരുമാനമെടുക്കുന്നതിന് കാലതാമസമുണ്ടാകുന്നതിന് പ്രധാന കാരണം കീഴ്കാര്യാലയങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കേണ്ടിവരുമ്പോഴുള്ള താമസമാണ്. വകുപ്പിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിലേയ്ക്കായി ഫയൽ അദാലത്തുകൾ നടത്തി പരമാവധി ഫയലുകൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

തീർപ്പാക്കിവരുന്നു. കെട്ടിക്കിടക്കുന്ന ഫയലുകളിൽ തീരമാനമുണ്ടാകാൻ സെക്രട്ടേറിയറ്റ് ഓഫീസ് മാന്വലിലെ വ്യവസ്ഥകളും വിവിധ സർക്കാർ നിർദ്ദേശങ്ങളും നിലവിലുണ്ട്. മൂന്നുമാസത്തിലൊരു ദിവസം ഫയൽ അദാലത്തിനായി പ്രത്യേകം നീക്കിവയ്ക്കാനും പഞ്ചദിന ചട്ടം നിർബന്ധമായും പാലിക്കാനുമുള്ള നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ലിങ്ക് ഓഫീസർ സിസ്റ്റം നടപ്പിലാക്കിയതും ഫയൽനീക്കം ത്വരിതപ്പെടുത്തിയിട്ടുണ്ട്.

### മരണപ്പെട്ട ജീവനക്കാരിയുടെ കുടുംബത്തിന് നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ

11(3475) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുകയും പൊതുഭരണ വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ ജോലി നോക്കവെ മരണപ്പെടുകയും ചെയ്ത ഹിതാ എന്ന ജീവനക്കാരിയുടെ മരണാനന്തരം ടിയാളുടെ കുടുംബത്തിന് നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് പട്ടികതിരിച്ച് വിശദമാക്കാമോ;

(ബി) പെൻഷൻ ഇനത്തിൽ എത്ര രൂപയാണ് ടിയാളുടെ കുടുംബത്തിന് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പൊതുഭരണ വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ ജോലി ചെയ്തുവരവെ മരണപ്പെട്ട ഹിതയുടെ അവകാശികളാരുംതന്നെ മരണാനന്തര ആനുകൂല്യത്തിന് നാളിതുവരെ അപേക്ഷകളൊന്നും സമർപ്പിച്ചിട്ടില്ല.

### സെക്രട്ടേറിയറ്റിലെ നഷ്ടപ്പെട്ട ഫയലുകൾ

12(3476) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ ഓഫീസ് മാറ്റത്തിന്റെ സമയത്ത് ഫയലുകൾ നഷ്ടപ്പെട്ടതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം വകുപ്പുകളിലാണ് ഫയലുകൾ നഷ്ടപ്പെട്ടതെന്ന് വ്യക്തമാക്കുമോ;

(സി) നഷ്ടപ്പെട്ട ഫയലുകൾ തിരികെ ലഭിക്കുവാൻ വകുപ്പുകൾ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഫയലുകൾ നഷ്ടപ്പെട്ട കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ഇ) നഷ്ടപ്പെട്ട ഫയലുകളിലെ വിഷയങ്ങളിൽ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

**വയനാട് ജില്ലയിലെ റീബിൽഡ് കേരള പദ്ധതി**

13(3477) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ റീബിൽഡ് കേരള പദ്ധതിയിൽപ്പെടുത്തി അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തൊക്കെ പ്രവർത്തനങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത പദ്ധതിയുടെ നിർദ്ദേശങ്ങൾ തയ്യാറായിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പ്രളയ ദുരന്തത്തിൽനിന്നുള്ള അതിജീവനമെന്നത് ഒരു വെല്ലുവിളിയായി എടുത്ത്, ഭാവിയിൽ ഉണ്ടായേക്കാവുന്ന പ്രകൃതിദുരന്തങ്ങളെക്കൂടി അതിജീവിക്കാനാകുന്നവിധം കരുത്തോടെ കേരളത്തെ പുനർനിർമ്മിക്കുക എന്നതാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ലക്ഷ്യം. പരിസ്ഥിതി സൗഹൃദവും അതിജീവനക്ഷമതയുള്ളതുമായ കേരളമെന്ന ലക്ഷ്യത്തിലേയ്ക്ക് വഴികാട്ടുന്ന മാർഗ്ഗരേഖയായ കേരള പുനർ നിർമ്മാണ വികസന പരിപാടി (Rebuild Kerala Development Programme, RKDP) ഇതിനായി തയാറാക്കിയിട്ടുണ്ട്.

സംയോജിത ജലവിഭവ മാനേജ്മെന്റും ജലവിതരണവും, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗപരിപാലനവും ക്ഷീരവികസനവും, ഫിഷറീസ്, ജീവനോപാധികൾ, ഭൂമി എന്നീ മേഖലകൾക്കും വിവിധ മേഖലകളിലായി വ്യാപിച്ചുകിടക്കുന്ന പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം, ദുരന്ത സാധ്യതാ ലഘൂകരണം, ഓപ്പൺ ഡേറ്റ, പൊതുമേഖലാ ശാക്തീകരണം എന്നിവയ്ക്കും ഊന്നൽ നൽകിയുള്ള കൂടുതൽ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

പദ്ധതികൾക്ക് അന്തിമരൂപമാകുന്ന മുറയ്ക്കേ വയനാട് ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാകൂ. അതേസമയം കെ.എസ്.ടി.പി. വായ്പയുടെ പുനർഘടന പ്രകാരം ലഭ്യമാകുന്ന ധനസഹായം ഉപയോഗിച്ച് ആദ്യഘട്ടത്തിൽ, പി.എം.ജി.എസ്.വൈ നിലവാരത്തിൽ നിർമ്മിക്കുന്നതിനായി പരിശോധന പൂർത്തിയാക്കിയ തദ്ദേശസ്വയംഭരണ റോഡുകളുടെ പട്ടികയിൽ വയനാട് ജില്ലയിൽ നിന്ന് 87.113 കിലോമീറ്റർ ദൈർഘ്യമുള്ള 34 റോഡുകൾ ഉൾപ്പെടുന്നു.

## പാലക്കാട് ജില്ലയിൽ സർക്കാരിന്റെ ആയിരംദിന പരിപാടികൾ

14(3479) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ ആയിരംദിന പരിപാടിയുടെ ഭാഗമായി പാലക്കാട് ജില്ലയിൽ എത്ര പദ്ധതികളാണ് ഉദ്ഘാടനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ എത്ര പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) സർക്കാരിന്റെ ആയിരംദിന പരിപാടിയുടെ ഭാഗമായി പാലക്കാട് ജില്ലയിൽ 138 പദ്ധതികളാണ് ഉദ്ഘാടനം ചെയ്തിട്ടുള്ളത്.

(ബി) ഇതിൽ 112 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

## റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ പ്രവർത്തനങ്ങൾക്കായി ഓഫീസ് കെട്ടിടം

15(3480) ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഇനീഷ്യേറ്റീവിൻെറ പ്രവർത്തനത്തിനായി ഓഫീസ് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) അനധികൃതമായ നിർമ്മാണത്തിന് നടപടി നേരിടുന്ന കെട്ടിടമാണ് ഓഫീസ് പ്രവർത്തനത്തിനായി കണ്ടെത്തിയിട്ടുള്ളതെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനിടയാക്കിയ സാഹചര്യം വിശദമാക്കുമോ;

(സി) ഈ കെട്ടിടത്തിന് നിശ്ചയിച്ച പ്രതിമാസവാടകയും പ്രസ്തുത ഓഫീസ് ഒരുക്കിയതിന് സർക്കാരിന് ഉണ്ടായ ചെലവും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഓഫീസ് ഇപ്പോൾ പ്രവർത്തിക്കുന്നത് സെക്രട്ടേറിയറ്റ് നോർത്ത് ബ്ലോക്കിൽ വളരെ പരിമിതമായ സൗകര്യത്തിലാണ്.

പതിനായിരം കോടിയിലേറെ രൂപയുടെ പദ്ധതികൾക്ക് ചുക്കാൻ പിടിക്കേണ്ട സ്ഥാപനമാണിത്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിനുവേണ്ട സാങ്കേതിക-പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിന് സെക്രട്ടേറിയറ്റിലോ പുറത്തുള്ള സർക്കാർ കെട്ടിടങ്ങളിലോ സ്ഥലം ലഭ്യമല്ലെന്ന് ബന്ധപ്പെട്ട വകുപ്പുകൾ അറിയിച്ചതിന്റെ പശ്ചാത്തലത്തിൽ സെക്രട്ടേറിയറ്റിന് തൊട്ടടുത്തുതന്നെയുള്ള Calsar Heather Tower എന്ന കെട്ടിടത്തിന്റെ ഒന്നാം നിലയിൽ പുതിയ ഓഫീസിനായി സ്ഥലം കണ്ടെത്തുകയും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ റീബിൽഡ് കേരള ഇനിഷ്യേറ്റീവ്-ഉന്നതാധികാര സമിതി (HLEC) ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഇതിനായുള്ള തുടർനടപടികൾ സ്വീകരിക്കുകയും കെട്ടിട ഉടമയുമായി വാടക കരാറിൽ എർപ്പെടുകയും ചെയ്തിട്ടുണ്ട്.

(ബി) അനധികൃതമായ നിർമ്മാണത്തിന് നടപടി നേരിടുന്ന കെട്ടിടമാണ് ഓഫീസ് പ്രവർത്തനത്തിനായി കണ്ടെത്തിയിട്ടുള്ളതെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സ്ഥലത്തിന്റെ ഉടമസ്ഥാവകാശം, കൈവശാവകാശം തുടങ്ങിയവ സംബന്ധിച്ച എല്ലാ രേഖകളും പരിശോധിക്കുകയും നിയമപരമായി ശരിയാണെന്ന് ബോധ്യപ്പെടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ശ്രീ. കെ. വി. മാത്യു, മിത്രം ലെയ്ൻ, പരുത്തിപ്പാറ, മുട്ടട എന്നയാളിന്റെ ഉടമസ്ഥതയിലുള്ള പ്രസ്തുത സ്ഥലം വാടകയ്ക്ക് എടുത്തിട്ടുള്ളത്.

(സി) ഒരു ചതുരശ്ര അടിക്ക് 50 രൂപ എന്ന നിരക്കിലാണ് (ആകെ 2973 ചതുരശ്ര അടി) പ്രതിമാസവാടക നിശ്ചയിച്ചിട്ടുള്ളത്.

ഓഫീസ് ഒരുക്കുന്നതിനായി നിലവിൽ പണം ചെലവഴിച്ചിട്ടില്ല. കേരള സംസ്ഥാന വൈദ്യുതി ബോർഡിനെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി നിയമിച്ചുകൊണ്ട് ഓഫീസ് സജ്ജമാക്കൽ പ്രവൃത്തികൾക്ക് 88.50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് സാങ്കേതികാനുമതി ലഭിച്ച് ടെണ്ടറിംഗ് ഘട്ടത്തിൽ മാത്രമേ യഥാർത്ഥ ചെലവ് വ്യക്തമാകുകയുള്ളൂ.

## ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ മെമ്പർ സെക്രട്ടറി

16(3481) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിൽ മെമ്പർ സെക്രട്ടറി നിയമനത്തിന്റെ മാനദണ്ഡം എന്താണ് എന്ന് വിശദമാക്കാമോ; ഇത് സംബന്ധിച്ചുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കൗൺസിലിൽ മെമ്പർ സെക്രട്ടറിയെ കരാർ അടിസ്ഥാനത്തിൽ നിയമിക്കാൻ നിയമം അനുശാസിക്കുന്നുണ്ടോ;

(സി) കൗൺസിലിന്റെ ഇപ്പോഴത്തെ മെമ്പർ സെക്രട്ടറി ആരാണ് എന്ന് വ്യക്തമാക്കാമോ; അദ്ദേഹത്തെ നിയമിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) മെമ്പർ സെക്രട്ടറിയായി നിയമിക്കുന്ന ആളിന്റെ പ്രായപരിധി എത്ര വയസ്സാണ് എന്ന് വ്യക്തമാക്കാമോ; നിലവിൽ നിയമിക്കപ്പെട്ടിരിക്കുന്ന ആളിന്റെ ജനന തീയതി അറിയിക്കാമോ;

(ഇ) മെമ്പർ സെക്രട്ടറിയായി നിയമിക്കപ്പെട്ട വ്യക്തിയുടെ യോഗ്യത ചോദ്യം ചെയ്ത് ഹൈക്കോടതി കേസ് ഫയലിൽ സ്വീകരിച്ചിട്ടുണ്ടോ എന്നറിയാമോ;

(എഫ്) സാമ്പത്തികാധികാരമുള്ള തസ്തികയായ മെമ്പർ സെക്രട്ടറി തസ്തികയിൽ കരാർ നിയമനം നടത്തുന്നത് നിയമവിരുദ്ധമാണെന്ന് കരുതുന്നുണ്ടോ; അങ്ങനെയെങ്കിൽ ഈ നിയമനത്തിന് എതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) " കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ചട്ടങ്ങളിലെ" സെക്ഷൻ 11 പ്രകാരം മെമ്പർ സെക്രട്ടറി സ്ഥാനത്തേയ്ക്ക് വ്യക്തിയെ നാമനിർദ്ദേശം ചെയ്യേണ്ടത് സർക്കാരാണ്.

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ചട്ടങ്ങളിലെ സെക്ഷൻ 11 അനുബന്ധമായി* ചേർക്കുന്നു.

(ബി) കൗൺസിലിൽ മെമ്പർ സെക്രട്ടറിയെ കരാർ അടിസ്ഥാനത്തിൽ നിയമിക്കാൻ ചട്ടം അനുശാസിക്കുന്നില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഡോ. എസ്. പ്രദീപ് കുമാർ മെമ്പർ സെക്രട്ടറിയെ നിയമിച്ച 4-5-2019-ലെ സർക്കാർ ഉത്തരവ് (കൈ) നം. 8/2019/ശാ.സാ.വ-യുടെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(ഡി) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ചട്ടങ്ങളിൽ മെമ്പർ സെക്രട്ടറിയായി നിയമിക്കുന്ന ആളിന്റെ പ്രായപരിധി നിഷ്കർഷിച്ചിട്ടില്ല. നിലവിലെ മെമ്പർ സെക്രട്ടറിയായ ഡോ. എസ്. പ്രദീപ് കുമാറിന്റെ ജനന തീയതി 25-7-1962 ആണ്.

(ഇ) ശ്രീ. ബാബു തോമസ് ഫയൽ ചെയ്ത റിട്ട് ഹർജി നമ്പർ 10151/19 ഹർജിക്കാരൻ കേസ് പിൻവലിച്ചതിനാൽ 2-4-2019-ലെ വിധിന്യായ പ്രകാരം, ബഹുമാനപ്പെട്ട ഹൈക്കോടതി "ഡിസ്മിസ് " ചെയ്തിട്ടുണ്ട്.

(എഫ്) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ മെമ്പർ സെക്രട്ടറി തസ്തികയിൽ കരാർ അടിസ്ഥാനത്തിലല്ല നിയമനം നടത്തിയത്; ബാധകമല്ല.

**സംസ്ഥാനത്ത് രാജ്യാന്തര നിലവാരമുള്ള വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്**

17(3482) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. വി. ടി.ബൽറാം:
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം നിപ ബാധയുണ്ടായപ്പോൾ രാജ്യാന്തര നിലവാരമുള്ള വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സംസ്ഥാനത്ത് സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ; ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) ഈ വർഷം നിപ ബാധ വീണ്ടും ഉണ്ടായപ്പോൾ സംസ്ഥാനത്ത് അത്തരം ഒരു ഇൻസ്റ്റിറ്റ്യൂട്ട് ഇല്ലാത്തതിനാൽ നിപ ബാധ സ്ഥിരീകരിക്കുന്നതിന് പൂനയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിനെ സമീപിക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് സ്ഥാപിക്കുന്ന വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലാണ്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിൽ നിയമിക്കേണ്ട ശാസ്ത്രജ്ഞരുടെ പട്ടിക സംസ്ഥാന ശാസ്ത്രസാങ്കേതിക വകുപ്പ് സമർപ്പിച്ചിട്ടുണ്ടോ; അതിൽ എത്ര പേരെ നിയമിക്കുവാനാണ് ഉദ്ദേശിക്കുന്നത്; ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുഖ്യ ഉപദേശകനായി ഡോ.വില്യം ഹാബിനെ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) സംസ്ഥാനം വീണ്ടും നിപ ബാധയുടെ ഭീഷണിയിലായ സാഹചര്യത്തിൽ ഇനിയും കാലവിളംബം ഉണ്ടാകാതെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം സംസ്ഥാനത്ത് ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) കോഴിക്കോട് ജില്ലയിൽ നിപ വൈറസ് ബാധയുണ്ടായ പശ്ചാത്തലത്തിൽ കേരളത്തിൽ ലോകനിലവാരത്തിലുള്ള ഒരു വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുകയും തിരുവനന്തപുരത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കുകയും 28,000 square feet ഉള്ള pre-fab കെട്ടിടം 2019 ഫെബ്രുവരി ഒൻപതാം തീയതി ഉദ്ഘാടനം ചെയ്യുകയുമുണ്ടായി. ഇതിന്റെ രണ്ടാം ഘട്ടത്തിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഗ്ലോബൽ വൈറസ് നെറ്റ്‌വർക്ക് (GVN) എന്ന സംഘടനയിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിക്ക് അംഗത്വമെടുക്കാനുള്ള പ്രക്രിയകൾ പുരോഗമിക്കുകയാണ്. ഇൻസ്റ്റിറ്റ്യൂട്ടിലേയ്ക്ക് തസ്തികകൾ അനുവദിച്ചിട്ടുണ്ട്. പ്രഗത്ഭരായ വൈറോളജിസ്റ്റുകളെ കണ്ടെത്തി നിയമനം നടത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആവശ്യമായ ഉപകരണങ്ങൾ വാങ്ങാനുള്ള നടപടി പുരോഗമിക്കുകയാണ്.

(ബി) സാഹചര്യമുണ്ടായിട്ടുണ്ട്.

(സി) "ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി (IAV)" അന്താരാഷ്ട്ര നിലവാരത്തിൽ സജ്ജമാക്കുന്നതിന് വേണ്ട ഉപദേശങ്ങൾ നൽകുന്നതിനായി ചുമതലപ്പെട്ട എക്സ്പെർട്ട് അഡ്വൈസറി കമ്മിറ്റിയുടെ (Expert Advisory Committee) നിർദ്ദേശാനുസരണം ഉപകരണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുകയും അവയ്ക്കുവേണ്ട മാനദണ്ഡങ്ങൾ (Specifications) നിഷ്കർഷിക്കുകയും ചെയ്തിട്ടുണ്ട്. ഉപകരണങ്ങൾ വാങ്ങുന്നത് ഇ-ടെണ്ടറിംഗ് സിസ്റ്റം (Open e-tendering system) മുഖേനയാണ്. ഉപകരണങ്ങൾ വാങ്ങുന്നതിന് ഇറക്കുമതി നികുതിയിളവ് ലഭിക്കുന്നതിനായി ഡി.എസ്.ടി.-ഡി.എസ്.ഐ.ആർ. (DST-DSIR) സർട്ടിഫിക്കേഷൻ (Certification) ഉള്ള, കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിലുള്ള, ഗവേഷണ വികസന സ്ഥാപനമായ ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആൻഡ് റിസർച്ച്

ഇൻസ്റ്റിറ്റ്യൂട്ട് (JNTBGRI) മുഖേന ഓപ്പൺ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ടെക്നിക്കൽ ബിഡ് (Technical bid) പരിശോധിക്കുക, ഉപകരണങ്ങൾക്ക് നിഷ്കർഷിച്ചിട്ടുള്ള പ്രത്യേകതകൾ ഉറപ്പുവരുത്തി ഡീലറെ തെരഞ്ഞെടുക്കുക തുടങ്ങിയവയ്ക്കായി പർച്ചേസ് കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) 30-5-2019-ലെ സർക്കാർ ഉത്തരവ് (കൈ.)നമ്പർ 9/19/ശാ.സാ.വ. പ്രകാരം, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിൽ സീനിയർ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഇൻചാർജ് തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ആയതിലേയ്ക്ക് ആരെയും നിയമിച്ചിട്ടില്ല. 14-6-2019-ലെ സർക്കാർ ഉത്തരവ് (കൈ.) നമ്പർ 12/2019/ശാ.സാ.വ. പ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിലെ ഡയറക്ടർ തസ്തികയിലേയ്ക്ക് യോഗ്യനായ വ്യക്തിയെ നാമനിർദ്ദേശം ചെയ്യുന്നതിനുള്ള സെർച്ച് കമ്മിറ്റി രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ടി കമ്മിറ്റി നാമനിർദ്ദേശം നടത്തിയിട്ടില്ല. 31-05-2019-ലെ സർക്കാർ ഉത്തരവ് (കൈ.) നം. 10/2019/ശാ.സാ.വ. പ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിലെ സീനിയർ അഡ്വൈസറായി ഡോ. വില്യം ഡബ്ല്യു ഹാൾ, ഡയറക്ടർ, സെന്റർ ഫോർ റിസർച്ച് ഇൻ ഇൻഫെക്ഷ്യസ് ഡിസീസസ്, ഡബ്ലിൻ-നെ നിയമിച്ച് ഉത്തരവായിട്ടുണ്ട്.

(ഇ) നടപടി സ്വീകരിച്ചുവരുന്നു.

## കായൽ സംരക്ഷണത്തിനായി വെറ്റ് ലാൻഡ് അതോറിറ്റി സ്വീകരിച്ച നടപടികൾ

18(3483) <u>ശ്രീ. ജോൺ ഫെർണാണ്ടസ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേമ്പനാട്, അഷ്ടമുടി, ശാസ്താംകോട്ട കായലുകൾ സംരക്ഷിക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അനുവദിച്ച 3.45 കോടി രൂപ വിനിയോഗിച്ചുള്ള പദ്ധതി നടപ്പിലാക്കുന്നതിനായി കേരള വെറ്റ്ലാന്റ് അതോറിറ്റി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഇത് നടപ്പിലാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(സി) പശ്ചിമ കൊച്ചിയിലെ കായലുകളിൽ വൻതോതിൽ അടിഞ്ഞുകൂടിയിട്ടുള്ള എക്കലുകളും ചെളിയും മൂലം മത്സ്യബന്ധനത്തിന് തടസ്സവും പരിസ്ഥിതിക്ക് കോട്ടവും സൃഷ്ടിക്കപ്പെട്ടിട്ടും ഇത് നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കാത്തതിന് കാരണം വിശദമാക്കാമോ?

ഉത്തരം

(എ) അനുവദിച്ച ഫണ്ടിൽ 172.56 ലക്ഷം രൂപയുള്ള ഭരണാനുമതി 31-7-2018-ലെ സ.ഉ.(സാധാ) നമ്പർ 93/2018/പരി പ്രകാരം സർക്കാർ നൽകിയിട്ടുണ്ട്. മൂന്ന് റാംസാർ തണ്ണീർത്തടങ്ങളുടെ കർമ്മ പരിപ്രേഷ്യത്തിൽ പ്രതിപാദിച്ചിട്ടുള്ള ഘടക പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് പ്രാരംഭ നടപടികളായ പദ്ധതി ക്ഷണിക്കൽ, മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ എന്നിവ നടപ്പാക്കിവരുന്നു.

(ബി) കേരളത്തിലുണ്ടായ മഹാപ്രളയത്തിനുശേഷം റാംസാർ തടാകങ്ങളിൽ നിന്നും അടിയന്തരമായി മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് മൂന്ന് തണ്ണീർത്തടങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക ക്ലീൻ കേരള കമ്പനിക്ക് കൈമാറാൻ നിർദ്ദേശിച്ചിട്ടുണ്ട്.

2019-20 സാമ്പത്തിക വർഷത്തിൽ മൂന്ന് റാംസാർ തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള പദ്ധതി വിഹിതം വിനിയോഗിക്കുന്നതിനായി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും പുനരനുമതി ലഭിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(സി) ആവാസ വ്യവസ്ഥയ്ക്ക് ഉപദ്രവകരമായ രീതിയിൽ എക്കലും ചെളിയും മറ്റ് മാലിന്യങ്ങളും അടിഞ്ഞുകൂടുന്നത് പരമാവധി കുറയ്ക്കുന്നതിനുള്ള പ്രതിരോധ പ്രവൃത്തികൾ വേമ്പനാട്-കോൾ റാംസാർ തണ്ണീർത്തടത്തിന്റെ അംഗീകൃത പരിപാലന കർമ്മ പരിപ്രേഷ്യത്തിലുള്ളതിനാൽ അത് നടപ്പാകുന്നമുറയ്ക്ക് ഈ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കപ്പെടും ഈ സാമ്പത്തിക വർഷം ഈ പ്രവൃത്തിയുടെ പ്രാഥമിക നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

**പെരിയാറിനെ സംരക്ഷിക്കുന്നതിന് നടപടി**

19(3484) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയാറിനെയും പെരിയാറിന്റെ തീരത്തെ വ്യവസായങ്ങളെയും സംരക്ഷിക്കുന്നതിനായി ഏലൂർ-എടയാർ മേഖലയിലെ വ്യവസായ പാഴ്ജലം ഒരു ഒപ്റ്റിമം ഔട്ട്ഫാൾ ലൊക്കേഷൻ വഴി പുറന്തള്ളുന്നതിനായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യനോഗ്രാഫി തയ്യാറാക്കിയ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ;

(ബി) ഇത് നടപ്പിലാക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഈ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടില്ല.

## പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റിന്റെ പുനഃസംഘടന

20(T*3485) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനം പഠിക്കുവാനും വിശകലനം ചെയ്യുവാനുമായി സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റ് പുനഃസംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ തീരപ്രദേശത്തെ പരിസ്ഥിതി സന്തുലിതാവസ്ഥ സംരക്ഷിക്കുന്നതിനായി ഇന്റഗ്രേറ്റഡ് കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്രോജക്ട് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) തീരുമാനിച്ചിട്ടില്ല.

(ബി) ലോകബാങ്ക് സഹായത്തോടെയുള്ള ഇന്റഗ്രേറ്റഡ് കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്രോജക്ട് (ICZMP)-ലേയ്ക്ക് കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തുവാൻ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം തീരുമാനിച്ചിട്ടുണ്ട്.

280 കോടി രൂപ എസ്റ്റിമേറ്റ് നിശ്ചയിച്ചിട്ടുള്ള പ്രസ്തുത പദ്ധതിയുടെ മൊത്തം എസ്റ്റിമേറ്റ് തുകയുടെ 20% (56 കോടി രൂപ) സംസ്ഥാന സർക്കാർ ഓഹരിയായും 30% (84 കോടി രൂപ)കേന്ദ്ര സർക്കാർ ഓഹരിയായും 50% (140 കോടി രൂപ) എക്സ്റ്റേണൽ ഫിനാൻസ് (ലോക ബാങ്ക്) ആയും നിശ്ചയിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തുകയുടെ 20% (56 കോടി രൂപ) സംസ്ഥാന സർക്കാർ ഓഹരിയായി അനുവദിക്കുന്നതിന് നടപടിയെടുത്തുവരുന്നു.

## കാലാവസ്ഥാ മുന്നറിയിപ്പ് കേന്ദ്രങ്ങളെ ശക്തിപ്പെടുത്താൻ നടപടി

21(3486) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽവന്നതിനുശേഷം കാലാവസ്ഥാ മുന്നറിയിപ്പ് കേന്ദ്രങ്ങളെ ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളത്; വിശദമാക്കാമോ;

(ബി) മത്സ്യബന്ധനത്തിലേർപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്കായി പ്രത്യേക സുരക്ഷാ മുന്നറിയിപ്പ് സംവിധാനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

* 'T'മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) കേന്ദ്ര ദുരന്ത ലഘൂകരണ പദ്ധതി പ്രകാരം കേന്ദ്ര കാലാവസ്ഥാ വകുപ്പിൽ നിക്ഷിപ്തമായ ചുമതലയായ സംസ്ഥാനത്തെ കാലാവസ്ഥാ നിരീക്ഷണ സംവിധാനങ്ങൾ വർദ്ധിപ്പിക്കുവാനും മുന്നറിയിപ്പ് സംവിധാനങ്ങൾ മെച്ചപ്പെടുത്തുവാനും 256 ഓട്ടോമാറ്റിക് കാലാവസ്ഥാ മാപിനികൾ സ്ഥാപിക്കുവാനും കേന്ദ്ര കാലാവസ്ഥാ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 100 ഓട്ടോമാറ്റിക് കാലാവസ്ഥാ മാപിനികൾ സ്ഥാപിക്കുന്നതിനുള്ള സന്നദ്ധത കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചിട്ടുണ്ട്. അതിൽ 35 ഓട്ടോമാറ്റിക് കാലാവസ്ഥാ മാപിനികൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുകയും ബാക്കി 65 എണ്ണം സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുന്നതിനുള്ള സർവ്വേ നടത്തിയും വരുന്നു. സംസ്ഥാനത്ത് ഒരു റഡാർ കൂടി കോഴിക്കോട്, വയനാട് അതിർത്തിയിൽ സ്ഥാപിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ 10 തീർത്ഥാടന/ടൂറിസ്റ്റ് കേന്ദ്രങ്ങളിലും ഓട്ടോമാറ്റിക് കാലാവസ്ഥാ മാപിനികളും ഡിസ്പ്ലേ ബോർഡും സ്ഥാപിക്കുവാൻ കേന്ദ്ര കാലാവസ്ഥാ വകുപ്പിനോട് ആവശ്യപ്പെട്ടു. ഇവയ്ക്കുപുറമെ 39 മാന്വൽ മഴമാപിനികൾ സ്ഥാപിക്കുവാൻ കേന്ദ്ര കാലാവസ്ഥാ വകുപ്പ് സ്ഥലം ആവശ്യപ്പെട്ടതനുസരിച്ച് ഇവ കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ഐ.എസ്.ആർ.ഒ.-യുടെ 65 ഓട്ടോമാറ്റിക് കാലാവസ്ഥാ മാപിനികളും പ്രവർത്തനക്ഷമമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. ISRO-INCOIS എന്നിവരുമായി ചേർന്ന് ഉപഗ്രഹാധിഷ്ഠിത മുന്നറിയിപ്പ് സംവിധാനമായ NAVIC, 500 മത്സ്യബന്ധനയാനങ്ങൾക്ക് സൗജന്യമായി ലഭ്യമാക്കി. കടലിൽ പോകുന്ന അവസരത്തിലും തിരികെ വരുന്ന അവസരത്തിലും അതത് തീരത്ത് ഹാജർ വയ്ക്കുവാനായി ഒരു മൊബൈൽ ആപ്ലിക്കേഷൻ എൻ.ഐ.സി.-യുമായി ചേർന്ന് തയ്യാറാക്കിയിട്ടുണ്ട്. വിവിധ അടിയന്തര ഘട്ടങ്ങൾ നേരിടുവാനായി ഫിഷറീസ് വകുപ്പിൽ ഒരു കൺട്രോൾ റൂം ഇരുപത്തിനാല് മണിക്കൂറും പ്രവർത്തനസജ്ജമാക്കി. ഈ കൺട്രോൾ റൂമിനെ സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രവുമായി ബന്ധിപ്പിക്കുകയും പ്രത്യേകം വാട്ട്സ്ആപ്പ് നമ്പർ അനുവദിച്ച്, സംസ്ഥാന അടിന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിന്റെയും ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങളുടെയും പോലീസ് കൺട്രോൾ റൂമിന്റെയും ചേർന്ന വാട്ടസ്ആപ്പ് ഗ്രൂപ്പിൽ ബന്ധപ്പെടുത്തി.

അന്തർദ്ദേശീയ കടൽ ചട്ടങ്ങൾ അനുസരിച്ചുള്ള കൊടികൾ, ലൈറ്റ്, പ്രദർശന ബോർഡുകൾ എന്നീ സംവിധാനങ്ങൾ തുറമുഖങ്ങൾ, Fish Landing Centres എന്നിവിടങ്ങളിൽ സ്ഥാപിക്കുവാൻ മത്സ്യബന്ധന വകുപ്പിന് നിർദ്ദേശം നൽകി.

INCOIS-ൽ നിന്നുള്ള വിവിധ പ്രവചനങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് നേരിട്ട് മൊബൈൽ ഫോണിൽ ലഭ്യമാക്കുന്നതിന് 145788 മത്സ്യത്തൊഴിലാളികളുടെ മൊബൈൽ നമ്പറുകൾ ശേഖരിച്ച് INCOIS-ന് ലഭ്യമാക്കി.

രാജ്യാതിർത്തികൾക്ക് അതീതമായി ആഴക്കടലിലും മത്സ്യ തൊഴിലാളികൾക്ക് മുന്നറിയിപ്പുകൾ നൽകുവാൻ ആകാശവാണിയുടെ നിർത്തി വച്ചിരിക്കുന്ന MW, SW Transmission പുനരാരംഭിക്കുവാൻ കേരളത്തിലും തമിഴ്നാട്ടിലും കടലിൽ 500 നോട്ടിക്കൽ മൈൽ വരെ പരീക്ഷണം നടത്തുവാൻ ദേശീയ ദുരന്ത നിവാരണ അതോറിറ്റിയിൽ നടന്ന യോഗത്തിൽ തീരുമാനം കൈക്കൊണ്ടു.

## എറണാകുളം ജില്ലയിൽ സി.ആർ.ഇസഡ്. നിയമപ്രകാരമുള്ള നിയന്ത്രണങ്ങളിൽ ഇളവ്

22(3487) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ 2019-ൽ ഏതെങ്കിലും പ്രദേശങ്ങൾക്ക് കോസ്റ്റൽ സോൺ റെഗുലേഷൻ നിയമപ്രകാരമുള്ള നിയന്ത്രണങ്ങൾക്ക് ഇളവ് നൽകിയിട്ടുണ്ടോ; ഇവയുടെ വിശദാംശം നൽകുമോ;

(ബി) സോൺ-1-ൽ നിന്ന് സോൺ-2 ആയും സോൺ-2 -ൽ നിന്ന് സോൺ-3 ആയും ഇളവ് നൽകിയത് പ്രത്യേകമായി അറിയിക്കുമോ;

(സി) ഇതുപ്രകാരം എന്തെല്ലാം ഇളവുകളാണ് ഈ പ്രദേശത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ലഭ്യമാകുക എന്ന് അറിയിക്കുമോ;

(ഡി) എന്നാണ് ഈ ഇളവുകൾ സംബന്ധിച്ച് വിജ്ഞാപനം പുറത്തിറങ്ങിയത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ-ഡി) 18-1-2019-ലെ GSR No. 37(E) നമ്പർ വിജ്ഞാപനപ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുതുക്കിയ തീരദേശ പരിപാലന വിജ്ഞാപനം 2019 പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപന പ്രകാരം എറണാകുളം ജില്ല അടക്കമുള്ള സംസ്ഥാനത്തെ എല്ലാ തീരദേശ ജില്ലകളിലും ഇളവുകൾ വന്നിട്ടുണ്ട്. എങ്കിലും ഈ വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമേ ഈ ഇളവുകൾ സംസ്ഥാനത്ത് പ്രാബല്യത്തിൽ വരികയുള്ളൂ.

സോൺ I-ൽ നിന്നും സോൺ II ആയും സോൺ II- ൽ നിന്നും സോൺ III ആയും ഇളവ് നൽകിയിട്ടില്ല.

തീരദേശ പരിപാലന വിജ്ഞാപനം 2019 പ്രകാരം ലഭിച്ച ഇളവുകൾ അനുബന്ധമായി* ചേർക്കുന്നു.

**തീരദേശ പരിപാലന നിയമത്തിലെ ഇളവുകൾ**

23(T* 3488) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് ഏറെ ബുദ്ധിമുട്ട് സൃഷ്ടിക്കുന്ന തരത്തിലുള്ള തീരദേശപരിപാലന നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള 2011-ലെ വിജ്ഞാപനത്തിൽ മാറ്റം വരുത്തണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യം കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സംസ്ഥാന സർക്കാരിന്റെ ആവശ്യം പരിഗണിച്ച് പ്രസ്തുത വിജ്ഞാപനത്തിൽ എന്തൊക്കെ ഇളവുകളാണ് കേന്ദ്രസർക്കാർ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അംഗീകരിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാർ 18-1-2019-ന് തീരദേശ പരിപാലന വിജ്ഞാപനം 2019 പുറപ്പെടുവിച്ചു. പ്രസ്തുത വിജ്ഞാപന പ്രകാരം ലഭിച്ച ഇളവുകൾ അനുബന്ധമായി* ചേർക്കുന്നു.

**പെരിയാർ നദി സംരക്ഷണം**

24(T*3489) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയാർ നദിയിലെ ജലം മലിനമായിക്കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് തടയുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇതിന്റെ ഫലമായി കൈവരിച്ച നേട്ടങ്ങൾ അറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

* 'T'മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പുറപ്പിള്ളിക്കാവ്, പാതാളം, മഞ്ഞുമ്മൽ എന്നീ റെഗുലേറ്ററുകൾ ഓരുവെള്ളം തടയുന്നതിന് നിർമ്മിച്ചിട്ടുള്ളതാണ്. ഇവിടെ അടിയുന്ന മാലിന്യങ്ങൾ വേലിയിറക്ക സമയത്ത് ഷട്ടറുകൾ തുറന്ന് കളയാറുണ്ട്. പെരിയാറിലെ മലിനീകരണം തടയുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡ് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

1. ബോർഡ് ഏലൂർ-എടയാർ മേഖലയിൽ സർവ്വയലൻസ് കാര്യാലയം ആരംഭിച്ചു.
2. വ്യവസായ സ്ഥാപനങ്ങളെ നിരീക്ഷിക്കുന്നതിനായി പെരിയാർ നദിയുടെ തീരത്ത് നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചു.
3. പെരിയാറിൽ തത്സമയ ജല ഗുണനിലവാര മോണിറ്ററിംഗ് സ്റ്റേഷൻ സ്ഥാപിച്ചു.
4. നദിയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി കർമ്മ പദ്ധതി തയ്യാറാക്കി.
5. വ്യവസായ സ്ഥാപനങ്ങളിൽ തത്സമയ ജല ഗുണനിലവാര മോണിറ്ററിംഗ് സംവിധാനം സ്ഥാപിച്ചു.

(സി) എടയാർ മേഖലയിൽ അടച്ചുപൂട്ടിപ്പോയ ബിനാനി സിങ്കിൽ സൂക്ഷിച്ചിരുന്ന രാസവസ്തുക്കൾ മഴവെള്ളത്തിൽ കലർന്ന് പുഴയിലേയ്ക്ക് ഒഴുകുവാനുള്ള സാഹചര്യമുണ്ടായിരുന്നു. ഇത് വലിയ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമാകുമെന്നതിനാൽ മലിനീകരണ നിയന്ത്രണ ബോർഡ് ഈ രാസവസ്തുക്കൾ മറ്റ് കമ്പനികൾക്ക് പുനരുപയോഗിക്കുന്നതിനായി ലേലം ചെയ്തു നൽകി. ബോർഡിന്റെ സത്വരമായ ഇടപെടൽമൂലം ദ്രവരൂപത്തിലുള്ള രാസപദാർത്ഥങ്ങൾ നീക്കം ചെയ്തു തുടങ്ങി. മാലിന്യം പുഴയിലേയ്ക്ക് എത്തുന്ന സാഹചര്യം ഇതിനാൽ ഒഴിവാക്കുകയുണ്ടായി. ഈ യൂണിറ്റിൽ നിന്നും രാസപദാർത്ഥങ്ങൾ ബോർഡിന്റെ നേതൃത്വത്തിൽ നീക്കം ചെയ്തുവരുന്നു.

ശ്രീശക്തി പേപ്പർ മില്ലിൽ സൂക്ഷിച്ചുവച്ചിരുന്ന പ്ലാസ്റ്റിക് മാലിന്യം പെരിയാറിലേയ്ക്ക് എത്തിച്ചേരാതിരിക്കുന്നതിന് ഇവ നീക്കം ചെയ്തു വരുന്നു.

ഹിൻഡാൽകോ കമ്പനിയിൽ Secured Land Fill (SLF) ൽ ഉണ്ടായിരുന്ന രാസവസ്തുക്കൾ SLF-ന്റെ കാലപ്പഴക്കംമൂലം മണ്ണിലൂടെ അരിച്ചിറങ്ങി പാരിസ്ഥിതിക

പ്രശ്നങ്ങൾ ഉണ്ടാക്കുന്നത് ഒഴിവാക്കുന്നതിനായി ബോർഡ് ഇടപെട്ടു. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ശ്രമഫലമായി കമ്പനിയിൽ Secured Land Fill- ൽ ഉണ്ടായിരുന്ന അപകടകരമായ sludge പൂർണ്ണമായി പൊതുനിർമ്മാർജ്ജന സ്ഥലമായ എറണാകുളത്തുള്ള Kerala Enviro Infrastructure Limited(KEIL) നീക്കം ചെയ്തു.

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ സംവരണം

25(3490) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ രണ്ടും മൂന്നും സ്കീമുകളിലെ നിയമനങ്ങളിൽ സംവരണം സംബന്ധിച്ച മുൻനിലപാടിൽ നിന്നും മാറ്റം വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നിയമ വകുപ്പും പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷനും മൂന്ന് സ്കീമുകളിലും സംവരണം ഏർപ്പെടുത്തണമെന്ന് ശിപാർശ നൽകിയിട്ടും ആയതു പരിഗണിക്കാതെ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം മാത്രം പരിഗണിച്ചാണോ രണ്ടും മൂന്നും സ്കീമിൽ സംവരണം ബാധകമാക്കാതിരുന്നത്; വിശദമാക്കാമോ;

(സി) കെ.എ.എസ്.-ലെ നിയമനത്തിൽ എല്ലാ സ്കീമുകളിലും സംവരണം ബാധകമാക്കിയുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ഡി) നിലവിലെ സാഹചര്യത്തിൽ കെ.എ.എസ്.ലേക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയുള്ള നിയമനങ്ങൾ എന്നത്തേക്ക് സാധ്യമാകുമെന്നാണ് കരുതുന്നത്; വ്യക്തമാക്കുമോ?

### ഉത്തരം

(എ & ബി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് റൂൾസ് പ്രകാരം മൂന്ന് സ്കീമുകളിലായാണ് നിയമനം നടത്തുവാൻ നിഷ്കർഷിച്ചിട്ടുള്ളത്. സ്കീം I-ൽ നേരിട്ടുള്ള നിയമനം, സ്കീം II, III എന്നിവയിൽ ബൈ ട്രാൻസ്ഫർ നിയമനവുമാണ് വിഭാവനം ചെയ്തിട്ടുള്ളത്. കെ.എസ്. & എസ്.എസ്.ആർ. ചട്ടങ്ങൾ പ്രകാരം നേരിട്ടുള്ള നിയമനങ്ങൾക്കാണ് സംവരണ തത്വങ്ങൾ ബാധകമായിട്ടുള്ളത്. ആയതിനാലാണ് സ്കീം II, III എന്നിവ മുഖേനയുള്ള നിയമനങ്ങൾക്ക് സംവരണം ബാധകമാക്കാത്തത്. എന്നാൽ പ്രസ്തുത സ്കീമുകളിലും സംവരണം

വേണമെന്നാവശ്യപ്പെട്ടുകൊണ്ട് വിവിധ സംഘടനകൾ, ജനപ്രതിനിധികൾ, വ്യക്തികൾ എന്നിവരിൽനിന്നും ധാരാളം നിവേദനങ്ങൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം പരിശോധിക്കുകയും സ്ട്രീം II, III എന്നിവയിലും സംവരണം നടപ്പിലാക്കുന്നതിന്റെ നിയമവശങ്ങൾ പരിശോധിച്ചുവരികയുമാണ്.

(സി) ഇല്ല. കെ.എ.എസ്.-ൽ രണ്ടും മൂന്നും സ്ട്രീമുകളിലെ സംവരണം ഏർപ്പെടുത്തുന്നതടക്കമുള്ള ഭേദഗതി നിർദ്ദേശങ്ങൾ പരിശോധനയിലാണ്.

(ഡി) സ്പെഷ്യൽ റൂൾസ് ഭേദഗതി നിർദ്ദേശങ്ങളിൽ അന്തിമ തീരുമാനമെടുക്കുന്ന മുറയ്ക്ക് മാത്രമേ നിയമന നടപടികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

## പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് തസ്തികമാറ്റം മുഖേന കെ.എ.എസ്.-ൽ നിയമനം

26(3491) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എ.എസ്. രൂപീകരണവുമായി ബന്ധപ്പെട്ട് 28-12-2016-ന് എടുത്ത മന്ത്രിസഭായോഗ തീരുമാനപ്രകാരവും ഇതിനോടനുബന്ധിച്ച് വന്ന 4-1-2017-ലെ GO(MS) NO.1/2017/P&ARD നമ്പർ സർക്കാർ ഉത്തരവുപ്രകാരവും സ്ട്രീം 2-വിലേയ്ക്ക് തസ്തികമാറ്റം മുഖേനയുള്ള നിയമനത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ളവർ ഉൾപ്പെടെയുള്ള സ്ഥിരം ഉദ്യോഗസ്ഥർക്കായി അൻപത് ശതമാനം തസ്തികകൾ സംവരണം ചെയ്തിട്ടുള്ളതായി വ്യവസ്ഥ ചെയ്തിരുന്നെങ്കിലും ഇതിനുശേഷം മേൽപ്പറഞ്ഞ ഉത്തരവ് സൂചന കാണിച്ചുകൊണ്ട് പ്രസിദ്ധീകരിച്ചിരിക്കുന്ന 29-12-2017-ലെ G.O.(P)No.12/2017 P&ARD നമ്പർ വിജ്ഞാപനത്തിൽ പ്രസ്തുത തസ്തികമാറ്റ നിയമനത്തിന് യോഗ്യതയുള്ളവരിൽ നിന്നും പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരെ ഒഴിവാക്കിയതായി കാണുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരെ ഉൾപ്പെടുത്തി വിജ്ഞാപനം പുനഃപ്രസിദ്ധീകരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) കെ.എസ്.ഇ.ബി. ലിമിറ്റഡിലെ നിശ്ചിത യോഗ്യതയുള്ള ജീവനക്കാർക്കുകൂടി സ്ട്രീം 2 മുഖേന കെ.എ.എസ്. പരീക്ഷ എഴുതുവാൻ സാധിക്കുന്ന വിധം സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 4-1-2017-ലെ G.O. (Ms.) No.1/2017/P &ARD നമ്പർ ഉത്തരവ് പ്രകാരം കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് തത്വത്തിൽ രൂപീകരിച്ചുകൊണ്ട് ഉത്തരവായിരുന്നു. ആയതിൽ പൊതുമേഖലാ സ്ഥാപനങ്ങളും ഉൾപ്പെട്ടിരുന്നു. എന്നാൽ കെ.എ.എസ്. സംബന്ധിച്ച വിശേഷാൽ ചട്ടങ്ങൾ തയ്യാറാക്കുന്നതിനായി രൂപീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറി (ആഭ്യന്തരവും വിജിലൻസും) അദ്ധ്യക്ഷയായ സെക്രട്ടറിതല സമിതി തയ്യാറാക്കിയ കരട് വിശേഷാൽ ചട്ടത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരെ ഉൾപ്പെടുത്തിയിരുന്നില്ല. കെ.എ.എസ്. രൂപീകരിക്കാൻ 10% തസ്തികകൾ രണ്ടാം ഗസറ്റഡ് തസ്തിക മുതൽ കുറവ് വരുത്തുന്നതിൽ പൊതുമേഖലാ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത കരട് ചട്ടങ്ങൾക്ക് മന്ത്രിസഭായോഗം അംഗീകാരം നൽകുകയും തുടർന്ന് 29-12-2017-ലെ സ.ഉ.(പി) നമ്പർ 12/2017/ഉ.ഭ.പ.വ. പ്രകാരം എസ്.ആർ.ഒ. 861/2017 നമ്പരായി കെ.എ.എസ്. റൂൾസ് വിജ്ഞാപനം ചെയ്യുകയുമുണ്ടായി.

(ബി&സി) പരിഗണനയിലില്ല. തെരഞ്ഞെടുത്ത സർക്കാർ വകുപ്പുകളിൽ മാത്രമാണ് കെ.എ.എസ്. നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളെ കെ.എ.എസ്.-ൽ ഉൾപ്പെടുത്തിയിട്ടില്ല.

**പി.എസ്.സി.-യുടെ വിശ്വാസ്യത ഉറപ്പാക്കാൻ നടപടി**

27(3492) <u>ശ്രീ. എൻ. ഷംസുദ്ദീൻ :</u>
<u>ശ്രീ. ടി. എ. അഹമ്മദ് കബീർ :</u>
<u>ശ്രീ. കെ. എൻ. എ. ഖാദർ :</u>
<u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. നടത്തിയ ചില പരീക്ഷകളുടെ ഉത്തരക്കടലാസുകൾ ചിതലരിച്ച് നശിച്ചതിനെത്തുടർന്ന് വീണ്ടും പരീക്ഷ നടത്താൻ തീരുമാനിച്ച വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സംഭവങ്ങൾ പി.എസ്.സി.-യുടെ വിശ്വാസ്യതയേയും സുതാര്യതയേയും ബാധിച്ചതായി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(സി) പരീക്ഷാ നടത്തിപ്പിനും റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതിനും സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗിച്ചുവരുന്നതിനാൽ പരീക്ഷാ കലണ്ടർ പ്രഖ്യാപിച്ച് റാങ്കുലിസ്റ്റുകൾ സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പി.എസ്.സി.-ക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ&ബി) ഉണ്ട്. ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സ്വീകരിച്ചിട്ടുണ്ട്.

(സി) പരീക്ഷാ കലണ്ടർ മുൻകൂട്ടി പ്രസിദ്ധീകരിച്ച് അതിൻപ്രകാരം പരീക്ഷ നടത്തി സമയബന്ധിതമായി പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു വരുന്നു. തെരഞ്ഞെടുപ്പ് പ്രക്രിയ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി തെരഞ്ഞെടുപ്പിന്റെ സാദ്ധ്യമായ എല്ലാ മേഖലകളിലേയ്ക്കും കമ്പ്യൂട്ടർവൽക്കരണം വ്യാപിപ്പിച്ചിട്ടുള്ളതിനാൽ വളരെ വേഗത്തിൽ മൂല്യനിർണ്ണയം നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ പി.എസ്.സി.-ക്ക് കഴിയുന്നുണ്ട്.

**പി.എസ്.സി. വഴി നടന്ന നിയമനങ്ങൾ**

28(3493) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പി.എസ്.സി. വഴി സംസ്ഥാനത്ത് എത്ര നിയമനങ്ങളാണ് നടത്തിയതെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം വിവിധ വകുപ്പുകളിൽ പുതുതായി സൃഷ്ടിച്ച തസ്തികകളിലെ നിയമനങ്ങൾ വകുപ്പ് തിരിച്ച് ലഭ്യമാക്കാമോ;

(സി) ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നൽകുന്നതിന് കൂടുതൽ തസ്തികകളിൽ പി.എസ്.സി വഴി നിയമനം നടത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പി.എസ്.സി. വഴി 154386 (ഒരു ലക്ഷത്തി അമ്പത്തി നാലായിരത്തി മൂന്നൂറ്റി എൺപത്തിയാറ്) ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. വകുപ്പ് തിരിച്ചുള്ള വിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) നിയമനം ത്വരിതപ്പെടുത്താൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്ത് പി.എസ്.സി. വഴി നികത്തപ്പെടേണ്ട ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പു മേധാവികൾക്കും/നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം വിവിധ വകുപ്പുകളിൽ ദ്രുത പരിശോധന നടത്തി റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകളുണ്ടെങ്കിൽ അത് കണ്ടെത്തി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പി.എസ്.സി. ചെയർമാന്റെ ഔദ്യോഗിക യാത്രാച്ചെലവ്

29(3494) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനകത്തും പുറത്തുമുള്ള ഔദ്യോഗിക യാത്രകളിൽ പി.എസ്.സി.ചെയർമാനോടൊപ്പം അദ്ദേഹത്തിന്റെ ജീവിത പങ്കാളി കൂടി യാത്ര ചെയ്യുന്ന വേളകളിൽ അവരുടെ യാത്ര ചെലവ് കൂടി സർക്കാർ വഹിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പി.എസ്.സി. സർക്കാരിന് കത്ത് നൽകുവാനുണ്ടായ സാഹചര്യമെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ ഔദ്യോഗിക യാത്രാവേളയിൽ ജീവിത പങ്കാളി കൂടി അനുഗമിക്കുന്ന സന്ദർഭങ്ങളിൽ അതിന്റെ ചെലവ് സർക്കാർ വഹിക്കുന്നത് ഏതൊക്കെ പദവിയിലുള്ളവർക്കാണ്;വ്യക്തമാക്കാമോ?

### ഉത്തരം

(എ) വർഷത്തിലൊരിക്കൽ നടന്നുവരുന്ന സംസ്ഥാന പി.എസ്.സി. അദ്ധ്യക്ഷന്മാരുടെ ദേശീയ സമ്മേളനത്തിൽ അവരുടെ ജീവിതപങ്കാളികൾക്ക് പ്രത്യേക ക്ഷണവും അവരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു പ്രത്യേക സെഷനുമുണ്ട്. ഇത്തരം സമ്മേളനങ്ങൾക്കുള്ള ഔദ്യോഗികമായ ക്ഷണം വരുമ്പോൾ ഇതര സംസ്ഥാനങ്ങളിലേയ്ക്കുള്ള യാത്രയ്ക്ക് ജീവിതപങ്കാളിക്ക് ചെലവാകുന്ന ടിക്കറ്റ് ഫെയർ മാത്രമാണ് ആവശ്യമായി വരുന്നത്. കഴിഞ്ഞ 3 സംസ്ഥാന പി.എസ്.സി. അദ്ധ്യക്ഷൻമാരുടെ ദേശീയ സമ്മേളനത്തിലും സംസ്ഥാന പി.എസ്.സി. ചെയർമാൻ സ്വന്തം ചെലവിലാണ് ജീവിതപങ്കാളിയെ പങ്കെടുപ്പിച്ചത്. അടുത്ത സമ്മേളനം 2020-ൽ തിരുവനന്തപുരത്തായതിനാൽ യാത്രാച്ചെലവിന്റെ ആവശ്യം വരുന്നില്ല. മേൽപ്പറഞ്ഞ ദേശീയസമ്മേളനങ്ങളുടെ പശ്ചാത്തലത്തിലാണ് ഔദ്യോഗിക സമ്മേളനങ്ങളിൽ ക്ഷണമുള്ള ജീവിതപങ്കാളിയുടെ യാത്രാച്ചെലവ് സർക്കാർ വഹിക്കണമെന്ന ആവശ്യം ഉന്നയിച്ചത്.

(ബി) നിലവിൽ ഔദ്യോഗിക യാത്രാവേളയിൽ ജീവിതപങ്കാളികൂടി അനുഗമിക്കുന്ന സന്ദർഭങ്ങളിൽ അതിന്റെ ചെലവ് സർക്കാർ വഹിക്കുന്നത് സംബന്ധിച്ച് കേരള സർവ്വീസ് ചട്ടങ്ങളിൽ ഉൾപ്പെടുത്തി കാണുന്നില്ല.

## ആദിവാസി യുവതീയുവാക്കൾക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ നിയമനം

30(3495) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി യുവാക്കളെ സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ എസ്.ഐ. തസ്തികയിൽ നിയമിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ;

(ബി) ആദിവാസി യുവതീയുവാക്കളെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി ഫോറസ്റ്റ് വാച്ചർ തസ്തികയിൽ നിയമിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം തസ്തികകളിൽ എത്ര ആദിവാസികളെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉദ്യോഗങ്ങളിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ പ്രാതിനിധ്യത്തിൽ കുറവു വരുമ്പോൾ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി എല്ലാ തസ്തികകളിലും പി.എസ്.സി. മുഖേന നിയമനം നടത്താറുണ്ട്. അത് എസ്.ഐ. തസ്തികയിലും അനുവർത്തിക്കാറുണ്ട്.

(ബി) ആദിവാസി സമൂഹത്തിൽനിന്നും സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി യോഗ്യരായ 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ പി.എസ്.സി. വഴി നിയമിക്കുന്നതിനുവേണ്ട നടപടികൾ സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

(സി) 54 CPO തസ്തികകളിലേയ്ക്കും 21 WCPO തസ്തികകളിലേയ്ക്കും ആകെ 75 തസ്തികകളിൽ പോലീസ് വകുപ്പിലും രണ്ട് വനിതകൾ ഉൾപ്പെടെ 25 സിവിൽ എക്സൈസ് ഓഫീസർമാരെ എക്സൈസ് വകുപ്പിലും സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നടത്തിയിട്ടുണ്ട്. മറ്റ് വകുപ്പുകളിലെ നിയമനം സംബന്ധിച്ച വിവരം ശേഖരിച്ചുനൽകുന്നതാണ്.

## എൻ.സി.എ. വിജ്ഞാപനംവഴി ജൂനിയർ ക്ലാർക്ക്/കാഷ്യർ റാങ്ക് ലിസ്റ്റ്

31(3496) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.-യുടെ എൻ.സി.എ.(DEAF) വിജ്ഞാപനം (കാറ്റഗറി നമ്പർ 613/12) വഴി നിലവിൽ വന്നിട്ടുള്ള ജൂനിയർ ക്ലാർക്ക്/കാഷ്യർ, ജൂനിയർ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമന ശിപാർശ നല്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റ് നിലവിൽവന്ന തീയതിയും റാങ്ക് ലിസ്റ്റിന്റെ കാലാവധിയും വ്യക്തമാക്കാമോ;

(സി) നിലവിലുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി സാധാരണ പി.എസ്.സി. റാങ്ക് ലിസ്റ്റുപോലെ മൂന്ന് വർഷമാണോ അതോ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കുന്നതുവരെയാണോ; വ്യക്തമാക്കാമോ;

(ഡി) ഈ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്കായി നിലവിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ഇ) വിവിധ സ്ഥാപനങ്ങളിൽ ഇവർക്കായി ഒഴിവുകൾ വന്നിട്ടുണ്ടെങ്കിൽ വേഗത്തിൽ റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) 58 (അൻപത്തിയെട്ട്) ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി&സി) 7-2-2017 -ന് റാങ്ക് ലിസ്റ്റ് നിലവിൽ വന്നു. റാങ്ക് ലിസ്റ്റിൽ നിന്നും നിയമന ശിപാർശ ചെയ്യുന്ന ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കുന്നതുവരെയാണ് എൻ.സി.എ. റാങ്ക് ലിസ്റ്റിന്റെ കാലാവധി.

(ഡി) നിലവിൽ ഒഴിവുകളൊന്നുംതന്നെ പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഇ) പി.എസ്.സി. വഴി നികത്തപ്പെടേണ്ട ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും/ നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## മൂന്നാം ഗ്രേഡ് ഓവർസിയർ തസ്തികയിലെ നിയമനം

32(3497) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത്, ഇറിഗേഷൻ വകുപ്പുകളിലേയ്ക്കുള്ള മൂന്നാം ഗ്രേഡ് ഓവർസിയർ തസ്തികയുടെ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്കാണ് നാളിതുവരെ നിയമനം നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഈ തസ്തികയിലുള്ള ഒഴിവുകൾ സമയബന്ധിതമായി റിപ്പോർട്ട് ചെയ്യിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഈ ലിസ്റ്റിന്റെ കാലാവധി തീരുന്നതിന് മുമ്പ് വരാൻ സാധ്യതയുള്ള ഒഴിവുകൾ കണക്കാക്കി മുഴുവൻ ഉദ്യോഗാർത്ഥികൾക്കും നിയമനം നൽകുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2353 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. കൂടാതെ 10 ഒഴിവുകളിലേയ്ക്കുള്ള നിയമന ശിപാർശ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി&സി) പ്രതീക്ഷിത ഒഴിവുകൾ ഉൾപ്പെടെയുള്ള ഒഴിവുകൾ യഥാസമയം തന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നിയമനാധികാരികൾക്ക്/വകുപ്പ് മേധാവികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. അതിൻപ്രകാരം 2019 ജൂലൈ മുതൽ നിലവിൽ വരുന്ന 21 പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ്

33(3498) <u>ശ്രീ. പി. സി. ജോർജ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ സർക്കിൾ ഇൻസ്പെക്ടർ - സ്പെഷ്യൽ റിക്രൂട്ട്മെന്റ് (കാറ്റഗറി നമ്പർ 93/2016) പ്രകാരം നിയമനം നടത്താത്തത് സംബന്ധിച്ച് മുഖ്യമന്ത്രിക്ക് ആരൊക്കെ പരാതികൾ നൽകിയിട്ടുണ്ട്; പ്രസ്തുത പരാതിയിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കുമോ;

(ബി) ഈ തസ്തികയിലേക്ക് നിയമനം നടത്തുന്നതിനായി കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്ത വേക്കൻസികൾ സ്ഥാനക്കയറ്റം മുഖാന്തരം നികത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഭരണഘടനാപരമായി തങ്ങളിൽ നിക്ഷിപ്തമായ കർത്തവ്യങ്ങൾ നിറവേറ്റുവാൻ ബാധ്യസ്ഥരായ ജീവനക്കാർ ഭരണഘടനാപ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അർഹതപ്പെട്ട നിയമനം തടസ്സപ്പെടുത്തുന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; അത്തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് ഏതെങ്കിലും ജീവനക്കാർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളിലെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നിയമനങ്ങൾക്ക് എതിരായി ബന്ധപ്പെട്ട വകുപ്പിലെ ജീവനക്കാർ കേസ്സുകൾ ഫയൽ ചെയ്ത് നിയമനം വൈകിപ്പിക്കുന്നത് തടയാനായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മീറ്റിംഗുകൾ നടത്തി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ;വിശദമാക്കാമോ?

ഉത്തരം

(എ) പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇല്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇക്കാര്യത്തിൽ യോഗങ്ങൾ നടത്തിയിട്ടില്ല. സ്പെഷ്യൽ റിക്രൂട്ട്മെന്റ് നിയമന നടപടിക്കെതിരായ കേസ്സുകൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് നിലവിൽ സംവിധാനമുണ്ട്.

## പാലക്കാട് ജില്ലയിലെ എൽ.ഡി.ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിൽനിന്നും നിയമനം

34(3499) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര പേർക്കാണ് നിയമനം നൽകിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) നിലവിൽ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നും ഒഴിവുകൾ സമയബന്ധിതമായി റിപ്പോർട്ട് ചെയ്യിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ;

(സി) ഈ ലിസ്റ്റിന്റെ കാലാവധി തീരുന്നതിന് മുമ്പ് വരാൻ സാധ്യതയുള്ള ഒഴിവുകൾകൂടി കണക്കാക്കി ഈ ലിസ്റ്റിലെ മുഴുവൻ ഉദ്യോഗാർത്ഥികൾക്കും നിയമനം നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) 113 (നൂറ്റി പതിമൂന്ന്) ഉദ്യോഗാർത്ഥികൾക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) നിലവിൽ പി.എസ്.സി.-യിൽ ഒഴിവുകളൊന്നും തന്നെ റിപ്പോർട്ട് ചെയ്തിട്ടില്ല. ഒഴിവുകളുണ്ടാകുന്ന മുറയ്ക്ക് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ നിയമനാധികാരികൾക്കും/വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) റാങ്ക് പട്ടികയുടെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേയ്ക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഈ റാങ്ക് പട്ടികയിൽ നിന്നും നിയമന ശിപാർശ നൽകുന്നതാണ്.

## അസിസ്റ്റന്റ് ടൗൺ പ്ലാനർ തസ്തികയിലെ റാങ്ക് ലിസ്റ്റ്

35(3500) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസിസ്റ്റന്റ് ടൗൺ പ്ലാനർ തസ്തികയിൽ (കാറ്റഗറി 254/2013) നിലവിലുള്ള റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നതെന്ന് വ്യക്തമാക്കുമോ; അതിൽ നിന്നും ഇതിനകം എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(ബി) ടൗൺ പ്ലാനിംഗ് വകുപ്പിൽ പുതുതായി അസിസ്റ്റന്റ് ടൗൺ പ്ലാനർമാരുടെ ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; നിലവിലുള്ള ലിസ്റ്റിൽ നിന്നും നിയമനം ത്വരിതപ്പെടുത്തുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) 27-3-2017 മുതൽ പ്രാബല്യത്തിലാണ് നിലവിൽവന്നത്. ലിസ്റ്റിൽ നിന്നും 35 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) നിലവിൽ ഒഴിവുകളൊന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. റിപ്പോർട്ട് ചെയ്തിട്ടുള്ള എല്ലാ ഒഴിവുകളിലേയ്ക്കും നിയമന ശിപാർശ നൽകിയിട്ടുണ്ട്.

## അസിസ്റ്റന്റ് സർജന്മാരുടെ റാങ്ക് ലിസ്റ്റ്

36(3501) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കാറ്റഗറി നമ്പർ 423/2017 പ്രകാരം പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നും എത്രപേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കാമോ; നോട്ടിഫിക്കേഷൻ സമയത്ത് എത്ര ഒഴിവുകൾ ഉണ്ടായിരുന്നുവെന്നും വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് നിലവിൽ അസിസ്റ്റന്റ് സർജൻമാരുടെ എത്ര ഒഴിവുകളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(സി) കാറ്റഗറി നമ്പർ 423/2017 പ്രകാരം പ്രസിദ്ധീകരിച്ച ലിസ്റ്റിൽ നിന്നും നിയമനം ആരംഭിക്കുന്നതിലെ കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) റാങ്ക് പട്ടികയിൽ നിന്നും നിയമന ശിപാർശ ആരംഭിച്ചിട്ടില്ല. തസ്തികയുടെ വിജ്ഞാപനം പുറപ്പെടുവിക്കുന്ന സമയത്ത് 16 ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിരുന്നത്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) റാങ്ക് പട്ടിക പ്രസിദ്ധീകരിച്ച് കമ്മീഷന്റെ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തതിനുശേഷം 15 ദിവസത്തിനകം ലഭിക്കുന്ന relinquishment-നുള്ള അപേക്ഷകൾ പരിഗണിച്ചതിനുശേഷമാണ് നിയമന ശിപാർശ നടപടികൾ ആരംഭിക്കുന്നത്. നിയമന ശിപാർശ നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

## തിരുവനന്തപുരം ജില്ലയിലെ എൽ.ഡി.സി. റാങ്ക് ലിസ്റ്റ്

37(3502) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ എൽ.ഡി.സി. റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽവന്നത്; ഇതിൽ എത്രപേർ ഉൾപ്പെട്ടിട്ടുണ്ട്; ഇതിൽ ഇതുവരെയായി എത്ര പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്;

(ബി) തിരുവനന്തപുരം ജില്ലയിലെ എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമന ശിപാർശകളുടെ തോത് കുറയാൻ കാരണം ആശ്രിത നിയമനങ്ങൾ ക്രമാതീതമായി നടത്തുന്നു എന്നുള്ളതാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തിരുവനന്തപുരം ജില്ലയിലെ എൽ.ഡി.സി. റാങ്ക് ലിസ്റ്റ് നിലവിൽവന്നതിനുശേഷം ജില്ലയിലെ വിവിധ വകുപ്പുകളിൽ നടന്നിട്ടുള്ള ആശ്രിത നിയമനങ്ങളുടെ കണക്ക് വ്യക്തമാക്കാമോ;

(സി) വിദ്യാഭ്യാസ വകുപ്പ്, നഗരകാര്യ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ് എന്നിവിടങ്ങളിൽ ഉണ്ടായിട്ടുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുപകരം വ്യാപകമായി ആശ്രിത നിയമനം നടത്തി എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ നിശ്ചിത ശതമാനത്തിൽ കൂടുതൽ ആശ്രിത നിയമനം നടത്തിയിട്ടുള്ള വകുപ്പുകളിൽ അന്വേഷണം നടത്തുമോ;

(ഡി) ഈ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്; ഈ ഒഴിവുകളിലേയ്ക്ക് എന്നേക്ക് നിയമന ശിപാർശ നൽകാൻ കഴിയും എന്നറിയിക്കാമോ;

(ഇ) തിരുവനന്തപുരം ജില്ലയിലെ കഴിഞ്ഞ വർഷത്തെ എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്കാണ് നിയമനം നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2-4-2018-ൽ റാങ്ക് ലിസ്റ്റ് നിലവിൽവന്നു. പ്രസ്തുത റാങ്ക് ലിസ്റ്റിൽ 3763 (മൂവായിരത്തി എഴുന്നൂറ്റി അറുപത്തി മൂന്ന്) ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ടിട്ടുണ്ട്. 298(ഇരുന്നൂറ്റി തൊണ്ണൂറ്റി എട്ട്) ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി&സി) എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനങ്ങൾ നടത്തുന്നത് കുറവാണെന്ന് കാണിച്ച് ഉദ്യോഗാർത്ഥികളിൽ നിന്നും പരാതി ലഭിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

എൽ.ഡി.സി. റാങ്ക് ലിസ്റ്റ് നിലവിൽവന്നതിനുശേഷം തിരുവനന്തപുരം ജില്ലയിൽ വിവിധ വകുപ്പുകളിൽ നടത്തിയ ആശ്രിത നിയമനം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വകുപ്പ് | എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1. | സാങ്കേതിക വിദ്യാഭ്യാസം | 1 |
| 2. | ലേബർ കമ്മീഷണറേറ്റ് | 2 |
| 3. | വ്യവസായ വാണിജ്യം | 2 |
| 4. | പൊതുവിദ്യാഭ്യാസം | 7 |
| 5. | ടെക്നിക്കൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസം | 1 |
| 6. | ആരോഗ്യം | 16 |
| 7. | സഹകരണം | 3 |
| 8. | ഇറിഗേഷൻ | 4 |
| 9. | ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് | ഇല്ല. |
| 10. | ടൗൺപ്ലാനിംഗ് | ” |
| 11. | ഭൂജല വകുപ്പ് | ” |
| 12. | ഫാക്ടറീസ് & ബോയിലേഴ്സ് | ” |
| 13. | പോലീസ് വകുപ്പ് | ” |
| 14. | ആർക്കൈവ്സ് | ” |
| 15. | സാംസ്കാരിക വകുപ്പ് | ” |
| 16. | സൈനികക്ഷേമം | ” |
| 17. | സിവിൽ സപ്ലൈസ് | ” |
| 18. | തുറമുഖം | ” |
| 19. | ISM | ” |
| 20. | ക്ഷീര വികസനം | ” |

| (1) | (2) | (3) |
|---|---|---|
| 21. | ലീഗൽ മെട്രോളജി | ” |
| 22. | ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ് | ” |
| 23. | കോളേജ് വിദ്യാഭ്യാസം | ” |
| 24. | കെമിക്കൽ എക്സാമിനേഴ്സ് | ” |
| 25. | കയർ വികസനം | ” |
| 26. | മ്യൂസിയം & മൃഗശാല | ” |
| 27. | എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് | ” |
| 28. | ലാൻഡ് ബോർഡ് | ” |
| 29. | ഉപഭോക്തൃ തർക്ക പരിഹാരം | ” |
| 30. | ഭൂവിനിയോഗം | ” |
| 31. | എക്സൈസ് | ” |
| 32. | ഫിഷറീസ് | ” |

മറ്റ് വകുപ്പുകളിൽ നടത്തിയ ആശ്രിത നിയമനം സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) 20 (ഇരുപത്) ഒഴിവുകളും 3 (മൂന്ന്) പ്രതീക്ഷിത ഒഴിവുകളും ഉൾപ്പെടെ 23 (ഇരുപത്തി മൂന്ന്) ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ 20 ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ അയയ്ക്കുന്ന നടപടികൾ പി.എസ്.സി. സ്വീകരിച്ചു വരുന്നു.

(ഇ) 31-3-2018-ന് കാലാവധി അവസാനിച്ച റാങ്ക് പട്ടികയിൽ നിന്നും 1428 (ആയിരത്തി നാനൂറ്റി ഇരുപത്തിയെട്ട്) ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്.

**സർക്കാർ സർവ്വീസിൽ ഭിന്നശേഷിക്കാരുടെ നിയമനം**

38(3503) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ 1999 മുതൽ 2003 വരെ താല്ക്കാലികമായി ജോലി നോക്കിയ ഭിന്നശേഷിക്കാരെ മുൻ സർക്കാരിന്റെ കാലത്ത് സ്ഥിരപ്പെടുത്തിയിരുന്നോ; എത്ര പേർക്കാണ് അന്ന് നിയമനം നൽകിയത്;

(ബി) സർക്കാർ സർവ്വീസിൽ 2004 മുതൽ 2018 വരെ താല്ക്കാലികമായി ജോലി നോക്കിയ ഭിന്നശേഷിക്കാരെ ഈ സർക്കാർ സ്ഥിരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(സി) പ്രസ്തുത വിഭാഗത്തിന് അർഹതപ്പെട്ട സംവരണം എത്ര ശതമാനമാണ്;

(ഡി) പ്രസ്തുത നിശ്ചിത ശതമാനം ഒഴിവുകളിൽ അവർക്ക് പി.എസ്.സി. വഴി നിയമനം നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) സർക്കാർ സർവ്വീസിൽ 16-08-1999 മുതൽ 31-12-2003 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താല്ക്കാലികമായി ജോലി നോക്കിയ 1761 ഭിന്നശേഷിക്കാർക്ക് സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് പുനർനിയമനം നൽകിയിരുന്നു.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) Rights of Persons with Disabilities Act, 2016 പ്രകാരം സർക്കാർ സർവ്വീസിൽ 4% സംവരണം വ്യവസ്ഥ ചെയ്യുന്നു.

(ഡി) നിലവിൽ Persons with Disabilities Act, 1995 പ്രകാരം ഭിന്നശേഷിക്കാർക്ക് അനുയോജ്യമായി കണ്ടെത്തിയിട്ടുള്ള തസ്തികകളിൽ പി.എസ്.സി. മുഖേനയുള്ള നിയമനങ്ങളിൽ 3% സംവരണം 1, 34, 67 എന്നീ ഔട്ട് ഓഫ് ടേണുകൾ നിശ്ചയിച്ച് അനുവദിച്ചുവരുന്നു. Rights of Persons with Disabilities Act, 2016 പ്രകാരം 4% സംവരണം നൽകാൻ അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഗ്രാമപഞ്ചായത്ത് ഓഫീസുകളിലെ ജീവനക്കാർ**

39(3504) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. മുഖേന നിയമിക്കപ്പെടുന്ന ഗ്രാമപഞ്ചായത്ത് ഓഫീസുകളിലെ ജീവനക്കാർക്ക് പെൻ നമ്പർ, സ്പാർക് മുഖേന ശമ്പളം എന്നിവ നൽകുവാൻ സാധിക്കാത്തതിലെ നിയമവശം വിശദീകരിക്കാമോ;

(ബി) ഇതേ ജീവനക്കാർ ഗ്രാമപഞ്ചായത്ത് ഓഫീസ് ഒഴികെ വകുപ്പിലെ മറ്റ് ഓഫീസുകളിൽ ജോലി ചെയ്യുമ്പോൾ പെൻ, സ്പാർക് തുടങ്ങിയ സംവിധാനങ്ങൾ ലഭ്യമാകുന്നത് കണക്കിലെടുത്ത് വകുപ്പിലെ മുഴുവൻ ജീവനക്കാർക്കും ഇത്തരം സേവനങ്ങൾ ലഭ്യമാക്കുന്ന കാര്യം പരിശോധിക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ ഗ്രാമപഞ്ചായത്തുകളിൽ ഐ.കെ.എം. സോഫ്റ്റ്‌വെയറായ സ്ഥാപനം മുഖേനയാണ് ശമ്പളം നൽകി വരുന്നത്. ഗ്രാമപഞ്ചായത്ത് ജീവനക്കാർക്ക് തനതുഫണ്ടിൽ നിന്നുമാണ് ശമ്പളം നൽകി വരുന്നത്. നിലവിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് സ്പാർക്ക് ലോഗിൻ ലഭ്യമാക്കി ജീവനക്കാർക്ക് പെൻ ലഭ്യമാക്കുന്നതിനും സേവന വിവരങ്ങൾ സ്പാർക്കിൽ അപ്ഡേറ്റ് ചെയ്യുന്നതിന് എല്ലാ ഗ്രാമപഞ്ചായത്തുകളുടേയും വിവരങ്ങൾ ശേഖരിച്ച് ചീഫ് പ്രോജക്ട് ഓഫീസർ സ്പാർക്കിന് കൈമാറിയിട്ടുണ്ട്.

(ബി) 3-2-1987-ലെ സ.ഉ(എം.എസ്) നമ്പർ 25/87/എൽ.എ.ഡി. പ്രകാരം പഞ്ചായത്ത് ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിച്ചിരുന്നുവെങ്കിലും അവരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും നിലവിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നുമാണ് അനുവദിക്കുന്നത്. മുഴുവൻ ജീവനക്കാരെയും പെൻ നമ്പർ നൽകി സ്പാർക്ക് മുഖേന ശമ്പളം നൽകുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

**ഭിന്നശേഷിക്കാർക്ക് നാല് ശതമാനം സംവരണം നൽകാൻ നടപടി**

40(3505) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗപരിമിതരുടെ അവകാശ സംരക്ഷണ നിയമപ്രകാരം ഭിന്നശേഷിക്കാർക്ക് നാല് ശതമാനം സംവരണം സർക്കാർ സർവ്വീസിൽ വ്യവസ്ഥ ചെയ്തിട്ടുള്ള സാഹചര്യത്തിൽ അത് പൂർണ്ണമായും നടപ്പിലാക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) ഏതൊക്കെ തസ്തികകളിൽ ഭിന്നശേഷിക്കാരെ നിയമിക്കാമെന്നത് കണ്ടെത്തുന്നതിനായി വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിരുന്നോ; എങ്കിൽ പ്രസ്തുത സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ ശിപാർശ ചെയ്തിട്ടുള്ള തസ്തികകളിൽ അംഗപരിമിതരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ;

(ഡി) എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഭിന്നശേഷിക്കാർക്ക് സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് സംബന്ധിച്ച ഉത്തരവ് പ്രാവർത്തിമാക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) The Rights of Persons with Disabilities Act, 2016 Section 34 പ്രകാരം സർക്കാർ സർവ്വീസിൽ ഭിന്നശേഷിക്കാർക്ക് 4% സംവരണം ഏർപ്പെടുത്തുന്നതിലേയ്ക്കായി common category തസ്തികകളിൽ 3% സംവരണം ഏർപ്പെടുത്തുന്നതിനായി നാളിതുവരെ കണ്ടെത്തിയ തസ്തികകളുടെ പട്ടിക തയ്യാറാക്കി ആയവ 4% സംവരണത്തിന് അനുയോജ്യമാണോയെന്ന് പരിശോധിക്കുന്നതിന് വിവിധ മേഖലയിലുള്ള വിദഗ്ദ്ധ ഡോക്ടർമാരെ ഉൾപ്പെടുത്തി 27-2-2019-ന് ഏകദിന ശിൽപ്പശാല സംഘടിപ്പിക്കുകയും ഓരോ തസ്തികയിലേയും ജോലി നിർവ്വഹിക്കുന്നതിനാവശ്യമായ physical requirements & functional classification തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ആയത് വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ലഭ്യമായ പൊതുജനാഭിപ്രായം പരിശോധിച്ചുവരികയുമാണ്.

(ബി) സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി ചെയർമാനും സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ കൺവീനറും വിവിധ മേഖലയിലെ ഡോക്ടർമാർ, സംഘടനാ പ്രതിനിധികൾ, വകുപ്പ് മേധാവികൾ എന്നിവർ അംഗങ്ങളുമായിട്ടുള്ള എക്സ്പെർട്ട് കമ്മിറ്റിയാണ് ഭിന്നശേഷിക്കാർക്ക് അനുയോജ്യമായ തസ്തിക കണ്ടെത്തുന്നത്. ടി കമ്മിറ്റി ഓരോ തസ്തികയുടെയും physical & functional requirements കണ്ടെത്തുന്നതിനായി സാമൂഹ്യനീതി വകുപ്പ് ജോയിന്റ് സെക്രട്ടറി ചെയർമാനും സാമൂഹ്യനീതി ഡയറക്ടറേറ്റിലെ അസിസ്റ്റന്റ് ഡയറക്ടർ കൺവീനറുമായിട്ടുള്ള സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. ടി കമ്മിറ്റി തസ്തികകളുടെ physical & functional requirements തയ്യാറാക്കിയിട്ടുണ്ട്.

(സി) ശിപാർശ ചെയ്ത തസ്തികകളിന്മേലുള്ള പൊതുജനാഭിപ്രായവുംകൂടി പരിശോധിച്ച് എക്സ്പെർട്ട് കമ്മിറ്റി തീരുമാനമെടുക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ഉണ്ട്. എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഭിന്നശേഷിക്കാർക്ക് 4% സംവരണം ഏർപ്പെടുത്തി 18-11-2018 തീയതിയിലെ G.O.(P) 18/18/SJD പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രാവർത്തികമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ആശ്രിത നിയമനം വേഗത്തിലാക്കാൻ നടപടി

41(3506) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്രിത നിയമനം കാത്ത് സി.ഇ. സെല്ലിലെ റാങ്ക് ലിസ്റ്റിൽ എത്രപേരാണ് നിലവിൽ ഉള്ളത്;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്നതിനായി എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്; അറിയിക്കുമോ;

(സി) ഈ നിയമനം വേഗത്തിലാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) എൽ.ഡി.ക്ലാർക്കിന്റെ റാങ്ക് ലിസ്റ്റിൽ നിലവിൽ 347 പേർ, അസിസ്റ്റന്റ് തസ്തികയുടെ സീനിയോറിറ്റി ലിസ്റ്റിൽ 64 പേർ, ആഡിറ്റർ തസ്തികയുടെ സീനിയോറിറ്റി ലിസ്റ്റിൽ 13 പേർ, ലീഗൽ അസിസ്റ്റന്റ് തസ്തികയുടെ സീനിയോറിറ്റി ലിസ്റ്റിൽ 3 പേർ എന്നിങ്ങനെ ഉൾപ്പെട്ടിട്ടുണ്ട്.

(ബി) നിലവിൽ റിപ്പോർട്ട് ചെയ്ത വേക്കൻസികളില്ല.

(സി) വിവിധ വകുപ്പുകളിൽനിന്നും ഈ വകുപ്പിലേയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ട 5% ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നമുറയ്ക്ക് നിയമന നടപടികൾ സ്വീകരിക്കാൻ കഴിയും.

**തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം**

42(3508) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക് സഭാ തെരഞ്ഞെടുപ്പ് 2019 തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നീതിപൂർവ്വകമായി നടപ്പിലാക്കുന്നതിനുവേണ്ടി അഡ്വ. ഷോൺ ജോർജ്, (പ്ലാത്തോട്ടം, ഈരാറ്റുപേട്ട-2, കോട്ടയം) എത്ര പരാതികൾ ബഹു. ചീഫ് ഇലക്ടൽ ഓഫീസർക്ക് നൽകി; വ്യക്തമാക്കാമോ; പരാതികളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പരാതികളിൻമേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; നടപടി സ്വീകരിക്കുവാൻ വേണ്ടി പുറപ്പെടുവിച്ച കത്തുകളുടെയും ഉത്തരവുകളുടേയും പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) ബഹു. ചീഫ് ഇലക്ടൽ ഓഫീസറുടെ ഉത്തരവുകൾ നടപ്പിലാക്കുവാൻ ഏതെങ്കിലും വകുപ്പുകൾ/ബോർഡുകൾ/ ഉദ്യോഗസ്ഥർ അലംഭാവം കാണിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) മൂന്ന് പരാതികൾ നൽകിയിരുന്നു. പകർപ്പുകൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി)

(i) കെ.എസ്.ആർ.ടി.സി. ബസ്സുകളിലേയും പൊതു നിരത്തുകളിലേയും സർക്കാർ പരസ്യം സംബന്ധിച്ച് :

മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽ വരുന്നതിനുമുമ്പുതന്നെ മാതൃകാ പെരുമാറ്റച്ചട്ടത്തിന്റെ പകർപ്പുകൾ സംസ്ഥാനത്തെ എല്ലാ ബഹു.മന്ത്രിമാർക്കും വകുപ്പ് സെക്രട്ടറിമാർക്കും നൽകിയിട്ടുണ്ടായിരുന്നു. സമാനമായ നിവേദനം മുമ്പ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പരസ്യങ്ങൾ നീക്കം ചെയ്യാൻ ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കും കെ.എസ്.ആർ.ടി.സി. മാനേജിംഗ് ഡയറക്ടർക്കും നിർദ്ദേശങ്ങൾ നൽകിയിരുന്നു. പകർപ്പ് അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ii) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ വൈദ്യുതി പോസ്റ്റുകളിൽ നിന്നും പെയിന്റ് കൊണ്ട് എഴുതിയിട്ടുള്ള രാഷ്ട്രീയ പാർട്ടികളുടെ പ്രചരണങ്ങളും കൊടികളും തോരണങ്ങളും പോസ്റ്ററുകളും ഫ്ലക്സുകളും അടിയന്തരമായി നീക്കം ചെയ്യുന്നത് :-

പ്രസ്തുത വിഷയത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് ചെയർമാന്റെ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. ആയത് ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ടുള്ള കത്തുകളുടെ പകർപ്പുകൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(iii) ക്ഷേമ പെൻഷനുകൾ വ്യക്തികൾക്ക് ബാങ്ക് അക്കൗണ്ട് മുഖേന മാത്രം ലഭ്യമാക്കുന്നത് സംബന്ധിച്ച് :-

ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ അഭിപ്രായം ആവശ്യപ്പെടുകയും ആയത് ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ ധനകാര്യ വകുപ്പിന് നൽകിയിട്ടുമുണ്ട്. ധനകാര്യ വകുപ്പിന്റെ റിപ്പോർട്ട് ആവശ്യപ്പെട്ട കത്തിന്റേയും തുടർന്ന് നൽകിയ നിർദ്ദേശത്തിന്റേയും പകർപ്പുകൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി) ഇല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വോട്ടർ പട്ടികയിൽ നിന്നും ഒഴിവാക്കപ്പെട്ടവരുടെ കണക്ക്

43(3509) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ലോക് സഭ ഇലക്ഷനുമായി ബന്ധപ്പെട്ട് വോട്ടർപ്പട്ടികയിൽ നിന്നും ഒഴിവാക്കപ്പെട്ടവരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഇങ്ങനെ ഒഴിവാക്കപ്പെട്ടവരിൽ സമ്മതിദാന അവകാശത്തിന് അർഹരായവർ ഉൾപ്പെട്ടിരുന്നോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഇങ്ങനെ ഒഴിവാക്കപ്പെട്ടവർക്ക് ആർ.പി. ആക്ട് പ്രകാരം നോട്ടീസ് നൽകിയിരുന്നോ; വിശദമാക്കാമോ;

(ഡി) ഇങ്ങനെ വോട്ടർപ്പട്ടികയിൽ നിന്നും ഒഴിവാക്കുന്നത് സംബന്ധിച്ച നോട്ടീസ് നൽകുന്നതിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ ആരെല്ലാം; വ്യക്തമാക്കാമോ;

(ഇ) വോട്ടർപ്പട്ടികയിലെ ഇരട്ടിപ്പ് സംഭവിച്ചതിൽ ഡാറ്റാ എൻട്രി ചെയ്തതിൽ പാകപ്പിഴ സംഭവിച്ചിട്ടുണ്ടോ; ഒരു സമ്മതിദായകന്റെ വിവരം ഉൾക്കൊള്ളിക്കാൻ എത്ര രൂപയാണ് നൽകുന്നത്; ഏത് ഏജൻസിയെയാണ് ഡാറ്റാ എൻട്രി ജോലികൾക്കായി നിയോഗിച്ചിരിക്കുന്നത്; വിശദമാക്കുമോ?

### ഉത്തരം

(എ) പ്രത്യേക സംക്ഷിപ്ത സമ്മതിദായക പട്ടിക പുതുക്കൽ 2019 (Special Summary Revision-SSR 2019)-ന്റെ ഭാഗമായി 30-1-2019-ന് അന്തിമ സമ്മതിദായക പട്ടിക പ്രസിദ്ധീകരിച്ചതിനുശേഷം തുടർപുതുക്കൽ (Continuous Revision)-മായി ബന്ധപ്പെട്ട് സമ്മതിദായക പട്ടികയിൽ നിന്നും ഒഴിവാക്കപ്പെട്ടവരുടെ ജില്ല തിരിച്ചുള്ള കണക്ക് സംസ്ഥാന ഇലക്ഷൻ കമ്മീഷൻ CEO ലഭ്യമാക്കിയത് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഇത്തരത്തിൽ ഒഴിവാക്കപ്പെട്ടവരിൽ സമ്മതിദാനാവകാശത്തിന് അർഹരായവർ ഉൾപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്ന് സി.ഇ.ഒ. വ്യക്തമാക്കിയിട്ടുണ്ട്.

(സി & ഡി) സമ്മതിദായക പട്ടികയിൽനിന്നും പേര് നീക്കംചെയ്തുവെന്ന് ആരോപിച്ച് ലഭിച്ചിട്ടുള്ള പരാതികൾ പരിശോധിച്ചുവരികയാണ്. പേര് നീക്കം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ചെയ്യപ്പെടുന്നതിന് മുമ്പ് പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് പരിശോധനയ്ക്കുശേഷം മാത്രമേ കണ്ടെത്തുവാനും ഉചിതമായ നടപടി സ്വീകരിക്കുവാനും സാധിക്കുകയുള്ളൂ. ഇക്കാര്യത്തിൽ മനഃപൂർവ്വമായ വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ അവർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) സംസ്ഥാനത്ത് സമ്മതിദായക പട്ടികയിൽ പേര് ചേർക്കുന്നതിനും മറ്റ് മാറ്റങ്ങൾ വരുത്തുന്നതിനുമുള്ള അപേക്ഷകൾ ഓൺലൈനായാണ് സ്വീകരിക്കുന്നത്. നാഷണൽ വോട്ടേഴ്സ് സർവ്വീസ് പോർട്ടൽ (NVSP) എന്ന തെരഞ്ഞെടുപ്പ് കമ്മീഷന്റെ വെബ് പോർട്ടലിലൂടെയാണ് അപേക്ഷ സമർപ്പിക്കുന്നത്.

സമ്മതിദായക പട്ടിക പുതുക്കലും മറ്റ് മാറ്റങ്ങൾ വരുത്തുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് സാങ്കേതിക സഹായം ലഭ്യമാക്കുന്നത് സ്റ്റേറ്റ് ലെവൽ ഏജൻസിയായ കെൽട്രോണാണ്. സമ്മതിദായക പട്ടിക തയ്യാറാക്കുവാനും പുതുക്കുവാനുമുള്ള നിയമപരമായ അധികാരി ഇ.ആർ.ഒ.-ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ (തഹസിൽദാർ) ആയതിനാൽ സമ്മതിദായക പട്ടികയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളുടെയും ഉത്തരവാദി ഇ.ആർ.ഒ.-യാണെന്ന് സി.ഇ.ഒ. വ്യക്തമാക്കിയിട്ടുണ്ട്.

## കേരള സ്റ്റാർട്ടപ്പ് മിഷന്റെ പ്രവർത്തനം

44(3510) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റാർട്ടപ്പ് മിഷന്റെ പ്രവർത്തനം വിശദമാക്കുമോ;

(ബി) യുവാക്കളായ പുതുസംരംഭകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശവും ഉപദേശവും നൽകുവാൻ സ്റ്റാർട്ടപ്പ് മിഷൻ എത്രമാത്രം വിജയിച്ചിട്ടുണ്ട്;

(സി) ഫ്രഞ്ച് സ്പേസ് ഏജൻസി സെന്ററുമായി സ്റ്റാർട്ടപ്പ് മിഷൻ എന്തെങ്കിലും കരാർ ഒപ്പുവച്ചിട്ടുണ്ടോ; ഇതിലൂടെ ലഭിക്കുന്ന സഹായങ്ങൾ എന്തൊക്കെയാണ്?

### ഉത്തരം

(എ) സംസ്ഥാനത്ത് മികച്ച ഒരു സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥ സൃഷ്ടിക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ നോഡൽ ഏജൻസിയാണ് കേരള സ്റ്റാർട്ടപ്പ് മിഷൻ. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനായി വിവിധ ഘടകങ്ങളടങ്ങിയ യുവ സംരംഭകത്വ വികസന പദ്ധതിയും ടെക്നോളജി ഇന്നൊവേഷൻ സോൺ എന്ന പദ്ധതിയും കേരള സ്റ്റാർട്ടപ്പ് മിഷൻ മുഖേന നടപ്പിലാക്കിവരുന്നു.

(ബി) യുവാക്കളായ പുതുസംരംഭകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശവും സഹായവും നൽകുന്നത് ലക്ഷ്യമിട്ട് യുവ സംരംഭകത്വ വികസന പദ്ധതിയുടെ ഘടകമായ ഇവാഞ്ചലൈസേഷൻ സ്റ്റാർട്ടപ്പ് മിഷൻ മുഖേന നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി യുവ സംരംഭകരെ ലക്ഷ്യമിട്ടുകൊണ്ട് ഇതിനോടകം 226 കോളേജുകളിൽ ഇന്നൊവേഷൻ ആന്റ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ആശയം ആദ്യ മാതൃകയായി വികസിപ്പിക്കുന്നതിന് ധനസഹായമായി 2 ലക്ഷം രൂപവരെയും ആദ്യ മാതൃകാ ഉൽപ്പന്നമായി മാറ്റുന്നതിന് 7 ലക്ഷം രൂപ വരെയും ഉൽപ്പന്നം വിപണിയിൽ എത്തിക്കുന്നതിന് 12 ലക്ഷം രൂപ വരെയും ഗ്രാന്റായി നൽകുന്ന ഇന്നൊവേഷൻ ഗ്രാന്റ് പദ്ധതി സ്റ്റാർട്ടപ്പുകൾ, വിദ്യാർത്ഥികൾ എന്നിവർക്കായി നടപ്പിലാക്കി വരുന്നു.

(സി) ഫ്രഞ്ച് ശാസ്ത്രീയ സാങ്കേതിക ഏജൻസിയായ 'The Centre National d'Etudes Spatiales'-മായി കേരള സ്റ്റാർട്ടപ്പ് മിഷൻ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. സ്പെയിസ് സാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട സ്റ്റാർട്ടപ്പുകൾക്കായി സ്ഥാപിച്ചിട്ടുള്ള STADE ഇങ്കുബേറ്ററിലെ സ്റ്റാർട്ടപ്പുകൾക്ക് സാങ്കേതികവിദ്യയിലും വിപണനത്തിലും ഫ്രഞ്ച് ഏജൻസിയുടെ സഹായ സഹകരണങ്ങൾ ലഭ്യമാകുമെന്നതാണ് പ്രസ്തുത ധാരണാപത്രത്തിലെ ധാരണ.

## ഇ-ഓഫീസ് സോഫ്റ്റ്‌വെയർ

45(3511) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഇ - ഓഫീസിന് പകരമായി പുതിയ സോഫ്റ്റ്‌വെയറിനു രൂപം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി ടെണ്ടർ ക്ഷണിച്ചിരുന്നോ; ടെണ്ടറിലെ വ്യവസ്ഥകൾ വിശദമാക്കുമോ; ടെണ്ടറിൽ പങ്കെടുത്ത കമ്പനികൾ ഏതെന്നും കരാർ ഏതു കമ്പനിക്കാണ് നൽകിയിട്ടുള്ളതെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

ഇ-ഓഫീസ് സോഫ്റ്റ്‌വെയറിന് നിരവധി പോരായ്മകളുള്ളതിനാൽ ആയത് മാറ്റി പുതിയ സംവിധാനം കൊണ്ടുവരുന്നതിനുവേണ്ടിയുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ മറ്റ് വിവരങ്ങൾ ലഭ്യമാകുകയുള്ളൂ.

## ഐ.ടി. നയം

46(3512) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ ഐ. ടി. നയത്തിൽ എന്തൊക്കെ കാര്യങ്ങൾക്കാണ് ഊന്നൽ നൽകിയിട്ടുള്ളത്;

(ബി) പ്രസ്തുത നയത്തിലൂടെ പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സർക്കാർ നടപ്പിലാക്കിയ ഏകജാലകസംവിധാനം, വ്യവസായങ്ങൾ ആരംഭിക്കുവാൻ ലളിതമായ നടപടിക്രമം എന്നിവ സംസ്ഥാനത്തേക്ക് കൂടുതൽ ഐ. ടി. സംരംഭകരെ ആകർഷിക്കുവാൻ ഇടയാക്കിയിട്ടുണ്ടോ; വിശദാംശം നല്കുമോ;

(ഡി) സ്റ്റാർട്ടപ്പ് സംരംഭകർക്ക് പ്രോത്സാഹനം നൽകുന്നതിനായി സ്റ്റാർട്ടപ് മിഷൻ നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണ്; ഇതിലൂടെ ഈ മേഖലയിൽ ഉണ്ടാക്കിയെടുത്തിട്ടുള്ള നേട്ടങ്ങൾ എന്തൊക്കെയാണ് വെളിപ്പെടുത്താമോ?

### ഉത്തരം

(എ) ഡിജിറ്റൽ സാങ്കേതികവിദ്യയെ നാടിന്റെ സമഗ്ര വികസനത്തിന് ഉപയോഗപ്പെടുത്തുക, ഇതുപയോഗിച്ച് സർക്കാർ സേവനങ്ങൾ കാര്യക്ഷമമാക്കുക, ഐ.ടി. മേഖലയിൽ മികച്ച നിക്ഷേപങ്ങളും പരമാവധി തൊഴിലവസരങ്ങളും സൃഷ്ടിക്കുക തുടങ്ങിയവ ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികൾക്ക് ഐ.ടി. നയത്തിൽ ഊന്നൽ നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ഇതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ സജ്ജീകരണം, പശ്ചാത്തല സൗകര്യ വികസനം എന്നിവ നടപ്പിലാക്കുന്നതിനും മാനവശേഷി വളർച്ച, വാണിജ്യ വളർച്ച എന്നിവയ്ക്കായി വിവരസാങ്കേതികവിദ്യ അധിഷ്ഠിതമാക്കിയുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ഇന്റർനെറ്റ് ഓഫ് തിംഗ്സ്, ബ്ലോക്ക്ചെയിൻ, റോബോട്ടിക്സ്, ക്ലൗഡ് കമ്പ്യൂട്ടിംഗ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബിഗ്ഡേറ്റാ അനലിറ്റിക്സ്, ഇ-കോമേഴ്സ്, മൊബൈൽ കോമേഴ്സ്, സ്പെയിസ് സയൻസ് ടെക്നോളജി, ഇലക്ട്രോണിക്സ് മൊബിലിറ്റി, സൈബർ സെക്യൂരിറ്റി, ഫാബ് ലാബുകൾ തുടങ്ങിയ ഫ്യൂച്ചർ ടെക്നോളജികളെ ആസ്പദമാക്കിയുള്ള വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും സർക്കാരിന്റെ ഐ.ടി. നയം - 2017 ഊന്നൽ നൽകിയിട്ടുണ്ട്. ഐ.ടി. പോളിസിയുടെ വിശദാംശങ്ങൾ www.itmission.kerala.gov.in/itpolicy എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

(ബി) സർക്കാരിന്റെ ഐ.ടി. നയത്തിലൂടെ പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി സംസ്ഥാന ഗവൺമെന്റ് പാർക്കുകളായ ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർ പാർക്ക് എന്നീ ഐ.ടി. പാർക്കുകളിൽ ഐ.ടി./ഐ.ടി.ഇ.എസ് വ്യവസായങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും മറ്റ് അനുബന്ധ സംവിധാനങ്ങളും പ്രത്യേക സാമ്പത്തിക മേഖലയിലും അല്ലാതെയും (SEZ & NON SEZ) സജ്ജീകരിച്ചിട്ടുണ്ട്.

സർക്കാരിന്റെ ഐ.ടി. നയത്തിനനുസൃതമായി ഐ.ടി. പാർക്കുകൾ കൂടുതൽ ആകർഷകമാക്കുന്നതിനും വികസിപ്പിക്കുന്നതിനുമായി നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി ഐ.ടി. പാർക്കുകളിൽ, പാർക്കുകൾ നേരിട്ടും അവിടെയുള്ള ഉപസംരംഭകർ മുഖേനയും ഏകദേശം 175 ലക്ഷം ചതുരശ്ര അടി അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിച്ചുകൊണ്ട് 774 കമ്പനികളിലായി ഏകദേശം 16000-ത്തോളം പുതിയ തൊഴിലവസരങ്ങൾ ഉൾപ്പെടെ ഏകദേശം 98000-ൽ അധികം പേർക്ക് പ്രത്യക്ഷമായും ഏകദേശം 3 ലക്ഷത്തോളം പേർക്ക് പരോക്ഷമായുമുള്ള തൊഴിലവസരങ്ങൾ ഇതിനോടകം സൃഷ്ടിച്ചിട്ടുണ്ട്.

(സി) സർക്കാർ നടപ്പിലാക്കിയ ഏകജാലക സംവിധാനം, വ്യവസായങ്ങൾ ആരംഭിക്കുവാൻ ലളിതമായ നടപടിക്രമം എന്നിവമൂലം സംസ്ഥാനത്തേയ്ക്ക് വിദേശ കമ്പനികൾ ഉൾപ്പെടെ കൂടുതൽ ഐ.ടി. സംരംഭകരെ ആകർഷിക്കുവാൻ ഇടയാക്കിയിട്ടുണ്ട്.

വ്യവസായങ്ങൾ ആരംഭിക്കുന്നതിന് വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കേണ്ട അനുമതികൾക്കുള്ള കാലതാമസം ഒഴിവാക്കുന്നതിന് ഏകജാലക സംവിധാനം സഹായിക്കുന്നു. മലിനീകരണ നിയന്ത്രണ ബോർഡ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കേണ്ട സർട്ടിഫിക്കറ്റുകളെല്ലാം ഏകജാലക സംവിധാനം വഴി ഐ.ടി. പാർക്കുകൾ നൽകുന്നു. ഇതുമൂലം കമ്പനികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നിശ്ചിത സമയത്ത് പൂർത്തിയാക്കി വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സഹായകരമാകുന്നു. വൻകിട വിദേശ കമ്പനികൾ ഉൾപ്പെടെ വ്യവസായ സംരംഭങ്ങൾ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിന് സർക്കാരിന്റെ ഈ സംവിധാനം സഹായകമാകുന്നു.

ഗവൺമെന്റ് ഐ.ടി. പാർക്കുകളിൽ വിദേശ കമ്പനികളായ ടെറാനെറ്റ്, ബ്രിഗേഡ്, ടെക്-മഹീന്ദ്ര, എച്ച് ആന്റ് ആർ ബ്ലോക്ക്, അപ്പോളിസ്, ലുലു സൈബർ ടവർ, ട്രാൻസേഷ്യ, വേൾഡ് ട്രേഡ് സെന്റർ, നിസ്സാൻ (പ്രാരംഭ ഘട്ടം) എന്നീ കമ്പനികൾ അവരുടെ വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

മികവിന്റെ കേന്ദ്രമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നോളഡ്ജ്സിറ്റി പദ്ധതിയിലുൾപ്പെടുത്തിക്കൊണ്ട് ടെക്നോസിറ്റിയിലെ 70 ഏക്കറിൽ നിസ്സാൻ ഡിജിറ്റൽ ഹബ്ബ്, വി.എസ്.എസ്.സി.-യുടെ സ്പെയിസ് പാർക്ക്, ടോറസ്-എംബസ്സി (ടെക്നോപാർക്ക്), ബ്രിഗേഡ് വേൾഡ് ട്രേഡ് സെന്റർ (ടെക്നോപാർക്ക്), റാക്ക് ബാങ്ക് ഡേറ്റാ സെന്റർ (ചേർത്തല ഇൻഫോ പാർക്ക്) എന്നീ പദ്ധതികൾക്കുവേണ്ടിയുള്ള ധാരണാപത്രങ്ങൾ ഒപ്പുവച്ചിട്ടുണ്ട്.

(ഡി) സ്റ്റാർട്ടപ്പ് സംരംഭകർക്ക് പ്രോത്സാഹനം നൽകുന്നതിനായി രണ്ട് പ്രധാന പദ്ധതികളാണ് കേരള സ്റ്റാർട്ടപ്പ് മിഷൻ നടപ്പിലാക്കിവരുന്നത്.

1. യുവ സംരംഭകത്വ വികസന പദ്ധതി

2. ടെക്നോളജി ഇന്നൊവേഷൻ സോൺ

പ്രസ്തുത പദ്ധതികൾ മുഖേന നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങളും ഇതിലൂടെ ഉണ്ടാക്കിയെടുത്തിട്ടുള്ള നേട്ടങ്ങളും അനുബന്ധമായി ചേർക്കുന്നു. *

## സി-ഡിറ്റ് രജിസ്ട്രാർ തസ്തിക

47(3513) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റ് രജിസ്ട്രാർ തസ്തികയിലേയ്ക്ക് 1-3-2019 മുതൽ ശ്രീ. ജയരാജ് ജി.-യ്ക്ക് പുനർനിയമനം നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ സാഹചര്യമെന്താണെന്ന് അറിയിക്കാമോ;

(സി) പുനർനിയമനവുമായി ബന്ധപ്പെട്ട് സർക്കാർ തീരുമാനത്തിനായി സി-ഡിറ്റ് രജിസ്ട്രാർ സർക്കാരിലേക്ക് കത്ത് എഴുതിയിരുന്നോ; എങ്കിൽ പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) സി-ഡിറ്റിലെ രജിസ്ട്രാർ തസ്തികയിലേയ്ക്ക് പുതിയ നിയമനം നടത്തുന്നതിനായുള്ള നടപടികൾ പൂർത്തിയാകാത്ത സാഹചര്യത്തിൽ രജിസ്ട്രാർ തസ്തിക ഒഴിഞ്ഞുകിടക്കുന്ന സാഹചര്യം സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനത്തെ സാരമായി ബാധിക്കുമെന്നത് കണക്കിലെടുത്താണ് ശ്രീ. ജയരാജ് ജി.-ക്ക് രജിസ്ട്രാർ തസ്തികയിൽ പുനർനിയമനം നൽകിയത്.

(സി) എഴുതിയിരുന്നു. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സി-ഡിറ്റിൽ പുറംകരാർ

48(3514) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റിൽ പുറംകരാർ കാര്യം തീരുമാനിക്കുവാൻ പ്രത്യേക ഡിവിഷൻ രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി പ്രത്യേകം കൺസൾട്ടന്റിനെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയാണ് നിയമിച്ചത്; അദ്ദേഹത്തിന്റെ ശമ്പളവും ആനുകൂല്യങ്ങളും എത്രയാണ്;

(സി) സി-ഡിറ്റിൽ നിലവിൽ ജാവ പ്രോഗ്രാം വിദഗ്ധരുണ്ടോ; എങ്കിൽ ആരൊക്കെയാണ്;

(ഡി) സി-ഡിറ്റ് ചെയ്തുകൊണ്ടിരുന്ന പ്രവൃത്തികൾ പുറംകരാറായി സ്വകാര്യ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ പ്രവൃത്തികളാണ് പുറംകരാറായി നൽകിയതെന്നും, അത് ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് നൽകിയതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ &ബി) ഇല്ല.

(സി) ഉണ്ട്. ശ്രീ. ശ്രീജിത്ത് പി., ശ്രീ. മഹേഷ് വി. ആർ., ശ്രീമതി രഞ്ജുമോൾ എന്നിവരാണ് സി-ഡിറ്റിൽ ജാവാ പ്രോഗ്രാമർമാരായിട്ടുള്ളത്.

(ഡി) ഇല്ല.

## പ്രളയ പുനരുദ്ധാരണ പ്രവർത്തനം

49(3515) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയ പുനരുദ്ധാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ; ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) കേരള പുനർനിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(സി) റീബിൽഡ് കേരളയുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ-സി) നവകേരളം എന്ന ലക്ഷ്യത്തിലൂന്നി ആരംഭിച്ച കേരള പുനർനിർമ്മാണ പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ ഫണ്ട് സ്വരൂപിക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളാണ് നിലവിൽ നടന്നുവരുന്നത്. സംസ്ഥാനത്ത് പ്രളയാനന്തര പുനർനിർമ്മാണ പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയിട്ടുള്ള സമഗ്രരേഖയായ കേരള പുനർനിർമ്മാണ വികസന പരിപാടി (RKDP)-യിൽ പരിസ്ഥിതി സൗഹാർദ്ദ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള പദ്ധതികളാണ് നടപ്പാക്കുന്നത്. പദ്ധതി രൂപരേഖകൾ അതത് വകുപ്പുകൾ തയ്യാറാക്കി വരുന്നു. വിവിധ വകുപ്പുകളുടെ പദ്ധതികൾ ഏകോപിപ്പിക്കുന്നതിനായി RKI സെക്രട്ടേറിയറ്റ് രൂപീകരിച്ചിട്ടുണ്ട്. ലോക ബാങ്കിന്റെ വികസന നയ വായ്പ ലഭിക്കുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു.

**കൊയിലാണ്ടി താലൂക്കിലെ സഹായധനം വിതരണം**

50(3516) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിന്റെ ഭാഗമായി വീടിന് നാശനഷ്ടം നേരിട്ട എത്ര പേർക്ക് കൊയിലാണ്ടി താലൂക്കിൽ സഹായധനം വിതരണം ചെയ്തിട്ടുണ്ട്;

(ബി) ഗ്രാമപഞ്ചായത്ത്/വില്ലേജ് തിരിച്ചുള്ള എണ്ണം, തുക എന്നിവ പട്ടികപ്പെടുത്തി ലഭ്യമാക്കാമോ;

(സി) ധനസഹായത്തിന് ശിപാർശ ചെയ്ത ആർക്കെങ്കിലും ഇനിയും പണം വിതരണം ചെയ്യാൻ ബാക്കിയുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്കെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രളയത്തിന്റെ ഭാഗമായി വീടിന് നാശനഷ്ടം നേരിട്ട 1038 പേർക്ക് സഹായധനം വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു:

| ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| അരിക്കുളം | 26 | 6,75,000 |
| അത്തോളി | 21 | 12,80,000 |
| ബാലുശ്ശേരി | 35 | 27,30,000 |
| ചക്കിട്ടപ്പാറ | 31 | 8,25,000 |
| ചങ്ങരോത്ത് | 112 | 36,70,000 |
| ചെങ്ങോട്ടുകാവ് | 76 | 19,60,000 |
| ചെറുവണ്ണൂർ | 92 | 33,35,000 |
| കായണ്ണ | 8 | 8,75,000 |
| കീഴരിയൂർ | 23 | 9,70,000 |
| കൂരാച്ചുണ്ട് | 106 | 94,35,000 |
| കൂത്താളി | 11 | 4,25,000 |
| കോട്ടൂർ | 81 | 44,20,000 |
| മേപ്പയൂർ | 43 | 23,10,000 |
| മൂടാടി | 16 | 3,60,000 |
| നടുവണ്ണൂർ | 67 | 13,50,000 |
| നൊച്ചാട് | 38 | 36,40,000 |
| പേരാമ്പ്ര | 59 | 21,15,000 |
| തിക്കോടി | 23 | 8,45,000 |
| തുറയൂർ | 109 | 35,60,000 |
| ഉള്ള്യേരി | 16 | 7,15,000 |
| പയ്യോളി മുനിസിപ്പാലിറ്റി | 25 | 11,40,000 |
| കൊയിലാണ്ടി മുനിസിപ്പാലിറ്റി | 20 | 11,85,000 |
| ആകെ | 1038 | 4,78,20,000 |

(സി) ധനസഹായത്തിന് ശിപാർശ ചെയ്ത 4 പേർക്ക് തുക വിതരണം ചെയ്യാൻ ബാക്കിയുണ്ട്.

## പ്രളയത്തിൽ വൈക്കം മണ്ഡലത്തിലുണ്ടായ വീടുകളുടെ നഷ്ടങ്ങൾ

51(3518) <u>ശ്രീമതി സി. കെ. ആശ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിൽ വൈക്കം നിയോജകമണ്ഡലത്തിൽ എത്ര വീടുകൾക്ക് നാശനഷ്ടമുണ്ടായതായാണ് കണക്കാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രളയത്തിൽ വീടുകൾ നഷ്ടപ്പെട്ടതിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് എത്ര അപേക്ഷകൾ ലഭിച്ചുവെന്നും, ഇതിൽ എത്രപേർക്ക് നഷ്ടപരിഹാരം നൽകിയെന്നുമുള്ള വിവരം നിയോജകമണ്ഡലത്തിലെ പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 2018-ലെ പ്രളയത്തിൽ വൈക്കം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ ഭാഗികമായി നാശനഷ്ടം സംഭവിച്ച 6888 വീടുകൾക്കും പൂർണ്ണമായി നാശനഷ്ടം സംഭവിച്ച 335 വീടുകൾക്കും ജിയോ ടാഗ് പ്രകാരമുള്ള ധനസഹായം നൽകിയിട്ടുള്ളതാണ്.

(ബി) പ്രളയത്തിൽ വീടുകൾ നഷ്ടപ്പെട്ടതിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് 6665 അപ്പീലുകൾ ലഭിച്ചിട്ടുണ്ട്. അപ്പീലപേക്ഷകളിൽ പരിശോധന പൂർത്തിയാക്കിയിട്ടുള്ളതും 1645 അപേക്ഷകളിൽ ധനസഹായം Direct Benefit Transfer (DBT) മുഖാന്തരം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുള്ളതാണ്.

| ക്രമ നമ്പർ | പഞ്ചായത്ത് | അപേക്ഷകരുടെ എണ്ണം (അപ്പീൽ) | ധനസഹായം വിതരണത്തിന് ഉത്തരവായത് |
|---|---|---|---|
| 1 | ചെമ്പ് | 297 | 11 |
| 2 | കല്ലറ | 204 | 117 |
| 3 | മറവൻതുരുത്ത് | 1155 | 452 |
| 4 | വൈക്കം | 240 | 24 |
| 5 | തലയാഴം | 1389 | 290 |
| 6 | ഉദയനാപുരം | 986 | 355 |
| 7 | തലയോലപ്പറമ്പ് | 854 | 220 |
| 8 | വെച്ചൂർ | 765 | 67 |
| 9 | വെള്ളൂർ | 432 | 109 |
| 10 | റ്റി. വി. പുരം | 343 | 0 |

## പ്രളയത്തിൽ വാസഭൂമി നഷ്ടപ്പെട്ടവർക്ക് ഭൂമി

52(3519) ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ വാസഭൂമി നഷ്ടപ്പെട്ടവർക്ക് ഭൂമി വാങ്ങിക്കുന്നതിന് എത്ര രൂപയുടെ സഹായമാണ് സർക്കാർ ഉറപ്പുനൽകിയിട്ടുള്ളത്;

(ബി) ഇത്തരത്തിൽ ഭൂമി നഷ്ടപ്പെട്ട എത്രപേർക്ക് സഹായം നൽകിയിട്ടുണ്ട്; ഇനി എത്ര പേർക്ക് ധനസഹായം നൽകാനുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) പ്രളയത്തിൽ വാസഭൂമി നഷ്ടപ്പെട്ടവർക്ക് സ്വന്തമായി വേറെ സ്ഥലം കേരളത്തിൽ ഇല്ലെങ്കിലോ നിലവിലെ സ്ഥലം വീട് വയ്ക്കുന്നതിന് അനുയോജ്യമല്ലെങ്കിലോ ഭൂമി വാങ്ങുന്നതിനായി 6 ലക്ഷം രൂപയോ/ പ്രമാണത്തിലുള്ള തുകയോ ഏതാണോ കുറവ് അത് അനുവദിക്കുന്നതിനായി സർക്കാർ സഹായം ഉറപ്പ് നൽകിയിട്ടുണ്ട്.

(ബി)

| ക്രമ നമ്പർ | ജില്ല | സഹായം ലഭിച്ചവരുടെ എണ്ണം | സഹായം ലഭിക്കാനുള്ളവരുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 0 | 0 |
| 2 | കൊല്ലം | 1 | 1 |
| 3 | പത്തനംതിട്ട | 13 | 0 |
| 4 | ആലപ്പുഴ | 0 | 1 |
| 5 | കോട്ടയം | 1 | 2 |
| 6 | ഇടുക്കി | 576 | 25 |
| 7 | എറണാകുളം | 3 | 2 |
| 8 | തൃശ്ശൂർ | 7 | 37 |
| 9 | മലപ്പുറം | 2 | 25 |
| 10 | പാലക്കാട് | 115 | 21 |
| 11 | വയനാട് | 66 | 48 |
| 12 | കോഴിക്കോട് | 14 | 1 |
| 13 | കണ്ണൂർ | 15 | 0 |
| 14 | കാസർഗോഡ് | 0 | 0 |

## പ്രളയക്കെടുതിയിൽ വീടും പുരയിടവും നഷ്ടപ്പെട്ടവർക്ക് പ്രത്യേക പരിഗണന

53(3520) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയക്കെടുതിയിൽ വീടും പുരയിടവും നഷ്ടപ്പെട്ട് പട്ടയഭൂമിയിൽ താമസിച്ചിരുന്നവർക്ക് സ്ഥലം വാങ്ങാൻ 6 ലക്ഷം രൂപ അനുവദിക്കുമ്പോൾ ഇതേ സാഹചര്യത്തിൽ കൈവശാവകാശം മാത്രമുള്ള ഭൂമിയിൽ താമസിച്ചിരുന്ന ദുരിതബാധിതർക്ക് ഈ ആനുകൂല്യം ലഭിക്കുന്നില്ല എന്ന കാര്യം സർക്കാർ ശ്രദ്ധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ദുരിതബാധിതരിൽ ബഹുഭൂരിപക്ഷം പേർക്കും വീട് നിർമ്മിച്ച് നൽകുവാൻ സർക്കാർ അനുവദിച്ചിട്ടുള്ള ഭൂമി വാസയോഗ്യമോ അവരുടെ ഉപജീവനമാർഗ്ഗങ്ങൾ തുടർന്നുകൊണ്ടുപോകുവാനോ കഴിയാത്ത നിലയിലുള്ളതാണെന്നത് ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) പട്ടയഭൂമിയിൽ താമസിച്ചിരുന്ന ദുരിതബാധിതർക്ക് സ്ഥലം വാങ്ങുന്നതിന് 6 ലക്ഷവും വീടിന് 4 ലക്ഷവും എന്ന പ്രളയ ദുരിതാശ്വാസസഹായം, പ്രളയദുരിതാശ്വാസ ആനുകൂല്യവിതരണ മാനദണ്ഡങ്ങളിൽ ഭേദഗതികൾ വരുത്തി കൈവശാവകാശ ഭൂമിയിൽ താമസിച്ചിരുന്ന ദുരിതബാധിതർക്കും സമാനമായ രീതിയിൽ പ്രസ്തുത ദുരിതാശ്വാസ സഹായം ലഭ്യമാക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

### ഉത്തരം

(എ) ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡം പ്രകാരം തകർന്ന വീട് ഒരു അംഗീകൃത നിർമ്മിതിയാണെങ്കിൽ ദുരിതാശ്വാസ സഹായം അനുവദിക്കാവുന്നതാണ്. മാനദണ്ഡത്തിൽ വീട് പട്ടയമുള്ള ഭൂമിയിൽ ആയിരിക്കണമെന്നോ ഭൂമിയുടെ അവകാശിയുടെ മാത്രം വീടിനേ സഹായം നൽകുവാൻ പാടുള്ളൂ എന്നോ ഇല്ല. അംഗീകൃത നിർമ്മിതിയാണോ അല്ലയോ എന്നത് നിർണ്ണയിക്കേണ്ടത് സ്ഥലത്തെ തദ്ദേശ സ്ഥാപനമാണ്. ഭൂമി പ്രളയത്തിലോ ഉരുൾപൊട്ടലിലോ നഷ്ടപ്പെട്ടാൽ, അതിനുള്ള ദുരിതാശ്വാസ സഹായം ഭൂമിയുടെ ഉടമസ്ഥന് മാത്രമേ നൽകുവാൻ സാധിക്കു എന്ന് കേന്ദ്ര മാനദണ്ഡം നിഷ്കർഷിക്കുന്നു. പ്രളയക്കെടുതിയിൽ വീടും പുരയിടവും നഷ്ടപ്പെട്ട് കൈവശാവകാശം മാത്രമുള്ള ഭൂമിയിൽ താമസിച്ചിരുന്ന ദുരിതബാധിതർക്ക് അവരുടെ ബ്ലോക്കിൽ സർക്കാർ ഭൂമി ലഭ്യമായ സ്ഥലങ്ങളിൽ, പകരം ഭൂമിയും ഭൂമി ലഭ്യമല്ലെങ്കിൽ ഭൂമി വാങ്ങുന്നതിനായി 6 ലക്ഷം രൂപ വീതവും നൽകി പുനരധിവാസ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്. കൈവശാവകാശ ഭൂമിയിൽ താമസിക്കുന്ന ദുരിതബാധിതർക്ക് സ.ഉ.(കൈ) നമ്പർ 13/2018/ഡി.എം.ഡി. തീയതി 16-8-2018 പ്രകാരം ഭൂമി വാങ്ങുന്നതിനായി 6 ലക്ഷം രൂപയും വീട് വയ്ക്കുന്നതിനായി 4 ലക്ഷം രൂപയും അനുവദിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

## മഹാപ്രളയത്തെക്കുറിച്ച് ഹൈക്കോടതി നിയമിച്ച അമിക്കസ്ക്യൂറി സമർപ്പിച്ച റിപ്പോർട്ട്

54(3521) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ആഗസ്റ്റ് മാസത്തിലുണ്ടായ മഹാപ്രളയത്തെക്കുറിച്ച് ഹൈക്കോടതി നിയമിച്ച അമിക്കസ്ക്യൂറി സമർപ്പിച്ച റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രളയത്തിന് പ്രധാന കാരണമായത് കെ.എസ്.ഇ.ബി.യുടെ ഡാം മാനേജ്മെന്റിലുണ്ടായതടക്കമുള്ള മനുഷ്യനിർമ്മിത വീഴ്ചകളാണെന്ന റിപ്പോർട്ടിലെ കണ്ടെത്തലിനോട് യോജിക്കുന്നുണ്ടോ;

(സി) ഏതെല്ലാം ഘടകങ്ങളാണ് പ്രളയത്തിന്റെ രൂക്ഷത വർദ്ധിപ്പിച്ചത് എന്നതിനെക്കുറിച്ച് ശാസ്ത്രീയമായ ഒരു സമഗ്ര പഠനം നടത്താൻ സർക്കാർ തയ്യാറാകുമോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഭാവിയിൽ സ്വീകരിക്കേണ്ട മുൻകരുതലുകളെകുറിച്ച് ശാസ്ത്രീയമായ ഒരു പ്രോട്ടോക്കോൾ തയ്യാറാക്കാൻ ഇത്തരമൊരു വിദഗ്ധ പഠനം അനിവാര്യമാണെന്ന കാര്യം അംഗീകരിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി&ഡി) 2018 ആഗസ്റ്റ് മാസത്തിൽ സംസ്ഥാനത്തുണ്ടായ പ്രളയത്തെക്കുറിച്ച് കേന്ദ്രജലകമ്മീഷൻ വിശദമായി പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ ഇക്കാലയളവിലുണ്ടായ അതിതീവ്രമായ മഴയാണ് വെള്ളപ്പൊക്കത്തിന്റെ മൂലകാരണമെന്ന് പ്രതിപാദിച്ചിട്ടുണ്ട്. ഈ റിപ്പോർട്ട് പ്രളയം സംബന്ധിച്ച് ഇറിഗേഷൻ വകുപ്പ് നടത്തിയിട്ടുള്ള ശാസ്ത്രീയ

നിഗമനങ്ങളുമായി പൊരുത്തപ്പെടുന്നതാണ്. പ്രളയം മുൻകൂട്ടി പ്രവചിക്കുവാൻ Flood Forecasting integrated Reservoir Operation എന്നിവ ഉൾക്കൊള്ളിച്ച് കൂടുതൽ പഠനങ്ങൾ നടത്തി പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്.

CWC തയ്യാറാക്കിയ inundation map-ന്റെ അടിസ്ഥാനത്തിലാണ് ഓരോ ഡാമിനും എമർജൻസി ആക്ഷൻ പ്ലാൻ (EAP) തയ്യാറാക്കിയിരിക്കുന്നത്. ഇതുപ്രകാരം ഒരു നിശ്ചിത അളവിൽ വെള്ളപ്പൊക്കമുണ്ടായാൽ മുങ്ങാൻ സാധ്യതയുള്ള സ്ഥലത്തിനെപ്പറ്റിയുള്ള ധാരണ ലഭിക്കും. പ്രളയമുണ്ടാകുമ്പോൾ എടുക്കേണ്ട നടപടികളെക്കുറിച്ച് ഓരോ ഡാമിനും ഓരോ എമർജൻസി ആക്ഷൻ പ്ലാൻ (EAP) തയ്യാറാക്കിവരുന്നു.

ഡാം ഓപ്പറേഷനെപ്പറ്റിയുള്ള Operation and Maintenance Manual ഡാമുകൾക്ക് തയ്യാറാക്കി വരുന്നു. സംഭരണശേഷിയിൽ പ്രളയജലവുംകൂടി ശേഖരിക്കാവുന്ന വിധത്തിലുള്ള Dam Management-നായി ജലസേചന വകുപ്പിലെ ഡാമുകൾ Rule Curve തയ്യാറാക്കി വരുന്നു. മേൽപ്പറഞ്ഞ നടപടികൾ എല്ലാ ഡാമുകൾക്കും പൂർത്തീകരിക്കുന്നതോടുകൂടി ഭാവിയിൽ ഉണ്ടായേക്കാവുന്ന പ്രളയത്തിനുള്ള മുൻകരുതലുകൾ പൂർണ്ണതോതിൽ പ്രാവർത്തികമാക്കാൻ കഴിയും.

**പ്രളയ പുനരധിവാസ പ്രവർത്തനങ്ങൾക്ക് ധനസഹായം**

55(3522) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉണ്ടായ പ്രളയക്കെടുതിയെത്തുടർന്ന് പുനരധിവാസ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിൽ ഏതൊക്കെ വിദേശരാജ്യങ്ങളാണ് സന്നദ്ധത പ്രകടിപ്പിച്ചിട്ടുള്ളത്; രേഖാമൂലം ഏതെങ്കിലും രാജ്യം സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ ഇതുവരെ ലഭിച്ച ധനസഹായങ്ങൾ ഏതൊക്കെയാണ്;

(സി) ധനസഹായം നേരിട്ട് അഭ്യർത്ഥിക്കുവാൻ മുഖ്യമന്ത്രി ഏതൊക്കെ വിദേശരാജ്യങ്ങളാണ് സന്ദർശിച്ചത്;

(ഡി) പ്രസ്തുത സന്ദർശനത്തിന്റെ ഫലമായി ലഭിച്ച സഹായത്തിന്റെ വിശദാംശവും ക്ലൗഡ് ഫണ്ടിംഗ് പ്രകാരം ലഭിച്ച തുകയുടെ വിശദാംശവും ലഭ്യമാക്കുമോ;

(ഇ) സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനായി വിദേശ മലയാളികളുടെ സാങ്കേതികസഹായം ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതിയെത്തുടർന്ന് പുനരധിവാസ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിന് യു.എ.ഇ. അടക്കമുള്ള രാജ്യങ്ങൾ സന്നദ്ധത പ്രകടിപ്പിച്ചിരുന്നു.

(സി) പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിനായി പ്രവാസി മലയാളികളുടെ സഹായവും സഹകരണവും അഭ്യർത്ഥിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി 2018 ഒക്ടോബറിൽ യു.എ.ഇ. സന്ദർശിച്ചിരുന്നു.

(ഡി) ക്രൗഡ് ഫണ്ടിംഗ് വഴിയായി ഇതുവരെ 1,26,41,006 രൂപ ലഭിച്ചിട്ടുണ്ട്.

(ഇ) നിലവിൽ ലഭ്യമായിട്ടില്ല. എന്നാൽ ഇതുസംബന്ധിച്ച് ലോകത്തിന്റെ വിവിധ കോണുകളിൽ നിന്നും സാങ്കേതിക സഹായ വാഗ്ദാനങ്ങൾ ലഭിച്ചിട്ടുണ്ട്.

**സംസ്ഥാന പുനർനിർമ്മാണത്തിനായുള്ള ധനസമാഹരണം**

56(3523) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക ബാങ്കിന്റെ റിപ്പോർട്ടുപ്രകാരം സംസ്ഥാന പുനർനിർമ്മാണത്തിനായി ആകെ എന്ത് തുക ആവശ്യമായി വരുമെന്നാണ് കണ്ടെത്തിയിട്ടുള്ളത്;

(ബി) ഇത് ഏതൊക്കെ വിധത്തിൽ സമാഹരിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്;

(സി) ഇതിലേക്കായി ഇതിനകം എന്ത് തുക സമാഹരിക്കുവാൻ സാധിച്ചു; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഐക്യരാഷ്ട്ര സഭ, യൂറോപ്യൻ യൂണിയൻ, ലോക ബാങ്ക് എന്നിവയുടെ നേതൃത്വത്തിൽ പ്രളയാനന്തരം നടത്തിയ പഠനത്തിന്റെ റിപ്പോർട്ടായ Kerala Post Disaster Need Assessment (PDNA) പ്രകാരം പ്രളയാനന്തര പുനർനിർമ്മാണത്തിനായി മൊത്തം 31,000 കോടി രൂപ വേണ്ടിവരുമെന്നാണ് അനുമാനിക്കുന്നത്.

(ബി) പ്രളയാനന്തര പുനർനിർമ്മാണ പദ്ധതികൾ നടപ്പാക്കുന്നതിനാവശ്യമായ ഫണ്ടുകൾ താഴെപ്പറയുന്ന വിവിധ സ്രോതസ്സുകളിൽ നിന്ന് പ്രത്യേകമായി സമാഹരിക്കുന്നതിനായി സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

- സംസ്ഥാന ബജറ്റ് - ബഹുവിധ ഏജൻസികൾ (ലോകബാങ്ക്, എഡിബി മുതലായവ ഉൾപ്പെടെ), JICA, KfW മുതലായ ഏജൻസികൾ
- കേന്ദ്രാവിഷ്കൃത പദ്ധതികൾക്കു കീഴിൽ കൂടുതൽ വകയിരുത്തൽ
- കേന്ദ്ര ഗവൺമെന്റ് പദ്ധതികളുടെ കീഴിൽ ഫ്ലെക്സി ഫണ്ടിന്റെ വിന്യാസം
- ക്രൗഡ് ഫണ്ടിംഗ്
- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി വഴി സമാഹരണം
- NIDA വഴി നബാർഡ് ഫണ്ടിംഗ്
- ഹഡ്കോയും മറ്റ് വായ്പകളും.

പ്രളയാനന്തര പുനർനിർമ്മാണത്തിന് തുക കണ്ടെത്തുന്നതിനായി സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക്, സേവനങ്ങൾക്കുമേൽ ഒരു ശതമാനം സെസ് അധികമായി ചുമത്തുവാൻ ഉത്തരവായിട്ടുണ്ട്. കൂടാതെ, കേരള പുനർനിർമ്മാണ വികസന പരിപാടി (RKDP) വിവിധ ഫണ്ടിംഗ് ഏജൻസികൾക്കും വികസന പങ്കാളികൾക്കും മുമ്പാകെ അവതരിപ്പിച്ച് പദ്ധതികൾക്ക് സഹായം ലഭ്യമാക്കാനുള്ള വികസനസംഗമം (Development Partners' Conclave) സംഘടിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) കേരള പുനർനിർമ്മാണ പദ്ധതികൾക്കായി ലോക ബാങ്കിൽനിന്ന് 5137.34 കോടി രൂപയുടെ (സംസ്ഥാന വിഹിതം ഉൾപ്പെടെ) വികസന നയവായ്പ (DPL), ജർമ്മൻ ബാങ്കായ KfW-ൽനിന്ന് 1458 കോടി രൂപ (സംസ്ഥാന വിഹിതം ഉൾപ്പെടെ)-യുടെ വായ്പ എന്നിവ സംബന്ധിച്ച ധാരണാപത്രം ഒപ്പിടുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. വായ്പയുടെ ആദ്യഗഡു ലഭ്യമാക്കുന്നത് സംബന്ധിച്ച മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തിവരുന്നു.

## വൃക്കരോഗിക്ക് ദുരിതാശ്വാസസഹായം നൽകുന്നതിലെ കാലതാമസം

57(3524) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃക്കരോഗിയായ വിജയൻ നായർ, ഉത്രാടം വീട്, ശാന്തി നഗർ, ശ്രീകാര്യം, തിരുവനന്തപുരം ഡോക്കറ്റ് നമ്പർ D190325451 പ്രകാരം ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും സഹായത്തിനായി 26-3-2019 ൽ

അപേക്ഷ നൽകിയിട്ടും ഇതുവരെയും സഹായം ലഭിക്കാത്ത സാഹചര്യം പരിശോധിക്കുമോ; ഈ രോഗിക്ക് ധനസഹായം ഉടനെ പ്രഖ്യാപിക്കുമോ;

(ബി) 26-3-2019-ൽ കിട്ടിയ അപേക്ഷ ഉള്ളൂർ വില്ലേജ് ഓഫീസർ അന്വേഷിച്ച് റിപ്പോർട്ട് നൽകുന്നതിലുണ്ടായ കാലതാമസം വ്യക്തമാക്കാമോ;

(സി) ഈ അപേക്ഷ എത്രയുംവേഗം തീർപ്പാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച് ധനസഹായവിതരണം ഊർജ്ജിതപ്പെടുത്തുമോ?

ഉത്തരം

(എ-സി) സി.എം.ഡി.ആർ.എഫ്. വെബ് പോർട്ടൽ അപ്ഡേഷനുമായി ബന്ധപ്പെട്ടുള്ള സാങ്കേതിക പ്രശ്നം പരിഹരിച്ച് അപേക്ഷ സർക്കാരിൽ റവന്യൂ (ഡി.ആർ.എഫ്.എ.) വകുപ്പിൽ ലഭിച്ചിട്ടുള്ളതും ധനസഹായം അനുവദിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിച്ചുവരികയുമാണ്. എത്രയും വേഗം ധനസഹായം ലഭ്യമാക്കുന്നതാണ്.

**ചികിത്സാ ധനസഹായത്തിനുള്ള മാനദണ്ഡങ്ങൾ**

58(3525) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാധനസഹായം ലഭ്യമാക്കുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് നിലവിലുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

മാരകരോഗങ്ങൾക്കും മറ്റും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ചികിത്സാ ധനസഹായം നൽകിവരുന്നുണ്ട്. രണ്ട് ലക്ഷം രൂപവരെ വാർഷിക കുടുംബവരുമാനം ഉള്ളവർക്കാണ് ധനസഹായത്തിന് അർഹത. അപേക്ഷയോടൊപ്പം ആധാർ കാർഡ്/റേഷൻ കാർഡ്, ബാങ്ക് പാസ്ബുക്ക് എന്നിവയുടെ പകർപ്പ്, 6 മാസത്തിനകം എടുത്ത അസ്സൽ മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ സഹിതം ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കാവുന്നതാണ്. ചികിത്സാ ധനസഹായത്തിനായി സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ രോഗത്തിന്റെ തീവ്രതയ്ക്കും ചികിത്സാച്ചെലവിനും ആനുപാതികമായി ധനസഹായം അനുവദിച്ചുവരുന്നു.

## ശബരിമല വിമാനത്താവളം

59(3526) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന വിമാനത്താവളം കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള മാതൃകയിലാണോ വിഭാവനം ചെയ്തിട്ടുള്ളത്;

(ബി) ഇതിന് ആവശ്യമായ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

(സി) വിമാനത്താവളത്തിനായി എത്ര ഏക്കർ സ്ഥലമാണ് വിലയ്ക്കുവാങ്ങുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) നിലവിൽ പ്രസ്തുത സ്ഥലത്തിന് എന്ത് വില നൽകേണ്ടിവരും;

(ഇ) സർക്കാർ വാങ്ങുവാൻ ഉദ്ദേശിക്കുന്ന സ്ഥലം ഹാരിസൺ പ്ലാന്റേഷന് ലീസിന് സർക്കാർ കൊടുത്ത ഭൂമി അവർ ഇപ്പോഴത്തെ ഉടമസ്ഥന് മറിച്ച് വിറ്റതാണോ; ഇത് സംബന്ധിച്ച് കോടതി മുമ്പാകെ ഏതെങ്കിലും കേസ് നിലവിലുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ&ബി) ശബരിമലയിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന വിമാനത്താവളത്തിന്റെ ടെക്നോ-ഇക്കണോമിക് ഫീസിബിലിറ്റി പഠനത്തിനായും പരിസ്ഥിതി ആഘാത പഠനത്തിനായും തെരഞ്ഞെടുത്ത Louis Berger Consulting Pvt. Ltd. എന്ന സ്ഥാപനം ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള മാതൃകയിൽ ചെറുവള്ളി എസ്റ്റേറ്റിലെ 570 ഏക്കർ ഭൂമി ഉപയുക്തമാക്കി അന്താരാഷ്ട്ര വിമാനത്താവളം നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. വിമാനത്താവള നിർമ്മാണത്തിനായി ഇപ്പോൾ തെരഞ്ഞെടുത്തിരിക്കുന്ന സ്ഥലം അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിലേയ്ക്കാവശ്യമായ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (TEFR) കൺസൾട്ടന്റ് ലഭ്യമാക്കിയിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്.

(സി-ഇ) നിർദ്ദിഷ്ട ശബരിമല ഗ്രീൻഫീൽഡ് എയർപോർട്ടിനായി കണ്ടെത്തിയിരിക്കുന്ന സ്ഥലം കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി സൗത്ത്, മണിമല വില്ലേജുകളിലായി വ്യാപിച്ചുകിടക്കുന്നതാണ്. സ്വാതന്ത്ര്യത്തിന് മുമ്പ് തിരുവിതാംകൂർ-കൊച്ചി ഭരണാധികാരികൾ കർശനമായ

വ്യവസ്ഥകളോടെ കൃഷിക്കായി വിദേശ പൗരൻമാർക്ക് പാട്ടത്തിന് നൽകിയിരുന്നതും തുടർന്ന് മറുപാട്ട പ്രകാരം വിദേശ കമ്പനിയായ മലയാളം പ്ലാന്റേഷൻ (യു.കെ.)യുടെയും ഹാരിസൺ മലയാളം ലിമിറ്റഡിന്റെയും കൈവശത്തിൽ എത്തിച്ചേർന്നതുമായ 2263 ഏക്കർ തോട്ടം ഭൂമിയിൽ ഉൾപ്പെട്ടതുമാണ്. തോട്ടം ഭൂമിയിൽ ഉൾപ്പെട്ട ടി ഭൂമി പാട്ട വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് വസ്തുവിൽ ഉടമസ്ഥത സ്ഥാപിക്കാതെ 2005-ൽ HML കമ്പനി ഗോസ്പൽ ഫോർ ഏഷ്യ എന്ന കമ്പനിക്ക് വിൽപ്പന നടത്തിയിരുന്നു.

ഹാരിസൺ കമ്പനിയും മറ്റ് വിദേശ കമ്പനികളും അനധികൃതമായി കൈവശംവച്ചിരിക്കുന്ന 38171 ഏക്കർ സർക്കാർഭൂമി KLC ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിനായി സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയുണ്ടായി. എന്നാൽ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് സ്പെഷ്യൽ ഓഫീസർ പുറപ്പെടുവിച്ച ഉത്തരവുകൾക്കെതിരെ ഗോസ്പൽ ഫോർ ഏഷ്യ ഉൾപ്പെടെയുള്ള കമ്പനികൾ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ കേസ് ഫയൽ ചെയ്യുകയുണ്ടായി. 11-4-2018-ലെ WP(C) 33122/14 മറ്റ് അനുബന്ധ കേസ്സുകളിലേയും വിധിന്യായ പ്രകാരം കേരള ഭൂസംരക്ഷണ നിയമപ്രകാരം നിയമിക്കപ്പെട്ട ഉദ്യോഗസ്ഥരെ ഭൂമിയുടെ ഉടമസ്ഥത തീരുമാനിക്കുന്നതിന് അധികാരമില്ല എന്ന നിരീക്ഷണത്തോടെ സ്പെഷ്യൽ ഓഫീസറുടെ ഉത്തരവുകൾ ഡിവിഷൻ ബഞ്ച് റദ്ദ് ചെയ്യുകയുണ്ടായി. എന്നാൽ ഹാരിസൺ മലയാളത്തിനോ ചെറുവള്ളി എസ്റ്റേറ്റ് HML-ൽ നിന്നും വാങ്ങിയ ഗോസ്പൽ ഫോർ ഏഷ്യക്കോ പ്രസ്തുത ഭൂമിയിൽ ഉടമസ്ഥത ഉള്ളതായി ബഹുമാനപ്പെട്ട ഹൈക്കോടതി കണ്ടെത്തിയിട്ടില്ലാത്തതാണ്. കൂടാതെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി സർക്കാരിന് സിവിൽ കേസ് ഫയൽ ചെയ്യാമെന്നും കോടതി നിർദ്ദേശിച്ചിരുന്നു. ടി വിധിക്കെതിരെ ഫയൽ ചെയ്ത അപ്പീലുകൾ 17-9-2018-ൽ ബഹുമാനപ്പെട്ട സുപ്രീംകോടതി തള്ളുകയുണ്ടായി.

ഭൂനികുതി സ്വീകരിക്കുന്നതും പോക്കുവരവ് നടത്തുന്നതിനും ഉടമസ്ഥത സ്ഥാപിക്കൽ അല്ലായെന്നും സിവിൽ കേസ് നടപടികൾ ഭൂനികുതി സ്വീകരിക്കുന്നതിന് തടസ്സമല്ലായെന്നും ബഹുമാനപ്പെട്ട ഹൈക്കാടതി വിവിധ കേസ്സുകളിൽ വിധിച്ചിട്ടുള്ള പശ്ചാത്തലത്തിൽ, ഹാരിസൺ മലയാളം ലിമിറ്റഡും അവരിൽ നിന്ന് ഭൂമി നേടിയവരുമായ കമ്പനികളും വ്യക്തികളും കൈവശംവയ്ക്കുന്ന ഭൂമിയുടെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി സർക്കാരിനുവേണ്ടി സിവിൽ കേസ്സുകൾ ഫയൽ ചെയ്യുന്നതിനും 'ഉടമസ്ഥാവകാശം സർക്കാർ ഫയൽ ചെയ്യുന്ന കേസ്സിലെ വിധിക്കുവിധേയം' എന്ന നിബന്ധനയോടെ കരം സ്വീകരിക്കുന്നതിനും ജില്ലാകളക്ടർമാർക്ക് അനുമതി നൽകികൊണ്ട് 6-6-2019-ൽ സ.ഉ.(കൈ)നമ്പർ 172/19/റവ. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

നിർദ്ദിഷ്ട ശബരിമല വിമാനത്താവളത്തിനായി പരിഗണിക്കുന്ന കോട്ടയം ജില്ലയിലെ ചെറുവള്ളി എസ്റ്റേറ്റും മേൽപ്രസ്താവിച്ച ഉത്തരവിന്റെ പരിധിയിൽ വരുന്നതാണ്. പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് നിലവിൽ കേസ് ഫയൽ ചെയ്തിട്ടില്ല. തർക്ക വിഷയമായ ഭൂമി ആയതിനാൽ ഭൂമി വിലയ്ക്ക് വാങ്ങുന്നത് സംബന്ധിച്ച വിഷയം നിലവിൽ ഉദിക്കുന്നില്ല.

## ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളം

60(3527) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയ്ക്കടുത്ത് തീർത്ഥാടകരുടെ സൗകര്യാർത്ഥം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളത്തിൻെറ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി പഠനത്തിനായി ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; എന്തൊക്കെ പ്രവൃത്തികൾ ചെയ്യാനാണ് ഇവർക്ക് ചുമതല നൽകിയിരിക്കുന്നത്; ഇവർ പഠനവും പ്രവൃത്തികളും പൂർത്തിയാക്കി എന്നത്തേക്ക് റിപ്പോർട്ട് സമർപ്പിക്കുമെന്നാണ് കരുതുന്നത്;

(ബി) ഈ വിമാനത്താവളം നിർമ്മാണം ആരംഭിക്കുന്നതിന് ഇനി എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കാനുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) നിർദ്ദിഷ്ട വിമാനത്താവളത്തിന്റെ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി പഠനത്തിനായും പരിസ്ഥിതി ആഘാത പഠനത്തിനായും Louis Berger Consulting Pvt. Ltd. എന്ന സ്ഥാപനത്തെ കൺസൾട്ടന്റായി തെരഞ്ഞെടുത്തിരുന്നു. കൺസൾട്ടന്റ് ലഭ്യമാക്കിയ പ്രാരംഭ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള മാതൃകയിൽ ചെറുവള്ളി എസ്റ്റേറ്റിലെ 570 ഏക്കർ ഭൂമി ഉപയുക്തമാക്കി അന്താരാഷ്ട്ര വിമാനത്താവളം നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. വിമാനത്താവള നിർമ്മാണത്തിനായി ഇപ്പോൾ തെരഞ്ഞെടുത്തിരിക്കുന്ന സ്ഥലം അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിലേയ്ക്കാവശ്യമായ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (TEFR) കൺസൾട്ടന്റ് ലഭ്യമാക്കിയിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്. ഡി.ജി.സി.എ. വ്യോമയാന മന്ത്രാലയം, പ്രതിരോധ മന്ത്രാലയം, കേന്ദ്ര ആഭ്യന്തര മന്ത്രാലയം എന്നിവരുടെ ക്ലിയറൻസ്, വനം-പരിസ്ഥിതി വകുപ്പിന്റെ അനുമതി, കേന്ദ്ര സർക്കാരിന്റെ " in principal" അപ്രൂവൽ, മറ്റ് ബന്ധപ്പെട്ട ഏജൻസികൾ എന്നിവയിൽ നിന്നും ലഭ്യമാകേണ്ട അംഗീകാരവും ക്ലിയറൻസും ഉൾപ്പെടെ എല്ലാ നടപടികളും തെരഞ്ഞെടുക്കപ്പെട്ട കൺസൾട്ടന്റ് പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

## വിമാനടിക്കറ്റിൽ വന്ന വൻ വർദ്ധനവ്

61(3528) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിന്നും ഗൾഫ് രാജ്യങ്ങളിലേക്കുള്ള വിമാനടിക്കറ്റിൽ റംസാന് ശേഷം വൻവർദ്ധനവ് ഏർപ്പെടുത്തിയത് പ്രവാസികളായ മലയാളികൾക്ക് വളരെയധികം ബുദ്ധിമുട്ട് ഉണ്ടാക്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ എല്ലാ വിമാനത്താവളങ്ങളിൽ നിന്നും ഒരേ നിരക്കിൽ സർവ്വീസ് നടത്തുവാൻ എയർ ഇന്ത്യ തീരുമാനിച്ചുവെങ്കിലും പല നിരക്കാണ് ഇപ്പോഴും ഈടാക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ സർക്കാർതലത്തിൽ എന്തെങ്കിലും ഇടപെടൽ നടത്തിയിട്ടുണ്ടോ;വിശദമാക്കുമോ?

ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉത്സവ സീസണിൽ വിമാന ടിക്കറ്റിൽ വരുത്തുന്ന അന്യായമായ വർദ്ധനവ് നിയന്ത്രിക്കുവാൻ കേന്ദ്ര സർക്കാർ ഇടപെടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാർ 27-6-2018-ൽ കേന്ദ്ര ഏവിയേഷൻ മന്ത്രാലയത്തിന് കത്ത് നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ വിമാനത്താവളങ്ങളിൽ നിന്നുമുള്ള ആഭ്യന്തര/വിദേശ സർവ്വീസുകളുടെ യാത്രാച്ചെലവ് കുറയ്ക്കുന്നതിലേയ്ക്കായി വിമാന ടിക്കറ്റുകളുടെ നിരക്ക് നിർണ്ണയിക്കുന്നതിൽ പ്രധാന ഘടകമായ ഏവിയേഷൻ ടർബൈൻ ഫ്യൂവലിന്മേൽ (ATF) ചുമത്തിയിരുന്ന KGST 5% ആയി കുറച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ യാത്രാക്ലേശം പരിഹരിക്കുന്നതിലേയ്ക്കായി അധിക ആഭ്യന്തര/അന്താരാഷ്ട്ര വിമാന സർവ്വീസുകൾ നടത്തുന്നതിനുള്ള നടപടികൾ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഇന്ത്യയിൽനിന്നും വിദേശത്തേയ്ക്കും തിരിച്ചും ഒമാൻ എയർലൈൻസിൽ ഇക്കണോമി/ബിസിനസ്സ് ക്ലാസ്സിൽ യാത്ര ചെയ്യുന്ന നോർക്ക തിരിച്ചറിയൽ കാർഡുള്ള വിദേശ മലയാളികൾക്ക് (ഭാര്യ/ഭർത്താവ്, 8 വയസ്സിന് താഴെയുള്ള കുട്ടികൾ ഉൾപ്പെടെ) ടിക്കറ്റ് നിരക്കിൽ 7% ഇളവ് അനുവദിക്കുന്ന ഒമാൻ ഫെയർ എന്ന പദ്ധതി നോർക്ക-റൂട്ട്സ് മുഖേന നടപ്പിലാക്കി വരുന്നുണ്ട്. മറ്റ് വിമാനക്കമ്പനികളുമായും ഇത്തരത്തിൽ യാത്രാനിരക്ക് ഇളവ് അനുവദിക്കുന്നതിനുള്ള ചർച്ചകൾ നടക്കുന്നുണ്ട്.

## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ഉത്തരവുകൾ

62(3530) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് പുറത്തിറക്കുന്ന എല്ലാ ഉത്തരവുകളും വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാറുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; വിശദമാക്കാമോ;

(ബി) ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (സി) വകുപ്പ് ഫയൽ നമ്പർ സി12/95/ 2019/ഐ. & പി.ആർ. വിവരാവകാശ നിയമം 2005 പ്രകാരം തീർപ്പാക്കിയ ഫയലിന്റെ നോട്ട് ഫയലിന്റെയും കറന്റ് ഫയലിന്റെയും പകർപ്പുകൾ ലഭ്യമാക്കുമോ;

ഉത്തരം

(എ) ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിൽ നിന്നിറങ്ങുന്ന ഉത്തരവുകൾ മറ്റ് സർക്കാർ വകുപ്പുകളിൽ നിന്നിറങ്ങുന്ന ഉത്തരവുകൾപോലെ തന്നെ സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടലായ www.kerala.gov.in-ലാണ് പ്രസിദ്ധീകരിക്കുന്നത്. ഇവ പ്രത്യേകമായി വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാറില്ല.

(ബി) അനുബന്ധമായി ചേർക്കുന്നു*.

## പ്രവാസി ഡിവിഡന്റ് പദ്ധതി

63(3531) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി നിക്ഷേപങ്ങൾക്ക് പ്രതിമാസം പത്ത് ശതമാനം ലാഭവിഹിതം നൽകുന്ന പ്രവാസി ഡിവിഡന്റ് പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) കേരള പ്രവാസി ക്ഷേമ ബോർഡ് ഇത് സംബന്ധമായി 2017 സെപ്റ്റംബറിൽ സമർപ്പിച്ച പദ്ധതി നിർദ്ദേശങ്ങൾക്ക് സർക്കാർ തത്വത്തിൽ അംഗീകാരം നൽകുക ഉണ്ടായോ;

(സി) ഇതുമായി ബന്ധപ്പെട്ട ഫയൽ ഉത്തരവാകാതെ പൊതുഭരണ, ധനകാര്യ, നിയമ, നോർക്ക വകുപ്പുകളിലായി നിരവധി തവണ ചുറ്റിത്തിരിഞ്ഞതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രവാസി മലയാളികളുടെ ഈ സ്വപ്നപദ്ധതി എത്രയും വേഗം യാഥാർത്ഥ്യമാക്കാൻ സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊള്ളും?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ&ബി) പ്രവാസി നിക്ഷേപം സംസ്ഥാനത്തിന്റെ വികസനത്തിന് ഉപയോഗിക്കുന്ന രീതിയിൽ പ്രവാസികൾക്ക് ഒരു നിശ്ചിത വരുമാനം ലഭിക്കുന്ന തരത്തിൽ നിക്ഷേപാധിഷ്ഠിത പ്രതിമാസ വരുമാന പദ്ധതിയായ 'പ്രവാസി ഡിവിഡന്റ് പദ്ധതി'-ക്ക് സർക്കാർ തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. വിദേശത്തുള്ളവരും തിരിച്ചുവന്നവരും കേരളത്തിന് പുറത്ത് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ജോലി ചെയ്യുന്നവരുമായ പ്രവാസികളുടെ നിക്ഷേപം നമ്മുടെ സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് ദീർഘകാലാടിസ്ഥാനത്തിൽ ഉപയോഗപ്പെടുത്തി സർവ്വതോന്മുഖമായ പുരോഗതി നേടുന്നതിനും പ്രവാസികൾക്ക് സ്ഥിര വരുമാനം ലഭിക്കുന്ന സുരക്ഷിതമായ ഒരു നിക്ഷേപ പദ്ധതിയായിട്ടുമാണ് പ്രവാസി ഡിവിഡന്റ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

(സി) ഇല്ല.

(ഡി) പ്രവാസി ഡിവിഡന്റ് പദ്ധതി നടപ്പിലാക്കുന്നതിനായി 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്ടിൽ ഭേദഗതികൾ വരുത്തിക്കൊണ്ട് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രവാസി ഡിവിഡന്റ് പദ്ധതി നടത്തിപ്പിനായി ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ രണ്ട് കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കിഫ്ബി മുഖാന്തരം പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതുസംബന്ധിച്ച വിശദമായ സ്കീം തയ്യാറാക്കിവരുന്നു.

## പ്രവാസികളുടെ ക്ഷേമത്തിനായി നടപ്പാക്കിയിട്ടുള്ള പദ്ധതികൾ

64(3532) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രവാസികളുടെ ക്ഷേമത്തിനായി നടപ്പാക്കിയിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രവാസി മലയാളികൾക്കായി ആരംഭിച്ചിട്ടുള്ള സാന്ത്വനം പദ്ധതി പ്രകാരം എന്തെല്ലാം സഹായങ്ങളാണ് പ്രവാസികൾക്ക് ലഭ്യമാക്കുന്നത്;

(സി) വിദേശരാജ്യങ്ങളിൽ മരണപ്പെട്ടവരുടെ മൃതദേഹങ്ങൾ നാട്ടിലേക്ക് കൊണ്ടുവരുന്നതിനായി ഈ പദ്ധതി പ്രകാരം എന്തെങ്കിലും സഹായങ്ങൾ ചെയ്ത് നൽകുന്നുണ്ടോ; വിശാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പ്രവാസികൾക്ക് ക്ഷേമപെൻഷൻ നൽകുന്ന പദ്ധതിയിൽ എത്രപേർ അംഗങ്ങളായിട്ടുണ്ട്; ഇവർക്ക് പെൻഷൻ നൽകാൻ തുടങ്ങിയിട്ടുണ്ടോ; എത്ര രൂപയാണ് പെൻഷൻ നൽകാൻ ഉദ്ദേശിക്കുന്നത്;വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലോക കേരള സഭ, എമർജൻസി ആംബുലൻസ് സർവ്വീസ്, നവീകരിച്ച കോൾ സെന്റർ, വെബ്പോർട്ടൽ, ജില്ലാ പ്രവാസി പരാതി പരിഹാര സെൽ, നോർക്ക അസിസ്റ്റന്റ് ബോഡി റീപാട്രിയേഷൻ പദ്ധതി, ഡയറക്ടേഴ്സ് സ്കോളർഷിപ്പ് പദ്ധതി എന്നീ പദ്ധതികൾ പുതുതായി നടപ്പാക്കിയിട്ടുണ്ട്.

കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് മുഖേന നൽകിവരുന്ന പെൻഷൻ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രണ്ടായിരം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) തിരികെയെത്തിയ പ്രവാസി കേരളീയർക്കുവേണ്ടി നോർക്കാ റൂട്ട്സ് നടപ്പാക്കിയിട്ടുള്ള ദുരിതാശ്വാസ പദ്ധതിയാണ് സാന്ത്വന. ഈ പദ്ധതി പ്രകാരം തിരികെയെത്തിയ പ്രവാസികൾക്ക് അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി താഴെപ്പറയും പ്രകാരം ധനസഹായം നൽകിവരുന്നു. മരണപ്പെട്ട പ്രവാസികളുടെ ആശ്രിതർക്ക് മരണാനന്തര ധനസഹായമായി 1 ലക്ഷം രൂപ വരെയും വിദേശത്തുനിന്നും തിരികെയെത്തിയ പ്രവാസികളിൽ രോഗങ്ങളാൽ ദുരിതമനുഭവിക്കുന്നവർക്ക്, കാൻസർ, ഹൃദയ ശസ്ത്രക്രിയ, ഗുരുതര വൃക്കരോഗം, പക്ഷാഘാതം, അപകടംമൂലമുള്ള സ്ഥിര അംഗവൈകല്യം തുടങ്ങിയവയ്ക്ക് 50,000 രൂപ വരെയും മറ്റ് രോഗങ്ങളുടെ ചികിത്സയ്ക്ക് 20,000 രൂപ വരെയും അനുവദിച്ചുവരുന്നു. സാമ്പത്തികമായി പിന്നോക്കമായിട്ടുള്ള തിരികെയെത്തിയ പ്രവാസികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായമായി 15,000 രൂപ വരെ നൽകിവരുന്നു. പ്രവാസികളായ കേരളീയർക്കും അവരുടെ ആശ്രിതർക്കും അംഗവൈകല്യ പരിഹാരത്തിനായി കൃത്രിമക്കാൽ, ഊന്നുവടി, വീൽച്ചെയർ മുതലായവ വാങ്ങുന്നതിന് പരമാവധി 10,000 രൂപവരെയും ധനസഹായം നൽകുന്നു.

(സി) പ്രവാസികളായ കേരളീയരുടെ (ഇന്ത്യയ്ക്ക് പുറത്തോ, കേരളത്തിന് പുറത്ത് ഇതര സംസ്ഥാനങ്ങളിലുള്ളവർ) മൃതദേഹം നാട്ടിലെത്തിക്കുന്നതിനുള്ള പ്രത്യേക പദ്ധതിയാണ് കാരുണ്യം. പ്രവാസി കേരളീയന്റെ മൃതദേഹം വിമാനത്തിലോ ട്രെയിനിലോ മറ്റേതെങ്കിലും വാഹനത്തിലോ ചെലവുകുറഞ്ഞ രീതിയിൽ എത്തിക്കുന്നതിന് മരണമടഞ്ഞ പ്രവാസിയുടെ നിയമാനുസൃതമുള്ള അവകാശികൾക്കാണ് ധനസഹായം നൽകുന്നത്. മരണമടഞ്ഞ പ്രവാസികൾക്കോ ബന്ധുക്കൾക്കോ മറ്റൊരു ധനമാർഗ്ഗവുമില്ലാത്ത അസാധാരണ സന്ദർഭങ്ങളിലാണ് ഈ സഹായം നൽകുന്നത്. നിലവിൽ വിദേശരാജ്യങ്ങളിൽ നിന്നും പ്രവാസി

മലയാളികളെ ചില അടിയന്തര സാഹചര്യങ്ങളിൽ തിരിച്ചെത്തിക്കുന്നതിനായി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് നോർക്കാ എമർജൻസി റീപാട്രിയേഷൻ ഫണ്ട്. ഉദ്യോഗദാതാവ്, സ്പോൺസർമാർ, എംബസി, വ്യക്തികൾ, സംഘടനകൾ തുടങ്ങിയവ വഴി നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന സഹായ സംവിധാനങ്ങൾ ലഭിക്കാതെ വരുന്ന സാഹചര്യത്തിൽ ഗൾഫ് രാജ്യങ്ങളിൽ മരണമടയുന്ന പ്രവാസി മലയാളികളുടെ ഭൗതിക ശരീരം സൗജന്യമായി നാട്ടിലെത്തിക്കാനായി നോർക്കാ ഏജൻസി റീപാട്രിയേഷൻ ഫണ്ടിന്റെ ഉപപദ്ധതിയായി നോർക്കാ അസിസ്റ്റഡ് ബോഡി റീപാട്രിയേഷൻ സ്കീമും പുതുതായി ആവിഷ്കരിച്ചിട്ടുണ്ട്.

(ഡി) കേരള പ്രവാസി കേരളീയ ക്ഷേമ പദ്ധതിയിൽ നിലവിൽ നാല് ലക്ഷത്തോളം പേർ അംഗങ്ങളായിട്ടുണ്ട്. 2014 സെപ്റ്റംബർ മാസം മുതൽ അർഹരായവർക്ക് പെൻഷൻ അനുവദിച്ചു വരുന്നുണ്ട്. പ്രവാസി ക്ഷേമ പെൻഷൻ മിനിമം തുക 2,000 രൂപയാണ്. അറുപത് വയസ്സ് പൂർത്തിയായതും അഞ്ച് വർഷത്തിൽ കുറയാത്ത കാലയളവിൽ തുടർച്ചയായി അംശദായം അടച്ചിട്ടുള്ളതുമായ ഓരോ പ്രവാസി കേരളീയനായ (വിദേശം)-(1 എ) അംഗത്തിനും ഓരോ മുൻ പ്രവാസി കേരളീയനായ (വിദേശം)-(1 ബി) അംഗത്തിനും പ്രവാസി കേരളീയൻ (ഭാരതം)-(2 എ) അംഗത്തിനും പ്രതിമാസം രണ്ടായിരം രൂപ പെൻഷൻ അനുവദിച്ചുവരുന്നു. അഞ്ച് വർഷത്തിൽ കൂടുതൽ കാലം തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗങ്ങൾക്ക് അവർ പൂർത്തിയാക്കിയ അഞ്ച് വർഷത്തിനുശേഷമുള്ള ഓരോ അംഗത്വ വർഷത്തിനും നിശ്ചയിച്ചിട്ടുള്ള മിനിമം പെൻഷൻ തുകയുടെ മൂന്ന് ശതമാനത്തിന് തുല്യമായ തുകകൂടി അധിക പെൻഷനായി നൽകിവരുന്നുണ്ട്. എന്നാൽ മൊത്തം പെൻഷൻ തുക മിനിമം പെൻഷൻ തുകയുടെ ഇരട്ടിയിൽ കൂടുന്നതല്ല.

**സ്വയംതൊഴിൽ കണ്ടെത്തുന്നതിന് വായ്പാ പദ്ധതികൾ**

65(3533) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസജീവിതം അവസാനിപ്പിച്ച് മടങ്ങി വരുന്നവർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് സഹായകമായി എന്തെല്ലാം വായ്പാപദ്ധതികൾ ഏർപ്പെടുത്തിവരുന്നു എന്ന് അറിയിക്കുമോ;

(ബി) ഇവ ഏതെല്ലാം ഏജൻസികൾ മുഖേനയാണെന്നും ഓരോന്നിന്റെയും വിശദാംശവും അറിയിക്കുമോ;

(സി) ഈ വായ്പകൾക്ക് നിശ്ചയിച്ചിട്ടുള്ള പലിശനിരക്കും, തിരിച്ചടവ് രീതിയും, സബ്സിഡികളും സംബന്ധിച്ച വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) പ്രവാസ ജീവിതം അവസാനിപ്പിച്ച് മടങ്ങിവരുന്നവർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് സഹായകമായിട്ടുള്ള വായ്പാ പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). പ്രസ്തുത പദ്ധതിയിൻ കീഴിൽ കൃഷി, മത്സ്യബന്ധനം, മൃഗപരിപാലനം, വാണിജ്യം, ചെറുകിടവ്യവസായം, സർവ്വീസ് മേഖല, നിർമ്മാണ മേഖല, ബിസിനസ്സ് എന്നീ മേഖലകളിൽ വായ്പ നൽകിവരുന്നുണ്ട്.

(ബി) നിലവിൽ 13 ധനകാര്യ സ്ഥാപനങ്ങൾ മുഖാന്തരം ലോൺ നൽകിവരുന്നുണ്ട്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, സൗത്ത് ഇന്ത്യൻ ബാങ്ക്, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, സിൻഡിക്കേറ്റ് ബാങ്ക്, ബാങ്ക് ഓഫ് ബറോഡ, ഇന്ത്യൻ ഓവർസീസ് ബാങ്ക്, ഫെഡറൽ ബാങ്ക്, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമീണ വികസന ബാങ്ക്, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് കോഴിക്കോട്,കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന കോ-ഓപ്പറേറ്റീവ് സൊസൈറ്റി, മലപ്പുറം എന്നിവയാണ് ധനകാര്യ സ്ഥാപനങ്ങൾ. മേൽപ്പറഞ്ഞ ധനകാര്യ സ്ഥാപനങ്ങളിൽ സൗകര്യപ്രദമായ ഒന്ന് തെരഞ്ഞെടുത്ത് ഗുണഭോക്താവ് സമർപ്പിക്കുന്ന അപേക്ഷ ധനകാര്യസ്ഥാപനങ്ങളിലേയ്ക്ക് ശിപാർശ ചെയ്ത് അയയ്ക്കുകയും ആയത് പരിശോധിച്ച് ധനകാര്യസ്ഥാപനങ്ങൾ വായ്പ അനുവദിക്കുകയുമാണ് ചെയ്യുന്നത്. പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ അവർ നിശ്ചയിച്ചിട്ടുള്ള വിഭാഗങ്ങളിലെ ഗുണഭോക്താക്കൾക്കാണ് വായ്പ അനുവദിക്കുന്നത്. ഈ സ്ഥാപനങ്ങളുടെ നിബന്ധനകൾക്കും മാനദണ്ഡങ്ങൾക്കും അനുസൃതമായിട്ടാണ് വായ്പകൾ നൽകിവരുന്നത്. കേരള ഫിനാൻഷ്യൽ കോർപ്പറേഷനിലൂടെ വ്യാവസായിക ലോണുകൾക്ക് പ്രാധാന്യം നൽകിയുള്ള വായ്പകളാണ് അനുവദിക്കുന്നത്.

(സി) ഓരോ ധനകാര്യ സ്ഥാപനത്തിന്റെയും നിബന്ധനകൾക്കനുസൃതമായിട്ടാണ് പലിശനിരക്ക്, തിരിച്ചടവ് എന്നിവ നിശ്ചയിച്ചിരിക്കുന്നത്. പ്രോജക്ട് കോസ്റ്റിന്റെ 15% മൂലധന സബ്സിഡിയായിട്ടും കൃത്യമായി ലോൺ തിരിച്ചടയ്ക്കുന്നതിന് പ്രോത്സാഹനമായി 4 വർഷത്തേയ്ക്ക് 3% പലിശ സബ്സിഡിയും സർക്കാർ നൽകിവരുന്നു.

## പ്രവാസികൾക്ക് സൗജന്യ ആംബുലൻസ് സർവ്വീസ്

66(3534) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്തുവച്ച് ഗുരുതര അസുഖം പിടിപെട്ട് വിമാനത്താവളത്തിൽ എത്തിച്ചേരുന്ന പ്രവാസികൾക്ക് സൗജന്യ ആംബുലൻസ് സർവ്വീസ് ലഭ്യമാക്കുന്ന പദ്ധതി നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകാൻ ബന്ധപ്പെടേണ്ട കേന്ദ്രങ്ങൾ ഏതാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക-റൂട്ട്സ്, തൈക്കാട്, തിരുവനന്തപുരം ടോൾ ഫ്രീ നമ്പർ 18004253939 (ഇന്ത്യയിൽ നിന്നും) 00918802012345 (വിദേശത്തുനിന്നും) ഇ-മെയിൽ വിലാസം: norkaemergencyambulance@gmail.com

## നോർക്ക റൂട്ട്സ് മുഖേന വിദേശങ്ങളിൽ ജോലി ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

67(3535) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്ക റൂട്ട്സ് മുഖേന വിദേശങ്ങളിൽ ജോലി ലഭിക്കുന്നതിന് നിലവിൽ എന്തെങ്കിലും പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ടോ; ഇവയുടെ വിശദാംശം അറിയിക്കുമോ;

(ബി) നാളിതുവരെ എത്രപേർക്ക് ഇത്തരത്തിൽ നിയമനം നൽകുന്നതിന് സാധിച്ചിട്ടുണ്ടെന്നും, ഏതെല്ലാം തസ്തികകളാണെന്നും വ്യക്തമാക്കുമോ;

(സി) ഈ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) നോർക്ക റൂട്ട്സ് മുഖേന വിദേശങ്ങളിൽ ജോലി നൽകുന്നതിന് ഒരു റിക്രൂട്ട്മെന്റ് വിഭാഗംതന്നെ പ്രവർത്തിക്കുന്നുണ്ട്. ഡോക്ടർമാർ, നേഴ്സുമാർ, ടെക്നീഷ്യന്മാർ, വനിതാ ഗാർഹിക തൊഴിലാളികൾ കൂടാതെ വിദേശ ആരോഗ്യ മേഖലയിൽ സാധ്യതയുള്ള ഇതര ജോലികളും ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുന്ന തരത്തിലാണ് റിക്രൂട്ട്മെന്റ് വിഭാഗം പ്രവർത്തിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള വിദേശകാര്യ വകുപ്പിന്റെ ലൈസൻസ് പ്രകാരമാണ് ഈ വിഭാഗം പ്രവർത്തിക്കുന്നത്. വിദേശകാര്യ വകുപ്പിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചുള്ള പരിമിതമായ തുകയാണ് സർവ്വീസ് ചാർജ് ഇനത്തിൽ ഈടാക്കുന്നത്. വിദേശ റിക്രൂട്ട്മെന്റ് ആരംഭിച്ച 2015 മുതൽ ഇതുവരെ നോർക്ക 1283 പേർക്ക് വിവിധ മേഖലയിലായി ജോലി നേടിക്കൊടുത്തു. നിലവിൽ സൗദി അറേബ്യ, യു.എ.ഇ., കുവൈറ്റ്, ഒമാൻ എന്നീ ഗൾഫ് രാജ്യങ്ങളിലെ ആരോഗ്യമേഖലയിലേയ്ക്ക് നേഴ്സുമാർ, ഡോക്ടർമാർ, മെഡിക്കൽ ടെക്നീഷ്യന്മാർ എന്നീ വിഭാഗത്തിൽപ്പെട്ടവരെ നോർക്ക റൂട്ട്സ് തെരഞ്ഞെടുത്ത് അയച്ചുവരുന്നു. ഇതോടൊപ്പം അൽ ദുര കമ്പനി വഴി ഈ വർഷം കുവൈറ്റ് ഗാർഹിക തൊഴിൽ മേഖലയിൽ 1000-ത്തോളം അവസരങ്ങളിലേയ്ക്ക് വനിതാ തൊഴിലന്വേഷകരെ തെരഞ്ഞെടുത്ത് അയച്ചുവരുന്നു.

(ബി) നോർക്കയുടെ ആഭിമുഖ്യത്തിൽ 2015 മുതൽ സൗദി, കുവൈറ്റ്, യു.എ.ഇ., ഒമാൻ എന്നീ രാജ്യങ്ങളിലായി 1283 പേരെ അയച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| YEARWISE DEPLOYMENT REPORT - RECRUITMENT WING | | | | | |
|---|---|---|---|---|---|
| YEAR | NURSES | DOCTORS | TECHNICIANS | HOUSEMAIDS | TOTAL |
| 2015 | 177 | | | | 177 |
| 2016 | 326 | | | | 326 |
| 2017 | 303 | 7 | 20 | 14 | 344 |
| 2018 | 170 | | 1 | 90 | 261 |
| 2019 | 81 | | 3 | 91 | 175 |
| TOTAL | 1057 | 7 | 24 | 195 | 1283 |

(സി) ആലോചിക്കുന്നുണ്ട്; നിയമനങ്ങൾ നടത്തുന്നതുമായി ബന്ധപ്പെട്ട് കുവൈറ്റ് ആരോഗ്യ മന്ത്രാലയവുമായി ചർച്ചകൾ പുരോഗമിച്ചുവരുന്നു. ഇതോടൊപ്പം വിവിധ രാജ്യങ്ങളിലെ നിരവധി സ്വകാര്യ ആശുപത്രികളുമായി ധാരണാപത്രത്തിൽ ഒപ്പുവച്ച് റിക്രൂട്ട്മെന്റ് നടപടികൾ സ്വീകരിച്ചുവരുന്നു.

## പ്രവാസികളുടെ പുനരധിവാസം

68(3536) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ഗൾഫ് നാടുകളിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ടും മറ്റും തിരികെ നാട്ടിലെത്തിയ മലയാളികളുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ലക്ഷ്യമിടുന്നതെന്ന് വിശദീകരിക്കാമോ;

(ബി) നാട്ടിൽ തിരികെയെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദീകരിക്കാമോ;

(സി) നോർക്കാ റൂട്ട്സുമായി ബന്ധപ്പെട്ട് പ്രവാസികളുടെ രജിസ്ട്രേഷനും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിനായി ധാരാളം അനധികൃത സേവാകേന്ദ്രങ്ങൾ പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പാലക്കാട് ജില്ലയിൽ അത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ജോലി നഷ്ടപ്പെട്ട് മടങ്ങിയെത്തിയവരുടെ കണക്ക് പ്രത്യേകമായി ശേഖരിച്ചു വയ്ക്കുന്ന ഒരു സംവിധാനം നിലവിലില്ല. എന്നാൽ തിരികെയെത്തി പുനരധിവാസ പദ്ധതിയിൽ രജിസ്റ്റർ ചെയ്തവരുടെ വിവരങ്ങൾ നോർക്ക റൂട്ട്സിൽ ലഭ്യമാണ്.

(ബി) തിരികെയെത്തിയ പ്രവാസികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകുന്നതിനും പുതിയ സംരംഭങ്ങൾ സർക്കാർ നടപടികൾ പാലിച്ച് ആരംഭിക്കുന്നതിനാവശ്യമായ കൈത്താങ്ങ് നൽകുന്നതിനും തിരികെയെത്തിയ പ്രവാസികളുടെ ജീവിതമാർഗ്ഗത്തിനായി ഒരു സുസ്ഥിര സംരംഭക മാതൃക വികസിപ്പിക്കുന്നതിനുമായി നോർക്ക റൂട്ട്സ് വിഭാവനം ചെയ്തിട്ടുള്ള നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് എന്ന സ്വയംതൊഴിൽ പദ്ധതി നിലവിലുണ്ട്.

(സി&ഡി) ചില പ്രവാസികൾ തങ്ങൾ അനധികൃതമായ സേവാകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളിലൂടെ കബളിപ്പിക്കപ്പെടുന്നതായി പരാതിപ്പെടുന്നുണ്ട്. എന്നാൽ ആയത് രേഖാമൂലം പരാതിയായി സമർപ്പിക്കുവാൻ വിമുഖത കാണിക്കുന്ന ഒരു പ്രവണതയാണ് കണ്ടുവരുന്നത്. കേരള സംസ്ഥാനത്തിനകത്ത് നോർക്ക റൂട്ട്സുമായി ബന്ധപ്പെട്ട് പ്രവാസികളുടെ രജിസ്ട്രേഷൻ നടത്താനോ മറ്റ് ആനുകൂല്യങ്ങൾ ലഭ്യമാക്കാനോ സേവാകേന്ദ്രങ്ങൾക്ക് അനുമതി നൽകിയിട്ടില്ല. ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ആയത് സൂപ്രണ്ട് ഓഫ് പോലീസ്, എൻ.ആർ.ഐ. സെൽ-ന്റെ നടപടികൾക്കായി നൽകിവരികയും നടപടികളെടുക്കുകയും ചെയ്യുന്നുണ്ട്. ഇത്തരം പ്രവണതകൾ ചെറുക്കുന്നതുമായി ബന്ധപ്പെട്ട് പത്രമാധ്യമങ്ങളിലൂടെ പരസ്യം ചെയ്യുകയും നോർക്കയുടെ സേവനങ്ങൾക്ക് ഇടനിലക്കാരെയോ അനധികൃത സേവാകേന്ദ്രങ്ങളെയോ ചുമതലപ്പെടുത്തിയിട്ടില്ലെന്ന് ബോധവൽക്കരണം നടത്തുകയും ചെയ്യുന്നുണ്ട്.

## പ്രവാസികളുടെ പുനരധിവാസം

69(3537) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികളുടെ തൊഴിൽ നഷ്ടപ്പെട്ടുള്ള തിരിച്ചുവരവ് കേരള സമൂഹത്തെ ഏതൊക്കെ തരത്തിൽ ബാധിക്കുമെന്നത് സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രവാസികളുടെ പുനരധിവാസത്തിനായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതിയുടെ പ്രവർത്തനപുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രവാസികൾക്കായുള്ള പദ്ധതികളിലെ നടപടിക്രമങ്ങൾ ലഘൂകരിക്കാൻ സർക്കാർതലത്തിൽ നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) ഈ വിഷയം സംബന്ധിച്ച് വസ്തുനിഷ്ഠമായ ഒരു പഠനം നടത്തിയിട്ടില്ല. എന്നാൽ ഗൾഫ് രാജ്യങ്ങളിൽ പ്രത്യേകിച്ച് സൗദി അറേബ്യയിൽ സ്വദേശിവൽക്കരണം കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിക്കുന്നതിന്റെ ഫലമായി ധാരാളം പ്രവാസി മലയാളികൾ തൊഴിൽ നഷ്ടപ്പെട്ട് തിരിച്ച് വരേണ്ടിവരും. അതോടൊപ്പം പുതിയ തൊഴിലവസരങ്ങളിൽ ഗണ്യമായ കുറവ് നേരിടാനുള്ള സാദ്ധ്യതയും നിലനിൽക്കുന്നുണ്ട്. താരതമ്യേന അവിദഗ്ദ്ധ തൊഴിലാളികൾക്കാണ് തൊഴിൽ നഷ്ടപ്പെടുന്നതെന്ന് കണക്കാക്കുന്നു. ഇത് കേരളത്തിന്റെ സമ്പദ്

വ്യവസ്ഥയിൽ ആഘാതം സൃഷ്ടിക്കാനിടയുണ്ട്. ഗൾഫിൽ മലയാളികൾക്ക് തൊഴിൽ നഷ്ടം സംഭവിക്കുന്നത് കേരളത്തിലെ സാമൂഹിക രംഗത്തും ചലനങ്ങൾ സൃഷ്ടിക്കുമെന്ന് കണക്കാക്കുന്നു.

(ബി) നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതിയുടെ കാര്യക്ഷമത വിലയിരുത്തുന്നതിനോടൊപ്പം പദ്ധതി നടത്തിപ്പിൽ ക്രമാനുഗതമായ പുരോഗതി കൈവരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്. തിരികെയെത്തിയ പ്രവാസികൾ 2016-17 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിയിൻകീഴിൽ 328 സംരംഭങ്ങൾ ആരംഭിച്ചിരുന്നെങ്കിൽ 2017-18-ൽ ആയത് 413 ആയും 2018-19-ൽ 791 ആയും സംരംഭങ്ങളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിന്റെ ഭാഗമായി സബ്സിഡി ഇനത്തിലും ഗുണഭോക്താക്കളുടെ വർക്ക്ഷോപ്പ്, സംരംഭകത്വപരിശീലനം എന്നിവയുമായി 2016-17 സാമ്പത്തിക വർഷം 3.97 കോടി രൂപയും 2017-18-ൽ 6.56 കോടി രൂപയും 2018-19 സാമ്പത്തിക വർഷം 14.45 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ ഒരു ധനകാര്യ സ്ഥാപനം മാത്രമാണ് ധാരണാപത്രം ഒപ്പുവച്ചിരുന്നത്. എന്നാൽ പദ്ധതി കാര്യക്ഷമമാക്കിയതിന്റെ ഭാഗമായി ഇപ്പോൾ 13 ധനകാര്യസ്ഥാപനങ്ങളുമായി ധാരണാപത്രത്തിൽ ഏർപ്പെടാൻ കഴിഞ്ഞിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി മേഖലാടിസ്ഥാനത്തിൽ പരിശീലനം, ബോധവൽക്കരണം, സെമിനാറുകൾ, ബാങ്കിലേയ്ക്കാവശ്യമായ പ്രോജക്ട് റിപ്പോർട്ട് എന്നിവ നോർക്ക റൂട്ട്സ്, കേരള സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനം മുഖാന്തരം നൽകിവരുന്നുണ്ട്.

(സി) പ്രവാസികൾക്കായുള്ള പദ്ധതികളിൽ നിലവിൽ സങ്കീർണ്ണമായ നടപടിക്രമങ്ങളൊന്നുമില്ല. കൂടാതെ എല്ലാ പദ്ധതികൾക്കും ഓൺലൈൻ സേവനം ഉടൻതന്നെ നിലവിൽവരുന്നതിനാൽ പൊതുജനങ്ങൾക്ക് വളരെ ലളിതമായ നടപടിക്രമങ്ങളിലൂടെ സേവനം ലഭ്യമാകുന്നതാണ്.

## മാവോയിസ്റ്റുകളുടെ പ്രവർത്തനം

70(3538) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാവോയിസ്റ്റുകൾ അടക്കമുള്ള ഇടതുപക്ഷ തീവ്രവാദികളുടെ പ്രവർത്തനം ശക്തിപ്പെടുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത് തടയുന്നതിന് സ്വീകരിച്ച നടപടി എന്തൊക്കെയാണ് എന്നറിയിക്കാമോ;

(സി) വയനാട്ടിൽ മാർച്ച് 6-ാം തീയതി രാത്രി പോലീസുമായുള്ള ഏറ്റുമുട്ടലിൽ സി.പി.ജലീൽ എന്ന മാവോയിസ്റ്റ് കൊല്ലപ്പെട്ട സംഭവത്തിന്റെ യഥാർത്ഥ വസ്തുത അന്വേഷിച്ചിട്ടുണ്ടോ;

(ഡി) ഇത് ഏറ്റുമുട്ടൽ മരണമല്ലായെന്ന ബന്ധുക്കളുടെ ആരോപണം വസ്തുതാപരമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ;എങ്കിൽ വ്യക്തമാക്കാമോ;

(ഇ) ആദിവാസി മേഖലകളിൽ മാവോയിസ്റ്റുകളുടെ പ്രവർത്തനം വ്യാപിക്കാതിരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് മാവോയിസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി&ഡി) പോലീസുമായുള്ള ഏറ്റുമുട്ടലിൽ സി.പി. ജലീൽ കൊല്ലപ്പെട്ട സംഭവത്തിന്മേൽ ക്രൈംബ്രാഞ്ചിന്റെ പ്രത്യേക അന്വേഷണ സംഘം അന്വേഷിച്ചുവരുന്നു. കൂടാതെ ഇക്കാര്യത്തിൽ മജിസ്ട്രേറ്റുതല അന്വേഷണം നടത്തുവാൻ വയനാട് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഇ) ആദിവാസി മേഖലകളിൽ ഉൾപ്പെടെ മാവോയിസ്റ്റ് സാന്നിദ്ധ്യം വ്യാപിക്കുന്നത് തടയുന്നതിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു:

1. കേരളത്തിലെ മാവോയിസ്റ്റ് പ്രവർത്തനം വിലയിരുത്തുന്നതിനും തുടർനടപടികൾ കൈക്കൊള്ളുന്നതിനുമായി മുഖ്യമന്ത്രി അദ്ധ്യക്ഷനായ ഒരു യൂണിഫൈഡ് കമാൻഡ് രൂപീകരിച്ചിട്ടുണ്ട്.
2. കേരളത്തിലെ മാവോയിസ്റ്റ് പ്രവർത്തനങ്ങൾ നേരിടുന്നതിന്റെ ഭാഗമായി വനത്തിനുള്ളിലും വനാതിർത്തിയിലും നിവസിക്കുന്ന ആദിവാസി വിഭാഗങ്ങളിൽനിന്ന് മാത്രം യുവതീ-യുവാക്കളെ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന കണ്ടെത്തി 75 പോലീസ് കോൺസ്റ്റബിൾ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്.

3. മാവോയിസ്റ്റ് പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരെ അതിൽനിന്നും പിന്തിരിപ്പിച്ച് കീഴടങ്ങുന്നതിലേയ്ക്കായി കീഴടങ്ങൽ പുനരധിവാസ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്.

4. മാവോയിസ്റ്റ് ഭീഷണി നിലവിലുള്ള ജില്ലകളിലെ പോലീസ് സ്റ്റേഷനുകളിലെ ഉദ്യോഗസ്ഥർക്കും അവരുടെ മേലുദ്യോഗസ്ഥർക്കും മതിയായ പരിശീലനം നൽകിയിട്ടുണ്ട്. മാവോയിസ്റ്റ് ഭീഷണിയുള്ള സ്ഥലങ്ങളിൽ ലോക്കൽ പോലീസ് ഉദ്യോഗസ്ഥരും പ്രത്യേക പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരും പട്രോളിംഗ് നടത്തിവരുന്നു.

5. മാവോയിസ്റ്റ് തീവ്രവാദ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ അറസ്റ്റ് ചെയ്യുകയും അവരുടെ മേൽ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

6. ആദിവാസി മേഖലകളിൽ ആദിവാസികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാനും വിവിധ വികസന, ആരോഗ്യ സംരക്ഷണ, ഭക്ഷ്യ വിതരണ പദ്ധതികൾ നടപ്പിലാക്കുവാനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

7. മാവോയിസ്റ്റുകളുടെ സാന്നിദ്ധ്യം സംബന്ധിച്ചും അവരുടെ പ്രവർത്തനങ്ങളെപ്പറ്റിയും അവരുടെ താവളങ്ങളെപ്പറ്റിയുമുള്ള വിവരങ്ങൾ മുൻകൂറായി ശേഖരിച്ച് ഏരിയ ഡൊമിനെഷൻ എക്സർസൈസ് നടത്തിവരുന്നു.

8. മാവോയിസ്റ്റ് സാന്നിദ്ധ്യം റിപ്പോർട്ട് ചെയ്യപ്പെടുന്ന പ്രദേശങ്ങളിലും പരിസര പ്രദേശങ്ങളിലും വനപ്രദേശങ്ങളിലും പോലിസിന്റെയും നക്സൽ വിരുദ്ധ പ്രത്യേക സേനകളുടെയും നേതൃത്വത്തിൽ വിശദമായ ഇടവിട്ടുള്ള കോമ്പിംഗ് നടത്തിവരുന്നു.

9. ആദിവാസികൾക്കിടയിലും മറ്റ് സാധാരണ ജനങ്ങൾക്കിടയിലും മാവോയിസ്റ്റുകൾ സ്വാധീനമുണ്ടാക്കുന്നതിനെതിരായി ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

## വാഹന പരിശോധന നടത്തുന്ന പോലീസ് ഉദ്യോഗസ്ഥരുടെ പെരുമാറ്റം

71(3539) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹന പരിശോധന നടത്തുന്ന പോലീസ് ഉദ്യോഗസ്ഥർ പരിശോധനയ്ക്കു വിധേയമാക്കുന്ന വാഹന ഉടമകളെ അടക്കി ഭരിക്കാൻ കിട്ടിയ സന്ദർഭമായി പരിശോധനാസമയം ഉപയോഗിക്കുന്നത് നിർത്തലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) പോലീസുകാർ പൊതുപ്രവർത്തകരോട് ഇടപെടുമ്പോൾ മാന്യമായ രീതിയിൽ ഇടപെടണമെന്ന് കാണിച്ച് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) ടൂവീലർ ഓടിക്കുന്ന വൃദ്ധരായവരോട് പോലും വാഹനപരിശോധനാ സമയത്ത് പരുഷവും മനുഷ്യത്വരഹിതവുമായ നിലപാടുകൾ സ്വീകരിക്കുന്നത് നിർത്തലാക്കാൻ സത്വരനടപടികൾ സ്വീകരിക്കുമോ;

(ഡി) ഇക്കാര്യത്തിൽ തലസ്ഥാന നഗരിയിലെ പോലീസ് ഉദ്യോഗസ്ഥർ സംസ്ഥാനത്തെ മറ്റ് ഇടങ്ങളെ അപേക്ഷിച്ച് മാന്യമായ പെരുമാറ്റം കാണിക്കാത്തതായ ആക്ഷേപം ഗൗരവമായി കാണുമോ എന്നറിയിക്കാമോ?

### ഉത്തരം

(എ) പൊതുനിരത്തിൽ അപകടകരമായ രീതിയിൽ അശ്രദ്ധമായും അമിത വേഗത്തിലും വാഹനം ഓടിക്കുന്നവർക്കെതിരെയും റോഡ് നിയമങ്ങൾ പാലിക്കാതെ വാഹനം ഓടിക്കുന്നവർക്കെതിരെയുമാണ് പോലീസ് വകുപ്പ് വാഹനപരിശോധന നടത്തി കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നത്. ഇത്തരം വാഹന പരിശോധനകൾ റോഡപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായും കേസന്വേഷണത്തിന്റെ ഭാഗമായുമാണ് നടത്തുന്നത്. ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥൻ പരിശോധനയ്ക്ക് വിധേയമാകുന്ന വാഹന ഉടമകളോട് മോശമായി പെരുമാറിയതായി ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി-ഡി) പോലീസ് ഉദ്യോഗസ്ഥർ പൊതുപ്രവർത്തകരോടും പൊതുജനങ്ങളോടും വാഹന പരിശോധനാവേളയിൽ മാന്യമായി പെരുമാറണമെന്ന് പോലീസ് ആസ്ഥാനത്തെ സർക്കുലർ നമ്പർ 06/2012, 11/2013, Executive Directive 07/2015, 51/2018 എന്നിവയിലൂടെ വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്.

## ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ

72(3540) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനായി വിവിധ വകുപ്പുകളുടെ സഹകരണത്തോടെ സംയുക്ത സമിതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വകുപ്പുകൾ ചേർന്നാണ് സമിതി രൂപീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) വിദ്യാലയങ്ങളിൽ ലഹരി വസ്തുക്കൾ എത്തിച്ചേരുന്നത് തടയുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ലഹരി മാഫിയക്കെതിരെ ജനമൈത്രി പോലീസിന്റെ സേവനം ലഭ്യമാക്കുന്നതിനും റസിഡന്റ്സ് അസോസിയേഷൻ, സാംസ്കാരിക സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ സമൂഹത്തെ ലഹരി വിപത്തിൽനിന്നും സംരക്ഷിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) സംസ്ഥാന ലഹരി വർജ്ജന മിഷൻ " വിമുക്തി" -യുടെ പ്രവർത്തനങ്ങളുടെ ഭാഗമായി ആഭ്യന്തരം, ആരോഗ്യം, തദ്ദേശസ്വയംഭരണം, വിദ്യാഭ്യാസം, ധനകാര്യം, ടൂറിസം, സ്പോർട്സ് & യുവജന ക്ഷേമം, പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം, സാംസ്കാരികം, ഫിഷറീസ് എന്നീ വകുപ്പുകളെ ഉൾപ്പെടുത്തി ലഹരി വ്യാപനം തടയുന്നതിനായി ബോധവത്കരണ പ്രവർത്തനങ്ങൾക്ക് സമിതി രൂപീകരിച്ചിട്ടുണ്ട്.

(ബി) നിരന്തരമായ എൻഫോഴ്സ്മെന്റ് പ്രവർത്തനവും കൂടാതെ ഷാഡോ എക്സൈസിന്റെ നിരീക്ഷണവും നടത്തിവരുന്നു. വിദ്യാലയങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു.

(സി) എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിൽ ജനമൈത്രി പോലീസിന്റെ സേവനവും പ്രയോജനപ്പെടുത്തി വരുന്നു. റെസിഡന്റ്സ് അസോസിയേഷനുകൾ, ലൈബ്രറി കൗൺസിൽ, സന്നദ്ധ സംഘടനകൾ, കലാ-സാംസ്കാരിക സമിതികൾ എന്നിവയുടെ സഹകരണത്തോടെ സമൂഹത്തെ ലഹരിയുടെ വിപത്തിൽനിന്നും സംരക്ഷിക്കുന്നതിനുവേണ്ട ബോധവത്കരണ പ്രവർത്തനങ്ങൾ " വിമുക്തി" മിഷൻ സംഘടിപ്പിച്ചു വരുന്നുണ്ട്.

## ലഹരി മാഫിയകളുടെ പ്രവർത്തനത്തിനെതിരെ പോലീസ് നിരീക്ഷണം

73(3541) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാമ്പസുകളെയും വിദ്യാലയങ്ങളെയും ലക്ഷ്യംവച്ചുള്ള ലഹരി മാഫിയകളുടെ പ്രവർത്തനം ആഭ്യന്തര വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ക്യാമ്പസുകളിലും വിദ്യാലയങ്ങളിലും പോലീസ് നിരീക്ഷണം ശക്തമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) മേൽസൂചിപ്പിച്ച പ്രകാരമുള്ള മാഫിയകളെ കണ്ടെത്തുന്നതിനും മാതൃകാപരമായി ശിക്ഷിക്കുന്നതിനും എന്തൊക്കെ പദ്ധതികളാണ് പോലീസ് സജ്ജമാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) ക്യാമ്പസുകളെയും വിദ്യാലയങ്ങളെയും ലഹരി മാഫിയയിൽ നിന്ന് രക്ഷിക്കുന്നതിന് എക്സൈസിന്റെയും പൊതുജനത്തിന്റെയും സഹകരണത്തോടെ ആധുനിക സാങ്കേതികവിദ്യ കൂടി പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള പദ്ധതികൾ നടപ്പിലാക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ക്യാമ്പസുകളിലും വിദ്യാലയങ്ങളിലും പോലീസ് നിരീക്ഷണം ശക്തമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പുകൾ രൂപീകരിച്ചും സ്കൂൾ പരിസരങ്ങളിൽ പോലീസ് പട്രോളിംഗ് ശക്തമാക്കിയും കൂടാതെ ജില്ലാതലങ്ങളിൽ DANSAF (ഡിസ്ട്രിക്ട് ആന്റി നാർക്കോട്ടിക്സ് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ്), സംസ്ഥാനതലത്തിൽ KANSAF (കേരളാ ആന്റി നാർക്കോട്ടിക്സ് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ്)-ഉം പ്രവർത്തിച്ചുവരുന്നു. സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥർ, ജനമൈത്രി ബീറ്റ് ഓഫീസർമാർ, ഷാഡോ പോലീസ്, എസ്.പി.സി. സ്കൂൾ കോളേജുതലത്തിൽ പ്രവർത്തിക്കുന്ന ലഹരിവിരുദ്ധ കാവൽക്കൂട്ടം, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്, ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതി എന്നിവയുടെയും ഓപ്പറേഷൻ ഗുരുകുലം പദ്ധതിയുടെയും ഭാഗമായി നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്.

(സി) വിദ്യാഭ്യാസ സ്ഥാപനങ്ങളെ ലഹരിമുക്തമാക്കുക എന്ന ലക്ഷ്യം വച്ച് DANSAF (ഡിസ്ട്രിക്ട് ആന്റി നാർക്കോട്ടിക്സ് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ്),

സംസ്ഥാനതലത്തിൽ KANSAF (കേരളാ ആന്റി നാർക്കോട്ടിക്സ് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ്),സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ് സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥർ, ജനമൈത്രി ബീറ്റ് ഓഫീസർമാർ, ഷാഡോ പോലീസ്, എസ്.പി.സി. സ്കൂൾ കോളേജുതലത്തിൽ പ്രവർത്തിക്കുന്ന ലഹരിവിരുദ്ധ കാവൽക്കൂട്ടം, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്, ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതി, റസിഡന്റ്സ് അസോസിയേഷനുകൾ, ഓട്ടോ ടാക്സി ഡ്രൈവർമാർ, ഇതര സംഘടനകൾ എന്നിവയുടെ സഹകരണത്തോടുകൂടി രഹസ്യ വിവരങ്ങൾ ശേഖരിച്ച് അന്വേഷണം നടത്തി ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചും സ്കൂൾതലത്തിൽ എക്സൈസ് വകുപ്പുമായി സഹകരിച്ച് പരാതിപ്പെട്ടികൾ സ്ഥാപിച്ചും സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ് അംഗങ്ങളായ പോലീസുദ്യോഗസ്ഥർ നിരന്തരം സ്കൂളുകൾ സന്ദർശിച്ച് നിരീക്ഷണം നടത്തിയും സ്കൂളുകളിൽ നിന്ന് അനധികൃതമായി വിട്ടുനിൽക്കുന്ന വിദ്യാർത്ഥികളെ നിരീക്ഷിച്ചും ആവശ്യമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ലഹരി ഉപയോഗത്തിനെതിരെ ലഹരിവർജ്ജനത്തിലൂടെ ലഹരിമുക്ത കേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ വിമുക്തി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നത്. ആയതിന്റെ ഭാഗമായി ക്യാമ്പസുകളിൽ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരിവിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്., എൻ.സി.സി. എന്നിവയുടെ പങ്കാളിത്തത്തോടുകൂടി മദ്യ-മയക്കുമരുന്ന്-പുകയില ഉൽപ്പന്നങ്ങളുടെ ഉപഭോഗത്തിനെതിരെയുള്ള അതിശക്തമായ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നുണ്ട്. കൂടാതെ സ്കൂൾ കോളേജ് പരിസരങ്ങളിലും മറ്റ് പൊതുസ്ഥലങ്ങളിലും ലഹരിയുടെ സാന്നിദ്ധ്യം, വ്യാപനം, വിപണനം എന്നിവ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങളുടെയും വിദ്യാർത്ഥികളുടെയും ശ്രദ്ധയിൽപ്പെട്ടാൽ ആയത് എക്സൈസ് കമ്മീഷണറുടെ 24 മണിക്കൂറും സജ്ജമായ വാട്ട്സ് ആപ്പ് നമ്പരിലേയ്ക്ക് നേരിട്ട് അറിയിക്കുന്നതിനുള്ള ആധുനിക സാങ്കേതിക സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്.

## പുതിയ പോലീസ് കമ്മീഷണറേറ്റുകൾ

74(3542) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയതായി എത്ര പോലീസ് കമ്മീഷണറേറ്റുകൾ രൂപീകരിച്ചു; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പോലീസ് കമ്മീഷണറേറ്റുകൾ രൂപീകരിച്ച് പോലീസ് ഉദ്യോഗസ്ഥർക്ക് മജിസ്റ്റീരിയൽ പദവി നൽകുന്നതിന്റെ ഔചിത്യം എന്തെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പോലീസ് കമ്മീഷണറേറ്റുകൾ രൂപീകരിച്ചത് ഏതെങ്കിലും കോടതിയുടെ ഉത്തരവ് പ്രകാരമാണോ; അഥവാ ഏതെങ്കിലും ഏജൻസിയുടെ പഠന റിപ്പോർട്ട് പ്രകാരമാണോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ - സി) 23-10-2013-ലെ മന്ത്രിസഭാ തീരുമാനം ഐറ്റം നമ്പർ 2919 പ്രകാരം 2011-ലെ കേരള പോലീസ് ആക്ടിലെ 15(2), 15(3), 15(4) എന്നീ സെക്ഷനുകൾ ആധാരമാക്കി തിരുവനന്തപുരത്തും കൊച്ചിയിലും മെട്രോപോളിറ്റൻ പോലീസ് സംവിധാനം ആരംഭിക്കുന്നതിനുള്ള സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച നിർദ്ദേശത്തിൽ 2007-ലെ കേരള ആന്റി സോഷ്യൽ ആക്ടിവിറ്റീസ് പ്രിവൻഷൻ ആക്ടിലെ 3(2) സെക്ഷൻ പ്രകാരമുള്ള അധികാരം ഒഴിവാക്കി, തിരുവനന്തപുരം/കൊച്ചി പോലീസ് കമ്മീഷണർക്ക് ജില്ലാ മജിസ്ട്രേറ്റിന്റെ അധികാരത്തോടുകൂടി അഡീഷണൽ ജില്ലാ മജിസ്ട്രേറ്റായി നിയമിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിച്ചുകൊണ്ട് ഈ സംവിധാനം നടപ്പിലാക്കാൻ തീരുമാനിച്ചിരുന്നു. ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 29-01-2013-ലെ ജി.ഒ.(എം.എസ്.) നമ്പർ 29/2013/ആഭ്യന്തരം സർക്കാർ ഉത്തരവ് പ്രകാരം തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ മെട്രോപോളിറ്റൻ പോലീസ് സംവിധാനം കൊണ്ടുവന്ന് ഉത്തരവായിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നില്ല.

കമ്മീഷണറേറ്റ് നിലവിൽവരുന്നതോടെ നഗരപരിധിയിലെ കുറ്റാന്വേഷണവും ക്രമസമാധാനപാലനവും കാര്യക്ഷമമാക്കുകയും കുറ്റകൃത്യം തടയുന്നതിന് നഗരത്തിലെ പോലീസിന് അധികാരവും ശക്തിയും കൂടുതൽ ലഭിക്കുന്നുവെന്നതാണ് ഇതിന്റെ സവിശേഷത. ഇതിലൂടെ സാധാരണ നിലയിൽ ക്രമസമാധാനം നഗരങ്ങളിൽ കൂടുതൽ ഭദ്രമാക്കി നിർത്താനാകും എന്നതാണ് ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനം.

കേന്ദ്ര സർക്കാർ 1977-ൽ പോലീസ് സേനയുടെ വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നാഷണൽ പോലീസ് കമ്മീഷനെ നിയമിച്ചിരുന്നു. പ്രസ്തുത കമ്മീഷൻ 1979 മുതൽ 1981 വരെ 8 റിപ്പോർട്ടുകൾ സമർപ്പിക്കുകയുണ്ടായി. അതിലെ ഒരു പ്രധാന ശിപാർശയാണ് അഞ്ച് ലക്ഷമോ അതിൽ കൂടുതലോ ജനസംഖ്യയുള്ള നഗരങ്ങളിൽ പോലീസ് കമ്മീഷണറേറ്റ് സ്ഥാപിക്കണമെന്നത്. ഇതിനുപുറമെ, ബഹുമാനപ്പെട്ട ജസ്റ്റിസ് കെ. ടി. തോമസ് ചെയർമാനായ കേരള പോലീസ് പെർഫോമൻസ് ആൻഡ്

അക്കൗണ്ടബിലിറ്റി കമ്മീഷൻ 21-3-2005-ൽ സമർപ്പിച്ച റിപ്പോർട്ടിൽ 3.42 (സി) ശിപാർശ പ്രകാരം തിരുവനന്തപുരം, കോഴിക്കോട്, കൊച്ചി നഗരങ്ങളിലെ കമ്മീഷണർ ഓഫീസുകൾ പോലീസ് കമ്മീഷണറേറ്റുകളായി ഉയർത്തി ഡി.ഐ.ജി. റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥരെ കമ്മീഷണറായി നിയമിക്കണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്.

6-6-2019-ലെ ജി.ഒ (ആർ.ടി.) നമ്പർ 3230/2019/പൊ.ഭ.വ. ഉത്തരവുപ്രകാരം ഈ നഗരങ്ങളിൽ ഐ. ജി. റാങ്കിലുള്ള ഉദ്യോഗസ്ഥരെ പോലീസ് കമ്മീഷണർമാരായി നിയമിച്ച് ഉത്തരവായിട്ടുണ്ട്.

കേരളത്തിന്റെ സവിശേഷമായ സാഹചര്യത്തെക്കൂടി ഉൾക്കൊണ്ടുകൊണ്ടും പൊതുവായ അഭിപ്രായങ്ങൾക്കൂടി കണക്കിലെടുത്തുംകൊണ്ടായിരിക്കും ഏതെല്ലാം അധികാരങ്ങൾ കൈമാറണമെന്ന കാര്യത്തിൽ തീരുമാനം കൈക്കൊള്ളുക.

## വ്യാജ കസ്റ്റമർ കെയർ നമ്പറുകൾ വഴി തട്ടിപ്പ്

75(3543) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്റർനെറ്റ് സെർച്ച് എൻജിനുകളിൽ വ്യാജ കസ്റ്റമർ കെയർ നമ്പറുകൾ നൽകി ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ശേഖരിച്ച് പണം തട്ടുന്ന സംഘങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ബി) ഇ- കൊമേഴ്സ് സൈറ്റുകളിൽ നടത്തുന്ന ഓൺലൈൻ പർച്ചേസ്, ടിക്കറ്റ് ബുക്കിംഗ് തുടങ്ങിയവയിൽ ഇടപാട് റദ്ദ് ചെയ്തു പണം തിരികെ ആവശ്യപ്പെടുന്നതിനായി ഉപഭോക്താക്കൾ കസ്റ്റമർ കെയർ നമ്പറുകൾ സെർച്ച് എൻജിനുകളിൽ അന്വേഷിക്കുമ്പോൾ ഇത്തരം വ്യാജ നമ്പറുകളിൽ എത്തിപ്പെട്ട് പണം നഷ്ടമാവുന്ന സാഹചര്യം ഒഴിവാക്കുന്നതിന് ആഭ്യന്തര വകുപ്പ് ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുമോ; വിശദമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇ-കൊമേഴ്സ് സൈറ്റുകളെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിലേയ്ക്കായി പത്ര-ദൃശ്യ മാധ്യമങ്ങൾ വഴി അറിയിപ്പുകൾ നൽകുകയും വിവിധ സാമൂഹ്യ സംഘടനകൾ, ക്ലബ്ബുകൾ, സ്കൂളുകൾ, കോളേജുകൾ, റെസിഡന്റ്സ് അസോസിയേഷനുകൾ മുതലായവയുടെ സഹകരണത്തോടെ ബോധവൽക്കരണ പരിപാടികളും ക്ലാസുകളും നടത്തിവരികയും ചെയ്യുന്നു.

## വായ്പ-ബ്ലേഡ് മാഫിയയുടെ പ്രവർത്തനങ്ങൾ

76(3544) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊള്ളപ്പലിശയുമായി ബന്ധപ്പെട്ട മൂന്ന് ക്രിമിനൽ കേസ്സുകളിൽ കൂടുതൽ ഉൾപ്പെട്ടവർക്കെതിരെ ഗുണ്ടാ നിയമമനുസരിച്ച് നടപടിയെടുക്കുന്നതിന് ഇപ്പോൾ നിയമപരിരക്ഷ ഉണ്ടോ എന്നറിയിക്കാമോ;

(ബി) മണി ലെൻഡേഴ്സ് ആക്ടിന് വിരുദ്ധമായി പ്രവർത്തിക്കുന്ന എല്ലാ പണമിടപാട് സ്ഥാപനങ്ങൾക്കുമെതിരെയും നടപടികൾ തുടങ്ങിവെച്ച ഓപ്പറേഷൻ കുബേരയുടെ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് ഇപ്പോൾ ദുർബ്ബലമാണോ;

(സി) വായ്പാ മാഫിയയുടെ പിടിയിൽപ്പെട്ട് എറണാകുളത്ത് മാത്രം 38 കുടുംബങ്ങൾക്ക് കിടപ്പാടം നഷ്ടമായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ വായ്പ-ബ്ലേഡ് മാഫിയയുടെ പ്രവർത്തനങ്ങൾ ഇല്ലാതാക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളും എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) 2007-ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമത്തിലെ വകുപ്പ് 2(ക്യൂ) പ്രകാരം " കൊള്ളപ്പലിശക്കാരൻ" ആരാണെന്നതും 2 (ജെ) യിൽ ' ഗുണ്ട' എന്നാൽ എന്താണെന്നും നിർവ്വചിച്ചിട്ടുണ്ട്. ആയതുപ്രകാരമുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം വകുപ്പ് 2 (ഒ) പ്രകാരം 'അറിയപ്പെടുന്ന ഗുണ്ട ' ആയി കണക്കാക്കി ഇവർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് നിയമ പരിരക്ഷയുണ്ട്.

(ബി) മണി ലെൻഡേഴ്സ് ആക്ടിന് വിരുദ്ധമായി പ്രവർത്തിക്കുന്ന എല്ലാ പണമിടപാട് സ്ഥാപനങ്ങൾക്കെതിരെയും നടപടികൾ തുടങ്ങിവച്ച പ്രവർത്തനങ്ങൾ സംസ്ഥാനത്ത് ഇപ്പോഴും ശക്തമായി തുടർന്നുവരുന്നു.

(സി) വായ്പാ മാഫിയയുടെ പിടിയിൽ അകപ്പെട്ട് കിടപ്പാടം നഷ്ടപ്പെട്ട കേസ്സുകളൊന്നും എറണാകുളം ജില്ലയിൽ റിപ്പോർട്ട് ചെയ്തിട്ടില്ല. എന്നാൽ സർഫാസി നിയമത്തിന്റെ മറവിൽ നടക്കുന്ന വായ്പാ തട്ടിപ്പുമായി ബന്ധപ്പെട്ട് 17 കുടുംബങ്ങൾ ജില്ലയിൽ ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത കുടുംബങ്ങൾ നാളിതുവരെ കുടിയൊഴിപ്പിക്കപ്പെട്ടിട്ടില്ല.

(ഡി) വായ്പ-ബ്ലേഡ് മാഫിയയുടെ പ്രവർത്തനങ്ങൾ ഇല്ലാതാക്കാൻ നിലവിലെ നിയമങ്ങളിലെ വിവിധ വകുപ്പുകൾ പ്രകാരം ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. ഇക്കാര്യത്തിൽ പൊതുജനങ്ങൾക്കിടയിൽ ബോധൽക്കരണം നടത്തുകയും കൊള്ളപ്പലിശക്കാരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് ഷാഡോ പോലീസിന്റെയും ജില്ലാ സ്പെഷ്യൽ ബ്രാഞ്ചുകളുടെയും സേവനം സ്വീകരിച്ചുവരുന്നു. കൊള്ളപ്പലിശക്കാരുടെ പ്രവർത്തനം ശ്രദ്ധയിൽപ്പെട്ടാൽ അത്തരം പ്രവർത്തനങ്ങൾ തടയുന്നതിന് നിരന്തരം റെയ്ഡുകൾ നടത്തി തെളിവുകൾ ശേഖരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ Kerala Money Lenders Act, Kerala Prohibition of Charging Exorbitant Interest Act എന്നിവയിലെ വകുപ്പുകൾ പ്രകാരം കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും അന്വേഷണം നടത്തി കുറ്റക്കാർക്ക് മാതൃകാപരമായ ശിക്ഷ ലഭിക്കുന്നതിനുതകുന്നവിധം സമയബന്ധിതമായി കുറ്റപത്രം കോടതികളിൽ സമർപ്പിച്ചുംവരുന്നു.

**മയക്കുമരുന്ന് ഉപയോഗം തിരിച്ചറിയുന്നതിനുള്ള ഉപകരണം**

77(3545) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മയക്കുമരുന്ന് ഉപയോഗം തിരിച്ചറിയാൻ സാധിക്കുന്ന ഉപകരണങ്ങൾ നിലവിൽ സംസ്ഥാന പോലീസിന്റെ കൈവശമുണ്ടോ;

(ബി) മദ്യ ഉപയോഗം തിരിച്ചറിയാൻ ഉപയോഗിക്കുന്ന ഉപകരണം പോലെ മയക്കുമരുന്ന് ഉപയോഗം തിരിച്ചറിയാനുള്ള ഉപകരണങ്ങളും പോലീസ്, എക്സൈസ് സേനകൾക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) മയക്കുമരുന്ന് ഉപയോഗം തിരിച്ചറിയാൻ സഹായിക്കുന്ന ആധുനിക രീതിയിലുള്ള Oral Drug Detection Kits വാങ്ങുന്നതിനുള്ള നടപടികൾ പോലീസ് വകുപ്പിൽ സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം തിരിച്ചറിയാൻ സഹായിക്കുന്ന ഉപകരണങ്ങൾ ഘടിപ്പിച്ച വാഹന സംവിധാനം വാങ്ങുന്നതിലേയ്ക്കായി 2019-2020 സാമ്പത്തിക വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി 18 ലക്ഷം രൂപ പോലീസ് വകുപ്പിന് അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

എക്സൈസ് വകുപ്പിൽ മയക്കുമരുന്നുകൾ തിരിച്ചറിയുന്നതിനായി 'നാർക്കോട്ടിക് ടെസ്റ്റിംഗ് കിറ്റുകൾ ' ഉപയോഗിക്കുന്നുണ്ട്. കൂടാതെ മയക്കുമരുന്ന് ഉപയോഗം തിരിച്ചറിയാൻ ഗുജറാത്ത് പോലീസ് ഉപയോഗിച്ചുവരുന്ന 'Abon Kits' എന്ന സംവിധാനം കേരള എക്സൈസ് ഡിപ്പാർട്ട്മെന്റിന് ലഭ്യമാക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

**പോലീസ് സേനയിലെ മാറ്റങ്ങൾക്കായുള്ള പദ്ധതികൾ**

78(3546) ശ്രീ. കെ. വി.അബ്ദുൾ ഖാദർ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് സേനയുടെ നവീകരണത്തിനും ആധുനികവൽക്കരണത്തിനും മുൻഗണന നൽകി ക്രമസമാധാനപാലനം കിടയറ്റതാക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പോലീസിംഗ് എന്നത് കാലഘട്ടത്തിന് അനുസൃതമായി രൂപമാറ്റം വരുത്തേണ്ട ഒരു സർക്കാർ സേവനമാണെന്ന ആശയം ഉൾക്കൊണ്ട് ആവിഷ്കരിച്ചുവരുന്ന വിവിധ പദ്ധതികൾ എന്തെല്ലാമാണ്;

(സി) ക്രമസമാധാന പരിപാലനരംഗത്ത് പോലീസ് വകുപ്പ് നടത്തി വരുന്ന സാമൂഹിക ഇടപെടലുകൾ വിശദമാക്കാമോ;

(ഡി) ജനങ്ങൾ തന്നെയാണ് പോലീസ് എന്ന ദർശനത്തിൽ ഊന്നി നടപ്പിലാക്കി വരുന്ന ജനമൈത്രി സുരക്ഷാ പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ&ബി) പോലീസ് സേനയുടെ ആധുനികവൽക്കരണവും നവീകരണവും ക്രമസമാധാനപാലനവും ഈ സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. 2016-17 സാമ്പത്തിക വർഷത്തിൽ 45 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാന പ്ലാൻ പദ്ധതിയിൽ 53 കോടി രൂപയും സർക്കാർ പോലീസ് വകുപ്പിന്റെ ആധുനികവൽക്കരണ പ്രവർത്തനങ്ങൾക്ക് അനുവദിച്ചിരുന്നു. എന്നാൽ 2018-19 സാമ്പത്തിക വർഷത്തിൽ ടി ധനസഹായം മൂന്ന് ഇരട്ടിയിലധികമായി ഉയർത്തി ഈ സർക്കാർ 170 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം 175 കോടി രൂപയാക്കി ഇത് സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ

പോലീസ് ആധുനികവൽക്കരണം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് 2015-16 സാമ്പത്തിക വർഷം മുതൽ ഫണ്ട് അനുവദിക്കുന്നത് നിർത്തലാക്കുകയുണ്ടായി. എന്നാൽ സംസ്ഥാന സർക്കാർ 2018-19 സാമ്പത്തിക വർഷത്തിൽ 68 കോടിയോളം രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മാത്രമായി അനുവദിക്കുകയുണ്ടായി.

2019-20 സാമ്പത്തിക വർഷത്തിൽ 5.62 കോടി രൂപ പോലീസ് സ്റ്റേഷനുകൾ കൂടുതൽ പ്രവർത്തനസജ്ജമാക്കുന്നതിനും 4 കോടി രൂപ നിരീക്ഷണ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനും 25.80 കോടി രൂപ വാഹനങ്ങൾ വാങ്ങുന്നതിനും 4 കോടി രൂപ ഇന്റലിജൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിനും 4.18 കോടി രൂപ ട്രാഫിക് സംവിധാനം മെച്ചപ്പെടുത്തുന്നതിനും 2.50 കോടി രൂപ ക്രൈം ബ്രാഞ്ചിനും 7 കോടി രൂപ ശാസ്ത്രീയ കുറ്റാന്വേഷണ സംവിധാനങ്ങളുടെ നിലവാരം ഉയർത്തുന്നതിനും 4.50 കോടി രൂപ സൈബർ കുറ്റാന്വേഷണ സംവിധാനങ്ങൾ വർദ്ധിപ്പിക്കുന്നതിനും 15 കോടി രൂപ ഡിജിറ്റൽ മൊബൈൽ കമ്മ്യൂണിക്കേഷൻസ് സാങ്കേതികവിദ്യ നടപ്പിൽവരുത്തുന്നതിനും വീഡിയോ കോൺഫറൻസിംഗ് സൗകര്യങ്ങൾ നടപ്പിലാക്കുന്നതിനും 3.50 കോടി രൂപ ട്രെയിനിംഗ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വകയിരുത്തിയിട്ടുണ്ട്.

ഫോറൻസിക് സയൻസ് ലബോറട്ടറികൾക്ക് അന്താരാഷ്ട്ര നിലവാരം ഉറപ്പാക്കുന്നതിലേയ്ക്കായി National Accreditation Board of Testing and Calibration Laboratories (NABL)-ൽ നിന്നും അംഗീകാരം ലഭ്യമാക്കുന്നതിനായി സർക്കാർ അനുവാദം നൽകുകയുണ്ടായി.

Emergency Response Support System (ERSS) സംസ്ഥാനത്തെ 5 നഗരങ്ങളിൽ ആരംഭിച്ചിട്ടുണ്ട്. 112 എന്ന എമർജൻസി നമ്പരിലേയ്ക്ക് അടിയന്തര സഹായത്തിനായി പൊതുജനങ്ങൾക്ക് പോലീസ് സഹായം ആവശ്യപ്പെടാവുന്നതും ഈ സംവിധാനം വഴി വളരെ വേഗവും കാര്യക്ഷമവുമായ പോലീസ് സഹായം ഉറപ്പുവരുത്തുവാനും സാധിക്കുന്നു. ഈ സംവിധാനത്തിനായി 7.33 കോടി രൂപ 2016-17 വർഷത്തിൽ അനുവദിച്ച് നൽകിയിട്ടുണ്ട്.

ക്രമസമാധാനപാലനവും കേസന്വേഷണവും വേർതിരിക്കുന്നതിന്റെ ഭാഗമായി ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 21-10-2017-ലെ സ.ഉ.(എം.എസ്.) നമ്പർ. 211/2017/ ആഭ്യന്തരം പ്രകാരം 196 പോലീസ് സ്റ്റേഷനുകളിൽ ഇൻസ്പെക്ടർമാരെ എസ്.എച്ച്.ഒ.-മാരായി നിയമിച്ച് ഉത്തരവായിട്ടുണ്ട്. നിലവിൽ 7 പോലീസ് സ്റ്റേഷനുകളിൽ ഇൻസ്പെക്ടർ എസ്.എച്ച്.ഒ.-മാരായി പ്രവർത്തിച്ചു വരുന്നവരുൾപ്പെടെ ആകെ 203 പോലീസ് സ്റ്റേഷനുകളിൽ ഇത് നടപ്പാക്കിയിട്ടുണ്ട്. തുടർന്ന് 268

പോലീസ് സ്റ്റേഷനുകളിൽക്കൂടി ഇൻസ്പെക്ടർമാരെ എസ്.എച്ച്.ഒ.-മാരായി നിയമിക്കുവാൻ 29-9-2018-ലെ സ.ഉ.(എം.എസ്.) നമ്പർ 150/2018/ആഭ്യന്തരം പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇതുമൂലം പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനങ്ങളും കേസുകളിന്മേലുള്ള അന്വേഷണവും കൂടുതൽ കാര്യക്ഷമമാക്കുവാൻ സാധിച്ചിട്ടുണ്ട്.

സൈബർ കേസ്സുകളുടെ അന്വേഷണത്തിനായി തിരുവനന്തപുരം സൈബർ ക്രൈം പോലീസ് സ്റ്റേഷനു പുറമേ എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലായി 3 സൈബർ പോലീസ് സ്റ്റേഷനുകൾക്ക് 17-4-2018-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 68/2018/ആഭ്യന്തരം പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇതിനുപുറമെ 2019-20 സാമ്പത്തിക വർഷത്തിൽ കണ്ണൂർ, പാലക്കാട്, കോട്ടയം എന്നീ ജില്ലകളിൽക്കൂടി 3 സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

സംസ്ഥാനത്തെ ട്രാഫിക് പോലീസ് സ്റ്റേഷനുകളിൽ നടത്തിവന്നിരുന്ന ട്രാഫിക് കേസ്സുകളുടെ അന്വേഷണത്തിൽ അപാകതയുണ്ടായതിനെത്തുടർന്ന് ട്രാഫിക് എൻഫോഴ്സ്മെന്റ് മാത്രം നിലനിർത്തി ട്രാഫിക് കേസന്വേഷണം ലോക്കൽ പോലീസിനെ ഏൽപ്പിച്ചത് ട്രാഫിക് കേസ്സുകളുമായി ബന്ധപ്പെട്ട അന്വേഷണത്തിന്റെയും ട്രാഫിക് നിയന്ത്രണത്തിന്റെയും ഗുണമേന്മയും കാര്യക്ഷമതയും ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതുമൂലം ട്രാഫിക് നിയന്ത്രണം ശക്തമാക്കുവാൻ കഴിയുകയും അതുവഴി അപകടങ്ങളുടെ എണ്ണം കുറയ്ക്കുവാനും ഗതാഗതക്കുരുക്ക് ലഘൂകരിക്കുവാനും സാധിച്ചിട്ടുണ്ട്.

സ്ത്രീകൾക്കെതിരെ കുറ്റകൃത്യങ്ങൾ തടയുവാൻ പിങ്ക് പട്രോൾ സംസ്ഥാനത്തെ തിരുവനന്തപുരം സിറ്റി, തിരുവനന്തപുരം റൂറൽ, കൊല്ലം സിറ്റി, ആലപ്പുഴ, എറണാകുളം സിറ്റി, എറണാകുളം റൂറൽ, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ പോലീസ് ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്.

കുറ്റാന്വേഷണം ആധുനികവൽക്കരിക്കുന്നതിനും ക്രമസമാധാനം നിലനിർത്തുന്നതിനുമായി അത്യാവശ്യ സന്ദർഭങ്ങൾക്കായുള്ള ഹെൽപ്പ് ലൈൻ നമ്പരുകൾ, ടെലിഫോൺ ഡയറക്ടറി, സ്ത്രീ സുരക്ഷ മുതലായ സംവിധാനങ്ങൾ മൊബൈലിൽ ലഭ്യമാക്കുന്ന ' രക്ഷ' എന്ന ആപ്ലിക്കേഷനും, 'Know your Police App', 'Online traffic offence reporting and the remittance', 'Women Safety and Emergency Response', 'Dial 100 ', 'Police Clearance Certificate App', 'Virtual Guide for Police Service', 'THUNA' Mobile/Web ആപ്ലിക്കേഷനുകൾ വികസിപ്പിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

ജീവഹാനി കൂടാതെ സ്ഫോടക വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിനും നിർവ്വീര്യമാക്കുന്നതിനുമുള്ള Robotic Mobile Explosive Cutter Vehicle എന്ന ഉപകരണം 1.44 കോടി രൂപയ്ക്ക് വാങ്ങുകയുണ്ടായി. കൂടാതെ Unmanned Aerial Vehicle, Mobile Jammer, Vehicle Mounted Baggage Scanner, BDDS ടീമിന് ആവശ്യമായ Bomb suit, Explosive Detector തുടങ്ങിയവയും വാങ്ങുകയുണ്ടായി.

തീരദേശ സുരക്ഷയ്ക്കും LWE/മാവോയിസ്റ്റ് ബാധിത പ്രദേശങ്ങളിലെ സുരക്ഷയുടെയും ഭാഗമായി സാറ്റലൈറ്റ് വഴി സന്ദേശം കൈമാറാൻ സാധിക്കുന്ന നൂതന സാങ്കേതികവിദ്യയുള്ള 28 സാറ്റലൈറ്റ് ഫോണുകൾ വാങ്ങിയിട്ടുണ്ട്.

അത്യന്താധുനിക സാങ്കേതികവിദ്യയിലുള്ള ശരീരത്തിൽ ധരിക്കാവുന്ന തരത്തിലുള്ള ക്യാമറകൾ, ക്ലോസ്ഡ് സർക്ക്യൂട്ട് ടെലിവിഷൻ ക്യാമറകൾ (CCTV), സ്പീഡ് റഡാർ (Speed Radar), വേഗത നിർണ്ണയിക്കുന്ന ക്യാമറകൾ (Speed Detection Cameras), വെഹിക്കിൾ മൗണ്ടഡ് ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (Vehicle Mounted GPS Systems), ട്രാഫിക് സിഗ്നൽ സിസ്റ്റംസ് (Traffic Signal Systems), ട്രാഫിക് എൻഫോഴ്സ്മെന്റ് ഉപകരണങ്ങൾ, ട്രാഫിക് ഗെയിമിംഗ് ആപ്ലിക്കേഷനുകൾ തുടങ്ങിയ അനേകം ഉപകരണങ്ങൾ പോലീസ് ആധുനികവൽക്കരണത്തിന്റെ ഭാഗമായി ലഭ്യമാക്കിയിട്ടുണ്ട്.

സൈബർ കുറ്റകൃത്യങ്ങളുടെ ശാസ്ത്രീയമായ അന്വേഷണം നടത്തുന്നതിലേയ്ക്കായി ജില്ലാ സൈബർ സെല്ലുകൾ, എഫ്.എസ്.എൽ., സൈബർഡോം തുടങ്ങിയവയുടെ സേവനം ഉപയോഗപ്പെടുത്തി വരുന്നുണ്ട്. കൂടാതെ സി-ഡാക്ക് വികസിപ്പിച്ച Cyber Check Suit, Winlift, True Imager, Simextractor, Mobile Check Suit, Net force suit, Encase എന്നീ സൈബർ ഫോറൻസിക് ഹാർഡ് വെയർ/സോഫ്റ്റ്‌വെയർ ടൂളുകൾ ഉപയോഗിക്കുന്നതിന് സൈബർ സെല്ലുകളിലെ പോലീസുദ്യോഗസ്ഥരെ പ്രാപ്തരാക്കുന്നതിനുവേണ്ടി സി-ഡാക്കിൽ നിന്നും സമയാസമയങ്ങളിൽ പ്രത്യേക പരിശീലനങ്ങളും നൽകിവരുന്നുണ്ട്.

(സി&ഡി) കേരളത്തിലെ പോലീസിംഗ് സമ്പ്രദായം പൂർണ്ണമായും ജനമൈത്രി സംവിധാനത്തിലേയ്ക്ക് മാറിയിരിക്കുകയാണ്. ജനമൈത്രി പോലീസിംഗ് എന്ന് ഉദ്ദേശിക്കുന്നത് ജനങ്ങളെ പൂർണ്ണമായും ഉൾക്കൊണ്ടും പങ്കെടുപ്പിച്ചും നടത്തുന്ന പോലീസിംഗ് സമ്പ്രദായമാണ്. തന്മൂലം ജനങ്ങൾക്ക് പോലീസിനോടുള്ള മനോഭാവത്തിന് ഗുണപരമായ മാറ്റം വന്നിട്ടുണ്ട്. ജനമൈത്രി പോലീസിംഗിന്റെ ഭാഗമായുള്ള ഭവനസന്ദർശനവും ജനമൈത്രി സുരക്ഷാസമിതിയും

ജനങ്ങളുടെ പ്രശ്നങ്ങളിലേയ്ക്കും ആവലാതികളിലേയ്ക്കും നേരിട്ട് ഇറങ്ങിച്ചെല്ലാൻ സഹായിക്കുന്നു. കൂടാതെ എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ ഹെൽപ്പ് ഡെസ്കുകളും സീനിയർ സിറ്റിസൺ സഹായ പ്രവർത്തനങ്ങളും ഉണ്ട്. പോലീസും ജനങ്ങളും നിരന്തരബന്ധമുള്ളതുകൊണ്ടുതന്നെ ഏത് സാധാരണക്കാരനും നിർഭയം പോലീസ് സ്റ്റേഷനുകളിലേയ്ക്ക് കടന്നുചെല്ലാനും അവരുടെ ആവലാതികളും പ്രശ്നങ്ങളും ധൈര്യപൂർവ്വം തങ്ങളുടെ ചിരപരിചിതരായ ആളുകളോട് അവതരിപ്പിക്കുംമട്ടിൽ പറയാവുന്ന സാധ്യതയും നിലനിൽക്കുന്നു.

അഴിമതി ചെറുക്കൽ, തുല്യ പരിഗണന ലഭ്യത, നീതി ഉറപ്പാക്കൽ, സുരക്ഷിതത്വബോധം, നിയമസാക്ഷരത, പൊതുജന പങ്കാളിത്തത്തോടെ കുറ്റകൃത്യങ്ങൾ കുറയ്ക്കുക, മതേതര സംരക്ഷണ ഇടപെടൽ എന്നിവയെല്ലാം സ്വാഭാവികമായിത്തന്നെ ജനമൈത്രി പോലീസിന്റെ ലക്ഷ്യങ്ങളാണ്. ജനങ്ങളെ പൂർണ്ണമായും സംഘടിപ്പിച്ചുകൊണ്ടുള്ള ഒരു പോലീസിംഗ് സംവിധാനമായതിനാൽ അഴിമതി പോലുള്ള ദുഷിച്ച പ്രവണതകളെ ഇല്ലാതാക്കാൻ കഴിയും. ജനമൈത്രി പോലീസിംഗിന്റെ ഭാഗമാണ് ജനമൈത്രി സുരക്ഷാ സമിതി. ഉന്നത പോലീസ് ഉദ്യോഗസ്ഥർ, എസ്.എച്ച്.ഒ.-മാർ, കമ്മ്യൂണിറ്റി റിലേഷൻ ഓഫീസർമാർ, ബീറ്റ് ഓഫീസർമാർ, അസിസ്റ്റന്റ് ബീറ്റ് ഓഫീസർമാർ, സമൂഹത്തിലെ പൗരപ്രമുഖർ, പൊതുജനങ്ങളിൽ നിന്ന് തിരഞ്ഞെടുത്തവർ എന്നിവരാണ് ജനമൈത്രി സുരക്ഷാ സമിതിയിൽ അംഗങ്ങളായി വരുന്നത്. ഈ കൂട്ടായ്മമൂലം അഴിമതി, നീതി നിഷേധം എന്നിവപോലെയുള്ള വിഷയങ്ങളെ പരസ്പരം വിലയിരുത്താനും തടയാനും കഴിയും. നമ്മുടെ നാടിന്റെ മതേതര പാരമ്പര്യത്തെ തടയാൻ ഛിദ്രശക്തികൾ ഇടപെടുന്നത് ജനങ്ങളിലൂടെ മുൻകൂട്ടി പോലീസിന് മനസ്സിലാക്കാനും അവയെ ഇല്ലാതാക്കാനും കഴിയും. വർഗ്ഗീയ സംഘർഷങ്ങൾ ഉണ്ടാകുന്ന സ്ഥലത്ത് കലുഷിതമാകാതെ ജനങ്ങളെ പങ്കെടുപ്പിച്ച് പ്രതിരോധിക്കാൻ ജനമൈത്രി പോലീസിന് കഴിയുന്നുണ്ട്. CRO, Asst. CRO, Beat Officer, ബന്ധപ്പെട്ട പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ ഉൾപ്പെടെയുള്ള പൊതുപ്രവർത്തകർ എന്നിവർ അടങ്ങിയ സമിതി പൊതുജനങ്ങളുടെ ക്ഷേമവും അവരുടെ പ്രശ്നങ്ങളും പരാതികളും ചോദിച്ചറിഞ്ഞ് അതിന് നടപടി സ്വീകരിക്കുന്നതിന് റെസിഡന്റ്സ് അസോസിയേഷൻ മീറ്റിംഗുകളും വിവിധ വിഷയങ്ങളെ സംബന്ധിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകളും നടത്തിവരുന്നുണ്ട്. ഇതരസംസ്ഥാന തൊഴിലാളികൾ, അപരിചിതർ, സാമൂഹ്യദ്രോഹികൾ എന്നിവരുടെ വിവരങ്ങൾ ശേഖരിക്കാനും മയക്കുമരുന്ന്, മദ്യം എന്നിവയുടെ ലഭ്യതയുള്ള ഉറവിടം കണ്ടെത്താനും ജനമൈത്രി പോലീസ് സംവിധാനം നടപ്പിലാക്കിയതുമൂലം കഴിഞ്ഞിട്ടുണ്ട്.

പോലീസ് സ്റ്റേഷൻ പരിധിയിലെ സാമൂഹ്യമായ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി ജനങ്ങളുടെ സാമൂഹ്യ സുരക്ഷിതത്വത്തിനും മറ്റെല്ലാ ജനകീയ പ്രശ്നങ്ങളിലും ഇടപെടുന്നതിനും ശാശ്വത പരിഹാരം കാണുന്നതിനും ഭവന സന്ദർശന പദ്ധതി ഉപകാരപ്രദമാകുന്നു. ഗൃഹസന്ദർശനത്തിലൂടെ സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, അന്യസംസ്ഥാന തൊഴിലാളികളുടെ ഷെൽട്ടറുകൾ, വയോജനങ്ങളുടെ വിവരങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ, ആയുധലൈസൻസ് ഉള്ളവർ, ക്രിമിനൽ പശ്ചാത്തലം ഉള്ളവർ തുടങ്ങിയ സമഗ്രമായ വിവരങ്ങൾ ഇതിലൂടെ ലഭ്യമാകുന്നു.

**പോലീസ് യൂണിഫോമിൽ ഘടിപ്പിക്കുന്ന ക്യാമറകളുടെ കാര്യക്ഷമത**

79(3547) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസിന്റെ യൂണിഫോമിലും വാഹനങ്ങളിലും ഘടിപ്പിക്കുന്ന ക്യാമറകൾ കാര്യക്ഷമമായി ഉപയോഗിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ക്യാമറകളുടെ പരിപാലനത്തിനും അറ്റകുറ്റപ്പണികൾക്കും എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിച്ചുവരുന്നത്;

(സി) യൂണിഫോമിൽ ഘടിപ്പിക്കുന്ന ക്യാമറകൾ നിലവിൽ ഉപയോഗിക്കാതിരിക്കുന്നതിൽ ബന്ധപ്പെട്ടവർക്കെതിരായി എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്നറിയിക്കാമോ?

ഉത്തരം

(എ) പോലീസിന്റെ യൂണിഫോമിലും വാഹനങ്ങളിലും ഘടിപ്പിക്കുന്ന ക്യാമറകൾ കാര്യക്ഷമമായി ഉപയോഗിക്കുന്നതും പരിപാലിക്കുന്നതും സംബന്ധിച്ച് എക്സിക്യൂട്ടീവ് ഡയറക്ടീവ് നമ്പർ 11/2019 പ്രകാരം ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവികൾക്ക് സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) വാറന്റി പരിധിയിൽപ്പെട്ടതിനാൽ അതത് കമ്പനികൾ തന്നെയാണ് ഇവ പരിപാലിക്കുന്നത്.

(സി) യൂണിഫോമിൽ ഘടിപ്പിക്കുന്ന ക്യാമറകൾ ഉപയോഗിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ കർശന നിയമനടപടികൾ സംസ്ഥാന പോലീസ് മേധാവി തലത്തിൽ സ്വീകരിക്കുന്നതാണ്.

**അന്ധവിശ്വാസ ചികിത്സകൾ**

80(3548) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന അന്ധവിശ്വാസ ചികിത്സകൾ സംബന്ധിച്ച വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

ഇത്തരം സംഭവങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ 2 സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

1. കോഴിക്കോട് സിറ്റിയിൽ കുന്നമംഗലം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 647/2018 u/s 420, 406 r/w 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ട്. പ്രസ്തുത കേസ്സിലുൾപ്പെട്ടിട്ടുള്ള പ്രതിയെ അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്.
2. കൊല്ലം സിറ്റിയിൽ കൊല്ലം വെസ്റ്റ് പൊലീസ് സ്റ്റേഷൻ ക്രൈം നമ്പർ 356/2019 u/s 366(A), 304, 34 IPC, Sec.3(a) r/w 4, 16, r/w 17 of POCSO Act and Sec. 75 of JJ Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയതിൽ കേസ്സിലുൾപ്പെട്ട 6 പ്രതികളിൽ 5 പേരെ അറസ്റ്റ് ചെയ്തിട്ടുള്ളതാണ്. കേസ് അന്വേഷണാവസ്ഥയിലാണ്.

**ആൾമാറാട്ടം നടത്തി പരീക്ഷ എഴുതുന്നവർക്കെതിരെ നടപടി**

81(3549) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പരീക്ഷകളിൽ ആൾമാറാട്ടം നടത്തി പരീക്ഷ എഴുതിയവർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഈ വർഷം പൊതു വിദ്യാഭ്യാസ വകുപ്പ് ആഭ്യന്തര വകുപ്പിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) സർക്കാർ വകുപ്പുകളും പി.എസ്.സി.-യും നടത്തുന്ന വിവിധ പരീക്ഷകളിൽ ആൾമാറാട്ടം നടന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ഇക്കാര്യത്തിൽ സ്വമേധയാ കേസ്സെടുക്കാൻ ആഭ്യന്തര വകുപ്പിന് തടസ്സമുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) റിപ്പോർട്ട് നൽകിയിട്ടില്ല.

(സി) സർക്കാർ വകുപ്പുകളും പി.എസ്.സി.-യും നടത്തുന്ന വിവിധ പരീക്ഷകളിൽ ആൾമാറാട്ടം നടന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

**പോലീസ് മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗം**

82(3550) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗത്തിൽ എണ്ണായിരത്തിലധികം വാഹനങ്ങൾ ഉണ്ടെങ്കിലും അവയുടെ പരിശോധനയും പരിപാലനവും ശരിയായ വിധത്തിൽ നടക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പോലീസ് മോട്ടോർ ട്രാൻസ്പോർട്ട് യൂണിറ്റിലെ പ്രശ്നങ്ങളെ സംബന്ധിച്ച് പഠിക്കുവാൻ ആഭ്യന്തര വകുപ്പിൽ നിന്നും ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തി. ആയതിന്റെ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുവാൻ അടിയന്തര ശ്രദ്ധ നൽകുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**ബാഡ്ജ് ഓഫ് ഓണർ**

83(3551) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അന്വേഷണ മികവിന് മാത്രം നൽകിയിരുന്ന ബാഡ്ജ് ഓഫ് ഓണർ മറ്റ് വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കും നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കാണ് പ്രസ്തുത ബഹുമതി നൽകുവാൻ ഉദ്ദേശിക്കുന്നത്; എത്ര പോലീസുദ്യോഗസ്ഥർക്കാണ് വർഷം തോറും ഈ ബഹുമതി നൽകിവരുന്നത്;

(സി) ഇപ്രകാരം ഒരു തീരുമാനം ഉണ്ടായത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**പോലീസുദ്യോഗസ്ഥരെക്കൊണ്ട് മറ്റ് ജോലികൾ ചെയ്യിക്കരുതെന്ന സർക്കുലർ**

84(3552) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസുദ്യോഗസ്ഥരെക്കൊണ്ടും ക്യാമ്പ് ഫോളോവേഴ്സിനെക്കൊണ്ടും മറ്റ് ജോലികൾ ചെയ്യിക്കരുത് എന്ന് നിർദ്ദേശിച്ച് സർക്കുലർ ഉണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ബി) തിരുവനന്തപുരം എസ്.എ.പി. ക്യാമ്പിലെ കേന്ദ്രീയ വിദ്യാലയത്തിലെ പുതിയ കെട്ടിടത്തിലേക്ക് മേശയും കസേരയും അടക്കമുള്ള സാധനങ്ങൾ പാസ്സിംഗ് ഔട്ട് കഴിഞ്ഞ പോലീസുകാരെക്കൊണ്ട് മാറ്റിയിരുന്നോ; എങ്കിൽ ഇത് ഏത് സാഹചര്യത്തിലാണെന്ന് അന്വേഷിക്കുമോ;

(സി) പ്രസ്തുത സർക്കുലറിലെ നിർദ്ദേശം കർശനമായി പാലിക്കുമെന്ന കാര്യത്തിൽ ഉറപ്പ് വരുത്തുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. ക്യാമ്പ് ഫോളോവേഴ്സിനെക്കൊണ്ട് നിർദ്ദിഷ്ട ജോലികൾക്ക് പുറമെയുള്ള ജോലികൾ ചെയ്യിക്കരുതെന്ന് നിർദ്ദേശിച്ചുകൊണ്ട് പോലീസ് ആസ്ഥാനത്തുനിന്നുള്ള 18-3-2002-ലെ എക്സിക്യൂട്ടീവ് ഡയറക്ടീവ് നമ്പർ 1/2002 നിലവിലുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) പ്രസ്തുത സ്കൂളിനായി ഉപയോഗിച്ചിരുന്ന കെട്ടിടങ്ങൾ വീണ്ടെടുത്ത് പോലീസിന് ഉപയോഗപ്പെടുത്തുന്നതിനും വൃത്തിയാക്കുന്നതിനുംവേണ്ടി പോലീസുകാരുടെ സേവനം വിനിയോഗിച്ചിട്ടുണ്ട്. ബറ്റാലിയൻ ക്യാമ്പുകളിൽ ഇത്തരത്തിലുള്ള വൃത്തിയാക്കൽ സാധാരണ പോലീസുകാർ തന്നെയാണ് ചെയ്യുന്നത് (Fatigue duty). ഇത് പോലീസ് ക്യാമ്പുകളുടെ വൃത്തിയുടെയും ഡിസിപ്ലിന്റെയും ഭാഗമാണ്.

(സി) സർക്കുലറിലെ നിർദ്ദേശം കർശനമായി പാലിക്കപ്പെടുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പോലീസ് സേനയിലേയ്ക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ്

85(3553) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിലേക്ക് ഈ സർക്കാർ എത്ര ആദിവാസി യുവതി- യുവാക്കളെ സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ തെരഞ്ഞെടുത്തു;

(ബി) ആദിവാസി വിഭാഗങ്ങളിൽ നിന്നും കൂടുതൽ യുവതി-യുവാക്കളെ പോലീസ് സേനയിലേക്ക് കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) 75.

(ബി) സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നൽകുന്നതിനായി 125 പോലീസ് കോൺസ്റ്റബിൾ തസ്തികകൂടി സൃഷ്ടിക്കാനുള്ള ശിപാർശ സംസ്ഥാന പോലീസ് മേധാവിയിൽനിന്നും ലഭ്യമാക്കിയിട്ടുണ്ട്.

## എസ്.ഐ. തസ്തികയിലെ ഒഴിവുകൾ

86(3554) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിൽ സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് (ജനറൽ എക്സിക്യൂട്ടീവ്) തസ്തികയുടെ കേഡർ സ്ട്രെംങ്ത് നിലവിൽ എത്രയാണെന്നറിയിക്കുമോ; കേരള പോലീസിൽ സർക്കിൾ ഇൻസ്പെക്ടർ തസ്തികയുടെ (ജനറൽ എക്സിക്യൂട്ടീവ്) കേഡർ സ്ട്രെംങ്ത് നിലവിൽ എത്രയാണ്;

(ബി) കേരളത്തിലെ എത്ര പോലീസ് സ്റ്റേഷനുകളിൽ എസ്.എച്ച്.ഒ. മാരായി സർക്കിൾ ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുണ്ട്; ഇത്തരത്തിൽ ഇൻസ്പെക്ടർമാരെ നിയമിക്കുന്നതിനായി എത്ര സബ് ഇൻസ്പെക്ടർമാർക്ക് 2018-2019 കാലയളവിൽ പ്രൊമോഷൻ നൽകിയിട്ടുണ്ട്; അതിന്റെ ഭാഗമായി സബ് ഇൻസ്പെക്ടർ (ജനറൽ എക്സിക്യൂട്ടീവ്) തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ട്; വിശദവിവരം നല്കുമോ;

(സി) പോലീസ് സ്റ്റേഷനുകളിൽ എസ്.എച്ച്.ഒ. ആയി ഇൻസ്പെക്ടർമാരെ നിയമിക്കുന്നതിന്റെ ഭാഗമായി 268 സ്റ്റേഷനുകളിൽ രണ്ടാം ഘട്ടം നടപ്പിലാക്കിയപ്പോൾ അധികമായി എത്ര ഇൻസ്പെക്ടർ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; ഇങ്ങനെ ഒഴിവുണ്ടായ എസ്.ഐ. തസ്തികകൾ അടിയന്തരമായി നികത്തുമോ;

(ഡി) നിലവിൽ കേരളത്തിലെ എത്ര പോലീസ് സ്റ്റേഷനുകളിൽ രണ്ടോ അതിലധികമോ സബ് ഇൻസ്പെക്ടർമാരും ഒരു ഇൻസ്പെക്ടറും ജോലി ചെയ്യുന്നുണ്ട്;

(ഇ) കേരള പോലീസ് ആംഡ് ബറ്റാലിയനിൽ പി.എസ്.സി. നേരിട്ടുള്ള നിയമനം വഴി നികത്തേണ്ട എത്ര സബ് ഇൻസ്പെക്ടർ ഒഴിവുകൾ നിലവിലുണ്ട്; ആയത് നികത്താനുള്ള നടപടികൾ ഏതുവരെ ആയെന്നറിയിക്കുമോ;

(എഫ്) ഒരു എസ്.ഐ. മാത്രം ഉണ്ടായിരുന്ന 137 സ്റ്റേഷനുകൾ ഐ.എസ്.എച്ച്.ഒ.സ്റ്റേഷനുകൾ ആക്കി മാറ്റിയതോടെ അവിടങ്ങളിൽ എസ്.ഐ. തസ്തികയിൽ ആളില്ലാത്ത അവസ്ഥ ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ 137 സ്റ്റേഷനുകളിലും എസ്.ഐ. തസ്തികയിൽ ആളെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(ജി) എസ്.എച്ച്.ഒ. ഇംപ്ലിമെന്റേഷന്റെ ഭാഗമായി സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് (General Executive) തസ്തികയുടെ കേഡർ സ്ട്രെങ്ത് കുറയ്ക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഒരു സർക്കിൾ ഇൻസ്പെക്ടറും രണ്ട് സബ് ഇൻസ്പെക്ടർമാരും ആവശ്യമായി വരുന്ന ഈ ഐ.എസ്.എച്ച്.ഒ. പരിഷ്കാരത്തിൽ ഇത്തരത്തിൽ കേഡർ സ്ട്രെങ്ത് കുറയ്ക്കുന്നത് ജനസംഖ്യയും കുറ്റകൃത്യങ്ങളും കൂടി വരുന്ന നിലവിലെ സാഹചര്യത്തിൽ ഉദ്യോഗസ്ഥരുടെ അഭാവം സൃഷ്ടിക്കുകയും ജോലിഭാരം കൂട്ടുകയും ചെയ്യുന്ന ഒരു സ്ഥിതി ഉണ്ടാക്കില്ലെയെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) പോലീസ് സ്റ്റേഷനുകളിൽ എസ്.എച്ച്.ഒ.-മാരായി ഇൻസ്പെക്ടർമാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ടുള്ള പോസ്റ്റ് അപ്ഗ്രഡേഷന് മുമ്പുള്ള കേഡർ തസ്തിക 2232 ആണ്. തസ്തിക ഉയർത്തൽമൂലമുണ്ടായ വ്യത്യാസത്തിനനുസരിച്ച് പോലീസ് ഇൻസ്പെക്ടർ (ജനറൽ എക്സിക്യൂട്ടീവ്) കേഡർ സ്ട്രെംഗ്തിൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 370 പോലീസ് സ്റ്റേഷനുകളിൽ എസ്.എച്ച്.ഒ.-മാരായി ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുണ്ട്. ഇതിനുവേണ്ടി പോസ്റ്റ് അപ്ഗ്രഡേഷൻ നടത്തിയതിന്റെ ഭാഗമായി 167 എസ്.ഐ.-മാർക്ക് (ജനറൽ എക്സിക്യൂട്ടീവ്) പ്രൊമോഷൻ നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി എസ്.ഐ.-മാരുടെ ഒഴിവുകൾ ഉണ്ടായിട്ടില്ല. ആനുപാതികമായി ഇൻസ്പെക്ടർ തസ്തിക കൂടുകയാണ് ഉണ്ടായിട്ടുള്ളത്.

(സി) ഇതിന്റെ ഭാഗമായി എസ്.ഐ. തസ്തികകളിൽ ഒഴിവുണ്ടായിട്ടില്ല.

(ഡി) നിലവിൽ കേരളത്തിലെ 297 പോലീസ് സ്റ്റേഷനുകളിൽ രണ്ടോ അതിലധികമോ സബ് ഇൻസ്പെക്ടർമാരും ഒരു ഇൻസ്പെക്ടറും ജോലി ചെയ്യുന്നുണ്ട്.

(ഇ) കേരള പോലീസ് ആംഡ് ബറ്റാലിയനിൽ പി.എസ്.സി. നേരിട്ടുള്ള നിയമനം വഴി നികത്തേണ്ട സബ് ഇൻസ്പെക്ടർമാരുടെ 28 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എസ്.ഐ. തസ്തികയിൽ ആളില്ലാത്ത അവസ്ഥ സംജാതമായാൽ ആയത് പരിശോധിച്ച് ഉചിതമായ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(ജി) എസ്.എച്ച്.ഒ. ഇംപ്ലിമെന്റേഷന്റെ ഭാഗമായി അപ്ഗ്രേഡ് ചെയ്യപ്പെട്ട എസ്.ഐ. (കെ.സി.പി.) തസ്തികകൾ കുറവുചെയ്ത് എസ്.ഐ.-മാരുടെ കേഡർ സ്ട്രെംഗ്ത് പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഉദ്യോഗസ്ഥരുടെ അഭാവം ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

### പോലീസ് വകുപ്പിൽ എൽ.ഡി. ടൈപ്പിസ്റ്റുമാരുടെ ഒഴിവുകൾ

87(3555) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ പോലീസ് വകുപ്പിൽ എൽ.ഡി.ടൈപ്പിസ്റ്റുമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഈ ഒഴിവുകൾ ഏതെല്ലാം തീയതികളിലാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള എൽ.ഡി.ടൈപ്പിസ്റ്റ് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കുമോ; ഇതിൽ ഉദ്യോഗസ്ഥതലത്തിൽ വീഴ്ച ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) നിലവിലുള്ള എൽ.ഡി.ടൈപ്പിസ്റ്റ് ഒഴിവുകൾ എത്രയും വേഗം പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) പോലീസ് വകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ താഴെപ്പറയുന്ന ഒഴിവുകൾ നിലവിലുണ്ട്:

| ഒഴിവുകളുടെ എണ്ണം | ഒഴിവുകൾ നിലവിൽ വന്ന തീയതി |
|---|---|
| 1 | 25-5-2019 |
| 2 | 26-5-2019 |
| 1 | 2-6-2019 |
| 1 | 14-12-2016 (സ്പെഷ്യൽ ബ്രാഞ്ച്) |
| 1 | 30-12-2016 (സ്പെഷ്യൽ ബ്രാഞ്ച്) |
| 1 | 1-06-2017 (സ്പെഷ്യൽ ബ്രാഞ്ച്) |
| 1 | 1-4-2018 (സ്പെഷ്യൽ ബ്രാഞ്ച്) |
| 1 | 1-7-2018 (സ്പെഷ്യൽ ബ്രാഞ്ച്) |
| 1 | 1-5-2019 (സ്പെഷ്യൽ ബ്രാഞ്ച്) |
| ആകെ-10 | |

(ബി&സി) എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ സ്ഥലംമാറ്റ അപേക്ഷകൾകൂടി പരിഗണിച്ചശേഷം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സംസ്ഥാന തലത്തിൽ നികത്തേണ്ട സ്പെഷ്യൽ ബ്രാഞ്ചിലെ ഒഴിവുകൾ നികത്തുന്നതിനായി പി.എസ്.സി.-യെ യഥാസമയം അറിയിച്ചിട്ടുണ്ട്. ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനാവശ്യമായ കർശന നിർദ്ദേശം നിലവിലുണ്ട്.

## പാലക്കാട് ജില്ലകളിൽ സിവിൽ പോലീസ് ഓഫീസർമാരുടെ തസ്തികകൾ

88(3556) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ പോലീസ് സ്റ്റേഷനുകളിൽ സിവിൽ പോലീസ് ഓഫീസർമാരുടെ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) പാലക്കാട് ജില്ലാ പോലീസിൽ നിലവിൽ 17 സിവിൽ പോലീസ് ഓഫീസർമാരുടെ ഒഴിവുകളുണ്ട്.

(ബി) പ്രസ്തുത ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കെമിക്കൽ എക്സാമിനേഷൻ ലാബിലെ നിയമനം

89(3557) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെമിക്കൽ എക്സാമിനേഷൻ ലാബിൽ ജൂനിയർ സയിന്റിഫിക് ആഫീസർ തസ്തികയിലേക്ക് 2018 ഡിസംബർ മാസം പ്രസിദ്ധീകരിച്ച പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്രപേരെ നിയമിച്ചു എന്നറിയിക്കാമോ;

(ബി) പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം സ്പെഷ്യൽ റൂൾ ഉത്തരവ് ഇറക്കിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ലിസ്റ്റിൽ നിന്നും ഒഴിവുകൾ നികത്തുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന് പരിഹാരം കണ്ടെത്തുമോ;

(സി) ഇപ്പോഴുള്ള ഒഴിവുകളിലേക്ക് പ്രസ്തുത ലിസ്റ്റിൽ നിന്ന് നിയമനം നടത്തുവാൻ സർക്കാർ ഉചിതമായ നടപടി സ്വീകരിക്കുമോ;

(ഡി) പരിശോധനാ ലാബുകളുടെ ലഭ്യതക്കുറവുള്ള മറ്റ് ജില്ലകളിൽ കെമിക്കൽ എക്സാമിനേഷൻ ലാബ് സ്ഥാപിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലാകളിലാണ് ഇത്തരം ലാബുകൾ ആരംഭിക്കാനുദ്ദേശിക്കുന്നതെന്നും ഇതിലേക്ക് എത്ര പുതിയ തസ്തികകൾ സൃഷ്ടിക്കുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 12 പേരെ നിയമിച്ചിട്ടുണ്ട്.

(ബി&സി) ഉണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) കെമിക്കൽ എക്സാമിനേഷൻ ലാബോറട്ടറികൾ മറ്റ് ജില്ലകളിൽ ആരംഭിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## മറൈൻ ഡ്രൈവിൽ നടന്ന പരിപാടിയുടെ പ്രവേശന കവാടം

90(3558) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലെ മറൈൻ ഡ്രൈവിൽ നടന്ന ആർപ്പോ ആർത്തവം പരിപാടിയുടെ പ്രവേശന കവാടത്തിന്റെ രൂപകല്പന ദേശീയ ചിഹ്നങ്ങളോടുള്ള

അനാദരവായി കണക്കാക്കി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; പ്രസ്തുത കേസ് അന്വേഷണം ഏതുഘട്ടത്തിലാണ്;

(ബി) ഇത് സംബന്ധിച്ച് ഹൈക്കോടതിയിലുള്ള കേസ്സിൽ സർക്കാർ എന്ത് നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) കൊച്ചി സിറ്റി സെൻട്രൽ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 227/2019 U/s 2 of prevention of Insult to National Honour Act & Sec. 6 of Indecent representation of Women Act പ്രകാരം ഒരു കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ് സംബന്ധിച്ചുള്ള അന്വേഷണം നടന്നുവരുന്നു.

(ബി) കേസന്വേഷണത്തിനാവശ്യമായ തെളിവുകളും സാക്ഷി മൊഴികളും ശേഖരിച്ചുവരുകയാണെന്ന വിവരം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ധരിപ്പിച്ചിട്ടുള്ളതാണ്.

**രാഷ്ട്രീയ കൊലപാതകങ്ങൾ നിയന്ത്രിക്കാൻ നടപടി**

91(3559) ശ്രീ. അനിൽ അക്കര:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയ ഇരട്ടക്കൊലപാതകം പാർലമെന്റ് തെരഞ്ഞെടുപ്പിൽ സർക്കാരിന് തിരിച്ചടിയായി എന്ന് വിലയിരുത്തുന്നുണ്ടോ;

(ബി) അക്രമരാഷ്ട്രീയംകൊണ്ട് നടക്കുന്ന രാഷ്ട്രീയ കക്ഷികളെ നിയന്ത്രിക്കുന്നതിനും രാഷ്ട്രീയ കൊലപാതകങ്ങളുടെ ഗൂഢാലോചനകളിൽ പങ്കെടുക്കുന്ന ഉന്നതരായ രാഷ്ട്രീയ നേതാക്കളെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിനും സർക്കാരിന് കഴിയാത്തത് ജനങ്ങളെ സർക്കാരിൽ നിന്നും അകറ്റിയെന്ന് വിലയിരുത്തുന്നുണ്ടോ;

(സി) എങ്കിൽ രാഷ്ട്രീയ കൊലപാതകം ആര് നടത്തിയാലും അവരെ സംരക്ഷിക്കുന്ന നിലപാട് തിരുത്തുന്നതിനും കുറ്റവാളികളെ നിയമത്തിന് മുന്നിൽ കൊണ്ടുവന്ന് മാതൃകാപരമായി ശിക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ & ബി) ഏതെങ്കിലും ഒരു ഒറ്റപ്പെട്ട സംഭവം സർക്കാരിന് തിരിച്ചടിയാണ് എന്ന് വിലയിരുത്താൻ കഴിയില്ല.

(സി) ഏതൊരു തരം കുറ്റകൃത്യം ആയാലും എത്രയും വേഗം കുറ്റവാളികളെ കണ്ടെത്തി അവർക്കെതിരെ മുഖം നോക്കാതെ നിയമനടപടികൾ സ്വീകരിച്ച് പരമാവധി ശിക്ഷ ഉറപ്പാക്കുക എന്നതാണ് സർക്കാരിന്റെ നയം.

**സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ**

92(3560) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ഗാർഹിക ഗാർഹികേതര പീഡനങ്ങളുടെയും അതിക്രമങ്ങളുടെയും പേരിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള കേസുകൾ എത്ര; വിശദമാക്കാമോ ;

(ബി) ഇത്തരം പീഡനങ്ങളും അതിക്രമങ്ങളും ഫലപ്രദമായി തടയുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ത്രീകൾക്കെതിരെ നടന്ന ഗാർഹിക പീഡനവുമായി ബന്ധപ്പെട്ട് 5222 കേസ്സുകളും കുട്ടികൾക്കെതിരെയുള്ള ഗാർഹിക പീഡനവുമായി ബന്ധപ്പെട്ട് 419 കേസ്സുകളും സ്ത്രീകൾക്കെതിരെയുള്ള ഗാർഹികേതര പീഡനങ്ങളും അതിക്രമങ്ങളുമായി ബന്ധപ്പെട്ട് 36534 കേസ്സുകളും കുട്ടികൾക്കെതിരെയുള്ള ഗാർഹികേതര പീഡനങ്ങളും അതിക്രമങ്ങളുമായി ബന്ധപ്പെട്ട് 10798 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ, പീഡനങ്ങൾ എന്നിവ തടയുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും വനിതാ സെല്ലും 24 മണിക്കൂർ പ്രവർത്തിക്കുന്ന വനിതാ ഹെൽപ്പ് ലൈനും നിലവിലുണ്ട്. കൂടാതെ മൊബൈൽ പട്രോളിംഗ്, ബീറ്റുകൾ എന്നിവ നടത്തിയും സ്ത്രീകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി സ്വയം രക്ഷാ പരിശീലന പദ്ധതി (Self defence training) നടപ്പിലാക്കി പരിശീലന ക്ലാസ്സുകൾ നൽകിയും പിങ്ക് പട്രോളിംഗ്,

ജനമൈത്രി സംവിധാനം എന്നിവ നടപ്പിലാക്കിയും വിദ്യാർത്ഥികൾക്കിടയിൽ സോഷ്യൽ മീഡിയ, മൊബൈൽ ഫോൺ എന്നിവയുടെ ദുരുപയോഗത്തെ സംബന്ധിച്ച് ബന്ധപ്പെട്ട മേഖലയിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ക്ലാസ്സുകൾ നടത്തിയും സ്ത്രീകളുടെയും കുട്ടികളുടെയും അവകാശങ്ങളെപ്പറ്റി നിയമ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചും, സ്കൂൾ കോളേജ് പരിസരങ്ങളിൽ തിരക്കേറിയ സമയങ്ങളിലും മറ്റ് പ്രധാനപ്പെട്ട സ്ഥലങ്ങളിലും വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തിയും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമകേസ്സുകൾ

93(3561) <u>ശ്രീമതി യു. പ്രതിഭ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമം, കാണാതാകൽ എന്നിവയുമായി ബന്ധപ്പെട്ട് നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള കേസ്സുകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഇത്തരത്തിൽ ആലപ്പുഴ ജില്ലയിൽ വിവിധ പോലീസ് സ്റ്റേഷനുകളിൽ നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള കേസ്സുകളുടെ എണ്ണം പോലീസ് സ്റ്റേഷൻ തിരിച്ച് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമം, കാണാതാകൽ എന്നിവയുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റിപ്പോർട്ട് ചെയ്തിട്ടുള്ള കേസ്സുകളുടെ എണ്ണം ജില്ലതിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) ഇത്തരത്തിൽ ആലപ്പുഴ ജില്ലയിൽ വിവിധ പോലീസ് സ്റ്റേഷനുകളിൽ നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള കേസ്സുകളുടെ എണ്ണം പോലീസ് സ്റ്റേഷൻ തിരിച്ച് അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഡേകെയറുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ

94(3562) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡേ കെയറുകളിൽ കുട്ടികൾക്ക് എതിരായ മോശം പെരുമാറ്റം സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഡേ കെയറുകളുടെ പ്രവർത്തനം സംബന്ധിച്ച് ആഭ്യന്തര വകുപ്പ് മോണിറ്ററിംഗ് നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) നിലവിൽ രജിസ്ട്രേഷനോ മറ്റ് മാനദണ്ഡങ്ങളോ പാലിക്കാതെ പ്രവർത്തിക്കുന്ന ഡേ കെയറുകൾ സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഡേ കെയർ പരിസരങ്ങളിൽ പോലീസ് നിരീക്ഷണം ശക്തിപ്പെടുത്തുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഡേ കെയറുകളിൽ കുട്ടികൾക്കെതിരായ മോശം പെരുമാറ്റം സംബന്ധിച്ച് ആറ് പരാതികൾ ലഭിച്ചിട്ടുള്ളതും ടി പരാതികൾ പ്രകാരം ആറ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്.

(ബി) ഇത്തരം മേഖലകളിൽ സ്പെഷ്യൽ ബ്രാഞ്ച് പോലീസ് ഉദ്യോഗസ്ഥന്മാരും അതത് പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥരും ജനമൈത്രി പോലീസ് സംവിധാനത്തിലൂടെയും നിരീക്ഷണം നടത്തിവരുന്നുണ്ട്.

(സി) നടത്തിയിട്ടില്ല. നിലവിൽ ഡേ കെയറുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് നിയമങ്ങളില്ല. ഇതുസംബന്ധിച്ച സമഗ്ര നിയമനിർമ്മാണം പരിഗണനയിലുണ്ട്.

(ഡി) ഡേ കെയറുകളുടെ പരിസരത്തും മറ്റും പോലീസ് നിരീക്ഷണം നടത്തിയും വാഹന പട്രോളിംഗ്, ബീറ്റ് പട്രോളിംഗ്, ജനമൈത്രി പോലീസ് എന്നിവ വഴിയും നിരീക്ഷണം ശക്തിപ്പെടുത്തിയും കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തിയിട്ടുണ്ട്.

## മാവോയിസ്റ്റ് നേതാവ് വെടിയേറ്റ് മരിച്ച സംഭവത്തിൽ അന്വേഷണം

95(3563) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവോയിസ്റ്റ് നേതാവ് സി.പി.ജലീൽ വയനാട് വൈത്തിരിയിൽ വെടിയേറ്റ് മരിച്ച സംഭവത്തിൽ അന്വേഷണം ഏത് ഘട്ടത്തിലാണ്;

(ബി) ഈ സംഭവത്തിൽ യഥാർത്ഥ വസ്തുതകൾ കണ്ടെത്താനെന്ന പേരിൽ ചില സംഘടനകൾ സമാന്തര അന്വേഷണം നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സംഘടനകൾ എന്ന് വിശദമാക്കുമോ;

(സി) സി.പി. ജലീലിന്റെ മരണവുമായി ബന്ധപ്പെട്ട ദുരൂഹത നീക്കുന്നതിന് വസ്തുതാ അന്വേഷണ അനുവാദം ചോദിച്ച് ഈ സംഘടനകൾ സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

(എ) ക്രൈം ബ്രാഞ്ചിന്റെ പ്രത്യേക അന്വേഷണ സംഘം അന്വേഷിച്ചുവരുന്നു. കൂടാതെ മജിസ്ട്രേറ്റുതല അന്വേഷണത്തിന് സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) സംഭവത്തിൽ വസ്തുതകൾ കണ്ടെത്താനെന്ന പേരിൽ പോരാട്ടം, ജെ.എം.പി., ആർ.ഡി.എഫ്., പി.ഡി.എസ്., എൻ.സി.എച്ച്.ആർ.ഒ. മുതലായ സംഘടനകൾ സംയുക്തമായി ഒരു സമാന്തര അന്വേഷണം നടത്താൻ ശ്രമം നടത്തിയതായി അറിവായിട്ടുണ്ട്.

(സി) സമീപിച്ചിട്ടില്ല.

## വാരാപ്പുഴ ശ്രീജിത്തിന്റെ കസ്റ്റഡി മരണം

96(3564) ശ്രീ. റോജി എം. ജോൺ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. അനിൽ അക്കര:
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാരാപ്പുഴ ശ്രീജിത്തിന്റെ കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട അന്വേഷണം ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(ബി) ഇതിലെ പ്രതികൾ ആരൊക്കെയാണ്; അവരെ പ്രോസിക്യൂട്ട് ചെയ്യുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ;

(സി) ഡി.ജി.പി.-യുടെ 2010-ലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ടൈഗർ ഫോഴ്സ് എന്ന സേന രൂപീകരിച്ചതിന്റെയും പ്രസ്തുത ഫോഴ്സ് ശ്രീജിത് എന്ന നിരപരാധിയെ കസ്റ്റഡിയിലെടുത്ത് മർദ്ദിച്ച് കൊലപ്പെടുത്തിയതിന്റെയും ഉത്തരവാദിത്തമുണ്ടെന്ന് ആരോപിക്കപ്പെടുന്ന എസ്.പി.-യെ പ്രതി ചേർക്കാതെ സാക്ഷി മാത്രമാക്കിയത് ഏത് സാഹചര്യത്തിലാണെന്ന് വെളിപ്പെടുത്താമോ;

(ഡി) ഈ കേസ്സിൽ എസ്.പി.-യുടെ നിർദ്ദേശാനുസരണമാണ് ശ്രീജിത്തിനെ ടൈഗർ ഫോഴ്സ് കസ്റ്റഡിയിലെടുത്തത് എന്ന ആക്ഷേപത്തെക്കുറിച്ച് വീണ്ടും അന്വേഷണം നടത്തി സത്യാവസ്ഥ വെളിച്ചത്ത് കൊണ്ടുവരുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) കേസന്വേഷണം (ക്രൈം നമ്പർ 321/18) പൂർത്തിയാക്കി കുറ്റപത്രം തയ്യാറാക്കിവരുന്നു.

(ബി) കേസ്സിലെ പ്രതികളുടെ വിവരം ചുവടെ ചേർക്കുന്നു:

1. സന്തോഷ് കുമാർ പി. പി., സി.പി.ഒ.,ഡി.എച്ച്.ക്യൂ., എറണാകുളം റൂറൽ.
2. ജിതിൻ രാജ്, സി.പി.ഒ., ഡി.എച്ച്.ക്യൂ., എറണാകുളം റൂറൽ.
3. സുമേട് എം.എസ്., സി.പി.ഒ.,ഡി.എച്ച്.ക്യൂ., എറണാകുളം റൂറൽ.
4. ദീപക് ജി. എസ്., സബ് ഇൻസ്പെക്ടർ, വാരാപ്പുഴ പോലീസ് സ്റ്റേഷൻ.
5. ക്രിസ്പിൻ സാം, പോലീസ് ഇൻസ്പെക്ടർ, നോർത്ത് പറവൂർ.
6. സി.എൻ. ജയാനന്ദൻ, ASI, വാരാപ്പുഴ പോലീസ് സ്റ്റേഷൻ.
7. സന്തോഷ് ബേബി, ASI(G) വാരാപ്പുഴ പോലീസ് സ്റ്റേഷൻ.
8. ശ്രീരാജ് പി.ആർ., സി.പി.ഒ., വാരാപ്പുഴ പോലീസ് സ്റ്റേഷൻ.
9. ഇ. ബി. സുനിൽ കുമാർ, സി.പി.ഒ., വാരാപ്പുഴ പോലീസ് സ്റ്റേഷൻ.

മേൽ പരാമർശിച്ചിരിക്കുന്ന പോലീസ് ഉദ്യോഗസ്ഥരെ പ്രോസിക്യൂട്ട് ചെയ്യുന്നതിന് ക്രിമിനൽ നടപടി നിയമ സംഹിത 197(l) (b) പ്രകാരമുള്ള വിചാരണാനുമതി നൽകിയിട്ടുണ്ട്.

(സി&ഡി) ഡി.ജി.പി.-യുടെ 2010-ലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായും ഡി.ജി.പി.-യുടെ അനുമതി ഇല്ലാതെയും റൂറൽ ടൈഗർ ഫോഴ്സ് രൂപീകരിച്ചതിന് സംഭവ സമയം എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി ആയിരുന്ന ശ്രീ. എ. വി. ജോർജ്ജ് IPS-നെതിരെ വകുപ്പുതല അച്ചടക്ക നടപടിയുടെ ഭാഗമായി സസ്പെന്റ് ചെയ്തിരുന്നു. അന്വേഷണത്തിൽ ശ്രീജിത്തിനെ പോലീസ് കസ്റ്റടിയിലെടുത്തത് എസ്.പി.-യുടെ നിർദ്ദേശമനുസരിച്ചാണ് എന്നതിന് തെളിവുകളൊന്നും ലഭിച്ചിട്ടില്ല.

**വാരാപ്പുഴ പോലീസ് കസ്റ്റഡി മരണം**

97(3565) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാരാപ്പുഴയിൽ പോലീസ് കസ്റ്റഡിയിൽ ശ്രീജിത് മരിച്ചതുമായി ബന്ധപ്പെട്ട് ആരോപണ വിധേയനായ മുൻ എറണാകുളം റൂറൽ എസ്.പി. ക്കെതിരെയുള്ള വകുപ്പുതല അച്ചടക്ക നടപടി അവസാനിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ശ്രീജിത്തിനെ കസ്റ്റഡിയിലെടുത്ത ടൈഗർ ഫോഴ്സ് ആരുടെ നിർദ്ദേശപ്രകാരമാണ് രൂപീകരിച്ചത്; അതിന് സർക്കാരിന്റെ അനുമതി ഉണ്ടായിരുന്നോ; വ്യക്തമാക്കാമോ;

(സി) ശ്രീജിത്തിനെ കസ്റ്റഡിയിലെടുത്ത കാര്യം ടൈഗർ ഫോഴ്സിലെ പോലീസുകാർ എസ്.പി.-യെ ഫോണിൽ അറിയിച്ചിരുന്നു എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഒരാളെ കസ്റ്റഡിയിലെടുക്കുന്നതിന് മുമ്പ് പോലീസ് സ്വീകരിക്കേണ്ട സുപ്രീം കോടതി വിധിപ്രകാരമുള്ള നടപടിക്രമങ്ങൾ ശ്രീജിത്തിനെ കസ്റ്റഡിയിലെടുത്തപ്പോൾ പോലീസ് സ്വീകരിച്ചിരുന്നോ; ഇല്ലെങ്കിൽ അതിന്റെ പേരിൽ സ്വീകരിച്ച നടപടികൾ എന്താണ് എന്നറിയിക്കുമോ;

(ഇ) അനധികൃതമായി ടൈഗർ ഫോഴ്സ് എന്ന പ്രത്യേക സംവിധാനം രൂപീകരിക്കുകയും അതിന്റെ പ്രവർത്തനത്തെ നിയന്ത്രിക്കുകയും ചെയ്ത പ്രസ്തുത എസ്.പി.-യെ കുറ്റവിമുക്തനാക്കിയതിലൂടെ ഇത്തരം ക്രൂരകൃത്യം ചെയ്യുകയും അതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് സംരക്ഷണം നൽകുമെന്ന സന്ദേശമാണ് നൽകുന്നത് എന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) റൂറൽ ടൈഗർ ഫോഴ്സ് രൂപീകരിച്ചത് മുൻ എറണാകുളം എസ്.പി. ആയിരുന്ന ശ്രീ. എ. വി. ജോർജ്ജ് IPS-ന്റെ നിർദ്ദേശ പ്രകാരമാണ്. ഇതിന് സർക്കാരിന്റെ അനുമതി തേടിയിരുന്നില്ല.

(സി) ഉണ്ട്.

(ഡി) ഇല്ല. ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ ക്രിമിനൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) വാരാപ്പുഴ കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട കേസ്സിൽ കുറ്റാരോപിതർക്കെതിരെ ക്രിമിനൽ നടപടി എടുത്തിട്ടുണ്ട്.

**ശ്രീജിത്തിന്റെ കസ്റ്റഡി മരണം**

98(3566) <u>ശ്രീ. അനൂപ് ജേക്കബ്:</u>
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u>
<u>ശ്രീ. കെ. എസ്. ശബരീനാഥൻ:</u>
<u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാരാപ്പുഴയിൽ ശ്രീജിത്തിനെ ടൈഗർ ഫോഴ്സ് കസ്റ്റഡിയിലെടുത്തത് ആളുമാറിയാണ് എന്ന് വ്യക്തമായിട്ടും ശ്രീജിത് പ്രതിയാണെന്ന് പറഞ്ഞ് എസ്.പി. പോലീസിനെ ന്യായീകരിച്ചത് ഏത് സാഹചര്യത്തിലാണെന്ന് അറിയിക്കുമോ;

(ബി) ശ്രീജിത്തിനെതിരെ വ്യാജ തെളിവുകൾ ഉണ്ടാക്കുവാൻ എസ്.പി. ശ്രമിച്ചുവെന്ന ആരോപണത്തിന്മേൽ അന്വേഷണം നടത്തിയോ. എങ്കിൽ കണ്ടെത്തലുകൾ എന്താണെന്ന് വ്യക്തമാക്കുമോ;

(സി) വാരാപ്പുഴ എസ്.ഐ.യുടെ അറിവോടുകൂടിയാണോ ശ്രീജിത്തിനെ കസ്റ്റഡിലെടുത്തത്; അല്ലെങ്കിൽ ആരുടെ നിർദ്ദേശപ്രകാരമായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) ശ്രീജിത് കസ്റ്റഡിയിൽ മരിച്ചശേഷം ടൈഗർ ഫോഴ്സിലെ അംഗങ്ങളോടും സി.ഐ.-യോടും എസ്. പി. തുടർച്ചയായി ഫോണിൽ സംസാരിച്ച എന്ന ആരോപണം സംബന്ധിച്ച് പോലീസ് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഫോൺ രേഖകൾ പരിശോധിക്കുമോ;

(ഇ) എസ്.പി.-ക്കെതിരായുള്ള വകുപ്പുതല നടപടികൾ അവസാനിപ്പിച്ച് അദ്ദേഹത്തിന് പ്രൊമോഷൻ നൽകുവാൻ പോകുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ നടപടി പുനഃപരിശോധിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) അന്നത്തെ എസ്.പി.-യുടെ കീഴുദ്യോഗസ്ഥർ വാരാപ്പുഴ ശ്രീജിത്തിന്റെ അറസ്റ്റ് സംബന്ധിച്ച് നൽകിയ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് എസ്.പി. ഇപ്രകാരം പറയാനിടയായതെന്ന് ഈ കേസ്സിന്റെ അന്വേഷണത്തിൽ വെളിവായിട്ടുണ്ട്.

(ബി) നടത്തിയിരുന്നു. ശ്രീജിത്തിനെതിരെ വ്യാജ തെളിവുണ്ടാക്കാൻ എസ്.പി. ശ്രമിച്ചതായി അന്വേഷണത്തിൽ വെളിവായിട്ടില്ല.

(സി) ശ്രീജിത്തിനെ കസ്റ്റഡിയിലെടുത്ത് നോർത്ത് പറവൂർ ഇൻസ്പെക്ടർ സ്റ്റേഷൻ ഹൗസ് ഓഫീസറായിരുന്ന ക്രിസ്പിൻ സാമിന്റെ നിർദ്ദേശപ്രകാരമാണെന്ന് അന്വേഷണത്തിൽ വെളിവായിട്ടുണ്ട്.

(ഡി) പരിശോധിച്ചിട്ടുണ്ട്.

(ഇ) പ്രൊമോഷനുകൾ സംബന്ധിച്ച ചട്ടങ്ങളാണ് ഉദ്യോഗസ്ഥരുടെ പ്രൊമോഷന് അടിസ്ഥാനം. അതേ നടപടിയാണ് ഈ ഉദ്യോഗസ്ഥന്റെ കാര്യത്തിലും സ്വീകരിക്കുക.

**ബാലഭാസ്കറിന്റെ അപകട മരണം**

99(3567) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രമുഖ സംഗീതജ്ഞൻ ബാലഭാസ്കറിന്റെ അപകട മരണത്തിന് പിന്നിലുള്ള ദുരൂഹത നീക്കുവാൻ ഇതുമായി ബന്ധപ്പെട്ട അന്വേഷണ സംഘത്തിന് ഇതുവരെ കഴിയാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) ബാലഭാസ്കറിന്റെ സംഗീത ട്രൂപ്പിന്റെ പ്രോഗ്രാം കോ-ഓർഡിനേറ്ററായിരുന്ന വ്യക്തിയേയും മറ്റൊരു മാനേജരെയും സ്വർണ്ണക്കടത്ത് കേസ്സിൽ ഡി. ആർ. ഐ. അറസ്റ്റ് ചെയ്തത് പ്രസ്തുത അപകടത്തിന്റെ ദുരൂഹത വർദ്ധിപ്പിച്ചിട്ടുണ്ടോ;

(സി) മരണത്തെക്കുറിച്ച് വിശദമായ അന്വേഷണം നടത്തണമെന്ന ബന്ധുക്കളുടെ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ സമഗ്രവും കുറ്റമറ്റതുമായ അന്വേഷണം നടത്തുന്നതിനും മരണം സംബന്ധിച്ച ദുരൂഹത നീക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) സുപ്രസിദ്ധ വയലിനിസ്റ്റ് ബാലഭാസ്കറും ഭാര്യ ലക്ഷ്മിയും മകൾ തേജസ്വിനി ബാലയും സഞ്ചരിച്ചുവന്ന KL-01-BG-6622 ഇന്നോവ കാർ 25-9-2018-ന് പുലർച്ചെ 4.15 മണിക്ക് പള്ളിപ്പുറം സി.ആർ.പി.എഫ്. ക്യാമ്പിന് സമീപം റോഡ് വക്കിലെ ഒരു മരത്തിലിടിച്ച് തേജസ്വിനി ബാല മരണപ്പെടുകയും ലക്ഷ്മിക്കും ബാലഭാസ്കറിനും ഡ്രൈവർ അർജ്ജുനും ഗുരുതര പരിക്കുപറ്റുകയുമുണ്ടായി. ലക്ഷ്മിയുടെ സഹോദരൻ പ്രസാദിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ മംഗലപുരം പോലീസ് Cr. No. 1591 u/s. 279, 337, 338, 304 (A) IPC പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. അപകടത്തിൽപ്പെട്ട വാഹനം സംഭവ സമയം ആരാണ് ഓടിച്ചിരുന്നത് എന്നതിനെപ്പറ്റി വ്യത്യസ്ത സാക്ഷിമൊഴികൾ ലഭിച്ചതിനാൽ പ്രസ്തുത കേസന്വേഷണം ക്രൈംബ്രാഞ്ച് ഏറ്റെടുത്ത് ക്രൈം. 26/CB/TVPM/R/2019 ആയി രജിസ്റ്റർ ചെയ്ത് നടത്തുന്ന അന്വേഷണം പുരോഗമിച്ചുവരുന്നു.

(ബി) ബാലഭാസ്കറിന്റെ ട്രൂപ്പുമായി ബന്ധപ്പെട്ട രണ്ട് വ്യക്തികളെ സ്വർണ്ണക്കടത്ത് കേസ്സിൽ DRI പ്രതിചേർത്ത് അന്വേഷിച്ചുവരികയാൽ ക്രൈംബ്രാഞ്ച് അന്വേഷണത്തിലിരിക്കുന്ന കേസ്സിൽ ബാലഭാസ്കറിന്റെ മരണത്തിലേയ്ക്ക് നയിച്ച അപകടവുമായി ബന്ധപ്പെട്ടും അന്വേഷിച്ചുവരുന്നു.

(സി) ക്രൈംബ്രാഞ്ച്, കേസിന്റെ അന്വേഷണം ഏറ്റെടുത്ത് നാളിതുവരെ സമഗ്രവും ക്രമാനുഗതവുമായ രീതിയിൽ അന്വേഷണം നടത്തിവരുന്നതും ബാലഭാസ്കറിന്റെ ബന്ധുക്കളുടെ എല്ലാ സംശയങ്ങളും ദൂരീകരിച്ച് അന്വേഷണം മുന്നോട്ടുകൊണ്ടുപോകുകയുമാണ്. ശാസ്ത്രീയമായ എല്ലാ മാർഗ്ഗങ്ങളും അവലംബിച്ച് തെളിവുകൾ ശേഖരിച്ചിട്ടുള്ളതും നിയമപരമായ എല്ലാ സാദ്ധ്യതകളും ഉപയോഗപ്പെടുത്തി അന്വേഷണം ഊർജ്ജിതമായി തുടർന്നുവരികയുമാണ്.

**സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള പദ്ധതികൾ**

100(3568) ശ്രീ. കെ. ബാബു:
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈബർ കുറ്റകൃത്യങ്ങളുടെ വർദ്ധനവ് തടയുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ;

(ബി) സൈബർ ലോകത്തെ ചതിക്കുഴികളെക്കുറിച്ച് വിദ്യാർത്ഥികളിലും യുവജനങ്ങളിലും അവബോധം വളർത്തുന്നതിനായി നടത്തിവരുന്ന ബോധൽക്കരണ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) സൈബർ കുറ്റകൃത്യങ്ങൾ സംബന്ധിച്ച് കുടുംബശ്രീ, നിർഭയ തുടങ്ങിയ സ്ത്രീകൂട്ടായ്മകളിൽ എന്തെല്ലാം ക്ലാസ്സുകളാണ് സംഘടിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) മികച്ച സൈബർ സുരക്ഷയ്ക്ക് കേരള പോലീസിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് ശക്തമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്. ലോക്കൽ പോലീസിനെ സൈബർ കുറ്റകൃത്യങ്ങളുൾപ്പെടെയുള്ള കേസ്സുകളുടെ അന്വേഷണത്തെ സഹായിക്കുന്നതിലേയ്ക്ക് എല്ലാ പോലീസ് ജില്ലകളിലും സൈബർ സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന പോലീസ് മേധാവി മുമ്പാകെ ലഭിക്കുന്ന സൈബർ കുറ്റകൃത്യങ്ങളടങ്ങിയ പരാതികൾ അന്വേഷിക്കുന്നതിനായി പോലീസ് ആസ്ഥാനത്ത് ഒരു Hi-tech Crime Enquiry Cell രൂപീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ ലോക്കൽ പോലീസിന് അന്വേഷിക്കാൻ സാങ്കേതികമായി സാധിക്കാത്തതും സങ്കീർണ്ണവുമായ സൈബർ കുറ്റകൃത്യങ്ങൾ രജിസ്റ്റർ ചെയ്ത് അന്വേഷിക്കുന്നതിനുവേണ്ടി സംസ്ഥാനത്ത് നാല് സൈബർ ക്രൈം പോലീസ് സ്റ്റേഷനുകളും നിലവിലുണ്ട്. കൂടാതെ സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ച് പൊതുജനങ്ങളെ ബോധവാന്മാരാക്കുന്നതിന് സൈബർ പോലീസ് സ്റ്റേഷനിൽനിന്നും പോലീസ് പത്രക്കുറിപ്പുകൾ പ്രസിദ്ധീകരിക്കുന്നുണ്ട്. കൂടാതെ സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിന് പോലീസുദ്യോഗസ്ഥരെ സജ്ജമാക്കുന്നതിനായി പോലീസ് ട്രെയിനിംഗ് കോളേജിലും കേരള പോലീസ് അക്കാഡമിയിലും സൈബർ ക്രൈമുമായി ബന്ധപ്പെട്ട കോഴ്സുകൾ നിരന്തരം നടത്തിവരുന്നു.

(ബി) പത്ര-ദൃശ്യ മാധ്യമങ്ങൾ വഴി അറിയിപ്പുകൾ നൽകുകയും വിവിധ സാമൂഹ്യ സംഘടനകൾ, ക്ലബ്ബുകൾ, സ്കൂളുകൾ, കോളേജുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ മുതലായവയുടെ സഹകരണത്തോടെ ബോധവൽക്കരണ പരിപാടികളും ക്ലാസ്സുകളും നടത്തിവരുന്നു.

(സി) കുടുംബശ്രീ, നിർഭയ തുടങ്ങിയ സ്ത്രീ കൂട്ടായ്മകളിൽ കുട്ടികൾ സൈബർ ലോകത്തെ ചതിക്കുഴികളിൽ ചെന്നുചാടുന്നതിനെ സംബന്ധിച്ചും സ്ത്രീകൾ

ചതിക്കപ്പെടുന്നതിനെ സംബന്ധിച്ചും കുടുംബ ബന്ധങ്ങളിലുണ്ടാകുന്ന പ്രശ്നങ്ങളെ സംബന്ധിച്ചും സൈബർ ലോകത്ത് മറഞ്ഞിരിക്കുന്ന ചതിക്കുഴികളെ സംബന്ധിച്ചും മറ്റും ബോധവൽക്കരണ ക്ലാസ്സുകളെടുക്കുന്നു.

(ഡി) ലഭിച്ചിട്ടുണ്ട്. സൈബർ സെക്യൂരിറ്റി വിഭാഗത്തിൽ 2018-ലെ FICCI Smart Policing Award കേരള പോലീസ് സേനയുടെ ഭാഗമായി സൈബർ ഡോമിന് ലഭിച്ചിട്ടുണ്ട്. കൂടാതെ Security Watch India (SWI) Innovation and Excellence Award 2016-ൽ "Innovative use of Technology in Cyber Security" എന്ന വിഭാഗത്തിലും സൈബർ ഡോമിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. സൈബർ കുറ്റാന്വേഷണ മേഖലയിലെ മികവിന് ദേശീയതലത്തിൽ കേരള പോലീസിന് അവാർഡ് ലഭിക്കുകയുണ്ടായി. ഡാറ്റ സെക്യൂരിറ്റി കൗൺസിൽ ഓഫ് ഇന്ത്യയും നാഷണൽ അസോസിയേഷൻ ഓഫ് സോഫ്റ്റ്‌വെയർ ആന്റ് സർവ്വീസസ് കമ്പനിയും (നാസ്കോം) സംയുക്തമായി നൽകുന്ന അവാർഡാണിത്.

**സോഷ്യൽ മീഡിയയുടെ ദുരുപയോഗം തടയാൻ നടപടി**

101(3570) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സോഷ്യൽ മീഡിയയിലൂടെ വ്യാജവാർത്തകൾ പ്രചരിപ്പിക്കുന്നതായുള്ള ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സോഷ്യൽ മീഡിയയുടെ ദുരുപയോഗം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സോഷ്യൽ മീഡിയയുടെ ദുരുപയോഗം തടയുന്നതിനായി ജില്ലാടിസ്ഥാനത്തിലുള്ള സൈബർ സെല്ലിന്റെ നേതൃത്വത്തിൽ സോഷ്യൽ മീഡിയ മോണിറ്ററിംഗ് സെൽ രൂപീകരിച്ച് പ്രവർത്തനം നടത്തുന്നുണ്ട്. ഇതുവഴി സോഷ്യൽ മീഡിയ മുഖാന്തരമുള്ള കുറ്റകൃത്യങ്ങൾ നിരന്തരം നിരീക്ഷിക്കുകയും കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അവ തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. സോഷ്യൽ മീഡിയ ദുരുപയോഗം ചെയ്യുന്നതിനെതിരെ സമൂഹത്തെ ബോധവൽക്കരിക്കുന്നതിന് സൈബർ സെല്ലിന്റെ ആഭിമുഖ്യത്തിൽ സന്നദ്ധ സംഘടനകൾ, ക്ലബ്ബുകൾ, കോളേജുകൾ, സ്കൂളുകൾ, റെസിഡൻസ് അസോസിയേഷനുകൾ മുതലായവയുമായി സഹകരിച്ച് ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചുവരുന്നു.

## പുതുതായി അനുവദിച്ച പോലീസ് സ്റ്റേഷനുകൾ

102(3571) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര പോലീസ് സ്റ്റേഷനുകൾ അനുവദിച്ചു എന്നും അവ എവിടെയെല്ലാമെന്നും വ്യക്തമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം താഴെപ്പറയുന്ന 17 പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്:

1. കൊച്ചി മെട്രോ പോലീസ് സ്റ്റേഷൻ
2. അച്ചൻകോവിൽ (കൊല്ലം റൂറൽ)
3. കയ്പമംഗലം (തൃശ്ശൂർ റൂറൽ)
4. കൊപ്പം (പാലക്കാട്)
5. തൊണ്ടർനാട് (വയനാട്)
6. നഗരൂർ (തിരുവനന്തപുരം റൂറൽ)
7. പിണറായി (കണ്ണൂർ)
8. പുതൂർ (പാലക്കാട്)
9. മട്ടന്നൂർ എയർപോർട്ട് (കണ്ണൂർ)
10. ഉടുമ്പഞ്ചോല (ഇടുക്കി)
11. കണ്ണനല്ലൂർ (കൊല്ലം സിറ്റി)
12. ഇലവുംതിട്ട (പത്തനംതിട്ട)
13. പന്തീരങ്കാവ് (കോഴിക്കോട് സിറ്റി)
14. മേൽപ്പറമ്പ് (കാസർഗോഡ്)
15. എറണാകുളം (സൈബർ പോലീസ് സ്റ്റേഷനുകൾ)
16. തൃശ്ശൂർ
17. കോഴിക്കോട്.

## മങ്കട പോലീസ് സ്റ്റേഷന് കെട്ടിടം

103(3572) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിനായി അനുയോജ്യമായ സ്ഥലം അനുവദിച്ചിട്ടുണ്ടോ;

(ബി) അനുയോജ്യമായ സ്ഥലം ലഭിക്കുന്നമുറയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ട് വകയിരുത്തിയിട്ടുണ്ടോ;

(സി) പോലീസ് സ്റ്റേഷൻ നിലവിൽ പ്രവർത്തിക്കുന്ന വാടക കെട്ടിടത്തിന് വാടക ഇനത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) അനുയോജ്യമായ സ്ഥലം ലഭിച്ചിട്ടില്ല. സ്ഥലം ലഭിക്കുന്നതനുസരിച്ച് തുക വകയിരുത്താവുന്നതാണ്.

(സി) വാടകയിനത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ട്. ആയത് തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ദേവികുളം മണ്ഡലത്തിലെ സ്മാർട്ട് പോലീസ് സ്റ്റേഷൻ

104(3573) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിലെ ഏതെല്ലാം പോലീസ് സ്റ്റേഷനുകൾ സ്മാർട്ട് പോലീസ് സ്റ്റേഷൻ ആക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) തീരുമാനിച്ചിട്ടില്ലെങ്കിൽ ആയതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) നിലവിൽ ദേവികുളം മണ്ഡലത്തിലെ മൂന്നാർ, ദേവികുളം എന്നീ പോലീസ് സ്റ്റേഷനുകൾ സ്മാർട്ട് പോലീസ് സ്റ്റേഷനുകളാണ്.

## കരുനാഗപ്പള്ളിയിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ

105(3574) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നഗരത്തിൽ നിരന്തരമുണ്ടാകുന്ന ഗതാഗത കുരുക്കും പ്രതിദിനം വർദ്ധിച്ചുവരുന്ന അപകടങ്ങളുടെ നിരക്കും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഇവിടെ ഗതാഗതം നിയന്ത്രിക്കുന്നതിനും വാഹനാപകടക്കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനുമായി പോലീസ് സ്റ്റേഷനിൽ പ്രത്യേക വിഭാഗം പ്രവർത്തിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) കരുനാഗപ്പള്ളിയിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കരുനാഗപ്പള്ളി പോലീസ് സ്റ്റേഷൻ പരിധിയിൽ 2016, 2017, 2018 വർഷങ്ങളിൽ യഥാക്രമം 232, 210, 250 വാഹനാപകടങ്ങളുണ്ടായിട്ടുണ്ട്.

(ബി) ഇല്ല. തിരക്കേറിയ സമയങ്ങളിൽ പോലീസുദ്യോഗസ്ഥർ, ഹോം ഗാർഡ്, ട്രാഫിക് വാർഡൻ എന്നിവരെ നിയോഗിച്ച് ഗതാഗതം നിയന്ത്രിച്ചുവരുന്നു.

(സി) സംസ്ഥാനത്തെ ട്രാഫിക് കേസ്സുകളുടെ അന്വേഷണ ചുമതല അതത് ലോക്കൽ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് മാറ്റിക്കൊണ്ടും ട്രാഫിക് യൂണിറ്റുകളും ട്രാഫിക് പോലീസ് സ്റ്റേഷനുകളും ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളാക്കി പുനർനാമകരണം ചെയ്തുകൊണ്ടും 14-7-2018-ലെ സ.ഉ. (കൈ) നമ്പർ 116/2018/ ആഭ്യന്തരം നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കരുനാഗപ്പള്ളിയിൽ പുതിയതായി ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണനയിലില്ല.

## ചെട്ടിക്കുളങ്ങരയിൽ പോലീസ് എയ്ഡ്പോസ്റ്റ്

106(3575) <u>ശ്രീമതി യു. പ്രതിഭ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പ്രശസ്തമായ ചെട്ടികുളങ്ങര കുംഭ ഭരണി മഹോത്സവും ദിനംപ്രതി ആയിരക്കണക്കിനു ഭക്തജനങ്ങൾ ദർശനത്തിനായി എത്തിച്ചേരുന്നതും പരിഗണിച്ച് ചെട്ടികുളങ്ങര ക്ഷേത്രത്തിനുസമീപം ഒരു പോലീസ് എയ്ഡ്പോസ്റ്റ് സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

ഒരു പോലീസ് എയ്ഡ്പോസ്റ്റ് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം ആരാഞ്ഞുകൊണ്ട് പഞ്ചായത്ത് അധികാരികൾക്ക് കത്ത് നൽകിയിരുന്നു. നിലവിൽ എയ്ഡ്പോസ്റ്റിനുള്ള കെട്ടിടസൗകര്യം ലഭ്യമല്ലായെന്നും അനുയോജ്യമായ സ്ഥലം കണ്ടെത്തി നൽകാമെന്നും പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

## കൊച്ചി സിറ്റി എ.ആർ. ഓഫീസിൽ കാഷ്യർ ഇല്ലാത്ത അവസ്ഥ

107(3576) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഷിന്റെ ചുമതലയ്ക്കായി കാഷ്യർ തസ്തിക സൃഷ്ടിച്ച സർക്കാരിന്റെ ഉദ്ദേശ്യത്തിന് വിരുദ്ധമായി കൊച്ചി സിറ്റി എ.ആർ.കാഷ്യറെ നിയമവിരുദ്ധമായി 22-7-2017-ലെ എ 1(ബി)11070/1/ഇ.സി. ഉത്തരവുപ്രകാരം കൊച്ചി ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയത്തിൽ ജോലി ചെയ്യാൻ ഉത്തരവ് നൽകിയിട്ടുണ്ടോ; കാഷ്യറെ മാറ്റി നിയമിച്ചിട്ട് എത്ര വർഷമായെന്നറിയിക്കുമോ;

(ബി) കാഷ്യർ ഇല്ലാത്ത അവസ്ഥയിൽ ദിവസേനയുള്ള എ.ആർ.കാഷ്യരുടെ ജോലികൾ മറ്റുള്ളവർ ചെയ്യുന്നതും എ.ആർ.ക്യാമ്പിലെ ഒരു ഉദ്യോഗസ്ഥർ കാഷ് ബുക്കുകളും മറ്റ് രേഖകളും ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയത്തിൽ കൊണ്ടുവന്ന് കാഷിന്റെ ഫിസിക്കൽ വെരിഫിക്കേഷൻ ഇല്ലാതെ കാഷ്യറുടെ ഒപ്പിട്ട് വാങ്ങുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കൊച്ചി സിറ്റി എ.ആർ.-ൽ ആരെയെങ്കിലും ചട്ടവിരുദ്ധമായി എ.ആർ കാഷ്യർ അസിസ്റ്റന്റ് എന്ന ഇല്ലാത്ത തസ്തികയിൽ നിയമിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു;

(ഡി) സംസ്ഥാന പോലീസ് മേധാവി നിയമിക്കുന്ന എ.ആർ.കാഷ്യറെ മറ്റ് ചുമതലകൾ നൽകി ഓഫീസ് മാറ്റി നിയമിച്ച കാര്യം പോലീസ് ആസ്ഥാനത്ത് അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു;

(ഇ) കാഷ്യർ തസ്തിക ഉള്ള ഓഫീസുകളിൽ ക്യാഷിന്റെ ചുമതല കാഷ്യർ തന്നെ വഹിക്കണം എന്ന സംസ്ഥാന പോലീസ് മേധാവിയുടെ കർശന നിർദ്ദേശത്തിനും കേരള ട്രഷറി കോഡിനും കേരള പോലീസിലെ സർക്കുലർ നമ്പർ 21/76 പ്രകാരം കാഷ്യർക്ക് മറ്റ് ചുമതലകൾ നൽകാൻ പാടില്ല എന്ന ഉത്തരവിനും വിരുദ്ധമായി കാഷ്യർക്ക് മറ്റ് ചുമതലകൾ നല്കിക്കൊണ്ടുള്ള കഴിഞ്ഞ 3 വർഷത്തെ ഉത്തരവുകളുടെ പകർപ്പുകൾ നൽകാമോ;

(എഫ്) എ.ആർ.കൊച്ചി കാഷ്യറെ ഓഫീസ് മാറ്റി നിയമിച്ചിരിക്കുന്നതിനാൽ കാഷ് ബുക്ക് എഴുതുന്നത് ആരാണ് എന്ന് കണ്ടെത്താൻ കയ്യക്ഷര പരിശോധന നടത്തുമോ: നിയമവിരുദ്ധമായി ക്യാഷ് ചെസ്റ്റ്, ക്യാഷ്,ക്യാഷ് ബുക്ക് തുടങ്ങിയവ കൈകാര്യം ചെയ്യുന്നത് ആരാണ് എന്ന് കണ്ടെത്താൻ ഇക്കാലയളവിൽ കാഷ്യർ തസ്തികയിൽ ഉണ്ടായിരുന്നവരുടെ മൊഴി രേഖപ്പെടുത്തി വിശദമായ അന്വേഷണം നടത്തുമോ; എ.ആർ. കൊച്ചി സിറ്റി കാഷ്യരെ ഓഫീസിൽ നിന്നും മാറ്റി നിയമിച്ചിരിക്കുന്ന കാലയളവിലെ സാമ്പത്തിക ഇടപാടുകളുടെ ഉത്തരവാദിത്തം ആർക്കാണ്;

(ജി) നിലവിലെ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായി കൊച്ചി സിറ്റി എ.ആർ കാഷ്യറെ ക്യാഷ് ചെസ്റ്റുള്ള സ്ഥലത്തുനിന്നും മാറ്റി നിയമിച്ച് നിയമവിരുദ്ധമായി പോലീസ് ഉദ്യോഗസ്ഥർ ക്യാഷ് ചെസ്റ്റ് കൈകാര്യം ചെയ്യുന്ന സാഹചര്യം ഉണ്ടാക്കിയ കൊച്ചി സിറ്റി പോലീസ് ഓഫീസിലെ ഭരണവിഭാഗത്തിലെ ഉദ്യോഗസ്ഥരുടെ ഭാഗത്ത് സംഭവിച്ച ഗുരുതരമായ ചട്ടലംഘനത്തിനും മേൽനോട്ട പിശകിനും എതിരെ സമഗ്ര അന്വേഷണം നടത്തി ചട്ടവിരുദ്ധമായി വീഴ്ചകൾ വരുത്തിയവരെ കണ്ടെത്തി നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-ജി) ജില്ലാ സായുധ സേനാ വിഭാഗം അപ്രസക്തമായ സാഹചര്യത്തിൽ എ.ആർ. കാഷ്യർ തസ്തിക ഷിഫ്റ്റ് ചെയ്ത് സമാന തസ്തികയായ ഹെഡ് ക്ലാർക്ക് ആക്കി സിറ്റി ജില്ലാ പോലീസ് ഓഫീസിൽ നിയമിക്കുന്ന കാര്യം പരിശോധിക്കാൻ പോലീസ് മേധാവിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## വയനാട് ജില്ലയിലെ പോലീസ് സ്റ്റേഷനുകൾക്ക് കെട്ടിടം

108(3577) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ വൈത്തിരി, പനമരം പോലീസ് സ്റ്റേഷനുകൾക്ക് കെട്ടിടം പണിയുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) വയനാട് ജില്ലയിലെ വടുവഞ്ചാൽ എന്ന സ്ഥലത്ത് പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) വയനാട് ജില്ലയിലെ വൈത്തിരി, പനമരം പോലീസ് സ്റ്റേഷനുകളുടെ കെട്ടിട നിർമ്മാണത്തിനായി 2018-19 വാർഷിക പദ്ധതിയിലുൾപ്പെടുത്തി പനമരം പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് 31.326 ലക്ഷം രൂപയും വൈത്തിരി പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് 21.6 ലക്ഷം രൂപയും ആദ്യ ഗഡുവായി അനുവദിച്ചിരുന്നു. കൂടാതെ 2019-20 വാർഷിക പദ്ധതിയിലുൾപ്പെടുത്തി വൈത്തിരി, പനമരം എന്നീ പോലീസ് സ്റ്റേഷനുകൾക്ക് രണ്ടാം ഗഡുവായി യഥാക്രമം 23.760 ലക്ഷം രൂപയും 34.459 ലക്ഷം രൂപയും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇല്ല. നിലവിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളതും മുൻ സർക്കാരിന്റെ അവസാനകാലത്ത് പ്രഖ്യാപിച്ച് പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കാത്തതുമായ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനാണ് സർക്കാർ ഇപ്പോൾ പരിഗണന നൽകിയിട്ടുള്ളത്.

## ഇടുക്കി ജില്ലാ പോലീസ് സൂപ്രണ്ട് സ്വീകരിച്ച നടപടികൾ

109(3578) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ വനിതാ ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ഇടുക്കി ജില്ലാ പോലീസ് സൂപ്രണ്ട് മാനസികമായും ഔദ്യോഗികമായും പീഡിപ്പിക്കുന്ന തരത്തിലുള്ള ശിക്ഷണനടപടികൾ സ്വീകരിച്ചു വരുന്നത് സംബന്ധിച്ച് പത്രമാധ്യമങ്ങളിൽ വന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇടുക്കി ജില്ലയിലെ പോലീസ് ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റത്തിന് രാഷ്ട്രീയപരിഗണനയും രാഷ്ട്രീയ സമ്മർദ്ദവും മാനദണ്ഡമാക്കി കീഴ് ഉദ്യോഗസ്ഥരെ പീഡിപ്പിക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പരാതികളോ മാധ്യമവാർത്തകളോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇടുക്കി ജില്ലാ പോലീസ് സൂപ്രണ്ടിന്റെ പേരിൽ ഏതെങ്കിലും കേസ്സുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇടുക്കി ജില്ലയിലെ വനിതാ ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള പോലീസ് ഉദ്യേഗസ്ഥർക്കെതിരെ ഇടുക്കി ജില്ലാ പോലീസ് സൂപ്രണ്ട് മാനസികമായും ഔദ്യോഗികമായും പീഡിപ്പിക്കുന്നുവെന്ന് ആരോപിച്ചുകൊണ്ട് വിവിധ തീയതികളിൽ പത്രമാധ്യമങ്ങളിൽ വാർത്ത പ്രസിദ്ധീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇടുക്കി ജില്ലാ പോലീസ് മേധാവിക്കെതിരായി കേസ്സുകളൊന്നും നിലവിലില്ല.

**അനുവാദം കൂടാതെ കട കയ്യേറിയതായ പരാതി**

110(3579) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി ജില്ലാ കോടതിക്ക് സമീപമുള്ള വിക്ടോറിയ ഹോട്ടലിനോട് ചേർന്നുള്ളതും പി.എം.സംയുക്തയുടെ ഉടമസ്ഥതയിലുള്ളതുമായ രണ്ട് മുറി കട സി.പി.എം. ജോസ്ഗിരി ബ്രാഞ്ച് ഓഫീസാക്കിയത് ഉടമസ്ഥയുടെ അനുവാദം കൂടാതെയാണെന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പരാതി അന്വേഷിച്ച് പരാതിക്കാരിക്ക് നീതി ഉറപ്പാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി)പരാതി ലഭിച്ചിരുന്നു. ആയതിൽ പോലീസ് അന്വേഷണം നടത്തിയിരുന്നു. പരാതിക്കാരി ഈ കാര്യത്തിൽ പോലീസ് നടപടി ആവശ്യമില്ലായെന്നും കോടതി മുഖേന പരിഹാരം നേടാൻ തീരുമാനിച്ചതായി പോലീസിനെ അറിയിക്കുകയാണുണ്ടായതെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**കായംകുളം പോലീസ് ക്വാർട്ടേഴ്സിന് പുതിയ കെട്ടിടം**

111(3580) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം പോലീസ് ക്വാർട്ടേഴ്സ് ജീർണ്ണാവസ്ഥയിലായി അപകടഭീഷണി ഉയർത്തി നിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പൊളിച്ചുനീക്കി പുതിയ കെട്ടിടസമുച്ചയങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പഴയ കെട്ടിടം പൊളിച്ചുനീക്കി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കാസർഗോഡ് ജില്ലയിലെ പോലീസ് സ്റ്റേഷനുകളിൽ കെട്ടിക്കിടക്കുന്ന വാഹനങ്ങൾ**

112(3582) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷൻ പരിസരങ്ങളിൽ എത്ര വാഹനങ്ങൾ കെട്ടിക്കിടക്കുന്നുവെന്ന് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം കമ്പനികളുടെ ഏതെല്ലാം തരത്തിലുള്ള വാഹനങ്ങളാണ് ഇത്തരത്തിൽ ഓരോ പോലീസ് സ്റ്റേഷനിലും കെട്ടിക്കിടക്കുന്നത്; ഇത്തരം വാഹനങ്ങൾ തുരുമ്പെടുത്ത് നശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(സി) ഓരോ വാഹനത്തിന്റെ വില എത്രയാണെന്നും എത്രകാലമായി ഈ അവസ്ഥയിൽ തുടരുന്നുവെന്നും സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഏതെല്ലാം കേസ്സുകളിൽപ്പെട്ട വാഹനങ്ങളാണ് ഈ കൂട്ടത്തിലുള്ളതെന്ന് വാഹനം തിരിച്ചും സ്റ്റേഷൻ തിരിച്ചും വ്യക്തമാക്കാമോ;

(ഇ) കേസ്സുകളിൽപ്പെടുന്ന വാഹനങ്ങൾ തുരുമ്പെടുത്ത് നശിക്കുന്ന സാഹചര്യം ഒഴിവാക്കാൻ എന്തെല്ലാം പരിഹാരമാർഗ്ഗങ്ങളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-ഡി) കാസർഗോഡ് ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷൻ പരിസരങ്ങളിലും ഡമ്പിംഗ് യാർഡിലുമായി ആകെ 1531 വാഹനങ്ങൾ കെട്ടിക്കിടക്കുന്നുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി * ഉള്ളടക്കം ചെയ്യുന്നു.

(ഇ)കോടതി നിർദ്ദേശ പ്രകാരം വാഹനം ഉടമകൾക്ക് വിട്ടുകൊടുക്കാറുണ്ട്.

## കുളത്തുമ്മൽ ഗോൾഡൻ പെറ്റ് സെന്ററിലെ മോഷണം

113(3582) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ രാത്രി കാലങ്ങളിൽ ഫിഷ്-പെറ്റ് സെന്ററുകളും അക്വേറിയങ്ങളും കുത്തിത്തുറന്ന് മോഷണം നടത്തിയതുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കാട്ടാക്കട കുളത്തുമ്മലിലെ ഗോൾഡൻ പെറ്റ് സെന്റർ എന്ന സ്ഥാപനത്തിൽ നടന്ന മോഷണം സംബന്ധിച്ച പരാതിയിൽ കേസ് രജിസ്റ്റർ ചെയ്ത് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; എങ്കിൽ കേസ്സിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) പ്രസ്തുത സ്ഥാപനത്തിനുണ്ടായ നഷ്ടം നികത്തുന്നതിന് 338/2018 ക്രൈം നമ്പർ കേസ്സിൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഈ കേസ്സിന്റെ തുടർനടപടികളിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുമോ?

ഉത്തരം

(എ) അഞ്ച് പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) അഞ്ച് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) കാട്ടാക്കട പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 338/19 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ഊർജ്ജിതമായി നടന്നുവരുന്നു.

(ഡി) കേസ്സിന്റെ അന്വേഷണഭാഗമായി ഡോഗ് സ്ക്വാഡ്, ഫിംഗർ പ്രിന്റ് പരിശോധന എന്നിവ നടത്തിയും സി.സി.ടി.വി. ക്യാമറകൾ പരിശോധിച്ചും പ്രത്യേകം സ്ക്വാഡിനെ നിയോഗിച്ചും ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു.

**ട്രഷറികളിലെ ക്രമക്കേട് സംബന്ധിച്ച പോലീസ് അന്വേഷണം**

114(3584) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ചങ്ങരംകുളം, പൊന്നാനി ട്രഷറികളിലെ ക്രമക്കേട് സംബന്ധിച്ച് പോലീസിന്റെ പ്രത്യേക സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം അന്വേഷണം നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പുരോഗതി വെളിപ്പെടുത്താമോ;

(ബി) ഇതിനെ സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിൽമേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; കുറ്റവാളികൾക്ക് അർഹമായ ശിക്ഷ നൽകുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) മലപ്പുറം ജില്ലയിലെ ചങ്ങരംകുളം, പൊന്നാനി ട്രഷറികളിലെ ക്രമക്കേട് സംബന്ധിച്ച് പോലീസിന്റെ പ്രത്യേക സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം അന്വേഷണം നടത്തുന്നില്ല. എന്നാൽ ടി ക്രമക്കേട് സംബന്ധിച്ച് ചങ്ങരംകുളം പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 291/2018 U/s. 409, 420 r/w 34 IPC, പൊന്നാനി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 529/2018 U/s. 461, 381 IPC എന്നീ നമ്പർ കേസ്സുകൾ അന്വേഷണാവസ്ഥയിലുമാണ്.

## ജസ്റ്റിസ് പി.എ. മുഹമ്മദ് കമ്മീഷന്റെ റിപ്പോർട്ട്

115(3585) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈക്കോടതിക്ക് മുമ്പിൽ അഭിഭാഷകരും മാധ്യമപ്രവർത്തകരും തമ്മിലുണ്ടായ ഏറ്റുമുട്ടൽ അന്വേഷിക്കുന്ന ജസ്റ്റിസ് പി.എ. മുഹമ്മദ് കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കമ്മീഷൻ എത്ര മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് സർക്കാർ നിർദ്ദേശിച്ചിരുന്നത്; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ആറ് മാസത്തിനകം റിപ്പോർട്ട് നൽകണമെന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് 2016 നവംബർ 8-ാം തീയതിയിലെ എസ്.ആർ.ഒ. നമ്പർ 686/2016 വിജ്ഞാപനം പ്രകാരം നിയമിച്ച ജസ്റ്റിസ് പി.എ. മുഹമ്മദ് കമ്മീഷൻ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടില്ല. കമ്മീഷന്റെ കാലാവധി 2019 നവംബർ മാസം 13-ാം തീയതിവരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

## ഓപ്പറേഷൻ തണ്ടർ

116(3586) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയുടെ ശുദ്ധീകരണവുമായി ബന്ധപ്പെട്ട് ഓപ്പറേഷൻ തണ്ടർ എന്ന പേരിൽ സംസ്ഥാനത്തെ എത്ര പോലീസ് സ്റ്റേഷനുകളിൽ വിജിലൻസ് പരിശോധന നടത്തി എന്നറിയിക്കാമോ;

(ബി) തുടർന്നും പോലീസ് സ്റ്റേഷനുകളിൽ ഇത്തരത്തിലുള്ള പരിശോധന നടത്താൻ സർക്കാർ തയ്യാറാകുമോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഓപ്പറേഷൻ തണ്ടർ എന്ന പേരിൽ സംസ്ഥാന വ്യാപകമായി 54 പോലീസ് സ്റ്റേഷനുകളിൽ 22-1-2019-ൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധനകൾ നടത്തിയിട്ടുണ്ട്.

(ബി) പോലീസ് സ്റ്റേഷനുകളിൽ ലഭിക്കുന്ന പരാതികൾ/കേസ്സുകൾ ശരിയായ രീതിയിൽ അന്വേഷിക്കുന്നില്ലെന്ന് വിജിലൻസിന് ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന വ്യാപകമായി ഇത്തരത്തിൽ പരിശോധന നടന്നത്. ഇത്തരത്തിലുള്ള പരാതി വിജിലൻസിന് ലഭിക്കുന്ന മുറയ്ക്ക് തുടർന്നും പരിശോധന നടത്തുന്നതാണ്.

## കാട്ടാക്കട കോടതി സമുച്ചയം

117(3587) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട കോടതി സമുച്ചയത്തിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഭരണാനുമതി ലഭ്യമാകുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി ഉയർന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് പ്ലാനിംഗ് വകുപ്പ് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കാട്ടാക്കട കോടതി സമുച്ചയത്തിന്റെ അടങ്കൽ തുക 23 കോടി രൂപയാണ്. കോടതി കെട്ടിടങ്ങൾ കഴിവതും വേഗത്തിൽ നിർമ്മിക്കാൻ ആയതിലേയ്ക്ക് വരുന്ന ബഡ്ജറ്റ് വിഹിതത്തിനുപുറമേ പണം ആവശ്യമായതിനാലാണ് ഉയർന്ന അടങ്കൽ തുകയുള്ള പ്രോജക്ടുകൾ Major Infrastructure Development Project -ൽ ഉൾപ്പെടുത്തിയത്. നിലവിൽ കാട്ടാക്കട കോടതി സമുച്ചയത്തിന്റെ നിർമ്മാണത്തിനാവശ്യമായ തുക Major Infrastructure Development Project-ൽ നിന്ന് അനുവദിക്കാൻ ധനകാര്യ വകുപ്പിന് ഫയൽ അയച്ചിട്ടുള്ളതും ആയത് പ്രസ്തുത വകുപ്പിന്റെ പരിശോധനയിലുമാണ്. ആവശ്യമാണെങ്കിൽ മാത്രമേ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ പരിശോധനയ്ക്ക് അയയ്ക്കേണ്ടതുള്ളൂ.

## മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രിബ്യൂണലുകൾ

118(T* 3588) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രിബ്യൂണലുകളിൽ നിലവിൽ എത്ര കേസ്സുകൾ തീർപ്പാക്കാനുണ്ടെന്ന് അറിയിക്കുമോ;

(ബി) ഓരോവർഷം ശരാശരി ഇത്തരം എത്ര കേസ്സുകളാണ് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെടുന്നത്;

(സി) വർദ്ധിച്ച വാഹനപ്പെരുപ്പവും അശ്രദ്ധമായ ഡ്രൈവിങ്ങുംമൂലം വാഹനാപകടങ്ങളിലും ക്ലെയിം കേസ്സുകളിലും ഉണ്ടാകുന്ന വർദ്ധനവ് കണക്കിലെടുത്ത് ഇത്തരം കേസുകൾ വേഗത്തിൽ തീർപ്പുകല്പിക്കുന്നതിനായി കൂടുതൽ മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രൈബ്യൂണലുകൾ ആരംഭിക്കുന്നതിന് ഹൈക്കോടതിയുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

---

* 'T'മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ) സംസ്ഥാനത്തെ വിവിധ മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രിബ്യൂണലുകളിലായി നിലവിൽ (31-5-2019 വരെ) 94,465 കേസ്സുകൾ തീർപ്പാക്കാനുണ്ട്.

(ബി) കഴിഞ്ഞ മൂന്ന് വർഷത്തെ കണക്ക് പരിശോധിച്ചാൽ ശരാശരി 44425 കേസ്സുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെടുന്നുണ്ട്.

(സി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹനപ്പെരുപ്പവും അശ്രദ്ധമായ ഡ്രൈവിംഗുംമൂലം വാഹനാപകടങ്ങളിലും ക്ലെയിം കേസ്സുകളിലുമുണ്ടാകുന്ന വർദ്ധനവ് കണക്കിലെടുത്ത് ഇത്തരം കേസ്സുകൾ വേഗത്തിൽ തീർപ്പുകൽപ്പിക്കുന്നതിനായി 17-4-2012-ലെ സ.ഉ. (സാധാ.) നമ്പർ 1159/2012/ആഭ്യന്തരം പ്രകാരം മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രൈബ്യൂണലുകൾ ആരംഭിക്കുന്നതിന് സർക്കാർ മുൻഗണന ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പുതിയ കോടതികൾ സ്ഥാപിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**കാട്ടാക്കടയിൽ പുതിയ കോടതികൾ**

119(3589) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കടയിൽ മുൻസിഫ് മജിസ്ട്രേറ്റ് കോടതി ആരംഭിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) കാട്ടാക്കട കേന്ദ്രമായി കുടുംബകോടതി, വാഹനാപകട നഷ്ടപരിഹാര കോടതി (MACT), സബ് കോടതി (അഡീഷണൽ സെഷൻസ്) എന്നിവ ആരംഭിക്കാനാകുമോ; ഇതിനായി പ്രത്യേക മാനദണ്ഡങ്ങളുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) 2-3-2016-ലെ സ.ഉ. (സാധാ) നമ്പർ 79/2016/ആഭ്യന്തരം പ്രകാരം സർക്കാർ പ്രസിദ്ധീകരിച്ച പുതിയ കോടതികൾ തുടങ്ങേണ്ടവയുടെ മുൻഗണനാ ലിസ്റ്റിൽ കാട്ടാക്കടയിൽ മുൻസിഫ് മജിസ്ട്രേറ്റ് കോടതിയെ പതിനൊന്നാമതായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) കാട്ടാക്കട കേന്ദ്രമായി കുടുംബകോടതി, വാഹനാപകട നഷ്ടപരിഹാര കോടതി (MACT), സബ് കോടതി (അഡീഷണൽ സെഷൻസ്) എന്നിവ ആരംഭിക്കുന്നതിനായി ഹൈക്കോടതി മുഖേനയുള്ള പ്രൊപ്പോസലുകൾ സർക്കാരിന് ലഭിച്ചിട്ടില്ല.

## വാഹനാപകട നഷ്ടപരിഹാര ട്രൈബ്യൂണലുകൾ

120(T*3590) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനാപകട കേസ്സുകൾ തീർപ്പാക്കാനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വാഹനപ്പെരുപ്പവും അപകടനിരക്കിലെ വർദ്ധനവും അനുസരിച്ച് വാഹന അപകട നഷ്ടപരിഹാര ട്രൈബ്യൂണലുകൾ സംസ്ഥാനത്ത് നിലവിലില്ലെന്ന കാര്യം പരിശോധിക്കുമോ;

(സി) ഇതു കാരണം ഒരു ലക്ഷത്തിലധികം നഷ്ടപരിഹാര കേസ്സുകൾ സംസ്ഥാനത്ത് കെട്ടിക്കിടപ്പുണ്ടോ;

(ഡി) ഇതിന് പരിഹാരമായി മോട്ടോർ ആക്സിഡന്റ് മീഡിയേഷൻ അതോറിറ്റി രൂപീകരിക്കണമെന്ന ബഹു. സുപ്രീം കോടതിയുടെ നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ; ഇതു സംബന്ധമായ കാര്യങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) വാഹനപ്പെരുപ്പവും അപകടനിരക്കിലെ വർദ്ധനവും കണക്കിലെടുത്ത് സംസ്ഥാനത്തുടനീളം വാഹനാപകട നഷ്ടപരിഹാര ട്രൈബ്യൂണലുകൾ സ്ഥാപിക്കുന്നതിനായി 17-4-2012-ലെ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ മുൻഗണനാ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) 31-5-2019 തീയതി പ്രകാരം സംസ്ഥാനത്തെ MACT കളിൽ നിലവിൽ 94465 കേസ്സുകൾ ഇനിയും തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്.

(ഡി&ഇ) സംസ്ഥാനത്തെ കേസ്സുകൾ തീർപ്പാക്കുന്നതിനായി മോട്ടോർ ആക്സിഡന്റ് മീഡിയേഷൻ അതോറിറ്റി രൂപീകരിക്കണമെന്ന കാര്യത്തിൽ കൂടുതൽ പരിശോധന ആവശ്യമുണ്ട്. ഇതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## പ്രധാന നഗരങ്ങളിൽ അഗ്നി സുരക്ഷാ സംവിധാനങ്ങൾ

121(3591) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മേയ് 21-ന് തിരുവനന്തപുരത്തെ പഴവങ്ങാടിയിലും 27-ന് കൊച്ചിയിലെ ബ്രോഡ് വേയിലുമുണ്ടായ വൻതീപിടുത്തങ്ങൾ കാരണം ഒട്ടേറെ നാശനഷ്ടങ്ങൾ സംഭവിച്ച കാര്യം പരിശോധിക്കുക ഉണ്ടായോ;

(ബി) സംസ്ഥാനത്തെ അറുപത് ശതമാനം കെട്ടിടങ്ങളും സുരക്ഷാ മാനദണ്ഡങ്ങളില്ലാതെയാണോ പ്രവർത്തിക്കുന്നത്;

(സി) സംസ്ഥാനത്തെ കെട്ടിടങ്ങളിൽ പകുതിയിലേറെയും പ്രവർത്തിക്കുന്നത് അഗ്നിശമന ഉപകരണങ്ങൾ പോലുമില്ലാതെയാണോ;

(ഡി) എങ്കിൽ പ്രധാന നഗരങ്ങളിലെങ്കിലും കോഴിക്കോട്ടെ മിഠായി തെരുവ് മാതൃകയിൽ അഗ്നി സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) പരിശോധിക്കുകയുണ്ടായി.

(ബി&സി) സംസ്ഥാനത്ത് ബഹുനില കെട്ടിടങ്ങളിൽ നാളിതുവരെ നടത്തിയ പരിശോധനകളിൽ 8611 കെട്ടിടങ്ങളിൽ 4095 കെട്ടിടങ്ങൾ സുരക്ഷാ മാനദണ്ഡങ്ങൾ ലംഘിച്ചാണ് പ്രവർത്തിക്കുന്നത്. അഗ്നിസുരക്ഷാ സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുള്ള 1340 കെട്ടിടങ്ങളിൽ അവ പ്രവർത്തനക്ഷമമല്ല.

(ഡി) കോഴിക്കോട് മിഠായിത്തെരുവ് മാതൃകയിൽ തിരക്കേറിയ മറ്റ് സ്ഥലങ്ങളിൽ ഫയർ ഹൈഡ്രന്റ് സ്ഥാപിച്ചും Electric Short Circuit Breaker സ്ഥാപിച്ചും എല്ലാ കടകളിലും എക്സ്റ്റിംഗ്യൂഷറുകൾ സ്ഥാപിച്ചും അഗ്നിസുരക്ഷാ സംവിധാനം ഏർപ്പെടുത്തുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

## ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിൽ ഡ്രൈവർ

122(3592) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിൽ ആംബുലൻസ് ഉൾപ്പെടെ മൂന്നിൽ കൂടുതൽ വാഹനങ്ങൾക്ക് ഒരു ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്ററെ നിയോഗിക്കുന്നത് പ്രായോഗികമാണോ; വിശദമാക്കുമോ;

(ബി) പോലീസ് സേനയിൽ (പിങ്ക് പോലീസ് ഉൾപ്പെടെ) ഡ്രൈവിംഗ് ലൈസൻസ് എടുത്ത് നൽകിയ സിവിൽ പോലീസ് ഓഫീസർമാർ സേനയിലെ ലൈറ്റ് ഡ്യൂട്ടി വാഹനങ്ങൾ ഓടിക്കുന്നതുപോലെ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിലും ലൈസൻസ് എടുത്തു നൽകിയ ഫയർമാൻ വിഭാഗം ജീവനക്കാർക്ക് ജീപ്പ് പോലുള്ള വാഹനം ഓടിക്കുന്നതിന് അനുമതി നൽകി, വാഹനം ഓടിക്കുന്നവരുടെ കുറവ് പരിഹരിക്കുന്ന തരത്തിൽ നിയമനിർമ്മാണം നടത്താമോ എന്ന് വ്യക്തമാക്കാമോ?

## ഉത്തരം

(എ) ചില പ്രത്യേക സാഹചര്യങ്ങളിൽ ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർമാരുടെ കുറവ് അനുഭവപ്പെടുന്ന നിലയങ്ങളിൽ മുൻകാലങ്ങളിലെപ്പോലെ അപൂർവ്വമായി മാത്രം ഒന്നിൽക്കൂടുതൽ വാഹനങ്ങളുടെ ചുമതല ഒരാൾക്ക് നൽകാറുണ്ട്.

(ബി) വകുപ്പിലെ വാഹനങ്ങൾ ഓടിക്കുന്നതിനും മറ്റുമായി ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർ എന്ന തസ്തിക നിലവിലുള്ളതും ടി തസ്തികയിലേയ്ക്ക് നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നടത്തിവരുന്നതുമാണ്. ലൈറ്റ് ഡ്യൂട്ടി വാഹനങ്ങൾ ഓടിക്കുന്നതിന് ഫയർമാൻ തസ്തികയിലെ ജീവനക്കാർക്ക് അനുമതി നൽകുന്ന കാര്യം സാഹചര്യം വിലയിരുത്തി പരിശോധിക്കാവുന്നതാണ്.

## അഗ്നിരക്ഷാ നിലയങ്ങളുടെ ഉപരി ഓഫീസുകൾ

123(3593) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനെട്ട് അഗ്നിരക്ഷാ നിലയങ്ങൾ പ്രവർത്തിക്കുന്നതും സംസ്ഥാനത്തെ ഏറ്റവും വലിയ വ്യവസായവത്കൃത ജില്ലയുമായ എറണാകുളം ജില്ലയിൽ ഒരു ജില്ലാ ഫയർ ഓഫീസ് കൂടി ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ ; വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ കോതമംഗലം, മൂവാറ്റുപുഴ താലൂക്കുകളിലുള്ള നിരവധി ചെറുകിട വ്യവസായ സ്ഥാപനയുടമകൾക്ക് ലൈസൻസ് സംബന്ധമായ ആവശ്യങ്ങൾക്ക് ദീർഘദൂരം സഞ്ചരിക്കേണ്ടി വരുന്നതിനാൽ കോതമംഗലം അഗ്നിരക്ഷാ നിലയത്തിന്റെ കെട്ടിട സൗകര്യം പ്രയോജനപ്പെടുത്തി പ്രസ്തുത താലൂക്കുകളിൽ പ്രവർത്തിക്കുന്ന അഞ്ച് അഗ്നിരക്ഷാ നിലയങ്ങളുടെ ഉപരിഓഫീസായി ടി ജില്ലാ ഫയർ ഓഫീസ് കോതമംഗലത്ത് സ്ഥാപിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ഉത്തരം

(എ&ബി) നിലവിൽ പരിഗണനയിലില്ല.

## അഗ്നിസുരക്ഷാ സേനയുടെ പരിമിതികൾ

124(3594) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ അഗ്നിസുരക്ഷാസേനയുടെ പരിമിതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പതിനാറ് നിയോജകമണ്ഡലങ്ങളിലായി ഏഴ് ഫയർ സ്റ്റേഷനുകൾ മാത്രമുള്ള സാഹചര്യത്തിൽ ഓരോ നിയോജകമണ്ഡലത്തിലും ഒരു ഫയർ സ്റ്റേഷനെങ്കിലും സ്ഥാപിക്കുമോ;

(സി) മഴക്കാലം വരുന്ന സാഹചര്യത്തിൽ ജില്ലയിൽ നിലവിലുള്ള ഫയർസ്റ്റേഷനുകൾ തീരപ്രദേശങ്ങളിലേയും മലയോര മേഖലയിലേയും ആവശ്യങ്ങൾ നിർവ്വഹിക്കാൻ സാധിക്കാത്ത തരത്തിൽ പ്രയാസപ്പെടുമ്പോൾ കൂടുതൽ രക്ഷാപ്രവർത്തനങ്ങൾക്കുള്ള സൗകര്യങ്ങളും വാഹനങ്ങളും അടിയന്തരമായി ഏർപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എല്ലാ നിയോജകമണ്ഡലങ്ങളിലും ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) അടിയന്തര സാഹചര്യങ്ങളിൽ രക്ഷാപ്രവർത്തനങ്ങൾ സൗകര്യ പ്രദമാക്കുന്നതിന് ജില്ലയിലെ നിലവിലുള്ള നിലയങ്ങൾ കൂടാതെ സമീപ ജില്ലകളിലെ നിലയങ്ങളിൽനിന്നും സൗകര്യപ്രദമായ രീതിയിൽ ജീവനക്കാരെയും വാഹനങ്ങളും ഏർപ്പെടുത്തിവരുന്നു. മലപ്പുറം ജില്ലയിലെ വിവിധ അഗ്നിരക്ഷാ നിലയങ്ങളിലായി കഴിഞ്ഞ രണ്ട് വർഷ കാലയളവിൽ ആധുനിക വൽക്കരണത്തിന്റെ ഭാഗമായി നിരവധി വാഹനങ്ങളും ഉപകരണങ്ങളും അനുവദിച്ചിട്ടുണ്ട്.

## അഗ്നിരക്ഷാ വകുപ്പിൽ ഫയർമാൻ ഡ്രൈവർ-കം-പമ്പ് ഓപ്പറേറ്റർ തസ്തിക

125(3595) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ചിറ്റൂർ ഫയർ സ്റ്റേഷൻ പരിധിയിൽ ജനുവരി 7-ന് കിണറ്റിൽ അകപ്പെട്ട ആളെ ഫയർഫോഴ്സ് എത്തി കരയിൽ എത്തിച്ചുവെങ്കിലും ആശുപത്രിയിൽ കൊണ്ടുപോകുവാൻ ഫയർഫോഴ്സിന്റെ ആംബുലൻസ് ലഭ്യമാക്കാത്ത സാഹചര്യത്തിൽ ഓട്ടോറിക്ഷയിൽ ആശുപത്രിയിലേക്ക് കൊണ്ടുപോകുന്ന വഴി അപകടത്തിൽപ്പെട്ട ആൾ മരണപ്പെട്ട സംഭവം ഉണ്ടായിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ അഗ്നിരക്ഷാവകുപ്പിൽ എത്ര ഫയർമാൻ ഡ്രൈവർ-കം-പമ്പ് ഓപ്പറേറ്റർ വിഭാഗം ജീവനക്കാരാണ് ഉള്ളത്;

(സി) അഗ്നിരക്ഷാവകുപ്പിൽ നിലവിലുള്ള വാഹനങ്ങൾക്ക് ആനുപാതികമായിട്ടാണോ പ്രസ്തുത ജീവനക്കാരുടെ എണ്ണം; ഇല്ലെങ്കിൽ ഈ തസ്തിക കൂടുതൽ സൃഷ്ടിച്ച് ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 7-1-2019-ന് ചിറ്റൂർ തത്തമംഗലം, അനിക്കുഴി എന്ന സ്ഥലത്ത് മൂന്ന് ഏക്കറോളം വിസ്തീർണ്ണത്തിൽ വ്യാപിച്ചുകിടക്കുന്ന പായൽ നിറഞ്ഞ കുളത്തിൽ കിടക്കുന്ന തേങ്ങ എടുക്കാൻ ചാടിയ ശ്രീ. സുജിത്ത് (12 വയസ്സ്) S/o ശ്രീ. സന്തോഷ്, അനിക്കുഴി എന്ന കുട്ടിയെ കാണാതായി എന്ന വിവരമറിഞ്ഞ് ഫയർഫോഴ്സ് ഇറങ്ങി തിരയുകയും കുട്ടിയെ പുറത്തെടുക്കുകയും ചെയ്തു. കുട്ടിയെ മരണപ്പെട്ടതായി സംശയം തോന്നിയതിനാലും ഇടുങ്ങിയ വഴിയായതിനാലും എത്രയും പെട്ടെന്ന് ആശുപത്രിയിലെത്തിക്കാൻ അവിടെയുണ്ടായിരുന്ന ഒരു ഓട്ടോയിൽ കുട്ടിയെ ചിറ്റൂർ ഗവൺമെന്റ് താലൂക്കാശുപത്രിയിൽ എത്തിച്ചിരുന്നു. കുട്ടിയെ പരിശോധിച്ചതിൽ കുട്ടി മരണപ്പെട്ടതായി ഡോക്ടർ അറിയിക്കുകയും ചെയ്തു.

(ബി) നിലവിൽ 839 ഫയർമാൻ ഡ്രൈവർ-കം-പമ്പ് ഓപ്പറേറ്റർ വിഭാഗം ജീവനക്കാർ ജോലി ചെയ്തുവരുന്നു.

(സി) ചില സ്റ്റേഷനുകളിൽ ജീവനക്കാരുടെ എണ്ണം കുറവാണ്. കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലാണ്.

**ബഹുനില കെട്ടിടങ്ങളുടെ സുരക്ഷ സംബന്ധിച്ച്**

126(3596) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബഹുനിലക്കെട്ടിടങ്ങളുടെ സുരക്ഷ സംബന്ധിച്ച് ഫയർ ഫോഴ്സ് പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ വിവരങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ബി) സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ സംസ്ഥാനത്തുടനീളം നിർമ്മിച്ചിരിക്കുന്ന കെട്ടിടങ്ങൾക്ക് സുരക്ഷാമാനദണ്ഡം നിർബന്ധമാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ബഹുനില കെട്ടിടങ്ങളിലും വ്യാപാര സ്ഥാപനങ്ങളിലും ഗോഡൗണുകളിലും സിനിമാ തിയേറ്ററുകളിലും നടത്തിയ പരിശോധനയിൽ പല കെട്ടിടങ്ങളിലും അഗ്നിശമന സംവിധാനങ്ങളൊന്നുംതന്നെ സ്ഥാപിക്കാതിരിക്കുക, അഗ്നിരക്ഷാ സംവിധാനങ്ങളുണ്ടെങ്കിൽതന്നെ പ്രവർത്തന ക്ഷമമാകാതിരിക്കുക, ഓപ്പൺ ടെറസ്സുകൾ കെട്ടിയടച്ച നിലയിലായിരിക്കുക, അടിയന്തര രക്ഷാമാർഗ്ഗങ്ങളായ സ്റ്റെയർകേസുകൾ പൂട്ടിയിട്ടിരിക്കുക, സ്റ്റെയർകേസിലേയ്ക്കുള്ള പടികളും സ്റ്റെയർകേസ്സുകളും വിവിധ വസ്തുക്കൾകൊണ്ട് തടസ്സപ്പെടുത്തിയിരിക്കുക, അനധികൃതമായ കൂട്ടിച്ചേർക്കലുകൾ കെട്ടിടത്തിൽ വരുത്തിയിരിക്കുക, കൈവശഗണം വ്യത്യാസപ്പെടുത്തുക, രക്ഷാപ്രവർത്തന വേളയിൽ അഗ്നിശമന വാഹനങ്ങൾക്ക് എത്തിച്ചേരുന്നതിനുള്ള വഴികൾ തടസ്സപ്പെടുത്തിയുള്ള നിർമ്മാണം കൂടാതെ ഫയർ എൻ.ഒ.സി. ലഭിച്ചുകഴിഞ്ഞാൽ പല കെട്ടിട ഉടമകളും കെട്ടിടത്തിൽ സ്ഥാപിച്ചിട്ടുള്ള അഗ്നിശമന ഉപകരണങ്ങൾ ശരിയായി പരിപാലിക്കാത്തതുമൂലം ആയവ പ്രവർത്തനരഹിതമാവുന്ന അവസ്ഥ എന്നിവയാണ് നിലവിലുള്ളത്. ഈ പ്രവണതമൂലം ഇത്തരം കെട്ടിടങ്ങളിൽ താമസിക്കുന്നതും ജോലി ചെയ്യുന്നതുമായ ആളുകളുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്നു. വർഷാവർഷം പുതുക്കേണ്ട ഫയർ എൻ.ഒ.സി.-കൾ കെട്ടിടയുടമകൾ പുതുക്കാറില്ല എന്നീ വിവരങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഉദ്ദേശിക്കുന്നുണ്ട്. നിയമപരമായി അഗ്നി സുരക്ഷ സംവിധാനങ്ങളൊരുക്കാത്ത കെട്ടിടങ്ങളിൽ അവ സ്ഥാപിക്കുന്നതിനായി നിർദ്ദേശം നൽകുകയും സുരക്ഷാമാനദണ്ഡങ്ങൾ ലംഘിക്കുന്ന കെട്ടിടങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്കും കത്ത് നൽകിയിട്ടുണ്ട്. സ്ഥിരം അഗ്നിശമന സംവിധാനങ്ങളില്ലാത്ത കെട്ടിടങ്ങളിൽ ആയത് ഉറപ്പ് വരുത്തുന്നതിനും സ്ഥാപിച്ചിട്ടുള്ള കെട്ടിടങ്ങളിൽ ആയത് പരിപാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും പര്യാപ്തമായ നടപടികൾ സ്വീകരിക്കുന്നതിന് നിലവിൽ അഗ്നിരക്ഷാ വകുപ്പിന് നിയമ പിൻബലമില്ലാത്തതിനാൽ സാധിക്കുന്നില്ല. കേരള ഫയർ ഫോഴ്സ് ആക്ട് നവീകരിച്ചാൽ മാത്രമേ ഇത്തരത്തിലുള്ള അധികാരങ്ങൾ അഗ്നിരക്ഷാ വകുപ്പിന് ലഭ്യമാകുകയുള്ളൂ എന്നതിനാൽ ബിൽഡിംഗ് റൂളിലെ ഭേദഗതിയനുസരിച്ചും വിവിധ സംസ്ഥാനങ്ങളിലെ ഫലപ്രദമായ ആക്ട് പരിശോധിച്ചും 1962-ലെ ഫയർഫോഴ്സ് ആക്ടിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ചീമേനി ഫയർ സ്റ്റേഷൻ നിർമ്മാണം

127(3597) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ ഫയർ സ്റ്റേഷൻ അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) നിരവധി സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഗുണപ്രദമാകുന്ന തരത്തിൽ പ്രസ്തുത സ്റ്റേഷൻ അടിയന്തരമായി അനുവദിച്ച് ഉത്തരവാകുമോ?

ഉത്തരം

(എ&ബി) പുതിയതായി ആരംഭിക്കാനുള്ള ഫയർ & റെസ്ക്യൂ സ്റ്റേഷനുകളുടെ ഒരു മുൻഗണനാ പട്ടിക സർക്കാർ പരിശോധിച്ചുവരുന്നു. പ്രസ്തുത മുൻഗണനാ പട്ടികയിലുൾപ്പെടുന്നപക്ഷം ഭരണാനുമതി, സ്ഥലത്തിന്റെ ലഭ്യത എന്നിവയ്ക്ക് വിധേയമായി മാത്രമേ പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്ന വിഷയം പരിശോധിക്കാൻ സാധിക്കുകയുള്ളൂ.

## നാദാപുരം ഫയർ സ്റ്റേഷന് പുതിയ കെട്ടിടം

128(3598) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന നാദാപുരം ഫയർ സ്റ്റേഷന് സ്വന്തമായി പുതിയ കെട്ടിടം നിർമിക്കുന്നതിനായി സൗജന്യമായി ലഭിച്ചിട്ടുള്ള സ്ഥലത്ത് പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് വകയിരുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത ഫയർ സ്റ്റേഷന്റെ നിർമ്മാണം ആരംഭിക്കാൻ നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) നാദാപുരം അഗ്നിരക്ഷാ നിലയത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വടകര താലൂക്ക് നാദാപുരം വില്ലേജിൽ നാദാപുരം ദേശത്ത് റീസർവ്വേ നമ്പർ 73/1-ൽപ്പെട്ട 25 സെന്റ് സ്ഥലത്തിന്റെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് ഭൂമിയുടെ കൈവശാവകാശം അഗ്നിരക്ഷാ വകുപ്പിന് കൈമാറിക്കൊണ്ട് കോഴിക്കോട് ജില്ലാ കളക്ടർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത സ്ഥലം വകുപ്പിന് രേഖാമൂലം കൈമാറ്റം ചെയ്ത് ലഭിക്കുന്നതിനുള്ള

നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥലം വകുപ്പിന് കൈമാറ്റം ചെയ്ത് ലഭിച്ചശേഷം പൊതുമരാമത്ത് വകുപ്പിൽനിന്നും എസ്റ്റിമേറ്റ് ലഭ്യമാകുന്നമുറയ്ക്ക് ഭരണാനുമതി ലഭ്യമാക്കേണ്ടതുണ്ട്. ആയതിനുശേഷം ഫണ്ട് വകയിരുത്തിയാൽ മാത്രമേ പ്രസ്തുത കെട്ടിട നിർമ്മാണം ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

## ബ്രഹ്മപുരം മാലിന്യ പ്ലാന്റിൽ അടിക്കടിയുണ്ടാകുന്ന തീപിടിത്തം

129(3599) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്രഹ്മപുരം മാലിന്യ പ്ലാന്റിൽ അടിക്കടി തീപിടുത്തം ഉണ്ടാകുന്നതിന്റെ കാരണത്തെക്കുറിച്ച് അന്വേഷണം പൂർത്തിയായിട്ടുണ്ടോ;

(ബി) ഇനി ഇത്തരത്തിൽ തീപിടുത്തം ഉണ്ടാകാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) പ്രസ്തുത സ്ഥലത്ത് പുതിയതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന വൈദ്യുതി ഉത്പാദിപ്പിക്കുന്ന പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയും;

(ഡി) പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 22-2-2019-ൽ ബ്രഹ്മപുരം മാലിന്യ പ്ലാന്റിലുണ്ടായ തീപിടിത്തം സംബന്ധിച്ച് ഇൻഫോപാർക്ക് പോലീസ് സ്റ്റേഷനിൽ ക്രൈം. നമ്പർ 215/2019 u/s 306(1) (C) of fire Occurrence പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നു.

(ബി) പ്രസ്തുത സംഭവങ്ങൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിനായി പ്ലാന്റിന് ചുറ്റിലും 8 മീറ്റർ വീതിയിലുള്ള റോഡും ഉൾഭാഗങ്ങളിൽ 6 മീറ്റർ വീതിയുള്ള റോഡും ക്രമീകരിക്കേണ്ടതാണെന്നും മാലിന്യം $50m^2$ വിസ്തീർണ്ണമുള്ള ചെറു കൂനകളായി തിരിച്ച് നാല് വശത്തും റോഡ് മാർഗ്ഗം ഉറപ്പാക്കുവാനും കടമ്പ്രയാറിന് ചുറ്റും വെള്ളം പമ്പ് ചെയ്യുന്നതിന് ഓരോ 30 മീറ്റർ ഇടവിട്ട് പ്ലാറ്റ്ഫോം നിർമ്മിക്കാനും പ്ലാന്റിലെ മെയിൻ ഗേറ്റിന് സമീപം ഓപ്പൺ വാട്ടർ സോഴ്സ് ഉണ്ടാക്കേണ്ടതാണെന്നും സുരക്ഷയ്ക്ക് കോർപ്പറേഷൻ ജീവനക്കാരെ നിയോഗിക്കേണ്ടതാണെന്നുള്ള നിർദ്ദേശങ്ങൾ കൊച്ചിൻ കോർപ്പറേഷൻ സെക്രട്ടറിയ്ക്ക് നൽകിയിട്ടുണ്ട്. സി.സി.ടി.വി. ക്യാമറ സ്ഥാപിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുവാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് നിർദ്ദേശിച്ചിട്ടുണ്ട്.

(സി) എൻവയോൺമെന്റൽ ക്ലിയറൻസ്, ബിൽഡിംഗ് പെർമിറ്റ് എന്നിവ ഒഴികെ പ്ലാന്റിനുവേണ്ട മറ്റെല്ലാ അനുമതികളും ലഭ്യമായിട്ടുണ്ട്. ആയത് ഉടനടി ലഭ്യമാക്കി പ്ലാന്റിന്റെ നിർമ്മാണം ഉടനടി ആരംഭിക്കുന്നതാണ്.

(ഡി)M/S ജി.ജെ.എക്കോ പവർ എന്ന സ്ഥാപനത്തിന് 16-2-2019-ൽ ToR പഠനത്തിന് അനുമതി നൽകിയിട്ടുള്ളതാണ്. ToR ന്റെ അടിസ്ഥാനത്തിൽ ടി സ്ഥാപനം EIA, EMP പഠനം നടത്തി പബ്ലിക്ക് ഹിയറിംഗും നടത്തി റിപ്പോർട്ടോടുകൂടി പാരിസ്ഥിതികാനുമതിയ്ക്കായി അപേക്ഷ ലഭ്യമാക്കിയാലുടൻ സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി പാരിസ്ഥിതിക അനുമതി നൽകുന്നതാണ്.

## മൂന്നാറിലെ അഗ്നിശമന കേന്ദ്രത്തിന്റെ വികസനം

130(3600) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ മൂന്നാറിലെ അഗ്നിശമന കേന്ദ്രത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) താല്ക്കാലിക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന മൂന്നാർ അഗ്നിരക്ഷാ നിലയത്തിനുവേണ്ടി KDH വില്ലേജിൽ സർവ്വേ നമ്പർ 62/1A-ൽപ്പെട്ട 1.5 ഏക്കർ സ്ഥലം നിർദ്ദേശിക്കപ്പെട്ടിരുന്നുവെങ്കിലും നാളിതുവരെ ടി സ്ഥലം അഗ്നിരക്ഷാ വകുപ്പിന് കൈമാറി ലഭിച്ചിട്ടില്ല. ഇക്കഴിഞ്ഞ പ്രളയ സമയത്ത് മൂന്നാർ ഫയർ സ്റ്റേഷനുവേണ്ടി നിർദ്ദേശിക്കപ്പെട്ട സ്ഥലം വെള്ളത്തിൽ മുങ്ങിയതിനാൽ ആ സ്ഥലത്ത് ഒരു ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ നിർമ്മിക്കുന്നത് പുനഃപരിശോധിക്കണമെന്നും അല്ലാത്തപക്ഷം അനുയോജ്യമായ മറ്റൊരു സ്ഥലം ഫയർ സ്റ്റേഷനുവേണ്ടി അനുവദിക്കപ്പെടേണ്ടതുണ്ടെന്നും റവന്യൂ അധികാരികൾ അഭിപ്രായപ്പെട്ടിട്ടുണ്ട്.

(സി) ഫയർ സ്റ്റേഷനുവേണ്ടി സ്വന്തമായി സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## ഫയർ സ്റ്റേഷൻ അനുവദിക്കാൻ നടപടി

131(3601) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതിയും പറമ്പിക്കുളവും ഉൾപ്പെടുന്ന നെന്മാറ നിയോജക മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ ഇല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വന്തമായി സ്ഥലവും , കെട്ടിടം നിർമ്മിക്കാൻ 3.2 കോടി രൂപയും വകയിരുത്തിയിട്ടുള്ള കൊല്ലങ്കോട് പുതിയ ഫയർ സ്റ്റേഷൻ അനുവദിക്കാൻ നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) നെന്മാറ നിയോജകമണ്ഡലത്തിന്റെ അടുത്ത പ്രദേശമായ ആലത്തൂരും വടക്കൻചേരിയിലും ഫയർ സ്റ്റേഷനുണ്ട്.

(ബി) ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടില്ല.

## പ്രിസൺ ആന്റ് കറക്ഷണൽ സർവ്വീസിലെ നോൺ കേഡർ പ്രൊമോഷൻ

132(3602) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രിസൺ ആന്റ് കറക്ഷണൽ സർവ്വീസ് വകുപ്പിലെ നോൺ ഗസറ്റഡ് എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാർക്ക് പ്രൊമോഷൻ സാധ്യത വിരളമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം പ്രസ്തുത വകുപ്പിലെ ജീവനക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ തരണം ചെയ്യുന്നതിന് അവർക്ക് നോൺ കേഡർ പ്രൊമോഷൻ നൽകുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ;

(സി) പ്രസ്തുത നോൺ കേഡർ പ്രൊമോഷൻ ലഭിക്കുന്നതുമൂലം അവർക്ക് സാമ്പത്തിക ആനുകൂല്യം ലഭിക്കുമോ; ഇല്ലെങ്കിൽ അത് പരിശോധിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 31-5-2019-ലെ സ.ഉ. (കൈ) നമ്പർ 64/2019/ആഭ്യന്തരം പ്രകാരം ജയിൽ വകുപ്പിലെ നോൺ ഗസറ്റഡ് എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാർക്ക് വ്യക്തിഗത റാങ്കിംഗ് അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) ജയിൽ വകുപ്പിലെ താഴെത്തട്ടിലുള്ള നോൺ ഗസറ്റഡ് എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാർക്ക് ഉയർന്ന തസ്തികകളിലേയ്ക്ക് പ്രൊമോഷൻ ലഭിക്കാതെ ഒരേ തസ്തികയിൽത്തന്നെ ദീർഘകാലം സേവനമനുഷ്ഠിക്കുന്നതിനാൽ ഇവരിൽ ആത്മവീര്യവും ആത്മസംതൃപ്തിയും വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗമായാണ് വ്യക്തിഗത റാങ്കിംഗ് നൽകുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. ഇപ്രകാരം വ്യക്തിഗത റാങ്കിംഗ് ലഭിക്കുന്നത് തസ്തികയുടെ പേരിലും അതിനനുസൃതമായി യൂണിഫോം ധരിക്കുന്നതിനുള്ള അവകാശത്തിലും മാത്രമായാണ് പരിമിതപ്പെടുത്തിയിട്ടുള്ളത്.

**സെൻട്രൽ ജയിലിൽ തടവുകാരുടെ ക്ഷേമം**

133(3603) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സെൻട്രൽ ജയിലിൽ തടവുകാരുടെ ക്ഷേമത്തിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്;

(ബി) തടവുകാർക്ക് തൊഴിൽ പരിശീലനം നൽകുന്ന പദ്ധതി പ്രകാരം ഏതൊക്കെ സർട്ടിഫിക്കറ്റ് കോഴ്സുകളാണ് നിലവിൽ നടത്തുന്നത്;

(സി) പ്രസ്തുത തൊഴിൽ പരിശീലനം ഏതൊക്കെ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് നടത്തുന്നത്?

<u>ഉത്തരം</u>

(എ) (1) തൊഴിൽ പരിശീലന പദ്ധതി

(2) എഫ്.എം. റേഡിയോ & പബ്ലിക് അഡ്രസ്സ് സിസ്റ്റം

(3) ഇലക്ട്രോണിക് ട്രോളി

(4) പവർ ലോൺട്രി

(5) ആർ.ഒ. പ്ലാന്റ്

(6) ഫ്രീ ഫാഷനിസ്റ്റാ യൂണിറ്റിനായുള്ള വർക്ക് ഷെഡ്

(ബി) (1) ഇലക്ട്രീഷ്യൻ

(2) 4 വീലർ ഡ്രൈവിംഗ്

(3) ഹെയർ കട്ടിംഗ് & ബ്യൂട്ടീഷൻ

(4) ഫുഡ് പ്രോസെസ്സിംഗ്

(5) ഇൻഡസ്ട്രിയൽ ഫയർ & സേഫ്റ്റി

(6) 2 വീലർ & 4 വീലർ സ്പെഷ്യലിസ്റ്റ്

(7) ആട്ടോമോട്ടീവ് അപ്ഹോൾസ്റ്ററി

(8) സോളാർ മെയിന്റനൻസ്

(9) ലൈബ്രറി & ഇൻഫർമേഷൻ സയൻസ്

(10) ഹെൽത്ത് & സാനിറ്റേഷൻ

(11) ട്രാവൽ & ടൂറിസം മാനേജ്മെന്റ്

(സി) (1) സെൻട്രൽ പോളിടെക്നിക് കോളേജ്, വട്ടിയൂർക്കാവ്

(2) വനിതാ പോളിടെക്നിക് കോളേജ്, കൈമനം

(3) സ്റ്റേറ്റ് റിസോഴ്സ് സെന്റർ, കേരള

(4) തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം, കേരള യൂണിവേഴ്സിറ്റി.

## ഏറനാട് താലൂക്കിലെ ഫെയർവാല്യൂ സംബന്ധിച്ച എസ്.ആർ.ഒ.

134(3604) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ ഏറനാട് താലൂക്ക് പ്രദേശങ്ങളിലെ ഫെയർവാല്യൂ സംബന്ധിച്ച തർക്കങ്ങൾക്ക് പരിഹാരം കാണുന്നതിനായി എസ്.ആർ.ഒ. പുറപ്പെടുവിക്കാൻ ഗവൺമെന്റ് പ്രസ്സിലേക്ക് അയച്ചെങ്കിലും നാളിതുവരെയും ആയത് പ്രസിദ്ധീകരിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത എസ്.ആർ.ഒ. പ്രിന്റ് ചെയ്യുന്നതിനായി മലപ്പുറം ജില്ലാ കളക്ടർ എന്നാണ് അത് പ്രസ്സിൽ ലഭ്യമാക്കിയത്; വിശദമാക്കാമോ;

(സി) ഈ എസ്.ആർ.ഒ. പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് കളക്ടർ പ്രത്യേക നിർദ്ദേശം നൽകിയിരുന്നോ; ഉണ്ടെങ്കിൽ കളക്ടർ നൽകിയ കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) ഗവൺമെന്റ് പ്രസ്സിൽ നിന്നും പ്രസ്തുത എസ്.ആർ.ഒ. എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) ഏറനാട് താലൂക്കിലെ മഞ്ചേരി, നറുകര വില്ലേജുകളിലെ ഫെയർവാല്യൂ സംബന്ധമായ 1-6-2018, 23-2-2019 തീയതികളിൽ ലഭിച്ച അസാധാരണ ഗസ്സറ്റായി പ്രസിദ്ധീകരിക്കുന്നതിനുള്ള ഒറിജിനൽ മാറ്റർ, യഥാക്രമം 1148/18, 468/19 എന്നീ അസാധാരണ ഗസറ്റ് നമ്പരുകളിൽ 28-7-2018, 16-5-2019 തീയതികളിൽ പ്രസിദ്ധപ്പെടുത്തി വിതരണം ചെയ്തിട്ടുണ്ട്.

(സി) പ്രത്യേക നിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ല.

(ഡി) പ്രസ്തുത എസ്.ആർ.ഒ. 28-7-2018, 16-5-2019 തീയതികളിൽ യഥാക്രമം 1448/18, 468/19 അസാധാരണ ഗസറ്റ് നമ്പരുകളിലായി പ്രസിദ്ധം ചെയ്തിട്ടുണ്ട്.

## ഗസറ്റ് വിജ്ഞാപനങ്ങൾ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനുള്ള നടപടി

135(3605) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ഫെബ്രുവരിക്കുശേഷം www.egazette.kerala.gov.in എന്ന വെബ്സൈറ്റിന്റെ പ്രവർത്തനം നിലച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫെബ്രുവരിക്കുശേഷം ഇറക്കിയ ഗസറ്റ് വിജ്ഞാപനങ്ങൾ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാതിരുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ജനങ്ങൾക്കുണ്ടായിട്ടുള്ള അസൗകര്യം പരിഗണിച്ച് ഗസറ്റ് വിജ്ഞാപനങ്ങൾ കാലതാമസമില്ലാതെ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിന് നിർദ്ദേശം നൽകുമോ;

(ഡി) ഇതിൽ ഉദ്യോഗസ്ഥതലത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2011 മുതലുള്ള കുടിശ്ശിക ലഭിക്കാത്തതിനെത്തുടർന്നാണ് കേരള ഗസറ്റ് ഓൺലൈൻ പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്നത് സി-ഡിറ്റ് നിർത്തലാക്കിയത്.

(സി) ഗസറ്റ് വിജ്ഞാപനങ്ങൾ ഓൺലൈനിൽ പ്രസിദ്ധീകരിക്കുന്നതിന് സി-ഡിറ്റിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) വീഴ്ച സംഭവിച്ചിട്ടില്ല. ഫണ്ടിന്റെ അപര്യാപ്തതമൂലമാണ് സി-ഡിറ്റിന് തുക അനുവദിക്കാൻ കഴിയാതിരുന്നത്.

## ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽനിന്നും തടി ഉരുപ്പടികളുടെ മോഷണം

136(3606) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ നിന്നും വിലപിടിപ്പുള്ള തടി ഉരുപ്പടികൾ മോഷണം പോയതു സംബന്ധിച്ചുള്ള അന്വേഷണം ഏതു ഘട്ടത്തിലാണെന്നും ഏതുതരത്തിലുള്ള അന്വേഷണമാണ് നടക്കുന്നതെന്നും ആരെയെങ്കിലും കുറ്റക്കാരായി കണ്ടെത്തിയിട്ടുണ്ടോയെന്നും കുറ്റക്കാർക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്നും അറിയിക്കുമോ ;

(ബി) 24 മണിക്കൂറും പോലീസ് സെക്യൂരിറ്റി ഉള്ള സെൻട്രൽ പ്രസ്സിന്റെ സുരക്ഷിത മേഖലയിൽ സൂക്ഷിച്ചിരുന്ന തടി ഉരുപ്പടികൾ അവധി ദിവസം പ്രസ്സിന്റെ ടൈം ഓഫീസിന് വെളിയിൽ കൊണ്ടുവരാൻ ഏതു ഉദ്യോഗസ്ഥനാണ് അനുമതി നൽകിയതെന്നറിയിക്കാമോ; എന്താവശ്യത്തിന് ആർക്കാണനുമതി കൊടുത്തതെന്നും ആയതിന്റെ രേഖകൾ സഹിതം വ്യക്തമാക്കുമോ ;

(സി) പ്രസ്സിന് വെളിയിൽ നിന്നുള്ള ജോലിക്കാരെ പ്രസ്സിൽ പ്രവേശിപ്പിക്കാൻ ഡെപ്യൂട്ടി സൂപ്രണ്ടിന്റെ അനുമതി ഉണ്ടായിരുന്നോ ;

(ഡി) നഷ്ടപ്പെട്ട തടി ഉരുപ്പടികളുടെ കണക്ക് എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ അറിയിക്കുമോ ;

(ഇ) പ്രസ്തുത വിഷയത്തിൽ അച്ചടി വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(എഫ്) ഏതെല്ലാം സംഘടനകൾ ഇതുസംബന്ധിച്ച് സർക്കാരിൽ പരാതി നൽകിയിട്ടുണ്ട്; പ്രസ്തുത പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽനിന്നും തടി ഉരുപ്പടികൾ മോഷണം പോയിട്ടില്ല.

(ബി&സി) തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ സൂക്ഷിച്ചിരുന്ന തടി ഉരുപ്പടികൾ, തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിന്റെ കോമ്പൗണ്ടിനുള്ളിലെ സഹകരണ സംഘം സ്റ്റോർ കൗണ്ടറിനുമുന്നിൽ ക്രിസ്തുമസ് ഫെയർ നടത്താൻ ഉപയോഗിക്കുന്നതിന്, അനുവാദം തേടി ഗവൺമെന്റ് പ്രസ്സ് എംപ്ലോയീസ് സഹകരണ സംഘം (ക്ലിപ്തം നമ്പർ 300) പ്രസിഡന്റ്

അപേക്ഷിച്ചിരുന്നു. ടി തടി ഉരുപ്പടികൾ ആവശ്യം കഴിഞ്ഞ് തിരികെ യഥാസ്ഥാനത്ത് ക്രമീകരിക്കാമെന്ന വ്യവസ്ഥയിൽ ഇവ ഉപയോഗിക്കാൻ പ്രസ്തുത സഹകരണ സംഘം പ്രസിഡന്റിന് തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ) അനുമതി നൽകിയിരുന്നു. പ്രസ്തുത അപേക്ഷയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ഡി) തടി ഉരുപ്പടികൾ നഷ്ടമായിട്ടില്ല.

(ഇ) ലഭ്യമായിട്ടുണ്ട്. റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.*

(എഫ്) കേരള ഗവൺമെന്റ് പ്രസ്സസ് വർക്കേഴ്സ് കോൺഗ്രസ്സ്, കേരള ഗവൺമെന്റ് പ്രസ്സസ് വർക്കേഴ്സ് യൂണിയൻ എന്നീ സംഘടനകൾ പരാതി നൽകിയിട്ടുണ്ട്. അച്ചടി വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആയത് പരിശോധിച്ചുവരുന്നു.

**ജലപാതയുടെ വികസന നടപടികൾ**

137(3607) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലപാതകളുടെ വികസന നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) എന്നത്തേക്ക് ഈ പ്രവർത്തനം പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കുമോ;

(സി) ഈ ജലപാതയിലൂടെ സംസ്ഥാനത്തിന് എന്തെല്ലാം നേട്ടങ്ങൾ ഉണ്ടാകുമെന്നാണ് കരുതുന്നതെന്ന് അറിയിക്കുമോ;

(ഡി) ഈ പദ്ധതിയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ കോവളം മുതൽ കാസർഗോഡ് ജില്ലയിലെ ബേക്കൽ വരെയുള്ള വെസ്റ്റ് കോസ്റ്റ് കനാലിന്റെ നിലവിൽ കനാലുള്ള ഭാഗങ്ങൾ നവീകരിച്ചും പുതുതായി കനാൽ നിർമ്മിക്കേണ്ട ഭാഗങ്ങളിൽ സ്ഥലം ഏറ്റെടുത്ത് കനാൽ നിർമ്മിച്ചും ജലപാത യാഥാർത്ഥ്യമാക്കാനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. ടി ജലപാതയുടെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

168 കി.മീ. ഭാഗവും കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള 160 കി.മീ. ഭാഗവും ആലപ്പുഴ-കോട്ടയം ജില്ലകളിലെ ആലപ്പുഴ-ചങ്ങനാശ്ശേരി കനാൽ (NW-8), ആലപ്പുഴ-കോട്ടയം-അതിരമ്പുഴ കനാൽ (NW-9), കോട്ടയം ജില്ലയിലെ കോട്ടയം-വൈക്കം കനാൽ (NW-59), തിരുവനന്തപുരം ജില്ലയിലെ പൂവാർ മുതൽ തമിഴ് നാട്ടിലെ ഇരയിമ്മൻത്തുറ വരെയുള്ള എ.വി.എം. കനാൽ (NW-13) എന്നിവയും ദേശീയ ജലപാതയായി പ്രഖ്യാപിച്ചിട്ടുണ്ട്. ടി ഭാഗത്തെ പ്രവൃത്തികൾ ഇൻലാന്റ് വാട്ടർവേ അതോറിറ്റി ഓഫ് ഇന്ത്യ (IWAI) ആണ് നടപ്പിലാക്കുന്നത്. ശേഷിച്ച കോവളം മുതൽ കൊല്ലം വരെയുള്ള 74 കി.മീ., കോഴിക്കോട് മുതൽ ബേക്കൽ വരെയുള്ള 214 കിലോമീറ്റർ എന്നീ ഭാഗത്തിന്റെ പ്രവൃത്തികളാണ് ഉൾനാടൻ ജലഗതാഗത വകുപ്പിന്റെ കീഴിൽ നടത്തിവരുന്നത്. ജലപാതാ വികസനവുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനും സാങ്കേതിക വൈദഗ്ദ്ധ്യമുള്ള കേരള വാട്ടർവെയ്സ് ആന്റ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL) എന്ന പൊതുമേഖലാ സ്ഥാപനം സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

തിരുവനന്തപുരം ജില്ലയിലെ പാർവ്വതീ പുത്തനാറിന്റെ 16045 കി.മീ. ഭാഗത്തെ കനാൽ വികസനം KWIL-ന്റെ മേൽനോട്ടത്തിൽ KIIFB ധനസഹായത്തോടെ നടത്തുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പാർവ്വതീ പുത്തനാറിന്റെ പനത്തുറ മുതൽ ആക്കുളം വരെയുള്ള ഭാഗത്തെ ശുചീകരണപ്രവൃത്തികൾ KWIL-ന്റെ നേതൃത്വത്തിൽ പൂർത്തിയാക്കുകയും ഗതാഗതയോഗ്യമാക്കുകയും ചെയ്തിട്ടുണ്ട്. പാർവ്വതീ പുത്തനാറിന്റെ വീതി 25 മീറ്ററും ഇരുവശങ്ങളിൽ റോഡുകൾ 5 മീറ്റർ വീതിയും പൈപ്പ് ലൈനും മറ്റും സ്ഥാപിക്കുന്നതിനുമായി ആവശ്യമായ സ്ഥലങ്ങളിൽ ഭൂമി ഏറ്റെടുക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. കോവളം, ആക്കുളം, വള്ളക്കടവ് എന്നീ സ്ഥലങ്ങളിൽ ബോട്ട് ടെർമിനലുകൾ നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്കും പാർവ്വതീ പുത്തനാറിന് കുറുകെ കരിയ്ക്കകം, പുത്തൻപാലം, പനത്തുറ ഭാഗങ്ങളിൽ ലിഫ്റ്റിംഗ് സംവിധാനത്തോടുകൂടിയ പാലം നിർമ്മാണത്തിനും ഭരണാനുമതി നൽകിയിട്ടുണ്ട്. കരിക്കകത്തും പുത്തൻപാലത്തും മണ്ണ് പരിശോധന പൂർത്തിയായി തുടർനടപടികൾ നടന്നുവരുന്നു. 1.10 കി.മീ. നീളം വരുന്ന വർക്കലയിലെ 2 തുരങ്കങ്ങൾക്ക് സമാന്തരമായി 14 മീറ്റർ വീതിയിൽ പുതിയ തുരങ്കങ്ങൾ നിർമ്മിക്കുന്ന പദ്ധതി, കൊങ്കൺ റെയിൽവേ കോർപ്പറേഷൻ മുഖേന തയ്യാറാക്കിവരുന്നു. വർക്കലയിൽ വർക്കല, അഞ്ചുതെങ്ങ്, താഴെവെട്ടൂർ, നടയറ, രാമന്തളി തുടങ്ങിയ ഭാഗങ്ങളിൽ 4 പ്രവൃത്തികൾ നടന്നുവരുന്നു. കൊല്ലം

തോടിലെ 1-5 റീച്ചുകളിലെ പ്രവൃത്തികൾ പുരോഗമിക്കുന്നു. കോഴിക്കോടിനും വടകരയ്ക്കുമിടയിൽ 38.3 കി.മീ. ഭാഗം (ചെ. 411.78 കി.മീ. - ചെ. 450.08 കി.മീ.) ഗതാഗതയോഗ്യമാണ്. ആഴം കുറവുള്ള ഭാഗങ്ങളായ ഇരഞ്ഞിക്കൽ-കോരപ്പുഴ കനാലിന്റെ വികസനത്തിനും പയ്യോളി കനാലിന്റെ വികസനത്തിനും ഭരണാനുമതി നൽകിയിട്ടുണ്ട്. വടകര-മാഹി കനാലിന്റെ ചെ. 450.08 കി.മീ. - 467.69 കി.മീ. ഭാഗത്ത് ദേശീയ ജലപാതാ നിലവാരത്തിൽ നിർമ്മാണം 5 റീച്ചുകളായി തിരിച്ച് നടന്നുവരുന്നു. മാഹി-വളപട്ടണത്തിനും ഇടയിലെ 3 'അൺകട്ട്" ഭാഗങ്ങളിലും ഹോസ്ദുർഗ്ഗിനും ബേക്കലിനും ഇടയിലുള്ള 'അൺകട്ട്' ഭാഗത്തും സ്ഥലം ഏറ്റെടുത്ത് പുതുതായി കനാൽ നിർമ്മാണത്തിനുള്ള പ്രവൃത്തികൾ KWIL മുഖേന സ്വീകരിച്ചുവരുന്നു. വളപട്ടണം മുതൽ ഹോസ്ദുർഗ്ഗ് വരെയുള്ള ജലപാത ഗതാഗതയോഗ്യമാണ്.

(ബി-ഡി) തിരുവനന്തപുരം-കാസർഗോഡ് വരെയുള്ള വെസ്റ്റ് കോസ്റ്റ് കനാലിന്റെ വികസനം 3 ഘട്ടങ്ങളിലായി നടപ്പാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. 2020-ൽ തീരുന്ന ഒന്നാം ഘട്ടത്തിൽ കനാലുകൾ നിലവിലുള്ള വീതിയിൽ ഗതാഗതയോഗ്യമാക്കുകയും കയ്യേറ്റക്കാരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികളുമാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. 2022-ൽ തീരുന്ന രണ്ടാംഘട്ടത്തിൽ പുനരധിവാസം നടപ്പിലാക്കി കനാൽ പാർശ്വങ്ങളിലുള്ള സ്ഥലങ്ങൾ വീണ്ടെടുത്ത് ദേശീയ ജലപാതയുടെ അളവിൽ കനാൽ നിർമ്മാണം നടപ്പിലാക്കാനും 2025-ൽ തീരുന്ന 3-ാം ഘട്ടത്തിൽ ദേശീയജലപാത നിലവാരത്തിലുള്ള വികസനവും ഫീഡർ കനാലുകളുടെ വികസനവും ജലപാത ഉപയോഗപ്പെടുത്തിയുള്ള ടൂറിസം വികസനത്തിനും സാദ്ധ്യമാകുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്നിവയും നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്. ഇപ്രകാരം 3 ഘട്ടങ്ങളിലായി സമയബന്ധിതമായി ജലപാതാവികസനം നടപ്പിലാക്കുന്നതിനാണ് സർക്കാർ നടപടി സ്വീകരിച്ചുവരുന്നത്.

ഏറ്റവും ചെലവ് കുറഞ്ഞതും പരിസ്ഥിതി മലിനീകരണം കുറഞ്ഞതുമായ ഗതാഗത സൗകര്യമാണ് ഉൾനാടൻ ജലഗതാഗതം. ചെലവും അപകടവും കുറഞ്ഞ ചരക്ക് ഗതാഗതം ഇതിലൂടെ സാദ്ധ്യമാകും. സംസ്ഥാനത്തിന്റെ സുന്ദരമായ നദികളെയും കായലുകളെയും തമ്മിൽ ബന്ധപ്പെടുത്തുന്നതോടെ വിനോദസഞ്ചാര മേഖലയ്ക്ക് പുത്തൻ ഉണർവേകാൻ കഴിയും. അപ്രകാരം ജലപാതാ വികസനത്തിലൂടെ ജലഗതാഗതം, ടൂറിസം വികസനം, ചരക്ക് ഗതാഗതം തുടങ്ങിയവ മെച്ചപ്പെടുകയും ഇതുവഴി ഉൾനാടൻ കനാലുകൾ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ പ്രധാന പങ്കുവഹിക്കുകയും ചെയ്യും.

**കാസർഗോഡ്- തിരുവനന്തപുരം ജലപാത**

138(3608) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ്-തിരുവനന്തപുരം ജലപാതയുടെ പ്രവർത്തന പുരോഗതിയുടെ വിവരം നൽകുമോ;

(ബി) പ്രസ്തുത പദ്ധതി എന്നു മുതൽ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതിമൂലം സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ കോവളം മുതൽ കാസർഗോഡ് ജില്ലയിലെ ബേക്കൽ വരെയുള്ള വെസ്റ്റ് കോസ്റ്റ് കനാലിന്റെ നിലവിൽ കനാലുള്ള ഭാഗങ്ങൾ നവീകരിച്ചും പുതുതായി കനാൽ നിർമ്മിക്കേണ്ട ഭാഗങ്ങളിൽ സ്ഥലം ഏറ്റെടുത്ത് കനാൽ നിർമ്മിച്ചും ജലപാത യാഥാർത്ഥ്യമാക്കാനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. ടി ജലപാതയുടെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ. ഭാഗവും കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള 160 കി.മീ ഭാഗവും ആലപ്പുഴ-കോട്ടയം ജില്ലകളിലെ ആലപ്പുഴ-ചങ്ങനാശ്ശേരി കനാൽ (NW-8), ആലപ്പുഴ-കോട്ടയം-അതിരമ്പുഴ കനാൽ (NW-9), കോട്ടയം ജില്ലയിലെ കോട്ടയം-വൈക്കം കനാൽ (NW-59), തിരുവനന്തപുരം ജില്ലയിലെ പൂവാർ മുതൽ തമിഴ് നാട്ടിലെ ഇരയിമ്മൻതുറ വരെയുള്ള എ.വി.എം. കനാൽ (NW-13) എന്നിവയും ദേശീയ ജലപാതയായി പ്രഖ്യാപിച്ചിട്ടുണ്ട്. ടി ഭാഗത്തെ പ്രവൃത്തികൾ ഇൻലാന്റ് വാട്ടർവേ അതോറിറ്റി ഓഫ് ഇന്ത്യ (IWAI) ആണ് നടപ്പിലാക്കുന്നത്. ശേഷിച്ച കോവളം മുതൽ കൊല്ലം വരെയുള്ള 74 കി.മീ., കോഴിക്കോട് മുതൽ ബേക്കൽ വരെയുള്ള 214 കിലോമീറ്റർ എന്നീ ഭാഗത്തിന്റെ പ്രവൃത്തികളാണ് ഉൾനാടൻ ജലഗതാഗത വകുപ്പിന്റെ കീഴിൽ നടത്തിവരുന്നത്. ജലപാതാ വികസനവുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനും സാങ്കേതിക വൈദഗ്ദ്ധ്യമുള്ള കേരള വാട്ടർവെയ്സ് ആന്റ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL) എന്ന പൊതുമേഖലാ സ്ഥാപനം സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

തിരുവനന്തപുരം ജില്ലയിലെ പാർവ്വതീ പുത്തനാറിന്റെ 16.045 കി.മീ. ഭാഗത്തെ കനാൽ വികസനം KWIL-ന്റെ മേൽനോട്ടത്തിൽ KIIFB ധനസഹായത്തോടെ നടത്തുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

പാർവ്വതീ പുത്തനാറിന്റെ പനത്തുറ മുതൽ ആക്കുളം വരെയുള്ള ഭാഗത്തെ ശുചീകരണപ്രവൃത്തികൾ KWIL-ന്റെ നേതൃത്വത്തിൽ പൂർത്തിയാക്കുകയും ഗതാഗതയോഗ്യമാക്കുകയും ചെയ്തിട്ടുണ്ട്. പാർവ്വതീ പുത്തനാറിന്റെ വീതി 25 മീറ്ററും ഇരുവശങ്ങളിൽ റോഡുകൾ 5 മീറ്റർ വീതിയും പൈപ്പ് ലൈനും മറ്റും സ്ഥാപിക്കുന്നതിനുമായി ആവശ്യമായ സ്ഥലങ്ങളിൽ ഭൂമി ഏറ്റെടുക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. കോവളം, ആക്കുളം, വള്ളക്കടവ് എന്നീ സ്ഥലങ്ങളിൽ ബോട്ട് ടെർമിനലുകൾ നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്കും പാർവ്വതീ പുത്തനാറിന് കുറുകെ കരിയ്ക്കകം, പുത്തൻപാലം, പനത്തുറ ഭാഗങ്ങളിൽ ലിഫ്റ്റിംഗ് സംവിധാനത്തോടുകൂടിയ പാലം നിർമ്മാണത്തിനും ഭരണാനുമതി നൽകിയിട്ടുണ്ട്. കരിക്കകത്തും പുത്തൻപാലത്തും മണ്ണ് പരിശോധന പൂർത്തിയായി തുടർനടപടികൾ നടന്നുവരുന്നു. 1.10 കി.മീ. നീളം വരുന്ന വർക്കലയിലെ 2 തുരങ്കങ്ങൾക്ക് സമാന്തരമായി 14 മീറ്റർ വീതിയിൽ പുതിയ തുരങ്കങ്ങൾ നിർമ്മിക്കുന്ന പദ്ധതി, കൊങ്കൺ റെയിൽവേ കോർപ്പറേഷൻ മുഖേന തയ്യാറാക്കിവരുന്നു. വർക്കലയിൽ വർക്കല, അഞ്ചുതെങ്ങ്, താഴെവെട്ടൂർ, നടയറ, രാമന്തളി തുടങ്ങിയ ഭാഗങ്ങളിൽ 4 പ്രവൃത്തികൾ നടന്നുവരുന്നു. കൊല്ലം തോടിലെ 1-5 റീച്ചുകളിലെ പ്രവൃത്തികൾ പുരോഗമിക്കുന്നു. കോഴിക്കോടിനും വടകരയ്ക്കുമിടയിൽ 38.3 കി.മീ. ഭാഗം (ചെ. 411.78 കി.മീ. - ചെ. 450.08 കി.മീ.) ഗതാഗത യോഗ്യമാണ്. ആഴം കുറവുള്ള ഭാഗങ്ങളായ ഇരഞ്ഞിക്കൽ-കോരപ്പുഴ കനാലിന്റെ വികസനത്തിനും പയ്യോളി കനാലിന്റെ വികസനത്തിനും ഭരണാനുമതി നൽകിയിട്ടുണ്ട്. വടകര-മാഹി കനാലിന്റെ ചെ. 450.08 കി.മീ. - 467.69 കി.മീ. ഭാഗത്ത് ദേശീയ ജലപാതാ നിലവാരത്തിൽ നിർമ്മാണം 5 റീച്ചുകളായി തിരിച്ച് നടന്നുവരുന്നു. മാഹി-വളപട്ടണത്തിനും ഇടയിലെ 3 'അൺകട്ട്' ഭാഗങ്ങളിലും ഹോസ്ദുർഗ്ഗിനും ബേക്കലിനും ഇടയിലുള്ള 'അൺകട്ട്' ഭാഗത്തും സ്ഥലം ഏറ്റെടുത്ത് പുതുതായി കനാൽ നിർമ്മാണത്തിനുള്ള പ്രവൃത്തികൾ KWIL മുഖേന സ്വീകരിച്ചുവരുന്നു. വളപട്ടണം മുതൽ ഹോസ്ദുർഗ്ഗ് വരെയുള്ള ജലപാത ഗതാഗതയോഗ്യമാണ്.

(ബി) തിരുവനന്തപുരം-കാസർഗോഡ് വരെയുള്ള വെസ്റ്റ് കോസ്റ്റ് കനാലിന്റെ വികസനം 3 ഘട്ടങ്ങളിലായി നടപ്പാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. 2020-ൽ തീരുന്ന ഒന്നാം ഘട്ടത്തിൽ കനാലുകൾ നിലവിലുള്ള വീതിയിൽ ഗതാഗതയോഗ്യമാക്കുകയും കയ്യേറ്റക്കാരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികളുമാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. 2022-ൽ തീരുന്ന രണ്ടാംഘട്ടത്തിൽ പുനരധിവാസം നടപ്പിലാക്കി കനാൽ പാർശ്വങ്ങളിലുള്ള സ്ഥലങ്ങൾ വീണ്ടെടുത്ത് ദേശീയ ജലപാതയുടെ അളവിൽ കനാൽ നിർമ്മാണം നടപ്പിലാക്കാനും 2025-ൽ

തീരുന്ന 3-ാം ഘട്ടത്തിൽ ദേശീയജലപാത നിലവാരത്തിലുള്ള വികസനവും ഫീഡർ കനാലുകളുടെ വികസനവും ജലപാത ഉപയോഗപ്പെടുത്തിയുള്ള ടൂറിസം വികസനത്തിനും സാദ്ധ്യമാകുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്നിവയും നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്. ഇപ്രകാരം 3 ഘട്ടങ്ങളിലായി സമയ ബന്ധിതമായി ജലപാതാവികസനം നടപ്പിലാക്കുന്നതിനാണ് സർക്കാർ നടപടി സ്വീകരിച്ചുവരുന്നത്.

(സി) ഏറ്റവും ചെലവ് കുറഞ്ഞതും പരിസ്ഥിതി മലിനീകരണം കുറഞ്ഞതുമായ ഗതാഗത സൗകര്യമാണ് ഉൾനാടൻ ജലഗതാഗതം. ചെലവും അപകടവും കുറഞ്ഞ ചരക്ക് ഗതാഗതം ഇതിലൂടെ സാദ്ധ്യമാകും. സംസ്ഥാനത്തിന്റെ സുന്ദരമായ നദികളെയും കായലുകളെയും തമ്മിൽ ബന്ധപ്പെടുത്തുന്നതോടെ വിനോദസഞ്ചാര മേഖലയ്ക്ക് പുത്തൻ ഉണർവേകാൻ കഴിയും. അപ്രകാരം ജലപാതാ വികസനത്തിലൂടെ ജലഗതാഗതം, ടൂറിസം വികസനം, ചരക്ക് ഗതാഗതം തുടങ്ങിയവ മെച്ചപ്പെടുകയും ഇതുവഴി ഉൾനാടൻ കനാലുകൾ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ പ്രധാന പങ്കുവഹിക്കുകയും ചെയ്യും.

### വെസ്റ്റ് കോസ്റ്റ് കനാൽ ജലപാത

139(3609) <u>ശ്രീ. ബി. സത്യൻ:</u>
<u>ശ്രീമതി യു. പ്രതിഭ:</u>
<u>ശ്രീ. ജോൺ ഫെർണാണ്ടസ്:</u>
<u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരം, ചരക്കുഗതാഗതം എന്നീ മേഖലകളിൽ വൻ കുതിപ്പുണ്ടാക്കി സംസ്ഥാനത്തിന്റെ മുഖഛായ മാറ്റാൻ സഹായകരമായ വെസ്റ്റ്കോസ്റ്റ് കനാൽ ജലപാത നിർമ്മാണത്തിന്റെ പുരോഗതി അറിയിക്കാമോ;

(ബി) കൊല്ലം കോട്ടപ്പുറം ദേശീയ ജലപാത രണ്ടുവരിയായി രണ്ടുമീറ്റർ ആഴത്തിൽ വികസിപ്പിക്കാനുള്ള പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ; ചരക്കു ടെർമിനലുകളുടെ നിർമ്മാണവും അവയെ മറ്റുപാതകളുമായി ബന്ധിപ്പിക്കുന്നതിനുമുള്ള പ്രവൃത്തികളുടെ പുരോഗതി അറിയിക്കുമോ;

(സി) കോട്ടപ്പുറത്ത് നിന്ന് കോഴിക്കോട്ടേക്ക് ദേശീയ ജലപാത നീട്ടുന്ന പ്രവർത്തനത്തിന്റെ നിലവിലെ പുരോഗതി അറിയിക്കാമോ; ലിങ്ക് കനാലുകൾ നിർമ്മിക്കാൻ പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ കോവളം മുതൽ കാസർഗോഡ് ജില്ലയിലെ ബേക്കൽ വരെയുള്ള വെസ്റ്റ് കോസ്റ്റ് കനാലിന്റെ നിലവിൽ കനാലുള്ള ഭാഗങ്ങൾ നവീകരിച്ചും പുതുതായി കനാൽ നിർമ്മിക്കേണ്ട ഭാഗങ്ങളിൽ സ്ഥലം ഏറ്റെടുത്ത് കനാൽ നിർമ്മിച്ചും ജലപാത യാഥാർത്ഥ്യമാക്കാനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. ടി ജലപാതയുടെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ. ഭാഗവും കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള 160 കി.മീ ഭാഗവും ആലപ്പുഴ-കോട്ടയം ജില്ലകളിലെ ആലപ്പുഴ-ചങ്ങനാശ്ശേരി കനാൽ (NW-8), ആലപ്പുഴ-കോട്ടയം-അതിരമ്പുഴ കനാൽ (NW-9), കോട്ടയം ജില്ലയിലെ കോട്ടയം-വൈക്കം കനാൽ (NW-59), തിരുവനന്തപുരം ജില്ലയിലെ പൂവ്വാർ മുതൽ തമിഴ് നാട്ടിലെ ഇരയിമ്മൻതുറ വരെയുള്ള എ.വി.എം. കനാൽ (NW-13) എന്നിവയും ദേശീയ ജലപാതയായി പ്രഖ്യാപിച്ചിട്ടുണ്ട്. ടി ഭാഗത്തെ പ്രവൃത്തികൾ ഇൻലാന്റ് വാട്ടർവേ അതോറിറ്റി ഓഫ് ഇന്ത്യ (IWAI) ആണ് നടപ്പിലാക്കുന്നത്. ശേഷിച്ച കോവളം മുതൽ കൊല്ലം വരെയുള്ള 74 കി.മീ., കോഴിക്കോട് മുതൽ ബേക്കൽ വരെയുള്ള 214 കിലോമീറ്റർ എന്നീ ഭാഗത്തിന്റെ പ്രവൃത്തികളാണ് ഉൾനാടൻ ജലഗതാഗത വകുപ്പിന്റെ കീഴിൽ നടത്തിവരുന്നത്. ജലപാതാ വികസനവുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനും സാങ്കേതിക വൈദഗ്ദ്ധ്യമുള്ള കേരള വാട്ടർവേയ്സ് ആന്റ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL) എന്ന പൊതുമേഖലാ സ്ഥാപനം സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

തിരുവനന്തപുരം ജില്ലയിലെ പാർവ്വതീ പുത്തനാറിന്റെ 16.045 കി.മീ. ഭാഗത്തെ കനാൽ വികസനം KWIL-ന്റെ മേൽനോട്ടത്തിൽ KIIFB ധനസഹായത്തോടെ നടത്തുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പാർവ്വതീ പുത്തനാറിന്റെ പനത്തുറ മുതൽ ആക്കുളം വരെയുള്ള ഭാഗത്തെ ശുചീകരണപ്രവൃത്തികൾ KWIL-ന്റെ നേതൃത്വത്തിൽ പൂർത്തിയാക്കുകയും ഗതാഗതയോഗ്യമാക്കുകയും ചെയ്തിട്ടുണ്ട്. പാർവ്വതീ പുത്തനാറിന്റെ വീതി 25 മീറ്ററും ഇരുവശങ്ങളിൽ റോഡുകൾ 5 മീറ്റർ വീതിയും പൈപ്പ് ലൈനും മറ്റും സ്ഥാപിക്കുന്നതിനുമായി ആവശ്യമായ സ്ഥലങ്ങളിൽ ഭൂമി ഏറ്റെടുക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. കോവളം, ആക്കുളം, വള്ളക്കടവ് എന്നീ സ്ഥലങ്ങളിൽ ബോട്ട് ടെർമിനലുകൾ നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്കും പാർവ്വതീ പുത്തനാറിന് കുറുകെ കരിയ്ക്കകം, പുത്തൻപാലം, പനത്തുറ ഭാഗങ്ങളിൽ ലിഫ്റ്റിംഗ് സംവിധാനത്തോടുകൂടിയ പാലം നിർമ്മാണത്തിനും ഭരണാനുമതി നൽകിയിട്ടുണ്ട്. കരിക്കകത്തും പുത്തൻപാലത്തും മണ്ണ് പരിശോധന പൂർത്തിയായി തുടർനടപടികൾ നടന്നുവരുന്നു. 1.10 കി.മീ. നീളം വരുന്ന വർക്കലയിലെ 2 തുരങ്കങ്ങൾക്ക് സമാന്തരമായി 14 മീറ്റർ വീതിയിൽ

പുതിയ തുരങ്കങ്ങൾ നിർമ്മിക്കുന്ന പദ്ധതി, കൊങ്കൺ റെയിൽവേ കോർപ്പറേഷൻ മുഖേന തയ്യാറാക്കിവരുന്നു. വർക്കലയിൽ വർക്കല, അഞ്ചുതെങ്ങ്, താഴെവെട്ടൂർ, നടയറ, രാമന്തളി തുടങ്ങിയ ഭാഗങ്ങളിൽ 4 പ്രവൃത്തികൾ നടന്നുവരുന്നു. കൊല്ലം തോടിലെ 1-5 റീച്ചുകളിലെ പ്രവൃത്തികൾ പുരോഗമിക്കുന്നു. കോഴിക്കോടിനും വടകരയ്ക്കും ഇടയിൽ 38.3 കി.മീ. ഭാഗം (ചെ. 411.78 കി.മീ. - 450.08 കി.മീ.) ഗതാഗത യോഗ്യമാണ്. ആഴം കുറവുള്ള ഭാഗങ്ങളായ ഇരഞ്ഞിക്കൽ-കോരപ്പുഴ കനാലിന്റെ വികസനത്തിനും പയ്യോളി കനാലിന്റെ വികസനത്തിനും ഭരണാനുമതി നൽകിയിട്ടുണ്ട്. വടകര-മാഹി കനാലിന്റെ ചെ. 450.08 കി.മീ. - 467.69 കി.മീ. ഭാഗത്ത് ദേശീയ ജലപാതാ നിലവാരത്തിൽ നിർമ്മാണം 5 റീച്ചുകളായി തിരിച്ച് നടന്നുവരുന്നു. മാഹി-വളപട്ടണത്തിനും ഇടയിലെ 3 'അൺകട്ട്" ഭാഗങ്ങളിലും ഹോസ്ദുർഗ്ഗിനും ബേക്കലിനും ഇടയിലുള്ള 'അൺകട്ട് ഭാഗത്തും സ്ഥലം ഏറ്റെടുത്ത് പുതുതായി കനാൽ നിർമ്മാണത്തിനുള്ള പ്രവൃത്തികൾ KWIL മുഖേന സ്വീകരിച്ചുവരുന്നു. വളപട്ടണം മുതൽ ഹോസ്ദുർഗ്ഗ് വരെയുള്ള ജലപാത ഗതാഗതയോഗ്യമാണ്.

തിരുവനന്തപുരം-കാസർഗോഡ് വരെയുള്ള വെസ്റ്റ് കോസ്റ്റ് കനാലിന്റെ വികസനം 3 ഘട്ടങ്ങളിലായി നടപ്പാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. 2020-ൽ തീരുന്ന ഒന്നാം ഘട്ടത്തിൽ കനാലുകൾ നിലവിലുള്ള വീതിയിൽ ഗതാഗതയോഗ്യമാക്കുകയും കയ്യേറ്റക്കാരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികളുമാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. 2022-ൽ തീരുന്ന രണ്ടാം ഘട്ടത്തിൽ പുനരധിവാസം നടപ്പിലാക്കി കനാൽ പാർശ്വങ്ങളിലുള്ള സ്ഥലങ്ങൾ വീണ്ടെടുത്ത് ദേശീയ ജലപാതയുടെ അളവിൽ കനാൽ നിർമ്മാണം നടപ്പിലാക്കാനും 2025-ൽ തീരുന്ന 3-ാം ഘട്ടത്തിൽ ദേശീയജലപാത നിലവാരത്തിലുള്ള വികസനവും ഫീഡർ കനാലുകളുടെ വികസനവും ജലപാത ഉപയോഗപ്പെടുത്തിയുള്ള ടൂറിസം വികസനത്തിനും സാദ്ധ്യമാകുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്നിവയും നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്. ഇപ്രകാരം 3 ഘട്ടങ്ങളിലായി സമയബന്ധിതമായി ജലപാതാവികസനം നടപ്പിലാക്കുന്നതിനാണ് സർക്കാർ നടപടി സ്വീകരിച്ചുവരുന്നത്.

(ബി&സി) വെസ്റ്റ് കോസ്റ്റ് കനാലിന്റെ 168 കി.മീ. നീളമുള്ള കൊല്ലം-കോട്ടപ്പുറം ദേശീയജലപാത-3 നിലവിൽ ഗതാഗതയോഗ്യമാണ്. കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള 160 കി.മീ. ഭാഗവും ആലപ്പുഴ, കോട്ടയം ജില്ലകളിലെ ആലപ്പുഴ-ചങ്ങനാശ്ശേരി കനാൽ (NW-8), ആലപ്പുഴ-കോട്ടയം-അതിരമ്പുഴ കനാൽ (NW-9), കോട്ടയം ജില്ലയിലെ കോട്ടയം-വൈക്കം കനാൽ (NW-59) എന്നിവയും 2016-ൽ ദേശീയജലപാതകളായി പ്രഖ്യാപിക്കപ്പെട്ടവയാണ്. ദേശീയ ജലപാതകളുടെ നിർമ്മാണ നവീകരണ പ്രവൃത്തികൾ കേന്ദ്രസർക്കാർ

സ്ഥാപനമായ ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ (IWAI) ആണ് നടപ്പിലാക്കിവരുന്നത്. 2016-ൽ ദേശീയ ജലപാതകളായി പ്രഖ്യാപിച്ചിട്ടുള്ള ജലപാതകൾ National Waterway Class-III നിലവാരത്തിൽ വികസിപ്പിക്കുന്നതിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ Inland Waterways Authority of India (IWAI) തയ്യാറാക്കുകയും അതിന്റെ പകർപ്പ് സംസ്ഥാനത്തിന്റെ അഭിപ്രായത്തിനായി ലഭ്യമാക്കിയിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

## തിരുവനന്തപുരം-കാസർഗോഡ് ദേശീയ ജലപാത

140(3610) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-കാസർഗോഡ് ദേശീയ ജലപാതയുടെ നിർമ്മാണം ഏത് ഘട്ടത്തിലാണ്;ഇതിന്റെ പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) നിർദ്ദിഷ്ട ജലപാതയുടെ ഭാഗമായുള്ള അഷ്ടമുടി -പരവൂർ കായലുകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള കൊല്ലം തോടിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നിലച്ചിട്ടുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആറ് തവണ കരാർ കാലാവധി നീട്ടി നൽകിയിട്ടുള്ള ഇതിന്റെ പ്രവർത്തി 8-8-2018-ലെ സ.ഉ.(സാധാ) നമ്പർ 21/2018/CSIND നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അന്തിമമായി 30-10-2018 വരെ ദീർഘിപ്പിച്ച് നൽകിയിട്ടും നിർമ്മാണം പുരോഗമിക്കാത്ത സാഹചര്യത്തിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ജില്ലയിലെ കോവളം മുതൽ കാസർഗോഡ് ജില്ലയിലെ ബേക്കൽ വരെയുള്ള വെസ്റ്റ് കോസ്റ്റ് കനാലിന്റെ നിലവിൽ കനാലുള്ള ഭാഗങ്ങൾ നവീകരിച്ചും പുതുതായി കനാൽ നിർമ്മിക്കേണ്ട ഭാഗങ്ങളിൽ സ്ഥലം ഏറ്റെടുത്ത് കനാൽ നിർമ്മിച്ചും ജലപാത യാഥാർത്ഥ്യമാക്കാനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. ടി ജലപാതയുടെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ. ഭാഗവും കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള 160 കി.മീ ഭാഗവും ആലപ്പുഴ-കോട്ടയം ജില്ലകളിലെ ആലപ്പുഴ-ചങ്ങനാശ്ശേരി കനാൽ (NW-8), ആലപ്പുഴ-കോട്ടയം-അതിരമ്പുഴ കനാൽ (NW-9), കോട്ടയം ജില്ലയിലെ കോട്ടയം-

വൈക്കം കനാൽ (NW-59), തിരുവനന്തപുരം ജില്ലയിലെ പൂവ്വാർ മുതൽ തമിഴ് നാട്ടിലെ ഇരയിമ്മൻതുറ വരെയുള്ള എ.വി.എം. കനാൽ (NW-13) എന്നിവയും ദേശീയ ജലപാതയായി പ്രഖ്യാപിച്ചിട്ടുണ്ട്. ടി ഭാഗത്തെ പ്രവൃത്തികൾ ഇൻലാന്റ് വാട്ടർവേ അതോറിറ്റി ഓഫ് ഇന്ത്യ (IWAI) ആണ് നടപ്പിലാക്കുന്നത്. ശേഷിച്ച കോവളം മുതൽ കൊല്ലം വരെയുള്ള 74 കി.മീ., കോഴിക്കോട് മുതൽ ബേക്കൽ വരെയുള്ള 214 കിലോമീറ്റർ എന്നീ ഭാഗത്തിന്റെ പ്രവൃത്തികളാണ് ഉൾനാടൻ ജലഗതാഗത വകുപ്പിന്റെ കീഴിൽ നടത്തിവരുന്നത്. ജലപാതാ വികസനവുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനും സാങ്കേതിക വൈദഗ്ദ്ധ്യമുള്ള കേരള വാട്ടർവേയ്സ് ആന്റ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL) എന്ന പൊതുമേഖലാ സ്ഥാപനം സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

തിരുവനന്തപുരം ജില്ലയിലെ പാർവ്വതീ പുത്തനാറിന്റെ 16.045 കി.മീ. ഭാഗത്തെ കനാൽ വികസനം KWIL-ന്റെ മേൽനോട്ടത്തിൽ KIIFB ധനസഹായത്തോടെ നടത്തുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പാർവ്വതീ പുത്തനാറിന്റെ പനത്തുറ മുതൽ ആക്കുളം വരെയുള്ള ഭാഗത്തെ ശുചീകരണപ്രവൃത്തികൾ KWIL-ന്റെ നേതൃത്വത്തിൽ പൂർത്തിയാക്കുകയും ഗതാഗതയോഗ്യമാക്കുകയും ചെയ്തിട്ടുണ്ട്. പാർവ്വതീ പുത്തനാറിന്റെ വീതി 25 മീറ്ററും ഇരുവശങ്ങളിൽ റോഡുകൾ 5 മീറ്റർ വീതിയും പൈപ്പ് ലൈനും മറ്റും സ്ഥാപിക്കുന്നതിനുമായി ആവശ്യമായ സ്ഥലങ്ങളിൽ ഭൂമി ഏറ്റെടുക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. കോവളം, ആക്കുളം, വള്ളക്കടവ് എന്നീ സ്ഥലങ്ങളിൽ ബോട്ട് ടെർമിനലുകൾ നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്കും പാർവ്വതീ പുത്തനാറിന് കുറുകെ കരിയ്ക്കകം, പുത്തൻപാലം, പനത്തുറ ഭാഗങ്ങളിൽ ലിഫ്റ്റിംഗ് സംവിധാനത്തോടുകൂടിയ പാലം നിർമ്മാണത്തിനും ഭരണാനുമതി നൽകിയിട്ടുണ്ട്. കരിക്കകത്തും പുത്തൻപാലത്തും മണ്ണ് പരിശോധന പൂർത്തിയായി തുടർനടപടികൾ നടന്നുവരുന്നു. 1.10 കി.മീ. നീളം വരുന്ന വർക്കലയിലെ 2 തുരങ്കങ്ങൾക്ക് സമാന്തരമായി 14 മീ. വീതിയിൽ പുതിയ തുരങ്കങ്ങൾ നിർമ്മിക്കുന്ന പദ്ധതി, കൊങ്കൺ റെയിൽവേ കോർപ്പറേഷൻ മുഖേന തയ്യാറാക്കിവരുന്നു. വർക്കലയിൽ വർക്കല, അഞ്ചുതെങ്ങ്, താഴെവെട്ടൂർ, നടയറ, രാമന്തളി തുടങ്ങിയ ഭാഗങ്ങളിൽ 4 പ്രവൃത്തികൾ നടന്നുവരുന്നു. കൊല്ലം തോടിലെ 1-5 റീച്ചുകളിലെ പ്രവൃത്തികൾ പുരോഗമിക്കുന്നു. കോഴിക്കോടിനും വടകരയ്ക്കും ഇടയിൽ 38.3 കി.മീ. ഭാഗം (ചെ.411.78 കി.മീ. - ചെ. 450.08 കി.മീ.) ഗതാഗതയോഗ്യമാണ്. ആഴം കുറവുള്ള ഭാഗങ്ങളായ ഇരഞ്ഞിക്കൽ-കോരപ്പുഴ കനാലിന്റെ വികസനത്തിനും പയ്യോളി കനാലിന്റെ വികസനത്തിനും

ഭരണാനുമതി നൽകിയിട്ടുണ്ട്. വടകര-മാഹി കനാലിന്റെ ചെ. 450.08 കി.മീ. - 467.69 കി.മീ. ഭാഗത്ത് ദേശീയ ജലപാതാ നിലവാരത്തിൽ നിർമ്മാണം 5 റീച്ചുകളായി തിരിച്ച് നടന്നുവരുന്നു. മാഹി-വളപട്ടണത്തിനും ഇടയിലെ 3 'അൺകട്ട്" ഭാഗങ്ങളിലും ഹോസ്ദുർഗ്ഗിനും ബേക്കലിനും ഇടയിലുള്ള 'അൺകട്ട്' ഭാഗത്തും സ്ഥലം ഏറ്റെടുത്ത് പുതുതായി കനാൽ നിർമ്മാണത്തിനുള്ള പ്രവൃത്തികൾ KWIL മുഖേന സ്വീകരിച്ചുവരുന്നു. വളപട്ടണം മുതൽ ഹോസ്ദുർഗ്ഗ് വരെയുള്ള ജലപാത ഗതാഗതയോഗ്യമാണ്.

തിരുവനന്തപുരം-കാസർഗോഡ് വരെയുള്ള വെസ്റ്റ് കോസ്റ്റ് കനാലിന്റെ വികസനം 3 ഘട്ടങ്ങളിലായി നടപ്പാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. 2020-ൽ തീരുന്ന ഒന്നാം ഘട്ടത്തിൽ കനാലുകൾ നിലവിലുള്ള വീതിയിൽ ഗതാഗതയോഗ്യമാക്കുകയും കയ്യേറ്റക്കാരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികളുമാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. 2022-ൽ തീരുന്ന രണ്ടാം ഘട്ടത്തിൽ പുനരധിവാസം നടപ്പിലാക്കി കനാൽ പാർശ്വങ്ങളിലുള്ള സ്ഥലങ്ങൾ വീണ്ടെടുത്ത് ദേശീയ ജലപാതയുടെ അളവിൽ കനാൽ നിർമ്മാണം നടപ്പിലാക്കാനും 2025-ൽ തീരുന്ന 3-ാം ഘട്ടത്തിൽ ദേശീയജലപാത നിലവാരത്തിലുള്ള വികസനവും ഫീഡർ കനാലുകളുടെ വികസനവും ജലപാത ഉപയോഗപ്പെടുത്തിയുള്ള ടൂറിസം വികസനത്തിനും സാദ്ധ്യമാകുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്നിവയും നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്. ഇപ്രകാരം 3 ഘട്ടങ്ങളിലായി സമയബന്ധിതമായി ജലപാതാവികസനം നടപ്പിലാക്കുന്നതിനാണ് സർക്കാർ നടപടി സ്വീകരിച്ചുവരുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) അഷ്ടമുടി-പരവൂർ കായലുകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള കൊല്ലംതോടിന്റെ റീച്ച്-1, 4, 5 എന്നീ ഭാഗങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികൾ കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ (കെ.എസ്.സി.സി.എൽ.) ആണ് കരാർ വച്ച് ഏറ്റെടുത്ത് നടത്തിവരുന്നത്. കരാർ കാലാവധി 31-10-2018 വരെ നീട്ടി നൽകിയെങ്കിലും കെ.എസ്.സി.സി.എൽ. പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന സാഹചര്യത്തിൽ ഉൾനാടൻ ജലഗതാഗത ഡയറക്ടറുടെ 26-11-2018-ലെ ഉത്തരവ് നം. ഡി1-1285/ഡി.ഐ.ആർ./ഐ.എൻ.ഡി.റ്റി./2012 പ്രകാരം ടി കരാർ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ റദ്ദ് ചെയ്തിട്ടുള്ളതാണ്. എന്നാൽ ഉപകരാറുകാരായ ശ്രീനാരായണ കൺസ്ട്രക്ഷൻസ് ലിമിറ്റഡ് ടി സർക്കാർ ഉത്തരവിനെതിരെ ബഹു മാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയും കോടതിവിധി പ്രകാരം ടി പ്രവൃത്തിയുടെ കാലാവധി 6 മാസത്തേക്കുകൂടി നീട്ടി നൽകി 02-06-2019-ൽ സർക്കാർ ഉത്തരവ് നൽകിയിട്ടുള്ളതുമാണ്.

## സർക്കാർ ആശുപത്രികളിലെ ലാബ് സൗകര്യം

141(3612) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ ചികിത്സ തേടുന്ന പല രോഗികൾക്കും സ്വകാര്യ ലാബുകളെ പരിശോധനയ്ക്കായി ആശ്രയിക്കേണ്ടിവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിൽ എത്രയിടത്ത് നിലവിൽ രാത്രികാല ലാബ് സൗകര്യമുണ്ട്;

(സി) ജില്ലാ ആശുപത്രികളിൽ എത്ര ഇടത്ത് രാത്രികാല ലാബ് സൗകര്യം നിലവിലുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) കൂടുതൽ സർക്കാർ ആശുപത്രികളിൽ ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന ലാബ് ഏർപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

### ഉത്തരം

(എ) സർക്കാർ ആശുപത്രികളിൽ ലഭ്യമല്ലാത്ത ടെസ്റ്റുകൾ ആവശ്യഘട്ടത്തിൽ ഇൻഷ്വറൻസ് കാർഡ്/മറ്റ് സ്കീമുകൾ എന്നിവയിൽ ഉൾപ്പെട്ടിട്ടുള്ള രോഗികൾ ആശുപത്രി കമ്മിറ്റിയുടെ തീരുമാനപ്രകാരം എംപാനൽ ചെയ്തിട്ടുള്ള സ്വകാര്യ ലാബുകളിൽ പരിശോധന നടത്താറുണ്ട്.

(ബി) തിരുവനന്തപുരം, പാരിപ്പള്ളി, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് മഞ്ചേരി, കണ്ണൂർ എന്നീ സർക്കാർ മെഡിക്കൽ കോളേജുകളിൽ രാത്രികാല ലാബ് പരിശോധന സൗകര്യം ലഭ്യമാണ്.

(സി) രാത്രികാല ലാബ് സൗകര്യം നിലവിലുള്ള ജില്ലാ ആശുപത്രികളുടെ പേര് ചുവടെചേർക്കുന്നു.

| ജില്ല | ആശുപത്രിയുടെ പേര് |
|---|---|
| തിരുവനന്തപുരം | ജില്ലാ ആശുപത്രി, നെടുമങ്ങാട് |
| കൊല്ലം | ജില്ലാ ആശുപത്രി, കൊല്ലം |
| പത്തനംതിട്ട | ജില്ലാ ആശുപത്രി, കോഴഞ്ചേരി |
| ആലപ്പുഴ | ജില്ലാ ആശുപത്രി, മാവേലിക്കര<br>ജില്ലാ ആശുപത്രി, ചെങ്ങന്നൂർ |

| | |
|---|---|
| കോട്ടയം | ജില്ലാ ആശുപത്രി, കോട്ടയം |
| തൃശ്ശൂർ | വടക്കാഞ്ചേരി ജില്ലാ ആശുപത്രി |
| പാലക്കാട് | ജില്ലാ ആശുപത്രി, പാലക്കാട് |
| മലപ്പുറം | ജില്ലാ ആശുപത്രി തിരൂർ/നിലമ്പൂർ/ പെരിന്തൽമണ്ണ |
| കോഴിക്കോട് | വടകര ജില്ലാ ആശുപത്രി |
| കണ്ണൂർ | ജില്ലാ ആശുപത്രി, കണ്ണൂർ |
| കാസർഗോഡ് | കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി |

(ഡി) ജില്ലാ/ജനറൽ ആശുപത്രികളിൽ എച്ച്.എം.സി/എൻ.എച്ച്.എം. മുഖേന ആവശ്യമുള്ള സ്റ്റാഫിനെ നിയമിച്ചും ഇപ്പോഴുള്ള സ്റ്റാഫിനെക്കൂടി ഉപയോഗപ്പെടുത്തിയും 24 മണിക്കൂർ ലാബ് സൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## കുടുംബാരോഗ്യകേന്ദ്രങ്ങളിൽ ഡയാലിസിസ് സൗകര്യം

142(3613) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡയാലിസിസ് അവശ്യമായ രോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത് കുറച്ചുകൊണ്ടുവരുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ആരോഗ്യവകുപ്പിന് കീഴിൽ ഡയാലിസിസ് സംവിധാനം ഇല്ലാത്ത നിയോജകമണ്ഡലങ്ങൾ സംസ്ഥാനത്തുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത നിയോജകമണ്ഡലങ്ങളിലെ പ്രധാന കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഡയാലിസിസ് സൗകര്യം ഏർപ്പെടുത്താൻ ആലോചിക്കുമോ; വിശദവിവരങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ജീവിതശൈലീരോഗങ്ങൾ വർദ്ധിച്ച് വരുന്നതിനോടൊപ്പംതന്നെ അതിന്റെ സങ്കീർണതകളായ വൃക്കരോഗങ്ങൾ ഉൾപ്പെടെയുള്ള രോഗങ്ങളും വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജീവിതശൈലീ രോഗങ്ങളായ പ്രമേഹം, രക്താതി സമ്മർദ്ദം തുടങ്ങിയ രോഗങ്ങളാണ് വൃക്കരോഗങ്ങൾ പോലെയുള്ള സങ്കീർണ്ണരോഗങ്ങളിലേയ്ക്ക് നയിക്കുന്നത്. അതുകൊണ്ടുതന്നെ ഈ രോഗങ്ങൾ വരാതിരിക്കുന്നതിന് ഇതിന്റെ ചികിത്സാവിധിയായ ഡയാലിസിസ് കുറയ്ക്കുന്നതിനും ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ പദ്ധതിയായ അമൃതം ആരോഗ്യം സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ആരോഗ്യ വകുപ്പിന്റെ സ്ഥാപനങ്ങളിലൂടെ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

30 വയസ്സിനുമുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളെയും ജീവിതശൈലീ രോഗങ്ങൾക്കായി സ്ക്രീനിംഗ് നടത്തുക, രോഗം കണ്ടെത്തുന്നവർക്ക് വിദഗ്ധർ തയ്യാറാക്കിയ പ്രോട്ടോക്കോൾ പ്രകാരമുള്ള മരുന്നുകളും ചികിത്സയും നൽകുക, രോഗങ്ങൾ മൂർദ്ധന്യാവസ്ഥയിലേക്ക് മാറാതെ സംരക്ഷിക്കുക, ആരോഗ്യ ബോധവൽക്കരണം നടത്തുക തുടങ്ങിയവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. ഇതിനായി സംസ്ഥാനത്ത് എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലും കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും ജില്ല/ജനറൽ/താലൂക്ക് ആശുപത്രികളിലും ജീവിതശൈലീ രോഗനിയന്ത്രണ ക്ലിനിക്കുകൾ ആരംഭിക്കുകയുണ്ടായി. നാളിതുവരെ 1 കോടി 33 ലക്ഷം ആൾക്കാരെ സ്ക്രീനിംഗിന് വിധേയമാക്കുകയും 8.9 ലക്ഷത്തിൽപ്പരം പുതിയ പ്രമേഹരോഗികളേയും 10.1 ലക്ഷത്തിൽപ്പരം പുതിയ രക്താദിസമ്മർദ്ദമുള്ളവരെയും കണ്ടെത്താൻ സാധിക്കുകയും ചെയ്തു.

കൃത്യമായ ജീവിതശൈലീരോഗ നിയന്ത്രണത്തിലൂടെ സങ്കീർണ്ണതകൾ കുറയ്ക്കാൻ സാധിക്കുന്നതിനും അതിലൂടെ ഡയാലിസിസ് പോലെയുള്ള ചികിത്സാവിധികൾ കുറയ്ക്കാൻ സാധിക്കുന്നതുമാണ്. ഇതിനായി ആരോഗ്യ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിനും വൃക്കരോഗങ്ങൾ പോലെയുള്ള സങ്കീർണ്ണതകൾ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള പരിശോധന സംവിധാനങ്ങൾ ഉൾപ്പെടുത്തുന്നതിനും ആരോഗ്യ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഡയാലിസിസ് യൂണിറ്റില്ലാത്ത നിയോജകമണ്ഡലത്തിന്റെ പേര് ജില്ല തിരിച്ച് ചുവടെചേർക്കുന്നു:

1. തിരുവനന്തപുരം ജില്ല

വർക്കല, വാമനപുരം, കഴക്കൂട്ടം, വട്ടിയൂർക്കാവ്, നേമം, അരുവിക്കര, കോവളം, ആറ്റിങ്ങൽ, കാട്ടാക്കട

2. കൊല്ലം ജില്ല

കുന്നത്തൂർ, പത്തനാപുരം, ഇരവിപുരം, ചാത്തന്നൂർ, കുണ്ടറ

3. പത്തനംതിട്ട

ആറന്മുള

4. ആലപ്പുഴ ജില്ല

അരൂർ, അമ്പലപ്പുഴ, കുട്ടനാട്

5. കോട്ടയം ജില്ല

പാലാ, കടുത്തുരുത്തി, വൈക്കം, ഏറ്റുമാനൂർ, പുതുപ്പള്ളി, ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി

6. ഇടുക്കി ജില്ല

ദേവികുളം, ഉടുമ്പൻചോല, ഇടുക്കി, പീരുമേട്

7. എറണാകുളം ജില്ല

അങ്കമാലി, വൈപ്പിൻ, തൃക്കാക്കര, കുന്നത്തുനാട്, മൂവാറ്റുപുഴ, കോതമംഗലം

8. തൃശ്ശൂർ ജില്ല

ചേലക്കര, ഗുരുവായൂർ, മണലൂർ, വടക്കാഞ്ചേരി, ഒല്ലൂർ, നാട്ടിക, ഇരിങ്ങാലക്കുട, പുതുക്കാട്

9. പാലക്കാട് ജില്ല

പട്ടാമ്പി, കൊങ്ങോട്ടി, മലമ്പുഴ, തരൂർ, നെന്മാറ, ചിറ്റൂർ & ആലത്തൂർ

10. മലപ്പുറം ജില്ല

തവനൂർ, കോട്ടയ്ക്കൽ, താനൂർ, തിരൂരങ്ങാടി, വള്ളിക്കുന്ന്, വേങ്ങര, മലപ്പുറം, മങ്കട, പെരിന്തൽമണ്ണ, വണ്ടൂർ, ഏറനാട്.

11. കോഴിക്കോട് ജില്ല

കൊയിലാണ്ടി നാദാപുരം, ഏലത്തൂർ, കോഴിക്കോട് സൗത്ത്, കുന്ദമംഗലം, താമരശ്ശേരി

12. കണ്ണൂർ ജില്ല

ഇരിക്കൂർ, അഴിക്കോട്, ധർമ്മടം

13. കാസർഗോഡ് ജില്ല

മഞ്ചേശ്വരം, ഉദുമ

(ഡി) നിലവിൽ ജില്ല/താലൂക്ക് ആശുപത്രികളിലാണ് ഡയാലിസിസ് യൂണിറ്റ് തുടങ്ങുവാൻ ഉദ്ദേശിക്കുന്നത്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഡയാലിസിസ് യൂണിറ്റ് തുടങ്ങുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**നിപ വൈറസ്**

143(3614) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം കോഴിക്കോട്ടും മലപ്പുറത്തുമായി 17 പേരുടെ ജീവനെടുത്ത നിപ വൈറസ് ഈ വർഷം എറണാകുളത്ത് വീണ്ടും സ്ഥിരീകരിക്കുകയുണ്ടായോ; വ്യക്തമാക്കുമോ;

(ബി) പൂനെ നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണോ രോഗം സ്ഥിരീകരിച്ചത്;

(സി) പ്രതിരോധ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാൻ കേന്ദ്ര ആരോഗ്യ വകുപ്പിന്റെ വിദഗ്ദ്ധ സംഘം കൊച്ചിയിൽ എത്തിയിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് എത്ര പേർക്കാണ് ഇതിനകം രോഗം സ്ഥിരീകരിച്ചത്; എത്ര പേർ ഇപ്പോൾ വിവിധ ആശുപത്രികളിലായി നിരീക്ഷണത്തിലുണ്ട്;

(ഇ) കഴിഞ്ഞ വർഷം ആലപ്പുഴയിൽ ഉദ്ഘാടനം ചെയ്ത വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് ഇനിയും പ്രവർത്തന സജ്ജമല്ലാത്ത സാഹചര്യമുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

## ഉത്തരം

(എ) എറണാകുളം പറവൂർ സ്വദേശിയായ 23 വയസ്സുള്ള പോളിടെക്നിക് വിദ്യാർത്ഥിയിൽ നിപബാധ സ്ഥിരീകരിച്ചു. രോഗി ആസ്റ്റർ മെഡിസിറ്റി ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്നു. രോഗനില മെച്ചപ്പെട്ടുവരുന്നു. അവസാനവട്ട സാമ്പിൾ പരിശോധനാഫലം നെഗറ്റീവായിരുന്നു.

(ബി) അതെ.

(സി) എത്തിയിട്ടുണ്ട്.

(ഡി) ഈ വർഷം ഒരാൾക്കുമാത്രമേ സ്ഥിരീകരിച്ചുള്ളൂ. 13 പേർ എറണാകുളം ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ആദ്യഘട്ട നിരീക്ഷണത്തിലുണ്ടായിരുന്നു. കൂടാതെ സംശയാസ്പദമായി 5 പേർ തിരുവനന്തപുരം മെഡിക്കൽ കോളേജിലും ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ ഓരോ ആളുകൾ വീതവും നിരീക്ഷണത്തിലുണ്ടായിരുന്നു. ഈ മുഴുവൻ ആളുകളുടെയും അവസാനവട്ട സാമ്പിൾ പരിശോധനയിൽ നിപ വൈറസ് സാന്നിദ്ധ്യം കണ്ടെത്തിയിട്ടില്ല. 13-6-2019-ലെ കണക്കുപ്രകാരം എറണാകുളം മെഡിക്കൽ കോളേജിൽ 4 പേരും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരാളും ഐസൊലേഷൻ വാർഡിൽ നിരീക്ഷണത്തിലാണ്. ഇവരുടെ അവസാനവട്ട സാമ്പിൾ പരിശോധനയിലും നിപ വൈവസ് സാന്നിദ്ധ്യം കണ്ടെത്തിയിട്ടില്ല.

(ഇ) കഴിഞ്ഞ വർഷം ആലപ്പുഴയിൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് ഉദ്ഘാടനം ചെയ്തിട്ടില്ല.

## നിപ വൈറസ് പ്രതിരോധനടപടി

144(3615) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വീണ്ടും നിപ രോഗം കണ്ടെത്തിയതിനെത്തുർന്ന് എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) നിപ വൈറസിനെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ) വവ്വാലുകളുടെ പ്രജനനകാലത്താണ് രോഗാണുവ്യാപനമുണ്ടാകുന്നത് എന്ന റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ പൊതുജനസുരക്ഷയ്ക്കായി ജാഗ്രത/ മുൻകരുതൽ നിർദ്ദേശങ്ങൾ നൽകിയിരുന്നു. നിപ വൈറസ് ബാധ സംബന്ധിച്ച് ബോധവത്കരണ പ്രവർത്തനം നടത്തിവരുന്നു.

ഗുരുതര ശ്വാസകോശ രോഗലക്ഷണങ്ങളുള്ളവരും പനി തലച്ചോറിനെ ബാധിക്കുന്ന ലക്ഷണങ്ങളുള്ള രോഗികളുമായി സമ്പർക്കം പുലർത്തുന്ന ഡോക്ടർമാർക്കും മറ്റ് ജീവനക്കാർക്കും ആവശ്യമായ വ്യക്തിഗത സുരക്ഷാ സാമഗ്രികൾ ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ ആശുപത്രികളിലും അണുനശീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. ആശുപത്രികളിൽനിന്ന് രോഗപ്പകർച്ചയുണ്ടാകാൻ സാധ്യതയില്ലാത്ത വിധത്തിൽ വളരെ കർശനമായി സ്ഥിതിഗതികൾ നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്തുവരുന്നു.

(ബി) ആരോഗ്യ വകുപ്പ് വെബ്സൈറ്റ് വഴിയും സോഷ്യൽ മീഡിയ വഴിയും പൊതുജനങ്ങൾക്ക് താഴെപ്പറയുന്ന ബോധവത്കരണ സന്ദേശങ്ങൾ നൽകിവരുന്നു.

- പഴങ്ങൾ വൃത്തിയായി കഴുകിയതിനുശേഷം മാത്രം ഉപയോഗിക്കുക.
- വവ്വാലുകൾ ഭക്ഷിച്ച പഴവർഗ്ഗങ്ങൾ (മാങ്ങ, പേരയ്ക്ക, ഞാവൽപഴം, റമ്പൂട്ടാൻ തുടങ്ങിയവ) ഉപയോഗിക്കാതിരിക്കുക.
- വവ്വാലുകൾ സ്പർശിക്കുകയോ കുടിക്കുകയോ ചെയ്യാൻ സാദ്ധ്യതയുള്ള തെങ്ങിൻ കള്ള്, പനങ്കള്ള് എന്നിവ യാതൊരു കാരണവശാലും ഉപയോഗിക്കാതിരിക്കുക.
- വവ്വാലുകളുടെ ആവാസ സ്ഥലങ്ങളിൽ അതിക്രമിച്ച് കടക്കാൻ ശ്രമിക്കാതിരിക്കുക.

കൂടാതെ 2019-ലെ 'നിപ' വൈറസ് ബാധയുമായി ബന്ധപ്പെട്ട് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി 5 വീഡിയോകൾ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ നിർമ്മിക്കുകയുണ്ടായി. നിപാ രോഗത്തിന്റെ ലക്ഷണങ്ങളും പ്രതിവിധികളും രോഗം പകരാതിരിക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങളും ഉൾപ്പെടുന്ന 3 അനിമേഷൻ വീഡിയോകളും എറണാകുളം നിപ കൺട്രോൾ സെല്ലിൽ വിളിച്ച് ചോദിക്കുന്ന ആവർത്തന സ്വഭാവമുള്ള ചോദ്യങ്ങളും അവയുടെ മറുപടികളും ഉൾപ്പെടുത്തിക്കൊണ്ടുള്ള മറ്റൊരു വീഡിയോയും പരിസര ശുചീകരണവും വ്യക്തിശുചിത്വവും പാലിക്കേണ്ടതിന്റെ ആവശ്യകത വിശദീകരിക്കുന്ന

വീഡിയോയും ബോധവത്കരണത്തിന്റെ ഭാഗമായി നിർമ്മിക്കുകയുണ്ടായി. വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് 12-6-2019 തീയതിയിൽ എറണാകുളം ജില്ലയിലെ മുഴുവൻ സ്കൂളുകളിലും അസംബ്ലിയിൽ പകർച്ചവ്യാധികളെക്കുറിച്ചും നിപ വൈറസിനെപ്പറ്റിയും ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ക്ലാസ്സുകൾ നൽകുകയും 'വരയ്ക്കാം ആരോഗ്യത്തിനായി' എന്ന സന്ദേശത്തിന്റെ അടിസ്ഥാനത്തിൽ കുട്ടികൾക്കായി ചിത്രരചനാ മത്സരം സംഘടിപ്പിക്കുകയും ചെയ്തു. തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികൾ, കുടുംബശ്രീ പ്രവർത്തകർ, പൊതുജനങ്ങൾ എന്നിവർക്ക് നിപ പ്രതിരോധവുമായി ബന്ധപ്പെട്ട് ആരോഗ്യ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയുണ്ടായി.

## നിപ ഇറാഡിക്കേഷൻ പദ്ധതി

145(3616) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമ്പൂർണ്ണ നിപ ഇറാഡിക്കേഷൻ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇത്തരം നടപടികളുടെ സാദ്ധ്യത പരിശോധിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ;

(ബി) നിപ വൈറസ് പ്രതിരോധം സംബന്ധിച്ച് തുടർച്ചയായി സ്വീകരിക്കേണ്ട നടപടികൾ അറിയിക്കുമോ;

(സി) നിലവിൽ ഇക്കാര്യത്തിൽ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണ്;

(ഡി) നിപ വൈറസ് പ്രതിരോധം സംബന്ധിച്ചുള്ള അനുഭവപാഠങ്ങളിൽ നിന്നും വരും നാളുകളിൽ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ?

### ഉത്തരം

(എ) നിപ രോഗബാധ സമ്പൂർണ്ണമായി ഇറാഡിക്കേറ്റ് ചെയ്യാൻ സാധ്യമല്ല. കാരണം ഇതിന്റെ റിസർവോയർ (രോഗവാഹകർ) വവ്വാൽ, പന്നി മുതലായ പക്ഷി മൃഗാദികളായതിനാൽ നിർമ്മാർജ്ജനം സാധ്യമല്ല. എന്നാൽ രോഗം വരാതിരിക്കാനുള്ള മുൻകരുതലുകൾ വന്നുകഴിഞ്ഞാൽ വളരെ വേഗം നിയന്ത്രണവിധേയമാക്കാനുള്ള പ്രവർത്തനങ്ങളും ആരോഗ്യവകുപ്പ് ഇതര വകുപ്പുകളുടെ (മൃഗസംരക്ഷണം, വനം, വന്യജീവി) സഹകരണത്തോടെ

ഊർജ്ജിതമായി നടപ്പിലാക്കിവരുന്നു. അതിന്റെ ഫലമായാണ് 2019-ൽ എറണാകുളം ജില്ലയിലുണ്ടായ നിപ ബാധ മറ്റുള്ളവരിലേയ്ക്ക് പകരാതെ നിയന്ത്രണവിധേയമാക്കുവാൻ സാധിച്ചത്.

(ബി&സി) നിപ വൈറസ് പ്രതിരോധം സംബന്ധിച്ച് തുടർച്ചയായി സ്വീകരിക്കേണ്ട നടപടികൾ താഴെപ്പറയുന്നവയാണ്:

- രോഗം നേരത്തെ കണ്ടെത്തുവാനുള്ള നടപടികൾ, രോഗ സ്ഥിരീകരണത്തിനാവശ്യമായ (വൈറോളജി ടെസ്റ്റുകൾക്ക്) ലാബ് സംവിധാനങ്ങൾ എന്നിവ മെച്ചപ്പെടുത്തുക.
- വൈറസ് വാഹകരായ ജീവികളെ കണ്ടുപിടിക്കുന്നതിന് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- പൊതുജനങ്ങൾക്കിടയിൽ ഉചിതമായ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുക.
- ആശുപത്രികളിൽക്കൂടിയുള്ള അണുബാധ നിയന്ത്രിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.
- ദീർഘകാലാടിസ്ഥാനത്തിലുള്ള ഗവേഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

പ്രസ്തുത പ്രവർത്തനങ്ങൾ ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു.

(ഡി) ആശുപത്രികളിൽനിന്നുമുള്ള രോഗബാധ തടയുവാനുള്ള പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ടുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഡിസംബർ മുതൽ ജൂൺ മാസംവരെയുള്ള വവ്വാലുകളുടെ പ്രജനന കാലഘട്ടത്തിലാണ് നിപ വൈറസ് വ്യാപനം നടക്കുന്നതെന്ന നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ നവംബർ-ഡിസംബർ മാസത്തിൽത്തന്നെ ജില്ലകൾക്ക് ജാഗ്രതാ നിർദ്ദേശം നൽകുകയും ആവശ്യമായ ബോധവത്കരണ പ്രവർത്തനങ്ങൾ മുൻകൂട്ടി നടപ്പിലാക്കുകയും ചെയ്യുന്നു. ആവശ്യമായ മരുന്നുകളുടേയും വ്യക്തിഗത സുരക്ഷാ സാമഗ്രികളുടേയും ലഭ്യത ഉറപ്പാക്കുന്നു. ഡോക്ടർമാർ, പാരാമെഡിക്കൽ, ഫീൽഡുവിഭാഗം ഉൾപ്പെടെ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനവും നൽകുന്നു. പൊതുജനങ്ങൾക്കാവശ്യമായ ബോധവവത്കരണം വിവിധ ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴി നൽകുന്നു. ഇതര വകുപ്പുകളുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തനങ്ങളും തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്നു.

## നിപ പ്രതിരോധ നടപടികൾ

146(3617) ഡോ. എം. കെ. മുനീർ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :

ശ്രീ. പാറക്കൽ അബ്ദുല്ല :

ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വർഷത്തിനുശേഷം വീണ്ടും സംസ്ഥാനത്ത് നിപ രോഗബാധ സ്ഥിരീകരിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്വീകരിച്ചുവരുന്ന പ്രതിരോധനടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ബി) രോഗബാധയുടെ ഉറവിടം കണ്ടെത്തുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) രോഗനിർണ്ണയം വേഗത്തിലാക്കുവാൻ പൂനെ മാതൃകയിൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുവാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; വ്യക്തമാക്കാമോ?

### ഉത്തരം

(എ) നിപ പ്രതിരോധ നടപടികളുടെ ഭാഗമായി രോഗം നേരത്തെ കണ്ടെത്തുവാനുള്ള പ്രവർത്തനങ്ങൾ, രോഗസ്ഥിരീകരണത്തിനാവശ്യമായ (വൈറോളജി ടെസ്റ്റുകൾ) ലാബ് സംവിധാനങ്ങൾ എന്നിവ മെച്ചപ്പെടുത്തിയിട്ടുണ്ട്. വൈറസ് വാഹകരായ ജീവികളെ കണ്ടുപിടിക്കുന്നതിന് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. പൊതുജനങ്ങൾക്കിടയിൽ ഉചിതമായ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ആശുപത്രികൾ വഴിയുള്ള അണുബാധ നിയന്ത്രിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. രോഗലക്ഷണങ്ങൾ സംശയിക്കുന്ന രോഗിയുടെ രക്തം, മൂത്രം, തൊണ്ടയിലേയും മൂക്കിലേയും സ്രവം, സുഷുമ്നാ സ്രവം (സി.എസ്.എഫ്.) എന്നിവ പൂനെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹായത്തോടെ പരിശോധിക്കുന്നു. രോഗം സ്ഥിരീകരിച്ച രോഗിയെ ഐസൊലേറ്റ് ചെയ്യുകയും അടുത്ത് ഇടപഴകിയവരുടെ ലിസ്റ്റ് തയ്യാറാക്കി അവരെയും നിരീക്ഷണ വിധേയമാക്കി ഇതിനോടൊപ്പം തന്നെ ബോധവത്കരണവും പ്രതിരോധ നടപടികളും ആരോഗ്യ പ്രവർത്തകർ വഴിയും മീഡിയ വഴിയും നടത്തിവരുന്നു. ആശുപത്രികളിൽ നിന്നുമുള്ള രോഗബാധ തടയുവാനുള്ള പ്രവർത്തനങ്ങൾക്ക്

മുൻഗണന നൽകിക്കൊണ്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഡിസംബർ മുതൽ ജൂൺ വരെയുള്ള മാസങ്ങളിൽ വവ്വാലുകളുടെ പ്രജനന കാലഘട്ടത്തിലാണ് നിപ വൈറസ് വ്യാപനം നടക്കുന്നതെന്ന നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ നവംബർ, ഡിസംബർ മാസങ്ങളിൽതന്നെ ജില്ലകൾക്ക് ജാഗ്രതാ നിർദ്ദേശം നൽകുകയും ആവശ്യമായ ബോധവത്കരണ പ്രവർത്തനങ്ങൾ മുൻകൂട്ടി നടപ്പിലാക്കുകയും ചെയ്തിരുന്നു. ആവശ്യമായ മരുന്നുകളുടെയും വ്യക്തിഗത സുരക്ഷാസാമഗ്രികളുടെയും ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. കൂടാതെ മെഡിക്കൽ കോളേജുകളിൽ ഇൻഫെക്ഷൻ കൺട്രോൾ സംവിധാനം ശക്തിപ്പെടുത്തുകയും ലിങ്ക് നഴ്സ് (Link Nurses) സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. വിവിധ കാറ്റഗറിയിലുള്ള ജീവനക്കാർക്ക് അണുബാധ നിയന്ത്രണത്തെ സംബന്ധിച്ച് പരിശീലനം നൽകുകയും ആശുപത്രി സൂപ്രണ്ടുമാരുടെ നേതൃത്വത്തിൽ ഇൻഫെക്ഷൻ കൺട്രോൾ കമ്മിറ്റികൾ ഈ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം നൽകുകയും ചെയ്യുന്നു. എല്ലാ മെഡിക്കൽ കോളേജുകളിലും Regional Epidemic and Infection Disease Cell (റീജിയണൽ എപ്പിഡെമിക് ആന്റ് ഇൻഫെക്ഷൻ ഡിസീസ് സെൽ) പ്രവർത്തിച്ചുവരുന്നു. സംസ്ഥാന തലത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ സ്റ്റേറ്റ് പീഡ് സെൽ (State PEID Cell)- സംസ്ഥാന പകർച്ചവ്യാധി പ്രതിരോധ സെൽ പ്രവർത്തിച്ചുവരുന്നു. പകർച്ചവ്യാധികളുടെ നിരീക്ഷണവും റിപ്പോർട്ടിംഗും കൂടാതെ 2018-ലെ നിപ അണുബാധയുടെ പശ്ചാത്തലത്തിൽ പീഡ് സെല്ലുകളോടനുബന്ധിച്ച് മെഡിക്കൽ കോളേജാശുപത്രി സൂപ്രണ്ട് കൺവീനറായി ഔട്ട് ബ്രേക്ക് മോണിറ്ററിംഗ് യൂണിറ്റ് (Out Break Monitoring Unit) പ്രവർത്തിച്ചുവരുന്നു. മെഡിസിൻ, പീഡിയാട്രിക്സ്, ഇൻഫെക്ഷ്യസ് ഡിസീസ്, കമ്മ്യൂണിറ്റി മെഡിസിൻ, മൈക്രോബയോളജി, ഫോറൻസിക് മെഡിസിൻ, പത്തോളജി എന്നീ വിഭാഗങ്ങൾ സംയുക്തമായാണ് ഔട്ട്ബ്രേക്ക് മോണിറ്ററിംഗ് യൂണിറ്റ് (Out Break Monotoring Unit)- ന്റെ പ്രവർത്തനം സംഘടിപ്പിക്കുന്നത്. അസാധാരണമായി ഏതെങ്കിലും സാംക്രമിക രോഗലക്ഷണങ്ങളുള്ള രോഗി അഡ്മിറ്റാകുകയോ മരണപ്പെടുകയോ ചെയ്യുകയാണെങ്കിൽ ഔട്ട്ബ്രേക്ക് മോണിറ്ററിംഗ് യൂണിറ്റിന്റെ അലർട്ട് നിലവിൽ വരുകയും പ്രത്യേക അന്വേഷണം നടത്തുകയും ചെയ്യുന്നു. നിപ പോലെയുള്ള പുതിയ മാരകരോഗങ്ങൾ നേരത്തെ കണ്ടുപിടിക്കാൻ വേണ്ടിയുള്ള പ്രത്യേക സംവിധാനമായിട്ടാണ് ഒ.എം.യു. (O.M.U) ഏർപ്പെടുത്തിയിട്ടുള്ളത്. 2019-ൽ സംസ്ഥാനത്ത് ഒരാൾക്കുമാത്രമേ നിപരോഗബാധ സ്ഥിരീകരിച്ചിട്ടുള്ളൂ.

(ബി) ഉറവിടം കണ്ടെത്തുന്നതിനായി ഐ.സി.എം.ആർ, ഐ.സി.ഡി.സി, എൻ.ഐ.ഇ., മൃഗസംരക്ഷണ വകുപ്പ് എന്നിവർ ഇതുസംബന്ധിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(സി) കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ വൈറൽ രോഗ നിർണ്ണയങ്ങൾക്കായി സ്റ്റേറ്റ് ലെവൽ വൈറൽ റിസർച്ച് ഡയഗ്നോസ്റ്റിക് ലാബ് പ്രവർത്തിക്കുന്നുണ്ട്. ഈ ലാബിനെ റീജിയണൽ ലെവൽ വൈറൽ ഡയഗ്നോസ്റ്റിക് ലാബാക്കി മാറ്റുന്നതിനായി BSL III ലാബ് നിർമ്മിക്കുന്നതിനായി 3.895 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. എന്നാൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ സ്ഥലം കണ്ടെത്തുകയും 5.5 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കും 1.8 കോടി രൂപയ്ക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനുമുള്ള ഭരണാനുമതി സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ട്. BSL III ലാബ് നിർമ്മിക്കുന്നതിനാവശ്യമായ ബാക്കി തുകയായ 3.5 കോടി രൂപ കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

### ഫാം.ഡി. കോഴ്സ് നടത്തുന്ന സ്ഥാപനങ്ങൾ

147(3618) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫാം.ഡി. കോഴ്സ് നടത്തിവരുന്ന സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും എത്ര സീറ്റുകൾ നിലവിലുണ്ടെന്നും അറിയിക്കുമോ;

(ബി) കണ്ണൂർ ജില്ലയിലെ പരിയാരം മെഡിക്കൾ കോളേജ് ആശുപത്രിയിൽ ഫാം.ഡി. കോഴ്സ് ആരംഭിച്ചത് എപ്പോഴാണ്; എത്ര കുട്ടികൾ ഇവിടെ പ്രസ്തുത കോഴ്സിന് പഠിക്കുന്നുണ്ട്; വ്യക്തമാക്കുമോ ;

(സി) പരിയാരം മെഡിക്കൽ കോളേജിൽ ഫാം.ഡി കോഴ്സ് നിലനിർത്തുന്നതിനും മറ്റ് കോളേജുകളിൽ ഫാം.ഡി. കോഴ്സ് ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഫാം.ഡി. കോഴ്സ് നടത്തിവരുന്ന സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും എത്ര സീറ്റുകൾ നിലവിലുണ്ടെന്നുമുള്ള വിവരം അനുബന്ധമായി *ചേർക്കുന്നു.

(ബി) കണ്ണൂർ ജില്ലയിലെ പരിയാരം മെഡിക്കൽ കോളേജിനുകീഴിലുള്ള അക്കാദമി ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസസ് എന്ന സ്ഥാപനത്തിൽ 2012-13 അദ്ധ്യയന വർഷം മുതലാണ് ഫാം.ഡി. കോഴ്സ് ആരംഭിച്ചിട്ടുള്ളത്. 2018-19 അദ്ധ്യയന വർഷം വരെ പ്രതിവർഷം 30 സീറ്റുകളിലേക്ക് വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചിട്ടുണ്ട്.

(സി) പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം

148(3619) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയവയുടെ നിരീക്ഷണത്തിനും നിയന്ത്രണത്തിനുമായുള്ള കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമനിർമ്മാണനടപടികൾ ഏതുഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയവയുടെ നിരീക്ഷണത്തിനും നിയന്ത്രണത്തിനുമായുള്ള കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് (2018-ലെ 2) കേരള നിയമസഭ 1-2-2018-ാം തീയതിയിൽ പാസ്സാക്കുകയുണ്ടായി. തുടർന്ന് 26-12-2018-ലെ 929/2018 എസ്.ആർ.ഒ. പ്രകാരം കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷനും നിയന്ത്രണവും) ചട്ടങ്ങൾ വിജ്ഞാപനം ചെയ്യുകയുണ്ടായി. 1-1-2019 തീയതി പ്രാബല്യത്തിൽ മോഡേൺ മെഡിസിൻ (ദന്ത ചികിത്സ ഉൾപ്പെടെ) താൽക്കാലിക രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്. 15-6-2019-ാം തീയതി പ്രാബല്യത്തിൽ ആയുഷ് വിഭാഗത്തിനുകീഴിലുള്ള ചികിത്സാ രീതികളെയും പ്രസ്തുത ആക്ടിൽ ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

## ആർ.സി.സി.-യിലെ കുട്ടികളായ രോഗികൾ

149(3620) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.സി.സി.-യിൽ അനസ്തേഷ്യ നൽകി കുട്ടികൾക്ക് എം.ആർ.ഐ. സ്കാൻ എടുത്തിരുന്നത് നിർത്തലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണമെന്താണ്;

(ബി) അനസ്തേഷ്യ നൽകി എം.ആർ.ഐ. സ്കാൻ ചെയ്യേണ്ടി വരുന്ന കുട്ടികളായ രോഗികൾക്ക് ഇപ്പോൾ ആർ.സി.സി.യിൽ എന്ത് സംവിധാനമാണ് ഉള്ളതെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. ജനറൽ അനസ്തേഷ്യ നൽകി കുട്ടികൾക്ക് എം.ആർ.ഐ. സ്കാൻ ചെയ്തിരുന്ന മെഷീൻ തകരാറിലായതിനാൽ ഇപ്പോൾ ഈ സേവനം നൽകാൻ കഴിയുന്നില്ല. എം.ആർ.കംപാറ്റിബിൾ SPO2 മോണിറ്റർ റിപ്പയർ ചെയ്യാൻ സാധിക്കാത്തവിധത്തിൽ കേടായതിനാൽ പുതിയ മോണിറ്റർ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത് പ്രവർത്തനസജ്ജമാക്കുന്നതോടെ പ്രശ്നം പരിഹരിക്കപ്പെടുന്നതാണ്.

**ആർ.സി.സി.-യിലെ ഇമേജിയോളജി ഡിവിഷനിലെ സി.റ്റി. സ്കാൻ മെഷീൻ**

150(3621) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.സി.സി.-യിലെ ഇമേജിയോളജി ഡിവിഷനിലെ സി.റ്റി. സ്കാൻ മെഷീൻ തകരാറിലായിട്ടുണ്ടോ; എങ്കിൽ എന്നുമുതലാണ് പ്രസ്തുത മെഷീൻ പ്രവർത്തനരഹിതമായത് എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത മെഷീന്റെ പ്രവർത്തനം പുനഃസ്ഥാപിക്കുവാൻ സാധിക്കാത്തത് ആരുടെ അനാസ്ഥ കൊണ്ടാണ്;

(സി) മെഷീന്റെ തകരാർ പരിഹരിച്ച് രോഗികൾക്ക് അത് ഉപയോഗപ്രദമാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ആർ.സി.സി.-യിലെ ഇമേജിയോളജി ഡിവിഷനിലെ സി.റ്റി. സ്കാൻ മെഷീൻ 2019 മാർച്ച് 1-ാം തീയതി മുതലാണ് പ്രവർത്തനരഹിതമായത്.

(ബി&സി) പ്രസ്തുത മെഷീന്റെ കാലപഴക്കം പരിഗണിച്ച് പുതിയ മെഷീൻ വാങ്ങാൻ 2016-2017 സ്റ്റേറ്റ് കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് പ്ലാൻ ഫണ്ടിൽ 12 കോടി രൂപ വകയിരുത്തി 2017-ൽ ടെണ്ടർ നടപടികൾ ആരംഭിച്ചു. ആദ്യത്തെ ടെണ്ടറിൽ M/s. Siemens Health Care Pvt. Ltd. എന്ന കമ്പനി മാത്രമാണ് പങ്കെടുത്തത്. ആയതിനാൽ വീണ്ടും റീ-ടെണ്ടർ ചെയ്യുകയുണ്ടായി. രണ്ടാം തവണയും ടി കമ്പനി മാത്രമാണ് പങ്കെടുത്തത്. സാങ്കേതിക കമ്മിറ്റിയുടെ ശിപാർശ പ്രകാരവും സ്റ്റോർ പർച്ചേഴ്സ് അനുശാസിക്കുന്ന നിയമപ്രകാരവും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുവാദത്തോടെയും 2018 മാർച്ച് 17-ൽ ഫിനാൻഷ്യൽ ബിഡ് ഓപ്പൺ ചെയ്തു.

എന്നാൽ കമ്പനി quote ചെയ്ത തുക കൂടുതലായതിനാൽ അവരുമായി ചർച്ച ചെയ്യാൻ 2018 മാർച്ച് 26-ന് ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു. തുടർന്ന് കമ്പനിയുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ 14.85 കോടി രൂപയായി നിജപ്പെടുത്തുകയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുവാദത്തോടെ സപ്ലൈ ഓർഡർ M/s. Siemens Health Care Pvt. Ltd.-ന് നൽകുകയുണ്ടായി. എന്നാൽ 12 കോടി രൂപയ്ക്കുപുറമേയുള്ള 2.85 കോടി രൂപ Supplementary Demand Grant ആയി വകയിരുത്താൻ എക്സിക്യൂട്ടീവ് കമ്മിറ്റി ശിപാർശ ചെയ്തു. എന്നാൽ കേന്ദ്രം വകയിരുത്തിയ 12 കോടി രൂപ പൂർണ്ണമായും ലഭ്യമല്ലാത്തതിനാൽ സപ്ലൈ ഓർഡർ റദ്ദാക്കുകയുണ്ടായി. എന്നാൽ പിന്നീട് കേന്ദ്രഫണ്ടായ 12 കോടി രൂപ ലഭ്യമായ അവസ്ഥയുണ്ടായി. എക്സിക്യൂട്ടീവ് കമ്മിറ്റി ശിപാർശ പ്രകാരം മെഷീന്റെ കോൺഫിഗറേഷൻ ലഭ്യമായ തുകയ്ക്കനുസൃതമായി നിജപ്പെടുത്തി റീ-ടെണ്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ ആർ.സി.സി.-യിലെ റേഡിയേഷൻ ഓങ്കോളജിയിലും ന്യൂക്ലിയാർ മെഡിസിനുമുള്ള സി.റ്റി.സ്കാൻ മെഷീനുകൾ ഉപയോഗപ്പെടുത്തി രോഗികൾക്ക് ബുദ്ധിമുട്ട് വരാതെ സ്കാനിംഗ് നടത്തിവരുന്നു.

**പേവിഷ പ്രതിരോധ കുത്തിവയ്പ്**

151(3622) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പേവിഷ പ്രതിരോധ കുത്തിവെയ്പ് സൗജന്യമാണോ; ഇതിനുള്ള മരുന്നുകൾ ഏതൊക്കെ തലത്തിലുള്ള ആശുപത്രികളിൽ ലഭ്യമാണെന്ന് വ്യക്തമാക്കാമോ?

(ബി) പ്രതിരോധ കുത്തിവെയ്പ് സൗജന്യമായിട്ടും സംസ്ഥാനത്ത് 2018-ൽ ആറുപേരും ഈ വർഷം ഇതുവരെ 3 പേരും പേവിഷബാധ മൂലം മരിച്ച സാഹചര്യത്തിൽ ഇതു സംബന്ധിച്ച് ബോധവൽക്കരണം നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പേവിഷ പ്രതിരോധ കുത്തിവയ്പ് സർക്കാർ ആശുപത്രികളിൽ തികച്ചും സൗജന്യമായാണ് നൽകുന്നത്. എല്ലാ സർക്കാർ മെഡിക്കൽ കോളേജുകൾ, ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ തെരഞ്ഞെടുക്കപ്പെട്ട സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലൂടെ പേവിഷ പ്രതിരോധ കുത്തിവയ്പായ ഇൻട്രാ ഡെർമൽ റാബീസ് വാക്സിൻ (IDRV) സൗജന്യമായി നൽകിവരുന്നുണ്ട്.

(ബി) പേവിഷബാധ ചികിത്സ സംബന്ധമായ പരിശീലനം ഡോക്ടർമാർക്കും നഴ്സ്മാർക്കും എല്ലാ ജില്ലകളിലും നൽകിവരുന്നുണ്ട്. കൂടാതെ മറ്റ് ഡോക്ടർമാർക്കും ഫീൽഡ് തല ആരോഗ്യ പ്രവർത്തകർക്കും ആശമാർക്കും പൊതുജനങ്ങൾക്കും പേവിഷബാധയെക്കുറിച്ചും സ്വീകരിക്കേണ്ട മുൻകരുതലുകളെപ്പറ്റിയുമുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ മൃഗസംരക്ഷണ വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സഹകരണത്തോടെ നടപ്പിലാക്കിവരുന്നുണ്ട്. അത് ശക്തമാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

മെഡിക്കൽ കോളേജാശുപത്രിയിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം പേവിഷബാധ പ്രതിരോധം സംബന്ധിച്ച് മെഡിക്കൽ ക്യാമ്പുകളും ബോധവത്കരണ ക്ലാസ്സുകളും നൽകുന്നുണ്ട്.

## ശരിയായ ആരോഗ്യ ശീലം

152(3623) <u>ശ്രീ. വി. അബ്ദുറഹിമാൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസത്തിലും വ്യക്തിശുചിത്വത്തിലും കേരളീയർ മാതൃകാപരമായ നിലവാരം പുലർത്തുമ്പോഴും പരിസര ശുചിത്വത്തിന്റെ കാര്യത്തിൽ വളരെ മോശം നിലവാരമാണ് വച്ചുപുലർത്തുന്നത് എന്ന വസ്തുത ആരോഗ്യ വകുപ്പ് പഠനവിധേയമാക്കിയിട്ടുണ്ടോ;

(ബി) മേൽ സൂചിപ്പിച്ച പ്രവണതയിൽ നിന്നും മലയാളിയെ മാറ്റിയെടുക്കുന്നതിന് ആരോഗ്യവകുപ്പ് എന്തെങ്കിലും പ്രത്യേക പ്രചാരണ പരിപാടികളോ മറ്റോ നടപ്പിലാക്കുന്നുണ്ടോ;

(സി) ശരിയായ ആരോഗ്യ ശീലം കുട്ടിക്കാലം മുതൽ ഉറപ്പാക്കുന്നതിന് വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് കൂടുതൽ സമഗ്രമായ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ;

(ഡി) പരിസരശുചിത്വം സംബന്ധിച്ച് ജനങ്ങളിൽ അവബോധം ഉണ്ടാക്കാൻ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

<u>ഉത്തരം</u>

(എ&ബി) ആരോഗ്യ ജാഗ്രതാ പ്രവർത്തനത്തിലൂടെ വ്യക്തിശുചിത്വം, പരിസരശുചിത്വം, രോഗപ്രതിരോധം എന്നിവയെക്കുറിച്ച് സമൂഹത്തെ ബോധവത്കരിക്കുന്ന 'പ്രതിദിനം പ്രതിരോധം' എന്ന ആശയത്തിലൂടെ രോഗം വരുന്നതിനുള്ള സാഹചര്യം ഒഴിവാക്കുന്നതിനോടൊപ്പം യഥാസമയം ചികിത്സ

തേടുവാനുള്ള ബോധവത്കരണ പ്രവർത്തനങ്ങളാണ് നടത്തുന്നത്. ആരോഗ്യ സന്ദേശയാത്ര, പകർച്ചവ്യാധികൾ സംബന്ധിച്ച ദിനാചരണം, വാരാചരണം, മാസാചരണം തുടങ്ങിയവ നടത്തുമ്പോഴും അല്ലാതെയും സെമിനാറുകൾ, ശില്പശാലകൾ, ആരോഗ്യപത്രം, ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ, മൈക്ക് അനൗൺസ്മെന്റ്, കൈപുസ്തകങ്ങൾ തുടങ്ങിയവയിലെല്ലാം പൊതുജന ബോധവൽക്കരണത്തിനും ശീലവൽക്കരണത്തിനും ആവശ്യമായ സന്ദേശങ്ങൾ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ നൽകിവരുന്നുണ്ട്. കൂടാതെ ഗൃഹസന്ദർശനം, സ്ഥാപനസന്ദർശനം എന്നിവ നടത്തുന്നു. സ്കൂൾ, അംഗനവാടികൾ, റസിഡന്റ്സ് അസ്സോസിയേഷനുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ തുടങ്ങിയവയിലും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി ജനങ്ങളിൽ ശരിയായ ആരോഗ്യശീലങ്ങളുണ്ടാക്കുന്നതിന് ആരോഗ്യ വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് വിവിധതരം പ്രവർത്തനങ്ങളാണ് കുട്ടികളിൽ ആരോഗ്യശീലം ഉറപ്പാക്കുന്നതിന് നടത്തിവരുന്നത്.

പകർച്ചവ്യാധി പ്രതിരോധം സംബന്ധിച്ച പാഠഭാഗങ്ങൾ സ്കൂൾ സിലബസുകളിൽ ഉൾപ്പെടുത്തിവരുന്നു. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ആരോഗ്യ വകുപ്പുദ്യോഗസ്ഥർ ബോധവത്കരണം നടത്തിവരുന്നു. വ്യക്തിശുചിത്വം, പരിസരശുചിത്വം, കുടിവെള്ള ശുചിത്വം, കൊതുകുറവിട നശീകരണം, മാലിന്യ നിർമ്മാർജ്ജനം, ഭക്ഷണശുചിത്വം തുടങ്ങിയവ സംബന്ധിച്ച് ആരോഗ്യ ശീലങ്ങൾ രൂപപ്പെടുത്തുന്നതിന് വിവിധ ബോധവത്കരണ ഉപാധികളിലൂടെ ആരോഗ്യവകുപ്പും വിദ്യാഭ്യാസ വകുപ്പും സംയുക്തമായി പ്രവർത്തിച്ചുവരുന്നു.

സ്കൂളിലെ പി.റ്റി.എ., എൻ.സി.സി., സ്കൗട്ട്സ്, എൻ.എസ്.എസ്., ഹെൽത്ത് ക്ലബ്, നേച്ചർ ക്ലബ്, ഗൈഡ്സ് തുടങ്ങിയവ വഴിയും ആരോഗ്യ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നു. സ്കൂൾ അസംബ്ലികളിൽ ആരോഗ്യ സന്ദേശങ്ങൾ വായിക്കൽ, പകർച്ചവ്യാധി സംബന്ധിച്ച ദിന/വാര/മാസാചരണം, മത്സരങ്ങൾ തുടങ്ങിയവയും നടത്തിവരുന്നു. പ്രതിവാര ഡ്രൈഡേ ആചരണം, പകർച്ചവ്യാധികൾ സംബന്ധിച്ച അസൈൻമെന്റ്, പ്രോജക്ട് തുടങ്ങിയവയും എടുത്തുപറയാവുന്നതാണ്.

ആരോഗ്യ ജാഗ്രതാ ക്യാമ്പയിനുകൾ, ഹരിതകേരള മിഷൻ വഴി നടത്തിയ ജാഗ്രതോത്സവം, പെൻസിൽ പരിപാടികളിലും വിദ്യാർത്ഥികൾക്ക് ബോധവത്കരണം നൽകിവരുന്നു. വിവിധ തലങ്ങളിൽ ഉദ്യോഗസ്ഥർ ഇത് അവലോകനം ചെയ്യുന്നു. വിവിധ വകുപ്പുകളുടെ ഏകോപനയോഗങ്ങളിലും ഇത്തരം പ്രവർത്തനങ്ങൾ വിലയിരുത്തി വേണ്ടനിർദ്ദേശങ്ങൾ നൽകുന്നു.

(ഡി)

- ആരോഗ്യ ജാഗ്രതാ കർമ്മ പദ്ധതിയിൽ ആരോഗ്യ പ്രവർത്തകർ ഗൃഹസന്ദർശനം, സ്ഥാപന സന്ദർശനം, സ്കൂൾ സന്ദർശനം നടത്തുമ്പോഴും ശുചിത്വ മാപ്പിംഗ് നടത്തുമ്പോഴും ജനങ്ങൾക്ക് പരിസര ശുചിത്വം സംബന്ധിച്ചുള്ള ബോധവൽക്കരണം നൽകുന്നുണ്ട്.
- ആരോഗ്യ ജാഗ്രത സംബന്ധിച്ച് പ്രത്യേക ഗ്രാമസഭ വിളിച്ചുകൂട്ടിയും ബോധവത്കരണ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പ് സഹായത്തോടെ നടത്തുന്നു.
- വാർഡുതല ആരോഗ്യ ശുചിത്വ സമിതിയുടെ ആഭിമുഖ്യത്തിൽ ആരോഗ്യ കർമ്മസേനാംഗങ്ങൾ വഴി ബോധവത്കരണം
- വിവിധ വകുപ്പുകൾ അതാത് വകുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നവർക്ക് നൽകുന്ന ആരോഗ്യ ബോധവത്കരണം.
- വിവിധ പത്ര, ദൃശ്യ, ശ്രവ്യ മാധ്യമങ്ങൾ വഴി നടത്തുന്ന ബോധവത്കരണം (എഫ്.എം. റേഡിയോ ഉൾപ്പെടെ)
- പ്രാഥമിക/കുടുംബാരോഗ്യ കേന്ദ്രങ്ങൾ വഴി രോഗികൾക്കും ബന്ധുക്കൾക്കും നൽകുന്ന ബോധവത്കരണം.
- ആരോഗ്യ സന്ദേശ യാത്ര, പകർച്ചവ്യാധികൾ സംബന്ധിച്ച ദിന/വാര/മാസാചരണങ്ങൾ രോഗപ്രതിരോധത്തിനുള്ള ക്യാമ്പയിനുകൾ തുടങ്ങിയവയോടനുബന്ധിച്ച് നൽകുന്ന ബോധവത്കരണം.
- പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടാനുള്ള സാഹചര്യമുണ്ടാകുമ്പോഴും പൊട്ടിപ്പുറപ്പെടുമ്പോഴും ജനങ്ങൾക്കും ആരോഗ്യ പ്രവർത്തകർക്കും നൽകുന്ന ജാഗ്രതാ നിർദ്ദേശങ്ങൾ.
- ദിശ ടോൾ ഫ്രീ നമ്പറായ 1056-ലൂടെ നൽകിവരുന്ന ആരോഗ്യ സംബന്ധമായ സംശയ ദൂരീകരണം.
- ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന്റെ വെബ്സൈറ്റിലൂടെ നൽകിവരുന്ന മാർഗ്ഗനിർദ്ദേശങ്ങൾ തുടങ്ങിയവ.
- പകർച്ചവ്യാധി സാഹചര്യം സൃഷ്ടിക്കുന്നവർക്കെതിരെ നിലവിലെ പൊതുജനാരോഗ്യ നിയമപ്രകാരം ആവശ്യമായ തിരുത്തൽ/ശിക്ഷണ നടപടി സ്വീകരിക്കൽ.

## ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് നിയമ ഭേദഗതി

153(3624) ശ്രീ. കെ. എൻ. എ. ഖാദർ:

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1940-ലെ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് നിയമത്തിൽ കേന്ദ്രസർക്കാർ വരുത്തിയ പതിനൊന്നാമത് ഭേദഗതി പ്രകാരം ആയുർവേദ മരുന്നുകളുടെ പരസ്യത്തിന് പ്രത്യേക നിബന്ധന പ്രാവർത്തികമാക്കിയത് സംസ്ഥാനത്ത് നിലവിൽ വന്നിട്ടുണ്ടോ;

(ബി) ഇതിൻപ്രകാരം പ്രസിദ്ധീകരണത്തിനു മുമ്പ് പരസ്യം പരിശോധിക്കാൻ പ്രത്യേക കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; ഈ കമ്മിറ്റിയുടെ ഘടന വിശദമാക്കുമോ; കമ്മിറ്റി രൂപവൽക്കരണം സംബന്ധിച്ച് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിന് കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കമ്മിറ്റി മുമ്പാകെ നാളിതുവരെ ലഭിച്ച അപേക്ഷകൾ എത്രയെന്നും തീർപ്പാക്കിയവ എത്രയെന്നുമുള്ള കണക്കുകൾ നൽകാമോ; ഇവ തീർപ്പാക്കാൻ കാലതാമസമുണ്ടാകുന്നതായി വിലയിരുത്തിയിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരസ്യങ്ങൾക്ക് അനുമതി നൽകുന്നത് പരിശോധിക്കുവാൻ പ്രത്യേക കമ്മിറ്റിയെ നിയമിക്കുന്നത് സംബന്ധിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു.

(സി) 19 അപേക്ഷകൾ പരിഗണനയിലാണ്. പരസ്യങ്ങൾ വിലയിരുത്തുന്ന കമ്മിറ്റി അംഗങ്ങളെ ചുമതലപ്പെടുത്തിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറയ്ക്ക് കാലതാമസം കൂടാതെ പരസ്യങ്ങൾക്ക് അനുമതി നൽകാൻ കഴിയുന്നതാണ്.

## ആലപ്പുഴ മെഡിക്കൽ കോളേജിലെ സി.റ്റി. സിമുലേറ്റർ

154(3625) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജിൽ 3.50 കോടി രൂപയ്ക്ക് വാങ്ങിയ സി.റ്റി, സിമുലേറ്റർ ഉപേക്ഷിക്കപ്പെട്ട അവസ്ഥയിൽ കിടക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2017 ജൂൺ മാസമാണോ ഈ ഉപകരണംവാങ്ങിയത്; ഈ ഉപകരണം എന്തുകൊണ്ട് ഉപയോഗിക്കുന്നില്ല;

(സി) ഉപയോഗപ്രദമല്ലെങ്കിൽ എന്തിന് വാങ്ങി; ആരാണ് വാങ്ങാൻ ഉത്തരവ് ഇട്ടത്; ഇതിന്റെ നഷ്ടം ഉത്തരവാദികളിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ&ബി) 2017 ഏപ്രിൽ 17-ന് സി.റ്റി. സിമുലേറ്റർ ആലപ്പുഴ മെഡിക്കൽ കോളേജിലേയ്ക്ക് വിതരണം ചെയ്തെങ്കിലും 2017 ജൂലൈയിലാണ് ഇൻസ്റ്റാൾ ചെയ്തത്. പിന്നക്കിൾ വെർച്ച്വൽ സിമുലേഷൻ 2018 ജനുവരിയിൽ ഇൻസ്റ്റാൾ ചെയ്യുകയും മൂവിങ്ങ് ലേസ്ഴ്സ് 2018 മാർച്ചിൽ കമ്മീഷൻ ചെയ്യുകയും ചെയ്തു. റേഡിയോ തെറാപ്പി വിഭാഗത്തിലെ ഈ ഉപകരണം കമ്മീഷൻ ചെയ്തതായി കണക്കാക്കണമെങ്കിൽ എ.ഇ.ആർ.ബി.-യിൽ നിന്നുള്ള ട്രീറ്റ്മെന്റ് ലൈസൻസ് ആവശ്യമാണ്. 30-6-2017-ൽ റേഡിയോ തെറാപ്പി വിഭാഗം മേധാവി മെഷീൻ ചികിത്സയ്ക്ക് യോഗ്യമാണെന്ന് റിപ്പോർട്ട് ചെയ്തു. എന്നാൽ ഡിസംബർ 2018 മുതൽ ലേസർ പ്രവർത്തനരഹിതമായി. മെഷീൻ നന്നാക്കാനായി 2018 ഡിസംബർ, 2019 ജനുവരി, ഫെബ്രുവരി കാലയളവിൽ ശ്രമിക്കുകയും മെഷീന്റെ ഭാഗങ്ങൾ മാറ്റിവയ്ക്കുകയും ചെയ്തെങ്കിലും പ്രവർത്തനക്ഷമമാകാത്തതിനെ തുടർന്ന് കമ്പനിയോട് പുതിയ സെറ്റ് മൂവിങ്ങ് ലേസർ മാറ്റിവയ്ക്കാൻ നിർദ്ദേശിച്ചു. ലേസർ മാറ്റിവയ്ക്കുമ്പോൾ എ.ഇ.ആർ.ബി.-യുടെ അപ്രൂവൽ ലഭിച്ചതിനുശേഷം മാത്രമേ വാറണ്ടി തുടങ്ങുകയുള്ളൂ. അതിനാൽ കമ്പനി അവകാശപ്പെട്ട പ്രകാരം 30-06-2017 മുതൽ 03-07-2019 വരെയുള്ള കാലയളവ് വാറണ്ടി പീരിയഡായി കണക്കാക്കാൻ സാധിക്കുകയില്ല എന്നുള്ള വിവരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചതിനെ തുടർന്ന് കമ്പനി അധികൃതരുടേയും കോളേജിലെ അധികൃതരുടേയും സാന്നിദ്ധ്യത്തിൽ ഒരു മീറ്റിംഗ് കൂടുകയും 30-04-2019 മാർച്ചിനുള്ളിൽ എല്ലാ അറ്റകുറ്റ പണികളും ചെയ്ത് തീർക്കാൻ തീരുമാനിക്കുകയും

ചെയ്തു. ലേറ്റസ്റ്റ് മോഡൽ ലേസ്ഴ്സ് 29-4-2019 ലാണ് മാറ്റിവച്ചത്. 14-5-2019-ൽ എ.ഇ.ആർ.ബി. അംഗീകാരം നേടുകയും ജീവനക്കാരുടെ ട്രെയിനിംഗ് നടത്തി 17-5-2019 മുതൽ രോഗികൾക്ക് ചികിത്സക്കായി ടി ഉപകരണം ഉപയോഗിക്കുകയും ചെയ്യുന്നുണ്ട്.

(സി) സി.റ്റി സിമുലേറ്റർ നൂതന കാൻസർ ചികിത്സയ്ക്ക് ഉപയോഗപ്രദമാണ്. സർക്കാർ ഉത്തരവ് (സാധാ) 66/2014/ആ.കു.വ, തീയതി. 7-1-2014 പ്രകാരമാണ് റേഡിയോ തെറാപ്പി വിഭാഗത്തിനായി ഏകദേശം 3 കോടി രൂപയ്ക്ക് സി.റ്റി. സിമുലേറ്റർ വാങ്ങാനായി അനുമതി നൽകിയത്. തുടർന്ന് ആലപ്പുഴ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ടെണ്ടർ ക്ഷണിക്കുകയും ടെക്നിക്കൽ കമ്മറ്റി M/s. ഫിലിപ്പ്സ് കമ്പനിയുമായി നെഗോഷ്യേറ്റ് ചെയ്ത് 3,78,54,750(മൂന്ന് കോടി എഴുപത്തി എട്ട് ലക്ഷത്തി അൻപത്തി നാലായിരത്തി എഴുന്നൂറ്റി അൻപത് രൂപ) രൂപയ്ക്ക് ടി ഉപകരണം വാങ്ങാനായി ശിപാർശ ചെയ്യുകയും 13-11-2013-ൽ കൂടിയ സെക്രട്ടറി തലത്തിലുള്ള ഡിപ്പാർട്ട്മെന്റ് പർച്ചേയ്സ് കമ്മറ്റി മേൽ തുകയ്ക്ക് ഉപകരണം വാങ്ങാനായി അനുമതി കൊടുക്കുകയും ചെയ്തു. മെഷീൻ പ്രവർത്തന ക്ഷമമാകാതെ കിടന്നിരുന്നതിനെക്കുറിച്ച് വിശദമായി അന്വേഷിക്കുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സീനിയർ ഫിനാൻസ് ഓഫീസറുടെ നേതൃത്വത്തിൽ ഒരു അന്വേഷണ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

## സർക്കാർ ആശുപത്രിയിലെ ദന്തൽ ക്ലിനിക്കുകൾ

155(3626) <u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ താലൂക്ക് ആശുപത്രികളിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും ദന്തൽ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ടോ ; ജില്ലാ, താലൂക്ക് ആശുപത്രികളിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലുമായി സംസ്ഥാനത്താകെയുള്ള ദന്തൽ സർജൻ, ദന്തൽ ഹൈജീനിസ്റ്റ് എന്നീ തസ്തികകളുടെ എണ്ണം വ്യക്തമാക്കുമോ;

(ബി) ദന്തരോഗങ്ങൾ പ്രായഭേദമന്യേ പെരുകിവരുന്ന ഈ കാലഘട്ടത്തിൽ താലൂക്ക്ആശുപത്രികളിൽ രണ്ട് ദന്തൽ സർജൻമാരുടെയും, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ഒരു ദന്തൽ സർജന്റെയും, ആവശ്യമായത്ര ദന്തൽ ഹൈജീനിസ്റ്റുകളുടെയും സേവനം ഉറപ്പുവരുത്തുവാൻ നിലവിൽ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(സി) ദന്തൽ സർജൻമാർക്കും ദന്തൽ ഹൈജീനിസ്റ്റുകൾക്കും പ്രൊമോഷൻ തസ്തികകൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ പ്രൊമോഷൻ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) പുതുതായി താലൂക്ക് ആശുപത്രിയായി ഉയർത്തപ്പെട്ട മംഗൽപാടി, ബദിയടുക്ക, കൊണ്ടോട്ടി, പത്തനാപുരം എന്നിവയൊഴികെ സംസ്ഥാനത്തെ എല്ലാ താലൂക്കാശുപത്രികളുലും 39 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ദന്തൽ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ/ജനറൽ/താലൂക്ക് ആശുപത്രികൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലായി ദന്തൽ സർജന്റെ 236-ഉം ഹൈജീനിസ്റ്റിന്റെ 115-ഉം തസ്തികകൾ നിലവിലുണ്ട്.

(ബി) പുതുതായി താലൂക്കാശുപത്രിയായി ഉയർത്തപ്പെട്ട മംഗൽപാടി, ബദിയടുക്ക, കൊണ്ടോട്ടി, പത്തനാപുരം എന്നിവയൊഴികെ എല്ലാ താലൂക്കാശുപത്രികളിലും 39 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ദന്തൽ സർജന്മാരുടെ തസ്തിക നിലവിലുണ്ട്. സംസ്ഥാനത്തെ വിവിധ ആരോഗ്യ സ്ഥാപനങ്ങളിലായി ദന്തൽ വിഭാഗത്തിൽ സൃഷ്ടിക്കേണ്ട തസ്തികകളടങ്ങിയ ഒരു സമഗ്ര പ്രൊപ്പോസൽ സമർപ്പിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) നിലവിൽ ആരോഗ്യ വകുപ്പിൽ ദന്തൽ സർജന്മാർക്ക് ജനറൽ കേഡറിലും സ്പെഷ്യാലിറ്റി കേഡറിലുമായി പ്രൊമോഷൻ തസ്തികകൾ നിലവിലുണ്ട്. ജനറൽ കേഡറിൽ ദന്തൽ അസിസ്റ്റന്റ് സർജനിൽ നിന്നും ദന്തൽ സിവിൽ സർജനിലേക്കും അവിടെനിന്നും ദന്തൽ ഡെപ്യൂട്ടി ഡയറക്ടറിലേയ്ക്കും പ്രൊമോഷൻ തസ്തികകളുണ്ട്. സ്പെഷ്യാലിറ്റി കേഡറിൽ ദന്തൽ ജൂനിയർ കൺസൾട്ടന്റിൽനിന്നും ദന്തൽ കൺസൾട്ടന്റിലേക്കും സീനിയർ ദന്തൽ കൺസൾട്ടന്റിലേക്കും ചീഫ് ദന്തൽ കൺസൾട്ടന്റിലേക്കും പ്രൊമോഷൻ നിലവിലുണ്ട്.

ദന്തൽ ഹൈജീനിസ്റ്റ് ഗ്രേഡ് II തസ്തികയിൽനിന്നും ദന്തൽ ഹൈജീനിസ്റ്റ് ഗ്രേഡ് I അതിൽനിന്നും സീനിയർ ഗ്രേഡ് ദന്തൽ ഹൈജീനിസ്റ്റ് എന്നീ പ്രൊമോഷൻ തസ്തികകൾ നിലവിലുണ്ട്.

## കാരുണ്യ ഫാർമസികളിലെ മരുന്ന് ക്ഷാമം

156(3627) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. സി. എഫ്. തോമസ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നടത്തുന്ന കാരുണ്യ ഫാർമസികളിൽ നിന്നും നിരവധി മരുന്നുകൾ ലഭിക്കുന്നില്ലെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പരാതി പരിഹരിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ മേൽനോട്ടത്തിൽ യാതൊരു മൂലധനവുമില്ലാതെ പ്രവർത്തിക്കുന്ന ഒരു സംരംഭമാണ് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി. മരുന്ന് കമ്പനികളിൽനിന്നും വിലപേശൽ പ്രക്രിയ വഴി 45 ദിവസത്തെ വായ്പാ കാലയളവിൽ മുൻകൂറായി മരുന്നുകൾ സംഭരിച്ചാണ് കാരുണ്യ ഫാർമസികൾ വഴി വിതരണം ചെയ്യുന്നത്. ഇത്തരത്തിൽ സംഭരിക്കുന്ന മരുന്നുകൾ കാരുണ്യ ഫാർമസികളിൽ കുറിപ്പടിയുമായി വരുന്ന ഉപഭോക്താക്കൾക്കും കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കിവരുന്ന സർക്കാർ ആശുപത്രികൾക്ക് ധാരണാപത്രം പ്രകാരം വായ്പായിനത്തിലും വിതരണം ചെയ്തുവരുന്നു. മരുന്ന് കമ്പനികൾക്ക് പണം നൽകുന്നത് ഫാർമസികളുടെ വിറ്റുവരവിൽ നിന്നായതിനാൽ സർക്കാർ ആശുപത്രികളിൽ നിന്നുള്ള കിട്ടാക്കടം മരുന്ന് സംഭരണ വിതരണത്തെ സാരമായി ബാധിക്കുന്നുണ്ട്. എന്നിരുന്നാലും ഉണഭോക്താക്കൾക്ക് ആവശ്യമുള്ള പരമാവധി മരുന്നുകൾ സംഭരിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## ശുചിത്വം പാലിക്കാത്ത ബാർബർ ഷോപ്പുകൾ

157(3628) ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബാർബർ ഷോപ്പുകളിൽ പലതും പൊതുജനാരോഗ്യ സംരക്ഷണത്തിൽ പാലിക്കേണ്ട ശുചിത്വം പാലിക്കാത്തതിനാൽ മാരകമായ രോഗങ്ങൾക്കുവരെ ഇടയാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ഷോപ്പുകൾക്ക് ശുചിത്വപാലനത്തിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് ആരോഗ്യ വകുപ്പ് നൽകിയിട്ടുള്ളത്; ഈ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ;

(സി) ശുചിത്വപരിപാലനത്തിൽ വീഴ്ച വരുത്തുന്ന ഇത്തരം സ്ഥാപനങ്ങൾക്കെതിരെ ആരോഗ്യ വകുപ്പ് കർശന നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ബാർബർ ഷോപ്പുകളിൽ അണുവിമുക്തമായ ഉപകരണങ്ങൾ മാത്രമേ ഉപയോഗിക്കാവൂ. ഒരു തവണ ഉപയോഗിച്ച ബ്ലേഡ് വീണ്ടും ഉപയോഗിക്കരുത്. ഷേവ് കഴിഞ്ഞതിനുശേഷം ഉപയോഗിക്കുന്ന കല്ല് (ആലം) കഴിയുന്നതും ഒഴിവാക്കുക അല്ലാത്തപക്ഷം അണുവിമുക്തമായി ഉപയോഗിക്കുക, മുടിവെട്ടുന്ന സമയത്ത് ഉപയോഗിക്കുന്ന തുണി അണുവിമുക്തമാക്കുക, തുടങ്ങിയ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാർക്കാണ് ഇത് ഉറപ്പുവരുത്തുന്നതിനുള്ള ചുമതല നൽകിയിരിക്കുന്നത്.

(സി) പരാതി ലഭിക്കുന്നമുറയ്ക്ക് അവ പരിശോധിച്ച് ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ നടപടി സ്വീകരിക്കുന്നതാണ്.

## കായംകുളം താലൂക്കാശുപത്രിയിൽ സി.ടി.സ്കാൻ യൂണിറ്റും പവർ ലോൺട്രിയും

158(3629) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം താലൂക്കാശുപത്രിയിൽ സി.ടി. സ്കാൻ യൂണിറ്റ് പവർ ലോൺട്രി എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ?

ഉത്തരം

കായംകുളം താലൂക്കാശുപത്രിയിൽ സി.ടി. സ്കാൻ യൂണിറ്റ്, പവർ ലോൺട്രി എന്നിവ സ്ഥാപിക്കുന്നതിനായി ഇലക്ട്രിക്കൽ സബ് സ്റ്റേഷൻ, ട്രാൻസ്ഫോർമർ എന്നിവ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. ആയതിലേയ്ക്ക് പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ ഡിവിഷൻ, തിരുവനന്തപുരം 48 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. 2018-2019-ലെ കായംകുളം നഗരസഭയുടെ പ്രോജക്ട് പ്രകാരം 30 ലക്ഷം രൂപയാണ് ഇതിനായി അനുവദിച്ചുനൽകിയത്. ടി 30 ലക്ഷം രൂപ പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ ഡിവിഷന് കൈമാറിയിട്ടുണ്ട്. ബാലൻസ് തുകയായ 18 ലക്ഷം രൂപ 2019-2020 നഗരസഭാ പ്രോജക്ടിൽ സ്പിൽ ഓവറായി അനുവദിച്ചിട്ടുണ്ട്. ടി തുക പി.ഡബ്ല്യൂ.ഡി.-ക്ക് കൈമാറുന്ന മുറയ്ക്ക് ഇലക്ട്രിക്കൽ വർക്ക് പൂർത്തീകരിച്ച് സി.ടി. സ്കാനും പവർ ലോൺട്രിയും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**റീജിയണൽ കാൻസർ സെന്ററിൽ പെൻഷൻ പദ്ധതി**

159(3630) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ പെൻഷൻ പദ്ധതി നിലവിലുണ്ടോ; എങ്കിൽ എന്നുമുതലാണ് നടപ്പിലാക്കിയതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പെൻഷൻ പദ്ധതി ഏതു തരത്തിൽ ഉള്ളതാണെന്നും പങ്കാളിത്ത പെൻഷൻ പദ്ധതി ആണെങ്കിൽ ജീവനക്കാരുടെയും സെന്ററിന്റെയും വിഹിതം എത്ര വീതമാണെന്നും ഏത് ഏജൻസിയെയാണ് ഈ പദ്ധതി നടപ്പിലാക്കാൻ ചുമതലപ്പെടുത്തിയതെന്നും അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. 2016 സെപ്റ്റംബറിൽ പെൻഷൻ വിതരണം ആരംഭിച്ചു.

(ബി) റീജിയണൽ കാൻസർ സെന്റർ എംപ്ലോയീസ് പെൻഷൻ പദ്ധതി (REPS) സ്വയം-സുസ്ഥിര പെൻഷൻ പദ്ധതിയാണ്. 26-2-2011 മുതൽ 31-3-2013 വരെയുള്ള കാലയളവിൽ റീജിയണൽ കാൻസർ സെന്ററിൽ സ്ഥിരജീവനക്കാർക്കും REPS പദ്ധതിയുടെ കീഴിൽ വരാൻ തീരുമാനിച്ചിട്ടുള്ളവർക്കുമാണ് ഇത് ബാധകം.

അടിസ്ഥാന ശമ്പളം, ഗ്രേഡ് പേ, ഡിയർനെസ്സ് അലവൻസ് ഇവയുടെ പത്ത് ശതമാനം ജീവനക്കാരും അഞ്ച് ശതമാനം തൊഴിലുടമയും വിഹിതം നൽകണം.

ഡയറക്ടർ ചെയർമാനും സർക്കാരിന്റെ പ്രതിനിധി, കൺട്രോളർ ഓഫ് ഫിനാൻസ്, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, മെഡിക്കൽ സൂപ്രണ്ട്, അക്കാഡമിക്, നോൺ അക്കാഡമിക് ജീവനക്കാരുടെ പ്രതിനിധിയായി അംഗീകൃത യൂണിയനുകളിൽനിന്നും ഒരാൾ വീതവും റിട്ടയർ ചെയ്തവരെ പ്രതിനിധീകരിച്ച് ഒരാളും ഉൾപ്പെട്ട മാനേജ്മെന്റ് കമ്മിറ്റിയാണ് പെൻഷൻ പദ്ധതി കൈകാര്യം ചെയ്യുന്നത്.

## സ്പൈനൽ മസ്കുലാർ അട്രോഫി രോഗം

160(3631) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേശികളെ ദുർബ്ബലമാക്കുന്ന അപൂർവ രോഗമായ സ്പൈനൽ മസ്കുലാർ അട്രോഫി രോഗബാധിതർ സംസ്ഥാനത്ത് എത്രപേരുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ പരിശോധനയും കണക്കെടുപ്പും ഇതുവരെ നടന്നിട്ടില്ലെങ്കിൽ ഇതുസംബന്ധിച്ച് വിശദമായ വിവരശേഖരണത്തിന് നടപടികൾ സ്വീകരിക്കുമോ;

(സി) ഞരമ്പുകളെ പ്രവർത്തിപ്പിക്കുന്ന ജീനിന്റെ അഭാവത്തിൽ ഉണ്ടാകുന്ന പ്രസ്തുത രോഗത്തിന് വിദേശത്ത് ഫലപ്രദമായ മരുന്ന് കണ്ടെത്തിയിട്ടുണ്ടെന്നത് ശരിയാണോ;

(ഡി) എങ്കിൽ ഈ മരുന്നിന് ഇന്ത്യയിൽ അനുമതി ലഭിച്ചിട്ടുണ്ടോ എന്നും ഇത് സ്പൈനൽ മസ്കുലാർ അട്രോഫി രോഗത്തിന് നൽകാവുന്നതാണോ എന്ന് സംസ്ഥാന ആരോഗ്യ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

(ഇ) വിദേശത്ത് ഏത് രാജ്യത്താണ് മരുന്ന് കണ്ടുപിടിച്ചതെന്നും ഇത് കഴിച്ച എത്ര രോഗികൾ ആരോഗ്യകരമായ ജീവിതത്തിലേക്ക് തിരിച്ചുവന്നിട്ടുണ്ടെന്നും എത്ര കാലം ചികിൽസ വേണ്ടിവരുമെന്നും എത്ര രൂപ ചെലവ് വരുമെന്നും ഈ മരുന്ന് സൗജന്യമായി നൽകാൻ നടപടികൾ സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) ഇത്തരത്തിലുള്ള പരിശോധനയും കണക്കെടുപ്പും ഇതുവരെ നടന്നിട്ടില്ല എന്നതാണ് റിപ്പോർട്ട് ചെയ്യപ്പെടുന്നത്.

(സി-ഇ) ഒരു പാരമ്പര്യ രോഗമായതിനാൽ കൃത്യമായി ഈ രോഗം പിടിച്ചുനിർത്തുന്നതിനാവശ്യമായ മരുന്നുകളില്ല. എന്നാൽ ബന്ധപ്പെട്ട ജീനിന്റെ പ്രവർത്തനത്തെ നിയന്ത്രിക്കുന്ന ഒരു മരുന്ന് വിദേശരാജ്യങ്ങളിൽ ഉപയോഗിക്കുവാൻ തുടങ്ങിയിട്ടുണ്ട്. Nusinersen എന്ന ഈ മരുന്ന് അമേരിക്കയിലാണ് കണ്ടുപിടിച്ചത്. യുണൈറ്റഡ് സ്റ്റേറ്റ്സ് ഫുഡ് ആൻഡ് ഡ്രഗ് അഡ്മിനിസ്ട്രേഷനും യൂറോപ്യൻ മെഡിസിൻ ഏജൻസിയും ഈ മരുന്ന് വില്പനക്ക് അംഗീകാരം കൊടുത്തിട്ടുണ്ട്. ENDEAR, CHERISH മുതലായ ട്രയലുകളിൽ മസിലുകളുടെ ശക്തിയിൽ കുറച്ച് മെച്ചപ്പെടൽ വന്നതായി കണ്ടിട്ടുണ്ട്. ഇന്ത്യയിൽ നടത്തിയ ട്രയലുകളിൽ വ്യക്തമായ ഒരു പ്രയോജനം കണ്ടതായി അറിയില്ല. ഈ മരുന്നിന് ഇന്ത്യയിൽ അനുമതി ലഭിച്ചിട്ടില്ല. ഈ മരുന്നിനെക്കുറിച്ച് കേരളത്തിൽ ഡ്രഗ് ട്രയൽ നടത്തിയിട്ടില്ല. ഈ ചികിത്സയ്ക്ക് വേണ്ടിവരുന്ന ചെലവ് അതിഭീമമാണ്. പ്രതിവർഷം ഏകദേശം 5 കോടി രൂപ ചികിത്സാ ചെലവ് വരുമെന്ന് കണക്കാക്കുന്നു. ഇത് ആജീവനാന്ത (Life long) ചികിത്സ ആവശ്യമായി വരുന്നതാണ്.

## കേരളത്തിലെ നിപ ബാധ

161(3632) <u>ശ്രീ. അൻവർ സാദത്ത്</u> :

<u>ശ്രീ. വി. എസ്. ശിവകുമാർ</u> :

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :

<u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം സംസ്ഥാനത്ത് ആർക്കാണ് നിപ ബാധിച്ചതായി റിപ്പോർട്ട് ചെയ്തതെന്നും ആയത് എപ്പോഴാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത രോഗിയുടെ സ്രവം പൂനെ ഇൻസ്റ്റിട്യൂട്ടിലേക്ക് അയച്ചത് ഏത് തീയതിയിലാണെന്നും ഇതിന്റെ റിപ്പോർട്ട് ലഭിച്ചത് എന്നാണെന്നും വ്യക്തമാക്കാമോ;

(സി) 2018-നുശേഷം നിപ ബാധ വീണ്ടും റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽ ഇതിന്റെ ഉറവിടം കണ്ടെത്തുന്നതിന് ലോകാരോഗ്യ സംഘടനയുടെ സേവനം അഭ്യർത്ഥിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) എറണാകുളം പറവൂർ സ്വദേശിയായ 23 വയസ്സുള്ള പോളിടെക്നിക് എഞ്ചിനീയറിംഗ് വിദ്യാർത്ഥിക്കാണ് 2019 ജൂൺ 4-ാം തീയതി നിപ ബാധ സ്ഥിരീകരിച്ചത്.

(ബി) 3-6-2019-നാണ് രോഗിയുടെ സ്രവം പൂനെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയിലേയ്ക്ക് അയച്ചത്. 4-6-2019-ന് രാവിലെയാണ് സ്ഥിരീകരണം ലഭിച്ചത്.

(സി) ലോകാരോഗ്യ സംഘടനയുടെ കേരളത്തിലെ സർവ്വെയലൻസ് ടീം രോഗനിരീക്ഷണത്തിനായി ഏർപ്പെട്ടിരുന്നു. NCDC, NIE Chennai, ICMR, AIIMS, കേന്ദ്ര സംഘം, ഭോപ്പാൽ, ബാംഗ്ലൂർ ലാബുകളിലെയും മൃഗസംരക്ഷണ വകുപ്പിലെയും ഉദ്യോഗസ്ഥർ എന്നിവർ ഇതുമായി ബന്ധപ്പെട്ട് സഹകരിച്ചിരുന്നു.

**ആയുഷ്മാൻ ഭാരത് പദ്ധതി**

162(3633) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നടപ്പിലാക്കിയ ആയുഷ്മാൻ ഭാരത് പദ്ധതിയുടെ എം.ഒ.യു.-വിൽ ഇത് നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാരുകൾക്ക് മതിയായ സ്വാതന്ത്ര്യം നൽകാത്ത സാഹചര്യം ഉണ്ടായിരുന്നോ; വിശദമാക്കുമോ;

(ബി) സംസ്ഥാന സർക്കാർ പ്രസ്തുത വ്യവസ്ഥകളിൽ മാറ്റം ആവശ്യപ്പെട്ടിരുന്നോ; ഇതുപ്രകാരം കേന്ദ്ര സർക്കാർ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയത്;

(സി) ഈ പദ്ധതി പ്രകാരം ലഭിക്കുന്ന ആനുകൂല്യങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഈ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംസ്ഥാന സർക്കാരിന്റെ നിലവിലുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികൾ എല്ലാം യോജിപ്പിച്ചുകൊണ്ടാണോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) ആർ.എസ്.ബി.വൈ.-ക്കുപകരമായി കേന്ദ്ര സർക്കാർ കൊണ്ടുവന്ന ആയുഷ്മാൻ ഭാരത് പ്രധാനമന്ത്രി ജെൻ ആരോഗ്യ യോജന പദ്ധതി (AB-PMJAY) സംസ്ഥാനത്ത് നടപ്പാക്കുമ്പോൾ നിലവിൽ സോഷ്യൽ ഇക്കണോമിക് കാസ്റ്റ് സെൻസസ് 2011 (SECC)-ൽ ദുർബ്ബല വിഭാഗങ്ങളായി കണക്കാക്കിയിട്ടുള്ള 18.58 ലക്ഷം കുടുംബങ്ങൾക്കുമാത്രമേ പദ്ധതിയുടെ ആനുകൂല്യം ലഭ്യമായിരുന്നുള്ളൂ. തുടർന്ന് സംസ്ഥാന സർക്കാരിന്റെ ഇടപെടൽമൂലം ആർ.എസ്.ബി.വൈ. പദ്ധതിയിലുൾപ്പെട്ടിട്ടുള്ള അംഗങ്ങളെക്കൂടി AB-PMJAY പദ്ധതിയിലുൾപ്പെടുത്തി. അങ്ങനെ 21.57 ലക്ഷം കുടുംബങ്ങളെ മേൽപ്പടി പദ്ധതിയുടെ ഗുണഭോക്താക്കളാക്കി കേന്ദ്ര സർക്കാർ നിശ്ചയിച്ചു.

(സി) ആയുഷ്മാൻ ഭാരത് - പ്രധാനമന്ത്രി ജെൻ ആരോഗ്യ യോജന (AB-PMJAY) പദ്ധതിയുമായി ചേർന്നുകൊണ്ട് സംസ്ഥാനത്ത് നടപ്പിലാക്കുന്ന കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) പ്രകാരം തെരഞ്ഞെടുത്ത കുടുംബത്തിന് അഞ്ച് ലക്ഷം രൂപവരെയുള്ള സൗജന്യ ആരോഗ്യ ചികിത്സ തെരഞ്ഞെടുത്ത സർക്കാർ/സ്വകാര്യ/സഹകരണ ആശുപത്രികൾവഴി ഓരോ വർഷവും ലഭ്യമാകും. മാത്രമല്ല രാജ്യത്തെ ആയുഷ്മാൻ ഭാരത് പദ്ധതിയിൽ അംഗമായിട്ടുള്ള എല്ലാ ആശുപത്രികളിലും ചികിത്സ ലഭ്യമാകും.

(ഡി) ആയുഷ്മാൻ ഭാരത്-പ്രധാനമന്ത്രി ജെൻ ആരോഗ്യ യോജന (AM-PMJAY) പദ്ധതി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) എന്ന പേരിൽ സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന ആർ.എസ്.ബി.വൈ., ചിസ്, ചിസ് പ്ലസ്, എസ് ചിസ്, കാരുണ്യ എന്നീ പദ്ധതികൾ സംയോജിപ്പിച്ചുകൊണ്ട് 2019 ഏപ്രിൽ 1 മുതൽ സംസ്ഥാനത്ത് നിലവിൽവന്നു. കേന്ദ്രവും സംസ്ഥാനവും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ആയുഷ്മാൻ ഭാരത്-പ്രധാനമന്ത്രി ജെൻ ആരോഗ്യ യോജന/ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (AB-PMJAY/KASP). ഈ പദ്ധതിവഴി ഒരു കുടുംബത്തിന് അഞ്ച് ലക്ഷം രൂപ വരെയുള്ള ചികിത്സാ സഹായം തെരഞ്ഞെടുത്ത ആശുപത്രികൾവഴി ലഭ്യമാകും.

നേരത്തെ ആർ.എസ്.ബി.വൈ./ചിസ് പദ്ധതിയിൽ ഒരു കുടുംബത്തിന് 30,000 രൂപയുടെ സൗജന്യ ചികിത്സയും ചിസ് പ്ലസ് പദ്ധതി വഴി 70,000 രൂപയുടെ ചികിത്സയും എസ് ചിസ് (SCHIS) പദ്ധതി വഴി മുതിർന്ന പൗരൻമാർക്ക് ആർ.എസ്.ബി.വൈ./ചിസ് പദ്ധതി കൂടാതെ അധികമായി 30,000 രൂപയുടെ ചികിത്സാസഹായവും ലഭ്യമായിരുന്നു.

## കാൻസർ ചികിത്സാ സൗകര്യങ്ങൾ

163(3634) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:

ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാൻസർ രോഗികളുടെ എണ്ണം ദിനംപ്രതി ആശങ്കാജനകമായി വർദ്ധിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് കണക്കിലെടുത്ത് കാൻസർ രോഗബാധ ആരംഭദശയിൽ തന്നെ കണ്ടെത്തുന്നതിന് താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ എന്നിവ കേന്ദ്രീകരിച്ച് എന്തെങ്കിലും പ്രത്യേക പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത്തരം ആശുപത്രികളിൽ മെഡിക്കൽ ഓങ്കോളജി വിഭാഗം ആരംഭിക്കുന്നതിനും കീമോതെറാപ്പി ഉൾപ്പെടെയുള്ള കൂടുതൽ ചികിത്സാസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രൈമറി ഹെൽത്ത് സെന്ററുകൾ, സർക്കാർ ഓഫീസുകൾ, സ്കൂൾ-കോളേജ് എന്നിവ കേന്ദ്രീകരിച്ച് കാൻസർ രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കും പ്രതിരോധത്തിനും അവബോധത്തിനും എന്തെങ്കിലും പ്രത്യേക പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് കാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നതായിട്ടാണ് കാൻസർ സെന്ററുകളിൽ നിന്നുമുള്ള കണക്കുകൾ സൂചിപ്പിക്കുന്നത്. ആയതിനാൽ ആരോഗ്യവകുപ്പ് കാൻസർ രോഗനിർണ്ണയ-നിയന്ത്രണ ബോധവത്കരണത്തിനായുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. എല്ലാ ജില്ലകളിലും കീമോതെറാപ്പി ഉൾപ്പെടെയുള്ള ചികിത്സാ രീതികളുൾപ്പെടുന്ന സേവനങ്ങൾ നൽകിവരുന്നു. നിലവിൽ ജില്ലാ 'കാൻസർ കെയർ പദ്ധതി' 23 ആശുപത്രികളിൽ നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലൂടെ കാൻസർ നിർണ്ണയവും അനുബന്ധ ചികിത്സയും നൽകിവരുന്നു. ഇതിനുപുറമെ കാൻസർ നിർണ്ണയ ക്യാമ്പുകൾ, ക്ലിനിക്കുകൾ തുടങ്ങിയവ ആരോഗ്യ വകുപ്പ് എല്ലാ സാമ്പത്തിക വർഷവും നടപ്പിലാക്കിവരുന്നു.

(ബി) ആരോഗ്യവകുപ്പിൽ കാൻസർ രോഗവിദഗ്ദ്ധരുടെ ദൗർലഭ്യം കണക്കിലെടുത്ത് നിലവിലുള്ള അസിസ്റ്റന്റ് സർജന്മാർക്ക് റീജിയണൽ കാൻസർ

സെന്ററിൽവച്ച് വിദഗ്ദ്ധ പരിശീലനം നൽകി ഈ സെന്ററുകളിൽ വിന്യസിച്ചിട്ടുണ്ട്. സ്പെഷ്യാലിറ്റ് കേഡർ റേഡിയോതെറാപ്പി വിഭാഗത്തിൽ ഡോക്ടർമാരെ വിന്യസിപ്പിച്ചുവരുന്നതിനാൽ ഈ യൂണിറ്റുകൾ ശാക്തീകരിക്കുന്നതിന് സാധ്യമാകുന്നുണ്ട്. സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന കാൻസർ സ്റ്റാറ്റജി പൂർണ്ണതോതിൽ നടപ്പിലാക്കുന്നതോടെ ആശുപത്രികളിൽ കാൻസർ ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ സാധിക്കുന്നതാണ്.

(സി) പ്രൈമറി ഹെൽത്ത് സെന്ററുകൾ കേന്ദ്രീകരിച്ച് സംസ്ഥാന ആരോഗ്യവകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതിയിലൂടെ വദനാർബുദം, സ്തനാർബുദം, ഗർഭാശയഗളാർബുദം എന്നിവയുടെ പ്രാഥമിക വിവരശേഖരണവും പരിശോധനയും നടത്തുന്നതിന് ആരോഗ്യവകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. സ്കൂൾ, കോളേജ് കേന്ദ്രീകരിച്ച് അർബുദ രോഗത്തെക്കുറിച്ച് പുകയില, മദ്യപാനം എന്നിവയുടെ ദോഷഫലങ്ങളെക്കുറിച്ച് ബോധവത്കരണം നടത്തുന്നതിന് ആരോഗ്യവകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്.

**ഗവൺമെന്റ് വിക്ടോറിയ ജില്ലാശുപത്രിയിലെ കിഫ്ബി പദ്ധതികൾക്ക് സാമ്പത്തിക അനുമതി**

164(3635) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ഗവൺമെന്റ് വിക്ടോറിയ ജില്ലാ ആശുപത്രിയിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾക്ക് സാമ്പത്തിക അനുമതി ലഭ്യമായിട്ടുണ്ടോ;

(ബി) ഏതെല്ലാം പുതിയ സൗകര്യങ്ങളാണ് ആശുപത്രി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള കൊല്ലം ഗവൺമെന്റ് വിക്ടോറിയ ആശുപത്രിയുടെ വികസന പ്രവർത്തനങ്ങൾ കിഫ്ബിയുടെ അടിസ്ഥാന സൗകര്യവികസന പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി 15-12-2018-ലെ സ.ഉ. (സാധാ) നമ്പർ 3698/2018/ആ.കു.വ. പ്രകാരം 109 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടില്ല.

(ബി) പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

| SI. No. | Description |
|---|---|
| 1 | Construction of Cafeteria cum RMO Quaters Block |
| 2 | Construction of WARD TOWER (BL-I) |
| 3 | Construction of Administrative Block (BL-2) |
| 4 | Compound Wall & Gates |
| 5 | Site Development Works |
| 6 | MEP-Water Supply & Sanitary |
| 7 | MEP-HVAC |
| 8 | MEP-Electrical |
| 9 | Solar Panels |
| 10 | Landscaping |
| 11 | Incinerator |
| 12 | Biogas Plant/Organic Water Converter |
| 13 | Water Purifiers |
| 14 | ELV-DATA, CATV, CCTV, ELV cables etc. |
| 15 | STP |
| 16 | Fire fighting System |
| 17 | Elevator (5 Nos) |
| 18 | Signage & Way Finding |
| 19 | Borewells & Well |
| 20 | 5 Nos Modular Operation Theatre |
| 21 | Interior Furniture & fitments (except Medical Furniture & Equipment) |
| 22 | Medical Equipment |
| 23 | MGPS |
| 24 | Mechanized Multilevel Parking |

## ഹോസ്പിറ്റൽ ഇൻഫെക്ഷൻ കൺട്രോൾ ടീം

165(3636) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിലെ ഓപ്പറേഷൻ തിയേറ്ററുകൾ അണുവിമുക്തമാണോ എന്ന് പരിശോധിക്കുവാൻ ഹോസ്പിറ്റൽ ഇൻഫെക്ഷൻ കൺട്രോൾ ടീം എല്ലാ സ്ഥലങ്ങളിലും പ്രവർത്തിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വ്യക്തമായ വിവരം നൽകുമോ;

(ബി) ചെറുകിട സ്വകാര്യ ആശുപത്രികളിലെ ഓപ്പറേഷൻ തിയേറ്ററുകളുടെ ശുചിത്വ പരിശോധനയ്ക്ക് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ?

ഉത്തരം

(എ) സർക്കാർ ആശുപത്രികളിൽ ഇൻഫെക്ഷൻ കൺട്രോൾ ടീം സൂപ്രണ്ട്, ആർ.എം.ഒ., നഴ്സിംഗ് സൂപ്രണ്ട്, ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരുടെ നേതൃത്വത്തിൽ വളരെ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത ടീം ആശുപത്രി അണുവിമുക്തമാക്കുന്ന പ്രവൃത്തികൾ തുടർച്ചയായി നടത്തിവരുന്നുണ്ട്. ഓപ്പറേഷൻ തിയേറ്ററുകൾ അണുവിമുക്തമാണോയെന്ന് പരിശോധിക്കുന്നതിന് കൃത്യമായ ഇടവേളകളിൽ സാമ്പിളുകൾ മെഡിക്കൽ കോളേജിലെ മൈക്രോബയോളജി ലാബിൽ അല്ലെങ്കിൽ പബ്ലിക് ഹെൽത്ത് ലാബിൽ പരിശോധിച്ച് അണുവിമുക്തമാണെന്ന് ഉറപ്പുവരുത്തുന്നുണ്ട്.

എല്ലാ ദിവസവും ഓപ്പറേഷൻ കഴിഞ്ഞയുടൻതന്നെ തിയേറ്റർ ക്ലീൻ ചെയ്യുന്നുണ്ട്. കൂടാതെ എല്ലാ ആഴ്ചയിലും ഫ്യൂമിഗേഷൻ ചെയ്യുകയും ചെയ്യുന്നു. ഓപ്പറേഷൻ തിയേറ്ററിലെ സാമ്പിളെടുത്ത് പരിശോധനയ്ക്കയയ്ക്കുന്നു. കൂടാതെ ഹോസ്പിറ്റൽ ഇൻഫെക്ഷൻ കൺട്രോൾ ടീമിന്റെ പ്രവർത്തനങ്ങളെപ്പറ്റി ജില്ലാതലത്തിലെ മാസാന്ത്യ യോഗത്തിൽ അവലോകനം നടത്താറുമുണ്ട്. മെഡിക്കൽ കോളേജ് ആശുപത്രികളിലും ഇൻഫെക്ഷൻ കൺട്രോൾ ടീം പ്രവർത്തിക്കുന്നുണ്ട്.

(ബി) നിലവിൽ ചെറുകിട സ്വകാര്യ ആശുപത്രിയിലെ ഓപ്പറേഷൻ തിയേറ്ററുകളുടെ ശുചിത്വ പരിശോധനയ്ക്ക് ആരോഗ്യ വകുപ്പിൽ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

## ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്

166(3637) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് സംസ്ഥാനത്ത് നടപ്പിലാക്കിയതോടുകൂടി സ്വകാര്യ ആശുപത്രികളിൽ ചികിത്സയ്ക്കും പരിശോധനയ്ക്കും എത്തുന്ന രോഗികളെ ചൂഷണം ചെയ്യുന്ന നടപടി ഒരു പരിധിവരെ അവസാനിപ്പിക്കുവാൻ സാധിച്ചതായി കരുതുന്നുണ്ടോ;

(ബി) ക്ലിനിക്കൽ സ്ഥാപനങ്ങളെ ഇനം തിരിച്ച് അവയുടെ സേവനനിലവാരം നിശ്ചയിക്കുന്നതിന് വേണ്ടിയുള്ള സബ്കമ്മിറ്റികൾ നിലവിൽ വന്നിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത നിയമപ്രകാരമുള്ള രജിസ്ട്രേഷൻ സംവിധാനം ഏതൊക്കെ ജില്ലകളിലാണ് ഇതിനകം പ്രാവർത്തികമാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) ഈ ജില്ലകളിൽ താല്ക്കാലിക രജിസ്ട്രേഷനുള്ള അപേക്ഷകൾ ഓൺലൈനായി നൽകാത്ത സ്ഥാപനങ്ങൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 2018 പ്രകാരം 1-1-2019 മുതൽ സംസ്ഥാനത്ത് ക്ലിനിക്കൽ സ്ഥാപനങ്ങളുടെ താൽക്കാലിക രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്. രണ്ട് വർഷത്തിനുശേഷം മാത്രമേ സ്ഥിരം രജിസ്ട്രേഷൻ നല്കുകയുള്ളൂ. സ്ഥിരം രജിസ്ട്രേഷൻ പൂർണ്ണമാകുന്ന വേളയിൽ സ്വകാര്യ ആശുപത്രികളിൽ ചികിത്സയ്ക്കും പരിശോധനയ്ക്കുമെത്തുന്ന രോഗികളെ ചൂഷണം ചെയ്യുന്ന നടപടി ഒരു പരിധിവരെ അവസാനിപ്പിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ക്ലിനിക്കൽ സ്ഥാപനങ്ങളെ ഇനം തിരിച്ച് അവയുടെ സേവന നിലവാരം നിശ്ചയിക്കുന്നതിനുവേണ്ടിയുള്ള സബ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) 1-1-2019 മുതൽ സംസ്ഥാനത്ത് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ്. അതുപ്രകാരം എല്ലാ ജില്ലകളിലും താല്ക്കാലിക രജിസ്ട്രേഷൻ ആരംഭിച്ചിട്ടുള്ളതാണ്.

(ഡി) താൽക്കാലിക രജിസ്ട്രേഷൻ ആരംഭിച്ച ജില്ലകളിൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കുന്നമുറയ്ക്ക് മാത്രമേ രജിസ്റ്റർ ചെയ്യാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടികൾക്ക് തുടക്കം കുറിക്കുവാനാകുകയുള്ളൂ.

## ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം നടപ്പാക്കാൻ നടപടി

167(3638) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിൽ പരിശോധനയ്ക്കും രോഗനിർണ്ണയത്തിനും ഏർപ്പെടുത്തിയിരിക്കുന്ന ചാർജ്ജുകൾ ഏകീകരിക്കുവാൻ ഈ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) എല്ലാ സ്വകാര്യ ആശുപത്രികളിലും, പരിശോധനയ്ക്കും രോഗനിർണ്ണയത്തിനും ഈടാക്കുന്ന ചാർജ്ജുകൾ പ്രദർശിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വികരിക്കുമോ;

(സി) പൊതു ജനാരോഗ്യ രംഗത്ത് നടക്കുന്ന പകൽക്കൊള്ള അവസാനിപ്പിക്കുന്നതിന് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം കർശനമായി നടപ്പാക്കാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സ്വകാര്യ ആശുപത്രികളിലെ ചാർജ്ജുകൾ നിയന്ത്രിക്കുന്നതിന് സർക്കാരിന് അധികാരം തരുന്ന നിയമം നിലവിലില്ല.

(ബി) കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരം നിലവിൽ താൽക്കാലിക രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്. സ്ഥിരം രജിസ്ട്രേഷന്റെ സമയത്ത് ക്ലിനിക്കൽ സ്ഥാപനങ്ങളുടെ പൂർണ്ണ വിവരങ്ങൾ (സ്ഥാപനം ലഭ്യമാക്കുന്ന സേവനങ്ങൾ, നിരക്കുകൾ, ജീവനക്കാരുടെ വിവരങ്ങൾ, ഉപകരണങ്ങളുടെ വിവരങ്ങൾ എന്നിവ) അപ്ലോഡ് ചെയ്യേണ്ടതാണ്. കൂടാതെ രജിസ്ട്രേഷൻ പൂർണ്ണമാക്കുന്ന വേളയിൽ എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളിലും അവിടെ ലഭ്യമായ സേവനങ്ങളും നിരക്കുകളും പൊതുജനങ്ങൾക്കുവേണ്ടി പ്രദർശിപ്പിക്കേണ്ടതുമാണ്.

(സി) ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം നടപ്പിലാക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്.

## ഡോക്ടർമാർ നൽകുന്ന മരുന്ന് കുറിപ്പടി

168(3639) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോക്ടർമാർ പലപ്പോഴും രോഗികൾക്ക് എഴുതി നൽകുന്ന മരുന്ന് കുറിപ്പടി മെഡിക്കൽ ഷോപ്പിലെ ജീവനക്കാർക്ക് പോലും വായിക്കുവാൻ കഴിയുന്നില്ലെന്ന കാര്യം പരിശോധിക്കുമോ;

(ബി) ഇത്തരത്തിൽ ഡോക്ടർമാർ നൽകുന്ന കുറിപ്പടി തെറ്റായി വ്യാഖ്യാനിച്ച് മരുന്നുമാറി മരണങ്ങൾ ഉണ്ടായിട്ടുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ എല്ലാ ഡോക്ടർമാർക്കും, ഇംഗ്ലീഷ് അക്ഷരമാലയിലെ വലിയ അക്ഷരങ്ങൾ ഉപയോഗിച്ച് വായിക്കുവാൻ പറ്റുന്ന തരത്തിൽ മരുന്ന് കുറിപ്പുകൾ നൽകുവാൻ നിർദ്ദേശം നൽകുമോ; ഇത് സംബന്ധിച്ച് നിരീക്ഷണം നടത്തുവാൻ ഡി.എച്ച്.എസ്., ഡി.എം.ഇ., ഡ്രഗ്സ് കൺട്രോളർ, ആയുർവേദ വകുപ്പ് ഡയറക്ടർ, ഹോമിയോ വകുപ്പ് ഡയറക്ടർ എന്നിവർക്ക് നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഡോക്ടർ നൽകുന്ന കുറിപ്പടി തെറ്റായി വ്യാഖ്യാനിച്ച് മരുന്ന് മാറിയിട്ടുള്ള മരണങ്ങൾ സർക്കാർ ആശുപത്രികളിൽ സംഭവിച്ചിട്ടില്ല.

(സി) സർക്കാർ ആശുപത്രികളിലെ എല്ലാ ഡോക്ടർമാരും ഇംഗ്ലീഷ് അക്ഷരമാലയിലെ വലിയ അക്ഷരത്തിൽ കുറിപ്പടി എഴുതണമെന്നും ഇതുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിക്കുന്നതിന് ആശുപത്രി തലത്തിൽ കമ്മിറ്റി രൂപീകരിക്കണമെന്നുമുള്ള സർക്കാർ ഉത്തരവ് നിലവിലുണ്ട്. (സർക്കാർ ഉത്തരവ് നമ്പർ G.O. (Rt) No. 1895/2014/H&FWD TVPM Dated:9-6-2014) അനുബന്ധമായി* ചേർക്കുന്നു.

**ഗുണനിലവാരമില്ലാത്ത മരുന്നുകൾ**

169(3640) <u>ശ്രീ. പി. ടി. തോമസ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്ത മരുന്നുകളിൽ ചിലതിന് നിലവാരമില്ല എന്ന കാരണത്താൽ അവയുടെ തുടർവിതരണം നിർത്തിവച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇങ്ങനെ നിലവാരമില്ലാത്ത മരുന്നുകൾ വിതരണം ചെയ്യുവാനുണ്ടായ കാരണം വിശദമാക്കുമോ;

(സി) ഇതിന് ഉത്തരവാദികളായവർ ആരെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദവിവരം നൽകുമോ; അവർക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) 2018-2019 സാമ്പത്തിക വർഷത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സർക്കാർ ആശുപത്രികളിൽ വിതരണത്തിനെത്തിച്ച മരുന്നുകളിൽ ഗുണനിലവാര പരിശോധനയിൽ പരാജയപ്പെട്ടതിനെത്തുടർന്ന് താഴെപ്പറയുന്ന മരുന്നുകളുടെ തുടർവിതരണം നിർത്തിവച്ചിട്ടുണ്ട്:

| SI. No. | Drug Name | Complaint From | Status |
|---|---|---|---|
| 1 | OMEPRAZOLE (GASTRO RESISTANT) CAP IP 20mg 1 No | The Medical Officer, PHC, Kanjoor, Ernakulam | Not of Standard Quality |
| 2 | DISPOSABLE NEEDLE 23G x 1" 1 No. | The Senior Medical Officer, Regional Public Health Laboratory, Kozhikode | Not of Standard Quality |
| 3 | DISPOSABLE NEEDLE 23G x 1" 1 No. | The Superintendent District Hospital Nedumangad, Thiruvananthapuram | Not of Standard Quality |
| 4 | METOPROLOL TAB IP 50 MG 1 No. | The Superintendent Govt. Medical College Hospital, Kozhikode | Not of Standard Quality |
| 5 | METOPROLOL TAB IP 50 MG 1 No. | The Medical Officer in Charge, PHC, Arattupuzha, Alappuzha | Not of Standard Quality |
| 6 | METOPROLOL TAB IP 50 MG 1 No. | The Medical Officer in Charge, PHC, Punnapra, North Alappuzha | Not of Standard Quality |
| 7 | CALCIUM LEUCOVORIN INJ. IP 50mg Vial | The store Superintendent, Govt. Medical College Hospital, Kottayam | Not of Standard Quality |
| 8 | CALCIUM LEUCOVORIN INJ. IP 50mg Vial | The Superintendent, Govt. Medical College Hospital, Kozhikode | Not of Standard Quality |

(ബി&സി) ഔഷധ നിർമ്മാതാക്കൾ മരുന്നുകൾ വിതരണം നടത്തുന്നതിനുമുമ്പ് ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് പ്രകാരം ഇൻ-ഹൗസ് ലാബുകളിൽ പരിശോധിച്ച റിപ്പോർട്ട് നൽകേണ്ടതാണ്. കൂടാതെ ഇന്ത്യയിലെ ഏതെങ്കിലും എൻ.എ.ബി.എൽ. അംഗീകൃത ലാബ് അല്ലെങ്കിൽ കേന്ദ്രമരുന്ന് പരിശോധനാ ലബോറട്ടറിയിൽ പരിശോധിച്ച റിപ്പോർട്ടും നൽകേണ്ടതാണ്. മേൽവിവരിച്ച പരിശോധനാഫലങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലെ ക്വാളിറ്റി കൺട്രോൾ വിഭാഗം സൂക്ഷ്മപരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തിയശേഷം മാത്രമാണ് മരുന്നുകളുടെ സംഭരണവും വിതരണവും നടത്തിവരുന്നത്. മരുന്നുകൾക്ക് കാലക്രമത്തിൽ ഗുണനിലവാരം കുറയാറുണ്ട്. നിലവാരം കുറഞ്ഞ മരുന്നുകൾ ആശുപത്രികളിൽ വിതരണത്തിന് എത്തിയതിന് കാരണമായേക്കാവുന്ന ഘടകങ്ങൾ താഴെപ്പറയുന്നവയാണ്.

1. മരുന്നുകൾ ഉത്പാദിപ്പിക്കുന്നതിനുള്ള അസംസ്കൃത വസ്തുക്കളുടെ ഗുണനിലവാരത്തിലുള്ള ഏറ്റക്കുറച്ചിലുകൾ.
2. നിർമ്മാതാക്കൾ മരുന്നുകൾ അശാസ്ത്രീയമായി ട്രാൻസ്പോർട്ട് ചെയ്യുന്നത്.
3. പാക്കിംഗ് മെറ്റീരിയലുകളുടെ ഗുണമേന്മയിലുള്ള ഏറ്റക്കുറച്ചിലുകൾ

ഇപ്രകാരം മരുന്നുകളുടെ ഗുണനിലവാരം കുറയുന്നത് നിർമ്മാതാക്കളുടെ ഉത്തരവാദിത്വമാണ്. ആയതിനാൽ വിതരണത്തിനുശേഷം ഗുണനിലവാര മില്ലാത്തതായി കണ്ടെത്തുന്ന മരുന്നുകളുടെ ഉല്പാദകർക്കെതിരെ ദർഘാസ് വ്യവസ്ഥകൾ പ്രകാരം കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതുൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കാറുണ്ട്.

## 108 ആംബുലൻസുകളുടെ സേവനം

170(3641) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 108 ആംബുലൻസ് സർവ്വീസുകളിൽ പ്രവർത്തനക്ഷമമായവയുടെയും അല്ലാത്തവയുടെയും എണ്ണം ലഭ്യമാക്കുമോ;

(ബി) എവിടെയെല്ലാം പ്രസ്തുത സേവനം നിലവിൽ ലഭ്യമാണെന്ന് വ്യക്തമാക്കുമോ;

(സി) 108 ആംബുലൻസുകളുടെ സേവനം വ്യാപിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വിശദവിവരങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) 108 ആംബുലൻസ് സർവ്വീസുകളിൽ ആകെയുള്ള 53 വാഹനങ്ങളിൽ പ്രവർത്തനക്ഷമമായ 44 -ഉം പ്രവർത്തനക്ഷമമല്ലാത്ത 9 എണ്ണവുമാണ്.

(ബി) തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ 108 ആംബുലൻസ് സർവ്വീസിന്റെ സേവനം ലഭ്യമാണ്.

(സി) 108 ആംബുലൻസുകളുടെ സേവനം വ്യാപിപ്പിക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ 2018 മാർച്ച് മാസത്തിൽ ഒരു ഇ-ടെണ്ടർ വിളിക്കുകയും M/s. GVK EMRI എന്ന കമ്പനി ടെണ്ടറിൽ വിജയിക്കുകയുമുണ്ടായി. 315 ആംബുലൻസുകൾ കേരളം മുഴുവൻ പ്രവർത്തനം നടത്തുന്നതിന് പ്രസ്തുത കമ്പനിയുമായി സമ്മതപത്രം ഒപ്പുവച്ചിട്ടുണ്ട്.

**ആരോഗ്യ ജാഗ്രതാ പദ്ധതി**

171(3642) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ പരിരക്ഷയ്ക്കും, പകർച്ച വ്യാധി പ്രതിരോധത്തിനുമുള്ള ആരോഗ്യ ജാഗ്രതാ പദ്ധതിയുടെ പ്രവർത്തനം വിശദമാക്കുമോ; പ്രസ്തുത പദ്ധതി വിജയപ്രദമാണെന്ന് സർക്കാർ വിലയിരുത്തുന്നുണ്ടോ;

(ബി) സംസ്ഥാനത്തെ ആശുപത്രികൾ രോഗീസൗഹൃദമാക്കുന്നതിനുള്ള പദ്ധതികൾ ഏത് ഘട്ടത്തിലാണ്; ഇതിലൂടെ സംസ്ഥാനത്തെ ആരോഗ്യ രംഗത്തിന് പുതിയ അവബോധം സൃഷ്ടിക്കുന്നതിനും ജനങ്ങൾക്ക് എളുപ്പത്തിൽ ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിനും സാധിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്തുനിന്നും നിർമ്മാർജ്ജനം ചെയ്ത രോഗങ്ങൾ വീണ്ടും തിരിച്ചുവരുന്നതും പുതിയ വൈറസ് രോഗങ്ങളുടെ വരവും ആരോഗ്യരംഗത്ത് സംസ്ഥാനം നേടിയ നേട്ടങ്ങൾക്ക് മങ്ങലേല്പിച്ചിട്ടുണ്ടോ; എങ്കിൽ ആരോഗ്യ രംഗത്ത് നേടിയ പ്രതാപം വീണ്ടെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഡി) ആർദ്രം പദ്ധതി പ്രകാരം താലൂക്ക്, ജില്ല, ജനറൽ ആശുപത്രികളിൽ ഗുണമേന്മയുള്ള ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

ഉത്തരം

(എ) പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മപരിപാടിയായി വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന 'ആരോഗ്യ ജാഗ്രത' പരിപാടി ആരോഗ്യ വകുപ്പ് 2018 മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും ആരോഗ്യ പ്രവർത്തകരുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെ സമയബന്ധിത പ്രവർത്തന കലണ്ടറിന്റെ അടിസ്ഥാനത്തിലാണ് ഈ പരിപാടി നടത്തിവരുന്നത്. സംസ്ഥാനതലം മുതൽ വാർഡുതലം വരെയുള്ള ആലോചനായോഗങ്ങൾ, വിവിധ വകുപ്പുകളുടെ ഏകോപനയോഗങ്ങൾ, വാർഡ്തല ആരോഗ്യ ശുചിത്വ-പോഷണ സമിതികളുടെ ശാക്തീകരണവും യോഗങ്ങളും, പ്രത്യേക ഗ്രാമസഭകൾ, ആരോഗ്യസേനാ രൂപീകരണം, ശുചിത്വ മാപ്പിംഗ്, വാർഡ്തല/തദ്ദേശ സ്ഥാപനതല കർമ്മ പദ്ധതികൾ, അതിന്റെ അടിസ്ഥാനത്തിലുള്ള രോഗപ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ, പൊതുജന പങ്കാളിത്തത്തോടെയുള്ള പ്രതിരോധ യജ്ഞങ്ങൾ, പൊതുജനാരോഗ്യ നിയന്ത്രണ നിയമപ്രകാരമുള്ള പരിശോധനകളും തുടർനടപടികളും (ഹെൽത്തി കേരള ക്യാമ്പയിൻ) എന്നിങ്ങനെയുള്ള പരിപാടികളാണ് നടപ്പിലാക്കി വരുന്നത്. മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളും ആരോഗ്യ ജാഗ്രതാ പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ മാലിന്യ നിർമ്മാർജ്ജനം, പരിസരശുചിത്വം, കുടിവെള്ള ശുചിത്വം, സംയോജിത കൊതുക് നിയന്ത്രണം തുടങ്ങിയ പ്രവർത്തനങ്ങളും ആരോഗ്യ ജാഗ്രതാ പദ്ധതിയുടെ ഭാഗമായി നടത്തിവരുന്നു. 2018-ൽ പ്രധാന പകർച്ചവ്യാധികളായ ഡെങ്കിപ്പനി, മലമ്പനി, എച്ച്1 എൻ1, ടൈഫോയിഡ്, കോളറ എന്നിവ 2016-17-നെ അപേക്ഷിച്ച് വളരെ കുറവായിരുന്നു. പ്രളയവുമായി ബന്ധപ്പെട്ട് വയറിളക്കരോഗങ്ങളും എലിപ്പനിയും കഴിഞ്ഞ രണ്ടു വർഷങ്ങളെ അപേക്ഷിച്ച് കൂടുതലായിരുന്നെങ്കിലും 2018-ലെ ആരോഗ്യ ജാഗ്രതാ പരിപാടി ഊർജ്ജിതമായി നടത്തിയതുമൂലം ഈ രോഗങ്ങളും വളരെ പെട്ടെന്നുതന്നെ നിയന്ത്രണ വിധേയമാക്കാൻ സാധിച്ചിരുന്നു. ആയതിനാൽ പ്രസ്തുത പദ്ധതി വിജയപ്രദമാണെന്നാണ് സർക്കാർ വിലയിരുത്തുന്നത്.

(ബി) 2017-18-ൽ ആരോഗ്യ വകുപ്പിൽ ഒ.പി. വിഭാഗം രോഗീ സൗഹൃദമാക്കാൻ തെരഞ്ഞെടുത്ത 17 ജില്ലാതല ആശുപത്രികളിൽ കൊല്ലം ജില്ലാശുപത്രിയിലേത് പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തു. കണ്ണൂർ ജില്ലാ ആശുപത്രി, എറണാകുളം ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. മറ്റ് ആശുപത്രികളിൽ 60% നും 90% നും ഇടയിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. മെഡിക്കൽ കോളേജുകളിലെ ഒ.പി. ട്രാൻസ്ഫർമേഷൻ പൂർത്തിയായിട്ടുണ്ട്. (കോട്ടയം

മെഡിക്കൽ കോളേജിലെ അഡീഷണൽ വർക്ക് ഒഴികെയുള്ളത്) 14 ജില്ലകളിൽ നിന്നായി തെരഞ്ഞെടുക്കപ്പെട്ട 28 ആശുപത്രികളിലെ ഒ.പി. ട്രാൻസ്ഫർമേഷൻ ഈ വർഷം എൻ.എച്ച്.എം. മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മെച്ചപ്പെട്ട രജിസ്ട്രേഷൻ സൗകര്യങ്ങൾ, ടോക്കൺ സംവിധാനം, കാത്തിരിപ്പ് മുറികൾ, കുടിവെള്ള-ടോയ്‌ലെറ്റ് സൗകര്യങ്ങൾ, സ്വകാര്യതയുള്ള പരിശോധനാ മുറികൾ, ഡിസ്പ്ലേ ബോർഡുകൾ എന്നിവ ഏർപ്പെടുത്തുക വഴി ഒ.പി. വിഭാഗത്തിലെ തിരക്ക് കുറയ്ക്കുവാനും മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുവാനും സാധിക്കുന്നതാണ്.

(സി) അതിഥി സംസ്ഥാന തൊഴിലാളികളുടെ ഗണ്യമായ വർദ്ധനവും പുതിയ വൈറസ് രോഗങ്ങളുടെ വരവുംമൂലം നേരത്തെ നിയന്ത്രണ വിധേയമായിരുന്ന ചില രോഗങ്ങൾ തിരിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിഥി സംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലവും പരിസരവും പലപ്പോഴും മലിനമായ അവസ്ഥയിലാണ് കാണപ്പെടുന്നത്. ഇതുമൂലം കൊതുക്ജന്യ രോഗങ്ങൾ, ജന്തുജന്യരോഗങ്ങൾ, ത്വക്ക് രോഗങ്ങൾ തുടങ്ങിയ രോഗങ്ങളും സംസ്ഥാനത്തുനിന്ന് നിവാരണം ചെയ്യപ്പെട്ടിരുന്ന മലമ്പനി, കുഷ്ഠം തുടങ്ങിയ രോഗങ്ങൾ കേരളത്തിൽ ഉണ്ടാകുന്ന സാഹചര്യമുണ്ട്. ഇതിനെ പ്രതിരോധിക്കുന്നതിനായി അതിഥി സംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലങ്ങൾ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ തൊഴിൽ/തദ്ദേശസ്വയംഭരണ വകുപ്പുകളുടെയും സഹകരണത്തോടെയും അല്ലാതെയും പരിശോധനകൾ നടത്തി വേണ്ട നടപടി സ്വീകരിച്ചുവരുന്നുണ്ട്. പൊതുജനാരോഗ്യ പ്രശ്നങ്ങൾ ഉള്ളതായി കണ്ടെത്തിയാൽ നിലവിൽ ബാധകമായ നിയമമനുസരിച്ച് നോട്ടീസ് നൽകുകയും (പിഴ ഈടാക്കുക, അടച്ചുപൂട്ടുക) ആവശ്യമെങ്കിൽ ശിക്ഷണ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. പകർച്ചവ്യാധികൾ കണ്ടെത്തുന്നവർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുകയും അവരുടെ ഭാഷയിൽ ബോധവത്കരണം നൽകുകയും ചെയ്യുന്നു. കുഷ്ഠ രോഗബാധിതരെ സമയബന്ധിതമായി കണ്ടെത്തി ചികിത്സ ലഭ്യമാക്കുന്നതിന് 'അശ്വമേധം' എന്ന പേരിൽ കാമ്പയിൻ നടത്തി പ്രാരംഭഘട്ടത്തിൽ തന്നെ ചികിത്സ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മലമ്പനി, മന്ത് എന്നീ രോഗങ്ങളുടെ രക്ത പരിശോധനയും ആരോഗ്യവകുപ്പ് നടത്തിവരുന്നുണ്ട്.

(ഡി) ആർദ്രം പദ്ധതി പ്രകാരം ജില്ല/ജനറൽ ആശുപത്രികളിലായി അൻജിയോപ്ലാസ്റ്റി, കാത്ത് ലാബ് തുടങ്ങിയവ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളും താലൂക്കുതല ആശുപത്രികളിൽ ഡയാലിസിസ് സൗകര്യങ്ങൾ ഉൾപ്പെടെയുള്ള സ്പെഷ്യാലിറ്റി സൗകര്യങ്ങളും ഏർപ്പെടുത്തി. ആധുനിക രീതിയിലുള്ള ഉപകരണങ്ങളും ചികിത്സാ സംവിധാനങ്ങളും ഏർപ്പെടുത്തി സൂപ്പർ സ്പെഷ്യാലിറ്റി/സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ ഡോക്ടർമാരുടേതുൾപ്പെടെയുള്ള തസ്തികകൾ സൃഷ്ടിച്ചു.

## ആയുഷ്മാൻ ഭാരത് പദ്ധതി

172(3643) ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. എസ്. ശർമ്മ:
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ ആവിഷ്കരിച്ച ആയുഷ്മാൻ ഭാരത് പദ്ധതിയിൽ നിന്നും സംസ്ഥാനം വിട്ടുനിന്നെന്ന് പ്രധാനമന്ത്രി പ്രസ്താവിച്ചതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പശ്ചാത്തലത്തിൽ ഇക്കാര്യത്തിലെ നിജസ്ഥിതി അറിയിക്കാമോ;

(ബി) കേന്ദ്രത്തിലെ മുൻ യു.പി.എ. സർക്കാർ ആവിഷ്കരിച്ച ആർ.എസ്.ബി.വൈ.എന്ന പദ്ധതിക്ക് പുറമെയാണോ ആയുഷ്മാൻ ഭാരത് എന്ന പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതിയുടെ ഇൻഷ്വറൻസ് പ്രീമിയം തുക മുഴുവനും കേന്ദ്രസർക്കാരാണോ വഹിക്കുന്നത്;

(സി) സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശം അറിയിക്കാമോ;

(ഡി) ആർ.എസ്.ബി.വൈ. പദ്ധതി പ്രകാരവും അതിനോടൊപ്പം നടപ്പിലാക്കിയ ചിസ് (CHIS),ചിസ് പ്ലസ് (CHIS Plus), സ്കിസ്(SCHIS) തുടങ്ങിയ സംസ്ഥാന തനതു പദ്ധതികൾ പ്രകാരവും സംസ്ഥാനത്ത് നിലവിൽ എത്ര പേർ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികളുടെ ഗുണഭോക്താക്കളാണെന്ന് വ്യക്തമാക്കാമോ; കേന്ദ്രസർക്കാർ മാനദണ്ഡപ്രകാരം ഇത്തരം ഗുണഭോക്താക്കൾക്കെല്ലാം ആയുഷ്മാൻ ഭാരത് പദ്ധതിയുടെ പ്രയോജനം ലഭിക്കുമോ?

### ഉത്തരം

(എ-സി) ആർ.എസ്.ബി.വൈ.-ക്ക് പകരമായി കേന്ദ്ര സർക്കാർ കൊണ്ടുവന്ന ആയുഷ്മാൻ ഭാരത് -പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന പദ്ധതി (AB-PMJAY) സംസ്ഥാനത്ത് നടപ്പാക്കുമ്പോൾ നിലവിൽ സോഷ്യൽ ഇക്കണോമിക് കാസ്റ്റ് സെൻസസ് 2011 (SECC)-ൽ ദുർബല വിഭാഗങ്ങളായി കണക്കാക്കിയിട്ടുള്ള 18.58 ലക്ഷം കുടുംബങ്ങൾക്ക് മാത്രമേ പദ്ധതിയുടെ ആനുകൂല്യം ലഭ്യമായിരുന്നുള്ളൂ. തുടർന്ന് സംസ്ഥാന സർക്കാരിന്റെ ഇടപെടൽ മൂലം ആർ.എസ്.ബി.വൈ. പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള അംഗങ്ങളെ കൂടി AB-PMJAY പദ്ധതിയിൽ ഉൾപ്പെടുത്തി അങ്ങനെ 21.57 ലക്ഷം കുടുംബങ്ങളെ മേൽപ്പടി പദ്ധതിയുടെ ഗുണഭോക്താക്കളാക്കി കേന്ദ്ര സർക്കാർ നിശ്ചയിച്ചു.

ആയുഷ്മാൻ ഭാരത്- പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന പദ്ധതിയുടെ ആനുകൂല്യം കൂടുതൽ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും ആർ.എസ്.ബി.വൈ./ ചിസ്, ചിസ് പ്ലസ്, എസ് ചിസ് (SCHIS) പദ്ധതികളുടെ ആനുകൂല്യം ലഭ്യമായിരുന്ന ജനങ്ങൾക്കുകൂടി പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിന് ഈ പദ്ധതികൾ സംയോജിപ്പിച്ച് നിലവിലുള്ള 40.96 ലക്ഷം കുടുംബങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ട് സംസ്ഥാന സർക്കാർ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) വിഭാവനം ചെയ്യുകയും 2019 ഏപ്രിൽ 1 മുതൽ പദ്ധതി കേരളത്തിൽ നടപ്പിലാക്കുകയും ചെയ്തു.

കേരളത്തിൽ ആർ.എസ്.ബി.വൈ./ചിസ് പദ്ധതിയുടെ ആനുകൂല്യം ടി പദ്ധതിയുടെ അവസാന വർഷമായ 2018-19-ൽ 40.96 ലക്ഷം കുടുംബങ്ങൾ ആയിരുന്നു. ഇതിൽ 21.57 ലക്ഷം കുടുംബങ്ങൾക്ക് ഇൻഷ്വറൻസ് സേവന ദാതാവിന് അടയ്ക്കേണ്ട പ്രീമിയം തുകയുടെ 60% കേന്ദ്ര സർക്കാർ നൽകി വന്നിരുന്നു. (2015 വരെ കേന്ദ്ര വിഹിതം 75%-വും സംസ്ഥാന വിഹിതം 25%- വും ആയിരുന്നു). ബാക്കി വരുന്ന ആർ.എസ്.ബി.വൈ-യുടെ 40%-വും ചിസ് പദ്ധതിയിൽ (19.39 ലക്ഷം കുടുംബങ്ങൾ) ഉള്ളവർക്ക് മുഴുവൻ പ്രീമിയവും സംസ്ഥാന സർക്കാരാണ് നൽകി വന്നിരുന്നത്.

ആർ.എസ്.ബി.വൈ./ചിസ് പദ്ധതി പ്രകാരം ഒരു കുടുംബത്തിന് ഒരു വർഷം 30,000 രൂപയുടെ സൗജന്യ ചികിത്സയും കൂടാതെ സീനിയർ സിറ്റിസൺ ഹെൽത്ത് ഇൻഷ്വറൻസ് സ്കീം (SCHIS) പ്രകാരം പദ്ധതിയിൽ അംഗമായിട്ടുള്ള അറുപത് വയസ്സിന് മുകളിലുള്ള ഓരോ കുടുംബാംഗത്തിനും 30,000 രൂപയുടെ അധിക ചികിത്സയും നൽകിയിരുന്നത്. ഈ രണ്ടു പദ്ധതികൾക്കും കൂടി 21.57 ലക്ഷം കുടുംബങ്ങൾക്ക് കേന്ദ്ര സർക്കാർ നൽകി വന്നത് 750 രൂപ ആയിരുന്നു (കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള ആർ.എസ്.ബി.വൈ.-യുടെ പ്രീമിയം ആയ 750 രൂപയും എസ് ചിസ് (SCHIS) പദ്ധതിയുടെ പ്രീമിയം ആയ 500 രൂപയും ചേർത്ത് 1250 രൂപയുടെ 60% ആയ 750 രൂപ). സൗജന്യ ചികിത്സാ പരിധി 5,00,000 മായി ഉയർത്തിയപ്പോൾ കേന്ദ്ര സർക്കാർ ഇൻഷ്വറൻസ് കമ്പനിക്ക് നൽകേണ്ട പ്രീമിയം 1052 രൂപയായി കുറച്ചു. ഇതിന്റെ 60% ആയ 631.20 രൂപ മാത്രമാണ് 21.57 ലക്ഷം കുടുംബങ്ങൾക്ക് കേന്ദ്ര സർക്കാർ പ്രീമിയം വിഹിതമായി നൽകുന്നത്.

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി ആയുഷ്മാൻ ഭാരത് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള 21.57 ലക്ഷം കുടുംബങ്ങൾക്ക് ആരോഗ്യ ഇൻഷ്വറൻസ് പ്രീമിയം ആയ 1671 രൂപയിൽ കേന്ദ്ര വിഹിതമായി 631.20 രൂപ മാത്രമേ ലഭിക്കുകയുള്ളൂ.

ബാക്കിയുള്ള 1040 രൂപ ആയുഷ്മാൻ ഭാരത് പദ്ധതിയുള്ള ഓരോ കുടുംബത്തിനും സംസ്ഥാന സർക്കാർ വിഹിതമായി നൽകേണ്ടതുണ്ട്. അതായത് ആയുഷ്മാൻ ഭാരത് പദ്ധതി നടപ്പിലാക്കുമ്പോൾ അതിന്റെ 62% പ്രീമിയവും സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടി വരുന്നത്. കൂടാതെ ചിസ് പദ്ധതി പ്രകാരമുള്ള 19.39 ലക്ഷം കുടുംബാംഗങ്ങൾക്ക് 100% പ്രീമിയം (1671 രൂപ) സംസ്ഥാന സർക്കാർ നൽകണം.

| SCHEME | Families | Fund | Share |
|---|---|---|---|
| Ayushman Bharat (State Share) | 2157472+1938989 | 5,48,33,90,004.60 | 80.11 |
| Ayushman Bharat (Central Share) | 2157472 | 1,36,17,96,326.40 | 19.89 |
| Total | | 6,84,51,86,331.00 | 100 |

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന പട്ടികയിൽനിന്നും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ പദ്ധതി തുകയുടെ 80.11% വഹിക്കുകയും കേന്ദ്ര സർക്കാർ 19.89%-മാണ് പദ്ധതി വിഹിതം നൽകുന്നത്.

സംസ്ഥാന സർക്കാർ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി സംസ്ഥാനത്തെ ചിസ്, ചിസ് പ്ലസ്, എസ് ചിസ് പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിരുന്നവർക്ക് തുടർന്നും തടസ്സമില്ലാതെ സൗജന്യ ആരോഗ്യ സുരക്ഷ ഉറപ്പാക്കിയിട്ടുണ്ട്. പദ്ധതിയുടെ അംഗത്വ രജിസ്ട്രേഷൻ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ കേന്ദ്രീകരിച്ചും അടിയന്തര ചികിത്സ ആവശ്യമായവർക്ക് സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജ്, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ കേന്ദ്രീകരിച്ച് രജിസ്ട്രേഷൻ കൗണ്ടർ പ്രവർത്തനസജ്ജമാണ്.

ഇതുവരെയായി ഏകദേശം 20 ലക്ഷം അംഗങ്ങളെ രജിസ്റ്റർ ചെയ്തുകഴിഞ്ഞു. ഈ പദ്ധതി നടപ്പാകുന്നതിലൂടെ ഇതിനോടകം 1.5 ലക്ഷത്തോളം വ്യക്തികൾ ചികിത്സ തേടി. ആയതിലൂടെ 85 കോടി രൂപയുടെ സൗജന്യ ചികിത്സ വിവിധ ആശുപത്രികളിലൂടെ നൽകി.

(ഡി) ആർ.എസ്.ബി.വൈ. പദ്ധതി പ്രകാരവും അതിനോടൊപ്പം നടപ്പിലാക്കിയ ചിസ്, ചിസ് പ്ലസ്, എസ് ചിസ് തുടങ്ങിയ പദ്ധതികൾ ആർ.എസ്.ബി.വൈ. പദ്ധതി അവസാനിച്ചതിനോടുകൂടെ അവസാനിച്ചിരുന്നു.

നിലവിൽ പ്രസ്തുത പദ്ധതിക്ക് ഗുണഭോക്താക്കളില്ല. ടി പദ്ധതി അവസാനിക്കുമ്പോൾ ചിസ് പദ്ധതിയിൽ 19.39 ലക്ഷം കുടുംബങ്ങൾ ഉണ്ടായിരുന്നു. ചിസ് പ്ലസ് പദ്ധതിയും എസ് ചിസ് പദ്ധതിയും ആർ.എസ്.ബി.വൈ./ചിസ് പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് നൽകി വന്നിരുന്ന അധിക ചികിത്സാ സഹായമായിരുന്നു. കേന്ദ്ര സർക്കാരിന്റെ മാനദണ്ഡങ്ങളിൽ ചിസ് പദ്ധതി ഗുണഭോക്താക്കൾ വരാത്തതിനാൽ സംസ്ഥാന സർക്കാർ ടി പദ്ധതിയിലെ അംഗങ്ങളുടെ മുഴുവൻ പ്രീമിയം തുകയും വഹിച്ചുകൊണ്ട് ആയുഷ്മാൻ ഭാരത് പദ്ധതി/കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വ്യാപിപ്പിച്ചിരിക്കുന്നു. ആയതിനാൽ അവർക്കും പദ്ധതിയുടെ പ്രയോജനം ലഭിക്കും.

## ചികിത്സാസഹായ പദ്ധതികൾ

173(3644) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര തരം ചികിത്സാസഹായ പദ്ധതികൾ നിലവിലുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ചികിത്സാസഹായ പദ്ധതിയിൽ നിന്നും ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും ഇതിനായി അപേക്ഷ സമർപ്പിക്കേണ്ടത് എവിടെയാണെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ &ബി) സംസ്ഥാനത്ത് കേന്ദ്രാവിഷ്കൃത പദ്ധതിയായ ആയുഷ്മാൻ ഭാരത്-പ്രധാനമന്ത്രി ജെൻ ആരോഗ്യ യോജന (AB-PMJAY) പദ്ധതിയുമായി യോജിച്ചുകൊണ്ട് നടപ്പിലാക്കുന്ന കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) വഴി ഒരു കുടുംബത്തിന് അഞ്ച് ലക്ഷം രൂപ വരെ ചികിത്സാ സഹായം ലഭിക്കുന്നു. പ്രസ്തുത ചികിത്സ സംസ്ഥാനത്തെ തെരഞ്ഞെടുത്ത സർക്കാർ/സ്വകാര്യ/സഹകരണ ആശുപത്രികൾ വഴിയും സംസ്ഥാനത്തിന് പുറത്ത് ആയുഷ്മാൻ ഭാരത് പദ്ധതിയിൽ അംഗമായ രാജ്യത്തെ എല്ലാ ആശുപത്രികൾ വഴിയും ലഭിക്കും. പ്രസ്തുത പദ്ധതിയുടെ രജിസ്ട്രേഷൻ നടപടികൾ പുരോഗമിക്കുന്നു. പ്രസ്തുത ചികിത്സാ പദ്ധതിയിൽ നിലവിൽ ആർ.എസ്.ബി.വൈ./ചിസ് പദ്ധതിയിൽ 31 മാർച്ച് 2019 വരെ അംഗമായിരുന്നവർക്കും സാമൂഹിക-സാമ്പത്തിക സെൻസസ് 2011 പ്രകാരം ദുർബ്ബല വിഭാഗത്തിൽപ്പെട്ടവരുമായ കുടുംബങ്ങൾക്കും അംഗത്വം സ്വീകരിക്കാൻ സാധിക്കും.

കൂടാതെ ആരോഗ്യ വകുപ്പിന് കീഴിൽ സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു പുവർ (SMAP) മുഖേന മാരക രോഗങ്ങളാൽ അവശത അനുഭവിക്കുന്ന 3 ലക്ഷത്തിൽ താഴെ വരുമാനമുള്ള രോഗികൾക്ക് ഡോക്ടർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി 50,000 രൂപ വരെ നൽകിവരുന്നു. ടി പദ്ധതിയുടെ ഗൈഡ് ലൈൻ അനുബന്ധമായി ചേർക്കുന്നു.*

**ആരോഗ്യ മേഖലയിലെ വിവിധ പദ്ധതികൾ**

174(3645) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുഷ്മാൻ ഭാരത് പദ്ധതി എന്താണെന്ന് വിശദമാക്കാമോ; പ്രസ്തുത പദ്ധതി കേരളത്തിൽ നടപ്പിലാക്കിത്തുടങ്ങിയോ; വിശദമാക്കാമോ;

(ബി) കാരുണ്യ ആരോഗ്യ സുരക്ഷാപദ്ധതി എന്താണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി കേരളത്തിൽ നടപ്പിലാക്കിത്തുടങ്ങിയോ; വ്യക്തമാക്കാമോ;

(സി) ആർ.എസ്.ബി.വൈ.(രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന) പദ്ധതി മുഖേന കേന്ദ്രസർക്കാരിൽ നിന്ന് കേരള സർക്കാരിന് കഴിഞ്ഞ വർഷം എത്ര തുക ലഭിച്ചുവെന്ന് വ്യക്തമാക്കുമോ; പ്രസ്തുത തുക ഉപയോഗിച്ച് എന്തെല്ലാം പദ്ധതികൾ ആരോഗ്യമേഖലയിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ആർ.എസ്.ബി.വൈ.-ക്ക് പകരമായി കേന്ദ്ര സർക്കാർ കൊണ്ടുവന്ന ആയുഷ്മാൻ ഭാരത്-പ്രധാനമന്ത്രി ജെൻ ആരോഗ്യ യോജന പദ്ധതി (AB-PMJAY) സംസ്ഥാനത്ത് നടപ്പാക്കുമ്പോൾ നിലവിൽ സോഷ്യൽ ഇക്കണോമിക് കാസ്റ്റ് സെൻസസ് 2011 (SECC)-ൽ ദുർബല വിഭാഗങ്ങളായി കണക്കാക്കിയിട്ടുള്ള 18.58 ലക്ഷം കുടുംബങ്ങൾക്ക് മാത്രമേ പദ്ധതിയുടെ ആനുകൂല്യം ലഭ്യമായിരുന്നുള്ളൂ. തുടർന്ന് സംസ്ഥാന സർക്കാരിന്റെ ഇടപെടൽമൂലം ആർ.എസ്.ബി.വൈ. പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള അംഗങ്ങളെ കൂടി AB-PMJAY പദ്ധതിയിൽ ഉൾപ്പെടുത്തി അങ്ങനെ 21.57 ലക്ഷം കുടുംബങ്ങളെ മേൽപ്പടി പദ്ധതിയുടെ ഗുണഭോക്താക്കളാക്കി കേന്ദ്ര സർക്കാർ നിശ്ചയിച്ചു.

സംസ്ഥാന സർക്കാർ ആയുഷ്മാൻ ഭാരത്- പ്രധാനമന്ത്രി ജെൻ ആരോഗ്യ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

യോജന പദ്ധതിയുടെ ആനുകൂല്യം കൂടുതൽ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും ആർ.എസ്.ബി.വൈ./ചിസ്, ചിസ് പ്ലസ്, എസ് ചിസ് (SCHIS) പദ്ധതികളുടെ ആനുകൂല്യം ലഭ്യമായിരുന്ന ജനങ്ങളെ പദ്ധതിയുടെ ആനുകൂല്യം നഷ്ടപ്പെടാതിരിക്കുന്നതിനുമായി ഈ പദ്ധതികൾ സംയോജിപ്പിച്ച് നിലവിലുള്ള 40.96 ലക്ഷം കുടുംബങ്ങളെയും ഉൾക്കൊള്ളിച്ച് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) വിഭാവനം ചെയ്യുകയും 2019 ഏപ്രിൽ 1 മുതൽ പദ്ധതി കേരളത്തിൽ നടപ്പിലാക്കുകയും ചെയ്തു.

കേരളത്തിൽ ആർ.എസ്.ബി.വൈ./ചിസ് പദ്ധതിയുടെ ആനുകൂല്യം ടി പദ്ധതിയുടെ അവസാന വർഷമായ 2018-19-ൽ 40.96 ലക്ഷം കുടുംബങ്ങൾ ആയിരുന്നു ലഭിച്ചിരുന്നത്. ഇതിൽ 21.57 ലക്ഷം കുടുംബങ്ങൾക്ക് ഇൻഷ്വറൻസ് സേവന ദാതാവിന് അടയ്ക്കേണ്ട പ്രീമിയം തുകയുടെ 60% കേന്ദ്ര സർക്കാർ നൽകി വന്നിരുന്നു. (2015 വരെ കേന്ദ്ര വിഹിതം 75%-വും സംസ്ഥാന വിഹിതം 25%-വും ആയിരുന്നു). ബാക്കി വരുന്ന ആർ.എസ്.ബി.വൈ.-യുടെ 40%-വും ചിസ് പദ്ധതിയിൽ (19.39 ലക്ഷം കുടുംബങ്ങൾ) ഉള്ളവർക്ക് മുഴുവൻ പ്രീമിയവും സംസ്ഥാന സർക്കാരാണ് നൽകി വന്നിരുന്നത്.

ആർ.എസ്.ബി.വൈ./ചിസ് പദ്ധതി പ്രകാരം ഒരു കുടുംബത്തിന് ഒരു വർഷം 30,000 രൂപയുടെ സൗജന്യ ചികിത്സയും കൂടാതെ സീനിയർ സിറ്റിസൺ ഹെൽത്ത് ഇൻഷ്വറൻസ് സ്കീം (SCHIS) പ്രകാരം പദ്ധതിയിൽ അംഗമായിട്ടുള്ള അറുപത് വയസ്സിന് മുകളിലുള്ള ഓരോ കുടുംബാംഗത്തിനും 30,000 രൂപയുടെ അധിക ചികിത്സയും നൽകിയിരുന്നത്. ഈ രണ്ടു പദ്ധതികൾക്കും കൂടി 21.57 ലക്ഷം കുടുംബങ്ങൾക്ക് കേന്ദ്ര സർക്കാർ നൽകി വന്നത് 750 രൂപ ആയിരുന്നു (കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള ആർ.എസ്.ബി.വൈ.-യുടെ പ്രീമിയം ആയ 750 രൂപയും എസ് ചിസ്(SCHIS) പദ്ധതിയുടെ പ്രീമിയം ആയ 500 രൂപയും ചേർത്ത് 1250 രൂപയുടെ 60% ആയ 750 രൂപ). സൗജന്യ ചികിത്സ പരിധി 5,00,000 മായി ഉയർത്തിയപ്പോൾ കേന്ദ്ര സർക്കാർ ഇൻഷ്വറൻസ് കമ്പനിക്ക് നൽകേണ്ട പ്രീമിയം 1052 രൂപയായി കുറച്ചു. ഇതിന്റെ 60% ആയ 631.2 രൂപ മാത്രമാണ് 21.57 ലക്ഷം കുടുംബങ്ങൾക്ക് കേന്ദ്ര സർക്കാർ പ്രീമിയം വിഹിതമായി നൽകുന്നത്.

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി ആയുഷ്മാൻ ഭാരത് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള 21.57 ലക്ഷം കുടുംബങ്ങൾക്ക് ആരോഗ്യ ഇൻഷ്വറൻസ് പ്രീമിയം ആയ 1671 രൂപയിൽ കേന്ദ്ര വിഹിതം ആയി 631.20 രൂപ മാത്രമേ ലഭിക്കുകയുള്ളൂ. ബാക്കിയുള്ള 1040 രൂപ ആയുഷ്മാൻ ഭാരത് പദ്ധതിയിലുള്ള ഓരോ കുടുംബത്തിനും

സംസ്ഥാന സർക്കാർ പ്രീമിയം നൽകേണ്ടതുണ്ട്. അതായത് ആയുഷ്മാൻ ഭാരത് പദ്ധതി നടപ്പിലാക്കുമ്പോൾ അതിന്റെ 62% പ്രീമിയവും സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടി വരുന്നത്. കൂടാതെ ചിസ് പദ്ധതി പ്രകാരമുള്ള 19.39 ലക്ഷം കുടുംബാംഗങ്ങൾക്ക് 100% പ്രീമിയം (1671 രൂപ) സംസ്ഥാന സർക്കാർ നൽകണം.

| SCHEME | Families | Fund | Share |
|---|---|---|---|
| Ayushman Bharat (State Share) | 2157472+1938989 | 5,48,33,90,004.60 | 80.11 |
| Ayushman Bharat (Central Share) | 2157472 | 1,36,17,96,326.40 | 19.89 |
| Total | | 6,84,51,86,331.00 | 100 |

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന പട്ടികയിൽനിന്നും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ പദ്ധതി തുകയുടെ 80.11% വഹിക്കുകയും കേന്ദ്ര സർക്കാർ 19.89%-മാണ് പദ്ധതി വിഹിതം നൽകുന്നത്.

സംസ്ഥാന സർക്കാർ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിവഴി സംസ്ഥാനത്തെ ചിസ്, ചിസ് പ്ലസ്, എസ് ചിസ് (SCHIS) പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിരുന്നവർക്ക് തുടർന്നും തടസ്സമില്ലാതെ സൗജന്യ ആരോഗ്യ സുരക്ഷ ഉറപ്പാക്കിയിട്ടുണ്ട്. പദ്ധതിയുടെ അംഗത്വ രജിസ്ട്രേഷൻ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ കേന്ദ്രീകരിച്ചും അടിയന്തര ചികിത്സ ആവശ്യമായവർക്ക് സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജ്, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ കേന്ദ്രീകരിച്ച് രജിസ്ട്രേഷൻ കൗണ്ടർ പ്രവർത്തനസജ്ജമാണ്.

ഇതുവരെയായി ഏകദേശം 20 ലക്ഷം അംഗങ്ങളെ രജിസ്റ്റർ ചെയ്തുകഴിഞ്ഞു. ഈ പദ്ധതി നടപ്പാകുന്നതിലൂടെ ഇതിനോടകം 1.5 ലക്ഷത്തോളം വ്യക്തികൾ ചികിത്സ തേടി. ആയതിലൂടെ 85 കോടി രൂപയുടെ സൗജന്യ ചികിത്സ വിവിധ ആശുപത്രികളിലൂടെ നൽകി.

(സി) ആർ.എസ്.ബി.വൈ. പദ്ധതി മുഖേന കഴിഞ്ഞ വർഷം 86,90,71,903 രൂപ ലഭിക്കുകയും ടി തുക ആർ.എസ്.ബി.വൈ. പദ്ധതി നടത്തിപ്പിനായി ഇൻഷ്വറൻസ് സേവനദാതാവിന് നൽകുകയും ചെയ്തിട്ടുണ്ട്.

## കരുവേലിപ്പടിയിൽ പ്രവർത്തിക്കുന്ന ജില്ലാ ടി.ബി. ആശുപത്രിക്ക് പുതിയ കെട്ടിടം

175(3646) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമ കൊച്ചിയിലെ കരുവേലിപ്പടിയിൽ പ്രവർത്തിക്കുന്ന ജില്ലാ ടി.ബി. ആശുപത്രിക്ക് പുതിയ കെട്ടിടം പണിയുന്നതിനായി പൊതുമരാമത്ത് വകുപ്പ് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇവിടെ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) കരുവേലിപ്പടിയിൽ പ്രവർത്തിക്കുന്ന ജില്ലാ ടി.ബി. ആശുപത്രിക്ക് പുതിയ കെട്ടിടം പണിയുന്നതിനുള്ള എസ്റ്റിമേറ്റ് ലഭ്യമായിട്ടില്ല.

(സി) രോഗികൾക്കാവശ്യമായ ഒ.പി. സൗകര്യം, ലാബ്, എക്സ്റേ, ഡോട്ട്സ് സെന്റർ, ഫാർമസി, നഴ്സിംഗ് സ്റ്റേഷൻ, ഓഫീസ്, ഡി.എ.പി.സി.യു. കോൺഫറൻസ് ഹാൾ എന്നീ സൗകര്യങ്ങളുള്ള പുതിയ കെട്ടിടം തുടങ്ങുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

## ജീവനം 2014 പദ്ധതി

176(3647) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന ജീവനം 2014 പദ്ധതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജീവനം 2014 പദ്ധതി പ്രകാരം ദേവികുളം നിയോജകമണ്ഡലത്തിലെ എല്ലാ വീടുകളിലും ആരോഗ്യ സർവ്വേ നടത്തുകയും ജീവിതശൈലീ രോഗവുമായി ബന്ധപ്പെട്ടിട്ടുള്ള സ്ക്രീനിംഗ് പരിപാടികളും പഞ്ചായത്ത് തലത്തിൽ മെഡിക്കൽ ക്യാമ്പുകളും കൂടാതെ തെരഞ്ഞെടുക്കപ്പെട്ട രോഗികൾക്കായി സ്പെഷ്യാലിറ്റി ക്യാമ്പുകളും നടത്തിയിട്ടുള്ളതാണ്. ഈ പ്രോജക്റ്റ് ഇപ്പോൾ നിലവിലില്ല. ആരോഗ്യ വകുപ്പിന്റെ ജീവിതശൈലീ രോഗവുമായി ബന്ധപ്പെട്ട പദ്ധതികൾ/പ്രവർത്തനങ്ങൾ ജില്ലയിൽ നടക്കുന്നുണ്ട്.

## കണ്ണൂർ ജില്ലയിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ

177(3648) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് ഇതുവരെയായി എത്ര പി.എച്ച്.സി.-കളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റിയിട്ടുണ്ട്;

(ബി) കണ്ണൂർ ജില്ലയിൽ ഇതുവരെ എത്ര പി.എച്ച്.സി.-കൾ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റിയിട്ടുണ്ട്;

(സി) കല്ല്യാശ്ശേരി മണ്ഡലത്തിൽ ഏതൊക്കെ പി.എച്ച്.സി.-കളാണ് കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റാൻ തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

(എ) ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 170 കേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ 504 കേന്ദ്രങ്ങളെയും കുടുംബാരോഗ്യകേന്ദ്രങ്ങളായി മാറ്റുന്നതിന് തെരഞ്ഞടുത്തിട്ടുണ്ട്.

(ബി) ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ കണ്ണൂർ ജില്ലയിലെ 11 ആരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രമായി മാറ്റിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ 50 കേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്.

(സി) ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം (പിലാത്തറ) പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉർത്തി ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കല്ല്യാശ്ശേരി മണ്ഡലത്തിലെ മാട്ടൂൽ, ചെറുകുന്ന്, കുഞ്ഞിമംഗലം, പട്ടുവം, കടന്നപ്പള്ളി, പുതിയങ്ങാടി (ഫിഷറീസ്), കണ്ണപുരം, കല്ല്യാശ്ശേരി എന്നീ കേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ ചെറുകുന്ന്, കുഞ്ഞിമംഗലം, പുതിയങ്ങാടി എന്നീ കേന്ദ്രങ്ങൾക്ക് അടിസ്ഥാന സൗകര്യവികസനത്തിനായി സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്ന് 14 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. മാട്ടൂൽ, പട്ടുവം, കടന്നപ്പള്ളി, കണ്ണപുരം, കല്ല്യാശ്ശേരി എന്നീ കേന്ദ്രങ്ങൾക്ക് എൻ.എച്ച്.എം. ഫണ്ടിൽ നിന്ന് 15.50 ലക്ഷം രൂപ വീതവും അനുവദിച്ചിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവൃത്തികൾ എൻ.എച്ച്.എം. മുഖേന നടന്നുവരുന്നു. ടി കേന്ദ്രങ്ങളിലേയ്ക്ക് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഫാർമസിസ്റ്റ് തസ്തികകൾ

178(3649) <u>ഡോ. എം. കെ. മുനീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെ എത്ര ഫാർമസിസ്റ്റ് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട് എന്നത് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ബഹു. ഹൈക്കോടതി ഉത്തരവ് പ്രകാരം ആശുപത്രികളിൽ ഫാർമസിസ്റ്റുകൾ അല്ലാതെ മറ്റാരും മരുന്നുവിതരണം നടത്താൻ പാടില്ല എന്നിരിക്കെ സർക്കാർ ആശുപത്രിയിൽ മറ്റ് ജീവനക്കാർ മരുന്ന് വിതരണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഫാർമസിസ്റ്റ് തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഏതൊക്കെ ജില്ലകളിൽ എത്ര തസ്തികകൾ സൃഷ്ടിക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഫാർമസിസ്റ്റിന്റെ 180 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | തസ്തികകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 15 |
| 2 | കൊല്ലം | 10 |
| 3 | പത്തനംതിട്ട | 7 |
| 4 | ആലപ്പുഴ | 15 |
| 5 | എറണാകുളം | 14 |
| 6 | കോട്ടയം | 10 |
| 7 | ഇടുക്കി | 11 |
| 8 | തൃശ്ശൂർ | 18 |
| 9 | പാലക്കാട് | 17 |
| 10 | മലപ്പുറം | 17 |
| 11 | കോഴിക്കോട് | 15 |
| 12 | വയനാട് | 8 |
| 13 | കണ്ണൂർ | 13 |
| 14 | കാസർഗോഡ് | 10 |
| ആകെ | | 180 |

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ തസ്തിക സൃഷ്ടിക്കുന്ന പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**പാലക്കാട് ജില്ലയിലെ ആർദ്രം പദ്ധതി**

179(3650) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ എന്തെല്ലാം നവീകരണ പ്രവൃത്തികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പാലക്കാട് ജില്ലയിലെ ഏതെല്ലാം ആശുപത്രികളിലാണ് നവീകരണപ്രവർത്തനങ്ങൾ നടന്നുവരുന്നതെന്നും എന്തെല്ലാം പുതിയ സൗകര്യങ്ങൾ ആണ് ഇവിടങ്ങളിൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

ഉത്തരം

(എ) 2017-18 ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പാലക്കാട് ജില്ലയിലെ 16 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി 16 അസിസ്റ്റന്റ് സർജൻ, 32 സ്റ്റാഫ് നഴ്സ്, 16 ലാബ് ടെക്നീഷ്യൻ, 16 ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. ഇവ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു.

2018-19 ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പാലക്കാട് ജില്ലയിലെ 45 കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. ഇവയുടെ നിർമ്മാണ പ്രവൃത്തികൾ എൻ.എച്ച്.എം. മുഖേന നടന്നുവരുന്നു. കൂടാതെ ടി സ്ഥാപനങ്ങളിലേയ്ക്ക് അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) പാലക്കാട് ജില്ലാശുപത്രിയിൽ ഒ.പി. വെയിറ്റിംഗ് ഏരിയയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇവിടെ കാത്ത് ലാബ് പ്രവർത്തിച്ചുവരുന്നു. ഒറ്റപ്പാലം, ചിറ്റൂർ, മണ്ണാർക്കാട്, ആലത്തൂർ താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയായിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ ജില്ലാ ആശുപത്രിയിലും വനിതാ ശിശു ആശുപത്രിയിലുമുള്ള രണ്ട് ഹാളുകൾ ആർദ്രം ജില്ലാ ട്രെയിനിംഗ് സെന്ററാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുത്ത 36 സ്ഥാപനങ്ങൾക്ക് ഭരണാനുമതി നൽകുകയും 23 എണ്ണത്തിന് സാങ്കേതികാനുമതി നൽകുകയും ചെയ്തു. ഇതിൽ വെള്ളിനേഴി, കാഞ്ഞിരപ്പുഴ, പുതുക്കോട്, ആനക്കട്ടി എന്നീ സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ആർദ്രം പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്ന സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസ്ഡ് ഒ.പി. രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ, സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, നഴ്സിംഗ് കൗൺസിലിംഗ്, പബ്ലിക് അഡ്രസിംഗ് സിസ്റ്റം, രോഗികൾക്ക് ആവശ്യത്തിന് ഇരിപ്പിടങ്ങൾ, കുടിവെള്ള സൗകര്യം, ടോയ്‌ലെറ്റ് സൗകര്യം, മൂന്ന് ഡോക്ടർമാരുടെ സേവനം, നഴ്സ് പ്രീ ചെക്കും കൗൺസിലിംഗും വൈകിട്ട് 6 മണി വരെ ഒ.പി. സേവനങ്ങൾ, ലബോറട്ടറി സൗകര്യം തുടങ്ങിയവയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ലഭ്യമാക്കി വരുന്ന സേവനങ്ങൾ.

## ആലപ്പുഴ റ്റി.ഡി. മെഡിക്കൽ കോളേജിലെ സി.റ്റി. സിമുലേറ്റർ

180(3651) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ റ്റി.ഡി. മെഡിക്കൽ കോളേജിലെ റേഡിയോ തെറാപ്പി വിഭാഗത്തിന്റെ ആവശ്യങ്ങൾക്കായി 2017-ൽ സി.റ്റി. സിമുലേറ്റർ വാങ്ങിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഏത് കമ്പനിയിൽ നിന്നാണ് സി.റ്റി. സിമുലേറ്റർ വാങ്ങിയത്; ഇതിനായി എത്ര തുക ഇതിനകം പ്രസ്തുത കമ്പനിക്ക് നൽകിയെന്ന് വെളിപ്പെടുത്തുമോ;

(സി) രണ്ട് വർഷം കഴിഞ്ഞിട്ടും പ്രസ്തുത സി.റ്റി. സിമുലേറ്റർ പ്രവർത്തനക്ഷമമാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത മെഷീന്റെ വാറണ്ടി എന്നാണ് അവസാനിക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) വാങ്ങിയിട്ടുണ്ട്.

(ബി) M/s. ഫിലിപ്പ് ഇലക്ട്രോണിക്സ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് ചെന്നൈ എന്ന സ്ഥാപനത്തിൽ നിന്നും 3,40,69,275 (മൂന്ന് കോടി നാൽപ്പത് ലക്ഷത്തി അറുപത്തിയൊമ്പതിനായിരത്തി ഇരുന്നൂറ്റി എഴുപത്തി അഞ്ച് രൂപ മാത്രം) രൂപയ്ക്കാണ് സി.റ്റി. സിമുലേറ്റർ വാങ്ങിയത്.

(സി) ചില സാങ്കേതിക പ്രശ്നങ്ങളാൽ സി.റ്റി. സിമുലേറ്റർ പ്രവർത്തിക്കാതിരുന്നു. നിലവിൽ ഈ ഉപകരണം കാര്യക്ഷമമായി ചികിത്സയ്ക്ക് ഉപയോഗിക്കുന്നു.

(ഡി) സി.റ്റി. സിമുലേറ്റർ നിലവിൽ വാറണ്ടി കാലയളവിലാണ്. ഇടയ്ക്ക് പ്രവർത്തനരഹിതമായ കാലയളവ് കൂടി കണക്കിലെടുത്ത് വാറണ്ടി അതിനനുസൃതമായി നീട്ടിവാങ്ങാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

## സർക്കാർ മെഡിക്കൽ കോളേജുകളുടെ നിലവാരം ഉയർത്താൻ പദ്ധതി

181(3653) ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. ഡി. കെ. മുരളി:
ശ്രീമതി യു. പ്രതിഭ:
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളെ എയിംസ് നിലവാരത്തിലേക്ക് ഉയർത്താൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ചെയ്തു വരുന്ന കാര്യങ്ങൾ അറിയിക്കാമോ; ഏതെല്ലാം മെഡിക്കൽ കോളേജുകളെയാണ് ഇത്തരത്തിൽ വികസിപ്പിക്കുന്നത്;

(ബി) ആവശ്യാനുസരണം ഡോക്ടർമാരെയും മറ്റ് പാരാമെഡിക്കൽ ജീവനക്കാരെയും നിയമിച്ച് മെഡിക്കൽ കോളേജ് ആശുപത്രികളെ രോഗീസൗഹൃദമാക്കാൻ നടപടിയെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇടുക്കി മെഡിക്കൽ കോളേജിന്റെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വയനാട് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പുരോഗതി അറിയിക്കുമോ?

### ഉത്തരം

(എ&ബി) ഇതുസംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു *.

(സി) ഇടുക്കി മെഡിക്കൽ കോളേജിന്റെ ഒന്നാംഘട്ടത്തിലെ അക്കാഡമിക് ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി. പഴയ ആശുപത്രി കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചു. 2014-ൽ എം.ബി.ബി.എസ്.-ന് 50 കുട്ടികൾക്ക് പ്രവേശനം നൽകി. 2015-ൽ രണ്ടാം എം.ബി.ബി.എസ്. ബാച്ചിൽ പ്രവേശനം നടന്നു. 2014-15 ബാച്ചിലെ മുഴുവൻ വിദ്യാർത്ഥികളെയും തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, ആലപ്പുഴ, കോഴിക്കോട് മെഡിക്കൽ കോളേജുകളിലേയ്ക്ക് മാറ്റുകയുണ്ടായി. ഇടുക്കി മെഡിക്കൽ കോളേജിലെ അനാട്ടമി, ഫിസിയോളജി, കമ്മ്യൂണിറ്റി മെഡിസിൻ, മൈക്രോബയോളജി, ഫാർമക്കോളജി വിഭാഗങ്ങളുടെ പണി പൂർത്തിയായി വരുന്നു.

വയനാട് മെഡിക്കൽ കോളേജിലേയ്ക്കുള്ള ആക്സസ് റോഡിന്റെ പണി പൂർത്തിയാക്കി. കെട്ടിട സമുച്ചയത്തിന്റെ പണികൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സർക്കാർ മെഡിക്കൽ കോളേജുകളിൽ രോഗീ സൗഹൃദ കാഷ്വാലിറ്റികൾ

182(3654) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളെ എ.ഐ.ഐ.എം.എസ് (എയിംസ്) നിലവാരത്തിലേക്കുയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) മെഡിക്കൽ കോളേജുകളിലെ കാഷ്വാലിറ്റികളിലെങ്കിലും രോഗികളുടെ രക്തപരിശോധന, എക്സ്.റേ, സ്കാനിംഗ് എന്നിവയ്ക്കായി കൂട്ടിരിപ്പുകാരെ അയയ്ക്കുന്നതിനു പകരം അശുപത്രി ജീവനക്കാർ തന്നെ പരിപാലിക്കുന്ന സമ്പ്രദായം ആരംഭിക്കുമോ;

(സി) നഴ്സിംഗ്, മറ്റ് പാരാമെഡിക്കൽ വിദ്യാർത്ഥികൾ എന്നിവർക്ക് പാർട്ട്-ടൈം ആയി ജോലി ലഭിക്കത്തക്ക വിധത്തിൽ മെഡിക്കൽ കോളേജുകളിലെ കാഷ്വാലിറ്റികൾ സജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) സ്വകാര്യ ആശുപത്രികളിലെ പോലെ രോഗീസൗഹൃദ കാഷ്വാലിറ്റികൾ സർക്കാർ മെഡിക്കൽ കോളേജുകളിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളുടെ നിലവാരം ഉയർത്തുന്നതിനായി ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു:

| | |
|---|---|
| 1 | മെഡിക്കൽ കോളേജുകളിലെ നിലവിലെ അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണവും വിലയേറിയ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണിയും |
| 2 | ഓങ്കോളജി& ടെർഷ്യറി കെയർ |
| 3 | രോഗീ സൗഹൃദ ആശുപത്രി ചുറ്റുപാട് സൃഷ്ടിക്കൽ |
| 4 | ഡ്രഗ് സ്റ്റോറുകളുടെ സ്ഥാപനവും ആധുനീകവൽക്കരണവും |
| 5 | 50% കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതം |
| 6 | സംസ്ഥാന വൈദ്യ ഗവേഷണ ബോർഡ് |
| 7 | മെഡിക്കൽ കോളേജ് ആശുപത്രികളിൽ മാതൃ-ശിശു ആരോഗ്യ കേന്ദ്രങ്ങളിലെ സൗകര്യങ്ങളുടെ നിലവാരമുയർത്തൽ |

| | |
|---|---|
| 8 | മെഡിക്കൽ കോളേജുകളിലെയും മറ്റു ആശുപത്രികളിലെയും ഖര മാലിന്യ നിർമ്മാർജ്ജനം |
| 9 | ഇ-ഹെൽത്ത് പ്രോഗ്രാം(DME) |
| 10 | ഫാക്കൽറ്റി ഇമ്പ്രൂവ്മെന്റ് പ്രോഗ്രാം |
| 11 | ഡിസീസിഡ് ഡോണർ മൾട്ടി ഓർഗൺ ട്രാൻസ്പ്ലാന്റേഷൻ |
| 12 | എല്ലാ മെഡിക്കൽ കോളേജുകളിലും കോർട്ടേഴ്സ് ടു റസിഡൻസ് |
| 13 | സ്റ്റേറ്റ് ഫീഡ് സെൽ |
| 14 | ഡയറക്ടറേറ്റ് ഓഫ് റേഡിയേഷൻ സേഫ്റ്റി |
| 15 | മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കൽ |
| 16 | മെഡിക്കൽ കോളേജിന് കീഴിലുള്ള 4 ഫാർമസി കോളേജുകളിൽ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തൽ |
| 17 | മെഡിക്കൽ കേളേജുകളിൽ ബയോമെഡിക്കൽ വിഭാഗം ആരംഭിക്കൽ |
| 18 | മൾട്ടി ഡിസിപ്ലിനറി റിസർച്ച് ലാബ് ആരംഭിക്കലും അനിമൽ ഹൗസിന്റെ നിലവാരം ഉയർത്തലും |
| 19 | ഡെന്റൽ കോളേജിൽ കമ്മ്യൂണിറ്റി ഡെന്റിസ്ട്രിയും ഡെന്റൽ പബ്ലിക് ഹെൽത്ത് ലാബും സ്ഥാപിക്കൽ. |

മെഡിക്കൽ കേളേജുകളിൽ എല്ലാവിധ സ്പെഷ്യാലിറ്റി സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളും പ്രവർത്തന സജ്ജമായി വരുന്നു. എം.ആർ.ഐ. സ്കാൻ, സി.ടി. സ്കാൻ, കാത്ത് ലാബ്, വെന്റിലേറ്റർ, സെൻട്രലൈസ്ഡ് ഓക്സിജൻ സിസ്റ്റം, ടെലി കൊബാൾട്ട് മെഷീൻ, അൾട്രാ സൗണ്ട് മെഷീൻ, മാമോഗ്രാഫി മെഷീൻ, ആർത്രോസ്കോപ്പും അനുബന്ധ ഉപകരണങ്ങളും, ഇ.എൻ.ടി. എച്ച്.ഡി. സെറ്റ്, കമ്പ്യൂട്ടർ റേഡിയോഗ്രാഫി എന്നീ ആധുനിക ഉപകരണങ്ങളും ട്രോമാ കെയർ സംവിധാനങ്ങളും ഏർപ്പെടുത്തിവരുന്നു. കൂടാതെ മെഡിക്കൽ കോളേജുകളുടെ സമഗ്രവികസനം ലക്ഷ്യമാക്കി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി-ഡി) സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലെത്തുന്ന രോഗികൾക്ക് അടിയന്തരമായ എല്ലാ ചികിത്സാ സൗകര്യങ്ങളും അത്യാഹിത വിഭാഗങ്ങളിൽ ഇപ്പോൾ നിലവിലുണ്ട്. ആർദ്രം മിഷന്റെ ഭാഗമായി ആശുപത്രികളെ രോഗീസൗഹൃദമാക്കാനും ആവശ്യമായ കൂടുതൽ സൗകര്യമേർപ്പെടുത്താനുമുള്ള നടപടികൾ നടന്നുവരുന്നു. കൂടാതെ ആശുപത്രികളിൽ എമർജൻസി മെഡിസിൻ വിഭാഗവും ട്രോമാ കെയർ സംവിധാനങ്ങളും പൂർണ്ണസജ്ജമാകുമ്പോൾ രോഗികൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ ലഭിക്കുന്നതാണ്.

## തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കാത്ത്‌ലാബിന്റെ പ്രവർത്തനം

183(3655) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.-ന്റെ കീഴിലുള്ള കാത്ത് ലാബിന്റെ പ്രവർത്തനം ഏപ്രിൽ മാസം നിർത്തിവയ്ക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ലാബിൽ നിന്നും പ്രതിമാസം ലഭിക്കുന്ന ശരാശരി വരുമാനം എത്രയാണെന്ന് വെളിപ്പെടുത്താമോ;

(സി) പാവപ്പെട്ട രോഗികൾക്ക് ആശ്രയമായ ഈ ലാബിന്റെ പ്രവർത്തനം തടസ്സപ്പെടുത്തുന്നത് സ്വകാര്യ ആശുപത്രികളെ സഹായിക്കാനാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കാത്ത് ലാബ് മുടക്കം കൂടാതെ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 3 കാത്ത് ലാബുകളാണ് പ്രവർത്തിച്ചുവരുന്നത്.അതിൽ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.-ന്റെ ഉടമസ്ഥതയിലുള്ള കാത്ത് ലാബിന്റെ പ്രവർത്തനം ഏപ്രിൽ മാസം രണ്ട് ദിവസം നിർത്തിവയ്ക്കേണ്ട സാഹചര്യമുണ്ടായിട്ടുണ്ട്. കാത്ത് ലാബിന് ആവശ്യമുള്ള കൺസ്യൂമബിൾസ്/റീ-ഏജന്റ് വിതരണം ചെയ്യുന്നതിന് M/s. Haya Associates എന്ന കമ്പനിയുമായിട്ടാണ് കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. കരാറിൽ ഏർപ്പെട്ടിരുന്നത്. പ്രസ്തുത കമ്പനി ടി സാധനങ്ങൾ വിതരണം ചെയ്യാത്തതിനാലാണ് കാത്ത് ലാബ് 2 ദിവസം പ്രവർത്തനരഹിതമായിരുന്നത്.

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജ് കാത്ത് ലാബിൽ നിന്നും പ്രതിമാസം 42,59,789 രൂപ (നാൽപ്പത്തിരണ്ട് ലക്ഷത്തി അൻപത്തിയൊൻ പതിനായിരത്തി എഴുന്നൂറ്റി എൺപത്തൊൻപത് രൂപ) ശരാശരി വരുമാനമായി ലഭിക്കുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) M/s. Haya Associates എന്ന കമ്പനി കൺസ്യൂമബിൾസ്/റീ-ഏജന്റ് വിതരണം ചെയ്യാത്ത സാഹചര്യത്തിൽ M/s.India Medtronic (P) Ltd. എന്ന സ്ഥാപനത്തിൽനിന്നും സാധനങ്ങൾ ലഭ്യമാക്കി ടി കാത്ത് ലാബ് നിലവിൽ പ്രവർത്തിച്ചുവരുന്നു.

**ചികിത്സാപ്പിഴവുകൾ സംബന്ധിച്ച പരാതികളിന്മേൽ എടുത്ത നടപടി**

184(3656) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം മെഡിക്കൽ കോളേജിൽ ചികിത്സയ്ക്ക് വന്ന അർബുദമില്ലാത്ത വനിതയെ കീമോതെറാപ്പിക്ക് വിധേയമാക്കിയ പരാതിയിൽ ആരോഗ്യ വകുപ്പ് എന്തൊക്കെ നടപടികൾ എടുത്തു; വിശദമാക്കാമോ;

(ബി) കോട്ടയം മെഡിക്കൽ കോളേജിൽ ചികിത്സ കിട്ടാതെവന്നതിന്റെ പേരിൽ മരിച്ചുപോയ കട്ടപ്പന സ്വദേശിയുടെ ബന്ധുക്കളുടെ പരാതിയിൽ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ?

ഉത്തരം

(എ) കോട്ടയം മെഡിക്കൽ കോളേജിൽ ചികിത്സയ്ക്ക് വന്ന വനിതയ്ക്ക് അർബുദമില്ലാതെ കീമോതെറാപ്പി നൽകിയ വിവരം ശ്രദ്ധയിൽപ്പെട്ട ഉടൻ തന്നെ പ്രിൻസിപ്പാൾ തലത്തിൽ അന്വേഷണം നടത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ടിൽ ഡോക്ടറുടെ ഭാഗത്തുനിന്നും ചികിത്സ സംബന്ധിച്ച് പിഴവുണ്ടായതായി പരാമർശമില്ല. എന്നിരുന്നാലും സംഭവത്തിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ തലത്തിൽ ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ച് വിശദമായ അന്വേഷണം നടത്തുന്നുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ബന്ധുക്കളുടെ പരാതിയൊന്നും ലഭിച്ചതായി ശ്രദ്ധയിൽ വന്നിട്ടില്ല.

**പി.എച്ച്.സി., സി.എച്ച്.സി. ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

185(3657) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ കേരളത്തിൽ എത്ര പി.എച്ച്.സി., സി.എച്ച്.സി.-കൾ പ്രവർത്തിക്കുന്നുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി പി.എച്ച്.സി., സി.എച്ച്.സി. എന്നിവ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) പുതിയതായി പി.എച്ച്.സി., സി.എച്ച്.സി. എന്നിവ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) നിലവിൽ കേരളത്തിൽ 568 പി.എച്ച്.സി.-യും 114 24x7 പി.എച്ച്.സി.-യും 224 സി.എച്ച്.സി.-യും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വിവിധ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്നതിന്റെ ഭാഗമായി ആർദ്രം പദ്ധതിയുടെ ആദ്യഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട 170 പി.എച്ച്.സി.-കളെ കുടുംബാരോഗ്യകേന്ദ്രമാക്കി മാറ്റുകയും ചെയ്തു. രണ്ടാം ഘട്ടത്തിൽ 504 ആരോഗ്യ സ്ഥാപനങ്ങളെ (PHC/24x7 PHC/CHC ഉൾപ്പെടെ) കുടുംബാരോഗ്യ കേന്ദ്രമായി മാറ്റി ഉത്തരവായിട്ടുണ്ട്. ടി സ്ഥാപനങ്ങളെ എഫ്.എച്ച്.സി. ആയി പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നിലവിലുള്ള PHC/24x7 PHC/CHC-കളുടെ ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | പി.എച്ച്.സി. | 24*7 പി.എച്ച്.സി. | സി.എച്ച്.സി. |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | തിരുവനന്തപുരം | 50 | 4 | 22 |
| 2 | കൊല്ലം | 42 | 4 | 16 |
| 3 | പത്തനംതിട്ട | 33 | 2 | 12 |
| 4 | ആലപ്പുഴ | 34 | 11 | 16 |
| 5 | കോട്ടയം | 36 | 8 | 20 |
| 6 | ഇടുക്കി | 25 | 9 | 12 |
| 7 | എറണാകുളം | 36 | 24 | 23 |
| 8 | തൃശ്ശൂർ | 51 | 10 | 24 |
| 9 | പാലക്കാട് | 53 | 7 | 19 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 10 | മലപ്പുറം | 57 | 11 | 20 |
| 11 | കോഴിക്കോട് | 48 | 3 | 16 |
| 12 | വയനാട് | 14 | 5 | 9 |
| 13 | കണ്ണൂർ | 63 | 9 | 9 |
| 14 | കാസർഗോഡ് | 26 | 7 | 6 |
| | ആകെ | 568 | 114 | 224 |

(ബി) ഇല്ല.

(സി) ഒരു ഗ്രാമപഞ്ചായത്തിൽ ഒരു പി.എച്ച്.സി.-യോ സി.എച്ച്.സി.യോ വേണമെന്നുള്ളതാണ് നിലവിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നയം.

## എല്ലാ സർക്കാർ ആശുപത്രികളിലും ദന്തചികിത്സാ വിഭാഗം

186(3658) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലുമുള്ള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ദന്തചികിത്സാ വിഭാഗം ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള പി.എച്ച്.സി.കളിലും സി.എച്ച്.സി.കളിലും ദന്തഡോക്ടറുടെ അഭാവംമൂലം സാധാരണക്കാരായ രോഗികൾ സ്വകാര്യ ദന്തഡോക്ടർമാരുടെ സേവനം തേടുന്നതിന് നിർബന്ധിതരാകുന്ന സാഹചര്യം പരിശോധിക്കുമോ?

ഉത്തരം

(എ&ബി) നിലവിൽ സംസ്ഥാനത്തെ 39 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ദന്ത ചികിത്സാ വിഭാഗം പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്തെ വിവിധ ആരോഗ്യ സ്ഥാപനങ്ങളിൽ ദന്തൽ വിഭാഗത്തിൽ സൃഷ്ടിക്കേണ്ട തസ്തികകൾ അടങ്ങിയ ഒരു പാക്കേജ് പ്രൊപ്പോസൽ സമർപ്പിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് മാത്രമേ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

## ദേശീയ ഗുണമേന്മ അംഗീകാരമുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ

187(3659) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾക്ക് ദേശീയ ഗുണമേന്മ അംഗീകാരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ കേന്ദ്രങ്ങൾക്കാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതൊക്കെ കാര്യങ്ങൾ വിലയിരുത്തിയാണ് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾക്ക് ദേശീയ ഗുണമേന്മ അംഗീകാരം നൽകുന്നതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്. നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് അക്രഡിറ്റേഷൻ ലഭിച്ച പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ താഴെപ്പറയുന്നു:

| | | |
|---|---|---|
| 1 | PHC Chittarikkal | Kasaragod |
| 2 | PHC Narkilakkad | Kasaragod |
| 3 | FHC Thirunavaya | Malappuram |
| 4 | FHC Kanchiyar | Idukki |
| 5 | FHC Mutholi | Kottayam |
| 6 | FHC Noolpuzha | Wayanad |
| 7 | PHC Purakkad | Alappuzha |
| 8 | FHC Peruvemba | Palakkad |
| 9 | FHC Chemmaruthy | Trivandrum |
| 10 | FHC Karindalam | Kasaragod |
| 11 | FHC Valiyaparamba | Kasaragod |
| 12 | FHC Kayyur | Kasaragod |
| 13 | FHC Valapattanam | Kannur |
| 14 | FHC Therthally | Kannur |

(ബി) പ്രഥാമികാരോഗ്യ കേന്ദ്രങ്ങൾക്ക് ദേശീയ ഗുണമേന്മ അംഗീകാരം നൽകുന്നതിന് കേന്ദ്ര സർക്കാർ ആവിഷ്കരിച്ച എൻ.ക്യൂ.എ.എസ്. ചെക്ക് ലിസ്റ്റ്

പ്രകാരമാണ്. സെൽഫ് അസെസ്സ്മെന്റ്, ജില്ലാതല അസെസ്സ്മെന്റ്, സംസ്ഥാനതല അസസ്സ്മെന്റ് എന്നിവ എൻ.ക്യു.എ.എസ്.(നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ്) ചെക്ക് ലിസ്റ്റ് ഉപയോഗിച്ച് നടത്തേണ്ടതാണ്. എൻ.ക്യു.എ.എസ്. ചെക്ക് ലിസ്റ്റിൽ 8 ഏര്യകളായി തിരിച്ചിരിക്കുന്നു.

1. സർവ്വീസ് പ്രൊവിഷൻ
2. പേഷ്യന്റ് റൈറ്റ്സ്
3. ഇൻപുട്ട്സ് അഥവാ പശ്ചാത്തലസൗകര്യം
4. സപ്പോർട്ടീവ് സർവ്വീസസ്
5. ക്ലിനിക്കൽ സർവ്വീസസ്
6. ഇൻഫെക്ഷൻ കൺട്രോൾ
7. ക്വാളിറ്റി മാനേജ്മെന്റ്
8. ഔട്ട് കം ഇന്റിക്കേറ്റേർസ്.

മേൽപ്പറഞ്ഞ അസെസ്സ്മെന്റുകളിൽ എല്ലാ വിഭാഗങ്ങൾക്കും 70% മാർക്കിൽ കൂടുതൽ ലഭിക്കുകയാണെങ്കിൽ സ്ഥാപനത്തെ നാഷണൽ ലെവൽ അസെസ്സ്മെന്റിലേയ്ക്കായി പരിഗണിക്കുന്നതാണ്. എൻ.എച്ച്.എസ്.ആർ.സി. നിയമിക്കുന്ന രണ്ടംഗ പരിശോധന സംഘം 2 ദിവസം പ്രാഥമികാരോഗ്യ കേന്ദ്രം സന്ദർശിച്ച് പരിശോധന നടത്തുകയും ആ പരിശോധനയിൽ താഴെപ്പറയുന്ന എല്ലാ മാനദണ്ഡങ്ങളും പാലിച്ചെന്ന് ഉറപ്പുവരികയാണെങ്കിൽ എൻ.എച്ച്.എസ്.ആർ.സി. കേന്ദ്ര ഗവൺമെന്റ് എൻ.ക്യു.എ.എസ്. അംഗീകാരത്തിനായി ശിപാർശ നൽകുകയും കേന്ദ്ര ഗവൺമെന്റ് എൻ.ക്യു.എ.എസ്. അംഗീകാരം നൽകുകയും ചെയ്യുന്നു.

1. മൊത്തം സ്കോർ 70%-ത്തിന് മുകളിൽ
2. എല്ലാ ഡിപ്പാർട്ടുമെന്റുകളിലും 70%-ത്തിന് മുകളിൽ സ്കോർ
3. എല്ലാ സ്റ്റാൻഡേർഡുകളിലും 50%-ത്തിന് മുകളിൽ സ്കോർ
4. ഉണഭോക്താക്കളുടെ സംതൃപ്തി സ്കോർ 65%- ത്തിന് മുകളിൽ

## ഹെൽത്ത് സെന്ററുകളുടെ അടിസ്ഥാന സൗകര്യ വികസനം

188(3661) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര പ്രൈമറി ഹെൽത്ത് സെന്ററുകൾ കുടുംബാരോഗ്യകേന്ദ്രങ്ങളായും, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളായും ഉയർത്തിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തെല്ലാം നടപടിക്രമങ്ങൾ ആണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആർദ്രം പദ്ധതിയുടെ ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റിയിട്ടുണ്ട്. ഇവയുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| ജില്ല (ഒന്നാം ഘട്ടം) | എണ്ണം |
|---|---|
| തിരുവനന്തപുരം | 16 |
| കൊല്ലം | 12 |
| പത്തനംതിട്ട | 8 |
| ആലപ്പുഴ | 14 |
| ഇടുക്കി | 8 |
| എറണാകുളം | 15 |
| കോട്ടയം | 11 |
| തൃശ്ശൂർ | 18 |
| പാലക്കാട് | 16 |
| മലപ്പുറം | 17 |
| കോഴിക്കോട് | 13 |
| വയനാട് | 4 |
| കണ്ണൂർ | 11 |
| കാസർഗോഡ് | 7 |
| ആകെ | 170 |

ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 504 സ്ഥാപനങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുള്ളത്. ഈ സ്ഥാപനങ്ങൾ സി.എച്ച്.സി./പി.എച്ച്.സി. ഇനം തിരിച്ച് ചുവടെ ചേർക്കുന്നു:

| ജില്ല(രണ്ടാം ഘട്ടം) | ആകെ എണ്ണം | സി.എച്ച്.സി. | പി.എച്ച്.സി. |
|---|---|---|---|
| തിരുവനന്തപുരം | 42 | 3 | 39 |
| കൊല്ലം | 38 | 4 | 34 |
| പത്തനംതിട്ട | 26 | 5 | 21 |
| ആലപ്പുഴ | 40 | 1 | 39 |
| കോട്ടയം | 34 | 14 | 20 |
| ഇടുക്കി | 25 | 4 | 21 |
| എറണാകുളം | 40 | 2 | 38 |
| തൃശ്ശൂർ | 48 | 10 | 38 |
| പാലക്കാട് | 45 | 3 | 42 |
| മലപ്പുറം | 42 | 4 | 38 |
| കോഴിക്കോട് | 37 | 1 | 36 |
| വയനാട് | 15 | 2 | 13 |
| കണ്ണൂർ | 50 | - | 50 |
| കാസർഗോഡ് | 22 | - | 22 |
| ആകെ | 504 | 53 | 451 |

ഈ സർക്കാർ വന്നതിനുശേഷം പി.എച്ച്.സി.-കളെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളായി ഉയർത്തിയിട്ടില്ല.

(ബി) ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ 160 കേന്ദ്രങ്ങളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. 170 കേന്ദ്രങ്ങളിലേയ്ക്കായി ഒരു കേന്ദ്രത്തിലേയ്ക്ക് ഒരു ഡോക്ടർ, ഒരു ലാബ് ടെക്നീഷ്യൻ, രണ്ട് സ്റ്റാഫ് നഴ്സ്, 150 കേന്ദ്രങ്ങളിലായി ഫാർമസിസ്റ്റിന്റെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഈ കേന്ദ്രങ്ങളുടെ പ്രവർത്തനം വൈകുന്നേരം 6 മണിവരെ ദീർഘിപ്പിച്ചിട്ടുണ്ട്. നഴ്സസ് പ്രീ ചെക്കപ്പ്, എൻ.സി.ഡി. ക്ലിനിക്കുകൾ, ശ്വാസ്,

ആശ്വാസ് ക്ലിനിക്കുകൾ തുടങ്ങിയ വഴി ഈ സ്ഥാപനം വഴിയുള്ള സേവനങ്ങൾ വിപുലപ്പെടുത്തുന്നുണ്ട്. രോഗീസൗഹൃദമായ രീതിയിൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി മെച്ചപ്പെട്ട രജിസ്ട്രേഷൻ കൗണ്ടറുകൾ, ടോക്കൺ സിസ്റ്റം, സൗകര്യപ്രദമായ വെയിറ്റിംഗ് ഏരിയ, ഇരിപ്പിടങ്ങൾ, കുടിവെള്ളം, ടോയ്‌ലറ്റ് സംവിധാനങ്ങൾ എന്നിവയും സജ്ജീകരിച്ചിട്ടുണ്ട്.

ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റാൻ 504 സ്ഥാപനങ്ങളെ തെരഞ്ഞെടുത്ത് അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളും പരിശീലന പരിപാടികളും നടത്തിവരുന്നു.

## കൊട്ടാരക്കര താലൂക്ക് ആശുപത്രിയുടെ അടിസ്ഥാന സൗകര്യവികസനം

189(3662) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്ക് ആശുപത്രിയുടെ അടിസ്ഥാന സൗകര്യവികസനത്തിനായി ആരോഗ്യ വകുപ്പ് ശിപാർശ ചെയ്ത പദ്ധതിക്ക് കിഫ്ബിയിൽ നിന്നും എത്ര തുകയുടെ അനുമതിയാണ് ലഭിച്ചത്; അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ ആശുപത്രിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വികസന പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഈ പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ?

### ഉത്തരം

(എ) കൊട്ടാരക്കര താലൂക്ക് ആശുപത്രിയുടെ വികസന പ്രവർത്തനങ്ങൾക്ക് കിഫ്ബി 67.67 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്.

(ബി) വികസന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) വികസന പ്രവർത്തനത്തിന്റെ ഭാഗമായി മണ്ണ് പരിശോധന പൂർത്തിയാക്കി തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ബിൽഡിംഗ് പെർമിറ്റ് ലഭ്യമാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ആശുപത്രികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് നടപടി

190(3663) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശുപത്രികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി കിഫ്ബി വഴി ധനസഹായം അനുവദിച്ചിട്ടുള്ള മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ ഏതൊക്കെയാണെന്നും ഇതിനായി എത്ര രൂപ അനുവദിച്ചിട്ടുണ്ട് എന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഇനിയും ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന ആശുപത്രികളുടെ മുൻഗണനാക്രമം വിശദമാക്കാമോ;

(സി) ഇതിൽ കായംകുളം താലൂക്കാശുപത്രിയെ കൂടി പരിഗണിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കിഫ്ബി വഴി ധനസഹായം അനുവദിച്ചിട്ടുള്ള മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവയുടെ വികസനത്തിനായി 1819.90 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ധനസഹായം അനുവദിച്ചിട്ടുള്ള ആശുപത്രികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) മുൻഗണനാക്രമം തയ്യാറാക്കിയിട്ടില്ല.

(സി) കിഫ്ബി മുഖാന്തരം കായംകുളം താലൂക്കാശുപത്രിയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കേരള സംസ്ഥാന ഹൗസിംഗ് ബോർഡിനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി) ആയി നിയമിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ഈ പ്രോജക്ട് റിപ്പോർട്ട് പരിശോധിച്ച് വരുന്നു.

## ആർ.സി.സി.-യിലെ ചികിത്സാ സൗകര്യങ്ങൾ

191(3664) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.സി.സി.-യിലെ കാഷ്വാലിറ്റിയിൽ ഒരേ സമയം എത്ര രോഗികളെ പരിചരിക്കുന്നതിനുള്ള സൗകര്യമുണ്ടെന്ന് അറിയിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ആർ.സി.സി.-യിൽ എത്തുന്ന രോഗികളുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ നിലവിലെ സൗകര്യം കൊണ്ട് കാഷ്വാലിറ്റിയിൽ ചികിത്സയ്ക്ക് എത്തുന്ന രോഗികൾക്ക് ഒരേ സമയം ചികിത്സ നൽകുവാൻ സാധിക്കാത്തതിനാൽ കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ശരാശരി 120-നും 130-നും ഇടയിലുള്ള രോഗികളാണ് ദിവസവും കാഷ്വാലിറ്റിയിൽ എത്തുന്നത്. ഇവരിൽ 60 മുതൽ 80 ശതമാനം രോഗികൾക്കും പ്രാഥമിക ചികിത്സ (പാലിയേറ്റീവ് കെയർ, ആന്റിബയോട്ടിക് ഇൻജക്ഷൻ മുതലായവ) നൽകി വിടാവുന്നതാണ്. കൂടുതൽ പരിചരണം വേണ്ടിവരുന്ന രോഗികൾക്ക് ചികിത്സ നൽകിയശേഷം ആവശ്യമെങ്കിൽ വാർഡിലേയ്ക്ക് മാറ്റുന്നതുമാണ്. നിലവിൽ അത്യാഹിത വിഭാഗത്തിൽ 4 ബെഡ്ഡുകളാണുള്ളത്. ആധുനിക സജ്ജീകരണങ്ങളോടുകൂടിയ പത്ത് ബെഡ്ഡുകളുള്ള കാഷ്വാലിറ്റിയുടെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്.

**ആർ.സി.സി.-യിൽ ശമ്പള പരിഷ്കരണം**

192(3665) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ആർ.സി.സി.-യിൽ ശമ്പള പരിഷ്കരണം അവസാനം നടപ്പിലാക്കിയത് എന്നാണെന്നും ഏത് തീയതി മുതലാണ് പ്രാബല്യം നൽകിയിട്ടുള്ളതെന്നും അറിയിക്കാമോ;

(ബി) അടുത്ത ശമ്പളപരിഷ്കരണം എപ്പോൾ നടപ്പിലാക്കുമെന്നും അതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും അറിയിക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിലെ അക്കാഡമിക്, നോൺ അക്കാഡമിക് വിഭാഗത്തിന് (നഴ്സിംഗ് അസിസ്റ്റന്റ്, ക്ലീനേഴ്സ് എന്നീ വിഭാഗങ്ങൾ ഒഴികെ) 1-1-2006 മുതലും, മോണിറ്ററി ബെനിഫിറ്റ് 1-1-2007 മുതലും അനുവദിച്ചുകൊണ്ട് കേന്ദ്ര നിരക്കിലുള്ള ആറാം ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ട്. നഴ്സിംഗ് അസിസ്റ്റന്റ്, ക്ലീനേഴ്സ് എന്നീ വിഭാഗത്തിന്

സംസ്ഥാന സർക്കാരിന്റെ പത്താം ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ 1-7-2014 മുതലും മറ്റ അലവൻസുകൾ 1-2-2016 മുതലും അനുവദിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് റീജിയണൽ കാൻസർ സെന്റർ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരികയാണ്.

**മങ്കട പഞ്ചായത്തിലെ ആശുപത്രികളുടെ നവീകരണം**

193(3666) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ മങ്കട സി.എച്ച്.സി. താലൂക്ക് ആശുപത്രിയായി ഉയർത്തി കെട്ടിട നിർമ്മാണം, പുഴക്കാട്ടിരി സി.എച്ച്.സി. കെട്ടിട നവീകരണം, മങ്കട സി.എച്ച്.സി.-യിലെ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം എന്നീ പ്രവൃത്തികൾക്കായി ഫണ്ട് വകയിരുത്തിയിട്ടുണ്ടോ;

(ബി) ഫണ്ട് അനുവദിക്കുന്നതിലേക്കായി പ്രസ്തുത പ്രവൃത്തികൾ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) സാമൂഹികാരോഗ്യ കേന്ദ്രത്തെ താലൂക്കാശുപത്രിയായി ഉയർത്തുന്ന പ്രവൃത്തിയും പുഴക്കാട്ടിരി സി.എച്ച്.സി. കെട്ടിട നവീകരണ പ്രവൃത്തിയും, മങ്കട സി.എച്ച്.സി. സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണ പ്രവൃത്തിക്കും ഫണ്ട് വകയിരുത്തിയിട്ടില്ല.

(ബി) നിലവിൽ എസ്റ്റിമേറ്റ് തുക 5 കോടിക്ക് മുകളിലുള്ള പദ്ധതികൾ മാത്രമാണ് നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്താറുള്ളത്. ഇതിന്റെ അടിസ്ഥാനത്തിലുള്ള പ്രൊപ്പോസലുകളൊന്നും ഇപ്പോൾ സർക്കാർ പരിഗണനയിലില്ല.

**ഓച്ചിറ സി.എച്ച്.സി.-യുടെ നവീകരണം**

194(3667) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓച്ചിറ സി.എച്ച്.സി.-യുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഇവിടെ കിടത്തി ചികിത്സാ സൗകര്യം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) നിലവിൽ ഈ ആശുപത്രിയിൽ ഏതെല്ലാം വിഭാഗങ്ങളിലുള്ള സേവനങ്ങൾ ലഭ്യമാണെന്ന് വിശദീകരിക്കുമോ;

(ഡി) പ്രസ്തുത ആശുപത്രിയിലെ സ്റ്റാഫ് പാറ്റേണും നിലവിലെ ജീവനക്കാരുടെ വിവരവും ലഭ്യമാക്കുമോ?

ഉത്തരം

(എ) ഓച്ചിറ സി.എച്ച്.സി.-യിൽ നിലവിൽ രാവിലെയും വൈകുന്നേരവും ഒ.പി., ലാബ്, ഫാർമസി എന്നീ സൗകര്യങ്ങളുണ്ട്. 5 ഡോക്ടർമാരും 2 സ്റ്റാഫ് നഴ്സുമാരുമുള്ള ടി സ്ഥാപനത്തിൽ പ്രതിദിന ശരാശരി ഒ.പി. 250 ആണ്.

(ബി) അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ടും പുതിയ തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും നിലവിലുള്ള ആശുപത്രികളെ കൂടുതൽ രോഗീസൗഹൃദമാക്കി ആരോഗ്യ രംഗത്ത് മെച്ചപ്പെട്ട സേവനങ്ങൾ നൽകുക എന്നതാണ് ആർദ്രം പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. ഓരോ ആശുപത്രിയിലെയും കുറവുകൾ പരിശോധിച്ച് അവയെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി മെച്ചപ്പെടുത്തിയെടുക്കുന്ന നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ആർദ്രം പദ്ധതിയിൽ ഈ ആരോഗ്യ കേന്ദ്രത്തെയും ഉൾപ്പെടുത്തുന്ന ഘട്ടത്തിൽ ഇവിടുത്തെ കുറവുകൾ പരിഹരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഓച്ചിറ സി.എച്ച്.സി.-യിൽ രാവിലെയും വൈകുന്നേരവും ഒ.പി. പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഫാർമസി, ലാബ്, ഒപ്റ്റോമെട്രി, ഫിസിയോതെറാപ്പി, എൻ.സി.ഡി.ക്ലിനിക്, പാലിയേറ്റീവ് കെയർ പബ്ലിക് ഹെൽത്ത് ആക്റ്റിവിറ്റീസ്, ആർ.എൻ.റ്റി.സി.പി. എന്നീ സൗകര്യങ്ങൾ ലഭ്യമാണ്.

(ഡി) നാഷണൽ ഹെൽത്ത് മിഷൻ മുഖേന ഒരു ഫാർമസിസ്റ്റിനെയും ഒരു പാലിയേറ്റീവ് നഴ്സിനെയും കോൺട്രാക്ട്/ദിവസവേതനാടിസ്ഥാനത്തിൽ ഇവിടെ നിയമിച്ചിട്ടുണ്ട്.

ഓച്ചിറ സി.എച്ച്.സി.-യിലെ നിലവിലെ സ്റ്റാഫ് പാറ്റേൺ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ദേവികുളം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ പ്രസവ വാർഡിന്റെ പ്രവർത്തനം

195(3668) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ ദേവികുളം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ നിർമ്മാണം പൂർത്തിയായ പ്രസവ വാർഡിന്റെ പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദേവികുളം സാമൂഹികാരോഗ്യ കേന്ദ്രത്തിലെ പ്രസവ വാർഡിന്റെ കെട്ടിടം ദേവികുളം ബ്ലോക്ക് പഞ്ചായത്ത് പദ്ധതി പ്രകാരമാണ് നിർമ്മിച്ചിരിക്കുന്നത്. ആയത് സാമൂഹികാരോഗ്യ കേന്ദ്രത്തിന് കൈമാറിക്കിട്ടിയിട്ടില്ല. പ്രസ്തുത കെട്ടിടം കൈമാറിക്കിട്ടി പ്രസവ വാർഡിലേയ്ക്ക് ആവശ്യമായ ജീവനക്കാരും മറ്റ് സൗകര്യങ്ങളും ലഭ്യമാകുന്ന മുറയ്ക്ക് പ്രസവ വാർഡിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുന്നതാണ്.

## പാലക്കാട് ജില്ലാശുപത്രിയിലെ നേത്രരോഗ വിഭാഗത്തിൽ ശസ്ത്രക്രിയ യൂണിറ്റ്

196(3669) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലാ ആശുപത്രിയിലെ നേത്ര വിഭാഗത്തിൽ എന്തെല്ലാം ആധുനിക സജ്ജീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(ബി) അവിടെ റെറ്റിനൽ ശസ്ത്രക്രിയ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത യൂണിറ്റ് എന്ന് സ്ഥാപിക്കാൻ കഴിയും എന്ന് അറിയിക്കാമോ?

ഉത്തരം

(എ) പാലക്കാട് ജില്ലാശുപത്രിയിൽ നിലവിൽ നേത്രരോഗ വിഭാഗത്തിൽ കൺസൾട്ടന്റ്, ജൂനിയർ കൺസൾട്ടന്റ് എന്നീ തസ്തികകളിൽ രണ്ട് വീതം പേരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ഈ ആശുപത്രിയിലെ നേത്രരോഗ വിഭാഗത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ആധുനിക സജ്ജീകരണങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) 2019-20 വർഷത്തെ പ്രോജക്ടിലാണ് റെറ്റിനൽ സർജറി യൂണിറ്റ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത പ്രോജക്ടിനായി ജില്ലാ പഞ്ചായത്ത് 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. റെറ്റിനൽ സർജറിയുടെ ട്രെയിനിംഗ് ലഭിച്ചിട്ടുള്ള ഡോക്ടറുടെ സേവനം ടി ആശുപത്രിയിൽ ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പ്രോജക്ടിന്റെ പ്രവർത്തനം തുടങ്ങുവാൻ സാധിക്കും.

## കൽപ്പറ്റ മണ്ഡലത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന പി.എച്ച്.സി.-കൾ

197(3670) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ ഏതെല്ലാം പി.എച്ച്.സി.-കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്; ഈ ആശുപത്രികളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പി.എച്ച്.സി.-കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിന് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ആവശ്യമുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കൽപ്പറ്റ നിയോജക മണ്ഡലത്തിലെ വേങ്ങപ്പള്ളി പി.എച്ച്.സി.-യെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തി ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ കൽപ്പറ്റ മണ്ഡലത്തിലെ മേപ്പാടി, വാഴവറ്റ, സുഗന്ധഗിരി, കോട്ടത്തറ, പടിഞ്ഞാറത്തറ, പൊഴുതന എന്നീ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. ടി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കേന്ദ്രങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി എൻ.എച്ച്.എം. ഫണ്ടിൽ നിന്നും 15.50 ലക്ഷം രൂപ വീതം അനുവദിച്ചു. ഇതിന്റെ അടിസ്ഥാനത്തിലുള്ള നിർമ്മാണ പ്രവൃത്തികൾ എൻ.എച്ച്.എം. മുഖേന നടന്നുവരുന്നു. ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിലേയ്ക്ക് തെരഞ്ഞെടുത്ത കുടുംബാരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) കുടുംബാരോഗ്യ കേന്ദ്രമാക്കുന്ന കേന്ദ്രങ്ങളിൽ വൃത്തിയും വെടിപ്പുമുള്ള അന്തരീക്ഷം, സൗകര്യങ്ങളുള്ള രജിസ്ട്രേഷൻ കൗണ്ടർ, ടോക്കൺ സിസ്റ്റം തുടങ്ങിയവയും രോഗീസൗഹൃദമാക്കുന്നതിനുള്ള സംവിധാനങ്ങളും അധിക ചികിത്സാ സേവനങ്ങളും ലഭ്യമാക്കാനുള്ള സൗകര്യങ്ങളുമാണ് ഒരുക്കിവരുന്നത്. അംഗവൈകല്യമുള്ളവർക്ക് സഞ്ചരിക്കുന്നതിന് വേണ്ടി റാംപ്, പ്രാഥമിക വെയിറ്റിംഗ് ഏരിയ, പ്രീ ചെക്ക് ഏരിയ, ദ്വിതല വെയിറ്റിംഗ് ഏരിയ, സ്വകാര്യതയുള്ള കൺസൾട്ടേഷൻ റൂം, ഇൻജക്ഷൻ റൂം, ഡ്രസിംഗ് റൂം, ഒബ്സർവേഷൻ റൂം, നഴ്സസ് റൂം, നെബുലൈസേഷൻ കോർണർ, എൻ.സി.ഡി., ശ്വാസ്, ആശ്വാസ് ക്ലിനിക്കുകൾക്കുള്ള സൗകര്യം, ഡോട്സ് കോർണർ, ലാബിനുവേണ്ടി വെയിറ്റിംഗ് ഏരിയ, ലാബ് പ്രവർത്തന ഏരിയ, ഇമ്മ്യൂണൈസേഷൻ റൂം, ബ്രെസ്റ്റ് ഫീഡിംഗ് ഏരിയ, ആരോഗ്യ ബോധവൽക്കരണത്തിനുള്ള ടെലിവിഷൻ സംവിധാനങ്ങൾ, രോഗികൾക്കുള്ള ടോയ്ലെറ്റ്, സൈനേജ്, കുടിവെള്ള സംവിധാനം, പബ്ലിക് അഡ്രസ് സിസ്റ്റം, ഓഫീസ്, പബ്ലിക് ഹെൽത്ത് ഏരിയ, കോൺഫറൻസ് ഹാൾ, ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് സിസ്റ്റം, ഫയർ & സേഫ്റ്റി എക്യുപ്മെന്റ്സ് എന്നീ അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കുവാൻ ഉദ്ദേശിക്കുന്നത്.

## തൃക്കടവൂർ സാമൂഹിക ആരോഗ്യകേന്ദ്രത്തിന്റെ നവീകരണം

198(3671) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം മണ്ഡലത്തിലെ തൃക്കടവൂർ സാമൂഹിക ആരോഗ്യകേന്ദ്രത്തിൽ ഏതെല്ലാം സ്പെഷ്യാലിറ്റി യൂണിറ്റുകളാണ് നിലവിൽ പ്രവർത്തിച്ചുവരുന്നത്;

(ബി) ആർദ്രം മിഷന്റെ നടപ്പാക്കലുമായി ബന്ധപ്പെട്ട് പരിഗണിച്ചുവരുന്ന സ്റ്റാൻഡേർഡൈസേഷന്റെ ഭാഗമായി ഏതെല്ലാം സ്പെഷ്യാലിറ്റി യൂണിറ്റുകളും തസ്തികകളും സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലാണ് പരിഗണനയിലുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) തൃക്കടവൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ സ്പെഷ്യാലിറ്റി യൂണിറ്റുകളൊന്നും പ്രവർത്തിക്കുന്നില്ല.

(ബി) സംസ്ഥാനത്തെ പൊതുജനാരോഗ്യ സംരക്ഷണത്തിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള ആരോഗ്യ സംവിധാനത്തിന്റെ പരിപൂർണ്ണ പരിവർത്തനമായ ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ മിനിമം അംഗീകൃത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി ഒരു ജില്ലയിൽ നിന്നും രണ്ട് വീതം എന്ന കണക്കിൽ സംസ്ഥാനത്ത് ആകെ 28 ജനറൽ/ജില്ലാ/താലൂക്ക് ആശുപത്രികളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഈ ആശുപത്രികളിൽ സ്പെഷ്യാലിറ്റി കേഡർ ഉൾപ്പെടെയുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള സമാഹൃത പ്രൊപ്പോസൽ സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

## തിരുവനന്തപുരം ഫോർട്ട് ആശുപത്രിയിലെ ഓപ്പറേഷൻ തിയേറ്റർ കെട്ടിടം

199(3672) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഫോർട്ട് ആശുപത്രിയിലെ ഓപ്പറേഷൻ തീയേറ്റർ കെട്ടിടം 2016-ൽ പണി പൂർത്തിയാക്കി കൈമാറിയിട്ടും ഇതുവരെ പ്രവർത്തനസജ്ജമാക്കാത്തത് എന്തുകൊണ്ടാണ്;

(ബി) പ്രസ്തുത ഓപ്പറേഷൻ തീയേറ്റർ പ്രവർത്തനസജ്ജമാക്കുന്നതിന് തടസ്സമായത് അധികൃതരുടെ ഭാഗത്ത് നിന്നും ഉണ്ടായ അനാസ്ഥയാണെന്ന മനുഷ്യാവകാശ കമ്മീഷന്റെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അടിയന്തരമായി പ്രസ്തുത ഓപ്പറേഷൻ തീയേറ്റർ പ്രവർത്തനസജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ഫോർട്ട് ആശുപത്രിയിൽ എൻ.എച്ച്.എം. നിർമ്മിച്ച പുതിയ ഓപ്പറേഷൻ തിയറ്റർ സ്ഥിതി ചെയ്യുന്നത് എം.സി.എച്ച്. ബ്ലോക്കിലാണ്. ടി കെട്ടിടത്തിന്റെ പ്ലാനിൽ ഉദ്ദേശിച്ചിരുന്ന ചരിഞ്ഞ മേൽക്കൂരയ്ക്ക് പകരം നിരപ്പായ മേൽക്കൂര നിർമ്മിച്ചതിനാൽ ഹെറിറ്റേജ് കമ്മീഷന്റെ അനുമതി ലഭിക്കാത്തതിനെ തുടർന്ന് കോർപ്പറേഷൻ ടി.സി. നിഷേധിക്കുകയും തുടർന്ന് അൺആതറൈസ്ഡ്

നമ്പറാണ് ലഭിച്ചിട്ടുള്ളത്. ഇതുപ്രകാരം 2019 മേയ് മുതൽ മൈനർ ഓപ്പറേഷൻ നടത്തിവരുന്നുണ്ട്. ഓപ്പറേഷൻ തിയേറ്റർ കൂടുതൽ പ്രവർത്തനക്ഷമമാക്കുന്നതിന് തീയേറ്ററിന്റെ സ്ലാബുകൾ അധികമായ ഫാൻ സൗകര്യങ്ങൾ, സിങ്കുകൾ, സെന്റർ സ്റ്റെറിലൈസേഷൻ പ്ലാന്റിനായി ആട്ടോക്ലേവ് മിഷൻ ഇൻസ്റ്റാൾ ചെയ്യുന്നതിനുള്ള ഇലക്ട്രിക്കൽ പ്ലംബിഗ് വർക്ക് എന്നിവ ഏർപ്പെടുത്തുന്നതിന് വേണ്ടിയുള്ള ടെണ്ടറുകൾ തിരുവനന്തപുരം കോർപ്പറേഷൻ പരിശോധിച്ചുവരുന്നു. പണികൾ തീരുന്നതോടുകൂടി മേജർ ഓപ്പറേഷനുകൾ നടത്താൻ തീയേറ്റർ സജ്ജമാകുന്നതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഈ ആശുപത്രിയിലെ എം.സി.എച്ച്. ബ്ലോക്കിൽ സെൻട്രലൈസ്ഡ് ഓക്സിജൻ ലൈനിൽ ലീക്കുണ്ടായതിനാൽ ഓക്സിജൻ പ്ലാന്റ് പ്രവർത്തിക്കുന്നില്ല. പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിനും ഓപ്പറേഷൻ തിയേറ്റർ പ്രവർത്തനക്ഷമമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**തിരുവനന്തപുരം പള്ളിക്കൽ സി.എച്ച്.സി**

200(3673) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര പി.എച്ച്.സി.- കളെ 2015-ൽ സി.എച്ച്.സി. - കൾ ആയി അപ്ഗ്രേഡ് ചെയ്തിരുന്നു എന്ന് അറിയിക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിലെ പള്ളിക്കൽ പി.എച്ച്.സി.-യെ സി.എച്ച്.സി. ആയി അപ്ഗ്രേഡ് ചെയ്തത് എന്നാണ് എന്ന് അറിയിക്കാമോ;

(സി) പ്രസ്തുത സി.എച്ച്.സി.-യിൽ 2015-നുശേഷം എത്ര സ്റ്റാഫിനെ നിയമിച്ചിട്ടുണ്ട് എന്നും ഇവിടെ സ്റ്റാഫ് സ്ട്രെങ്ത് എത്രയാണെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) 2015-ൽ ഒരു പി.എച്ച്.സി.-യെ സി.എച്ച്.സി. ആയി ഉയർത്തി ഉത്തരവായിട്ടുണ്ട്. (പി.എച്ച്.സി. പൂത്തോട്ട, എറണാകുളം)

(ബി) 4-8-2012-ലെ ജി.ഒ.(എം.എസ്.)260/12/ആ.കു.വ എന്ന ഉത്തരവ് പ്രകാരം തിരുവനന്തപുരം ജില്ലയിലെ പള്ളിക്കൽ പി.എച്ച്.സി.-യെ സി.എച്ച്.സി. ആയി ഉയർത്തി.

(സി) പള്ളിക്കൽ സി.എച്ച്.സി.-യിലെ നിലവിലത്തെ സ്റ്റാഫ് പാറ്റേൺ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | തസ്തിക | നിലവിലുള്ളത് |
|---|---|---|
| 1 | സിവിൽ സർജൻ | 1 |
| 2 | അസിസ്റ്റന്റ് സർജൻ | 3 |
| 3 | സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 | 1 |
| 4 | ഫാർമസിസ്റ്റ് ഗ്രേഡ്-1 | 2 |
| 5 | ലാബ് ടെക്നീഷ്യൻ ഗ്രേഡ്-2 | 1 |
| 6 | നഴ്സിംഗ് അസിസ്റ്റന്റ് | 3 |
| 7 | ഹോസ്പിറ്റൽ അറ്റന്റഡന്റ് ഗ്രേഡ്-1 | 1 |
| 8 | ഹോസ്പിറ്റൽ അറ്റന്റഡന്റ് ഗ്രേഡ്-2 | 2 |
| 9 | പി.റ്റി.എസ്. | 2 |
| 10 | ക്ലർക്ക് | 2 |
| 11 | ഓഫീസ് അറ്റൻഡന്റ് | 1 |
| 12 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 | 2 |
| 13 | ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-2 | 3 |

ഫീൽഡ് വിഭാഗം ജീവനക്കാരുടെ തസ്തികകൾ മിനി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് ഷിഫ്റ്റ് ചെയ്തും ടി ജീവനക്കാരുടെ ഭരണച്ചുമതല അതാത് മെഡിക്കൽ ഓഫീസർക്ക് നൽകികൊണ്ടും ഉത്തരവായിട്ടുണ്ട്. ഇതിൻപ്രകാരം സി.എച്ച്.സി. കേശവപുരത്തുനിന്നും 2 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 ന്റെയും 2 ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-2 ന്റെയും ലീൻ ഷിഫ്റ്റ് ചെയ്തിട്ടുണ്ട്. കൂടാതെ താൽക്കാലികാടിസ്ഥാനത്തിൽ എൽ.എസ്.ജി.ഡി./ എച്ച്.എം.സി. മുഖേന ഒരു ഡ്രൈവർ, ഒരു പി.റ്റി.എസ്., ഒരു ലാബ് ടെക്നഷ്യൻ എന്നിവർ ഇവിടെ ജോലി ചെയ്തുവരുന്നു.

## അതിരപ്പിള്ളിയിൽ ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ

201(3675) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനാല് കോളനികളിലായി ആദിവാസി വിഭാഗത്തിൽപ്പെട്ടവരും, പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും, തോട്ടം മേഖലയിലെ നിരവധി ജനങ്ങളും

അധിവസിക്കുന്ന അതിരപ്പിള്ളി പഞ്ചായത്തിൽ ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) അതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറ പി.എച്ച്.സി., കിടത്തി ചികിത്സാ സൗകര്യത്തോടുകൂടിയ ആശുപത്രിയായി ഉയർത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പുതിയ ആരോഗ്യ സ്ഥാപനങ്ങൾ അനുവദിക്കുക എന്നതിലുപരി നിലവിലുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനാണ് ഈ സർക്കാർ മുൻതൂക്കം നൽകിവരുന്നത്. ആയതിന്റെ ഭാഗമായി ആരംഭിച്ച ആർദ്രം പദ്ധതി മികച്ച രീതിയിൽ പുരോഗമിച്ചുവരുന്നു. അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ ട്രൈബൽ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ മലക്കപ്പാറയിൽ ഒരു ട്രൈബൽ ഒ.പി. പ്രവർത്തിക്കുന്നുണ്ട്. അവിടെ ഡോക്ടർ, ഫാർമസിസ്റ്റ്, സ്റ്റാഫ് നഴ്സ്, നഴ്സിംഗ് അസിസ്റ്റന്റ് എന്നിവരുടെ സേവനം ലഭ്യമാക്കുന്നുണ്ട്. കൂടാതെ ടാറ്റ ടീ കമ്പനിയുടെ ഒരു ഒ.പി. ക്ലിനിക്കും ചാക്കയിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയൊന്നും കൂടാതെ നാഷണൽ ഹെൽത്ത് മിഷന്റെ കീഴിൽ ഡോക്ടർ, സ്റ്റാഫ് നഴ്സ്, ഫാർമസിസ്റ്റ്, ഡ്രൈവർ എന്നിവരടങ്ങിയ ഒരു മൊബൈൽ മെഡിക്കൽ ടീമും ട്രൈബൽ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ഡോക്ടർ, സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ എന്നിവരടങ്ങിയ മൊബൈൽ മെഡിക്കൽ ടീമും പ്രവർത്തിക്കുന്നു. ഈ മൊബൈൽ ടീമുകൾ മാസത്തിലൊരിക്കൽ ട്രൈബൽ കോളനികളുമായി ബന്ധപ്പെട്ട് സേവനങ്ങൾ നൽകിവരുന്നുണ്ട്.

(ബി) അതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറ പബ്ലിക് ഹെൽത്ത് സെന്ററിനെ ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യകേന്ദ്രമായി മാറ്റി ഉത്തരവായിട്ടുണ്ട്. ടി സ്ഥാപനത്തിന്റെ നിർമ്മാണ നവീകരണ പ്രവർത്തനത്തിനായി 15.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവർത്തനത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്ന കാര്യവും പരിശോധിച്ചുവരുന്നു. ടി പബ്ലിക് ഹെൽത്ത് സെന്ററിന്റെ ചുറ്റളവിലായി ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി അധിക തസ്തികകൾ സൃഷ്ടിച്ച പരിയാരം ഫാമിലി ഹെൽത്ത് സെന്റർ 17

കിലോമീറ്റർ ചുറ്റളവിലും 20 കിലോമീറ്റർ ചുറ്റളവിൽ എലിഞ്ഞിപ്ര ബ്ലോക്ക് പബ്ലിക് ഹെൽത്ത് സെന്ററും 24 കിലോമീറ്റർ ചുറ്റള്ളവിൽ ചാലക്കുടി താലൂക്ക് ആശുപത്രിയും പ്രവർത്തിക്കുന്നുണ്ട്. വെറ്റിലപ്പാറ ഫാമിലി ഹെൽത്ത് സെന്ററിൽ ഒരു ഡോക്ടർ ഉൾപ്പെടെ 22 ജീവനക്കാരുടെ സേവനം ലഭിക്കുന്നുണ്ട്.

**മഴക്കാലരോഗങ്ങൾ നിയന്ത്രിക്കുവാൻ സ്വീകരിച്ച മുൻകരുതലുകൾ**

202(3676) <u>ശ്രീ. എൻ. ഷംസുദ്ദീൻ :</u> താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കാലവർഷം സജീവമാകുന്നതോടുകൂടി വ്യാപിക്കുന്ന മഴക്കാലരോഗങ്ങൾ നിയന്ത്രിക്കുവാൻ വേണ്ടി പി.എച്ച്.സി., സി.എച്ച്.സി. തുടങ്ങിയ സർക്കാർ ആശുപത്രികളിൽ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട് എന്നതിന്റെ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

സംസ്ഥാനത്ത് കാലവർഷം സജീവമാകുന്നതോടുകൂടി ഉണ്ടാകിനിടയുള്ള പകർച്ചവ്യാധികൾ തടയാൻ പി.എച്ച്.സി., സി.എച്ച്.സി. കേന്ദ്രീകരിച്ച് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തുന്നു.

1. പർച്ചവ്യാധി നിയന്ത്രണത്തിന് നടപടിയെടുക്കേണ്ട വിവരങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് കൈമാറുന്നു.
2. സർക്കാർ/സ്വകാര്യ ഡോക്ടർമാർക്ക് പകർച്ചവ്യാധികളുടെ നിയന്ത്രണത്തിനും ചികിത്സയെപ്പറ്റിയും പരിശീലനം നൽകുന്നു.
3. ഓരോ പകർച്ചവ്യാധികളുടെയും സാധ്യത പ്രദേശങ്ങൾ കണ്ടെത്തി രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നു.
4. ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത്, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി തലങ്ങളിലും, വാർഡ് തലത്തിലും യോഗങ്ങൾ സംഘടിപ്പിച്ച് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നു.
5. പ്ലാന്റേഷൻ ഉടമകളെയും തൊഴിലാളികളെയും പങ്കെടുപ്പിച്ച് ബോധവത്കരണ ക്ലാസ്സുകൾ നടത്തുന്നു.
6. ആശ, അംഗൻവാടി, കുടുംബശ്രീ സന്നദ്ധ ആരോഗ്യപ്രവർത്തകർക്ക് പരിശീലന പരിപാടികൾ നടത്തുന്നു.

7. പകർച്ചവ്യാധി നിയന്ത്രണത്തിന് ആവശ്യമായ മരുന്നുകൾ, പരിശോധന കിറ്റുകൾ, ഒ.ആർ.എസ്., ബ്ലീച്ചിംഗ് പൗഡർ, ക്ലോറിൻ ടാബ്‌ലെറ്റ്, കൊതുക്-കൂത്താടി നാശിനികൾ, ഉപകരണങ്ങൾ തുടങ്ങിയവയുടെ സ്റ്റോക്ക് വിവര പട്ടിക തയ്യാറാക്കുകയും ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യുന്നു.

8. കൊതുകുനശീകരണത്തിനാവശ്യമായ സ്പ്രേയറുകൾ, ഫോഗിംഗ് മെഷീനുകൾ തുടങ്ങിയവ റിപ്പയർ നടത്തി പ്രവർത്തനക്ഷമമാക്കുന്നു.

9. ഈഡിസ് കൊതുക് പെരുകുന്നതിന് കാരണമായ പ്രധാന സ്രോതസ്സുകൾ, ഉണങ്ങിയ ഉറവിടങ്ങൾ എന്നിവ കണ്ടുപിടിക്കുകയും അവയെ നശിപ്പിക്കുകയും ചെയ്യുന്നു.

10. തദ്ദേശസ്വയംഭരണ, കൃഷി, മൃഗസംരക്ഷണ വകുപ്പുകളുമായി ചേർന്ന് എലി, തെരുവുനായ, നിയന്ത്രണ പ്രവർത്തനം നടത്തുന്നു.

11. ജലഗുണനിലവാര പരിശോധന നടത്തുന്നു.

12. ബോധവത്കരണത്തിനാവശ്യമായ പോസ്റ്ററുകൾ, ലഘുലേഖകൾ തുടങ്ങിയവ തയ്യാറാക്കി വിതരണം ചെയ്യുന്നു.

13. പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി യോഗങ്ങൾ, ആരോഗ്യ ജാഗ്രതാ ഗൃഹസന്ദർശനം, പ്രത്യേക ഗ്രാമസഭ, വാർഡ്തല ആരോഗ്യശുചിത്വ പോഷണ സമിതി യോഗം, ഹെൽത്ത് സ്ക്വാഡുകളുടെ രൂപീകരണം, വാർഡുതല ശുചിത്വ മാപ്പിംഗ്, ഗാർഹിക തലത്തിലും സ്ഥാപനതലത്തിലും ബോധവത്കരണം, വാർഡുതല ശുചിത്വ പദ്ധതി, ഹെൽത്ത് സ്ക്വാഡ് അംഗങ്ങൾ വീടുകളും പൊതുസ്ഥലങ്ങളും സന്ദർശിച്ച് നടത്തുന്ന ഫീൽഡ്തല ശുചിത്വാരോഗ്യ പ്രവർത്തനങ്ങൾ എന്നിവ ആരോഗ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്നു.

14. നിലവിലുള്ള പൊതുജനാരോഗ്യ നിയമമനുസരിച്ച് വീടുകളിലും സ്ഥാപനങ്ങളിലും പരിശോധന നടത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

## മാവേലിക്കര ജില്ലാ ആശുപത്രിയിൽ കാത്ത് ലാബ്

203(3678) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഫോറൻസിക് സർജന്റെ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ കാത്ത് ലാബ് സ്ഥാപിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ആർദ്രം പദ്ധതിയിൽ മാവേലിക്കര ആശുപത്രി താലൂക്ക്തല ആശുപത്രികളുടെ പട്ടികയിലാണ് ഉൾപ്പെട്ടിട്ടുള്ളത്. അതിനാൽ ആർദ്രം മാനദണ്ഡമനുസരിച്ചുള്ള തസ്തികകൾ ടി സ്ഥാപനത്തിൽ ലഭ്യമാണ്. ആർദ്രം മാനദണ്ഡങ്ങളിൽ ഫോറൻസിക് സർജന്റെ തസ്തിക ഉൾപ്പെട്ടിട്ടില്ല.

(ബി) ആരോഗ്യ വകുപ്പിൽ ഒരു ജില്ലയിൽ ഒരു കാത്ത് ലാബ് എന്ന രീതിയിലാണ് കാത്ത് ലാബുകൾ സ്ഥാപിച്ചുകൊണ്ടിരിക്കുന്നത്. നിലവിൽ ജനറൽ ആശുപത്രി, ആലപ്പുഴയിൽ കിഫ്ബി പദ്ധതി പ്രകാരം കാത്ത് ലാബ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. മാവേലിക്കര ജില്ലാ ആശുപത്രിയിൽ കാത്ത് ലാബ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ സർക്കാർ പരിഗണനയിലില്ല.

## മലപ്പുറം പബ്ലിക് ഹെൽത്ത് ലാബ്

204(3679) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം പബ്ലിക് ഹെൽത്ത് ലാബിൽ തൈറോയ്ഡ് ടെസ്റ്റിനുള്ള മെഷീൻ സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് എം.എൽ.എ. നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിവേദനത്തിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) പബ്ലിക് ഹെൽത്ത് ലാബിൽ തൈറോയ്ഡ് മെഷീൻ ഉൾപ്പെടെ ആവശ്യമായ മറ്റുസൗകര്യങ്ങൾ ഏർപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) മലപ്പുറം പബ്ലിക് ഹെൽത്ത് ലാബ് 19-11-2018-ന് പ്രവർത്തനം ആരംഭിച്ചു. ഹെമറ്റോളജി/ക്ലിനിക്കൽ പത്തോളജി/ബയോ കെമിസ്ട്രി/സീറോളജി എന്നീ വിഭാഗങ്ങളിലെ വിവിധതരം ടെസ്റ്റുകൾ ചെയ്യുന്നതിനായിട്ടുള്ള സൗകര്യങ്ങൾ ഇവിടെ ലഭ്യമാണ്. തൈറോയിഡിന്റെ ടെസ്റ്റുകൾ ഇമ്മ്യൂണോ അസ്സേകെമിലൂമിനസെൻസ്, എലൈസ്സാ എന്നീ മെത്തേഡുപയോഗിച്ച് ചെയ്യാവുന്നതാണ്. ആയതിനാൽ നിവേദനം ലഭിക്കുന്നതിന് മുമ്പ് തന്നെ എലൈസ്സാ മെത്തേഡ് ഉപയോഗിച്ച് ടെസ്റ്റ് ചെയ്യാവുന്ന കിറ്റുകൾ സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബ് തിരുവനന്തപുരത്ത് നിന്നും സപ്ലൈ ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട കമ്പനി എലൈസ്സാ റീഡറിൽ പ്രോഗ്രാം ചെയ്താൽ ഉടൻതന്നെ ടെസ്റ്റുകൾ ആരംഭിക്കുവാൻ കഴിയുന്നതാണ്.

(സി) നിലവിൽ എലൈസ്സാ മെത്തേഡ് ഉപയോഗിച്ച് തൈറോയിഡ് ടെസ്റ്റ് ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.

## അനധികൃതമായി പ്രവർത്തിക്കുന്ന എക്സ്റേ/സി.ടി. സ്കാൻ യൂണിറ്റുകളെ നിയന്ത്രിക്കാൻ നടപടി

205(3680) <u>ശ്രീ. കെ. എൻ. എ. ഖാദർ :</u>
<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ, സ്വകാര്യ മേഖലയിലടക്കം സംസ്ഥാനത്ത് അനധികൃതമായി പ്രവർത്തിക്കുന്ന എക്സ്റേ/സി.ടി.സ്കാൻ യൂണിറ്റുകളെ നിയന്ത്രിക്കാൻ നിലവിൽ എന്ത് നടപടിയാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത യൂണിറ്റുകളുടെ ഗുണനിലവാര പരിശോധന നടത്തുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്; ഇത് ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) കൃത്യമായ ഗുണനിലവാര, സുരക്ഷാ പരിശോധനകൾ എന്നിവ കൂടാതെ ഇത്തരം യൂണിറ്റുകൾ പ്രവർത്തിക്കുന്നത് അർബുദമടക്കമുള്ള ഗുരുതര രോഗങ്ങൾ വരാനിടയാക്കുമെന്നതിനാൽ ഈ രംഗത്ത് കർശന പരിശോധനകൾ നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സർക്കാർ/സ്വകാര്യ മേഖലയിലുള്ള റേഡിയേഷൻ യൂണിറ്റുകൾക്ക് ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് കേന്ദ്ര ആണവോർജ്ജ നിയന്ത്രണ ബോർഡിന്റെ ഓൺലൈൻ ജാലികയായ ഇ-ലോറ സംവിധാനം വഴിയാണ്. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 2018 സംസ്ഥാനത്ത് നിലവിൽ വന്നതിനോടനുബന്ധിച്ച് സംസ്ഥാനത്തെ എല്ലാ സർക്കാർ, സ്വകാര്യ എക്സ്‌റേ, സി.ടി. സ്കാൻ യൂണിറ്റുകളും ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് മുഖേന രജിസ്റ്റർ ചെയ്യേണ്ടതായിട്ടുണ്ട്. സംസ്ഥാനത്തെ എക്സ്‌റേ, സി.ടി. സ്കാൻ യൂണിറ്റുകൾ ഇപ്പോൾ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിന്റെ പരിധിയിൽ രജിസ്റ്റർ ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്.

(ബി&സി) മറ്റ് സംസ്ഥാനത്തിളിലേതുപോലെ കേരളത്തിലും റേഡിയേഷൻ സുരക്ഷാ പരിശോധനകൾ കേന്ദ്ര ആണവോർജ്ജ നിയന്ത്രണ ബോർഡിന്റെ (എ.ഇ.ആർ.ബി.) വിദഗ്ദ്ധർ നടത്തുമെന്ന് എ.ഇ.ആർ.ബി. സർക്കാരിനെ അറിയിച്ചിട്ടുണ്ട്. റേഡിയേഷൻ സുരക്ഷാ വീഴ്ചകൾ സംബന്ധിച്ച് റേഡിയേഷൻ സുരക്ഷാ കാര്യാലയം ഡയറക്ടർക്ക് ലഭിക്കുന്ന പരാതികളിൽ നടപടി സ്വീകരിക്കുന്നതിന് കേന്ദ്ര ആണവോർജ്ജ നിയന്ത്രണ ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ റേഡിയേഷൻ സുരക്ഷാ കാര്യാലയം ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 1962-ലെ ആണവോർജ്ജ നിയമ പ്രകാരം എൻഫോഴ്സ്മെന്റ് നടപടികൾ സ്വീകരിക്കുന്നതിനുള്ള അധികാരം കേന്ദ്ര ആണവോർജ്ജ നിയന്ത്രണ ബോർഡിൽ മാത്രം നിക്ഷിപ്തമാണെന്ന് എ.ഇ.ആർ.ബി. സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് അനുസരിച്ച് സ്ഥാപനങ്ങൾക്ക് സ്ഥിരം രജിസ്ട്രേഷൻ നൽകുന്നതുമായി ബന്ധപ്പെട്ട് ജില്ലാ തല അസസർമാർ സ്കാൻ യൂണിറ്റുകളിൽ ഗുണനിലവാര പരിശോധന നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## സ്വകാര്യലാബുകളുടെ ടെസ്റ്റിംഗ് ഫീസുകളും ചാർജ്ജുകളും ഏകീകരിക്കുന്നതിന് നടപടി

206(3681) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ ക്ലിനിക്കൽ ലാബുകളും എക്സ്‌റേ കേന്ദ്രങ്ങളും ഏതെങ്കിലും സർക്കാർ വകുപ്പിന്റെ നിയന്ത്രണത്തിനും നിബന്ധനകൾക്കും വിധേയമാണോ ; വിശദീകരിക്കുമോ;

(ബി) ഇവ ഈടാക്കുന്ന ചാർജ്ജുകൾ വ്യത്യസ്ത നിരക്കിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവയുടെ ടെസ്റ്റിംഗ് ചാർജ്ജുകൾ സ്ഥാപനങ്ങളിൽ പരസ്യമായി പ്രദർശിപ്പിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) സ്വകാര്യലാബുകളുടെ ടെസ്റ്റിംഗ് ഫീസുകളും ചാർജ്ജുകളും ഏകീകരിക്കുന്നതിനും പ്രസ്തുത നിരക്കുകൾ സ്ഥാപനങ്ങളിൽ രേഖപ്പെടുത്തി പ്രസിദ്ധീകരിക്കുന്നതിനും നിർദ്ദേശം നൽകി നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) സ്വകാര്യ ലാബുകൾ തുടങ്ങുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസറുടെ നിരാക്ഷേപ സാക്ഷ്യപത്രം ആവശ്യമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് രജിസ്ട്രേഷൻ നിലവിൽ നടത്തുന്നത്. ഹെൽത്തി കേരളയുടെ ഭാഗമായി ജില്ലാ മെഡിക്കൽ ആഫീസറുടെ നേതൃത്വത്തിലുള്ള ടീം ലാബുകൾ പരിശോധിക്കാറുണ്ട്. പ്രസ്തുത പരിശോധനാ ടീം ഇൻഫെക്ഷൻ കൺട്രോൾ പ്രാക്ടീസസ്, ലാബ് ടെക്നീഷ്യൻമാരുടെ യോഗ്യത, ബയോ മെഡിക്കൽ വേസ്റ്റ് മാനേജ്മെന്റിന്റെ കാര്യക്ഷമത, ലാബുകളുടെ മൊത്തത്തിലുള്ള ശുചിത്വം എന്നീ കാര്യങ്ങളാണ് ശ്രദ്ധിക്കുക. ഇതിൽ എന്തെങ്കിലും വീഴ്ച സംഭവിക്കുന്നുണ്ടെങ്കിൽ പ്രസ്തുത വിവരം പഞ്ചായത്ത് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ടി സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്യാൻ വേണ്ട നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുകയും ചെയ്യും. കൂടാതെ ഇനി മുതൽ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരവും ലാബുകൾ രജിസ്റ്റർ ചെയ്യപ്പെടേണ്ടതാണ്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ എക്സ്റേ കേന്ദ്രങ്ങൾ കേന്ദ്ര ആണവോർജ്ജ നിയന്ത്രണ ബോർഡിന്റെ നിയന്ത്രണങ്ങൾക്കും നിബന്ധനകൾക്കും വിധേയമാണ്.

(ബി) ഇത്തരം വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ടെസ്റ്റിംഗ് ചാർജ്ജുകൾ സ്ഥാപനങ്ങളിൽ പരസ്യമായി പ്രദർശിപ്പിക്കുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 2018 പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന സ്ഥാപനങ്ങൾ ലഭ്യമായ സേവനങ്ങളും അവയുടെ നിരക്കുകളും സ്ഥാപനങ്ങളിൽ പരസ്യമായി പ്രദർശിപ്പിക്കേണ്ടതാണ്. സ്ഥാപനങ്ങൾ താൽക്കാലികമായി രജിസ്റ്റർ ചെയ്യപ്പെടുമ്പോൾ തന്നെ സേവനങ്ങളും അവയുടെ നിരക്കുകളും ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. 2 വർഷത്തിനുശേഷം സർക്കാർ നിർദ്ദേശിക്കുന്ന നിലവാരം ആർജ്ജിച്ചതിനുശേഷം സ്ഥിരം രജിസ്ട്രേഷന് അപേക്ഷിക്കേണ്ടതാണ്. ഇതുലഭിച്ചതിനുശേഷം സേവന കാര്യങ്ങളിലോ, നിരക്കുകളിലോ വീഴ്ച വരുത്തുന്ന സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ റദ്ദാക്കുന്നതാണ്.

(സി) സ്വകാര്യ ലാബുകളിലെ നിരക്കുകൾ നിയന്ത്രിക്കുന്നതിന് സർക്കാരിന് അധികാരം തരുന്ന നിയമം നിലവിലില്ല. എന്നാൽ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പൂർണ്ണമായും നിലവിൽ വന്നാൽ ആയത് പ്രകാരം നിരക്കുകൾ പ്രദർശിപ്പിക്കേണ്ടതുള്ളതിനാൽ പൊതുജനങ്ങൾക്ക് താരതമ്യ പഠനത്തിന് അവസരം ലഭിക്കുന്നതാണ്.

**മായം കലർന്ന ഭക്ഷണ പദാർത്ഥങ്ങൾ കണ്ടെത്തിയ സ്ഥാപനങ്ങൾ**

207(3682) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സുരക്ഷാ വകുപ്പ് വിവിധ ജില്ലകളിലായി 1-1-2016 മുതൽ കണ്ടെത്തിയ കേസ്സുകളുടെ വിശദമായ വിവരം ജില്ലതിരിച്ച് ലഭ്യമാക്കുമോ;

(ബി) ഇതിൽ എത്ര കേസ്സുകളിൽ പിഴ അടച്ചുവെന്നും എത്ര പേർക്ക് വീണ്ടും കച്ചവടം നടത്തുവാൻ അനുവാദം നൽകിയെന്നും അറിയിക്കുമോ;

(സി) ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ബേക്കറികൾ, സ്റ്റേഷനറി സ്റ്റോറുകൾ, പച്ചക്കറി സ്റ്റാളുകൾ, ഫിഷ് സ്റ്റാളുകൾ, മീറ്റ് സ്റ്റാളുകൾ എന്നിവയിൽ എത്രയെണ്ണത്തിൽ പരിശോധന നടത്തി; പരിശോധനയിൽ, മാരകമായ കീടനാശിനികളും വിഷാംശം കലർന്നതുമായ ഭക്ഷണപദാർത്ഥങ്ങൾ കണ്ടെത്തിയ കേസ്സുകൾ എത്രയാണെന്ന് ജില്ല തിരിച്ച് പേര് വിവരം ഉൾപ്പെടെ ലഭ്യമാക്കുമോ ;

(ഡി) മായം കലർന്നതും വിഷാംശം കലർന്നതുമായ ഭക്ഷണപദാർത്ഥങ്ങൾ കണ്ടെത്തിയ സ്ഥാപനങ്ങളുടെ വിവരം മാധ്യമങ്ങൾക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ഭക്ഷ്യസുരക്ഷാ വകുപ്പ് 1-1-2016 മുതൽ ഫയൽ ചെയ്ത കേസുകളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ജില്ല | പ്രോസിക്യൂഷൻ കേസുകൾ | അഡ്ജ്യൂഡിക്കേഷൻ കേസുകൾ | ആകെ |
|---|---|---|---|
| (1) | (2) | (3) | (4) |
| തിരുവനന്തപുരം | 51 | 135 | 186 |
| കൊല്ലം | 20 | 86 | 106 |
| പത്തനംതിട്ട | 11 | 49 | 60 |

| (1) | (2) | (3) | (4) |
|---|---|---|---|
| ആലപ്പുഴ | 35 | 115 | 150 |
| കോട്ടയം | 14 | 83 | 97 |
| ഇടുക്കി | 27 | 60 | 87 |
| എറണാകുളം | 59 | 161 | 220 |
| തൃശ്ശൂർ | 58 | 131 | 189 |
| പാലക്കാട് | 25 | 133 | 158 |
| മലപ്പുറം | 21 | 117 | 138 |
| കോഴിക്കോട് | 113 | 224 | 337 |
| വയനാട് | 13 | 55 | 68 |
| കണ്ണൂർ | 25 | 105 | 130 |
| കാസർഗോഡ് | 10 | 34 | 44 |

(ബി) ഇതിൽ 489 കേസുകളിൽ പിഴ ഈടാക്കിയിട്ടുണ്ട്. പിഴ ഈടാക്കുന്ന എല്ലാ കേസ്സുകളിലും സ്ഥാപനം അടച്ചുപൂട്ടാറില്ല. എന്നാൽ പൊതുജനാരോഗ്യത്തിന് ഭീഷണിയാകുന്ന സന്ദർഭങ്ങളിൽ മാത്രമാണ് സ്ഥാപനത്തിന്റെ FSSAI ലൈസൻസ് /രജിസ്ട്രേഷൻ താത്കാലികമായി സസ്പെന്റ് ചെയ്യാറുണ്ട്. ഇത്തരം സ്ഥാപനങ്ങൾ തുടർപരിശോധനകളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം പാലിക്കുന്നപക്ഷം സ്ഥാപനം തുടർന്ന് പ്രവർത്തിക്കുന്നതിന് സസ്പെൻഷൻ ഒഴിവാക്കി ലൈസൻസ്/രജിസ്ട്രേഷൻ പുനഃസ്ഥാപിച്ച് നൽകാറുണ്ട്.

(സി) ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ബേക്കറികൾ, സ്റ്റേഷനറി സ്റ്റോറുകൾ, പച്ചക്കറി സ്റ്റാളുകൾ, ഫിഷ് സ്റ്റാളുകൾ, മീറ്റ് സ്റ്റാളുകൾ, എന്നിവയിൽ 1-1-2018 മുതൽ 54932 പരിശാധനകൾ നടത്തിയിട്ടുണ്ട്. സംസ്ഥാനത്ത് 1-1-2016 മുതൽ പരിശോധന നടത്തിയതിൽ കീടനാശിനികളുടെ സാന്നിദ്ധ്യം കണ്ടെത്തിയതിനാൽ "Unsafe" ആയി പരിശോധനാ ഫലം ലഭിച്ച കേസുകളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) ഗുണനിലവാരമില്ലാത്തതിന്റെ പേരിൽ നിരോധിക്കുന്ന ഉത്പന്നങ്ങളുടെയും സ്ഥാപനങ്ങളുടെയും വിവരങ്ങൾ പത്രമാധ്യമങ്ങളിലൂടെ പൊതുജനങ്ങളെ അറിയിക്കുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഹോസ്റ്റലുകളിലെ ഭക്ഷണത്തിന്റെ ഗുണനിലവാരവും ശുചിത്വവും

208(T*3683) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളോട് അനുബന്ധിച്ചുള്ള ഹോസ്റ്റലുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണം ഗുണനിലവാരവും ശുചിത്വവും ഉള്ളതാണെന്ന് വിലയിരുത്തുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്;

(ബി) പ്രസ്തുത ഹോസ്റ്റലുകളിൽ നിന്നും ഭക്ഷണം കഴിക്കുന്ന കുട്ടികൾക്ക് കൂട്ടത്തോടെ ഭക്ഷ്യവിഷബാധ ഏൽക്കുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത ഹോസ്റ്റലുകളിൽ നിരന്തര പരിശോധന നടത്തുന്നതിനും അവിടുത്തെ ക്യാന്റീനുകൾ വൃത്തിയുള്ള സാഹചര്യത്തിലാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പ് വരുത്തുന്നതിനും അദ്ധ്യയന വർഷത്തിന്റെ തുടക്കത്തിൽ തന്നെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളോടനുബന്ധിച്ചുള്ള ഹോസ്റ്റൽ മെസ്സുകൾ/ക്യാന്റീനുകൾ എന്നിവയിൽ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ പരിശോധന നടത്തുകയും ന്യൂനതകൾ കണ്ടെത്തുന്ന പക്ഷം അത് പരിഹരിക്കുന്നതിന് നോട്ടീസ് നൽകുകയും തുടർ പരിശോധനകളിൽ അത് ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്. തുടർപരിശോധനയിൽ ന്യൂനതകൾ പരിഹരിച്ചില്ലെങ്കിൽ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ഭക്ഷ്യവിഷബാധകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(സി) ഇത്തരം സ്ഥാപപനങ്ങൾ വൃത്തിയുള്ള സാഹചര്യത്തിലാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ നിരവധി ബോധവത്കരണ ക്ലാസുകൾ, ലൈസൻസ്/രജിസ്ട്രേഷൻ മേളകൾ തുടങ്ങിയവ സംഘടിപ്പിച്ച് ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിലുള്ള 579 സ്ഥാപനങ്ങളിൽ പരിശോധന നടത്തിയിട്ടുണ്ട്.

---

* 'T'മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## കാൻസർ രോഗികളുടെ ക്രമാതീതമായ വർദ്ധന

209(3684) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം 2016-17, 2017-18, 2018-19 വർഷങ്ങളിൽ വിവിധ ആശുപത്രികളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കാൻസർ രോഗികളുടെ എണ്ണം വർഷം തിരിച്ച് അറിയിക്കാമോ;

(ബി) കാൻസർ രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ കാരണത്തെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ വിദഗ്ദ്ധ സമിതിയെ നിയോഗിച്ച് പഠനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം 2016-17, 2017-18, 2018-19 വർഷങ്ങളിൽ വിവിധ ആശുപത്രികളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കാൻസർ രോഗികളുടെ എണ്ണം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വർദ്ധിച്ചുവരുന്ന സ്തനാർബുദ രോഗത്തിന്റെ കാരണങ്ങൾ മനസ്സിലാക്കുന്നതിനുവേണ്ടി ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് (CMR) -ന്റെ ധനസഹായത്തോടുകൂടി തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ പഠനം നടത്തി വരുന്നു. പാൻമസാല, പുകയില, മദ്യപാനം എന്നിവയുടെ ഉപയോഗംമൂലമുണ്ടാകുന്ന കാൻസർ രോഗങ്ങളും ഈ രോഗത്തിന് കാരണമായേക്കാവുന്ന മറ്റു ഘടകങ്ങളെപ്പറ്റിയും മനസ്സിലാക്കുന്നതിന് ജനുവരി 2019 മുതൽ രോഗികളിൽ നിന്നും കൃത്യമായ വിവരങ്ങൾ തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ ശേഖരിച്ചു വരുന്നു.

## നിപ വൈറസ് ബാധ

210(3685) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രണ്ടാമതും നിപ വൈറസ് ബാധ സ്ഥിരീകരിച്ച സാഹചര്യത്തിൽ ആയത് പ്രതിരോധിക്കുന്നതിന് കൂടുതൽ ഫലപ്രദമായ മരുന്നുകൾ കണ്ടുപിടിക്കുന്നതിനുള്ള പഠന ഗവേഷണങ്ങൾ നടത്താൻ ആരോഗ്യ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇത്തരം പഠന ഗവേഷണങ്ങൾക്കായി ദേശീയ-അന്തർദ്ദേശീയ സ്ഥാപനങ്ങളുടെയും ഏജൻസികളുടെയും സഹകരണം തേടാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ ;

(സി) കഴിഞ്ഞ വർഷം സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിപ വൈറസ് ബാധ ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ ഭാവിയിൽ ഈ രോഗം വരാതിരിക്കാനുള്ള മുൻകരുതൽ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയിരുന്നുവോ; പ്രതിരോധ പ്രവർത്തനങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള ജാഗ്രതക്കുറവ് വകുപ്പിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ടോ എന്നറിയിക്കുമോ ;

(ഡി) വിവിധ തരം പനികൾ പടർന്നുപിടിക്കുന്നത് തടയുന്നതിന് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) നിപ പ്രതിരോധിക്കുന്നതിന് ഫലപ്രദമായ മരുന്നുകൾ കണ്ടുപിടിക്കുന്നതിനാവശ്യമായ വിപുലമായ സർക്കാർ ഗവേഷണ സംവിധാനം സംസ്ഥാനത്ത് നിലവിലില്ല. എന്നാൽ കേന്ദ്രസർക്കാരിന്റെ കീഴിലുള്ള വിവിധ ഗവേഷണ സ്ഥാപനങ്ങൾ വഴി ആഗോള ഗവേഷണ സ്ഥാപനങ്ങളുമായുള്ള സഹകരണത്തോടെ ഫലപ്രദമായ മരുന്നുകൾ കണ്ടുപിടിക്കാൻ കഴിയുമെന്നുതന്നെയാണ് സർക്കാർ പ്രത്യാശിക്കുന്നത്.

(സി) നടത്തിയിരുന്നു. രോഗം നേരത്തെ കണ്ടെത്തുന്നതിനും രോഗം സ്ഥിരീകരിക്കുന്നതിനും ആവശ്യമായ സംവിധാനങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്കിടയിൽ ഉചിതമായ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി. ആശുപത്രികളിൽ നിന്നുമുള്ള രോഗബാധ തടയുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഡിസംബർ മുതൽ ജൂൺ മാസങ്ങളിൽ വവ്വാലുകളുടെ പ്രജനന കാലഘട്ടത്തിലാണ് നിപ വൈറസ് വ്യാപനം നടക്കുന്നതെന്ന നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ നവംബർ-ഡിസംബർ മാസത്തിൽ തന്നെ ജാഗ്രതാ നിർദ്ദേശം നൽകുകയും പൊതുജനങ്ങൾക്കാവശ്യമായ ബോധവത്കരണ പ്രവർത്തനങ്ങൾ മുൻകൂട്ടി നടപ്പിലാക്കുകയും ചെയ്തു. ആശുപത്രികളിൽ അണുനശീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും ആവശ്യമായ മരുന്നുകളുടെയും വ്യക്തിഗത സുരക്ഷ സംരക്ഷണ സാമഗ്രികളുടെയും ലഭ്യത ഉറപ്പാക്കിയിട്ടുണ്ടായിരുന്നു. ഇപ്രകാരം നിപ പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ അത്യന്തം ജാഗ്രതയോടെ നടത്തിയിരുന്നതുകൊണ്ടാണ് നിപ തുടക്കത്തിൽ തന്നെ കണ്ടെത്താനായതും നിയന്ത്രിക്കാനായതും.

(ഡി) സ്വീകരിച്ചിട്ടുണ്ട്. പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്നത് തടയുന്നതിനായി രൂപീകരിച്ചിട്ടുള്ള കർമ്മപദ്ധതിയായ 'ആരോഗ്യ ജാഗ്രത'- 2019 ജനുവരി മാസം മുതൽ തന്നെ ഫലപ്രദമായി നടപ്പിലാക്കിവരുന്നുണ്ട്.

**ജനകീയ വെബ്സൈറ്റ് ആരംഭിക്കുന്നതിന് നടപടി**

211(3686) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിപ പോലുള്ള രോഗഭീതിയിൽ നിന്നും ജനത്തെ രക്ഷിക്കുന്നതിന് ആരോഗ്യ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങളെ തകിടം മറിക്കുന്ന തരത്തിൽ വകുപ്പിന്റേതെന്ന വ്യാജേന നിരവധി തെറ്റായ സന്ദേശങ്ങൾ പ്രചരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയും ഭീതിയിലാഴ്ത്തുകയും ചെയ്യുന്ന തരത്തിലുള്ള വ്യാജവാർത്തകളും സന്ദേശങ്ങളും സോഷ്യൽ മീഡിയയിൽ ഉൾപ്പെടെ പ്രചരിപ്പിക്കുന്നവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(സി) തെറ്റിദ്ധരിപ്പിക്കുന്ന സന്ദേശങ്ങളിൽ നിന്നും ജനത്തെ സംരക്ഷിക്കുന്നതിനും ശരിയായ വാർത്തകൾ അറിയുന്നതിനും വേണ്ടി ഒരു ജനകീയ വെബ്സൈറ്റ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയും ഭീതിയിലാഴ്ത്തുകയും ചെയ്യുന്ന തരത്തിലുള്ള വ്യാജവാർത്തകളും സന്ദേശങ്ങളും സോഷ്യൽ മീഡിയയിൽ ഉൾപ്പെടെ പ്രചരിപ്പിക്കുന്നവർക്കെതിരെ നിലവിലുള്ള നിയമപ്രകാരം ഉചിതമായ രീതിയിൽ കേസുകൾ രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുസംബന്ധിച്ച 17 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. എന്നിരുന്നാലും തെറ്റായ വാർത്തകൾക്കെതിരെ ജാഗ്രത പാലിക്കാനും ആരോഗ്യ വകുപ്പിന്റെ നിർദ്ദേശങ്ങൾ പാലിക്കാനും നിർദ്ദേശങ്ങളും പരസ്യങ്ങളും സോഷ്യൽ മീഡിയ വഴിയും മാധ്യമങ്ങൾ വഴിയും സർക്കാർ ഏജൻസികൾ നൽകിവരുന്നു.

## ഹൈഡോസ് അയഡിൻ തെറാപ്പി

212(3687) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈഡോസ് അയഡിൻ തെറാപ്പി ചികിത്സ ആർ.സി.സി.-യിൽ നൽകി വന്നിരുന്നോ;

(ബി) ഈ ചികിത്സ ഇപ്പോൾ നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണമെന്താണ്;

(സി) ഇപ്പോൾ അയഡിൻ തെറാപ്പി ആവശ്യമായ രോഗികളെ ചികിത്സിക്കുന്നത് എങ്ങനെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഹൈഡോസ് അയഡിൻ തെറാപ്പി ചികിത്സ ആർ.സി.സി.-യിൽ നൽകിവരുന്നു.

(ബി) പുതിയ കെട്ടിടത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഡിലെ (Delay) ടാങ്കിന്റെ പൊളിച്ചുനീക്കൽ കാരണം ഇപ്പോൾ ഈ സേവനം താത്കാലികമായി നിർത്തലാക്കിയിരിക്കുകയാണ്. പുതിയ ഡിലെ (Delay) ടാങ്കിന്റെ നിർമ്മാണം പൂർത്തിയാകുന്നതോടുകൂടി സേവനം പുനഃസ്ഥാപിക്കുന്നതാണ്.

(സി) നിലവിലുള്ള സാഹചര്യത്തിൽ 30mCi വരെ ആവശ്യമായ രോഗികൾക്ക് മാത്രമാണ് ചികിത്സ ലഭ്യമാക്കുന്നത്.

## പാലക്കാട് ജില്ലയിലെ മഴക്കാല രോഗപ്രതിരോധ പ്രവർത്തനങ്ങൾ

213(3688) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിൽ മഴക്കാല രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം മുന്നൊരുക്കങ്ങളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വിവരിക്കാമോ?

ഉത്തരം

ആരോഗ്യ ജാഗ്രത 2019-ന്റെ ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനും പകർച്ചവ്യാധികളുടെ നിലവിലുള്ള അവസ്ഥ വിശകലനം ചെയ്യുന്നതിനുമായി ബ്ലോക്ക് സി.എച്ച്.സി സൂപ്രണ്ടുമാർ, മെഡിക്കൽ ഓഫീസർമാർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് 11-1-2019-ന് കുഴൽമന്ദം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽവച്ച് ഒരു ഏകദിന ശില്പശാല നടത്തി.

പാലക്കാട് ഗവ.നേഴ്സിംഗ് സ്കൂളിൽ വച്ച് ഹെൽത്ത് സൂപ്പർവൈസർമാർ, പബ്ലിക് ഹെൽത്ത് നഴ്സ് സൂപ്പർവൈസർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് ആരോഗ്യ ജാഗ്രത 2019 ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനുള്ള ശില്പശാല നടത്തി.

6-2-2019-ന് ജില്ലാതല പ്രോഗ്രാം ഓഫീസർമാരെ പങ്കെടുപ്പിച്ചുകൊണ്ട് ജില്ലാ മെഡിക്കൽ ഓഫീസിൽ വച്ച് ആരോഗ്യ ജാഗ്രത 2019 യോഗം ചേർന്നു.

14-2-2019-ന് പകർച്ചവ്യാധി മുന്നൊരുക്ക പ്രവർത്തനങ്ങളും അവസ്ഥാ നിർണ്ണയ സർവ്വെയും സംബന്ധിച്ച് ഫീൽഡ് പ്രവർത്തകർക്കുള്ള പരിശീലന പരിപാടി നന്ദിയോട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ വച്ച് നടത്തി.

15-2-2019-ന് പകർച്ചവ്യാധി മുന്നൊരുക്ക പ്രവർത്തനങ്ങളും അവസ്ഥാ നിർണ്ണയ സർവ്വെയും സംബന്ധിച്ച് ഫീൽഡ് പ്രവർത്തകർക്കുള്ള പരിശീലന പരിപാടി കൊടുവായൂർ സി.എച്ച്.സി.-യിൽ വച്ച് നടന്നു.

പകർച്ചവ്യാധി മുന്നൊരുക്ക പ്രവർത്തനങ്ങളും അവസ്ഥാ നിർണ്ണയ സർവ്വെയും സംബന്ധിച്ച് ഫീൽഡ് പ്രവർത്തകർക്കുള്ള പരിശീലന പരിപാടി കടമ്പഴിപ്പുറം സി.എച്ച.സി.-യിൽ വച്ച് നടന്നു. പ്രസ്തുത പരിപാടി എല്ലാ സമൂഹികാരോഗ്യ കേന്ദ്രങ്ങളിലും നടന്നു.

ആരോഗ്യജാഗ്രതയുടെ ജില്ലാതല ഉദ്ഘാടന പരിപാടി വിജയിപ്പിക്കുന്നതിന് വേണ്ടി കോ-ഓർഡിനേഷൻ കമ്മിറ്റി 19-2-2019-ന് ചിറ്റൂർ മിനി സിവിൽ സ്റ്റേഷനിൽ വച്ച് നടത്തി.

19-2-2019-ന് ആരോഗ്യജാഗ്രത 2019-നോട് അനുബന്ധിച്ച് പത്രസമ്മേളനം നടത്തി. അന്നുതന്നെ ജില്ലാ കളക്ടറുടെ കോൺഫറൻസ് ഹാളിൽ വച്ച് ആരോഗ്യജാഗ്രതയുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുതല യോഗം ചേർന്നു.

20-2-2019 -ന് അനിക്കോട്, ചിറ്റൂരിൽ വച്ച് ആരോഗ്യജാഗ്രത ജില്ലാതല ഉദ്ഘാടന പരിപാടി ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി നിർവ്വഹിച്ചു.

19-3-2019-ന് ജില്ലാകളക്ടറുടെ കോൺഫറൻസ് ഹാളിൽ വച്ച് ആരോഗ്യജാഗ്രത 2019 -മായി ബന്ധപ്പെട്ട് വിവിധ വകുപ്പുതല യോഗം നടത്തി.

ഏപ്രിൽ മാസത്തിൽ തുടങ്ങി വെള്ളിയാഴ്ച സ്കൂളുകളിലും, ശനിയാഴ്ച ഓഫീസുകളിലും സ്ഥാപനങ്ങളിലും, ഞായറാഴ്ച വീടുകളിലുമായി ഉണക്കദിന നിരീക്ഷണം നടത്തി. ഇപ്പോഴും തുടർന്നുവരുന്നു.

6-4-2019-ന് ശുചീകരണ പരിപാടി ആരോഗ്യ സ്ഥാപനങ്ങൾ, വീടുകളിലുമായി നടത്തി.

7-4-2019-ന് ലോകാരോഗ്യ ദിനത്തോടനുബന്ധിച്ച് എല്ലാ സ്ഥാപനങ്ങളിലും വിവിധ പരിപാടികൾ നടത്തി.

കൊതുകുകളുടെ പ്രധാന ഉറവിടങ്ങളും ഉണങ്ങിയ ഉറവിടങ്ങളും ഇല്ലാതാക്കൽ പരിപാടിയുടെ ഭാഗമായി 8-4-2019 മുതൽ 10-4-2019 വരെ വിവിധ പ്രവർത്തനങ്ങൾ നടന്നു.(Dry container cum key container elimination campaign)

26-4-2019 മുതൽ 27-4-2019 വരെ ജലശുദ്ധീകരണ പരിപാടി നടത്തി.

മേയ് 11, 12 തീയതികളിലായി ജനപ്രതിനിധികൾ, ആരോഗ്യപ്രവർത്തകർ, ആശ, അങ്കണവാടി പ്രവർത്തകർ, ആരോഗ്യസേനാ അംഗങ്ങൾ, മറ്റ് സന്നദ്ധ പ്രവർത്തകർ എന്നിവർ ചേർന്ന് പൊതുസ്ഥലങ്ങൾ, അഴുക്കുചാലുകൾ എന്നിവ വൃത്തിയാക്കി.

ഡെങ്കിപ്പനി വിരുദ്ധദിനാചരണത്തോടനുബന്ധിച്ച് എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും വിവധ പരിപാടികളും ബോധവത്കരണ ക്ലാസുകളും നടത്തപ്പെട്ടു.

18-5-2019-ന് അതിഥി തൊഴിലാളി ക്യാമ്പുകളിലും നിർമ്മാണ സ്ഥലങ്ങളിലും കൊതുകുറവിട നശീകരണ പ്രവർത്തനങ്ങൾ നടത്തി.

മെയ് 25 ഹെൽത്തി കേരള ഇൻസ്പെക്ഷൻ ഹോട്ടലുകളിലും ഭക്ഷണം കൈകാര്യം ചെയ്യുന്ന സ്ഥലങ്ങളിലും പരിശോധന നടത്തി.

24-5-2019 മുതൽ 30-5-2019 വരെ തൊഴിൽ വകുപ്പിന്റെ സഹകരണത്തോടെ കഞ്ചിക്കോട്, മണ്ണാർക്കാട്, ഷൊർണ്ണൂർ, ആലത്തൂർ, ഒറ്റപ്പാലം, എന്നിവിടങ്ങളിൽ മഴക്കാലപൂർവ്വ ശുചീകരണ പരിപാടിയുടെ ഭാഗമായി അതിഥി തൊഴിലിടങ്ങളും ക്യാമ്പുകളും സന്ദർശിച്ചു.

## മങ്കട മണ്ഡലത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയ സ്ഥാപനങ്ങൾ

214(3689) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 വർഷത്തിൽ മങ്കട നിയോജകമണ്ഡലത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയ സ്ഥാപനങ്ങൾ ഏതെല്ലാമാണ്;

(ബി) ഇത്തരത്തിൽ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയ സ്ഥാപനങ്ങളിൽ എന്തെല്ലാം മാറ്റങ്ങൾ കൊണ്ടുവരുവാൻ സാധിച്ചു; വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം ആരോഗ്യ മേഖലയിൽ മങ്കട നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

ഉത്തരം

(എ) 2018-2019 വർഷം മങ്കട നിയോജകമണ്ഡലത്തിലെ മൂർക്കനാട്, അങ്ങാടിപ്പുറം, കുട്ടിലങ്ങാടി, പുഴക്കാട്ടിരി എന്നീ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) ആർദ്രം പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്ന സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസ്ഡ് ഒ.പി. രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ, സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, നഴ്സിംഗ് കൗൺസിലിംഗ്, പബ്ലിക് അഡ്രസിംഗ് സിസ്റ്റം, രോഗികൾക്ക് ആവശ്യത്തിന് ഇരിപ്പിടങ്ങൾ, കുടിവെള്ള സൗകര്യം, ടോയ്‌ലറ്റ് സൗകര്യം, മൂന്ന് ഡോക്ടർമാരുടെ സേവനം, നേഴ്സസ് പ്രീ ചെക്കപ്പും കൗൺസിലിംഗും, എൻ.സി.ഡി. ആസ്ത്മ/ശ്വാസംമുട്ടൽ രോഗികൾക്കുള്ള ശ്വാസ് ക്ലിനിക്, വിഷാദരോഗപരിചരണത്തിനുള്ള ആശ്വാസം ക്ലിനിക്, വൈകിട്ട് 6 മണിവരെ ഒ.പി. സേവനങ്ങൾ, ലബോറട്ടറി സൗകര്യം തുടങ്ങിയവ ലഭ്യമാക്കി വരുന്നു.

(സി) ഈ സർക്കാർ അധികാരമേറ്റശേഷം മങ്കട മണ്ഡലത്തിലെ പാങ്ങ് പി.എച്ച്.സി.-യെ കുടുംബാരോഗ്യ കേന്ദ്രമായി മാറ്റി. ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തി. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ മൂർക്കനാട്, അങ്ങാടിപ്പുറം, കുട്ടിലങ്ങാടി, പുഴക്കാട്ടിരി എന്നീ കേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തു. മൂർക്കനാട് പി.എച്ച്.സി.-യിലും അങ്ങാടിപ്പുറം പി.എച്ച്.സി.-യിലും നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നുണ്ട്. മൂർക്കനാട് പി.എച്ച്.സി.-യിൽ സായാഹ്ന ഒ.പി. ആരംഭിച്ചു. പുഴക്കാട്ടിരി സി.എച്ച്.സി.-യിൽ എൻ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് ആശുപത്രി നവീകരണ പ്രവർത്തനങ്ങളും അറ്റകുറ്റപ്പണികളും ചെയ്തു. മൂർക്കനാട് പി.എച്ച്.സി.-യിൽ Semi Automated Bio Chemistry Analyser, Three Part Haematology Analyser എന്നീ ഉപകരണങ്ങൾ ഇൻസ്റ്റാൾ ചെയ്ത് പ്രവർത്തനം ആരംഭിച്ചു.

## സർക്കാർ മെഡിക്കൽ കോളേജിൽ ഡി.എൻ.ബി. കോഴ്സുകൾ

215(3690) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.ഡി. കോഴ്സുകൾക്ക് തുല്യമായ ഡി.എൻ.ബി. കോഴ്സുകൾ ഇപ്പോൾ സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ മാത്രമേ ഉള്ളൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്പെഷ്യലൈസ് ചെയ്തിട്ടുള്ള ഡോക്ടർമാരുടെ സേവനം പൊതുജനങ്ങൾക്ക് കൂടുതൽ ലഭ്യമാക്കുന്നതിന് എം.ഡി. കോഴ്സുകൾക്ക് തുല്യമായ ഡി.എൻ.ബി. കോഴ്സുകൾ സർക്കാർ മെഡിക്കൽ കോളേജുകളിൽ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) MCI-യുടെ നിലവിലെ ചട്ടപ്രകാരം MD & DNB കോഴ്സുകൾ ഒരു അദ്ധ്യാപകൻ തന്നെ കൈകാര്യം ചെയ്യാൻ സാധ്യമല്ല. ഈ സാഹചര്യത്തിൽ MCI -യുടെ അംഗീകാരമുള്ള കോഴ്സുകൾ നടത്തുന്ന കോളേജുകളിൽ DNB കോഴ്സ് നടത്തണമെങ്കിൽ അധിക അദ്ധ്യാപക തസ്തിക സൃഷ്ടിക്കേണ്ടതായിട്ടുണ്ട്. കേരളത്തിലെ സർക്കാർ മെഡിക്കൽ കേളേജുകളിൽ കഴിഞ്ഞ വർഷങ്ങളിൽ അദ്ധ്യാപകരുടെ തസ്തികകൾക്കനുസൃതമായി അധികമായി MD സീറ്റ് സൃഷ്ടിച്ചിട്ടുണ്ട്. നിലവിൽ കേരളത്തിൽ താഴെപ്പറയും പ്രകാരം സീറ്റുകൾ ലഭ്യമാണ്.

| | |
|---|---|
| MD seat -1829<br>Diploma -160<br>Super Speciality -117 | All India & State<br>State Quata |

## മെഡിക്കൽ പി. ജി. സീറ്റുകൾ

216(3691) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ മൂന്ന് അലോട്ട്മെന്റ് നടത്തിയിട്ടും നിലവിൽ പി.ജി. സീറ്റുകൾ ഒഴിഞ്ഞ് കിടക്കുന്ന അവസ്ഥ ഉണ്ടായിട്ടുണ്ടോ;

(ബി) ഏതൊക്കെ വിഷയങ്ങളിലുള്ള പി.ജി. സീറ്റുകളാണ് ഈ വർഷം ഒഴിഞ്ഞ് കിടക്കുന്നതെന്ന് അറിയിക്കുമോ;

(സി) സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പി.ജി. കോഴ്സിന് ഈ സർക്കാർ കൊണ്ടുവന്ന വമ്പിച്ച ഫീസ് വർദ്ധനവാണ് വിദ്യാർത്ഥികളെ അഡ്മിഷൻ നേടുന്നതിൽ നിന്നും പിന്തിരിപ്പിക്കുന്നതെന്ന ആക്ഷേപം വസ്തുതാപരമാണോ;

(ഡി) സീറ്റുകൾ നഷ്ടപ്പെടുന്നത് ഒഴിവാക്കുവാൻ യോഗ്യതാപരീക്ഷയായ നീറ്റ് സ്കോറിൽ ഈ വർഷം കുറവ് വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) പി. ജി. മെഡിക്കൽ കോഴ്സുകളിലേയ്ക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ അവസാനഘട്ട അലോട്ട്മെന്റിന് ശേഷം കോളേജുകൾക്ക് നേരിട്ട് സ്പോട്ട് അഡ്മിഷൻ (പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റ്പ്രകാരം) നടത്തുന്നതിന് അനുമതി നൽകിയിരുന്നു. പ്രസ്തുത അഡ്മിഷന് ശേഷവും പി.ജി. മെഡിക്കൽ സീറ്റുകളിലുണ്ടായ ഒഴിവ് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) അല്ല. ജോലിസാധ്യതകളും ഉപരിപഠന സാധ്യതകളുമുള്ള ക്ലിനിക്കൽ വിഷയങ്ങൾക്ക് ആവശ്യക്കാർ ധാരാളമുണ്ട്. എന്നാൽ ജോലി സാധ്യതകളും ഉപരിപഠന സാധ്യതകളുമില്ലാത്ത നോൺ ക്ലിനിക്കൽ വിഷയങ്ങൾക്ക് ആവശ്യക്കാർ കുറവാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. 8-5-2019 -ന് പുറപ്പെടുവിച്ച കേന്ദ്ര സർക്കാർ വിജ്ഞാപന പ്രകാരം ജനറൽ വിഭാഗത്തിലെ നീറ്റ് പി.ജി. യോഗ്യത നേടുന്നതിനുള്ള കട്ട് ഓഫ് പെർസെന്റയിൽ 50 -ൽ നിന്നും 44 ആയി കുറവു വരുത്തിയിട്ടുണ്ട്. കൂടാതെ SEBC, SC, ST വിഭാഗങ്ങളുടെ കുറഞ്ഞ യോഗ്യത 40-ൽ നിന്നും 34 പെർസെന്റയിൽ ആയും ശാരീരിക അവശതകളുള്ള വിഭാഗത്തിനുള്ള കട്ട് ഓഫ് പെർസന്റയിൽ 45 -ൽ നിന്നും 39 ആയും കുറവു വരുത്തിയിട്ടുണ്ട്.

**സംസ്ഥാനത്തെ എം.ബി.ബി.എസ്. സീറ്റുകൾ**

217(3692) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സർക്കാർ, സ്വാശ്രയ മേഖലകളിലായി എത്ര എം.ബി.ബി.എസ്. സീറ്റുകൾ നിലവിലുണ്ട് ; അതിൽ സർക്കാർ സീറ്റുകൾ എത്ര; മാനേജ്മെന്റ് സീറ്റുകൾ എത്ര; വിശദമാക്കാമോ?

<u>ഉത്തരം</u>

സംസ്ഥാനത്ത് ഈ അദ്ധ്യായന വർഷത്തിൽ സർക്കാർ, സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ MBBS സീറ്റുകളെ സംബന്ധിച്ച വിവരങ്ങളടങ്ങുന്ന പട്ടിക അനുബന്ധമായി * ചേർക്കുന്നു.

**പുതിയ എം.ബി.ബി.എസ്. കരിക്കുലം**

218(3693) <u>ശ്രീ. വി. ഡി. സതീശൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ പാഠ്യപദ്ധതി സമൂലമായി പരിഷ്കരിച്ച് പുതിയ എം.ബി.ബി.എസ്. കരിക്കുലം ഇന്ത്യൻ മെഡിക്കൽ കൗൺസിൽ പ്രഖ്യാപിച്ചിട്ടുണ്ടോ; എന്നുമുതലാണ് പ്രസ്തുത പാഠ്യപദ്ധതി നിലവിൽ വരുന്നത്;

(ബി) പുതിയ പാഠ്യപദ്ധതി പ്രകാരം എം.ബി.ബി.എസ്. പഠനത്തിൽ എന്തൊക്കെ മാറ്റങ്ങളാണ് നടപ്പിലാക്കുന്നത്;

(സി) പുതിയ പാഠ്യപദ്ധതി പ്രകാരം കുട്ടികളെ പഠിപ്പിക്കുന്നതിന് അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്. 2019-20 അദ്ധ്യയന വർഷം (ആഗസ്റ്റ് 2019) മുതലാണ് പ്രസ്തുത പാഠ്യപദ്ധതി നിലവിൽ വരുന്നത്.

(ബി) വിഷയാധിഷ്ഠിത പഠനം എന്നതിൽ നിന്നും വൈദഗ്ധ്യതിഷ്ഠിത പഠനം എന്നതിലേയ്ക്ക് പഠന രീതി മാറുന്ന തരത്തിലുൾപ്പെടെയുള്ള മാറ്റങ്ങളാണ് പുതിയ പാഠ്യപദ്ധതി വിഭാവനം ചെയ്യുന്നത്. ഡോക്ടർമാരെ സമൂഹത്തിന്റെ ആവശ്യങ്ങൾ നിറവേറ്റാൻ കൂടുതൽ പ്രാപ്തരാക്കുക എന്നതും പുതിയ പാഠ്യപദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യമാണ്. ക്ലിനിക്കൽ അധിഷ്ഠിതമായ പഠനം 1-ാം വർഷം മുതൽ ആരംഭിക്കുന്ന രീതി പുതിയ പാഠ്യപദ്ധതി അവലംബിക്കുന്നുണ്ട്.

(സി) അഫിലിയേറ്റ് ചെയ്ത മെഡിക്കൽ കോളേജുകളിൽ പുതിയ പാഠ്യപദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ കേരള ആരോഗ്യ സർവ്വകലാശാല സ്വീകരിച്ചുവരികയാണ്. ഇതുസംബന്ധിച്ച നടപടികൾ നിശ്ചയിക്കുന്നതിനായി അഫിലിയേറ്റഡ് മെഡിക്കൽ കോളേജുകളിൽ നിന്നുമുള്ള അനാട്ടമി, ഫിസിയോളജി, ബയോകെമിസ്ട്രി, കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗങ്ങളിലെ അദ്ധ്യാപകരെ ഉൾപ്പെടുത്തിക്കൊണ്ട് 15-6-2019-ന് ഒരു ബ്രെയിൻ സ്റ്റോമിങ്ങ് സെഷൻ ആരോഗ്യ സർവ്വകലാശാല നടത്തിയിട്ടുണ്ട്.

## സ്വാശ്രയ എം.ബി.ബി.എസ്. അഡ്മിഷൻ സംബന്ധിച്ച സുപ്രീംകോടതി വിധി

219(3694) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. കോഴ്സിന്, മറ്റ് സംസ്ഥാനങ്ങളിലെ വിദ്യാർത്ഥികൾക്കും അപേക്ഷിക്കുവാൻ അനുവാദം നൽകണമെന്ന സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) സുപ്രീംകോടതിയുടെ വിധിമൂലം സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് സ്വാശ്രയ മെഡിക്കൽ കോളേജ് പ്രവേശനത്തിന് അവസരം കുറയുന്ന സാഹചര്യം സംജാതമായിട്ടുണ്ടോ;

(സി) പ്രസ്തുത വിധിക്കെതിരെ അപ്പീൽ നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇക്കാര്യത്തിൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) റിട്ട് പെറ്റീഷൻ 380/2019 നമ്പർ കേസ്സിൽ ബഹു. സുപ്രീംകോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് പുറത്തുള്ള വിദ്യാർത്ഥികൾക്കും സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എം.ബി.ബി.എസ്. പ്രവേശനത്തിന് അപേക്ഷിക്കുന്നതിനുള്ള സൗകര്യം നൽകിയിരുന്നു. ഇപ്രകാരം അപേക്ഷിച്ചിട്ടുള്ളവർക്ക് അവരുടെ സ്ഥിരതാമസ സ്ഥലം കണക്കിലെടുക്കാതെ തന്നെ MBBS കോഴ്സിൽ പ്രവേശനം നൽകുന്നതിനായി NRI ക്വാട്ട ഒഴികെയുള്ള സീറ്റുകളിൽനിന്നും 15% സീറ്റുകൾ നീക്കിവച്ചുകൊണ്ട് സർക്കാർ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി&സി) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയനുസരിച്ച് സ്വാശ്രയ കോളേജുകളിലെ 15% സീറ്റ് ഇതര സംസ്ഥാനക്കാർക്ക് കൂടി നൽകേണ്ടതായി വരും. എന്നാൽ ഇത് സർക്കാർ കോളേജുകളിലെ All India Quota സീറ്റുകൾക്ക് സമാനമായ അവസ്ഥയാണ് സംജാതമാകുന്നത്. കാരണം, കേരളത്തിലെ കുട്ടികൾക്ക് മറ്റു സംസ്ഥാനങ്ങളിലെ സ്വാശ്രയ കോളേജുകളിൽ നിലവിൽ തന്നെ അഡ്മിഷൻ എടുക്കാൻ സാധിക്കുന്നുണ്ട്. മാത്രവുമല്ല, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മുന്നാക്കക്കാർക്ക് 10% സംവരണം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി 25% സീറ്റ് വർദ്ധനയാണ് സർക്കാർ കോളേജുകളിൽ കേന്ദ്രസർക്കാർ അനുവദിച്ചിട്ടുള്ളത്. ഇത് തദ്ദേശീയരായ വിദ്യാർത്ഥികൾക്ക് ഗുണകരമായി ഭവിക്കും. വിധിക്കെതിരെ അപ്പീൽ നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

**ബേബി പൗഡറിൽ ആസ്ബസ്റ്റോസ്**

220(3695) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജോൺസൺസ് ബേബി പൗഡറിൽ ആസ്ബസ്റ്റോസ് അടങ്ങിയിരിക്കുന്നതായിട്ടുള്ള റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ബേബി പൗഡറുകളിലെ ആസ്ബസ്റ്റോസ് ഘടകം കാൻസറിന് കാരണമാകുമെന്ന കാര്യം പരിശോധിക്കുമോ;

(സി) കേരളത്തിൽ വിൽക്കുന്ന കോസ്മെറ്റിക് സാധനങ്ങൾ പരിശോധിക്കുവാൻ നിലവിൽ സ്വീകരിക്കുന്ന രീതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) പരിശോധനയിൽ ക്രമക്കേട് കണ്ടെത്തിയ ഉൽപ്പന്നങ്ങൾ, കമ്പനികൾ എന്നിവ ഏതെല്ലാമാണെന്നും ഈ ഉൽപ്പന്നങ്ങൾ നിരോധിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ജോൺസൺസ് ബേബി പൗഡറിൽ ആസ്ബസ്റ്റോസ് അടങ്ങിയിരിക്കുന്നതായിട്ടുള്ള റിപ്പോർട്ടുകൾ ചില നവമാധ്യമങ്ങളിൽ വന്നുവെങ്കിലും സെൻട്രൽ ഡ്രഗ്സ് സ്റ്റാൻഡേർഡ് കൺട്രോൾ ഓർഗനൈസേഷനിൽ നിന്നോ, മറ്റു സംസ്ഥാനങ്ങളിലെ ഡ്രഗ്സ് കൺട്രോളർമാരിൽ നിന്നോ ഇത്തരത്തിലുള്ള റിപ്പോർട്ടുകൾ വകുപ്പിൽ ലഭ്യമായിട്ടില്ല.

(ബി) ബേബി പൗഡറുകളിലെ ആസ്ബസ്റ്റോസ് ഘടകം കാൻസറിന് കാരണമാകുമെന്ന് ശാസ്ത്രീയ പഠന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നുണ്ട്.

(സി) ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ സംസ്ഥാന വിപണിയിൽ ലഭ്യമായിട്ടുള്ള സൗന്ദര്യവർദ്ധക ഉത്പന്നങ്ങളുടെ സാമ്പിളുകൾ അവരുടെ പതിവ് പരിശോധനാ വേളകളിൽ ശേഖരിച്ച് ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. ഇതുകൂടാതെ, റീജിയണൽ ഡ്രഗ്സ് ഇൻസ്പെക്ടർമാർ/സീനിയർ ഡ്രഗ്സ് ഇൻസ്പെക്ടർമാർ സംസ്ഥാനത്തെ കോസ്മെറ്റിക്സ് നിർമ്മാണ യൂണിറ്റുകളിൽ നിന്നും ഗുണനിലവാര പരിശോധനയ്ക്കായി സാമ്പിളുകൾ ശേഖരിച്ച് അയയ്ക്കാറുണ്ട്. ഇത്തരം സാമ്പിളുകൾ ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ്സ് പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചാണോ നിർമ്മിച്ചിരിക്കുന്നതെന്നാണ് സ്റ്റാറ്റ്യൂട്ടറി ലബോറട്ടറികളിൽ പരിശോധിക്കുന്നത്.

(ഡി) കോസ്മെറ്റിക് ഉത്പന്നങ്ങളുടെ ഗുണനിലവാര പരിശോധനയിൽ M/s Intergrow Brands Private Limited, ഉത്പാദിപ്പിക്കുന്ന 'Veda Kachiya Enna' എന്ന ഉത്പന്നം ഗുണനിലവാരമില്ലാത്തതായി കണ്ടെത്തിയതിനെത്തുടർന്ന്, ഈ ഉത്പന്നത്തിന്റെ നിർമ്മാണവും വിതരണവും നിരോധിച്ചതുൾപ്പെടെയുള്ള നടപടികൾ ഡ്രഗ്സ് കൺട്രോൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

## ആയുർവേദ ഡ്രഗ് കൺട്രോളർ ആൻഡ് ലൈസൻസിംഗ് അതോറിറ്റി രൂപീകരണം

221(3696) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദത്തിന് മാത്രമായി ഒരു സ്വതന്ത്ര ഡ്രഗ് കൺട്രോളർ ആൻഡ് ലൈസൻസിംഗ് അതോറിറ്റി നിലവിൽ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ ഒരു ഡ്രഗ് ലൈസൻസിംഗ് അതോറിറ്റി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) 2006 മാർച്ച് മുതൽ 2007 ഒക്ടോബർ വരെ കേന്ദ്രസർക്കാരിന്റെ സഹായത്തോടുകൂടി ആയുർവേദത്തിന് എ.എസ്.യു. ഡ്രഗ് കൺട്രോളർ ആൻഡ് ലൈസൻസിങ് അതോറിറ്റി ഉണ്ടായിരുന്നോ; എങ്കിൽ ഈ കാലയളവിന് ശേഷം എന്തുകൊണ്ടാണ് ഈ ലൈസൻസിംഗ് അതോറിറ്റിയുടെ നിയമനം തുടരാതിരുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) സ്വതന്ത്ര ഡ്രഗ് കൺട്രോളർ ആൻഡ് ലൈസൻസിങ് അതോറിറ്റി ഇല്ലാത്തതുകൊണ്ട് കേരളത്തിൽ ആയുർവേദ മരുന്ന് നിർമ്മാതാക്കൾക്ക് പേറ്റന്റ്, പ്രൊപ്രൈറ്ററി പ്രോഡക്ടുകൾക്ക് ലൈസൻസ് എന്നിവ ലഭിക്കാൻ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈയിനത്തിൽ സർക്കാരിന് ലഭിക്കേണ്ട നികുതി വരുമാനം നഷ്ടപ്പെടുന്നത് ഒഴിവാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ&ബി) ഡ്രഗ്സ് കൺട്രോളർ വകുപ്പിന് കീഴിൽ ആയുർവേദ, സിദ്ധ, യുനാനി മരുന്നുകൾക്ക് വേണ്ടി മാത്രമായി ലൈസൻസിംഗ് അതോറിറ്റി നിലവിലുണ്ട്.

(സി) 2002 മുതൽ അഞ്ചു വർഷത്തേയ്ക്ക് കേന്ദ്രസർക്കാരിന്റെ പദ്ധതി പ്രകാരമാണ് ഡ്രഗ്സ് കൺടോളർ (ആയുർവേദ) തസ്തിക നിലവിലുണ്ടായിരുന്നത്. അഞ്ച് വർഷത്തിനുശേഷം കേന്ദ്ര സഹായം ലഭ്യമല്ലാതെ വന്നതിനാൽ എ.എസ്.യു. ഡ്രഗ്സ് കൺട്രോളറുടെ നിയമനം തുടരാൻ സാധിച്ചില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആയുർവേദ, സിദ്ധ, യുനാനി മരുന്നുകൾക്ക് മാത്രമായി ലൈസൻസിംഗ് നൽകുന്നതിനായി ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളറെ (എ.എസ്.യു) ലൈസൻസിംഗ് അതോറിറ്റിയായി നിയമിച്ച് പേറ്റന്റ് & പ്രൊപ്രൈറ്ററി മരുന്നുകൾക്ക് അംഗീകാരം നൽകുന്നുണ്ട്. അതിനാൽ നികുതി വരുമാനത്തിൽ നഷ്ടം വരുന്നില്ല.

## ഹോമിയോപ്പതി വകുപ്പിലെ നേഴ്സ് തസ്തിക

222(3697) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോമിയോപ്പതി വകുപ്പിൽ നഴ്സ് ആയി ജോലി നോക്കുന്നതിനുള്ള അടിസ്ഥാന യോഗ്യത എന്താണെന്നും ഇവരുടെ ജോലിയായി എന്തൊക്കെയാണ് നിർവ്വചിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത വകുപ്പിൽ ഹെഡ് നഴ്സ് തസ്തിക നിലവിലില്ലാത്തതിനാൽ രോഗികളുടെ ചികിത്സാ കാര്യങ്ങൾ നിർവഹിക്കുന്ന നഴ്സ് തന്നെയാണ് ഹെഡ് നേഴ്സിന്റെ ജോലിയും ചെയ്യേണ്ടി വരുന്നത് എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഹെഡ് നഴ്സ് തസ്തിക സൃഷ്ടിക്കുവാനുള്ള തീരുമാനം എടുക്കുമോ;

(സി) നഴ്സുമാർ തുടർച്ചയായി നൈറ്റ് ഡ്യൂട്ടി എടുക്കുമ്പോൾ പകരം ഡ്യൂട്ടി ഓഫ് കൊടുക്കാറില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) നഴ്സുമാരുടെ പുതുക്കിയ സീനിയോറിറ്റി ലിസ്റ്റ് ഉടൻ പ്രസിദ്ധീകരിക്കുമോയെന്നും ആയതിന്റെ കാലതാമസത്തിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കാമോ ;

(ഇ) സീനിയോറിറ്റി ലിസ്റ്റ് കാലാകാലങ്ങളിൽ പ്രസിദ്ധീകരിക്കാത്തതിനാൽ ഉദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റം താമസിക്കുന്ന എന്നുള്ള കാര്യം ഗൗരവമായി കണക്കാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിലെ സ്പെഷ്യൽ റൂൾ പ്രകാരമുള്ള നേഴ്സ് തസ്തികയുടെ യോഗ്യത സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

ആശുപത്രിയിലെ കിടപ്പ് രോഗികളുടെ പരിചരണവും ശുശ്രൂഷയും ഡോക്ടറുടെ നിർദ്ദേശാനുസരണം രോഗികൾക്ക് സമയാസമയങ്ങളിൽ മരുന്ന്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കൊടുക്കുന്നതും നേഴ്സിന്റെ ചുമതലയാണ്. എന്നാൽ രണ്ടോ അതിലധികമോ നേഴ്സുമാരുള്ള സ്ഥാപനങ്ങളിൽ ഐ.പി വിഭാഗത്തിലേയ്ക്കാവശ്യമായ മരുന്നുകൾ, ഹോസ്പിറ്റൽ ആക്സസറീസ്, അടുക്കള സാധനസാമഗ്രികൾ, ആഹാര സാധനങ്ങൾ, കിടക്കയും കിടക്ക വിരിപ്പ്, തലയണ മുതലായവയുടെ ചുമതല സീനിയർ നേഴ്സിനായിരിക്കും.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) തുടർച്ചയായ നൈറ്റ് ഡ്യൂട്ടി കഴിഞ്ഞ് ഒരു ദിവസം ഓഫ് നൽകുന്നുണ്ട്.

(ഡി&ഇ) നഴ്സുമാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**ഹോമിയോപ്പതിയിലൂടെ സമഗ്രമായ ആരോഗ്യപരിപാലനം**

223(3698) <u>ശ്രീ. എം. സ്വരാജ്:</u>
<u>ശ്രീ. കെ.സുരേഷ് കുറുപ്പ്:</u>
<u>ശ്രീ. ബി.സത്യൻ:</u>
<u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹോമിയോപ്പതിയിലൂടെ സമഗ്രമായ ആരോഗ്യ പരിപാലനം എന്ന ലക്ഷ്യം മുൻനിർത്തി ഈ സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) സാംക്രമികരോഗങ്ങൾ നിയന്ത്രിക്കുന്നതിനും ആവശ്യമായ പ്രതിരോധപ്രവർത്തനങ്ങൾ നടത്തുന്നതിനും ഹോമിയോപ്പതി വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) വനിതകൾക്കായി സീതാലയം എന്ന പേരിൽ ആരോഗ്യപരിരക്ഷ, സാന്ത്വന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) വകുപ്പിന്റെ കീഴിൽ ജീവിതശൈലീരോഗ നിയന്ത്രണത്തിനുള്ള ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ, വന്ധ്യതാനിവാരണ ചികിത്സക്കായി അമ്മയും കുഞ്ഞും പദ്ധതി എന്നിവ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ആരോഗ്യ പരിപാലനത്തിനായി ഹോമിയോപ്പതി വകുപ്പ് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) സാംക്രമിക രോഗങ്ങൾ നിയന്ത്രിക്കുന്നതിനും ആവശ്യമായ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി ഹോമിയോപ്പതി വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഉണ്ട്. സമൂഹത്തിൽ യാതന അനുഭവിക്കുന്ന സ്ത്രീകളുടെ സാമൂഹ്യ സുരക്ഷ, സമത്വം ആരോഗ്യ പരിപാലനം, മനഃശാന്തി എന്നിവ ലക്ഷ്യമാക്കി ഹോമിയോപ്പതി വകുപ്പ് സ്ത്രീകൾക്ക് മാത്രമായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന സ്ത്രീ സാന്ത്വന പദ്ധതിയാണ് സീതാലയം. ഈ പദ്ധതിയിലൂടെ അവരുടെ ആരോഗ്യ പരിപാലനത്തിനോടൊപ്പം ഇതര വകുപ്പുകളുടെ സഹകരണത്തോടെയുള്ള സുരക്ഷ, അവകാശ സംരക്ഷണം എന്നിവ ഉറപ്പ് വരുത്തുന്നു. മാനസിക പ്രശ്നങ്ങൾ അനുഭവിക്കുന്ന സ്ത്രീകൾക്ക് മനോരോഗ വിദഗ്ധൻ കൗൺസിലിംഗ് നൽകുന്നു. സീതാലയം സെന്ററുകളോടനുബന്ധിച്ച് അനപത്യതാ ദുഃഖം പേറുന്ന ദമ്പതിമാർക്ക് കുട്ടികളുണ്ടാകാനുള്ള ചികിത്സ നൽകുന്ന മദർ & ചൈൽഡ് കെയർ സെന്ററുകളും, മദ്യപാന/പുകവലി/ലഹരി ആസക്തികൾക്ക് വിധേയരായവരെ ചികിത്സിച്ച് ഭേദമാക്കുന്ന ലഹരി വിമോചന ക്ലിനിക്കുകളും (ഡി - അഡിക്ഷൻ സെന്ററുകൾ) പ്രവർത്തിച്ചു വരുന്നു. സീതാലയം പദ്ധതിയുടെ സേവനം എല്ലാ ജില്ലാ ഹോമിയോ ആശുപത്രികളിലും ഇപ്പോൾ ലഭ്യമാണ്.

(ഡി) ഉണ്ട്. ഹോമിയോപ്പതി വകുപ്പ് നടപ്പിലാക്കി വരുന്ന രണ്ട് പ്രധാന ആതുരസേവന പദ്ധതികളാണ് ജീവിതശൈലീ രോഗങ്ങൾ പ്രതിരോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള ആയുഷ് സമഗ്ര ചികിത്സാകേന്ദ്രങ്ങളും (ആയുഷ്മാൻ ഭവ) വന്ധ്യതാ നിവാരണ ചികിത്സാ പദ്ധതിയായ അമ്മയും കുഞ്ഞും (ജനനി). ഈ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

## ഒറ്റപ്പാലം സർക്കാർ ആയുർവേദ ആശുപത്രിയിലെ നാച്ചുറോപ്പതി വിഭാഗം

224(3699) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം സർക്കാർ ആയുർവേദ ആശുപത്രിയിലെ നാച്ചുറോപ്പതി വിഭാഗം ശക്തിപ്പെടുത്തുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയിലെ നാച്ചുറോപ്പതി വിഭാഗത്തിന്റെ നവീകരണത്തിനായി ഈ വർഷം എത്ര തുക നീക്കി വച്ചിട്ടുണ്ട്; വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) നാച്ചുറോപ്പതി വിഭാഗത്തെ പ്രസ്തുത ആശുപത്രിയിൽ നിന്നും വേർപെടുത്തുന്ന എന്ന പൊതുജനങ്ങളുടെ ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ബഹുമാനപ്പെട്ട മുൻ എം.എൽ.എ. ഹംസ അവർകളുടെ ആസ്തി വികസന ഫണ്ടിൽനിന്നും നിലവിലെ എം.എൽ.എ. ബഹുമാനപ്പെട്ട പി. ഉണ്ണി അവർകളുടെ ആസ്തി വികസന ഫണ്ടിൽനിന്നും ആകെ 90 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിൽ പ്രത്യേക ഒ.പി. റൂം നാച്ചുറോപ്പതിക്കായി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ 2017-18 സാമ്പത്തിക വർഷം പ്ലാൻ ഫണ്ട് മുഖേന 40 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച മെയിൽ വാർഡ്, പുതിയതായി നിർമ്മിക്കപ്പെട്ട പേ വാർഡ്, സ്ത്രീകളുടെ വാർഡ് എന്നിവയിൽ നാച്ചുറോപ്പതിക്കായി പ്രത്യേക വിഭാഗം പ്രവർത്തിച്ചുവരുന്നു. കൂടാതെ പ്രോജക്ടിന്റെ ഭാഗമായി പുതിയതായി നിർമ്മിക്കപ്പെട്ട കെട്ടിടത്തിൽ നാച്ചുറോപ്പതി ചികിത്സയ്ക്കുവേണ്ട ചികിത്സാ മുറികളും സ്റ്റീം ചേമ്പർ, വിവിധ തരത്തിലുള്ള ഉപകരണങ്ങൾ എന്നിവയും സജ്ജമാക്കിയിട്ടുണ്ട്.

(ബി) നാച്ചുറോപ്പതി വിഭാഗത്തിന്റെ നവീകരണത്തിനായി ഈ സാമ്പത്തിക വർഷം തുക വകയിരുത്തിയിട്ടില്ല.

(സി) ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**കരീപ്ര ആയുർവേദ ഡിസ്പെൻസറി**

225(3700) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര മണ്ഡലത്തിലെ കരീപ്ര ആയുർവേദ ഡിസ്പെൻസറിയെ, കിടത്തി ചികിത്സാസൗകര്യമുള്ള ആശുപത്രിയായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ ആയുഷ് വകുപ്പിന് ലഭിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രൊപ്പോസലിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രൊപ്പോസലിന്റെ അംഗീകാരത്തിനായി എന്തെല്ലാം തുടർനടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കൊട്ടാരക്കര മണ്ഡലത്തിലെ കരീപ്ര ആയുർവേദ ഡിസ്പെൻസറിയെ കിടത്തി ചികിത്സാ സൗകര്യമുള്ള ആശുപത്രിയായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ 17-8-2018 -ൽ ആയുഷ് വകുപ്പിൽ ലഭിച്ചു.

(ബി&സി) കരീപ്ര ആയുർവേദ ഡിസ്പെൻസറി 10 കിടക്കകളുള്ള ആയുർവേദ ആശുപത്രിയായി ഉയർത്തണമെന്ന ശിപാർശ ഭാരതീയ ചികിത്സാ വകുപ്പിന്റെ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പാക്കേജിൽ ഉൾപ്പെടുത്തി സമർപ്പിക്കാൻ ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ആയുർവേദ ചികിത്സാരംഗം കാര്യക്ഷമമാക്കുന്നതിന് നൂതന പദ്ധതികൾ**

226(3701) ശ്രീ. വി. ജോയി:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. ആർ. രാജേഷ്:
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആയുർവേദ ചികിത്സാരംഗവും ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസരംഗവും കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള നൂതനപദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഭാരതീയ ചികിത്സാവകുപ്പിന്റെ സേവനം പൊതുജനങ്ങളിലേയ്ക്ക് ഫലപ്രദമായി എത്തിക്കുന്നതിനും വിവിധ രോഗങ്ങൾക്ക് ചിട്ടയായതും മികവുറ്റതുമായ ചികിത്സകൾ നൽകുന്നതിനുമായി നടപ്പാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണ്;

(സി) തെരഞ്ഞെടുക്കപ്പെട്ട ആയുർവേദ ആശുപത്രികളിൽ വൃദ്ധജന പരിപാലനത്തിന് പ്രത്യേക സൗകര്യവും മാനസികാരോഗ്യ യൂണിറ്റുകളും പഞ്ചകർമ്മ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ടോ;

(ഡി) നിരാലംബരും അശരണരുമായ വൃദ്ധജനങ്ങളെ ആയുർവേദ ചികിത്സയിലൂടെ ആരോഗ്യമുള്ള ജീവിതത്തിലേയ്ക്ക് നയിക്കുക എന്ന ലക്ഷ്യത്തോടെ ജീറിയാട്രിക് കെയർ എന്ന പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) ആയുർവേദ മേഖലയിൽ ആയുർവേദവും ആധുനിക ജൈവ സാങ്കേതികവിദ്യയും ബന്ധപ്പെടുത്തിയുള്ള ഗവേഷണങ്ങൾക്കുവേണ്ടി അന്തർദ്ദേശീയ നിലവാരത്തിലുള്ള ഗവേഷണകേന്ദ്രവും പഠന കേന്ദ്രവും ലബോറട്ടറിയും (ഇന്റർനാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദ) സ്ഥാപിക്കുന്നതിനും നിലവിൽ സർക്കാർ ആയുർവേദ മെഡിക്കൽ കോളേജോ സ്വകാര്യ ആയുർവേദ മെഡിക്കൽ കോളേജോ ഇല്ലാത്ത ഇടുക്കി ജില്ലയിൽ പുതുതായി ഒരു ആയുർവേദ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആയുർവേദ കോളേജിൽ പുതിയ യോഗ & നാച്ചുറോപ്പതി സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിച്ചു. ആയുർവേദ വിദ്യാഭ്യാസ രംഗത്ത് ആദ്യമായി ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ / എയ്ഡഡ് ആയുർവേദ മെഡിക്കൽ കോളേജുകളിൽ പുതിയ പി.ജി. ഡിപ്ലോമ കോഴ്സുകൾ ആരംഭിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ആയുർവേദ കോളജുകളിൽ പുതുതായി നാല് പുതിയ വിഭാഗങ്ങളിൽ പി.ജി. കോഴ്സുകൾ ആരംഭിച്ചു. തിരുവനന്തപുരം ആയുർവേദ കോളേജിനോടനുബന്ധിച്ച് പുതിയ പേവാർഡ് ബ്ലോക്ക് പൂർണ്ണതോതിൽ പ്രവർത്തനമാരംഭിച്ചു. ഇതിനാവശ്യമായ തസ്തികകൾ കോൺട്രാക്ട് അടിസ്ഥാനത്തിൽ അനുവദിച്ചു. പൂജപ്പുര സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ പുതിയ ലേബർ റൂം, ഓപ്പറേഷൻ തിയേറ്റർ എന്നിവ പ്രവർത്തനമാരംഭിച്ചു. കണ്ണൂർ ആയുർവേദ കോളേജിൽ സ്ത്രീകളുടെയും കുട്ടികളുടെയും പുതിയ ആശുപത്രിയുടെ നിർമ്മാണം അവസാനഘട്ടത്തിലാണ്. പുതിയ 37 തസ്തികകൾ ഈ ആശുപത്രിക്ക് അനുവദിച്ചു.

കൂടാതെ ആയുർവേദ ചികിത്സാ രംഗം കാര്യക്ഷമമാക്കുന്നതിനായി ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിൽ ചുവടെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

- പഞ്ചകർമ്മ യൂണിറ്റ്
- യോഗ യൂണിറ്റ്
- ജെറിയാട്രിക് കെയർ യൂണിറ്റ്
- മാനസിക യൂണിറ്റ്
- പ്രസൂതി തന്ത്ര യൂണിറ്റ്
- കൗമാരഭൃത്യ യൂണിറ്റ്

- ദൃഷ്ടി
- ക്ഷാരസൂത്ര യൂണിറ്റ്
- സ്നേഹധാര
- ക്ഷേമജനനി (പാലക്കാട്)
- സിദ്ധ യൂണിറ്റ്
- സിക്കിൾ സെൽ യൂണിറ്റ് (വയനാട്)
- നിർവിഷ (കാസർഗോഡ്)
- കുട്ടികളുടെയും കൗമാരക്കാരുടെയും ആയുർവേദ പരിചരണ കേന്ദ്രം (കോഴിക്കോട്)
- ആയുർവേദ ഗവേഷണ പ്രവർത്തനങ്ങൾ
- വിദ്യാലയ ആരോഗ്യപരിപാടികൾ (ഋതു, പ്രസാദം)
- തെരഞ്ഞെടുത്ത ജില്ലാ സ്പോർട്സ് കൗൺസിലുകളിൽ ഇന്ത്യൻ സിസ്റ്റം ഓഫ് സ്പോർട്സ് മെഡിസിനായുള്ള ഗവേഷണ വിഭാഗം
- പകർച്ചവ്യാധികളും പ്രകൃതി ദുരന്തം തടയൽ
- ജീവനി, പുനർനവ.

ആയുർവേദത്തിൽ ഇന്ത്യയിൽ ആദ്യമായി സ്പോർട്സ് ചികിത്സയ്ക്കുള്ള ഒരു ആശുപത്രി തൃശ്ശൂരിൽ പ്രവർത്തനമാരംഭിച്ചു.

(സി) ഉണ്ട്. തെരഞ്ഞെടുത്ത ആയുർവേദ ആശുപത്രികളിൽ വൃദ്ധജനപരിപാലനത്തിന് പ്രത്യേക സൗകര്യവും മാനസികാരോഗ്യ യൂണിറ്റുകളും പഞ്ചകർമ്മ യൂണിറ്റുകളും 14 ജില്ലകളിലേയും ജില്ല ആയുർവേദ ആശുപത്രികളിൽ പ്രവർത്തിച്ചു വരുന്നു.

(ഡി) ഉണ്ട്. ഭാരതീയ ചികിത്സാ വകുപ്പിൽ പ്ലാൻ പദ്ധതി പ്രകാരം നിരാലംബരും അശരണരുമായ വൃദ്ധജനങ്ങളെ ആയുർവേദ ചികിത്സയിലൂടെ ആരോഗ്യമുള്ള ജീവിതത്തിലേക്ക് നയിക്കുക എന്ന ലക്ഷ്യത്തോടെ ജെറിയാട്രിക് കെയർ എന്ന പദ്ധതി 14 ജില്ലകളിലേയും ജില്ലാ ആയുർവേദ ആശുപത്രികളിൽ പ്രവർത്തിച്ചുവരുന്നു.

## കൊയോങ്കര ആയുർവേദ ആശുപത്രി താലൂക്ക് ആശുപത്രിയായി ഉയർത്തുന്ന നടപടി

227(3702) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ കൊയോങ്കരയിൽ പ്രവർത്തിക്കുന്ന 20 ബെഡ്ഡുകളോടുകൂടിയ ആയുർവേദ ആശുപത്രി താലൂക്ക് ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(ബി) എൻ.എച്ച്.എം. വഴി ഇവിടെ പഞ്ചകർമ്മ ചികിത്സ ആരംഭിക്കാൻ നടപടിയുണ്ടാകുമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിലെ കൊയോങ്കര സർക്കാർ ആയുർവേദ ആശുപത്രിയെ താലൂക്കാശുപത്രിയായി അപ്ഗ്രേഡ് ചെയ്യാനുള്ള സ്ഥലസൗകര്യം നിലവിലില്ല.

(ബി) പഞ്ചകർമ്മ ചികിത്സയ്ക്ക് ആവശ്യമായ എല്ലാ തസ്തികകളും നാഷണൽ ആയുഷ് മിഷൻ വഴി ലഭിച്ചിട്ടില്ല. അവ ലഭ്യമാകുന്ന മുറയ്ക്ക് ഈ വിഷയം പരിശോധിക്കുന്നതാണ്.

## ഒറ്റപ്പാലത്തെ സർക്കാർ ആയുർവേദ ആശുപത്രി

228(3703) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലത്തെ സർക്കാർ ആയുർവേദ ആശുപത്രിയെ മുപ്പത് കിടക്കകളോട് കൂടിയ ആശുപത്രിയാക്കി ഉയർത്തുന്നതിനുള്ള പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രൊപ്പോസൽ ഈ വർഷം തന്നെ നടപ്പിലാക്കുമോ?

ഉത്തരം

(എ&ബി) ഒറ്റപ്പാലം സർക്കാർ ആയുർവേദ ആശുപത്രിയെ 30 കിടക്കകളോടുകൂടിയ ആശുപത്രിയായി ഉയർത്തുന്നത് സംബന്ധിച്ച ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ പ്രൊപ്പോസൽ പരിശോധിച്ച് നാഷണൽ ആയുഷ് മിഷന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി തുടർനടപടി സ്വീകരിക്കാൻ നാഷണൽ ആയുർവേദ മിഷന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഇരിങ്ങാലക്കുട ഗവൺമെന്റ് ആയുർവേദ ആശുപത്രിയിലെ ദൃഷ്ടി പദ്ധതി

229(3704) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങാലക്കുട ഗവൺമെന്റ് ആയുർവേദ ആശുപത്രിയിൽ കഴിഞ്ഞ ആറ് വർഷമായി നടപ്പിലാക്കി വന്നിരുന്ന ദൃഷ്ടി പദ്ധതി ഈ വർഷം മുതൽ യാതൊരു മുന്നറിയിപ്പും കൂടാതെ പിൻവലിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏകദേശം അഞ്ഞൂറോളം കുട്ടികളുടെ തുടർചികിത്സ ഇതോടെ നിലച്ചിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ ആശുപത്രി മുഖേന പദ്ധതി തുടർന്നും നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) പ്ലാൻ പദ്ധതികളിൽ മാനവവിഭവശേഷി പരിമിതപ്പെടുത്തണമെന്ന നിർദ്ദേശമുള്ളതിന്റെ അടിസ്ഥാനത്തിൽ ദൃഷ്ടി പദ്ധതിയിൽ നേത്ര സ്പെഷ്യലിസ്റ്റ് സ്ഥിരം തസ്തികയുള്ള സ്ഥാപനങ്ങളിൽ മാത്രം 2019 - 2020 സാമ്പത്തിക വർഷം ദൃഷ്ടി പദ്ധതി നടപ്പിലാക്കി വരുന്നു.

2019-2020 സാമ്പത്തിക വർഷം ദൃഷ്ടി പദ്ധതി നാഷണൽ ആയുഷ് മിഷൻ ഫണ്ട് മുഖേന ടി സ്ഥാപനത്തിൽ തുടർന്നും നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

## ആയുർവേദ ഔഷധ നിർമ്മാണം

230(3705) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദ ഔഷധ ഉല്പാദനവും മാർക്കറ്റും അലോപ്പതി ഔഷധങ്ങളെ താരതമ്യം ചെയ്യുമ്പോൾ വളരെ വലുതായിട്ടും ആയുർവേദ ഔഷധങ്ങളുടെ നിയന്ത്രണത്തിനും ഗുണനിലവാര പരിശോധനക്കുമായി ഒരു ഡ്രഗ്സ് കൺട്രോളറെ നിയമിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; പ്രസ്തുത നിയമനത്തിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ആയുർവേദ ഔഷധങ്ങളുടെ ഗുണനിലവാര പരിശോധനാ ലാബോറട്ടറികൾ എത്രയെണ്ണമുണ്ട്; ഇവയുടെ നിർമ്മാണത്തിനും പ്രവർത്തനത്തിനും കേന്ദ്ര ഫണ്ട് ലഭ്യമാണോ; കേന്ദ്ര ഫണ്ട് ലഭിച്ചിട്ടും ഇനിയും പ്രവർത്തനമാരംഭിക്കാത്ത ലബോറട്ടറികൾ ഉണ്ടോ; വ്യക്തമാക്കുമോ;

(സി) ആയുർവേദ ഔഷധ നിർമ്മാണവുമായി ബന്ധപ്പെട്ട രേഖകളും മറ്റും ഓൺലൈനായി അംഗീകാരത്തിന് സമർപ്പിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കീഴിൽ ആയുർവേദ, സിദ്ധ, യുനാനി മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്ക് ലൈസൻസിംഗ് അനുവദിക്കുന്നതിന് ലൈസൻസിംഗ് അതോറിറ്റിയായി ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളറെ (ആയുർവേദ) നിയമിച്ചിട്ടുണ്ട്.

(ബി) ആയുർവേദ, സിദ്ധ, യുനാനി ഔഷധങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിലേയ്ക്ക് സർക്കാരിന്റെ അധീനതയിൽ എറണാകുളം റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി, തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി എന്നിവിടങ്ങളിൽ ഒരു പ്രത്യേക വിഭാഗം എ.എസ്.യു. വിനായി പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 7 ആയുഷ് അംഗീകൃത ലാബുകൾ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്നു. ആയുർവേദ, സിദ്ധ, യുനാനി വിഭാഗം ലാബുകളിൽ കൂടുതൽ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള പരിശോധനാ ഉപകരണങ്ങൾ വാങ്ങുന്നതിന് കേന്ദ്ര ആയുഷ് ഫണ്ട് ലഭിച്ചിട്ടുണ്ട്.

(സി) ആയുർവേദ, സിദ്ധ, യുനാനി ലൈസൻസ് സംബന്ധമായ അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**ആയുർവേദ ഔഷധ നിർമ്മാണ മേഖലയിലെ പ്രതിസന്ധികൾ**

231(3706) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാറിമാറി വരുന്ന നിയമങ്ങൾക്ക് അനുസൃതമായി സമയബന്ധിതമായി നടപടി സ്വീകരിക്കാത്തതുമൂലം സംസ്ഥാനത്തെ ആയുർവേദ ഔഷധനിർമ്മാണ മേഖല പ്രതിസന്ധിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മരുന്ന് നിർമ്മാണത്തിനായുള്ള പൈലറ്റ് സ്റ്റഡിയ്ക്ക് അനുമതി നൽകുന്നതിനുള്ള പെരുമാറ്റച്ചട്ടം നിർമ്മിക്കുവാൻ ഓരോ സംസ്ഥാനത്തും നാലംഗ സമിതിയെ രൂപീകരിക്കണമെന്ന കേന്ദ്ര സർക്കാരിന്റെ ഫെബ്രുവരിയിലെ ഉത്തരവിന് അനുസൃതമായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് പുതിയ മരുന്നുകൾക്ക് അനുമതി ലഭിക്കുവാൻ കാലതാമസം നേരിടുന്ന സാഹചര്യത്തിൽ, അനുമതി വേഗത്തിൽ ലഭിക്കുന്ന സംസ്ഥാനങ്ങളിലേയ്ക്ക് മരുന്ന് നിർമ്മാണം മാറ്റി കൊണ്ടുപോകുന്നത് ഒഴിവാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സ്വീകരിച്ചിട്ടുണ്ട്. നാലംഗ എക്സ്പെർട്ട് കമ്മിറ്റി 2019 ഏപ്രിൽ മാസം മുതൽ പ്രവർത്തനം ആരംഭിച്ച് പേറ്റന്റ് & പ്രൊപ്രൈറ്ററി മരുന്നുകൾക്കുള്ള അംഗീകാരം നൽകിത്തുടങ്ങിയിട്ടുണ്ട്.

(സി) പുതിയ ആയുർവേദ മരുന്നുകൾക്ക് അനുമതി വേഗത്തിൽ നൽകുവാൻ സാധിക്കുന്നുണ്ട്. ആയതിനാൽ മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് ഔഷധ നിർമ്മാണ സ്ഥാപനങ്ങൾ മാറ്റേണ്ട സാഹചര്യം സംസ്ഥാനത്തില്ല.

**കൗമാരപ്രായക്കാർക്കിടയിലെ ആത്മഹത്യാ പ്രവണത**

232(3707) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൗമാര പ്രായക്കാർക്കിടയിൽ ആത്മഹത്യാ പ്രവണത കൂടി വരുന്നതായി കാണുന്നുണ്ടോ; വിശദീകരിക്കുമോ;

(ബി) ദേശീയ, ലോക ശരാശരിയെക്കാൾ വലിയ അന്തരം കേരളത്തിൽ നിലനിൽക്കുന്നുണ്ടോ; ആത്മഹത്യ പ്രവണത തടയുന്നതിനായി വകുപ്പുതലത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാം ആണ്; വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഈ വിഷയത്തിൽ, ലോകനിലവാരവുമായി താരതമ്യപ്പെടുത്തിയിട്ടുള്ള പഠനം നടത്തിയിട്ടില്ല.

കൗമാരപ്രായക്കാരായ സ്കൂൾ വിദ്യാർത്ഥികളുടെ മാനസിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സൈക്കോ സോഷ്യൽ പദ്ധതി, ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ORC) എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

സൈക്കോ സോഷ്യൽ പദ്ധതി പ്രകാരം 1012 സ്കൂളുകളിൽ സ്കൂൾ കൗൺസിലർമാരെ നിയമിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൻപ്രകാരം 646 സ്കൂൾ കൗൺസിലർമാരെ വിവിധ സ്കൂളുകളിൽ നിയമിച്ചിട്ടുണ്ട്. മറ്റ് സ്കൂളുകളിൽ കൗൺസിലർമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. MSW/ M.A സൈക്കോളജി യോഗ്യതയുള്ള കൗൺസിലർമാർ, വ്യക്തിഗത/ഗ്രൂപ്പ് കൗൺസിലിംഗിലൂടെ കുട്ടികൾക്ക് മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും, ആവശ്യമാണെങ്കിൽ, കുട്ടിയെ മാനസികരോഗ വിദഗ്ധരുടെ അടുത്തേയ്ക്ക് റഫർ ചെയ്യുകയും ചെയ്യുന്നു. ആവശ്യമായ സന്ദർഭങ്ങളിൽ ഭവന സന്ദർശനവും നടത്താറുണ്ട്. മധ്യവേനലവധിക്കാലത്ത് അങ്കണവാടികൾ കേന്ദ്രീകരിച്ച് കൗമാരപ്രായക്കാർക്ക് ആത്മഹത്യാപ്രവണത കുറയ്ക്കുന്നതിനായി വ്യക്തിത്വ വികസനം, ആത്മാഭിമാനം, ജീവിതനൈപുണ്യ വിദ്യാഭ്യാസം, മാനസികാരോഗ്യപരിപാലനം എന്നിവയിൽ ബോധവത്കരണ ക്ലാസുകൾ, കൗൺസിലിംഗ് എന്നിവ നൽകിവരുന്നു.

ഐ.സി.പി.എസ് -ന്റെ ഭാഗമായി ഒ.ആർ.സി പദ്ധതി, തെരഞ്ഞെടുത്ത സ്കൂളുകളിൽ നടപ്പാക്കുന്നു. മാനസിക പ്രശ്നങ്ങളെ ക്ലാസ് റൂം തലത്തിൽ തന്നെ ശാസ്ത്രീയമായി കണ്ടെത്തുന്നതിനും ആവശ്യമായ കുട്ടികൾക്ക് വ്യക്തിഗത പരിചരണം നൽകാനും ഈ പദ്ധതിയിലൂടെ സാധിക്കുന്നു. കുട്ടികൾക്ക് ജീവിത നൈപുണ്യ വിദ്യാഭ്യാസവും രക്ഷിതാക്കൾക്ക് ആത്മഹത്യാപ്രവണത പോലുള്ള വിഷയങ്ങളിൽ സ്വീകരിക്കേണ്ട ശാസ്ത്രീയമായ നിലപാടിനെക്കുറിച്ചും ഒ.ആർ.സി. മുഖേന പരിശീലനം നൽകിവരുന്നു.

## തിരുവനന്തപുരം ജില്ലയിലെ വൃദ്ധസദനങ്ങൾ

233(3708) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എത്ര വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) ഓരോ വൃദ്ധസദനത്തിലും എത്ര അന്തേവാസികളുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) വൃദ്ധസദനങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് സർക്കാർ എന്തെല്ലാം സഹായങ്ങളാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) തിരുവനന്തപുരം ജില്ലയിൽ 2 സർക്കാർ വൃദ്ധസദനങ്ങളും 49 സർക്കാരിതര വൃദ്ധസദനങ്ങളും പ്രവർത്തിക്കുന്നുണ്ട്. അവയുടെ വിലാസവും ഓരോ വൃദ്ധസദനത്തിലെയും നിലവിലെ അന്തേവാസികളുടെ എണ്ണവും അനുബന്ധമായി ചേർക്കുന്നു.*

(സി) സർക്കാർ വൃദ്ധസദനങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് അനുവദിക്കുന്ന സഹായങ്ങൾ

- പരിചരിക്കാൻ ആരുമില്ലാതെ കഴിയുന്ന വയോജനങ്ങൾക്കായി സംസ്ഥാനത്ത് 16 സർക്കാർ വൃദ്ധസദനങ്ങൾ സ്വാന്തന പരിചരണ സംവിധാനങ്ങളോടുകൂടി പ്രവർത്തിച്ചുവരുന്നു.
- വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്ക് ഭക്ഷണവും മരുന്നും താമസസൗകര്യവും സൗജന്യമായി നൽകുന്നു.
- സർക്കാർ വൃദ്ധസദനങ്ങളിൽ കഴിയുന്ന അന്തേവാസികളുടെ പരിചരണത്തിനായി ഓരോ അന്തേവാസിക്കും ചുവടെപ്പറയുന്ന പ്രകാരം ഫണ്ട് അനുവദിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | |
|---|---|
| Dietary articles | 2000 per month |
| Medicine | 1000 per month |
| Clothing | 2000 per Annum |
| Recreation Tour | 1500 per Annum |
| Hair cutting | 600 per Annum |
| Cosmetics | 200 per month |
| Aids & Appliance | 500 per Annum |
| Contingencies | 10000 per Annum |

കൂടാതെ വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്ക് ആരോഗ്യ സംരക്ഷണത്തിന് ആയുർവേദ ചികിത്സയുടെ പ്രയോജനം ലഭ്യമാക്കുന്നവയോ, അമൃതം പദ്ധതി, അന്തേവാസികളുടെ ശാരീരികവും മാനസികവുമായ ഉല്ലാസത്തിന് മ്യൂസിക് തെറാപ്പി പദ്ധതി, അന്തേവാസികൾക്ക് ശാരീരിക സന്തോഷം ലഭ്യമാക്കുന്നതിന് യോഗ തെറാപ്പി, അന്തേവാസികൾക്ക് രക്തത്തിൽ പഞ്ചസാരയുടെ അളവ് നിർണ്ണയിക്കുന്നതിന് സഹായകരമായ ഗ്ലൂക്കോമീറ്റർ വിതരണം ചെയ്യുന്ന വയോമധുരം പദ്ധതി എന്നിവയും സർക്കാർ വൃദ്ധസദനങ്ങളിൽ നടപ്പിലാക്കി വരുന്നു.

<u>ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന വൃദ്ധസദനങ്ങളിലെ താമസക്കാരുടെ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികൾ</u>

- ഗ്രാന്റിന് അർഹതയുള്ള ക്ഷേമസ്ഥാപനങ്ങളിൽ വയോജനങ്ങളെ സംരക്ഷിക്കുന്നതിനായി ഒരു അന്തേവാസിക്ക് പ്രതിമാസം 1,100 രൂപ നിരക്കിൽ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുന്നു.
- ക്ഷേമസ്ഥാപനങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി അരിയും ഗോതമ്പും നൽകുന്നു.
- ക്ഷേമസ്ഥാപനങ്ങളിലെ താമസക്കാർക്ക് കൗൺസിലിംഗ് നൽകുന്നതിനായി കരാർ വ്യവസ്ഥയിൽ 40 കൗൺസിലർമാരെ നിയമിച്ചിട്ടുണ്ട്.
- മാസത്തിലൊരിക്കൽ ആരോഗ്യ വകുപ്പിൽ നിന്നും മെഡിക്കൽ ടീം എത്തി പരിശോധന നടത്തുന്നു.

**സായംപ്രഭ പദ്ധതി**

234(3709) ശ്രീ. പി. ഉണ്ണി:

ശ്രീ. വി. അബ്ദുറഹിമാൻ:

പ്രൊഫ. കെ. യു. അരുണൻ:

ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോജനങ്ങളുടെ ക്ഷേമത്തിനും പരിപാലനത്തിനുമായി 'സായംപ്രഭ' പദ്ധതി നടപ്പിലാക്കിവരുന്നുണ്ടോ;

(ബി) വൃദ്ധമന്ദിരങ്ങളിലെ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഈ മേഖലയിൽ പ്രവർത്തിക്കുന്ന എൻ.ജി.ഒ.കളുടെയും മറ്റ് ഏജൻസികളുടെയും സഹായത്തോടെ പ്രസ്തുത പദ്ധതിപ്രകാരം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ആരോഗ്യപരവും ക്രിയാത്മകവുമായ വാർദ്ധക്യത്തെക്കുറിച്ച് അവബോധം നൽകുന്നതിന് ഈ പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(ഡി) സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതി മൂലം ദുരിതമനുഭവിക്കുന്ന മുതിർന്ന പൗരൻമാർക്ക് ആശ്വാസമേകുന്നതിന് എന്തെല്ലാം പുനരധിവാസ നടപടികളാണ് ഈ പദ്ധതിപ്രകാരം സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(സി) വാർദ്ധക്യമാകുന്നത് തുടർച്ചയായ ഒരു പ്രകിയയാണെന്നും ഏതെങ്കിലും നിശ്ചിത പ്രായത്തിൽ പൊടുന്നനെ സംഭവിക്കുന്ന ഒന്നല്ല എന്നുമുള്ള വസ്തുത ഉൾക്കൊണ്ടുകൊണ്ട് സ്കൂൾതലം മുതലുള്ള വിവിധ തലങ്ങളിൽ വിവിധ വയോജന പ്രശ്നങ്ങളെക്കുറിച്ചും, ആരോഗ്യപരവും ക്രിയാത്മകവുമായ വാർദ്ധക്യം എങ്ങനെ കെട്ടിപ്പടുക്കാം എന്നതിനെക്കുറിച്ചുമുള്ള ബോധവത്കരണം നടത്തുന്നതിനുള്ള പദ്ധതികളും മറ്റ് പ്രവർത്തനങ്ങളും സായംപ്രഭ പദ്ധതിക്ക് കീഴിൽ നടത്തിവരുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് 2018-ൽ ഉണ്ടായ പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ പ്രളയത്തിൽപ്പെട്ട മുതിർന്ന പൗരന്മാർക്കുള്ള ആശ്വാസ പുനരധിവാസ പരിപാടികൾ 2019-20 വർഷത്തെ സായംപ്രഭ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**പ്രത്യാശാ വിവാഹ ധനസഹായ പദ്ധതി**

235(3710) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രത്യാശ വിവാഹധനസഹായ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; ഈ സർക്കാർ കാലയളവിൽ ലഭിച്ച അപേക്ഷകളിൽ എത്രയെണ്ണം തീർപ്പാക്കിയിട്ടുണ്ട്; എത്ര അപേക്ഷകൾ തീർപ്പാക്കുന്നതിന് സാധ്യതയുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

മലബാർ ഗോൾഡിന്റെ സഹകരണത്തോടെ കേരള സാമൂഹ്യ സുരക്ഷാ മിഷൻ 2013-2014, 2014-15 വർഷം നടപ്പിലാക്കി വന്ന പദ്ധതിയാണ് പ്രത്യാശ. ആദ്യഘട്ടമെന്ന നിലയിൽ മലബാർ ഗോൾഡ് 5 കോടി രൂപ നൽകിയിരുന്നു. 2014-15 വരെ 2000 നിരാലംബരായ പെൺകുട്ടികൾക്കാണ് ടി ധനസഹായം ലഭ്യമായത്. തുടർന്നുള്ള വർഷങ്ങളിൽ മലബാർ ഗോൾഡ് പ്രത്യാശ പദ്ധതിയിൽ നിന്നും പിൻവാങ്ങുകയും ചെയ്തു.

**വനിതകളുടെ സമഗ്ര വികസനത്തിനും ശാക്തീകരണത്തിനുമായുള്ള നൂതന പദ്ധതികൾ**

236(3711) ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനിതകളുടെ സമഗ്രവികസനത്തിനും ശാക്തീകരണത്തിനുമായി നടപ്പിലാക്കിവരുന്ന നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) സ്ത്രീകൾക്കുനേരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിനും അതിക്രമങ്ങൾക്ക് ഇരയായവർക്ക് മെച്ചപ്പെട്ട സംരക്ഷണ സേവനങ്ങൾ നൽകുന്നതിനും നിർഭയ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) വനിതാശാക്തീകരണം, ജെൻഡർ അവബോധം തുടങ്ങിയവ സംബന്ധിച്ച് എന്തെല്ലാം അവബോധ പരിപാടികളാണ് സംഘടിപ്പിച്ച് വരുന്നതെന്ന് വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ വനിതാക്ഷേമ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വനിതകളുടെ സമഗ്ര വികസനത്തിനും ശാക്തീകരണത്തിനുമായി നടപ്പിലാക്കുന്ന നൂതന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

1. സഹായഹസ്തം: സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ താഴെയുള്ള കുടുംബത്തിലെ 55 വയസ്സിന് താഴെ പ്രായമുള്ള വിധവകളായ സ്ത്രീകൾക്ക് സ്വയം തൊഴിൽ ചെയ്ത് വരുമാന മാർഗ്ഗം കണ്ടെത്തുന്നതിന് ഒറ്റത്തവണ ധനസഹായമായി 30,000 രൂപ അനുവദിക്കുന്ന പദ്ധതി 2018-19-ൽ ആരംഭിച്ചു. സ്വയംതൊഴിൽ സംരംഭം ഒറ്റയ്ക്കോ ഗ്രൂപ്പായോ നടപ്പാക്കാവുന്നതാണ്. ഭിന്നശേഷിക്കാരായ മക്കളുള്ളവർ, പെൺകുട്ടികൾ മാത്രമുള്ളവർ, 18 വയസ്സിൽ താഴെ പ്രായമുള്ള മക്കളുള്ളവർ എന്നിവർക്ക് മുൻഗണന നൽകുന്നു.

2. അഭയകിരണം: അശരണരായ വിധവകളെ സംരക്ഷിക്കുന്ന ബന്ധുക്കൾക്ക് പ്രതിമാസം 1000 രൂപ വീതം ധനസഹായം നൽകുന്നു. വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ കവിയാൻ പാടില്ല. ഗുണഭോക്താവായി തെരഞ്ഞെടുക്കുന്ന വിധവകൾക്ക് 50 വയസ്സിന് മുകളിൽ പ്രായമുണ്ടായിരിക്കണം.

3. പടവുകൾ: കേരളത്തിൽ വിധവകളായ സ്ത്രീകളുടെ കുടുംബത്തിന്റെ ഭാവി സുരക്ഷിതമാക്കുന്നതിനായി വിധവകളുടെ, സർക്കാർ എയ്ഡഡ് കേളേജുകളിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന 2 കുട്ടികൾക്ക് ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവയ്ക്ക് ധനസഹായം നൽകുന്നു. വാർഷിക വരുമാന പരിധി 3 ലക്ഷം രൂപ.

4. മംഗല്യ-വിധവാ പുനർവിവാഹം: വിധവകളുടെ സംരക്ഷണത്തിനും സാമൂഹ്യ പുരോഗതിക്കുമായി കേരളത്തിൽ വിപ്ലവകരമായ പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത്. ഇതിന്റെ ഭാഗമായി 18 വയസ്സിനും 50 വയസ്സിനും മദ്ധ്യേ പ്രായമുള്ള വിധവകൾ, നിയമപ്രകാരം വിവാഹമോചനം നേടിയവർ എന്നിവരുടെ പുനർവിവാഹത്തിനായി 25000 രൂപ ധനസഹായം അനുവദിച്ചു നൽകുന്നു.

5. സധൈര്യം മുന്നോട്ട്: സ്ത്രീ ശാക്തീകരണ പരിപാടിയായ സധൈര്യം മുന്നോട്ട് പദ്ധതിയുടെ ഭാഗമായി വിവിധ ബോധവത്കരണ പരിപടികൾ നടത്തി വരുന്നു.

(ബി) വനിത ശിശു വികസന വകുപ്പിന്റെ കീഴിൽ സ്റ്റേറ്റ് നിർഭയ സെൽ മുഖേന സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിനുവേണ്ടി നിർഭയ പദ്ധതി നടപ്പാക്കി വരുന്നു. ലൈംഗിക പീഡനം, ലൈംഗികാതിക്രമം, ലൈംഗികവൃത്തിക്കുവേണ്ടിയുള്ള മനുഷ്യക്കടത്ത് തുടങ്ങിയവയ്ക്കെതിരെയുള്ള ശക്തമായ പ്രവർത്തനങ്ങൾക്കാണ് നിർഭയ പോളിസി മുൻതൂക്കം നൽകുന്നത്. നിർഭയ പോളിസി പ്രകാരം സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗികാതിക്രമം തടയുന്നതിന് പ്രതിരോധം, സംരക്ഷണം, നിയമനടത്തിപ്പ്, പുനരധിവാസവും പുനരേകീകരണവും എന്നീ മേഖലകളിലെ ഇടപെടലുകളാണ് സ്റ്റേറ്റ് നിർഭയ സെൽ ലക്ഷ്യമിടുന്നത്.

ഈ പദ്ധതിയുടെ ഭാഗമായി ലൈംഗിക അതിക്രമങ്ങളെ അതിജീവിച്ചവർക്ക് സുരക്ഷിത അഭയം നൽകുന്നതിന് നിലവിൽ പതിമൂന്ന് ഹോമുകൾ തിരുവനന്തപുരം -3, കൊല്ലം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, വയനാട്, കോഴിക്കോട്, പാലക്കാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ഓരോന്നു വീതവും സന്നദ്ധസംഘടനകളുടെ ദൈനംദിന മേൽനോട്ടത്തിൽ പ്രവർത്തിച്ചു വരുന്നു. വിമൺ ആന്റ് ചിൽഡ്രൻ ഹോമുകളിലെ താമസക്കാരുടെ പുനരധിവാസത്തിനാവശ്യമായ വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, കൗൺസിലിംഗ്, വൈദ്യസഹായം, നിയമസഹായം എന്നിവ നൽകി വരുന്നു.

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ ലൈംഗിക അതിക്രമങ്ങൾ അതിജീവിച്ച 12 വയസ്സിന് താഴെയുള്ളവർക്ക് സുരക്ഷിത ഹോം ഉറപ്പാക്കുന്നതിനായി SOS മാതൃകയിൽ തിരുവനന്തപുരം ജില്ലയിൽ 16-11-2018-ൽ SOS മോഡൽ ഷെൽട്ടർ ഹോം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ തടയുന്നതിനും അതിക്രമങ്ങൾ അതിജീവിച്ചവർക്ക് ആവശ്യമയ വീഡിയോ

കോൺഫറൻസിംഗ് സംവിധാനം, എമർജൻസി ഷോർട്ട് സ്റ്റേ ഹോം, വൈദ്യസഹായം, കൗൺസിലിംഗ്, പോലീസിന്റെ സഹായം, നിയമ സഹായം, സുരക്ഷിത അഭയം എന്നീ സേവനങ്ങൾ ഒരു കുടക്കീഴിൽ ഉറപ്പുവരുത്തി ആവർത്തിച്ച് ഇരയാക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കി 24 മണിക്കൂറും പ്രവർത്തിക്കുന്ന 'സഖി' വൺ സ്റ്റോപ്പ് സെന്ററുകൾ തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ നിലവിൽ പ്രവർത്തിക്കുന്നു.

ലൈംഗികാതിക്രമങ്ങൾ, ആസിഡ് ആക്രമണങ്ങൾ, നിഷ്ഠൂരമായ കുറ്റകൃത്യങ്ങൾ, ജെൻഡർ ബേസ്ഡ് അതിക്രമങ്ങൾ എന്നിവ അതിജീവിച്ച സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തര ധനസഹായം നൽകുന്നതിനായി സ.ഉ.(സാധാ) നമ്പർ 701/2018/സാ.നീ.വ. തീയതി 10-12-2018 പ്രകാരം നടപ്പിലാക്കിയ ആശ്വാസ നിധി പദ്ധതിയിലൂടെ ധനസഹായം നൽകി വരുന്നുണ്ട്.

(സി) വകുപ്പ് നടപ്പിലാക്കി വരുന്ന സ്ത്രീശാക്തീകരണ പരിപാടിയായ "സധൈര്യം മുന്നോട്ട്" പരിപാടിയുടെ ഭാഗമായി വിവിധ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. ഭരണഘടനയുടെ മൗലികാവകാശങ്ങൾ സംബന്ധിച്ച് ബോധവത്കരണം, പെൺകുട്ടികൾക്ക് സ്വയരക്ഷാ പരിശീലനം, സ്കൂൾതലംമുതൽ ഡിഗ്രി തലം വരെയുള്ള വിദ്യാർത്ഥികൾക്കായി ലിംഗസമത്വം നടപ്പിൽ വരുത്തുന്നതിന് അവയർനെസ് പ്രോഗ്രാമുകൾ മുതലായവ സംഘടിപ്പിക്കുന്നു. കേരളത്തിലെ കലാലയങ്ങളിലെ വിദ്യാർത്ഥി-വിദ്യാർത്ഥിനികളെ പങ്കെടുപ്പിച്ച് "കേരള സ്ത്രീ; ഇന്നലെ-ഇന്ന്-നാളെ" എന്ന വിഷയത്തിൽ പോസ്റ്റർ രചനാ മത്സരം സംഘടിപ്പിക്കുകയും അവർ തയ്യാറാക്കിയ മികച്ച പോസ്റ്ററുകൾ സ്ത്രീ ശാക്തീകരണ പദ്ധതികൾക്കായി വിനിയോഗിച്ചു വരികയും ചെയ്യുന്നു. വനിതാ ശാക്തീകരണം, ജെൻഡർ അവബോധം തുടങ്ങിയ വിഷയങ്ങളിൽ അങ്കണവാടി ജീവനക്കാർ, കുടുംബശ്രീ പ്രവർത്തകർ, സാമൂഹ്യ പ്രവർത്തകർ, രക്ഷകർത്താക്കൾ എന്നിവർക്കായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 5 വൺസ്റ്റോപ്പ് സെന്ററുകൾ മുഖേന ക്യാമ്പയിനുകൾ സംഘടിപ്പിച്ചുവരുന്നു. സ്റ്റേറ്റ് നിർഭയ സെല്ലിന്റെ ആഭിമുഖ്യത്തിൽ വിവിധ IEC പരിപാടികൾ നടത്തി വരുന്നു.

(ഡി) വകുപ്പിന് കീഴിൽ മഹിളാ മന്ദിരം, ആഫ്റ്റർ കെയർ ഹോം, റസ്ക്യൂ ഹോം മുതലായവ പ്രവർത്തിച്ചുവരുന്നു. വനിതാക്ഷേമ സ്ഥാപനങ്ങളിലെ അന്യസംസ്ഥാന/അന്യരാജ്യക്കാരായ താമസക്കാരെ തിരിച്ചയയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്ഥാപനത്തിലെ താമസക്കാർക്ക് തൊഴിൽ പരിശീലനം, യോഗ പരിശീലനം എന്നിവ നൽകുന്നതിനും സ്ഥാപനങ്ങളുടെ നവീകരണത്തിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് താമസക്കാരുടെ ആരോഗ്യ കാര്യത്തിൽ ആവശ്യമായ നടപടികളും നൽകുന്നുണ്ട്.

## സമഗ്രമായ നിയമനിർമ്മാണം

237(3712) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുട്ടികൾക്ക് നേരെയുള്ള ശാരീരിക ആക്രമണങ്ങൾ കൂടിവരുന്ന സാഹചര്യത്തിൽ ഇത്തരം കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുവാൻ ഉതകുന്ന തരത്തിൽ സമഗ്രമായ ഒരു നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

കുട്ടികൾക്ക് നേരെയുള്ള എല്ലാവിധ ആക്രമണങ്ങളിലും കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിന് ജുവനൈൽ ജസ്റ്റിസ് ആക്ട് 2015, ജുവനൈൽ ജസ്റ്റിസ് മോഡൽ റൂൾസ് 2016, പോക്സോ ആക്ട് 2012 എന്നിവയിലെ വിവിധ വകുപ്പുകൾ വ്യവസ്ഥ ചെയ്യുന്നുണ്ട്. അതോടൊപ്പം ജുവനൈൽ ജസ്റ്റിസ് സംസ്ഥാന ചട്ടങ്ങളുടെ കരട് രൂപം തയ്യാറാക്കിയിട്ടുള്ളതിലും കുട്ടികൾക്ക് നേരെയുള്ള അതിക്രമങ്ങളിലെ കുറ്റക്കാർക്കെതിരെ കർശന നിയമ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നുണ്ട്. കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും ജെ.ജെ. ആക്ട്, പോക്സോ ആക്ട് എന്നിവയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ജില്ലാ ജഡ്ജ് അദ്ധ്യക്ഷനായി എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് ജുവനൈൽ ജസ്റ്റിസ് കമ്മിറ്റികൾ രൂപികരിച്ചിട്ടുണ്ട്. ആയതിനാൽ പുതിയ നിയമനിർമ്മാണത്തിന്റെ ആവശ്യകതയില്ല.

## മാതൃകാ അങ്കണവാടികൾ

238(3713) ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. സി. കൃഷ്ണൻ:
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമഗ്ര ശിശു വികസന പരിപാടികളുടെ ഭാഗമായി മാതൃകാ അങ്കണവാടികൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) കുട്ടികളുടെ മാനസികവും ശാരീരികവുമായ വളർച്ചയ്ക്ക് ഊന്നൽ നൽകുന്നതിന് എന്തെല്ലാം കാര്യങ്ങൾക്കാണ് ശ്രദ്ധ നൽകുന്നതെന്ന് അറിയിക്കാമോ;

(സി) ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റ് സന്നദ്ധസംഘടനകളുടെയും എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കുന്നത്;

(ഡി) അങ്കണവാടികളിൽ മികച്ച സേവനം ഉറപ്പാക്കുന്നതിനായി സംസ്ഥാന തലത്തിൽ സോഷ്യൽ ഓഡിറ്റ് നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) മൂന്ന് വയസ്സ് മുതൽ ആറ് വയസ്സുവരെയുള്ള കുട്ടികളുടെ പ്രീസ്കൂൾ പഠനം, ഭാഷാ വികാസം, വൈജ്ഞാനിക വികാസം, ശാരീരിക ചാലക വികാസം, ക്രിയാത്മക,സർഗ്ഗാത്മക ആസ്വാദനം എന്നീ വിഷയങ്ങളിലെ വികാസത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. പ്രസ്തുത വികാസ മേഖലകളെ അടിസ്ഥാനമാക്കി ECCE കരിക്കുലം രൂപകല്പന ചെയ്തിട്ടുള്ള 30 തീമുകളെ അടിസ്ഥാനമാക്കിയുള്ള പഠന രീതിയാണ് അങ്കണവാടികളിൽ അവലംബിച്ചു പോകുന്നത്. പ്രീസ്കൂൾ പഠനത്തിന് പുറമെ കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിനായി അങ്കണവാടികൾ വഴി അനുപൂരക പോഷകാഹാര പദ്ധതി നടപ്പിലാക്കി വരുന്നു.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, അങ്കണവാടിയുടെ പുരോഗതിക്കായി ചുവടെ പറയുന്ന കാര്യങ്ങൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കി വരുന്നു.

പോഷകാഹാര വിതരണം

കളിക്കോപ്പുകൾ/ പഠനോപകരണങ്ങൾ വാങ്ങൽ

Outdoor equipments വാങ്ങൽ

അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ

അങ്കണവാടികൾക്ക് ആവശ്യമായ ഫർണിച്ചറുകൾ വാങ്ങൽ

(ഡി) നടപ്പാക്കിയിട്ടുണ്ട്. അങ്കണവാടികളിൽ മികച്ച സേവനം ഉറപ്പാക്കുന്നതിനായി 2017-2018 സാമ്പത്തിക വർഷം വകുപ്പ് തലത്തിൽ അങ്കണവാടികളെ പൂർണ്ണമായും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കി. വകുപ്പിലൂടെ, പരിശീലനം ലഭിച്ച സാമൂഹ്യപ്രവർത്തകർ, ജനപ്രതിനിധികൾ, പൊതുജനങ്ങൾ എന്നിവരടങ്ങുന്ന സ്വതന്ത്രമായ അംഗങ്ങൾ ഉൾപ്പെട്ട ടീം സോഷ്യൽ ഓഡിറ്റ് നടത്തുകയും ചുവടെ പറയുന്ന മേഖലകളിൽ സമഗ്രമയ വിവരശേഖരണം നടത്തുകയുമുണ്ടായി.

1. ഭൗതിക സാഹചര്യം: അങ്കണവാടി കെട്ടിടം, കുടിവെള്ളം, ടോയ്‌ലെറ്റ് മാലിന്യ നിർമ്മാർജ്ജനം, ശുചിത്വം, കളിസ്ഥലം, വൈദ്യുതി, ഫർണിച്ചർ, ഗ്യാസ്.

2. സേവനങ്ങൾ: അനുപൂരക പോഷകാഹാരം, ഭക്ഷ്യസുരക്ഷ സമയക്രമം, പോഷകാഹാരക്കുറവ്

3. ECCE കരിക്കുലം

4. വളർച്ച നിരീക്ഷണം

5. ആരോഗ്യ പോഷണ വിദ്യാഭ്യാസം

6. രോഗപ്രതിരോധ സേവനം

7. ഗുണഭോക്താക്കളിലെ അവബോധം

8. വകുപ്പുതല മോണിറ്ററിംഗ്.

ഐ.സി.ഡി.എസ്. പദ്ധതിയിൽ ആദ്യമായി സമഗ്രമായി നടപ്പിലാക്കിയ സോഷ്യൽ ഓഡിറ്റിംഗിലൂടെ ലഭിച്ച വിവരങ്ങൾ കേരളത്തിലെ ഐ.സി.ഡി.എസ്. പദ്ധതിയുടെ ഭാഗമായി നൽകുന്ന സേവനങ്ങളെക്കുറിച്ചുള്ള വിശകലനം നടത്തുന്നതിനും ഐ.സി.ഡി.എസ്. സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സാധിച്ചിട്ടുണ്ട്.

**മാവേലിക്കര നിയമസഭാമണ്ഡലത്തിലെ അങ്കണവാടികൾ**

239(3714) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാമണ്ഡലത്തിൽ എത്ര അങ്കണവാടികൾ ഉണ്ടെന്നും അവയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ;

(ബി) ഇവയിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ളവ എത്രയെന്നും ഇല്ലാത്തവ എത്രയെന്നും വിശദമാക്കാമോ;

(സി) സ്വന്തമായി സ്ഥലവും കെട്ടിടവുമില്ലാത്തവയ്ക്ക് അവ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) മാവേലിക്കര നിയമസഭാമണ്ഡലത്തിൽ ആകെ 233 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ളവ - 100

സ്ഥലവും കെട്ടിടവും ഇല്ലാത്തവ - 133

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത 133 അങ്കണവാടികളിൽ 20 അങ്കണവാടികൾക്ക് ഭൂമി ലഭ്യമാക്കി വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ശേഷിക്കുന്ന 113 എണ്ണത്തിന് സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടങ്ങൾ നിർമ്മിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## സ്മാർട്ട് അങ്കണവാടികൾ

240(3715) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കുമോ;

(ബി) സ്മാർട്ട് അങ്കണവാടികളുടെ നിർമ്മാണത്തിന് ഏകീകൃത പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; പ്ലാനിന്റെ പകർപ്പ് ലഭ്യമാക്കുമോ?

### ഉത്തരം

(എ) അങ്കണവാടി കെട്ടിട നിർമ്മാണത്തിന് ഒരു ഏകീകൃത പ്ലാനും എസ്റ്റിമേറ്റും ഉണ്ടായിരിക്കണമെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ ഭാഗമായ സി.ഡി.സി. നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ അങ്കണവാണി കെട്ടിടങ്ങളുടെ രൂപഘടന മുതൽ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം വരെയുള്ള എല്ലാ കാര്യങ്ങളും ശ്രദ്ധിച്ചുകൊണ്ട് സ്മാർട്ട് അങ്കണവാടിക്ക് സർക്കാർ രൂപം നൽകുകയും അതിന്റെ ഭാഗമായി നിർമ്മിതി കേന്ദ്രയുടെ സഹായത്തോടെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

## തിരുവനന്തപുരം മണ്ഡലത്തിൽ മാതൃകാ അങ്കണവാടികൾ

241(3716) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതൃകാ അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്ന പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ വലിയതുറ, ശംഖുമുഖം എന്നിവിടങ്ങളിൽ അങ്കണവാടികൾ സ്ഥാപിക്കുന്നതിന് സ്ഥലം നിർദ്ദേശിച്ചിരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സാമൂഹ്യനീതി വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) അങ്കണവാടികൾ എത്രയും വേഗം യാഥാർത്ഥ്യമാക്കുന്നതിനായി വലിയതുറ സെന്റ് സേവ്യേഴ്സ് നഗറിലെ ഡെയറി ഡെവലപ്മെന്റ് വകുപ്പിന്റെ അധീനതയിലുള്ള ഭൂമി, ശംഖുമുഖം പോലീസ് സ്റ്റേഷന് സമീപമുള്ള റവന്യൂ വകുപ്പിന്റെ അധീനതിയിലുള്ള ഭൂമി എന്നിവ സാമൂഹ്യനീതി വകുപ്പ് ഏറ്റെടുത്ത് നിർമ്മാണം ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(സി) പ്രൊപ്പോസൽ സമർപ്പിച്ച് രണ്ട് വർഷം പിന്നിട്ടിട്ടും യാതൊരു നടപടിയുമുണ്ടാകാത്തതിനാൽ കാലതാമസം ഒഴിവാക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് ആവശ്യമായ നിർദ്ദേശം നൽകുമോ; പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ വലിയതുറ, ശംഖുമുഖം എന്നിവിടങ്ങളിൽ മാതൃക അങ്കണവാടി നിർമ്മിക്കുന്നതിന് വലിയതുറ സെന്റ് സേവിയേഴ്സ് നഗർ, ഡെയറി ഡെവലപ്മെന്റ് വക ഭൂമി, ശംഖുമുഖം പോലീസ് സ്റ്റേഷന് സമീപമുള്ള റവന്യൂ ഭൂമി എന്നിവ അനുയോജ്യമാണെന്ന് ബഹു. തിരുവനന്തപുരം എം.എൽ.എ. കത്ത് നൽകിയതിൻ പ്രകാരം തിരുവനന്തപുരം അർബൻ 1 ഐ.സി.ഡി.എസ്. പ്രോജക്ടിന്റെ 19-ാം നമ്പർ അങ്കണവാടിക്കായി വലിയതുറ ഭാഗത്ത് ലഭ്യമായ ഭൂമി താലൂക്ക് ഓഫീസിൽ നിന്നും പരിശോധന നടത്തി അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം അർബൻ 4 ഐ.സി.ഡി.എസ്. പ്രോജക്ടിലെ 152-ാം നമ്പർ അങ്കണവാടിക്കായി ശംഖുമുഖം ഭാഗത്ത് ലഭ്യമായ പുറമ്പോക്ക് ഭൂമി റവന്യൂ വകുപ്പിൽ നിന്നും പരിശോധന നടത്തിയിട്ടുണ്ട്.

(ബി&സി) നിലവിൽ ഉപയോഗാനുമതി ലഭ്യമായിട്ടില്ല. ഉപയോഗാനുമതി ലഭിക്കുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് അങ്കണവാടി കെട്ടിട നിർമ്മാണത്തിന് നടപടി സ്വീകരിക്കുന്നതാണ്.

**ശുഭയാത്ര പദ്ധതി**

242(3717) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാർക്ക് ഇലക്ട്രോണിക് വീൽചെയർ നൽകുന്നതിന് സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ നടപ്പിലാക്കുന്ന ശുഭയാത്ര

പദ്ധതി പ്രകാരം 2018-19-ൽ ഏകദേശം എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര പേർക്ക് വീൽചെയർ വിതരണം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ച മലപ്പുറം മക്കരപ്പറമ്പിലെ കല്ലിയൻകൊടി വീട്ടിൽ ശ്രീ. കുഞ്ഞിമുഹമ്മദ് കെ. എന്ന അപേക്ഷകന് വീൽ ചെയർ വിതരണം ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ വഴി നടപ്പിലാക്കുന്ന 'ശുഭയാത്ര' പദ്ധതി പ്രകാരം electronic wheel chair നൽകുന്ന പദ്ധതിയിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതിയായ 2019 ജനുവരി 5 വരെ 2423 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ ഭാഗമായി രൂപീകരിച്ച സാങ്കേതിക സമിതി പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് തരംതിരിച്ച് ഗുണഭോക്തൃ തെരഞ്ഞെടുപ്പിനുള്ള നടപടികൾ പൂർത്തിയാക്കി വരികയാണ്.

(ബി) ഇല്ല. മലപ്പുറം മക്കരപ്പറമ്പിലെ കല്ലിയൻകൊടി വീട്ടിൽ ശ്രീ. കെ. കുഞ്ഞുമുഹമ്മദിന്റെ അപേക്ഷ 2019 ഫെബ്രുവരി 14-ാം തീയതിയാണ് കോർപ്പറേഷനിൽ ലഭിച്ചിരിക്കുന്നത്. നിശ്ചിത സമയത്ത് ലഭിച്ച അർഹരായവരുടെ അപേക്ഷകൾ പരിഗണിച്ചതിനുശേഷം ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ മാത്രമേ പിന്നീടുള്ള അപേക്ഷകൾ പരിഗണിക്കാൻ കഴിയുകയുള്ളൂ.

**സ്പെഷ്യൽ സ്കൂളുകൾക്ക് ഘട്ടം ഘട്ടമായി എയ്ഡഡ് പദവി**

243(3718) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബുദ്ധിവൈകല്യം ബാധിച്ച കുട്ടികളുടെ പഠന പരിശീലന പുനരധിവാസത്തിനായുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് ഘട്ടം ഘട്ടമായി എയിഡഡ് പദവി നൽകുന്നതുമായി ബന്ധപ്പെട്ടുള്ള സർക്കാർ ഉത്തരവ് നിലവിലുണ്ടോ;

(ബി) പ്രസ്തുത സ്കൂളുകൾക്ക് നൽകിക്കൊണ്ടിരുന്ന ഗ്രാന്റ് നിർത്തലാക്കിയപ്പോൾ ഈ സ്കൂളുകൾക്കായി സമഗ്ര പാക്കേജ് നടപ്പിലാക്കും എന്ന് ഉറപ്പ് നൽകിയിട്ടുണ്ടോ;

(സി) പ്രസ്തുത സമഗ്ര പാക്കേജ് യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന നൂറ് വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് 9-2-2016-ലെ സ.ഉ. (എം.എസ്.) നം. 38/2016/പൊ.വി.വ. നമ്പർ ഉത്തരവ് പ്രകാരം എയ്ഡഡ് പദവി അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ 1-1-2016 മുതൽ 30-4-2016 വരെയുള്ള മന്ത്രിസഭാ തീരുമാനങ്ങൾ പുനഃപരിശോധിച്ച മന്ത്രിസഭാ ഉപസമിതി ഈ വിഷയവും പുനഃപരിശോധിക്കാൻ നിർദ്ദേശിച്ചിരുന്നു. തുടർന്ന് 27-11-2017-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള സ്പെഷ്യൽ സ്കൂളുകൾക്കായി ഒരു സമഗ്ര പാക്കേജ് തയ്യാറാക്കാൻ തീരുമാനിച്ചു.

(ബി&സി) ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള സ്പെഷ്യൽ സ്കൂളുകൾക്കായി ഒരു സമഗ്ര പാക്കേജ് സാമൂഹ്യനീതി വകുപ്പുതലത്തിൽ തയ്യാറാക്കുകയും ടി പ്രൊപ്പോസൽ തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി പാക്കേജിൽ സ്പെഷ്യൽ സ്കൂളുകൾക്കുള്ള ധനസഹായവും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സമഗ്ര പാക്കേജ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ആരോഗ്യം, വിദ്യഭ്യാസം, തദ്ദേശസ്വയംഭരണം, സാമൂഹ്യനീതി, ധനകാര്യം എന്നീ വകുപ്പ് സെക്രട്ടറിമാരുടെ യോഗം ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 20-6-2019-ന് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. മീറ്റിംഗിനുശേഷം ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**അംഗപരിമിതർക്ക് നിയമനം**

244(3719) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അംഗപരിമിതരിൽ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അംഗപരിമിതരിൽ താൽക്കാലിക നിയമനം ലഭിച്ച എത്ര പേർ ആരോഗ്യ സാമൂഹ്യക്ഷേമ വകുപ്പിൽ ഉണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എസ്.സി. മുഖേന ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട 2760 പേർക്ക് ശിപാർശ നൽകിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

## പോക്സോ കേസ്സിലെ പ്രതികളുടെ അഭിഭാഷകനെ ജില്ലാ ശിശുക്ഷേമ സമിതി ചെയർമാനായി നിയമിച്ച നടപടി

245(3720) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാളയാറിൽ പീഡനത്തെത്തുടർന്ന് പ്രായപൂർത്തിയാകാത്ത രണ്ട് പെൺകുട്ടികൾ ആത്മഹത്യ ചെയ്ത കേസിലെ പ്രതികൾക്കായി പാലക്കാട് ജില്ല ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർമാൻ അഡ്വക്കേറ്റ് എൻ. രാജേഷ് കോടതിയിൽ ഹാജരായി എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കേസിലെ പ്രതി പ്രദീപ്കുമാറിന് വേണ്ടി വക്കാലത്ത് ഉള്ള അഡ്വ. എൻ. രാജേഷിനെ പാലക്കാട് ജില്ലാ ശിശുക്ഷേമസമിതി ചെയർമാനായി നിയമിച്ചത് ഏത് സാഹചര്യത്തിലാണ്;

(സി) പോക്സോ കേസിലെ പ്രതികളുടെ വക്കാലത്ത് ഏറ്റെടുത്ത വ്യക്തിയെ ശിശുക്ഷേമ സമിതിയുടെ അദ്ധ്യക്ഷനായി നിയമിച്ച നടപടി പുന:പരിശോധിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അഡ്വക്കേറ്റ് എൻ. രാജേഷ് ചൈൽഡ് വെൽഫെയർ കമ്മിറ്റിയിലേയ്ക്ക് സമർപ്പിച്ച അപേക്ഷയിൽ മനുഷ്യാവകാശങ്ങളോ കുട്ടികളുടെ അവകാശങ്ങളോ ലംഘിച്ചിട്ടില്ലെന്നും സദാചാര വിരുദ്ധമായ കുറ്റകൃത്യങ്ങളിൽ ശിക്ഷിക്കപ്പെട്ടിട്ടില്ലെന്നും കേന്ദ്ര-സംസ്ഥാന സർക്കാർ സേവനത്തിൽനിന്നോ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ള സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽനിന്നോ ഒഴിവാക്കുകയോ പിരിച്ചുവിടുകയോ ചെയ്യപ്പെട്ട വ്യക്തിയല്ലെന്നും കുട്ടികൾക്കെതിരെ അതിക്രമങ്ങൾ നടത്തുകയോ കുട്ടികളെക്കൊണ്ട് ബാലവേല ചെയ്യിക്കുകയോ മനുഷ്യാവകാശ ലംഘനങ്ങൾ, സദാചാര വിരുദ്ധ പ്രവർത്തനങ്ങൾ എന്നിവയിൽ ഏർപ്പെടുകയോ ചെയ്തിട്ടില്ലായെന്നും സത്യവാങ്മൂലം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഇന്റർവ്യൂവിന് ക്ഷണിക്കുകയും ഇന്റർവ്യൂവിന് ലഭ്യമായ മാർക്കിന്റെ അടിസ്ഥാനത്തിൽ ചെയർമാൻ സ്ഥാനം നൽകുകയും ചെയ്തു.

(സി) ഇക്കാര്യത്തിൽ അന്വേഷണം നടത്തിവരുന്നു.

## കുട്ടികൾക്കെതിരെയുള്ള പീഡനങ്ങൾ

246(3721) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികൾക്ക് അവരുടെ വീട്ടുകളിൽ നിന്നുപോലും ഭീകരമായ പീഡനങ്ങൾ ഏൽക്കുന്ന സാഹചര്യം പരിഗണിച്ച് അത്തരം കുറ്റകൃത്യങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നറിയിക്കുമോ;

(ബി) കുട്ടികൾക്ക് എതിരെയുള്ള അതിക്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ അതിനെക്കുറിച്ചുള്ള വിവരം അധികൃതർക്ക് നൽകണമെന്നത് സംബന്ധിച്ച് ജനങ്ങൾക്ക് ബോധവത്കരണം നൽകാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ കൂടുതലും സ്വന്തം കുടുംബങ്ങളിൽനിന്നുമായതിനാൽ കുട്ടികളുടെ സംരക്ഷണം, ഉത്തരവാദിത്വ രക്ഷകർത്തൃത്വം എന്നിവയിൽ മാതാപിതാക്കളെ ബോധവൽക്കരിക്കുന്നതിനും കുട്ടികളുടെ അവകാശ സംരക്ഷണത്തിന്റെ പ്രാധാന്യം ഉറപ്പാക്കുന്നതിനുമായി മറ്റ് വകുപ്പുകൾ, സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, പൊതുസമൂഹം എന്നിവരെ ഉൾപ്പെടുത്തി 'കരുതൽ സ്പർശം - കൈകോർക്കാം കുട്ടികൾക്കായി' എന്ന ക്യാമ്പയിൻ 2019 ജൂൺ ഒന്ന് മുതൽ 2019 നവംബർ പതിനാല് വരെ പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ, സംസ്ഥാന തലങ്ങളിൽ നടത്തുന്നതിന് തീരുമാനിക്കുകയും ആയതിന്റെ സംസ്ഥാനതല ഉദ്ഘാടനം 2019 ജൂൺ ഒന്നിന് നടത്തുകയും ചെയ്തിട്ടുണ്ട്.

ഇതുസംബന്ധിച്ച് സംസ്ഥാന വ്യാപകമായി ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ടി ക്യാമ്പയിനുമായി ബന്ധപ്പെട്ട് 2019 മേയ് 29-ന് റെസ്പോൺസിബിൾ പാരന്റിംഗിനെ സംബന്ധിച്ച് തത്സമയ ബോധവൽക്കരണ പരിപാടി കൈറ്റ്, വിക്ടേഴ്സ് ചാനലിലൂടെ സംപ്രേഷണം ചെയ്തിരുന്നു. കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും ജെ. ജെ. ആക്ട്, പോക്സോ ആക്ട് എന്നിവയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ജില്ലാ ജഡ്ജ് അദ്ധ്യക്ഷനായി എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് ജുവനൈൽ ജസ്റ്റിസ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) സ്വീകരിക്കുന്നതാണ്.

## സ്കൂൾ കൗൺസിലർമാർക്കുള്ള ഓണറേറിയം വിതരണത്തിലെ കാലതാമസം

247(3722) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കൗൺസിലർമാരുടെ ഓണറേറിയം യഥാസമയം വിതരണം ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചില സ്ഥലങ്ങളിലെ കൗൺസിലർമാർക്ക് രണ്ട് മാസത്തിലധികമായി ഓണറേറിയം നൽകിയിട്ടില്ലാത്തതിന്റെ കാരണം അറിയിക്കുമോ;

(സി) ഏതെല്ലാം ജില്ലകളിൽ ഏതെല്ലാം ഐ.സി.ഡി.എസ്.- ന് കീഴിലാണ് ഇത്തരത്തിൽ ഓണറേറിയം നൽകാത്തതെന്ന വിവരവും ഓണണററിയം ലഭിക്കാത്തവരുടെ എണ്ണവും അറിയിക്കുമോ;

(ഡി) പ്രസ്തുത വിഷയത്തിൽ ഗുരുതരമായ വീഴ്ചവരുത്തിയവർക്കെതിരായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മലപ്പുറം ജില്ലയിലെ 39 സ്കൂൾ കൗൺസിലർമാർക്ക് 03/2019 മുതൽ 8/2019 വരെ ഓണറേറിയം നൽകുന്നതിനുള്ള തുക അനുവദിച്ച് ഉത്തരവ് നൽകിയിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവിലുൾപ്പെട്ട ഐ.സി.ഡി.എസ്. പ്രോജക്ടുകളിൽ വീണ്ടും തുക ആവശ്യപ്പെട്ടതിനാൽ ഇതുസംബന്ധിച്ച് മലപ്പുറം പ്രോഗ്രാം ഓഫീസറോട് വിശദീകരണം ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ 6 ഐ.സി.ഡി.എസ്. പ്രോജക്ടുകളിലെ 11 കൗൺസിലർമാർക്ക് ഓണറേറിയം നൽകുന്നതിന് തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇക്കാരണത്താലാണ് മലപ്പുറം ജില്ലയിലെ ചില കൗൺസിലർമാർക്ക് രണ്ട് മാസത്തിലധികമായി ഓണറേറിയം നൽകാൻ കാലതാമസം നേരിട്ടത്.

(സി)

| ക്രമ നമ്പർ | ഐ.സി.ഡി.എസ്. | ഓണറേറിയം ലഭിക്കാത്ത കൗൺസിലർമാരുടെ എണ്ണം |
|---|---|---|
| ജില്ല : മലപ്പുറം | | |
| 1 | അരീക്കോട് | 3 |
| 2 | പെരിന്തൽമണ്ണ അഡീഷണൽ | 1 |
| 3 | പെരുമ്പടപ്പ് | 3 |
| 4 | താനൂർ | 2 |
| 5 | തിരൂർ അഡീഷണൽ | 1 |
| 6 | തിരൂരങ്ങാടി | 1 |
| | ആകെ | 11 |

(ഡി) ഇല്ല.

**മാവേലിസ്റ്റോർ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങൾ**

248(3723) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാവേലിസ്റ്റോർ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങളിൽ ഏതൊക്കെ സാധനങ്ങൾക്കാണ് വില കുറച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) മാവേലിസ്റ്റോർ വഴി വീട്ടുപകരണങ്ങൾ ഉൾപ്പെടെയുള്ളവ വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് മാവേലിസ്റ്റോർ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങളിൽ ചെറുപർ, ഉഴുന്ന്, വൻകടല, തുവരപരിപ്പ്, മല്ലി എന്നിവയുടെ വില വിവിധ ഘട്ടങ്ങളിലായി കുറച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) വില്പനശാലകളുടെ സ്ഥലസൗകര്യം, വിപണി എന്നിവ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കണക്കിലെടുത്ത് സപ്ലൈകോയുടെ തെരഞ്ഞെടുത്ത സൂപ്പർമാർക്കറ്റുകൾ, ഹൈപ്പർ മാർക്കറ്റുകൾ, പീപ്പിൾ ബസാറുകൾ എന്നിവിടങ്ങളിലാണ് നിലവിൽ ഗൃഹോപകരണ വില്പന ആരംഭിച്ചിട്ടുള്ളത്. 50 വില്പനശാലകളിൽക്കൂടി വിപണനം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. സ്ഥലപരിമിതിമൂലം മാവേലി സ്റ്റോറുകൾ വഴിയുള്ള ഗൃഹോപകരണ വില്പന ആരംഭിച്ചിട്ടില്ല.

**ഗിവ് അപ് പദ്ധതി പ്രകാരം റേഷൻ ഉപേക്ഷിച്ചവർ**

249(3724) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ ഉപേക്ഷിക്കുവാനുള്ള ഗീവ് അപ് പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇതുപ്രകാരം ഇതിനകം എത്ര കുടുംബങ്ങൾ റേഷൻ വേണ്ട എന്ന് തീരുമാനിച്ചിട്ടുണ്ട്;

(സി) ഈ വർഷം ജനുവരി മുതൽ മൂന്ന് മാസം റേഷൻ വാങ്ങാത്തതായി എഴുപതിനായിരം കുടുംബങ്ങൾ ഉണ്ടെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ ഇത്തരം കാർഡ് ഉടമകളെ കുറിച്ച് വകുപ്പ് തലത്തിൽ അന്വേഷണം നടത്തി അവരെ ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 'ഗിവ് അപ് ' പദ്ധതി ആരംഭിച്ചിട്ടുണ്ട്.

(ബി) നാളിതുവരെ 610 കാർഡുടമകൾ 'ഗീവ് അപ് ' പദ്ധതി പ്രകാരം റേഷൻ ഉപേക്ഷിച്ചിട്ടുണ്ട്.

(സി) 2019 ജനുവരി മുതൽ മാർച്ച് വരെയുള്ള മാസങ്ങളിൽ റേഷൻ വാങ്ങാത്ത എ.എ.വൈ./മുൻഗണനാ വിഭാഗത്തിൽപ്പെട്ടവരുടെ പട്ടിക പരിശോധിച്ച് ടി കാർഡുകളെ പൊതുവിഭാഗത്തിലേയ്ക്ക് മാറ്റുകയോ കാർഡ് റദ്ദ് ചെയ്യുകയോ ചെയ്യുന്നതാണ്.

**പോഷകാഹാരം ഉറപ്പുവരുത്തുന്നതിന് പദ്ധതി**

250(3725) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിശപ്പുരഹിത സാഹചര്യം സൃഷ്ടിക്കുന്നതിന് ഭക്ഷ്യവകുപ്പ് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഇപ്പോഴും അർദ്ധപട്ടിണിക്കാരായി കഴിയേണ്ടിവരുന്ന മത്സ്യതൊഴിലാളികൾക്കും ആദിവാസി മേഖലയിലെ കുടുംബങ്ങൾക്കുമായി ഭക്ഷണം ഉറപ്പുവരുത്തുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; വിശദാംശം അറിയിക്കുമോ;

(സി) ക്ഷേമരാഷ്ട്ര സങ്കല്പം നിലനിർത്തി പോഷക ആഹാരം ഉറപ്പുവരുത്തുന്നതിനായി സമഗ്രമായ പദ്ധതി ആവിഷ്കരിച്ച് ആവശ്യമായ ഇടങ്ങളിലെല്ലാം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വിശപ്പുരഹിത സാഹചര്യം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി സമൂഹത്തിൽനിന്നും വിശപ്പ് നിർമ്മാർജ്ജനം ചെയ്യുകയെന്ന ലക്ഷ്യത്തോടെ സുഭിക്ഷ പദ്ധതി ആലപ്പുഴ, കോട്ടയം ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. പത്തനംതിട്ട, തൃശ്ശൂർ, കൊല്ലം എന്നീ ജില്ലകളിൽക്കൂടി പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ തുടരുന്നു.

(ബി) കടൽക്ഷോഭ സമയങ്ങളിലും ട്രോളിംഗ് നിരോധന സമയങ്ങളിലും തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് റേഷൻ സൗജന്യമായി നൽകുന്നുണ്ട്. ആദിവാസി മേഖലയിലെ കുടുംബങ്ങളെ എ.എ.വൈ. ലിസ്റ്റിലുൾപ്പെടുത്തി പ്രതിമാസം 35 കിലോഗ്രാം ഭക്ഷ്യധാന്യം സൗജന്യമായി നൽകിവരുന്നുണ്ട്. കൂടാതെ ഒരു കിലോഗ്രാം പഞ്ചസാര എല്ലാ എ.എ.വൈ. കാർഡുകാർക്കും സബ്സിഡി നിരക്കിലും നൽകുന്നുണ്ട്.

(സി) പോഷകാഹാരം ഉറപ്പുവരുത്തുന്നതിനായി മുൻഗണനേതര കാർഡുകാർക്കുള്ള ഗോതമ്പ് ഫോർട്ടിഫൈ ചെയ്ത് ആട്ടയാക്കി റേഷൻ കടകൾവഴി നൽകിവരുന്നു. അരി ഫോർട്ടിഫൈ ചെയ്ത് നൽകുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്.

### ഭക്ഷ്യഗവേഷണ വികസന കൗൺസിലിന്റെ പ്രവർത്തനങ്ങൾ

251(3726) <u>ശ്രീ. സജി ചെറിയാൻ:</u>
<u>ശ്രീ. പി. കെ. ശശി:</u>
<u>ശ്രീ. ഡി. കെ. മുരളി:</u>
<u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തനത് ഭക്ഷ്യ ഇനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അവയ്ക്ക് അന്താരാഷ്ട്ര വിപണിയിൽ മത്സരിക്കാൻ തക്ക ഗുണനിലവാരം

ഉറപ്പാക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി ഭക്ഷ്യ ഗവേഷണ വികസന കൗൺസിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ഭക്ഷ്യ ഗവേഷണ വികസന കൗൺസിലിന്റെ സേവനം വിപുലീകരിക്കുന്നതിനായി ഭക്ഷ്യപാർക്ക്, മിനി ഫുഡ് ബിസിനസ്സ് ഇൻക്യുബേഷൻ സെന്റർ എന്നിവ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഭക്ഷ്യ സുരക്ഷ സംബന്ധിച്ച പരിശീലന പരിപാടി, മൂല്യവർദ്ധിത ഭക്ഷ്യവസ്തുക്കളുടെ ഉല്പാദനം തുടങ്ങിയവ സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് ഭക്ഷ്യ ഗവേഷണ വികസന കൗൺസിൽ സ്വീകരിച്ച വരുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്തിന്റെ തനത് ഭക്ഷ്യ ഇനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അവയ്ക്ക് അന്താരാഷ്ട്ര വിപണിയിൽ മത്സരിക്കാൻ തക്ക ഗുണനിലവാരം ഉറപ്പാക്കുന്നതിനുമായി ഭക്ഷ്യ വകുപ്പിന്റെ കീഴിൽ ഭക്ഷ്യ ഗവേഷണ വികസന കൗൺസിൽ എന്ന സ്ഥാപനം രൂപീകരിച്ചിട്ടുണ്ട്. ഫുഡ് ടെക്നോളജി ആന്റ് ക്വാളിറ്റി അഷ്വറൻസ് വിഷയത്തിൽ ബിരുദ ബിരുദാനന്തര കോഴ്സുകൾ നടത്തുന്ന ഒരു ഇൻഡിജനസ് ഫുഡ് ടെക്നോളജി കോളേജും ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാര പരിശോധന നടത്തുന്നതിന് കെമിക്കൽ ഡിവിഷനും മൈക്രോബയോളജി ഡിവിഷനും ഉൾപ്പെടുത്തി ഒരു ഫുഡ് ക്വാളിറ്റി മോണിട്ടറിംഗ് ലാബും ഭക്ഷ്യ സംരംഭകർക്കും ഈ മേഖലയിലുള്ള തൊഴിലാളികൾക്കും പരിശീലനം നൽകുന്നതിന് ഫുഡ് പ്രോസസ്സിംഗ് ട്രെയിനിംഗ് സെന്ററും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനായി കോന്നിയിൽ ട്രെയിനിംഗ് സെന്ററും പ്രവർത്തിച്ചുവരുന്നു. സെന്റർ ഫോർ വാല്യൂ ആഡഡ് ഫുഡ് പ്രോഡക്ട്സ് ഡെവലപ്മെന്റ് & ഡെമോൺസ്ട്രേഷൻ, റീജിയണൽ ലബോറട്ടറീസ് എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പഴങ്ങളും പച്ചക്കറികളും ദീർഘകാലം കേടുകൂടാതെ സൂക്ഷിക്കാൻ കഴിയുന്ന ശീതീകരണ ശാലയും നിർജ്ജലീകരണ പ്ലാന്റും എറണാകുളം ജില്ലയിലെ ഇലഞ്ഞിയിൽ ടി കൗൺസിലിന്റെ കീഴിൽ നിർമ്മിച്ചുവരുന്നു.

(സി) മിനി ഇൻക്യുബേഷൻ സെന്ററിന്റെ നിർമ്മാണം പൂർത്തീകരിച്ചു. സെന്ററിന് ആവശ്യമുള്ള ഉപകരണങ്ങൾ വാങ്ങാനും ഫുഡ് പാർക്കിനാവശ്യമായ സ്ഥലം കണ്ടെത്താനും നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഭക്ഷ്യസുരക്ഷ സംബന്ധിച്ചും മൂല്യവർദ്ധിത ഭക്ഷ്യവസ്തുക്കളുടെ ഉല്പാദനം തുടങ്ങിയവ സംബന്ധിച്ചും ഭക്ഷ്യഗവേഷണ വികസന കൗൺസിലിന്റെ കീഴിലുള്ള ട്രെയിനിംഗ് സെന്ററിൽ വിവിധ വിഭാഗം ജനങ്ങൾക്ക് പരിശീലനം നൽകിവരുന്നു. കൂടാതെ മിനി ഇൻക്യുബേഷൻ സെന്ററിന്റെ സേവനവും ലഭ്യമാണ്.

## നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ്

252(3727) ശ്രീ. എം. ഉമ്മർ :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഭക്ഷ്യസാധനങ്ങളുടെ പൂഴ്ത്തിവെയ്പും കൃത്രിമക്ഷാമം സൃഷ്ടിക്കുന്നതും കൊണ്ടാണ് ഇത്തരം അവശ്യ സാധനങ്ങളുടെ വില വർദ്ധിക്കാൻ കാരണമാകുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

### ഉത്തരം

(എ) ഇല്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സബ്സിഡി നൽകുന്ന നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. പൊതുവിൽ ഈ നടപടി അവശ്യസാധനങ്ങളുടെ വിലക്കയറ്റത്തെ നിയന്ത്രിക്കുന്നതിൽ നല്ല പങ്കുവഹിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇന്ധനവില വർദ്ധനവ്, കാർഷിക മേഖലയിലെ പ്രശ്നങ്ങൾ, പൊതുവിപണിയിലെ പൂഴ്ത്തിവയ്പ്, കൃത്രിമക്ഷാമം എന്നിങ്ങനെ വിവിധ കാരണങ്ങൾ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവിന് കാരണമാകാറുണ്ടെങ്കിലും സർക്കാർ ഫലപ്രദമായി വിപണിയിടപെടൽ നടത്തിയും ആവശ്യമായ പരിശോധന വഴിയും വില നിയന്ത്രണം ഉറപ്പുവരുത്തുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കേരളത്തിന് അർഹതപ്പെട്ട റേഷൻ നേടിയെടുക്കുന്നതിന് സ്വീകരിച്ച നടപടി

253(3728) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിവിധ ഇനങ്ങളിലായി കേരളം ആവശ്യപ്പെട്ട ഭക്ഷ്യധാന്യം നൽകുന്നതിന് കേന്ദ്ര സർക്കാർ തയ്യാറായിട്ടുണ്ടോ; ഇതിൽ എന്തെങ്കിലും വെട്ടിക്കുറവ് വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളത്തിന് അർഹതപ്പെട്ട റേഷൻ നേടിയെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളത്;

(സി) നിലവിൽ കേന്ദ്ര സർക്കാരിൽ നിന്നും എത്രമാത്രം ഭക്ഷ്യവസ്തുക്കളാണ് കേരളത്തിന് ലഭിച്ചുവരുന്നത്; വിശദവിവരം നൽകുമോ?

### ഉത്തരം

(എ) ഭക്ഷ്യഭദ്രതാ നിയമം 2013-ൽ നടപ്പിൽവരുത്തിയില്ലെന്ന കാരണത്താൽ 2016 ജൂൺ മാസം വരെ ലഭിച്ചുകൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളുടെ അധിക വിഹിതം ഇനിമേൽ നൽകുകയില്ലെന്നും എ.പി.എൽ. നിരക്കിൽ നൽകിക്കൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങൾ 2016 നവംബർ മുതൽ എം.എസ്.പി. നിരക്കിലേ നൽകാൻ കഴിയുകയുള്ളൂവെന്നും കേന്ദ്ര സർക്കാരിൽനിന്ന് അറിയിച്ചതിനാൽ സംസ്ഥാനം പൂർണ്ണമായി സജ്ജമല്ലാതിരുന്നിട്ടും 2016 നവംബർ മുതൽ ഭക്ഷ്യ ഭദ്രതാനിയമം നടപ്പിൽ വരുത്തേണ്ട സാഹചര്യമുണ്ടാവുകയും ചെയ്തു. 2016 നവംബർ മുതൽ ഭക്ഷ്യഭദ്രതാ നിയമപ്രകാരമുള്ള ഭക്ഷ്യധാന്യമാണ് (പ്രതിവർഷം 14.25 ലക്ഷം മെട്രിക് ടൺ) സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരിക്കുന്നത്. മുൻകാലങ്ങളിൽ അധിക വിഹിതമുൾപ്പെടെ ലഭിച്ചുകൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളെ അപേക്ഷിച്ച് ഏകദേശം 1.7 ലക്ഷത്തോളം മെട്രിക് ടൺ കുറവുണ്ടായിട്ടുണ്ട്. ഭക്ഷ്യഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് കണക്കാക്കിയിട്ടുള്ള ടൈഡ് ഓവർ വിഹിതത്തിന്റെ അളവ് വർദ്ധിപ്പിക്കണമെന്ന നാളുകളായുള്ള ആവശ്യത്തിന്മേൽ അനുഭാവ പൂർണ്ണമായ സമീപനം നാളിതുവരെ കേന്ദ്രസർക്കാരിൽ നിന്നുണ്ടായിട്ടില്ല.

(ബി) സർക്കാർ തലത്തിലും ഗവർണർമാരുടെ സമ്മേളനത്തിലും എം.പി.മാരുടെ കോൺഫറൻസിലും സർവ്വകക്ഷി തലത്തിൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ നേരിട്ട് കണ്ടും റേഷൻ ഭക്ഷ്യധാന്യങ്ങളുടെ സംസ്ഥാന വിഹിതം വർദ്ധിപ്പിക്കണമെന്ന ആവശ്യം ഉന്നയിച്ചിരുന്നു.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

## നെടുമങ്ങാട് സപ്ലൈ ഓഫീസ് പരിധിയിലെ റേഷൻ കടകൾ

254(3729) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ നെടുമങ്ങാട് താലൂക്ക് സപ്ലൈ ഓഫീസറുടെ അധികാരപരിധിയിൽ എത്ര റേഷൻ കടകൾ ഉണ്ടെന്നും ഓരോ കടയിലും എത്ര വീതം റേഷൻ കാർഡുകൾ ഉണ്ടെന്നും ഏതെല്ലാം വിഭാഗം കാർഡുകളാണ് ഓരോ റേഷൻ കടകളിലുമുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) ഓരോ വിഭാഗം കാർഡുടമകൾക്കും നൽകുന്നതിനായി ഓരോ കടയ്ക്കും 2019 ഏപ്രിൽ മാസത്തിൽ അനുവദിച്ച ഭക്ഷ്യസാധനങ്ങളുടേയും മണ്ണെണ്ണയുടേയും അളവ് വ്യക്തമാക്കുമോ;

(സി) ഈ കാലയളവിൽ ഏതെങ്കിലും കടയുടമകൾ മുഴുവൻ അലോട്ട്മെന്റും വാങ്ങാതിരുന്നിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകുമോ?

ഉത്തരം

(എ&ബി) നെടുമങ്ങാട് താലൂക്ക് സപ്ലൈ ഓഫീസറുടെ അധികാരപരിധിയിൽ വാമനപുരം നിയോജകമണ്ഡലത്തിൽ ആകെ 148 റേഷൻ കടകളുണ്ട്. കാർഡുകളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ, 2019 ഏപ്രിൽ മാസത്തിൽ അനുവദിച്ച ഭക്ഷ്യസാധനങ്ങളുടെയും മണ്ണെണ്ണയുടെയും അളവ് എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഈ കാലയളവിൽ മുഴുവൻ അലോട്ട്മെന്റും വാങ്ങാത്ത കടകളില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്ക് സാധനങ്ങൾ വാങ്ങിയതിലെ ക്രമക്കേട്

255(3730) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ വിവിധ ക്യാമ്പുകളിൽ പ്രളയകാലത്ത് വിതരണം ചെയ്ത അരിയുടെ തൂക്കത്തിലും വെളിച്ചെണ്ണയുടെ പർച്ചേസ്സിലും വൻ ക്രമക്കേട് നടന്നതായ ആക്ഷേപം അന്വേഷിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് എത്ര ലക്ഷം രൂപയുടെ നഷ്ടമുണ്ടായി എന്നാണ് കണ്ടെത്തിയിട്ടുള്ളത്;

(സി) ഈ നഷ്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ഡി) സപ്ലൈകോയുടെ ശബരി വെളിച്ചെണ്ണ, കേരഫെഡിന്റെ കേര വെളിച്ചെണ്ണ എന്നിവ ഉള്ളപ്പോൾ അവ വാങ്ങാതെ കുത്തക കമ്പനിയുടെ വെളിച്ചെണ്ണ വാങ്ങി ക്യാമ്പുകളിൽ വിതരണം ചെയ്തത് ഏത് സാഹചര്യത്തിലാണ്; വിശദമാക്കുമോ?

ഉത്തരം

(എ-സി) ആലപ്പുഴ ജില്ലയിലെ വിവിധ ക്യാമ്പുകളിൽ പ്രളയകാലത്ത് വിതരണം ചെയ്ത അരിയുടെ തൂക്കത്തിലും വെളിച്ചെണ്ണയുടെ പർച്ചേസ്സിലും വൻ ക്രമക്കേട് നടന്നതായ ആക്ഷേപത്തെപ്പറ്റി അന്വേഷിക്കുകയും സപ്ലൈകോയ്ക്ക് നഷ്ടമുണ്ടായിട്ടില്ലെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) പ്രളയകാല ദുരിതാശ്വാസ സമയത്ത് സപ്ലൈകോ ഔട്ട് ലെറ്റുകളിൽ ശബരി സബ്സിഡി വെളിച്ചെണ്ണ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ദുരിതാശ്വാസ ക്യാമ്പിലേയ്ക്ക് വെളിച്ചെണ്ണ കൂടുതലായി ആവശ്യം വന്നതിനാൽ മാനദണ്ഡങ്ങൾ അനുസരിച്ചാണ് ആലപ്പുഴ ഡിപ്പോയിൽ വെളിച്ചെണ്ണ വാങ്ങിയത്.

## ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് നടപടി

256(3731) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ എത്ര കുടുംബങ്ങൾ വീതം മുൻഗണന-മുൻഗണനേതര വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സ്വന്തമായി ഭൂമിയും വീടും ഇല്ലാത്തവർ, രോഗികൾ, വിധവകൾ, വികലാംഗർ എന്നിവരുൾപ്പെട്ട റേഷൻ കാർഡുകൾ ബി.പി.എൽ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരെ ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെടുത്തുമോയെന്ന് വിശദമാക്കുമോ;

(സി) മാവേലിക്കര മണ്ഡലത്തിൽ എ.പി.എൽ. വിഭാഗത്തിൽ നിന്നും ബി.പി.എൽ. വിഭാഗത്തിലേക്ക് മാറ്റുന്നതിനായി 2016-17 മുതൽ നാളിതുവരെ നല്കിയ അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) മാവേലിക്കര മണ്ഡലത്തിൽ മുൻഗണനാ വിഭാഗത്തിൽപ്പെട്ട 41995-ഉം മുൻഗണനേതര വിഭാഗത്തിലുള്ള 53426-ഉം കുടുംബങ്ങളുണ്ട്.

(ബി) സ്വന്തമായി ഭൂമിയും വീടുമില്ലാത്തവർ, രോഗികൾ, വിധവകൾ, വികലാംഗർ എന്നിവരുൾപ്പെട്ട റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) മുൻഗണനേതര വിഭാഗത്തിൽനിന്നും മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റുന്നതിനായി ആകെ ലഭിച്ച 6369 അപേക്ഷകളിൽ അന്വേഷണം നടത്തി 3114 റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. പുതുതായി ലഭിച്ച 1178 അപേക്ഷകളിന്മേലുള്ള അന്വേഷണവും തടർനടപടികളും പുരോഗമിക്കുന്നു.

**മലപ്പുറം ജില്ലയിലെ മുൻഗണനാ കാർഡുകൾ**

257(3732) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ നിലവിലുള്ള മുൻഗണനാ കാർഡുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) മലപ്പുറം ജില്ലയിൽ മുൻഗണനാ കാർഡിനായി അപേക്ഷ നൽകിയവരുടെ പട്ടിക സിവിൽ സപ്ലൈസ് ഡയറക്ടർ അംഗീകരിച്ചിട്ടുണ്ടോ;

(സി) ഇതിനകം എത്ര അപേക്ഷകൾ ലഭിച്ചുവെന്നും വെയിറ്റിംഗ് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് മുൻഗണനാ കാർഡുകൾ നൽകിയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലവിൽ മലപ്പുറം ജില്ലയിൽ 367605 മുൻഗണനാ കാർഡുകളുണ്ട്.

(ബി) ഉണ്ട്.

(സി) ഇതുവരെ 67983 അപേക്ഷകൾ ലഭിച്ചു. വെയിറ്റിംഗ് ലിസ്റ്റിൽനിന്ന് 24353 കുടുംബങ്ങളെ മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

**കോതമംഗലം താലൂക്കിലെ അനർഹരായ മുൻഗണനാ റേഷൻ കാർഡുകാർ**

258(3733) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻഗണനാ വിഭാഗം റേഷൻ കാർഡുകൾ ലഭിച്ചവർ പലരും അനർഹരാണെന്നത് സംബന്ധിച്ച് എത്ര പരാതികൾ കോതമംഗലം താലൂക്ക് സപ്ലൈ ഓഫീസിൽ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ മുൻഗണനാ വിഭാഗം റേഷൻ കാർഡുകൾ അനർഹമായി കൈവശം വച്ച എത്ര പേരെ കോതമംഗലം താലൂക്കിൽ കണ്ടെത്തിയിട്ടുണ്ട്; ഇവർക്കെതിരെ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി എത്ര അപേക്ഷകളാണ് കോതമംഗലം താലൂക്കിൽ ഉള്ളതെന്നും ഇതിൽ എത്രപേരെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയെന്നും വ്യക്തമാക്കാമോ;

(ഡി) മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുവാൻ അർഹരായ അപേക്ഷകരെ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-ഡി) മുൻഗണനാ വിഭാഗത്തിലെ അനർഹരെക്കുറിച്ച് രേഖാമൂലം പരാതികളൊന്നും ലഭിച്ചിട്ടില്ലായെങ്കിലും ഇതുസംബന്ധിച്ച സൂക്ഷ്മ പരിശോധനയിൽ മുൻഗണനാ വിഭാഗത്തിൽനിന്നും 1563 കാർഡുകൾ പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെയുള്ള അറിയിപ്പുകൾ നൽകിയും റേഷനിംഗ് ഇൻസ്പെക്ടർമാർ ഫീൽഡ് പരിശോധന നടത്തിയും അനർഹമായ കാർഡുകൾ കണ്ടെത്തിയിട്ടുണ്ട്. അനർഹമായി ഭക്ഷ്യധാന്യം കൈപ്പറ്റിയ കാലയളവിലെ റേഷൻ സാധനങ്ങളുടെ കമ്പോളവില ഈടാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റുന്നതിനായി ലഭിച്ച 1918 അപേക്ഷകളിൽനിന്നും അർഹമായ 966 പേരെ മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ഇനി 802 അപേക്ഷകൾ ശേഷിക്കുന്നു.

## ദേവികുളം നിയോജകമണ്ഡലത്തിൽ പുതുതായി വിതരണം ചെയ്ത റേഷൻ കാർഡുകൾ

259(3734) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ പുതിയതായി വിതരണം ചെയ്ത റേഷൻ കാർഡുകളുടെ എണ്ണം വ്യക്തമാക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട റേഷൻ കാർഡുകളുടെ വിവരങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ പുതിയതായി വിതരണം ചെയ്ത റേഷൻ കാർഡുകളുടെ എണ്ണം ഇനംതിരിച്ച് താഴെകൊടുത്തിരിക്കുന്നു:

| ഇനം | റേഷൻ കാർഡുകളുടെ എണ്ണം |
|---|---|
| അന്ത്യോദയ അന്നയോജന | 1064 |
| മുൻഗണന | 2505 |
| മുൻഗണനേതര (സബ്സിഡി) | 353 |
| മുൻഗണനേതര (നോൺ സബ്സിഡി) | 3593 |
| ആകെ | 7515 |

(ബി) നിലവിൽ മുൻഗണനാ പട്ടികയിൽ 23890 റേഷൻ കാർഡുകൾ ഉൾപ്പെട്ടിട്ടുണ്ട്.

## പുതുക്കിയ കാർഡിലെ ബി.പി.എൽ. - എ.പി.എൽ. നിർണ്ണയത്തിലെ അപാകത

260(3735) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കാർഡ് പുതുക്കുന്ന വേളയിൽ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടിരുന്ന പലരും പുതുക്കിയ കാർഡ് ലഭിച്ചപ്പോൾ എ.പി.എൽ. ആയി മാറിയതുസംബന്ധിച്ച്പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) കൊയിലാണ്ടി താലൂക്കിൽ നിന്നും ഇത്തരത്തിലുള്ള എത്ര പരാതികളാണ് ലഭിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരം പരാതികൾ പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) ഇത്തരത്തിലുള്ള പുനഃപരിശോധന പരാതികൾ ഇനിയും സ്വീകരിക്കുമോ; ഉണ്ടെങ്കിൽ ആയത് എവിടെയാണ് സമർപ്പിക്കേണ്ടത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. റേഷൻ കാർഡ് പുതുക്കലിനെത്തുടർന്ന് മുൻഗണനാ വിഭാഗത്തിൽപ്പെട്ടവർ മുൻഗണനേതര വിഭാഗത്തിലേയ്ക്ക് മാറിയത് സംബന്ധിച്ച പരാതികളുൾപ്പെടെ കൊയിലാണ്ടി താലൂക്കിൽ ഇന്നേവരെ മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റുന്നതിന് 23212 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽനിന്നും 9178 റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

(സി) ഇത്തരം പരാതികളിന്മേൽ റേഷനിംഗ് ഇൻസ്പെക്ടർ അന്വേഷണം നടത്തി അർഹതപ്പെട്ടവരുടെ ലിസ്റ്റ് തയ്യാറാക്കി മുൻഗണനാ വിഭാഗത്തിൽ ഒഴിവുവരുന്നമുറയ്ക്ക് സിവിൽ സപ്ലൈസ് ഡയറക്ടറുടെ അനുമതിക്ക് വിധേയമായി മോഡ്യൂൾ സോഫ്റ്റ്‌വെയറിൽ ലഭ്യമാകുമ്പോൾ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുകയാണ് ചെയ്യുന്നത്.

(ഡി) അർഹത തെളിയിക്കുന്ന രേഖകൾ സഹിതം ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ആഫീസുകളിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

## റേഷൻ കടകളിലൂടെ നൽകുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം

261(3736) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. കെ. എം. ഷാജി:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളിൽ ഭക്ഷ്യയോഗ്യമല്ലാത്ത അരി വിതരണത്തിനായി എത്തിച്ചതായുള്ള പരാതിയിൽ സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഈ സർക്കാർ ഫലവത്തായ യാതൊരു നടപടിയും സ്വീകരിക്കുന്നില്ലായെന്ന ആക്ഷേപം ഗൗരവകരമായി കണ്ട് സർക്കാർ നടപടി സ്വീകരിക്കുമോ?

## ഉത്തരം

(എ) എറണാകുളം സിറ്റി റേഷനിംഗ് ഓഫീസിന്റെ കീഴിലുള്ള എ.ആർ.ഡി. 2, 119 എന്നീ കടകളിൽ വിതരണം ചെയ്ത ഭക്ഷ്യധാന്യങ്ങൾക്ക് ഗുണമേന്മയില്ലെന്ന് കണ്ടെത്തിയതിനാൽ സപ്ലൈകോ എൻ.എഫ്.എസ്.എ. ഡിപ്പോയിലേയ്ക്ക് മാറ്റി പകരം ഭക്ഷ്യയോഗ്യമായവ ടി കടകളിലെത്തിച്ച് വിതരണം ചെയ്തിട്ടുണ്ട്. തിരൂരങ്ങാടി താലൂക്കിൽ ഗുണമേന്മയില്ലാത്തതും ഭക്ഷ്യയോഗ്യമല്ലാത്തതുമായ അരി റേഷൻ കടകളിൽ വിതരണം ചെയ്തുവെന്ന പരാതിയെത്തുടർന്ന് 195 ക്വിന്റൽ അരി തിരിച്ചെടുത്ത് സപ്ലൈകോ ഡിപ്പോയിലേയ്ക്ക് മാറ്റുകയും പകരം വിതരണയോഗ്യമായ അരി നൽകുകയും ചെയ്തിട്ടുണ്ട്. തൊടുപുഴ താലൂക്കിലെ 135-ാം നമ്പർ റേഷൻ കടയിലിരുന്ന പഴകിയ അരി വിതരണം ചെയ്തതായി പരാതി ലഭിക്കുകയും പരിശോധനയിൽ ആയത് ബോധ്യപ്പെടുകയും ചെയ്തതിനെത്തുടർന്ന് ടി റേഷൻ കട സസ്പെൻഡ് ചെയ്തിട്ടുണ്ട്.

(ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കിയതുമുതൽ സപ്ലൈകോയാണ് വാതിൽപ്പടി വിതരണം നടത്തിവരുന്നത്. റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നതിനായി എഫ്.സി.ഐ.-ൽ നിന്നും ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാര പരിശോധന എഫ്.സി.ഐ.-യിലെ ക്വാളിറ്റി കൺട്രോളർ ഉറപ്പുവരുത്തി, ആയതിന്റെ സാമ്പിൾ പായ്ക്കറ്റ് സഹിതമാണ് എൻ.എഫ്.എസ്.എ. ഗോഡൗണുകളിലേയ്ക്കും അവിടെനിന്ന് റേഷൻ കടകളിലേയ്ക്കും ലഭ്യമാക്കുന്നത്. സാമ്പിൾ പായ്ക്കറ്റിലുള്ള ഭക്ഷ്യധാന്യങ്ങൾ തന്നെയാണ് ലഭിക്കുന്നതെന്ന് എൻ.എഫ്.എസ്.എ. ഗോഡൗണിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും എ.ആർ.ഡി.-കളും ഉറപ്പുവരുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സപ്ലൈകോ ക്വാളിറ്റി അഷ്വറൻസ് അസിസ്റ്റന്റ് മാനേജർ എൻ.എഫ്.എസ്.എ. ഗോഡൗണുകളിലെ അരിയുടെ ഗുണനിലവാരം ഉറപ്പുവരുത്തിയതിനുശേഷമാണ് വിതരണം നടത്തുന്നത്. മാത്രമല്ല ടി സാമ്പിൾ പായ്ക്കറ്റുകൾ റേഷൻ കടകളിൽ ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് വകുപ്പിലെ പരിശോധനാ ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പുവരുത്തുകയും നിയമ ലംഘനം നടത്തുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ എൻ.എഫ്.എസ്.എ. ഗോഡൗണുകളിലും എ.ആർ.ഡി.കളിലും FIFO (First in First Out method) രീതി കർശനമായും പിന്തുടരണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

## പുതിയ മാവേലി സ്റ്റോറുകളും സൂപ്പർ മാർക്കറ്റുകളും

262(3737) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് 2018-19 സാമ്പത്തിക വർഷം എത്ര പുതിയ മാവേലി സ്റ്റോറുകളും സൂപ്പർ മാർക്കറ്റുകളും അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

സംസ്ഥാനത്ത് 2018-19 സാമ്പത്തിക വർഷം 18 മാവേലി സ്റ്റോറുകളും 4 സൂപ്പർ മാർക്കറ്റുകളും പുതിയതായി ആരംഭിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

## അവശ്യ സാധനങ്ങളുടെ ലഭ്യതയിൽ കുറവ്

263(3738) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻകടകളിൽ പഞ്ചസാരയുൾപ്പെടെയുള്ള അവശ്യ സാധനങ്ങളുടെ ലഭ്യതയിൽ കുറവുണ്ടായിട്ടുണ്ടോ;

(ബി) സപ്ലൈകോ അവശ്യസാധനങ്ങളുടെ സപ്ലൈയർമാർക്ക് വില നൽകുന്നതിൽ വലിയ കുടിശ്ശിക വരുത്തിയിട്ടുണ്ടോ;

(സി) പഞ്ചസാരയുൾപ്പെടെയുള്ള അവശ്യസാധനങ്ങൾ പൂർണ്ണമായ അളവിൽ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷംവരെ കേന്ദ്രത്തിൽനിന്ന് പ്രതിമാസം 4103 MT പഞ്ചസാരയ്ക്കാണ് സബ്സിഡി ലഭ്യമായത്. ഇതുപയോഗിച്ച് നിലവിലുണ്ടായിരുന്ന എ.എ.വൈ./മുൻഗണനാ വിഭാഗങ്ങൾക്ക് പഞ്ചസാര വിതരണം നടത്തിയിരുന്നു. എന്നാൽ ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 നടപ്പിൽവന്നതോടുകൂടി പഞ്ചസാരയ്ക്കുള്ള സബ്സിഡി എ.എ.വൈ. വിഭാഗത്തിന് മാത്രമായി പരിമിതപ്പെടുത്തുകയും എ.എ.വൈ. വിഭാഗത്തിന് പ്രതിമാസം കാർഡ് ഒന്നിന് 21 രൂപ/ കിലോഗ്രാം നിരക്കിൽ വിതരണം നടത്തിവരുകയും ചെയ്യുന്നു. 595.8 MT പഞ്ചസാരയ്ക്കാണ് നിലവിൽ സബ്സിഡി ലഭ്യമാകുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

റേഷൻ കടകളിൽക്കൂടി വിതരണം ചെയ്യുന്ന അരി, ഗോതമ്പ് എന്നിവയ്ക്ക് 2016-ൽ NFSA നടപ്പിലാക്കിയപ്പോൾ ലഭിച്ച വിഹിതം ഇപ്പോഴും തുടർന്നുവരുന്നു.

(ബി) സാമ്പത്തിക പ്രതിസന്ധിയുള്ളതിനാൽ അവശ്യസാധനങ്ങളുടെ സപ്ലൈയർമാർക്ക് വില നൽകുന്നതിൽ കുടിശ്ശിക വന്നിട്ടുണ്ട്.

(സി) മുൻഗണനാ വിഭാഗത്തിനുകൂടി പഞ്ചസാര ലഭിക്കുന്നത് സംബന്ധിച്ച ശിപാർശ സമർപ്പിച്ചിട്ടുണ്ടെങ്കിലും കേന്ദ്ര സർക്കാരിൽനിന്നും അനുകൂല തീരുമാനമുണ്ടായിട്ടില്ല.

**കസ്റ്റം മിൽ റൈസ് തോത്**

264(T*3739) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെല്ല് സംഭരണം നടത്തുന്ന മിൽ ഉടമകൾ നൽകേണ്ട അരിയുടെ കസ്റ്റം മിൽ റൈസ് (സി.എം.ആർ.) തോത് എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) സി.എം.ആർ. തോത് ഈ അടുത്ത കാലത്ത് താഴ്ത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ ഇത് സപ്ലൈകോയ്ക്ക് നഷ്ടമാണോ ലാഭമാണോ ഉണ്ടാക്കിയിട്ടുള്ളത്; വിശദാംശം നൽകാമോ;

(ഡി) മില്ലുടമകളുടെ സമ്മർദ്ദത്തെത്തുടർന്നാണ് സി.എം.ആർ. നിരക്ക് കുറച്ചത് എന്നത് ശരിയാണോ; സി.എം.ആർ. നിരക്ക് എത്ര ശതമാനമാക്കി കുറച്ചുവെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് നെല്ല് സംഭരണം നടത്തുന്ന മില്ലുടമകൾ നൽകേണ്ട അരിയുടെ (സി.എം.ആർ.) തോത് കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്നത് 68 ശതമാനമായിട്ടാണ്. എന്നാൽ ടി തോതിൽ അരി തിരികെ നൽകാനാവില്ലായെന്ന മില്ലുടമകളുടെ നിരന്തരമായ അഭ്യർത്ഥനയെത്തുടർന്ന് സംസ്ഥാന സർക്കാർ ഒരു കമ്മിറ്റിയെ നിയോഗിക്കുകയും ടി കമ്മിറ്റിയുടെ ശിപാർശ പ്രകാരവും മന്ത്രിസഭയുടെ അംഗീകാരത്തോടെയും മില്ലുടമകൾ തിരികെ നൽകേണ്ട അരിയുടെ തോത് 2018-19 സീസൺ മുതൽ 64.5 ശതമാനമായി നിശ്ചയിച്ചിട്ടുണ്ട്.

---

* 'T'മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) സി.എം.ആർ. തോത് കുറച്ചതിനാൽ സപ്ലൈകോയ്ക്ക് നഷ്ടമാണുണ്ടാകുന്നത്. ഇപ്രകാരം സപ്ലൈകോയ്ക്ക് വരുന്ന നഷ്ടം സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്.

(ഡി) സംസ്ഥാന സർക്കാർ രൂപീകരിച്ച കമ്മിറ്റിയുടെ ശാസ്ത്രീയ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ടെസ്റ്റ് മില്ലിംഗിന്റെ അടിസ്ഥാനത്തിലുമാണ് സി.എം.ആർ. തോത് 68 ശതമാനത്തിൽനിന്നും 64.5 ശതമാനമാക്കി നിശ്ചയിച്ചത്.

**കർഷകർക്ക് നെല്ലിന്റെ തുക നൽകുന്നതിലുള്ള കാലതാമസം**

265(T*3740) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരിൽ നിന്നും സപ്ലൈകോ സംഭരിച്ച നെല്ലിന്റെ പി.ആർ.എസ്. (പാഡി രജിസ്ട്രേഷൻ ഷീറ്റ്)ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിൽ ബാങ്കുകൾ നെൽവില നൽകണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ഇപ്രകാരം പി.ആർ.എസ്. ഹാജരാക്കുന്ന കർഷകർക്ക് ബാങ്കുകൾ യഥാസമയം തുക നൽകാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കർഷകർക്ക് സപ്ലൈകോ വാങ്ങുന്ന നെല്ലിന്റെ വില ബാങ്കുകൾ മുഖേന നൽകുന്നതിലുള്ള കാലതാമസം ഒഴിവാക്കി തുക യഥാസമയം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നിർദ്ദേശം നൽകിയിട്ടുണ്ട്. കർഷകരിൽനിന്നും നെല്ല് സംഭരിച്ചതിന്റെ അസ്സൽ (പാഡി റെസീപ്റ്റ് ഷീറ്റ്) ഹാജരാക്കിയാലുടൻ ബാങ്കുകൾ നിശ്ചയിച്ചിട്ടുള്ള പലിശ നിരക്കിന്റെ അടിസ്ഥാനത്തിൽ മൂന്ന് പ്രവൃത്തി ദിവസത്തിനുള്ളിൽ ലോൺ അനുവദിക്കണമെന്നും സപ്ലൈകോ, ബാങ്കുകളുമായുള്ള MOU പ്രകാരം നിശ്ചയിച്ചിട്ടുള്ള കാലാവധിക്കകം പിലശസഹിതം തുക കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് തിരികെ അടവാക്കേണ്ടതാണെന്നും കൂടാതെ പി.ആർ.എസ്. ഇഷ്യൂ ചെയ്ത വിവരം സപ്ലൈകോയുമായി കരാറിലേർപ്പെട്ടിട്ടുള്ള ബാങ്കുകൾക്ക് സപ്ലൈകോ ലഭ്യമാക്കണമെന്നും 13-7-2017-ലെ സ.ഉ. (കൈ) 16/17/ ഭ.പൊ.വി.വ. പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* 'T'മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കർഷകരിൽനിന്നും സംഭരിച്ച നെല്ലിന്റെ വില PRS (Paddy Receipt Sheet) വായ്പാ പദ്ധതിയിലൂടെ നൽകിവരുന്നുണ്ട്. തിരിച്ചടവ് കാലാവധി മൂന്ന് മാസമായി നിജപ്പെടുത്തിയിട്ടുള്ള ചില ബാങ്കുകളുടെ വായ്പാ തിരിച്ചടവിന് താമസം നേരിടുകയും പ്രസ്തുത ബാങ്കുവഴി കർഷകർക്ക് നൽകിവരുന്ന ലോണിന് താല്ക്കാലികമായി ചില തടസ്സം നേരിടുകയും ചെയ്യുന്നുണ്ട്. ടി തടസ്സം ഒഴിവാക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചുവരുന്നു.

## ചേലേമ്പ്ര പഞ്ചായത്തിലെ മാവേലി സ്റ്റോറുകൾ

266(3741) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലേമ്പ്ര പഞ്ചായത്തിൽ ഇടിമുഴിക്കലിൽ നിലവിലുണ്ടായിരുന്ന മാവേലിസ്റ്റോർ പുല്ലിപ്പറമ്പിലേക്ക് മാറ്റിയത് ആരുടെ തീരുമാനപ്രകാരമാണ് എന്ന് വ്യക്തമാക്കാമോ;

(ബി) ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനിച്ച് ഇത്തരം ഒരു മാറ്റം ആവശ്യപ്പെട്ടിരുന്നുവോ; എങ്കിൽ തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) മാവേലി സ്റ്റോറുകൾ മാറ്റി സ്ഥാപിക്കുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ചേലേമ്പ്ര പഞ്ചായത്തിൽ ഇടിമുഴിക്കലിൽ പ്രവർത്തിച്ചുവരുന്ന മാവേലി സ്റ്റോറിന്റെ വാടക കരാർ കാലാവധി അവസാനിച്ചതിനെത്തുടർന്ന് കെട്ടിട ഉടമ, ടിയാന് പ്രസ്തുത കെട്ടിടത്തിൽ സ്വന്തമായി വ്യവസായ സംരംഭം തുടങ്ങുന്നതിനുവേണ്ടി കെട്ടിടം ഒഴിഞ്ഞുകൊടുക്കാൻ ആവശ്യപ്പെടുകയും വാടക കരാർ പുതുക്കുന്നതിന് വിസ്സമ്മതം അറിയിക്കുകയും ചെയ്തു. മാവേലി സ്റ്റോർ തുടർന്ന് പ്രവർത്തിപ്പിക്കുന്നതിനായി ഇടിമുഴിക്കലിൽ അനുയോജ്യമായ മറ്റ് കെട്ടിടങ്ങൾ ന്യായമായ വാടക നിരക്കിൽ ലഭ്യമല്ലാത്തതിനെത്തുടർന്ന് പുല്ലിപ്പറമ്പിൽ കണ്ടെത്തിയ കെട്ടിടത്തിലേയ്ക്ക് മാവേലി സ്റ്റോർ മാറ്റുകയാണ് ചെയ്തത്.

(ബി) മാവേലി സ്റ്റോർ മാറ്റണമെന്ന് ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിരുന്നില്ല. എന്നാൽ വാടക കരാർ കാലാവധി അവസാനിച്ചതിനാൽ കെട്ടിട ഉടമ കെട്ടിടം ഒഴിയുന്നതിന് ആവശ്യപ്പെട്ടിരുന്നു.

(സി) പ്രത്യേക മാനദണ്ഡങ്ങൾ നിലവിലില്ല.

## സപ്ലൈകോയുടെ സാമ്പത്തിക പ്രതിസന്ധി

267(3742) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയെ സാമ്പത്തിക പ്രതിസന്ധിയിലേക്ക് തള്ളിവിടുന്നതിൽ ജീവനക്കാർക്ക് പങ്കുണ്ടെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

(ബി) കഴിഞ്ഞ മാർച്ചിൽ ഭക്ഷ്യവകുപ്പിന്റെ സംസ്ഥാനതല പരിശോധനയിൽ കഴിഞ്ഞ ഡിസംബർ മാസം വരെ ഉദ്യോഗസ്ഥതലത്തിൽ എൺപത്തിരണ്ട് കോടി രൂപയുടെ വെട്ടിപ്പ് നടന്നതായി കണ്ടെത്തുകയുണ്ടായോ;

(സി) ക്രമക്കേട് നടത്തിയ എത്ര പേരെ ഇതിനകം സർവ്വീസിൽ നിന്നും പിരിച്ചുവിട്ടിട്ടുണ്ട്; എത്ര ജീവനക്കാർക്കെതിരെ വിജിലൻസ് കേസുണ്ട്;

(ഡി) സപ്ലൈകോ ജീവനക്കാരിൽ നിന്നും ഡെപ്യൂട്ടേഷനിൽ വന്ന ജീവനക്കാരിൽ നിന്നുമായി യഥാക്രമം എത്ര കോടി രൂപ വീതം സപ്ലൈകോയ്ക്ക് ലഭിക്കാനുണ്ട്;

(ഇ) മറ്റെന്തൊക്കെ സാമ്പത്തിക വെട്ടിപ്പുകളാണ് പരിശോധനയിൽ കണ്ടെത്തിയത്; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഭക്ഷ്യവകുപ്പിന്റെ സംസ്ഥാനതല പരിശോധനയിൽ 82 കോടി രൂപയുടെ വെട്ടിപ്പ് നടന്നതായി കണ്ടെത്തിയിട്ടില്ല.

(സി) വിവിധ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് നാളിതുവരെ ആകെ 23 പേരെ സർവ്വീസിൽനിന്നും പിരിച്ചുവിട്ടു (ഡെപ്യൂട്ടേഷൻ ജീവനക്കാർ - 5, സപ്ലൈകോ ജീവനക്കാർ - 17). വിവിധ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ആകെ 33 വിജിലൻസ് കേസ്സുകൾ നിലവിലുണ്ട് (ഡെപ്യൂട്ടേഷൻ ജീവനക്കാർ - 14, സപ്ലൈകോ ജീവനക്കാർ - 19).

(ഡി) സപ്ലൈകോ ജീവനക്കാരുടെ ബാധ്യത 68 കോടി രൂപയും ഡെപ്യൂട്ടേഷൻ ജീവനക്കാരുടെ ബാധ്യത 13 കോടി രൂപയുമാണ്. ടി ബാധ്യത തുകകൾ നടപടികൾ പൂർത്തിയാകാത്തതും വിജിലൻസ്/കോടതി കേസ്സുകളിലുൾപ്പെടുന്നതുമാകുന്നു.

(ഇ) ഭക്ഷ്യവകുപ്പിന്റെ സംസ്ഥാനതല പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സപ്ലൈകോയിൽ വിജിലൻസ് കണ്ടെത്തിയ ക്രമക്കേടുകൾ

268(3743) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യവകുപ്പിന്റെ സംസ്ഥാനതല സ്ക്വാഡ് നടത്തിയ പരിശോധനയിൽ സപ്ലൈകോയിൽ എത്ര രൂപയുടെ സാമ്പത്തിക ക്രമക്കേടാണ് സപ്ലൈകോ ജീവനക്കാരും ഇതിലെ ഡെപ്യൂട്ടേഷൻ ജീവനക്കാരും നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സപ്ലൈകോ പെട്രോൾ പമ്പുകളിലെ പണമിടപാടുകളിൽ സപ്ലൈകോ വിജിലൻസ് വിഭാഗം കണ്ടെത്തിയ ഗുരുതര സാമ്പത്തിക ക്രമക്കേടുകൾ എന്തൊക്കെയാണ്;

(സി) എത്ര തുകയുടെ സാമ്പത്തിക ക്രമക്കേടാണ് കണ്ടെത്തിയത്; ഇതുമായി ബന്ധപ്പെട്ട് എത്രപേർക്കെതിരെ സർക്കാർ നടപടി സ്വീകരിച്ചു; വിശദവിവരം ലഭ്യമാക്കുമോ?

### ഉത്തരം

(എ) ഭക്ഷ്യവകുപ്പിന്റെ സംസ്ഥാനതല സ്ക്വാഡ് സപ്ലൈകോയിൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ സാമ്പത്തിക ക്രമക്കേടുകളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സപ്ലൈകോയുടെ കോട്ടയം പെട്രോൾ ബങ്കിൽ ജോലിക്കാരെ ജോലിക്ക് നിർത്താതെ ഔട്ട്ലെറ്റ് ഇൻ-ചാർജ്ജ് തന്റെ വേണ്ടപ്പെട്ടവരുടെയും ബന്ധുക്കളുടെയും പേരിൽ ശമ്പളം എഴുതി വാങ്ങുന്നതായി വിജിലൻസിന് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ സപ്ലൈകോ വിജിലൻസ് അന്വേഷണം നടത്തുകയും വിജിലൻസ് വിഭാഗത്തിന്റെ പരിശോധനയിൽ 1/2017 മുതൽ 03/2019 വരെ ഔട്ട്ലെറ്റ് ഇൻ-ചാർജ്ജ് ജോലി ചെയ്യാത്ത തന്റെ ബന്ധുക്കളുടെയും വേണ്ടപ്പെട്ടവരുടെയും പേരിൽ ശമ്പളം മാറിയെടുത്തത് ഏകദേശം 10,26,775 (പത്ത് ലക്ഷത്തി ഇരുപത്തിയാറായിരത്തി എഴുന്നൂറ്റി എഴുപത്തിയഞ്ച് രൂപ മാത്രം) രൂപയാണെന്ന് കണ്ടെത്തുകയും ഇതിന്റെ അടിസ്ഥാനത്തിൽ ഉത്തരവാദിയായ ജീവനക്കാരനെ സസ്പെൻഡ് ചെയ്യുകയും സപ്ലൈകോ ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ നിർദ്ദേശപ്രകാരം വിശദമായ ഓഡിറ്റിൽ 44,01,594 (നാല്പത്തിനാല് ലക്ഷത്തി ആയിരത്തിയഞ്ഞൂറ്റി തൊണ്ണൂറ്റിനാല് രൂപ മാത്രം) രൂപയുടെ ബാധ്യത കണ്ടെത്തി നോട്ടീസ് നൽകി ക്രിമിനൽ കേസ് ഫയൽ ചെയ്യാൻ അഡീഷണൽ ജനറൽ മാനേജർ (പി&എ)യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കരുനാഗപ്പള്ളി മണ്ഡലത്തിൽ പുതിയ മാവേലി സ്റ്റോർ

269(3744) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മണ്ഡലത്തിൽ തഴവ ഗ്രാമപഞ്ചായത്തിലെ കുറ്റിപ്പുറം, കുലശേഖരപുരം പഞ്ചായത്തിലെ വവ്വാക്കാവ് എന്നിവിടങ്ങളിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) കരുനാഗപ്പള്ളി സൂപ്പർ മാവേലിയിലെ ഗൃഹോപകരണങ്ങളുടെ വ്യാപാര കേന്ദ്രത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ വ്യത്യസ്ത ഉത്പന്നങ്ങൾ വിപണനം ചെയ്യുന്നതിനുമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുമോ; വിശദീകരിക്കുമോ?

### ഉത്തരം

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ തഴവ ഗ്രാമപഞ്ചായത്തിലെ കുറ്റിപ്പുറത്ത് പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്ന കാര്യം പരിഗണനയിലില്ല. കുലശേഖരപുരം ഗ്രാമപഞ്ചായത്തിലെ വവ്വാക്കാവിൽ പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനനുയോജ്യമായ കെട്ടിടം നൽകാൻ ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെട്ടിരുന്നെങ്കിലും കെട്ടിടം ഇതുവരെ ലഭ്യമായിട്ടില്ല.

(ബി) സപ്ലൈകോയുടെ വരുമാനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടുകൂടി പൊതുജനങ്ങൾക്ക് കുറഞ്ഞ വിലയിൽ ഗൃഹോപകരണങ്ങൾ ലഭ്യമാക്കുന്നതിന് കരുനാഗപ്പള്ളി ഹൈപ്പർ മാർക്കറ്റിൽ വിവിധ കമ്പനികളുടെ ഉല്പന്നങ്ങൾ വിപണനം ചെയ്തുവരുന്നു. സൂപ്പർമാർക്കറ്റിൽ സ്ഥലസൗകര്യം ലഭ്യമായതിനാൽ കൂടുതൽ കമ്പനികളുടെ ഉല്പന്നങ്ങൾ വില്പന നടത്തുവാൻ സാധിക്കുന്നതാണ്. ഗൃഹോപകരണ രംഗത്തുള്ള കൂടുതൽ പ്രമുഖ കമ്പനികളുടെ ഉല്പന്നങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തിക

270(3745) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ സിവിൽ സപ്ലൈസ് കോർപ്പേറേഷനിൽ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുണ്ട്; റിപ്പോർട്ട് ചെയ്യുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഈ തസ്തികയിൽ ജില്ലയിൽ ദിവസവേതന അടിസ്ഥാനത്തിൽ എത്രപേരെ നിയമിച്ചിട്ടുണ്ട്; ഇതിൽ എത്ര തസ്തികകൾ പി.എസ്.സി. നിയമനത്തിനുള്ളതാണെന്ന് വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത തസ്തികയിൽ പി.എസ്.സി. നിയമനം നടത്തുന്നതിന് കാലതാമസമുണ്ടാകുന്നതിന് കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ അസിസ്റ്റന്റ് സെയിൽസ് മാൻ തസ്തികയിൽ 32 ഒഴിവുകൾ നിലവിലുണ്ട്.

(ബി) 32 ഒഴിവുകളും പി.എസ്.സി.-ക്ക് യഥാസമയം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിൽ തിരുവനന്തപുരം ജില്ലയിലൊരിടത്തും ദിവസവേതനാടിസ്ഥാനത്തിൽ ആരെയും നിയമിച്ചിട്ടില്ല.

(ഡി) പി.എസ്.സി. നിയമന ശിപാർശ ലഭ്യമാകുന്നമുറയ്ക്ക് നിയമനം നൽകി വരുന്നതിനാൽ കാലതാമസമുണ്ടാകുന്നില്ല.

**കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ്**

271(3746) ശ്രീ. സി. ദിവാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. കെ. രാജൻ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ വകുപ്പിന് കീഴിൽ കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഇതിന്റെ സ്ഥാപിത ലക്ഷ്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ;

(സി) ഭക്ഷ്യസംസ്കരണ രംഗത്ത് പ്രവർത്തിക്കുന്നവർക്കും ഭക്ഷ്യ സംസ്കരണ രംഗത്തേക്ക് കടന്നുവരാൻ ആഗ്രഹിക്കുന്നവർക്കും പ്രസ്തുത സ്ഥാപനം ഏതൊക്കെ തരത്തിൽ ഉപയോഗപ്രദമാകുമെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനത്തിന് കീഴിൽ അന്തർദ്ദേശീയ നിലവാരമുള്ള ലബോറട്ടറി പ്രവർത്തിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഇ) പഴം-പച്ചക്കറി സംസ്കരണത്തിനായി വലിയ ശീതീകരണ പ്ലാന്റ് ഈ സ്ഥാപനത്തിനുകീഴിൽ സ്ഥാപിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. ഭക്ഷ്യസംസ്കരണ ഉല്പാദനരംഗത്ത് അന്തർദ്ദേശീയ നിലവാരം പുലർത്താൻ കർഷകരെയും സംരഭകരെയും സഹായിക്കുക, തദ്ദേശീയ ഭക്ഷ്യവസ്തുക്കൾ കയറ്റുമതി ചെയ്യുന്നതിന് പ്രോത്സാഹനവും പിന്തുണയും നൽകുക, ഈ രംഗത്ത് ആവശ്യമായ ഗവേഷണം നടത്തുക, ആധുനിക ശാസ്ത്രസാങ്കേതിക വിദ്യകളുപയോഗിച്ച് ഭക്ഷ്യവസ്തുക്കൾ സംസ്കരിക്കാനും ദീർഘകാലം കേടുകൂടാതെ സൂക്ഷിക്കുന്നതിനും കർഷകരെ സഹായിക്കുക തുടങ്ങിയവയാണ് കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് എന്ന സ്ഥാപനത്തിന്റെ സ്ഥാപിത ലക്ഷ്യം.

(സി) ഭക്ഷ്യസംസ്കരണ രംഗത്തേയ്ക്കും ഭക്ഷ്യവ്യവസായ രംഗത്തേയ്ക്കും കടന്നുവരാൻ ആഗ്രഹിക്കുന്നവർക്ക് കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻഡ് ഡെവലപ്മെന്റിന്റെ കീഴിലുള്ള ട്രെയിനിംഗ് സെന്ററിൽ വിവിധ വിഷയങ്ങളിൽ പരിശീലനം നൽകിവരുന്നു. മിനി ഇൻക്യുബേഷൻ സെന്ററിന്റെ സൗകര്യവും ഇവിടെ ലഭ്യമാണ്.

(ഡി) ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പാക്കുന്നതിന് കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻഡ് ഡെവലപ്മെന്റിന്റെ കീഴിൽ എല്ലാ ആധുനിക സൗകര്യങ്ങളുമുള്ള ഒരു ലബോറട്ടറി പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കളുടെ സംസ്കരണവും വിതരണവും ഉല്പാദനവും നടത്തുന്ന വിവിധ ഏജൻസികൾ അവരുടെ ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഈ ലബോറട്ടറിയെ ആശ്രയിച്ചുവരുന്നു.

(ഇ) പഴം-പച്ചക്കറി സംസ്കരണത്തിനായി ഒരു ശീതീകരണ പ്ലാന്റ് എറണാകുളം ജില്ലയിലെ ഇലഞ്ഞിയിൽ നിർമ്മിച്ചുവരുന്നു.

**ഉപഭോക്തൃ സംരക്ഷണ സമിതിയുടെ പ്രവർത്തനം**

272(3747) <u>ശ്രീ. എം. ഉമ്മർ:</u>

<u>ഡോ. എം. കെ. മുനീർ:</u>

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:</u>

<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉപഭോക്തൃ സംരക്ഷണ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതിനായി ഉപഭോക്തൃ ഇൻഫർമേഷൻ ഡെസ്കുകൾ സ്ഥാപിക്കുന്ന കാര്യത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഉപഭോക്തൃ പരാതികൾ രേഖപ്പെടുത്തുന്നതിനുള്ള ടോൾ ഫ്രീ നമ്പരും മറ്റ് സംവിധാനങ്ങളും കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഉപഭോക്തൃ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി എല്ലാ ജില്ലകളിലും ഉപഭോക്തൃ സംരക്ഷണ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. സമിതിയുടെ കാലാവധി കഴിഞ്ഞ കോഴിക്കോട്, കൊല്ലം, തിരുവനന്തപുരം, എറണാകുളം ജില്ലകളിലെ ഉപഭോക്തൃ സംരക്ഷണ സമിതികൾ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. മലപ്പുറം ജില്ലാ ഉപഭോക്തൃ സംരക്ഷണ സമിതി പുനഃസംഘടിപ്പിച്ചുകൊണ്ടുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്ന നടപടി അവസാനഘട്ടത്തിലാണ്. സമിതിയുടെ കാലാവധി കഴിഞ്ഞ മറ്റ് ജില്ലകളിലെ ഉപഭോക്തൃ സംരക്ഷണ സമിതിയിൽ ഉൾപ്പെടുത്തേണ്ട അംഗങ്ങളുടെ പട്ടിക കളക്ടർമാരിൽനിന്നും ലഭ്യമാക്കി സമിതി പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ഉപഭോക്തൃ സഹായ കേന്ദ്രം തുടങ്ങാൻ സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ അതിന്റെ നിർമ്മാണ ചുമതല കേരള ആർട്ടിസാൻസ് കോർപ്പറേഷനെ ഏല്പിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ സിവിൽ സ്റ്റേഷനിൽ ഉപഭോക്തൃ സഹായ കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ ജില്ലാ ഉപഭോക്തൃ സഹായ കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പൂർത്തിയാക്കുന്നതിന് കേരള ആർട്ടിസാൻസ് കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ഐ.ടി. മിഷൻ മുഖേന പ്രവർത്തിച്ചുവരുന്ന കാൾ സെന്ററിലെ 1800-425-1550 എന്ന ടോൾ ഫ്രീ നമ്പരിൽ ഉപഭോക്തൃ പരാതികൾ അറിയിക്കാവുന്നതാണ്. പത്രപരസ്യങ്ങൾ, പോസ്റ്ററുകൾ, ലഘുലേഖകൾ, സ്റ്റിക്കറുകൾ മുതലായവ മുഖാന്തരം വ്യാപകമായ രീതിയിൽ മേൽ ടോൾ ഫ്രീ നമ്പർ പൊതുജനങ്ങളുടെ അറിവിലേയ്ക്കായി നൽകിയിട്ടുണ്ട്. ടോൾ ഫ്രീ നമ്പറുകൾ വഴി ലഭ്യമാകുന്ന പരാതികൾ കഴിവതും വേഗത്തിൽ പരിഹരിക്കപ്പെട്ടുവരികയാണ്.

## ഇ-പോസ് മെഷീനും ഓൺലൈൻ ബില്ലിംഗും

273(3748) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി പഞ്ചായത്തിലെ ആദിവാസി കോളനികളടക്കമുള്ള വനമേഖലയിൽ ഇന്റർനെറ്റ് സൗകര്യം ലഭ്യമല്ലാത്തതിനാൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോർ, ഇ-പോസ് മെഷീൻ തുടങ്ങിയവയിൽ ഓൺലൈൻ ബില്ലിംഗ് സാദ്ധ്യമാകാത്തതിനാലുണ്ടാകുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മലയോരമേഖലയിൽ ഇന്റർനെറ്റ് സൗകര്യം സുഗമമാകുന്നതുവരെ ഓഫ് ലൈൻ ബില്ലിംഗ് സൗകര്യം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. ഓൺലൈൻ സൗകര്യമില്ലാത്ത സ്ഥലങ്ങളിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോറിന്റെ OMS (Outlet Management System) ബില്ലിംഗ് ഓഫ് ലൈൻ ആയി നടത്തുന്നതിനും അത് പിന്നീട് ഓൺലൈൻ പോർട്ടലിലേയ്ക്ക് അപ്‌ലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യം നിലവിലുണ്ട്.

## വിഴിഞ്ഞം തുറമുഖ നിർമ്മാണ സമയപരിധി

274(3749) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) നിർമ്മാണവുമായി ബന്ധപ്പെട്ട് എത്ര ശതമാനം പ്രവൃത്തികളാണ് ഇതുവരെ പൂർത്തിയാക്കിയിട്ടുള്ളത്; വിശദാംശം അറിയിക്കുമോ;

(സി) തുറമുഖ നിർമ്മാണം സർക്കാർ നേരത്തെ തീരുമാനിച്ച സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കുവാൻ കഴിയുമോ; നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ നിർമ്മാണത്തെ ബാധിക്കുന്നുണ്ടോ;

(ഡി) ഈ സർക്കാരിന്റെ കാലത്തുതന്നെ നിർമ്മാണം പൂർത്തിയാക്കി വിഴിഞ്ഞം തുറമുഖം നാടിന് സമർപ്പിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഒന്നാംഘട്ട പദ്ധതിയുടെ പ്രധാന ഘടകമായ 3100 മീറ്റർ നീളമുള്ള പുലിമുട്ടിന്റെ കരയിൽനിന്നുള്ള 565 മീറ്റർ നിർമ്മാണം പൂർത്തീകരിച്ചു. ഡ്രെഡ്ജിംഗും റിക്ലമേഷനും 40 ശതമാനം പൂർത്തിയായി. ബെർത്ത് നിർമ്മാണത്തിന്റെ പ്രധാന ഘടകമായ പൈൽ സ്ഥാപിക്കൽ സമയബന്ധിതമായി പൂർത്തിയാക്കി. കണ്ടെയ്നർ യാർഡിന്റെ നിർമ്മാണവും തുറമുഖ പ്രവർത്തനങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നിർമ്മാണവും പുരോഗമിക്കുകയാണ്. തുറമുഖത്തെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന റോഡിന്റെ നിർമ്മാണത്തിനാവശ്യമായ അനുമതികൾക്കായി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. അവ ലഭിക്കുന്നമുറയ്ക്ക് നിർമ്മാണം തുടങ്ങുന്നതാണ്. പുലിമുട്ട് നിർമ്മാണം വേണ്ടത്ര പുരോഗതി കൈവരിച്ചാൽ മാത്രമേ ബെർത്തിന്റെയും സൂപ്പർ സ്ട്രക്ചറിന്റെയും പണികൾ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ.

(സി) കരാർ പ്രകാരം 2019 ഡിസംബർ 3-നാണ് ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി തുറമുഖം കമ്മീഷൻ ചെയ്യേണ്ടത്. എന്നാൽ പുലിമുട്ട് നിർമ്മാണത്തിൽ നേരിടുന്ന കാലതാമസം പദ്ധതിയുടെ സമയബന്ധിതമായ പൂർത്തീകരണത്തെ ബാധിച്ചിട്ടുണ്ടെന്ന് പദ്ധതിയുടെ ഇൻഡിപെൻഡന്റ് എഞ്ചിനീയർ (IE) വിലയിരുത്തിയിട്ടുണ്ട്. അദാനി കമ്പനിയുമായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ കാലതാമസം പരമാവധി ഒഴിവാക്കി പ്രോജക്ട് പൂർത്തീകരിക്കാനാണ് ശ്രമിക്കുന്നത്. പദ്ധതിക്കാവശ്യമായ പാറ സമയബന്ധിതമായി ലഭ്യമാക്കാൻ അദാനി കമ്പനിക്ക് കഴിയാതെവന്നതാണ് തുറമുഖ പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികളെ ബാധിച്ചത്.

(ഡി) സ്വീകരിക്കുന്നതാണ്.

**വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനുള്ള കരിങ്കല്ലിന്റെ ലഭ്യത**

275(3750) <u>ശ്രീ. എം. വിൻസെന്റ്:</u>
<u>ശ്രീ. ഷാഫി പറമ്പിൽ:</u>
<u>ശ്രീ. വി. പി. സജീന്ദ്രൻ:</u>
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണ പ്രവർത്തനത്തിന്റെ ഭാഗമായുള്ള പുലിമുട്ടിന്റെ നിർമ്മാണത്തിന് ആവശ്യമായ കരിങ്കല്ലിന്റെ ലഭ്യത ഉറപ്പുവരുത്തുകുവാൻ സാധിച്ചിട്ടുണ്ടോ;

(ബി) ഇതിനായി ഏതൊക്കെ സ്ഥലങ്ങളിലുള്ള ക്വാറികളാണ് തെരഞ്ഞെടുത്തത്;

(സി) അവിടെ നിന്നും കരിങ്കല്ല് പൊട്ടിക്കുവാനുള്ള അനുമതിയും പരിസ്ഥിതി ക്ലിയറൻസും നൽകുന്നതിൽ കാലതാമസം വന്നിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അത് വേഗത്തിലാക്കി പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) തുറമുഖ പദ്ധതിയുടെ പ്രധാന ഘടകമാണ് 3100 മീറ്റർ നീളമുള്ള പുലിമുട്ട്. ഇതിനായി 65 ലക്ഷം ടൺ പാറയാണ് ആവശ്യമായിട്ടുള്ളത്. നാളിതുവരെ 565 മീറ്റർ നീളം പുലിമുട്ട് മാത്രമേ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളൂ. പദ്ധതിക്കാവശ്യമായ കല്ല് കണ്ടെത്തേണ്ടത് കരാർ പ്രകാരം അദാനി കമ്പനിയുടെ ചുമതലയാണ്. ഇതിലേയ്ക്കുവേണ്ട അനുമതികൾ നൽകൽ, പശ്ചാത്തല സൗകര്യങ്ങളൊരുക്കുക എന്നിവയാണ് സർക്കാർ ചെയ്തുകൊടുക്കേണ്ടത്. പദ്ധതിക്കാവശ്യമായ കരിങ്കല്ല് സംസ്ഥനത്തിനകത്തുനിന്നും ഇതര സംസ്ഥാനങ്ങളിൽനിന്നും കണ്ടെത്താനാകുമെന്നാണ് അദാനി കമ്പനി അറിയിച്ചിരിക്കുന്നത്.

കൊല്ലം, തിരുവനന്തപുരം, പത്തനംതിട്ട ജില്ലകളിൽനിന്നും പാറ ഖനനം ചെയ്യുന്നതിനുള്ള നടപടികളുമായിട്ടാണ് അദാനി കമ്പനി ഇപ്പോൾ മുന്നോട്ടുപോകുന്നത്. ഇതിൽ കാലതാമസം വരാതിരിക്കാൻ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചും അപേക്ഷകൾ സമയബന്ധിതമായി പരിശോധിച്ചും ത്വരിതഗതിയിൽ അനുമതികൾ നൽകുന്നതിനുമുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. ഇതിനുപുറമേ ഇതര സംസ്ഥാനങ്ങളിൽനിന്നും കൂടുതൽ പാറ ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങളും അദാനി കമ്പനി നടത്തുന്നുണ്ട്.

(സി&ഡി) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലായി 21 ക്വാറികൾ പ്രവർത്തനക്ഷമമാക്കാനാണ് അദാനി കമ്പനി ശ്രമിക്കുന്നത്. ഇതിനുവേണ്ടി റവന്യൂ മൈനിംഗ് & ജിയോളജി, പരിസ്ഥിതി തുടങ്ങിയ വകുപ്പുകളുടെ അനുമതി ആവശ്യമുണ്ട്. മാത്രമല്ല, പലഘട്ടങ്ങളിലും പൊതുജനാഭിപ്രായം തേടുകയും അവരുടെ അഭിപ്രായങ്ങൾ പരിഗണിക്കേണ്ടതുമായിട്ടുണ്ട്. ഇതിന് ബന്ധപ്പെട്ട ചട്ടങ്ങളിൽ നിശ്ചിത സമയപരിധി നിഷ്കർഷിച്ചിട്ടുണ്ട്. അപേക്ഷകൾ സമയബന്ധിതമായി പരിശോധിച്ച് അനുമതികൾ നൽകുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് സർക്കാർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിന് സമാന്തരമായി ഇതര സംസ്ഥാനങ്ങളിൽ നിന്നും പാറ കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങളും അദാനി കമ്പനി നടത്തിവരുന്നു.

## യാത്രാക്കപ്പലുകളുടെയും അതിവേഗ യാത്രാബോട്ടുകളുടെയും സർവ്വീസ്

276(3751) ശ്രീ. എം. ഉമ്മർ:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തുറമുഖങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് യാത്രാക്കപ്പലുകളും അതിവേഗ യാത്രാബോട്ടുകളും സർവ്വീസ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് മെസേഴ്സ് സേഫ് ബോട്ട് ട്രിപ് പ്രൈവറ്റ് ലിമിറ്റഡുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന് മന്ത്രിസഭയുടെ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സർവ്വീസ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് എം.എം.ഡി-യുടെ അംഗീകാരം ലഭ്യമാക്കാൻ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) കോവളം-കന്യാകുമാരി, തിരുവനന്തപുരം - കൊച്ചി, കൊച്ചി - കോഴിക്കോട് എന്നീ മേഖലകളെ ബന്ധിപ്പിച്ച് അതിവേഗ യാത്രാകപ്പൽ സർവ്വീസ് നടത്തുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. കോവളം-കന്യാകുമാരി അതിവേഗ യാത്രാക്കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിനുള്ള സാദ്ധ്യതാ പഠനത്തിനായി M/s. NATPAC-നെ ചുമതലപ്പെടുത്തിയതനുസരിച്ച് അവർ Draft Report തുറമുഖ ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. M/s. NATPAC-നോട് അന്തിമ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. സ്വകാര്യ പങ്കാളിത്തത്തോടെ തിരുവനന്തപുരം- കൊച്ചി, കൊച്ചി - കോഴിക്കോട് യാത്രാകപ്പൽ സർവ്വീസ് ആരംഭിക്കുന്നതിനായി താല്പര്യപത്രം ക്ഷണിക്കുകയും മെസേഴ്സ് സേഫ് ബോട്ട് ട്രിപ്പ് പ്രൈവറ്റ് ലിമിറ്റഡ് 2 കപ്പലുകൾ കൊച്ചിയിൽ എത്തിച്ചിട്ടുണ്ട്. ആയതിന്റെ സേഫ്റ്റി, രജിസ്ട്രേഷൻ എന്നിവ സംബന്ധിച്ച നടപടികൾ മർക്കന്റൈൽ മറൈൻ ഡിപ്പാർട്ട്മെന്റ്, ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗ് എന്നിവയുമായി ബന്ധപ്പെട്ട് നടന്നുവരുന്നു.

(ബി) മെസേഴ്സ്, സേഫ് ബോട്ട് ട്രിപ്പ് പ്രൈവറ്റ് ലിമിറ്റഡുമായി 23-3-2016-ൽ കരാറിലേർപ്പെട്ടിട്ടുണ്ട്. ടി സ്ഥാപനം സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും വെസ്സൽ കൊണ്ടുവന്ന് ഓപ്പറേറ്റ് ചെയ്യണമെന്നാണ് വ്യവസ്ഥ. ഈ കരാറിന് മന്ത്രിസഭയുടെ അംഗീകാരം തേടിയിട്ടില്ല.

(സി) കരാർ വ്യവസ്ഥ പ്രകാരം എം.എം.ഡി.-യുടെ അംഗീകാരം ലഭ്യമാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കേണ്ടത് മെസ്സേഴ്സ് സേഫ് ബോട്ട് ട്രിപ്പ് പ്രൈവറ്റ് ലിമിറ്റഡാണ്. ടി നടപടികൾ കമ്പനി സ്വീകരിച്ചുവരുന്നുണ്ട്. തുറമുഖ വകുപ്പിൽനിന്നും ഈ വിഷയത്തിൽ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

## ചെറുവത്തൂരിൽ തുറമുഖം

277(3752) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ഏറ്റവും വലിയ മത്സ്യബന്ധന തുറമുഖമായ ചെറുവത്തൂർ മത്സ്യബന്ധന തുറമുഖത്തിലെ സൗകര്യങ്ങൾ ഉപയോഗിച്ച് പൊതുആവശ്യത്തിനുള്ള പോർട്ടായി മാറ്റാൻ നടപടികളുണ്ടാകുമോ എന്നറിയിക്കാമോ?

ഉത്തരം

ചെറുവത്തൂർ മത്സ്യബന്ധന തുറമുഖം അടങ്ങുന്ന പ്രദേശം നിലവിൽ നീലേശ്വരം/ചെറുവത്തൂർ തുറമുഖമായി ഡിക്ലയർ ചെയ്തിട്ടുണ്ട്. എന്നാൽ തുറമുഖ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടില്ല. ഈ മത്സ്യബന്ധന തുറമുഖത്തിന് 50 കിലോമീറ്റർ അടുത്തായി അഴീക്കൽ തുറമുഖവും 80 കിലോമീറ്റർ മാറി മംഗലാപുരം തുറമുഖവും നിലവിലുണ്ട്. കൂടാതെ ചെറുവത്തൂർ, കാസർഗോഡ് മേഖലയിൽനിന്നും കയറ്റിറക്കുമതിക്ക് യോജിച്ച സംരംഭങ്ങളൊന്നും ഇല്ലാത്തതിനാൽ തുറമുഖ പ്രവർത്തനങ്ങൾ നടത്തുന്നത് സാമ്പത്തികമായി വിജയിക്കാൻ സാദ്ധ്യതയില്ലെന്നാണ് വിലയിരുത്തിയിട്ടുള്ളത്.

## മ്യൂസിയങ്ങൾക്കായി കേന്ദ്ര ധനസഹായം

278(3753) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ജില്ലകളിലും പൈതൃക മ്യൂസിയം സജ്ജീകരിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഏതൊക്കെ ജില്ലകളിൽ ഇതിന്റെ പ്രവർത്തനം ആരംഭിച്ചുവെന്നും ശേഷിക്കുന്ന ജില്ലകളിൽ എന്നത്തേക്ക് ഇത് സ്ഥാപിക്കുവാൻ കഴിയുമെന്നും അറിയിക്കാമോ;

(ബി) മ്യൂസിയങ്ങളെ അന്തർദ്ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനും എല്ലാ ജില്ലകളിലും പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നതിനുമുള്ള പദ്ധതികൾക്കായി കേന്ദ്ര സർക്കാരിൽ നിന്നും എന്തെങ്കിലും ധനസഹായം ലഭിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) എല്ലാ ജില്ലകളിലും പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, പത്തനംതിട്ട, തൃശ്ശൂർ, എറണാകുളം, പാലക്കാട്, മലപ്പുറം, ഇടുക്കി, വയനാട് എന്നീ ജില്ലകളിൽ മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. മലപ്പുറം ഒഴികെയുള്ള ജില്ലകളിൽ ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്ന പ്രവർത്തനങ്ങൾ പുരാവസ്തു വകുപ്പ് സ്വീകരിച്ചുവരുന്നു.

മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി താലൂക്കാഫീസ് പ്രവർത്തിക്കുന്ന കെട്ടിടം ഒഴിഞ്ഞുകിട്ടുന്നമുറയ്ക്ക് അവിടെ മ്യൂസിയം സജ്ജീകരിക്കുന്നതാണ്. മറ്റ് ജില്ലകളിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നമുറയ്ക്ക് അവിടങ്ങളിൽ മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പുരാവസ്തു വകുപ്പിനുകീഴിലുള്ള എറണാകുളം ഹിൽപ്പാലസ് മ്യൂസിയം, കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയം, നെടുമങ്ങാട് കോയിക്കൽ കൊട്ടാരം, തൃശ്ശൂർ ശക്തൻ തമ്പുരാൻ കൊട്ടാരം എന്നീ മ്യൂസിയങ്ങളുടെ പുനരുദ്ധാരണത്തിനായി കേന്ദ്ര- സംസ്ഥാന സർക്കാരുകൾ 80:20 എന്ന അനുപാതത്തിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ ഭാഗമായി കേന്ദ്രസർക്കാരിൽനിന്നും ധനസഹായം ലഭിച്ചുവരുന്നു.

എറണാകുളം ഹിൽപ്പാലസ് മ്യൂസിയം, നെടുമങ്ങാട് കോയിക്കൽ കൊട്ടാരം, കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയം എന്നിവയുടെ പുനരുദ്ധാരണത്തിനായി 80:20 എന്ന അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ധനസഹായം അനുവദിക്കുകയും ഒന്നാം ഗഡുവായി 524.96 ലക്ഷം രൂപ (കേന്ദ്രം), 124.5 ലക്ഷം രൂപ (സംസ്ഥാനം) ഉൾപ്പെടെ ആകെ 649.46 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. ഒന്നാംഘട്ട നവീകരണ പ്രവർത്തനങ്ങൾക്കുശേഷം സമർപ്പിച്ച യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ രണ്ടാം ഗഡുവായി ടി മ്യൂസിയങ്ങളുടെ പ്രവൃത്തികൾക്കായി 2,35,53,814 രൂപയും തൃശ്ശൂർ ശക്തൻ തമ്പുരാൻ കൊട്ടാരത്തിന്റെ പുനരുദ്ധാരണത്തിനായി 2,00,42,640 രൂപയും പുരാവസ്തു വകുപ്പിന് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്.

## ചാലക്കുടിയിൽ ട്രാംവേ റെയിൽ പൈതൃക മ്യൂസിയം

279(3754) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ ട്രാംവേ റെയിൽ പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ നടപടികൾ ഏതു ഘട്ടത്തിലാണ് എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) ചാലക്കുടിയിൽ ട്രാംവേ റെയിൽ പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

ചാലക്കുടിയിൽ ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള മെക്കാനിക്കൽ സബ്ഡിവിഷന്റെ കൈവശം നിലവിൽ ഉപയോഗത്തിലില്ലാത്ത കെട്ടിടം ടി ആവശ്യത്തിന് ഉതകുന്നതാണെന്ന് പുരാവസ്തു വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. ഈ കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം ജലവിഭവ വകുപ്പിൽ നിലനിർത്തിക്കൊണ്ട് പുരാവസ്തു വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ട്രാംവേ മ്യൂസിയത്തിനാവശ്യമായ രേഖകൾ കണ്ടെത്താൻ സംസ്ഥാന പുരാരേഖാ വകുപ്പിന് നിർദ്ദേശം നൽകിയതിൻപ്രകാരം ആയതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഈ കെട്ടിടം പുരാവസ്തു വകുപ്പിലേയ്ക്ക് കൈമാറി ലഭിക്കുന്നമുറയ്ക്ക് മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## കൊല്ലം ജില്ലയിലെ തേവള്ളി കൊട്ടാരം

280(3755) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജില്ലകളിൽ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്ന പദ്ധതിയുടെ ഭാഗമായി കൊല്ലം ജില്ലയിലെ തേവള്ളി കൊട്ടാരം ഏറ്റെടുത്ത് പൈതൃക മ്യൂസിയമാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ഇതിനായുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

കൊല്ലം ജില്ലയിലെ തേവള്ളി കൊട്ടാരത്തിൽ ജില്ലാ പൈതൃക മ്യൂസിയം സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് സർക്കാരിന് ലഭിച്ച നിവേദനം പുരാവസ്തു വകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ടിനായി അയച്ചിട്ടുണ്ട്. തേവള്ളി കൊട്ടാരം ജില്ലാ പൈതൃക മ്യൂസിയമായി സജ്ജീകരിക്കുന്നതിന് അനുയോജ്യമാണോയെന്ന് പരിശോധിച്ചശേഷം മാത്രമേ അനന്തര നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

## കാട്ടാക്കട മണ്ഡലത്തിലെ ക്ഷേത്രങ്ങളുടെ സംരക്ഷണം

281(3756) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ അരുവിക്കര ക്ഷേത്രത്തിന്റെ സംരക്ഷണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) കാട്ടാക്കട മണ്ഡലത്തിലെ കുവളശ്ശേരി ക്ഷേത്രം, വകുപ്പിന് കീഴിൽ സംരക്ഷിക്കപ്പെടേണ്ടതു സംബന്ധിച്ച നിവേദനം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ തുടർ നടപടി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ മാറനല്ലൂർ വില്ലേജിലെ അരുവിക്കര ക്ഷേത്രങ്ങളുൾപ്പെടുന്ന 25 സെന്റ് ഭൂപ്രദേശം 1967-ൽ പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. മൂന്ന് ശ്രീകോവിലുകൾ ഉൾപ്പെടുന്ന ടി ക്ഷേത്ര സമുച്ചയത്തിന്റെ സമഗ്ര സംരക്ഷണ പ്രവൃത്തികൾ പുരാവസ്തു വകുപ്പ് നിർവ്വഹിച്ചുവരുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് 2017-18-ൽ 40,00,000 (നാൽപ്പത് ലക്ഷം രൂപ മാത്രം) രൂപയുടെ സമഗ്ര സംരക്ഷണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്.

(ബി) കാട്ടാക്കട മണ്ഡലത്തിലെ കൂവളശ്ശേരി ശ്രീമഹാദേവ ക്ഷേത്രം സംരക്ഷിത സ്മാരകങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട കാട്ടാക്കട എം.എൽ.എ. നൽകിയ ഒരു നിവേദനം വകുപ്പിൽ പരിശോധിച്ചുവരുന്നു. പുരാവസ്തു പ്രാധാന്യം പരിശോധിച്ച് വകുപ്പ് ലഭ്യമാക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## മലപ്പുറത്ത് ചരിത്ര മ്യൂസിയം

282(3757) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാവസ്തു വകുപ്പിന് കീഴിൽ മലപ്പുറം ജില്ലയിൽ എവിടെയെല്ലാമാണ് മ്യൂസിയങ്ങൾ പ്രവർത്തിച്ചുവരുന്നത്;

(ബി) മലപ്പുറത്തിന്റെ ചരിത്ര സാംസ്കാരിക പൈതൃകം കണക്കിലെടുത്ത് ജില്ലാ ആസ്ഥാനത്ത് ഒരു ചരിത്ര മ്യൂസിയം സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പുരാവസ്തു വകുപ്പിനുകീഴിൽ മലപ്പുറം ജില്ലയിൽ നിലവിൽ മ്യൂസിയങ്ങളൊന്നും പ്രവർത്തിക്കുന്നില്ല.

(ബി) ഓരോ ജില്ലയുടെയും തനത് ചരിത്ര സാംസ്കാരിക പൈതൃകം സംരക്ഷിക്കുകയും പ്രദർശിപ്പിക്കുകയും ചെയ്യുകയെന്നതാണ് ജില്ലാ പൈതൃക മ്യൂസിയങ്ങൾകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്.

അതനുസരിച്ച് മലപ്പുറം ജില്ലയിൽ തിരൂരങ്ങാടിയിൽ പഴയ ഹജ്ജൂർ കച്ചേരി കെട്ടിടത്തിൽ മലപ്പുറം ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

നിലവിൽ ഈ കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന താലൂക്ക് ഓഫീസ് ഒഴിഞ്ഞ് കെട്ടിടം പൂർണ്ണമായും വിട്ടുകിട്ടുന്നമുറയ്ക്ക് അവിടെ ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

മലപ്പുറം ജില്ലയിൽ മറ്റ് മ്യൂസിയങ്ങൾ നിലവിൽ വകുപ്പിന്റെ പരിഗണനയിലില്ല.

**മാവേലിക്കര മണ്ഡലത്തിൽ പുരാവസ്തു വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമി**

283(3758) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പിന്റെ ഉടമസ്ഥതയിൽ എത്ര ഭൂമിയാണ് കൈവശമുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ഭൂമിയും കെട്ടിടങ്ങളും സ്മാരകങ്ങളും സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത സ്മാരകങ്ങളുടെ സംരക്ഷണച്ചുമതല ഏത് ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായ മാവേലിക്കര ബുദ്ധമണ്ഡപം മാവേലിക്കര മണ്ഡലത്തിലാണ്. ടി സ്മാരകം ഉൾപ്പെടുന്ന 1.116 സെന്റ് ഭൂമി പുരാവസ്തു വകുപ്പിന്റെ അധീനതയിലാണ്. വകുപ്പിന് മറ്റ് സ്മാരകങ്ങൾ മാവേലിക്കര മണ്ഡലത്തിലില്ല.

(ബി) ടി സ്മാരകത്തിന്റെ സംരക്ഷണ പ്രവൃത്തികൾ കാലാകാലങ്ങളിൽ പുരാവസ്തു വകുപ്പ് നടത്തിവരുന്നുണ്ട്.

(സി) ടി സ്മാരകം കായംകുളം കൃഷ്ണപുരം കൊട്ടാരം ചാർജ്ജ് ഓഫീസറുടെ ചുമതലയിലാണ്.

(നക്ഷത്രചിഹ്നമിടാത്ത 3465, 3466, 3467, 3468, 3478, 3507, 3517, 3529, 3569, 3583, 3611, 3652, 3660, 3674, 3677 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

10.00 P.M.]

## II. അറിയിപ്പ്

ശ്രീമതി കെ. ആർ. ഗൗരിയമ്മയ്ക്ക് ജന്മദിനാശംസകൾ

മി. സ്പീക്കർ: റൂൾ 50 എടുക്കുന്നതിനുമുമ്പ് ഒരു സുപ്രധാനമായ അറിയിപ്പ് നൽകാൻ ഉദ്ദേശിക്കുകയാണ്. പോരാട്ട വീറിന്റെ മാതൃസ്പർശം, മലയാളക്കരയിൽ മാറ്റത്തിന്റെ പാതയൊരുക്കാൻ കനൽവഴികൾ താണ്ടിയ കേരളത്തിന്റെ ധീരവനിത ശ്രീമതി ഗൗരിയമ്മയ്ക്ക് 100 വയസ്സ് തികയുകയാണ്. കാലംകാത്തുവച്ച മുൻവിധികളെ കുടഞ്ഞെറിഞ്ഞ്, ചരിത്രത്തിലിടപെട്ട് മുന്നേനടന്ന ശ്രീമതി ഗൗരിയമ്മ പ്രഥമ നിയമസഭയിലെ ഇന്ന് ജീവിച്ചിരിക്കുന്ന ഏക അംഗമാണ്. വിപ്ലവത്തിന്റെ അഗ്നിമുഖത്ത് തളിർത്ത പൂമരമെന്ന് വിശേഷിപ്പിക്കപ്പെട്ട ശ്രീമതി ഗൗരിയമ്മയ്ക്ക് സഭയുടെ വന്ദനം. നൂറാം പിറന്നാളിന് നിയമസഭയുടെ ആശംസകൾ, സ്നേഹാഭിവാദനങ്ങൾ നേരുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അങ്ങയുടെ വാക്കുകളോട് ഞാനും പൂർണ്ണമായും യോജിക്കുന്നു. കൂടുതൽ കാര്യങ്ങളിലേയ്ക്കൊന്നും ഇപ്പോൾ കടക്കുന്നില്ല. നാളെ നമ്മളെല്ലാവരും ആ ചടങ്ങിൽ പങ്കെടുത്ത് സംസാരിക്കുന്നുണ്ടല്ലോ; അതിനൊരു സൗകര്യം ഏർപ്പെടുത്തുന്നത് നല്ലതായിരിക്കുമെന്ന് തോന്നുന്നു. നാളെ ഈ സഭയിലെ കുറേയേറെ ആളുകൾ ആ ചടങ്ങിൽ പങ്കെടുക്കുന്നവരാണ്. അതുകൊണ്ട് നാളെ നിയമസഭാ സമ്മേളനം വേണ്ടെന്നുവയ്ക്കുന്നതാണ് നല്ലതെന്നൊരു നിർദ്ദേശമുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ശ്രീമതി ഗൗരിയമ്മയ്ക്ക് 100 വയസ്സ് തികയുന്നുവെന്നത് ഏറ്റവും സന്തോഷകരമായ ഒരു കാര്യമാണ്. കേരളത്തിലെ ഏത് രാഷ്ട്രീയ പ്രവർത്തകനും അഭിമാനിക്കാൻ കഴിയുന്ന നേട്ടങ്ങളാണ് തന്റെ ജീവിതത്തിലൂടെ കേരള ജനതയ്ക്ക് ഗൗരിയമ്മ കാട്ടിക്കൊടുത്തത്. ഞാൻ ജനിക്കുന്നതിനുമുമ്പേ കേരളത്തിൽ മന്ത്രിയായിരുന്ന ശ്രീമതി ഗൗരിയമ്മയുടെ ജീവിതം ഭാവിയിൽ കേരളത്തിൽ വരാൻ പോകുന്ന തലമുറകൾക്ക് ഒരു പാഠമായി നിൽക്കും. അത് ആവേശം നൽകുന്നതായിരിക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ നമ്മളെല്ലാവരും ആ ചടങ്ങിൽ പങ്കെടുക്കുന്നതുകൊണ്ട് കൂടുതൽ കാര്യങ്ങൾ അവിടെ സൂചിപ്പിക്കാം. സഭാനേതാവ് എന്ന നിലയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നാളത്തെ സഭാസമ്മേളനം മാറ്റാമെന്ന് പറഞ്ഞു, ശ്രീമതി ഗൗരിയമ്മയോടുള്ള ഒരു ആദരവായിത്തന്നെ അത് മാറ്റിവയ്ക്കാമെന്ന അഭിപ്രായത്തോട് ഞാൻ യോജിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാന്യരായ മുഖ്യമന്ത്രിയുടെയും പ്രതിപക്ഷനേതാവിന്റെയും നിർദ്ദേശങ്ങൾകൂടി പരിഗണിച്ചുകൊണ്ട് സഭയുടെ അനുമതിയോടെ നാളത്തെ, 21-6-2019-ലെ സഭാസമ്മേളനം ഒഴിവാക്കുകയാണ്. നാളെ സഭ പരിഗണിക്കാനിരുന്ന അനൗദ്യോഗിക പ്രമേയങ്ങൾ ജൂലൈ 5-ാം തീയതി വെള്ളിയാഴ്ച സഭ പരിഗണിക്കുന്നതായിരിക്കും. നാളെ ഷെഡ്യൂൾ ചെയ്തിരുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരം അംഗങ്ങൾക്ക് ലഭ്യമാക്കുന്നതുമായിരിക്കും.

നൂറാംപിറന്നാൾ ആഘോഷത്തിൽ പങ്കെടുക്കാൻ താത്പര്യപ്പെടുന്ന എം.എൽ.എ.-മാർക്ക് വാഹനസൗകര്യം ആവശ്യമാണെങ്കിൽ ഉറപ്പാക്കുന്നതായിരിക്കും എന്നുകൂടി അറിയിക്കുകയാണ്.

## III. അടിയന്തരപ്രമേയം

### കശുവണ്ടി മേഖലയുടെ പുനരുദ്ധാരണം

മി. സ്പീക്കർ: കശുവണ്ടി മേഖലയെ പുനരുദ്ധരിക്കാൻ നടപടികൾ സ്വീകരിക്കാത്തതും മൊസാംബിക്കിൽനിന്നും തോട്ടണ്ടി ഇറക്കുമതി ചെയ്തതുവഴി കോടികളുടെ നഷ്ടമുണ്ടായതുംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, മഞ്ഞളാംകുഴി അലി, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, സർക്കാരിന്റെ കെടുകാര്യസ്ഥതയും നയവൈകല്യവുംമൂലം കശുവണ്ടി മേഖലയിലെ തൊഴിലാളികളുടെ ജീവിതം വഴിമുട്ടി നിൽക്കുന്നുവെന്നാണ് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ റൂൾ 50 അനുസരിച്ച് അടിയന്തരപ്രമേയത്തിന് ആധാരമാക്കിയ വിഷയം. തികച്ചും അടിസ്ഥാനരഹിതമായിട്ടാണ് ഇത്തരമൊരു ആക്ഷേപം ഉന്നയിക്കുന്നത്. ഈ സർക്കാരിന്റെ കാര്യക്ഷമതയും തൊഴിലാളികളോടുള്ള പ്രതിബദ്ധതയുംകൊണ്ടാണ് ഇന്ന് കേരളത്തിലെ കശുവണ്ടി വ്യവസായം ഇത്തരത്തിൽ നിലനിൽക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്ന സമയത്ത് പൊതുമേഖലാ സ്ഥാപനങ്ങളായ കാഷ്യൂ കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും 40 ഫാക്ടറികളും എല്ലാ സ്വകാര്യ ഫാക്ടറികളും യു.ഡി.എഫ്.-ന്റെ കാര്യക്ഷമതകൊണ്ട് ഒരു വർഷമായി പൂട്ടിക്കിടക്കുകയായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന് രണ്ട് മാസത്തിനുള്ളിൽത്തന്നെ പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം തുറന്നു. സ്വകാര്യ

ഫാക്ടറികളിൽ 50 ശതമാനത്തിലേറെ ഇപ്പോൾ തുറന്നിരിക്കുകയാണ്. മാത്രമല്ല, തോട്ടണ്ടിയുടെ ലഭ്യതക്കുറവും വിലക്കയറ്റവും കാരണമുണ്ടായ പ്രതിസന്ധിക്ക് പരിഹാരം കാണാനാണ് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വളരെ ഇച്ഛാശക്തിയോടുകൂടി കാഷ്യൂ ബോർഡ് രൂപീകരിച്ചത്. കാഷ്യൂ ബോർഡിന്റെ ഇടപെടൽ കാരണം ഇന്ന് ലോകമാർക്കറ്റിൽത്തന്നെ ഇടപെടാൻ കഴിയുന്ന ഒരു പ്രധാന സ്ഥാപനമായി കാഷ്യൂ ബോർഡ് മാറിക്കഴിഞ്ഞു. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് തുടർച്ചയായി പ്രവർത്തിക്കാൻ തോട്ടണ്ടി ലഭ്യമാക്കുന്ന തരത്തിലേയ്ക്കുള്ള നടപടികൾ സ്വീകരിച്ചു. സ്വകാര്യ ഫാക്ടറികൾ തുറക്കുന്നതിന്റെ ഭാഗമായി നിരവധി ചർച്ചകളാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയത്. ഈ സർക്കാരിന്റെ പ്രതിബദ്ധതയുടെയും കാര്യക്ഷമതയുടെയും പ്രത്യക്ഷോദാഹരണമാണ്, അടഞ്ഞുകിടന്ന സ്വകാര്യ ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കാനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഈ മൂന്ന് വർഷത്തിനിടയിൽ 6 പ്രാവശ്യം ബാങ്കുകളുടെയും സ്വകാര്യ വ്യവസായികളുടെയും മീറ്റിംഗ് വിളിച്ചുകൂട്ടി. ഏതെങ്കിലും ഒരു തൊഴിൽമേഖലയിലെ പ്രശ്നപരിഹാരത്തിനുവേണ്ടി കേരളത്തിന്റെ ഒരു മുഖ്യമന്ത്രി തുടർച്ചയായി 6 പ്രാവശ്യം മീറ്റിംഗ് വിളിച്ചുകൂട്ടുക എന്നുപറയുന്നത് കശുവണ്ടി വ്യവസായത്തിൽ മാത്രമാണുണ്ടായത്. ഇത് തൊഴിലാളികളോടുള്ള ഈ സർക്കാരിന്റെ കാര്യക്ഷമതയും പ്രതിബദ്ധതയുമാണ് ചൂണ്ടിക്കാണിക്കുന്നത്. ഇക്കഴിഞ്ഞ 6-2-2019-ൽ ഒരു പാക്കേജ് പ്രഖ്യാപിക്കുന്ന തരത്തിലേയ്ക്ക് കാര്യങ്ങൾ വന്നു. ഏകദേശം 175 സ്ഥാപനങ്ങളാണ് ഇന്ന് പാക്കേജിൽ ഉൾപ്പെട്ടത്. ആ 175 സ്ഥാപനങ്ങളിൽ 9% ആയി പലിശ നിജപ്പെടുത്തുക, വായ്പ റീഷെഡ്യൂൾ ചെയ്യുക, ബാങ്കുകൾ അവർക്ക് പുതിയതായി കൊടുക്കുന്ന വായ്പയുടെ പലിശ- ബാധ്യത സർക്കാർ തന്നെ ഏറ്റെടുക്കുക തുടങ്ങിയ സുപ്രധാനമായ തീരുമാനത്തോടു കൂടിയാണ് പാക്കേജ് സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി അംഗീകരിച്ചത്. അതിന്റെ ഭാഗമായി കഴിഞ്ഞ ഫെബ്രുവരി മാസം 30 ഫാക്ടറികൾക്ക് വായ്പ നൽകുന്നതിനുള്ള അനുമതിപത്രം നൽകുകയും ഇപ്പോൾ 22 ഫാക്ടറികൾക്ക് വായ്പ നൽകുകയും ചെയ്തിട്ടുണ്ട്. പാക്കേജിനനുസൃതമായി കാര്യങ്ങൾ വേഗത്തിൽ പോകാതിരുന്നത് എല്ലാവർക്കും അറിയാവുന്നതുപോലെ ഇതിനിടയിൽ തെരഞ്ഞെടുപ്പ് വന്നതിനാലാണ്. മാതൃകാ പെരുമാറ്റച്ചട്ടത്തിന്റെ ഭാഗമായി ബാങ്കുകൾക്ക് പുതിയതായുള്ളവ റിവ്യൂ ചെയ്യാനും വായ്പ കൊടുക്കാനും കഴിഞ്ഞിട്ടില്ല. അങ്ങനെയൊരു തടസ്സം ഇപ്പോൾ വന്നിട്ടുണ്ട്. കഴിഞ്ഞയാഴ്ച 14-6-2019-ന് വീണ്ടും യോഗം ചേർന്ന് നടപടിക്രമങ്ങൾ ത്വരിതപ്പെടുത്താനും പാക്കേജ് നിലനിൽക്കുമ്പോൾത്തന്നെ സർഫാസി ആക്ട് പ്രയോഗിക്കുക എന്നത്

കർഷകരുടെ കാര്യത്തിലെന്നപോലെ കശുവണ്ടി മേഖലയിലും നടപ്പിലാക്കിത്തുടങ്ങിയപ്പോൾ, ഞങ്ങൾ ശക്തമായി ഇടപെടുകയും സർഫാസി ആക്ട് പ്രയോഗിക്കുന്നതിനെതിരെ നടപടി സ്വീകരിക്കുകയും ചെയ്തു. അടുത്ത എസ്.എൽ.ബി.സി. മീറ്റിംഗിൽ കശുവണ്ടി വ്യവസായത്തിൽ മാത്രം പ്രത്യേകമായൊരു ഇടപെടൽ എടുക്കേണ്ടതുണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയാനിരിക്കുകയാണ്. ഇതിനുശേഷം അദ്ദേഹം തന്നെ അക്കാര്യങ്ങൾ പറയുമെന്നതുകൊണ്ട് ഞാൻ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. തീർച്ചയായും ഈ സർക്കാർ നടത്തിയിട്ടുള്ള ഫലപ്രദമായ ഇടപെടൽ കൊണ്ടാണ് കശുവണ്ടി വ്യവസായത്തെ സംരക്ഷിച്ചുകൊണ്ടുവരാൻ കഴിഞ്ഞത്. കാഷ്യൂ ബോർഡാണ് ഈ വ്യവസായ മേഖലയിൽ കൃത്യമായ ഒരു പാക്കേജിലേയ്ക്ക് കാര്യങ്ങൾ കൊണ്ടുവന്നത്. അതിന്റെ ഭാഗമായി വിലകുറച്ച് തോട്ടണ്ടി ലഭ്യമാക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ കാഷ്യൂ ബോർഡ് വന്നതുകൊണ്ട് വലിയ പ്രശ്നമുണ്ടായി എന്നൊക്കെയാണ് പറയുന്നത്. കാഷ്യൂ ബോർഡ് ചെയ്തതെന്താണെന്ന് ഞാൻ പറയാം. 2017-ൽ കേരള കാഷ്യൂ ബോർഡ് രൂപീകൃതമായതിനുശേഷം തോട്ടണ്ടി സപ്ലെയർമാരെ ഷോർട്ട്ലിസ്റ്റ് ചെയ്യാനായി 17-3-18-ൽ താത്പര്യപത്രം ക്ഷണിച്ചിരുന്നു. ഐ.ടി. മിഷന്റെ സഹായത്തോടുകൂടി ഇ-ടെണ്ടർ സംവിധാനത്തിലാണ് താത്പര്യപത്രം ക്ഷണിച്ചുകൊണ്ടുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിരുന്നത്. www.etenders kerala. gov.in എന്ന സർക്കാർ വെബ്സൈറ്റ് മുഖേനയാണ് താത്പര്യപത്രം സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നത്. അപേക്ഷകർ 10,000 രൂപ പ്രോസസ്സിംഗ് ഫീസായി ഇ-പേമെന്റ് വഴി അടയ്ക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. താത്പര്യപത്രം സമർപ്പിക്കാനുള്ള അവസാന തീയതി 23-4-2019 ആയിരുന്നു. താത്പര്യപത്രം ക്ഷണിക്കുന്ന നോട്ടിഫിക്കേഷൻ സംബന്ധിച്ച പരസ്യം ഇന്ത്യൻ എക്സ്പ്രസ്സ്, മലയാള മനോരമ എന്നീ പത്രങ്ങളിൽ 18-3-2019-ൽ കേരളത്തിലും ഇതിനുപുറമേ, ഐവറികോസ്റ്റ്, മൊസാംബിക്, ടാൻസാനിയ, ഘാന എന്നീ ആഫ്രിക്കൻ രാജ്യങ്ങളിലെ ഇന്ത്യൻ അംബാസിഡർമാർക്കും ബുർക്കിനാഫാസോ, ഘാന, ബെനിൻ, മൊസാംബിക്, താൻസാനിയ, ഐവറികോസ്റ്റ്, ഗിനിബസാവോ, നൈജീരിയ എന്നീ രാജ്യങ്ങളിലെ ഇന്ത്യൻ നയതന്ത്രപ്രതിനിധികൾക്കും ഐവറികോസ്റ്റിലെയും മൊസാംബിക്കിലെയും വാണിജ്യ സംഘടനകൾക്കും ഇ-മെയിൽ മുഖേന നോട്ടിഫിക്കേഷൻ സംബന്ധിച്ച വിവരങ്ങൾ അയച്ചുകൊടുത്തിരുന്നു. കശുവണ്ടി ഉൽപ്പാദക രാജ്യങ്ങളിൽ നിന്നുള്ള പരമാവധി ഓഫറുകൾ ലഭ്യമാക്കണമെന്ന ലക്ഷ്യത്തോടുകൂടിയാണ് ഇപ്രകാരമുള്ള നടപടിക്രമം സ്വീകരിച്ചത്. താൽപ്പര്യപത്രം സമർപ്പിക്കാനുള്ള അവസാന തീയതിക്ക് ശേഷവും വിദേശ രാജ്യങ്ങളിലെ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും ഒരു ഓഫറും ലഭിച്ചിരുന്നില്ല. രണ്ട്

തദ്ദേശ സ്ഥാപനങ്ങളിൽ നിന്ന് മാത്രമാണ് അപൂർണ്ണമായ ഓഫറുകളെങ്കിലും ലഭിച്ചത്. ഇ-ടെണ്ടറായതുകൊണ്ട് നോട്ടിഫിക്കേഷനിലെ വ്യവസ്ഥകൾക്ക് അനുസൃതമല്ലാത്തതിനാൽ അവ സ്വീകരിക്കപ്പെട്ടില്ല. നിലവിലുണ്ടായിരുന്ന ഇ-ടെണ്ടർ സംവിധാനം പരിശോധിക്കുമ്പോൾ അതിന് ആഗോള ടെണ്ടറുകൾ സ്വീകരിക്കുന്ന കാര്യത്തിൽ ചില പരിമിതികൾ ഉള്ളതായി കണ്ടെത്തി. വിദേശ രാജ്യങ്ങളിലെ സ്ഥാപനങ്ങൾക്ക് ഈ രാജ്യത്തെ ഇ-ടെണ്ടർ സംവിധാനത്തിൽ പങ്കെടുക്കുന്നതിനായി ഡിജിറ്റൽ സിഗ്നേച്ചർ സംവിധാനവും ഇ-പേമെന്റ് സംവിധാനവും ഉപയോഗിക്കാൻ സാധിക്കില്ല എന്നതായിരുന്നു പ്രധാന പരിമിതി. ഇന്ത്യൻ ഇൻഫർമേഷൻ ടെക്നോളജി ആക്ടിലെ വ്യവസ്ഥകൾപ്രകാരം വിദേശ കമ്പനികൾക്കോ സ്ഥാപനങ്ങൾക്കോ ഡിജിറ്റൽ സിഗ്നേച്ചറിനായി നേരിട്ട് ഈ രാജ്യത്തേയ്ക്ക് അപേക്ഷിക്കാനാകില്ല. അതിനാൽ അവർക്ക് ഇന്ത്യയിലെ ഇ-ടെണ്ടറുകളിൽ നേരിട്ട് പങ്കെടുക്കാനാകില്ല; അവരുടെ പ്രതിനിധികൾ മുഖേനയേ കഴിയുമായിരുന്നുള്ളൂ. ഈ സാഹചര്യത്തിൽ കശുവണ്ടി ഉൽപ്പാദക രാജ്യങ്ങളിലെ കമ്പനികളെയും സ്ഥാപനങ്ങളെയും കൂടി പങ്കെടുപ്പിക്കുന്നതിനുള്ള അവസരം സൃഷ്ടിക്കുന്നതിലേയ്ക്കായി, കശുവണ്ടി ഇറക്കുമതിക്കായി, ഇ-ടെണ്ടറിനുപകരം സീൽഡ് ടെണ്ടർ രീതി സ്വീകരിക്കാൻ അനുവദിക്കണമെന്ന് കേരള കാഷ്യൂ ബോർഡ് സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. വിശദമായ പരിശോധനയ്ക്കുശേഷം സർക്കാർ ഈ നിർദ്ദേശം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു. പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ച വ്യവസ്ഥകൾ കൃത്യമായി പാലിച്ചുകൊണ്ട് സുതാര്യമായ രീതിയിലാണ് കേരള കാഷ്യൂ ബോർഡ് തോട്ടണ്ടി ഇറക്കുമതിക്കുള്ള ടെണ്ടറുകളെല്ലാം ക്ഷണിച്ചിട്ടുള്ളത്. ഇതനുസരിച്ച് ടെണ്ടർ ക്ഷണിച്ചുകൊണ്ടുള്ള കാഷ്യൂ ബോർഡിന്റെ പരസ്യങ്ങൾ ബന്ധപ്പെട്ട ആഫ്രിക്കൻ രാജ്യങ്ങളിലെ രണ്ട് പ്രാദേശിക ഭാഷാ പത്രങ്ങളിൽ പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിച്ചിരുന്നു. ഈ സീൽഡ് ടെണ്ടർ അനുസരിച്ച് ഇപ്പോൾ അഞ്ച് ഇറക്കുമതിയാണ് നടത്തിയിട്ടുള്ളത്. അതിന്റെ വിശദാംശങ്ങൾ ഞാൻ പറയാം. ഗുണനിലവാര മാനദണ്ഡങ്ങൾ ഇതിൽ പ്രധാനപ്പെട്ടതാണ്. തോട്ടണ്ടിയുടെ ഗുണനിലവാരം നിശ്ചയിക്കുന്ന വളരെ പ്രധാനപ്പെട്ട രണ്ട് ഘടകങ്ങളിൽ ഒന്ന് out-turn-ഉം മറ്റൊന്ന് nut count-ഉം ആണ്. പ്രധാനമായും ഈ രണ്ട് ഗുണനിലവാര മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിലാണ് ഇറക്കുമതി ചെയ്ത തോട്ടണ്ടിയുടെ വില നിശ്ചയിക്കുന്നത്. കേരള കാഷ്യൂ ബോർഡ് കശുവണ്ടി ഇറക്കുമതിക്ക് ഈ മാനദണ്ഡങ്ങളാണ് സർക്കാർ അനുവാദത്തോടുകൂടി സ്വീകരിച്ചുവരുന്നത്. കേരളത്തിലെ മാത്രമല്ല, ഇന്ത്യയിലെ തന്നെ അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ കൂട്ടത്തിൽ കേരള കാഷ്യൂ ബോർഡ് മാത്രമാണ് വിദേശത്തുനിന്ന് കശുവണ്ടി നേരിട്ട് ഇറക്കുമതി ചെയ്യുന്നത്. പണ്ട് എസ്.ടി.സി. (State Trading

Corporation)-യൊക്കെ ഉണ്ടായിരുന്നു. ഇപ്പോൾ കാഷ്യൂ ബോർഡ് മാത്രമാണ് അത്തരത്തിൽ ഇറക്കുമതി ചെയ്യുന്നത്. അതിനാൽ ആഗോളാടിസ്ഥാനത്തിൽ സ്വീകാര്യമായിട്ടുള്ള ഗുണനിലവാര മാനദണ്ഡങ്ങൾ കേരള കാഷ്യൂ ബോർഡിനും സ്വീകരിക്കേണ്ടതുണ്ട്. കേരള കാഷ്യൂ ബോർഡ് തോട്ടണ്ടി ഇറക്കുമതിക്കായി നിഷ്കർഷിച്ചിട്ടുള്ള മറ്റ് വ്യവസ്ഥകൾ ഇവയാണ്; അന്യപദാർത്ഥങ്ങൾ പാടില്ല. ഈർപ്പം പത്ത് ശതമാനത്തിൽ കൂടാൻ പാടില്ല. Cost, Insurance and Freight (CIF) വ്യവസ്ഥയിൽ വാങ്ങുന്ന തോട്ടണ്ടി ഇന്ത്യയിലെത്തുന്ന മുറയ്ക്കുതന്നെ അതിന്റെ അളവും ഗുണനിലവാരവും സംബന്ധിച്ച പരിശോധന സർക്കാർ അംഗീകരിച്ച ക്വാളിറ്റി സർവ്വേയർ നടത്തുന്നു. ഇവിടെ ആർ.ബി.എസ്. ആണ് ഇത് ചെയ്യുന്നത്. വേൾഡ് വൈഡായി ഏറ്റവും അംഗീകരിക്കപ്പെട്ട ഒരു സ്ഥാപനമാണ് ഇവിടെ ഗുണനിലവാരം ഉറപ്പാക്കുന്നത്. കഴിഞ്ഞ കാലത്ത് ആർ.ബി.എസ്.-നെ ഒഴിവാക്കി ചെയ്തതാണ് എല്ലാ അഴിമതിയുടെയും അടിത്തറ. ഇവിടെ അത് ഞങ്ങൾ മാറ്റി. നിർബന്ധമായും ആർ.ബി.എസ്.-നെക്കൊണ്ടേ ചെയ്യിക്കാൻ പാടുള്ളൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അംഗീകാരവും ക്വാളിറ്റി സർവ്വേയും നടത്തുന്നു. ഈ ഏജൻസിയുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സപ്ലൈ ചെയ്ത തോട്ടണ്ടിയുടെ അളവിലും ഗുണനിലവാരത്തിലും കുറവുണ്ടാകുന്ന പക്ഷം ആ കുറവിന് ആനുപാതികമായി സപ്ലൈയറുടെ ബില്ലിൽ കുറവ് വരുത്താൻ വ്യവസ്ഥയുണ്ട്. Out-turn-ൽ ഉണ്ടാകുന്ന രണ്ട് കൗണ്ട് വരെയുള്ള കുറവിന് 1:1 പ്രോ റേറ്റ അടിസ്ഥാനത്തിലും അതിന് മുകളിലുള്ള കുറവിന് 1:2 എന്ന നിരക്കിലും ബില്ലിൽ കിഴിവ് വരുത്തുന്ന വ്യവസ്ഥയിലാണ് കേരള കാഷ്യൂ ബോർഡ് തോട്ടണ്ടി ഇറക്കുമതി ചെയ്തത്. ഇതിനുപുറമേ നട്ട് കൗണ്ടിൽ ഉണ്ടാകുന്ന ആദ്യത്തെ അഞ്ച് കൗണ്ട് വരെയുള്ള വർദ്ധനവിന് അര ഡോളർ എന്ന നിരക്കിലും അതിന് മുകളിലുള്ള വർദ്ധനവിന് ഒരു ഡോളർ എന്ന നിരക്കിലും ബില്ലിൽ കിഴിവ് വരുത്തുന്നതിന്, വ്യത്യസ്ത വെസലുകളിലായി എത്തുന്ന തോട്ടണ്ടിയുടെ ബില്ലുകൾ ഗുണനിലവാര പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രത്യേകം പ്രത്യേകമായി പരിശോധിച്ച് തീർപ്പാക്കുന്ന രീതിയാണ് സ്വീകരിക്കുന്നത്. സാധാരണ നമ്മൾ കശുവണ്ടി വ്യവസായത്തിൽ ആവറേജാണ് എടുക്കുന്നത്. ഇവിടെ ഓരോ കൺസൈൻമെന്റിന്റെയും പ്രത്യേകമായ നട്ട് കൗണ്ട് പരിശോധിക്കാറുണ്ട് എന്നത് കാഷ്യൂ ബോർഡിന്റെ മാത്രം പ്രത്യേകതയാണ്. ഈ തീയതിക്കുള്ളിൽ സപ്ലൈ പൂർത്തിയാക്കാത്ത സപ്ലൈയർമാർക്ക് പിഴ ചുമത്തുന്നതിനുള്ള വ്യവസ്ഥയും നിലവിലുണ്ട്. ഇവിടെ മൊസാംബിക്കിന്റെത് അവർ ഡിലേ ചെയ്തപ്പോൾ, സമയത്ത് സപ്ലൈ ചെയ്തില്ലെന്നതിനാൽ ഞങ്ങൾ ഒൻപതിനായിരത്തി ചില്വാനം ഡോളർ പെനാൽറ്റി ചുമത്തി. ഇങ്ങനെ സുതാര്യമായ വ്യവസ്ഥകൾ പ്രകാരം ടെണ്ടർ വഴി ഇറക്കുമതി ചെയ്യുന്നതുകൊണ്ട്

കേരള കാഷ്യൂ ബോർഡിന് തോട്ടണ്ടി ന്യായവിലയിൽ സംസ്ഥാനത്ത് ലഭ്യമാക്കാൻ സാധിക്കുന്നുണ്ട്. തോട്ടണ്ടിയുടെ ഗുണനിലവാരം കട്ടിംഗ് ടെസ്റ്റ് മുഖേന വെളിപ്പെടുത്തുന്ന out turn-ലൂടെയാണ് നിർണ്ണയിക്കപ്പെടുന്നത്. ഗുണനിലവാരത്തിലുള്ള കുറവ് out turn-ൽ പ്രതിഫലിക്കും. അതിനാൽ നിലവിലുള്ള വ്യാപാര സമ്പ്രദായങ്ങൾക്കനുസൃതമായി, out turn-ന്റെ അടിസ്ഥാനത്തിൽ ഇറക്കുമതി ചെയ്ത കശുവണ്ടിയുടെ ഗുണനിലവാരം നിർണ്ണയിക്കുന്ന രീതിയാണ് കാഷ്യൂ ബോർഡ് സ്വീകരിച്ചിട്ടുള്ളത്. ഇവിടെ അദ്ദേഹം തന്ന കുറിപ്പിനകത്ത് ഇരുപത് കോടിയോളം രൂപ കാഷ്യൂ ബോർഡിന് നഷ്ടം വന്നിട്ടുണ്ടെന്ന് പറഞ്ഞിട്ടുണ്ട്. തികച്ചും അടിസ്ഥാനരഹിതമാണത്. അത് പത്രത്തിൽ വന്ന വാർത്തയല്ല, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെത്തന്ന വിശദീകരണക്കുറിപ്പിൽ എഴുതിയിട്ടുള്ളതാണ്. അത് അദ്ദേഹത്തിന് എവിടെ നിന്ന് കിട്ടിയ കണക്കാണെന്നറിയില്ല. തീർത്തും അടിസ്ഥാന രഹിതമാണത്. 2017-ലാണ് കേരള കാഷ്യൂ ബോർഡ് രൂപീകരിച്ചത്. 2017-18-ലെ നമ്മുടെ ഓഡിറ്റ് റിപ്പോർട്ടിൽ 80 ലക്ഷം രൂപയാണ് നഷ്ടം കാണിക്കുന്നത്. അതിൽ 50 ലക്ഷം രൂപ ഈ കമ്പനി രജിസ്റ്റർ ചെയ്യുന്നതിന്റെ രജിസ്ട്രേഷൻ ഫീസാണ്. 2018-19-ന്റെ പ്രൊവിഷണൽ അക്കൗണ്ട് വന്നിട്ടുണ്ട്; അവിടെ 1.5 കോടി രൂപ പ്രോഫിറ്റായിട്ടാണ് കാണിക്കുന്നത്. പിന്നെ അദ്ദേഹത്തിന് എവിടെ നിന്നാണ് ഈ വാർത്ത കിട്ടിയതെന്ന് അറിയില്ല. ഇതാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് ഈ വ്യവസായത്തെ പ്രതിസന്ധിയിൽ നിന്ന് കരകയറ്റാനുള്ള നടപടിയാണ് ഈ സർക്കാർ സ്വീകരിക്കുന്നത്, അല്ലാതെ പ്രതിസന്ധിയിലേയ്ക്കല്ല പോകുന്നത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഏറ്റവും ഗൗരവതരമായ ഒരു വിഷയമാണ് ഞാൻ ഇവിടെ പറയുന്നത്. കൊല്ലത്ത് ഇപ്പോൾ ഒരാഴ്ചയായി സമരം നടന്നുകൊണ്ടിരിക്കുകയാണെന്ന കാര്യം അങ്ങേയ്ക്ക് അറിയാമല്ലോ. അവിടത്തെ ചെറുപ്പക്കാരെല്ലാം കൂടി ഈ പ്രധാനപ്പെട്ട പ്രശ്നം ജനമധ്യത്തിൽ കൊണ്ടുവരികയാണ്. അവിടെ പറയേണ്ട ഉത്തരമൊക്കെ അങ്ങ് ഇവിടെ പറഞ്ഞതിൽ എനിക്ക് സന്തോഷമുണ്ട്. ഇവിടെ കാഷ്യൂ ക്രൈസിസ്മൂലം രാധാകൃഷ്ണപിള്ള, സത്യൻ, ബിനുരാജ് എന്നിവർ ആത്മഹത്യ ചെയ്തു. മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ യോഗത്തെക്കുറിച്ച് അങ്ങ് ഇവിടെ സൂചിപ്പിച്ചു. ആ യോഗത്തിലെടുത്ത തീരുമാനങ്ങളിൽ പലതും ഇപ്പോഴും നടപ്പാക്കിയിട്ടില്ല എന്നുള്ളതാണ് എനിക്ക് ആദ്യമായി ഓർമ്മിപ്പിക്കാനുള്ളത്. കശുവണ്ടി വ്യവസായത്തിൽ വായ്പാ പലിശ എല്ലാ ബാങ്കിംഗ് മേഖലയിലും 9 ശതമാനമായി നിശ്ചയിക്കും, പിഴപ്പലിശ ഒഴിവാക്കി നിശ്ചയിക്കുന്ന വായ്പ പുനഃക്രമീകരിച്ച്

ദീർഘകാല വായ്പയാക്കി നിശ്ചയിക്കും, പ്രവർത്തന മൂലധനത്തിനായി ബാങ്കുകൾക്ക് നൽകുന്ന പുതിയ വായ്പയുടെ പലിശ ഒരു വർഷത്തേയ്ക്ക് ഗവൺമെന്റ് ഏറ്റെടുക്കും, പാക്കേജിൽപ്പെട്ട വ്യവസായികളുടെ സംസ്ഥാന സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട നികുതി ബാധ്യതക്ക് ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിക്കും തുടങ്ങിയവയാണ് ആ തീരുമാനങ്ങൾ. ഇത് നിയമസഭാ മന്ദിരത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ചേംബറിൽ അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ 6-2-2019-ന് ഉച്ചയ്ക്ക് 12.00 മണിക്ക് കൂടിയ യോഗത്തിന്റെ മിനിട്ട്സാണ്. അതിലെ തീരുമാനമാണ് ഞാൻ ഇവിടെ പറയുന്നത്. ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കാര്യമായി മുന്നോട്ടുപോകാൻ പറ്റിയിട്ടില്ല എന്നുള്ള യാഥാർത്ഥ്യം നിലനിൽക്കുകയല്ലേ? ആ യാഥാർത്ഥ്യം അങ്ങ് സമ്മതിക്കുക പോലും ചെയ്യാതിരിക്കുന്നത് കഷ്ടമായിപ്പോയി എന്നുള്ളത് ഞാൻ ഓർമ്മിപ്പിക്കുകയാണ്. മന്ത്രിസഭയുടെ 3-5-2017-ലെ ക്യാബിനറ്റിന്റെ തീരുമാനമുണ്ട്. വിദേശത്തുനിന്ന് നേരിട്ട് തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനും സർക്കാർ സ്വകാര്യ കമ്പനികൾക്ക് നേരിട്ട് വിതരണം ചെയ്യുന്നതിനും ഒരു പ്രത്യേക കമ്പനി രൂപീകരിക്കുന്നതിനുവേണ്ടി തീരുമാനമെടുത്തു. അതിന്റെ അടിസ്ഥാനത്തിൽ ഒരുത്തരവ് 21-5-2018-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. ആ ഉത്തരവിൽ അങ്ങ് പ്രതിപാദിച്ച ഭാഗം ഞാൻ വീണ്ടും പറയുന്നില്ല. ആ ഉത്തരവിൽ പറഞ്ഞിട്ടുള്ളത്, സർക്കാർ ഈ സാഹചര്യം വിശദമായി പരിശോധിച്ച് സംഭരണത്തിലെ സുതാര്യത ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കിക്കൊണ്ടുള്ള നിർദ്ദേശങ്ങൾ കേരള കാഷ്യൂ ബോർഡ് സർക്കാരിന് സമർപ്പിച്ച് മുൻകൂർ അനുമതി തേടേണ്ടതാണെന്നുള്ള വ്യവസ്ഥയിൽ കേരളത്തിലെ കശുവണ്ടി വ്യവസായ മേഖലയ്ക്ക് ആവശ്യമായ തോട്ടണ്ടി ഇ-ടെണ്ടർ ഒഴിവാക്കി ഗിനിബസാവോ, ഐവറികോസ്റ്റ് തുടങ്ങിയ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും അതാത് രാജ്യങ്ങളിലെ പ്രചാരമുള്ള പ്രാദേശിക പത്രങ്ങളിൽ ഷോർട്ട് ടെണ്ടർ ക്വാട്ട് ചെയ്ത് സംഭരിക്കുന്നതിന് കാഷ്യൂ ബോർഡിന് അനുമതി കൊടുത്തിരിക്കുന്നുവെന്നാണ്. ഈ ഉത്തരവ് 21-5-2018-ന് കേരള കാഷ്യൂ ബോർഡ് ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറുടെ 8-5-2010-ലെ കത്തിന്റെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് നമ്പർ 42/2018 ആയി പുറപ്പെടുവിച്ചതാണ്. ആ ഉത്തരവിനെക്കുറിച്ച് അങ്ങ് ഇവിടെ പറഞ്ഞില്ല. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ ടെണ്ടർ വിളിക്കും. 2018-19-ൽ തോട്ടണ്ടി വാങ്ങാൻ കാഷ്യൂ ബോർഡ് പത്രപരസ്യം നൽകിയിരുന്നോ; എങ്കിൽ ഏത് പത്രത്തിലാണെന്ന് അറിയിക്കാമോ എന്ന് 11-6-2019-ന് ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അങ്ങയോട് ചോദിച്ചിരുന്നു. അങ്ങ് അതിന് നൽകിയ ഉത്തരം,

ഗിനിബസാവോയിലെ അൽട്ടിമഹോറാ, നോ പിൻച്ച, മൊസാംബിക്കിലെ ചില പത്രങ്ങൾ ഇങ്ങനെ അവിടത്തെ ചില പ്രാദേശിക ഭാഷകളിൽ പത്രപരസ്യം നൽകിയെന്നാണ് ഈ നിയമസഭയിൽ അങ്ങ് നൽകിയിരിക്കുന്ന ഉത്തരം. ഇപ്പോൾ ഇവിടെ പറഞ്ഞ മറുപടിയിൽ അങ്ങ് പറഞ്ഞു, അംബാസിഡർമാർക്ക് പോലും നിർദ്ദേശങ്ങൾ കൊടുത്തുവെന്ന്. കശുവണ്ടി വാങ്ങിക്കുന്നത് അംബാസിഡർമാരുടെ പണിയാണോ? അല്ലല്ലോ. ഗിനിബസാവോയിലെയും മൊസാംബിക്കിലെയും അംബാസിഡറാണോ കേരളത്തിനുവേണ്ടി കശുവണ്ടി കച്ചവടം നടത്തുന്നത്. അത് ഇത്തിരി കടന്ന കയ്യായിപ്പോയി. ഇത് അവരെ അവഹേളിക്കുന്നതിന് തുല്യമാണ്. അങ്ങ് വളരെ സീനിയറാണ്, ഒരിക്കലും അങ്ങയെപ്പോലുള്ള ഒരാൾ ഇത് പറയരുതായിരുന്നു. ഇവിടെ അങ്ങ് പറഞ്ഞ രണ്ട് പ്രധാനപ്പെട്ട കാര്യങ്ങളുണ്ട്. ഒന്ന്, കശുവണ്ടി കമ്പനിയുടെ പേര്, ഇന്റർനാഷണൽ ലിമിറ്റഡ് സിംഗപ്പൂർ അവരുടെ ഔട്ട് ടേൺ 46-ആണ്. അങ്ങേയ്ക്ക് കൃത്യമായി അറിയാം, പക്ഷെ ഈ സഭയിലുള്ള എല്ലാ ആളുകൾക്കും ഇത് അറിയണമെന്നില്ല. ഔട്ട് ടേൺ എന്നുപറയുന്നത് 46 ആണെങ്കിൽ സ്വാഭാവികമായിട്ട് ആ കശുവണ്ടിയുടെ ലെവൽ എന്തായിരിക്കും എന്നുള്ളത് കൃത്യമായി അറിയാവുന്നതാണ്. അതിനകത്ത് നട്ട് കൗണ്ട് പറഞ്ഞിട്ടുള്ളത് 190 ആണ്. നട്ട് കൗണ്ട് എന്ന് പറയുന്നത് എത്ര കശുവണ്ടി അതിനകത്തുണ്ട് എന്നുള്ളതാണ്. ഇതിന്റെ എണ്ണം കൂടുന്തോറും ഈ കശുവണ്ടി വളരെ ചെറുതായി കൊണ്ടിരിക്കുമെന്നുള്ളത് വളരെ കൃത്യമല്ലേ. കണക്ക് എല്ലാവർക്കുമറിയാം. നേരെ ഒറ്റയടിക്ക് നട്ട് കൗണ്ട് 190 കിട്ടില്ലേ എന്നൊക്കെ പറയുമ്പോൾ സാധാരണക്കാർക്ക് അത് ചിലപ്പോൾ പിടികിട്ടിയെന്നിരിക്കില്ല. പക്ഷെ ഇതിന്റെ സാങ്കേതികത്വം അറിയാവുന്ന മുഴുവൻ ആളുകൾക്കും ഇതറിയാം, അങ്ങേയ്ക്ക് വളരെ കൂടുതൽ അറിയാം. ലൈൻ ഓവർസീസ് പ്രൈവറ്റ് ലിമിറ്റഡ് സിംഗപ്പൂരിന്റെ ഔട്ട് ടേൺ 46, നട്ട് കൗണ്ട് 190. രണ്ടാമത്തേത് അഗ്രി കമ്മോഡിറ്റീസ് ആന്റ് ഫിനാൻസ് ലിമിറ്റഡ്, ദുബായ് അതിന്റെ നട്ട് കൗണ്ട് 200. എന്നുപറഞ്ഞാൽ ഈ കശുവണ്ടി താരതമ്യേന ചിക്കൻഗുനിയ പിടിച്ച കശുവണ്ടിയായിപോകും എന്നുള്ളത് വളരെ കൃത്യമല്ലേ. അത് ക്വാളിറ്റിയിൽ വളരെ മോശമല്ലേ. അപ്പോൾ ഈ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ എഗ്രിമെന്റ് വച്ചു. എഗ്രിമെന്റിന്റെ കോപ്പിയാണ് എന്റെ കയ്യിലുള്ളത്. ആ എഗ്രിമെന്റ് വച്ചിട്ടുള്ളത് നേരത്തെ പറഞ്ഞ ഗിനിബസാവോയിലെ അൽട്ടിമഹോറാ, നോബിച്ചാ, മൊസാംബിക്കിലെ നൊട്ടീസിയാ പയസ്, ഘാനയിലെ ഡെയിലി ഗ്രാഫിക്.

<u>മി. സ്പീക്കർ</u>: ഇത് ഏത് ഭാഷയാണ്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെയൊക്കെ ഈ പരസ്യം വന്നപ്പോൾ അതിന് ക്വാട്ട് ചെയ്തത് തഴവയിലുള്ള സഹദേവൻ പിള്ളയാണ്. അതിന് അങ്ങ് ഒരു വളഞ്ഞ വഴിയെടുത്തു. അങ്ങ് എടുത്ത വഴി എന്താണ്? അവിടെയുള്ള ആളുകളുടെ ഇവിടത്തെ റെപ്രസെന്റേറ്റീവ് ഒപ്പുവച്ചുവെന്നാണ് പറയുന്നത്. ഒരു ടേംസ് ഓഫ് എഗ്രിമെന്റ് ഉണ്ടാക്കുമ്പോൾ അതിൽ ഏജന്റ് ഒപ്പിട്ടാൽ മതിയോ? കേരള ഗവൺമെന്റുമായി അല്ലെങ്കിൽ കേരള ഗവൺമെന്റിലെ ക്യാബിനറ്റിന്റെ ഡിസിഷൻ അനുസരിച്ച് കാഷ്യു ബോർഡിനെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ആ കാഷ്യു ബോർഡ് on behalf of Kerala Government വയ്ക്കുന്ന എഗ്രിമെന്റിൽ ഒപ്പുവയ്ക്കേണ്ടത് സഹദേവൻ പിള്ളയാണോ? അല്ലല്ലോ. ഞാൻ മുഴുവൻ പേര് വായിക്കുന്നില്ല. ഈ സഭയിൽ ഈ പേര് കേട്ടാൽ അറിയാവുന്ന ധാരാളം ആളുകളുണ്ട്. ആ ആളാണ് ഒപ്പിട്ടിരിക്കുന്നത്. റെപ്രസെന്റേറ്റീവ് ഒപ്പിട്ടുകഴിഞ്ഞാൽ അതിന് എന്ത് വാലിഡിറ്റിയാണ് എഗ്രിമെന്റിലുണ്ടാകുന്നത്?. അപ്പോൾ സ്വാഭാവികമായും ചെയ്യേണ്ട നടപടികളെടുക്കാതെ വളഞ്ഞ വഴിയിലൂടെ ഇത് പോയി എന്നത് സത്യമല്ലേ. എനിക്ക് എവിടെ നിന്നാണ് ഈ വിവരം കിട്ടിയതെന്ന് അങ്ങ് ചോദിച്ചല്ലോ. അത് സ്വാഭാവികമല്ലേ, നാട്ടിൽ ജീവിക്കുന്ന ഏതൊരു മനുഷ്യനും ഇക്കാര്യത്തെക്കുറിച്ചൊക്കെ വിവരമുണ്ടാകില്ലേ. അങ്ങ് കേരള കൗമുദിയിൽ ഇത് വായിച്ചിട്ടുണ്ടാകും. അതുകൊണ്ട് അങ്ങത് ചെറുതായി പരാമർശിച്ചു. അതിൽ പറയുന്നത്, ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് തോട്ടണ്ടി ഇറക്കുമതി ചെയ്യാൻ സർക്കാർ രൂപം നൽകിയ കാഷ്യു ബോർഡുവഴി കഴിഞ്ഞ ജനുവരിയിൽ ആഫ്രിക്കൻ രാജ്യമായ മൊസാംബിക്കിൽ നിന്ന് ഇറക്കുമതി ചെയ്ത ഗുണനിലവാരമില്ലാത്ത 3056 ടൺ തോട്ടണ്ടി സംസ്കരിച്ചപ്പോൾ 17.6 കോടി രൂപ നഷ്ടം സംഭവിച്ചു എന്നാണ്. ഇത് അങ്ങ് വായിക്കാതിരിക്കില്ല. വായിക്കുമെന്ന് എനിക്ക് കൃത്യമായി അറിയാം. 2017 മേയിൽ രൂപീകരിച്ച കാഷ്യു ബോർഡ് 2018 സെപ്റ്റംബറിൽ നടത്തിയ ആദ്യ ഇടപാടിൽ വാങ്ങിയ 3100 ടൺ തോട്ടണ്ടി സംസ്കരിച്ച ഇനത്തിൽ 3 കോടി രൂപ വരെ നഷ്ടത്തിൽപ്പോയി എന്നാണ് ഇവിടെ പറഞ്ഞിട്ടുള്ളത്. ഇതുകൂടാതെ ഘാനയിൽ നിന്ന് 11000 ടൺ തോട്ടണ്ടി ഇപ്പോൾ വന്നുകൊണ്ടിരിക്കുകയാണ്. ആ എഗ്രിമെന്റിൽ ഒപ്പിട്ടിരിക്കുന്നത് ആരൊക്കെയാണെന്ന് അങ്ങേയ്ക്ക് അറിയാമല്ലോ. ഇതിന് ഫിനാൻഷ്യൽ നോംസുണ്ട്. 5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള ഒരു എഗ്രിമെന്റ് വിജിലൻസ് കമ്മീഷന്റെ തീരുമാനമനുസരിച്ച് ഇ-ടെണ്ടർ ഇല്ലാതെ വിളിക്കാൻ പറ്റുമോ? ഇവിടെ ഇ-ടെണ്ടർ വ്യത്യാസപ്പെടുത്തിയത് ആരെ രക്ഷിക്കാനാണ്? ഇ-ടെണ്ടർ ഉണ്ടായിരുന്നെങ്കിൽ നമുക്കത് പരിശോധിക്കാൻ സാധിക്കുമായിരുന്നില്ലേ.

അതിന് അങ്ങ് പറഞ്ഞത് ഇ-ടെണ്ടർ വന്നാൽ സിഗ്നേച്ചർ അറ്റസ്റ്റ് ചെയ്യേണ്ട സാങ്കേതികവിദ്യ താമസിച്ചുപോകും, അതുകൊണ്ട് ഇ-ടെണ്ടർ ഒഴിവാക്കിയെന്നാണ്. അത് കേരളത്തിൽ എവിടെയങ്കിലും ബാധകമാണോ? ഇവിടെ പൊതുമരാമത്ത് വകുപ്പുമന്ത്രിയുണ്ടല്ലോ. എല്ലാ എഗ്രിമെന്റും ഈ രൂപത്തിൽ ചെയ്യാൻ പറ്റുമോ? ഇ-ടെണ്ടർ വിളിക്കാതെ ആർക്കെങ്കിലും ഇതുപോലുള്ള വലിയ ഓർഡർ കൊടുക്കാൻ പറ്റുമോ? ആ ഓർഡർ കൊടുത്തതുകൊണ്ടാണ് നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ നിലവാരമില്ലാത്ത തോട്ടണ്ടി ഇവിടെ എത്തിയത്. അതിന്റെ അടിസ്ഥാനത്തിലാണ് 200, 190 നട്ട് കൗണ്ടുള്ള നിലവാരം കുറഞ്ഞ തോട്ടണ്ടി നമുക്ക് വന്നത്. അങ്ങത് സമ്മതിക്കുമെന്നാണ് ഞാൻ വിശ്വസിച്ചത്. കാരണം, എനിക്ക് അങ്ങയെ നന്നായിട്ടറിയാം. അങ്ങേയ്ക്ക് തെറ്റ് പറ്റിയെങ്കിൽ തെറ്റെന്ന് സമ്മതിക്കാനുള്ള മനസ്സൊക്കെയുണ്ട്. പക്ഷെ ഇത് എന്തുകൊണ്ട് അങ്ങ് സമ്മതിക്കുന്നില്ല. അതുകൊണ്ട് അത് വളരെ തെറ്റായ സമീപനമായിപ്പോയി. നമ്മുടെ നാട്ടിൽ ഏഴ് പേർ മരണമടഞ്ഞതല്ലേ. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഒരു വാക്ക് പറയാനുണ്ട്. അങ്ങ് ചില പരിശ്രമങ്ങളൊക്കെ ആദ്യം എടുത്തിരുന്നു, പക്ഷേ അതൊന്നും നടന്നിട്ടില്ല. അത് വീണ്ടും ഗുരുതരമാകുകയാണ്. മൂന്ന് ലക്ഷം തൊഴിലാളികൾ അവിടെ രക്ഷയില്ലാതെ കഴിയുകയാണ്. കശുവണ്ടി മേഖയിൽ പണി ചെയ്തുകൊണ്ടിരിക്കുന്ന പാവപ്പെട്ട തൊഴിലാളികളുടെ കൈ നോക്കിയാൽ നമുക്ക് ദുഃഖം വരില്ലേ, രണ്ട് കയ്യിലും മുഴവൻ കശുവണ്ടി കറയായിരിക്കും. അവർക്ക് ജീവിക്കാൻ മറ്റൊരു മാർഗ്ഗമില്ലാത്തതുകൊണ്ടാണ് കശുവണ്ടി ഫാക്ടറിയിൽ ജോലിക്ക് പോകുന്നത്. അവർക്ക് പണിയില്ലാതെ വന്നാൽ ഈ വരുന്ന ജൂൺ, ജൂലായ് മാസത്തിൽ അവിടെ എത്ര പട്ടിണി മരണമുണ്ടാകുമെന്ന് അങ്ങേയ്ക്ക് ആലോചിക്കാൻ കഴിയില്ലേ?

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഇത് അങ്ങേയ്ക്ക് കൃത്യമായി അറിയാവുന്ന കാര്യങ്ങളാണ്.

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, പ്ലീസ് കൺക്ലൂഡ്, സമയമായി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ നിർത്താം. അതുകൊണ്ട് ഇ-ടെണ്ടർ ഒഴിവാക്കി, കട്ടിംഗ് ടെസ്റ്റ് നടത്തുന്നതിന് ഒരു കമ്പനിയെ മാത്രമാണ് ചുമതലപ്പെടുത്തിയത്. അതുകൂടി അങ്ങ് പരിശോധിക്കണം. ദുരൂഹമായ സാഹചര്യങ്ങളാണുള്ളത്. അതുകൊണ്ട് ഇതിനെക്കുറിച്ച് അന്വേഷണം നടത്തണം.

അന്വേഷണം നടത്തി സത്യം പുറത്തുവരട്ടെ. മൂന്ന് ലക്ഷത്തിലധികം വരുന്ന തൊഴിലാളികളെയും കൊല്ലം ജില്ലയിലെ ഒരു വലിയ വിഭാഗം ജനങ്ങളെയും ഒരുപോലെ ബാധിക്കുന്ന ഗൗരവമായ ഈ പ്രശ്നത്തിന്മേൽ അന്വേഷണം നടത്തി അതിന്റെ സത്യസ്ഥിതി പുറത്തുകൊണ്ടുവരണം. അതിനുവേണ്ടിയുള്ള നടപടിയെടുക്കണം. ഇനിയും അവിടെ ആത്മഹത്യ നടക്കാതിരിക്കാനുള്ള മുൻകരുതലുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ പ്രമേയം ചർച്ചയ്ക്കെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, എനിക്ക് വളരെയധികം ബഹുമാനമുള്ളയാളാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ. പക്ഷെ അദ്ദേഹം ഇന്നിത് അവതരിപ്പിച്ചത് കേട്ടപ്പോൾ എനിക്ക് ഏറെ സഹതാപം തോന്നി. കാരണം ഒരാൾക്ക് ഉത്തമബോധ്യമുള്ള ഒരു വിഷയം അവതരിപ്പിക്കുമ്പോൾ വളരെ നന്നായി അവതരിപ്പിക്കും. എന്നാൽ അങ്ങേയ്ക്ക് ഒട്ടും ബോധ്യമില്ലാത്ത ഒരു വിഷയം അവതരിപ്പിച്ചുവെന്നുള്ളതിന്റെ തപ്പിത്തടയലാണ് ഈ അടിയന്തര പ്രമേയാവതരണത്തിൽ ഞാൻ കണ്ടത്. അങ്ങയോട് എനിക്ക് അങ്ങേയറ്റം സഹതാപമുണ്ട്. തീർച്ചയായും അങ്ങ് പറയാൻ ശ്രമിച്ചത് പലതും വസ്തുതകളുമായി യാതൊരു ബന്ധവുമില്ലാത്തതാണ്. അങ്ങ് ആർ.ബി.എസ്.-നെകുറിച്ചാണ് ആക്ഷേപം ഉന്നയിച്ചത്. ആർ.ബി.എസ്. ലോകപ്രശസ്തമായ സർവ്വേയേഴ്സാണ്. കട്ടിംഗ് ടെസ്റ്റ് നടത്തുന്നതിൽ അവരെക്കുറിച്ച് എന്തെങ്കിലും ആക്ഷേപം എവിടെയെങ്കിലും ഉണ്ടെങ്കിൽ ഒരെണ്ണം അങ്ങ് തെളിയിക്കണം. എങ്കിൽ നമുക്ക് അവരെ മാറ്റി വേറെ ആളുകളെ വയ്ക്കാം. ഇന്നുവരെ അവരുടെ കട്ടിംഗ് ടെസ്റ്റിന്റെ നിലവാരത്തെക്കുറിച്ച് ഒരിടത്തും ഒരു പരാതിയും ആരും ഉന്നയിച്ചിട്ടില്ല. ഇവർ നടത്തിയ ഒരു ടെസ്റ്റുമായി ബന്ധപ്പെട്ട് ഏതെങ്കിലും പരാതി അങ്ങ് സഭയിൽ കൊണ്ടുവരുകയോ അല്ലെങ്കിൽ വ്യക്തിപരമായി പറയുകയോ ചെയ്താൽ നമുക്കവരെ മാറ്റുന്നതിനെക്കുറിച്ച് ആലോചിക്കാം. അതുകൊണ്ട് വസ്തുതയില്ലാത്ത കാര്യങ്ങളെക്കുറിച്ച് അങ്ങ് പറയരുത്. പിന്നീട് അങ്ങ് പറഞ്ഞത്, വിദേശത്ത് ടെണ്ടർ ചെയ്തിട്ട് ഏജന്റുമാർ ഇവിടെ വന്ന് ഒപ്പ് വയ്ക്കുന്നുവെന്നാണ്. കാഷ്യൂ ബോർഡ് അംഗീകൃതമായിട്ടുള്ള സപ്ലൈയറുമായിട്ടാണ് എഗ്രിമെന്റ് ഒപ്പുവയ്ക്കുന്നത്. സപ്ലൈയറുമായി എഗ്രിമെന്റ് ഒപ്പുവയ്ക്കാൻ കഴിയാത്തതുകൊണ്ടാണല്ലോ അവരുടെ ഡെലിഗേറ്റ് ഒപ്പുവയ്ക്കുന്നത്. അതിലൊരു തഴവ സഹദേവനെക്കുറിച്ച് പറഞ്ഞു. എനിക്കറിയാവുന്ന തഴവ സഹദേവൻ ബി.ജെ.പി.-യുടെ സ്ഥാനാർത്ഥിയായിരുന്നു. ആ വ്യക്തിയെക്കുറിച്ചാണോ അങ്ങ് പറയുന്നതെന്ന് എനിക്കറിയില്ല. തഴവ സഹദേവന് ഇവിടെയെന്താണ് കാര്യമെന്ന് എനിക്കറിയില്ല. അങ്ങ് ആരെക്കുറിച്ചാണ് പറഞ്ഞതെന്ന് എനിക്ക് ഒരുപിടിയുമില്ല. വിദേശ കമ്പനികൾ അവരുടെ ഏതെങ്കിലും പ്രതിനിധികളെ കൊണ്ടുവരട്ടെ.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അങ്ങേയ്ക്ക് അറിയില്ലെന്ന് പറഞ്ഞ് ഒഴിയരുത്. ഇവിടെ ഒപ്പിട്ട എഗ്രിമെന്റാണിത് - 'സെയിൽസ് ആന്റ് പർച്ചേസ് എഗ്രിമെന്റ്'. ഞാനത് വായിക്കാം, "SNK General Trading pte limited, Tong Engineering Building, Singapore represented by its authorised representative R. Sahadevan Pillai, Kovoorayath house, SRP Market, Thazhava, Karunagappally." അതിനാൽ അങ്ങനെയൊന്നും പറയരുത്, ഇത് സഭയല്ലേ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: അതൊന്നും എനിക്ക് അറിയേണ്ട കാര്യമില്ലല്ലോ; കാഷ്യു ബോർഡ് അംഗീകൃത ഏജന്റിനെ വയ്ക്കും. പ്രതിപക്ഷ നേതാവിന് എന്താണ് ഇതിനകത്ത് ആക്ഷേപം; അംഗീകൃത ഏജന്റിന് ഒപ്പ് വയ്ക്കാവുന്നതാണ്. അതിൽ എന്താണ് ആക്ഷേപം; കാഷ്യു ബോർഡ് സപ്ലൈയറുമായി എഗ്രിമെന്റ് ഒപ്പുവയ്ക്കുമ്പോൾ അംഗീകൃത ഏജന്റിനെ അവർ authorise ചെയ്താൽ അതിലെന്താണ് നിയമപരമായ പിശക്. എന്താണെന്ന് അങ്ങ് ചൂണ്ടിക്കാട്ടണം. A or B ആരുമായിക്കൊള്ളട്ടെ, സപ്ലയറുടെ ഏജന്റ് ആരായിരിക്കണമെന്ന് സപ്ലയറാണ് തീരുമാനിക്കേണ്ടത്. അതിൽ നമുക്കെന്താണ് തർക്കം; ഇവിടെ വയ്ക്കുന്ന വ്യവസ്ഥ അവർ പാലിക്കുന്നുണ്ടോ എന്ന് മാത്രമേ കാഷ്യു ബോർഡ് നോക്കേണ്ടതുള്ളൂ. ആ സപ്ലയറുടെ ഏത് ഏജന്റ് വന്ന് ഒപ്പുവയ്ക്കുന്നു എന്നത് കാഷ്യു ബോർഡോ ഗവൺമെന്റോ അന്വേഷിക്കേണ്ട കാര്യമില്ല. അവിടെ വച്ച വ്യവസ്ഥയനുസരിച്ച് തോട്ടണ്ടി സപ്ലൈ ചെയ്തോ; ആ കരാർ അനുസരിച്ചാണോ കാര്യങ്ങൾ ചെയ്തത്; അതിന്റെ ഗുണനിലവാരം, വില എന്നീ കാര്യങ്ങളാണ് നമ്മൾ പരിശോധിക്കുന്നത്. അല്ലാതെ ഏതൊരു കമ്പനിക്കും അവർക്ക് ഇഷ്ടമുള്ള ഏജന്റിനെ വയ്ക്കാമെന്നിരിക്കേ ഏജന്റിനെ സംബന്ധിച്ച് ഇവിടെ എങ്ങനെയാണ് തർക്കം വരുന്നത്; അതിനെപ്പറ്റി പ്രതിപക്ഷനേതാവ് പറഞ്ഞത് എന്താണെന്ന് എനിക്ക് മനസ്സിലായിട്ടില്ല. അത്തരമൊരു ആക്ഷേപത്തിന് കാരണമെന്താണ്? അടിസ്ഥാനരഹിതമായ കാര്യങ്ങളാണ് പറയുന്നത്. ഏത് ഏജന്റോ വന്നോട്ടെ. നമുക്ക് ഇവിടെ എന്താണ് തർക്കം? ഇപ്പോഴാണെങ്കിൽ nut count എന്ന് പറയാൻപോലും ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണന് കഴിയുന്നില്ല. അദ്ദേഹം not count എന്ന ഏതോ ഒരു വാക്കാണ് ഉപയോഗിച്ചത്. അതാണ് ഞാൻ പറയുന്നത്, അദ്ദേഹത്തിന് ബോധ്യമില്ലാത്ത കാര്യമാണ് പറഞ്ഞു കൊണ്ടിരിക്കുന്നത്. ആരോ തെറ്റിദ്ധരിപ്പിച്ച് എന്തൊക്കെയോ വന്ന് പറയുന്ന തരത്തിലേയ്ക്കാണ് അദ്ദേഹം എത്തിയത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അങ്ങ് അങ്ങനെ പറഞ്ഞ് മിടുക്കി കളിച്ച് പോകരുത്. ഇവിടെ ഒരു രേഖ വച്ച് സംസാരിക്കുന്ന സമയത്ത് അങ്ങ് ആ രേഖയെയാണ് കൗണ്ടർ ചെയ്യേണ്ടത്. ഞങ്ങൾ ചോദിച്ച ഒരു ചോദ്യമുണ്ട്. ആ ചോദ്യത്തിൽ ഇടനിലക്കാരുണ്ടോ; ഇല്ല. അത് ഒഴിവാക്കുന്നതിനുവേണ്ടിയാണ് ക്യാബിനറ്റ് തീരുമാനിച്ചത്. ആ ഇടനിലക്കാരില്ലെന്ന് വന്ന സ്ഥലത്താണ് അങ്ങ് മിമിക്രി കളിച്ച് രക്ഷപ്പെടാൻ ശ്രമിക്കുന്നത്. അത് ഒരിക്കലും ശരിയല്ല. ചോദിച്ച ചോദ്യത്തിന് ഉത്തരം പറയണം.

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: ഒരു ഗിമ്മിക്കുമില്ല. ഈ രാജ്യത്ത് പർച്ചേസിനുള്ള വ്യവസ്ഥകൾ അനുസരിച്ചാണ് പർച്ചേസ് ചെയ്യുന്നത്. അത് പത്രത്തിൽ പരസ്യം ചെയ്തതാണ്. ആ ഏജന്റ് ക്വാട്ട് ചെയ്യുന്നതിന് അനുസരിച്ചാണ് കാര്യങ്ങൾ നടക്കുന്നത്. അതിലെന്താണ് ഗിമ്മിക്ക്; അതിലെന്താണ് തിരിമറി നടത്തേണ്ടത്? ഒരു വട്ടംചുറ്റലുമില്ല, ഒരു ഗിമ്മിക്കുമില്ല. സുതാര്യമായ മാനദണ്ഡങ്ങളും വ്യവസ്ഥകളും അനുസരിച്ചാണ് കാഷ്യു ബോർഡ് തോട്ടണ്ടി പർച്ചേസ് ചെയ്തത്. അതിലെന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ ജനാധിപത്യ വ്യവസ്ഥയിൽ നിങ്ങൾക്കെവിടെയും ചോദ്യം ചെയ്യാം. പക്ഷേ അടിസ്ഥാനരഹിതമായി അതിന് മറുപടി പറയുമ്പോൾ അങ്ങ് ഗിമ്മിക്കെന്ന് പറഞ്ഞ് രക്ഷപ്പെടാൻ ശ്രമിക്കരുത്. എല്ലാ വ്യവസ്ഥകളും മാനിച്ച് സുതാര്യമായി, കൃത്യമായ മറുപടിയാണ് ഞാൻ പറഞ്ഞത്. ഇപ്പോൾ അദ്ദേഹം പറഞ്ഞത് ഇ-ടെണ്ടർ വഴിയല്ലെന്നാണ്. ഇ-ടെണ്ടർ ആദ്യം വരാതിരുന്നത് എന്തുകൊണ്ടാണെന്ന് ഞാൻ ഇവിടെ കൃത്യമായി വിശദീകരിച്ചു. Expression of interest ഇ-ടെണ്ടർ വഴിയാണ് ചെയ്തത്. ആരെയും കിട്ടിയില്ല. എല്ലാം പരിഹരിച്ചതിനുശേഷം ഇ-ടെണ്ടറിലേയ്ക്ക് പോകാമെന്ന് വിചാരിച്ചാൽ കാലതാമസം വരും. കാര്യക്ഷമതയുടെ ഭാഗമായാണ് ബദൽമാർഗ്ഗം ഉടൻ ആലോചിച്ചത്, അതാണ് സീൽഡ് ടെണ്ടർ. സീൽഡ് ടെണ്ടറിലും ഇ-ടെണ്ടറിനെ പോലെ L1 തന്നെയേ പരിഗണിക്കുകയുള്ളൂ. L2-ഉം L1-ഉം ആയി നെഗോസിയേഷനില്ല. L1 പ്രൈസ് ഏതാണോ അത് മാത്രമേ പരിശോധിക്കുകയുള്ളൂ. അങ്ങനെയാണ് സീൽഡ് ടെണ്ടറിലേയ്ക്ക് പോയത്. ഇപ്പോൾ നമ്മൾ വീണ്ടും ഇ-ടെണ്ടറിലേയ്ക്ക് വന്നു. ഇപ്പോൾ വിദേശത്തുള്ള കമ്പനികൾക്ക് ഈ നാട്ടിലെ അവരുടെ ഡെലിഗേറ്റിനെ ആതറൈസ് ചെയ്ത ഡിജിറ്റൽ സിഗ്നേച്ചർ വന്നതുകൊണ്ട് നമ്മൾ വീണ്ടും ഇ-ടെണ്ടറിലേയ്ക്ക് വന്നു. നടപടിക്രമങ്ങൾ വളരെ സുതാര്യമായാണ് ചെയ്തത്. ഇപ്പോൾ വന്ന ഗിനിബസാവോ ടെണ്ടർ ചെയ്തത് ഇ-ടെണ്ടറിലാണ്. ഈ കാലതാമസം ഒഴിവാക്കാനാണ് സീൽഡ് ടെണ്ടർ വന്നത്. അത് ഞങ്ങൾ ചർച്ച ചെയ്താണ് കൊണ്ടുവന്നത്. അതൊരു കുറുക്കുവഴിയൊന്നുമല്ല; വളരെ സുതാര്യമായിട്ടാണ് ചെയ്തത്. ഈ സർക്കാരിനെ സംബന്ധിച്ചിടത്തോളം കശുവണ്ടി തൊഴിലാളികളെ

സംരക്ഷിക്കുകയും അവർക്ക് തൊഴിൽ കൊടുക്കുകയും ചെയ്യുകയെന്ന കാര്യത്തിൽ വളരെ നിർബന്ധമുണ്ട്. അതിന് ചെയ്യാൻ കഴിയുന്ന എല്ലാ കാര്യങ്ങളും കൃത്യമായും തുറന്ന മാർഗ്ഗനിർദ്ദേശമനുസരിച്ചും സുതാര്യമായിട്ടുമാണ് ചെയ്തിട്ടുള്ളത്. അങ്ങനെയാണ് വാങ്ങിയത്. അങ്ങ് ഇവിടെ പറഞ്ഞു, 11000 ടൺ ഇങ്ങനെ വന്നുകൊണ്ടേയിരിക്കുമെന്ന്. അത് വന്നുകൊണ്ടിരിക്കുകയല്ല, 14068 ടൺ ഇപ്പോൾ വന്നുകഴിഞ്ഞു. കാഷ്യൂ കോർപ്പറേഷന്റെ കയ്യിൽ 8515.875 മെട്രിക് ടൺ തോട്ടണ്ടി ഇപ്പോഴുണ്ട്. കാപ്പെക്സിന്റെ കയ്യിൽ 5522 ടൺ തോട്ടണ്ടിയുണ്ട്. കോർപ്പറേഷന്റെ കയ്യിൽ 79.98 കോടി രൂപയുടെയും കാപ്പെക്സിന്റെ കയ്യിൽ 51.27 കോടി രൂപയുടെയും തോട്ടണ്ടിയുണ്ട്. വരുന്ന സെപ്റ്റംബർ, ഒക്ടോബർ മാസം വരെ പ്രവർത്തിക്കാനുള്ള തോട്ടണ്ടി ഞങ്ങൾ മുൻകൂട്ടി വച്ചു. ഇവിടെ നഷ്ടത്തിന്റെ കഥ പറയുന്നു. നിങ്ങളുടെ കാലത്ത് ഒരു വർഷം കാഷ്യൂ കോർപ്പറേഷന്റെ നഷ്ടം 121 കോടി രൂപയായിരുന്നു. ഈ ഗവൺമെന്റ് വന്ന് 2016-17, 2017-18 വർഷങ്ങളിൽ 121 കോടി രൂപയിൽനിന്ന് കുറച്ചുകൊണ്ട് വരികയാണ്. ആ കുറയ്ക്കുന്നതാണോ നിങ്ങളുടെ അടിയന്തരപ്രമേയത്തിന് ആധാരമാകുന്ന വിഷയം; ഇപ്പോഴും നഷ്ടമുണ്ട്. ഇപ്പോഴത്തെ നഷ്ടം 30 കോടി രൂപയായും 19 കോടി രൂപയായും കുറയുകയാണ്. നഷ്ടത്തിന്റെ തോത് കുറച്ച് തൊഴിലാളികൾക്ക് ഒരു വർഷം 200 ദിവസവും തൊഴിൽ കൊടുക്കാൻ നടത്തുന്ന ശക്തമായ ഇടപെടലാണോ അടിയന്തരപ്രമേയത്തിന് വിഷയമാകേണ്ടത്; അതാണെനിക്ക് സംശയം. ഇപ്പോൾ നഷ്ടത്തിന്റെ തോത് കുറയുകയാണ്. നിങ്ങൾ ഇവിടെ സൂചിപ്പിച്ചു, 17 കോടി രൂപയുടെ നഷ്ടമുണ്ടായെന്ന്. അത് എവിടെ നിന്ന് കിട്ടിയ കണക്കാണെന്ന് എനിക്കറിയില്ല. കേരള കൗമുദിക്ക് എന്തും എഴുതാം, ജനാധിപത്യ വ്യവസ്ഥയിൽ ആർക്കും എന്തും എഴുതാം. അത് വസ്തുതകൾക്ക് വിധേയമാകണമെന്നതാണ് മര്യാദ. ആ മര്യാദയിലേയ്ക്കാണ് പോകേണ്ടത്. 19 കോടി രൂപയാണ് ആകെ നഷ്ടമായി ഇപ്പോൾ കാണിച്ചിരിക്കുന്നത്. അത് അന്തിമ റിപ്പോർട്ട് വരുമ്പോഴേയ്ക്കും ഇനിയും മാറാം. അതുകൊണ്ട് പരമാവധി നഷ്ടത്തിന്റെ തോത് കുറച്ച് തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽദിനം കൊടുക്കുകയെന്ന ലക്ഷ്യംവച്ചു കൊണ്ടാണ് കാഷ്യൂ ബോർഡ് രൂപീകരിച്ചത്. കഴിഞ്ഞ കാലങ്ങളിലുണ്ടായ നഷ്ടത്തിന്റെ 50 ശതമാനവും വന്നത് തോട്ടണ്ടി വാങ്ങുന്നതിലായിരുന്നു. സുതാര്യമല്ലാത്ത രീതിയിൽ തോട്ടണ്ടി വാങ്ങുകയായിരുന്നു. ആകെ 90 ദിവസം തൊഴിൽ കൊടുക്കുമ്പോൾ 121 കോടി രൂപ നഷ്ടമെന്നൊക്കെ പറയുന്നതിൽ എന്ത് ന്യായമാണുള്ളത്; ആ തരത്തിലുള്ള കൊള്ളയാണ് കഴിഞ്ഞ കാലങ്ങളിൽ നടന്നത്. ആ കൊള്ളയുടെ ഭാഗമായിട്ടാണ് സി.ബി.ഐ. അന്വേഷണം നടക്കുന്നത്. അങ്ങനെയൊരു സ്ഥിതിയിൽനിന്ന് ഈ പൊതുമേഖലാ സ്ഥാപനത്തെ രക്ഷപ്പെടുത്താൻ ഇപ്പോൾ ഞങ്ങൾ മൂന്ന് വർഷത്തിനിടയിൽ 262 കോടി രൂപ കാഷ്യൂ കോർപ്പറേഷന് കൊടുത്തുവെങ്കിലും സീസണിൽ തോട്ടണ്ടി

വാങ്ങാൻ അവരുടെ കയ്യിൽ കാശ് ഉണ്ടാകുകയില്ല. ബാങ്കുകളിൽനിന്ന് വായ്പ വാങ്ങാൻ പോയാൽ ലോകത്തിൽ ഒരു ബാങ്കും ഈ കോർപ്പറേഷന് വായ്പ കൊടുക്കുകയില്ല. അത്തരത്തിലാണ് അതിന്റെ ട്രാക്ക് റിക്കോർഡ്. ആ അവസ്ഥയിലാണ് ഈ പ്രതിസന്ധിയിൽനിന്ന് രക്ഷിക്കാൻ പുതിയ ഒരു സംവിധാനമെന്ന നിലയിൽ എസ്.പി.വി. രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചത്. അത്തരത്തിലൊരു തീരുമാനമെടുത്തത് കാര്യക്ഷമതയുടെയും പ്രതിബദ്ധതയുടെയും പ്രതിഫലനമായിട്ടാണ്. അങ്ങനെ എസ്.പി.വി. രൂപീകരിച്ച് സർക്കാർ 24.5 കോടി രൂപ ഷെയർ കൊടുത്തപ്പോൾ കാഷ്യൂ കോർപ്പറേഷനും കാപ്പെക്സും കൂടി ചേർന്ന് ഷെയർ എടുത്തിട്ടും 49.5 കോടി രൂപയുടെ ഷെയർ ഉള്ളപ്പോൾ, 124 കോടി രൂപയുടെ തോട്ടണ്ടി ഞങ്ങളിപ്പോൾ വാങ്ങി കഴിഞ്ഞു, ബാങ്കിൽനിന്ന് വായ്പ എടുത്തിട്ടാണ്. പരമാവധി ബാങ്കിന്റെ സഹായം കൂടി തേടിക്കൊണ്ട് തൊഴിലാളികൾക്ക് 200 ദിവസം തൊഴിൽ കൊടുക്കുകയെന്ന ശ്രമകരമായ ജോലി അങ്ങേയറ്റം സുതാര്യവും കാര്യക്ഷമവുമായി നടപ്പിലാക്കുമ്പോൾ, അതിൽ അസൂയ പൂണ്ട് എന്തെങ്കിലുമൊക്കെ എഴുതി പിടിപ്പിക്കുന്നത് കഷ്ടമെന്നേ എനിക്ക് പറയാനുള്ളൂ. അതുകൊണ്ട് ഏത് തരത്തിലുള്ള വസ്തുതാവിരുദ്ധമായ ആക്ഷേപങ്ങൾ ഉന്നയിച്ചാലും ഈ സർക്കാരിന്റെ ശരിയായ തീരുമാനത്തിൽനിന്നും നിലപാടിൽനിന്നും ഞങ്ങളെ പിൻതിരിപ്പിക്കാൻ നിങ്ങൾക്കാവില്ല. ഞങ്ങൾ ശക്തമായി മുന്നോട്ട് പോകുകയും കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കുകയും ചെയ്യും. അങ്ങ് പറഞ്ഞതുപോലെ, എല്ലാ ഫാക്ടറികളും പുനരുദ്ധാരണ പാക്കേജിലേയ്ക്ക് വന്നിട്ടില്ല. അതുസംബന്ധിച്ച് തീരുമാനമെടുക്കേണ്ടത് ഈ ഫെബ്രുവരി മാസത്തിലായിരുന്നു. അപ്പോഴേയ്ക്കും തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുകയും പെരുമാറ്റച്ചട്ടം നിലവിൽ വരികയും ചെയ്തു. ഇതിന്റെ ഭാഗമായി ഞങ്ങൾക്ക് ആ പാക്കേജ് കൃത്യമായി കൊണ്ടുപോകാൻ സാധിച്ചില്ല. ഇപ്പോൾ അത് വീണ്ടും ആരംഭിക്കുകയാണ്. ഈ വരുന്ന 25-ാം തീയതി ചേരുന്ന എസ്.എൽ.ബി.സി.-യിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഒരു നിലപാടെടുക്കും. 14-6-2019-ലും എസ്.എൽ.ബി.സി. യോഗം വിളിച്ചുകൂട്ടി. നിങ്ങൾ വായ്പ കൊടുത്താൽ കാഷ്യൂ ബോർഡ് സ്വകാര്യ വ്യവസായികൾക്കും തോട്ടണ്ടി കൊടുക്കുമെന്ന് ഞങ്ങൾ പറഞ്ഞിരിക്കുകയാണ്. ഇവിടെ ചോദിച്ചു, അംബാസിഡർക്ക് എന്താണ് കാര്യമെന്ന്? വിദേശരാജ്യങ്ങൾ തമ്മിലുള്ള ചർച്ചയിൽ അംബാസിഡർമാർക്ക് തീർച്ചയായും ഒരു റോളുണ്ട്. ഇന്നലെ ടാൻസാനിയൻ ഗവൺമെന്റ് കാഷ്യൂ ബോർഡിനെ അറിയിച്ചു, ഗവൺമെന്റിനെ അല്ല അറിയിച്ചത്. കഴിഞ്ഞ വർഷം അവർ ആർക്കും തോട്ടണ്ടി കൊടുത്തിട്ടില്ല. രണ്ടായിരത്തിൽ ചില്ല്വാനം ഡോളറെന്നൊക്കെ പറഞ്ഞു, ആ ഡോളറിന് താഴെ ആരും വാങ്ങാൻ പാടില്ലെന്നാണ്. കഴിഞ്ഞ വർഷം നമ്മൾ വാങ്ങിയതെല്ലാം കുറച്ചുകൂടി വില കുറച്ചാണ്. അങ്ങയുടെ അറിവിലേയ്ക്കായി ഞാൻ കൃത്യമായ വില

പറയാം. ആദ്യം വാങ്ങിയത് പെർ മെട്രിക് ടണ്ണിന് 1815 ഡോളർ വച്ചാണ്. അതേസമയം കാഷ്യൂ കോർപ്പറേഷൻ ടെണ്ടർ ചെയ്തിരുന്നു. പിന്നീടാണ് കാഷ്യൂ കോർപ്പറേഷൻ വാങ്ങൽ മാറ്റിയത്. 1915 ഡോളറായിരുന്നു അന്ന്. ആ സമയത്താണ് 100 ഡോളർ കുറഞ്ഞ് കാഷ്യൂ ബോർഡിന് ടെണ്ടർ വന്നത്. അതിനുശേഷം ഞങ്ങൾ വാങ്ങിയത് പെർ മെട്രിക് ടണ്ണിന് 1515 ഡോളർ വച്ചാണ്. ഇതെല്ലാം രണ്ട് മാസത്തെ വ്യത്യാസമാണ്. പിന്നീട് വാങ്ങിയപ്പോൾ വില കുറയുകയാണ്, 1445 ഡോളർ പെർ മെട്രിക് ടൺ, അതുകഴിഞ്ഞ് വാങ്ങുമ്പോൾ 1392 ഡോളർ ആയിരുന്നു. 2-8-2018-ൽ 1815 ഡോളർ പെർ മെട്രിക് ടണ്ണും 20-12-2018-ൽ 1515 ഡോളർ പെർ മെട്രിക് ടണ്ണും 15-2-2019-ൽ 1445 ഡോളർ പെർ മെട്രിക് ടണ്ണും 12-3-2019-ൽ 1392 ഡോളർ പെർ മെട്രിക് ടണ്ണും ആയിരുന്നു. ഏറ്റവുമൊടുവിൽ ഞങ്ങൾ വാങ്ങിയത് 5-4-2019-ലാണ്, അന്ന് 1044 ഡോളർ പെർ മെട്രിക് ടണ്ണാണ്. ഇന്റർനാഷണൽ മാർക്കറ്റിൽ ശക്തമായ സാന്നിധ്യമായി കാഷ്യൂ ബോർഡ് വന്നതോടുകൂടി വില കുറയുകയും അത് സ്വകാര്യ വ്യവസായികളെക്കൂടി സംരക്ഷിക്കുന്ന തരത്തിലേയ്ക്ക് എത്തുകയും ചെയ്തു. വില ഇങ്ങനെ ആകാശം മുട്ടെ ഉയർന്നുയർന്ന് പോകുകയായിരുന്നു. കശുവണ്ടി വ്യവസായത്തിന്റെ പ്രതിസന്ധിയുടെ ഒരു പ്രധാനപ്പെട്ട കാരണം അനിയന്ത്രിതമായ വിലക്കയറ്റമാണ്. കാഷ്യൂ ബോർഡിന്റെ സാന്നിധ്യം വില കുറയാനിടയാക്കിയെന്ന് മാത്രമല്ല ഇന്നലെ ടാൻസാനിയൻ ഗവൺമെന്റ് കേരളത്തിലെ കാഷ്യൂ ബോർഡുമായി ബന്ധപ്പെടുകയും 'ഞങ്ങളുടെ കയ്യിൽ 2 ലക്ഷം മെട്രിക് ടൺ തോട്ടണ്ടി സ്റ്റോക്കുണ്ട്, കാഷ്യൂ ബോർഡ് സഹായിക്കണം, ഒരു ഗോഡൗൺ അറേഞ്ച് ചെയ്താൽ ഞങ്ങൾ വേണമെങ്കിൽ ഇവിടേയ്ക്ക് ഇറക്കുമതി ചെയ്യാം' എന്ന് പറയുകയും ചെയ്തു. ഞങ്ങൾ സഹായിക്കണമെന്ന നിലയിലേയ്ക്ക് ഇപ്പോൾ ടാൻസാനിയൻ ഗവൺമെന്റ് വന്നിരിക്കുന്നു. അതൊരു വലിയ മാറ്റമാണ്. കഴിഞ്ഞ വർഷം ഞങ്ങൾ പഠിച്ചപണി പതിനെട്ടും നോക്കിയിട്ടും ടാൻസാനിയൻ ഗവൺമെന്റ് നേരിട്ട് നമ്മളോട് എഗ്രിമെന്റ് വയ്ക്കാൻ തയ്യാറായിരുന്നില്ല. ഉയർന്ന വിലയുമായിട്ടാണ് അവർ നിന്നത്. ഇപ്പോൾ ഗവൺമെന്റുതന്നെ സാമ്പത്തികമായ തകർച്ചയിലേയ്ക്ക് എത്തുന്നുവെന്ന് കണ്ടപ്പോഴാണ് നമ്മുടെ സഹായം വേണമെന്ന് ആവശ്യപ്പെടുന്ന തരത്തിലേയ്ക്ക് അവർ വന്നത്. ഒരു പക്ഷേ, നാളെ കശുവണ്ടി വ്യവസായത്തിന്റെ പുഷ്കല കാലത്തേയ്ക്കായിരിക്കും കാര്യങ്ങൾ പോകുന്നത്. ഞങ്ങൾ അവരെ നേരിട്ട് ക്ഷണിക്കുകയാണ്. അവർ കേരളത്തിൽ വന്ന് സംസ്ഥാന സർക്കാരുമായി ചർച്ച ചെയ്തു. സ്വകാര്യ വ്യവസായികൾക്കുകൂടി ന്യായവിലയ്ക്ക് തോട്ടണ്ടി കൊടുക്കുന്നതിൽ കാഷ്യൂ ബോർഡ് ഒരു ശക്തമായ സാന്നിധ്യമായി മാറാനാണ് പോകുന്നത്. അതിൽ ബേജാറായിട്ട് കാര്യമില്ല. സ്ഥാപിത താൽപ്പര്യക്കാരുടെ കൊള്ളലാഭം എടുക്കാനുള്ള നീക്കം പൊളിഞ്ഞതിന്റെ ഭാഗമായി കുറച്ച് അസംതൃപ്തി കൊല്ലത്ത് നിലനിൽക്കുന്നുണ്ട്. ആ അസംതൃപ്തിയുടെ

വക്താക്കളായി പ്രിയപ്പെട്ട കോൺഗ്രസ് സുഹൃത്തുക്കൾ മാറരുതെന്നാണ് എനിക്കപേക്ഷിക്കാനുള്ളത്. സർക്കാരിന്റെ നീക്കത്തെ തുരങ്കം വയ്ക്കാൻ സ്ഥാപിത താൽപ്പര്യക്കാർ നടത്തുന്ന നീക്കത്തോടൊപ്പമല്ല ബഹുമാനപ്പെട്ട പ്രതിപക്ഷം പോകേണ്ടത്. തൊഴിലാളികളുടെ പക്ഷമായിരിക്കണമെന്ന് വിനയപൂർവ്വം ഓർമ്മിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്. ഈ സാഹചര്യത്തിൽ ഇക്കാര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു കാര്യവുമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ അവതരിപ്പിച്ച കാര്യങ്ങൾക്കല്ല ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞത്. ചിരിച്ചുകൊണ്ട് കഴുത്തറുക്കുക എന്ന് കേട്ടിട്ടുണ്ട്. പക്ഷേ കണ്ണീരൊഴുക്കിക്കൊണ്ട് കഴുത്തറുക്കുന്ന വിദ്യയാണ് ബഹുമാനപ്പെട്ട ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ ഇവിടെ ഫലപ്രദമായി നടത്തിയത്. പട്ടിണിപ്പാവങ്ങളുടെ പേരിൽ കണ്ണീരൊഴുക്കിക്കൊണ്ട് അവരെ പറ്റിക്കുകയും കൊള്ളയടിക്കുകയും ചെയ്യുന്ന രീതിയാണ് ഈ സർക്കാരിനുള്ളത്. കാപട്യത്തിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് കൊല്ലത്ത് കശുവണ്ടിയുടെ പേരിൽ നടന്ന കൊള്ള. ഇത് ഗുരുതരമായ ഒരു അഴിമതി തന്നെയാണ്. സംസ്ഥാനത്തെ കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കാനെന്ന പേരിൽ, കശുവണ്ടി തൊഴിലാളികളെ സംരക്ഷിക്കാനെന്ന പേരിൽ നടന്നുകൊണ്ടിരിക്കുന്ന അഴിമതിയുടെ കഥകളാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ പറഞ്ഞത്. കാഷ്യൂ ബോർഡ് രൂപീകരിച്ചതെന്തിനായിരുന്നു; ഇടനിലക്കാരെ ഒഴിവാക്കാനാണ്. ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് സർക്കാർതന്നെ കശുവണ്ടി ഇറക്കുമതി ചെയ്യാൻവേണ്ടി എടുത്ത നടപടി ഫലപ്രദമായില്ലെന്ന് ഞങ്ങൾ വളരെ വ്യക്തമായി ഇവിടെ പറഞ്ഞില്ലേ; മൂന്ന് ഏജന്റുമാരുടെ പേര് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ ഉന്നയിച്ചു. നേരത്തെയും ഇവർ തന്നെയായിരുന്നു കശുവണ്ടി ഇറക്കുമതി ചെയ്തുകൊണ്ടിരുന്നത്. ഇപ്പോഴും അവർ തന്നെയാണ് ഇറക്കുമതി ചെയ്യുന്നത്. ഇപ്പോൾ അവർ ഒരു ഫോറിൻ കമ്പനിയുടെ റെപ്രസെന്റേറ്റീവായി മാറി എന്നുള്ളതല്ലാതെ ഇതിനകത്ത് ഒരു മാറ്റവും ഉണ്ടായിട്ടില്ല. പിന്നെ എന്തിനാണ് കാഷ്യൂ ബോർഡ് എന്നൊരു വെള്ളാനയുടെ ആവശ്യം; എന്തിനാണ് കാഷ്യൂ ബോർഡ് രൂപീകരിക്കുന്നത്? കശുവണ്ടി വികസന കോർപ്പറേഷനിലും കാപ്പെക്സിലും വലിയ അഴിമതി നടക്കുകയാണ്. എന്റെ കയ്യിൽ ഒരു പത്രമുണ്ട്.

കേരള കൗമുദി പത്രത്തെ വിശ്വാസമില്ലെങ്കിൽ, മലയാള മനോരമ പത്രമുണ്ട്. അതിൽ " കാപ്പെക്സ് തോട്ടണ്ടി ഇടപാടിൽ ഗുരുതരമായ വീഴ്ച – സി.പി.ഐ.(എം.) നേതാക്കൾക്ക് കർശന താക്കീതുമായി ശ്രീ. കോടിയേരി ബാലകൃഷ്ണൻ എ.കെ.ജി. ആസ്ഥാനത്ത് സംസ്ഥാന സെക്രട്ടറി ശ്രീ. കോടിയേരി ബാലകൃഷ്ണൻ വിളിച്ചുചേർത്ത കശുവണ്ടി മേഖലയിലെ നേതാക്കളുടെ ഫ്രാക്ഷൻ യോഗത്തിലാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ നിലപാട് വ്യക്തമാക്കിയത്" . ഇത് മലയാള മനോരമ പത്രത്തിൽ വന്ന വാർത്തയാണ്. കാപ്പെക്സിൽ നടന്ന ഗുരുതരമായ അഴിമതിയെ സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ ഉയർന്നുവന്നു. ഞാനത് മുഴുവൻ വായിക്കുന്നില്ല. അതിന്റെ ചെയർമാനെ ശാസിച്ചു, വിശദീകരണം തേടി. നേതാക്കൾക്ക് കർശന താക്കീതുമായി ശ്രീ. കോടിയേരി ബാലകൃഷ്ണൻ. കാപ്പെക്സിലും കോർപ്പറേഷനിലും ബോർഡിലും നടക്കുന്നത് ഗുരുതരമായ അഴിമതികളാണ്. ഈ അഴിമതികളെപ്പറ്റി എന്തുകൊണ്ടാണ് മിണ്ടാതിരിക്കുന്നത്. നിങ്ങൾ അഴിമതി ചെയ്താൽ അത് വിപ്ലവമാണ്, മറ്റുള്ളവർ അഴിമതി ചെയ്താൽ അത് കുറ്റമാണ്. ഇവിടെ അഴിമതിയെ ആരാണ് വെള്ള പൂശുന്നത്. പ്രാദേശികതലത്തിലുള്ള സി.പി.ഐ.(എം.)-ന്റെ ആക്ഷേപങ്ങൾ, കാപ്പെക്സിലും കശുവണ്ടി വികസന കോർപ്പറേഷനിലും ബോർഡിലും നടക്കുന്ന ഗുരുതരമായ അഴിമതിയും കൊള്ളയും പുറത്തുകൊണ്ടുവന്നതാണോ ഞങ്ങൾ ചെയ്ത കുറ്റം. ഞങ്ങളാണ് അത് ചെയ്തതെന്നാണോ പറയുന്നത്; സംസ്ഥാനത്തെ ഏറ്റവും പാവപ്പെട്ട തൊഴിലാളികളാണ് കശുവണ്ടി തൊഴിലാളികൾ, ഏകദേശം 4 ലക്ഷത്തോളം തൊഴിലാളികളുണ്ട്. അവർക്ക് വർഷംതോറും ജോലി കൊടുക്കാമെന്ന് പറഞ്ഞാണ് ഈ സർക്കാർ അധികാരത്തിൽ വന്നത്. ഞങ്ങൾ കൊടുത്തില്ല, അതുകൊണ്ടാണല്ലോ ഞങ്ങൾ ഇപ്പുറത്തിരിക്കുന്നത്. അവസാനത്തെ ആറ് മാസമേ ഞങ്ങൾ കൊടുക്കാതിരുന്നുള്ളൂ. അതിന് അതിന്റേതായ കാരണങ്ങളുണ്ട്. അതിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. എന്തുകൊണ്ട് കൊടുത്തില്ലെന്നുള്ളതിന് കാരണമുണ്ട്. വർഷത്തിൽ മുഴുവൻ ദിവസവും ജോലി കൊടുക്കുമെന്ന് നിങ്ങൾ പറഞ്ഞില്ലേ; നിങ്ങൾ എന്ത് ചെയ്തു; 700-ൽപ്പരം സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിക്കുന്നുണ്ടോ; കഴിഞ്ഞ ദിവസമല്ലേ ഇരവിപുരം എം.എൽ.എ. ഈ സഭയിൽ സബ്മിഷൻ അവതരിപ്പിച്ചത്. സ്വകാര്യ കശുവണ്ടി ഫാക്ടറികൾ ഏറ്റെടുക്കാൻ തയ്യാറുണ്ടോ എന്ന് ചോദിച്ചപ്പോൾ, ഞങ്ങൾ ആലോചിച്ചുകൊണ്ടിരിക്കുന്നു എന്നല്ലേ മന്ത്രി മറുപടി പറഞ്ഞത്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പേരിൽ തിരുവനന്തപുരം സെക്രട്ടേറിയറ്റിന് മുമ്പിൽ ഈ മന്ത്രി സത്യാഗ്രഹം നടത്തിയതാണ്. അന്ന് ഇവർ പറഞ്ഞതെന്താണ്; ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള സർക്കാർ സ്വകാര്യ മുതലാളിമാരുമായി

കള്ളക്കച്ചവടം നടത്തുന്നു; ഫാക്ടറികൾ ഏറ്റെടുക്കുന്നില്ല; ഞങ്ങൾ വന്നാൽ ഏറ്റെടുക്കുമെന്ന് പറഞ്ഞു. മൂന്ന് വർഷമായല്ലോ; നിങ്ങൾ ഏതെങ്കിലുമൊരു സ്വകാര്യ മുതലാളിയുടെ ഫാക്ടറി ഏറ്റെടുത്തോ; നിങ്ങൾ വെറുതെ ആവശ്യമില്ലാത്ത അവകാശവാദം ഇവിടെ ഉന്നയിക്കരുത്. മൂന്ന് ചെറുകിട ഫാക്ടറി ഉടമകൾ മരിച്ചു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന യോഗത്തെ സംബന്ധിച്ച് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ പറഞ്ഞു. യോഗം കൂടിയെന്നുള്ളത് ശരിയാണ്, പക്ഷേ അതിലെ പല തീരുമാനങ്ങളും നടപ്പായിട്ടില്ല. സർക്കാർ മേഖലയിലെ 40 ഫാക്ടറികൾ അടഞ്ഞുകിടക്കുന്നു. ലോക്സഭാ തെരഞ്ഞെടുപ്പിൽ ഇത് തിരിച്ചടിയാകുമെന്ന് കണ്ടുകൊണ്ടാണ് അവരെ സഹായിക്കാനെന്ന പേരിൽ ചില നടപടികളെടുത്തത്. അതിനെപ്പറ്റി ആക്ഷേപങ്ങൾ ഉയർന്നു, തൊഴിലാളികൾക്ക് പണം കൊടുത്തതിനെപ്പറ്റിയുള്ള ആക്ഷേപങ്ങൾ ഉയർന്നു. രണ്ടുമൂന്നുപേരെ സസ്പെന്റ് ചെയ്തു. ഇതൊക്കെ നടന്ന സംഭവമല്ലേ; ഇതൊക്കെ നടന്നു കൊണ്ടിരിക്കുന്ന സംഭവമല്ലേ; ഇല്ലെന്ന് പറയാൻ കഴിയുമോ; തൊഴിലാളികളുടെ പേരിൽ മറ്റുള്ളവർ പണം തട്ടിയെടുത്തു. ആഫ്രിക്കയിലെ തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നത് സംബന്ധിച്ചാണ് ഇവിടെ പറഞ്ഞത്. കേരള കൗമുദി പത്രത്തെ അങ്ങേയ്ക്ക് വിശ്വാസമില്ലായിരിക്കാം. പക്ഷേ അവർ ഒരു പരമ്പര ഇറക്കുകയുണ്ടായി. അത് പരിശോധിക്കണം; ഉത്തരവാദിത്വമുള്ള ഒരു ദിനപത്രം കേരളത്തിലെ തോട്ടണ്ടി വ്യവസായത്തെ സംബന്ധിച്ച് - 'പ്രതിസന്ധിയൊഴിയാത്ത കശുവണ്ടി വ്യവസായം, കാപ്പെക്സിലും തോട്ടണ്ടി വിവാദം, മറ്റൊരു വെള്ളാനയാകുമോ ബോർഡ് '. ഇത്തരം കാര്യങ്ങൾ ഒരു ദിനപത്രം എഴുതിയാൽ അത് പരിശോധിക്കാൻപോലും തയ്യാറല്ലാതെ ഇതെല്ലാം ഭംഗിയാണെന്ന് പറയുന്നത് ശരിയാണോ; ഇവിടെ ക്രമക്കേടുകളെപ്പറ്റി പറഞ്ഞപ്പോൾ, മന്ത്രി ചോദിക്കുന്നത് എവിടെയാണ് ക്രമക്കേട് എന്നാണ്? 2018 ഫെബ്രുവരിയിൽ മൊസാംബിക്കിൽനിന്ന് ഇറക്കുമതി ചെയ്തത് 3086 മെട്രിക് ടൺ, അതിന്റെ വില 40 കോടി രൂപയാണ്. അത് പ്രോസെസ്സ് ചെയ്തപ്പോൾ 17 കോടി രൂപയാണ് നഷ്ടം വന്നത്. 2017 സെപ്റ്റംബറിൽ ഇറക്കുമതി ചെയ്തത് 3100 മെട്രിക് ടൺ, അത് പ്രോസെസ്സ് ചെയ്തപ്പോൾ നഷ്ടം 3 കോടി രൂപ. അങ്ങനെയാണ് 20 കോടി രൂപ നഷ്ടമെന്ന് മാധ്യമങ്ങൾ പറയുന്നത്. ഞങ്ങൾക്ക് മാധ്യമങ്ങളിലൂടെ എല്ലാ വാർത്തകളും കിട്ടുമോ; അവിടെ പ്രവർത്തിക്കുന്ന ആളുകൾ പറയുമ്പോഴല്ലേ നമുക്ക് വാർത്തകൾ കിട്ടുന്നത്; ഗുണനിലവാരം കുറഞ്ഞ തോട്ടണ്ടിയാണ് മൊസാംബിക്കിൽനിന്ന് വാങ്ങിയത്. അതിന്റെ ഔട്ട് ടേൺ 46 കിലോഗ്രാം മാത്രം, 50 കിലോഗ്രാം ഔട്ട് ടേൺ ആയിരുന്നെങ്കിൽ നഷ്ടം വരില്ലായിരുന്നു. അതാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ പറഞ്ഞത്. ഒരു ചാക്ക് തോട്ടണ്ടി പ്രോസസ്സ് ചെയ്യുമ്പോൾ 23 കിലോഗ്രാം അണ്ടിപ്പരിപ്പ് കിട്ടണം. ഇവിടെ ഔട്ട്

ടേൺ 46 കിലോഗ്രാം ആയതിനാൽ ഒരു ചാക്ക് പ്രോസസ്സ് ചെയ്യപ്പോൾ 13 മുതൽ 14 കിലോഗ്രാം വരെ കിട്ടിയുള്ളൂ. അവിടെയാണ് അഴിമതി. നിങ്ങൾ ഗുണനിലവാരമില്ലാത്ത തോട്ടണ്ടി ഇറക്കുമതി ചെയ്തതോടുകൂടി ഉണ്ടായിരിക്കുന്ന നഷ്ടമാണിത്. ഗുണനിലവാരം കുറഞ്ഞ തോട്ടണ്ടി പൊതുമേഖലാ സ്ഥാപനങ്ങളായ കാപ്പെക്സിന്റെയും കശുവണ്ടി വികസന കോർപ്പറേഷന്റെയും തലയിൽ വച്ചുകെട്ടി 0.99 ശതമാനം മാർജിനെടുത്താണ് ഇങ്ങനെ ചെയ്തത്. ടണ്ണിന് 15 ഡോളർ വിലകൂട്ടി, അങ്ങനെ നഷ്ടം അവരുടെ തലയിലായി. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ശരിയാണ്. ബോർഡിന് നഷ്ടമില്ല. കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും തലയിൽ വച്ചുകെട്ടി. ഇതെല്ലാം വളരെ വ്യക്തമായിത്തന്നെ ജനങ്ങൾക്ക് ബോധ്യമുള്ള കാര്യമാണ്. ഇവിടെ മൂന്ന് എഗ്രിമെന്റുകളെക്കുറിച്ച് പറഞ്ഞു. ഈ എഗ്രിമെന്റ് വച്ചതിൽ ഒരാൾ ശ്രീ. സഹദേവൻ പിള്ളയാണ്. അദ്ദേഹം ബി.ജെ.പി.-യുടെ സ്ഥാനാർത്ഥിയല്ല, ആയിരുന്നോ എന്ന് എനിക്കറിയില്ല. ശ്രീ. സഹദേവൻ പിള്ള, തഴവ, കരുനാഗപ്പള്ളി. രണ്ടാമത്തെയാൾ ശ്രീ. എം. ബി. ചന്ദ്രബാബു, പേരൂർ, കൊല്ലം. മൂന്നാമത്തെയാളും ചന്ദ്രബാബു തന്നെയാണ്. ഇവർ തന്നെയായിരുന്നു യു.ഡി.എഫ്. സർക്കാരിന്റെ കാലത്തും തോട്ടണ്ടി ഇറക്കുമതി ചെയ്തത്. ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് നടത്താൻ പോകുന്നു; അതിനാണ് ബോർഡ് രൂപീകരിക്കുന്നതെന്ന് നിങ്ങൾ പറഞ്ഞിരുന്നു. ഇവർ തന്നെ വാങ്ങുമായിരുന്നെങ്കിൽ പിന്നെന്തിനാണ് ബോർഡ് രൂപീകരിച്ചത്; പരസ്യം നൽകാനായി എന്തിനാണ് കാശ് ചെലവാക്കിയത്? ഈ രീതിയിൽ ആളുകളെ കളിപ്പിക്കരുത്. വസ്തുതകളെ വസ്തുതകളായി കാണണം. ഇവിടെ ഇത്രയും വലിയ നഷ്ടമുണ്ടായിട്ട്, കാപ്പെക്സിലും കാഷ്യൂ കോർപ്പറേഷനിലും നടക്കുന്ന വമ്പിച്ച അഴിമതിയേയും ക്രമക്കേടുകളേയുംപറ്റി ഒരക്ഷരംപോലും മന്ത്രി മിണ്ടുന്നില്ല. ഇടനിലക്കാരെ പൂർണ്ണമായും ഒഴിവാക്കുമെന്നുള്ള നിങ്ങളുടെ വാദം പൊളിഞ്ഞിരിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ നൽകിയിരിക്കുന്ന നോട്ടീസിലോ വിശദീകരണകുറിപ്പിലോ ഒരു സ്ഥലത്തുപോലും അഴിമതിയെന്ന വാക്ക് ഉപയോഗിച്ചിട്ടില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവാണ് അഴിമതി എന്ന് പറയുന്നത്. അഴിമതി ആരോപണമാണെങ്കിൽ അത് എഴുതി കൊടുക്കണം. ബഹുമാനപ്പെട്ട മന്ത്രിക്ക് മറുപടി പറയാൻ അവസരമുണ്ടാകണം. അല്ലെങ്കിൽ ബഹുമാനപ്പെട്ട സ്പീക്കർ ഇക്കാര്യം രേഖകളിൽനിന്ന് നീക്കം ചെയ്യണം. ഇല്ലാത്ത ഒരു കാര്യം പറയരുത്. വിശദീകരണക്കുറിപ്പിലോ നോട്ടീസിലോ അഴിമതിയെന്ന

ഒരു വാക്കുപോലും ഇല്ലാതിരുന്നിട്ടും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇപ്പോൾ ആറാമത്തെ പ്രാവശ്യമാണ് അഴിമതി എന്ന വാക്കുപയോഗിക്കുന്നത്.

മി. സ്പീക്കർ: ഇക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.*

ശ്രീ. രമേശ് ചെന്നിത്തല: വാക്കൗട്ട് പ്രസംഗത്തിൽ ഞാൻ എന്ത് പറയണമെന്ന് ഞാൻ തീരുമാനിക്കും, അത് ശ്രീ. എ. കെ. ബാലൻ എനിക്ക് പറഞ്ഞുതരേണ്ട കാര്യമില്ല. നേരത്തെയുണ്ടായിരുന്ന പ്രതിപക്ഷനേതാവ് എന്തെല്ലാം പറഞ്ഞിട്ടുണ്ടെന്ന് രേഖകൾ പരിശോധിച്ചാൽ മനസ്സിലാകും. അവയൊക്കെ എന്നെക്കൊണ്ട് പറയിപ്പിക്കാനാണ് ഉദ്ദേശ്യമെങ്കിൽ ഞാനത് പറയുന്നില്ല. മാന്യതയുടെ അതിർവരമ്പ് വിട്ട് ഒരു വാക്ക് പോലും ഞാൻ എന്റെ പ്രസംഗത്തിൽ പറഞ്ഞിട്ടില്ല, പറയാറുമില്ല, ഒരിക്കലും പറഞ്ഞിട്ടുമില്ല....(ബഹളം)...

മി. സ്പീക്കർ: അഴിമതിയാരോപണം ഉന്നയിക്കുന്നുവെങ്കിൽ അക്കാര്യം എഴുതി നൽകണമെന്നുള്ളത് കീഴ്‌വഴക്കമാണ്...(ബഹളം).. അങ്ങ് കൺക്ലൂഡ് ചെയ്യൂ...(ബഹളം).. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ നൽകിയ നോട്ടീസിൽ അഴിമതിയാരോപണമില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, കശുവണ്ടി വാങ്ങുന്നതിലെ കൊള്ള അവസാനിപ്പിക്കാനാണ് കാഷ്യൂ ബോർഡ് രൂപീകരിക്കുന്നതെന്ന് ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ പറഞ്ഞു. പക്ഷെ കശുവണ്ടി വാങ്ങുന്നതിലെ കൊള്ള ശാസ്ത്രീയമാക്കുന്നതിനാണ് ബോർഡ് എന്ന് ഇപ്പോൾ എല്ലാപേർക്കും ബോധ്യമായിരിക്കുന്നു. മുൻ അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. മാരപാണ്ഡ്യനാണ് സി.എം.ഡി., അതുകൂടാതെ ഡയറക്ടർ ബോർഡ് നിറയെ ഉദ്യോഗസ്ഥൻമാരാണ്. പക്ഷെ രണ്ട് മുതലാളിമാരെക്കൂടി ഡയറക്ടറാക്കി. ഈ രണ്ട് മുതലാളിമാർ ആരൊക്കെയാണെന്ന് ഞാൻ പറയുന്നില്ല. കാഷ്യൂ ബോർഡ് ഇടനിലക്കാരില്ലാതെ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്ന് നേരിട്ട് കശുവണ്ടി വാങ്ങുമെന്ന് പറഞ്ഞെങ്കിലും അത് നടന്നില്ല. ഇതുസംബന്ധിച്ചുള്ള ഇ-ടെണ്ടർ സംസ്ഥാന സർക്കാർ ഒഴിവാക്കിയതിനെപ്പറ്റി ഇവിടെ പറഞ്ഞു. പെട്ടെന്ന് തോട്ടണ്ടി കിട്ടുകയെന്ന സദുദ്ദേശ്യത്തോടെയാണ് ക്യാബിനറ്റ് അത്തരമൊരു തീരുമാനമെടുത്തതെന്ന് ഞാൻ വിശ്വസിക്കുന്നു. അതിന്റെ മറവിൽ നടന്നുകൊണ്ടിരിക്കുന്ന കള്ളക്കളിയാണ് ഞങ്ങൾ ഇവിടെ പുറത്തുകൊണ്ടുവരുന്നത്. ഇക്കാര്യം മുഖ്യമന്ത്രി പരിശോധിക്കണം. ഗുണനിലവാരമില്ലാത്ത കശുവണ്ടി

---

* ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം (ഫയൽ നം.3403/ഇ.ബി/2019/നി.സെ) സഭാരേഖയിൽ നിലനിർത്തി.

ഇറക്കുമതി ചെയ്ത് കോടികളുടെ നഷ്ടമുണ്ടാക്കിയതിനെക്കുറിച്ച് ഞങ്ങൾ പറയുമ്പോൾ പാർലമെന്ററികാര്യ വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ അക്കാര്യത്തെക്കുറിച്ച് പഠിക്കാനെങ്കിലും തയ്യാറാകേണ്ടതല്ലേ? പെട്ടെന്ന് ആളുകൾക്ക് തൊഴിൽ നൽകാൻവേണ്ടി ക്യാബിനറ്റ് കൂടി എടുത്ത ഒരു തീരുമാനമാണിതെന്നത് ഞാൻ അംഗീകരിക്കുന്നു. ഈ തീരുമാനം സദുദ്ദേശ്യപരമാകാം. സെൻട്രൽ വിജിലൻസ് കമ്മീഷന്റെ നിർദ്ദേശമുണ്ടായിട്ടും 5 കോടി രൂപയിൽ കൂടുതൽ പർച്ചേസ് നടത്തുമ്പോൾ ഇ-ടെണ്ടർ ഒഴിവാക്കിക്കൊണ്ട് നിങ്ങളെടുത്ത നടപടി സദുദ്ദേശ്യത്തോടെയാണ്, പ്രസ്തുത ക്യാബിനറ്റ് തീരുമാനത്തെ ഞാൻ എതിർത്ത് പറയുന്നില്ല. പക്ഷേ അതിന്റെ മറവിൽ നടന്ന ഗുരുതരമായ തെറ്റും അഴിമതിയും ചൂണ്ടിക്കാണിക്കാനുള്ള അധികാരം ഞങ്ങൾക്കുണ്ട്. ഇത് സർക്കാർ പരിശോധിക്കേണ്ട കാര്യമാണ്. സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഉത്തരവിൽ പറയുന്നത്, സർക്കാർ പർച്ചേസ് വഴിയും ലോക വ്യാപാര എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് വിളിച്ചും കശുവണ്ടി സംഭരണം സാധ്യമാക്കാൻ കാഷ്യു ബോർഡ് ശ്രമം നടത്തിയെങ്കിലും ഗുണപരമായ ഫലമുണ്ടായില്ല, അതിനാൽ മൂന്ന് ലക്ഷത്തിലേറെ തൊഴിലാളികൾ പണിയെടുക്കുന്ന കശുവണ്ടി മേഖലയിലെ മുഴുവൻ പേർക്കും തൊഴിൽ നൽകുന്നതിനായി ആഫ്രിക്കയിൽനിന്നും തോട്ടണ്ടി സംഭരിക്കേണ്ടതുണ്ട്. ഗിനിബസാവോ, ഐവറികോസ്റ്റ് തുടങ്ങിയ ആഫ്രിക്കൻ രാജ്യങ്ങളിലെ കശുവണ്ടി വിളവെടുപ്പ് സീസൺ ആരംഭിച്ചിരിക്കുന്നതിനാൽ അവിടങ്ങളിൽനിന്നും അടിയന്തരമായി കശുവണ്ടി വാങ്ങണം. ഈ അടിയന്തരഘട്ടം കണക്കിലെടുത്ത് ഇ-ടെണ്ടർ ഒഴിവാക്കി ഗിനിബസാവോ, ഐവറികോസ്റ്റ് തുടങ്ങിയ ആഫ്രിക്കൻ രാജ്യങ്ങളിലെ ഭാഷാ പത്രങ്ങളിൽ ഷോർട്ട് ടെണ്ടർ നോട്ടീസ് പ്രസിദ്ധീകരിച്ച് തോട്ടണ്ടി വാങ്ങാൻ മന്ത്രിസഭ അനുവാദം നൽകി ' എന്നാണ്. ഇത്തരത്തിൽ ഗിനിബസാവോ, ഐവറികോസ്റ്റ് തുടങ്ങിയ ആഫ്രിക്കൻ രാജ്യങ്ങളിലെ ഭാഷാപത്രങ്ങളിൽ പരസ്യം നൽകിയപ്പോൾ വന്ന കരാറുകാരെല്ലാം കരുനാഗപ്പള്ളിക്കാരും തഴവക്കാരുമായി മാറിയത് എങ്ങനെയാണെന്ന സംശയം ഞങ്ങൾ ഉന്നയിക്കുന്നത് ന്യായമല്ലേ? പഴയ വീഞ്ഞ് പുതിയ കുപ്പിയിൽ എന്നപോലെ വിദേശത്ത് രജിസ്റ്റർ ചെയ്ത കമ്പനിയുടെ മറവിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തോട്ടണ്ടി സപ്ലൈ ചെയ്തവർതന്നെ ഇപ്പോഴും ടെണ്ടറിൽ പങ്കെടുത്തു. ഒടുവിൽ മൊസാംബിക്കിൽ നിന്നാണ് തോട്ടണ്ടി വാങ്ങിയത്. മെട്രിക്കിന് 1525, 1515 എന്നീ റേറ്റുകളിലാണ് വ്യാപാരം ഉറപ്പിച്ചത്. വിളവെടുപ്പ്

തുടങ്ങിയതിനാൽ ചൂടോടെ വാങ്ങണമെന്നാണ് പറഞ്ഞിരുന്നതെങ്കിലും വാങ്ങിയത് ഗോഡൗണിൽ ആർക്കും വേണ്ടാതെ കെട്ടിക്കിടന്നിരുന്ന ഗുണമേന്മയില്ലാത്ത കശുവണ്ടിയായിരുന്നുവെന്ന് മാത്രമല്ല വാങ്ങിയ കശുവണ്ടി നാട്ടിലെത്തിക്കാൻ പിന്നെയും രണ്ട് മാസത്തെ സമയമെടുത്തു. ഈ സമയത്ത് അന്താരാഷ്ട്ര മാർക്കറ്റിൽ കശുവണ്ടിയുടെ വില പിന്നെയും ഇടിഞ്ഞു. മൊസാംബിക്കിൽ കശുവണ്ടി സീസണായതിനാൽ പെട്ടെന്ന് വാങ്ങാൻ ഉദ്ദേശിച്ച് ക്യാബിനറ്റ് കൈക്കൊണ്ട തീരുമാനത്തെ അട്ടിമറിച്ചുകൊണ്ട് ഗോഡൗണിൽ കെട്ടിക്കിടന്നിരുന്ന ആർക്കും വേണ്ടാത്ത കശുവണ്ടി ഇറക്കുമതി ചെയ്തത് അഴിമതിയാണ്. ഇത്തരത്തിൽ ഗുണനിലവാരമില്ലാത്ത കശുവണ്ടി വാങ്ങുന്നത് തെറ്റായ നടപടിയാണ്. ഇതിനെപ്പറ്റി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്വേഷിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. മറ്റ് വിശദാംശങ്ങൾ ഇവിടെ പറഞ്ഞുകഴിഞ്ഞതിനാൽ അവയിലേയ്ക്ക് ഞാൻ കടക്കുന്നില്ല. നമ്മുടെ തൊഴിലാളികളെ പറ്റിക്കാൻ വേണ്ടിയുള്ള നടപടിയാണിത്. തൊഴിലാളികളുടെ മറവിൽ നടക്കുന്ന ക്രമക്കേടാണിത്. ഗുണമേന്മയില്ലാത്ത കശുവണ്ടി വാങ്ങിക്കൊണ്ടുവന്ന് വിലകൂട്ടി കാപ്പെക്സിന്റേയും കശുവണ്ടി വികസന കോർപ്പറേഷന്റേയും തലയിൽ കെട്ടിവച്ചുവെന്ന മറ്റൊരു പാതകം കൂടി ഇവർ ചെയ്തു. ടണ്ണിന് 15 ഡോളറിന്റെ ലാഭമെടുത്താണ് ആർക്കും വേണ്ടാത്ത കശുവണ്ടി ഈ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകിയത്. ഇതോടെ കാപ്പെക്സ്, കശുവണ്ടി വികസന കോർപ്പറേഷൻ എന്നിവ വലിയ നഷ്ടത്തിലേയ്ക്ക് പോകുകയാണ്. ആഫ്രിക്കയിൽനിന്നും ഇത്രയും മോശമായ കശുവണ്ടി വാങ്ങിയാൽ 17.5 കോടി രൂപയുടെ നഷ്ടമുണ്ടാകുമെന്ന് കാപ്പെക്സിന്റെ മാനേജിംഗ് ഡയറക്ടറായിരുന്ന ശ്രീ. രാജേഷ് പറഞ്ഞിരുന്നു. എന്നിട്ടും നിങ്ങളത് വാങ്ങി. അതുസംബന്ധിച്ച ഫയൽ ബഹുമാനപ്പെട്ട മന്ത്രി വയ്ക്കട്ടെ. തൊഴിലാളികളുടെ പേരിൽ വ്യക്തമായ പകൽക്കൊള്ളയാണ് നടന്നിരിക്കുന്നത്. അവർക്ക് തൊഴിൽ നൽകാനാണെന്ന് പറഞ്ഞുകൊണ്ട് കോടികളുടെ നഷ്ടമാണ് ഉണ്ടാക്കിയിരിക്കുന്നത്. കശുവണ്ടി തൊഴിലാളികളുടെ പേരിൽ മുതലക്കണ്ണീരൊഴുക്കുവാനല്ലാതെ അവർക്ക് തൊഴിൽ നൽകാനോ, കശുവണ്ടി വ്യവസായത്തെ പുഷ്ടിപ്പെടുത്താനോ സർക്കാരിന് കഴിയുന്നില്ല. ഇതിന്റെ മറവിൽ നടന്ന വെട്ടിപ്പിനെപ്പറ്റി ഒരു വിജിലൻസ് അന്വേഷണത്തിന് തയ്യാറാകണമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് പറയാനുള്ളത്. ഇക്കാര്യത്തിൽ നിലനിൽക്കുന്ന ദുരൂഹതകൾ മാറ്റാൻ തയ്യാറാകാത്ത സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

11.00 A.M.]

ഡോ. എം. കെ. മുനീർ: സർ, ഇവിടെ ഉന്നയിച്ച ആരോപണങ്ങൾ ശരിയാണ്. എ.കെ.ജി. സെന്ററിൽ ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ നേതൃത്വത്തിൽ സി.പി.ഐ.(എം.) യോഗം നടന്നു. ആ യോഗത്തിൽ ഒരു കാര്യം അദ്ദേഹം സമ്മതിക്കുന്നുണ്ട്. ഏറ്റവും വലിയ പ്രശ്നം കൊല്ലം ജില്ലയിലെ സി.പി.ഐ.(എം.)-ൽ തന്നെയാണുള്ളത്. അതുകൊണ്ട് അദ്ദേഹം പറയുന്നു, ബോർഡിനെതിരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന പരാമർശങ്ങൾ ഒഴിവാക്കാൻ നോക്കണം. ബോർഡിനെക്കുറിച്ച് ആരെങ്കിലും എന്തെങ്കിലും പ്രചരിപ്പിക്കുന്നുണ്ടെങ്കിൽ ആ പ്രചാരണം നിർത്തണമെന്നുപറയുമ്പോൾ ബോർഡിന് പ്രശ്നമുണ്ടെന്നല്ലെ അർത്ഥം. അതുപോലെ കാപ്പെക്സിനെയും അതിന്റെ ചെയർമാനെയും താക്കീത് ചെയ്യുന്ന സാഹചര്യം അവിടെയുണ്ടായി. ആരാണ് കാപ്പെക്സിന് നേതൃത്വം കൊടുക്കുന്നത്? സി.പി.ഐ.(എം.)-ന്റെ ജില്ലാ സെക്രട്ടറിയേറ്റ് അംഗമാണ് ചെയർമാൻ. കാപ്പെക്സ് തോട്ടണ്ടി വാങ്ങിയതിനെച്ചൊല്ലി കൊല്ലത്തെ സി.പി.ഐ.(എം.)-ൽ വിവാദമുണ്ടായി. ഒരു കിലോഗ്രാം നാടൻ തോട്ടണ്ടി 126.50 രൂപ നിരക്കിൽ കാസർഗോഡ് നിന്നും 10 ടൺ തോട്ടണ്ടി കാപ്പെക്സ് വാങ്ങിയതാണ് വിവാദം. അപ്പോൾ നാടൻ തോട്ടണ്ടി 126.50 രൂപയ്ക്ക് വാങ്ങിയത് വിവാദമായി. കാരണം, വിദേശത്ത് 70 രൂപ വിലയുള്ളപ്പോഴാണ് ഇത് വാങ്ങിയത്. അപ്പോൾ കാപ്പെക്സിനെതിരെ ഒരു വിവാദം നിലനിൽക്കുന്നു. അതിന് പുറമെ ബോർഡിനെതിരെ ശക്തമായിട്ടുള്ള പരാമർശങ്ങളുണ്ടായിട്ടുണ്ട്. എന്താണ് ബോർഡ് ചെയ്തിട്ടുള്ളത്? ഈ ഔട്ട് ടേൺ ഉയർത്തിക്കാട്ടി ടണ്ണിന് 1530 ഡോളർ നിരക്കിൽ തോട്ടണ്ടി വാങ്ങിയതാണ് ഭീമമായ നഷ്ടം. നിലവാരം കുറഞ്ഞ തോട്ടണ്ടിയെ നിലവാരമുള്ളതാക്കി ചിത്രീകരിച്ചു. സാധാരണ ചികഞ്ഞ് പൊളിച്ച് നോക്കിയാണ് ഔട്ട് ടേൺ നിശ്ചയിക്കുന്നത്. ഏകദേശം രണ്ട് തവണ ഇറക്കുമതി ചെയ്തതിലൂടെ 20 കോടി രൂപയുടെ നഷ്ടമാണുണ്ടായത്. 18000 ടൺ തോട്ടണ്ടി ഇനിയും വരാനിരിക്കുന്നു. ഇത്തരത്തിൽ വലിയൊരു ആരോപണം ഉന്നയിക്കപ്പെട്ട സാഹചര്യത്തിൽ ഇത് ഞങ്ങൾ പറഞ്ഞുണ്ടാക്കുന്നതാണെന്ന് ബഹുമാനപ്പെട്ട മന്ത്രി ഒരിക്കലും പറയാൻ

പാടില്ല. കശുവണ്ടി മേഖലയിൽ പ്രവർത്തിക്കുന്ന മൂന്ന് ലക്ഷത്തോളം തൊഴിലാളികളുടെ സംരക്ഷണമേറ്റെടുത്തുകൊണ്ടാണ് ബഹുമാനപ്പെട്ട മന്ത്രി അധികാരത്തിൽ വന്നത്. ആ തൊഴിലാളികൾക്ക് ഇപ്പോഴും ഗുണം ലഭിച്ചോ, ഇടത്തട്ടിൽ നിൽക്കുന്നയാളുകൾക്കല്ലാതെ തൊഴിലാളികൾക്ക് ഇതിന്റെ ഗുണം ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കണം. ഈ ബോർഡ് എന്തിന് വേണ്ടി രൂപീകരിച്ചതാണ്? മറ്റ് രണ്ട് കീരികൾ ശരിയാകില്ലെന്ന് പറഞ്ഞിട്ടാണല്ലോ ഈ ചെങ്കീരിയെ രൂപീകരിച്ചത്. ആ ചെങ്കീരി ഇപ്പോൾ വെള്ളാനയാകുകയാണെന്നുള്ളതാണ് ഓരോ സംഭവവികാസങ്ങളും സൂചിപ്പിച്ചുകൊണ്ടിരിക്കുന്നത്. മാത്രവുമല്ല, ഈ ബോർഡിൽ മറ്റുള്ളതുപോലെ തൊഴിലാളികളുടെ പ്രതിനിധിയില്ല, ഉദ്യോഗസ്ഥന്മാർ കഴിഞ്ഞാൽപ്പിന്നെ മുതലാളിമാരാണ് ഇതിലുള്ളത്. തൊഴിലാളികളുടെ വികാരം ഒരിക്കലും എവിടെയും മാനിക്കപ്പെടുന്നില്ലെന്നുള്ളതാണ് സത്യം. അതുകൊണ്ട് ഇത് വളരെ ശക്തമായൊരന്വേഷണത്തിന് വിധേയമാക്കണം. ഇത്രയുമധികം ആരോപണമുന്നയിക്കപ്പെട്ട സാഹചര്യത്തിൽ എന്തുകൊണ്ട് ബോർഡിന്റെ ഈ നീക്കത്തിനെ ഒരു വിജിലൻസ് അന്വേഷണത്തിന് വിധേയമാക്കിക്കൂടാ. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുത്തുകൊണ്ട് വിജിലൻസ് അന്വേഷണത്തിന് ഉത്തരവിടണം. മാത്രവുമല്ല, സി.പി.ഐ.(എം.) നേതൃത്വമടക്കം ചർച്ച ചെയ്തൊരു സാഹചര്യത്തിൽ തീർച്ചയായും അന്വേഷണ വിധേയമാക്കണം. ഇവിടെ മന്ത്രിയുടെ മറുപടിയിൽ നിന്ന് നമുക്ക് മനസ്സിലായി, സി.പി.ഐ.(എം.) ഈ ബോർഡിനെ സംരക്ഷിക്കുന്നതിനുവേണ്ടി തീരുമാനമെടുത്ത സാഹചര്യത്തിൽ ബോർഡിനെ ന്യായീകരിച്ചുകൊണ്ട് സംസാരിക്കണമെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രിയെ സംബന്ധിച്ചിടത്തോളം നിർബന്ധമാണ്. എന്നാൽ പാർട്ടിക്കകത്തുതന്നെ ഇതുസംബന്ധിച്ച് രണ്ടഭിപ്രായമുണ്ടെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ആ സാഹചര്യത്തിൽ സർക്കാർ ഇതിനെക്കുറിച്ച് അന്വേഷിക്കാൻ മുൻകയ്യെടുക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, കശുവണ്ടി വികസന കോർപ്പറേഷൻ തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നില്ലെന്നുള്ള ആരോപണം ഇന്നും ഇന്നലെയും തുടങ്ങിയതല്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്തും അതിശക്തമായ പ്രശ്നങ്ങളുണ്ടാകുകയും അന്വേഷണം നടത്തുകയും ചെയ്തെങ്കിലും എങ്ങുമെത്തിയില്ല. തോട്ടണ്ടി ഇറക്കുമതിയിൽ വമ്പിച്ച അഴിമതി നടക്കുന്നു, ഗുണനിലവാരം കുറഞ്ഞ തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നു. കേടായി കിടക്കുന്നതും കാലാവധി കഴിഞ്ഞതുമായ തോട്ടണ്ടി ഇറക്കുമതി ചെയ്ത് വമ്പിച്ച നഷ്ടമുണ്ടാക്കുന്നു, ഇതൊരു തുടർക്കഥയാണ്. അവിടെയുള്ള ഏതാനും ആളുകൾക്ക് കൊള്ളലാഭമുണ്ടാക്കാനുള്ള ഒരു സ്ഥാപനമായി ഇത് മാറിയിരിക്കുന്നു. എന്തോ ചീഞ്ഞ് നാറുന്നു എന്നുള്ളതിന് ഒരു സംശയവുമില്ല. മൊസാംബിക്കിൽനിന്ന് തോട്ടണ്ടി സീസൺ നോക്കി ഇറക്കുമതി ചെയ്യുമെന്ന് പറഞ്ഞിട്ട് വളരെക്കാലം പഴക്കമുള്ള തോട്ടണ്ടി ഇറക്കുമതി ചെയ്യുകയും അതെല്ലാം ഗുണനിലവാര മില്ലാത്തതാകുകയും ചെയ്യുന്നു. എന്തിനാണ് ഈ പകൽക്കൊള്ള തുടരാനനുവദിക്കുന്നത്? ഇത് അവസാനിപ്പിക്കണം. അടിയന്തരമായി വിജിലൻസ് അന്വേഷണം നടത്തണം. കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ ചർച്ച നടന്നിട്ടുണ്ട്. അത് അവസാനിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. അവിടെയുള്ള ഏതാനുമാളുകൾക്ക് കൊള്ളലാഭമുണ്ടാക്കാനുള്ള അവസരമുണ്ടാക്കുകയാണ്. അതുകൊണ്ട് ഈ കാര്യത്തിൽ വിജിലൻസ് അന്വേഷണം ഏർപ്പെടുത്തി സത്യാവസ്ഥ വെളിച്ചത്തുകൊണ്ടുവരാനും ഈ കൊള്ള അവസാനിപ്പിക്കാനും നടപടി സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, സർക്കാർ ബാങ്ക് വായ്പകളുടെ പലിശയടക്കമുള്ള കാര്യങ്ങളിൽ ഏതാനും തീരുമാനങ്ങൾ എടുത്തിരുന്നുവെന്നും അത് തെരഞ്ഞെടുപ്പിന്റെ അടിസ്ഥാനത്തിൽ നീണ്ടുപോയെന്നുമാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. തെരഞ്ഞെടുപ്പ് വരുമെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിവുള്ളതാണ്. ഇതിനകത്തൊരു കൃത്യമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നില്ലെന്നുള്ളതാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ

നിന്നും വ്യക്തമാകുന്നത്. ബഹുമാനപ്പെട്ട മന്ത്രി തന്നെ 1495-ാം നമ്പർ ചോദ്യത്തിന് മറുപടിയായി നൽകിയിരിക്കുന്നത്, ഔട്ട് ടേണിൽ കുറവുണ്ടായിട്ടുണ്ടെന്നാണ്. നേരിയ വ്യത്യാസം പോലും വലിയ രീതിയിലുള്ള നഷ്ടമുണ്ടാക്കുമെന്ന യാഥാർത്ഥ്യം നമ്മൾ തിരിച്ചറിയണം. ഇടനിലക്കാരെ ഒഴിവാക്കുന്നതടക്കമുള്ള കാര്യങ്ങളും ഇത്തരത്തിലുള്ള ഫാക്ടറികൾ ഏറ്റെടുക്കുന്ന കാര്യങ്ങളുമെല്ലാം ഇടതുപക്ഷം കഴിഞ്ഞ തെരഞ്ഞെടുപ്പ് സന്ദർഭത്തിൽപ്പറഞ്ഞ കാര്യങ്ങളാണ്. അതൊന്നും നടപ്പാക്കാൻ ഇവർക്ക് കഴിഞ്ഞിട്ടില്ല. ഇ-ടെണ്ടർ ഒഴിവാക്കിയതിനെ സംബന്ധിച്ച ആക്ഷേപങ്ങളാണ് ഇവിടെ ഉന്നയിക്കപ്പെട്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിയും സർക്കാരും ഇക്കാര്യം ഗൗരവമായിട്ടെടുക്കാൻ തയ്യാറാകണം. മൂന്ന് ലക്ഷത്തോളം വരുന്ന തൊഴിലാളികളുടെ ജീവിതം ആശങ്കയിലാണ്. ഗൗരവമേറിയ ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുകയാണ്.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പ സമയത്തിനുശേഷം സഭയിൽ വീണ്ടും ഹാജരായി.)

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഇത്തരത്തിലുള്ളൊരു കീഴ്വഴക്കം സൃഷ്ടിക്കരുതെന്നുള്ളതുകൊണ്ടാണ് ഞാൻ പറയുന്നത്. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ള അടിയന്തര പ്രമേയത്തിനുള്ള നോട്ടീസിലോ, വിശദീകരണക്കുറിപ്പിലോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ പ്രസംഗത്തിലോ ഇല്ലാത്തൊരു കാര്യം ഇവിടെ പറയാൻ ഒരവകാശവുമില്ല. മാത്രവുമല്ല, ഫലപ്രദമായിട്ടുള്ളൊരു മറുപടി ഇതുമായി ബന്ധപ്പെട്ടുകൊണ്ട് മന്ത്രി പറഞ്ഞിട്ടുണ്ട്. പ്രമേയം അവതരിപ്പിച്ച ആൾ ഈ രൂപത്തിലുള്ള ആരോപണം പറയാത്തതിന്റെ ഭാഗമായാണ് ആ ഘട്ടത്തിൽപ്പോലും മന്ത്രിക്ക് മറുപടി പറയുവാൻ അവസരം കിട്ടാതിരുന്നത്. അപ്പോൾ യഥാർത്ഥത്തിൽ ഒരു നീതിനിഷേധമാണ് ബഹുമാനപ്പെട്ട മന്ത്രിക്കിവിടെ സംഭവിച്ചിട്ടുള്ളത്. ഇത് ഒരു രൂപത്തിലും അനുവർത്തിക്കാൻ പാടില്ലാത്തതും ചട്ടവിരുദ്ധവുമാണ്. ഇത് ബഹുമാനപ്പെട്ട സ്പീക്കർ പരിശോധിക്കണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി ശ്രദ്ധയിൽപ്പെടുത്തിയ സന്ദർഭത്തിൽതന്നെ അത് പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കാമെന്ന് പറഞ്ഞിരുന്നു. അഴിമതിയാരോപണം ഉന്നയിക്കണമെങ്കിൽ മുൻകൂർ എഴുതി നൽകുകയും ബന്ധപ്പെട്ട മന്ത്രിക്ക് അതിന് മറുപടി പറയാൻ അവസരമൊരുക്കുകയും വേണം. അതുകൊണ്ട് തീർച്ചയായും അക്കാര്യം പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കും

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

## IV. ശ്രദ്ധ ക്ഷണിക്കൽ

(1) റോഡ്-പാലം പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാത്തതിനാലുള്ള നഷ്ടം

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, പൊതുമരാമത്ത് വകുപ്പിൽ വളരെ നല്ല പ്രവർത്തനങ്ങളാണ് ബഹുമാനപ്പെട്ട മന്ത്രി നടത്തുന്നത്. ഈ സർക്കാർ വന്നതിനുശേഷം നല്ല റോഡുകളുണ്ടായിയെന്ന് മാത്രമല്ല തകരാത്ത റോഡുകളുണ്ടായി എന്നതിൽ വളരെ സന്തോഷമുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെയും കിഫ്ബിയുടേതുമായി മേജർ വർക്കുകളാണ് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. 45 കോടി രൂപ മുതൽ 70 കോടി രൂപ വരെയുള്ള റോഡുകളുടെ നിർമ്മാണങ്ങളാണ് നടക്കുന്നത്. എന്റെ മണ്ഡലത്തിലും അത് നടക്കുന്നു. പലപ്പോഴും കണ്ടുവരുന്നൊരു പ്രത്യേകത, നബാർഡിന്റെയും പൊതുമരാമത്ത് വകുപ്പിന്റെയും കീഴിലുള്ള എല്ലാ റോഡുകളും BM & BC (Bituminous Macadam & Bituminous Concrete) ആയിട്ടാണ് ചെയ്യുന്നത്. എന്റെ നിയോജകമണ്ഡലത്തിൽത്തന്നെ ബഹുമാനപ്പെട്ട മന്ത്രിക്കറിയാം, അങ്ങ് തന്നെ തറക്കല്ലിട്ട് 365 ദിവസം കൊണ്ടൊരു പാലം നിർമ്മാണം പൂർത്തിയാക്കിയ കോൺട്രാക്ടുണ്ട്. അഭിനന്ദനമർഹിക്കുന്ന കാര്യമാണ്. വെള്ളപ്പൊക്കത്തിനും ചിങ്ങമാസത്തിനുംമുമ്പേ ആ പാലം പൂർത്തിയാകുകയും അത് ഉദ്ഘാടനം ചെയ്യുകയും ചെയ്തു. നല്ല വർക്ക് ചെയ്യുന്ന ധാരാളം കോൺട്രാക്ടർമാരുണ്ട്. പക്ഷേ ഇപ്പോൾ നിർമ്മാണമേറ്റെടുക്കുമ്പോൾ ബി.എം. ആന്റ് ബി.സി. വർക്കുകളാണ് എല്ലാ സ്ഥലത്തും വരുന്നത്. നിർമ്മാണമേറ്റെടുക്കുന്ന കോൺട്രാക്ടർക്ക് ഇതിനനുയോജ്യമായ ഉപകരണങ്ങളില്ല. റോഡാകട്ടെ, പാലമാകട്ടെ യാതൊരുപകരണങ്ങളും ഇല്ലാത്തയാളുകൾ വന്ന് വർക്കുകളുടെ കോൺട്രാക്ട് എടുക്കുകയാണ്. അതിനുശേഷം അവർ മറ്റുള്ളവരുടെ കയ്യിൽ നിന്ന് ഉപകരണങ്ങൾ വാടകയ്ക്ക് കിട്ടാൻവേണ്ടി അലഞ്ഞുനടക്കുകയും ധാരാളം സമയം ഇതിനുവേണ്ടി ചെലവാക്കുകയും ചെയ്യുന്നു. മാത്രമല്ല, ഗവൺമെന്റ് കോൺട്രാക്ടിൽ നിശ്ചയിക്കുന്ന നിശ്ചിത കാലാവധിവരെ നീട്ടിക്കൊണ്ട് പോകുകയും ചെയ്യുന്നു. ഇത്തരം കോൺട്രാക്ടർമാർ ചെയ്യുന്നത് ഒരു തരം തരികിട വേലയാണ്. അവർക്ക് നിർമ്മാണത്തിൽ ലാഭം കിട്ടുന്ന ഭാഗങ്ങൾ ആദ്യം ചെയ്യും. പാലമാണെങ്കിൽ

അതിന്റെ അപ്രോച്ച് റോഡ് ചെയ്യാതിരിക്കുകയും ജനങ്ങളെയും ജനപ്രതിനിധികളെയും സർക്കാരിനെയും വകുപ്പിനെയും ഉദ്യോഗസ്ഥരെയും പ്രതിസന്ധിയിലാക്കിക്കൊണ്ട് എങ്ങനെയെങ്കിലും വർക്ക് ഒപ്പിച്ചെടുക്കാനുള്ള പരിപാടിയുമായി നീങ്ങുകയും പിന്നീട് ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുമായി ഏറ്റുമുട്ടുകയും അതിനുശേഷം ഇതിന്റെ പേരിൽ കേസ് കൊടുക്കുകയും ചെയ്യുന്നു. ഞാൻ അങ്ങയോട് ചോദിച്ച ചോദ്യത്തിന് അങ്ങ് നൽകിയ ഉത്തരത്തിൽ, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിലെ പല കോൺട്രാക്ടർമാരെക്കുറിച്ചും പറയുന്നുണ്ട്. സമയത്തിന് പണി തീർക്കാതെ സ്ഥിരമായി കേസ് പറയുന്നവരുണ്ട്. പറയുന്ന സമയത്തിനുശേഷം രണ്ടുമൂന്നു വർഷം കഴിഞ്ഞാലും റോഡിന്റെയും പാലത്തിന്റെയും പണികൾ തീർക്കാതെ പോകുന്നു. എന്നിട്ട് അവർ അധികരിച്ച പണത്തിന് ഉദ്യോഗസ്ഥൻമാരെ ഭയപ്പെടുത്തി കേസ്സുകൾ കൊടുക്കുകയാണ്. ഈ കേസ്സുകളെക്കുറിച്ച് മന്ത്രി പഠിക്കണം. എന്റെ മണ്ഡലത്തിലെ പാലം ഉൽഘാടനം ചെയ്ത ദിവസം പൊതുമരാമത്ത് വകുപ്പിനെതിരെ കേസ് കൊടുക്കാൻ ഞാൻ അങ്ങയോട് പറഞ്ഞു. ഹൈക്കാടതിയിൽ മാത്രമേ സാധിക്കൂ എന്നാണ് അങ്ങ് പറഞ്ഞത്. പക്ഷേ കേരളത്തിലെ, പ്രത്യേകിച്ച് കൊട്ടാരക്കര, പത്തനാപുരം, പുല്ലൂർ തുടങ്ങിയ കോടതികളിലെല്ലാം പൊതുമരാമത്ത് വകുപ്പിനെതിരെ കേസ്സുകൾ നടക്കുകയാണ്. ഇങ്ങനെയുള്ള പല കേസ്സുകളിലും തുക അടച്ചിട്ടുണ്ട്. തക്കതായ സമയത്ത് സ്ഥിരമായി നോട്ടീസ് കൊടുക്കാത്ത ചില ആളുകളുണ്ട്. 15 ദിവസങ്ങൾക്ക് മുൻപ് അങ്ങേയ്ക്ക് ഞാനൊരു കത്ത് തന്നിരുന്നു. ആ കത്തിൽ എല്ലാ വിവരാവകാശരേഖകളുമുണ്ട്. കേരളത്തിലെ ഇത്തരം കോൺട്രാക്ടർമാരിൽ നിന്ന് രണ്ട് പേരെ തെരഞ്ഞെടുത്ത് അവരെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും അവരെടുത്ത എല്ലാ വർക്കുകളുടേയും കഴിഞ്ഞ 10 വർഷത്തെ വിവരാവകാശരേഖകളും ശേഖരിച്ച് അങ്ങേയ്ക്ക് തരികയും അങ്ങ് അന്വേഷണത്തിനായി ഉത്തരവിടുകയും ചെയ്തു. അങ്ങയുടെ മറുപടിയിൽ എന്താണ് അന്വേഷണത്തിന്റെ ഫലമെന്ന് അറിയാം. എനിക്ക് പൊതുമരാമത്ത് വകുപ്പ് തന്ന വിവരാവകാശത്തിന്റെ അടിസ്ഥാനത്തിലാണ് അങ്ങേയ്ക്ക് പരാതി നൽകിയിരിക്കുന്നത്. ഇത്തരം ആളുകളെ ബ്ലാക്ക്‌ലിസ്റ്റിൽപ്പെടുത്തണം. ബി.എം. ആന്റ് ബി.സി. വർക്കുകളിൽ പ്ലാന്റ് വയ്ക്കാൻ സ്ഥലമില്ല, പ്ലാന്റില്ല എന്നൊക്കെയാണ് പറയുന്നത്. നാട്ടുകാരുടെ മുൻപിൽ ജനപ്രതിനിധികളേയും സർക്കാരിനേയും മോശക്കാരാക്കുന്ന ചില പരിപാടികൾ നടത്തുന്ന ഇത്തരം കോൺട്രാക്ടർമാരെ കൈകാര്യം ചെയ്യുന്നതിന് കർശന നിലപാട് അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണം. ഇത്തരം കോൺട്രാക്ടർമാരെ കോൺട്രാക്ടിൽ പങ്കെടുക്കാൻ അവസരം കൊടുക്കാതിരിക്കുകയും ഇവരെ നിർബന്ധമായും ബ്ലാക്ക്‌ലിസ്റ്റ് ചെയ്യുകയും വേണം. കഴിഞ്ഞ 10 കൊല്ലത്തിനിടയിൽ വർക്കുകൾ എടുക്കുകയും സമയത്തിന് പൂർത്തിയാക്കാതിരിക്കുകയും അവരുടെ കുറ്റങ്ങൾ ഉദ്യോഗസ്ഥൻമാരുടെ തലയിൽ

കെട്ടിവച്ച് കോടതികളിൽ കേസ് കൊടുക്കുകയുമാണ് ഇവർ ചെയ്യുന്നത്. നമ്മളിൽ നിന്നും സർക്കാരിന്റെ പൊതുഖജനാവിൽ നിന്നും കൂടുതൽ പണം ഈടാക്കുന്ന ഇത്തരം ആളുകളെ പൊതുമരാമത്ത് വകുപ്പിന് ഗവൺമെന്റ് കോൺട്രാക്ടുകളിൽ ആവശ്യമില്ലെന്നു പ്രഖ്യാപിക്കാൻ ഈ സർക്കാർ ആർജ്ജവം കാണിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. അങ്ങ് സ്ഥിരം കുഴപ്പക്കാരായ ചിലരെ കരിമ്പട്ടികയിൽപ്പെടുത്തി. ചില കോൺട്രാക്ടർമാർ വളരെ തന്ത്രപരമായി പോകുകയും സർക്കാരിനേയും എം.എൽ.എ.-മാരെയും മറ്റ് പൊതുപ്രവർത്തകരെയും കരിവാരിതേയ്ക്കുകയുമാണ് ചെയ്യുന്നത്. വർക്ക് എന്താണ് നടക്കാത്തതെന്ന് ജനങ്ങൾ ചോദിക്കുമ്പോൾ ഓരോ ന്യായം പറയുകയാണ്. ഇത്തരത്തിലുള്ള വർക്കെടുത്ത ആളുകളെ ബ്ലാക്ക്‌ലിസ്റ്റ് ചെയ്യാനും ഇവർ മേലിൽ ഇതുപോലുള്ള കള്ളക്കേസ്സുകൾ കൊടുത്ത് സർക്കാരിനെ പറ്റിക്കാതിരിക്കുകയും ചെയ്യണം. കഴിഞ്ഞ കാലങ്ങളിൽ നടന്നുവന്നൊരു കീഴ്‌വഴക്കമാണിത്. ഈ സർക്കാർ ഇത്തരം പ്രവർത്തനങ്ങൾ അവസാനിപ്പിക്കാൻ മുൻകയ്യെടുക്കണം. അങ്ങേയ്ക്ക് തന്ന പരാതിയിൽ ഓരോരുത്തരും എത്ര തുക വാങ്ങിയെന്നും എത്ര തുക അധികം വാങ്ങിയെന്നും ഞാൻ പറഞ്ഞിട്ടുണ്ട്. പണി സമയത്ത് ചെയ്യാതെ കാലതാമസം വരുത്തി അധിക തുക വാങ്ങിയിട്ടുണ്ട്. അവർ കേസ് കൊടുത്തെങ്കിലും കോടതിയിൽ നല്ല രീതിയിൽ കേസ് നടന്നില്ല. ഇവർ പലകാരണങ്ങളാൽ കോടാനുകോടി രൂപ ഖജനാവിൽ നിന്ന് കൊള്ളയടിക്കുന്നത് ആവർത്തിക്കാതിരിക്കാൻ നടപടിയെടുക്കണം. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും ഇടപെട്ട് ഇത്തരം കോൺട്രാക്ടർമാരെ ഡിപ്പാർട്ട്മെന്റിന്റെ പണികളിൽ നിന്നും ഒഴിവാക്കുകയും അവരെ ബ്ലാക്ക് ലിസ്റ്റ് ചെയ്യുകയും വേണം. ഈ വിഷയമാണ് ഞാൻ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട അംഗം കെ. ബി. ഗണേഷ് കുമാർ കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഇപ്പോഴും നിയമസഭയിലും വെളിയിലും പൊതുമരാമത്ത് വകുപ്പിലെ അഴിമതിക്കെതിരെ അതിശക്തമായി നിലപാട് സ്വീകരിക്കുകയും റിപ്പോർട്ടുകൾ തയ്യാറാക്കുകയും സഭയിൽ ഈ പ്രശ്നം ഉന്നയിച്ച് വരുകയും ചെയ്യുന്നൊരാളാണ്. ഈ സർക്കാർ അങ്ങ് തന്ന സഹായത്തിന് നന്ദി പറയുകയാണ്. ഈ ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിന് മറുപടിയായി പറയാനുള്ളത്, 'Revised Kerala P.W.D. Manual 2012-standard bidding document'-ൽ നിഷ്കർഷിക്കുന്ന വ്യവസ്ഥകളനുസരിച്ചാണ് കരാറിൽ ഏർപ്പെട്ട പ്രവൃത്തിയുമായി മുന്നോട്ട് പോകേണ്ടതെന്നാണ് പറയുന്നത്. ഓരോ പ്രവൃത്തിയുടേയും പൂർത്തീകരണ കാലാവധിക്കുള്ളിൽ ചെയ്ത് തീർക്കേണ്ടതായിട്ടുണ്ട്. എല്ലാം അവസാനം ചെയ്യുകയല്ല, ഓരോ ഘട്ടം ഘട്ടമായി തീർക്കേണ്ടതിനെ ഡി.പി.ആർ.-ൽ

പറയുന്നതനുസരിച്ച് ചെയ്യേണ്ടതായിട്ടുണ്ട്. ഡിസൈനിൽ ഉണ്ടാകുന്ന മാറ്റങ്ങൾ, പ്രവൃത്തി ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥലത്തെ മണ്ണിന്റെ ഘടനയിൽ വരുന്ന മാറ്റങ്ങൾ, പ്രവൃത്തി ആരംഭിച്ചശേഷം ക്ലെയിം ഡിപ്പാർട്ട്മെന്റിൽ നിന്നും ഉദ്ദേശിക്കുന്ന മാറ്റങ്ങളെല്ലാം അടിസ്ഥാനപ്പെടുത്തി സാങ്കേതികമായി ചില പ്രവൃത്തികൾ അൽപ്പം ദീർഘിപ്പിക്കേണ്ടി വരാറുണ്ട്. എന്നാൽ ഇത് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സാർവ്വത്രികമായിരുന്നെങ്കിലും ഇപ്പോൾ വളരെ കുറഞ്ഞിട്ടുണ്ട്. ഒരുപാട് നിലപാടുകൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും പൂർണ്ണമായി മാറിയെന്ന് എനിക്ക് പറയാൻ സാധിക്കുകയില്ല. കാരണം, സൂപ്പർവൈസ് ചെയ്യുന്ന എഞ്ചിനീയർമാരുടെ കപ്പാസിറ്റി അങ്ങനെയാണ്. കോൺട്രാക്ടറെ കാണുമ്പോൾ വല്ലാതെ പേടിക്കുന്ന പാവപ്പെട്ട എഞ്ചിനീയർമാരുണ്ട്, അങ്ങനെയുള്ള പ്രദേശങ്ങളിൽ കുറച്ച് ഇടപെടേണ്ടതായിട്ടുണ്ട്. കരാറുകാരന്റെ പിഴവുകൊണ്ട് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകേണ്ടി വരുന്നതെങ്കിൽ S.B.D. (Standard Bid Document) Revised manual 2012-ലെ നിർദ്ദേശപ്രകാരം ബന്ധപ്പെട്ട കരാറിൽ നിന്നും പിഴ ഈടാക്കിവരുന്നുണ്ട്. ഏതെങ്കിലും പ്രവൃത്തി വ്യക്തമായ കാരണങ്ങളില്ലാതെ നിർത്തിവച്ചാൽ ഇതേ പി.ഡബ്ല്യൂ.ഡി. മാന്വൽ 2012 പ്രകാരം കരാറുകാരന് റിസ്ക് ആന്റ് കോസ്റ്റ് ടെർമിനേറ്റ് ചെയ്യാനും ആ കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ പുനഃക്രമീകരിക്കാനുമുള്ള നിരവധി വ്യവസ്ഥകൾ നടപ്പിലാക്കി ക്കൊണ്ടിരിക്കുകയാണ്. പ്രവൃത്തിയുടെ നിലവാരം ഉറപ്പുവരുത്തുന്നതിന് എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രാൾ ലാബുകൾ സ്ഥാപിച്ച് ത്രീ-ടയർ ക്വാളിറ്റി ടെസ്റ്റുകൾ നടത്തുകയും ചെയ്യുന്നുണ്ട്. ക്വാളിറ്റി കൺട്രോൾ മാന്വൽ പ്രകാരം കരാറുകാരുടെ ചെലവിലും മേൽനോട്ടത്തിലും പ്രവൃത്തികളുടെ ഫസ്റ്റ് ടയർ ഗുണനിലവാര പരിശോധനയും നടത്തുന്നുണ്ട്. ബന്ധപ്പെട്ട ഗുണനിലവാര പരിശോധനാ വിഭാഗം പ്രവൃത്തികൾ പരിശോധിച്ച് സെക്കന്റ് ടയർ ഗുണനിലവാര പരിശോധന നടത്തുന്നു. കൂടാതെ 5 കോടി രൂപയിൽ കൂടുതലുള്ള പ്രവൃത്തികൾ എക്സ്റ്റേണൽ ഏജൻസി എക്സ്പെർട്ടിന്റെ ത്രീ ടയർ ഗുണനിലവാര പരിശോധനയ്ക്കും വിധേയമാക്കുകയാണ്. ഇതുകൂടാതെ പ്രവൃത്തിയുടെ ബിൽ തുക നൽകുന്നതിന് ക്വാളിറ്റി കൺട്രോൾ ലാബിൽ നിന്നും സാക്ഷ്യപത്രം നിർബന്ധമാക്കിയിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റും അനാവശ്യമായ കാലാവധി ദീർഘിപ്പിക്കലും ഈ സർക്കാർ അവസാനിപ്പിച്ചതാണ്. ചില സാങ്കേതിക കാരണങ്ങളാൽ ഇത് വേണ്ടിവരുമെന്ന് കഴിഞ്ഞ ദിവസവും ധനാഭ്യർത്ഥന ചർച്ചയിൽ പറഞ്ഞിരുന്നു. റിവൈസ്ഡ് എസ്റ്റിമേറ്റ് ആവശ്യമായി വന്നാലും ക്ലെയിം ഡിപ്പാർട്ട്മെന്റിന്റെ റിക്വസ്റ്റ് കൂടി പരിഗണിച്ച് ബന്ധപ്പെട്ട വകുപ്പ്

നീട്ടിക്കൊടുക്കാൻ പറയുകയാണെങ്കിൽ Agreed P.AC.(Probable amount of contract)-ക്കകത്ത് നിർത്തിക്കൊണ്ട് അംഗീകാരം നൽകുന്നതിനാൽ നിർമ്മാണ ചെലവുകളൊന്നും കൂടാൻ അനുവദിച്ചിട്ടില്ല. അഞ്ച് കോടി രൂപയ്ക്ക് മുകളിൽ വരുന്ന പ്രവൃത്തികളെല്ലാം പ്രീ-ക്വാളിഫിക്കേഷൻ നടത്തിയാണ് ചെയ്യുന്നത്. സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റിൽ പറഞ്ഞിരിക്കുന്ന മാനദണ്ഡങ്ങൾക്ക് അനുസരിച്ചാണ് കരാറുകാരനെ തെരഞ്ഞടുക്കുന്നത്. ആവശ്യമായ നിർമ്മാണ ഉപകരണങ്ങൾ ലഭ്യമാണെന്ന് കരാറുകാരൻ രേഖകൾ സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുക്കുന്നത്. ഇതൊന്നുമില്ലെങ്കിലും അങ്ങനെ സമർപ്പിക്കുന്നുണ്ടെന്ന് അങ്ങ് പറഞ്ഞതിൽ നിന്നും മനസ്സിലാക്കുന്നു. ഇല്ലെങ്കിലും ഉണ്ടെന്ന് പറയാനായി മറ്റുള്ള കരാറുകാരുടെ സാധനങ്ങൾ ഉപയോഗിക്കുന്നതിന് ആ കരാറുകാരൻ സമ്മതിച്ചിട്ടുണ്ടാകും. എന്തായാലും ഈ മാനദണ്ഡം നിർബന്ധമാക്കിയിട്ടുണ്ട്. ചില ആളുകളാണ് അതിലും കള്ളത്തരം കാണിക്കുന്നത്. യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതെ പൂർത്തീകരണ കാലാവധി ഒന്നിലധികം തവണ നീട്ടിവയ്ക്കേണ്ട അവസ്ഥ വരുകയാണെങ്കിൽ എസ്കലേഷൻ ക്ലെയിമില്ലാതെ നിയമപരമായി ഈടാക്കി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകാറുണ്ട്. പൊതുഖജനാവിന് നഷ്ടം വരുത്തുന്ന സാഹചര്യമുണ്ടാകാറില്ല. ഈ വകുപ്പിലെ കേസിന്റെ കാര്യത്തിൽ പല ഗവൺമെന്റ് പ്ലീഡർമാരും കോടതിയിൽ വന്ന് നമുക്ക് അനുകൂലമായി വാദിക്കുന്നില്ല. എന്റെ കയ്യിൽ മൂന്നുനാല് കേസ്സുകളുണ്ട്. കാബിനറ്റിൽ തന്നെ ചർച്ച ചെയ്ത കാര്യമാണ്. അവരെയെല്ലാം ഒഴിവാക്കുകയും മനസ്സിലാക്കുകയും ചെയ്ത് ഒരുകാലത്തും ഇല്ലാത്ത തരത്തിൽ ഗവൺമെന്റ് പ്ലീഡർമാരുടെ ക്വാളിറ്റി വർദ്ധിപ്പിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. അതുപോലെ കേസ് കൊടുക്കുന്ന രീതി, മജിസ്ട്രേറ്റ് കോടതിയിൽ കേസ് കൊടുക്കാൻ യാതൊരു അധികാരവും ഇല്ല. എങ്ങനെ കേസ് കൊടുക്കും? പാർലമെന്റും നിയമസഭയും പാസ്സാക്കിയ നിയമങ്ങളുടെ പേരിൽ എങ്ങനെ മജിസ്ട്രേറ്റ് കോടതിയിൽ കേസ്സ് നിലനിൽക്കും? ആ മജിസ്ട്രേറ്റ് കാണിക്കുന്നത് തോന്ന്യാസമാണ്. അതൊരു എക്സ്പാർട്ടി സ്റ്റേയാണ്. നമ്മൾ പറയുമ്പോൾ അത് ഒഴിവാക്കുകയാണ്, നമ്മുടെ മൂന്ന് മാസം കളഞ്ഞു. ഇത് സാർവ്വത്രികമായി നടക്കുകയാണ്. ഇത് ഉന്നത നിയമവൃത്തങ്ങളിൽ അറിയിക്കണമെന്ന കാര്യം നമുക്ക് ആലോചിച്ച് തീരുമാനിക്കാം. ബഹുമാനപ്പെട്ട മജിസ്ട്രേറ്റിന് എന്ത് അധികാരമാണ്? പാർലമെന്റും സംസ്ഥാന നിയമസഭയും പാസ്സാക്കിയ നിയമത്തിന് ഏത് മജിസ്ട്രേറ്റിന് സ്റ്റേ കൊടുക്കാൻ കഴിയും? അങ്ങനെ കൊടുക്കുന്നത് അദ്ദേഹത്തിന്റെ അശ്രദ്ധകൊണ്ടുള്ള കാര്യമാണ്, അതിലേയ്ക്ക് ഞാൻ കടക്കുന്നില്ല. നിയമപരമല്ലാത്തതുകൊണ്ട് മറുഭാഗം കേസ്സ് കൊടുക്കുമ്പോൾ

കളയുകയും ചെയ്യുന്നുണ്ട്. പത്തനാപുരം, കൊട്ടാരക്കര ഭാഗത്ത് നല്ലനിലയിൽ പണിചെയ്ത റോഡുകൾ ഇപ്പോൾ മോശമായിട്ടുണ്ട്. കേരള ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഫണ്ട് ബോർഡിന്റെ 2 റോഡുകൾ, ഒരു നാഷണൽ ഹൈവേ റോഡ് എന്നിവയുടെ പ്രവൃത്തിയിൽ കാലതാമസവും മറ്റു കുഴപ്പങ്ങളും അപാകതകളും ക്വാളിറ്റി കുറവും ഉണ്ടായിട്ടുണ്ട്. കിഫ്ബിയിൽ നിന്ന് പോയി പരിശോധിച്ച് കറക്ഷൻ പറഞ്ഞിട്ടും അവർ കേട്ടില്ല. സോഷ്യൽ ആഡിറ്റിന്റെ ഭാഗമായി നാട്ടുകാർ പരാതി പറഞ്ഞു. 3 ചീഫ്എഞ്ചിനീയർമാരെ വിട്ട് അന്വേഷിച്ചു. 3 പേരും കുഴപ്പമുണ്ടെന്ന് പറഞ്ഞു. ഈ പ്രവൃത്തിയിൽ ഉൾപ്പെട്ട 9 പേരെയും സസ്പെന്റ് ചെയ്തു. അവിടത്തെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർമാർ എന്നിവർ ഈ കോൺട്രാക്ടർമാർക്ക് ഒരു നോട്ടീസ് പോലും കൊടുത്തിട്ടില്ല. അങ്ങയുടെ മണ്ഡലത്തിലല്ല, അടുത്തുള്ള മണ്ഡലങ്ങളിൽ അങ്ങ് പറഞ്ഞ പ്രശ്നങ്ങൾ വന്നു. 9 ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യേണ്ടതായി വന്നു. അവരെ തിരിച്ചെടുക്കാം. ഇത്തരത്തിലുള്ള കാര്യങ്ങളിൽ സർക്കാർ ശക്തമായ നിലപാട് എടുക്കുന്നുണ്ട്. ടെണ്ടർ നിയമത്തിൽ അപാകതയുണ്ടെന്ന് ഇന്നലെ ഇവിടെ പറഞ്ഞുകഴിഞ്ഞതാണ്. കാരണം, രണ്ട് വർക്കുകളുടെ ടെണ്ടർ പിടിച്ച് അത് ചെയ്യാതെ മൂന്നാമത്തെ വർക്ക് പിടിക്കുകയാണ്. ഈ പ്രശ്നം അതീവ ഗുരുതരമാണ്. ഞാൻ ഉദാഹരണവും പറഞ്ഞു. കുട്ടനാട്ടിലെ രണ്ട് പാലങ്ങൾ നിർമ്മിക്കാൻ ഒരു കമ്പനി 110 കോടി രൂപയ്ക്ക് ടെണ്ടർ എടുത്തിട്ട് അത് ചെയ്തില്ല. കേരളത്തിലെ ഏറ്റവും വലിയ പാലമായ പെരുമ്പടപ്പ് നിന്നും ചേർത്തല വരെയുള്ള പാലത്തിന്റെ പണി പിടിച്ചിരിക്കുകയാണ്. ലോവസ്റ്റ് ബിഡ്ഡാണ് ക്വാട്ട് ചെയ്തത്. ചീഫ് എഞ്ചിനീയർ ബ്രിഡ്ജസും ചീഫ് എഞ്ചിനീയർ റോഡ്സും കമ്മിറ്റിയിൽ ഇല്ലാതിരുന്ന സമയത്താണ് ഇത് അജണ്ടയിൽ വന്നത്. അതുകൊണ്ട് അത് പാസ്സാക്കിയില്ല. ടെണ്ടർ തുക ലോവസ്റ്റ് ആകുന്നത് മാത്രമാണോ ക്വാളിഫിക്കേഷൻ, പാലം പണിയാനുള്ള തുക അയാൾ ക്വാട്ട് ചെയ്തിട്ടുണ്ടോ; പാലാരിവട്ടം പാലം പോലെയാകില്ലേ എന്ന് ഞാനവരോട് ചോദിച്ചു. ലോ ലെവലിൽ ടെണ്ടർ പിടിച്ചു, എന്നിട്ട് അതൊന്നും ചെലവഴിച്ചില്ല. ടെണ്ടർ വ്യവസ്ഥകളിൽ മാറ്റം വരുത്തേണ്ടതുണ്ട്. അതിനുവേണ്ടി ഒരു വർക്ക്ഷോപ്പ് നടത്തുന്നുണ്ട്. അക്കാര്യം ഗൗരവമായി ആലോചിക്കുകയാണ്. എല്ലാം കുറ്റമറ്റതാക്കണം, മൂന്ന് വർഷംകൊണ്ട് ഇത്രയും മാത്രമേ ചെയ്യാൻ സാധിച്ചുള്ളൂ. ഇത്രയും ചെയ്തതിനെ സ്വാഗതം ചെയ്തിട്ടുണ്ട്. ഇനിയും കൂടുതൽ ചെയ്യാൻ സാധിക്കും. അങ്ങയുടെ ശ്രദ്ധ ക്ഷണിക്കൽ പ്രമേയത്തെ പൂർണ്ണമായും സർക്കാർ അംഗീകരിക്കുകയാണ്. എല്ലാ സാമാജികരുടെയും പിന്തുണകൊണ്ട് ബാക്കി പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയും. ഗൗരവമായി ഇക്കാര്യങ്ങളിൽ മാറ്റം വരുത്താൻ ശ്രമിക്കുമെന്ന് അറിയിച്ചുകൊള്ളുന്നു.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: അങ്ങയുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർക്ക് കൊടുത്ത ആത്മവിശ്വാസം വളരെ നല്ലതാണ്. കാരണം ഉദ്യോഗസ്ഥർക്ക് കോൺട്രാക്ടറുടെ പേരിൽ ഇപ്പോൾ നോട്ടീസ് കൊടുക്കാൻ ഭയമില്ല. ഈ സർക്കാർ വന്നതിനുശേഷം വളരെ മാറിയിട്ടുണ്ട്. അഴിമതിക്കാരെയും കുഴപ്പക്കാരെയും ഗവൺമെന്റ് പ്രോൽസാഹിപ്പിക്കില്ല എന്നറിയാവുന്നതുകൊണ്ട് വളരെ ശക്തമായി ഉദ്യോഗസ്ഥന്മാർ നോട്ടീസ് കൊടുക്കുന്നുണ്ട്. എന്നാൽ മന്ത്രി പറഞ്ഞതിൽ ഒരു കാര്യമുണ്ട്, പല പരാതികളുടെയും പിറകിൽ ഇത്തരം കോൺട്രാക്ടർമാരുണ്ട്. ഉദ്യോഗസ്ഥർക്ക് പെട്ടെന്ന് ഒരു സസ്പെൻഷൻ വാങ്ങിക്കൊടുക്കാൻ പറ്റുമോയെന്ന് പലരും നോക്കുന്നുണ്ട്. അക്കാര്യം മന്ത്രി ശ്രദ്ധിക്കണം. കാരണം, സസ്പെൻഷൻ നടപടികളിലേയ്ക്ക് കടക്കുന്നതിനുമുമ്പ് ശ്രദ്ധിച്ചില്ലെങ്കിൽ ചിലപ്പോൾ നിരപരാധികളായ ആളുകൾ ശിക്ഷിക്കപ്പെടും. ഞാൻ ഒരിക്കൽ ഒരു കേസ് അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവന്നത് അപ്പോൾത്തന്നെ അങ്ങ് പരിഹരിച്ചു. അക്കാര്യം അങ്ങ് ആദ്യം വിശ്വസിച്ചെങ്കിലും ഞാൻ സത്യം ബോധ്യപ്പെടുത്തിയപ്പോൾ അങ്ങത് പരിഹരിച്ചു. നല്ല കാര്യമാണ്. കോൺട്രാക്ടർമാർ ഒന്നും രണ്ടും വർക്കുകൾ ഏറ്റെടുത്തതിനുശേഷം അവ പൂർത്തിയാക്കാതെ മറ്റ് വർക്കുകൾ ഏറ്റെടുക്കാൻ അനുവദിക്കാത്ത തരത്തിൽ നിയമഭേദഗതി കൊണ്ടുവരാൻ സർക്കാർ തീരുമാനിക്കുമോ? കിറ്റ്കോ പോലുള്ള ഏജൻസികൾ പ്ലാൻ തയ്യാറാക്കുന്നതിന് പുറത്തുള്ളവരെ ഏൽപ്പിക്കുന്നു, അത് കിഫ്ബിയിലുമുള്ള ഒരു കാര്യമാണ്. അത് തടയണം. പി.ഡബ്ല്യൂ.ഡി.-യിൽ 1800-ലധികം എഞ്ചിനീയർമാരുണ്ടെന്നാണ് പറഞ്ഞത്. അവർ കഴിവുള്ളവരാണ്. പ്ലാൻ തയ്യാറാക്കുന്നത് മറ്റ് ഏജൻസികൾക്ക് നൽകുന്നത് നിർത്തലാക്കി പി.ഡബ്ല്യൂ.ഡി.-യിൽ തന്നെ നല്ല രീതിയിൽ ഡിസൈൻ ചെയ്യുന്നതിനുള്ള സംവിധാനമുണ്ടാക്കണ മെന്നാണ് അഭ്യർത്ഥിക്കുന്നത്. ഒരു പ്രോജക്ട് കൊടുത്താൽ ചീഫ് എഞ്ചിനീയർ വരെ അപ്രൂവ് ചെയ്യും. പിന്നെ കിഫ്ബിയിലെ ഒരു അസിസ്റ്റന്റ് എഞ്ചിനീയർ പോയി അത് വേണോ വേണ്ടേയെന്ന് തീരുമാനിക്കും. ഇത്തരത്തിലുള്ള കാര്യങ്ങളിൽ ശക്തമായ ഇടപെടലുണ്ടാകുമോ; പ്ലാൻ തയ്യാറാക്കുന്നത് പുറത്ത് കൊടുക്കുന്നത് നിർത്തി പി.ഡബ്ല്യൂ.ഡി.-യിൽത്തന്നെ നല്ല രീതിയിൽ ഡിസൈൻ ചെയ്യാൻ സാധിക്കുമോ; പാലാരിവട്ടം പാലം നിർമ്മിച്ചതുപോലുള്ള ഏജൻസികളെ പ്രോൽസാഹിപ്പിക്കാതിരിക്കാൻ ശക്തമായ നടപടിയുണ്ടാകുമോ?

ശ്രീ. ജി. സുധാകരൻ: എല്ലാം പരിശോധിച്ച് നിയമത്തിന്റെ പരിധിയിൽനിന്ന് ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുന്ന കാര്യം സർക്കാരിന്റെ സത്വര പരിഗണനയിലാണ്.

(2) എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിലെ നിലവാരത്തകർച്ചയും തൊഴിലില്ലായ്മയും

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, കേരളത്തിന്റെ ഭാവിയെ സംബന്ധിക്കുന്ന ഒരു പ്രധാനപ്പെട്ട വിഷയമാണ് ഞാനിന്ന് സഭയിലുന്നയിക്കുന്നത്. അതിലേയ്ക്ക് എത്തുന്നതിനുമുമ്പ് ഞാൻ എന്റെ മണ്ഡലത്തിലെ ഒരു കുടുംബത്തിന്റെ കാര്യം പറയാം. അച്ഛനും അമ്മയ്ക്കും സ്ഥായിയായ വരുമാനമില്ല, സർക്കാർ ജോലിയില്ല. മകൾ പ്ലസ് ടു വലിയ കുഴപ്പമില്ലാത്ത മാർക്ക് നേടി പാസ്സായപ്പോൾ വീട്ടിനടുത്തുള്ള ഒരു എഞ്ചിനീയറിംഗ് കോളേജിൽ ആ കുട്ടി വിദ്യാഭ്യാസ വായ്പ എടുത്ത് പഠിച്ചുതുടങ്ങി. നാലുവർഷം എഞ്ചിനീയറിംഗ് പഠിച്ചു. ബാക്ക് പേപ്പറുണ്ടായിരുന്നില്ല. നാലുവർഷം പഠനം പൂർത്തിയായിക്കഴിഞ്ഞ് ഇപ്പോൾ ഏകദേശം രണ്ടുവർഷമായിട്ടും ആ കുട്ടിക്ക് ഒരു ജോലി ലഭിച്ചിട്ടില്ല. വിദ്യാഭ്യാസ വായ്പയുടെ തിരിച്ചടവുമായി ബന്ധപ്പെട്ട പ്രശ്നംകൊണ്ട് എം.എൽ.എ. ഓഫീസിൽ നിരന്തരം ആ കുടുംബം വന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ ആ കുട്ടി എന്റെ മണ്ഡലത്തിൽതന്നെയുള്ള ഒരു പി.എസ്.സി. കോച്ചിംഗ് സെന്ററിൽ ലാസ്റ്റ് ഗ്രേഡ് ജോലിയെങ്കിലും നേടുന്നതിനുള്ള ട്രെയിനിംഗ് നടത്തിക്കൊണ്ടിരിക്കുകയാണ്. കേരളത്തിലെ എല്ലാ സ്ഥലങ്ങളിലും, നമ്മുടെയെല്ലാവരുടെയും നിയോജക മണ്ഡലങ്ങളിലും ഇത്തരത്തിലുള്ള കഥകളുടെ എണ്ണം വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന് ഏറ്റവും മുന്നിൽനിന്ന ഒരു സംസ്ഥാനമായിരുന്നു കേരളം. 1951-ലാണ് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഐ.ഐ.ടി. എന്ന ആശയം ബംഗാളിലെ ഖരഖ്പൂരിൽ തുടങ്ങിയത്. 1951-ൽ ഐ.ഐ.ടി. ഖരഖ്പൂരിൽ തുടങ്ങുന്നതിനുമുമ്പ് 1939-ൽ തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിന്റെ പ്രവർത്തനം ആരംഭിച്ചതാണ്. ആ തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ 2005-ൽ ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് പാസ്സായ ഒരു വിദ്യാർത്ഥി എന്ന അഭിമാന ബോധത്തോടുകൂടിയാണ് ഞാൻ ഈ കാര്യം പറയുന്നത്. പക്ഷെ അവിടെനിന്ന് ഇന്ന് കേരളത്തിലെ എഞ്ചിനീയറിംഗ് വിദ്യാഭ്യാസം എവിടെയെത്തി എന്നുള്ള കാര്യം നമ്മൾ പഠിക്കേണ്ടതാണ്. ഇന്ന് കേരളത്തിലുള്ള 50 യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് കോളേജുകളും ഏകദേശം 120 പ്രൈവറ്റ് എഞ്ചിനീയറിംഗ് കോളേജുകളും നോക്കുകയാണെങ്കിൽ 2018-ൽ 25.470 (ഏകദേശം 50 ശതമാനം) എഞ്ചിനീയറിംഗ് സീറ്റ് ഒഴിഞ്ഞുകിടക്കുകയാണ്. ഇതിൽ ഏകദേശം 22000 സീറ്റും പ്രൈവറ്റ് സെൽഫ് ഫിനാൻസിംഗ് എഞ്ചിനീയറിംഗ് കോളേജുകളിലാണ്. ഈ കോളേജിൽ പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം നോക്കുകയാണെങ്കിൽ, 2018-ലെ കണക്കുകൾ പ്രകാരം പാസ്സായിട്ടുള്ളത് വെറും 46 ശതമാനം വിദ്യാർത്ഥികളാണ്. 5-ാം സെമസ്റ്റർ

റിസൽട്ട് നോക്കുകയാണെങ്കിൽ 75 കോളേജുകളിൽ 40 ശതമാനത്തിൽ താഴെയാണ് വിദ്യാർത്ഥികളുടെ വിജയശതമാനം. 23 കോളേജുകളിൽ കേവലം 25 ശതമാനം വിദ്യാർത്ഥികൾപോലും പാസ്സായിട്ടില്ല എന്നത് ഒരു വസ്തുതയാണ്. ഭൂരിഭാഗം കോളേജുകളിലും അടിസ്ഥാനസൗകര്യങ്ങളും അദ്ധ്യാപകരുമില്ല. ഒരു വർഷം മുമ്പ് എഞ്ചിനീയറിംഗ് പഠിച്ച് വിജയിച്ച ഗസ്റ്റ് അദ്ധ്യാപകരെക്കൊണ്ടാണ് കൂടുതൽ എഞ്ചിനീയറിംഗ് കോളേജുകളും ഇന്ന് മുന്നോട്ടുപോകുന്നത്. ആൾ ഇൻഡ്യ പ്രൊഫഷണൽ കോൺഗ്രസിന്റെ സ്റ്റേറ്റ് ഓഫ് എഞ്ചിനീയറിംഗ് എഡ്യൂക്കേഷൻ ഇൻ കേരള എന്ന പേരിൽ ഡോ. ഡാലി പൗലോസും ശ്രീ. സുധീർ മോഹനും തയ്യാറാക്കിയ ഒരു റിപ്പോർട്ട് അങ്ങ് വായിക്കണം. ഇതിൽപ്പറയുന്നത്, ഒരു വർഷം കാമ്പസ്സ് പ്ലേസ്മെന്റ് കിട്ടുന്നത് 1500-ഓളം വിദ്യാർത്ഥികൾക്ക് മാത്രമാണെന്നാണ്. ഭൂരിഭാഗം കുട്ടികളും ഞാൻ നേരത്തെ പറഞ്ഞതുപോലെ പി.എസ്.സി. കോച്ചിംഗിന് പോകുകയാണ്. എഞ്ചിനീയറിംഗ് ജോലി ചെയ്യുന്നുവെന്ന് പറഞ്ഞ് രാവിലെ വീട്ടിൽനിന്ന് തിരുവനന്തപുരത്തോ എറണാകുളത്തോ ഉള്ള കമ്പനികളിൽ പോകുന്ന പല കുട്ടികളുടെയും ശമ്പളം അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന ആളുകളുടെ ശമ്പളത്തേക്കാൾ താഴെയാണ് എന്നുള്ളത് ഒരു വസ്തുതയാണ്. എഞ്ചിനീയറിംഗ് കോഴ്സ് വിജയിച്ച് വരുന്നവർക്ക് ജോലിയും ശമ്പളവുമില്ല. എന്നാൽ നിസാൻ കേരളത്തിലാരംഭിച്ച ഐ.ടി. ഹബ്ബിലുള്ള റിക്രൂട്ട്മെന്റ് നടന്നപ്പോൾ അതിന്റെ ഗ്ലോബൽ സി.ഇ.ഒ. ആയ ശ്രീ ടോണി തോമസ് മുഖ്യമന്ത്രിയോട് പറഞ്ഞത് അവർ നടത്തിയ ടെക്നിക്കലായ ടെസ്റ്റ് ക്ലിയർ ചെയ്യാൻ നമ്മുടെ ഏറ്റവും മിടുക്കരായ വിദ്യാർത്ഥികൾക്കുപോലും കഴിയുന്നില്ല എന്നാണ്. അപ്പോൾ ഇവിടെ വിദ്യാർത്ഥികളുടെ ആവശ്യമുണ്ടെങ്കിലും ആ തരത്തിലുള്ള കുട്ടികളെ വാർത്തെടുക്കാൻ നമുക്ക് കഴിയുന്നില്ല. ഇക്കാര്യത്തിൽ ചില അടിയന്തര ഇടപെടലുകൾ നടത്തേണ്ടിയിരിക്കുന്നു. നമ്മൾ സിലബസ് പരിഷ്കരിക്കേണ്ട ആവശ്യകതയുണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജന്റ്സിന്റെയും റോബോട്ടിക്സിന്റെയുമൊക്കെ കാലമാണ്. ഇന്റർനെറ്റ് ഓഫ് തിംഗ്സ്, ബിഗ് ഡാറ്റ എന്നിവയൊന്നും നമ്മുടെ കുട്ടികൾ പഠിക്കുന്നില്ല. ഞാൻ പഠിച്ചിരുന്ന കോളേജായ സി.ഇ.ടി.-യിൽ ഇലക്ട്രിക്കൽ മെഷീൻസ് ലാബിലും ഹീറ്റ് എഞ്ചിൻസ് ലാബിലുമൊക്കെ 1930-ലെ ജർമ്മൻ മെഷീൻസിലാണ് പഠിച്ചത്. ഇന്നും സി.ഇ.ടി. അടക്കമുള്ള കോളേജുകളിലുള്ളത് പഴയ ഉപകരണങ്ങളാണ്. പ്രൊഫസർമാരും സിലബസും അപ്ഡേറ്റഡല്ല. ഇൻഡസ്ട്രിയുമായി ഒരു ബന്ധവും ഈ കോളേജുകളിലില്ല. ഇൻഡസ്ട്രിയിൽ നടക്കുന്ന കാര്യങ്ങളെന്താണ്, എന്താണ് നമ്മുടെ ആവശ്യം എന്നുള്ളത് അവർ മനസ്സിലാക്കുന്നില്ല. ഇതൊക്കെ മനസ്സിലാക്കിക്കൊണ്ട് അടിയന്തരമായ ഇടപെടലുകൾ നമ്മൾ നടത്തിയില്ലെങ്കിൽ ഒരു തലമുറതന്നെ നമ്മളറിയാതെ നിദ്രയിലാണ്ടുപോകും. അതിനുവേണ്ടി

യൂണിവേഴ്സിറ്റിയിലെ എല്ലാ തരത്തിലുമുള്ള പരിഷ്കാരം എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിലുണ്ടാക്കണമെന്ന് വളരെ വിനയപൂർവ്വം ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുകയാണ്.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ അശാസ്ത്രീയമായും യുക്തിരഹിതമായും അനുവദിച്ചതുവഴി കോളേജുകളുടെ എണ്ണം അനിയന്ത്രിതമായി നമ്മുടെ സംസ്ഥാനത്ത് വർദ്ധിച്ചു. അദ്ധ്യാപന പരിചയവും ഉയർന്ന വിദ്യാഭ്യാസ യോഗ്യതയും അദ്ധ്യാപന അഭിരുചിയുമുള്ള അദ്ധ്യാപകരുടെ അഭാവം പഠന നിലവാരത്തെ ബാധിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരത്തകർച്ച പരിഹരിക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ നടത്തുന്നതിന് എ.ഐ.സി.ടി.ഇ.-യുടെ നിബന്ധനകൾ കൃത്യമായി പാലിക്കണമെന്ന് എല്ലാ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജർമാർക്കും ശക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ എഞ്ചിനീയറിംഗ് വിദ്യാഭ്യാസരംഗത്തെ സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങൾ മികച്ച നിലവാരം പുലർത്തുന്നു. 70 ശതമാനത്തിലധികം വിജയശതമാനവും ക്യാമ്പസ്സുകൾവഴിയുള്ള മികച്ച പ്ലേസ്മെന്റ് ഡ്രൈവുകളും ഈ സ്ഥാപനങ്ങളിലുണ്ട്. കരിക്കുലം പരിഷ്കരണ പ്രവർത്തനം എ.ഐ.സി.ടി.ഇ.-യുടെ മോഡൽ കരിക്കുലം ആസ്പദമാക്കി എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല നടപടികൾ ആരംഭിച്ചുകഴിഞ്ഞു. 2019 മുതൽതന്നെ ഇത് നടപ്പിലാക്കും. എഞ്ചിനീയറിംഗ് കോളേജുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി എല്ലാ കോളേജുകളും അക്രെഡിറ്റേഷന് വിധേയമാകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. അടിസ്ഥാന സൗകര്യവികസനം, ഗവേഷണ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹജനകമായ ക്യാമ്പസ് അന്തരീക്ഷം ഉറപ്പുവരുത്തൽ എന്നീ കാര്യങ്ങളിൽ ശ്രദ്ധകൊടുത്തുകൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. സാങ്കേതിക നൈപുണ്യ വികസനത്തിനായുള്ള പ്രവർത്തനങ്ങളിലും അദ്ധ്യാപകർക്ക് മികച്ച പരിശീലനം നൽകി പാഠ്യപ്രക്രിയയുടെ നിലവാരം ഉയർത്താനും വിദ്യാർത്ഥികളുടെ സ്വയംസംരംഭകത്വ പ്രവർത്തനങ്ങൾക്കുവേണ്ട സൗകര്യം നൽകാനുമുതകുന്ന സംവിധാനങ്ങൾ ക്രമീകരിച്ചുവരികയാണ്. എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ തൊഴിൽ നൈപുണ്യത്തിലെ ന്യൂനത പരിഹരിക്കുന്നതിനായി Additional Skill Acquisition Programme (ASAP) ആരംഭിച്ചിട്ടുണ്ട്. താല്പര്യംപ്രകടിപ്പിച്ച സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലുൾപ്പെടെ അഡ്വാൻസ്ഡ് സ്കിൽ

ഡെവലപ്മെന്റ് സെന്ററുകൾ ഉടനടി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ സെന്ററുകൾ വഴി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേണിംഗ് പോലെ വിവിധ സാങ്കേതിക മേഖലകളിലെ അതിനൂതനവും തൊഴിലധിഷ്ഠിതവുമായ നൈപുണ്യ കോഴ്സുകളും വിദ്യാർത്ഥികളുടെ ആശയവിനിമയ പാടവം മെച്ചപ്പെടുത്തുന്നതിന് വ്യക്തിത്വ വികസനത്തിനായുള്ള പരിശീലനവും എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് നൽകുന്നതാണ്. പഠനനിലവാരം ഉയർത്തുന്നതിനായി ക്യാമ്പസിന് പുറത്തുനിന്നുള്ള സാങ്കേതിക വിദഗ്ദ്ധരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിന് Adjunct faculty നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. പഠനം വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിച്ച മേഖലകളിൽ തൊഴിൽ പരിചയം നേടുന്നതിനായി ഇന്റേൺഷിപ്പിനുള്ള അവസരവും ASAP-ന്റെ ഇന്റേൺഷിപ്പ് പോർട്ടൽവഴി ഒരുക്കാൻ നടപടിയെടുത്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് തൊഴിൽ പരിചയം നൽകുന്നതിനും പ്രോജക്ടുകൾ ചെയ്യുന്നതിനുമുള്ള അവസരം ലഭ്യമാക്കാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. പഠനം പകുതി വഴിയിൽ ഉപേക്ഷിക്കുന്ന വിദ്യാർത്ഥികൾക്കായി തൊഴിൽ നൈപുണ്യത്തിന് ഊന്നൽ നൽകിക്കൊണ്ടും തൊഴിലധിഷ്ഠിത അഡ്വാൻസ്ഡ് ഡിപ്ലോമ, B.Voc (Bachelor of Vocation) ഡിഗ്രി തുടങ്ങിയ കോഴ്സുകളിൽക്കൂടി തദനുസരണമായ ഡിഗ്രിയോ ഡിപ്ലോമയോ നൽകി പ്രാപ്തരാക്കാൻ കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി നടപടികൾ സ്വീകരിക്കുന്നുണ്ട്. സിലബസ് കാലോചിതമായി പരിഷ്കരിക്കാനും തീരുമാനിച്ചിട്ടുണ്ട്. നിർമ്മിത ബുദ്ധി, 3D പ്രിന്റിംഗ്, റോബോട്ടിക് തുടങ്ങിയ നൂതന സാങ്കേതികവിദ്യകൾ പ്രയോഗിക്കാനുള്ള അടിസ്ഥാനതത്വങ്ങൾ അതത് എഞ്ചിനീയറിംഗ് ശാഖകളിലെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്. എഞ്ചിനീയറിംഗ് മേഖലയിലെ കാലാനുസൃതമായ മാറ്റങ്ങളുൾക്കൊണ്ട് നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി കോഴ്സുകൾ പരിഷ്കരിച്ച് നവീന ബ്രാഞ്ചുകൾ തുടങ്ങുന്ന കാര്യം അക്കാദമിക് കൗൺസിലിന്റെ സജീവ പരിഗണനയിലാണ്.

## V. സബ്മിഷൻ

### (1) മൊറട്ടോറിയത്തിനുള്ള അനുമതി നിഷേധിക്കൽ

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കർഷകരെടുത്ത വായ്പകൾക്ക് സംസ്ഥാന സർക്കാർ ഡിസംബർ 31-ാം തീയതിവരെ ഏർപ്പെടുത്തിയ മൊറട്ടോറിയത്തിന് റിസർവ് ബാങ്ക് അനുമതി നിഷേധിച്ചിരിക്കുകയാണ്. ഒക്ടോബർ മാസം 11-ാം തീയതിവരെ മൊറട്ടോറിയം നിലനിൽക്കുമ്പോഴാണ് തെരഞ്ഞെടുപ്പ് മുന്നിൽക്കണ്ട് സർക്കാർ മൊറട്ടോറിയം

വീണ്ടും നീട്ടാൻ തീരുമാനിച്ചത്. ഈ നടപടിയാണ് റിസർവ് ബാങ്ക് തള്ളിക്കളഞ്ഞിരിക്കുന്നത്. പ്രളയദുരന്തത്തിൽ കേരളം വലയുമ്പോഴാണ് മൊറട്ടോറിയം നീട്ടാൻ മന്ത്രിസഭായോഗം തീരുമാനിച്ചത്. മന്ത്രിസഭായോഗം പൂർത്തിയാക്കി 48 മണിക്കൂറിനകം ഉത്തരവ് പുറത്തിറങ്ങണമെന്നാണ് സെക്രട്ടേറിയറ്റ് മാന്വൽ ചട്ടങ്ങളിൽ പറയുന്നത്. ഒരു ആത്മാർത്ഥതയുമില്ലാതെ വെറും ഗിമ്മിക്ക് മാത്രമാണ് സർക്കാരിന്റെ പ്രവൃത്തിയെന്ന പ്രതിപക്ഷാരോപണത്തിന് അടിവരയിടുന്നതായിരുന്നു ഈ നിസ്സംഗത. ഇടുക്കിയിൽ കർഷകർ ഒന്നിനുപിന്നാലെ ഒന്നായി ആത്മഹത്യ ചെയ്തപ്പോൾ കട്ടപ്പനയിൽ ഞാൻ ഏകദിന ഉപവാസം നടത്തിയതിന്റെ തലേന്നാണ് സ്പെഷ്യൽ ക്യാബിനറ്റ് വിളിച്ചുകൂട്ടി മൊറട്ടോറിയം നീട്ടാൻ തീരുമാനിച്ചത്. സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി മാർച്ച് 6-ന് അനുമതി ചോദിച്ച് റിസർവ് ബാങ്കിന് കത്തയച്ചുവെങ്കിലും നിരാശയായിരുന്നു ഫലം. ഈ നിരാശയിലേയ്ക്ക് കേരളത്തെ നയിച്ചതിൽ സംസ്ഥാന സർക്കാരിന് നിർണ്ണായകമായ പങ്കുണ്ട്. ആദ്യമൊന്നും കർഷക ആത്മഹത്യ സംസ്ഥാനത്ത് സംഭവിച്ചുവെന്ന് അംഗീകരിക്കാൻപോലും കൃഷി വകുപ്പുമന്ത്രി തയ്യാറായിരുന്നില്ല. ഒടുവിൽ 15 കർഷകർ ആത്മഹത്യ ചെയ്തുവെന്ന് ബഹുമാനപ്പെട്ട മന്ത്രി സമ്മതിച്ചെങ്കിലും പ്രസ്തുത ആത്മഹത്യകൾ കർഷക ആത്മഹത്യയുടെ നിർവ്വചനത്തിൽപ്പെടുന്നില്ലെന്നാണ് ശ്രീ. അനൂപ് ജേക്കബിന്റെ ചോദ്യത്തിനുത്തരമായി കൃഷി വകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാർ സഭയിൽ അറിയിച്ചത്. ലഭിക്കാനുള്ള സഹായത്തിന് തുരങ്കം വയ്ക്കുന്ന ഇത്തരം നിലപാടുകളാണ് മൊറട്ടോറിയം നീക്കുന്നതിന് വിനയാകുന്നത്. പ്രളയബാധിതരായ ജനങ്ങളുടെ ജീവിതത്തെ കൂടുതൽ പ്രതിസന്ധിയിലേയ്ക്ക് തള്ളിവിടുന്നതാണ് റിസർവ് ബാങ്കിന്റെ തീരുമാനം. ഒരിക്കലും അതംഗീകരിക്കാൻ കഴിയുന്ന തീരുമാനമല്ല. റിസർവ് ബാങ്ക്, ജനങ്ങളുടെ വികാരത്തെയും കർഷകരുടെ ബുദ്ധിമുട്ടും കണക്കിലെടുക്കാതെ ഇങ്ങനെയൊരു തീരുമാനമെടുത്തത് തികച്ചും ദൗർഭാഗ്യകരമാണ്. ഇടിവെട്ടേറ്റവനെ പാമ്പുകടിച്ചു എന്ന് കേട്ടിട്ടേയുള്ളൂ. പ്രളയംകൊണ്ട് ഇടിവെട്ടേറ്റ ആളിനെ പാമ്പുകൂടി കടിക്കുന്ന സ്ഥിതിയാണ് റിസർവ് ബാങ്കിന്റെ ഈ തീരുമാനം. അടിയന്തരമായി സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി വിളിച്ചുകൂട്ടി ജനങ്ങളുടെ നിസ്സഹായവസ്ഥ റിസർവ് ബാങ്കിനെ ബോധ്യപ്പെടുത്തണം. കർഷകരെ സഹായിക്കാനുള്ള നടപടികൾക്ക് നേതൃത്വം കൊടുക്കണം. പ്രളയബാധിതരെ സഹായിക്കുന്നതിൽ നിരന്തരമുണ്ടാകുന്ന വീഴ്ചയ്ക്ക് അവസാനമുണ്ടാകണം. കാർഷികവൃത്തിയിൽനിന്നും ലഭിക്കുന്ന വരുമാനം ഉപയോഗിച്ചാണ് കർഷകർ മറ്റുവായ്പകൾ അടയ്ക്കുന്നത്. വരുമാനം നിലച്ചതോടെ എല്ലാ തിരിച്ചടവുകളും മുടങ്ങിയിരിക്കുകയാണ്. യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ച് കർഷകരെ പ്രതിസന്ധിയിൽ നിന്ന് കരകയറ്റാനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. നമ്മൾ

കത്തയച്ചിട്ട് കാര്യമില്ല. കൃഷി വകുപ്പുമന്ത്രി തന്നെ മുബൈയിൽപ്പോയാൽ റിസർവ് ബാങ്ക് ഗവർണ്ണറെ കാണാൻ കഴിയും. കൊള്ളപ്പലിശയുമായി ബന്ധപ്പെട്ട പ്രശ്നത്തിനുവേണ്ടി കഴിഞ്ഞ തവണ ഞാൻ പോയി കണ്ടിട്ടുള്ളതാണ്. ചർച്ചയ്ക്ക് വിളിക്കുമ്പോൾ അദ്ദേഹം മാത്രമായിരിക്കില്ല, മറ്റ് പ്രതിനിധികൾകൂടിയുണ്ടാകും. കൃഷി വകുപ്പുമന്ത്രി നേരിട്ട് മുംബൈയിലെത്തി റിസർവ് ബാങ്ക് ഗവർണറേയും മറ്റ് ഉദ്യോഗസ്ഥരെയും കണ്ട് പ്രളയവും അതിനുശേഷമുണ്ടായിട്ടുള്ള കർഷകരുടെ ബുദ്ധിമുട്ടും നാണ്യവിളകളുടെയും കാർഷിക വിളകളുടെയും വിലയിടിവും ബോധ്യപ്പെടുത്താൻ തയ്യാറാകണം. ദൈവത്തെയോർത്ത് കത്തയയ്ക്കരുത്. നമ്മൾ ധാരാളം കത്ത് ഇവിടെനിന്നും അയയ്ക്കുന്നുണ്ട്. ഇവരാരും ഒരുകത്തും തുറന്നുനോക്കാറില്ല. അതുകൊണ്ട് കൃഷി വകുപ്പുമന്ത്രി നേരിട്ട് റിസർവ് ബാങ്ക് ഗവർണ്ണറെ കണ്ട് കാര്യങ്ങൾ വിശദീകരിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഇതേ വിഷയത്തിൻമേൽ ശ്രീ. പി. സി. ജോർജ്ജുകൂടി നോട്ടീസ് നൽകിയിട്ടുണ്ട്. അങ്ങേയ്ക്ക് സംസാരിക്കാം.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, മൊറട്ടോറിയത്തിന് റിസർവ് ബാങ്കിന്റെ അനുമതിയില്ല എന്നത് ഇന്നത്തെ മാതൃഭൂമിയിലെ പ്രധാനപ്പെട്ട വാർത്തയാണ്. മൊറട്ടോറിയം പ്രഖ്യാപിച്ചത് ഡിസംബർ 31-ാം തീയതി വരെയാണ്. ആ മൊറട്ടോറിയംപോലും അനുവദിക്കില്ലെന്ന നിലപാട് റിസർവ് ബാങ്ക് സ്വീകരിച്ചാൽ നമുക്ക് അംഗീകരിക്കാൻ സാധിക്കില്ല. മൊറട്ടോറിയം വരുമ്പോഴും ഒരു പ്രശ്നമുണ്ട്, പലിശ കൂടിക്കൊണ്ടിരിക്കും. മൊറട്ടോറിയം കഴിയുമ്പോൾ കൂടിയ പലിശയുൾപ്പെടെ അടയ്ക്കേണ്ടിവരും. അപ്പോൾ വീണ്ടും ആത്മഹത്യയുണ്ടാകില്ലേ? അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ക്യാബിനറ്റും ചെയ്യേണ്ടത്, പലിശ പൂർണ്ണമായും സർക്കാർ ഏറ്റെടുക്കണം. അതല്ലാതെ വേറെ മാർഗ്ഗമില്ല. ഇപ്പോൾ ഇന്ത്യൻ പാർലമെന്റിൽ പ്രസിഡന്റ് നയപ്രഖ്യാപന പ്രസംഗം നടത്തി കൊണ്ടിരിക്കുകയാണ്. ആ നയപ്രഖ്യാപന പ്രസംഗത്തിൽ പതിമൂന്നായിരം കോടി രൂപ കാർഷിക ആശ്വാസ പദ്ധതി പ്രഖ്യാപിച്ചുകഴിഞ്ഞു. ആ നിലയ്ക്ക് കേന്ദ്ര ഗവൺമെന്റുമായി ചർച്ച ചെയ്ത് കടാശ്വാസത്തിന്റെ പലിശ പൂർണ്ണമായും സർക്കാർ ഏറ്റെടുക്കാനുള്ള നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>): സർ, വളരെ പ്രധാനപ്പെട്ട വിഷയമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ശ്രീ. പി. സി. ജോർജ്ജും ഇവിടെ ഉന്നയിച്ചിരിക്കുന്നത്. സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിക്ക് റിസർവ് ബാങ്ക് നൽകിയിരിക്കുന്ന മറുപടി സഭയുടെ അറിവിനുവേണ്ടി ഞാൻ വായിക്കാം. അതിൽ പറഞ്ഞിരിക്കുന്നത്, We regret our inability to grant further extension for Restructuring/Rescheduling of accounts of the

calamity affected borrowers. However, the decision to extend the moratorium period on restructured loans may be taken at your level എന്നാണ്. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ സർക്കാരിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചകൊണ്ടല്ല ഇത് സംഭവിച്ചിരിക്കുന്നത്. നിലവിലുള്ള മൊറട്ടോറിയം നിലനിൽക്കുന്നത് ജൂലൈ മാസം 31-ാം തീയതി വരെയാണ്. ജൂലൈ മാസം 31-ാം തീയതി വരെയുള്ള മൊറട്ടോറിയമാണ് ഡിസംബർ മാസം 31-ാം തീയതി വരെ നീട്ടാൻ ക്യാബിനറ്റ് തീരുമാനിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന എസ്.എൽ.ബി.സി. യോഗത്തിൽ അവതരിപ്പിക്കുകയും ചെയ്തത്. എസ്.എൽ.ബി.സി. അത് അംഗീകരിച്ചു. എന്നാൽ അതിന് റിസർവ് ബാങ്കിന്റെ അംഗീകാരം വേണമെന്നുള്ളതുകൊണ്ട് എസ്.എൽ.ബി.സി. റിസർവ് ബാങ്കിനോട് ആവശ്യപ്പെട്ടതിന് നൽകിയിരിക്കുന്ന മറുപടിയാണ് ഈ വാർത്തയ്ക്ക് ആധാരമായിരിക്കുന്ന വിഷയം. ജൂലൈ മാസം 31-ാം തീയതി വരെയുള്ള മൊറട്ടോറിയത്തിൽ റിസർവ് ബാങ്ക് ഇടപെട്ടിട്ടില്ല. ജൂലൈ മാസം 31-ാം തീയതിക്കുശേഷം നമ്മൾ തീയതി നീട്ടിയതിലാണ് റിസർവ് ബാങ്ക് ഇടപെട്ടിരിക്കുന്നത്. അതിൽതന്നെ റിസർവ് ബാങ്ക് പറഞ്ഞിരിക്കുന്നത്, എസ്.എൽ.ബി.സി. ലെവലിൽ എക്സ്റ്റൻഷൻ സംബന്ധിച്ച് നിങ്ങൾക്ക് ആലോചിക്കാമെന്നാണ്. എന്നാൽ റിസർവ് ബാങ്ക് പറഞ്ഞിരിക്കുന്ന ഒരു കാര്യം, ജൂലൈ മാസം 31-ാം തീയതിവരെ നീട്ടിക്കൊടുത്ത മൊറട്ടോറിയം അനുസരിച്ച് ലോൺ എടുത്തിരിക്കുന്ന കർഷകരുടെ ബാങ്ക് അക്കൗണ്ടുകൾ റീഷെഡ്യൂൾ ചെയ്യുന്നതിനും റീസ്ട്രക്ചർ ചെയ്യുന്നതിനുംവേണ്ടി ഒക്ടോബർ മാസം 31-ാം തീയതിവരെയാണ് നിയമപ്രകാരം അനുവാദമുണ്ടായിരുന്നത്. ഒക്ടോബർ മാസം 31-ാം തീയതിവരെയും അത് റീഷെഡ്യൂൾ ചെയ്യാത്തതുകൊണ്ട് അത് നവംബർ മാസംവരെ നീട്ടിക്കൊടുക്കാൻ അപേക്ഷ കൊടുത്തു, അങ്ങനെ നവംബർ മാസംവരെ നീട്ടിക്കൊടുത്തു. നവംബർ മാസം 31-ാം തീയതിക്കകവും കർഷകരിൽ പലരും അത് റീസ്ട്രക്ചർ ചെയ്യാത്തതുകൊണ്ട് വീണ്ടും ഡിസംബർ മാസം 31-ാം തീയതിവരെ നീട്ടിക്കൊടുക്കണമെന്ന് അപേക്ഷ കൊടുത്തു. അതായത് ഡിസംബർ മാസം 31-ാം തീയതി വരെയുള്ള അക്കൗണ്ടുകൾക്കാണ് ജൂലൈ മാസം 31-ാം തീയതിവരെ മൊറട്ടോറിയം ലഭിച്ചുകൊണ്ടിരിക്കുന്നത്. ഡിസംബർ മാസം 31-ാം തീയതി വരെ നീട്ടിക്കൊടുത്ത റീഷെഡ്യൂളിംഗ്, റീസ്ട്രക്ചർ സംവിധാനം ഇനി നീട്ടിക്കൊടുക്കാൻ കഴിയില്ലെന്നാണ് റിസർവ് ബാങ്ക് പറഞ്ഞിരിക്കുന്നത്. എന്നാൽ മൊറട്ടോറിയം കാലാവധി ജൂലൈ മാസം 31-ാം തീയതിക്കുശേഷം നീട്ടണമെങ്കിൽ എസ്.എൽ.ബി.സി. യോഗം തീരുമാനിക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സൗകര്യാർത്ഥം ഈ മാസം 25-ാം തീയതി എസ്.എൽ.ബി.സി.യുടെ മീറ്റിംഗ് വിളിച്ചിട്ടുണ്ട്. ആ യോഗത്തിൽ ഇക്കാര്യം പ്രധാനപ്പെട്ട അജണ്ടയായി വയ്ക്കുന്നുണ്ട്. എസ്.എൽ.ബി.സി.-യുടെ വിവേചനാധികാരം ഉപയോഗിച്ച് മൊറട്ടോറിയം നീട്ടുന്നതിനുള്ള സർക്കാർ

തീരുമാനം നടപ്പാക്കാനാവശ്യമായ നടപടി സ്വീകരിക്കും. നിങ്ങൾക്ക് അതിൽ തീരുമാനമെടുക്കാമെന്ന് റിസർവ് ബാങ്ക് പറഞ്ഞ സാഹചര്യത്തിൽ എസ്.എൽ.ബി.സി.-യുടെ തീരുമാനമായി വരുന്നതോടുകൂടി മൊറട്ടോറിയം കാലാവധി വർദ്ധിപ്പിച്ചത് ഇവിടെ നടപ്പാക്കാൻ കഴിയും. എന്നാൽ പ്രധാനപ്പെട്ട ഒരു കാര്യം, സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെ തീരുമാനമനുസരിച്ച് നമ്മൾ ഇപ്പോൾ രണ്ട് ജില്ലകളിൽ ഒരു സബ് കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. സർഫാസി നിയമത്തിന്റെ പ്രധാനപ്പെട്ട പ്രശ്നം, കർഷകർ എടുത്തിരിക്കുന്ന ലോണുകളെന്ന് പറഞ്ഞ് നമ്മൾ കൊടുത്തിരിക്കുന്ന മൊറട്ടോറിയത്തിൽ പറഞ്ഞിരിക്കുന്നത് കൃഷിക്കാരുടെ ലോണുകളാണ്. കാർഷിക ലോണുകൾ മാത്രമല്ല, കൃഷി മുഖ്യ ഉപജീവനമായിട്ടുള്ള കർഷകരുടെ എല്ലാ ലോണുകൾക്കും മൊറട്ടോറിയം പ്രഖ്യാപിക്കുകയാണ് സർക്കാർ ചെയ്തിരിക്കുന്നത്. പല ലോണുകളും കാർഷികേതര ലോണുകളായതുകൊണ്ട് സർഫാസി നിയമപ്രകാരം പല കൃഷിക്കാർക്കെതിരെയും ജപ്തി നടപടികൾ എടുത്തുകൊണ്ടിരിക്കുകയായിരുന്നു. ഈ സാഹചര്യത്തിലാണ് സർക്കാരിന്റെ ഇടപെടലിനെത്തുടർന്ന് ഇടുക്കിയിലും വയനാട്ടിലും രണ്ട് സബ്കമ്മിറ്റികൾ രൂപീകരിക്കുകയും സർഫാസി നിയമപ്രകാരം കർഷകർക്ക് കൊടുക്കുന്ന എല്ലാ നോട്ടീസുകളും ജപ്തി നടപടികളും ഈ പറയുന്ന സബ്കമ്മിറ്റി പരിശോധിച്ചശേഷം മാത്രം നടപ്പിലാക്കിയാൽ മതിയെന്ന തീരുമാനമെടുക്കുകയും ചെയ്തത്. മാത്രമല്ല, മൊറട്ടോറിയം പ്രഖ്യാപിച്ചിരിക്കുന്ന കാലാവധിക്കകം വരുന്ന ജപ്തി നടപടികളൊന്നുംതന്നെ മുന്നോട്ടുകൊണ്ടു പോകേണ്ടതില്ലെന്ന് റവന്യൂ വകുപ്പിന് നിർദ്ദേശം കൊടുക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ ഇടുക്കി, വയനാട് ജില്ലകളിൽ സർഫാസി നിയമപ്രകാരമുള്ള എല്ലാ നോട്ടീസുകളും ഈ സബ്കമ്മിറ്റി പരിശോധിച്ചശേഷം മാത്രമാണ് നടപടി എടുത്തുകൊണ്ടിരിക്കുന്നത്. എന്നാൽ സർഫാസി നിയമത്തിലുള്ള പ്രധാനപ്പെട്ട ന്യൂനത, സർഫാസി നിയമത്തിലെ 31 (ഐ) വകുപ്പ് അനുസരിച്ച് കാർഷിക ഭൂമിക്ക് മേൽ സർഫാസി നിയമം അനുസരിച്ച് ജപ്തി നടപടി നടത്താൻ പാടില്ല. പക്ഷെ കേരളത്തിൽ ബാങ്കുകൾ അനുവർത്തിച്ചുവരുന്ന നയം, കൃഷിഭൂമിയെന്ന നിർവ്വചനത്തിൽ അവർ ഉൾപ്പെടുത്തിയിരിക്കുന്നത് നെൽവയലുകളെ മാത്രമാണ്. നെൽവയലുകൾ മാത്രമായതുകൊണ്ട് മറ്റെല്ലാ കൃഷിഭൂമിയും പുരയിടമുള്ള കൃഷി ഭൂമിയും കൃഷിഭൂമിയായി ബാങ്കുകൾ പരിഗണിക്കാത്തതുമൂലം സർഫാസി നിയമം കർഷകരുടെ ഭൂമിക്ക് മേലെയും ഇപ്പോൾ ബാങ്കുകൾ അടിച്ചേൽപ്പിച്ചു കൊണ്ടിരിക്കുകയാണ്. എല്ലാ കൃഷിഭൂമിയും സർഫാസി നിയമത്തിന്റെ ഭാഗമായി ജപ്തിനടപടികളിൽ നിന്നും ഒഴിവാക്കണമെന്ന് പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട സുപ്രീംകോടതി അടുത്തകാലത്ത് വിധി പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ വരാൻ പോകുന്ന എസ്.എൽ.ബി.സി. യോഗത്തിൽ നെൽവയലുകൾ മാത്രമല്ല കർഷകർ ഇപ്പോൾ പണയമായി വച്ചിരിക്കുന്ന എല്ലാ കൃഷി ഭൂമിയും സർഫാസി നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി ജപ്തി നടപടികളിൽനിന്നും ഒഴിവാക്കണമെന്ന സർക്കാരിന്റെ ശക്തമായ നിലപാട് എസ്.എൽ.ബി.സി.-യിൽ

നടപ്പാക്കുന്നതിനുവേണ്ടി സർക്കാർ നിർദ്ദേശം വയ്ക്കുകയും അത് അംഗീകരിപ്പിക്കാൻവേണ്ടി ശ്രമിക്കുകയും ചെയ്യും. ബാങ്കുകൾ എടുക്കുന്ന നിലപാട് മനുഷ്യത്വരഹിതമാണ്. നെൽവയൽ മാത്രമല്ല, കൃഷി ചെയ്യുന്ന എല്ലാ ഭൂമിയും കൃഷിഭൂമിയാണ്. അതുകൊണ്ട് മറ്റെല്ലാ കൃഷിഭൂമികളും സർഫാസി നിയമത്തിലെ 31 (ഐ) അനുസരിച്ച് അതിൽ നിന്നും ഒഴിവാക്കണമെന്നുള്ളതാണ് സർക്കാരിന്റെ നിർദ്ദേശം. അതുപ്രകാരമുള്ള കാര്യങ്ങളുമായി സർക്കാർ മുന്നോട്ടുപോകും. കേരള സർക്കാർ മൊറട്ടോറിയം ആവശ്യപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ സർക്കാർ നിശ്ചയിച്ചിരിക്കുന്ന കാലാവധിക്കകത്ത് വീണ്ടും റിക്കവറി നടപടികളുമായി ബാങ്കുകൾ വരികയാണെങ്കിൽ ഒരു കാരണവശാലും സംസ്ഥാന സർക്കാർ ആ റിക്കവറി നടപടികളുമായി സഹകരിക്കാൻ ഉദ്ദേശിക്കുന്നില്ല. ബാങ്കുകളുമായി അക്കാര്യം വരുന്ന 25-ാം തീയതിയിലെ യോഗത്തിൽ ചർച്ച ചെയ്യാനിരിക്കുകയാണ്. സർഫാസി നിയമം അനുസരിച്ചാണെങ്കിലും മറ്റേത് നിയമപ്രകാരം ആണെങ്കിലും കേരളത്തിലുണ്ടായിരിക്കുന്ന അസാധാരണമായ പ്രകൃതിദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സർക്കാരിന്റെ തീരുമാനത്തിന് വിരുദ്ധമായി ബാങ്കുകൾ നടപടികളുമായി മുന്നോട്ട് പോകുകയാണെങ്കിൽ സംസ്ഥാന സർക്കാർ അതുമായി ഒരു കാരണവശാലും സഹകരിക്കാൻ ഉദ്ദേശിക്കുന്നില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ പ്രധാനപ്പെട്ട കാര്യം റിസർവ് ബാങ്ക് ഗവർണ്ണറെ കാണണമെന്നതാണ്. ഇലക്ഷന് മുമ്പ് റിസർവ് ബാങ്ക് ഗവർണ്ണറെ കാണുന്നതിനുവേണ്ടി രണ്ട് തവണ അപ്പോയിന്റ്മെന്റ് ചോദിച്ചിരുന്നു. രണ്ട് തവണയും അപ്പോയിന്റ്മെന്റ് കിട്ടിയില്ല. തെരഞ്ഞെടുപ്പ് വന്നതിനുശേഷം അദ്ദേഹത്തെ കാണാൻ കഴിഞ്ഞില്ല. എസ്.എൽ.ബി.സി. കൊടുത്തിരിക്കുന്ന കത്ത് പ്രകാരമാണ് ഇപ്പോൾ ഇതിന്റെ എക്സ്റ്റൻഷൻ സാധിക്കില്ലെന്ന് പറഞ്ഞിരിക്കുന്നത്. സംസ്ഥാന കൃഷി വകുപ്പുമന്ത്രിയെന്ന നിലയിൽ റിസർവ് ബാങ്ക് ഗവർണ്ണറുടെ അപ്പോയിന്റ്മെന്റ് വാങ്ങി അദ്ദേഹത്തെ കാണുകയും അദ്ദേഹവുമായി ഇക്കാര്യം ചർച്ച ചെയ്യുകയും സംസ്ഥാനത്തിന്റെയും സർക്കാരിന്റെയും സ്ഥിതിവിശേഷം അറിയിക്കുകയും അതനുസരിച്ചുള്ള തീരുമാനമെടുക്കാൻ ഗവൺമെന്റ് മുന്നോട്ട് പോകുകയും ചെയ്യും. അങ്ങയുടെ നിർദ്ദേശംകൂടി ഇക്കാര്യത്തിൽ പരിഗണിക്കുന്നതാണ്. കേരളത്തിൽ മൊറട്ടോറിയവുമായി ബന്ധപ്പെട്ടുകൊണ്ട് നിലവിലുള്ള സാഹചര്യം ജൂലൈ മാസം 31-ാം തീയതി വരെ നിലനിൽക്കുകയാണ്. ഡിസംബർ മാസം 31-ാം തീയതി വരെ ദീർഘിപ്പിച്ച കാര്യത്തിൽ എസ്.എൽ.ബി.സി.-യുടെ തീരുമാനംകൂടി വരുന്നതോടുകൂടി സംസ്ഥാന ഗവൺമെന്റിന്റെ തീരുമാനം ഇവിടെ നടപ്പാക്കപ്പെടും. അതുകൊണ്ട് ആശങ്കപ്പെടേണ്ട കാര്യമില്ല. ഇതിന്റെ പേരിൽ മനുഷ്യത്വരഹിതമായ രീതിയിൽ ഒരു ബാങ്കും കൃഷിക്കാരെ ബുദ്ധിമുട്ടിക്കാൻ സർക്കാർ ഒരിക്കലും അനുവദിക്കില്ല. കർഷകർക്ക് യാതൊരു പ്രശ്നവുമുണ്ടാകാൻ പോകുന്നില്ല. മൊറട്ടോറിയം അനുസരിച്ചുള്ള എല്ലാ ആനുകൂല്യങ്ങളും സംസ്ഥാനത്ത് നടപ്പാക്കപ്പെടുമെന്ന കാര്യം സംസ്ഥാന സർക്കാർ ഉറപ്പുവരുത്തും.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇത് നമ്മൾ വളരെ ഗൗരവമായിട്ടെടുക്കണം. എസ്.എൽ.ബി.സി. യോഗങ്ങളിലെല്ലാം നമ്മൾ പങ്കെടുത്തിട്ടുണ്ട്. മാതൃഭൂമി പത്രത്തിൽ ഇന്ന് വന്ന വാർത്തയനുസരിച്ചാണ് നമ്മൾ സഹകരിക്കില്ലെന്ന് അങ്ങ് പറയുന്നത്. അത് എത്രമാത്രം പ്രായോഗികമാണെന്ന് അറിയില്ല. ഒരു ടഫ് സ്റ്റാന്റ് ഇക്കാര്യത്തിലെടുക്കണം. അതിന് പ്രതിപക്ഷത്തിന്റെ പൂർണ്ണ പിന്തുണയുണ്ടാകും. ബാങ്കുകൾ കാണിക്കുന്നത് വളരെ തെറ്റായ നടപടിയാണ്. ഇവിടെ ക്യാഷ് ഡെപ്പോസിറ്റ് റേഷ്യോ പരിശോധിച്ചാൽത്തന്നെ നമുക്കറിയാം, നമ്മളോട് ഏറ്റവും വലിയ അവഗണനയാണ് ബാങ്കുകൾ കാണിക്കുന്നത്. കോടിക്കണക്കിന് രൂപ തട്ടിക്കൊണ്ടുപോകുന്നവർക്കെതിരായി ഒരു നടപടിയുമില്ല. പാവപ്പെട്ട കർഷകർക്കെതിരെയാണ് നടപടി. ഇക്കാര്യത്തിൽ നമ്മൾ വളരെ ശക്തമായി നിൽക്കണമെന്നതാണ് എന്റെ അഭിപ്രായം.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഒരു കാരണവശാലും ഇക്കാര്യത്തിൽ വിട്ടുവീഴ്ച ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. ഇവിടെ പല ബാങ്കുകളും കാർഷിക വായ്പ കൊടുക്കാൻ മടിക്കുകയാണ്. കാർഷികേതര ലോണുകളാണ് പലപ്പോഴും കൃഷിക്കാരൻ എടുക്കേണ്ടി വരുന്നത്. കാർഷിക വായ്പ കൊടുക്കാൻ അവർ തയ്യാറാകുന്നില്ല. നമ്മൾ ഇപ്പോൾ പരിശോധിച്ചപ്പോൾ 48,000 കോടി രൂപ കേരളത്തിലെ ബാങ്കുകൾ കടം കൊടുത്തതായാണ് കാണുന്നത്. അതിൽ മഹാഭൂരിപക്ഷം ലോണുകളും കിസാൻ ക്രെഡിറ്റ് കാർഡ് വഴി കൊടുത്ത ലോണുകളല്ല. മഹാഭൂരിപക്ഷം ലോണുകളും അഗ്രികൾച്ചർ ഗോൾഡ് ലോൺ എന്ന പേരിലാണ് കൊടുക്കുന്നത്. അഗ്രിക്കൾച്ചർ ഗോൾഡ് ലോൺ എന്ന പേരിൽ കൊടുക്കുന്ന ലോണുകളെല്ലാം കൃഷിക്കാർക്ക് കൊടുക്കുന്നതല്ല. അത് ബാങ്ക് മാനേജർമാരുമായി ധാരണയുണ്ടാക്കി കൃഷിക്കാരല്ലാത്ത ആളുകൾ കൃഷിക്കാർക്ക് കൊടുക്കുന്ന ബാങ്ക് ലോണിന്റെ പലിശയിളവ് തട്ടിയെടുക്കുകയാണ്. യഥാർത്ഥ കൃഷിക്കാർക്ക് അഗ്രികൾച്ചർ ഗോൾഡ് ലോൺ കൊടുക്കാൻ ബാങ്കുകൾ തയ്യാറാകണം. അഗ്രികൾച്ചർ ഗോൾഡ് ലോൺ കൃഷിചെയ്യുന്ന കൃഷിക്കാർക്ക് തന്നെയാണ് അനുവദിക്കുന്നതെന്ന് ഉറപ്പുവരുത്തണമെന്നും കൃഷി വകുപ്പിന്റെ നിർദ്ദേശമനുസരിച്ചും സർട്ടിഫിക്കറ്റ് അനുസരിച്ചും മാത്രമേ അഗ്രികൾച്ചർ ഗോൾഡ് ലോൺ കൊടുക്കാൻ പാടുള്ളൂവെന്നുമുള്ള നിർദ്ദേശം സർക്കാർ കൊടുത്തിട്ടുണ്ട്. കൃഷിക്കാർക്ക് വായ്പ കൊടുക്കുന്നത് ബാങ്കുകളുടെ ഔദാര്യമല്ല. റിസർവ് ബാങ്കിന്റെ നിയമപ്രകാരം കൃഷിക്കാർക്ക് വായ്പ കൊടുക്കേണ്ടതാണ്. ആ വായ്പ കൊടുക്കാൻ മടിച്ചുകൊണ്ട് മറ്റ് പല ആവശ്യങ്ങൾക്കും വേണ്ടിയാണ് വായ്പ കൊടുത്തുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ബാങ്കുകൾ ഈ മനുഷ്യത്വരഹിതമായ നിലപാട് സ്വീകരിച്ചാൽ കർക്കശമായിത്തന്നെ സർക്കാർ അതിൽ ഇടപെടുകയും കൃഷിക്കാരെ സംരക്ഷിക്കുകയും ചെയ്യും.

ശ്രീ. പി. ടി. തോമസ്: സർ, ...(മൈക്ക് ഓഫ്)... വളരെ പ്രധാനപ്പെട്ട കാര്യമാണിത്. മുഖ്യമന്ത്രി നേരത്തേ വിദ്യാഭ്യാസ വായ്പയുമായി ബന്ധപ്പെട്ട കാര്യത്തിൽ എസ്.എൽ.ബി.സി. യോഗം വിളിച്ചു. പക്ഷെ വിദ്യാഭ്യാസ വായ്പ ആർക്കും ലഭിച്ചില്ല.

ശ്രീ. റ്റി. വി. രാജേഷ്: സർ, ...(മൈക്ക് ഓഫ്)... അടുത്തയാളെ സംസാരിക്കാൻ വിളിക്കണം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സംസാരിച്ചു. സബ്മിഷൻ ചർച്ചയാക്കി മാറ്റാൻ പാടില്ല. ശ്രീ. പി. ടി. തോമസിന് വേണമെങ്കിൽ പ്രത്യേകമായി സബ്മിഷൻ നൽകാം.

ശ്രീ. പി. ടി. തോമസ്: സർ, ...(മൈക്ക് ഓഫ്)... വിദ്യാഭ്യാസ വായ്പ കൊടുക്കുന്നതിന് നിങ്ങൾ എതിരാണെന്ന് സമ്മതിച്ചാൽ മതി.

## (2) ചികിത്സാ ധനസഹായ സമാഹരണം

ശ്രീ. വി. ഡി. സതീശൻ: സർ, നമ്മുടെ നാട്ടിൽ മാരകമായ രോഗങ്ങൾ ബാധിച്ച് ലക്ഷക്കണക്കിന് രൂപയുടെ ചികിത്സാസഹായം ആവശ്യമുള്ള ധാരാളം ആളുകളുണ്ട്. 20-30 ലക്ഷം രൂപ ചെലവാക്കി ചികിത്സ നടത്തേണ്ട കേസ്സുകളുമുണ്ട്. ഇത്തരം കാര്യങ്ങളിൽ സർക്കാരിനും മറ്റ് ഏജൻസികൾക്കുമെല്ലാം പരിമിതമായ സഹായം മാത്രമേ ചെയ്യാൻ കഴിയുകയുള്ളൂ. അങ്ങനെ വരുമ്പോഴാണ് നാട്ടിൻപുറങ്ങളിലും നഗരങ്ങളിലും ജനങ്ങൾ ഒരുമിച്ചുകൂടി കമ്മിറ്റികൾ രൂപീകരിച്ച് വലിയ തോതിൽ ധനം സമാഹരിച്ച് ചികിത്സ നടത്തുന്നത്. നമുക്കറിയാം, ലോകത്തെല്ലായിടത്തുമുള്ള ഉദാരമതികളും കാരുണ്യവാന്മാരുമായ നല്ല മനുഷ്യരുടെ സഹായത്തോടുകൂടിയാണ് ഈ ചികിത്സാ സഹായം നൽകുന്നത്. സാമൂഹ്യ മാധ്യമങ്ങളിലൂടെ പ്രചരണം നടത്തി, പണം സമാഹരിച്ച് ഇതുപോലെ ചികിത്സാ സഹായം നൽകുന്ന ധാരാളം കേസ്സുകളുണ്ട്. ഭൂരിഭാഗം കേസ്സുകളും വളരെ നല്ല രീതിയിൽ ഭംഗിയായി ഈ പാവങ്ങളെ സഹായിക്കുന്നതിനുവേണ്ടി നടത്തുന്ന പ്രവർത്തനങ്ങളാണ്. പക്ഷെ എല്ലാ രംഗത്തുമെന്നപോലെ കള്ളനാണയങ്ങൾ ഈ രംഗത്തേയ്ക്കും കടന്നു വന്നിരിക്കുകയാണ്. കഴിഞ്ഞ ദിവസം മനോരമ ന്യൂസിൽ വന്ന ഒരു വാർത്ത ഞെട്ടിക്കുന്നതാണ്. ക്യാൻസർ രോഗബാധിതയായ ഒരു പെൺകുട്ടിയുടെ ചികിത്സയ്ക്കാവശ്യമായ പണത്തിന് സാമൂഹ്യ മാധ്യമങ്ങളിലൂടെ കളക്ഷൻ നടത്തി 27 ലക്ഷം രൂപ കളക്ട് ചെയ്തു. ആ പെൺകുട്ടിയുടെ വീട്ടിൽ ചെന്ന് അതിന്റെ 50 ശതമാനം, അതായത്, 13.5 ലക്ഷം രൂപ ഇത് സംഘടിപ്പിച്ച ആളുകൾക്ക് കൊടുക്കണമെന്ന് പറഞ്ഞ് നിർബന്ധിക്കുകയാണ്. ധാരാളം സ്ഥലങ്ങളിൽ നിന്ന് ഇത്തരം കേസ്സുകൾ പുറത്തുവരികയാണ്. തൃശ്ശൂർ, പാലക്കാട് എന്നിവിടങ്ങളിൽ നിന്നെല്ലാം പല കേസ്സുകളും പുറത്തുവന്നിരിക്കുകയാണ്. നമ്മുടെ രാജ്യത്തും

വിദേശത്തുമുള്ള നല്ല മനുഷ്യരെല്ലാം സഹായിക്കുന്നത് യഥാർത്ഥത്തിൽ അർഹരായവർക്ക് ലഭ്യമാകുമെന്ന ഉദ്ദേശ്യത്തോടുകൂടിയാണ്. അത് അർഹരായവർക്കല്ല ലഭിക്കുന്നതെന്ന് അവർ അറിഞ്ഞാൽ ഈ സഹായംതന്നെ ഗണ്യമായി കുറയും. അതുകൊണ്ട് സാമൂഹ്യമാധ്യമങ്ങളിലൂടെ ഇങ്ങനെ പണം ശേഖരിക്കുന്നതിന് ഏതെങ്കിലുമൊരു സംവിധാനത്തിലൂടെ നിയന്ത്രണം ഏർപ്പെടുത്തണം. യഥാർത്ഥ കേസാണോയെന്ന് അറിയുന്നതിനുള്ള ഒരു സർട്ടിഫിക്കേഷൻ, ഒന്നുകിൽ ആരോഗ്യ വകുപ്പിന്റെ അല്ലെങ്കിൽ ജില്ലാ കളക്ടറുടെ, സർക്കാരിന്റെ യുക്തമായ രീതിയിലുള്ള ഒരു സംവിധാനം ഏർപ്പെടുത്തിയില്ലെങ്കിൽ ഇതിന്റെ പേരിൽ നടക്കുന്ന വ്യാപകമായ തട്ടിപ്പുകൾ കാരണം യഥാർത്ഥത്തിലുള്ള കേസ്സുകൾക്കുപോലും സഹായം കിട്ടാത്ത അവസ്ഥയിലേയ്ക്ക് പോകും. അതുകൊണ്ട് ഈ കാര്യം സർക്കാർ ഗൗരവമായി പരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ആളുകളുടെ മാനുഷിക വികാരത്തെ എങ്ങനെ ചൂഷണം ചെയ്ത് തട്ടിപ്പ് നടത്താമെന്ന് ഗവേഷണം നടത്തുന്നവർ കണ്ടെത്തിയ പുതിയ മാർഗ്ഗത്തെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ പ്രസ്താവിച്ചിരിക്കുന്നത്. ഇത് അതീവ ഗൗരവമായ പ്രശ്നം തന്നെയാണ്. അത്തരമൊരു അവസ്ഥ നമുക്ക് തടയാൻ കഴിയണം. അതിന് അദ്ദേഹം വച്ച നിർദ്ദേശവും നല്ലതാണ്. അത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ കഴിയുന്നതെന്ന് ആലോചിക്കാം. ഈ പറഞ്ഞ തരത്തിൽ ഏതെങ്കിലുമൊരു അധികൃത സ്ഥാനത്തുനിന്നും ഒരു സർട്ടിഫിക്കറ്റ് നൽകുന്ന കാര്യവും പരിശോധിക്കാവുന്നതാണ്. അതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുന്നതാണ്.

### (3) ബിരുദം യോഗ്യതയായിട്ടുള്ള തസ്തികകളുടെ പ്രായപരിധി

ശ്രീ. മഞ്ഞളാംകുഴി അലി: സർ, നമ്മുടെ സംസ്ഥാനത്ത് പി.എസ്.സി. മുഖാന്തരം നടത്തുന്നതും ബിരുദം അടിസ്ഥാനയോഗ്യതയായി നിശ്ചയിച്ചിട്ടുള്ളതുമായ പരീക്ഷകൾക്ക് പ്രായപരിധി നിശ്ചയിച്ചിരിക്കുന്നത് പൊതുവിഭാഗത്തിന് 18-36, മറ്റ് പിന്നോക്ക വിഭാഗങ്ങൾക്ക് 18-39, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 18-41 എന്നിങ്ങനെയാണ്. ഏറ്റവും കൂടുതൽ ഉദ്യോഗാർത്ഥികൾ പരീക്ഷ എഴുതുന്ന പ്രധാനപ്പെട്ട തസ്തികകളായ ഗവൺമെന്റ് സെക്രട്ടേറിയറ്റ്, പി.എസ്.സി, ലോക്കൽ ഫണ്ട് ആഡിറ്റ്, എന്നീ വകുപ്പുകളിലെ അസിസ്റ്റന്റ് തസ്തികയിലേയ്ക്കും യൂണിവേഴ്സിറ്റികളിലെ അസിസ്റ്റന്റ് തസ്തികയിലേയ്ക്കും ഏറ്റവും ഒടുവിൽ നോട്ടിഫിക്കേഷൻ നടത്തിയപ്പോഴൊക്കെ ഈ പ്രായപരിധിയാണ് നിശ്ചയിച്ചിരുന്നത്. നമ്മുടെ സംസ്ഥാനത്ത് ഒന്നാം ക്ലാസ്

പ്രവേശനത്തിന് കേരള എഡ്യൂക്കേഷൻ റൂൾസ് പ്രകാരം നിശ്ചയിച്ചിരിക്കുന്ന കുറഞ്ഞ പ്രായം 5 വയസ്സാണ്. അതായത്, ഏറ്റവും കുറഞ്ഞത് 20 വയസ്സെങ്കിലും പൂർത്തിയാകാതെ നിലവിൽ ബിരുദം നേടുന്നതിന് സാധാരണ നിലയിൽ സാഹചര്യമില്ല. നിലവിൽ 10+2+3 എന്ന വിദ്യാഭ്യാസ സമ്പ്രദായമാണ് സംസ്ഥാനത്തുള്ളത്. അതുകൊണ്ടുതന്നെ കുറഞ്ഞ പ്രായപരിധി 18 ആയി നിശ്ചയിച്ചിരിക്കുന്നതുകൊണ്ട് ഫലത്തിൽ ഉദ്യോഗാർത്ഥികൾക്ക് യാതൊരു പ്രയോജനവും ലഭിക്കുന്നില്ല. ഉയർന്ന യോഗ്യത ആവശ്യമായ ചില തസ്തികകളിൽ ഈ അപാകത പരിഹരിക്കാൻ സർക്കാർ ശ്രമിച്ചിട്ടുണ്ട്. ഉദാഹരണത്തിന്, ബിരുദാനന്തര ബിരുദവും ബി.എഡ്.-ഉം സെറ്റും അടിസ്ഥാന യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള ഹയർ സെക്കണ്ടറി വകുപ്പിലെ ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ തസ്തികയിൽ പ്രായപരിധി പൊതുവിഭാഗത്തിന് 20-40 ആയും മറ്റ് സംവരണ വിഭാഗങ്ങൾക്ക് അതിനനുസരിച്ചും മാറ്റം വരുത്തിയിരുന്നു. ഇത് യഥാർത്ഥത്തിൽ 24-44 എന്ന് മാറ്റേണ്ടതായിരുന്നു. അതായത് ഈ അനോമലിയും യുക്തിസഹമായി പൂർണ്ണമായും പരിഹരിക്കാൻ സാധിച്ചിട്ടില്ല. കോൺട്രിബ്യൂട്ടറി പെൻഷൻ ഏർപ്പെടുത്തിയശേഷം സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്നവരുടെ പെൻഷൻ പ്രായം 60 ആക്കി നിശ്ചയിച്ചിരുന്നു. പക്ഷേ അപ്പോഴും പി.എസ്.സി. പരീക്ഷകളിൽ അപേക്ഷിക്കാനുള്ള പ്രായപരിധി ഉയർത്തിയിട്ടില്ല. അതായത്, ഉദ്യോഗാർത്ഥികൾക്ക് സർക്കാർ ജോലി നേടുന്നതിനുള്ള അവസരം മുൻകാലങ്ങളെ അപേക്ഷിച്ച് കുറഞ്ഞിട്ടുണ്ട്. ഈ സാഹചര്യത്തിൽ ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികൾക്ക് പ്രയോജനകരമാകുമെന്നതിനാൽ ഈ അനോമലികൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട സ്പെഷ്യൽ റൂളുകളിൽ മാറ്റം വരുത്തേണ്ടതുണ്ടെങ്കിൽ മാറ്റം വരുത്തി ബിരുദം അടിസ്ഥാന യോഗ്യതയുള്ള പരീക്ഷകൾക്ക് പ്രായപരിധി പൊതുവിഭാഗത്തിന് 20-38 ആയും സംവരണ വിഭാഗങ്ങൾക്ക് അതിനനുസരിച്ചും മാറ്റം വരുത്തുന്നതിനും ബിരുദത്തിന് മുകളിൽ അടിസ്ഥാന യോഗ്യത നിശ്ചയിച്ചിട്ടുള്ളവയ്ക്ക് നിലവിലുള്ള അനോമലി യുക്തിസഹമായി പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പി.എസ്.സി. മുഖേനയുള്ള പൊതുതസ്തികകളിലെ നിയമനങ്ങൾക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി 18-36 ആണ്. ഉയർന്ന പ്രായപരിധിയിൽ സംവരണ വിഭാഗങ്ങൾക്ക് അർഹമായ ഇളവും അനുവദിച്ചിട്ടുണ്ട്. എസ്.എസ്.എൽ.സി., പ്ലസ് ടു തുടങ്ങിയവ

യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള തസ്തികകളിലേയ്ക്ക് അപേക്ഷിക്കുന്നതിന് പ്രായപൂർത്തിയായ ഉദ്യോഗാർത്ഥിക്ക് ഏറ്റവും കുറഞ്ഞ പ്രായത്തിൽ തന്നെ അപേക്ഷ നൽകാൻ കഴിയുന്ന തരത്തിലാണ് പ്രായപരിധി നിശ്ചയിച്ചിട്ടുള്ളത്. ബിരുദം അടിസ്ഥാന യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള പി.എസ്.സി. പരീക്ഷകൾക്ക് അപേക്ഷിക്കാനുള്ള കുറഞ്ഞ പ്രായപരിധി 18 വയസ്സാണെങ്കിലും 20 വയസ്സ് കഴിഞ്ഞ ഉദ്യോഗാർത്ഥികൾക്കുമാത്രമേ ഈ തസ്തികയിൽ അപേക്ഷിക്കാനാകുവെന്ന സ്ഥിതിയുണ്ട്. സാധാരണയായി ബിരുദ യോഗ്യത നേടാനുള്ള കുറഞ്ഞ പ്രായം 20 വയസ്സായതുകൊണ്ട് അപേക്ഷകർക്ക് തുല്യ അവസരം ലഭിക്കുന്നതിന് തടസ്സമില്ല. 36 വയസ്സിനുള്ളിൽ തന്നെ ബിരുദവും ബിരുദാനന്തര ബിരുദവും മറ്റ് അനുബന്ധ യോഗ്യതകളും ഒരു ശരാശരി ഉദ്യോഗാർത്ഥിക്ക് നേടാനാകും. ബിരുദം, ബിരുദാനന്തര ബിരുദം, മറ്റ് സാങ്കേതിക യോഗ്യതകൾ എന്നിവ ആവശ്യമായി വരുന്ന തസ്തികകൾക്ക് 18-22 വരെ വ്യത്യസ്തമായ കുറഞ്ഞ പ്രായപരിധികൾ വിവിധ വകുപ്പുകളുടെ സ്പെഷ്യൽ റൂളുകളിൽ നിശ്ചയിച്ചിട്ടുണ്ട്. ഓരോ തസ്തികയുടെയും ജോലി സ്വഭാവം അനുസരിച്ചും അവയ്ക്കുവേണ്ട യോഗ്യതകളുടെ അടിസ്ഥാനത്തിലുമാണ് വ്യത്യസ്തമായ പ്രായപരിധികൾ നിലവിൽ നിശ്ചയിച്ചിട്ടുള്ളത്. പൊതുവിൽ ബിരുദ യോഗ്യതയുള്ള തസ്തികകളുടെ കുറഞ്ഞ പ്രായം 18 വയസ്സായാണ് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ അതുമൂലം ഒരു ഉദ്യോഗാർത്ഥിക്കും അവസരനഷ്ടമുണ്ടാകുന്നില്ല. ഉയർന്ന പ്രായപരിധി പൊതുവിഭാഗങ്ങൾക്ക് നിലവിൽ 36 വയസ്സാണ്. അതിനാൽ ബിരുദം അടിസ്ഥാന യോഗ്യതയായുള്ള തസ്തികകൾക്ക് മാത്രമായി ഉയർന്ന പ്രായപരിധി 38 വയസ്സായി നിശ്ചയിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(4) ഭൂമി ഏറ്റെടുക്കൽ

ശ്രീ. വി. എസ്. അച്യുതാനന്ദൻ: സർ, എന്റെ നിയോജക മണ്ഡലത്തിലെ അകത്തേത്തറ പഞ്ചായത്തിലെ നടക്കാവ് റെയിൽവേപ്പാലത്തിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്. ഇതിനാവശ്യമായ സ്ഥലമെടുപ്പ് നടപടികൾക്ക് കാര്യക്ഷമത പോരാ എന്നത് പ്രധാന പ്രശ്നമാണ്. ഇത് പരിഹരിക്കാൻ അടിയന്തര ഇടപെടലുണ്ടാകണം. സ്ഥലം വിട്ടുതരേണ്ട 35 ഭൂവുടമകളിൽ 32 പേരും എന്റെ സാന്നിദ്ധ്യത്തിൽ സമ്മതപത്രം ജില്ലാഭരണകൂടത്തിന് 2017-ൽ നൽകിയതാണ്. 2018 ജനുവരിയിൽ സ്ഥലമുടമകൾ സ്ഥലം വിട്ടുനൽകുകയും ചെയ്തു. 2013-ലെ ഭൂമിയേറ്റെടുക്കൽ പുനരധിവാസ നിയമപ്രകാരം തുടർനടപടികൾ സ്വീകരിക്കേണ്ടതായിരുന്നു. എന്നാൽ ഇക്കാര്യത്തിൽ വലിയ കാലതാമസം വന്നിരിക്കുകയാണ്. 2016-ലെ ബഡ്ജറ്റിൽ 38 കോടി രൂപ ഈ മേൽപ്പാലത്തിന്റെ നിർമ്മാണത്തിനായി

വകയിരുത്തിയിരുന്നു. 2017 മേയ് മാസം 35 കോടി രൂപ അനുവദിച്ചുകൊണ്ട് പദ്ധതിക്ക് കിഫ്ബി അംഗീകാരം നൽകുകയും ചെയ്തു. പൊതുമരാമത്ത് വകുപ്പിലെ റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷനെ നിർമ്മാണ ചുമതല ഏൽപ്പിക്കുകയും ചെയ്തു. പണമുണ്ട്, നിർമ്മാണ ചുമതലക്കാരുണ്ട്, ഭൂമി കൊടുക്കാനുള്ള സമ്മതപത്രമുണ്ട്, ഇനിയും ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടത് ജില്ലാ ഭരണകൂടമാണ്. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് അലംഭാവമുണ്ടായിട്ടുണ്ട്. ഇത് പരിഹരിച്ചാൽ ഈ മേൽപ്പാലം യാഥാർത്ഥ്യമാകും. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പ് കാലയളവിൽ ഞാൻ ജനങ്ങൾക്ക് കൊടുത്ത വാഗ്ദാനമാണ് ഈ മേൽപ്പാലം. ഇത് യാഥാർത്ഥ്യമാക്കാൻ ഇനിയെങ്കിലും നടപടികൾ ത്വരിതപ്പെടുത്തണമെന്ന് ആവശ്യപ്പെടുകയാണ്. ഈ പ്രശ്നത്തിൽ അഞ്ചാം തവണയാണ് ഞാൻ സബ്മിഷനുമായി സഭയിലെത്തുന്നതും നടപടികൾ ത്വരിതപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നതും.

12.00 Noon]

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാന്യനായ വി. എസ്. അച്ചുതാനന്ദൻ ചൂണ്ടിക്കാണിച്ച പാലക്കാട് ജില്ലയിലെ മലമ്പുഴ നിയോജകമണ്ഡലത്തിലെ അകത്തേത്തറ - നടക്കാവ് മേൽപ്പാലം നിർമ്മിക്കുന്നതിനായി പാലക്കാട് താലൂക്കിലെ പാലക്കാട് II, അകത്തേത്തറ എന്നീ വില്ലേജുകളിൽനിന്ന് 43.51 ആർ സ്ഥലമേറ്റെടുക്കുന്നതിനായി 19-8-2017-ലെ സർക്കാർ ഉത്തരവുപ്രകാരം പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയിരുന്നു. 4-10-2017-ലെ സർക്കാർ ഉത്തരവുപ്രകാരം 43.51 ആർ സ്ഥലം ഡയറക്ട് നെഗോഷ്യേറ്റ് പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിനുള്ള അനുമതി റവന്യൂ വകുപ്പ് നൽകുകയുണ്ടായി. റെയിൽവേ പുറമ്പോക്ക് ഒഴികെയുള്ള സ്ഥലമേറ്റെടുക്കുന്നതിന് ജില്ലാ കളക്ടർ DLFC (District Level Fair compensation, rehabilitation and resettlement committe) കൂടുകയും അവർ അംഗീകരിച്ച വില 24-7-2018-ലെ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയിൽ സമർപ്പിക്കുകയും 30-7-2018-ലെ സർക്കാർ ഉത്തരവ് പ്രകാരം ഏറ്റെടുക്കാനുള്ള 30.69 ആർ ഭൂമിയുടെ വില അംഗീകരിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷന് സമ്മതപത്രം നൽകിയ 10 കൈവശക്കാരുടെ 2.58 ആർ ഭൂമി രജിസ്റ്റർ ചെയ്ത് അർത്ഥനാധികാരിക്ക് കൈമാറുകയുണ്ടായി. വിസമ്മതം പ്രകടിപ്പിച്ച കൈവശക്കാരുടെ ഭൂമി പുതിയ LARR Act 2013 പ്രകാരം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ ഭൂമി ഏറ്റെടുക്കുന്നതിന് സമ്മതമില്ലാത്ത ആളുകളുടേത് 2013-ലെ ആക്ടനുസരിച്ച് ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള കാലതാമസമാണ് പിന്നീടുണ്ടായിട്ടുള്ളത്.

4-10-2018-ലെ 2499-ാം നമ്പർ അസാധാരണ ഗസറ്റ് പ്രകാരം സാമൂഹികാഘാത പഠനം നടത്തുന്നതിന് ഡോൺ ബോസ്കോ ആർട്സ് ആന്റ് സയൻസ് കോളേജിനെ ചുമതലപ്പെടുത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സാമൂഹികാഘാത പഠന റിപ്പോർട്ട് പരിശോധന നടത്തുന്നതിന് വിദഗ്ദ്ധ സമിതിയെ നിയമിക്കുകയും വിദഗ്ദ്ധ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സമുചിത തീരുമാനം ജില്ലാ കളക്ടർ 1-6-2019-ന് പുറപ്പെടുവിക്കുകയുമുണ്ടായി. 11(1) പ്രകാരമുള്ള പ്രാഥമിക വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർ സ്വീകരിച്ചിട്ടുണ്ട്. പ്രാഥമിക വിജ്ഞാപനം പ്രസിദ്ധീകരിച്ച് LARR Act 2013 പ്രകാരമുള്ള പുനരധിവാസവും പുനഃസ്ഥാപനത്തിനുള്ള പാക്കേജും പ്രഖ്യാപനവും പുറപ്പെടുവിച്ച് അവാർഡ് പാസ്സാക്കി സ്ഥലമേറ്റെടുക്കൽ നടപടി സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.

(5) <u>തിരുവനന്തപുരം നഗരത്തിലെ കുടിവെള്ളക്ഷാമം</u>

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, തിരുവനന്തപുരം നഗരത്തിൽ മുമ്പൊരിക്കലുമുണ്ടാകാത്ത രീതിയിൽ അനുഭവപ്പെടുന്ന അതിരൂക്ഷമായ കുടിവെള്ളക്ഷാമം എത്രയുംവേഗം പരിഹരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. നഗരത്തിലെ 85 ശതമാനം ജനങ്ങളും കുടിവെള്ളത്തിനായി കേരള വാട്ടർ അതോറിറ്റിയെയാണ് ആശ്രയിക്കുന്നത്. 400 mld വെള്ളമാണ് തിരുവനന്തപുരം നഗരത്തിന് ആവശ്യമുള്ളതായി കണക്കാക്കപ്പെട്ടിട്ടുള്ളത്. എന്നാൽ ആവശ്യമുള്ളതിന്റെ മൂന്നിലൊന്ന് ശതമാനം കുടിവെള്ളംപോലും ലഭ്യമാകുന്നില്ല. തിരുവനന്തപുരം നഗരത്തിലെ വിവിധ പ്രദേശങ്ങളിലും അതുപോലെ എന്റെ നിയോജകമണ്ഡലത്തിലുൾപ്പെട്ട കരമന, മേലാറന്നൂർ, ഫോർട്ട്, കൈതമുക്ക്, പെരുന്താന്നി, മണക്കാട്, കമലേശ്വരം, അട്ടക്കുളങ്ങര, വഴുതക്കാട്, പാലോട്ടുകോണം, സി.എസ്.എം. നഗർ, വെള്ളയമ്പലം, വഞ്ചിയൂർ, ഋഷിമംഗലം, തമ്പാനൂർ, ഊറ്റുകുഴി, വാൻറോസ് ജംഗ്ഷൻ, ജഗതി, ജവഹർ നഗർ, വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിലെ പേരൂർക്കട, നന്തൻകോട് എന്നീ പ്രദേശങ്ങളിലൊന്നും എത്രയോ ദിവസങ്ങളായി വെള്ളം കിട്ടുന്നില്ല. അതുപോലെ തീരദേശമേഖലയിലെ വെട്ടുകാട്, വേളി ഭാഗങ്ങളിൽ JNNURM പദ്ധതിപ്രകാരം പൈപ്പ്‌ലൈനുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അത് ടെസ്റ്റിംഗ് നടത്തി ചാർജ്ജ് ചെയ്ത് വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രിക്ക് 22-12-2018-ന് ഇതുസംബന്ധിച്ച് ഒരു കത്ത് ഞാൻ നൽകിയിരുന്നു. പത്രമാധ്യമങ്ങളിലെല്ലാം ഈ വാർത്ത വന്നിട്ടുണ്ട് - 'നഗരത്തിലെ കുടിവെള്ളം മുടങ്ങുന്നു', 'നാലുദിവസമായി നഗരത്തിൽ വെള്ളമില്ല', 'കുടിവെള്ളം മുട്ടുന്നേ', 'നഗരത്തിൽ പലയിടത്തും കുടിവെള്ളക്ഷാമം' - ഇതൊക്കെ കണ്ടുകൊണ്ട്

നഗരസഭാ കൗൺസിലർമാർ രണ്ടുദിവസം മുമ്പ് വാട്ടർ അതോറിറ്റി ഓഫീസിൽ എം.ഡി.-യെ ഉപരോധിച്ചു. അതുപോലെ എല്ലാ വാട്ടർ അതോറിറ്റി ഓഫീസുകൾക്കുമുന്നിലും സമരങ്ങളാണ്. വെള്ളം കിട്ടിയിട്ട് നാലും അഞ്ചും ദിവസങ്ങളായി. ആളുകൾ അസ്വസ്ഥരായി റെസിഡന്റ്സ് അസോസിയേഷനുകളുടെ നേതൃത്വത്തിലും കൗൺസിലർമാരുടെ നേതൃത്വത്തിലും സമരവുമായി മുന്നോട്ടുവരുന്നു. ഇപ്പോൾ കാലവർഷം ആരംഭിച്ചിട്ടും കുടിവെള്ളം ലഭിക്കാതെ നട്ടം തിരിയുന്ന നഗരവാസികളോട്, അവർക്ക് മനസ്സിലാകാത്ത സാങ്കേതിക കാരണങ്ങളാണ് വാട്ടർ അതോറിറ്റി ജീവനക്കാർ പറയുന്നത്. ഒരു കാലഘട്ടത്തിലും തിരുവനന്തപുരം നഗരത്തിലുണ്ടാകാത്ത രീതിയിലുള്ള കുടിവെള്ള ക്ഷാമമുണ്ടാകുകയാണ്. രൂക്ഷമായ കുടിവെള്ള ക്ഷാമത്തിന് അടിയന്തരമായി പരിഹാരമുണ്ടാകുന്നതിന് അങ്ങയുടെ ഭാഗത്തുനിന്ന് നടപടിയുണ്ടാകണം. താൽക്കാലികമായി ഇപ്പോഴുണ്ടായിട്ടുള്ള പ്രശ്നം എന്താണെന്ന് മനസ്സിലാക്കി പരിഹാരമുണ്ടാക്കണം. ഉദ്യോഗസ്ഥന്മാർക്ക് പരിമിതിയുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പമ്പിംഗുമായി ബന്ധപ്പെട്ട് അരുവിക്കരയിലെ പ്രശ്നങ്ങളാണെന്നാണ് മനസ്സിലാക്കുന്നത്. എന്താണെങ്കിലും അങ്ങ് ഇതിനെക്കുറിച്ച് മനസ്സിലാക്കി അടിയന്തരമായി പരിഹാരമുണ്ടാക്കണം. എല്ലാ ദിവസവും ജനങ്ങൾ സമരത്തിലാണ്. ജനപ്രതിനിധികൾക്ക് ഇരിക്കാൻ കഴിയുന്നില്ല, കൗൺസിലർമാർ നെട്ടോട്ടമാണ്. ഒന്നോ രണ്ടോ ദിവസമല്ല, അഞ്ചും ആറും ഏഴും ദിവസം കഴിഞ്ഞിട്ടും വെള്ളം ലഭിക്കുന്നില്ല. അതിനൊരു പരിഹാരമുണ്ടാക്കണം. മറ്റൊരു കാര്യം, പണ്ട് അഞ്ചു ലക്ഷത്തിൽപ്പരമായിരുന്ന തിരുവനന്തപുരം നഗരത്തിലെ ജനസംഖ്യ ഇന്ന് ഇരുപത് ലക്ഷത്തിലധികമായിട്ടുണ്ട്. ജനസംഖ്യാ വർദ്ധനവിനനുസരിച്ച് നഗരത്തിൽ ജലം ലഭ്യമാക്കുന്നതിലേയ്ക്കുവേണ്ടിയുള്ള സമഗ്രമായ നടപടികൾ സ്വീകരിക്കണം. അമൃത് പദ്ധതിയിലുൾപ്പെടുത്തി അരുവിക്കരയിൽ നിർമ്മാണത്തിലിരിക്കുന്ന 75 mld പ്ലാന്റ് എത്രയുംവേഗം കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം. ഒരു കാര്യം കൂടി പറയാനുള്ളത്, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നെയ്യാറിൽനിന്നും തിരുവനന്തപുരം നഗരത്തിൽ ജലം കൊണ്ടുവരുന്നതിനുള്ള പദ്ധതിക്ക് രൂപം കൊടുത്തിരുന്നു. ഈ സർക്കാർ ആ പദ്ധതിയുമായി മുന്നോട്ടുപോകുകയാണ്. അത് എപ്പോൾ പൂർത്തിയാക്കാൻ സാധിക്കും? തിരുവനന്തപുരം നഗരത്തിലെ കുടിവെള്ളപ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിനുവേണ്ടി ഈ രണ്ട് പദ്ധതികളും അടിയന്തരമായി പൂർത്തീകരിക്കുകയും നിലവിലുള്ള അതിരൂക്ഷമായ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുകയും വേണം. ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥന്മാരുടെ യോഗം വിളിച്ച് പ്രശ്നമെന്താണെന്ന് മനസ്സിലാക്കി ആവശ്യമായ നടപടികളുണ്ടാകണമെന്നാണ് അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച വിഷയം വളരെ ഗൗരവമായി തന്നെയാണ് കാണുന്നത്. അടിയന്തരമായി ഒരു യോഗം വിളിക്കുന്നതാണ്. ക്രമാതീതമായ ഉപഭോഗവും പുതിയ കണക്ഷനുകളുടെ വർദ്ധനവും കാരണം തിരുവനന്തപുരം നഗരത്തിലേയ്ക്ക് കുടിവെള്ള വിതരണം നടത്തുന്ന ജലസംഭരണികളിൽ ആവശ്യമായ ജലവിതാനം നിലനിർത്തുവാൻ സാധിക്കുന്നില്ല. ഇതുമൂലം നഗരത്തിലെ ഉയർന്ന പ്രദേശങ്ങളിൽ ജലലഭ്യതയ്ക്ക് കുറവ് വന്നിട്ടുണ്ട്. രൂക്ഷമായ കുടിവെള്ളക്ഷാമമുള്ള പ്രദേശങ്ങളൊന്നുംതന്നെ തിരുവനന്തപുരം നഗരപരിധിയിലില്ല. കടുത്ത വേനലിൽ ജല ഉപയോഗം വർദ്ധിക്കുമ്പോഴും ശക്തമായ മഴ സമയത്ത് ശുദ്ധീകരിക്കേണ്ട ജലത്തിലെ കലങ്ങൽ ക്രമാതീതമായി വർദ്ധിക്കുമ്പോഴും കാറ്റും മഴയുംമൂലം അരുവിക്കരയിൽ അടിക്കടി വൈദ്യുതി തടസ്സമുണ്ടാകുമ്പോഴും പ്രധാന പൈപ്പുലൈനുകളിൽ ചോർച്ചയുണ്ടാകുമ്പോഴും ഉയർന്ന പ്രദേശങ്ങളിൽ ജലമൊഴുകി എത്താൻ സമയം എടുക്കുന്നതുമൂലവും ജലലഭ്യതക്കുറവ് അനുഭവപ്പെടാറുണ്ട്. ഈ ഭാഗങ്ങളിൽ വാൽവ് നിയന്ത്രിച്ചും വേണ്ടിവന്നാൽ കേരള ജല അതോറിറ്റിയുടെ ടാങ്കർ മുഖേനയും ജലമെത്തിച്ച് കൊടുക്കുന്നുണ്ട്.

ചെറിയ വൈദ്യുതി തടസ്സം അരുവിക്കരയിൽ ഉണ്ടാകുകയാണെങ്കിൽപ്പോലും ശുദ്ധീകരണ ശാലകൾ പൂർണ്ണതോതിൽ വീണ്ടും പ്രവർത്തിപ്പിക്കുവാൻ കൂടുതൽ സമയമെടുക്കുന്നതിനാലും ഈ സമയംകൊണ്ട് ജലസംഭരണികളിലും ജലവിതരണ ശൃംഖലയിലും മതിയായ അളവിൽ വെള്ളമില്ലാത്ത അവസ്ഥയുണ്ടാകുന്നതിനാലും പിന്നീട് ജലവിതരണം പുനഃസ്ഥാപിക്കപ്പെടുമ്പോൾ താഴ്ന്ന പ്രദേശങ്ങളിലെല്ലാം തന്നെ ജലം മതിയായ അളവിൽ എത്തിച്ചേർന്നതിനുശേഷം മാത്രമേ ഉയർന്ന പ്രദേശങ്ങളിൽ ജലം ലഭിച്ചുതുടങ്ങുകയുള്ളൂവെന്ന അവസ്ഥ നിലവിലുണ്ട്. ഇതിന് വൈദ്യുതി തടസ്സത്തിന്റെ ദൈർഘ്യത്തിനും ആവർത്തനത്തിനും ആനുപാതികമായി പലപ്പോഴും ദിവസങ്ങൾ തന്നെ വേണ്ടിവരുന്നുണ്ട്. ഇത്തരത്തിൽ അടുത്തടുത്ത ദിവസങ്ങളിലുണ്ടായ വൈദ്യുതിത്തകരാർമൂലമാണ് കഴിഞ്ഞയാഴ്ച തിരുവനന്തപുരം നഗരത്തിൽ ഭാഗികമായി ജലവിതരണം തടസ്സപ്പെട്ടത്. പ്രസ്തുത പ്രശ്നം പരിഹരിച്ച് ജലവിതരണ സംവിധാനം പൂർവ്വസ്ഥിതിയിൽ എത്തിച്ചിട്ടുണ്ട്.

മേൽസൂചിപ്പിച്ച മറ്റു പ്രശ്നങ്ങൾ തരണം ചെയ്യുന്നതിന് താഴെപ്പറയുന്ന നടപടികൾ കൈക്കൊണ്ടുവരുന്നു.

1. അരുവിക്കരയിൽ അടിക്കടിയുണ്ടാകുന്ന വൈദ്യുതി തടസ്സം ഒഴിവാക്കുവാൻ ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി കെ.എസ്.ഇ.ബി. പൂർത്തീകരിച്ചിട്ടുണ്ട്. ഇതുമൂലം 86 mld, 74 mld ജലശുദ്ധീകരണ ശാലകളിൽ വൈദ്യുതി തടസ്സമൊഴിവാക്കുവാൻ സാധിക്കും.

2. നഗരപ്രദേശങ്ങളിൽ പൈപ്പുകളിൽ പുറത്തുവരാത്ത ചോർച്ചകൾ കണ്ടുപിടിക്കുന്നതിനായി ഒരു ലീക്ക് ഡിറ്റക്ഷൻ ടീം പ്രവർത്തിക്കുന്നുണ്ട്. അവരുടെ സഹായത്തോടെ അറിയപ്പെടാതെ കിടക്കുന്ന പല ചോർച്ചകളും കണ്ടുപിടിച്ച് ചോർച്ച തടയാൻ സാധിക്കുന്നുണ്ട്.

3. കാലപ്പഴക്കം ചെന്ന പൈപ്പുകൾ ഘട്ടംഘട്ടമായി മാറ്റുന്നതിന് സംസ്ഥാന പദ്ധതിയിലും അമൃത് പദ്ധതിയിലും തിരുവനന്തപുരം നഗരസഭയുടെ നിക്ഷേപ പ്രവൃത്തിയിലും ഉൾപ്പെടുത്തി വിവിധ പ്രവൃത്തികൾ പുരോഗമിക്കുന്നുണ്ട്.

4. അരുവിക്കരയിൽ നിന്നുള്ള നിലവിലെ പമ്പിംഗ് കാര്യക്ഷമമാക്കുന്നതിനായി മോഡണൈസേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ശേഷികൂടിയ നാല് പമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ദർഘാസ് നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു. ഈ പ്രവൃത്തികൾ പൂർത്തിയാകുമ്പോൾ 10 mld അധികജലം തിരുവനന്തപുരം നഗരത്തിലേയ്ക്ക് എത്തിക്കുവാൻ സാധിക്കും.

5. തിരുവനന്തപുരം നഗരത്തിലും സമീപപ്രദേശങ്ങളിലും കൂടുതൽ ശുദ്ധജലം ലഭ്യമാക്കുന്നതിനായി അമൃത് പദ്ധതിയിലുൾപ്പെടുത്തി അരുവിക്കരയിൽ 75 mld ശേഷിയുള്ള ജലശുദ്ധീകരണശാലയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. 40 ശതമാനം ജോലികൾ ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത ജലശുദ്ധീകരണ ശാലയുടെ നിർമ്മാണം പൂർത്തിയാകുമ്പോൾ തിരുവനന്തപുരം നഗരത്തിനും സമീപപ്രദേശങ്ങൾക്കുമായി 75 mld ശുദ്ധജലം കൂടി ലഭ്യമാകും. ഏകദേശം ഡിസംബറോടുകൂടി അത് പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

6. നെയ്യാർ ഡാമിൽനിന്നും തിരുവനന്തപുരം നഗരത്തിൽ ശുദ്ധജല മെത്തിക്കുന്നതിനുള്ള ഒരു പദ്ധതിയും വിഭാവന ചെയ്തിട്ടുണ്ട്. നെയ്യാർഡാം മുതൽ തിരുമല വരെ പൈപ്പ്ലൈൻ സ്ഥാപിക്കലും അനുബന്ധഘടകങ്ങൾക്കുമുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിക്കുകയും അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

ശുദ്ധജലത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിന് പുതിയ ജല ശുദ്ധീകരണശാലയുടെ നിർമ്മാണമുൾപ്പെടെയുള്ള നിരവധി പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് തിരുവനന്തപുരം നഗരത്തിൽ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണുവാൻ സാധിക്കുന്നതാണ്. അതുകൂടാതെ ഉയർന്ന പ്രദേശങ്ങളിൽ വെള്ളം ലഭിക്കുന്നില്ലെന്ന പ്രശ്നവുമുണ്ട്. അക്കാര്യം ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് ഒരു ടീമിനെ നിയോഗിച്ച് അത് പരിഹരിക്കാനാവശ്യമായ നിർദ്ദേശവും നൽകിയിട്ടുണ്ട്.

## (6) പയ്യന്നൂരിലെ കുടിവെള്ളക്ഷാമം

ശ്രീ. സി. കൃഷ്ണൻ: സർ, പയ്യന്നൂർ മണ്ഡലത്തിലെ അതിരൂക്ഷമായ കുടി വെള്ളക്ഷാമത്തിന് പരിഹാരം കാണണമെന്ന് ആവശ്യപ്പെടുന്നതിനു വേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ആറ് ഗ്രാമ പഞ്ചായത്തുകളും ഒരു നഗരസഭയും ഉൾപ്പെടുന്നതാണ് പയ്യന്നൂർ മണ്ഡലം. ഇതിൽ രാമന്തളി, കരിവെള്ളൂർ-പെരളം, കാങ്കോൽ-ആലപ്പടമ്പ്, എരമം-കുറ്റൂർ, പെരിങ്ങോം-വയക്കര, ചെറുപുഴ എന്നീ ആറ് ഗ്രാമപഞ്ചായത്തുകളിലും കുടിവെള്ളക്ഷാമം അതിരൂക്ഷമാണ്. ചില പ്രദേശങ്ങളിൽനിന്നും ആളുകൾക്ക് താമസം മാറിപോകേണ്ടി വരുന്നുണ്ട്. ഏഷ്യയിലെ ഏറ്റവും വലിയ നാവിക അക്കാദമി സ്ഥിതി ചെയ്യുന്നത് രാമന്തളി പഞ്ചായത്തിലാണ്. ഈ പഞ്ചായത്തിലെ ഭൂരിപക്ഷം പ്രദേശങ്ങളിലും ശുദ്ധജലം ലഭ്യമല്ല. നാവിക അക്കാദമിക്ക് വെള്ളം എത്തിച്ചുകൊടുക്കുന്നത് കാക്കടവ് പദ്ധതിയിൽ നിന്നാണ്. ഏപ്രിൽ-മേയ് മാസം ആയാൽ കാക്കടവ് പദ്ധതിയിൽ നിന്നുമുള്ള വെള്ളത്തിന്റെ വിതരണവും മുടങ്ങുകയാണ്. അതിൽ നിന്നാണ് ചില പ്രദേശങ്ങളിലേയ്ക്ക് പൊതുടാപ്പുകൾ വഴി വെള്ളം എത്തിച്ചു കൊടുക്കുന്നത്. നാവിക അക്കാദമിയിലേയ്ക്ക് പോലും ആ പദ്ധതിയിൽ നിന്ന് വെള്ളം കിട്ടാത്ത സ്ഥിതിയാണ് നിലനിൽക്കുന്നത്. പയ്യന്നൂർ നഗരസഭ അതിർത്തിയിൽ നേരത്തേ തുടങ്ങിയ പദ്ധതി ഇപ്പോഴും പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ പയ്യന്നൂർ മണ്ഡലത്തിലെ, പ്രത്യേകിച്ച് ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കണം. ഒരു

പഞ്ചായത്തിൽ പോലും മേജർ പദ്ധതികളില്ല. 10-15 കുടുംബങ്ങൾക്ക് വെള്ളം കൊടുക്കാനുള്ള ചെറിയ പദ്ധതികൾ മാത്രമാണ് അവിടെയുള്ളത്. ഇതുസംബന്ധിച്ച് ഉന്നതതലത്തിൽ പഠനം നടത്തി സമഗ്രമായ പദ്ധതി ആവിഷ്കരിച്ച് പയ്യന്നൂർ മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണാനുള്ള നടപടി ഉണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, നേവൽ അക്കാദമിക്കും രാമന്തളി പഞ്ചായത്തിനുമുള്ള കുടിവെള്ള പദ്ധതിക്കുവേണ്ടി തടയണയുടെ നിർമ്മാണം കാര്യങ്കോട് പുഴയിൽ കാക്കടവിൽ പുരോഗമിച്ചു വരുന്നു. ടി പ്രവൃത്തി മേയ് 2020-ൽ പൂർത്തിയാകുന്നതോടുകൂടി വരൾച്ചാ കാലത്ത് അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം ഒരു പരിധി വരെ പരിഹരിക്കാൻ സാധിക്കുന്നതാണ്. ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ച എരമം-കുറ്റൂർ കുടിവെള്ള പദ്ധതിക്ക് പുതിയ സ്രോതസ്സ് കണ്ടെത്തിയിട്ടുണ്ട്. ആവശ്യമായ സ്ഥലവും ലഭിച്ചിട്ടുണ്ട്. ആയതു പ്രകാരം പ്ലാനിംഗ്, ഇൻവെസ്റ്റിഗേഷൻ എന്നിവ പൂർത്തിയാക്കി വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കാവുന്നതാണ്. കാങ്കോൽ-ആലപ്പടമ്പ്, കരിവെള്ളൂർ-പെരളം പഞ്ചായത്തുകൾക്ക് ആവശ്യമായ കുടിവെള്ളത്തിന്റെ ആവശ്യകതകൂടി പരിഗണിച്ച് തൃക്കരിപ്പൂരിനും സമീപ പഞ്ചായത്തുകൾക്കുംവേണ്ടി ഒരു ബൃഹത് കുടിവെള്ള പദ്ധതി, കാര്യങ്കോട് പുഴയിൽ മുക്കട സ്രോതസ്സായി പാലായിൽ നിർമ്മാണം നടന്നുവരുന്ന റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ സംഭരണ ശേഷി ഉപയോഗപ്പെടുത്തി വിഭാവന ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ എഞ്ചിനീയറിംഗ് റിപ്പോർട്ട് പ്ലാനിംഗ്, ഇൻവെസ്റ്റിഗേഷൻ വിഭാഗം തയ്യാറാക്കി വരുന്നു. ചെറുപുഴ പഞ്ചായത്തിൽ ചെറുകിട പദ്ധതികൾ മാത്രമേ പ്രായോഗികമാവുകയുള്ളൂ. പദ്ധതിക്കാവശ്യമായ സർവ്വേ നടത്തിയതിനുശേഷം പ്ലാനിംഗ്, ഇൻവെസ്റ്റിഗേഷൻ എന്നിവ പൂർത്തിയാക്കി വിശദമായ എൻജിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കേണ്ടതുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മേൽ പ്രവൃത്തികൾ ഏറ്റെടുക്കുന്നതാണ്. പെരിങ്ങോം-വയക്കര പഞ്ചായത്തിനു വേണ്ടിയുള്ള കുടിവെള്ള പദ്ധതിക്ക് വിശദമായ സർവ്വേ നടത്തേണ്ടതുണ്ട്. പദ്ധതി എങ്ങനെ നടപ്പാക്കാൻ സാധിക്കുമെന്നുള്ളത് സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗത്തിന്റെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്യുന്നതാണ്.

## (7) ലാൻഡ് റിക്ലമേഷൻ സ്കീം

ശ്രീ. ആർ. രാമചന്ദ്രൻ: സർ, കേരളത്തിന്റെ തീരങ്ങളിൽ തുടർച്ചയായി ഉണ്ടാകുന്ന കടലാക്രമണം തീരദേശവാസികളുടെ ജീവനും സ്വത്തിനും മാത്രമല്ല തീരത്തിന്റെ തകർച്ചയ്ക്കും കാരണമായി മാറുകയാണ്. ഇതുമൂലം കോടിക്കണക്കിന്

രൂപയുടെ നഷ്ടവും സംഭവിക്കുന്നു. തീരസംരക്ഷണത്തിനു വേണ്ടി ഖജനാവിൽ നിന്ന് കോടികൾ മുടക്കുന്നുണ്ടെങ്കിലും പ്രശ്നപരിഹാരം ഉണ്ടാകുന്നില്ല. കോടിക്കണക്കിന് രൂപയുടെ വീട്, മത്സ്യബന്ധനോപകരണങ്ങൾ, തീരഭൂമി എന്നിവ സംരക്ഷിക്കുന്നതിനുവേണ്ടി മാറിമാറി വന്ന സർക്കാരുകൾ നടപ്പിലാക്കിയിട്ടുള്ള കടൽഭിത്തി, പുലിമുട്ട് നിർമ്മാണം എന്നിവ പ്രശ്നപരിഹാരത്തിന് ശാശ്വതമാർഗ്ഗമല്ലെന്ന് അനുഭവങ്ങൾ തെളിയിച്ചിരിക്കുന്നു. പരിസ്ഥിതിക്ക് ഭീമമായ നാശം ഉണ്ടാക്കുന്നതാണ് ഈ നിർമ്മാണ രീതി. പാറ ഉപയോഗിച്ച് നിർമ്മിക്കുന്ന കടൽഭിത്തി തുടർച്ചയായ തിരയിൽ താഴ്ന്നുപോകുന്ന അവസ്ഥയാണുള്ളത്. പുലിമുട്ടിന്റെ സ്ഥിതിയും വ്യത്യസ്തമല്ല. ഈ സാഹചര്യത്തിൽ യശഃശരീരനായ ഡോ. വി. വി. വേലുക്കുട്ടി അരയൻ വിഭാവന ചെയ്ത ലാന്റ് റിക്ലമേഷൻ സ്കീം വളരെ ഫലപ്രദവും ദീർഘകാലം നിലനിൽക്കുന്നതുമാണെന്ന് കരുതാം. ഇതിന് സമാനമായ റിക്ലമേഷൻ പദ്ധതികൾ ചൈനയിൽ നടപ്പാക്കപ്പെട്ടിട്ടുണ്ട്. അതിന്റെ ഫലമായി ചൈനയിൽ 5000 സ്ക്വയർ മൈൽ പുതിയ കരയും പോളണ്ടിൽ 3000 സ്ക്വയർ മൈൽ പുതിയ കരയും കൊറിയയിൽ 600 സ്ക്വയർ മൈൽ പുതിയ കരയും ബഹ്റൈനിൽ 125 സ്ക്വയർ മൈൽ പുതിയ കരയും ജപ്പാനിൽ 110 സ്ക്വയർ മൈൽ കരയും പുതിയതായി സൃഷ്ടിക്കപ്പെടാൻ ഇടയായിട്ടുണ്ട്. ഇത് 2014-ലെ കണക്കാണ്. ഈ പദ്ധതിയനുസരിച്ച് തീരത്തോടടുത്ത് കടലിനുള്ളിൽ നിന്നുതന്നെ മണ്ണ് ശേഖരിച്ച് സുദീർഘമായ കര സൃഷ്ടിക്കുകയാണെങ്കിൽ തീരക്കടലിന്റെ ആഴം വർദ്ധിപ്പിക്കുന്നതിനും അതുവഴി തിരമാലകളുടെ ശക്തി കുറയ്ക്കുന്നതിനും സാധിക്കുമെന്നാണ് വിഭാവന ചെയ്യുന്നത്. ഇത് കര നഷ്ടപ്പെടുന്നതിനെ ഫലപ്രദമായി തടയുന്നതിന് പുറമേ തീരക്കടലിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് സഹായിക്കുകയും അതിനോടൊപ്പം തീരത്തുള്ള ശുദ്ധജല സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിനും സഹായകരമായി തീരുന്നു. മാത്രമല്ല, ടൂറിസം വികസിപ്പിക്കുന്നതിനും ഇത് സഹായിക്കും. സഖാവ് വി. എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിലുള്ള സർക്കാർ ഭരിക്കുന്ന കാലത്ത് ഈ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ചെന്നൈ ഐ.ഐ.ടി.-യിലെ വിദഗ്ദ്ധർ ഉൾപ്പെടെയുള്ള സംഘം ഇതുസംബന്ധിച്ച് പഠനം നടത്തുകയും പരീക്ഷണാടിസ്ഥാനത്തിൽ ആദ്യം ഒരു കിലോ മീറ്റർ ദൂരത്തിൽ ഈ പദ്ധതി നടപ്പിലാക്കാൻ നിർദ്ദേശിക്കുകയും പിന്നീട് അത് അര കിലോമീറ്ററായി കുറയ്ക്കുകയും ചെയ്തു. എന്നാൽ അര കിലോമീറ്റർ ദൂരത്തിൽ മാത്രം പരീക്ഷണാടിസ്ഥാനത്തിൽ നിർമ്മിക്കാൻ പോയാൽ ആ പദ്ധതി തന്നെ പരാജയമാകുമെന്ന അവസ്ഥയിൽ എത്തപ്പെടുമെന്നുള്ളതുകൊണ്ട് അതിന്റെ തുടർനടപടികൾ അന്നുണ്ടായില്ല. ആയതിനാൽ കുറഞ്ഞത് 20 കി.മീ.

ദൂരത്തെങ്കിലും ഈ പദ്ധതി നടപ്പാക്കിയെങ്കിൽ മാത്രമേ ഇതിന്റെ ഗുണഫലം പരിശോധിച്ച് ബോധ്യപ്പെടാൻ കഴിയുകയുള്ളൂ. ഇതിനായി നീണ്ടകര മുതൽ അഴീക്കൽ വരെയുള്ള 20 കി.മീ. പരിസ്ഥിതിക്ക് ഏറ്റവും അനുയോജ്യമായ ലാന്റ് റിക്ലമേഷൻ സംവിധാനത്തെ തീരസംരക്ഷണത്തിനുള്ള മാർഗ്ഗമായി ഉപയോഗിക്കുന്നതിന് ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കടൽഭിത്തി നിർമ്മാണത്തിനായി പണ്ടുകാലം മുതൽ നിക്ഷേപിച്ചിട്ടുള്ള പാറ തിരികെ എടുക്കുന്നതിനും മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനും അതുവഴി കോടിക്കണക്കിന് രൂപ ഖജനാവിലേയ്ക്ക് കണ്ടെത്തുന്നതിനുമൊക്കെ സഹായകരമായിത്തീരുന്ന കാര്യമാണ്. പരിസ്ഥിതി സംരക്ഷണത്തിനും ഉപയോഗപ്രദമായ കാര്യമാണ്. അതുപോലെ, കരിമണൽ ഖനനവുമായി ബന്ധപ്പെട്ട വിഷയങ്ങൾക്ക് ശാശ്വത പരിഹാരമുണ്ടാക്കാൻ സഹായിക്കുന്നതാണെന്ന അർത്ഥത്തിൽ ഇതിന്റെ ഗൗരവം ഉൾക്കൊണ്ടുകൊണ്ടുതന്നെ തുടർനടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, കേരളത്തിലുണ്ടാകുന്ന കടലാക്രമണത്തെ ഫലപ്രദമായി തടയുന്നതിനും നഷ്ടപ്പെട്ട ഭൂമി വീണ്ടെടുക്കുന്നതിനും പുതിയൊരു കര സൃഷ്ടിച്ച് വികസനം സാധ്യമാക്കുന്നതിനുമായിട്ടാണ് ഡോ. വി. വി വേലുക്കുട്ടി അരയൻ ലാൻഡ് റിക്ലമേഷൻ സ്കീം അവതരിപ്പിച്ചത്. കടൽ കുഴിച്ച് ഒരു ഫർലോങ് വീതിയിൽ കടൽ നികത്തി ഒരു നീണ്ട കര നിലവിലുള്ള കടൽത്തീരത്തോട് ചേർത്ത് നെടുനീളത്തിൽ സൃഷ്ടിച്ചുകൊണ്ട് കടലാക്രമണത്തെ ശാശ്വതമായി തടയാമെന്നാണ് ടി സ്കീമിൽ വിഭാവന ചെയ്തത്. കടൽഭിത്തി നിർമ്മാണത്തിന് വലിയ കല്ലുകൾ ലഭിക്കുക പ്രയാസമായ ഈ കാലത്ത് കടൽക്ഷോഭം പ്രതിരോധിക്കുന്നതിന് മറ്റു മാർഗങ്ങൾ തേടേണ്ടത് അനിവാര്യമാണ്. ആയതിനാൽ കടലാക്രമണത്തെ ഫലപ്രദമായി തടയുന്നതിനും കടലാക്രമണത്തിൽ നഷ്ടമായ ഭൂമി വീണ്ടെടുക്കുന്നതിനും ഡോ. വി. വി. വേലുക്കുട്ടി അരയൻ വിഭാവന ചെയ്ത ലാൻഡ് റിക്ലമേഷൻ സ്കീമിനെക്കുറിച്ച് ഈ മേഖലയിലെ വിദഗ്ദ്ധരെകൊണ്ട് വിശദമായ പഠനം നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

1954-ലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. ഇത് വളരെ നല്ല റിപ്പോർട്ടാണെന്നാണ് പറയുന്നത്. നല്ല രീതിയിലുള്ള പഠനം നടത്തിയതിനു ശേഷം മാത്രമേ തുടർന്ന് പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. അതിനായി പഠനം നടത്താനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(8) റെയിൽപ്പാത നിർമ്മാണം

ശ്രീ. രാജു എബ്രഹാം: സർ, അങ്കമാലിയിൽനിന്ന് എരുമേലി വരെയും എരുമേലിയിൽനിന്ന് പുനലൂർ വരെയുമുള്ള റെയിൽവേ ലൈൻ തത്വത്തിൽ റെയിൽവേ അംഗീകരിക്കുകയും 25 വർഷങ്ങൾക്കുമുമ്പ് അതിന്റെ സ്ഥലപരിശോധന നടത്തിയിട്ടുള്ളതുമാണ്. ഇതിന്റെ ആദ്യഘട്ടമായി അങ്കമാലിയിൽനിന്ന് എരുമേലി വരെയുള്ള പാതയുടെ നിർമ്മാണത്തിന് റെയിൽവേ പച്ചക്കൊടി കാണിക്കുകയും തുടർന്ന് അങ്കമാലിയിൽനിന്നും സ്ഥലമെടുപ്പ് ഏതാണ്ട് പൂർത്തിയായ കാലടിക്ക് സമീപംവരെ 20 കിലോമീറ്ററോളം റെയിൽപ്പാളം നിർമ്മിച്ചിട്ടുള്ളതുമാണ്. എന്നാൽ അതിനുശേഷമുള്ള ഭാഗങ്ങളിലെ അലൈൻമെന്റ് സംബന്ധിച്ച് അന്തിമ ധാരണയാകാത്തതുകൊണ്ട് റെയിൽവേ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാതെ കിടക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും മുൻകയ്യെടുത്ത് ഇതുസംബന്ധിച്ച യോഗങ്ങൾ നടത്തിയെങ്കിലും അന്തിമ തീരുമാനത്തിലെത്താൻ ഇന്നുവരെ കഴിഞ്ഞിട്ടില്ല. ഇതിന് ചെറിയ ചെറിയ തർക്കങ്ങൾ മാത്രമേയുള്ളൂ. ആ തർക്കങ്ങൾ പരിഹരിച്ച് ഈ അലൈൻമെന്റ് പൂർത്തിയാക്കിയാൽ എരുമേലി വരെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കഴിയും. ഇതേ സമയംതന്നെ എരുമേലിയിൽ നിന്ന് പുനലൂർ വരെയും പുനലൂരിൽ നിന്ന് തിരുവനന്തപുരം വരെയുമുള്ള അലൈൻമെന്റിന്റെ നടപടിക്രമങ്ങൾ ആരംഭിക്കാൻ കഴിയും. നമ്മുടെ റോഡുകളിൽ വാഹനങ്ങൾ നിറയുകയാണ്. നാലോ അഞ്ചോ വർഷം കഴിഞ്ഞാൽ വാഹനങ്ങൾക്ക് നീങ്ങാൻ കഴിയാത്ത അവസ്ഥ വരും. അപ്പോൾ തീർച്ചയായും റെയിൽവേ മാത്രമാണ് നമുക്കൊരാശ്രയം. അതുകൊണ്ട് 50 വർഷം മുന്നിൽക്കണ്ടുകൊണ്ടുള്ള ഒരു പദ്ധതി പ്ലാൻ ചെയ്യാൻ ഈ സർക്കാർ മുൻകയ്യെടുക്കണമെന്നാണ് അഭ്യർത്ഥിക്കുന്നത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, അങ്കമാലി-ശബരി റെയിൽവേ പദ്ധതിക്കുവേണ്ടി 416 ഹെക്ടർ ഭൂമിയാണ് വേണ്ടത്. അതിനായി 2017 മേയ് മാസത്തിൽ രണ്ട് സ്പെഷ്യൽ തഹസിൽദാർമാർ ഉൾപ്പെട്ട രണ്ട് എൽ.എ. യൂണിറ്റുകൾ തുടങ്ങിയിട്ടുള്ളതാണ്. എറണാകുളം, കോട്ടയം എന്നീ ജില്ലകളിൽ നിന്നുമാണ് ഭൂമി എടുക്കേണ്ടത്. എറണാകുളം ജില്ലയിൽ നിന്ന് 131.6342 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടത്. അത് ഏറ്റെടുക്കാൻ തീരുമാനിക്കുകയും ഇതിന്റെ സാമൂഹികാഘാത പഠനം നടത്താൻ ഡോൺ ബോസ്കോ ആർട്സ് ആന്റ് സയൻസ് കോളേജിനെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. 2018 ജൂലൈ 24-ന് ചേർന്ന എസ്.എൽ.ഇ.സി. യോഗത്തിൽ ഭൂമി

മുഴുവൻ റെയിൽവേ ആക്ട് പ്രകാരം എടുക്കാൻ തീരുമാനമെടുത്തു. എന്നാൽ റെയിൽവേ ഇക്കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. പ്രാഥമിക വിജ്ഞാപനം അവർ പുറപ്പെടുവിച്ചിട്ടുണ്ട്. റെയിൽവേയുടെ വിജ്ഞാപനം അനന്തമായി നീണ്ടുപോകുന്നതുകൊണ്ട് എൽ.എ.ആർ. നിയമപ്രകാരം ഭൂമി ഏറ്റെടുക്കാനുള്ള നടപടികളാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. കോട്ടയം ജില്ലയിൽ ഒരു സെന്റ് ഭൂമിയും ഏറ്റെടുത്തിട്ടില്ല. അവിടെ ഏറ്റെടുക്കേണ്ടത് 22.19 ഹെക്ടർ ഭൂമിയാണ്. ഇതിനുവേണ്ടി സംയുക്ത സ്ഥലപരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. ഫണ്ട് ആവശ്യപ്പെട്ടിരുന്നെങ്കിലും റെയിൽവേ നൽകിയിട്ടില്ല. രാമപുരം, എരുമേലി ഭാഗങ്ങളിൽ തർക്കമുണ്ടായിരുന്നു. അത് പരിഹരിക്കുന്നതിന് റെയിൽവേയും സംസ്ഥാന സർക്കാരും സംയുക്തമായി നടപടി സ്വീകരിക്കാൻ 2019 ജൂൺ 1-ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. മറ്റ് സ്ഥലങ്ങളിൽ ഫൈനൽ ലൊക്കേഷൻ സർവ്വേ നടപടികൾ റെയിൽവേ സ്വീകരിച്ചുവരികയാണ്. എരുമേലി-തിരുവനന്തപുരം റെയിൽവേയുടെ കാര്യം ഇപ്പോൾ റെയിൽവേയുടെ മുമ്പിലില്ലെങ്കിലും കേന്ദ്ര സർക്കാരിനോടും റെയിൽവേ അധികാരികളോടും നമുക്ക് ശക്തമായി ഉന്നയിക്കാവുന്നതാണ്.

## (9) പാലം പുനർനിർമ്മാണം

ശ്രീ. പി. ഉണ്ണി: സർ, പാലക്കാട് ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട താലൂക്ക് ഹെഡ്ക്വാർട്ടേഴ്സാണ് ഒറ്റപ്പാലം. നിരന്തരമായ വാഹനക്കുരുക്ക് അവിടെ അനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണ്. പാലക്കാട് -തൃശ്ശൂർ, പാലക്കാട് -കുറ്റിപ്പുറം എന്നീ ഭാഗങ്ങളിലേയ്ക്ക് വാഹനങ്ങൾ ഓടുന്നത് ഒറ്റപ്പാലത്തുകൂടിയാണ്. ഈ വാഹനക്കുരുക്ക് മാറ്റുന്നതിന് ടൗണിന്റെ രണ്ടറ്റത്തുമുള്ള പാലങ്ങൾ പുതുക്കിപ്പണിയാൻ തീരുമാനിച്ചിരുന്നു. അതിന് കിഫ്ബിയിൽ പണവും വകയിരുത്തിയിട്ടുണ്ട്. കണിയാമ്പുറം പാലത്തിന്റെ ഒരു ഭാഗം പൊളിച്ച് പുതിയ പാലം കെട്ടിക്കൊണ്ടിരിക്കുകയാണ്. ഇതിനൊപ്പം ഈസ്റ്റ് ഒറ്റപ്പാലത്തെ പാലംകൂടി പൊളിച്ച് പുതിയ പാലം കെട്ടിയാൽ മാത്രമേ ഈ വാഹനക്കുരുക്ക് മാറ്റാൻ കഴിയുകയുള്ളൂ. അതുകൊണ്ട് അടിയന്തരമായി പാലം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിരിക്കുന്ന ഈസ്റ്റ് ഒറ്റപ്പാലം പാലത്തിന് 36 വർഷത്തെ പഴക്കമുണ്ട്. പാലം ഗതാഗതയോഗ്യമാണെങ്കിലും വീതി വളരെ

കുറവാണ്, നടപ്പാതകളുമില്ല. അതിന്റെ ഫലമായുണ്ടാകുന്ന ഗതാഗത പ്രശ്നങ്ങളാണ് ഈ സബ്മിഷൻ കൊണ്ടുവരാൻ കാരണമെന്നാണ് മനസ്സിലാക്കുന്നത്. ഈസ്റ്റ് ഒറ്റപ്പാലം, കണിയാപുരം എന്നിവിടങ്ങളിലെ രണ്ട് പാലങ്ങൾക്കുമായി കിഫ്ബിയിൽ 25 കോടി രൂപയുടെ അംഗീകാരം കിട്ടിയിരുന്നു. വിശദമായ പരിശോധനകളൊക്കെ പൂർത്തീകരിച്ചു. എന്നാൽ പാലം പണി ആരംഭിക്കുന്നതിനുമുമ്പ് തടസ്സങ്ങളില്ലാതെ ആവശ്യമായ സ്ഥലം ലഭ്യമാക്കേണ്ടതുണ്ടായിരുന്നു. രണ്ട് പാലത്തിന്റെയും നിർമ്മാണ ഉത്തരവ് ഒന്നായിരുന്നു. ഒറ്റപ്പാലം പാലത്തിന് സ്ഥലം ലഭ്യത പ്രതിസന്ധിയായി. എന്നാൽ കണിയാപുരം പാലത്തിന് സ്ഥലം കിട്ടി. അതുകാരണം കണിയാപുരം പാലത്തിനുമാത്രം 4.30 കോടി രൂപയുടെ ഭരണാനുമതി 2018-19-ലെ ബഡ്ജറ്റിൽ ലഭ്യമാക്കുകയും പാലം നിർമ്മാണം ആരംഭിക്കുകയും ചെയ്തു. ഒറ്റപ്പാലം സമാന്തര പാലത്തിന്റെ ഭൂമിയുടെ പ്രശ്നം വരുമ്പോൾ അവിടെനിന്നും രണ്ട് സ്മാരകങ്ങൾ പൊളിച്ചുനീക്കേണ്ടിവരും. ശ്രീ. പി. ഉണ്ണി എം.എൽ.എ.-യുടെയും വിവിധ ജനപ്രതിനിധികളുടെയും സാന്നിദ്ധ്യത്തിൽ വിശദമായ സ്ഥലപരിശോധന നടത്തി തയ്യാറാക്കിയ പുതുക്കിയ അലൈൻമെന്റ് പ്രകാരം സ്ഥലം ഏറ്റെടുക്കേണ്ടതില്ല എന്നാണ്. അതിൻപ്രകാരം പുതുക്കിയ അലൈൻമെന്റിന് ഭരണാനുമതി ലഭ്യമാക്കുന്നതിനുവേണ്ടി വിശദമായ ഡി.പി.ആർ. ഇപ്പോൾ തയ്യാറാക്കി ക്കൊണ്ടിരിക്കുകയാണ്.

## (10) റോഡ് നിർമ്മാണം

ശ്രീ. മാത്യു ടി. തോമസ്: സർ, തിരുവല്ല മണ്ഡലത്തിൽ 20 കിലോമീറ്റർ നീളമുള്ള റോഡാണ് തിരുവല്ല-മല്ലപ്പള്ളി-ചേലക്കൊമ്പ് റോഡ്. വലിയ തോതിൽ വാഹനത്തിരക്കുള്ള ഒരു റോഡാണിത്. 2016-ലെ ബഡ്ജറ്റിൽ പ്രസ്തുത റോഡിൽ ബി.എം. & ബി.സി. ടാറിംഗ് നടത്തുന്നതിന് 20 കോടി രൂപയാണ് ഞാൻ ആവശ്യപ്പെട്ടതെങ്കിലും, ഒരു പൂവ് ചോദിച്ചപ്പോൾ പൂന്തോട്ടം കിട്ടിയതുപോലെ, 83 കോടി രൂപയുടെ വിപുലമായൊരു പദ്ധതിയാണ് കിഫ്ബി ആവിഷ്കരിച്ച് അതിന് ഭരണാനുമതി നൽകിയത്. അതിന്റെ ബഹുഭൂരിപക്ഷം ദൂരത്തിലും 12 മീറ്റർ വീതിയിൽ സ്ഥലമുണ്ട്. കുറച്ച് സ്ഥലമേ ഏറ്റെടുക്കാനുള്ളു. കൂടുതലും വീതിയുള്ള സ്ഥലമാണ്. ഇതിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി RICK (Road Infrastructure Company Kerala Limited) എന്ന സ്ഥാപനത്തെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. മൂന്ന് കൊല്ലമായിട്ടും ഭൂമി ഏറ്റെടുക്കാനുള്ള പെഗ്

മാർക്കിംഗ് നടത്താൻ അവർക്ക് കഴിഞ്ഞിട്ടില്ല. റവന്യൂ വകുപ്പിൽനിന്നും റിട്ടയർ ചെയ്ത ചില ഉദ്യോഗസ്ഥന്മാരുടെ സന്നദ്ധ സഹായം ലഭ്യമാക്കിക്കൊണ്ട് എല്ലാ സർവ്വേ നമ്പരും ശേഖരിച്ച് RICK എന്ന സ്ഥാപനത്തിന് കൊടുത്തതാണ്. പെഗ് മാർക്കിനുവേണ്ടി ഒരു കരാറുകാരനെ ഏല്പിച്ചെങ്കിലും അത് നടക്കുന്നില്ലെന്നാണ് പറയുന്നത്. ഞാൻ RICK-ന്റെ ഓഫീസിൽപോയി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സംസാരിച്ചു. അത് നടത്താൻ കഴിയുമെന്ന ആത്മവിശ്വാസം RICK-ലെ ഉദ്യോഗസ്ഥന്മാർക്കുള്ളതായി തോന്നിയില്ല. അതുകൊണ്ട് സ്പെഷ്യൽ പർപ്പസ് വെഹിക്കിളിനെ മാറ്റണമെന്ന് ഒരു ചോദ്യരൂപേണ അങ്ങയോട് ഞാൻ ആവശ്യപ്പെട്ടിരുന്നു. സർക്കാർ അതേ സ്പെഷ്യൽ പർപ്പസ് വെഹിക്കിളിനെക്കൊണ്ടാണ് നടത്തുന്നതെങ്കിൽ എനിക്കതിൽ തർക്കമില്ല. മൂന്ന് വർഷമായിട്ടും പെഗ് മാർക്കിംഗ്പോലും നടത്താതെ, 83 കോടി രൂപയുടെ ഭരണാനുമതി കിട്ടിയ ഒരു വർക്ക് പ്രായോഗിക തലത്തിൽ കൊണ്ടുവരാനുള്ള ഇടപെടൽ അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഈ റോഡിലേയ്ക്കുവരുന്ന എല്ലാ അനുബന്ധ റോഡുകളും ബി.എം. & ബി.സി. ടാറിംഗിന്റെ നിലവാരത്തിൽ ഉയർത്താനുള്ള പണികൾ നടന്നു കൊണ്ടിരിക്കുമ്പോഴും പ്രധാന റോഡിന്റെ പണി നടത്താൻ കഴിയാത്തൊരു സ്ഥിതിവിശേഷമുണ്ട്. അത് പരിഹരിക്കാൻ അങ്ങയുടെ ശക്തമായ ഇടപെടലുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ സബ്മിഷനായ തിരുവല്ല-മല്ലപ്പള്ളി-ചേലക്കൊമ്പ് റോഡിനെ സംബന്ധിച്ചുള്ള പ്രശ്നം കിഫ്ബിയുടെ സഹായത്തോടുകൂടി നടത്താനുദ്ദേശിച്ചതാണ്. അതിന് പണം അനുവദിച്ച കാര്യമൊക്കെ അദ്ദേഹം പറഞ്ഞു. അവിടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ വളരെ അത്യാവശ്യമാണ്. അതിന് കല്ല് സ്ഥാപിക്കാൻ ടെണ്ടർ ക്ഷണിച്ചിരുന്നു. 2018 ജൂൺ 16-ന് ടെണ്ടർ തുറന്നു. ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ. റോമൻ ജോസഫിന് കൊടുത്തു, അത് കൂടുതലായിരുന്നു. 11,91,00,422 (പതിനൊന്ന് കോടി തൊണ്ണൂറ്റിയൊന്ന് ലക്ഷത്തി നാന്നൂറ്റി ഇരുപത്തിരണ്ട്) രൂപ അനുവദിക്കുകയും 2018 സെപ്റ്റംബർ 18-ന് എഗ്രിമെന്റ് വയ്ക്കുകയും ചെയ്തു. എന്നാൽ ഈ വർക്ക് RICK ഇതുവരെ ഏറ്റെടുത്തിട്ടില്ല. കാരണം ഭൂമി കൊടുത്താൽ മാത്രമേ അവർക്ക് വർക്ക് ചെയ്യാൻ കഴിയുകയുള്ളൂ. ഭൂമി ഏറ്റെടുക്കൽ അവരുടെ അധികാരത്തിൽ വരുന്നതല്ല. പി.ഡബ്ല്യൂ.ഡി.-യുടെ കൈവശമാണ് റോഡുള്ളത്. ഭൂമി ഏറ്റെടുത്ത് കൊടുക്കുന്ന മുറയ്ക്ക് റോഡ് നിർമ്മിക്കാനാണ് അവർ തയ്യാറായി നിൽക്കുന്നത്. കല്ലിടാൻവേണ്ടി ഏല്പിച്ച ആൾ നിയമപ്രകാരമല്ല കല്ലിട്ടത്. അയാൾക്ക് തോന്നിയതുപോലെ കല്ലിട്ടു. ആ സ്പെസിഫിക്കേഷനൊന്നും സ്വീകാര്യമല്ലാത്തതുകൊണ്ട് ഞാനടക്കം അയാളെ വിളിച്ചു. അയാൾ എല്ലാം സമ്മതിക്കുമെങ്കിലും നിയമപ്രകാരം കല്ലിടുകയില്ലെന്ന് മനസ്സിലാക്കിയതുകൊണ്ട് അയാളെ ഒഴിവാക്കി. റിസ്ക് ആൻഡ് കോസ്റ്റ് ടെണ്ടർ

നടപടിക്രമം അനുസരിച്ച് അദ്ദേഹത്തെ ടെർമിനേറ്റ് ചെയ്തു. ജോയിന്റ് വാല്യുവേഷൻ ക്ഷണിച്ചുകൊണ്ട് പ്രവൃത്തി റീ ടെണ്ടർ ചെയ്യാനുള്ള നടപടിയാണ്. കല്ലിട്ടാൽ മാത്രമേ ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിക്കുകയുള്ളൂ. അത് റവന്യൂ വകുപ്പാണ് ചെയ്യുന്നത്. അത് പൂർത്തിയാക്കിയാൽ RICK വർക്ക് ആരംഭിക്കും. അല്ലെങ്കിൽ പൊതുമരാമത്ത് വകുപ്പിന് മറ്റേതെങ്കിലും രൂപത്തിൽ ചെയ്യാവുന്നതേയുള്ളൂ.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

## VI. മേശപ്പുറത്തുവച്ച കടലാസുകൾ

I. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 346/2019 | ജി.ഒ.(എംഎസ്) നമ്പർ 101/2018/ഹോം | 14-6-2018 | അല്ല |
| 2 | 352/2019 | ജി.ഒ.(ആർറ്റി.) നമ്പർ 1239/2019/ഹോം | 08-5-2019 | അല്ല |
| 3 | 361/2019 | ജി.ഒ.(ആർറ്റി.) നമ്പർ 1366/2019/ഹോം | 27-5-2019 | അല്ല |

II. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് | 2017-18 | വാർഷിക റിപ്പോർട്ട് | അതെ |

III. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 342/2019 | ജി.ഒ.(പി) നമ്പർ 26/2019/ആർ.ഡി. | 14-5-2019 | അല്ല |
| 2 | 347/2019 | ജി.ഒ.(പി) നമ്പർ 27/2019/ആർ.ഡി. | 18-5-2019 | അല്ല |

IV. ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 358/2019 | ജി.ഒ.(പി) നമ്പർ 79/2019/ടാക്സസ് | 25-5-2019 | അല്ല |
| 2 | 359/2019 | ജി.ഒ.(പി) നമ്പർ 80/2019/ടാക്സസ് | 25-5-2019 | അല്ല |
| 3 | 374/2019 | ജി.ഒ.(പി) നമ്പർ 81/2019/ടാക്സസ്. | 31-5-2019 | അല്ല |
| 4 | 375/2019 | ജി.ഒ.(പി) നമ്പർ 82/2019/ടാക്സസ് | 31-5-2019 | അല്ല |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് | സമാഹൃത ആഡിറ്റ് റിപ്പോർട്ട് 2003-04 | തിരുത്തൽ സ്റ്റേറ്റ്മെന്റ് | ബാധകമല്ല |

V. ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രിക്കുവേണ്ടി ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

i. ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് . ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 368/2019 | ജി.ഒ.(പി) നമ്പർ 48/2019/ എച്ച്.&എഫ്.ഡബ്ല്യുഡി | 9-5-2019 | അല്ല |
| 2 | 385/2019 | ജി.ഒ.(പി) നമ്പർ 7/2019/എസ്ജെഡി. | 1-6-2019 | അല്ല |

ii വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | സ്റ്റേറ്റ് കമ്മീഷണറേറ്റ് ഫോർ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് | 2016-17 | വാർഷിക റിപ്പോർട്ട് | അതെ |

VI. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 310/2019 | ജി.ഒ.(പി) നമ്പർ 69/2019/റ്റിഡി. | 30-4-2019 | അല്ല |
| 2 | 311/2019 | ജി.ഒ.(പി) നമ്പർ 70/2019/റ്റിഡി. | 30-4-2019 | അല്ല |

VII. തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 314/2019 | ജി.ഒ.(പി) നമ്പർ 35/2019/ എൽബിആർ. | 23-4-2019 | അല്ല |
| 2 | 365/2019 | ജി.ഒ.(പി.) നം.24/ 2019/ എൽ.ബി.ആർ. | 24-3-2019 | അല്ല |
| 3 | 373/2019 | ജി.ഒ.(പി) നമ്പർ 41/2019/എൽ.ബി.ആർ.. | 29-5-2019 | അല്ല |

VIII. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 360/2019 | ജി.ഒ.(പി) നമ്പർ 51/2019/കോ-ഓപ്പ്. | 15-5-2019 | അല്ല |
| 2 | 370/2019 | ജി.ഒ.(പി) നമ്പർ 60/2019/കോ-ഓപ്പ്. | 30-5-2019 | അല്ല |

IX. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 362/2019 | ജി.ഒ.(പി) നമ്പർ 34/2019/ എൽഎസ്ജിഡി. | 22-5-2019 | അല്ല |

X. മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രിക്കുവേണ്ടി വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

(i)ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 340/2019 | ജി.ഒ.(പി) നമ്പർ 18/2019/എഫ്&പി ഡി. | 28-4-2019 | അല്ല |

(ii)വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ(അഡാക്ക്) | 2014-15 | ഓഡിറ്റ് റിപ്പോർട്ട് | അതെ |
| 2 | കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ട് | അതെ |

XI. ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സർവ്വകലാശാല | 2017-18 | വാർഷിക കണക്കുകൾ | ഇല്ല |
| 2 | കേരള സർവ്വകലാശാല | 2018 | വാർഷിക റിപ്പോർട്ട് | ഇല്ല |

# VII. ധനകാര്യം

## 2019-2020 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2019-2020 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2019-2020 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2019-2020 | | | | |
|---|---|---|---|---|---|---|
| | | 7-2-2019-ന് സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക | | |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| XXX | ഭക്ഷ്യം | 599,55,71,000 | 30,90,44,000 | 1199,11,41,000 | 61,80,90,000 | 1260,92,31,000 |
| XXXI | മൃഗസംരക്ഷണം | 238,26,09,000 | 7,68,33,000 | 476,52,18,000 | 15,36,67,000 | 491,88,85,000 |
| XXXII | ക്ഷീരവികസനം | 59,69,70,000 | 1,66,67,000 | 119,39,41,000 | 3,33,33,000 | 122,72,74,000 |
| XXXIV | വനം | 195,68,53,000 | 28,78,34,000 | 391,37,06,000 | 57,56,68,000 | 448,93,74,000 |

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയേയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയേയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയേയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ ധനാഭ്യർത്ഥന നമ്പർ XXX—ഭക്ഷ്യം

**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ**

ശ്രീ. കെ. എസ്. ശബരീനാഥൻ : സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1260,92,31,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് അവശ്യ സാധനങ്ങൾക്കുണ്ടായിട്ടുള്ള വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനായി ക്രിയാത്മകമായ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ടി. തോമസ്: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1260,92,31,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭക്ഷ്യധാന്യവിതരണത്തിലെ തട്ടിപ്പുകൾ, കരിഞ്ചന്ത, പൂഴ്ത്തിവെയ്പ്പ്, കൃത്രിമ വിലവർദ്ധനവ് എന്നിവയ്ക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1260,92,31,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് പുതിയ റേഷൻ കാർഡിനായി ലഭിച്ച പതിനഞ്ച് ലക്ഷത്തിലധികം അപേക്ഷകൾ തീർപ്പാക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1260,92,31,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് റേഷൻ ഉപഭോക്താക്കളിലെ അനർഹരെ കണ്ടെത്തി ഒഴിവാക്കുന്ന പ്രക്രിയ പൂർത്തിയാക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1260,92,31,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (അനർഹരായ ആളുകൾ മുൻഗണനാവിഭാഗങ്ങളുടെ ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്നത് പൂർണ്ണമായി തടയാൻ കഴിയാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1260,92,31,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (റേഷൻ സാധനങ്ങൾ മാസാവസാനം മാത്രം കടകളിലെത്തുന്നത് കാരണം പൊതുജനങ്ങൾക്ക് പല മാസങ്ങളിലും റേഷൻ ഭക്ഷ്യധാന്യങ്ങൾ നഷ്ടപ്പെടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1260,92,31,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് വിതരണം ചെയ്യുന്ന റേഷൻ ഭക്ഷ്യധാന്യങ്ങളുടെ ഗുണമേന്മയിൽ പോരായ്മയുള്ളതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് : സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1260,92,31,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് റേഷൻ കടകൾവഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളിൽ പുഴുക്കളും കീടങ്ങളും ഉള്ളതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1260,92,31,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഇ-പോസ് മെഷീനെ ഇലക്ട്രോണിക് വെയിംഗ് മെഷീനുമായി ബന്ധിപ്പിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തിക മാക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം ഉമ്മർ: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1260,92,31,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഇ-പോസ് മെഷീനുകൾ കൃത്യമായി പ്രവർത്തിക്കാത്തതിനാൽ റേഷൻ വ്യാപാരം ഇടയ്ക്കിടെ മുടങ്ങുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1260,92,31,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സെർവർ തകരാറുകൾമൂലം പ്രവർത്തനരഹിതമാണെന്ന കാരണം പറഞ്ഞ് ചില വ്യാപാരികൾ ഇ-പോസ് മെഷീനുകളെ മറികടന്ന് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1260,92,31,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് റേഷൻ വ്യാപാരികൾക്ക് നൽകേണ്ട തുക ട്രഷറി നിയന്ത്രണങ്ങൾമൂലം തടഞ്ഞുവച്ചിരിക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ : സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1260,92,31,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (റേഷൻ വ്യാപാരികൾക്ക് പ്രഖ്യാപിച്ച കമ്മീഷൻ പൂർണ്ണതോതിൽ നടപ്പിലാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1260,92,31,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ചട്ടങ്ങൾക്ക് വിരുദ്ധമായി ബിനാമി പേരിൽ ഒരേ വ്യക്തി തന്നെ വാതിൽപ്പടി വിതരണ ടെൻഡറിൽ പങ്കെടുത്ത് വിതരണം ഏറ്റെടുക്കുന്നത് ഒഴിവാക്കാൻ സാധിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1260,92,31,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വാതിൽപ്പടി വിതരണ കരാർ ഏറ്റെടുത്തവരുടെ വീഴ്ചകൾ കാരണം റേഷൻ തടസ്സപ്പെടുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനിൽ അക്കര: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1260,92,31,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വാതിൽപ്പടി വിതരണത്തിലെ ക്രമക്കേടുകൾ ഇല്ലാതാക്കാൻ സാധിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1260,92,31,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ സാമ്പത്തിക പ്രതിസന്ധി കാരണം ഉല്പന്നങ്ങളുടെ വില കൂട്ടിയതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1260,92,31,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പാചകവാതക വിതരണ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പഠിക്കുവാനും, പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാനും രൂപീകരിച്ച കമ്മിറ്റി റിപ്പോർട്ടിന്മേൽ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1260,92,31,000 രൂപയിൽനിന്ന് നൂറു രൂപ കുറവ് ചെയ്യേണ്ടതാണ്. (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

ശ്രീ. എം. വിൻസെന്റ്

ശ്രീ. കെ. സി. ജോസഫ്

ശ്രീ. വി. ടി. ബൽറാം

ധനാഭ്യർത്ഥന നമ്പർ XXXI—മൃഗസംരക്ഷണം

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. സി. മമ്മൂട്ടി : സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 491,88,85,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് കൂടുതൽ മൃഗാശുപത്രികൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 491,88,85,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മൃഗഡോക്ടർമാരുടെ സേവനം ഇരുപത്തിനാല് മണിക്കൂറും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 491,88,85,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് മൃഗസംരക്ഷണ ബോർഡ് രൂപീകരിക്കുന്നതിൽ കാലതാമസം ഉള്ളതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 491,88,85,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വെറ്ററിനറി മരുന്നുകളുടെ വിലവർദ്ധനവ് തടയുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 491,88,85,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (അയൽ സംസ്ഥാനങ്ങളിൽ നിന്നും രോഗബാധിതരായ കന്നുകാലികളെ മാംസം വിൽപ്പനയ്ക്കായി കൊണ്ടുവരുന്നത് തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 491,88,85,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (തൊഴിലുറപ്പ് പദ്ധതിയിൽ കന്നുകാലി വളർത്തൽ കൂടി ഉൾപ്പെടുത്തണമെന്ന കാര്യം കേന്ദ്രത്തിൽ ഉന്നയിച്ച് നടപ്പിലാക്കാൻ സാധിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 491,88,85,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്തേയ്ക്ക് കടത്തുന്ന ബ്രോയിലർ കോഴികളിലെ ഇറച്ചിയിൽ കാണുന്ന മാരക രാസപദാർത്ഥങ്ങളുടെ സാന്നിദ്ധ്യം യഥാവിധി പരിശോധിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 491,88,85,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കോഴിത്തീറ്റയുടെ വില വർദ്ധനവ് തടയുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 491,88,85,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മുട്ട ഉല്പാദനത്തിൽ സ്വയം പര്യാപ്തത നേടുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 491,88,85,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സർക്കാരിന്റെ കീഴിൽ ആവശ്യകതയ്ക്കനുസരിച്ച് ഹാച്ചറികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 491,88,85,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് സുവോളജിക്കൽ പാർക്കിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 491,88,85,000 രൂപയിൽനിന്ന് നൂറു രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു:

ശ്രീ. പി. ടി. തോമസ്

ശ്രീ. എം. വിൻസെന്റ്

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. അൻവർ സാദത്ത്

ശ്രീ. കെ. സി. ജോസഫ്

ശ്രീ. സണ്ണി ജോസഫ്

ശ്രീ. അനിൽ അക്കര

ശ്രീ. കെ. എസ്. ശബരീനാഥൻ

ശ്രീ. വി. ടി. ബൽറാം.

ധനാഭ്യർത്ഥന നമ്പർ XXXII—ക്ഷീരവികസനം

**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ**

ശ്രീ. വി. ടി. ബൽറാം: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 122,72,74,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (അന്യസംസ്ഥാനങ്ങളിൽ നിന്നുവരുന്ന പാൽ ഉൾപ്പെടെയുള്ള ഉല്പന്നങ്ങളുടെ ഗുണനിലവാര പരിശോധന കർശനമായി നടപ്പിലാക്കാത്തതുമൂലം ഗുണനിലവാരം കുറഞ്ഞതും രാസപദാർത്ഥങ്ങൾ കൊണ്ടുണ്ടാക്കിയതുമായ പാൽ വിപണിയിൽ സുലഭമായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 122,72,74,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മിൽമയുടെ പ്രവർത്തനങ്ങൾ ആനന്ദ് മാതൃകയിൽ പുനഃസംഘടിപ്പിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 122,72,74,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്തേയ്ക്ക് ഇതര സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന പാലിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി ഫലപ്രദമായ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 122,72,74,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ക്ഷീര സഹകരണ സംഘങ്ങൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 122,72,74,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ക്ഷീരകർഷകരുടെ എണ്ണത്തിലുണ്ടായ കുറവിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ പ്രോത്സാഹനം നൽകുന്നതിന് പദ്ധതികൾ വിഭാവനം ചെയ്യുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 122,72,74,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ക്ഷീരവിപണന സംഘങ്ങളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനും ആധുനീകരിക്കുന്നതിനും ഫലപ്രദമായ പദ്ധതികൾ ആസൂത്രണം ചെയ്യാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 122,72,74,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മിൽക്ക് ഷെഡ് വികസന പദ്ധതി പ്രകാരം അർഹതപ്പെട്ട കർഷകർക്കെല്ലാം പ്രയോജനം ലഭിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്)എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 122,72,74,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ക്ഷീരകർഷക ക്ഷേമനിധി ബോർഡിന്റെ പദ്ധതികൾ കർഷകർക്കെല്ലാം ഫലപ്രദമായി ലഭ്യമാകാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 122,72,74,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഗുണനിലവാരം കുറഞ്ഞ പാലിന്റെ വിപണനം തടയുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കാത്തായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 122,72,74,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ക്ഷീരസംഘങ്ങളിൽ നിന്ന് കർഷകർക്ക് ന്യായവില ലഭ്യമാവാത്തത് പരിഹരിക്കുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 122,72,74,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (കേരള ഫീഡ്സിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനും ആധുനികവത്കരിക്കുന്നതിനും നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 122,72,74,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കാലിത്തീറ്റയുടെ വിലവർദ്ധനവ് കാരണം കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 122,72,74,000 രൂപയിൽനിന്ന് നൂറു രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു:

ശ്രീ. പി. ടി. തോമസ്

ശ്രീ. എം. വിൻസെന്റ്

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. അൻവർ സാദത്ത്

ശ്രീ. കെ. സി. ജോസഫ്

ശ്രീ. സണ്ണി ജോസഫ്

ശ്രീ. അനിൽ അക്കര

ശ്രീ. കെ. എസ്. ശബരീനാഥൻ

ശ്രീ. വി. ടി. ബൽറാം.

## ധനാഭ്യർത്ഥന നമ്പർ XXXIV—വനം

### നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. അനൂപ് ജേക്കബ്: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 448,93,74,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് വിവിധ പ്രദേശങ്ങളിലുള്ള വൻകിട വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിൽ അനാസ്ഥയുള്ളതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 448,93,74,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വന്യ ജീവികളുടെ സുരക്ഷയും പരിപാലനവും കാര്യക്ഷമമായി നടപ്പിലാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 448,93,74,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ആദിവാസികൾക്ക് വനം മേഖലയിൽ നിന്ന് വനവിഭവങ്ങൾ ശേഖരിക്കാൻ കഴിയാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 448,93,74,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഫോറസ്റ്റ് ഐ.ബി.കളിലെ മേൽനോട്ടം കാര്യക്ഷമമല്ലാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 448,93,74,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വനമേഖലയിൽ ശുദ്ധജലം, വൈദ്യുതി തുടങ്ങിയവ എത്തിച്ച് നൽകുന്നതിന് തടസ്സം നേരിടുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 448,93,74,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (റിസർവ് വനത്തിൽ നിന്നും, വനമേഖലയിൽ നിന്നും മണൽ, തടി എന്നിവ കടത്തുന്നത് തടയുന്നതിനുള്ള നയം രൂപീകരിക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 448,93,74,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പ്രളയത്തിന്റെ ഭാഗമായി നാശനഷ്ടങ്ങൾ ഉണ്ടായ വനമേഖലയെ സംരക്ഷിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 448,93,74,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വന്യമൃഗങ്ങളുടെ ശല്യം കാരണം കൃഷിക്കാർക്കുണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിൽ വീഴ്ചയുണ്ടായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 448,93,74,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വന്യജീവികളുടെ ആക്രമണത്തിന് ഇരയായവർക്കുള്ള ധനസഹായം വിതരണം നടത്താൻ സാധിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 448,93,74,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ദുർഘട മേഖലകളിലേയ്ക്കുള്ള പി.ഡബ്ല്യൂ.ഡി. റോഡ് നിർമ്മാണ പദ്ധതികൾക്ക് വനം വകുപ്പ് അനുമതി നൽകാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു:

**സൂചക വെട്ടിക്കുറയ്ക്കൽ**

വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 448,93,74,000 രൂപയിൽനിന്ന് നൂറു രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

ശ്രീ. പി. ടി. തോമസ്

ശ്രീ. എം. വിൻസെന്റ്

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. കെ. സി. ജോസഫ്

ശ്രീ. സണ്ണി ജോസഫ്

ശ്രീ. അനിൽ അക്കര

ശ്രീ. കെ. എസ്. ശബരീനാഥൻ

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. അൻവർ സാദത്ത്

ശ്രീ. വി. ടി. ബൽറാം.

ശ്രീ. ജോർജ് എം. തോമസ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ സർക്കാരിന്റെ മറ്റു വകുപ്പുകൾപോലെതന്നെ പൊതുവിതരണം, മൃഗസംരക്ഷണം, ക്ഷീരവികസനം, വനം എന്നീ വകുപ്പുകളും വളരെ മാതൃകാപരമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷനെ സംബന്ധിച്ച് പറയുകയാണെങ്കിൽ, ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ മാവേലി സ്റ്റോറുകളിൽ എന്തെല്ലാം സാധനങ്ങൾക്ക് എന്ത് വിലയായിരുന്നോ ആ വില തന്നെ നയാപൈസ പോലും വർദ്ധിപ്പിക്കാതെ കഴിഞ്ഞ മൂന്ന് വർഷക്കാലം നിലനിർത്താൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ വർഷം മാവേലി സ്റ്റോറുകളിലെ വിറ്റുവരവ് മൊത്തം 3717 കോടി രൂപയായിരുന്നു. ഈ വർഷം 4500 കോടി രൂപയുടെ വിറ്റുവരവാണ് ലക്ഷ്യംവയ്ക്കുന്നത്. പ്രളയാനന്തരകാലത്ത് മെച്ചപ്പെട്ട ഗൃഹോപകരണങ്ങൾ അതിശയകരമായ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ പൊതുവിതരണ സമ്പ്രദായത്തിലൂടെ നമുക്ക് കഴിഞ്ഞിട്ടുണ്ട്. പൊതുവിപണിയും മാവേലി സ്റ്റോറിലെ വിലയും തമ്മിൽ വലിയ തോതിലുള്ള വ്യത്യാസമാണ് പല ഇനങ്ങൾക്കുമുള്ളത്. ഉദാഹരണത്തിന്, പൊതുവിപണിയിൽ ചെറുപയറിന് 93.14 രൂപയായിരുന്നപ്പോൾ 59 രൂപയ്ക്കും (36.65% വിലക്കുറവ്) കടലയ്ക്ക് 76.50 രൂപയായിരുന്നപ്പോൾ 39 രൂപയ്ക്കും (49% വിലക്കുറവ്) വൻപയറിന് 71.71 രൂപയായിരുന്നപ്പോൾ 45 രൂപയ്ക്കും വറ്റൽ മുളകിന് 121.21 രൂപയായിരുന്നപ്പോൾ 75 രൂപയ്ക്കും മല്ലിക്ക് 101.50 രൂപയായിരുന്നപ്പോൾ 75 രൂപയ്ക്കുമാണ് മാവേലി

സ്റ്റോറിൽ വിറ്റത്. വെളിച്ചെണ്ണ വിലയിലാണ് ഏറ്റവും അത്ഭുതകരമായ വ്യത്യാസം കാണാൻ സാധിച്ചത്. പൊതുവിപണിയിൽ 203.94 രൂപ വിലയുള്ള വെളിച്ചെണ്ണ മാവേലി സ്റ്റോറുകളിൽ 90 രൂപയ്ക്കാണ് കൊടുത്തുകൊണ്ടിരിക്കുന്നത്. എൽ.ഡി.എഫ്.സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഉണ്ടായിരുന്നതിനേക്കാളും വിലകുറച്ചാണ് സപ്ലൈകോയിലൂടെ സാധനങ്ങൾ വിതരണം ചെയ്യുന്നത്. ഉദാഹരണത്തിന്, ചെറുപയർ 74 രൂപയിൽ നിന്നും 59 രൂപയായും കടല 43 രൂപയിൽ നിന്നും 39 രൂപയായും മല്ലി 92 രൂപയിൽ നിന്നും 75 രൂപയായും പരിപ്പ് 65 രൂപയിൽ നിന്നും 49 രൂപയായും വിലകുറച്ചാണ് മാവേലി സ്റ്റോറിൽ വിറ്റുകൊണ്ടിരിക്കുന്നത്. 47 മാവേലി സ്റ്റോറുകളും 8 സൂപ്പർമാർക്കറ്റുകളും 5 മാവേലി സൂപ്പർ മാർക്കറ്റുകളും പുതിയതായി ആരംഭിക്കാൻ ഈ സർക്കാരിന് കഴിഞ്ഞു. മാവേലി മെഡിക്കൽ സ്റ്റോറുകൾ ഏതെങ്കിലുമൊരു കൊച്ചു പട്ടണത്തിൽ ശ്രദ്ധകുറഞ്ഞ പ്രദേശത്താണ് പ്രവർത്തിക്കുന്നത്. അത്യാവശ്യ മരുന്നുകൾ പോലും മാവേലി മെഡിക്കൽ സ്റ്റോറുകളിൽ പലപ്പോഴും ലഭ്യമല്ല. മറ്റു മെഡിക്കൽ സ്റ്റോറുകളിൽ വില കുറച്ച് ലഭ്യമാകുന്ന ഡയബറ്റിക്സിന്റെ മരുന്നുകൾപോലും മാവേലി സ്റ്റോറിൽ ലഭ്യമല്ല. ആ സ്ഥിതി പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

പ്രളയാനന്തര ഗൃഹോപകരണ വിൽപ്പനയിൽ വലിയ മാറ്റമാണ് നമുക്കുണ്ടാക്കാൻ കഴിഞ്ഞത്. ഉദാഹരണത്തിന്, മിക്സർ ഗ്രൈയിന്ററിന്റെ എം.ആർ.പി. 4520 ആയിരുന്നപ്പോൾ 2962 രൂപയ്ക്കും റൈസ് കുക്കറിന്റെ എം.ആർ.പി. 3590 ആയിരുന്നപ്പോൾ 2704 രൂപയ്ക്കും ഇൻഡക്ഷൻ കുക്കറിന്റെ എം.ആർ.പി. 3490 ആയിരുന്നപ്പോൾ 1694 രൂപയ്ക്കും ഇസ്തിരിപെട്ടിയുടെ എം.ആർ.പി. 645 ആയിരുന്നപ്പോൾ 434 രൂപയ്ക്കുമാണ് സപ്ലൈകോയിലൂടെ ലഭ്യമാക്കിയത്. ഇത്തരത്തിൽ മാതൃകാപരമായ പ്രവർത്തനങ്ങളാണ് മാവേലി സ്റ്റോറുകളിലൂടെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തിക്കൊണ്ടിരിക്കുന്നത്.

ഈ സർക്കാർ പല ഉൽപ്പന്നങ്ങളും അത് ഉൽപ്പാദിപ്പിക്കുന്ന പ്രദേശത്തുള്ള പൊതുവിപണിയെക്കാൾ വില കുറച്ചാണ് വിൽക്കുന്നത്. ആന്ധ്രാപ്രദേശ്, ഹൈദരബാദ്, കോയമ്പത്തൂർ തുടങ്ങിയ ഉൽപ്പാദന കേന്ദ്രങ്ങളേക്കാൾ കുറഞ്ഞ വിലയ്ക്കാണ് ഇവിടെ വൻപയർ, കടല, തുവര പരിപ്പ്, മുളക്, മല്ലി തുടങ്ങിയ സാധനങ്ങൾ വിറ്റുകൊണ്ടിരിക്കുന്നത്. പൊതുജനങ്ങൾക്ക് നിത്യോപയോഗ സാധനങ്ങൾ ചുരുങ്ങിയവിലയ്ക്ക് ലഭ്യമാക്കാൻ സർക്കാർ പരിശ്രമിക്കുന്നുവെന്നതിന്റെ തെളിവാണിത്. യു.ഡി.എഫ്.ന്റെ കാലത്ത് പൊതുകമ്പോളങ്ങൾ ഉണ്ടായിരുന്നില്ല. ബക്രീദിനും റംസാനും മാർക്കറ്റ് ഇന്റർവെൻഷൻ നടത്തിക്കൊണ്ടിരുന്നതാണ്. യു.ഡി.എഫ്.-ന്റെ കാലത്ത് അതെല്ലാം പാടെ വേണ്ടെന്ന് വയ്ക്കുന്നതായാണ് കണ്ടത്.

ക്ഷീരരംഗത്ത് കേരളം സ്വയംപര്യാപ്തത കൈവരിച്ചുകൊണ്ടിരിക്കുകയാണ്. നമുക്കിപ്പോൾ 13 ശതമാനത്തിന്റെ കുറവ് മാത്രമാണുള്ളത്. കേരളത്തിൽ പ്രതിദിനം 81 ലക്ഷം ലിറ്റർ പാൽ ഉൽപ്പാദിപ്പിക്കുന്നുവെന്നാണ് കണക്ക്. ഉൽപ്പാദന വർദ്ധനവിന്റെ തോതെടുത്താൽ ഇന്ത്യയിൽത്തന്നെ ഏറ്റവും ഉയർന്ന ഉൽപ്പാദന വളർച്ചാ തോത് കൈവരിച്ച സംസ്ഥാനം കേരളമാണ്. അതുകൊണ്ടുതന്നെ 2018-19-ൽ ഇന്ത്യാ ടുഡേയുടെ ദേശീയ അവാർഡ് നമുക്ക് ലഭിക്കുകയുണ്ടായി. മുമ്പ് പൊതുകമ്പോളത്തിൽ മിൽമ പാലിന്റെ വില വർദ്ധിപ്പിക്കുമ്പോൾ, 4 രൂപ വർദ്ധിപ്പിച്ചാൽ ഒരു രൂപയാണ് കൃഷിക്കാർക്ക് കിട്ടിക്കൊണ്ടിരുന്നത്. എന്നാൽ ഇത്തവണ 4 രൂപയുടെ വർദ്ധനവുണ്ടായപ്പോൾ 3.35 രൂപയും കൃഷിക്കാർക്ക് ലഭ്യമാകുന്ന അവസ്ഥയുണ്ടായി. അവരുടെ പെൻഷൻ 500 രൂപയിൽ നിന്നും 1200 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് ക്ഷീര കർഷകർക്ക് കോൺട്രിബ്യൂട്ടറി പെൻഷനായി നൽകുന്ന 500 രൂപയുടെ കൂടെ ഇപ്പോൾ കർഷക പെൻഷനായി നൽകുന്ന 1200 രൂപയും കൂടിചേർത്ത് പെൻഷൻ നൽകണമെന്നാണ് പല കൃഷിക്കാരും ആവശ്യപ്പെടുന്നത്. അക്കാര്യം ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വനം വകുപ്പിലാണ് വളരെ ശ്രദ്ധേയമായ മറ്റൊരു പ്രശ്നമുള്ളത്. നമ്മുടെ രാജ്യത്തിന്റെ ആവാസ വ്യവസ്ഥയിൽ ഗണ്യമായ മാറ്റം വരുത്തുന്ന വിധത്തിൽ കാർബൺ എമിഷൻ തോത് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. 400 PPM (Parts Per Million) എന്ന നിലയിൽ കാർബണിന്റെ തോത് അന്തരീക്ഷ വായുവിലുണ്ടെന്നാണ് ഇപ്പോൾ കണക്കാക്കപ്പെട്ടിരിക്കുന്നത്. ഇതിനിയും വർദ്ധിക്കുന്ന സ്ഥിതിയാണ്. മനുഷ്യന്റെ ആവാസ വ്യവസ്ഥ തന്നെ അപകടത്തിലാകുന്നൊരു അവസ്ഥയിലാണ് നമ്മൾ വനവൽക്കരണ നടപടികൾ ത്വരിതപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. ക്ലോറോ ഫ്ലൂറോ കാർബണിന്റെ എമിഷൻ തോത് കുറച്ചാൽ കാർബണിന്റെ എമിഷൻ തോത് കുറയ്ക്കാൻ കഴിയുമെന്നാണ് പറയപ്പെടുന്നത്. എയർകണ്ടീഷണർ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ, ബോഡി സ്പ്രേ എന്നിവയുടെ ഉപയോഗം കുറയ്ക്കുന്നതിലൂടെ കാർബൺ എമിഷനിൽ കുറവ് വരുത്താൻ കഴിയും. ഇക്കാര്യത്തിൽ എനിക്ക് ഒരു നിർദ്ദേശം വയ്ക്കാനുള്ളത്, നിയമസഭതന്നെ അതിന് മാതൃകയാകണം. എ.സി. ഓൺ ചെയ്താൽ വൈകുന്നേരം വരെ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. നിശ്ചിതസമയം കഴിഞ്ഞാൽ ആട്ടോമാറ്റിക്കായി എ.സി. ഓഫാകുന്ന സംവിധാനമുണ്ടാക്കിയാൽ ഇവിടത്തെ തണുപ്പ് ക്രമീകരിക്കാൻ കഴിയും. സഭയിലിരിക്കുന്ന പല ആളുകൾക്കും തണുപ്പ് കൂടുതലാകുന്നതുകൊണ്ടുള്ള പ്രയാസങ്ങളുണ്ടെന്ന് ബഹുമാനപ്പെട്ട സ്പീക്കറുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. സഭയ്ക്കകത്തെ എയർകണ്ടീഷൻ സിസ്റ്റം ആട്ടോമാറ്റിക്കായി പ്രവർത്തിക്കുന്ന സംവിധാനമുണ്ടാകണം.

മി. സ്പീക്കർ: ഇത്രയും തണുപ്പുണ്ടായിട്ടും ഇതാണവസ്ഥ. ഇനി ചൂടായാൽ എന്താകും സ്ഥിതി?

ശ്രീ. ജോർജ് എം. തോമസ്: Open Defecation Free State ആയി നമ്മുടെ സംസ്ഥാനം മാറി. എന്നാൽ ചാണകം മീഥേൻ ഗ്യാസ് ഉല്പാദിപ്പിക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നുണ്ട്. അത് ഗ്രീൻ ഹൗസ് ഗ്യാസ്സിൽ ഉൾപ്പെടുന്നതാണ്. തൊഴുത്തുകളിൽ ചാണകത്തെ സംസ്കരിക്കാൻ ശാസ്ത്രീയമായ സമ്പ്രദായം ആവിഷ്കരിക്കേണ്ടതുണ്ട്. മീഥേൻ ഗ്യാസ് ഉല്പാദനത്തിൽ കുറവ് വരുത്താൻ പാകത്തിലുള്ള തൊഴുത്തുകൾ നിർമ്മിക്കാൻ മൃഗസംരക്ഷണ വകുപ്പ് ശ്രദ്ധിക്കണം. കാട്ടാന ശല്യത്തെക്കുറിച്ച് പറയുമ്പോൾ, മന്ത്രി എന്തുതന്നെ അവകാശപ്പെട്ടാലും നാട്ടിലെ വസ്തുത അതല്ല. ഞാൻ താമസിക്കുന്നത് വനപ്രദേശത്തിന് അകലെയുള്ള ചെറിയ പട്ടണത്തിലാണ്. വീട്ടിൽ നിന്നും റോഡിലേയ്ക്കെത്താൻ എന്റെ പറമ്പിലൂടെ ഇരുന്നൂറ് മീറ്ററോളം നടക്കണം. ഒരു മാസം മുമ്പ് രാവിലെ അഞ്ചേമുക്കാലിന് ദേശാഭിമാനി പത്രമെടുക്കാൻ ഇറങ്ങിയപ്പോൾ, പുറത്തിറങ്ങരുത്, ഞാൻ പത്രം വീട്ടിൽ കൊണ്ടുതരാമെന്ന് മൊബൈൽ ഫോണിലൂടെ അവിടത്തെ ബ്രാഞ്ച് സെക്രട്ടറി എന്നെ വിളിച്ചുപറഞ്ഞു. കാരണം അന്വേഷിച്ചപ്പോൾ ഒരു ആന വരുന്നുണ്ടെന്ന് അറിയാൻ കഴിഞ്ഞു. ഞാൻ നടന്ന് താഴേയ്ക്കെത്തിയതും ആന വന്നതും ഒരുമിച്ചായിരുന്നു. ഞാനും ആനയും നിൽക്കുന്നത് 50 മീറ്റർ വ്യത്യാസത്തിലാണ്. ഞാൻ ഭയപ്പെട്ടുപോയി. എന്റെ വീടിന്റെ ചുറ്റുപാടും ഡി.വൈ.എഫ്.ഐ. പ്രവർത്തകരും എന്റെ പാർട്ടിക്കാരും മാത്രമേയുള്ളൂ. അവരെല്ലാവരും ചേർന്ന് ചെണ്ട കൊട്ടിയും പടക്കം പൊട്ടിച്ചും ആനയെ ഓടിക്കുകയാണ്. അത് അവിടത്തെ യൂത്ത് കോൺഗ്രസ് പ്രവർത്തകർ ഫോട്ടോ എടുത്ത് 'എം.എൽ.എ.-യ്ക്ക് നിവേദനം കൊടുക്കാൻ വന്ന കാട്ടാനയെ ഡി.വൈ.എഫ്.ഐ. ഗുണ്ടകൾ ഓടിക്കുന്നു' എന്ന് ട്രോൾ ഇട്ടു. അത് രസകരമായ ട്രോളായിരുന്നു. ഞാൻ എങ്ങനെ രക്ഷപ്പെട്ടുവെന്ന് എത്ര ആലോചിച്ചിട്ടും പിടികിട്ടുന്നില്ല. ആന വന്ന് എന്റെ പറമ്പിലുണ്ടായിരുന്ന പ്ലാവിലെ ചക്ക തിന്നിട്ട് പോയി. ഇതാണ് നാട്ടിൽ നടക്കുന്ന സ്ഥിരം സംഭവം. ഞാൻ താമസിക്കുന്ന പ്രദേശത്ത് ഒരു പള്ളിയുണ്ട്. കഴിഞ്ഞയാഴ്ച മുഴുവൻ ആ പള്ളിയുടെ ചുറ്റുവട്ടത്ത് ആന നിൽക്കുകയായിരുന്നു. ഒരു രക്ഷയുമില്ല. വനം വകുപ്പുകാർ അതിനെ ആട്ടിപ്പായിക്കുന്നുമില്ല, ആന പോകുന്നുമില്ല. സെമിത്തേരിയെ ആക്രമിക്കാൻപോലും ആന മടിക്കുന്നില്ല. ആനയുടെ ശല്യം അപകടകരമായിത്തീർന്നിരിക്കുകയാണ്. ആന മാത്രമല്ല പന്നിയും മയിലുമുണ്ട്. ഇവിടെ നടന്ന ഒരു ചർച്ചയിൽ കാട്ടുപന്നിയുടെ ഇറച്ചിയുടെ രുചിയെക്കുറിച്ച് പറഞ്ഞിരുന്നു. അതുകേട്ടിട്ടെങ്കിലും മനുഷ്യൻ മാറുകയാണെങ്കിൽ മാറട്ടെയെന്ന് വിചാരിച്ചു. കാട്ടുപന്നിയെ വെർമിൻ മൃഗമായി പ്രഖ്യാപിക്കണമെന്നായിരുന്നു ഞാനന്ന് ആവശ്യപ്പെട്ടത്. വെർമിൻ മൃഗമായി പ്രഖ്യാപിക്കപ്പെട്ടാൽ ഒരു നിശ്ചിത സമയത്തിനുള്ളിൽ കാട്ടുപന്നിയെ വെടിവച്ചുകൊല്ലാൻ അധികാരം കിട്ടും. ഇതിനെപ്പറ്റി പഠിക്കാമെന്നാണ് അന്ന് മന്ത്രി പറഞ്ഞത്. പക്ഷേ പഠനം

നടത്തിയോയെന്ന് എനിക്കറിയില്ല. കാട്ടുപന്നിയെ വെർമിൻ മൃഗമായി പ്രഖ്യാപിക്കാൻ സാധിക്കില്ലെന്ന വിദഗ്ദ്ധോപദേശം കിട്ടിയിരിക്കുകയാണ്. ശാസ്ത്രീയമായി അറിവുള്ള വനം വകുപ്പിലെ ഉദ്യോഗസ്ഥർ നാട്ടിലെ ജീവിത യാഥാർത്ഥ്യം മനസ്സിലാക്കുന്നില്ല. മലമ്പ്രദേശത്തെ എല്ലാ കൃഷികളും കാട്ടുപന്നിയും ആനയും മയിലും കുരങ്ങും നശിപ്പിക്കുകയാണ്.

മി. സ്പീക്കർ: അങ്ങയുടെ സമയം കഴിഞ്ഞു. പ്ലീസ്....കൺക്ലൂഡ്....

ശ്രീ. ജോർജ് എം. തോമസ്: സർ, 20000 വാഴനട്ട ഒരു പാവപ്പെട്ട കൃഷിക്കാരന്റെ വീട്ടിൽ ആനയിറങ്ങി ഒരൊറ്റ വാഴപോലും അവശേഷിപ്പിക്കാതെ നശിപ്പിച്ചിരിക്കുയാണ്. വന്യമൃഗങ്ങളുടെ ആക്രമണത്തിൽനിന്ന് കൃഷിക്കാരെ രക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. അതിന് റെയിൽ ഫെൻസിംഗ് പ്രായോഗികമല്ല. റെയിൽ ഫെൻസിംഗിന്റെ ചെലവ് സംസ്ഥാനത്തിന് താങ്ങാൻ കഴിയുന്നതല്ല. അതിനാൽ പകരമൊരു സംവിധാനം കണ്ടുപിടിക്കണം. വനവൽക്കരണത്തിനുവേണ്ടി നടത്തിക്കൊണ്ടിരിക്കുന്ന എല്ലാ ശ്രമങ്ങളെയും പിന്തുണയ്ക്കുകയാണ്. കടലിൽ മരമുണ്ടായിട്ടാണോ മഴ പെയ്യുന്നതെന്ന് ചോദിച്ച ഒരു സംസ്കാരമുണ്ട്. അതിൽനിന്ന് മാറി മനുഷ്യന്റെ ആവാസവ്യവസ്ഥയെ സംരക്ഷിക്കാൻ വനവൽക്കരണം അത്യാവശ്യമാണെന്ന് മനസ്സിലാക്കുന്ന ഈ കാലഘട്ടത്തിൽ വനം വകുപ്പുൾപ്പെടെയുള്ള വകുപ്പുകൾ ചെയ്യുന്ന എല്ലാ നടപടികളെയും അഭിനന്ദിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. സുബാഷ് ചന്ദ്രന്റെ 'സമുദ്രശില' എന്ന നോവലിൽ 'മിന്നാമിനുങ്ങിൽനിന്ന് കിട്ടുന്നതുപോലെയുള്ള വെളിച്ചം കൊതുകിന്റെ കുത്താടികളിൽ നിന്നും പ്രതീക്ഷിക്കരുത്, അവിടെ കുത്തും കടിയുമല്ലാതെ മറ്റൊന്നും കിട്ടില്ല' എന്ന് പറയുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജനങ്ങൾക്ക് കുത്തും കടിയുമല്ലാതെ മറ്റെന്തെങ്കിലും കിട്ടുന്നുണ്ടോ? കണ്ണൂരിൽ ആന്തൂർ നഗരസഭയിലുണ്ടായ പ്രശ്നങ്ങൾ നമ്മൾ കണ്ടതാണ്. ഒരു പ്രവാസിയെ ആത്മഹത്യയിലേയ്ക്ക് നയിക്കുന്ന രീതിയിൽ ഒരു സ്വയംഭരണ സ്ഥാപനം വളരെ മോശമായ രീതിയിൽ മാറുന്നുവെന്ന് പറയുമ്പോൾ, എത് രീതിയിലാണ് കേരളത്തിലെ ജനങ്ങളോട് പ്രതികരിക്കേണ്ടതെന്നും ഏത് രീതിയിലുള്ള നീതിയാണ് ഇടതുപക്ഷത്തിന്റെ സ്വയംഭരണ സ്ഥാപനം നൽകുന്നതെന്നുമുള്ളത് ചർച്ചാവിഷയമാക്കേണ്ടതാണ്. രാഷ്ട്രീയമായ കൂടുതൽ കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഇന്നലെ വാട്ട്സാപ്പിൽ വന്ന ഒരു പോസ്റ്റ് പൊതുശ്രദ്ധയ്ക്കുവേണ്ടി ഞാൻ വായിക്കാം. 'രാവിലെ എണീറ്റ് ടോയ്ലെറ്റിൽ ഇരുന്ന് മുകളിലോട്ട് നോക്കിയപ്പോൾ Gurgaon-ൽ ഉണ്ടാക്കിയ ഫിലിപ്സിന്റെ ബൾബ്,

താഴോട്ട് നോക്കിയപ്പോൾ രാജസ്ഥാനിലുണ്ടാക്കിയ ഹിന്ദ്‌വെയർ ക്ലോസെറ്റ്, കാര്യം കഴിഞ്ഞ് പല്ലുതേയ്ക്കാൻ നോക്കുമ്പോൾ ഗുജറാത്തിലോ ആന്ധ്രാപ്രദേശിലോ ഉണ്ടാക്കിയ കോൾഗേറ്റ് പേസ്റ്റ്, ബ്രഷ്, പല്ല് തേച്ച് കുളിക്കാൻ നോക്കുമ്പോൾ സോപ്പ് ഹിന്ദുസ്ഥാൻ ലിവർ, തോർത്ത് തമിഴ്‌നാട്ടിൽ നിന്ന്, കുളി കഴിഞ്ഞ് വിളക്ക് കത്തിക്കാൻ നോക്കിയപ്പോൾ വിളക്കുതിരി, ചന്ദനത്തിരി, കർപ്പൂരം എല്ലാം തമിഴ്‌നാട് വക. കാപ്പി കുടിക്കാൻ ഇരുന്നപ്പോൾ ആന്ധ്രയിൽ നിന്നുള്ള പച്ചരി ദോശ, തമിഴിന്റെ കഷണങ്ങൾ മാത്രമുള്ള സാമ്പാർ, ദോഷം പറയരുതല്ലോ, പഞ്ചസാര നമ്മുടേതല്ലെങ്കിലും ചായപ്പൊടി ആസാമിലേതാണെങ്കിലും പാൽ നമ്മുടെ സ്വന്തം. അതുമാത്രമാണ് നമുക്ക് അല്പം ആശ്വാസത്തിന് വകനൽകുന്നത്, കൂടാതെ ബ്രാക്കറ്റിൽ പറയുന്നുണ്ട്, 'പക്ഷേ തമിഴ്‌നാട്ടിൽ നിന്നും പേരുമാറി വന്നതാണ് ഈ പാൽ' എന്ന്. ചായ കുടിച്ച് തമിഴ്‌നാട്ടിലെ ഒരു രാംരാജിന്റെ മുണ്ടുടുത്ത് ഗുജറാത്തിലോ ഹരിയാനയിലോ ഉണ്ടാക്കിയ മോട്ടോർ സൈക്കിളുമെടുത്ത് ഇറങ്ങുമ്പോൾ തമിഴിന്റെ രാംകോ സിമന്റ് വച്ച് പണിത മതിലിൽ ഏതോ നാട്ടിൽനിന്നുവന്ന ചുവപ്പ് പെയിന്റ് വച്ച് ബംഗാളി എഴുതിവച്ചിരിക്കുകയാണ് കേരളം ഒന്നാമത് എന്ന്. അതാണ് ഇവിടത്തെ പ്രശ്നം. ഏറ്റവും ഒടുവിൽ ആ പോസ്റ്റിൽ പറയുന്നു, ആകെയുള്ള അഭിമാനമെന്ന് പറയുന്നത് നാല് എയർപോർട്ടുണ്ട് എന്നുള്ളത് മാത്രമാണ്. ഇത് പൊതു ആക്ഷേപമായി പറയുന്നതല്ല, പൊതു ചർച്ചയ്ക്കുവേണ്ടി ഇവിടെ പറയുന്നുവെന്ന് മാത്രമേയുള്ളൂ. എത്രയോ പ്രശ്നങ്ങൾ നമുക്ക് പറയാൻ സാധിക്കും. കാട്ടാനയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ശ്രീ. ജോർജ് എം. തോമസ് പറയുകയുണ്ടായി. അദ്ദേഹത്തിന് സംഭവിച്ചതെന്താണ്? അദ്ദേഹം രാവിലെ എണീറ്റ് ദേശാഭിമാനി പത്രമെടുക്കാൻ പോയപ്പോഴാണ് ആന പ്രശ്നമുണ്ടാക്കിയത്. ആനയ്ക്കുവരെ അറിയാം ദേശാഭിമാനി വായിച്ചാലുണ്ടാകുന്ന പ്രശ്നങ്ങൾ. എന്റെ മണ്ഡലമായ പെരുമ്പാവൂരും ശ്രീ. ജോർജ് എം. തോമസ് പറഞ്ഞ സ്ഥലവും കാട്ടാനകളുടെ ശല്യമുള്ള പ്രദേശമാണ്. എന്റെ മണ്ഡലത്തിൽ ഇതുപോലെ വെളുപ്പിന് ആനകളുടെ ശല്യമില്ല. രാത്രി സമയത്താണ് ആനകളുടെ ശല്യമുള്ളത്. ആന വരുന്നത് എന്തിനാണെന്നറിയാമോ? ദേശാഭിമാനി കാണാനോ വായിക്കാനോ അല്ല. ആന ഭക്ഷണം തേടിവന്നതാണ്. ഒരാനയ്ക്ക് 250 കിലോ ഭക്ഷണം വേണം. ഈ ഭക്ഷണം കാട്ടിൽ കിട്ടുന്നില്ല. പ്രളയമുണ്ടായപ്പോൾ കാടുകളിൽ വെള്ളം കയറിയില്ല, കാടുകളിൽ പ്രശ്നമുണ്ടായില്ല. കാടുകളിൽ പ്രശ്നമുണ്ടായെങ്കിൽ എത്രയോ വന്യജീവികൾ ചത്തുപോകുമായിരുന്നു. പ്രളയംമൂലം നാട്ടിൽ പശുക്കൾ, പോത്തുകൾ, എരുമകൾ തുടങ്ങി എത്രയോ ജന്തുക്കൾ ചത്തുപോയി. ഇവയ്ക്ക് എന്ത് നഷ്ടപരിഹാരമാണ് നൽകിയതെന്നുള്ളത് നമ്മൾ ചിന്തിക്കണം. ഇതുമായി ബന്ധപ്പെട്ട് നിരവധി പ്രശ്നങ്ങൾ പറയാൻ കഴിയും. ശ്രീ. ജോർജ് എം. തോമസ് വിലവർദ്ധനവ് ഉണ്ടായിട്ടില്ലെന്നാണ് ഇവിടെ പറഞ്ഞത്.

അദ്ദേഹം പറഞ്ഞത്, കഴിഞ്ഞ മൂന്ന് വർഷം മുമ്പുള്ള തെരഞ്ഞെടുപ്പിൽ ദേശാഭിമാനി പത്രത്തിന്റെ മുൻപേജിലെ വാർത്ത അഞ്ച് വർഷത്തേയ്ക്ക് വില ഉയരില്ല എന്നാണ്. ഇടതുപക്ഷത്തിന്റെ വില ഉയർന്നില്ലെന്നത് നമുക്കെല്ലാം ബോധ്യപ്പെട്ടു. മറ്റെല്ലാ സാധനങ്ങളുടെയും വില കുത്തനെ ഉയർന്നു കൊണ്ടിരിക്കുകയാണ്. ബീൻസ്, പച്ചമുളക്, തക്കാളി, ചെറുനാരങ്ങ, കാരറ്റ്, ഇഞ്ചി, പാവയ്ക്ക തുടങ്ങിയവയുടെ വില വാണംപോലെ കുതിച്ചുയർന്നു കൊണ്ടിരിക്കുകയാണ്. വെണ്ടയ്ക്ക, അച്ചിങ്ങ, കുമ്പളങ്ങ, മത്തങ്ങ, വെള്ളരി, ചേന തുടങ്ങിയവയുടെ വില മാത്രമാണ് അല്പമെങ്കിലും ഉയരാതെ നിൽക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുണ്ട്, 13 ഇനങ്ങളുടെ വില കമ്പോളത്തിൽ ഉള്ളതിനേക്കാൾ കുറച്ച്, ഈ സർക്കാർ അധികാരത്തിൽ വന്നപ്പോഴുണ്ടായിരുന്ന വിലയ്ക്കാണ് സപ്ലൈകോയിൽ നൽകുന്നത് എന്നുപറയുന്നത് ശരിയാണ്. അദ്ദേഹം എന്റെ നിയോജകമണ്ഡലത്തിൽ വന്ന് ഒരു മാവേലി സ്റ്റോർ സൂപ്പർ മാവേലി സ്റ്റോറായി ഉയർത്തിയതാണ്. അതിനെയൊന്നും ഞാൻ ചെറുതായി കാണുന്നില്ല. അവിടെ ഞാൻ പരിശോധിച്ചു. ശരിയാണ്. 13 ഇനങ്ങളുടെ വില ഉയരുന്നില്ല, കൃത്യമായി എഴുതി വച്ചിട്ടുണ്ട്, കൃത്യമായ വിലയുമാണ്. പക്ഷേ ഈ പറയുന്ന ഇനങ്ങളൊന്നും അവിടെയില്ല എന്നതാണ് പ്രശ്നം. ഇവിടത്തെ സിവിൽ സപ്ലൈസ് ഓഫീസുകളിൽ കൃത്യമായി സാധനങ്ങൾ കിട്ടുന്നില്ല. ഉദ്ഘാടനം ചെയ്യുമ്പോൾ കൊണ്ടുവയ്ക്കുന്നുണ്ട്. ഉദ്ഘാടനം കഴിഞ്ഞ് കൃത്യമായി സ്റ്റോക്ക് വരുന്നില്ല. ആളുകൾ തിരിച്ചുപൊയ്ക്കൊണ്ടിരിക്കുകയാണ്. അതുമാത്രമല്ല, പരിശോധിക്കുകയാണെങ്കിൽ ഇവിടെ നൽകുന്ന നിത്യോപയോഗ സാധനങ്ങൾ ഗുണനിലവാരം കുറഞ്ഞവയാണെന്ന് മനസ്സിലാകും. ഇതിന് പിന്നിൽ വലിയ അഴിമതിയുണ്ട്. മന്ത്രി അഴിമതി ചെയ്യുവെന്നല്ല. കെടുകാര്യസ്ഥതയും പർച്ചേസുമായും ഏജന്റുമായും ബന്ധപ്പെട്ട പ്രശ്നങ്ങളുണ്ട്. പാർട്ടിയുടെ പല ഘടകങ്ങളിലും ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും വലിയ അഴിമതികളും നിലനിൽക്കുന്നത് മന്ത്രി പരിശോധിക്കണം.

ഇവിടെ പാലിന്റെ പ്രശ്നം പറയുമ്പോൾ ബഹുമാനപ്പെട്ട ക്ഷീരവികസന വകുപ്പുമന്ത്രിയോട് എനിക്ക് സൂചിപ്പിക്കാനുള്ളത്, പശു പാൽ മാത്രമല്ല കണ്ണുനീരുംകൂടി നൽകുമെന്നുള്ള സത്യം അങ്ങ് മനസ്സിലാക്കണം. പാലിന്റെ വില എത്ര രൂപയാണ്; ഒരു ലിറ്റർ പാൽ ഉൽപ്പാദിപ്പിക്കണമെങ്കിൽ 40 രൂപ മുതൽമുടക്കുണ്ട്. കർഷകർ 40 രൂപ മുടക്കി ഒരു ലിറ്റർ പാൽ കൊടുക്കുമ്പോൾ അവന് കേവലം 32-35 രൂപ മാത്രമേ കിട്ടുന്നുള്ളൂ. മിൽമ അത് വിപണിയിൽ 42 രൂപയ്ക്കാണ് വിൽക്കുന്നത്. കർഷകനെ സഹായിക്കുന്ന എന്ത് നടപടിയാണ് ഇവിടെ ഉണ്ടായിട്ടുള്ളത്, കർഷകരെല്ലാം ദുരിതത്തിലല്ലേ? ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ സെൻസസിന് പോയപ്പോൾ മൃഗസംരക്ഷണ വകുപ്പിൽ

ആരുമില്ലായിരുന്നുവെന്നുള്ളത് പ്രത്യേകം ശ്രദ്ധിക്കണം. ഈ പ്രതിസന്ധി നമ്മൾ തിരിച്ചറിയണം. കാലിത്തീറ്റയുടെ വിലവർദ്ധനവ് പ്രത്യേകം കാണണ്ടേ; 2017-ൽ കാലിത്തീറ്റയ്ക്ക് 50 കിലോയ്ക്ക് 930 രൂപയായിരുന്നുവെങ്കിൽ 2018-ൽ 980 രൂപയായി വർദ്ധിച്ചു. പരുത്തിപ്പിണ്ണാക്കിന് 2017-ൽ 1200 രൂപയായിരുന്നുവെങ്കിൽ 2019-ൽ അതിനേക്കാൾ രൂക്ഷമായി വില വർദ്ധിച്ചു. കച്ചിൽ ഒരു പിരിക്ക് 25 രൂപയായിരുന്നത് 30 രൂപയായി വർദ്ധിച്ചു. കേരളത്തിലെ ക്ഷീരകർഷകൻ അനുഭവിക്കുന്ന പ്രധാന പ്രശ്നം തീറ്റപ്പുല്ലിന്റെ അഭാവമാണ്. തമിഴ്നാട്ടിലെപ്പോലെ പശുക്കൾക്ക് ഒരുപാട് മേഞ്ഞുനടക്കാൻ പറ്റുന്ന അവസ്ഥയില്ല. ക്ഷീരകർഷകൻ വലിയ പ്രതിസന്ധിയിലാണ്. പ്രളയത്തിൽ പശുക്കളെ നഷ്ടപ്പെട്ട ആയിരം ക്ഷീരകർഷകർക്കായി സൈനിക ഫാമുകളിൽനിന്ന് അത്യുത്പാദന ശേഷിയുള്ള ആയിരം കറവപശുക്കളെ തുച്ഛമായ ചെലവിൽ എത്തിക്കുവാനുള്ള പദ്ധതി മന്ത്രി അനുകൂലിച്ചിട്ടും ഉദ്യോഗസ്ഥരുടെ അലംഭാവംമൂലം പാളിപ്പോയി എന്നുള്ളത് യാഥാർത്ഥ്യമല്ലേ; ഏറ്റവും ഗുണനിലവാരമുള്ള പശുക്കളെ നമുക്ക് ലഭിക്കുമായിരുന്നു. മന്ത്രി അതിന് സമ്മതം നൽകിയതുമാണ്. പക്ഷേ ഉദ്യോഗസ്ഥതലത്തിലുള്ള താൽപ്പര്യക്കുറവുമൂലം അത് കൊണ്ടുവന്നില്ലെന്ന് മാത്രമല്ല, ഈ പശുക്കളെ മറ്റ് സംസ്ഥാനക്കാർ വളരെ തുച്ഛമായ വിലയ്ക്ക് വാങ്ങിക്കൊണ്ടുപോയി എന്നുള്ള യാഥാർത്ഥ്യവും ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്. ഇങ്ങനെ ക്ഷീരകർഷകർ അഭിമുഖീകരിക്കുന്ന നിരവധി പ്രശ്നങ്ങളുണ്ട്. ആ പ്രശ്നങ്ങളൊക്കെ പഠിക്കുകയും അവ പരിഹരിക്കാനാവശ്യമായ നടപടി ഉണ്ടാകുകയും വേണം. മിൽമ യൂണിയനെ അധിക്ഷേപിക്കുന്ന രീതിയിൽ, അതിനെ നശിപ്പിക്കുന്ന രീതിയിലേയ്ക്ക് മുന്നോട്ട് പോകുകയാണ്. സംസ്ഥാന സർക്കാരിന്റെ പ്രോഗ്രസ്സ് റിപ്പോർട്ടിൽ മിൽമയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ, മിൽമയുടെ ഘടനയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി റിട്ട. ഐ.എ.എസ്. ഓഫീസർ, ശ്രീമതി ലിഡ ജേക്കബ്ബിനെ അദ്ധ്യക്ഷയായി നിയോഗിച്ച കമ്മിറ്റി പഠനറിപ്പോർട്ട് സമർപ്പിക്കുകയും അതിനനുസരിച്ചുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട് എന്ന് പറഞ്ഞിട്ടുണ്ട്. മിൽമയെ നശിപ്പിക്കരുത്. നിങ്ങളുടെ ഈ കമ്മിറ്റി എന്തിനാണെന്നുള്ളത് ഞങ്ങൾക്കറിയാം. നിങ്ങൾക്ക് യൂണിയനുകൾ മുഴുവൻ പിടിച്ചെടുക്കണം. ഒരു കർഷകനല്ലാത്ത, ഒരു ചെറിയ പ്ലാവുപോലും ഇല്ലാത്തയാൾ കടയിൽ പോയി ഒരു ഗ്ലാസ് പാൽ കുടിച്ചാൽപോലും അവന് സംഘത്തിൽ രജിസ്റ്റർ ചെയ്യാം, വോട്ടവകാശവുമുണ്ട്. അങ്ങനെ തെറ്റായ രീതിയിൽ സംഘങ്ങൾ രൂപീകരിച്ച് മിൽമയെയും നന്നായി പ്രവർത്തിക്കുന്ന ഇതുപോലെയുള്ള സ്ഥാപനങ്ങളെയും കൊള്ളയടിക്കാനും ഇല്ലാതാക്കാനുമാണ് നിങ്ങൾ ശ്രമിക്കുന്നതെങ്കിൽ തീർച്ചയായും അതിനെതിരെ

വലിയ ജനരോഷമുണ്ടാകും. ഇക്കഴിഞ്ഞ പാർലമെന്റ് ഇലക്ഷനിൽ നിങ്ങൾക്ക് കിട്ടിയ താക്കീത് നിങ്ങളുടെ തെറ്റായ നയങ്ങൾമൂലമാണ്. കെടുകാര്യസ്ഥതയും അഴിമതിയും നിറഞ്ഞ ഈ ഭരണത്തിനെതിരെയുള്ള താക്കീത് കൂടിയാണ് അതെന്ന് മനസ്സിലാക്കിക്കൊണ്ട് നിങ്ങൾ മുന്നോട്ടുപോകണമെന്ന് ഓർമ്മപ്പെടുത്തിക്കൊണ്ട് ഒരിക്കൽകൂടി ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

1.00 PM.]

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ഇവിടെ ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ പറഞ്ഞതുപോലെയല്ല കാര്യങ്ങൾ. അദ്ദേഹത്തിന് അനുകൂലിക്കണമെന്ന് ആഗ്രഹമുണ്ടെങ്കിലും പ്രതിപക്ഷത്തിരിക്കുമ്പോൾ അതിന് നിവൃത്തിയില്ല എന്നുള്ളത് അദ്ദേഹത്തിന്റെ വാക്കുകളിൽ നിന്നുതന്നെ നമുക്ക് വ്യക്തമാണ്. ക്ഷീരമേഖലയ്ക്ക് ഈ സർക്കാർ 351 കോടി രൂപയാണ് മാറ്റിവച്ചിട്ടുള്ളത്. അതൊരു സർവ്വകാല റെക്കോർഡാണ്. 2012-ലെ സെൻസസ് പ്രകാരം നമുക്ക് പശുക്കളുടെ എണ്ണത്തിൽ ഏതാണ്ട് 23 ശതമാനം കുറവുണ്ട്. പക്ഷേ അത് പരിഹരിക്കുന്നതിനുവേണ്ടിയുള്ള വലിയ ശ്രമമാണ് നടക്കുന്നത്. മൃഗസംരക്ഷണവും ക്ഷീരവികസനവും പരസ്പരം ബന്ധപ്പെട്ട് നിൽക്കുന്ന വകുപ്പുകളാണ്. സെൻസസ്സ് പ്രകാരം 12 ലക്ഷം പശുക്കളാണ് നമുക്കുള്ളത്. അതിൽ 4.8 ലക്ഷം മാത്രമാണ് കറവപ്പശുക്കൾ. അതിന്റെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള വലിയ ശ്രമം നടക്കുന്നുണ്ട്. കേരള ഫീഡ്സിന്റെ കാര്യം ഇവിടെ പറഞ്ഞു. കേരള ഫീഡ്സ്, കാലിത്തീറ്റ കൃഷിക്കാർക്ക് ലഭ്യമാക്കുന്നതിന് ക്ഷീരസഹകരണ സംഘങ്ങൾ ഒരു കാലഘട്ടത്തിൽ എം.എൽ.എ.-മാരുടെ ശിപാർശയ്ക്ക് വരുമായിരുന്നു. കാരണം കേരള ഫീഡ്സ് വളരെ കുറവായും ലഭ്യമല്ലാതെ വരികയും ചെയ്ത ഒരു സാഹചര്യത്തിലാണ് ഇത്തരം ശിപാർശകത്തുകൾക്കുവേണ്ടി ക്ഷീരസഹകരണ സംഘങ്ങൾ വന്നുകൊണ്ടിരുന്നത്. ഏതാണ്ട് 658-ഓളം വരുന്ന ക്ഷീരസഹകരണ സംഘങ്ങളെ ആധുനികവൽക്കരിച്ചതും നിർജ്ജീവമായി കിടന്ന 150-ലധികം വരുന്ന ക്ഷീര സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിച്ചതും 138-ഓളം സംഘങ്ങളെ പുതിയ രജിസ്ട്രേഷനിലേക്ക് കൊണ്ടുവന്നതും ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടുകൂടി പാലിന്റെ വില വർദ്ധിപ്പിച്ചതിന്റെയു മെല്ലാം ഗുണം കൃഷിക്കാർക്കാണ് കിട്ടിയിട്ടുള്ളത്. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ പറഞ്ഞതുപോലെയല്ല. സംസ്ഥാനത്ത് ഇറക്കുമതി ചെയ്തുകൊണ്ടിരുന്ന പാലിന്റെ അളവ് കുറച്ചുകൊണ്ടുവന്ന് സ്വയംപര്യാപ്തതയിലേയ്ക്ക് കേരളത്തെ എത്തിക്കുന്നതിന് വകുപ്പ് നടത്തിയിട്ടുള്ള ശ്രമങ്ങൾ എടുത്തുപ

റയേണ്ടതാണ്. കെ.എൽ.ഡി.ബി., മിൽമ, മൃഗസംരക്ഷണ വകുപ്പ് എന്നിവയുടെ സഹകരണത്തോടുകൂടിയാണ് ഇക്കാര്യങ്ങളിൽ ഇടപെടൽ നടത്തിയിട്ടുള്ളത്. ഒരു നല്ല കാഴ്ചപ്പാടും ചിട്ടയും ഇക്കാര്യങ്ങളിൽ ഉണ്ടാക്കിയെടുക്കാനായി. സർക്കാരിന്റെ കഴിഞ്ഞ മൂന്ന് വർഷത്തെ പ്രവർത്തനങ്ങൾ പരിശോധിച്ചാൽ, രജിസ്റ്റർ ചെയ്തിട്ടുള്ള ഏതാണ്ട് 3673 സഹകരണ സംഘങ്ങളുടെ സഹായത്തോടുകൂടി മെച്ചപ്പെട്ട നിലയിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള വലിയ ഇടപെടലാണുണ്ടായിട്ടുള്ളത്. അതുപോലെതന്നെ മിൽക്ക് പ്രോഡക്ട്സ് ഫെസിലിറ്റേഷൻ സെന്ററുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിപുലീകരിക്കണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. വാല്യൂ ആഡഡ് പ്രോഡക്ട് മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്നതിനുപകരം ഇന്റർനാഷണൽ കോർപ്പറേറ്റുകളോട് മത്സരിക്കാൻ പാകത്തിന് നമ്മുടെ പ്രോഡക്ട്സിന്റെ ശേഷി വർദ്ധിപ്പിച്ച് കൊണ്ടുവരുന്നതിനുള്ള ഒരു സംവിധാനമുണ്ടാക്കണം. ക്വാളിറ്റി കൺട്രോൾ യൂണിറ്റുകളുടെ ഓഫീസുകൾ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നുവെന്ന് പറയാൻ കഴിയുന്നില്ല. അതുകൊണ്ട് ക്വാളിറ്റി കൺട്രോൾ ഓഫീസുകളുടെ പ്രവർത്തനങ്ങൾ കുറച്ചുകൂടി മെച്ചപ്പെട്ട രീതിയിൽ വിപുലമാക്കണം.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എൻ. ഷംസുദ്ദീൻ)

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെൻഷൻ 500-ൽ നിന്ന് 1200 രൂപയാക്കി, 63.38 കോടി രൂപ ഇതിനകം സർക്കാർ വിതരണം ചെയ്തിട്ടുണ്ട്. തീറ്റപ്പുൽ കൃഷിയുടെ കാര്യം ഇവിടെ പറഞ്ഞു. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ എന്ത് അടിസ്ഥാനത്തിലാണ് അത് പറഞ്ഞതെന്നറിയില്ല. 184 ഹെക്ടറിലേയ്ക്ക് തീറ്റപ്പുൽകൃഷി വ്യാപിപ്പിച്ചു. 2017-18-ൽ 155 ലക്ഷം രൂപയാണ് അതിനുവേണ്ടി മാറ്റിച്ചിരുന്നതെങ്കിൽ 2018-19 ആയപ്പോഴേയ്ക്കും അതിനുവേണ്ടി 3 കോടി രൂപ മാറ്റിവച്ചു. ഇപ്പോൾ ക്ഷീര സഹകരണ സംഘങ്ങൾ വഴി തന്നെ തീറ്റപ്പുൽ ഉൽപ്പാദിപ്പിച്ച് ആവശ്യമായ കൃഷിക്കാർക്ക് കൊടുക്കുന്നതിനുവേണ്ടിയുള്ള വലിയ ഇടപെടലുകൾ സർക്കാർ നടത്തുന്നുണ്ട്. കോഴിക്കോട് പുതിയ കാലിത്തീറ്റ ഫാക്ടറി തുറക്കുകയും അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. ദക്ഷിണ മേഖലയ്ക്കായി കരുനാഗപ്പള്ളിയിൽ ഫാക്ടറിയും അതിന്റെ പ്രവർത്തനങ്ങളും മാറ്റിവച്ച അങ്ങയുടെ നടപടിയെ ഈ അവസരത്തിൽ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. പ്രളയംമൂലം നഷ്ടം സംഭവിച്ച 2285 കൃഷിക്കാരെ സഹായിക്കാൻ കഴിഞ്ഞില്ലെന്ന് ബഹുമാനപ്പെട്ട അംഗം പറയുന്നത് കേട്ടു. ഇത് തെറ്റായ കണക്കാണ്. കടക്കെണിയിലായ ക്ഷീരകർഷകരെ സഹായിക്കുന്നതിനുവേണ്ടി 5 കോടി രൂപ സർക്കാർ മാറ്റിവച്ചിട്ടുണ്ട്. അതിനുള്ള ധനസഹായം 1285 ക്ഷീരകർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. മുമ്പ് സൂചിപ്പിച്ചതുപോലെ 25.85 കോടി രൂപ മാറ്റിവച്ചുകൊണ്ടാണ് 658 ക്ഷീരസഹകരണ സംഘങ്ങളുടെ നവീകരണ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്നത്. ക്ഷീരകർഷകർക്ക്

ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ട്. കൃഷിക്കാരന് 2 ലക്ഷം രൂപവരെയും 65,000 രൂപയ്ക്ക് മുകളിൽ വില വരുന്ന പശുക്കൾക്ക് ഒരു ലക്ഷം രൂപയുമാണ് ഇൻഷ്വറൻസ്. അതിന് വളരെ നിസ്സാര തുകയായ 22 രൂപ ഒരു വർഷം അടച്ചാൽ മതി. 58 രൂപ അടച്ചാൽ 3 വർഷം കൃഷിക്കാരന് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും. ജനറൽ വിഭാഗത്തിൽപ്പെട്ടവർ 700 രൂപ അടച്ചാൽ പശുവിന് ഇൻഷ്വറൻസ് ലഭിക്കും. എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവർക്ക് 420 രൂപ മാത്രമാണ് ഇൻഷ്വറൻസ് തുകയായി മാറ്റിവയ്ക്കേണ്ടിവരുന്നത്. ഇത്തരത്തിൽ നോക്കിയാൽ ഏത് തരത്തിലും ക്ഷീരമേഖലയ്ക്ക് മികച്ച സംഭാവന നൽകാൻ ക്ഷീരവികസന വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ക്ഷീരവികസന വകുപ്പുപോലെതന്നെ മൃഗസംരക്ഷണ വകുപ്പിലും ഫലപ്രദമായ ഇടപെടൽ നടത്താൻ കഴിഞ്ഞിട്ടുണ്ട്. 2019-20-ൽ 244.27 കോടി രൂപയാണ് ഇതിനായി മാറ്റിവച്ചത്. അതിൽ വെറ്ററിനറി വകുപ്പിനുവേണ്ടി 94.24 കോടി രൂപയും പൊതുമേഖലാ സ്ഥാപനങ്ങൾക്കുവേണ്ടി 50.03 കോടി രൂപയുമാണ് മാറ്റി വച്ചിരിക്കുന്നത്. 25 വെറ്ററിനറി പോളി ക്ലിനിക്കുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. പ്രതിരോധ നടപടികൾ ഗൗരവതരമാണ്. പേവിഷബാധ, പക്ഷിപ്പനി, കുരങ്ങുപനി, നിപ വൈറസ്, എലിപ്പനി ഇവയെല്ലാം മൃഗങ്ങളിൽനിന്നും മനുഷ്യരിലേയ്ക്ക് വരുന്നവയെന്നുള്ളതു കൊണ്ട് സ്വാഭാവികമായും ഗൗരവമായ ഒരു ഇടപെടലുണ്ടാകണം. പോളി ക്ലിനിക്കുകളുടെ പ്രവർത്തനം കുറച്ചുകൂടി വ്യാപിപ്പിക്കണം. ഒരു താലൂക്കിൽ ഒന്ന് എന്ന നിലയിൽ പോളി ക്ലിനിക്കുകളുടെ പ്രവർത്തനം വ്യാപിപ്പിക്കാൻ കഴിയുമോ എന്ന് പരിശോധിക്കണം. പ്രതിരോധ വാക്സിൻ, കുത്തിവയ്പ്പ് അടക്കമുള്ള സംവിധാനങ്ങളിലേയ്ക്ക് പോകുമ്പോൾ കുറച്ചുകൂടി മെച്ചപ്പെട്ട ഇടപെടൽ ഉണ്ടാകണം. പ്രത്യേകിച്ച്, ഇത്തരം മാരകരോഗങ്ങൾ വ്യാപിക്കുന്നതിനെതിരെ ഗൗരവതരമായ ബോധവൽക്കരണ പരിപാടി നടത്താൻ കഴിയും. പലപ്പോഴും കൃഷിക്കാർ പ്രതിസന്ധിയിൽ നിസ്സഹായരായിപ്പോകുന്ന സാഹചര്യം പരിഹരിക്കുന്നതിനായി വെറ്ററിനറി സർജന്മാരുടെ സഹായത്തോടുകൂടി ആരംഭിച്ചിട്ടുള്ള രാത്രികാല മൃഗ ചികിത്സാ പദ്ധതിയെ അഭിനന്ദിക്കുകയാണ്. കൃഷിക്കാർക്കുവേണ്ടി അങ്ങയെയും അങ്ങയുടെ ഡിപ്പാർട്ടുമെന്റിനെയും ഹൃദയപൂർവ്വം അഭിനന്ദിക്കുന്നതിനായി ഞാൻ ഈ അവസരം പ്രയോജനപ്പെടുത്തുകയാണ്. മൃഗങ്ങളുടെ മരുന്ന് പല സ്റ്റോറുകളിലും ലഭ്യമല്ലാത്ത സാഹചര്യമുണ്ടായിരുന്നു. കൃഷിക്കാർക്ക് നഷ്ടപരിഹാരം കൊടുക്കുന്നതോടൊപ്പംതന്നെ മരുന്നുകൾ ലഭ്യമാക്കുന്നതിനുവേണ്ടി സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. നമുക്ക് 18 അതിർത്തി ചെക്ക്പോസ്റ്റുകളാണുള്ളത്. രണ്ട് ചെക്ക്പോസ്റ്റുകളിൽ മാത്രമാണ് വെറ്ററിനറി സർജനുള്ളത്. അതുകൊണ്ട് ദയവായി തസ്തിക സൃഷ്ടിക്കണം. വെറ്ററിനറി സർജന്മാരെ പോസ്റ്റുചെയ്യുന്നതിന് സർക്കാരിൽ സമ്മർദ്ദം ചെലുത്തണം. 6.5 ലക്ഷം മൃഗങ്ങൾ ചെക്ക്പോസ്റ്റുകൾ വഴി കടന്നുവരുന്നുണ്ട്. 1.5 കോടി പക്ഷികളിൽ പ്രധാനമായും കോഴിയാണ് കടന്നുവരുന്നത്. 52 കോടിയിലധികം ലിറ്റർ പാൽ ചെക്ക്പോസ്റ്റുകൾ വഴി

കടന്നുവരുന്നുണ്ട്. 155 കോടിയോളം മുട്ട ചെക്ക്പോസ്റ്റുകൾ വഴിയാണ് കൊണ്ടുവരുന്നത്. സ്വാഭാവികമായും ഇതൊക്കെ പരിശോധിക്കണമെങ്കിൽ ചെക്ക്പോസ്റ്റുകളെ ശക്തിപ്പെടുത്തുകയും സർജന്മാരുടെ എണ്ണവും പ്രവർത്തനങ്ങളും വർദ്ധിപ്പിക്കുകയും ചെയ്യുക എന്നുള്ളത് മാത്രമാണ് ഈ അവസരത്തിൽ ചെയ്യാൻ കഴിയുന്നത്.

വന്യജീവികളുമായി ബന്ധപ്പെട്ട സംഘർഷങ്ങൾ നിയമസഭയ്ക്കകത്തും പുറത്തും ഗൗരവമായി ചർച്ച ചെയ്യുന്നതാണ്. ഫെൻസിംഗ്, ട്രെഞ്ച് കുഴിക്കൽ എന്നീ കാര്യങ്ങളിലാണ് ഗൗരവമായ ഇടപെടൽ നടത്തേണ്ടത്. അതിനായി മാറ്റിവച്ചിട്ടുള്ള വിഹിതം പര്യാപ്തമല്ല. മൃഗങ്ങളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകുമ്പോൾ സ്വാഭാവികമായും ഫെൻസിംഗ്, ട്രെഞ്ച് കുഴിക്കുന്നതടക്കമുള്ള കാര്യങ്ങളിലും man-animal conflict ഒഴിവാക്കുന്നതിനും വകുപ്പ് കുറച്ചുകൂടി ശക്തമായ ഇടപെടൽ നടത്തണം. ആന ഉടമകളുമായി ബന്ധപ്പെട്ട ചോദ്യം സഭയിൽ വന്നതും അങ്ങ് മറുപടി പറഞ്ഞതുമാണ്. അതിൽ വകുപ്പുദ്യോഗസ്ഥർ മനഃപൂർവ്വം വരുത്തുന്ന കാലതാമസമുണ്ട്. മൂന്നും നാലും വർഷമായി ആനയുടെ ഉടമസ്ഥതയ്ക്കുവേണ്ടി അപേക്ഷ കൊടുത്ത് കാത്തിരുന്നിട്ടും സമയബന്ധിതമായി നടപടികൾ പൂർത്തീകരിക്കാതെയും ആന ഉടമകൾക്ക് നോട്ടീസയച്ചും ഉണ്ടാക്കുന്ന പ്രതിസന്ധികൾ ചെറുതല്ല. അത് ഈ അവസരത്തിൽ അങ്ങയുടെ ശ്രദ്ധയിൽകൊണ്ടുവരികയാണ്. അങ്ങേയ്ക്ക് നിവേദനം തന്നിട്ടുള്ളതാണ്. വനങ്ങളിലെ മാലിന്യം സംബന്ധിച്ച് ഗൗരവമായ ഇടപെടൽ ഉണ്ടാകണം. സംസ്ഥാനത്ത് 60 ഇക്കോ ടൂറിസം കേന്ദ്രങ്ങളുണ്ട്. ഈ ഇക്കോ ടൂറിസം കേന്ദ്രങ്ങളിലെ മാലിന്യവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കഴിഞ്ഞ ദിവസംതന്നെ അങ്ങയുടെ ശ്രദ്ധയിൽകൊണ്ടുവന്നതാണ്. ഈ 60 ഇക്കോ ടൂറിസം കേന്ദ്രങ്ങളിലെ മാലിന്യങ്ങളും വനത്തിൽ അടിഞ്ഞുകൂടുന്ന മാലിന്യങ്ങളും നിർമ്മാർജ്ജനം ചെയ്യാൻ നടപടി സ്വീകരിക്കണം. വനം വകുപ്പിലെ വാച്ചർമാരുടെ എണ്ണം കുറയ്ക്കുന്നതിനുവേണ്ടി ഉദ്യോഗസ്ഥർ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്. വാച്ചർമാരുടെ ശമ്പളം വർദ്ധിപ്പിച്ച് മിനിമം കൂലിയാക്കിയപ്പോൾ ഞങ്ങൾ അതിനെ സ്വാഗതം ചെയ്തവരാണ്. പക്ഷെ, വാച്ചർമാരുടെ എണ്ണത്തിൽ കുറവുണ്ടായാൽ സ്വാഭാവികമായും വനപരിപാലനം മറ്റ് ഉദ്യോഗസ്ഥരെക്കൊണ്ട് മാത്രം ഒരിക്കലും നടക്കില്ല. പത്തും ഇരുപതും വർഷങ്ങളായി സ്ഥിരമായി ജോലി ചെയ്യുന്ന ആളുകളെ പിരിച്ചുവിടുന്ന നടപടിയോട് ഒരിക്കലും യോജിക്കാൻ കഴിയില്ല.

ഒരു സർക്കാരിന്റെ മുഖമെന്ന് പറയുന്നത് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുതന്നെയാണ്. വളരെ മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്താൻ ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രിക്ക് കഴിഞ്ഞിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ എത്തുമ്പോൾ ആവർത്തിച്ചാവർത്തിച്ചുള്ള അടിയന്തരപ്രമേയവും വകുപ്പുമന്ത്രിതന്നെ സമ്മർദ്ദത്തിലായ ഒട്ടനവധി ഘട്ടങ്ങളും നമ്മൾ കണ്ടതാണ്. ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട കാലതാമസമാണ്

അതിനെല്ലാം കാരണം. പുതിയ റേഷൻ കാർഡ് വിതരണം ചെയ്യുന്നതടക്കം ഒട്ടനവധി പ്രതിസന്ധികളിൽനിന്ന് വകുപ്പിന് ഒരു പുതിയ മുഖച്ഛായ ഉണ്ടാക്കാൻ അങ്ങേയ്ക്ക് കഴിഞ്ഞിട്ടുണ്ട്. 200 കോടി രൂപയാണ് മാർക്കറ്റ് ഇന്റർവൻഷനുവേണ്ടി ഓരോ വർഷവും മാറ്റിവച്ചിട്ടുള്ളത്. ഈ തുക പര്യാപ്തമല്ല. കൺസംപ്ഷൻ എത്രമാത്രം കൂടുന്നുണ്ടോ അതിനനുസരിച്ച് മാർക്കറ്റ് ഇന്റർവെൻഷൻ കൂട്ടിയെങ്കിൽ മാത്രമേ ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിയൂ. 14350-ഓളം വരുന്ന റേഷൻ കടകൾ നവീകരിക്കുന്നതും ക്രമപ്പെടുത്തുന്നതുമടക്കം പുതിയ ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ ഭാഗമായി ഒട്ടനവധി ഇടപെടലുകൾ നടത്താൻ കഴിഞ്ഞിട്ടുണ്ട്. 40 മാവേലി സ്റ്റോറുകൾ, 8 സൂപ്പർ മാർക്കറ്റുകൾ, 4 മാവേലി സൂപ്പർ സ്റ്റോറുകൾ, പീപ്പിൾസ് ബസാറുകൾ എന്നിവയും മാവേലി സ്റ്റോറുകളുടെ സാധ്യത പഠിച്ച് പുതിയവ അനുവദിക്കുന്നതിലും വളരെ കൃത്യമായ ഇടപെടൽ നടത്താൻ അങ്ങേയ്ക്കും വകുപ്പിനും കഴിഞ്ഞിട്ടുണ്ട്. അഞ്ച് ലക്ഷത്തിലധികം പേർക്ക് പുതിയതായി റേഷൻ കാർഡ് അനുവദിക്കാൻ കഴിഞ്ഞിട്ടുണ്ട്. പുതിയ റേഷൻ കാർഡുകൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് ആവശ്യമായ തുക അനുവദിക്കണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്.

മി. ചെയർമാൻ: ശ്രീമതി ഇ. എസ്. ബിജിമോൾ, അങ്ങയുടെ സമയം കഴിഞ്ഞു. പ്ലീസ് കൺക്ലൂഡ്.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ഏകദേശം 10 കോടി രൂപകൂടി അധികമായി അനുവദിച്ചെങ്കിൽ മാത്രമേ സമയബന്ധിതമായി റേഷൻ കാർഡ് വിതരണം നടത്താൻ കഴിയൂ. അതുകൊണ്ട് അക്കാര്യത്തിൽ അങ്ങയുടെ ഇടപെടൽ ഉണ്ടാകണം. വിപണിയിലുള്ള ഇടപെടൽ സംബന്ധിച്ച് ഒരിക്കൽക്കൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഞങ്ങളുടെ നാട്ടിൽ ഡിപ്പോ ഇല്ലാതെ എഴുപതും എൺപതും കിലോമീറ്റർ ദൂരെയുള്ള മാവേലി സ്റ്റോറിൽനിന്നും സാധനം ശേഖരിക്കേണ്ട സാഹചര്യമുണ്ട്. നിലവിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഡിപ്പോ നിന്നുപോയതാണ്. അത്തരത്തിൽ ഈ സംസ്ഥാനത്ത് ഏകദേശം നാലിലധികം ഡിപ്പോകൾ നിന്നുപോയിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. ദൂരപരിധികൂടി പരിഗണിച്ചുകൊണ്ട് നിർത്തലാക്കിയ ഡിപ്പോകൾ പുനഃസ്ഥാപിക്കുന്നതിനും ഈ പ്രദേശങ്ങളിലുള്ള ആളുകൾക്കുകൂടി അവശ്യസാധനങ്ങൾ എത്തിച്ചുകൊടുക്കുന്നതിനുമുള്ള നടപടി അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണം. ഈ നാല് ധനാഭ്യർത്ഥനകളെയും അനുകൂലിക്കുന്നതോടൊപ്പം ബന്ധപ്പെട്ട മന്ത്രിമാരെ പ്രത്യേകമായി അഭിനന്ദിക്കുകയും ചെയ്യുന്നു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഒരു സർക്കാരിനെ സാധാരണ ജനങ്ങൾ വിലയിരുത്തുന്നത് നിത്യോപയോഗ സാധനങ്ങളുടെ വിലക്കുറവും ലഭ്യതയും അനുസരിച്ചാണ്. അവരെ

സംബന്ധിച്ചിടത്തോളം അതാണ് അവരുടെ ഏറ്റവും വലിയ പ്രശ്നം. എത്ര വലിയ പദ്ധതികൾ നടപ്പിലാക്കിയാലും നമുക്ക് ഒരുപിടി അനുഭവങ്ങളുണ്ട്. സാധാരണക്കാരന്റെ അന്നം മുടങ്ങാതിരിക്കുകയാണ് ഒരു സർക്കാരിന്റെ പ്രാഥമിക കർത്തവ്യം. അതുകൊണ്ടുതന്നെ പ്രധാനപ്പെട്ട ഒരു വകുപ്പാണ് ഭക്ഷ്യ വകുപ്പെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. എന്നാൽ ഒരിക്കലും പരിഹരിക്കപ്പെടാത്ത പ്രശ്നങ്ങളാണ് ഭക്ഷ്യധാന്യ വിതരണരംഗത്തുള്ളത്. സാധാരണക്കാരന്റെ ആശ്രയമായ റേഷൻ കടകൾ അഴിമതിയുടെയും വെട്ടിപ്പിന്റെയും കേന്ദ്രങ്ങളായി മാറുകയാണ്. ഭക്ഷ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിയപ്പോൾതന്നെ ആന്ധ്രാപ്രദേശ്, തെലങ്കാന തുടങ്ങിയ സംസ്ഥാനങ്ങൾ റേഷൻ കടകളിൽ ഇ-പോസ് മെഷീനുമായി ത്രാസിനെ ബന്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ കേരളത്തിൽ ഇന്നുവരെ ഈ സംവിധാനം നിലവിൽ വന്നിട്ടില്ല. ത്രാസ്സിൽ തൂക്കുന്ന അളവിനുള്ള ബില്ലാണ് ഇ-പോസ് മെഷീനിൽനിന്നും പുറത്തേയ്ക്ക് വരേണ്ടത്. അതായത്, 35 കിലോഗ്രാം അരി ലഭിക്കുന്ന ഒരു അന്ത്യോദയ പദ്ധതിയുടെ ഗുണഭോക്താവിന് 35 കിലോഗ്രാമും ത്രാസ്സിൽ വീണാൽ മാത്രമേ ബിൽ അടിക്കുകയുള്ളൂ. ആദ്യം ബിൽ അടിക്കുകയും ഇരുപത്തിയഞ്ചോ പതിനഞ്ചോ കിലോഗ്രാം അരി മാത്രം കൊടുത്ത് ഉപഭോക്താക്കളെ പറ്റിക്കുകയും ചെയ്യുന്ന ഒരു സ്ഥിതിവിശേഷം നമ്മുടെ സംസ്ഥാനത്തുണ്ട്. നമ്മുടെ സംസ്ഥാനത്ത് ആകെ ഒരിടത്ത് മാത്രമാണ് ത്രാസ്സിനെ ഇ-പോസ് മെഷീനുമായി ബന്ധിപ്പിച്ചിട്ടുള്ളത്. അത് തിരുവനന്തപുരം ജില്ലയിലെ 162-ാം നമ്പർ റേഷൻ കടയിൽ മാത്രമാണ്. എന്തുകൊണ്ടാണ് ഈ നിസ്സാരമായ കാര്യംപോലും നമുക്ക് ചെയ്യാൻ സാധിക്കാത്തത്; അതിനു പിന്നിൽ എന്തെങ്കിലും കാര്യമുണ്ടെന്നുള്ളതാണ് പരമാർത്ഥം. റേഷൻ കടകളെ പൂർണ്ണമായി ആധുനികവൽക്കരിക്കണം. നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്ടിൽ പറയുന്ന ഗോഡൗണുകളിൽനിന്ന് കൃത്യമായ അളവിലാണ് സാധനങ്ങൾ ലഭിക്കേണ്ടത്. ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം വളരെ പ്രതീക്ഷയോടുകൂടിയാണ് നടപ്പിലാക്കിയത്. പക്ഷെ അവിടത്തെ ഇപ്പോഴത്തെ അവസ്ഥ കൃത്യമായ അളവിൽ ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നില്ലെന്നുള്ളതാണ്. വിതരണ ചുമതല സപ്ലൈകോയെയാണ് ഏൽപ്പിച്ചിരിക്കുന്നത്. അവർ റേഷൻ കടകളിലേയ്ക്ക് കയറ്റി അയച്ച ഭക്ഷ്യധാന്യങ്ങളുടെ ലോഡ് പരിശോധിച്ചപ്പോൾ കഴിഞ്ഞ ആറ് മാസത്തിനിടയിൽ തിരുവനന്തപുരത്ത് മാത്രം 40-ഓളം ലോഡാണ് പിടികൂടിയത്. ഒരു ചാക്കിൽ രണ്ട് കിലോ അരിയുടെ കുറവുണ്ടായിരുന്നു. ഈ കുറവ് പാവങ്ങളിൽനിന്നാണ് ഈടാക്കുന്നത്. പാവപ്പെട്ട ഓരോ ഗുണഭോക്താവിനും അത്രയും അളവ് അരി കുറച്ചാണ് വിതരണം ചെയ്യുന്നത്. ഒരു ചാക്ക് അരി

വിതരണം ചെയ്യുമ്പോൾ ഒരു കാർഡുടമയ്ക്ക് രണ്ട് കിലോ അരി നഷ്ടമാകുന്നുവെന്നതാണ് അതിലെ സത്യം. അങ്ങനെയാണെങ്കിൽ പ്രതിദിനം എത്രയാണ് നഷ്ടം; വ്യാപകമായി പരിശോധിച്ചാൽ എത്ര വലിയ തട്ടിപ്പാണ് നടക്കുന്നതെന്ന് നമുക്ക് മനസ്സിലാകും. അതുപോലെ വിലക്കയറ്റം തടയാൻ പ്രായോഗികമായ മാർഗ്ഗങ്ങൾ സ്വീകരിക്കാൻ സർക്കാരിന് ഇനിയും കഴിഞ്ഞിട്ടില്ല. ആധുനിക സംവിധാനങ്ങളുള്ള സംഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കണം. ആന്ധ്രാപ്രദേശ് പോലുള്ള സംസ്ഥാനങ്ങളിൽനിന്ന് സാധനങ്ങൾ സ്റ്റോർ ചെയ്യുന്നതിനുള്ള സംഭരണ സൗകര്യങ്ങൾ കേരളത്തിലില്ല. ആന്ധ്രാപ്രദേശിൽ അരിക്കും പയർവർഗ്ഗങ്ങൾക്കും വില കുറയുമ്പോൾ, അവിടെനിന്നും സാധനങ്ങൾ കൊണ്ടുവന്ന് സ്റ്റോക്ക് ചെയ്യണമെങ്കിൽ നമുക്ക് നല്ല സൗകര്യങ്ങളുള്ള ഗോഡൗണുകൾ വേണം. അതുണ്ടാക്കാനുള്ള ശ്രമം ഭക്ഷ്യ വകുപ്പ് ഇന്നുവരെ ആരംഭിച്ചിട്ടില്ല. കർഷകരിൽനിന്നും സംഭരിച്ച നെല്ലിന്റെ വില നൽകാത്തതുമൂലം അവർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് ഇന്നുവരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. പലപ്പോഴും നമ്മുടെ നിയോജകമണ്ഡലത്തിലെ കർഷകരിൽ നിന്നും നെല്ല് ശേഖരിച്ചതിനുശേഷം അവർക്ക് അതിന്റെ പ്രതിഫലം കൊടുക്കാതെ വരുമ്പോൾ ബഹുമാനപ്പെട്ട മന്ത്രിയെത്തന്നെ ഞങ്ങൾ വിളിക്കാറുണ്ട്. അദ്ദേഹം മാന്യമായി സംസാരിക്കുമെങ്കിലും കാര്യങ്ങൾ നടക്കുന്നില്ലെന്നത് ഒരു സത്യമാണ്. 2018-19 സീസണിൽ 6.87 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് ഇനിയും ഭീമമായ തുക നൽകാനുണ്ട്. എറണാകുളം ജില്ലയിൽ മാത്രം പത്തുകോടി രൂപയിലധികം ഈയിനത്തിൽ കൃഷിക്കാർക്ക് നൽകാനുണ്ട്. സംഭരിച്ച നെല്ലിന്റെ പണം കർഷകർക്ക് വായ്പ മുഖേന ലഭ്യമാക്കുന്നതിനായി 16 ബാങ്കുകളുമായി സപ്ലൈകോ ധാരണാപത്രം ഒപ്പുവച്ചെങ്കിലും കർഷകർക്ക് ഇതുവരെ ഒരു പ്രയോജനവും ലഭിച്ചിട്ടില്ല. വിവിധ ജില്ലകളിലായി ഇനി 95 കോടിയോളം രൂപ കർഷകർക്ക് ഇതുവഴി ലഭിക്കാനുണ്ട്. പാഡി റെസീപ്റ്റ് ഷീറ്റ് വായ്പാ പദ്ധതി ത്വരിതപ്പെടുത്തി പ്രതിസന്ധിയിൽ അകപ്പെട്ട കർഷകർക്ക് സംഭരണവില അടിയന്തരമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മൃഗസംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഒരു സർക്കാരിന്റെ കാലത്തും കാര്യമായി ചർച്ച ചെയ്യപ്പെടുന്നില്ലെന്നുള്ളത് ദു:ഖകരമായ ഒരു സത്യമാണ്. പുതിയ കാലത്തും മൃഗസംരക്ഷണ പദ്ധതികൾക്ക് സാധ്യതയുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കാർഷിക മേഖലയുടെ തകർച്ചയാണ് മൃഗസംരക്ഷണരംഗം പിന്നോട്ട് പോകാൻ കാരണം. പ്രളയത്തിൽ

നാലുലക്ഷത്തോളം പക്ഷികളും 18532 ചെറിയ മൃഗങ്ങളും 3766 വലിയ മൃഗങ്ങളും ചത്തുപോയിട്ടുണ്ടെന്നാണ് കണക്ക്. പക്ഷെ പ്രളയാനന്തരം നാം വിവിധ പദ്ധതികൾ പ്രഖ്യാപിച്ചുവെങ്കിലും അതെല്ലാം കടലാസ്സിൽ മാത്രമായി ഒതുങ്ങിപ്പോയി എന്നുള്ളതാണ് സത്യം. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ മൃഗങ്ങളെയും പക്ഷികളെയും വളർത്താനും പരിപാലിക്കാനും പ്രത്യേകം പദ്ധതി ആവിഷ്കരിക്കണം. ആ കാര്യത്തിൽ വകുപ്പുമന്ത്രി പ്രത്യേകം താൽപ്പര്യ മെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പ്രളയംമൂലം ക്ഷീരോൽപ്പാദനത്തിൽ ഗണ്യമായ കുറവുള്ളതായി പഠനങ്ങൾ തെളിയിക്കുന്നുണ്ട്. നമുക്ക് പാലുൽപ്പാദനത്തിൽ പ്രതിദിനം 25 ലക്ഷം ലിറ്ററിന്റെ കുറവ് വന്നിട്ടുണ്ടെന്നാണ് കണക്ക്. അത് പരിഹരിക്കാൻ ഫ്ലഡ് റിലീഫ് റീഹാബിലിറ്റേഷൻ പദ്ധതിക്ക് സമാനമായ രീതിയിൽ പദ്ധതികൾ ആവിഷ്കരിക്കണം. പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ ക്ഷീരകർഷകർക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്ന കാര്യം സർക്കാർ പരിഗണിക്കണം. അതിലൂടെ അന്യസംസ്ഥാനത്തുനിന്നുള്ള മായം കലർന്ന പാലിന്റെ വരവ് കുറയ്ക്കാൻ സാധിക്കും. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് എന്റെ മണ്ഡലത്തിൽ ഒരു ക്ഷീരഗ്രാമം പ്രവർത്തനമാരംഭിച്ചു, ക്ഷീര കർഷകർക്ക് പശുക്കളെയും കിടാരികളെയും സൗജന്യമായി നൽകി, ക്ഷീര സംഘങ്ങൾക്ക് സഹായങ്ങളും നൽകി. പുതിയ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ആ പദ്ധതി ഒരു കാരണവും കൂടാതെ നിർത്തലാക്കി. പ്രസ്തുത പദ്ധതി പുനരാരംഭിക്കുമെന്ന് മന്ത്രി പലതവണ പറഞ്ഞിട്ടും ഇതുവരെയും നടന്നിട്ടില്ല. എന്റെ മണ്ഡലത്തിൽ പ്രവർത്തിക്കുന്ന എല്ലാ ക്ഷീര സംഘങ്ങൾക്കും എം.എൽ.എ. ഫണ്ടിൽനിന്നും റിസർച്ച് ആന്റ് ഡെവലപ്മെന്റിൽ ഉൾപ്പെടുത്തി കെട്ടിടങ്ങൾ നൽകി. ക്ഷീര സംഘങ്ങളുടെ കെട്ടിടങ്ങൾക്ക് എം.എൽ.എ. ഫണ്ട് നൽകാനുള്ള തടസ്സം നീക്കാൻ നടപടി സ്വീകരിക്കണം.

എന്റെ മണ്ഡലത്തിൽ പ്രളയത്തിൽ അനേകം മൃഗങ്ങൾ നഷ്ടപ്പെട്ടു. ക്ഷീര വികസന വകുപ്പുമന്ത്രി എന്റെ മണ്ഡലത്തിൽ വന്നപ്പോൾ അദ്ദേഹത്തിനെക്കൊണ്ടു തന്നെ പശുക്കളെ വിതരണം ചെയ്യിക്കുകയുണ്ടായി. എം.എൽ.എ. എന്ന നിലയിൽ ഞാൻ മുൻകയ്യെടുത്ത് എന്റെ പാർട്ടിയുടെ സഹായത്തോടെ കറവപ്പശുക്കൾ നഷ്ടപ്പെട്ട ക്ഷീര കർഷകർക്ക് സൗജന്യമായി നൂറ് കറവപ്പശുകളെ നൽകാൻ സാധിച്ചു. പക്ഷെ ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിലിന്റെ ഒരു ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി 10-06-2019-ൽ നൽകിയ മറുപടിയിൽ, നൂറിൽ താഴെ പശുക്കളെ മാത്രമേ എറണാകുളം ജില്ലയിൽ കൊടുക്കാൻ സാധിച്ചിട്ടുള്ളൂ എന്നാണ് പറഞ്ഞിരിക്കുന്നത്. എന്റെ മണ്ഡലത്തിൽ അതിന്റെ ഗുണം കിട്ടിയ ആളുകൾ വളരെ കുറവാണ്. എത്രയോ പശുക്കൾ ചത്തുപോയ ഒരു പ്രദേശമാണ് പ്രളയം ബാധിച്ച

ആ സ്ഥലം. അതുകൊണ്ടുതന്നെ കറവപ്പശുക്കളെ നഷ്ടപ്പെട്ട ക്ഷീര കർഷകർക്ക് അടിന്തരമായി, സൗജന്യമായി പശുക്കളെ വിതരണം ചെയ്യാനാവശ്യമായ നടപടി ത്വരിതപ്പെടുത്തണം. എല്ലാവർക്കും പശുക്കളെ കിട്ടാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. പി. സി. ജോർജ്: സർ, ഈ ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുക്കുമ്പോൾ രണ്ട് വർത്തമാനം മന്ത്രിമാരുടെ മുഖത്ത് നോക്കി പറയാമെന്നുള്ള വിമർശന ബുദ്ധിയോടുകൂടിയാണ് വരുന്നത്. പക്ഷെ തൊണ്ണൂറ് ശതമാനം ശരിയും പത്ത് ശതമാനം തെറ്റുമുണ്ടെങ്കിൽ ആ തെറ്റിനെ ഉയർത്തിക്കാണിച്ച് ശരിയെ മൂടിവയ്ക്കുന്നത് ശരിയല്ല. ശരി തൊണ്ണൂറ് ശതമാനവും തെറ്റ് പത്തുശതമാനവുമുണ്ട്. ഭക്ഷ്യ വകുപ്പുമന്ത്രിയെപ്പറ്റിയും ഇതേ അഭിപ്രായംതന്നെയാണ്. പൊതുമരാമത്ത് വകുപ്പുമന്ത്രിയോടും കുറച്ച് കാര്യങ്ങൾ പറയണമെന്ന് കരുതി വന്നതാണ്; പക്ഷെ ശരിയാണ് കൂടുതൽ, പിന്നെ എനിക്ക് എങ്ങനെ കുറ്റം പറയുവാൻ കഴിയും? ഭക്ഷ്യ വകുപ്പുമന്ത്രിയോട് പറയാനുള്ളത്, ഇവിടെ റേഷൻ കടകളുണ്ടെന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്തുവാൻ അങ്ങേയ്ക്ക് കഴിഞ്ഞിട്ടുണ്ടെന്നുള്ള കാര്യം മറച്ചുവയ്ക്കുന്നില്ല. ഏത് റേഷൻ കടയിൽ ചെന്നാലും ആവശ്യത്തിന് അരി ലഭിക്കുന്ന സംവിധാനം ഏർപ്പെടുത്താൻ ഭക്ഷ്യ വകുപ്പുമന്ത്രിക്ക് കഴിഞ്ഞുവെന്നത് ഒരു നിസ്സാര കാര്യമായി ഞാൻ കരുതുന്നില്ല. പക്ഷെ ആട്ടയും ഗോതമ്പും അരിയും മാത്രമല്ല, മനുഷ്യന് ആവശ്യമുള്ള നിത്യോപയോഗ സാധനങ്ങൾ മുഴുവൻ റേഷൻകടകൾ വഴി കൊടുക്കാൻ കഴിയുമോ എന്ന് മന്ത്രി ആലോചിക്കണമെന്നതാണ് എന്റെ അഭിപ്രായം. അതുപോലെ വേറൊരു കാര്യംകൂടി ചെയ്യണം. റേഷൻ കടക്കാരൊക്കെ പണ്ട് കച്ചവടം നടത്തിയിരുന്നത്, ചെറിയ കടമുറികൾ റേഷൻ കടയാക്കിക്കൊണ്ടായിരുന്നു. അരി കൊണ്ടുവന്നാൽ മുഴുവൻ കെട്ട് വിൽക്കുകയായിരുന്നു പണി. ഇപ്പോൾ അതും നടക്കുന്നില്ല. അരി മുഴുവൻ സ്റ്റോക്ക് ചെയ്തുകഴിഞ്ഞാൽ പിന്നെ സ്ഥലമില്ല. അതുകൊണ്ട് ഒരു റേഷൻ കടയ്ക്ക് ഇത്ര സ്ക്വയർ ഫീറ്റ് വിസ്തീർണ്ണം വേണമെന്ന് ശക്തമായ തീരുമാനമെടുത്ത് സർക്കാർ നടപ്പാക്കണം. റേഷൻ കടകളിൽ ജനങ്ങൾ കൂടുതലായി സാധനങ്ങൾ വാങ്ങുവാൻ വരുന്ന ഒരു സാഹചര്യമുണ്ട്. അതിനാൽ ഒരു റേഷൻ കട തുടങ്ങുന്നതിന് ഇത്ര സ്ഥലം ആവശ്യമാണെന്ന കാര്യത്തിൽ ഒരു തീരുമാനമെടുക്കാൻ സർക്കാരിന് കഴിയും. അത്രയും സ്ഥലമില്ലാത്ത ഒരു റേഷൻ കടയും അനുവദിക്കാൻ പാടില്ല. ഇപ്പോഴുള്ള കടകൾ അങ്ങനെയാക്കി മാറ്റാനുള്ള ഉത്തരവ് ഇറക്കുന്നതിനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. അതിലൂടെ ഭക്ഷ്യരംഗം നന്നാക്കാൻ കഴിയുമെന്നാണ് എന്റെ വിശ്വാസം.

വനം വകുപ്പുമന്ത്രിയോട് എനിക്ക് ചോദിക്കാനുള്ളത്, മന്ത്രി കോഴികളെ എവിടെയെല്ലാമാണ് വിതരണം ചെയ്യുന്നത്? നമ്മുടെ സമൂഹത്തിൽ എത്രയോ വിധവകളുണ്ട്. അവർക്ക് അഞ്ച് കോഴികളെ വീതം കൊടുത്താൽ ഒരു കുടുംബം രക്ഷപ്പെടും. പ്രോജക്ടുണ്ടെങ്കിൽ ഇഷ്ടമുള്ളിടത്ത് മാത്രം കൊടുത്താൽ മതിയോ, കേരളത്തിൽ എല്ലായിടത്തും കൊടുക്കണ്ടേ? സ്കൂളുകളിൽ പഠിക്കുന്ന കൊച്ചുകുട്ടികൾക്ക് രണ്ട് കോഴിക്കുഞ്ഞുങ്ങളെ സൗജന്യമായി കൊടുത്താൽ യാതൊരു സംശയവും വേണ്ട ആ കുഞ്ഞുങ്ങൾ അതിനെ പൊന്നുപോലെ വളർത്തും. അങ്ങനെ ആവശ്യത്തിന് മുട്ടയുൽപ്പാദനം നടക്കട്ടെ. ഇപ്പോൾ മൂന്ന് കോടി മുട്ടയാണ് തമിഴ്നാട്ടിൽനിന്നും കേരളത്തിലേയ്ക്ക് കൊണ്ടുവരുന്നത്, ആ സ്ഥിതി മാറ്റിയെടുക്കണം. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ തമിഴ്നാടിന്റെ ചരിത്രം മുഴുവനും വായിച്ചു. അതുകൊണ്ടാണ് ഞാനിത് പറയുന്നത്, അങ്ങ് ഇതിനായി ശ്രമിക്കണം. കോഴിയെ കൊടുക്കാൻ കഴിയുന്നതുപോലെ ആടിനെയും കൊടുക്കാൻ കഴിയും. രണ്ട് ആടിനെ വീതം ഒരു കുടുംബശ്രീ യൂണിറ്റിന് കൊടുത്താൽ എന്താണ് കുഴപ്പം? അതുപോലെ പശുവിനെ വിതരണം ചെയ്യാൻ കഴിയുമല്ലോ? അതിനുള്ള നടപടികളിലേയ്ക്ക് മന്ത്രി നീങ്ങണം.

മി. ചെയർമാൻ : പ്ലീസ് കൺക്ലൂഡ്...

ശ്രീ. പി. സി. ജോർജ്: ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ നിർത്താം. കാട്ടാന ശല്യമെന്ന് പറഞ്ഞ് മനുഷ്യർ ബഹളമുണ്ടാക്കുന്നുണ്ട്. ഇലക്ട്രിക് ഫെൻസിംഗ് മോശമെന്ന് പറഞ്ഞാലും തൽക്കാലത്തേയ്ക്ക് ഇതിനെ തടഞ്ഞുനിർത്താൻ കഴിയുമെന്ന് എനിക്ക് ബോധ്യമാണ്. എന്റെ നിയോജക മണ്ഡലത്തിലെ പ്രധാന സ്ഥലങ്ങളിൽ മുഴുവൻ ഇലക്ട്രിക് ഫെൻസിംഗ് നടത്തി. ഇനി കോരുത്തോട് ഭാഗത്തുമാത്രമേ ഇലക്ട്രിക് ഫെൻസിംഗ് നടത്താനുള്ളൂ. പന്നിപോലും അവിടേയ്ക്ക് കടക്കില്ല എന്നതാണ് അതുകൊണ്ടുള്ള ഗുണം. ആന മരം മറിച്ചിട്ട് തകർക്കുമെങ്കിലും പിന്നീട് നന്നാക്കാൻ കഴിയും. ഈ ഇലക്ട്രിക് ഫെൻസിംഗ് ഉണ്ടാക്കിയാൽമാത്രം പോര, അവിടെ പ്രാദേശികമായ ഒരു കമ്മിറ്റി രൂപീകരിച്ച് അതിന്റെ സംരക്ഷണം ആ കമ്മിറ്റിയെ ഏൽപ്പിക്കണം. അങ്ങനെ ഏൽപ്പിച്ചാൽ ഫെൻസിംഗ് അവിടെ നിലനിൽക്കുകയും കാട്ടാനയിൽനിന്നും മറ്റ് വന്യമൃഗങ്ങളുടെ ശല്യങ്ങളിൽനിന്നും ജനങ്ങളെ രക്ഷിക്കാനും കഴിയും. ആ കാര്യങ്ങളിലും ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയുണ്ടാകണമെന്ന് മാത്രം പറഞ്ഞുകൊണ്ട് നിർത്തുന്നു. ഞാൻ നിഷ്പക്ഷനാണ്, ഡിമാന്റുകളെ അനുകൂലിക്കുന്നുമില്ല, പ്രതികൂലിക്കുന്നുമില്ല.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, മനോഹരമായ റേഷൻ കടകൾ കേരളത്തിന് സമ്മാനിച്ച ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രിയെ അഭിനന്ദിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്.

ചിലന്തിവലയും പൊടിയുമടിച്ച് ദയനീയമായി കിടന്നിരുന്ന സ്ഥാപനമായിരുന്നു റേഷൻ കടകൾ. അവ എവിടെയാണെന്ന് കണ്ടെത്താൻപോലും പ്രയാസമായിരുന്നു. ഇന്ന് ജംഗ്ഷനിൽ വന്നാൽ ആദ്യം കാണുന്നത് ഒരു റേഷൻ കടയായിരിക്കും. അത്ര മനോഹരമായി അതിനെ മാറ്റി എന്നുമാത്രമല്ല സുതാര്യവുമാക്കി. തങ്ങളുടെ കഞ്ഞികുടി മുട്ടുകയാണെന്ന് പറഞ്ഞുകൊണ്ട് റേഷൻ കട നടത്തിപ്പുകാരുടെ വലിയ സമരങ്ങൾ ഈ സർക്കാർ വന്ന സമയത്ത് കേരളത്തിൽ നടന്നു. പക്ഷേ ഇപ്പോൾ എനിക്കറിയാൻ സാധിച്ചത്, ഒരു റേഷൻകട നടത്തുന്നയാളിന് മാസം ശരാശരി 25,000 രൂപയെങ്കിലും വരുമാനം ലഭിക്കുന്നു എന്നാണ്. പാരമ്പര്യമായി ലൈസൻസ് കൈമാറി റേഷൻകട നടത്തുന്നവരുമുണ്ട്. ഇ-പോസ് മെഷീൻ വന്നതോടെ സുതാര്യമായും കൃത്യതയോടെയും റേഷൻകടകൾ നടത്തിക്കൊണ്ടുപോകാൻ സാധിക്കുന്നു. ജനങ്ങൾ ഇതുസംബന്ധിച്ച് അവബോധമുള്ളവരായി. തന്റെ റേഷൻ കാർഡിൽ എന്തെല്ലാം ലഭിക്കും എന്നതുസംബന്ധിച്ച് ആളുകളെ ബോധ്യപ്പെടുത്താൻ കഴിയുന്നു. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് നിർദ്ദേശിക്കുവാനുള്ളത്, ഓരോ തരം കാർഡിലും ലഭിക്കുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച് ജനങ്ങളെ ബോധ്യപ്പെടുത്തണം. മഞ്ഞ, പിങ്ക് തുടങ്ങിയ നിറങ്ങളിലുള്ള കാർഡുകളുള്ളവരുണ്ട്. മഞ്ഞ കാർഡുള്ളവർക്ക് നല്ല ആനുകൂല്യങ്ങളാണ് കൊടുക്കുന്നത്. കൃത്യമായി ഞാനത് വിശദീകരിക്കുന്നില്ല. ആ ആനുകൂല്യങ്ങൾ കിട്ടുമെന്ന് അവരെ ബോധ്യപ്പെടുത്തേണ്ടതുണ്ട്. ഫേസ്ബുക്ക്, വാട്സ്അപ്പ് പോലുള്ള സോഷ്യൽ മീഡിയകളിലൂടെ ഓരോ കാർഡിനും കിട്ടുന്ന ആനുകൂല്യങ്ങൾ പാവപ്പെട്ടവരും സാധാരണക്കാരുമായ ജനങ്ങളിലേയ്ക്ക് എത്തിക്കുകയും പ്രകടമായ നിലയിൽ അവ റേഷൻ കടകളുടെ മുൻപിൽ പ്രദർശിപ്പിക്കുകയും ചെയ്യണം. കാരണം, മഞ്ഞ കാർഡുള്ള പല വൃദ്ധരായ ആളുകൾക്കും അവർക്ക് എന്ത് കിട്ടുമെന്ന് അറിയില്ല. അവരുടെ അവകാശം എന്താണെന്ന് അവരെ ബോധ്യപ്പെടുത്താൻ ഒരു സംവിധാനമുണ്ടാക്കണമെന്ന് മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതാണ്ട് 416000 പുതിയ റേഷൻ കാർഡുകളാണ് നൽകിയത്. മുൻപ് 81 ലക്ഷമായിരുന്നത് ഇന്ന് 85 ലക്ഷം കവിഞ്ഞിരിക്കുന്നു. 316960 ബി.പി.എൽ. കാർഡുകൾ അനർഹർ ഉപയോഗിച്ചിരുന്നതാണ്. സർക്കാർ ജോലിയുള്ളവർ, കാറുള്ളവർ എന്നിങ്ങനെ അനർഹരായ ഒരുപാട് ആളുകൾ ഉപയോഗിച്ചിരുന്ന കാർഡുകൾ കണ്ടെത്താനും അവരെ ഒഴിവാക്കാനും ഈ സർക്കാരിന് കഴിഞ്ഞു. ഏതാണ്ട് 21,600-ലധികം കാർഡുകൾ ഏതാനും ദിവസങ്ങൾക്കുള്ളിൽ നൽകാൻ പോകുകയാണ്. അർഹതയുണ്ടായിട്ടും ബി.പി.എൽ. കാർഡ് ലഭിക്കാതിരുന്ന പലരും ജനപ്രതിനിധികളെ സമീപിക്കാറുണ്ട്. അത്തരക്കാരെ ഇപ്പോൾ സപ്ലൈ

ഓഫീസർമാരുടെ അടുത്തേയ്ക്ക് അയച്ചുകഴിഞ്ഞാൽ വളരെ അനുഭാവപൂർവ്വം പരിശോധിക്കാനും അതിൽ മാറ്റം വരുത്താനും ശ്രമിക്കുന്നുണ്ട്. ഇനിയും ഏകദേശം അമ്പതിനായിരം അപേക്ഷകൾ കൂടിയുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ എത്രയും പെട്ടെന്ന് അവകൂടി പരിശോധിച്ച് അർഹരായ ആളുകളെ ബി.പി.എൽ. കാർഡിന്റെ പരിധിയിലേയ്ക്ക് കൊണ്ടുവരണം. കാരണം, കേരളത്തിലെ പ്രധാനപ്പെട്ട ആശുപത്രികളിൽ, കാൻസർ സെന്റർ, ശ്രീചിത്ര മെഡിക്കൽ സെന്റർ എന്നിവിടങ്ങളിലെല്ലാം ചികിത്സയ്ക്ക് പോകുമ്പോൾ ആദ്യം പരിശോധിക്കുന്നത് റേഷൻ കാർഡാണ്. റേഷൻ കാർഡ് ബി.പി.എൽ. ആണെങ്കിൽ സൗജന്യ ചികിത്സയും മറ്റാനുകൂല്യങ്ങളും ലഭിക്കുന്ന സാഹചര്യമുള്ളതുകൊണ്ട് മറ്റേതൊരു കാർഡിനേക്കാളും കേരളത്തിലെ ജനങ്ങൾ ആശ്രയിക്കുന്നത് ഈ റേഷൻ കാർഡിനെയാണ്. ബി.പി.എൽ. കാർഡുണ്ടെങ്കിൽ ഒരു പാവപ്പെട്ട കുടുംബത്തിന് വലിയ ആശ്രയവും അനുഗ്രഹവുമായി മാറും. അതുകൊണ്ട് അക്കാര്യത്തിൽ മന്ത്രി സ്വീകരിച്ച നിലപാടുകളെ ഞാൻ പിന്തുണയ്ക്കുകയാണ്. ഇവിടെ പലരും സൂചിപ്പിച്ചതുപോലെ, അങ്ങ് വലിയ ബഹളമൊന്നും കാണിക്കുന്ന ആളല്ല, വലിയ പ്രസ്താവനകളൊന്നും കാണാറില്ല. പത്രത്തിൽ വലിയ വാർത്തകളിലും നിറയാറില്ല. പക്ഷേ അങ്ങയുടെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടക്കുന്നതിൽ വളരെ സന്തോഷമുണ്ട്.

എന്റെ നിയോജകമണ്ഡലത്തിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറുകളെ സൂപ്പർ മാർക്കറ്റുകളായി അപ്ഗ്രേഡ് ചെയ്യാൻ അങ്ങ് ശ്രമിച്ചു. ഒരു ദിവസം തന്നെ എന്റെ മണ്ഡലത്തിലെ നാല് മാവേലി സ്റ്റോറുകളെ സൂപ്പർ മാർക്കറ്റുകളാക്കി ഉയർത്തി അങ്ങ് ഉദ്ഘാടനം ചെയ്തത് ഒരിക്കലും വിസ്മരിക്കാൻ കഴിയാത്ത കാര്യമാണ്. അത്തരം കാര്യങ്ങൾ കേരളത്തിലെമ്പാടും, കാസർഗോഡ് മുതൽ പാറശ്ശാലവരെ നടക്കുന്ന എന്നറിയുന്നതിലുള്ള സന്തോഷം ഈ അവസരത്തിൽ മറച്ചുവയ്ക്കുന്നില്ല. സിവിൽ സപ്ലൈസിന്റെ കീഴിൽ ഇലക്ട്രോണിക്സ് സാധനങ്ങൾ വിൽക്കുന്ന കമ്പോളം ആരംഭിച്ചു. അത് വലിയൊരു വിജയമായി മാറുകയും ചെയ്തു. തിരുവനന്തപുരത്തൊക്കെ ആരംഭിച്ച ദിവസംതന്നെ എല്ലാ സാധനങ്ങളും വിറ്റുപോകുന്ന നിലയിലേയ്ക്കുള്ള വലിയൊരു മാറ്റമാണ് കാണാൻ സാധിച്ചത്. കാരണം, വില വളരെ കുറവാണ്. ഏത് സാധനമാണെങ്കിലും മറ്റ് മാർക്കറ്റുകളിൽ കിട്ടുന്നതിനേക്കാൾ വിലകുറച്ച് ഒരു പൊതുമേഖലാ സ്ഥാപനത്തിൽ ലഭിക്കുന്ന എന്നത് പൊതുവിതരണ സംവിധാനത്തിലെ ഏറ്റവും വലിയൊരു അനുഗ്രഹമാണ്. അതിന് മുൻകയ്യെടുത്ത ഈ സർക്കാരിനെ ഞാൻ അഭിനന്ദിക്കുകയാണ്. ഈ രംഗത്ത് തുടർന്നും മാറ്റങ്ങളുണ്ടാകണം. ഇവിടെ പറഞ്ഞതുപോലെ റേഷൻ കടയിലെ മെഷീനും ത്രാസുമായി ബന്ധിപ്പിക്കണം. കാരണം, വലിയ ക്രമക്കേടില്ലാതെ ഇന്ന് മുന്നോട്ട് പോവുകയാണ്. ക്രമക്കേട് കാണിച്ച് ജീവിക്കുന്നവരാണ് റേഷൻകടക്കാരെന്ന

ചീത്തപ്പേര് ഈ സർക്കാർ മാറ്റിക്കൊടുത്തു. ഇപ്പോൾ നല്ലൊരു വരുമാനമാർഗ്ഗമായി അത് മാറി. മറ്റ് ഉപഭോക്തൃ വസ്തുക്കൾ കൂടി റേഷൻകടകൾ വഴി വിതരണം ചെയ്യാൻ തുടങ്ങുമ്പോൾ അതിനനുസരിച്ച് ഉടമസ്ഥന്റെ ലാഭം വർദ്ധിക്കും. കാരണം മിക്ക കടകളും സ്ഥിതി ചെയ്യുന്നത് ഒരു ടൗണിന്റെ നടുവിലാണ്. അതിന് വലിയ വാടകയുണ്ട്. അത് പരിഹരിക്കാൻ കഴിയുന്ന തരത്തിൽ കാര്യങ്ങൾക്ക് മാറ്റം വരുത്തണമെന്ന് അങ്ങയോട് അഭ്യർത്ഥിക്കുകയാണ്. അങ്ങയുടെ പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നു.

വനം വകുപ്പിലെ ഏറ്റവും വലിയ വിഷയമായി ഇന്ന് രാവിലെ മുതൽ നമ്മൾ കേൾക്കുന്നത്, വന്യമൃഗങ്ങളുടെ ആക്രമണങ്ങളെക്കുറിച്ചാണ്. ഞാൻ ഇതിനെക്കുറിച്ചൊരു പഠനം നടത്തി. എന്റെ നാട്ടിലും വനപ്രദേശമുണ്ട്. അവിടെയും വന്യമൃഗങ്ങളുടെ ശല്യമുണ്ട്. പക്ഷേ എനിക്ക് കാണാൻ കഴിഞ്ഞൊരു വസ്തുത, ബഹുമാനപ്പെട്ട പി. സി. ജോർജ് പറഞ്ഞതുപോലെ ഇലക്ട്രിക് ഫെൻസിംഗ് പലപ്രദമാണ്. വനം വകുപ്പ് പലയിടത്തും ഇലക്ട്രിക് ഫെൻസിംഗ് നിർമ്മിക്കുന്നുണ്ട്. അത് മെയിന്റയിൻ ചെയ്യാനുള്ള സ്ഥിരം സംവിധാനം ആ പ്രദേശങ്ങളിൽ ഉണ്ടായില്ലെങ്കിൽ ഇത് വിജയിക്കില്ല. കമ്പികൊണ്ട് വേലി കെട്ടിയും കരിങ്കൽകൊണ്ട് മതിൽ പണിതും വന്യമൃഗങ്ങളെ തടയാൻ സാധിക്കില്ല. കാരണം, നമ്മൾ അവരുടെ ആവാസവ്യവസ്ഥയിലേയ്ക്ക് കയറിയിരിക്കുകയാണ്. പ്രധാനമായും ആനകളും മറ്റ് മൃഗങ്ങളും പുറത്തു വരുന്നത് ആഹാരം കഴിക്കാനല്ല, വെള്ളം കുടിക്കാനാണ്. വെള്ളമാണ് പരതുന്നത്. കോതമംഗലത്തൊക്കെ പ്രത്യേകമൊരു സ്ഥലമുണ്ട്. അവിടെ വെള്ളമുള്ള സ്ഥലത്ത് ആന കൃത്യമായി വരും. എല്ലാ മൃഗങ്ങളും അങ്ങനെയാണ്. വയനാട്ടിൽ മുത്തങ്ങയിൽ ചെന്നാൽ കബനി നദിയിലേയ്ക്കാണ് വേനൽക്കാലത്ത് കടുവ ഒഴികെയുള്ള എല്ലാ മൃഗങ്ങളും പോകുന്നത്. മുയൽ വരെ കബനിയിലേയ്ക്ക് യാത്ര ചെയ്യുകയാണ്. അവിടെ പോയാണ് വെള്ളം കുടിക്കുന്നത്. വെള്ളം അന്വേഷിച്ചാണ് കടുവ നാട്ടിലിറങ്ങുന്നത്. കടുവ ഒരു പ്രത്യേക സർക്കിളിലാണ് ജീവിക്കുന്നത്. ആ സർക്കിളിൽ വെള്ളം ഇല്ലാതെയാകുന്നു. കടുവകളുടെ വംശനാശം സംഭവിക്കുന്നതുതന്നെ ഈ ഒരു സ്വഭാവംകൊണ്ടാണ്. കടുവ വെള്ളവും ഭക്ഷണവും അന്വേഷിച്ച് നാട്ടിലേയ്ക്ക് ഇറങ്ങുന്നു. അതാണ് വയനാട്ടിൽ കടുവയുടെ പ്രശ്നമുണ്ടാകുന്നത്. അത് അതിർത്തി ഗ്രാമങ്ങളാണ്. ഉള്ളിലുള്ള സ്ഥലങ്ങളിൽ കടുവ പട്ടിണി കിടന്നും വെള്ളം കുടിക്കാതെയും ചത്തുപോകും. വെള്ളം കുടിക്കാനില്ലാതെ നിർജ്ജലീകരണംമൂലം ആനകൾ ചരിയുകയാണ്. അതുകൊണ്ട് വെള്ളം കാട്ടിനുള്ളിൽ ലഭ്യമാക്കണം. വേലി കെട്ടുന്നതിനേക്കാൾ ഏറ്റവും പ്രധാനം കാട്ടിനുള്ളിൽ പരമാവധി തടയണകൾ നിർമ്മിക്കുകയും കാട്ടിനുള്ളിലേയ്ക്ക് വണ്ടി പോകാൻ പറ്റുന്ന എല്ലാ സ്ഥലത്തും സിമന്റുകൊണ്ട് ടാങ്കുകൾ നിർമ്മിച്ച് അതിൽ വെള്ളം പമ്പ് ചെയ്തുകൊടുക്കുകയും വേണം. നാട്ടിൽ കുടിവെള്ളം കൊടുക്കുന്നതുപോലെ കാട്ടിലെ മൃഗങ്ങൾക്ക് വെള്ളം ലോറിയിൽ കൊണ്ടുകൊടുക്കണം. ഇന്ന് അവിടെ വെള്ളമുണ്ടെന്ന് ഒരു മൃഗത്തിന്

മനസ്സിലായാൽ നാളെയും അത് വരും. പത്തനാപുരം നിയോജകമണ്ഡലത്തിൽ ഒരു തടയണയുണ്ട്. മന്ത്രി അവിടെ വന്ന് കണ്ടതാണ്. വൈകിട്ട് നാല്-നാലര മണിയാകുമ്പോൾ ആന വന്ന് ഈ തടയണയിൽനിന്ന് വെള്ളം കുടിക്കും. എന്നിട്ട് കൂട്ടത്തോടെ മടങ്ങിപ്പോകും. ഒരാളെയും ശല്യം ചെയ്യില്ല. ഒരു കൃഷിത്തോട്ടത്തിലും ഇറങ്ങില്ല. വെള്ളം കുടിച്ച് കാട്ടിലേയ്ക്ക് പോകുകയാണ്. കാടിനുള്ളിൽ എല്ലാ ഭക്ഷണവുമുണ്ട്. പക്ഷേ കാടിനുള്ളിൽ പരമാവധി വെള്ളം കെട്ടിനിൽക്കാനുള്ള സംവിധാനമുണ്ടാക്കിയാൽ മൃഗങ്ങളെ കാടിനുള്ളിൽ ആകർഷിച്ചുനിർത്താം. ജലാശയങ്ങൾക്കുചുറ്റും വാഴ, കശുമാവ് പോലെയുള്ള വൃക്ഷങ്ങളുടെ തൈകൾ വിതറുക, കൃഷി വകുപ്പിന്റെ കീഴിലുള്ള തീറ്റപ്പുല്ലിന്റെ സ്റ്റമ്പ് കുത്തി നിർത്തുക, അത് വളർന്നാൽ അത് കഴിക്കാൻ മാൻ വരും, മാനിനെ പിടിക്കാൻ പുലിവരും, ആന വെള്ളം കുടിക്കാൻ വരും. കുരങ്ങൻമാർ പഴങ്ങളെല്ലാം ഭക്ഷിച്ച് അവിടെ കിടക്കും. നാട്ടിലിറങ്ങി ശല്യം ചെയ്യില്ല. അങ്ങയുടെ മണ്ഡലത്തിൽ ഉൾപ്പെടുന്ന വാളകത്തൊക്കെ കുരങ്ങൻമാരുടെ ശല്യമാണ്. മൃഗങ്ങളെ വെള്ളവും ഭക്ഷണവും കൊടുത്ത് കാട്ടിനുള്ളിൽ ആകർഷിക്കണം. അതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണം. അതിന് ആദിവാസി വിഭാഗത്തിൽപ്പെട്ടവരടക്കമുള്ള ആളുകളുടെ സഹായം തേടണം. വെള്ളം കെട്ടിനിൽക്കാൻ പ്രയാസമുള്ള മുത്തങ്ങ പോലെയുള്ള സ്ഥലങ്ങളിൽ ടാങ്കുകൾ നിർമ്മിക്കണം. വണ്ടിപോകുന്ന എല്ലാ വഴികളിലും ടാങ്കുകൾ നിർമ്മിച്ച് അതിൽ വെള്ളം നിറച്ചുകൊടുത്താൽ മൃഗങ്ങൾ അവിടെ നിൽക്കും, നാട്ടിലേയ്ക്ക് വരില്ല.

ആദിവാസികളായ, ട്രൈബൽ വിഭാഗത്തിൽപ്പെട്ട വാച്ചർമാരെ സ്ഥിരപ്പെടുത്താൻ ഈ സർക്കാരിന്റെ ഒരു പുതിയ നയമുണ്ട്. ഇപ്പോൾ 500 പേരെ നിയമിക്കാൻ സർക്കാർ തീരുമാനിച്ചെന്നറിഞ്ഞു. എനിക്കൊരു അഭ്യർത്ഥനയുണ്ട്, 20 കൊല്ലം ഗസ്റ്റ് ഹൗസുകളിലെ പാചകക്കാരായും മറ്റും ജോലി ചെയ്യുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് പെൻഷൻ പ്രായമാകാറായി. അവരെക്കൂടി ഇക്കൂട്ടത്തിൽ സ്ഥിരപ്പെടുത്തണം.

ഈ കാലയളവിൽ പാൽ ഉൽപ്പാദനത്തിൽ വലിയ വർദ്ധനവുണ്ടായി. കേരളത്തിന് ആവശ്യമായ പാൽ വെളിയിൽനിന്ന് കൊണ്ടുവരുന്നതിന് പകരം 83 ശതമാനം പാൽ കേരളത്തിൽ ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞു എന്ന സർക്കാരിന്റെ നേട്ടത്തെ ഞാൻ അഭിനന്ദിക്കുകയാണ്. മാത്രമല്ല, മിൽമയുടെ പ്രവർത്തനങ്ങൾ ശക്തമാക്കണം. മിൽമ കർഷകരിൽനിന്ന് പാൽ ശേഖരിക്കുന്നു. ലാഭത്തിന്റെ ഒരു വിഹിതം അവർക്ക് കൊടുക്കുന്നു എന്നതിനപ്പുറത്തേയ്ക്ക് മിൽമ പോലുള്ള സ്ഥാപനങ്ങൾ ഉൽപ്പാദിപ്പിക്കുന്ന വസ്തുക്കൾ വിദേശ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുന്നതിന് ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെടുക്കണം. എന്റെ അറിവ് ശരിയാണെങ്കിൽ താഴെത്തട്ടിലെ ഉദ്യോഗസ്ഥർക്ക് ഇത് വിദേശത്തേയ്ക്ക് കയറ്റി

അയയ്ക്കാൻ ഒരു താൽപര്യവുമില്ല. അതുകൊണ്ട് മന്ത്രി നേരിട്ട് ഇടപെട്ട് പരമാവധി മിൽമയുടെ ഉൽപ്പന്നങ്ങൾ വിദേശത്തേയ്ക്ക് അയയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. മലയാളികളുള്ള എല്ലാ സ്ഥലത്തും കേരളം കണികണ്ടുണരുന്ന നന്മയാണ് മിൽമ. അതിനുവേണ്ടി ആളുകൾ കാത്തിരിക്കുകയാണ്. പക്ഷേ അത് ലഭ്യമാക്കാനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. മിൽമയ്ക്ക് വിദേശനാണ്യം നേടികൊടുത്തുകൊണ്ട് അതിന്റെ ഗുണം കേരളത്തിലെ ക്ഷീരകർഷകർക്ക് നൽകുന്ന തരത്തിലേയ്ക്കുള്ള ചില പരിഷ്കാരങ്ങൾ കൊണ്ടുവരണമെന്ന് മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. എനിക്ക് ഇത്രയും സമയം തന്നതിന് ബഹുമാനപ്പെട്ട ചെയറിനോട് നന്ദി പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ അതിശക്തമായി ഞാൻ പിന്തുണയ്ക്കുന്നു.

ശ്രീ. പി. ജെ. ജോസഫ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മൃഗസംരക്ഷണം നമ്മുടെ സമ്പദ്ഘടനയിലെ മുഖ്യഘടകമാണ്. മൃഗസംരക്ഷണം കൃഷിയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് പാൽ ഉൽപ്പാദനം. ലോകത്തിൽ ഏറ്റവും കൂടുതൽ പാൽ ഉല്പാദിപ്പിക്കുന്ന രാജ്യം ഇന്ത്യയാണ്. പക്ഷെ ആളോഹരി ഉപഭോഗം ഒരു ദിവസം 375 ഗ്രാമാണ്. ഏറ്റവും കൂടുതൽ ആളോഹരി ഉപഭോഗമുള്ളത് പഞ്ചാബിലാണ്, 1120 ഗ്രാം. ഇത് 2017-18-ലെ കണക്കാണ്. കേരളത്തിലെ പ്രതിശീർഷ വിനിയോഗം 192 ഗ്രാമാണ്. കഴിഞ്ഞ വർഷം 200 ഗ്രാമായിരുന്നു. പാൽ ഒരു സമ്പൂർണ്ണ ആഹാരമാണെന്ന് പറയുന്നു, പക്ഷെ പാലിന്റെ പ്രതിശീർഷ ഉപഭോഗം ഇന്ത്യയിൽ 375 ആയിരിക്കുമ്പോൾ കേരളത്തിൽ 192 ആണ്. കേരളം പോഷകാഹാരക്കുറവുള്ള സംസ്ഥാനമാണ്. ഇവിടത്തെ പല രോഗങ്ങൾക്കും കാരണം പോഷകാഹാരക്കുറവാണ്. മുലപ്പാൽ അല്ലാതെ ഒരു ഗ്രാം പാൽപോലും കുടിച്ചിട്ടില്ലാത്ത എത്രയോ ആളുകൾ കേരളത്തിലുണ്ട്. ഞാൻ പഠിച്ച സർക്കാർ സ്കൂളിലെ കുട്ടികൾക്ക് എന്റെ വീട്ടിൽ വളർത്തുന്ന പശുക്കളിൽനിന്നും ലഭിക്കുന്ന പാൽ കൊടുക്കാൻ തീരുമാനിച്ചു. പാൽ കൊടുത്തിട്ട് കുട്ടികൾ കുടിക്കുന്നില്ല, അവർ പാൽ ഒരിക്കലും കുടിച്ചിട്ടില്ല. നമുക്ക് സേമിയ പായസമുണ്ടാക്കി കൊടുക്കാമെന്ന് എന്റെ ഭാര്യ പറഞ്ഞു. അങ്ങനെ കൊടുത്തപ്പോൾ അവരും അദ്ധ്യാപകരും കുടിച്ചു. കാരണം, പാൽ അവർ കുടിച്ചിട്ടേയില്ല. ഇപ്പോൾ ഞാൻ പത്തുകൊല്ലമായി മുടങ്ങാതെ അവിടെ പാൽ കൊടുക്കുന്നുണ്ട്. ആ പാൽ കുടിച്ചപ്പോൾ തളർന്നിരുന്ന കുട്ടികൾ ഓടാനും ചാടാനും തുടങ്ങി. അപ്പോൾ പോഷകാഹാരക്കുറവ് എത്രമാത്രമുണ്ടെന്ന് മനസ്സിലാക്കാൻ സാധിക്കും. സർക്കാർ സ്കൂളുകളിൽ ഒരു ഗ്ലാസ് പാൽ കൊടുക്കണം. നായനാർ സർക്കാരിന്റെ കാലത്ത് തിരുവനന്തപുരത്തിന്റെ തീരപ്രദേശത്ത് ഒരു കൊല്ലം മുഴുവൻ സൗജന്യമായി ഞാൻ പാൽ കൊടുത്തു, അത് വലിയ മാറ്റമുണ്ടാക്കി. എന്റെ അഭിപ്രായം കേരളത്തിലെ മുഴുവൻ സ്കൂളുകളിലും, പ്രത്യേകിച്ച് സർക്കാർ പ്രൈമറി സ്കൂളുകളിൽ ദിവസവും ഏതെങ്കിലും

സമയത്ത് സൗജന്യമായി പാൽ കൊടുക്കണം. ഇപ്പോൾ പശുവളർത്തൽ വളരെ ഭീഷണിയിലാണ്, പശുവിന്റെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുന്നു. പശുക്കളുടെ ഉൽപ്പാദനക്ഷമത കൂടിയിട്ടുള്ളതിനാൽ മൊത്തം ഉൽപ്പാദനം കുറഞ്ഞില്ല. കേരളത്തിൽ ശരാശരി പാലുൽപ്പാദനം ഏകദേശം എട്ട് ലിറ്ററാണ്. 20 ലിറ്റർ പാലെങ്കിലും ഇല്ലെങ്കിൽ ലാഭകരമായി പോകില്ലെന്ന് എന്റെ അനുഭവത്തിൽ നിന്നും പറയുകയാണ്. രാവിലെ 12 ലിറ്ററും വൈകിട്ട് 8 ലിറ്ററും സാധാരണ സ്ഥിതിക്ക് കിട്ടും. അതുണ്ടാകണമെങ്കിൽ അത്യുൽപ്പാദനശേഷിയുള്ള കാളകളുണ്ടാകണം. ഇക്കാര്യത്തിൽ മൂന്നാറിൽ കുറേ വികസനം വന്നിട്ടുണ്ട്, അത് ഇനിയും വർദ്ധിക്കണം. എന്തിനാണ് ഹോസ്റ്റെയിൻ, ഫ്രീഷ്യൻ തുടങ്ങിയ വിദേശ ജെനുസുകൾ ഇവിടേയ്ക്ക് വരുന്നത്? 'കാട്ടുമരങ്ങളിൽ കരിവീട്ടിയാണു നീ, വീട്ടുമൃഗങ്ങളിൽ സിന്ധി പശു' എന്നതുപോലെ അവ മാത്രമേയുണ്ടായിരുന്നുള്ളു. ഒരു സിന്ധി പശുവിൽനിന്ന് ഒരു ദിവസം 20 ലിറ്റർ പാൽ കിട്ടുമായിരുന്നു. അതുപോലെ ഗീർ പശുക്കളുണ്ട്. രാജ്കോട്ട് ഫാമിൽ 300 പശുക്കളുണ്ട്, ആവറേജ് 20 ലിറ്റർ പാൽ ഒരു ദിവസം കിട്ടും. ഇന്ത്യയിൽ പ്രധാനപ്പെട്ട നാല് ഇനങ്ങളുണ്ട്, ഗീർ, രാജസ്ഥാനിലെ താർപാർക്കർ, സഹിവാൾ, സിന്ധി. ഇപ്പോൾ ഒരു ക്രോസ് ബ്രീഡ് സിന്ധി പശുവിൽ നിന്ന് ഒരു ദിവസം 30 ലിറ്റർ പാൽ കിട്ടും. തീറ്റപ്പുല്ലും പൈനാപ്പിൾ കൃഷിയുമുള്ള സ്ഥലത്ത് അതിന്റെ ഇല പശുക്കൾക്ക് അരിഞ്ഞുകൊടുത്താൽ മതി. ഞാൻ പശുവിനെ വളർത്തുന്നതുകൊണ്ട് എനിക്കറിയാം, ഒരു ദിവസം എല്ലാ ചെലവും കഴിഞ്ഞ് 4,500 രൂപ കിട്ടും. അതിന് കാരണം, എല്ലാം 20 ലിറ്റർ കറവയുള്ള പശുക്കളാണ്. ഈയിടെ എനിക്ക് ഒരു താർപാർക്കർ പശുവിനെ കിട്ടി. ഞാൻ വളർത്തുന്ന കൊച്ചുറാണി എന്ന പശു പ്രസവിച്ചു, കഴിഞ്ഞ പ്രസവത്തിന് 10 ലിറ്റർ പാൽ ഉണ്ടായിരുന്നതാണ്, ഇപ്പോൾ ഒൻപതേയുള്ളു. കൊച്ചുറാണിയിൽ നിന്ന് 12 ലിറ്റർ പാൽ കിട്ടേണ്ടതാണ്. തീറ്റയൊക്കെ മാറ്റി നോക്കിയപ്പോൾ 9 ലിറ്ററിൽ നിന്ന് 15 ലിറ്ററായി വർദ്ധിച്ചു. നമ്മൾ ശ്രദ്ധിച്ചാൽ ആദായം ലഭിക്കും. ഇപ്പോൾ വന്നിരിക്കുന്ന ഏറ്റവും വലിയ പ്രതിഭാസം, അമേരിക്കയിൽ നിന്നും വന്ന ഒരു ചെറുപ്പക്കാരനുമായി സംസാരിച്ചു. a2 Milk-ന് അമേരിക്കയിൽ ഭയങ്കര ഡിമാന്റാണ്. വാൾമാർട്ട് കമ്പനിയാണ് ഈ പാൽ മാർക്കറ്റിൽ ഇറക്കിയിരിക്കുന്നത്. a2 Milk എന്നുപറഞ്ഞാൽ ഏഷ്യൻ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നുള്ള പാലാണ്. അലർജി, ദഹനക്കേട് എന്നീ പ്രശ്നമുള്ളവർക്കൊന്നും a2 Milk കഴിച്ചാൽ കുഴപ്പമില്ല. ഇപ്പോൾ ഇവിടെനിന്നും എക്സ്പോർട്ടുണ്ട്, 80% വില കൂടുതലാണ്. നമ്മുടെ പാൽ എക്സ്പോർട്ട് ചെയ്താൽ ഇരട്ടി വില കിട്ടും. കേരളത്തിൽ a2 Milk വർദ്ധിപ്പിക്കാൻ വിദേശ ജെനുസുകളൊന്നും വേണ്ട, ഇന്ത്യൻ ബ്രീഡ് മതി. ഗീർ, സഹിവാൾ, താർപാർക്കർ, സിന്ധി എന്നീ പശുക്കൾ മതി. നമ്മുടെ വെച്ചൂർ പശുവിന് പാലില്ല. ഇപ്പോൾ വെച്ചൂർ പശുതന്നെയില്ല. വെച്ചൂർ ഇനത്തിലെ മൂരികളെയെല്ലാം കടത്തിക്കൊണ്ടുപോയി.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഇന്തോ-സ്വിസ് പ്രോജക്ട്.....

മി. ചെയർമാൻ: പ്ലീസ്.. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി..പ്ലീസ്..

ശ്രീ. പി. ജെ. ജോസഫ്: സർ, ഞാൻ പറഞ്ഞുവന്നത്, ഇത്തരം പശുക്കളെകിട്ടിയാൽ ....

മി. ചെയർമാൻ: പ്ലീസ്.. മൂന്ന് മിനുട്ട് അധികമായി.

ശ്രീ. വി.എസ്. സുനിൽ കുമാർ: സർ, ധവള വിപ്ലവത്തിന്റെ ഭാഗമായാണ് നമ്മൾ ഇന്ത്യൻ ബ്രീഡുകളെ മുഴവൻ അവസാനിപ്പിച്ചത്. കേരളത്തിലുണ്ടായിരുന്ന നാടൻ ബ്രീഡുകളിൽ 97 ശതമാനവും അവസാനിച്ചു. ആൾ ഇന്ത്യാ ലെവലിൽ ധവള വിപ്ലവം നടന്നെങ്കിലും നാടൻ ബ്രീഡുകളെ കർഷകരാണ് സംരക്ഷിച്ചത്. ഇപ്പോഴാണ് നമ്മൾ a2 Milk-ലേയ്ക്ക് വന്നിരിക്കുന്നത്. കെ.എൽ.ഡി. ബോർഡാണെങ്കിലും വെറ്ററിനറി യൂണിവേഴ്സിറ്റിയാണെങ്കിലും നയപരമായൊരു മാറ്റം വരുത്തിയാൽ മാത്രമേ നാടൻ ബ്രീഡുകളെ പ്രൊമോട്ട് ചെയ്യാൻ സാധിക്കു എന്നതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. പി. ജെ. ജോസഫ്: സർ, എന്റെ ചെറുപ്പത്തിൽ വെച്ചൂർ പശുക്കൾ ഉണ്ടായിരുന്നതായി ഓർമ്മയുണ്ട്. അഞ്ചിടങ്ങഴി പാൽ എന്നുപറഞ്ഞാൽ, അഞ്ചുലിറ്റർ പാൽ രാവിലെ തരുന്നതായിരുന്നു വെച്ചൂർ പശു. ഇപ്പോൾ വെച്ചൂർ പശുവില്ല. ചങ്ങമ്പുഴയുടെ കവിതയിൽ 'എല്ലാമുണ്ട്, കവിത മാത്രമില്ല' എന്നുപറഞ്ഞതുപോലെ വെച്ചൂർ പശുവിന് പാൽ മാത്രമില്ല. കാരണം, അത് വെച്ചൂർ പശുവേയല്ല. ഇന്ത്യൻ ബ്രീഡിനാണ് ഡിമാന്റുള്ളത്. നോർത്ത് ഇന്ത്യയിലെ ബ്രീഡിനേ ഇപ്പോൾ പാലുള്ളൂ. ഇന്ത്യയിലെ ആദ്യത്തെ പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെട്ടത് സിന്ധിയായിരുന്നു, പിന്നീടാണ് മാറിയത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ഇപ്പോൾ ഏറ്റവും നല്ലതെന്ന് പറയുന്നത് സഹിവാളാണ്. അതേക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. പി. ജെ. ജോസഫ്: സർ, എല്ലാം നല്ലതാണ്, ഗീർ, സഹിവാൾ, താർപാർക്കർ, സിന്ധി ഈ നാലിനങ്ങളിൽ നിന്നും 20 ലിറ്റർ പാൽ കിട്ടും. ഇവിടെയുള്ള ബ്രീഡിന് കിട്ടുന്നില്ല. അതുകൊണ്ട് അവ നമ്മുടെ ഫാമുകളിലേയ്ക്ക് വരണം.

മി. ചെയർമാൻ: പ്ലീസ്.. അങ്ങേയ്ക്ക് 6 മിനിട്ടാണുള്ളത്, 6 മിനിട്ട് കൂടിക്കഴിഞ്ഞു.

ശ്രീ. പി. ജെ. ജോസഫ്: സർ, മിനിട്ടിന് ഒരു പ്രാധാന്യവുമില്ല, ഈ പോയിന്റോടുകൂടി അവസാനിപ്പിക്കാം. ഈ പശുക്കൾക്ക് അസുഖം വരില്ല, ഡോക്ടറെയും ആവശ്യമില്ല. നല്ല സൗന്ദര്യവും ആരോഗ്യവുമുള്ള പശുവാണ്. ഇപ്പോൾ 12 ലിറ്റർ പാൽ രാവിലെയും 8 ലിറ്റർ വൈകിട്ടും കിട്ടിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് നമുക്ക് ഈ നയം മാറ്റണം, ഇന്ത്യൻ ബ്രീഡ് മതി. ഇതുമുഴവൻ കയറ്റുമതിയുമാകും. വിദേശത്തേയ്ക്ക് ഇരട്ടിവിലയ്ക്ക് കയറ്റുമതി ചെയ്യാം. a2 Milk-ന്റെ കയറ്റുമതി വാൾമാർട്ട് കമ്പനി തുടങ്ങിയിരിക്കുകയാണ്. അതുകൊണ്ട് ഇതിൽ മാറ്റം വന്നാൽ കേരളത്തിലെ പാലുത്പാദനവും വരുമാനവും ഇരട്ടിയാകും, സാധാരണക്കാർക്കും പാവപ്പെട്ടവർക്കും ഗുണകരമാകും.

ഡോ. എം. കെ. മുനീർ: സർ, ആധികാരികമായ ഒരു ക്ലാസാണ് ശ്രീ. പി. ജെ. ജോസഫ് ഇവിടെ നൽകിയത്. ഭരണ-പ്രതിപക്ഷ ഭേദമില്ലാതെ അദ്ദേഹത്തെ അഭിനന്ദിക്കേണ്ടതാണ്.

മി. ചെയർമാൻ: സഭ ഒന്നടങ്കം അദ്ദേഹത്തെ അഭിനന്ദിക്കുന്നു.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, അദ്ദേഹം പറഞ്ഞ കാര്യങ്ങൾ ഗൗരവമായി എടുക്കേണ്ടതാണ്. പ്രമേയത്തെ എതിർക്കുന്നോ, അനുകൂലിക്കുന്നോ എന്നതല്ല പ്രശ്നം, അറിവുള്ള ആളെന്ന നിലയിൽ ഈ വിഷയത്തിൽ അദ്ദേഹം തന്ന ക്ലാസ് വളരെ നല്ലതായിരുന്നു. ചർച്ചയിൽ മന്ത്രിമാരടക്കം ഇടപെട്ട് സംസാരിച്ചു. ചോദ്യങ്ങൾക്ക് ഉത്തരം അദ്ദേഹം പറഞ്ഞു. നിയമസഭയിൽ ഇതുപോലുള്ള ചർച്ചകളുണ്ടാകണമെന്നാണ് എന്റെ അഭിപ്രായം.

മി. ചെയർമാൻ: അതുകൊണ്ടാണ് ഇത്രയും സമയം അനുവദിച്ചത്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, അദ്ദേഹത്തിന്റെ ഫാം ഞാൻ ടി. വി. -യിൽ കണ്ടിട്ടുണ്ട്. കാണാൻ താത്പര്യമുള്ള അംഗങ്ങൾക്ക് അതിനുള്ള സൗകര്യമൊരുക്കണം.

മി. ചെയർമാൻ: ശരി, അവസരമുണ്ടാക്കാം.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, 2019-20 സാമ്പത്തിക വർഷത്തേയ്ക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. നമ്മുടെ നാടിന്റെ സാമൂഹികവും സാമ്പത്തികവുമായ വികസനത്തിന് മൃഗസംരക്ഷണവും ക്ഷീരവികസനവും പ്രധാനപ്പെട്ട പങ്ക് വഹിച്ചുവരുന്നുണ്ട്. കോടിക്കണക്കിന് ജനങ്ങൾക്ക് ചെലവു കുറഞ്ഞതും പോഷകം നിറഞ്ഞതുമായ ഭക്ഷണം നൽകുന്നതിനുപുറമേ ഗ്രാമീണ കുടുംബങ്ങൾക്ക് പ്രത്യേകിച്ച് തൊഴിലാളികൾ, ചെറുകിട കർഷകർ, സ്ത്രീകൾ എന്നിവർക്ക് അനുബന്ധ കുടുംബ വരുമാനത്തിനും ലാഭകരമായ

തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഈ മേഖല ഉപകരിക്കുന്നുണ്ട്. മൃഗസംരക്ഷണവും കാർഷിക മേഖലയും പരസ്പരം ബന്ധപ്പെട്ടതാണ്. ഭക്ഷ്യ സുരക്ഷയ്ക്ക് ഇത് അത്യാവശ്യ ഘടകവുമാണ്. കന്നുകാലി വളർത്തൽ കർഷകരുടെ ജീവിതമാർഗ്ഗമാണ്. കാർഷികമേഖലയുടെ പ്രധാനപ്പെട്ട ഉപമേഖലയാണ് കന്നുകാലി വളർത്തൽ. ദേശീയതലത്തിൽ കാർഷിക മേഖലയുടെ മൊത്തം മൂല്യത്തിന്റെ 26.2 ശതമാനമാണ് ഈ മേഖലയിൽനിന്നും ലഭിക്കുന്നത്. രാജ്യത്തെ മൊത്തം ആഭ്യന്തര മൂല്യവർദ്ധനയിൽ കൃഷിയുടെ പങ്ക് കുറഞ്ഞുകൊണ്ടിരിക്കുന്ന സന്ദർഭം കൂടിയാണിത്. കേരളത്തിൽ കൃഷിയിൽ നിന്നുള്ള മൊത്തം ആഭ്യന്തര മൂല്യവർദ്ധനവിൽ കന്നുകാലി വളർത്തലിന്റെ പങ്ക് 28 ശതമാനമാണ്. ദേശീയ നിരക്കിനേക്കാൾ ഇതുകൂടുതലാണ്. ഇന്ത്യയിൽ 2007-ൽ 53 കോടി കന്നുകാലികൾ ഉണ്ടായിരുന്നത് 51 കോടിയായി കുറഞ്ഞുവെന്ന് പുതിയ കണക്കുകൾ വ്യക്തമാക്കുന്നു. കേരളത്തിലും ഇതിന്റെ ഭാഗമായി കുറവുണ്ടായി. 2012-ൽ 27.35 ലക്ഷം കന്നുകാലികളാണ് ഇവിടെയുണ്ടായിരുന്നത്. പ്രളയകാലത്ത് നഷ്ടപ്പെട്ട കന്നുകാലികളുടെ കണക്കുകൾ നോക്കുമ്പോൾ ഇതിലും കുറയും. എന്നാൽ പൗൾട്രികളുടെ എണ്ണം 242.82 ലക്ഷമാണ്. ദേശിയ ശരാശരിയേക്കാൾ കൂടുതലാണിത്. സംസ്ഥാനം ഇക്കാര്യത്തിൽ എട്ടാം സ്ഥാനത്താണ്. കേരളത്തിലെ മൊത്തം ഗ്രാമീണ കുടുംബങ്ങളുടെ 2.4 ശതമാനം വരുമാനത്തിന്റെ മുഖ്യഭാഗം കന്നുകാലി വളർത്തൽ മേഖലയിലെ സ്വയംതൊഴിലിൽനിന്നും സംഭരിക്കുന്നുണ്ട്. ദേശീയ ശരാശരിയേക്കാൾ ഇത് കൂടുതലാണ്. പാൽ, ഇറച്ചി, മുട്ട എന്നിവയുടെ ഉത്പാദനത്തിൽ നേരിയ വർദ്ധനവ് സംസ്ഥാനത്തുണ്ടായിട്ടുണ്ട്. ലോകത്തിലെ ഏറ്റവും വലിയ പാലുത്പാദക രാജ്യമാണ് ഇന്ത്യ. പാലുത്പാദനത്തിൽ സംസ്ഥാനങ്ങൾക്കിടയിൽ 16-ാം സ്ഥാനത്തായിരുന്ന കേരളത്തിന്റെ സ്ഥാനമെങ്കിൽ കഴിഞ്ഞ രണ്ടുമൂന്ന് വർഷങ്ങൾകൊണ്ട് 14-ാം സ്ഥാനത്തേയ്ക്ക് ഉയർന്നുവെന്നത് അഭിമാനകരമായ നേട്ടമാണ്. 2017-18-ൽ കേരളം ഉത്പാദിപ്പിച്ചത് 25.20 ലക്ഷം മെട്രിക് ടൺ പാലായിരുന്നുവെങ്കിൽ ഇന്നത് 26 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചു. 94 ശതമാനംപാലും ഉത്പാദിപ്പിക്കുന്നത് സങ്കരയിനം പശുക്കളിൽ നിന്നാണ്. നാടൻ പശുക്കളിൽ നിന്നും ലഭിക്കുന്നത് തുച്ഛമായ പാലാണ്.

2.00.P.M.]

കേരളം ഈ കാലയളവിൽ മുട്ട ഉൽപ്പാദന രംഗത്തും ഗണ്യമായ നേട്ടം കൈവരിച്ചിട്ടുണ്ട്. 2015-16-ൽ 234.8 കോടി മുട്ട ഉൽപ്പാദിപ്പിച്ചിരുന്നത് ഇപ്പോൾ 244.37 കോടിയായി ഉയർന്നു. മുട്ട ഉൽപ്പാദനത്തിൽ ദേശീയതലത്തിൽ കേരളത്തിന് പത്താം സ്ഥാനമാണ്. കേരളത്തിലെ മുട്ട ഉൽപ്പാദനത്തിൽ

99 ശതമാനവും വീട്ടുവളപ്പിൽ വളർത്തുന്ന കോഴികളിൽ നിന്നുമാണ് ലഭിക്കുന്നത്. അതിനെ കൂടുതൽ പ്രോത്സാഹിപ്പിക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു എന്നത് ശ്ലാഘനീയമാണ്. സ്കൂൾ തലങ്ങളിൽ 'കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ്', വിധവകൾക്കായി ആവിഷ്കരിച്ച 'ആശ്രയ' എന്നീ പദ്ധതികളിലൂടെ ഗ്രാമീണ മേഖലയിൽ തൊഴിലും വരുമാനവും വർദ്ധിപ്പിക്കാനാകുമെന്ന് കരുതുന്നു. കർഷകർക്ക് പാലിന് ഉയർന്ന വില നൽകുന്ന സംസ്ഥാനമാണ് കേരളം. ആകർഷകമായ ഇൻസെന്റീവ്, ക്ഷീര കർഷകർക്ക് ബോണസ്, പെൻഷൻ, അവരുടെ കുടുംബത്തിനുള്ള പരിരക്ഷ തുടങ്ങി നിരവധി സഹായ പദ്ധതികൾ കേരളത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി യോജിച്ച് നടപ്പിലാക്കി വരുന്നു. പാലുൽപ്പാദനത്തിൽ ഒന്നാംസ്ഥാനം തിരുവനന്തപുരം ജില്ലയിലെ എന്റെ മണ്ഡലമായ പെരുങ്കടവിള ബ്ലോക്കിനാണെന്ന കാര്യം അഭിമാനത്തോടുകൂടി സഭയെ അറിയിക്കുകയാണ്. വിസ്തൃതമായ ആ പഞ്ചായത്തുകളിൽ ഇന്ന് ഒരു വെറ്ററിനറി ആശുപത്രിയാണുള്ളത്. കന്നുകാലികളുടെ അംഗസംഖ്യ പരിശോധിച്ച് ആവശ്യമായ മാറ്റം വരുത്തേണ്ടതായിട്ടുണ്ട്. ചില പഞ്ചായത്തുകളിൽ വെറ്ററിനറി ആശുപത്രികളെ വിഭജിച്ച് പുതിയ ആശുപത്രികൾ കൊണ്ടുവരുന്നതിനുള്ള പരിശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നും നടത്തേണ്ടതായിട്ടുണ്ട്. രാത്രികാലങ്ങളിൽ കന്നുകാലികളുടെ പ്രസവവും മറ്റ് കാര്യങ്ങളും നോക്കാൻ ഡോക്ടർമാരില്ലാത്ത അവസ്ഥയുണ്ട്. അതുകൊണ്ട് രാത്രികാല ചികിത്സയ്ക്കാവശ്യമായ വെറ്ററിനറി ഡോക്ടർമാരെ നിയോഗിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട്. സംസ്ഥാനത്ത് 105 ബ്ലോക്കുകളിൽ ഈ സൗകര്യം ഉറപ്പാക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. അത് വളരെ വേഗം നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അറിയിക്കുകയാണ്. അതുപോലെ താലൂക്ക് തലങ്ങളിൽ ലാബ് സൗകര്യങ്ങളോടുകൂടിയുള്ള പോളിക്ലിനിക്കുകൾ കൊണ്ടുവരാനുള്ള നടപടിയും സ്വീകരിക്കേണ്ടതായിട്ടുണ്ട്.

കാലാവസ്ഥാ വ്യതിയാനവും ജലദൗർലഭ്യവും അനുഭവപ്പെടുന്ന ഈ സാഹചര്യത്തിൽ സാമ്പത്തികവും പാരിസ്ഥിതികവുമായ പ്രതിസന്ധികൾ ലഘൂകരിക്കുന്നതിൽ വനമേഖലയുടെ പങ്ക് വളരെ വലുതാണ്. വനങ്ങളുടെ സർവ്വേ, അതിർത്തി തിരിക്കൽ, കയ്യേറ്റത്തിൽ നിന്നും സംരക്ഷണം, കാട്ടുതീ നിയന്ത്രണം, മണ്ണ് സംരക്ഷണം, വനങ്ങളിൽ താമസിക്കുന്നവരുടെ സംരക്ഷണം ശക്തിപ്പെടുത്തൽ എന്നിവയിലൂടെ ജലസുരക്ഷ എന്ന ലക്ഷ്യം കൈവരിക്കാൻ വിവിധ പദ്ധതികൾക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. വനമേഖലയുടെ ഏകീകരണമാണ് വനമേഖലയുടെ പരിപാലനത്തിന് അത്യന്താപേക്ഷിതമായിട്ടുള്ളത്. വനത്തിനുള്ളിൽ ചെക്ക് ഡാമുകളുടെയും കുളങ്ങളുടെയും നിർമ്മാണം, ജലാശയങ്ങളുടെ സംരക്ഷണം എന്നിവ ഉറപ്പുവരുത്തുക നമ്മുടെ പ്രധാനപ്പെട്ട ഉത്തരവാദിത്വമാണ്. വനവിഭവ പരിപാലനത്തിന്

ജനപങ്കാളിത്തത്തോടെ ആസൂത്രണം നടത്തുകയും വനങ്ങളെ ആശ്രയിച്ച് ജീവിക്കുന്നവരുടെ ജീവിതമാർഗ്ഗം മെച്ചപ്പെടുത്തുകയും ചെയ്യാൻ മുൻകയ്യെടുക്കേണ്ടതായിട്ടുണ്ട്. കേരളത്തിലെ 15 വന്യജീവി സംരക്ഷണ കേന്ദ്രങ്ങളുടെയും അടിസ്ഥാനസൗകര്യ വികസനത്തിനായി സർക്കാർ നടത്തുന്ന പ്രവർത്തനം പ്രശംസ പിടിച്ചുപറ്റിയിട്ടുണ്ട്. വനങ്ങളിലെ പാതകൾ നിർമ്മിക്കുന്നതിലും അവ സഞ്ചാരയോഗ്യമാക്കുന്നതിലും കേന്ദ്ര സർക്കാരിന്റെ ചില നയങ്ങൾ കീറാമുട്ടിയായി നിൽക്കുകയാണ്. എന്റെ മണ്ഡലത്തിലെ അഞ്ഞൂറിൽപ്പരം വരുന്ന ആദിവാസി കുടുംബങ്ങൾക്ക് യാത്രാസൗകര്യമൊരുക്കാൻ പൊതുമരാമത്ത് വകുപ്പ് അനുമതി നൽകിയ കുമ്പിച്ചൽക്കടവ് പാലം നിർമ്മിക്കാനുള്ള പ്രവർത്തനം തടസ്സപ്പെട്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ സത്വര ശ്രദ്ധ പതിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. തിരുവനന്തപുരം ജില്ലയിൽ ശ്രീ. കെ. എസ്. ശബരീനാഥന്റെ മണ്ഡലമായ അരുവിക്കരയിൽ കാപ്പുകാട് ആനവളർത്തൽ കേന്ദ്രമുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും വനം വകുപ്പുമന്ത്രിയുടെയും പ്രത്യേക താൽപ്പര്യപ്രകാരം അവിടെ 108 കോടി രൂപയുടെ ഒരു പദ്ധതിക്ക് അംഗീകാരം ലഭിക്കുകയും ആദ്യഘട്ടത്തിന്റെ പ്രവർത്തനോദ്ഘാടനം ജൂൺ 23-ാം തീയതി തീരുമാനിച്ചിരിക്കുകയുമാണ്. നെയ്യാർ ഡാം വികസനവുമായി ബന്ധപ്പെട്ട് 71.9 കോടി രൂപയുടെ ഒരു ബൃഹത്തായ പദ്ധതി ശ്രീ. കെ. എസ്. ശബരീനാഥന്റെ മണ്ഡലത്തിൽ നടക്കുകയാണ്. അദ്ദേഹവും ഞാനും ചേർന്ന് വിപുലമായ സ്വാഗതസംഘം രൂപീകരിച്ച് അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുകയാണ്. അൻപത് ആനക്കുട്ടികളെ സംരക്ഷിച്ച് വളർത്താനും നാട്ടാനകളെയടക്കം പുനരധിവസിപ്പിക്കാനുമുള്ള ഒരു പദ്ധതിക്കാണ് രൂപം നൽകിയിട്ടുള്ളത്. ടൂറിസവുമായി ബന്ധപ്പെട്ട് നെയ്യാർഡാം, കള്ളിക്കാട്, കുറ്റിച്ചൽ പഞ്ചായത്തുകളിൽ വലിയ തോതിലുള്ള വികസന സാധ്യതയാണ് ഇതൊരുക്കുന്നത്.

തൃശ്ശൂർ മൃഗശാലയിലെ പക്ഷികളെയും മൃഗങ്ങളെയും പാർപ്പിക്കാനായി വിശാലമായ സ്ഥലമുള്ള പുത്തൂർ വനഭൂമിയിൽ ഒരു സുവോളജിക്കൽ പാർക്കിന്റെ നിർമ്മാണത്തിലേയ്ക്ക് നീങ്ങിയ സർക്കാരിന്റെ പ്രവർത്തനം ഏറെ പ്രശംസ നേടി. പൊതുവിൽ ജനവാസകേന്ദ്രങ്ങളിൽ ജലറാഞ്ചി ഇനത്തിൽപ്പെട്ട അക്കേഷ്യ മരങ്ങൾ വച്ചുപിടിപ്പിക്കരുതെന്ന സർക്കാർ തീരുമാനം സ്വാഗതാർഹമാണ്. പക്ഷേ, റീപ്ലാന്റ് ചെയ്യുമ്പോൾ മറ്റ് മരങ്ങൾ വച്ചുപിടിപ്പിക്കുകയാണ്. എന്നാൽ അടിക്കാടുകളായി വീണ്ടും പൊടിച്ചുവരുന്ന അക്കേഷ്യ മരങ്ങൾ വളർന്നുവരികയാണ്. അത് നീക്കം ചെയ്യാനുള്ള യാതൊരു നടപടിയും വകുപ്പ് സ്വീകരിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ ഇടപെടണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2003 നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട്, സെക്ഷൻ 28 അനുശാസിക്കുന്ന രീതിയിലുള്ള പ്രവർത്തനം സോഷ്യൽ ആഡിറ്റിന് വിധേയമാകണമെന്ന് സൂചിപ്പിച്ചിട്ടുണ്ട്. അത് നടപ്പിലാക്കാൻ ഭക്ഷ്യ വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങളെ അനുമോദിക്കുന്നു. കേന്ദ്രം, സംസ്ഥാനത്ത് എ.എ.വൈ./ബി.പി.എൽ. വിഭാഗത്തിൽ അനുവദിച്ച കുടുംബങ്ങളുടെ എണ്ണം 154.80 ലക്ഷമായി നിജപ്പെടുത്തിയ സ്ഥാനത്ത് 121 ലക്ഷം പേരെക്കൂടി ഉൾപ്പെടുത്തുകയും ലക്ഷ്യാധിഷ്ഠിത റേഷൻ വിതരണത്തിൽ നിന്ന് സാർവ്വത്രിക റേഷൻ വിതരണമെന്ന നയത്തിൽ സർക്കാർ മുന്നോട്ടുപോകുകയും ചെയ്തു. പൊതുവിതരണം ഫലപ്രദമായതിന്റെ ഫലമായി വിപണിയിലെ വിലക്കയറ്റം പിടിച്ചുനിർത്താൻ കഴിഞ്ഞു. വിപണി ഇടപെടലിനെതിരായി പ്രവർത്തിക്കുന്ന സപ്ലൈകോവഴി വിൽക്കുന്ന പതിമൂന്നിനം അവശ്യ സാധനങ്ങളുടെ വില അഞ്ച് വർഷക്കാലം വർദ്ധിപ്പിക്കില്ലെന്ന വാഗ്ദാനം ഇടതുപക്ഷ സർക്കാരിന് നിറവേറ്റാൻ കഴിഞ്ഞു. ഇതിനായി പദ്ധതി വിഹിതം 51.74 കോടി രൂപയും പദ്ധതിയേതര വിഹിതം 1829 കോടി രൂപയും ബഡ്ജറ്റിൽ വച്ചിട്ടുണ്ടെന്നറിയുന്നു. മാർക്കറ്റ് ഇന്റർവെൻഷനുവേണ്ടി 150 കോടി രൂപയും നെല്ല് സംഭരണത്തിന് 525 കോടി രൂപയും 'വിശപ്പുരഹിത കേരളം' പദ്ധതിക്ക് ഒരു കോടി രൂപയും മാറ്റിവച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം ആലപ്പുഴ ജില്ലയിൽ ആരംഭിക്കാൻ കഴിഞ്ഞു. വിശപ്പുരഹിത കേരളമെന്ന ആശയം എല്ലാ ജില്ലകളിലും എല്ലാ താലൂക്ക് കേന്ദ്രങ്ങളിലും നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കണം. ഇതിനായി വിവിധ ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, സംഘടനകൾ എന്നിവയെ ഏകോപിപ്പിച്ചുകൊണ്ട് പദ്ധതികൾ രൂപീകരിക്കണം. വിജിലൻസിന്റെ കമ്മിറ്റികൾ ഈ രംഗത്ത് സജീവമാകേണ്ടതുണ്ട്. റേഷൻ സബ്സിഡിയായി 216 കോടി രൂപയും ട്രാൻസ്പോർട്ടേഷന് 229 കോടി രൂപയുമാണ് അനുവദിച്ചിരിക്കുന്നത്. റേഷൻ വിതരണം യഥാസമയം നടത്തുന്നതിനുവേണ്ടി പുതിയ ഗോഡൗണുകൾ സ്ഥാപിക്കണം. കാർഡുകൾ വിഭജിക്കുമ്പോൾ അർഹതപ്പെട്ട ബി.പി.എൽ. കാർഡുടമകളിൽ പലർക്കും എ.പി.എൽ. കാർഡ് ലഭിക്കുന്ന അവസ്ഥയുണ്ട്. പാവപ്പെട്ട കുടുംബങ്ങൾക്ക് ഇത് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ഇത് പരിഹരിക്കാൻ ജില്ലാ തലത്തിൽ സമിതികളുണ്ടെങ്കിലും മണ്ഡലാടിസ്ഥാനത്തിൽ ജനകീയ സമിതികൾ രൂപീകരിക്കാനുള്ള നടപടി സ്വീകരിക്കണം. ആ നിലയിൽ ഈ നാല് വകുപ്പുകളുടെയും പ്രവർത്തനം ഇന്ന് കേരളത്തിൽ മാതൃകയായിട്ടുണ്ട്. അതുകൊണ്ടുതന്നെ ഈ ധനാഭ്യർത്ഥനയെ ഞാൻ പിന്തുണയ്ക്കുകയാണ്.

ശ്രീ. ആന്റണി ജോൺ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. ജനകീയമായും അഴിമതിവിമുക്തമായും കഴിഞ്ഞ മൂന്ന് വർഷക്കാലം ഈ വകുപ്പുകൾ കൈകാര്യം ചെയ്ത ബഹുമാന്യരായ മന്ത്രിമാരെ ഞാൻ അഭിനന്ദിക്കുന്നു. കഴിഞ്ഞ യു.ഡി.എഫ്.സർക്കാരിന്റെ കാലത്ത് എല്ലാ വകുപ്പുകളും അഴിമതിയിൽ മുങ്ങിക്കുളിച്ചിരുന്നു. അതിൽ ഏറ്റവും വലിയ അഴിമതി നടന്നത് എക്സൈസ് വകുപ്പിലാണ്. അത് കേരളം ഏറെ ചർച്ച ചെയ്തതുമാണ്.

അതുപോലെതന്നെയാണ് പൊതുമരാമത്ത് വകുപ്പും. ഇപ്പോൾ പാലാരിവട്ടം പാലമുൾപ്പെടെ നാം സജീവമായി ചർച്ച ചെയ്യുകയാണ്. ഈ രണ്ട് വകുപ്പിനോടും ചേർന്ന് ഒപ്പത്തിനൊപ്പം നിൽക്കുന്ന അഴിമതിതന്നെയായിരുന്നു ഭക്ഷ്യ വകുപ്പിലും ഉണ്ടായിട്ടുള്ളതെന്നാണ് നിരവധി മാധ്യമങ്ങളിൽ വന്നിട്ടുള്ള റിപ്പോർട്ടുകളിലൂടെ മനസ്സിലാക്കാൻ കഴിയുന്നത്. ഈ സർക്കാർ അഴിമതി നിറഞ്ഞ അത്തരം വകുപ്പുകളെയെല്ലാം വളരെ ജനോപകാരപ്രദമായി മുന്നോട്ടുകൊണ്ടുപോകുകയാണ്. ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ചില പ്രതിസന്ധികളൊക്കെയുണ്ടായിരുന്ന ഘട്ടത്തിലും അതിനെയെല്ലാം അതിജീവിച്ച് സമയബന്ധിതമായി റേഷൻ കാർഡ് വിതരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ പൂർത്തീകരിച്ച്, ഇ-പോസ് സംവിധാനം കൊണ്ടുവന്ന്, റേഷൻ കടകളെ ആധുനിക നിലവാരത്തിലേയ്ക്ക് മാറ്റി, പൊതുവിതരണ സംവിധാനം സുതാര്യവും കാര്യക്ഷമവുമായി മുന്നോട്ടു കൊണ്ടുപോകുന്നതിന് ബഹുമാനപ്പെട്ട മന്ത്രിക്ക് സാധിച്ചിട്ടുണ്ട്. ഉത്സവ സീസണുകളിലുൾപ്പെടെയുള്ള വിലക്കയറ്റം പിടിച്ചുനിർത്താനും വളരെ സജീവമായി വിപണിയിൽ ഇടപെടാനും ഭക്ഷ്യ വകുപ്പിന് സാധിച്ചിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷക്കാലം ഏതാണ്ട് 200 കോടി രൂപയാണ് സപ്ലൈകോയ്ക്ക് വിപണിയിൽ ഇടപെടുന്നതിനുവേണ്ടി സർക്കാർ നീക്കിവച്ചത്. ഏറെ പ്രതികൂലമായ സാഹചര്യത്തിലും സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കളുടെ വിലക്കയറ്റം മുൻവർഷത്തേക്കാൾ പിടിച്ചുനിർത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. രാജ്യത്തെമ്പാടും അരിയും പയറും ഉൾപ്പെടെയുള്ള സാധനങ്ങളുടെ വില കുതിച്ചുയരുന്ന സാഹചര്യത്തിൽ കേരളത്തിലെ കമ്പോളത്തിൽ വില കുറച്ചുകൊണ്ടുവരാൻ സർക്കാരിന്റെയും വകുപ്പിന്റെയും ഇടപെടൽകൊണ്ട് സാധിച്ചിട്ടുണ്ട്. ഇപ്പോൾ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില അനുദിനം വർദ്ധിച്ചുവരുന്ന സാഹചര്യമാണുള്ളത്. ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ അന്യസംസ്ഥാനങ്ങളിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ എത്തിക്കുമ്പോഴുണ്ടാകുന്ന കടത്തുകൂലി വർദ്ധനവുൾപ്പെടെയുള്ള കാര്യങ്ങൾ നമ്മുടെ കമ്പോളത്തിൽ പ്രതിഫലിക്കാതിരിക്കാൻ സർക്കാർ സജീവമായി ഇടപെടുകയാണ്. സപ്ലൈകോയുടെയും കൺസ്യൂമർഫെഡിന്റെയും വിൽപ്പന ശാലകൾക്ക് പുറമെ പൊതുവിതരണ ശൃംഖലയിലൂടെയും സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്. കാലാവസ്ഥാ വ്യതിയാനംമൂലം പച്ചക്കറി വിലയിൽ ചില പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. എന്നാൽ ആ രംഗത്തും വില പിടിച്ചുനിർത്തുന്നതിനുവേണ്ടി വളരെ സജീവമായി സർക്കാർ ഇടപെടുകയാണ്. അരിയുടെ വില കുറയ്ക്കുന്ന കാര്യത്തിൽ വളരെ കാര്യക്ഷമമായി ഇടപെടാൻ സാധിച്ചതുവഴി റിക്കോർഡ് വിലക്കുറവുണ്ടാക്കാൻ സർക്കാരിന് സാധിച്ചു. കഴിഞ്ഞ വർഷത്തേക്കാൾ മട്ട അരിക്ക് 8 ശതമാനവും ചമ്പ അരിക്ക് 9 ശതമാനവും റോസ് അരിക്ക് 5.85 ശതമാനവും വില കുറയ്ക്കാൻ ഈ കാലയളവിൽ സാധിച്ചിട്ടുണ്ട്. കേരളീയർ ഏറെ ഉപയോഗിക്കുന്ന ജയ അരിക്ക് എട്ട് ശതമാനം

വില കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. ആ നിലയിൽ അരിയുടെ വിലയിൽ നല്ല തോതിലുള്ള നിയന്ത്രണം കൊണ്ടുവരാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ കൃഷിക്കാരിൽനിന്നും 25.30 രൂപയ്ക്ക് നെല്ല് സംഭരിക്കുന്നുണ്ട്, അടുത്ത വർഷം മുതൽ 26.30 രൂപയ്ക്ക് സംഭരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇങ്ങനെ സംഭരിക്കുന്ന നെല്ല് കുത്തി അരിയാക്കി ഇവിടെ ലഭ്യമാക്കുന്ന നിലയിലേയ്ക്ക് വരുമ്പോൾ ഏതാണ്ട് 45 രൂപ ചെലവ് വരും. അത്തരമൊരു സാഹചര്യത്തിലാണ് സർക്കാർ ഇടപെട്ടുകൊണ്ട് സബ്സിഡി നിരക്കിൽ 25 രൂപയ്ക്ക് ജയ അരിയും 24 രൂപയ്ക്ക് മട്ട അരിയും സപ്ലൈകോ മാർക്കറ്റുകൾ വഴി വിറ്റഴിക്കുന്നത്. പതിമൂന്നിന നിത്യോപയോഗ സാധനങ്ങളുടെ വിലയേയും ലഭ്യതയേയും സംബന്ധിച്ച് ഇവിടെ ചില അംഗങ്ങൾ പറയുകയുണ്ടായി. അത്തരം സാധനങ്ങൾ സപ്ലൈകോ, സൂപ്പർ മാർക്കറ്റ്, മാവേലി സ്റ്റോർ എന്നിവിടങ്ങളിൽ ലഭ്യമല്ലെന്ന് പറയുന്നവർ അവിടെ പോയി അന്വേഷിച്ചിട്ടല്ല പറയുന്നത്. വെറുതെ സർക്കാരിനെ എന്തെങ്കിലും പറഞ്ഞ് വിമർശിക്കുക എന്നതിനപ്പുറം വേറെയൊന്നുമില്ല. അത്തരം വിമർശനങ്ങളെ രാഷ്ട്രീയമായി മാത്രമാണ് പ്രതിപക്ഷം ഉയർത്തിക്കൊണ്ടു വരുന്നത്. മുൻകാലങ്ങളിൽ കേന്ദ്രം തന്നിരുന്ന പഞ്ചസാര വിഹിതം ഇപ്പോൾ ഗണ്യമായി വെട്ടിക്കുറച്ചിട്ടുണ്ട്. അങ്ങനെ വെട്ടിക്കുറച്ച സാഹചര്യത്തിലാണ് സർക്കാർ ശക്തമായി ഇടപെട്ടുകൊണ്ട് സപ്ലൈകോ വഴി 28 രൂപയ്ക്ക് പഞ്ചസാര നൽകികൊണ്ടിരിക്കുന്നത്. സമീപകാല ചരിത്രത്തിൽ റേഷൻ കടകളിൽ നിന്നും ഏറ്റവും ഗുണമേന്മയുള്ള അരി വിതരണം ചെയ്യാൻ സാധിക്കുന്നുണ്ട്. സംസ്ഥാനത്ത് ബഹുഭൂരിപക്ഷം ജില്ലകളിലും നെല്ല് സംഭരണംവഴി സംഭരിച്ച അരിയാണ് സപ്ലൈകോ വിൽക്കുന്നത്. നല്ല നിലയിൽ ആ രംഗത്ത് ഇടപെടാൻ സാധിച്ചിട്ടുണ്ട്. അതുപോലെതന്നെ റേഷൻകടകൾവഴി ശബരി ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനു വേണ്ടിയുള്ള ഇടപെടലുകൾ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. കുപ്പിവെള്ളം 11 രൂപ നിരക്കിൽ സപ്ലൈകോ സ്റ്റോറുകളിലും റേഷൻകടകളിലുമെല്ലാം കൊടുക്കുന്ന കാര്യത്തിൽ ഭക്ഷ്യ വകുപ്പിന് നല്ല നിലയിൽ ഇടപെടാൻ സാധിച്ചിട്ടുണ്ട്. വിലക്കയറ്റം എന്നത് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നതിനുവേണ്ടി പ്രതിപക്ഷം നടത്തുന്ന ഒരു ശ്രമം മാത്രമാണ്. കഴിഞ്ഞ പ്രളയകാലത്ത് കേരളത്തിൽ ഏറെ നഷ്ടം സംഭവിച്ച ഒരു മേഖലയാണ് ക്ഷീര മേഖല. ആ മേഖലയെ ഇന്ന് നല്ല നിലയിൽ കൈപിടിച്ച് മുന്നോട്ടുകൊണ്ടുവരാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. നമുക്കാവശ്യമായ പാലിന്റെ 81 ശതമാനവും കേരളത്തിൽതന്നെ ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന നിലയിലേയ്ക്ക് ക്ഷീര മേഖല മാറിയിരിക്കുകയാണ്. ധാരാളം നൂതനമായ പദ്ധതികൾ ഈ മേഖലയിൽ കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. സമഗ്ര ക്ഷീരവികസന പദ്ധതി, ക്ഷീരഗ്രാമം പദ്ധതി ഉൾപ്പെടെ നിരവധി പദ്ധതികൾ ഈ മേഖലയിൽ ആവിഷ്കരിച്ച് മുന്നോട്ടുപോകുന്നു. ഇന്ന് പാലുൽപ്പാദന രംഗത്ത് നല്ല നിലയിൽ മുന്നേറാൻ സാധിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ ക്ഷീരകർഷകർക്ക് സബ്സിഡിയോടുകൂടി കറവയന്ത്രം, സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി,

1710 ഹെക്ടർ സ്ഥലത്ത് തീറ്റപ്പുൽകൃഷിയ്ക്കുവേണ്ടിയുള്ള സാമ്പത്തിക സഹായം എന്നിവ സർക്കാർ കൊടുത്തിട്ടുണ്ട്. ക്ഷീരകർഷകരുടെ ഏതാണ്ട് അഞ്ച് കോടിയോളം രൂപയുടെ വായ്പ ഇതിനോടകംതന്നെ എഴുതിത്തള്ളാൻ സാധിച്ചിട്ടുണ്ട്. ഫാമുകളുടെയും നഴ്സറികളുടെയും ഹാച്ചറികളുടെയും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ തുക അനുവദിച്ചിട്ടുണ്ട്. സ്വയംപര്യാപ്ത ക്ഷീരകേരളം എന്ന ലക്ഷ്യത്തിലേയ്ക്ക് എത്തുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ വകുപ്പിന്റെ നേതൃത്വത്തിൽ വളരെ വേഗത്തിൽ മുന്നോട്ടുപോകുന്നുണ്ട്. സംസ്ഥാനത്ത് ക്ഷീര സഹകരണ മേഖലയിൽ പാൽവിലചാർട്ട് പരിഷ്കരിക്കാനും കർഷകർക്ക് സംഘങ്ങളിൽ അളക്കുന്ന പാലിന് അർഹമായ വില ലഭിക്കുമെന്ന് ഉറപ്പാക്കാനും സർക്കാരിന് സാധിച്ചിട്ടുണ്ട്. ക്ഷീര കർഷകർക്ക് സമഗ്ര ഇൻഷ്വറൻസ് പദ്ധതിയും അവരുടെ പെൻഷൻ വർദ്ധിപ്പിക്കാനാവശ്യമായ നടപടിയും സ്വീകരിച്ചിട്ടുണ്ട്. അതുപോലെതന്നെ കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കാൻവേണ്ടിയുള്ള ശക്തമായ ഇടപെടലുണ്ടായിട്ടുണ്ട്. ക്ഷീര സംഘങ്ങളിൽ അളക്കുന്ന പാലിൽ വലിയ തോതിലുള്ള വർദ്ധനവുണ്ടായിട്ടുണ്ട്. 2016-2017 വർഷത്തിൽ ഉണ്ടായിരുന്നതിനേക്കാൾ ഏതാണ്ട് രണ്ടര ലക്ഷം ലിറ്ററോളം പാലിന്റെ വർദ്ധനവുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. അങ്ങനെ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെ ക്ഷീര കർഷകർക്ക് ലഭിക്കുന്നതിനേക്കാൾ ഉയർന്ന പാൽവില കേരളത്തിലെ ക്ഷീര കർഷകർക്ക് ഉറപ്പാക്കാൻ വകുപ്പിന്റെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾകൊണ്ട് സാധിച്ചിട്ടുണ്ട്. നമ്മൾ 81 ശതമാനം പാൽ ഉൽപ്പാദിപ്പിക്കുമ്പോഴും അയൽ സംസ്ഥാനങ്ങളിൽനിന്നും ഇതര സംസ്ഥാനങ്ങളിൽനിന്നും പാൽ നമ്മുടെ സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്നുണ്ട്. അങ്ങനെ വരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുവേണ്ടി നല്ല നിലയിലുള്ള ഇടപെടൽ ഇപ്പോൾ നടത്തുന്നുണ്ട്. അത് കൂടുതൽ കാര്യക്ഷമമാക്കി മുന്നോട്ടുപോകാൻ സാധിക്കേണ്ടതുണ്ട്. ഇപ്പോൾ രണ്ട് അതിർത്തി ചെക്ക്പോസ്റ്റുകളിൽ അതിനുവേണ്ടിയുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അത് കുറേക്കൂടി വിപുലീകരിച്ചുകൊണ്ട് ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് വരുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്താനുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകണം. ഈ മേഖലയിൽ സ്വയംപര്യാപ്തത കൈവരിച്ച് മുന്നോട്ടുപോകുമ്പോൾത്തന്നെ കർഷകർക്ക് അവരുടെ ഉൽപ്പാദനത്തിന് അനുയോജ്യമായുള്ള കൂലി ലഭിക്കണമെങ്കിൽ പാലിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ സാധിക്കേണ്ടതുണ്ട്.

മറ്റൊന്ന്, വനം വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. എന്റെ നിയോജക മണ്ഡലമായ കോതമംഗലം, വനപ്രദേശം ഏറെയുള്ള ഒരു പ്രദേശമാണ്. കാട്ടാനയുൾപ്പെടെയുള്ള മൃഗങ്ങളുടെ ശല്യവുമായി ബന്ധപ്പെട്ട ഒട്ടേറെ ചർച്ചകൾ സഭയിൽ വന്നതാണ്. സമീപകാലത്ത് എന്റെ മണ്ഡലത്തിൽ ഒരു ടീച്ചർ ഉൾപ്പെടെ

മൂന്നോളം ആളുകൾ ആനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടിട്ടുണ്ട്. അവിടെ കുട്ടമ്പുഴ, കോട്ടപ്പടി, പിണ്ടിമന എന്നീ പഞ്ചായത്തുകളിലെ വിവിധ പ്രദേശങ്ങളിൽ വ്യാപകമായി കൃഷിനാശമുൾപ്പെടെയുള്ള പ്രശ്നങ്ങൾ നിത്യേന സംഭവിക്കുന്നുണ്ട്. സൗരോർജ്ജവേലിയുൾപ്പെടെയുള്ള സംവിധാനങ്ങളുണ്ടെങ്കിലും ആനയുടെ ശല്യം തടഞ്ഞുനിർത്താൻ കഴിയുന്നില്ലായെന്നുള്ളതാണ് നമ്മുടെ അനുഭവത്തിൽനിന്ന് വ്യക്തമാകുന്നത്. ആന പ്രതിരോധമതിൽ, കിടങ്ങ്, crash guard rope fencing ഉൾപ്പെടെയുള്ള നൂതന സംവിധാനത്തിലേയ്ക്ക് മാറുന്നതിനുവേണ്ടിയുള്ള ഇടപെടൽ വകുപ്പിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇക്കാര്യങ്ങൾ ഞാൻ ഇതിനുമുമ്പും സഭയിൽ ഉന്നയിച്ചിട്ടുള്ളതാണ്. വനം വകുപ്പിന്റെ അധീനതയിലുള്ള വിവിധ പ്രദേശങ്ങളിൽ നിരവധി ടൂറിസം സാധ്യതയുള്ള പ്രദേശങ്ങളുണ്ട്. കേരളത്തിൽ ഏതാണ്ട് 60 കേന്ദ്രങ്ങളിൽ ഇന്ന് ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കുന്നുണ്ട്. കുട്ടമ്പുഴ പഞ്ചായത്തിലെ പീണ്ടിമേട് വെള്ളച്ചാട്ടം, ചാമികുത്ത്, കൊട്ടംപിരികുത്ത്, വാരിയംകുത്ത്, ശ്രുരിമുടി, കണ്ടംപാറ ഉൾപ്പെടെയുള്ള പ്രദേശങ്ങൾ ഇക്കോ ടൂറിസത്തിന് വളരെ സാധ്യതയുള്ളതാണ്. പീണ്ടിമേട് വെള്ളച്ചാട്ടം പല മെഗാഹിറ്റ് സിനിമകളുടെയും ലൊക്കേഷനാണ്. വലിയ ടൂറിസം സാധ്യതയുള്ള പ്രദേശമാണ്. ടൂറിസം സാദ്ധ്യതയുള്ള ഒരു പ്രദേശത്ത് ഇക്കോ ടൂറിസം ആരംഭിച്ചാൽ അവിടത്തെ ആദിവാസി യുവാക്കൾക്കുൾപ്പെടെ തൊഴിൽ ലഭിക്കുകയും അവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിലൂടെ സാമ്പത്തിക ലാഭം നേടാനും സാധിക്കും. ഇക്കോ ടൂറിസം പദ്ധതികൾ സമയബന്ധിതമായി ആരംഭിക്കാൻ വേണ്ടിയുള്ള ഇടപെടലുണ്ടാകണം. ഇടമലയാർ കേന്ദ്രീകരിച്ചുകൊണ്ട് ഹൈഡൽ ടൂറിസം പദ്ധതി വൈദ്യുതി വകുപ്പ് രണ്ട് വർഷം മുമ്പ് പ്രഖ്യാപിച്ചതാണ്. വലിയ സാദ്ധ്യതയുള്ള പദ്ധതിയാണത്. ഏഷ്യയിലെ ഏറ്റവും വലിയ തേക്കുൾപ്പെടെ നിൽക്കുന്ന പ്രദേശമാണ്. ഇത്തരത്തിൽ വലിയ ടൂറിസം സാദ്ധ്യതയുള്ള പ്രദേശത്ത് ഇക്കോ ടൂറിസം പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കി ആദിവാസി സമൂഹമുൾപ്പെടെയുള്ള ആളുകളുടെ ഉന്നമനത്തിന് വേണ്ടി ഇടപെടാൻ സാധിക്കണമെന്നുകൂടി ഈ അവസരത്തിൽ സൂചിപ്പിക്കുന്നു. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്താണ് കോതമംഗലം മണ്ഡലത്തിലൂടെ കടന്നുപോകുന്ന മലയോര ഹൈവേയുടെ കലുങ്കുകൾ ഒരു അർദ്ധരാത്രി വനം വകുപ്പ് ഉദ്യോഗസ്ഥർ തോട്ട വച്ച് തകർത്ത സംഭവമുണ്ടായത്. ആ നെറികേടിനെതിരെ അന്ന് ബഹുമാന്യനായ എം.പി. ആയിരുന്ന ശ്രീ. ജോയിസ് ജോർജ് വനം വകുപ്പ് ഓഫീസിന് മുമ്പിൽ നിരാഹാരം കിടക്കുകയും ആ സമരം വലിയ തോതിൽ ജനശ്രദ്ധ ആകർഷിക്കുകയും ചെയ്തു. പിന്നീട് ആ സമരം ജനങ്ങൾ ഏറ്റെടുത്ത് വലിയ പ്രതിഷേധമായപ്പോൾ അന്നത്തെ വനം വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ

രാധാകൃഷ്ണന് അവിടെ നേരിട്ട് വരേണ്ടിവന്നു. അദ്ദേഹം വന്ന് ചില ഉറപ്പുകളൊക്കെ കൊടുത്ത് പിൻമാറിയതല്ലാതെ മലയോര ഹൈവേയുടെ നിർമ്മാണം ആ സർക്കാരിന്റെ കാലത്ത് പുനരാരംഭിക്കാൻ തീരുമാനിച്ചില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആ വിഷയത്തിൽ മുഖ്യമന്ത്രി ഇടപെട്ടു, വനം വകുപ്പുമന്ത്രി പ്രത്യേക യോഗം വിളിച്ചുചേർത്ത് പ്രശ്നം അവസാനിപ്പിക്കാൻ തീരുമാനിച്ചു. ആ മലയോര ഹൈവേയുടെ നിർമ്മാണം ഭംഗിയായി പൂർത്തീകരിച്ചിരിക്കുന്നത് ഇന്ന് മാമലക്കണ്ടത്തുവരുന്ന എല്ലാവർക്കും കാണാൻ കഴിയും. അതാണ് രണ്ട് സർക്കാരുകളുടെയും സമീപനത്തിന്റെ വ്യത്യാസം. ഞാൻ കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കാൻ ഉദ്ദേശിക്കുന്നില്ല. ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. നമ്മുടെ രാജ്യം ഭക്ഷ്യ പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. ഈ രാജ്യം ഭരിച്ചിരുന്ന ഗവൺമെന്റുകളുടെ തെറ്റായ നയമാണ് ഇതിന് കാരണം. കഴിഞ്ഞ യു.പി.എ. സർക്കാരിന്റെ കാലത്താണ് പെട്രോൾ, ഡീസൽ തുടങ്ങിയ ഇന്ധനങ്ങൾക്ക് യഥേഷ്ടം വില വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചത്. കോർപ്പറേറ്റുകൾ ഉൽപ്പാദിപ്പിക്കുന്ന, അല്ലെങ്കിൽ അവർ വിൽക്കുന്ന ഇത്തരം ഇന്ധനങ്ങൾക്ക് യഥേഷ്ടം വില കൂട്ടുന്നതിനുള്ള അനുകൂല സാഹചര്യമാണ് രണ്ടാം യു.പി.എ. സർക്കാർ സ്വീകരിച്ചിട്ടുള്ളത്. അതിന്റെ ഭാഗമായി നിത്യോപയോഗ സാധനങ്ങൾക്ക് ക്രമാതീതമായ വിലവർദ്ധനവാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അതിലൂടെ സാധാരണക്കാർക്ക് കുറഞ്ഞ വിലയ്ക്ക് ഭക്ഷ്യസാധനങ്ങൾ ലഭ്യമല്ലാത്ത സാഹചര്യമുണ്ടായി. കോൺഗ്രസ് സർക്കാർ രാജ്യത്ത് ആസിയാൻ കരാറുപോലെയുള്ള നടപടികൾ സ്വീകരിച്ചതുമൂലം നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധിക്കുകയും കോർപ്പറേറ്റ് കുത്തക മുതലാളിമാർക്ക് ഭക്ഷ്യമേഖലയും കാർഷിക മേഖലയും യഥേഷ്ടം തുറന്നുകൊടുക്കുകയും ചെയ്തു. കോർപ്പറേറ്റ് മുതലാളിമാർ അത്തരം മേഖലകളിൽക്കൂടി സ്വാധീനം ചെലുത്തിയതിന്റെ ഫലമായി കൂടുതൽ ഭക്ഷ്യപ്രതിസന്ധി സംജാതമാകുന്ന സ്ഥിതിവിശേഷമാണുണ്ടായത്. കഴിഞ്ഞ കാലഘട്ടത്തിൽ ഇന്ത്യ ഭരിച്ചുകൊണ്ടിരുന്ന കോൺഗ്രസ് സർക്കാർ ഇത്തരം ജനദ്രോഹപരമായ നയപരിപാടികളാണ് സ്വീകരിച്ചിട്ടുള്ളത്. എന്നാൽ തുടർന്നുവന്ന ബി.ജെ.പി. സർക്കാരും അതിന് പരിഹാരം കാണാൻ യാതൊരു നടപടിയും സ്വീകരിച്ചില്ല. ഈ സാഹചര്യത്തിലാണ് കേരളത്തിൽ ഇടതുപക്ഷ സർക്കാർ അധികാരത്തിൽ വരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതോടുകൂടി രാജ്യത്തെ ഭക്ഷ്യ പ്രതിസന്ധി മനസ്സിലാക്കുകയും സാധാരണ ജനങ്ങൾക്ക് ഭക്ഷ്യവസ്തുക്കൾ ലഭ്യമാക്കുന്നതിനായി നൂതനമായ ഒട്ടനവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുകയുമാണെന്ന് കാണാൻ കഴിയും. അതിന്റെ ഭാഗമായി

മാവേലി സ്റ്റോറുകൾ, നീതി സ്റ്റോറുകൾ, സപ്ലൈകോ, ന്യായവില കടകൾ, അരിക്കടകൾ തുടങ്ങിയവയിലൂടെ നിത്യോപയോഗ സാധനങ്ങൾക്ക് 20% മുതൽ 50% വരെ സബ്സിഡി ലഭ്യമാക്കിക്കൊണ്ട് എല്ലാവർക്കും ഭക്ഷ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള സാഹചര്യമാണ് ഇടതുപക്ഷ സർക്കാർ നടപ്പാക്കുന്നത്. റേഷൻ കടകൾ സുതാര്യമാക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചതായി കാണാൻ കഴിയും. യഥാർത്ഥ ഗുണഭോക്താവ് തന്നെയാണ് ഭക്ഷ്യസാധനങ്ങൾ വാങ്ങുന്നതെന്ന് ഉറപ്പാക്കുന്നതിന്റെ ഭാഗമായിട്ടാണ് ഇ-പോസ് സംവിധാനം നടപ്പാക്കിയിട്ടുള്ളത്. അതുപോലെ റേഷൻകട നടത്തുന്നവർ വലിയൊരു പ്രതിസന്ധിയിൽക്കൂടിയാണ് കടന്നുപോകുന്നത്. അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി റേഷൻകട ഉടമയ്ക്കും കുടുംബാംഗങ്ങൾക്കുമാവശ്യമായിട്ടുള്ള ഇൻഷ്വറൻസ് സുരക്ഷാ പദ്ധതി സർക്കാർ നടപ്പാക്കി വരുന്നുവെന്നത് ഒരു വസ്തുതയാണ്. ഭക്ഷ്യ സുരക്ഷാമേഖല മനസ്സിലാക്കിക്കൊണ്ട് വളരെ ക്രിയാത്മകമായിട്ടുള്ള നടപടികളാണ് സംസ്ഥാന സർക്കാർ നടപ്പാക്കി കൊണ്ടിരിക്കുന്നത്.

മറ്റൊരു കാര്യം, മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട് നേരത്തെ സൂചിപ്പിച്ചിട്ടുണ്ട്. പശു/ പശുക്കുട്ടി പരിപാലനവുമായി ബന്ധപ്പെട്ട് മൃഗസംരക്ഷണ മേഖലയിൽ ഒരുപാട് നടപടികൾ സർക്കാർ ഇപ്പോൾ സ്വീകരിച്ചുവരുന്നതായി കാണാൻ കഴിയും. പശുവിനെ വളർത്തുന്നവർക്കായി പലതരത്തിലുള്ള ഇൻഷ്വറൻസ് പദ്ധതികൾ സർക്കാർ നടപ്പാക്കി വരുന്നുണ്ട്. മൃഗങ്ങളെ പരിപാലിച്ചും പാലുൽപ്പാദിപ്പിച്ചും കഴിയുന്ന പാവപ്പെട്ട ജനവിഭാഗങ്ങളെ സഹായിക്കുന്നതിനുവേണ്ടി ക്രിയാത്മകമായിട്ടുള്ള പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്നത് എന്നത് വളരെ സന്തോഷകരമായ കാര്യമാണ്. അതുപോലെ മാംസോല്പാദനവുമായി ബന്ധപ്പെട്ട് കുറേ കാര്യങ്ങൾ സർക്കാർ നടപ്പാക്കുന്നതായി കാണാൻ കഴിയും. വയനാട് ജില്ലയിലെ ബ്രഹ്മഗിരി സൊസൈറ്റിപോലെയുള്ളവ പുതിയ രീതിയിലുള്ള മാംസോല്പാദനത്തിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അത്തരം സൊസൈറ്റികൾക്ക് ആവശ്യമായ എല്ലാതരത്തിലുമുള്ള സാങ്കേതിക-സാമ്പത്തിക സഹായങ്ങൾ സർക്കാർ ചെയ്യുന്നുണ്ട്. ഭക്ഷ്യ സുരക്ഷയുടെ ഭാഗമായി ഇപ്പോൾ കുടുംബശ്രീ മുഖേന 'കേരള ചിക്കൻ' എന്ന പുതിയ രീതിയിലുള്ള ഒരു മാംസ വിപണന കേന്ദ്രം സംസ്ഥാനത്ത് തുടങ്ങാൻ സാധിച്ചു. വനിതകളെയും കർഷകരെയും സഹായിക്കാനുള്ള സംസ്ഥാന സർക്കാരിന്റെ ക്രിയാത്മകമായ ഒരു നടപടിയായി ഇതിനെ കാണാൻ കഴിയും. ഇത്തരം കാര്യങ്ങളൊക്കെ നടക്കുമ്പോൾ തന്നെ ഈ രാജ്യത്ത് ഒരു ഭക്ഷ്യസുരക്ഷാ ബിൽ കൊണ്ടുവന്നിരുന്നതായി കാണാൻ സാധിക്കും. ആ ഭക്ഷ്യസുരക്ഷാ ബിൽ കൊണ്ടുവന്നത് കഴിഞ്ഞ കാലയളവിൽ കേന്ദ്രം ഭരിച്ചിരുന്ന കോൺഗ്രസ് സർക്കാരാണ്.

അന്ന് പ്രൊഫ. കെ. വി. തോമസായിരുന്നു ഭക്ഷ്യ വകുപ്പ് കൈകാര്യം ചെയ്തിരുന്നത്. ഭക്ഷ്യസുരക്ഷാ ബിൽ നടപ്പാക്കിയതിന്റെ ഫലമായിട്ടാണ് പല തരത്തിലുള്ള കാർഡുകൾ രാജ്യത്ത് നിലവിൽ വന്നത്. ഈ രാജ്യത്തെ ജനങ്ങളെ വിഭജിക്കുന്ന രീതിയിൽ പച്ച, ചുവപ്പ്, വെള്ള തുടങ്ങിയ കാർഡുകൾ നൽകിക്കൊണ്ടുള്ള ഒരു സമീപനം സ്വീകരിച്ചു. അതിന്റെ നിബന്ധനകൾ പ്രകാരം ഇത്തരം ഗുണഭോക്താക്കൾക്ക് പലവിധത്തിലുള്ള ഭക്ഷ്യ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല എന്നുള്ളതാണ് നിയമവശങ്ങൾ പരിശോധിക്കുമ്പോൾ കാണാൻ കഴിയുന്നത്. ഈ നിയമത്തിന്റെ ഫലമായി ഒട്ടനവധി ആളുകൾ രാജ്യത്ത് കഷ്ടപ്പെടുന്നതായി കാണാൻ സാധിക്കും.

മറ്റൊന്ന്, വനവുമായി ബന്ധപ്പെട്ട കാര്യമാണ്. വനം സംരക്ഷിക്കണമെന്ന കാര്യത്തിൽ ഈ സർക്കാർ വളരെ ശക്തമായ നിലപാടാണ് സ്വീകരിക്കുന്നതെന്ന് കാണാൻ സാധിക്കും. രാജ്യത്ത് ആഗോളതാപനം വർദ്ധിച്ചുവരുന്ന ഈ അവസരത്തിൽ വനം പ്രധാനപ്പെട്ട ഒരു ഘടകമാണ്. വനം സംരക്ഷിക്കാതെ മുന്നോട്ടുപോകാൻ നമുക്ക് സാധിക്കില്ല. അതിന്റെ ഭാഗമായി ലക്ഷക്കണക്കിന് തൈകൾ ഉൽപ്പാദിപ്പിച്ച് വനത്തിനുള്ളിലും നാട്ടിൻപുറങ്ങളിലുമൊക്കെ വിതരണം ചെയ്ത് വലിയ രീതിയിലുള്ള വനവൽക്കരണ പദ്ധതിയാണ് സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്നതെന്ന് കാണാൻ കഴിയും. രാജ്യത്ത് കാർബൺ ഡയോക്സൈഡിന്റെ അളവ് വർദ്ധിച്ചുകൊണ്ടിരിക്കുകയും ഓക്സിജന്റെ അളവ് കുറയുകയും ചെയ്യുന്നു. കൂടാതെ ഒട്ടനവധി മാലിന്യപ്രശ്നങ്ങൾ ഉണ്ടാകുന്നു. ഇങ്ങനെയുള്ള വിഷയങ്ങൾ പരിഹരിക്കുന്നതിന് വനസംരക്ഷണം വളരെ പ്രധാനമാണ്. മറ്റൊരുകാര്യം, വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ ജീവിത നിലവാരവും ആവാസകേന്ദ്രവും സംരക്ഷിച്ചുകൊണ്ടുവേണം ഇത്തരം കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകേണ്ടത്. ഈ മേഖലയുമായി ബന്ധപ്പെട്ട് വനം വകുപ്പ് ഒട്ടനവധി ടൂറിസം പദ്ധതികൾ നടത്തുന്നുണ്ടെന്നുന്ന കാര്യം നമുക്കറിയാം. രാജ്യം സാമ്പത്തിക തകർച്ച നേരിട്ടുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ടൂറിസത്തെ പ്രോത്സാഹിപ്പിച്ച് വിവിധ സാമ്പത്തിക സ്രോതസ്സുകളിലൂടെ ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുക എന്നതും വനം വകുപ്പ് മുന്നോട്ടുവയ്ക്കുന്ന നല്ല കാഴ്ചപ്പാടാണ്. ടൂറിസത്തിന്റെ ഭാഗമായി വനാന്തരങ്ങളിൽ പലതരത്തിലുള്ള മാലിന്യങ്ങൾ നിക്ഷേപിക്കുന്നുണ്ട്. അതുകൊണ്ട് മാലിന്യമില്ലാത്ത വനമാക്കി മാറ്റുക എന്നുള്ള ഒരു നിലപാടും വനം വകുപ്പ് എടുക്കുന്നതായി കാണാൻ കഴിയും. നേരത്തെ ആനയുമായി ബന്ധപ്പെട്ട ഒരു കാര്യം പറഞ്ഞു. ആന, പശു തുടങ്ങിയ മൃഗങ്ങളുടെയൊക്കെ പേരിൽ രാജ്യത്ത് വർഗ്ഗീയ കലാപം ഉണ്ടാകുന്ന ഒരു കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നത്. ജനങ്ങളും

ആനയും അതുപോലുള്ള വന്യമൃഗങ്ങളുമായി ബന്ധപ്പെട്ട് ഒട്ടനവധി സംഘർഷങ്ങൾ നാട്ടിൽ ഉണ്ടാകുന്നുണ്ട്. 1972-ൽ വൈൽഡ്‌ലൈഫ് (പ്രൊട്ടക്ഷൻ) ആക്ട് നിലവിൽ വന്നതിനുശേഷം രാജ്യത്ത് ആനയും കടുവയും മാനും പലതരത്തിലുള്ള മൃഗങ്ങളും ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട്. അങ്ങനെ വർദ്ധിച്ചുവരുമ്പോൾ വനത്തിൽ ഭക്ഷണത്തിന്റെയും വെള്ളത്തിന്റെയും കുറവുമൂലം വന്യമൃഗങ്ങൾ നാട്ടിൻപുറങ്ങളിലേയ്ക്ക് ഇറങ്ങി പല തരത്തിലുള്ള സംഘർഷത്തിന് വഴിവയ്ക്കുന്നുണ്ട്. അത്തരം കാര്യങ്ങൾ ക്രമീകരിക്കുന്നതിന് ഒരു നൂതന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുണ്ട്.

ക്ഷീര മേഖലയിലെ ഒരു പ്രധാനപ്പെട്ട കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. നമുക്കാവശ്യമായ 80 ശതമാനം പാലും കേരളത്തിൽത്തന്നെ ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞത് ഈ സർക്കാരിന്റെ നേട്ടമാണ്. അതിനുവേണ്ടി സഹകരണ സംഘങ്ങളെയും മിൽക്ക് സൊസൈറ്റികളെയും ശക്തിപ്പെടുത്തുകയും പുതിയയിനം പശുക്കളെ വിതരണം ചെയ്ത് പാൽ ഉൽപ്പാദിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പശു വളർത്തൽ പ്രോത്സാഹിപ്പിക്കാനായി ഒരു ലിറ്റർ പാലിന് 4 രൂപ വരെ വർദ്ധിപ്പിച്ചുകൊടുക്കാൻ സാധിച്ചിട്ടുണ്ട്. ക്ഷീരകർഷകരെ സംബന്ധിച്ച് പറഞ്ഞപ്പോൾ 4,000 രൂപ വരെ ലാഭം കിട്ടുന്നുണ്ടെന്ന് ഇവിടെ ശ്രീ. പി. ജെ. ജോസഫ് പറയുകയുണ്ടായി. പക്ഷെ എല്ലാവർക്കും അങ്ങനെ കിട്ടുന്നില്ല. പലപ്പോഴും ക്ഷീരമേഖല നഷ്ടത്തിലേയ്ക്കാണ് പോകുന്നത്. ക്ഷീരകർഷകരെ സംരക്ഷിക്കുന്നതിന് ഒരു ലിറ്റർ പാലിന് 4 രൂപ വരെ വർദ്ധിപ്പിച്ചുകൊടുത്തു എന്നുപറയുന്നത് ശരിയാണ്. കേരളത്തിലെ ബ്ലോക്ക് പഞ്ചായത്തുകളിൽ തൊഴിലുറപ്പ് പദ്ധതി ക്ഷീര മേഖലയിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തുകളിൽ തൊഴിലുറപ്പ് പദ്ധതി ക്ഷീരമേഖലയിലേയ്ക്ക് വ്യാപിപ്പിക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. കഴിഞ്ഞ സർക്കാരുകളൊക്കെത്തന്നെ ഇത് നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. അതുകൊണ്ട് കേന്ദ്ര സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്ന തൊഴിലുറപ്പ് പദ്ധതി കേരളത്തിലെ ക്ഷീരമേഖലയിലേയ്ക്കുകൂടി വ്യാപിപ്പിച്ച് ആ മേഖലയിലെ താഴെത്തട്ടിലുള്ള കർഷകരെ സഹായിക്കുന്നതിനുവേണ്ടിയുള്ള നിലപാട് സ്വീകരിക്കണമെന്നുകൂടി ഞാൻ സൂചിപ്പിക്കുകയാണ്. ഇടതുപക്ഷ സർക്കാർ ക്രിയാത്മകവും ദീർഘ വീക്ഷണത്തോടുകൂടിയതുമായ പദ്ധതിയാണ് കേരളത്തിൽ നടപ്പാക്കി കൊണ്ടിരിക്കുന്നത്. ഈ സർക്കാർ മൂന്ന് വർഷക്കാലം പിന്നിടുമ്പോൾ ഏറ്റവും ശ്രദ്ധേയമായിട്ടുള്ള പദ്ധതികളാണ് മൃഗ-ക്ഷീര വികസന മേഖലയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ ഈ ധനാഭ്യർത്ഥനകളെ ഞാൻ സന്തോഷപൂർവ്വം പിന്തുണയ്ക്കുകയാണ്.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. ദേശീയ ഭക്ഷ്യഭദ്രതാ നിയമം ഏറ്റവുമൊടുവിൽ നടപ്പിലാക്കിയ സംസ്ഥാനം കേരളമാണ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുമെന്ന് വിവിധ ഘട്ടങ്ങളിൽ നിയമസഭയിൽ പ്രഖ്യാപിച്ചെങ്കിലും അതിനെന്തെങ്കിലും പ്രത്യാഘാതം വരുമോ എന്ന ചിന്തയിൽ അത് നടപ്പാക്കിയില്ല. അങ്ങനെ ഏറ്റവുമൊടുവിൽ ഈ നിയമം നടപ്പിലാക്കിയ കേരള സംസ്ഥാനമാണ് ഇന്ന് ഇന്ത്യയിലേറ്റവും മുന്നിൽ നിൽക്കുന്നത് എന്നതാണ് യാഥാർത്ഥ്യം. ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രിയെയും വകുപ്പിനെയും കേരള സർക്കാരിനെയും എന്റെ എല്ലാ അർത്ഥത്തിലുമുള്ള അഭിനന്ദനങ്ങൾ അറിയിക്കുകയാണ്.

സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളിലും ഇ-പോസ് മെഷീൻ സ്ഥാപിച്ചു. 14258 കടകളിലാണ് ഇത് സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. 11 കടകളിൽ കണക്റ്റിവിറ്റി ഇല്ലാത്തതിന്റെ അടിസ്ഥാനത്തിൽ ഓഫ്‌ലൈനായുള്ള വിതരണവും നടക്കുകയാണ്. കുറ്റമറ്റ രീതിയിൽ അഴിമതി രഹിതമായ പൊതുവിതരണ ശൃംഖല കേരളത്തിൽ ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞുവെന്നതാണ് ഇതിന്റെ സവിശേഷത. 85.39 ലക്ഷം കാർഡുകളാണ് 2019 മെയ് മാസത്തിൽ നിലവിലുള്ളത്. ഓരോ മാസവും 85 മുതൽ 88 ശതമാനം വരെ കാർഡുടമകൾ റേഷൻ വിഹിതം കൈപ്പറ്റുന്നുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. റേഷൻ വാങ്ങുന്ന കാർഡുടമകളുടെ എണ്ണം ഓരോ മാസവും വർദ്ധിച്ചുവരുന്നതും നമുക്കറിയാൻ കഴിയുന്നുണ്ട്. കഴിഞ്ഞ എത്രയോ വർഷങ്ങളായി റേഷൻ കാർഡ് വിതരണം ഒരു വലിയ നൂലാമാലയായിരുന്നു. അതിനൊരു വിരാമമിട്ടുകൊണ്ട് റേഷൻ കാർഡ് പുതുക്കി നൽകി; മാത്രമല്ല വീണ്ടും പുതിയ റേഷൻ കാർഡുകൾക്കുള്ള അപേക്ഷകളും പേര് മാറ്റൽ, കൂട്ടിച്ചേർക്കൽ തുടങ്ങിയ നടപടികളും ആരംഭിച്ചു കഴിഞ്ഞു. ഇതിനൊക്കെയുള്ള ചെലവിന് ധനാഭ്യർത്ഥനയുടെ ഭാഗമായി ബഡ്ജറ്റിൽ പ്രത്യേക അലോക്കേഷനൊന്നും വരാനിടയില്ല. പുതിയ റേഷൻ കാർഡുകൾ നൽകുന്നതിന് പണം തടസ്സമായി വരാതിരിക്കണമെങ്കിൽ ഫണ്ട് ലഭിക്കേണ്ടതുണ്ട്. ഇതിനായി അധിക ഫണ്ട് വകയിരുത്തണമെന്ന് ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ആവശ്യപ്പെടുകയാണ്. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ, പൊതുമാർക്കറ്റിൽ വിലക്കയറ്റം പിടിച്ചുനിർത്തേണ്ട ഒരു സാഹചര്യം ദേശീയ-രാഷ്ട്രീയ-സാമൂഹ്യരംഗത്ത് വരുമ്പോൾ അവിടെ സമയബന്ധിതമായി ഇടപെടണമെങ്കിൽ പണമുണ്ടാകണം. അതിന് ഈ വകുപ്പിന് പ്രത്യേകം ഫണ്ട് നൽകണം. അങ്ങനെയുള്ള നിലപാടുകൾ സ്വീകരിച്ചാൽ മാത്രമെ ഇന്ന് കേരളത്തിൽ നിലനിൽക്കുന്നതുപോലെ വിലക്കയറ്റത്തെ പിടിച്ചുനിർത്തി സംസ്ഥാനത്തിന് മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ.

സഞ്ചരിക്കുന്ന റേഷൻ കടകൾ ഒരു സവിശേഷതയാണ്. പട്ടികവർഗ്ഗ മേഖലകളിൽ പോയി നോക്കിയാൽ അത് ബോദ്ധ്യപ്പെടും. കഴിഞ്ഞ ദിവസങ്ങളിലെ പത്രങ്ങളിൽ വന്ന വാർത്ത നിങ്ങൾ വായിച്ചു കാണും. 'ഡെങ്കിപ്പനിയുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലയിലെ ഒരു ആദിവാസി കോളനിയിൽ പരിശോധന നടത്തിയപ്പോൾ അവിടെ ആർക്കും ഡെങ്കിപ്പനി ബാധിച്ചിട്ടില്ലായെന്നും ഏറ്റവും വൃത്തിയായി സൂക്ഷിച്ചിരിക്കുന്നത് ആദിവാസി മേഖലയിലെ വീടുകളാണെന്നും കാണാൻ കഴിയും'. ആ വീടുകളിൽ അവരുടെ ദൈനംദിന ഉപയോഗത്തിനായി ധാരാളം അരി സൂക്ഷിച്ചിരിക്കുന്നത് കാണാൻ സാധിച്ചു. ഇത്തരത്തിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളിലൂടെ ആദിവാസി ഊരുകളിലേയ്ക്ക് അരി എത്തിച്ചു കൊടുക്കുന്ന സംവിധാനം മുന്നോട്ടുപോകുകയാണ്. 2018-ൽ ഈ പദ്ധതി തൃശ്ശൂർ, പത്തനംതിട്ട ജില്ലകളിലാണ് ആരംഭിച്ചിട്ടുള്ളത്. ഈ പദ്ധതി മറ്റ് ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടെന്നുള്ളത് സ്വാഗതാർഹമാണ്. കേരളത്തിൽ എല്ലായിടത്തും സഞ്ചരിക്കുന്ന റേഷൻ കടകളിലൂടെ റേഷൻ വിഹിതം എത്തിച്ചുകൊടുക്കാൻ കഴിയണം. നിർധനരായവർക്ക് ഒരു നേരത്തെ ഭക്ഷണം സൗജന്യമായി നൽകുകയെന്നതാണ് വിശപ്പുരഹിത കേരളം എന്ന പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. സംസ്ഥാനത്ത് ആലപ്പുഴ ജില്ലയിൽ പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. രണ്ടാംഘട്ടം തൃശ്ശൂർ, പത്തനംതിട്ട, കോട്ടയം എന്നീ ജില്ലകളിൽ തുടങ്ങാനുള്ള തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് മനസ്സിലാക്കാൻ സാധിക്കുന്നു. സാംസ്കാരികമായും സാമ്പത്തികമായും നമ്മളെത്ര മുന്നേറുന്നുവെന്ന് പറഞ്ഞാലും ഭക്ഷണം കിട്ടാതെ ബുദ്ധിമുട്ടുന്ന ഒട്ടേറെ മനുഷ്യരെ കാണാൻ കഴിയും. അവർ ഭക്ഷണത്തിനായി മറ്റുള്ളവരുടെ മുന്നിൽ യാചിക്കുന്ന അവസ്ഥ ജനാധിപത്യ കേരളത്തിൽ ഉണ്ടാകാൻ പാടില്ലെന്ന നിശ്ചയദാർഢ്യത്തോടെ ഭക്ഷ്യ വകുപ്പ് ഇത്തരമൊരു നിലപാട് സ്വീകരിച്ച് മുന്നോട്ടുപോകുന്നത് തീർച്ചയായും അഭിനന്ദനാർഹമാണ്. യാചിക്കാതെ ഭക്ഷണം ലഭിക്കുമെന്ന് ഉറപ്പുള്ള ഒരു സംസ്ഥാനമാക്കി കേരളത്തെ മാറ്റാൻ കഴിയുന്നുവെന്നത് നമുക്കേവർക്കും സന്തോഷിക്കാൻ വക നൽകുന്നതാണ്. അത് മറ്റു മേഖലകളിലേയ്ക്ക് കൂടി വ്യാപിപ്പിക്കുവാനുള്ള ശ്രമങ്ങൾ ഇതിന്റെ ഭാഗമായുണ്ടാകണം. എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 10 മണിമുതൽ വൈകുന്നേരം 5 മണിവരെ 1967 എന്ന ടോൾ ഫ്രീ നമ്പറിലൂടെയുള്ള ഇടപെടലിലൂടെ പരാതി പരിഹാര സംവിധാനം ഉറപ്പുവരുത്തുന്നു. കേരളത്തിന്റെ ഏത് കോണിൽനിന്നും 1967 എന്ന നമ്പറിലേയ്ക്ക്

വിളിച്ച് റേഷനുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെല്ലാം ഉന്നയിക്കുവാനുള്ള അവസരമാണ് കൈവന്നിട്ടുള്ളത്. അരിയുടെ തോത്, നൽകിയ ദിവസം തുടങ്ങിയ കാര്യങ്ങൾ എസ്.എം.എസ്.-ലൂടെ അറിയാൻ കഴിയുന്ന രീതി ഉറപ്പുവരുത്തിയിട്ടുണ്ട്. ആധുനിക കേരളത്തിലെ ഒരു വലിയ മാറ്റമാണ് റേഷൻ സമ്പ്രദായത്തിൽ വരുത്തിയിട്ടുള്ളത്. വകുപ്പിലെ വിവിധ സേവനങ്ങൾ യഥാസമയം എത്തിക്കുന്ന ഫേസ്ബുക്ക് പേജിലൂടെ ഇതുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് മറുപടി നൽകുന്ന സംവിധാനവും നിലവിൽ വന്നിട്ടുണ്ട്. റേഷൻ കടകളുടെ നവീകരണത്തെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഒരേപോലെയുള്ള റേഷൻ കടകൾ ഇന്ന് കേരളത്തിൽ പ്രവർത്തിച്ച് വരികയാണ്. അത് ഏറെ മുന്നോട്ട് പോകേണ്ടതുണ്ട്. പണ്ട് ബസ് സ്റ്റോപ്പുകളിലും കൾവർട്ടുകളിലുമൊക്കെയാണ് ജനങ്ങൾ സംഘടിച്ച് സംസാരിക്കുന്നത് കാണാൻ സാധിച്ചിരുന്നത്. എന്നാൽ ഇന്ന് അത്തരത്തിലുള്ള ആളുകളെ കാണാനില്ല. ഇന്ന് ആളുകളെ കാണുന്നത് റേഷൻ കടകളുടെയും മാവേലി സ്റ്റോറുകളുടെയും മുന്നിലാണ്. പ്രത്യേകിച്ച് സ്ത്രീകളെയാണ് കൂടുതലായും ഇവിടങ്ങളിൽ കാണുവാൻ സാധിക്കുന്നത്. ഏറ്റവും വില കുറച്ച് സാധനങ്ങൾ ലഭിക്കുന്നുവെന്നതിന്റെ അടിസ്ഥാനത്തിൽ അവർ ഇവിടെനിന്ന് നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി അവരുടെ പ്രകടനപത്രികയിൽ സൂചിപ്പിച്ചതുപോലെതന്നെ 5 വർഷവും വില വർദ്ധനവുണ്ടാക്കാതെ 13 ഇനം സാധനങ്ങൾ നൽകുന്നുണ്ട്.

ഇനി പറയാനുള്ളത് വനം വകുപ്പിനെക്കുറിച്ചാണ്. നാം ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന പ്രമുഖനായ കവി വയലാർ രാമവർമ്മയുടെ വരിയാണ്:-

'കാട് കറുത്ത കാട്, മനുഷ്യനാദ്യം പിറന്ന വീട്'

കാടിനെ മറന്നുകൊണ്ട് നമുക്കൊന്നും ചെയ്യാൻ കഴിയില്ല. കാടുകളുടെ സംരക്ഷണത്തെക്കുറിച്ചുള്ള ഗൗരവമായ ചർച്ചകൾ നിയമസഭയിൽ നടക്കുന്നു. കേരളത്തിന്റെ നിലനിൽപ്പ് വനവുമായി ബന്ധപ്പെട്ടാണ്. പക്ഷെ കാലാനുസൃതമായ മാറ്റത്തെത്തുടർന്ന് ഇന്ന് വന്യജീവി ആക്രമണം വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. വനവുമായി ബന്ധപ്പെട്ട് ഒഴിച്ചിട്ടിരുന്ന കാർഷിക മേഖലകളിൽ കൃഷി ആരംഭിക്കേണ്ട സാഹചര്യമുണ്ടായപ്പോൾ വനവും വനേതര ഭൂമിയും വേർതിരിക്കാനാകാത്ത സ്ഥിതി വന്നിരിക്കുകയാണ്. റീ സർവ്വേ നടത്തി വനമേത്, വനേതര ഭൂമിയേത് എന്ന് നിർണ്ണയിക്കുന്നതിന് ശാശ്വതമായൊരു പരിഹാരം കാണാത്തിടത്തോളംകാലം ഈ പ്രശ്നം ഉയർന്നുവരും. ഒരു

മനുഷ്യജീവനും പൊലിഞ്ഞുപോകാൻ പാടില്ല. കഴിഞ്ഞ കുറേ വർഷങ്ങളിലെ കണക്ക് പരിശോധിച്ചാൽ എത്രയോ മനുഷ്യരാണ് ഇത്തരം ആക്രമണങ്ങളിൽ ഇരയായത്. ഒരു പുരുഷായുസ്സ് മുഴുവനുള്ള അദ്ധ്വാനമാണ് കാർഷിക മേഖലയിൽ നഷ്ടമാകുന്നത്. അത് സംരക്ഷിക്കേണ്ടതുണ്ട്. പി.ഡബ്ല്യൂ.ഡി.-യുടെയും ഇറിഗേഷന്റെയും പുഴ, പുറമ്പോക്ക് സ്ഥലങ്ങളുമുണ്ട്. അവയൊക്കെ തരിശായി കിടക്കുകയാണ്. അവിടെ സോഷ്യൽ ഫോറസ്റ്റിംഗിലൂടെ അക്വേഷ്യ പോലുള്ള മരങ്ങളല്ലാതെ മനോഹരമായ ചെടികൾ നട്ടുവളർത്തി ഭൂമികയ്യേറ്റങ്ങൾ ഒഴിവാക്കിയാൽ ആയിരക്കണക്കിന് ഏക്കർ ഭൂമി സംരക്ഷിക്കാൻ കഴിയും. ഇപ്പോൾ കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനായി കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ എന്നീ ജില്ലകളിൽ നിന്നായി 5001 ഹെക്ടർ കണ്ടൽക്കാടുകൾ കൂടി റിസർവ് വനമായി പ്രഖ്യാപിക്കുവാൻ പോകുകയാണെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ഇക്കോ ടൂറിസം കേന്ദ്രങ്ങൾ, വന്യജീവി സംരക്ഷണ കേന്ദ്രങ്ങൾ, പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിനുള്ള പദ്ധതികൾ, പുഴകളുടെ മലിനീകരണം തടയൽ തുടങ്ങിയവയൊക്കെ ഇതിന്റെ ഭാഗമായി ഉയർത്തിക്കൊണ്ടുവരേണ്ടതുണ്ട്. പുഴയോര സംരക്ഷണത്തിന് മുളവത്കരണം നടപ്പിലാക്കേണ്ടതുണ്ട്. 34 വനം ഡിവിഷനുകളുടെ വനഭൂപടം തയ്യാറാക്കിയത് തീർച്ചയായും സ്വാഗതാർഹമാണ്. തടി ഡിപ്പോകളിൽ ചന്ദനത്തിന്റെ ചില്ലറ വിൽപ്പനയുൾപ്പെടെയുള്ള വിൽപ്പനശാലകൾ ആരംഭിച്ചതും നല്ല കാര്യമാണ്. ഈ സബ് ഡിപ്പോകളിൽ മരം വിലകുറച്ച് ലഭ്യമാക്കണമെന്നുകൂടി ഞാൻ ഓർമ്മപ്പെടുത്തുകയാണ്.

മി. ചെയർമാൻ: ദയവായി അങ്ങയുടെ പ്രസംഗം ചുരുക്കണം.

ശ്രീ. ഇ. കെ. വിജയൻ: ഒരു വാക്കെങ്കിലും ക്ഷീര മേഖലയുമായി ബന്ധപ്പെട്ട് പറയാതെ ഈ ധനാഭ്യർത്ഥന ചർച്ച അവസാനിപ്പിക്കുന്നത് ശരിയല്ലെന്ന് ബഹുമാനപ്പെട്ട ചെയറിനറിയാം. പാൽ നമുക്ക് അനിവാര്യമാണ്. പശുവിൻ പാലിനെക്കുറിച്ചാണ് ഇവിടെ നേരത്തെ സംസാരിച്ചത്. ആട്ടിൻപാലും നമുക്ക് വേണ്ടതാണ്. ആയുർവേദ വിധിപ്രകാരം ഏറ്റവും നല്ല പാൽ ആട്ടിൻ പാലാണ്. ആടിന്റെ മാംസമായാലും, തലയായാലും നമുക്ക് ഉപയോഗിക്കാൻ കഴിയുന്നതാണ്. ആടിനെക്കൂടി ഇതിന്റെ ഭാഗമായി സംരക്ഷിക്കപ്പെടണം. ആട്ടിൻ പാലായാലും പശുവിൻ പാലായാലും കോഴി മുട്ടയായാലും കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും വേണ്ടതാണ്. അജമാംസം, അജമാംസ രസായനം, ക്ഷീര ബല എന്നിവയെല്ലാം നമുക്ക് വേണ്ടതാണ്. ഭരണ പ്രതിപക്ഷ ഭേദമന്യെ എല്ലാവരും ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കേണ്ടതാണ്. അതുകൊണ്ട് വോട്ടെടുപ്പില്ലാതെ ഈ ധനാഭ്യർത്ഥന പാസ്സാക്കിയെടുക്കാൻ കഴിയണം. ഈ ധനാഭ്യർത്ഥനയ്ക്കുള്ള എന്റെ പിന്തുണ അറിയിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. കുഞ്ഞിരാമൻ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. ഭക്ഷ്യരംഗത്തെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ നമുക്കെല്ലാം ദുഃഖമുണ്ടാക്കിയ ഒരു വാർത്തയാണ് ബീഹാറിൽനിന്ന് വന്നത്. നൂറിൽപ്പരം കുട്ടികൾ ഭക്ഷണം കിട്ടാതെ മരിച്ച ദുരന്തമാണ് ഇന്ത്യ മഹാരാജ്യത്തുണ്ടായത്. ഭക്ഷണമില്ലാതെ കാട്ടുപഴങ്ങളും മറ്റും ഭക്ഷിച്ച് ജീവിക്കാൻ ശ്രമിച്ചപ്പോൾ അതിലുണ്ടായ വിഷാംശത്തിൽക്കൂടിയാണ് ആ കുട്ടികൾ മരിച്ചതെന്നാണ് പത്രങ്ങളിൽ വായിക്കാൻ കഴിഞ്ഞത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയും കൂടിയാലോചിച്ച് ബന്ധപ്പെട്ട വകുപ്പിൽനിന്നും ബീഹാറിലെ കുടുംബങ്ങളെ സഹായിക്കാൻ, അവിടെ ഭക്ഷണം ലഭ്യമാക്കുവാൻ എന്തെങ്കിലും മാർഗ്ഗങ്ങൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. മനുഷ്യത്വമുള്ളൊരു ജനതയാണ് മലയാളികൾ. ഇതിലൂടെ മലയാളിയുടെ സംസ്കാരം ഉയർത്തിപ്പിടിക്കാൻ സാധിക്കണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്. 2013-ൽ ഇന്ത്യയിൽ നടപ്പിലാക്കിയ ഭക്ഷ്യ ഭദ്രതാ നിയമം കേരളത്തിൽ നടപ്പിലാക്കിയത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016 നവംബറിലാണ്. അന്ന് സംസ്ഥാനം ഭരിച്ച സർക്കാരിന് ആ മൂന്ന് വർഷക്കാലയളവിൽ അത് നടപ്പാക്കാൻ സാധിച്ചില്ല. അതിന്റെ ഫലമായി സംസ്ഥാനത്തെ സാധാരണ ജനങ്ങൾ ധാരാളം പ്രശ്നങ്ങൾ അനുഭവിക്കേണ്ടി വന്നുവെന്ന് നമുക്കെല്ലാവർക്കുമറിയാം. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിയമം നടപ്പിലാക്കി. അതിന്റെ ഫലമായി, ബി.പി.എൽ., എ.പി.എൽ. പട്ടിക തിരിക്കുന്നതുമായി ബന്ധപ്പെട്ട് നാട്ടിൻപുറങ്ങളിൽനിന്നുള്ള ആളുകളിൽ നിന്നും ധാരാളം ആക്ഷേപങ്ങളും സർക്കാരിന് കേൾക്കേണ്ടിവന്നു. അത് പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രിയും വകുപ്പും എടുത്ത നടപടികൾ ശ്ലാഘനീയമാണ്. ബി.പി.എൽ ലിസ്റ്റിലുൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് എട്ട് ലക്ഷത്തിൽപ്പരം അപേക്ഷകളാണ് ലഭിച്ചത്. ബഹുമാനപ്പെട്ട മന്ത്രിയും വകുപ്പും പരിശോധിച്ച് 362000-ത്തിലധികം ആളുകളെ ലിസ്റ്റിലുൾപ്പെടുത്താൻ സാധിച്ചുവെന്നുള്ളത് ശ്ലാഘനീയമാണ്. ഇനി 60000-ത്തോളം അപേക്ഷകൾ കെട്ടികിടക്കുന്നുവെന്നാണ് പറയുന്നത്. എത്രയുംവേഗം അവ പരിശോധിച്ച് പാവപ്പെട്ട ജനങ്ങൾക്ക് അർഹമായ ആനുകൂല്യം ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. എ.പി.എൽ. കാർഡ് ബി.പി.എൽ. കാർഡായി മാറ്റിക്കിട്ടിയാൽ ആയിരക്കണക്കിനാളുകൾക്ക് ചികിത്സാ സഹായം മുതൽ പല കാര്യങ്ങൾക്കും ലക്ഷക്കണക്കിന് രൂപയുടെ ഗുണം ലഭിക്കും. കഴിഞ്ഞ കാലയളവിൽ ഭരിച്ച സർക്കാർ അത് നടപ്പാക്കിയില്ലെന്ന് മാത്രമല്ല, ജനങ്ങൾക്ക് ദുരിതമാണ് നൽകിയത്. റേഷൻ കടകൾ പൊതുരീതിയിൽ

കൊണ്ടുവന്നതിന്റെ അടിസ്ഥാനത്തിൽ അവിടെ ജോലി ചെയ്യുന്നവർക്ക് ലഭിക്കുന്ന ആനുകൂല്യം വർദ്ധിച്ചതോടൊപ്പംതന്നെ സാധനങ്ങൾ കൃത്യമായി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാനും കഴിഞ്ഞിട്ടുണ്ട്. എല്ലാ റേഷൻ കടകളിലും ഓരോ ആഴ്ചയിലും ഭക്ഷ്യവസ്തുക്കൾ മിച്ചമെന്നാണ് പരിശോധനയിൽ പറയുന്നത്. ഈ നിയമം കൊണ്ടുവന്ന അവസരത്തിൽ ബഹുമാനപ്പെട്ട മന്ത്രിക്കെതിരായി ഈ സഭയിൽത്തന്നെ പ്രതിപക്ഷം കൊണ്ടുവന്ന പ്രമേയങ്ങളും ചർച്ചകളും നമ്മളെല്ലാവരും കേട്ടതാണ്. ബഹുമാനപ്പെട്ട മന്ത്രി ധൈര്യമായി നിയമം നടപ്പിലാക്കിയപ്പോൾ ഇന്ന് റേഷൻ കടയിൽ സാധനങ്ങൾ മിച്ചമെന്നാണ് പറയുന്നത്. റേഷൻ കടയുടമകൾ മിച്ചം വരുന്ന വസ്തുക്കൾ പുറത്ത് വിറ്റ് പണമീടാക്കുന്ന നടപടിയുണ്ടായിരുന്നു. ഇന്നത് സാധാരണക്കാരന് ലഭിക്കുന്ന രീതിയിലേയ്ക്ക് എത്തിക്കുവാൻ കഴിഞ്ഞുവെന്നുള്ളത് പ്രധാനപ്പെട്ട കാര്യമാണ്. ഇവിടെ പ്രധാനമായും ചർച്ച ചെയ്യതും അടിയന്തര പ്രമേയങ്ങൾ കൊണ്ടുവന്നതും ഭക്ഷ്യസാധനങ്ങളുടെ വിലക്കയറ്റത്തെ ക്കുറിച്ചായിരുന്നു. കേരളത്തിൽ ഈ കാലഘട്ടത്തിൽ അങ്ങനെയൊരു സംഭവമുണ്ടായിട്ടില്ലെന്നുള്ളതാണ് വസ്തുത. അതിന്റെ കണക്കുകൾ സഹിതം നേരത്തെയിവിടെ ചില സുഹൃത്തുക്കൾ സംസാരിക്കുകയുണ്ടായി. അതുകൊണ്ട് ഞാൻ ആ കണക്കിലേയ്ക്കൊന്നും പോകുന്നില്ല. കേരളത്തിലിന്ന് ജനങ്ങൾക്ക് ആവശ്യത്തിന് ഭക്ഷ്യവസ്തുക്കൾ വാങ്ങാൻ കഴിയുന്ന രീതിയിലേയ്ക്ക് വില താഴ്ത്തിക്കൊണ്ടുവരാൻ കഴിഞ്ഞുവെന്നതിൽ ബഹുമാനപ്പെട്ട മന്ത്രിയെയും വകുപ്പിനെയും പ്രത്യേകം അഭിനന്ദിക്കുന്നു. അതിന് ഈ സർക്കാർ കാണിച്ച ഇച്ഛാശക്തി വലുതാണെന്ന് പറയാതിരിക്കാൻ കഴിയില്ല. സബ്സിഡി എത്ര ഉയർത്തിയാലും കുഴപ്പമില്ല, നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിപ്പിക്കാതിരിക്കണമെന്ന ചിന്ത മനസ്സിൽ വച്ചുകൊണ്ടാണ് ഗവൺമെന്റ് ആ നടപടി സ്വീകരിച്ചിട്ടുള്ളത്. അതിനായി ധനകാര്യ വകുപ്പ് തുക അനുവദിച്ചുവെന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. 316900 ആളുകൾക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചുവെന്ന് പറയുന്നത് ചെറിയൊരു കാര്യമല്ല. അർഹതപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കാനും വിലക്കയറ്റം കുറയ്ക്കാനുമുള്ള നടപടി സ്വീകരിച്ച് മുന്നോട്ടുപോകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. എന്റെ മണ്ഡലത്തിലെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള പള്ളിക്കൽ പഞ്ചായത്തിൽ ഒരു മാവേലി സ്റ്റോർകൂടി തുടങ്ങുന്നതിന് തീരുമാനിക്കുകയും അതിന്റെ നടപടി പൂർത്തിയാക്കുകയും ചെയ്തിരുന്നു. പക്ഷെ ഉത്ഘാടനം ചെയ്യാൻ കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് ഓണത്തിനുമുമ്പ് മാവേലി സ്റ്റോർ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നമ്മുടെ നാട്ടിലെ എല്ലാ ഭക്ഷ്യ വിതരണ കടകളിലും കൂടുതൽ സാധനങ്ങൾ ലഭ്യമാക്കി വിപുലപ്പെടുത്താനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മറ്റൊരു പ്രധാനപ്പെട്ട കാര്യം, വനം വകുപ്പിനെ സംബന്ധിച്ചാണ്. വനം വകുപ്പുമന്ത്രിയെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. കാസർഗോഡ് ജില്ലയിൽ ഏറ്റവും കൂടുതൽ വനമേഖല എന്റെ മണ്ഡലത്തിലാണ്. കർണ്ണാടക സംസ്ഥാനത്തോട് ചേർന്ന് കിടക്കുന്നതാണ് രണ്ട് പഞ്ചായത്തുകൾ. അതിൽ കർണ്ണാടക ബോർഡറിലുള്ള ഒരു പഞ്ചായത്തിലെ ഗ്രാമത്തിലുള്ളവർ കന്നട ഭാഷ മാത്രം അറിയാവുന്നവരാണ്. കന്നട ഭാഷ അറിയുന്ന ആ ഗ്രാമത്തിലേയ്ക്ക് പോകണമെങ്കിൽ കർണ്ണാടക സംസ്ഥാനത്തിൽക്കൂടി വരണം. നേരെ ആ ഗ്രാമത്തിലേയ്ക്ക് പോകാൻ വഴിയില്ല. അതിന് തടസ്സമായിട്ടുള്ളത് വനം വകുപ്പാണ്. റോഡിനുള്ള സ്ഥലം വനം വകുപ്പ് വിട്ടുനൽകിയാൽ മാത്രമേ ആ ഗ്രാമത്തിലേയ്ക്ക് പോകാൻ കഴിയൂ. കർണ്ണാടകത്തിലെ സുള്ള്യ വഴിയോ അല്ലെങ്കിൽ ഈശ്വര മംഗലം വഴിയോ ആണ് ഇന്ന് ഞങ്ങളെല്ലാം അവിടേയ്ക്ക് പോകുന്നത്. അതുവഴിയാണ് ഞങ്ങൾ ഇപ്പോൾ ഏലംപാടിയിലേയ്ക്ക് വരുന്നത്. അവിടെ രണ്ടുഭാഗത്തും റോഡ് നിർമ്മിച്ചിട്ടുണ്ട്. ആ റോഡിന്റെ നടുവിലായി വനം വകുപ്പിന്റെ സ്ഥലമാണ്. വനം വകുപ്പിൽനിന്നും സ്ഥലം ലഭ്യമാകാത്തതിനാൽ ആ റോഡ് പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ആ ഗ്രാമവാസികൾ പറയുന്നത് അവരെ കേരളത്തിൽനിന്നും ഒഴിവാക്കി കർണ്ണാടക സംസ്ഥാനത്തിലാക്കണ മെന്നാണ്. കേരളത്തിലുള്ളവർക്ക് ഏലംപാടിയിലേയ്ക്ക് പോകണമെങ്കിലും അവർക്ക് ഇങ്ങോട്ട് വരണമെങ്കിലും ഈ സ്ഥലം ലഭ്യമാകണം. അതിനായി ഓൺലൈനിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇടപെട്ട് ഈ റോഡ് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കാട്ടാനയുടെ ശല്യം കൂടുതലുള്ള ഒരു പ്രദേശം കൂടിയാണിത്. കർണ്ണാടകയിലേയും കേരളത്തിലേയും വനം ഒരുമിച്ചായതുകൊണ്ട് കർണ്ണാടകയിലെ ആനകളെ മുഴുവൻ ഇങ്ങോട്ടേയ്ക്ക് വിടുകയാണ്. അതിനൊരു നടപടിയുണ്ടാകണമെന്ന് പലതവണ സർക്കാരിനോടും ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോടും ആവശ്യപ്പെട്ടതാണ്. വകുപ്പ് ഒരുപാട് സഹായങ്ങൾ ചെയ്തു, വേലികെട്ടി, കിടങ്ങ് കുഴിച്ചു, പക്ഷേ ആനശല്യം പരിഹരിക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. അത് പരിഹരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി അടിയന്തരമായി ഇടപെടണം. അതുപോലെ വനത്തിനുള്ളിൽ വനം വകുപ്പിലുള്ളവരും നാട്ടുകാരും ഉപയോഗിക്കുന്ന ചില റോഡുകളുണ്ട്. ആ റോഡുകൾ സംരക്ഷിക്കുന്നതിനുവേണ്ടി ബഡ്ജറ്റിൽ തുക വകയിരുത്തിയതായി കണ്ടു. അതോടൊപ്പം കാസർഗോഡിനുകൂടി തുക അനുവദിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അനുവദിച്ച തുകയെക്കുറിച്ച് ഓർക്കാതിരിക്കുന്നില്ല, ആ കൂട്ടത്തിൽത്തന്നെ ബാക്കി തുക കൂടി അനുവദിക്കാനുള്ള

നടപടി സ്വീകരിക്കണം. ധാരാളം തുക ചെലവഴിച്ചാൽ മാത്രമേ ആ പ്രദേശത്തെ റോഡിന്റെയും കാട്ടാനയുടെയും പ്രശ്നം പരിഹരിക്കാൻ കഴിയൂ. ആനകൾക്ക് വനത്തിനുള്ളിൽ തന്നെ ജലവും മറ്റ് സൗകര്യങ്ങളുമൊരുക്കിക്കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. അതിനുവേണ്ടി എല്ലാ സഹായവും ചെയ്തുതരാൻ ഞങ്ങളും തയ്യാറാണ്. ആനയെപ്പോലെതന്നെ കുരങ്ങും നാട്ടിലേയ്ക്കെത്തി ജനങ്ങളെ ദ്രോഹിക്കുകയാണ്. കുരങ്ങിനെ പിടിച്ചുകെട്ടി വന്ധ്യംകരിക്കുന്ന നിയമം വയനാട്ടിലുണ്ട്. കാസർഗോഡ് കുരങ്ങന്മാരുടെ ശല്യം വളരെ കൂടുതലാണ്. ആ നിയമം കാസർഗോഡും ബാധകമാക്കണം. അതിനായി ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകം ഇടപെടണം. ആ പ്രദേശത്തെ നാളികേര കർഷകരുടെ തെങ്ങിൽ ഒരു തേങ്ങപോലുമില്ല. അതെല്ലാം കുരങ്ങന്മാർ നശിപ്പിക്കുകയാണ്. പത്തും അൻപതും നൂറും തെങ്ങുള്ള ഒരു കർഷകന് വീട്ടാവശ്യത്തിനുള്ള തേങ്ങപോലും ലഭിക്കുന്നില്ലെന്നുള്ളതാണ് വാസ്തവം. അതുകൊണ്ട് കുരങ്ങന്മാരുടെ ശല്യമൊഴിവാക്കാൻ വയനാട്ടിലുള്ളതുപോലുള്ള നിയമം കാസർഗോഡും നടപ്പിലാക്കാൻ അടിയന്തരനടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. വനം സംരക്ഷിക്കുന്നതിനായി ഞാനൊരു നിർദ്ദേശം മുന്നോട്ടുവയ്ക്കുകയാണ്. ധാരാളം വനം വേണമെന്ന് അഭിപ്രായമുള്ളവരുടെ കൂട്ടത്തിലാണ് ഞാനും. വനം കുറഞ്ഞതിന്റെ ഫലമായിട്ടാണ് മൃഗങ്ങൾ നാട്ടിലേയ്ക്ക് വരുന്നത്. കേരളത്തിലെ ആയിരം പഞ്ചായത്തിനകത്തും ഒരു ഹെക്ടർ ഭൂമിയെങ്കിലും പ്രത്യേകമെടുത്ത് ഒരു ചെറിയ വനമുണ്ടാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഒരുപക്ഷേ പട്ടണത്തിനടുത്തുള്ള പഞ്ചായത്തിൽ അത് സാധിക്കില്ലായിരിക്കാം. ഒരു ഹെക്ടറിൽ കുറഞ്ഞാലും പ്രശ്നമില്ല, എല്ലാ പഞ്ചായത്തിലും ഒരു കൊച്ചുവനം വച്ചുപിടിപ്പിച്ച് മതിൽകെട്ടി സംരക്ഷിച്ചാൽ അത് ഏറ്റവും പ്രധാനപ്പെട്ട കാര്യമായിരിക്കും. അതിന്റെ പാരിസ്ഥിതിക പ്രശ്നം ഞാൻ വിശദീകരിക്കുന്നില്ല. അതിന് ബഹുമാനപ്പെട്ട മന്ത്രി സഹായിക്കണം. പഞ്ചായത്ത് വകുപ്പുമന്ത്രിയേയും കൃഷി വകുപ്പുമന്ത്രിയേയും അതത് പ്രദേശത്തെ എം.എൽ.എ.-മാരേയും വിളിച്ചുചേർത്ത് അക്കാര്യം നടപ്പാക്കാനുള്ള ഇടപെടൽ നടത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

3.00 P.M.]

ക്ഷീരവകുപ്പിലെ ചെറിയ പ്രശ്നങ്ങൾ പരിഹരിച്ച് അതിനെ ശക്തിപ്പെടുത്തിയാൽ ക്ഷീരോത്പാദനം സമ്പൂർണ്ണമായി വർദ്ധിപ്പിക്കാൻ സാധിക്കും. മറ്റൊരു കാര്യം, പൊതുമരാമത്ത് വകുപ്പിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിനിടയിൽ ഹിന്ദുക്കൾ വളരെ നന്നായി സഹായിച്ചിട്ടാണ് ഞങ്ങൾക്ക്

തെരഞ്ഞെടുപ്പിൽ ജയിക്കാൻ കഴിഞ്ഞതെന്നും ഹിന്ദുക്കളാണ് പ്രധാനപ്പെട്ട ആളുകളെന്നും ലീഗിലുള്ള കണ്ണൂരിലെ എന്റെ സുഹൃത്ത് ഇവിടെ പറയുകയുണ്ടായി. അപ്പോൾ മുസ്ലീങ്ങളും ക്രിസ്ത്യാനികളും ശത്രുക്കളാണോ? 'ഹിന്ദു' 'ഹിന്ദു' എന്ന പേരുപറഞ്ഞ് എന്തിനാണ് പ്രശ്നമുണ്ടാക്കുന്നത്? നമ്മുടെ നാട്ടിൽ ഹിന്ദുവും മുസ്ലീമും തമ്മിൽ പ്രശ്നമുണ്ടാക്കുന്നതിനുവേണ്ടിയുള്ള ഒരു പ്രചരണത്തിന്റെ ഭാഗമായി 'ഹിന്ദു' 'ഹിന്ദു' എന്നുപറയുകയാണെന്ന് അത് കേട്ടാൽ തോന്നും.

ശ്രീ. പി. ടി. തോമസ്: സർ, അദ്ദേഹത്തിന്റെ പ്രസംഗത്തിലെ ചെറിയ ഭാഗമെടുത്ത് വ്യാഖ്യാനിക്കരുത്.

ശ്രീ. കെ. കുഞ്ഞിരാമൻ: ചെറുതാണോ വലുതാണോയെന്നതല്ല, അത് പറഞ്ഞു എന്നുള്ളതാണ് ഞാൻ പറഞ്ഞത്. കാരണം ശ്രീ. രാഹുൽ ഗാന്ധിയെ ഞങ്ങൾ ചീത്ത പറഞ്ഞു എന്ന് അക്കൂട്ടത്തിൽ അദ്ദേഹം പറഞ്ഞുകൊണ്ടിരുന്നു.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം ചെയറിനെ നോക്കി സംസാരിക്കു. പ്ലീസ്....പ്ലീസ്...കൺക്ലൂഡ്...

ശ്രീ. കെ. കുഞ്ഞിരാമൻ: ശ്രീ. രാഹുൽ ഗാന്ധിയെ എന്തിനാണ് ഞങ്ങൾ ചീത്ത പറയുന്നത്? ശ്രീ. രാഹുൽ ഗാന്ധിയുടെ രാഷ്ട്രീയ നയത്തെ ഞങ്ങൾ എതിർക്കുന്നു. അത് ഇപ്പോഴും എതിർക്കുന്നുണ്ട്. ശ്രീ. രാഹുൽ ഗാന്ധി അമേഠിയിൽ മത്സരിച്ചപ്പോൾ അവിടെ ജയിക്കേണ്ടതല്ലേ? കേരളത്തിൽ വന്നതുകൊണ്ടാണ് അദ്ദേഹം അമേഠിയിൽ തോറ്റത്. അന്ന് അവിടെ ബി.ജെ.പി.-യിലുള്ളവരും സ്ഥാനാർത്ഥിയും ചേർന്ന് ശ്രീ. രാഹുൽ ഗാന്ധിക്കും കോൺഗ്രസിനുമെതിരെ നടത്തിയ പ്രചരണം എന്താണ്? അത് നമ്മുടെ നാടിനാകെ ദോഷം ചെയ്തു, അതിന്റെ ഫലമായിട്ടാണ് ശ്രീ. രാഹുൽ ഗാന്ധി അമേഠിയിൽ തോറ്റതെന്നാണ് ഞങ്ങൾ പറഞ്ഞത്. അല്ലാതെ ശ്രീ. രാഹുൽ ഗാന്ധിയെ ഞങ്ങളാരും ചീത്ത പറഞ്ഞിട്ടില്ല. നിങ്ങൾ അറിയാതെ എന്തെങ്കിലും പറയരുത്.

മി. ചെയർമാൻ: പ്ലീസ്.... കൺക്ലൂഡ്....

ശ്രീ. കെ. കുഞ്ഞിരാമൻ: ശ്രീ. രാഹുൽ ഗാന്ധി അമേഠിയിൽ കൂടാതെ വയനാട്ടിലുംവന്ന് മത്സരിച്ചപ്പോൾ അവർ പറഞ്ഞത് ഹിന്ദുക്കളുടെ നാടിനെയും ഹിന്ദുക്കളെയും വിട്ടുപോയി എന്നാണ്. പാകിസ്ഥാന്റെ പച്ചക്കൊടിയും പിടിച്ചാണ് കേരളത്തിലേയ്ക്ക് പോയതെന്നാണ് അവർ അവിടെ പ്രസംഗിച്ചത്. ലീഗിന്റെ കൊടിയെന്നല്ല പറഞ്ഞത്, പാകിസ്ഥാന്റെ കൊടി പിടിച്ച് പോയെന്നാണ് പറഞ്ഞത്.

ഡോ. എം. കെ. മുനീർ: അങ്ങേയ്ക്ക് ആ അഭിപ്രായമുണ്ടോ?

ശ്രീ. കെ. കുഞ്ഞിരാമൻ: രാഷ്ട്രീയപരമായി എതിർത്തു എന്നല്ലാതെ ശ്രീ. രാഹുൽ ഗാന്ധിയെയോ കോൺഗ്രസ് നേതാക്കളെയോ വ്യക്തിപരമായി ആക്ഷേപിക്കുന്ന ശീലം ഞങ്ങൾക്കാർക്കുമില്ല. ഞങ്ങളൊന്നും അത് പഠിച്ചിട്ടില്ല, വെറുതെ പറഞ്ഞുണ്ടാക്കുന്ന പ്രചരണമാണ്. രാഷ്ട്രീയപരമായി ഞാൻ അതൊന്നും പറയാൻ ഉദ്ദേശിക്കുന്നില്ല. ഈ നയം നടപ്പാക്കുന്ന കാര്യത്തിൽ പരാജയപ്പെട്ടത് എൽ.ഡി.എഫ്. അല്ല കോൺഗ്രസാണെന്ന് നിങ്ങൾ മനസ്സിലാക്കണം. ലീഗുകാർ അറിഞ്ഞോ അറിയാതെയോ പറഞ്ഞുപോയതാണെന്ന ധാരണ നിങ്ങൾക്കുണ്ടാക്കാൻ കഴിയണം. അതിന്റെ ഭാഗമായി ശ്രീ. കെ. എൻ. എ. ഖാദർ പ്രമേയം കൊണ്ടുവരികയും പിന്നീടത് പിൻവലിക്കുകയും ചെയ്തു. പിൻവലിച്ചു എന്നത് രണ്ടാമത്തെ കാര്യം. അതിന്റെ കാരണമെന്താണെന്ന് ശ്രീ. കെ. എൻ. എ. ഖാദർ പറയുമായിരിക്കും. ശ്രീ. പി. കെ. ബഷീറാണ് പ്രമേയം കൊണ്ടുവന്നതെങ്കിൽ സമ്മതിക്കാം. അതൊരു തമാശരൂപത്തിൽ നമുക്ക് കാണാൻ കഴിയും. പക്ഷേ മുൻ കമ്മ്യൂണിസ്റ്റുകാരനായ ശ്രീ. കെ. എൻ. എ. ഖാദർ ആ പ്രമേയം കൊണ്ടുവന്നത് വളരെ മോശമായിപ്പോയെന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ. ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഭക്ഷ്യം, വനം, വന്യജീവി, ക്ഷീരവികസനം എന്നീ നാല് വകുപ്പുകളുടെ ധനാഭ്യർത്ഥനകളാണ് ഇവിടെ ചർച്ച ചെയ്യുന്നത്. ഭക്ഷ്യ വകുപ്പുമായി ബന്ധപ്പെട്ട് സമയപരിമിതികൊണ്ട് കുറച്ചുകാര്യങ്ങൾ മാത്രമേ ഞാൻ പറയുന്നുള്ളൂ. ഭക്ഷ്യവകുപ്പിന്റെ കീഴിലാണ് ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളുള്ളത്. കേരളത്തിൽ കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, എണാകുളം, തൃശ്ശൂർ, വയനാട്, തിരുവനന്തപുരം തുടങ്ങിയ ജില്ലാ കൺസ്യൂമർ ഫോറങ്ങളിൽ പ്രസിഡന്റോ അംഗങ്ങളോ ഇല്ലാത്തതിനാൽ അവയെല്ലാം പ്രവർത്തന രഹിതമാണ്. അതുമൂലം ഉപഭോക്താക്കൾ അനുഭവിക്കുന്ന പ്രയാസം മനസ്സിലാക്കി അടിയന്തരമായി കൺസ്യൂമർ ഫോറങ്ങൾ പ്രവർത്തനക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് ആദ്യം അപേക്ഷിക്കാനുള്ളത്. റേഷൻ കാർഡ് വിതരണം സംബന്ധിച്ച് ഇതുവരെ സർക്കാരിന് വാക്ക് പാലിക്കാൻ സാധിച്ചിട്ടില്ല. റേഷൻ കാർഡുകളുടെ വിതരണത്തിനുവേണ്ടി എത്ര ശബ്ദമുയർത്തിയാലും എന്തുകൊണ്ട് അത് പൂർണ്ണമായും വിതരണം ചെയ്യാൻ സാധിക്കുന്നില്ലെന്ന കാര്യം പരിശോധിക്കേണ്ടതാണ്. പഠിക്കുന്ന കുട്ടികൾക്ക് എന്തിനാണ് പുസ്തകം എന്ന മട്ടിലാണ് സർക്കാർ പെരുമാറുന്നത്. ഭക്ഷ്യവകുപ്പിനെക്കുറിച്ച് കൂടുതലൊന്നും പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. വിലക്കയറ്റം തടയുക, ദാരിദ്ര്യം നിർമ്മാർജ്ജനം

ചെയ്യുക എന്നിവ ഏതുകാലത്തും ഉയർത്തിപിടിക്കാവുന്ന രണ്ട് മുദ്രാവാക്യങ്ങളാണ്. ആ രണ്ട് മുദ്രാവാക്യങ്ങളും ഏതുകാലത്തും പ്രസക്തമാണെന്നാണ് അതിനെക്കുറിച്ച് പറയാനുള്ളത്.

വനം വകുപ്പിനെക്കുറിച്ച് പറയുമ്പോൾ, പ്രകൃതിയെ പ്രകൃതിദത്തമായി നിലനിർത്തുന്നതിനും മനുഷ്യജീവിതത്തെ സംരക്ഷിക്കുന്നതിനും ആവാസ വ്യവസ്ഥയെ നിലനിർത്തുന്നതിനും നിർണ്ണായകമായ പങ്ക് വഹിക്കാൻ കഴിയുന്ന ഒരു വകുപ്പാണ് വനം വകുപ്പ്. ഹൈക്കോടതിയുടെ ഉത്തരവുണ്ടായിട്ടുപോലും വനം കയ്യേറ്റക്കാരെ ഒഴിപ്പിക്കാൻ ഒരു നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ല. ഇതുസംബന്ധിച്ച ഒരു ചോദ്യത്തിന് എത്ര ഹെക്ടർ വനഭൂമി കയ്യേറിയിട്ടുണ്ടെന്ന വിവരം ബഹുമാനപ്പെട്ട മന്ത്രി നൽകിയിട്ടുള്ളതാണ്. അതെല്ലാം ഒഴിപ്പിക്കാനാവശ്യമായ നടപടികൾ അതിവേഗം സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. രണ്ടാമത്തെ കാര്യം, മരം നട്ടുപിടിപ്പിച്ചാൽ അതൊരു വനമാകുമെന്ന് യാതൊരു കാരണവശാലും തെറ്റിദ്ധരിക്കാൻ പാടില്ല. മരം നട്ടുപിടിപ്പിച്ചാൽ അത് ഒരിക്കലും ഒരു വനമായി തീരില്ല. ഒരു വനം, ആയിരക്കണക്കിന് വർഷങ്ങൾകൊണ്ട് പ്രകൃതിയുടെ പ്രവർത്തനഫലമായി രൂപം കൊള്ളുന്നതാണ്. അതൊരു പ്രത്യേകമായ ആവാസ വ്യവസ്ഥയാണ്. അവിടെ കാട്ടുരുവികളും കിളികളും ഇഴജന്തുക്കളും പക്ഷിമൃഗാദികളും വൃക്ഷലതാദികളും ഇടതിങ്ങി, സ്വാഭാവികമായി വളർന്ന്, പടർന്നുപന്തലിച്ച് നിൽക്കുന്ന ഒരു മഹാസംഭവമാണ്. പ്രകൃതിയുടെ അമൂല്യ സമ്പത്താണ് വനം. എത്ര മരം നട്ടുപിടിപ്പിച്ചാലും അത് വനമായി തീരുകയില്ലെന്ന് മനസ്സിലാക്കണം. വീട്ടുമുറ്റത്തോ പൊതുസ്ഥലങ്ങളിലോ നമ്മൾ നട്ടുവളർത്തുന്ന ചെടികൾ വെട്ടി നിരനിരയായി നിർത്തിയാൽ പൂന്തോട്ടത്തിന് ഒരു സൗന്ദര്യമുണ്ടാകും. പക്ഷേ അതിന് ആത്മാവുണ്ടാകില്ല. എന്നാൽ ദൈവീകമായി, പ്രകൃതിദത്തമായി വളർന്നുവരുന്ന വനങ്ങൾക്ക് സൗന്ദര്യവും ആത്മാവുമുണ്ടെന്ന കാര്യം നാം വിസ്മരിക്കരുത്. കുറച്ചുകാലമായി നാം പശ്ചിമഘട്ടത്തിന്റെ അന്തകന്മാരായി മാറിക്കൊണ്ടിരിക്കുകയാണ്. അത് വളരെ വേദനാജനകമാണ്. അതുപോലെ മൃഗങ്ങളും വനവും ജലസ്രോതസ്സുകളും കാവുകളുമൊക്കെ സംരക്ഷിക്കുകയെന്നത് ഭാരതീയ സംസ്കാരത്തിന്റെ അനിവാര്യമായിട്ടുള്ള ഘടകമാണ്. വൃക്ഷങ്ങൾ നട്ടുവളർത്തുന്നതും സംരക്ഷിക്കുന്നതും സംബന്ധിച്ച് ധാരാളം കാര്യങ്ങൾ ഭാരതീയ സംസ്കാരത്തിന്റെ ഭാഗമായി വേദങ്ങളിലും ഉപനിഷത്തുകളിലും പറഞ്ഞിട്ടുണ്ട്. 'വൃക്ഷായുർവേദം' എന്നൊരു ഗ്രന്ഥംപോലും ഇവിടെ രചിക്കപ്പെട്ടിട്ടുണ്ട്. അതിൽ പറയുന്നത്,

"ദശകൂപ സമോ വാപിഃ ദശവാപി സമോഹ്രദഃ

ദശഹ്രദ സമോ പുത്രഃ ദശപുത്ര സമോ ദ്രുമഃ"

അതായത്, 'പത്ത് കിണർ ചേർന്നാൽ ഒരു കുളത്തിന് സമം, പത്ത് കുളം ഒരു തടാകത്തിന് സമം, പത്ത് തടാകം ഒരു പുത്രന് സമം, പത്ത് പുത്രൻമാർ ഒരു മരത്തിന് സമം' എന്നാണ് വൃക്ഷായുർവേദം പറയുന്നത്. ഏത് സംസ്കാരത്തിലാണ് മരത്തിന്റെ പ്രാധാന്യം ഇത്രയേറെ ഉയർത്തിപ്പിടിച്ചിട്ടുള്ളതെന്ന് മനസ്സിലാക്കണം. ആ ഓർമ്മ വച്ചുകൊണ്ടുവേണം വനസംരക്ഷണം പോലുള്ള കാര്യങ്ങൾ നമ്മൾ നോക്കേണ്ടത്. അഥർവ്വവേദത്തിലെ ഒരു ശ്ലോകത്തിൽ പറയുന്നു, "അല്ലയോ ഭൂമി നിന്നിൽനിന്നും കുഴിച്ചും കിളച്ചും എടുക്കുന്നതെന്തും വേഗത്തിൽ തഴച്ചു വളരട്ടെ, ഞാൻ നിന്റെ മർമ്മങ്ങളെ പിളർക്കാതിരിക്കട്ടെ, ഹൃദയത്തെ മുറിപ്പെടുത്താതിരിക്കട്ടെ". എത്രകണ്ട് പ്രാർത്ഥനാപൂർണ്ണമായാണ് പ്രകൃതിയെ സമീപിക്കേണ്ടതെന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. ഇതര വേദങ്ങളിലും ശാസ്ത്രങ്ങളിലും ഖുറാനിലും ബൈബിളിലുമൊക്കെ പ്രകൃതിയെ സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള ധാരാളം കാര്യങ്ങൾ നമുക്ക് കാണാൻ സാധിക്കും. പഴയ സമ്പ്രദായപ്രകാരം നമുക്കെല്ലാം ഓരോ ജന്മനക്ഷത്രമുണ്ട്, അതിന് നാൾ എന്നു പറയും. 27 നക്ഷത്രങ്ങൾക്കും പ്രത്യേകമായി വൃക്ഷങ്ങളുണ്ട്. അശ്വതി മുതലുള്ള ജന്മനക്ഷത്രങ്ങൾക്ക് ഓരോരോ വൃക്ഷങ്ങളുണ്ട്. 27 നക്ഷത്രങ്ങൾക്ക് 27 വൃക്ഷങ്ങളുണ്ട്. ആ നക്ഷത്ര വൃക്ഷങ്ങൾ ഓരോ നക്ഷത്രക്കാരും നട്ടുപിടിപ്പിച്ചാൽ ത്തന്നെ ധാരാളം മരമുണ്ടാകുമെന്നതുകൊണ്ടാണ് പണ്ടുകാലത്ത് അങ്ങനെ പറയപ്പെട്ടിരുന്നത്. ആദരണീയനായ വനം വകുപ്പുമന്ത്രിയുടെ നക്ഷത്രം രോഹിണിയാണ്. രോഹിണിയുടെ മരം ഞാവലാണ്. വളരെ പ്രാധാന്യമുള്ള, ഔഷധമൂല്യമുള്ള വൃക്ഷമാണ്. ആ ഞാവൽ നട്ടുപിടിപ്പിക്കുന്ന പണി വനം വകുപ്പുമന്ത്രി ഏറ്റെടുത്താൽ മതി. എന്റെ നക്ഷത്രം ചിത്തിരയാണ്, കൂവളം നട്ടുപിടിപ്പിക്കുകയാണ് ഞാൻ ചെയ്യേണ്ടത്. ഞാൻ എന്റെ വീട്ടിൽ ഒന്നുരണ്ടു കൂവളങ്ങൾ നട്ടിട്ടുണ്ട്. ഇനിയും നടാൻ തയ്യാറാണ്. കുറച്ചുനേരത്തെ എന്റെ സ്നേഹിതൻ ശ്രീ. എ. കെ. ബാലനോട് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നക്ഷത്രം ഏതാണെന്ന് ചോദിച്ചു. എന്റെയും മുഖ്യമന്ത്രിയുടേയും നക്ഷത്രം ചോതിയാണെന്ന് ശ്രീ. എ. കെ. ബാലൻ പറഞ്ഞു. ചോതി നക്ഷത്രത്തിന്റെ വൃക്ഷം നീർമരുതാണ്. എത്രയോ ഉയരത്തിൽ വളർന്നുനിൽക്കുന്ന, വളരെ ഔഷധമൂല്യമുള്ള, വളരെ ബലവാനായിട്ടുള്ള മരമാണ്. നീർമരുതിന് വീരവൃക്ഷമെന്നും അർജ്ജുനവൃക്ഷമെന്നും പേരുണ്ട്. അദ്ദേഹത്തിന്റെ ശൈലി അദ്ദേഹം മാറ്റണമെന്ന് പറയുന്നതിൽ അർത്ഥമില്ല. അത് മാറ്റാൻ കഴിയില്ല. ആ വൃക്ഷം എല്ലാ സ്ഥലത്തും നട്ടുപിടിപ്പിക്കുകയാണെങ്കിൽ അത് വലിയൊരു നേട്ടമായിത്തീരും. ഈ വൃക്ഷങ്ങൾക്കൊക്കെ വളരെ പ്രാധാന്യമുണ്ട്. അതുകൊണ്ടുതന്നെ ഈ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കാൻ അതത് നക്ഷത്രക്കാരോട് പറയുകയെന്നുള്ളത് ഇൻഡ്യയിലെ ഒരു സമ്പ്രദായമാണ്. ഇൻഡ്യയിൽ ഏറ്റവും

വലിയ, ഒരുപക്ഷെ ലോകത്തിലെതന്നെ ഏറ്റവും വലിയ വൃക്ഷമായ പേരാൽ സ്ഥിതി ചെയ്യുന്നത് കൽക്കട്ടയിലെ ബൊട്ടാണിക്കൽ ഗാർഡനിലാണ്. അഞ്ച് ഏക്കർ സ്ഥലത്ത് ഒറ്റ മരമാണ്. അതിൽ എത്രയോ അധികം വേരുകളുമായി ഒരു മഹാസംഭവമായി നിൽക്കുകയാണ്. ആ മരം എത്രമാത്രം പ്രധാനപ്പെട്ടതാണ്. അങ്ങനെയുള്ള വൃക്ഷങ്ങൾ സംരക്ഷിക്കേണ്ടത് നമ്മുടെ ആവശ്യമല്ലേ? അത് പ്രത്യേകമായി ആരെയും ബോദ്ധ്യപ്പെടുത്തേണ്ട കാര്യമല്ല. ഒരു ചെറിയ വിത്തിൽനിന്നാണ് ഒരു മഹാവൃക്ഷം ഉണ്ടാകുന്നത്.

വിത്തിനെ മഹാവൃക്ഷമാക്കുന്ന,
വൃക്ഷത്തിൽ വിത്തുകൾ നിറയ്ക്കുന്ന
കാറ്റിന്റെ കൈകളിലെടുത്തവയെ
എമ്പാടുമായി കുടിയിരുത്തി
ഇടി വെട്ടി, മുള പൊട്ടി, ഇല നീട്ടി, വെയിൽ മോന്തി
ശതശാഖികൾ പടർത്തിയൊരു കാടിന്റെ
സാന്ദ്ര ഹരിതാഭമാം
ദൃശ്യമാം സംഗീതമാക്കുന്ന ജീവന്റെയുന്മത്ത നൃത്തം.

എന്ന് അതിനെക്കുറിച്ചുതന്നെ ഒ.എൻ.വി. പാടിയിട്ടുണ്ട്. ഒരു വൃക്ഷമുണ്ടായി വരുന്നത് പ്രകൃതിയുടെ ചില അത്ഭുതങ്ങളാണ്. Why the tree is flowering? Why the sun is shining? Why the river is flowing? എന്നുചോദിച്ചാൽ നമുക്കെന്തെങ്കിലും ഉത്തരമുണ്ടോ? ശാസ്ത്രത്തിനൊന്നും ഇതിൽ ശരിക്കും ഉത്തരമില്ല. ശാസ്ത്രം പറയുന്നത് വെള്ളമുണ്ടായത് എങ്ങനെയെന്ന് ചോദിച്ചാൽ, അതായത് 'how' എന്ന ചോദ്യത്തിന് ശാസ്ത്രത്തിന് ഉത്തരമുണ്ട്. ഓക്സിജനും ഹൈഡ്രജനും ചേർന്നാണ് വെള്ളമുണ്ടായതെന്ന് പറയും. എന്നാൽ ഓക്സിജനും ഹൈഡ്രജനും കൂട്ടിച്ചേർത്ത് ഫാക്ടറികളിൽനിന്ന് നാട്ടിലേയ്ക്കാവശ്യമായ കുടിവെള്ളം കൊടുക്കാൻ കഴിയുമോ; അസാധ്യമായ സംഗതിയാണ്. പക്ഷെ 'why' എന്ന ചോദ്യത്തിന് ഉത്തരമില്ല. എങ്ങനെയുണ്ടായി എന്നുള്ളതിനുമാത്രമേ ഉത്തരമുള്ളൂ. അപ്പോൾ എല്ലാം ശാസ്ത്രീയമായി നോക്കിയിട്ട് മരം നട്ടുപിടിപ്പിച്ചുകൊണ്ടുമാത്രം പ്രയോജനമില്ല. അതുകൊണ്ട് നമ്മുടെ രാജ്യം നാശത്തിന്റെ ഗർത്തത്തിലേയ്ക്ക് പോയിക്കൊണ്ടിരിക്കുന്ന ഒരു സാഹചര്യമാണ്. ആദരണീയനായ ചെയറിനോട് ഒരു മിനിട്ടുകൂടി എനിക്ക് അനുവദിക്കണമെന്ന് അപേക്ഷയുണ്ട്.

അറിയാതെ ജനനിയെപ്പരിണയിച്ചൊരു യവന-
തരുണന്റെ കഥയെത്ര പഴകി
പുതിയ കഥയെഴുതുന്നു വസുധയുടെ മക്കളിവർ
വസുധയുടെ വസ്ത്രമുരിയുന്നു!
വിപണികളിലവ വിറ്റ് മോന്തുന്നു, വിടനഖര
മഴുമുനകൾ കേളി തുടരുന്നു!
കത്തുന്ന സൂര്യന്റെ കണ്ണുകളിൽ നിന്നഗ്നി
വർഷിച്ചു! രോഷമുണരുന്നു!
ആടി മുകിൽമാല കുടിനീര് തിരയുന്നു!
ആതിരകൾ കുളിര് തിരയുന്നു.
ആവണികളൊരു കുഞ്ഞു പൂവ് തിരയുന്നു!
ആറുകളൊഴുക്ക് തിരയുന്നു!
സർഗലയ താളങ്ങൾ തെറ്റുന്നു, ജീവരഥ-
ചക്രങ്ങൾ ചാലിലുറയുന്നു!

എന്നിങ്ങനെ ഒ.എൻ.വി. എഴുതിയിട്ടുണ്ട്. ഇതൊക്കെ സംഭവിക്കുന്നത് നമ്മുടെ പോരായ്മകൊണ്ടാണ്. വനം വകുപ്പുമന്ത്രിയെ മാത്രമായി ഞാൻ കുറ്റപ്പെടുത്തുന്നില്ല. പക്ഷെ വനം വകുപ്പുമന്ത്രിയെന്ന് പറയുന്ന ചെറിയ മനുഷ്യന് ഒരു മഹാജോലിയാണ് വാസ്തവത്തിൽ നൽകപ്പെട്ടിട്ടുള്ളത്. അത് ഭംഗിയായി നിറവേറ്റാൻ ശ്രമിക്കണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ പറയാനുള്ളത്. അതിന് സാധിക്കുന്നില്ല. 1600 കിലോമീറ്റർ നീളമുള്ള, 6 സംസ്ഥാനങ്ങളിലായി വ്യാപിച്ചുകിടക്കുന്ന പശ്ചിമഘട്ടം സംരക്ഷിക്കുന്നതിനുവേണ്ടി മാധവ് ഗാഡ്ഗിൽ കൊണ്ടുവന്ന റിപ്പോർട്ടുപോലും നിരാകരിച്ച മാന്യന്മാരാണ് ഞാൻ ഉൾപ്പെടെയുള്ള ആളുകളെന്ന് നമുക്കറിയാം. അതുകൊണ്ട് പശ്ചിമഘട്ട സംരക്ഷണം വളരെ പ്രധാനപ്പെട്ട ഒരു സംഗതിയായിട്ടാണ് ഞാൻ കാണുന്നത്. മറ്റൊരു കാര്യം എനിക്ക് പറയാനുള്ളത്, എന്റെ സ്നേഹിതൻ ശ്രീ. കെ. കുഞ്ഞിരാമൻ, ഞാൻ അദ്ദേഹത്തെ ഇഷ്ടപ്പെടുന്ന ആളാണ്, അദ്ദേഹം സാധാരണ വെറുതെ പ്രകോപിതനാകാറില്ല. എങ്ങനെയോ അബദ്ധത്തിൽ അദ്ദേഹം വേറെന്തൊക്കെയോ പറഞ്ഞു. പിന്നെ അതിൽനിന്ന് രക്ഷപ്പെടുന്നതിനുള്ള ശ്രമം നടത്തിയപ്പോൾ വലിയ ബുദ്ധിമുട്ടായി. ഹിന്ദുക്കൾ, മുസ്ലീങ്ങൾ, ക്രിസ്ത്യാനികൾ

എന്നൊന്നും പറഞ്ഞിട്ട് കാര്യമില്ല. ഹിന്ദുക്കളും ക്രിസ്ത്യാനികളും ഉൾപ്പെടെ എല്ലാ വിഭാഗം ആളുകളെടെയും വോട്ട് നേടിയാണ് നമ്മളെല്ലാവരും ജയിക്കുന്നത്. നമ്മുടെ നാട്ടിലുള്ള പ്രധാനപ്പെട്ട പ്രശ്നം ഹിന്ദുക്കൾക്ക് ഹിന്ദുത്വവും ഹിന്ദുക്കളുടെ വേദങ്ങളും ഉപനിഷത്തുക്കളും അറിഞ്ഞുകൂടാ, മുസ്ലീങ്ങൾക്ക് ഖുറാനും ക്രിസ്ത്യാനികൾക്ക് ബൈബിളും അറിഞ്ഞുകൂടാ എന്നുള്ളതാണ്. ഞാൻ ഇവിടെയുള്ളവരെക്കുറിച്ചല്ല പറയുന്നത്. ഇതെല്ലാം പരസ്പരം വായിക്കുകയും മനസ്സിലാക്കാനുമുള്ള ശ്രമം നടത്തണം. മുസ്ലീം ലീഗിനും കോൺഗ്രസിനും മാർക്സിസ്റ്റ് പാർട്ടിക്കും ഒരേ മതസ്ഥരുടെ മാത്രം വോട്ട് വാങ്ങി ജയിച്ചവരാൻ ഒരിക്കലും ആകില്ല. നമ്മുടെ പാർട്ടിയുടെ മുഴുവൻ വോട്ടും നമുക്ക് കിട്ടിയാലും നമ്മളാരും ജയിക്കില്ല. ഒരു പാർട്ടിയിലുമില്ലാത്ത മഹാഭൂരിപക്ഷം വരുന്ന ജനങ്ങളാണ് ജനാധിപത്യ ഇൻഡ്യയിൽ നമ്മളെ ജയിപ്പിക്കുന്നതെന്ന കാര്യം വിസ്മരിക്കാൻ പാടില്ല. അതുകൊണ്ട് ഇവിടെ ആചാരങ്ങളും വിശ്വാസങ്ങളും സംരക്ഷിക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ ഒരു നിയമനിർമ്മാണം നടത്തണമെന്ന് നമ്മുടെ സഭ ഏകകണ്ഠമായ ഒരു പ്രമേയം പാസ്സാക്കണം. ലോട്ടറിക്കും മുല്ലപ്പെരിയാറിനും വേണ്ടി പാസ്സാക്കിയതുപോലെ ഒരു പ്രമേയം പാസ്സാക്കാൻ ഈ ഗവൺമെന്റ് മുൻകയ്യെടുക്കണമെന്ന് ഞാൻ പറയുകയാണ്. അവസാനമായി എന്നെക്കുറിച്ച് ആദ്യം പറഞ്ഞ കാര്യത്തിന് മറുപടി പറയാം. ഞാനൊരു ശ്രദ്ധക്ഷണിക്കൽ കൊടുത്തത് അത്ര വലിയ അബദ്ധമാണെന്ന് കരുതേണ്ടതില്ല. കാരണം, ഞാനത് പിൻവലിച്ചുവെന്ന് ആരോ പറഞ്ഞു. ഈ പറയുന്നതൊന്നും വസ്തുതകളല്ല. 'One Step Forward, Two Steps Back' എന്നുപറയുന്ന ഒരു ലെനിനിസ്റ്റ് തന്ത്രമുണ്ട്. അതാണ് ഞാനും മുഖ്യമന്ത്രിയുമൊക്കെ പ്രയോഗിച്ചത്. അദ്ദേഹം പോലീസ് കമ്മീഷണറേറ്റ് രൂപീകരിക്കുമെന്ന് പറഞ്ഞിട്ട് പിന്നെ two step backward പോയി. എനിക്കും മുഖ്യമന്ത്രിക്കും മാത്രമേ അത് അറിയുകയുള്ളൂ. അത് പറയുന്നവർക്ക് അറിയാത്തതുകൊണ്ടാണ്. അതൊന്നും പോയിട്ടില്ല. നിങ്ങൾ കാത്തിരിക്കൂ, 'that subject is not over'. നിങ്ങൾ തിരക്ക് കൂട്ടരുത്, തോക്കിനകത്തുകയറി വെടിവയ്ക്കരുത്. 'ഇന്നേ ദിവസം എനിക്ക് ഹാജരാകാൻ സാധിക്കുകയില്ല അതുകൊണ്ട് മറ്റൊരു ദിവസത്തേയ്ക്ക് മാറ്റിത്തരണം' എന്നാണ് ഞാൻ ബഹുമാനപ്പെട്ട സ്പീക്കർക്ക് എഴുതിക്കൊടുത്തത്. അപ്പോൾ പത്രങ്ങളെഴുതിയത് കോൺഗ്രസ്സും ലീഗ് നേതാക്കന്മാരും എതിർത്തതുകൊണ്ടാണ് എന്നാണ്.

<u>മി. ചെയർമാൻ</u>: ബഹുമാനപ്പെട്ട അംഗം മൂന്ന് മിനിട്ട് അധികമായി. പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: കോൺഗ്രസ്സും എതിർത്തിട്ടില്ല, ലീഗ് നേതാക്കളും എതിർത്തിട്ടില്ല. കെ.എൻ.എ. ഖാദർ വിചാരിച്ചപ്പോൾ കൊണ്ടുവന്നു, കെ. എൻ. എ. ഖാദറിന് ഇപ്പോൾ വേണ്ട എന്ന് തോന്നിയപ്പോൾ നിർത്തി. That' s all. ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. ഇവിടെ യു.ഡി.എഫ്.-ൽ നിന്ന് ചർച്ച തുടങ്ങിയ പ്രിയപ്പെട്ട ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, എം.എൽ.എ. പറഞ്ഞത് കേരളത്തിൽ ഒന്നും നടക്കുന്നില്ല, ആകെ പ്രയാസത്തിലാണെന്നാണ്. ശ്രീകൃഷ്ണനെ കണ്ടുവന്ന കുചേലനെപ്പോലെയാണ് അദ്ദേഹം കാവ്യാത്മകമായി പറഞ്ഞത്. യു.ഡി.എഫ്. ഭരണകാലത്തെപ്പോലെയാണോ ഇന്നത്തെ റേഷൻ കടകളും മാവേലിസ്റ്റോറുകളും പ്രവർത്തിക്കുന്നത്. അവയൊക്കെ നന്നായി നടക്കുന്നതുകണ്ട് വിഭ്രാന്തികൊണ്ട് ഒന്നും കാണാൻ കഴിയാതെ ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, എം.എൽ.എ.-യെപ്പോലൊരാൾ അങ്ങനെ പറയുന്നത് ശരിയല്ല. കാവ്യാത്മകമായി അവതരിപ്പിക്കുന്നത് ഭംഗിയാണ്. എന്നാൽ രാജ്യത്ത് വന്നിട്ടുള്ള മാറ്റങ്ങൾ കാണാൻ കഴിയണം. നാം ഒരുമിച്ച് നിൽക്കേണ്ട സമയമാണിത്. ശ്രീ. നരേന്ദ്ര മോദി ഇന്നലെ എല്ലാവരെയും വിളിച്ചുചേർത്ത് പറഞ്ഞത്, ഒറ്റ തെരഞ്ഞെടുപ്പ് മതിയെന്നാണ്. അത് ഭരണഘടനാ വിരുദ്ധവും ഫെഡറൽ തത്വങ്ങൾക്കെതിരുമാണ്. അതിനെതിരെ നാം യോജിച്ചുനിൽക്കണം. ഇന്ന് കേരളം എല്ലാ കാര്യത്തിലും മുൻപന്തിയിലാണ്. ഏത് കാര്യത്തിലാണ് നാം പുറകിൽ നിൽക്കുന്നത്? ലോകത്തിനുതന്നെ മാതൃകയായ രീതിയിലല്ലേ ഇവിടെ കാര്യങ്ങൾ നടത്തുന്നത്; എൽ.ഡി.എഫ്. ഭരണം വന്നപ്പോൾ കാര്യങ്ങൾ ഭംഗിയായി നടത്താൻ കഴിഞ്ഞില്ലേ? കഴിഞ്ഞ മൂന്ന് വർഷത്തെ ഭരണനേട്ടങ്ങൾ യു.ഡി.എഫ്. രാഷ്ട്രീയമായി എതിർക്കുമെങ്കിലും നിഷേധിക്കാൻ കഴിയുമോ? നിങ്ങളും അതിന്റെ അനുഭവക്കാർ എന്നുള്ള നിലയിൽ കാര്യങ്ങളെ കാണാൻ കഴിയണം. യു.പി.എ. സർക്കാരിന്റെ കാലത്താണ് ഭക്ഷ്യസുരക്ഷാ നിയമം കൊണ്ടുവന്നത്. 154.8 ലക്ഷം ആളുകൾ മാത്രമാണ് ബി.പി.എൽ./അന്ത്യോദയ പട്ടികയിലുണ്ടായിരുന്നത്. ഈ സർക്കാർ 121 ലക്ഷം ആളുകളെക്കൂടി മുൻഗണനാപ്പട്ടികയിൽ ഉൾപ്പെടുത്തി അവർക്കുംകൂടി ആനുകൂല്യങ്ങൾ ലഭ്യമാക്കിയില്ലേ? രാജ്യം ലക്ഷ്യാധിഷ്ഠിത റേഷൻ വിതരണ പദ്ധതി പ്രഖ്യാപിച്ചപ്പോൾ നമ്മൾ സാർവ്വത്രിക റേഷൻ വിതരണം ഉപേക്ഷിക്കാതെ തുടർന്നില്ലേ; അത് ഉപേക്ഷിക്കാൻ നമ്മൾ തയ്യാറായില്ലല്ലോ? റേഷൻ കാർഡ് യഥാസമയം പുതുക്കി നൽകുകയും 14346 റേഷൻ കടകൾ ആധുനികവൽക്കരിക്കുകയും ചെയ്തു. റേഷൻ കാർഡുടമയ്ക്ക് സംസ്ഥാനത്ത് എവിടെനിന്നും റേഷൻ വാങ്ങാൻ സൗകര്യമുണ്ട്. റേഷൻ വാങ്ങുന്നവരുടെ എണ്ണം 65 ലക്ഷമായി ഉയർന്നിരിക്കുകയാണ്. സപ്ലൈകോ വഴി വിതരണം ചെയ്യുന്ന 13 സാധനങ്ങളുടെ വില ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർദ്ധിപ്പിച്ചിട്ടില്ല; ഈ സർക്കാരിന്റെ കാലാവധിയിൽ വർദ്ധിപ്പിക്കുകയുമില്ല. ഇങ്ങനെയല്ലേ വിലക്കയറ്റം തടയാൻ ഇടപെടേണ്ടത്? കേന്ദ്രസർക്കാരിന്റെ തെറ്റായ നയങ്ങളാണ് വിലക്കയറ്റത്തിന് ഇടയാക്കുന്നത്. അതിനുകാരണം ജി.എസ്.ടി.-യും കോർപ്പറേറ്റ് സേവയുമൊക്കെയല്ലേ; അതിനെ എതിർക്കാനല്ലേ യു.ഡി.എഫ്. മുന്നോട്ടുവരേണ്ടത്? സർക്കാർ അതിനെതിരായി ചില നടപടികൾ

സ്വീകരിക്കുമ്പോൾ അതിനെ കളിയാക്കുകയും കണ്ടില്ലെന്ന് നടിക്കുകയും ചെയ്യുന്നത് എത്രമാത്രം ദുഃഖകരമാണ്. സംസ്ഥാന സർക്കാരിനെ പ്രതിസന്ധിയിലാക്കി നിർത്താനുള്ള വ്യഗ്രതയാണ് യു.ഡി.എഫ്.-ന്റെ ഭാഗത്തുനിന്നും കാണാൻ കഴിയുന്നത്. അത് ഉപേക്ഷിക്കണം. വയനാട്ടിൽ ബി.പി.എൽ. മുൻഗണനാ ലിസ്റ്റിൽ തോട്ടം തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തുന്നതിനും റേഷൻ കാർഡ് ഇനിയും ലഭിക്കാത്ത ആദിവാസികൾ ഉൾപ്പെടെയുള്ള ആളുകൾക്ക് റേഷൻ ലഭിക്കുന്നതിനുവേണ്ടി പ്രത്യേക അദാലത്ത് താലൂക്ക് തലത്തിൽ നടത്തുന്നതിനും ഭക്ഷ്യ വകുപ്പുമന്ത്രി മുൻകയ്യെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഒട്ടേറെ നല്ല കാര്യങ്ങളാണ് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. ക്ഷീരമേഖലയിൽ കഴിഞ്ഞ വർഷങ്ങളിൽ നടത്തിയിട്ടുള്ള നേട്ടങ്ങൾ എത്രമാത്രം ശ്രദ്ധേയമാണ്. 2018-19-ലെ ഇന്ത്യാ ടുഡേ അവാർഡ് സർക്കാരിന് ലഭിക്കുകയുണ്ടായി. കഴിഞ്ഞ മൂന്നുവർഷംകൊണ്ട് 351 കോടി രൂപയാണ് ക്ഷീരമേഖലയിൽ ചെലവഴിച്ചതെന്ന് കാണാൻ കഴിയും. പാലുത്പാദനത്തിൽ സർവ്വകാല റിക്കോർഡാണത്. ഇപ്പോൾ പ്രതിദിനം 18.61 ലക്ഷം ലിറ്റർ പാലാണ് ഉത്പാദിപ്പിക്കാൻ കഴിയുന്നത്. മറ്റു സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് ഒരു ദിവസം 4.7 ലക്ഷം ലിറ്റർ പാൽ കൊണ്ടുവന്നിരുന്നത് ഇപ്പോൾ 1.5 ലക്ഷം ലിറ്ററായി കുറയ്ക്കാൻ കഴിഞ്ഞു. 500 രൂപയിൽനിന്നും 1100 രൂപയായി ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിക്കാൻ കഴിഞ്ഞു. മിൽമ യൂണിയനിൽ പലർക്കും അംഗത്വം നൽകില്ലായിരുന്നു. ഇവിടെ മിൽമയെക്കുറിച്ച് യു.ഡി.എഫ്.-കാർ വളരെ വാചാലമായി പ്രസംഗിക്കുന്നുണ്ട്. എത്ര സംഘങ്ങൾക്കാണ് അംഗത്വം നിഷേധിച്ചിരുന്നത്. ഈ സർക്കാർ 400 ക്ഷീരസംഘങ്ങൾക്കാണ് മിൽമ യൂണിയനിൽ അംഗത്വം നൽകാൻ തയ്യാറായത്. ഒരു പ്രത്യേക രീതിയിലായിരുന്നു അത് പോയിക്കൊണ്ടിരുന്നത്. അതിൽനിന്നെല്ലാം മാറ്റം വരുത്താൻ തയ്യാറായില്ലേ? കേരളത്തിൽനിന്നും ആനുകൂല്യം കിട്ടിക്കഴിഞ്ഞാൽ പശുക്കളെ തമിഴ്നാട്ടിൽ പോയി കൊണ്ടുവരണം. അതിനൊരു മാറ്റം വരുത്തേണ്ടതുണ്ട്. അവിടെനിന്നും കൊണ്ടുവരുന്ന പശുക്കൾക്ക് ധാരാളം പാൽ കിട്ടുന്നതാണെങ്കിലും ഇവിടെ കൊണ്ടുവന്നതിനുശേഷം അതിന്റെ കുട്ടികളിൽനിന്നും അധികം പാൽ കിട്ടുന്നില്ല. അതിനുവേണ്ടിയാണ് 'കിടാരി പാർക്ക് പദ്ധതി' സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കാൻ തയ്യാറായത്. ആ പദ്ധതി വഴി ശ്രദ്ധേയമായ നേട്ടങ്ങളുണ്ടാക്കാൻ കഴിയണം. ക്ഷീരമേഖലയെ കേന്ദ്ര സർക്കാർ ഇപ്പോഴും വ്യവസായത്തിന്റെ പട്ടികയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതിൽനിന്നും മാറ്റി കാർഷിക പട്ടികയിലുൾപ്പെടുത്താൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണം. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷീരകർഷകരുടെ ഭാഗത്തുനിന്നും ഉന്നയിച്ചിരുന്ന ഏറ്റവും പ്രധാനപ്പെട്ട ആവശ്യം പാലിന്റെ എസ്.എൻ.എഫ്.-ഉം ഫാറ്റും കുറയ്ക്കണമെന്നായിരുന്നു. ഈ സർക്കാർ അത് 8.5-ൽ നിന്ന് 8.3 ആയും 3.5-ൽനിന്നും 3.2 ആയും കുറച്ചു. അതിലൂടെ ക്ഷീരകർഷകർക്ക് വലിയ പ്രയോജനം ലഭിച്ചു. വെച്ചൂർ പശുക്കൾ, കാസർഗോഡ് കുള്ളൻ എന്നീ പശുക്കളെ പ്രത്യേകമായി

സംരക്ഷിക്കുന്നതുപോലെ വയനാടൻ തനത് നാടൻ പശുക്കളെ സംരക്ഷിക്കാൻ കഴിയണം. ഏകദേശം ഇരുന്നൂറോളം പശുക്കൾ മാത്രമേ ആ ഇനത്തിൽ ഇപ്പോൾ ബാക്കിയുള്ളൂ. അതിനെ സംരക്ഷിക്കാൻ പ്രത്യേക പദ്ധതി നടപ്പിലാക്കണമെന്ന് ക്ഷീര വകുപ്പുമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. പ്രകൃതിയോടിണങ്ങിച്ചേരുന്ന സുസ്ഥിര ജൈവകാലി പാലുത്പാദന പദ്ധതി ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. കേരളത്തിൽ ഏറ്റവും കൂടുതൽ പാലുത്പാദിപ്പിക്കുന്ന ജില്ലയാണ് വയനാട്. അവിടെ കന്നുകാലികളുടെയും പശുക്കളുടെയും എണ്ണത്തിനനുസരിച്ചുള്ള മൃഗാശുപത്രികളില്ല. സംസ്ഥാനത്തിനാകെ ഒരേ പാറ്റേണാണ്. അതിൽനിന്നുംമാറ്റി കൂടുതൽ ആശുപത്രികൾ അവിടെ അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. ഗുണനിലവാരം കൂടിയ ജൈവ കാലിത്തീറ്റ ഉത്പാദനത്തിനും വിലക്കയറ്റം നിയന്ത്രിക്കാനും ആവശ്യമായ ശക്തമായ നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. ഡയറി ഫിനാൻസ് കോർപ്പറേഷൻ രൂപീകരിക്കണമെന്ന നയം സർക്കാരിനുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് അടിയന്തരമായി രൂപീകരിക്കണം. ഇപ്പോൾ പശുക്കളെ വാങ്ങുന്നതിന് വായ്പയെടുത്താൽ 11 ശതമാനം പലിശ കൊടുക്കണം, എന്നാൽ കാർഷിക ലോണിന് 4 ശതമാനമാണ് പലിശ. ഡയറി ഫിനാൻസ് കോർപ്പറേഷൻ രൂപീകരിച്ചാൽ ഇതിന് പരിഹാരമുണ്ടാക്കാൻ കഴിയും. അതിനാവശ്യമായ നിലപാട് അടിയന്തരമായി സർക്കാരിന്റെ ഭാഗത്തു നിന്നുമുണ്ടാകണം.

ഇന്ത്യയുടെ ഭൂവിസ്തൃതിയുടെ 20 ശതമാനം വനമാണ്, കേരളത്തിൽ അത് 30 ശതമാനമാണ്, വയനാട്ടിൽ 40 ശതമാനത്തോളം വനമുണ്ടെന്ന് നമുക്ക് കാണാൻ കഴിയും. വനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് എനിക്കുമുമ്പ് സംസാരിച്ച ശ്രീ. കെ. എൻ. എ. ഖാദർ വളരെ ഭംഗിയായി ഇവിടെ പറഞ്ഞു. അദ്ദേഹം പറഞ്ഞത് വളരെ ശരിയാണ്. അതിനുമുമ്പ് ശ്രീ. കെ. കുഞ്ഞിരാമൻ സംസാരിച്ചപ്പോൾ ശ്രീ. രാഹുൽ ഗാന്ധിയുടെ സ്ഥാനാർത്ഥിത്വവുമായി ബന്ധപ്പെട്ട് സംസാരിച്ചു. അദ്ദേഹം പറഞ്ഞ കാര്യങ്ങളൊക്കെ നൂറ് ശതമാനവും ശരിയാണെന്ന് മാത്രമല്ല, കേരളത്തിലെ മുസ്ലീങ്ങളെയെല്ലാം അപമാനിച്ചപ്പോൾ അതിനെതിരെ എം.പി. ആയതിനുശേഷവും എം.പി. ആകുന്നതിനുമുമ്പും ശ്രീ. രാഹുൽ ഗാന്ധി ഒരക്ഷരം മിണ്ടിയിട്ടില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണിയാണ് ശ്രീ. അമിത് ഷായുടെ പ്രസ്താവനയ്ക്കെതിരെ ഇലക്ഷൻ കമ്മീഷന് പരാതി കൊടുത്തിരുന്നത്. ആ കാര്യങ്ങൾ ഞാൻ ഇവിടെ ശ്രദ്ധയിൽപ്പെടുത്തിയെന്ന് മാത്രമേയുള്ളൂ.

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വന്യമൃഗത്തിന്റെ ആക്രമണത്താൽ ഒരാൾ മരണപ്പെട്ടാൽ ആ കുടുംബത്തിന് കൊടുത്തിരുന്നത് 5 ലക്ഷം രൂപയായിരുന്നു. അത് ഈ സർക്കാർ 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. ഇപ്പോൾ ഇൻഷ്വറൻസ് ഉൾപ്പെടെ 11 ലക്ഷം രൂപ ലഭിക്കും. ഒരാൾക്ക് പരുക്കുമൂലം അംഗവൈകല്യം സംഭവിച്ചാൽ ഇപ്പോൾ 2 ലക്ഷം രൂപ നൽകും. പാമ്പുകടിയേറ്റ്

മരിച്ചവർക്ക് നേരത്തെ 1 ലക്ഷം രൂപയായിരുന്നു നൽകിയിരുന്നതെങ്കിൽ ഇപ്പോൾ അത് 2 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചു. അതുപോലെ പരുക്കുപറ്റിയവരുടെ ചികിത്സയ്ക്കുവേണ്ടിയുള്ള തുക ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വന്യമൃഗങ്ങൾ കൃഷി നശിപ്പിച്ചാൽ വർഷത്തിൽ ഒരു തവണ മാത്രമായിരുന്നു നഷ്ടപരിഹാരം കൊടുത്തിരുന്നത്. ഇപ്പോൾ നഷ്ടപരിഹാരം ഇരട്ടിയാക്കുകയും വർഷത്തിൽ നാലുതവണ വരെ നഷ്ടപരിഹാരം നൽകാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു. ഈ രീതിയിൽ ശ്രദ്ധേയമായ മാറ്റങ്ങളാണ് ഈ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ളത്. കാലാവസ്ഥാ വ്യതിയാനവും വനത്തിനുള്ളിൽ തീറ്റയുമൊക്കെ ലഭിക്കാത്തതുകൊണ്ടാണ് വന്യമൃഗങ്ങൾ നാട്ടിലേയ്ക്ക് ഇറങ്ങുന്നത്. അത് തടയാൻ കഴിയണം. അതുപോലെ ഏകവിള തോട്ടങ്ങൾ പൂർണ്ണമായും ഇല്ലാതാക്കാൻ കഴിയണം. തേക്ക്, യൂക്കാലിപ്റ്റസ് പോലുള്ള ഏകവിള തോട്ടങ്ങൾ വെട്ടിമാറ്റി ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കാനും വന്യമൃഗങ്ങൾക്ക് ആവശ്യമായ തീറ്റയും വെള്ളവും ഒരുക്കുന്നതിനും ഒരു പദ്ധതി നടപ്പിലാക്കണം. കാടും നാടും ശാസ്ത്രീയമായി വേർതിരിക്കണം. അത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. മനുഷ്യരും മൃഗങ്ങളും തമ്മിലുള്ള സംഘർഷം ഒഴിവാക്കാൻ ഇതല്ലാതെ മറ്റ് മാർഗ്ഗങ്ങളില്ല. അതിന് റെയിൽവെ ഫെൻസിംഗ്, മാങ്കുളം മോഡൽ റോ ഫെൻസിംഗ് എന്നിവ നടപ്പിലാക്കി ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനാവശ്യമായ നടപടി സ്വീകരിക്കണം. കാടും നാടും വേർതിരിക്കുന്നതിനെക്കുറിച്ച് ആലോചിക്കാൻ ജില്ലയിലെ എം.എൽ.എ.-മാരുടെ ഒരു യോഗം ബഹുമാനപ്പെട്ട മന്ത്രി വിളിച്ച് ചേർത്തിരുന്നു. അതിൽ മൂന്ന് ഡിവിഷനുകളും പ്രത്യേക പദ്ധതിക്കുവേണ്ടി പ്രോജക്ട് തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിരിക്കുകയാണ്. അത് അടിയന്തരമായി നടപ്പിലാക്കാൻ മുൻകയ്യെടുക്കണം. വയനാട്ടിൽ 88 കടുവകളും 154 ആനകളുമുണ്ടെന്നാണ് കണക്ക്. 256 കിലോമീറ്റർ പവർ ഫെൻസിംഗും 412 കിലോമീറ്റർ ട്രഞ്ചും 9 കിലോമീറ്ററിൽ ആനമതിലുമുണ്ട്. വയനാട്ടിൽ ആനകളെ ഓടിക്കാനുള്ള ആർ.ആർ.റ്റി. യൂണിറ്റ് ഒരെണ്ണം മാത്രമേയുള്ളൂ. അവിടെ ആവശ്യമായ ഉദ്യോഗസ്ഥരെ നിയമിച്ച് ആർ.ആർ.റ്റി. യൂണിറ്റുകളുടെ എണ്ണം മൂന്നായി വർദ്ധിപ്പിക്കാനുള്ള നടപടിയെടുക്കണം.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, അങ്ങ് പാലുമായി ബന്ധപ്പെട്ട കാര്യങ്ങളിലൊക്കെ വലിയ അനുഭവസമ്പത്തുള്ള ആളാണ്. പാൽ ശീതീകരിക്കാതെതന്നെ കേടുവരാതെ ദിവസങ്ങളോളം ഉപയോഗിക്കാവുന്ന പദ്ധതിയുടെ ഉദ്ഘാടനം ഇന്ന് മിൽമ നിർവ്വഹിക്കുന്നുണ്ട്. അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ് ?

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: സർ, മിൽമ നടത്തിയിട്ടുള്ള കാര്യങ്ങളെക്കുറിച്ച് കൂടുതൽ അറിയാത്തതുകൊണ്ട് മറ്റ് വിശദാംശങ്ങൾ എനിക്ക് പറയാൻ കഴിയില്ല. അങ്ങ് പറഞ്ഞ കാര്യത്തെക്കുറിച്ച് ഞാൻ പൂർണ്ണമായും മനസ്സിലാക്കിയിട്ടില്ല.

വയനാട്ടിൽ ഈ വർഷം മൂന്നുപേരെ ആന ചവിട്ടിക്കൊന്നു. കഴിഞ്ഞ ദിവസമാണ് കെഞ്ചൻ എന്ന ഫോറസ്റ്റ് വാച്ചറെ തിരുനെല്ലി പഞ്ചായത്തിൽ ആന ചവിട്ടിക്കൊന്നത്. 140 പേർ വന്യമൃഗ ശല്യത്താൽ മരിച്ച ഒരു പ്രദേശമാണത്. ഇതിന്റെയൊക്കെ അടിസ്ഥാനത്തിൽ കാടും നാടും തമ്മിൽ വേർതിരിക്കാനാവശ്യമായ പദ്ധതി അടിയന്തരമായി നടപ്പിലാക്കണം. വനം നമ്മുടെ നാടിന്റെ സമ്പത്താണ്. അത് സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ നമുക്കൊരുമിച്ച് നിൽക്കാൻ കഴിയണം. കരടിക്കുട്ടികളും മാൻകുട്ടികളും പന്നിക്കുട്ടികളും പുൽമേടുകളും പർവ്വതങ്ങളും മനുഷ്യരും ഒരേ കുടുംബാംഗങ്ങളാണെന്നാണ് 1857-ൽ അമേരിക്കൻ പ്രസിഡന്റിനോട് അവിടത്തെ ആദിവാസി നേതാവ്, ചരിത്രത്തിൽ 'സിയാറ്റിൽ മൂപ്പൻ' എന്ന് രേഖപ്പെടുത്തിയിട്ടുള്ള സുഖ്വാമിഷ് പറഞ്ഞിരിക്കുന്നത്. അത് നമുക്കെല്ലാവർക്കും ബാധകമാണ്. ആ കാഴ്ചപ്പാട് ഉയർത്തിപ്പിടിച്ചുകൊണ്ടുവേണം പ്രവർത്തിക്കേണ്ടത്. അതിനനുസരിച്ചുള്ള കാര്യങ്ങൾ ചെയ്യാൻ കഴിയണം. എന്നാൽ വനം വകുപ്പ് ഉദ്യോഗസ്ഥരിൽ ഒരു ചെറിയ വിഭാഗം ഉദ്യോഗസ്ഥർ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ അങ്ങേയറ്റം വേദനാജനകമാണ്. അനാവശ്യമായ തടസ്സവാദങ്ങളുണ്ടാക്കിയും ആളുകളെ ദ്രോഹിച്ചും വികസന പ്രവർത്തനങ്ങൾ തടയുന്നതുമായ നിലപാട് ഒരു സാഡിസ്റ്റിക് ഹോബിയായി ചെറിയൊരു വിഭാഗം വനം വകുപ്പ് ഉദ്യോഗസ്ഥൻമാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നുണ്ട്. അത് തടയാൻ കഴിയണം. വയനാട്ടിൽ കാഞ്ഞിരത്തനാൽ ജോർജ് എന്നയാളുടെ ഭൂമി അടിയന്തരാവസ്ഥ കാലത്ത് വനം വകുപ്പ് ഉദ്യോഗസ്ഥർ കള്ള റിക്കോർഡുണ്ടാക്കി തട്ടിയെടുത്തു. ആ ഭൂമി തിരിച്ചുകൊടുക്കാനാവശ്യമായ നടപടി സ്വീകരിക്കണം. 3-6-2019-ന് നിയമസഭാ പെറ്റീഷൻസ് കമ്മിറ്റിയുടെ ഇതുസംബന്ധിച്ച യോഗത്തിൽ എല്ലാവരേയും തെളിവെടുപ്പിന് വിളിച്ചിരുന്നു. സംസ്ഥാനത്തിന്റെ സർവ്വെ ഡയറക്ടർ ആ യോഗത്തിൽ പറഞ്ഞത്, വനം വകുപ്പ് കള്ള റിക്കോർഡാണുണ്ടാക്കിയിരിക്കുന്നത്, സർവ്വെ റിക്കോർഡ് തെറ്റാണെന്നാണ്. പരസ്യമായി പെറ്റീഷൻസ് കമ്മിറ്റിയിൽ പറഞ്ഞ കാര്യമാണ്. ആഗസ്റ്റ് മാസം 2-ാം തീയതി ആ ഭൂമി വീണ്ടും അളക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് വനം വകുപ്പിനോട് ഹൈക്കോടതിയിൽ ഹാജരാകേണ്ടതില്ലെന്നും സർക്കാർ അവിടെ വാദഗതികൾ ഉന്നയിക്കുമെന്നും പറഞ്ഞിരുന്നു. അതിനെയെല്ലാം ലംഘിച്ചുകൊണ്ട് ഹൈക്കോടതിയിൽ മതിയായ രേഖ ഹാജരാക്കാതെ, സർക്കാർ വിജിലൻസ് അന്വേഷണത്തിലൂടെ അത് കാഞ്ഞിരത്തനാൽ ജോർജിന്റെ ഭൂമിയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാനന്തവാടി സബ്കളക്ടർ കണ്ടെത്തിയിട്ടുള്ള റിപ്പോർട്ടിനകത്തും കാഞ്ഞിരത്തനാൽ ജോർജിന്റെ ഭൂമിയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. അതൊക്കെ മറച്ചുവച്ചുകൊണ്ട് വനം വകുപ്പ് ചില ഉദ്യോഗസ്ഥരെ സംരക്ഷിക്കുന്നതിനുവേണ്ടി അങ്ങേയറ്റം ദ്രോഹിക്കുകയാണ്. ജോർജും അദ്ദേഹത്തിന്റെ ഭാര്യയും മരിച്ചു. 12 ഏക്കർ

ഭൂമിയുണ്ടായിട്ടും ഒരു സെന്റ് ഭൂമിപോലുമില്ലാതെ ജോർജിന്റെ ഇളയകുട്ടി കോൺവെന്റിൽ കഴിയുകയാണ്. ഈ കാര്യങ്ങളെല്ലാം നമുക്ക് തിരിച്ചറിയാനും അതിനാവശ്യമായി നടപടി സ്വീകരിക്കാനും കഴിയണം. അതുപോലെ പട്ടികജാതിക്കാരനായ പുരുഷോത്തമൻ എന്നയാളിന്റെ ഭൂമി വനം വകുപ്പ് തട്ടിയെടുത്തു. അദ്ദേഹത്തിന് ആ ഭൂമി തിരിച്ചുകൊടുക്കാൻ ഫോറസ്റ്റ് ട്രിബ്യൂണൽ വിധിച്ചു. അതൊന്നും നടപ്പിലാക്കാൻ കഴിയുന്നില്ല. അത് കഴിഞ്ഞ ദിവസം വീണ്ടും പെറ്റീഷൻസ് കമ്മിറ്റിയിൽ വന്നതിന്റെ അടിസ്ഥാനത്തിൽ അവിടത്തെ ഡി.എഫ്.ഒ.-യെ മാറ്റുന്നതിനുള്ള നിർദ്ദേശം കൊടുക്കാൻ തീരുമാനിച്ചു. ഇതിനെയെല്ലാം മറികടക്കാനുള്ള നിലപാടാണ് ഒരു വിഭാഗം വനം വകുപ്പ് ഉദ്യോഗസ്ഥർ സ്വീകരിക്കുന്നത്. കൺകറന്റ് ലിസ്റ്റിലാണെന്നതുകൊണ്ട് സംസ്ഥാന സർക്കാരിന്റെ നയങ്ങൾ നടപ്പിലാക്കേണ്ടതില്ലെന്നാണ് അവർ ആലോചിക്കുന്നത്. ഇത് തിരുത്താൻ കഴിയണം. ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇവിടെ വനം വകുപ്പിന്റെ ചർച്ച നടക്കുമ്പോൾ വന്യമൃഗങ്ങളുടെ അക്രമംമൂലമുണ്ടാകുന്ന മരണം, നാശനഷ്ടങ്ങൾ, ഭീഷണി ഇവയെല്ലാം ചർച്ചാവിഷയമായി. അതിനെ കേവലം മാൻ-അനിമൽ കോൺഫ്ലിക്ട് എന്നുപറഞ്ഞ് ലഘൂകരിക്കാൻ ശ്രമിക്കുന്നത് ശരിയല്ല. ഇവിടെ ചർച്ചയിൽ പങ്കെടുത്ത ഭൂരിഭാഗംപേരും വനാതിർത്തി പങ്കിടുന്ന പ്രദേശങ്ങളിലെ എം.എൽ.എ.-മാരാണ്. അവിടങ്ങളിലെ പ്രശ്നങ്ങൾ അവർ ചൂണ്ടിക്കാട്ടി. കാട്ടിലെ മൃഗങ്ങളുടെ എണ്ണം കൂടിവരുന്നു; അവ നാട്ടിലേയ്ക്കിറങ്ങുന്നു. വനാതിർത്തിയിൽ മാത്രമല്ല, ജനവാസ കേന്ദ്രങ്ങളിലേയ്ക്കും കൃഷി സ്ഥലങ്ങളിലേയ്ക്കും കിലോമീറ്ററുകൾ ദൂരത്തിലേയ്ക്ക് ആനകൾ വരികയാണ്. അതിന് ഒരു ഉദാഹരണം, എന്റെ നിയോജകമണ്ഡലത്തിൽ മുഴക്കുന്ന് പഞ്ചായത്തിൽ മുഴക്കുന്ന് മൃദംഗശൈലീശ്വരി ക്ഷേത്രം വളരെ പ്രസിദ്ധമാണ്. ആ ക്ഷേത്രത്തിനടുത്ത് താമസിക്കുന്ന വിനോദ് എന്ന വ്യക്തി ഒരു വർഷംമുമ്പ് കോഴിക്കോട് വിമാനത്താവളത്തിൽ ഒരാളെ യാത്രയാക്കുന്നതിനുവേണ്ടി പോയിട്ട് വേറൊരു ബന്ധുവിന്റെ വീടുവരെ കാറിൽ വന്നു. ആ ബന്ധുവീട്ടിൽ നിന്ന് ഇയാളുടെ വീട്ടിലേയ്ക്ക് വന്നു. വിനോദിന്റെ വീട് വനാതിർത്തിയിൽ നിന്ന് 10 കി.മീറ്റർ വെളിയിലാണ്. മൂന്ന് മെക്കാർഡിൻ ടാർ റോഡ് കഴിഞ്ഞുവരണം. വീട്ടിലേയ്ക്ക് വരുമ്പോൾ 200 മീറ്റർ ഇടവഴി മണ്ണ് റോഡുണ്ട്. ആ റോഡിലൂടെ വിനോദ് സ്വന്തം ബൈക്ക് ഓടിച്ച് വരുമ്പോൾ താഴെയൊരു കറുത്ത രൂപം നിൽക്കുന്നു. ഇടവഴിയാണ്, രണ്ട് സൈഡിലും മൺതിട്ടയാണ്, കറുത്ത രൂപം നിൽക്കുന്നതുകണ്ട് അദ്ദേഹം പെട്ടെന്ന് ബൈക്ക്

ഓഫാക്കി. ഉടനെ ആന വന്ന് എടുത്തെറിയുകയും അദ്ദേഹം ആ വഴിയിൽത്തന്നെ വീഴുകയും ചെയ്തു. വഴിയുടെ ഇരുവശത്തും മൺതിട്ടയാണ്. ആന ചവിട്ടാനായി നടന്നുവന്നു, പക്ഷെ, ചവിട്ടാതെ ആന കാൽ വലിച്ചു. ആനയുടെ കാൽ തട്ടി അദ്ദേഹത്തിന് ഗുരുതരമായി പരിക്കുപറ്റി. കോഴിക്കോട്ടുള്ള സ്വകാര്യ ആശുപത്രിയിൽ ചികിത്സിച്ചതിന് 10 ലക്ഷം രൂപ ചെലവായി. വനാതിർത്തിയിൽ നിന്ന് 10 കി.മീറ്റർ ദൂരത്തിൽ താമസിക്കുന്ന ഒരു വ്യക്തി വിമാനത്താവളത്തിൽപ്പോയി വീട്ടിലേയ്ക്ക് വന്നപ്പോൾ വീട്ടിൽ നിന്ന് 100 മീറ്റർ ദൂരത്തുവച്ചുണ്ടായ അനുഭവമാണ്. 10 ലക്ഷം രൂപയാണ് ആശുപത്രി ബിൽ. അദ്ദേഹത്തിന്റെ ഹയർ സെക്കന്ററിയിൽ പഠിക്കുന്ന മകൾ ബഹുമാനപ്പെട്ട മന്ത്രി കണ്ണൂരിൽവച്ച് വനം വകുപ്പിന്റെ യോഗം വിളിച്ചപ്പോൾ എന്റെ സാന്നിധ്യത്തിൽ ആ ബിൽ സഹിതമുള്ള കത്ത് കൊടുത്തു. അതുകൊണ്ട് മാത്രം ചികിത്സ തീർന്നില്ല, പിന്നെ ആയുർവ്വേദ ചികിത്സയാണ്. ഒരു മറുപടിയും ഇതുവരെ കിട്ടിയിട്ടില്ല. ഞാൻ അന്വേഷിക്കുന്നുണ്ട്. ഞാൻ വീണ്ടും അദ്ദേഹത്തെ വീട്ടിൽപോയി ഒന്നുരണ്ട് പ്രാവശ്യം കണ്ടു. ആയുർവ്വേദ ആശുപത്രിയിൽ അഡ്മിറ്റായി വീണ്ടും ചികിത്സ തുടരുകയാണെന്ന് മനസ്സിലാക്കി. ഇത്തരം പ്രശ്നങ്ങൾ വളരെ ഗുരുതരമായി അവിടെ നിൽക്കുകയാണ്. ആന, പന്നി, കുരങ്ങ് എന്നിവയുടെ ശല്യം ഞങ്ങൾ ധാരാളമായി അനുഭവിക്കുകയാണ്. എനിക്കിപ്പോൾ ഭാര്യവീട്ടിൽ പോകാൻ പറ്റാത്ത സ്ഥിതിയാണ്. കല്യാണം ആലോചിക്കുമ്പോൾ അവിടെ പ്രശ്നമൊന്നുമില്ലായിരുന്നു. ഇപ്പോൾ ആറളം വന്യജീവി സങ്കേതം വന്നിരിക്കുകയാണ്. ഇന്നലെ ഞാൻ വിളിച്ചപ്പോൾ ഭാര്യാ സഹോദരന്മാരുടെ വീടുകളിൽ നിന്ന് ഫോൺ വന്നിരിക്കുകയാണെന്ന് ഭാര്യ എന്നോട് പറഞ്ഞു. വനാതിർത്തിയിൽ നിന്നും വളരെ ദൂരത്തിലുള്ള വീടാണത്. രണ്ട് വീട്ടിലും പകൽ സമയത്തുതന്നെ ആന ഇറങ്ങുകയാണ്. റബ്ബർ ടാപ്പിംഗിന് തൊഴിലാളികൾക്ക് പോകാൻ കഴിയുന്നില്ല. പാല് കറന്ന് കൊണ്ടുപോയി സൊസൈറ്റിയിൽ കൊടുക്കാൻ കഴിയുന്നില്ല. It is a very serious issue. ഈ പ്രശ്നം പരിഹരിക്കാൻ വനം വകുപ്പുമന്ത്രി, കൃഷി വകുപ്പുമന്ത്രി, പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പുമന്ത്രി എന്നിവർ ആറളത്തെ പുനരധിവാസ മേഖലയിൽ വന്ന് ചർച്ച നടത്തി ചില പദ്ധതികൾ പ്രഖ്യാപിച്ചിട്ട് പോയതാണ്. പക്ഷെ നടപ്പിലാകുന്നില്ല. അതുകൊണ്ട് വളരെ ഗൗരവത്തിൽ ഈ വിഷയത്തെ കാണണമെന്ന അഭിപ്രായമാണുള്ളത്. വനത്തിനകത്ത് കുടിവെള്ളവും ഭക്ഷണവും വേണമെന്ന കാര്യത്തിൽ തർക്കമില്ല. പക്ഷെ വെള്ളം കൊടുത്തതുകൊണ്ട് മാത്രം കാര്യമില്ല. വന്യമൃഗങ്ങളുടെ എണ്ണം വർദ്ധിക്കുകയാണ്, നാട്ടിലേയ്ക്ക് ഇറങ്ങുകയാണ്. നാട്ടിൽപ്പോലും മനുഷ്യർക്ക് കുടിവെള്ളം കൊടുക്കാൻ സാധിക്കാത്ത സാഹചര്യമാണ്. കാട്ടിൽ കൊണ്ടുപോയി മൃഗങ്ങൾക്ക് കുടിവെള്ളം കൊടുക്കുന്നത് നല്ല കാര്യമാണ്. പക്ഷെ മനുഷ്യജീവൻ രക്ഷിക്കാനാവശ്യമായ നടപടി വേണം.

രണ്ടാമത്തെ പ്രധാനപ്പെട്ട വകുപ്പാണ് ക്ഷീരമേഖല. കാർഷിക മേഖല പൊതുവിൽ തകർച്ച നേരിടുമ്പോൾ കൃഷിക്കാർ അല്പമെങ്കിലും ആശ്രയിക്കുന്ന അനുബന്ധ മേഖലയാണ് ക്ഷീരോല്പാദന മേഖല. ക്ഷീരോല്പാദന മേഖലയ്ക്ക് ജനജീവിതത്തിൽ വലിയ പ്രാധാന്യമുണ്ട്. സഹകരണ പ്രസ്ഥാനത്തിന്റെ പ്രവർത്തനത്തിന്റെ ഫലമായിട്ടാണ് ആ മേഖല നിലനിൽക്കുന്നത്. പ്രാഥമിക ക്ഷീര സംഘങ്ങളില്ലെങ്കിൽ കൃഷിക്കാർക്ക് അവർ ഉല്പാദിപ്പിക്കുന്ന പാൽ വിതരണം ചെയ്യാനും കൃത്യമായ വില കിട്ടാനും വിപണി കണ്ടെത്താനും സാധ്യമല്ല. ആ ക്ഷീര സംഘങ്ങളെ കോർത്തിണക്കുന്ന മേഖലാ യൂണിയനുകളും അതിന്റെ ഫെഡറേഷനുമെല്ലാം കൂടി ചേർന്ന ഒരു സഹകരണ പ്രസ്ഥാനത്തിന്റെ കുടക്കീഴിലാണ് കേരളത്തിലെ ക്ഷീര സംഘങ്ങളും ക്ഷീര കർഷകരും ഇന്ന് പിടിച്ചുനിന്ന് മുന്നോട്ടുപോകുന്നത്. പക്ഷെ സർക്കാർ ഈ സംഘങ്ങളുടെ നിലനിൽപ്പിനെ സാരമായി ബാധിക്കുന്ന നടപടികൾ സ്വീകരിക്കുകയാണ്. സഹകരണ പ്രസ്ഥാനത്തിന്റെ ഏറ്റവും ശക്തമായിട്ടുള്ള നിലനിൽപ്പ് അതിലെ ജനാധിപത്യമാണ്. പരിയാരം മോഡൽ, എ.കെ.ജി. മോഡൽ എന്നിങ്ങനെയുള്ള മോഡൽ ഇന്ന് ക്ഷീരമേഖലയിലേയ്ക്കും കൊണ്ടുവരാൻ ചില കേന്ദ്രങ്ങൾ ശ്രമിക്കുകയാണ്. ബഹുമാനപ്പെട്ട ക്ഷീര വകുപ്പുമന്ത്രി അറിഞ്ഞോ അറിയാതെയോ അതിന് കൂട്ടുനിൽക്കരുത്. കൂട്ടുനിൽക്കുന്നുവെന്ന് ഞാൻ പറഞ്ഞപ്പോൾ, മലബാർ മേഖലാ യൂണിയൻ പിരിച്ചുവിട്ടത് അവിടെ തെരഞ്ഞെടുപ്പിന് റെസല്യൂഷൻ എടുക്കാത്തതുകൊണ്ടാണെന്ന് കഴിഞ്ഞ പ്രാവശ്യം സഹകരണ വകുപ്പുമന്ത്രി പറഞ്ഞു. എനിക്ക് അതിന്റെ വിശദാംശങ്ങൾ ശരിയായി അറിയില്ലായിരുന്നു. കേരള സർക്കാർ സഹകരണ നിയമത്തിൽ തെരഞ്ഞെടുപ്പിനെ മാത്രം അടിസ്ഥാനപ്പെടുത്തി കൊണ്ടുവന്ന ഓർഡിനൻസിന്റെ (ഓർഡിനൻസ് നമ്പർ 51/2018) ബലത്തിലാണ് പിരിച്ചുവിട്ടതെന്ന് ഞാൻ പറഞ്ഞപ്പോൾ ക്ഷീര വകുപ്പുമന്ത്രി അത് ഖണ്ഡിച്ചു. പക്ഷെ ഞാനത് കൂടുതലായി മനസ്സിലാക്കി. അതായത്, മലബാർ മേഖലാ യൂണിയൻ 22-10-2018-ലെ ഭരണസമിതി തീരുമാനപ്രകാരം 23-12-2018-ന് കുന്ദമംഗലം കെ.പി. ജ്യോതി മെമ്മോറിയൽ സ്കൂളിൽവച്ച് തെരഞ്ഞെടുപ്പ് നടത്താൻ തീരുമാനിച്ചിരുന്നു. 22-10-2018-ലെ തീരുമാനപ്രകാരം 23-12-2018-ന് കുന്ദമംഗലം കെ. പി. ജ്യോതി മെമ്മോറിയൽ സ്കൂളിൽ വച്ച് തെരഞ്ഞെടുപ്പ് നടത്താൻ തീരുമാനിച്ച് ഭരണസമിതി ഈ തീരുമാനം 24-10-2018-ന് ഡയറക്ടർക്ക് അയച്ചുകൊടുത്തിരുന്നു. ഡയറക്ടർ ഈ തീരുമാനത്തിന് 29-10-2018-ൽ 19231-ാം നമ്പർ കത്തായി മറുപടി കൊടുത്തു; എന്താണ്? തെരഞ്ഞെടുപ്പ് അട്ടിമറിച്ചത് ഡയറക്ടറാണ്. ഈ തീരുമാനപ്രകാരം തെരഞ്ഞെടുപ്പ് നടത്താൻ സാധ്യമല്ലെന്ന് പറഞ്ഞ് ക്ഷീര സംഘം ഡയറക്ടറാണ് ഫലത്തിൽ മലബാർ മേഖലാ യൂണിയൻ തെരഞ്ഞെടുപ്പിനെ അട്ടിമറിച്ചത്.

അതിൽ പറഞ്ഞ കാര്യം എന്താണ്; സർക്കാർ കൊണ്ടുവന്ന ഓർഡിനൻസ് പ്രകാരം ആ മേഖലയിലെ എല്ലാ ജില്ലാ പ്രതിനിധികളെയും തെരഞ്ഞെടുക്കുന്നത് ജില്ലയിലെ വോട്ടർമാരാണ്. അതാണ് മെറ്റീരിയലായിട്ടുള്ള ആൾട്ടറേഷൻ, ഈ ഓർഡിനൻസ്. അങ്ങനെ വരുമ്പോൾ ജില്ലാതലത്തിൽ നിങ്ങൾ യോഗം ചേർന്നിട്ടില്ലെന്ന് പറഞ്ഞാണ് ഡയറക്ടർ കത്ത് കൊടുത്തത്. പ്രാഥമികമായി അറിയുന്ന ആളുകൾക്കറിയാം, സഹകരണ സംഘത്തിലെ തെരഞ്ഞെടുപ്പ് നടത്തുന്നത് സംഘം ജനറൽ ബോഡിയാണ്. തെരഞ്ഞെടുപ്പിനുവേണ്ടി വിളിച്ചുചേർക്കുന്നത് സംഘം ജനറൽ ബോഡിയാണ്. ആ ജനറൽ ബോഡി എല്ലാ ജില്ലകളിലും ചേരാൻ സാധിക്കുമോ? ഇപ്പോൾ ഭൂവികസന ബാങ്കിന്റെ തെരഞ്ഞെടുപ്പ് തിരുവനന്തപുരത്തുവച്ച് നടക്കുകയാണ്. എല്ലാ ജില്ലകളിലെയും പ്രതിനിധികളുണ്ട്. പ്രതിനിധികളെ തിരുവനന്തപുരത്തുവച്ചാണ് തെരഞ്ഞെടുക്കുന്നത്. അല്ലെങ്കിൽ സംസ്ഥാനത്തിന്റെ എവിടെയെങ്കിലും ഒരു സ്ഥലത്ത് വച്ചാണ് തെരഞ്ഞെടുക്കുന്നത്. സംഘം ജനറൽ ബോഡിയിൽ നിന്നാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്. പക്ഷെ അതിനെ അട്ടിമറിച്ചുകൊണ്ട് ഈ തെരഞ്ഞെടുപ്പ് നടത്താതിരുന്നത് അങ്ങയുടെ ആഫീസിലെ നിർദ്ദേശ പ്രകാരം, ഡയറക്ടറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്. അപ്പോൾ ഹൈക്കോടതിയിൽ പോയി. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി റിട്ട് അപ്പീൽ നമ്പർ 2461/2018-ൽ പറഞ്ഞു, എന്തെങ്കിലും കാരണവശാൽ ഭരണസമിതി പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി രൂപീകരിക്കുകയാണെങ്കിൽ സംഘം ഭരണസമിതിയിൽ നിലവിലുള്ള ആളുകളിൽനിന്ന് മൂന്നുപേരെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയിൽ വയ്ക്കണമെന്ന് പറഞ്ഞു. ഹൈക്കോടതി ജഡ്ജ്മെന്റിനെ സാധാരണഗതിയിൽ വക്കീലന്മാർ പറയുന്നത്, court in its wisdom, ഹൈക്കോടതി അതിന്റെ നീതിബോധത്തിൽ വളരെ ക്ലിയറായി പറഞ്ഞു, ഇങ്ങനെയൊരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെയോ അഡ്മിനിസ്ട്രേറ്ററെയോ വച്ചാൽ മൂന്നുപേർ നിലവിലുള്ള സമിതിയിൽ നിന്നുള്ള അംഗങ്ങളായിരിക്കണം എന്നാണ്. എന്താണ് ചെയ്തത്; കമ്മിറ്റി വയ്ക്കുന്നതിന് പകരം ഒരു വ്യക്തിയെ അഡ്മിനിസ്ട്രേറ്ററാക്കി. ഹൈക്കോടതി വിധിയെയും ജനാധിപത്യ സംവിധാനത്തെയും പൂർണ്ണമായും തകർത്ത നടപടിയാണത്. ഈ സർക്കാർ വന്നതിന് ശേഷമുള്ള സഹകരണ ഭേദഗതി ഏത് പരിശോധിച്ചാലും സഹകരണ പ്രസ്ഥാനങ്ങളെ ഇനിയും പിടിച്ചെടുക്കുന്നതിന് വേണ്ടിയുള്ള കുത്സിത മാർഗ്ഗങ്ങളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് കാണാൻ കഴിയും. ക്ഷീര മേഖലയാകട്ടെ മറ്റ് മേഖലകളിലാകട്ടെ, നടപ്പിലാക്കിയിട്ടുള്ള ഏത് ഭേദഗതി പരിശോധിച്ചാലും ആ ഭേദഗതികളുടെ ആകെത്തുക തെരഞ്ഞെടുപ്പിൽ ഇടപെടുക, ഭരണസമിതിയിൽ ഇടപെടുക എന്നതാണ്. അതല്ലാതെ ഏതെങ്കിലും തരത്തിലുള്ള ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതിനല്ല. പ്രാഥമിക ക്ഷീര സംഘങ്ങൾ സാമാന്യേന നല്ല

നിലയ്ക്കാണ് പോകുന്നത്. നല്ല നിലയ്ക്ക് പോകുന്നതിനുള്ള കാരണമെന്താണ്; എഫക്ടീവ് മെമ്പറായി നിൽക്കുന്നവർക്ക് മാത്രമേ അതിൽ അംഗത്വമുള്ളൂ. പാൽ അളക്കുന്നവർക്കാണ് അംഗത്വം. പാൽ ഇത്ര കൊടുത്താൽ മാത്രമേ ഭരണസമിതിയിലേയ്ക്ക് വരാൻ സാധിക്കുകയുള്ളൂ. അതാണ് അതിന്റെ വോട്ടവകാശം. വോട്ടവകാശം കിട്ടണമെങ്കിൽ, എ ക്ലാസ് മെമ്പർഷിപ്പ് കിട്ടണമെങ്കിൽ, 75 ലിറ്റർ പാൽ അളന്നാൽ മാത്രമേ വോട്ടവകാശം കിട്ടുകയുള്ളൂ. ആ നിയമം മാറ്റി. നേരത്തേ ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ പറഞ്ഞതുപോലെ ഇപ്പോൾ പാൽ അളക്കണമെന്നില്ല; ഒരു പാൽച്ചായ കുടിക്കണമെന്നുമില്ല; കട്ടൻചായ കുടിച്ചാൽ മാത്രം മതി. അവരെല്ലാം ക്ഷീര സംഘത്തിലെ അംഗങ്ങളാണ്. ഇത് എന്ത് ഉദ്ദേശ്യത്തിലാണ്; ഇത് സംഘം പിടിക്കുന്നതിനു വേണ്ടിയാണ്.ക്ഷീര സംഘം നന്നാക്കാൻവേണ്ടി ശ്രമിക്കുന്നുവെന്ന് നേരത്തേ കൽപ്പറ്റ അംഗം ഇവിടെ പറഞ്ഞു. ക്ഷീരസംഘങ്ങളെ തകർക്കാൻ, ഇത്തരത്തിലുള്ള ജനാധിപത്യവിരുദ്ധമായ നടപടികളാണ് സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. അതെല്ലാം അവസാനിപ്പിക്കാൻ സർക്കാർ തയ്യാറാകണം. ക്ഷീരകർഷകർക്ക് ഒരു ലക്ഷം രൂപ വരെ മെഡിക്ലെയിം ആനുകൂല്യം കിട്ടുന്നതിന് 1800 രൂപ മാത്രമായിരുന്നു പ്രീമിയമായി കൊടുത്തിരുന്നത്. അതിപ്പോൾ 5000 രൂപയായി ഉയർത്തി. പശുക്കളുടെ ഇൻഷ്വറൻസ് പ്രീമിയം കൂട്ടി. നേരത്തേ ഒരു പശുവിന് ഇൻഷ്വറൻസ് ക്ലെയിം ചെയ്താൽ കിട്ടാവുന്ന സംഖ്യ ഒരു ലക്ഷം രൂപ വരെയായിരുന്നു. ഇപ്പോൾ അത് 50,000 ആയി കുറച്ചു. അതുകൊണ്ട് ഫലത്തിൽ ഈ കവറേജിന്റെ പരിധിക്കുള്ളിൽ വരുന്ന കർഷകരുടെ എണ്ണം പകുതിയായി കുറഞ്ഞു. കർഷകരെ സംരക്ഷിക്കുന്നതിന് പകരം അവരെ ദ്രോഹിക്കുന്ന നിലപാടുകൾ തന്നെയാണ് സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായി ക്കൊണ്ടിരിക്കുന്നത്. ഇത്തരം കാര്യങ്ങൾ പരിശോധിക്കാൻ തയ്യാറാകണം.

മൃഗസംരക്ഷണവും ഈ ധനാഭ്യർത്ഥനയുടെ ഭാഗമായി വരുന്നതാണ്. വെള്ളപ്പൊക്കത്തിൽ ജീവൻ നഷ്ടപ്പെട്ട മൃഗങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിന് അപേക്ഷ കൊടുത്ത് കാത്തിരിക്കുന്ന നിരവധി ആളുകളുണ്ട്. ശ്രീ. വി. ഡി. സതീശനെപ്പോലെ ആ പ്രദേശത്തുനിന്ന് വരുന്ന എം.എൽ.എ.-മാർ നിരവധി തവണ ആവർത്തിച്ച് പറഞ്ഞിട്ടുണ്ട്. ഇപ്പോഴും അതിന്റെ നഷ്ടപരിഹാരം പൂർണ്ണമായും കൊടുത്തിട്ടില്ല. അത് കൊടുത്തുകൊണ്ട് ഈ മേഖലയെ സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ഏറ്റവും പ്രധാനമായി, ഈ മേഖലയുടെ സഹകരണ ജനാധിപത്യം നിലനിർത്താൻ ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകം ശ്രദ്ധിക്കണം. അങ്ങേയ്ക്ക് മഹനീയമായ ഒരു പാരമ്പര്യമുണ്ട്, അങ്ങയുടെ പ്രസ്ഥാനത്തിന്റെ പാരമ്പര്യമുണ്ട്. ഇ. ചന്ദ്രശേഖരൻ നായരെപ്പോലെയുള്ള

പ്രഗത്ഭന്മാരായ ആളുകൾ ജനാധിപത്യ മാർഗ്ഗത്തിലാണ് ക്ഷീരമേഖലയെ നയിച്ചതെങ്കിൽ ആ മാർഗ്ഗത്തിൽ നിന്നും വ്യതിചലിക്കാൻ അങ്ങ് തയ്യാറാകരുത്. അങ്ങ് ഒരു മാന്യതയുള്ള വ്യക്തിയാണ്. അങ്ങയുടെ കസേരയുടെ മാന്യത അങ്ങ് കാക്കുമെന്ന കാര്യത്തിൽ ഞങ്ങൾക്ക് വിശ്വാസമുണ്ട്. അതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, ഭക്ഷ്യവകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഇവിടെ അഭിപ്രായപ്രകടനം നടത്തിയ ബഹുമാന്യരായ അംഗങ്ങൾക്കെല്ലാം ഞാൻ നന്ദി രേഖപ്പെടുത്തുകയാണ്. പൊതുവിൽ മിക്കവാറും അംഗങ്ങൾ ഭക്ഷ്യവകുപ്പിനെക്കുറിച്ച് നല്ല വാക്കുകളാണ് ഇവിടെ പറഞ്ഞത്. അതിനും അവരോടുള്ള എന്റെ നന്ദി അറിയിക്കുകയാണ്. കുറേ അംഗങ്ങൾ നല്ല നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുകയുണ്ടായി. വിമർശനം ഉന്നയിച്ചവരാണെങ്കിലും നിർദ്ദേശം സമർപ്പിച്ചവരാണെങ്കിലും അവയെയെല്ലാം സഹർഷം സ്വാഗതം ചെയ്യുന്നു.

കടുത്ത പരീക്ഷണങ്ങളിലൂടെയാണ് ഭക്ഷ്യ വകുപ്പ് കടന്നുപോയത്. 2016 നവംബർ ഒന്നിന് ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കിയ സന്ദർഭം എല്ലാവർക്കുമറിയാം. വളരെ പ്രതികൂലമായ സാഹചര്യമാണ് നമുക്ക് അഭിമുഖീകരിക്കേണ്ടി വന്നത്. എന്നാൽ ആ കടുത്ത പരീക്ഷണത്തെ അതിജീവിച്ച് രണ്ടര വർഷം പിന്നിടുന്ന ഈ സന്ദർഭത്തിൽ പിറകോട്ട് നോക്കുമ്പോൾ തീർച്ചയായും നമുക്ക് അഭിമാനിക്കാൻ വകയുണ്ടെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. നമ്മെ ആകെ പ്രയാസത്തിലാക്കിയത് എൻ.എഫ്.എസ്.എ. പ്രകാരം മുൻഗണനാപ്പട്ടിക തയ്യാറാക്കുന്ന വിഷയമായിരുന്നു. അതിനുവേണ്ടി നമുക്ക് സാവകാശം തരാത്തതുകൊണ്ടാണ് ആ പ്രയാസമുണ്ടായത്. എന്നാൽ സർക്കാർ മാനദണ്ഡങ്ങൾക്കനുസരിച്ച് തയ്യാറാക്കിയ പട്ടിക പ്രസിദ്ധീകരിച്ചു. ആ പട്ടിക പ്രസിദ്ധീകരിച്ചപ്പോഴുണ്ടായ ആക്ഷേപങ്ങളെല്ലാം നമ്മൾ കേട്ടു. വളരെ സമയമെടുത്ത് എല്ലാ പടവുകളിലുമുള്ള പരിശോധനകൾ നടത്തിക്കൊണ്ട് അർഹതപ്പെട്ടവരുടെ ലിസ്റ്റ് തയ്യാറാക്കി. അർഹതപ്പെട്ടവരുടെ ലിസ്റ്റിൽ നിന്നും പടിപടിയായി മുൻഗണനാപ്പട്ടികയിലേയ്ക്ക് അർഹതയുള്ളവരെ ഉൾപ്പെടുത്തുന്ന പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇതുവരെ 316960 കാർഡുകൾ, അതായത് 15 ലക്ഷത്തിലധികം അംഗങ്ങളെ മുൻഗണനാപ്പട്ടികയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. വീണ്ടും പരിശോധനയിൽ കാണാൻ കഴിഞ്ഞത്, മുൻഗണനാപ്പട്ടികയിലുള്ള 70000 കുടുംബങ്ങൾ തുടർച്ചയായി രണ്ടുമൂന്നുമാസമായി

ധാന്യം വാങ്ങാൻ എത്തുന്നില്ലെന്നാണ്. അവർ ആരൊക്കെയെന്ന് ഐഡന്റിഫൈ ചെയ്ത് 21660 ആളുകളുടെ കാര്യത്തിൽ തീരുമാനമായിട്ടുണ്ട്. ബാക്കി ആളുകളെ ഐഡന്റിഫൈ ചെയ്യുന്നതിനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. 21660 കാർഡുകൾകൂടി മുൻഗണനാപ്പട്ടികയിലെ ഒഴിവുകളിലേയ്ക്ക് കടന്നുവരുമ്പോൾ വെയിറ്റിംഗ് ലിസ്റ്റിൽ അവശേഷിക്കുന്നത് അമ്പതിനായിരത്തിൽപ്പരം ആളുകളാണ്. 70000 കുടുംബങ്ങളിൽ 21660 ഒഴികെ ബാക്കിയുള്ളവരെക്കൂടി പരിശോധിക്കുമ്പോൾ വെയിറ്റിംഗ് ലിസ്റ്റിലുള്ള അർഹതപ്പെട്ട മുഴുവൻ പേരെയും മുൻഗണനാപ്പട്ടികയിൽ കൊണ്ടുവരാൻ കഴിയും. പട്ടികയുടെ പരിഷ്കരണം വളരെ ഫലപ്രദമായി നമ്മൾ നിർവ്വഹിച്ചു, അതിന്റെ നേട്ടം കൈവരിക്കാൻ സാധിച്ചിട്ടുമുണ്ട്.

എൻ.എഫ്.എസ്.എ അനുശാസിക്കുംവിധമുള്ള വാതിൽപ്പടി വിതരണത്തിൽ ആദ്യം ധാരാളം പ്രയാസങ്ങളുണ്ടായിരുന്നു. ഇപ്പോൾ അത് വളരെ വിജയകരമായി മുന്നോട്ടുപോവുകയാണ്. നമ്മൾ നിശ്ചയിച്ചത്, എല്ലാ താലൂക്കുകളിലും എല്ലാ മാസവും 15- ാം തീയതിക്കുമുമ്പായി വാതിൽപ്പടി വിതരണം നടത്തി എല്ലാ റേഷൻ കടകളിലും അവർക്ക് അർഹതപ്പെട്ട റേഷൻ സാധനങ്ങൾ എത്തിച്ചുകൊടുക്കണമെന്നാണ്. അതിലൊക്കെ ചെറിയ വ്യത്യാസങ്ങൾ ചില സ്ഥലങ്ങളിൽ വരുന്നു എന്നല്ലാതെ, ഫലപ്രദമായി വാതിൽപ്പടി വിതരണം നിർവ്വഹിക്കാൻ കഴിയുന്നുണ്ട്. റേഷൻ വിതരണം സുഗമമാക്കി മുന്നോട്ടു കൊണ്ടുപോകാൻ കഴിയുന്നുണ്ട്. ഏതെങ്കിലും റേഷൻ കടയിൽ വാതിൽപ്പടി വിതരണത്തിന് കാലതാമസം വന്നാലും അവിടെ റേഷൻ വിതരണം മുടങ്ങില്ല. കാരണം ഒന്നരമാസത്തെ റേഷൻ ഒരു തവണ കൊടുക്കുന്നു എന്നതുകൊണ്ട് വിതരണത്തിനുള്ള റേഷൻ ധാന്യം ആ റേഷൻ കടയിലുണ്ടാകും. അക്കാര്യങ്ങളെല്ലാം ക്രമീകരിച്ചിട്ടുണ്ട്. എല്ലാ റേഷൻ കാർഡുടമകൾക്കും തങ്ങൾക്ക് ലഭിക്കുന്ന ധാന്യത്തിന്റെ അളവ്, ലഭ്യത, വില തുടങ്ങിയ വിശദാംശങ്ങളെല്ലാം എസ്.എം.എസ്. മുഖേന വാതിൽപ്പടി വിതരണം ആരംഭിച്ച സന്ദർഭം മുതൽ അവരവരുടെ മൊബൈൽഫോൺ വഴി അറിയിക്കുന്നുണ്ട്. ശ്രീ. കെ. ബി. ഗണേഷ് കുമാർ അതുസംബന്ധിച്ച് പറയുകയുണ്ടായി. എല്ലാ മാസവും അവരവർക്കുള്ള വിഹിതം മൊബൈൽ എസ്.എം.എസ്.-ലൂടെയും മറ്റ് സോഷ്യൽ മീഡിയ വഴിയും അറിയിക്കുന്നുണ്ട്. എന്നാൽ അതും പോരെന്ന് തോന്നിയതുകൊണ്ട് പോസ്റ്റർ പ്രിന്റ് ചെയ്ത് എല്ലാ റേഷൻ കടകൾ വഴിയും നൽകി പൊതുജനങ്ങൾക്ക് അവബോധമുണ്ടാക്കാനുള്ള ശ്രമം നടത്തിയിട്ടുണ്ട്. രണ്ടര വർഷം എൻ.എഫ്.എസ്.എ. നടപ്പാക്കി കഴിഞ്ഞിട്ടും ഓരോ റേഷൻകാർഡിനും എന്തൊക്കെയാണ് കിട്ടുന്നതെന്ന് ആളുകൾക്ക് കൃത്യമായി അറിയില്ലെന്ന അഭിപ്രായം വന്നതുകൊണ്ട് എല്ലാ റേഷൻ കടകൾക്കുമുന്നിലും അംഗീകൃത റേഷൻ

ഡീലർ എന്ന് കാണിക്കുന്ന എംബ്ലമുള്ള ബോർഡുപോലെ ഒരു നിശ്ചിത മാതൃകയിൽ നിശ്ചിത കളറിൽ എ.എ.വൈ. കാർഡിനും പ്രയോരിറ്റി കാർഡിനും പ്രയോരിറ്റി സബ്സിഡി കാർഡിനും പ്രയോരിറ്റി നോൺ സബ്സിഡി കാർഡിനുമുള്ള റേഷൻ വിഹിതം എത്രയെന്ന് എല്ലാ കടകളിലും പ്രദർശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാം. എ.എ.വൈ. കാർഡുടമകൾക്ക് 30 കി.ഗ്രാം അരിയും 5 കി. ഗ്രാം ഗോതമ്പുമായി 35 കി.ഗ്രാം ധാന്യമാണ് ഒരു മാസം നൽകുന്നത്. പ്രയോരിറ്റി കാർഡിന് ഒരു അംഗത്തിന് 5 കി. ഗ്രാം ധാന്യമാണ് നൽകുന്നത്. അതായത് 4 കി.ഗ്രാം അരിയും 1 കി.ഗ്രാം ഗോതമ്പും. നോൺ പ്രയോരിറ്റി സബ്സിഡി വിഭാഗത്തിന് ഒരംഗത്തിന് 2 കി. ഗ്രാം അരി മാത്രമാണ് നൽകുന്നത്. നോൺ പ്രയോരിറ്റി, നോൺ സബ്സിഡി കാർഡിന് ലഭ്യതയുടെ അടിസ്ഥാനത്തിലാണ് റേഷൻ കൊടുത്തുവരുന്നത്. ഈ മാസം 6 കി.ഗ്രാം ധാന്യം കൊടുക്കാനുണ്ട്. നോൺ പ്രയോരിറ്റി നോൺ സബ്സിഡിയുള്ള വെള്ള കാർഡുടമകൾക്ക് മാത്രമാണ് ലഭ്യതയുടെ അടിസ്ഥാനത്തിൽ മാറ്റമുണ്ടാകാൻ സാധ്യത. ബാക്കിയെല്ലാവർക്കും നിശ്ചിത അളവ് ധാന്യം കൃത്യമായും കൊടുക്കുന്നുണ്ട്. ആ വിവരം എല്ലാ ബഹുജനങ്ങളെയും ബോധ്യപ്പെടുത്താനുള്ള ശ്രമമാണ് രണ്ടര വർഷക്കാലവും നടത്തിയത്. അതിൽ എന്തെങ്കിലും പോരായ്മയുണ്ടെങ്കിൽ സോഷ്യൽ മീഡിയ വഴിയും വിവരങ്ങൾ അറിയിക്കാനുള്ള ശ്രമം തുടരാം.

പൊതുവിതരണ രംഗത്ത് വളരെ ശ്രദ്ധേയമായ മാറ്റം കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. ഓഫീസുകളെല്ലാം നവീകരിച്ചു. End to end computerization പൂർണ്ണമായും നേരത്തെതന്നെ നടപ്പിലാക്കി. റേഷൻ കടകളിലൂടെയുള്ള മുഴുവൻ ട്രാൻസാക്ഷനും സ്റ്റോക്ക് മൂവ്മെന്റും ട്രാൻസ്പിരിറ്റി പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് അറിയാൻ കഴിയുന്ന സംവിധാനം ഒരുക്കി. ഇന്ന് ആർക്കും പി.ഡി.എസ്. സംവിധാനത്തിൽ നടക്കുന്ന കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയും. കൃത്യമായി ഏത് റേഷൻ കട തുറന്നു; ഏത് അടച്ചിട്ടിരിക്കുന്നു; അവിടെ എത്ര പേർക്ക് റേഷൻ കൊടുത്തു; എത്ര പേർക്ക് കൊടുത്തില്ല; എന്നിവ അറിയാനുള്ള സുതാര്യമായ എല്ലാ സംവിധാനവും ഒരുക്കിയിട്ടുണ്ട്. 13130694 പേർ ഇതുമായി ബന്ധപ്പെട്ട വെബ്സൈറ്റ് നിരീക്ഷിക്കുന്നുണ്ടെന്നാണ് ഇന്നലെ മനസ്സിലാക്കാൻ സാധിച്ചത്. അത്രയും സുതാര്യമായി പി.ഡി.എസ്. സംവിധാനം മുന്നോട്ടുപോകുന്നുവെന്നതാണ് എടുത്തുപറയേണ്ട പ്രത്യേകത.

റേഷൻ കാർഡുടമയ്ക്ക് കേരളത്തിലെ ഏത് റേഷൻ കടയിൽനിന്നും ധാന്യം വാങ്ങാമെന്ന പോർട്ടബിലിറ്റി സംവിധാനം സംസ്ഥാനത്ത് നടപ്പാക്കിയപ്പോൾ റേഷൻ കടകൾ കുറേക്കൂടി ശാക്തീകരിക്കുകയും സുതാര്യമാവുകയും ജനങ്ങൾക്ക്

കൂടുതൽ സ്വീകാര്യമാവുകയും ചെയ്തു എന്നതാണ് എടുത്തുപറയേണ്ട പ്രത്യേകത. 16.74%, 611747 ആളുകൾ പോർട്ടബിലിറ്റി സംവിധാനം ഉപയോഗിക്കുന്നുണ്ട്. ഇനിയും അവരുടെ എണ്ണം വർദ്ധിക്കാനാണ് സാധ്യത. രാജ്യമൊട്ടാകെ പോർട്ടബിലിറ്റി സംവിധാനം കൊണ്ടുവരാനുള്ള ഇന്റഗ്രേറ്റഡ് പ്രോഗ്രാം കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിരിക്കുകയാണ്. അങ്ങനെ വരുമ്പോൾ ഏതൊരാൾക്കും ഏത് സംസ്ഥാനത്തുപോയാലും റേഷൻ വാങ്ങാൻ സാധിക്കുന്ന അവസ്ഥയുണ്ടാകും. അത് നടപ്പിലാക്കിക്കഴിഞ്ഞാൽ നമുക്ക് വലിയൊരു ഗുണഭോക്താവായി മാറാൻ കഴിയും. സംസ്ഥാനത്ത് പണിയെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളായ 40 ലക്ഷത്തോളം പേർക്ക് ഇവിടെ നിന്നും റേഷൻ വാങ്ങാമെന്ന അവസരമുണ്ടായാൽ തീർച്ചയായും അനുകൂലമായ സാഹചര്യം കേരളത്തിലെ മാർക്കറ്റിൽ ഉണ്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. സംസ്ഥാനത്ത് നടപ്പിലാക്കിയ പോർട്ടബിലിറ്റി സംവിധാനത്തിന് വളരെ നല്ല പ്രതികരണമാണുണ്ടായത്. റേഷൻ കടക്കാർ നല്ല രീതിയിൽ ജനങ്ങളോട് പെരുമാറാനും കാര്യങ്ങൾ ചെയ്യാനും സാധിക്കുന്ന വളരെ നല്ലൊരു ഘടകമായി പോർട്ടബിലിറ്റി സംവിധാനം മാറി. ഈ സംവിധാനം ജനങ്ങൾ നല്ല രീതിയിൽ ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. ഇതുവരെ 8576375 റേഷൻ കാർഡുകൾ വിതരണം ചെയ്തു. 81 ലക്ഷം റേഷൻ കാർഡുകളാണ് നമുക്കുണ്ടായിരുന്നത്. കുടുംബങ്ങളുടെ എണ്ണം വർദ്ധിച്ചു. കാർഡുകൾ വിഭജിച്ച് പുതിയ കാർഡുകളാക്കി. പുതിയ കാർഡ് വാങ്ങിയാൽ നോൺ പ്രയോറിറ്റി/നോൺ സബ്സിഡി കാർഡാണ് കൊടുക്കുന്നതെന്നുള്ള രീതിയിലുള്ള ചില അഭിപ്രായങ്ങൾ ഇവിടെ വന്നു. എന്നാൽ അങ്ങനെയല്ല. ഞങ്ങൾ വളരെ സ്ട്രിക്ടായി നിർദ്ദേശം കൊടുത്തിട്ടുണ്ട്. പ്രയോറിറ്റി കാർഡിലെ അംഗങ്ങളാണ് പുതിയ കാർഡിന് അപേക്ഷിക്കുന്നതെങ്കിൽ അവർക്ക് പ്രയോറിറ്റി കാർഡ് തന്നെ കൊടുക്കണം. എന്നാൽ പ്രയോറിറ്റി കാർഡിൽ നിന്നും നോൺ പ്രയോറിറ്റി കാർഡിലേയ്ക്ക് വരുന്നവരാണെങ്കിൽ അവർക്ക് നോൺ പ്രയോറിറ്റി കാർഡ് മാത്രമെ ആദ്യഘട്ടത്തിൽ കൊടുക്കാൻ കഴിയുകയുള്ളൂ. പിന്നീട് അവരുടെ ധനപരമായ പ്രത്യേകതയും ക്ലേശഘടകങ്ങളും പരിഗണിച്ചുകൊണ്ട് വീണ്ടും അപേക്ഷ തരുമ്പോൾ പരിശോധനയ്ക്ക് വിധേയമാക്കി ഒഴിവുവരുന്ന മുറയ്ക്ക് അവരെ മുൻഗണനാപ്പട്ടികയിലേയ്ക്ക് കൊണ്ടുവരാൻ കഴിയും. ആ പ്രോസസ് തുടർച്ചയായി നടക്കുന്ന ഒരു മെക്കാനിസമെന്ന നിലയിൽ ഇന്നല്ലെങ്കിൽ നാളെ അവർക്ക് അർഹതപ്പെട്ടവരുടെ പട്ടികയിലേയ്ക്ക് വരാൻ കഴിയും; അർഹതപ്പെട്ടവരുടെ പട്ടികയിൽ നിന്ന് പലരും അനർഹരുടെ പട്ടികയിലേയ്ക്ക് പോകുകയും ചെയ്യും. ആ പ്രക്രിയ തുടർച്ചയായി നടന്നുകൊണ്ടിരിക്കുന്നതാണ്. റേഷൻ വ്യാപാരികൾക്ക് പുതിയൊരു വേതന പാക്കേജ് അംഗീകരിച്ചു നടപ്പാക്കി. അവരുടെ പ്രതിനിധികളും വകുപ്പിന്റെ പ്രതിനിധികളുമായി രണ്ടു ഘട്ടങ്ങളിലായി

ചർച്ച ചെയ്തു. ആദ്യഘട്ടം കഴിഞ്ഞ് വീണ്ടും ചില പരാതികൾ ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ വീണ്ടും പരിശോധിച്ച് പുതിയൊരു പാക്കേജ് കൊണ്ടുവന്നു. 45 ക്വിന്റൽ കൈകാര്യം ചെയ്യുന്ന റേഷൻ വ്യാപാരിക്ക് ഏറ്റവും കുറഞ്ഞത് 18000 രൂപ വരുമാനം കിട്ടുന്ന പുതിയ വേതന പാക്കേജ് നിശ്ചയിച്ചു. അതിനുപരിയായി ഓരോ ക്വിന്റലും അധികമായി കച്ചവടം ചെയ്യുമ്പോൾ വീണ്ടും 180 രൂപയുടെ വർദ്ധനവ് ലഭിക്കത്തക്ക രൂപത്തിലാണ് ആ പാക്കേജ് നിശ്ചയിച്ചത്. ആ പാക്കേജിനെ കേരളത്തിലെ മുഴുവൻ റേഷൻ വ്യാപാരികളും സ്വാഗതം ചെയ്തു. ആ കാര്യങ്ങൾ വളരെ ഫലപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞപ്പോൾ ഈ രംഗത്തുണ്ടായിരുന്ന ക്രമക്കേടുകൾ ഒരു പരിധിവരെ അവസാനിപ്പിക്കാൻ കഴിഞ്ഞു. പൊതുവിതരണം പരാതികളുടെയും ക്രമക്കേടുകളുടെയും വിളനിലമായിരുന്നു. എന്നാൽ അതിനോടൊക്കെ ഒരു പരിധിവരെ വിടപറയാൻ കഴിഞ്ഞുവെന്നുള്ളതാണ് എടുത്തുപറയേണ്ട പ്രത്യേകത. ഇവിടെ ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് സംസാരിച്ചപ്പോൾ ഈ മേഖലയിൽ ഭയങ്കരമായ ക്രമക്കേട് നടക്കുന്നുവെന്ന് പറഞ്ഞു. ഒറ്റപ്പെട്ട സംഭവങ്ങളുണ്ട്, ഇല്ലെന്ന് ഞാൻ പറയുന്നില്ല. തിരുവനന്തപുരത്ത് ഞങ്ങൾ പരിശോധിച്ച് കണ്ടെത്തിയതാണ്. ഇപ്പോൾ എല്ലാ ഗോഡൗണുകളിലും പീരിയോഡിക്കലായി പരിശോധന നടന്നു കൊണ്ടിരിക്കുകയാണ്. ആ പരിശോധനയിൽ കണ്ടെത്തിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ കർശനമായ നടപടിയെടുത്തു. റേഷൻ വ്യാപാരിയാണെങ്കിലും എൻ.എഫ്.എസ്.എ. ഗോഡൗണിൽ നിൽക്കുന്ന ഉദ്യോഗസ്ഥരാണെങ്കിലും ക്രമക്കേട് ആര് കാണിച്ചാലും അതിനോട് ഒരു വിട്ടുവീഴ്ചയുമില്ലാത്ത നിലപാട് സർക്കാർ സ്വീകരിക്കുന്നുണ്ട്. പരിപൂർണ്ണമായി അവസാനിച്ചുവെന്നല്ല, എന്നാലും ഈ രംഗത്ത് നിലനിന്നിരുന്ന ക്രമക്കേട് ഒരു പരിധിവരെ കുറയ്ക്കാനായിട്ടുണ്ട്. ഇതിനുമുമ്പ് റേഷൻ പൊതുവിതരണത്തെക്കുറിച്ച് പഠിച്ച എല്ലാ കമ്മിറ്റികളും റിപ്പോർട്ട് ചെയ്തത് 40 ശതമാനം ധാന്യം ചോർന്നുപോകുന്നുവെന്നാണ്. എന്നാൽ ആ അവസ്ഥാവിശേഷത്തോട് നമുക്ക് വിടപറയാൻ കഴിഞ്ഞു. അതൊന്നുമില്ലാത്ത പുതിയൊരു സുതാര്യമായ സംവിധാനം കൊണ്ടുവരാൻ കഴിഞ്ഞു. അർഹതപ്പെട്ടവരുടെ കൈകളിലേയ്ക്ക്, അവർക്ക് അവകാശപ്പെട്ട ധാന്യം എത്തിക്കാൻ കഴിഞ്ഞുവെന്നുള്ള പ്രത്യേകതയാണ് എൻ.എഫ്.എസ്.എ. നടപ്പാക്കിയതിനുശേഷം കേരളത്തിൽ കാണാൻ കഴിയുന്നത്. നമ്മുടെ രാജ്യത്ത് എൻ.എഫ്.എസ്.എ. ഏറ്റവും അവസാനം നടപ്പാക്കിയ സംസ്ഥാനമായിരുന്നു കേരളം. നമ്മൾ അവസാനം ഓടിത്തുടങ്ങിയവരാണ്. കേന്ദ്ര ഭക്ഷ്യ വകുപ്പ് സെക്രട്ടറിയുടെ റിപ്പോർട്ടിൽ പറയുന്നത്, എൻ.എഫ്.എസ്.എ.-യുടെ എല്ലാ ഘടകങ്ങളും ഏറ്റവും ഫലപ്രദമായി നടപ്പാക്കിയ സംസ്ഥാനം കേരളമാണെന്നാണ്. ഒരു ഘടകം കൂടി ചെയ്യണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. അതാണിവിടെ

ബഹുമാന്യനായ മുൻമന്ത്രി ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് പറഞ്ഞത്, ഇ-പോസ് മെഷീനോടൊപ്പം ത്രാസ് കൂടി ബന്ധിപ്പിക്കണമെന്നുള്ളത്. അത് നമ്മൾ നേരത്തെ തീരുമാനിച്ചതാണ്. ഇലക്ഷനും പെരുമാറ്റച്ചട്ടങ്ങളും വന്നപ്പോൾ അതിന്റെ ടെണ്ടർ നടപടിക്രമങ്ങളുമായി മുന്നോട്ടുപോകാനായില്ല. തിരുവനന്തപുരത്ത് അതിന്റെ പൈലറ്റ് പ്രോജക്റ്റ് നടത്തിയത് വിജയകരമായിരുന്നു. വരുന്ന നാലഞ്ച് മാസംകൊണ്ട് കേരളത്തിലെ മുഴുവൻ റേഷൻ കടകളിലും ത്രാസ്, ഇ-പോസുമായി ബന്ധിപ്പിച്ചുകൊണ്ട് പരിപൂർണ്ണമായി സുതാര്യത ഉറപ്പുവരുത്താൻ കഴിയുന്ന ആ പദ്ധതി ഞങ്ങൾ നടപ്പാക്കും.

പൊതുവിതരണ രംഗത്തെ സുതാര്യത ഉറപ്പുവരുത്താനും കാര്യക്ഷമത വീണ്ടെടുക്കാനും ആ രംഗത്തെ വളരെ ഭംഗിയായി മുന്നോട്ടുകൊണ്ടുപോകാനും ഭക്ഷ്യകമ്മീഷനെ തെരഞ്ഞെടുത്തു. അതിന്റെ പ്രവർത്തനങ്ങൾ വേഗം ആരംഭിക്കുന്നതാണ്. അതോടൊപ്പം സോഷ്യൽ ഓഡിറ്റിംഗിനായി ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസിനെ ചുമതലപ്പെടുത്തി. തിരുവനന്തപുരത്ത് നോർത്ത് സിറ്റി റേഷൻ ഓഫീസിന്റെ പരിധിയിലുള്ള നാലഞ്ച് റേഷൻ കടകളിൽ പൈലറ്റ് പ്രോജക്റ്റ് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. മോണിറ്ററിംഗ് ഇൻസ്റ്റിറ്റ്യൂഷനായി കേരള യൂണിവേഴ്സിറ്റിയെ തെരഞ്ഞെടുത്തു. അവർ രണ്ടു ജില്ലകളെക്കുറിച്ച് പഠിച്ച് കേന്ദ്രത്തിന് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ഇനി സംസ്ഥാന-ജില്ല-താലൂക്കടിസ്ഥാനത്തിലും റേഷൻകട അടിസ്ഥാനത്തിലും വിജിലൻസ് കമ്മിറ്റി വരണം; അതിനുള്ള നടപടികളൊക്കെയായി. നിയമസഭയിൽ പ്രാതിനിധ്യമുള്ള മുഴുവൻ രാഷ്ട്രീയ പാർട്ടികളുടെയും പ്രതിനിധികളെ ഈ കമ്മിറ്റികൾ രൂപീകരിക്കുന്നതിനുവേണ്ടി നിർദ്ദേശിക്കണമെന്ന് പറഞ്ഞ് എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും അറിയിപ്പ് പോയിട്ടുണ്ട്. ആ നിർദ്ദേശം വരുന്ന മുറയ്ക്ക് ഈ കമ്മിറ്റികളൊക്കെ നിലവിൽ വരും. ആ കമ്മിറ്റികൾ ഫലപ്രദമായി പ്രവർത്തിപ്പിക്കാനാവശ്യമായ എല്ലാ ഒരുക്കങ്ങളും നടത്തിയിട്ടുണ്ട്.

ഈ രംഗത്ത് നടത്തിയ വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് ആദിവാസി ഊരുകളിലേയ്ക്ക് റേഷൻ ധാന്യങ്ങൾ എത്തിച്ചുകൊടുക്കുന്ന പദ്ധതി. രണ്ട് ജില്ലകളിൽ അത് വിജയകരമായി ഇപ്പോൾ നടക്കുന്നുണ്ട്. പാലക്കാട് ജില്ലയിലും ഒരുക്കം നടത്തിയെങ്കിലും ആരംഭിക്കാൻ കഴിഞ്ഞില്ല. ഈ സാമ്പത്തിക വർഷം കേരളത്തിലെ മുഴുവൻ ആദിവാസി മേഖലകളിലെ ഊരുകളിലേയ്ക്കും ധാന്യമെത്തിക്കുന്ന പരിപാടി പരിപൂർണ്ണമായി നടത്താൻ വേണ്ടിയുള്ള എല്ലാ ഒരുക്കങ്ങളും നടത്തുന്നതാണ്.

അതുപോലെ സാമൂഹ്യനീതി വകുപ്പ് അംഗീകരിച്ച സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് പ്രതിമാസം ആളൊന്നിന് 5.65 രൂപയ്ക്ക് 10.5 കിലോഗ്രാം അരിയും 4.15 രൂപയ്ക്ക് 4.5 കിലോഗ്രാം ഗോതമ്പും ഇപ്പോൾ നൽകിവരികയാണ്. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള ഈ വെൽഫെയർ സ്ഥാപനങ്ങൾക്ക് നേരത്തെ വേണ്ടത്ര അളവിൽ ധാന്യം കൊടുക്കാൻ കഴിഞ്ഞിരുന്നില്ല. അതൊരു വലിയ പ്രശ്നമായി ഉയർന്നുവന്നിരുന്നു. എന്നാൽ ഇന്ന് അതിനൊരു സാദ്ധ്യത വന്നിരിക്കുകയാണ്. അതിനുള്ള അരി കേന്ദ്രം അലോട്ട് ചെയ്യുന്നുണ്ട്. അന്നപൂർണ്ണ കാർഡുടമകൾക്ക് പ്രതിമാസം 10 കിലോഗ്രാം അരി സൗജന്യമായി കൊടുക്കുന്ന പദ്ധതി കേന്ദ്രം അലോട്ട് ചെയ്യുന്നതിനനുസരിച്ച് ഉപയോഗപ്പെടുത്താൻ നമുക്ക് കഴിയുന്നില്ല. അതിന്റെ ഗുണഭോക്താക്കൾ യാതൊരുവിധ പെൻഷനും വാങ്ങാത്തവരായിരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. കേരളത്തിൽ എല്ലാ സാമൂഹ്യക്ഷേമ പദ്ധതികളിലും മിക്കവാറും എല്ലാ ആളുകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനാൽ അത് വേണ്ടത്ര ഉപയോഗപ്പെടുത്താൻ സാധിക്കുന്നില്ല. ആ രംഗത്ത് കുറച്ചുകൂടി ഫലപ്രദമായ അന്വേഷണവും ഇടപെടലും നടത്താനും കൂടുതൽ ഗുണഭോക്താക്കൾക്ക് അന്നപൂർണ്ണ പദ്ധതിപ്രകാരമുള്ള അരി വാങ്ങികൊടുക്കാനും കഴിയുന്ന തരത്തിലുള്ള പ്രവർത്തനം വ്യാപിപ്പിക്കുന്നുണ്ട്.

റേഷൻ കടകളുടെ വൈവിദ്ധ്യവൽക്കരണം പുരോഗമിക്കുകയാണ്. എല്ലാ റേഷൻ കടകളും വളരെ ആകർഷകമായി നവീകരിച്ചു. ഇനി റേഷൻ കടകളുടെ വൈവിദ്ധ്യവൽക്കരണം വളരെ പ്രധാനപ്പെട്ടതാണ്. ഞങ്ങൾ വളരെ നാളുകൾക്കു മുമ്പേ തീരുമാനിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടപ്പാക്കുകയും ചെയ്തു. കണ്ണൂരിലെ ഒരു റേഷൻ കടയിൽ സബ്സിഡി ഉല്പന്നങ്ങളൊഴിച്ചുള്ളവ കൊടുത്തുകൊണ്ട് ഒരു കടയുടെ ഉദ്ഘാടനം നടത്തി. എന്നാൽ റേഷൻ കട വ്യാപാരികൾ അതിനോട് സഹകരിച്ചില്ല. അതുകൊണ്ട് റേഷൻ വ്യാപാര സംഘടനകളുടെ ഭാരവാഹികളുമായി കഴിഞ്ഞയാഴ്ച യോഗം ചേർന്നു. അവർ ആദ്യപടിയായി ശബരി ഉല്പന്നങ്ങളും കുപ്പിവെള്ളവും റേഷൻ കടയിൽ കൂടി വിൽക്കാമെന്ന് സമ്മതിച്ചു. അങ്ങനെയുള്ള നടപടികളും വേഗത്തിൽ ആരംഭിക്കുകയാണ്.

4.00 .P.M. ]

കേരളത്തിലെ 14,345-ഓളം വരുന്ന റേഷൻ കടകൾ ബഹുഭൂരിപക്ഷം ജനങ്ങളുടെയും അത്താണിയായി മാറുകയാണ്. മുൻഗണനാപ്പട്ടികയിലെ 95 ശതമാനം ആളുകളും മുൻഗണനേതര പട്ടികയിലെ 80 ശതമാനം ആളുകളും റേഷൻ കടയിൽ പോകുന്നുണ്ട്. നൂറു ശതമാനം ആളുകളും റേഷൻ കടയിൽ പോകണം.

റേഷൻ ആരുടെയും ഔദാര്യമല്ല, അവകാശമാണെന്ന കാഴ്ചപ്പാടോടെ റേഷൻ ധാന്യങ്ങൾ വാങ്ങാനുള്ള നടപടികൾ സ്വീകരിക്കണം. നമുക്ക് അലോട്ട് ചെയ്യുന്ന ധാന്യം പരിപൂർണ്ണമായി ഉപയോഗിക്കാൻ കഴിയുന്ന അവസ്ഥ സംജാതമാക്കണം. അതിന് എല്ലാ ജനപ്രതിനിധികളുടെ പിന്തുണയും സഹായവുമുണ്ടാകണം. മുഴുവൻ ആളുകളേയും റേഷൻ കടകളിലയച്ച് അവർക്കർഹതപ്പെട്ട റേഷൻ വാങ്ങാനുള്ള നടപടികൾ സ്വീകരിക്കണം.

വിലക്കയറ്റം പിടിച്ചുനിർത്തുക, ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുക എന്നത് എല്ലാകാലത്തേയും മുദ്രാവാക്യമാണെന്ന് ശ്രീ. കെ.എൻ.എ. ഖാദർ പറഞ്ഞു. ഇക്കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട സമ്മേളനങ്ങളിൽ പങ്കെടുക്കാൻ കേരളത്തിലെ ഒരുപാട് സ്ഥലങ്ങളിൽ പോയെങ്കിലും വിലക്കയറ്റത്തിനെതിരായ പ്രസംഗം നടക്കുന്നതായി ഒരിടത്തും ഞാൻ കേട്ടില്ല, ഒരു മുദ്രാവാക്യവും ആരും വിളിച്ചില്ല. ഞാൻ പ്രതിപക്ഷനേതാവിന്റെ പ്രസംഗവും ശ്രദ്ധിച്ചിട്ടുണ്ട്. അദ്ദേഹം ഒരിടത്തുപോലും വിലക്കയറ്റത്തെക്കുറിച്ച് പറഞ്ഞില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന കാര്യം എന്തിനാണ് പറയുന്നത്; അതുകൊണ്ടാണ് അവർ 19 സീറ്റും ഞങ്ങൾക്ക് തന്നത്.

ശ്രീ. പി. തിലോത്തമൻ: സർ, ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറഞ്ഞതുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ എനിക്ക് പറയാനുണ്ട്. ഇന്നലെ ശ്രീ. മുല്ലക്കര രത്നാകരൻ മനോഹരമായി അക്കാര്യങ്ങളെല്ലാം പറഞ്ഞതാണ്. നിങ്ങളുടെ തല പോയപ്പോൾ ഞങ്ങളുടെ കയ്യും കാലുമേ പോയിട്ടുള്ളൂ, വേറെ വ്യത്യാസമൊന്നുമില്ല.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിന്റെ കാര്യമാണ് മന്ത്രി പറഞ്ഞത്. ലോക്സഭാ തെരഞ്ഞെടുപ്പിൽ അതിനേക്കാൾ മൂർച്ചയേറിയ ആശയങ്ങൾ തമ്മിലുള്ള സംഘട്ടനമായിരുന്നു. വിലക്കയറ്റത്തെക്കാൾ പ്രധാനമായ അസ്തിത്വ നിലനിൽപ്പിന്റെ പ്രശ്നമായതുകൊണ്ടാണ് വിലക്കയറ്റത്തിന്റെ പ്രാധാന്യം കുറഞ്ഞത്. ഞാൻ ഉന്നയിച്ച ഉപഭോക്തൃതർക്ക പരിഹാര ഫോറങ്ങളിലെ നിയമന പ്രശ്നങ്ങളെ സംബന്ധിച്ച് ബഹുമാന്യനായ മന്ത്രി വിശദീകരിക്കണം. കൺസ്യൂമർ ഡിസ്പ്യൂട്ട് റിഡ്രസ്സൽ ഫോറങ്ങളും അതിന്റെ സ്റ്റേറ്റ് കമ്മീഷനും ഇന്ന് പ്രവർത്തനക്ഷമമല്ലാതായിരിക്കുകയാണ്. അവിടെ മെമ്പർമാരും പ്രസിഡന്റുമാരുമില്ല. അതെല്ലാം സിവിൽ സപ്ലൈസ് വകുപ്പിലുള്ളതാണ്. അവരെ നിയമിക്കാത്തതിനാൽ ധാരാളം കേസ്സുകൾ കെട്ടികിടക്കുകയാണ്.

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യത്തെപ്പറ്റി ഞാൻ പരാമർശിക്കാം. അദ്ദേഹം ഗൗരവമായ രാഷ്ട്രീയ പ്രശ്നങ്ങളാണ് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ചർച്ച ചെയ്തതെന്ന് പറഞ്ഞത് ശരിയാണെന്ന് എനിക്ക് തോന്നുന്നില്ല. വേറെ ചില വികാരപരമായ വിഷയങ്ങളാണ് ചർച്ച ചെയ്തതെന്ന് പ്രതിപക്ഷനേതാവിനും ശ്രീ. കെ.എൻ.എ. ഖാദറിനും നല്ലതുപോലെ അറിയാമായിരുന്നിട്ടും ആ ഭാഗങ്ങൾ മറച്ചുവച്ചാണ് പറയുന്നത്. ജനങ്ങളുടെ പ്രശ്നങ്ങളോ ഗൗരവമായ രാഷ്ട്രീയ കാര്യങ്ങളോ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ചർച്ച ചെയ്തില്ലായെന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യം തന്നെയാണ്. കേരളത്തിലെ ഒരുപാട് സ്ഥലങ്ങളിലെ തെരഞ്ഞെടുപ്പ് സമ്മേളനങ്ങളിൽ പങ്കെടുക്കാൻ പോയെങ്കിലും ഒരിടത്തും വിലക്കയറ്റ പ്രശ്നം ചർച്ച ചെയ്തില്ല. അത് എന്തുകൊണ്ടാണ്?

സംസ്ഥാനത്ത് ഒട്ടേറെ പ്രതികൂലമായ സാഹചര്യമുണ്ടായിട്ടും അവശ്യ വസ്തുക്കൾക്ക് വിലക്കയറ്റം ഉണ്ടായില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. പച്ചക്കറി വിലയിൽ നേരിയ വർദ്ധനവുണ്ടായി എന്നുള്ളത് ശരിയാണ്. ഇക്കാര്യം കഴിഞ്ഞ ദിവസത്തെ അടിയന്തരപ്രമേയത്തിൽ ചർച്ച ചെയ്തതാണ്. വിലക്കയറ്റം എന്ന് പറയുമ്പോൾ മലയാളികൾ ആദ്യം ചിന്തിക്കുന്നത് അരിയുടെ വിലയാണ്. അരിയുടെ വില കൂടിയാൽ കേരളത്തിലെ എല്ലാ നിത്യോപയോഗ സാധനങ്ങൾക്കും വിലകൂടുമെന്നാണ് ശാസ്ത്രം. അരിക്കും പലവ്യഞ്ജനങ്ങൾക്കും വില കൂടിയില്ല, മറിച്ച് കുറയുകയാണ് ചെയ്തത്. അതാണ് കേരളത്തിൽ എടുത്തുപറയേണ്ട പ്രത്യേകത. വിലകൂടിയ ഉത്പന്നങ്ങളുണ്ട്. അത് വേറെ ചില കാര്യങ്ങളാണ്. സംസ്ഥാനത്ത് കഴിഞ്ഞ കുറച്ചുനാളുകളായി നമ്മൾ എപ്പോഴും കൈകാര്യം ചെയ്യുന്ന അവശ്യവസ്തുക്കൾക്ക് വില കൂടാത്ത കാലമായിരുന്നു എന്നുള്ളത് നൂറു ശതമാനവും ശരിയാണ്. പ്രതികൂലമായ സാഹചര്യമുണ്ടായിട്ടും വിലക്കയറ്റം ഉണ്ടാകാതിരുന്നത് ഫലപ്രദമായ മാർക്കറ്റ് ഇന്റർവെൻഷൻ നടത്തിയതുകൊണ്ടാണ്. വസ്തുതകൾ മറച്ചുവച്ചുകൊണ്ട് പറയുന്നതിൽ കാര്യമില്ല. ഈ സന്ദർഭത്തിൽ ഒട്ടേറെ മാവേലി സ്റ്റോറുകളും ഹൈപ്പർ മാർക്കറ്റുകളും പീപ്പിൾസ് ബസാറുകളും ആരംഭിച്ചിട്ടുണ്ട്. ഇടതുമുന്നണി അധികാരത്തിൽ വന്ന സന്ദർഭത്തിൽ 38 ഗ്രാമപഞ്ചായത്തുകളിൽ മാവേലി ഔട്ട്‌ലെറ്റുകളില്ലായിരുന്നു, ഇപ്പോൾ 17 പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ തുറന്നു. ശേഷിക്കുന്ന 21 പഞ്ചായത്തുകളിലും മാവേലി ഔട്ട്‌ലെറ്റുകൾ സ്ഥാപിക്കാൻവേണ്ടി ഇന്നലെ തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് ചർച്ച നടത്തിയിരുന്നു. പ്രസ്തുത യോഗത്തിൽ പഞ്ചായത്ത് പ്രസിഡന്റുമാരും പങ്കെടുത്തിരുന്നു. ഈ സാമ്പത്തികവർഷം കേരളത്തിലെ മുഴുവൻ പഞ്ചായത്തുകളിലും മാവേലി ഔട്ട്‌ലെറ്റ് തുടങ്ങാനുള്ള നടപടി സ്വീകരിക്കും. ഒരു മാവേലി സ്റ്റോർ ഉള്ളിടത്ത് രണ്ടും രണ്ടെണ്ണം ഉള്ളിടത്ത് മൂന്നെണ്ണവും

സ്ഥാപിച്ചുകഴിഞ്ഞു. ഇനിയും ആവശ്യമുള്ള സ്ഥലങ്ങളിൽ മാവേലി ഔട്ട്ലെറ്റുകളും ഹൈപ്പർ മാർക്കറ്റുകളും തുടങ്ങാൻ നടപടി സ്വീകരിക്കും. ഇവിടെ നേരത്തെ അംഗങ്ങൾ സംസാരിച്ചപ്പോൾ, നമ്മുടെ പരമ്പരാഗത ഉത്പന്നങ്ങൾ മാത്രം പോരെന്നും അവശ്യ സാധനങ്ങളെല്ലാം വിൽക്കുന്ന സ്ഥാപനങ്ങളായി സപ്ലൈകോ ഔട്ട്ലെറ്റുകളെ മാറ്റണമെന്നും പറയുകയുണ്ടായി. പ്രസ്തുത അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണ് ഗൃഹോപകരണങ്ങൾകൂടി വിൽപ്പന നടത്താൻ തീരുമാനിച്ചത്. ആയതിലേയ്ക്ക് നല്ല പ്രതികരണമാണ് സംസ്ഥാനത്തെമ്പാടുനിന്നും ലഭിച്ചത്. 70 ഔട്ട്ലെറ്റുകൾ വഴി സപ്ലൈകോയ്ക്ക് ഗൃഹോപകരണങ്ങൾ വിൽപ്പന നടത്താൻ സാധിച്ചിട്ടുണ്ട്. എം.ആർ.പി.-യേക്കാൾ 40 മുതൽ 45 ശതമാനം വരെ വിലകുറച്ച് കൊടുക്കാൻ നമുക്ക് കഴിഞ്ഞു. സംസ്ഥാനത്തെ എല്ലാ പ്രധാനപ്പെട്ട സൂപ്പർ മാർക്കറ്റ്, ഹൈപ്പർ മാർക്കറ്റ്, പീപ്പിൾ ബസാർ തുടങ്ങിയ സ്ഥാപനങ്ങളിൽ ഗൃഹോപകരണങ്ങൾ, മറ്റ് സാനിട്ടറിവെയേർസ് ഉൾപ്പെടെയുള്ള ഉത്പന്നങ്ങൾ വിതരണം ചെയ്ത് വിൽപ്പന നടത്താനുള്ള എല്ലാ സൗകര്യങ്ങളും ഒരുക്കുന്നതാണ്. ഇവിടെ ആവശ്യപ്പെട്ട പ്രകാരം എല്ലാ ഉത്പന്നങ്ങളും വിൽക്കുന്ന മാളുകൾ ജില്ലാ കേന്ദ്രങ്ങളിൽ ആരംഭിക്കാൻ നേരത്തെതന്നെ ആലോചിച്ചിരുന്നു. മുൻമന്ത്രി ശ്രീ. അനൂപ് ജേക്കബ്ബിന്റെ മണ്ഡലത്തിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന സബർബൻ മാൾ ഓണത്തിന് മുമ്പ് ഉദ്ഘാടനം ചെയ്യുമ്പോൾ ഈ കാഴ്ചപ്പാടനുസരിച്ച് അതിനെ മാറ്റാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ചാലക്കുടി, കൊല്ലം, കാഞ്ഞങ്ങാട് തുടങ്ങിയ സ്ഥലങ്ങളിൽ ഹൈപ്പർ മാർക്കറ്റ് വേണമെന്നുള്ള ആവശ്യം ഉയർന്നുവരുന്നുണ്ട്. തിരുവല്ലയിൽ ഒരു ഹൈപ്പർ മാർക്കറ്റ് നിർമ്മിച്ചു കൊണ്ടിരിക്കുകയാണ്. ന്യായമായ റേറ്റിൽ കെട്ടിടം ലഭിച്ചാൽ എവിടെ വേണമെങ്കിലും ഹൈപ്പർ മാർക്കറ്റ് തുടങ്ങാൻ കഴിയുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ആരൊക്കെ ആവശ്യപ്പെട്ടാലും അവിടെയൊക്കെ ഹൈപ്പർ മാർക്കറ്റ് അനിവദിക്കുമെന്ന കാര്യവും ഈ സന്ദർഭത്തിൽ അറിയിക്കുകയാണ്.

ഉപഭോക്തൃകാര്യ വകുപ്പുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം പറഞ്ഞ കുറച്ച് കാര്യങ്ങളിൽ വസ്തുതയുണ്ട്. ഉപഭോക്തൃ ഫോറങ്ങളും കമ്മീഷനുകളും ഫലപ്രദമായി വരികയാണ്. കുറച്ച് സ്ഥലത്ത് സമിതികൾ രൂപീകരിക്കുന്നതിന് തടസ്സമുണ്ടായി. ഇപ്പോൾ അപേക്ഷകൾ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ഇന്റർവ്യൂ കഴിഞ്ഞു, സെലക്ഷൻ നടന്നുവരുന്നു. അവിടെ സമിതികൾ രൂപീകരിക്കാനുള്ള യോഗം താമസിയാതെ ചേരുന്നതാണ്. ഇതിനിടയിൽ നിയമ വകുപ്പ് സെക്രട്ടറി റിട്ടയർ ചെയ്തതുകൊണ്ടുള്ള പ്രയാസങ്ങളുണ്ടായി. ഇപ്പോൾ പുതിയ സെക്രട്ടറി ചുമതലയേറ്റെടുത്തിട്ടുണ്ട്. തീർച്ചയായും വളരെ വേഗത്തിൽ പ്രയാസങ്ങൾ അതിജീവിക്കാൻ കഴിയുമെന്നാണ് അറിയിക്കാനുള്ളത്.

നെല്ല് സംഭരണത്തെക്കുറിച്ച് ഇവിടെ പറഞ്ഞ അഭിപ്രായം ശരിയല്ല. ഇത്തവണത്തെ കാര്യം എല്ലാവർക്കും അറിയാവുന്നതാണ്. നമ്മുടെ ചരിത്രത്തിൽ റിക്കോർഡ് വിളവാണ് ഇത്തവണയുണ്ടായത്. സാധാരണ ഗതിയിൽ ഈ സീസണിൽ ഏകദേശം മൂന്നര ലക്ഷം മെട്രിക് ടൺ നെല്ലാണ് സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്നത്. ഇത്തവണ 6.91 ലക്ഷം മെട്രിക് ടൺ നെല്ല് ഉത്പാദിപ്പിച്ചു. ആ നെല്ല് അത്രയും സംഭരിച്ചു. സംഭരിച്ച നെല്ല് സ്റ്റോക്ക് ചെയ്യാൻ സംസ്ഥാനത്തെ മില്ലുടമകൾക്ക് കഴിയുമായിരുന്നില്ല. നെല്ല് നമ്മൾ പ്രോസസ്സ് ചെയ്യുന്നില്ല. നമുക്ക് മില്ലുകളോ അതിനുള്ള സൗകര്യങ്ങളോയില്ല. സംസ്ഥാനത്ത് ലിസ്റ്റ് ചെയ്ത 51 മില്ലുകളാണ് നമ്മൾ നിശ്ചയിച്ച പ്രകാരം നെല്ല് വാങ്ങി പ്രോസസ്സ് ചെയ്യുന്നത്.

<u>ശ്രീ. തോമസ് ചാണ്ടി</u>: സർ, അങ്ങ് പറഞ്ഞത് ശരിയാണ്. കുട്ടനാട്ടിൽ ഇരട്ടി വിളവാണ് ഈ വർഷം ലഭിച്ചത്. ഉരുൾപൊട്ടി കിഴക്കൻ മലയിൽ നിന്ന് മണ്ണുവന്ന് ഒന്നരയടി കനത്തിൽ കിടന്ന് അതിന്റെ മുകളിലാണ് ഇത്രയും വിളവുണ്ടായത്. അതിന് ഡാം തുറന്നുവിട്ടിട്ടാണ് വെള്ളപ്പൊക്കം ഉണ്ടായതെന്ന് പറഞ്ഞ് ബഹളം വയ്ക്കുന്നതിൽ അർത്ഥമില്ല. അങ്ങ് അക്കാര്യം മനസ്സിലാക്കിയിട്ടുണ്ടോയെന്ന് അറിയാൻ വേണ്ടി ചോദിച്ചതാണ്.

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, ആ നെല്ലെല്ലാം നമ്മൾ സംഭരിച്ചു. സംഭരിച്ച നെല്ലിന്റെ പണം കൊടുക്കാനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. സപ്ലൈകോയുടെ ക്രെഡിറ്റ് ലിമിറ്റിന് മുകളിലായി പണം കൊടുക്കേണ്ടി വന്നു. ആ പ്രയാസം തീർക്കാൻ ബാങ്കുകളുടെ കൺസോർഷ്യവുമായി യോഗംചേർന്ന് ധാരണയായിട്ടുണ്ട്. 1,749 കോടി രൂപ കൊടുക്കേണ്ട സ്ഥാനത്ത് 1,283 കോടി രൂപയാണ് കൊടുത്തത്. ബാക്കി 466 കോടി രൂപ കൊടുക്കാനുണ്ട്. എസ്.ബി.ഐ. ആണ് തർക്കം പറഞ്ഞുകൊണ്ടിരുന്നത്. അവരുമായി പ്രത്യേകം യോഗം ചേർന്ന് എം.ഒ.യു. ഒപ്പുവച്ചിട്ടുണ്ട്. താമസിയാതെ തന്നെ എസ്.ബി.ഐ.-യും പണം കൊടുത്തുതുടങ്ങും. അപ്പോൾ ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുമെന്നാണ് എനിക്ക് അതുസംബന്ധിച്ച് പറയാനുള്ളത്.

സപ്ലൈകോയ്ക്ക് 106 മാവേലി മെഡിക്കൽ സ്റ്റോറുകളുണ്ടായിരുന്നു. അതിന്റെ പ്രവർത്തനങ്ങളെല്ലാം മോശമായിരുന്നുവെന്നത് ശരിയാണ്. ഇടതുമുന്നണി അധികാരത്തിൽ വരുമ്പോൾ 106 മാവേലി മെഡിക്കൽ സ്റ്റോറുകളിൽ 6 എണ്ണം ഒഴിച്ച് ബാക്കിയെല്ലാം നഷ്ടത്തിലായിരുന്നു. ഞങ്ങൾ വലിയ പരിശ്രമം നടത്തിയതിന്റെ ഫലമായി 21 മാവേലി മെഡിക്കൽ സ്റ്റോറുകൾ ലാഭത്തിലായി. ബാക്കിയുള്ളതിൽ തുടരേണ്ടതില്ലാത്തത് അടച്ചുപൂട്ടുകയും ആരോഗ്യപരമായി

പ്രവർത്തിക്കാൻ കഴിയുന്നവ നിലനിർത്തുകയും ചെയ്തുകൊണ്ട് കുറേക്കൂടി മെച്ചപ്പെടുത്തി പ്രവർത്തിക്കാനാവശ്യമായ എല്ലാ ഒരുക്കങ്ങളും നടത്തിക്കൊണ്ടിരിക്കുകയാണ്. നല്ല പരിശോധന അക്കാര്യത്തിൽ നടക്കുന്നുണ്ട്. അവിടെയുള്ള ഉദ്യോഗസ്ഥരെ അങ്ങോട്ടുമിങ്ങോട്ടും മാറ്റിയിട്ടുണ്ട്. മാവേലി മെഡിക്കൽ സ്റ്റോറുകളെ ജനങ്ങൾ ആഗ്രഹിക്കുന്ന പ്രകാരം ഏറ്റവും വിലകുറച്ച് മരുന്ന് കൊടുക്കാൻ കഴിയുന്ന നല്ല സംവിധാനങ്ങളാക്കി മാറ്റാനുള്ള പരിശ്രമങ്ങൾ നടന്നുവരികയാണ്. അത് നൂറുശതമാനവും വിജയത്തിലെത്തിക്കാൻ കഴിയുമെന്ന പ്രതീക്ഷയാണ് എനിക്കുള്ളത്.

ഒട്ടേറെ കാര്യങ്ങൾ ഇനിയും പറയാനുണ്ടെങ്കിലും സമയക്കുറവുകൊണ്ടും ബഹുമാനപ്പെട്ട സ്പീക്കർ ഓർമ്മപ്പെടുത്തുന്നതുകൊണ്ടും കൂടുതൽ കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. കേരളത്തിലെ ഭക്ഷ്യപൊതുവിതരണ രംഗത്ത് നൂതനമായ അദ്ധ്യായം രചിച്ചുകൊണ്ട് അഭിമാനാർഹമായ പുരോഗതി കൈവരിച്ച് മുന്നോട്ടു പോകുന്ന സന്ദർഭമാണിത്. അതിനെ കുറേക്കൂടി പുരോഗതിയിലെത്തിക്കാനും ശാക്തീകരിക്കാനും നിങ്ങളുടെ എല്ലാവരുടെയും പിന്തുണ ഉണ്ടാകണമെന്നും ഈ ഡിമാന്റ് പാസ്സാക്കിത്തരണമെന്നും അഭ്യർത്ഥിക്കുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, 'വനം പാരിസ്ഥിതിക സേവനങ്ങൾക്ക്' എന്നതാണ് പുതിയ വനം മാനേജ്മെന്റ് സൂക്തം. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ രൂപരേഖയിലുൾപ്പെടുത്തിയിട്ടുള്ള തീം 'ദാഹിക്കുന്ന കേരളത്തിനുവേണ്ടി വനങ്ങൾ' എന്നതാണ്. ഈ കാഴ്ചപ്പാടിലാണ് വനമേഖലയിൽ പദ്ധതികൾ നടപ്പിലാക്കുന്നത്. നവകേരള മിഷന്റെ ഭാഗമായ ഹരിത കേരള മിഷനിൽ ജലസംരക്ഷണവും വൃക്ഷവൽക്കരണവും മുഖ്യധാരാ പ്രവർത്തനങ്ങളായിരിക്കും.

ഇവിടെ സംസാരിച്ച മിക്കവാറും എല്ലാ അംഗങ്ങളും വനം, ക്ഷീരമേഖല, മൃഗസംരക്ഷണം എന്നിവയെ സംബന്ധിച്ച് സംസാരിക്കുകയും ഒട്ടേറെ നല്ല നിർദ്ദേശങ്ങൾ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഓരോരുത്തരും പറഞ്ഞ കാര്യങ്ങളെ സംബന്ധിച്ച് പ്രതികരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല, പൊതുവായി ചില കാര്യങ്ങൾ പറയാനാണ് ഉദ്ദേശിക്കുന്നത്. വളരെ പോസിറ്റീവായിട്ടുള്ള ചർച്ചയായിരുന്നു ഇന്നിവിടെ നടന്നത്. സാധാരണയിൽനിന്ന് വ്യത്യസ്തമായി രാഷ്ട്രീയാതിപ്രസരമില്ലാതെ വിഷയത്തിൽ ഒതുങ്ങിനിന്നുള്ള ചർച്ചയായിരുന്നു. ഈ ചർച്ചയിൽ പങ്കെടുത്ത എല്ലാവരുടെയും നിർദ്ദേശങ്ങളെ സന്തോഷത്തോടുകൂടി സ്വീകരിക്കുകയാണ്.

വനം വകുപ്പുമായി ബന്ധപ്പെട്ട് നടപ്പിലാക്കാൻ പോകുന്ന ഒന്നുരണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. തൃശ്ശൂർ ജില്ലയിലെ പുത്തൂരിൽ സ്ഥാപിക്കുന്ന സുവോളജിക്കൽ പാർക്കിന്റെ നിർമ്മാണം ഇപ്പോൾ ദ്രുതഗതിയിൽ നടന്നുവരികയാണ്. അതിന്റെ പൂർത്തീകരണത്തിനുവേണ്ടി കിഫ്ബിയിൽനിന്ന് 300 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിൽനിന്നും 270 കോടിയോളം രൂപ ഇപ്പോൾ സാംഗ്ഷനായിക്കഴിഞ്ഞു. അതിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ നേരത്തെതന്നെ ആരംഭിക്കുകയും രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തു. അതിന്റെയും നിർമ്മാണോദ്ഘാടനം നടന്നു. മൂന്നാംഘട്ട നിർമ്മാണ പ്രവർത്തനം പൂർത്തിയാകുമ്പോൾ ഇതിന്റെ പണി തീരും. നമ്മുടെ സംസ്ഥാനത്തിന് അഭിമാനിക്കാവുന്ന ഒരു വലിയ പ്രോജക്ടായിരിക്കും അത്. അഖിലേന്ത്യാടിസ്ഥാനത്തിലുള്ള, അല്ലെങ്കിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള ഏറ്റവും വലിയൊരു പാർക്കായിരിക്കും തൃശ്ശൂർ സുവോളജിക്കൽ പാർക്കെന്നുള്ള കാര്യത്തിൽ സംശയമില്ല. ഇപ്പോൾ അതിന്റെ പ്രവർത്തനങ്ങൾ നല്ല നിലയിൽ മുന്നോട്ടുപോകുകയാണ്.

ശ്രീ. കെ. രാജൻ: സർ, 20 വർഷമായി തൃശ്ശൂർ ജില്ലയുടെയും കേരളത്തിന്റെയും പ്രധാനപ്പെട്ട പ്രശ്നമായി ഈ സുവോളജിക്കൽ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച ചർച്ച വരികയാണ്. സത്യത്തിൽ 20 വർഷമായി ഈ ചർച്ച ആരംഭിക്കുകയും തൃശ്ശൂരിലുള്ള മൃഗശാല മാറ്റണമെന്ന് ആഗ്രഹിച്ചിട്ടും അങ്ങ് മൃഗശാല വകുപ്പ് മന്ത്രിയായിരിക്കുന്ന കാലത്താണ് ഇതിനാവശ്യമായ പണം ഞങ്ങൾക്ക് ലഭ്യമായത്. അത് വളരെ സന്തോഷവും അഭിനന്ദനാർഹവുമാണ്. ഇതിന്റെ ആദ്യഘട്ടം ആരംഭിച്ചു. രണ്ടാംഘട്ടം അങ്ങയുടെ അദ്ധ്യക്ഷതയിൽ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി വി. എസ്. സുനിൽ കുമാറിന്റെ സാന്നിദ്ധ്യത്തിൽ പ്രൊഫ. സി. രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്തു. അതും വളരെ സന്തോഷകരമാണ്. മൂന്നാംഘട്ടത്തിന്റെ ടെണ്ടർ നടപടികൾ ഇപ്പോൾ ആരംഭിച്ചാൽ മാത്രമേ അവസാന ഘട്ടത്തിലേയ്ക്ക് കടക്കാൻ കഴിയുകയുള്ളൂ. അതിനാവശ്യമായിട്ടുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജു: സർ, മൂന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ പണം അനുവദിച്ചിട്ടുണ്ട്. ഒന്നും രണ്ടും നിർമ്മാണ ഘട്ടങ്ങൾ പൂർത്തീകരിക്കുന്നതിനുമുമ്പായി മൂന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ടെണ്ടർ നടപടികളും പൂർത്തീകരിക്കാൻ കഴിയും. അതിൽ ശ്രീ. കെ. രാജന് ഒട്ടും ആശങ്ക വേണ്ട. 2020 അവസാനത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പ്രാവർത്തികമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

അതുപോലെ അഭിമാനകരമായ മറ്റൊരു പ്രോജക്ടാണ് കോട്ടൂരിലെ ആന പരിപാലന കേന്ദ്രം. നാട്ടാനകളും കാട്ടാനകളുമടക്കം 50 ആനകളെ ഒരേസമയം പരിപാലിക്കാൻ കഴിയുന്ന ആന പരിപാലന കേന്ദ്രമാണ് തിരുവനന്തപുരത്തെ കോട്ടൂരിൽ സ്ഥാപിക്കുന്നത്. ഈ മാസം 23-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി തറക്കല്ലിട്ടുകൊണ്ട് അതിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയാണ്. അതിനുവേണ്ടി കിഫ്ബിയിൽനിന്നും 105 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഇപ്പോൾത്തന്നെ 71 കോടി രൂപ ലഭിച്ചുകഴിഞ്ഞു. അതുപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുമ്പോൾ ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയൊരു ടൂറിസ്റ്റ് കേന്ദ്രമായി ഇത് മാറും. വിദേശികളുൾപ്പെടെയുള്ളവർക്ക് കുട്ടിയാനകളടക്കം അമ്പതിലധികം ആനകളെ കാണാൻ സാധിക്കും. ആനയുടെ കുളി വിദേശസഞ്ചാരികൾക്ക് വളരെ താല്പര്യമുള്ള കാഴ്ചയാണ്. കോട്ടൂർ ആനപരിപാലന കേന്ദ്രത്തിനകത്തുകൂടി ഒഴുകുന്ന ആറ്റിൽ ആന കുളിക്കുന്നത് കാണാനായി ധാരാളം വിദേശികളും സ്വദേശികളും എത്തും. ആ നിലയിൽ വലിയൊരു പദ്ധതിയായിട്ടാണ് അത് പ്ലാൻ ചെയ്യുന്നത്. സഭ കഴിഞ്ഞതിനുശേഷം ഈ രണ്ട് പ്രോജക്ടുകളും എം.എൽ.എ.-മാർക്ക് പരിചയപ്പെടുത്തുന്നതിനുവേണ്ടി ഒരു പരിപാടി മെമ്പേഴ്സ് ലോഞ്ചിൽ സംഘടിപ്പിച്ചിട്ടുണ്ട്.

വനം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് ബഹുമാനപ്പെട്ട കെ.എൻ.എ. ഖാദർ പറഞ്ഞതിനപ്പുറത്തേയ്ക്ക് എനിക്കൊന്നും പറയാനില്ല. വേദവും ഇതിഹാസവും ഉദ്ധരിച്ചുകൊണ്ട് വനം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും ആളുകളുടെ നാളുമായി ബന്ധപ്പെട്ട് വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കേണ്ടതിന്റെ ആവശ്യകതയും ബോധ്യപ്പെടുത്തി അദ്ദേഹം ഇവിടെ സംസാരിക്കുകയുണ്ടായി.

വന്യജീവികളുടെ ആക്രമണമാണ് പ്രധാനം. മനുഷ്യ-വന്യജീവി സംഘർഷത്തെ സംബന്ധിച്ചാണ് പ്രധാനമായും ഇവിടെ ഉയർന്നുവന്ന വിമർശനം. വനം വകുപ്പുമായി ബന്ധപ്പെട്ട ചോദ്യോത്തരസമയത്തും സബ്മിഷനിലൂടെയും നിയമസഭയിൽ ഉയർന്നുവന്നുകൊണ്ടിരിക്കുന്ന ഒരു വിഷയമാണിത്. അത് വളരെ സജീവമായ വിഷയമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കേരളത്തിന്റെ വടക്കേയറ്റം മുതൽ തെക്കേയറ്റം വരെയുള്ള വനമേഖലകളിലെല്ലാം വനത്തോടുചേർന്നുള്ള പ്രദേശങ്ങളിൽ വന്യമൃഗങ്ങൾ ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് ഇറങ്ങി വരികയും മനുഷ്യരെ ആക്രമിക്കുകയും കൃഷികൾ നശിപ്പിക്കുകയും ചെയ്യുന്നുവെന്നുള്ളത് യാഥാർത്ഥ്യമാണ്. വന്യ മൃഗങ്ങൾക്ക് പരാതി പറയാൻ കഴിയില്ലല്ലോ. അവർക്കും വലിയ പരാതിയുണ്ടായിരിക്കുമെന്നാണ് എന്റെ വിശ്വാസം. അവർക്ക് പരാതി പറയാനുള്ള പ്രാതിനിധ്യം ഇവിടെയില്ല. വന്യജീവികളെ സംരക്ഷിക്കുന്നത് പ്രകൃതിയെ സംരക്ഷിക്കുന്നതിന് തുല്യമാണ്.

എങ്കിൽപ്പോലും മനുഷ്യജീവനും സ്വത്തിനും സംരക്ഷണം നൽകുക എന്നുള്ളത് സർക്കാരിന്റെ പ്രധാനപ്പെട്ട ചുമതലയാണ്. അത് മനസ്സിലാക്കി കഴിയുന്നിടത്തോളം നടപടികൾ സ്വീകരിച്ചുവരികയാണ്. കിഫ്ബിയിൽനിന്ന് അനുവദിച്ച തുക ഉൾപ്പെടെ ചേർത്തുകൊണ്ട് കേരളത്തിന്റെ വടക്കേയറ്റം മുതൽ തെക്കേയറ്റം വരെയുള്ള വനാതിർത്തിയിലെ പരമാവധി മേഖലകളിൽ സൗരോർജ്ജ വേലികൾ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇവിടെ പരാതിയായോ പരിഭവം പോലെയോ പറഞ്ഞ മെമ്പർമാരുടെ പ്രദേശങ്ങളിലെ മിക്കവാറും എല്ലാ ഡിവിഷനുകളിലും സൗരോർജ്ജ വേലികളുടെ നിർമ്മാണം ദ്രുതഗതിയിൽ നടന്നുവരികയാണെന്നുള്ളത് അവർക്ക് ബോധ്യമാണ്. എന്നാൽ എല്ലാ ഭാഗത്തും അത് നിർമ്മിക്കാനായിട്ടില്ലെന്നുള്ളത് ശരിയാണ്. ആനകളെ പൂർണ്ണമായും വേലികെട്ടി തിരിച്ച് വനത്തിനുള്ളിൽ നിർത്തുക എന്നു പറയുന്നത് അസാധ്യമാണ്. ആനകൾക്ക് വനാതിർത്തി കഴിഞ്ഞ് പുറത്തോട്ടുവന്ന് അരുവിയിൽനിന്ന് വെള്ളം കുടിച്ചിട്ട് തിരിച്ചുപോകേണ്ട ആവശ്യമുണ്ട്. ആനത്താരകളടക്കമുള്ള പ്രദേശങ്ങൾ അടച്ച് വേലികെട്ടിയാൽ അത് വേറെ ചില പ്രത്യാഘാതങ്ങളുണ്ടാക്കും. ചില പ്രദേശങ്ങളിൽ ആന വെള്ളം കുടിച്ചതിനുശേഷം നാട്ടിലേയ്ക്ക് ഇറങ്ങിവരികയും അവയ്ക്ക് തിരിച്ചുപോകാൻ വഴിയറിയാതെ ദിവസങ്ങളോ ആഴ്ചകളോ ആ കരപ്രദേശത്തുതന്നെ തങ്ങുകയും ചെയ്യുന്ന സ്ഥിതിയുണ്ടാകാറുണ്ട്. നമ്മൾ അതെല്ലാം പരിഗണിച്ചിട്ടാകണം ഈ വേലി നിർമ്മാണങ്ങളും മറ്റും നടത്തേണ്ടത്. അങ്ങനെയാണെങ്കിൽപ്പോലും വൻതോതിൽ വേലി നിർമ്മാണം നടക്കുകയാണ്. ശ്രീ. സണ്ണി ജോസഫിന്റെ നിയോജകമണ്ഡലത്തിൽ ഒൻപതര കിലോമീറ്റർ നീളത്തിലാണ് ആനവേലി പൂർത്തീകരിച്ചിട്ടുള്ളത്. ഒരു കിലോമീറ്റർ നീളത്തിലുള്ള ആനവേലി നിർമ്മിക്കുന്നതിന് വേണ്ടിവരുന്നത് ഒന്നേകാൽ കോടി രൂപയാണ്. ആ രീതിയിലാണ് അദ്ദേഹത്തിന്റെ മണ്ഡലത്തിൽ ഒൻപതര കിലോമീറ്റർ നീളത്തിൽ ആനവേലി പൂർത്തീകരിച്ചത്. ബാക്കിയുള്ള സ്ഥലത്ത് 2 കിലോമീറ്റർ നീളത്തിൽ ആനവേലി കെട്ടുന്നതിനാവശ്യമായ പണവും അനുവദിച്ചിട്ടുണ്ട്. അതിന്റെ എസ്റ്റിമേറ്റെടുത്ത് തുടർനടപടികൾ പുരോഗമിച്ചുവരുന്നു.

അദ്ദേഹം സൂചിപ്പിച്ചതുപോലെ, ആറളം വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട് ഒരു ആദിവാസി സുഹൃത്ത് ആനയുടെ ചവിട്ടേറ്റ് മരിച്ചതിനെത്തുടർന്ന് കൃഷി വകുപ്പുമന്ത്രിയും നിയമ വകുപ്പുമന്ത്രിയും ഞാനും അവിടെ പോയിരുന്നു. ബഹുമാനപ്പെട്ട എം.എൽ.എ.-മാരടക്കമുള്ളവർ അവിടെ യോഗം ചേരുകയും പരമാവധി സ്വീകരിക്കാവുന്ന പരിഹാര മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്തു. അവിടെ ആർ.ആർ.ടി. ശക്തിപ്പെടുത്തുകയും അവിടെത്തന്നെ ഒരു സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള തീരുമാനമെടുക്കുകയും അതിനാവശ്യമായിട്ടുള്ള നടപടികൾ നടന്നുവരികയുമാണ്. മറ്റൊരു കാര്യം, അവിടെ ആളൊഴിഞ്ഞ് കിടക്കുന്ന ആറളം ഫാമിന്റെ നിരവധി മേഖലകളുണ്ട്. 1300-2000 ഏക്കർ വരുന്ന സ്ഥലം നേരത്തെ അലോട്ട് ചെയ്തെങ്കിലും ഇപ്പോൾ ആൾ താമസമില്ലാതെ അവിടെയെല്ലാം

കാടുപിടിച്ചിരിക്കുകയാണ്. യഥാർത്ഥത്തിൽ അവിടെ ആനകൾക്കും കുരങ്ങുകൾക്കും മറ്റ് മൃഗങ്ങൾക്കുമെല്ലാം താമസിക്കാനും വന്ന് നിൽക്കാനും കഴിയുന്ന സ്ഥലമാണ്. അതിനൊരു പരിഹാരം കാണുന്നതിനുവേണ്ടി ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും ഞാനും സംയുക്തമായി ഒരു യോഗം ചേരുന്നുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്ന് അതിനാവശ്യമായിട്ടുള്ള ഒരു പ്രത്യേക പ്രോജക്റ്റ് തയ്യാറാക്കിയിട്ടുണ്ട്. അത് നടപ്പാക്കുന്നതിന് നടപടികളുണ്ടാകും. പന്നിയുടെ ആക്രമണത്തിൽ കൃഷിനാശം സംഭവിക്കുന്നതുമായി ബന്ധപ്പെട്ട് നിരവധി ചർച്ചകൾ ഇവിടെ ഉയർന്നുവന്നിട്ടുണ്ട്. നേരത്തെ പന്നിയെ വകവരുത്തുന്നതുമായി ബന്ധപ്പെട്ടുള്ള ഒരു നിയമം ഇവിടെയുണ്ടായിരുന്നു. യഥാർത്ഥത്തിൽ ആ നിയമം കർഷകർക്ക് പ്രായോഗികമാക്കാൻ കഴിഞ്ഞിട്ടില്ല. അതിനുപകരമായി മറ്റൊരു ഉത്തരവിറക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നിയമം കുറച്ചുകൂടി ലളിതവൽക്കരിച്ചുകൊണ്ട് പന്നിയുടെ ആക്രമണം ഏറ്റവും കൂടുതൽ ഉണ്ടാകുന്ന കൃഷിസ്ഥലങ്ങൾ ഐഡന്റിഫൈ ചെയ്ത് അവിടെ പ്രത്യേക നടപടി സ്വീകരിക്കുന്നതിനാവശ്യമായിട്ടുള്ള ഒരുത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നുള്ളതും ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ....(മൈക്ക് ഓഫ്) .....

<u>ശ്രീ. കെ. രാജു</u>: സർ, മലപ്പുറത്ത് ആനവേലിയുടെ ആവശ്യമില്ലല്ലോ. എന്തുപറഞ്ഞാലും അവിടെ വേണമെന്നാണ് പറയുന്നത്. സർക്കാർ കഴിഞ്ഞ മൂന്നുവർഷക്കാലം ഈ മേഖലയിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ ഒരു ലിസ്റ്റ് തന്നെയുണ്ട്. അതെല്ലാം വായിച്ച് ഞാൻ സമയം കളയുന്നില്ല. ഇനി വരുന്ന കാലഘട്ടങ്ങളിലും ഇവിടെ ഉയർന്നുവന്നിട്ടുള്ള നിർദ്ദേശങ്ങൾകൂടി പരിഗണിച്ചുകൊണ്ട് വനമേഖലയിൽ പരമാവധി പ്രവർത്തനങ്ങൾ നടത്താനും വന്യജീവികൾക്കാവശ്യമായ വെള്ളവും ആഹാരസാധനങ്ങളും വനത്തിൽ തന്നെ ലഭ്യമാക്കാനും കഴിയുന്ന തരത്തിലുള്ള പ്രോജക്ടുകൾ ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. കെ.എഫ്.ഡി.സി.-യുടെയും വനം വകുപ്പിന്റെയും തോട്ടങ്ങളിൽ അക്കേഷ്യ, യൂക്കാലി, മാഞ്ചിയം തുടങ്ങിയവ പരിപൂർണ്ണമായി ഒഴിവാക്കുകയും സ്വാഭാവികമായിട്ടുള്ള ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. വനവൽക്കരണത്തിന്റെ ഭാഗമായി, സോഷ്യൽ ഫോറസ്ട്രി നടത്തിയ പ്രവർത്തനത്തിന്റെ ഫലമായി ഹരിതാവരണം വർദ്ധിച്ച ഒരു സംസ്ഥാനമാണ് കേരളം. ഇൻഡ്യയിലെ വനാവരണം വർദ്ധിപ്പിച്ച അഞ്ച് സംസ്ഥാനങ്ങളിൽ മൂന്നാമത്തേത് കേരളമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ ഇന്നുവരെയുള്ള കണക്ക് പരിശോധിച്ചാൽ വനവിസ്തൃതിയും

വർദ്ധിക്കുന്നുണ്ട്. 361 ഹെക്ടർ സ്ഥലം നോട്ടിഫൈ ചെയ്ത് വനവിസ്തൃതി വർദ്ധിപ്പിച്ചു. കണ്ടൽക്കാടുകളും മറ്റ് സംരക്ഷിത പ്രദേശങ്ങളുമെല്ലാം പ്രത്യേകമായി സംരക്ഷിക്കുന്നതിന് വനം വകുപ്പ് തയ്യാറാണ്. 5001 ഹെക്ടറോളം വരുന്ന കണ്ടൽക്കാടുകൾ കൂടി ഏറ്റെടുത്ത് സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

വന്യജീവികളുടെ ആക്രമണത്തെ സംബന്ധിച്ചുള്ള പരാതികൾ വരുമ്പോൾ വനം വകുപ്പ് ഉദ്യോഗസ്ഥന്മാരുടെ സാന്നിധ്യം അടിയന്തരമായി ഉണ്ടാകാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ യഥാസമയം ഇടപെടുന്നുണ്ട്. വന്യജീവികളുടെ സാന്നിധ്യമുണ്ടായാൽ ഉടൻതന്നെ മനസ്സിലാക്കാൻ കഴിയുന്ന രീതിയിലുള്ള സംവിധാനങ്ങളായ എസ്.എം.എസ്. അലെർട്ട് സമ്പ്രദായവും മറ്റും പുതിയതായി നടപ്പിലാക്കിയിട്ടുണ്ട്. അതുകൂടാതെ എല്ലാ ജില്ലകളിലും ആർ.ആർ. ടീമിന് ആയുധങ്ങളും മറ്റും നൽകിക്കൊണ്ട് അവരെ കൂടുതൽ ശക്തിപ്പെടുത്താനുള്ള നടപടികളും ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്. ആ നിലയിൽ വനസംരക്ഷണത്തിനും ജനങ്ങൾക്ക് സുരക്ഷ ഒരുക്കുന്നതിനും കൃഷിനാശവുമായി ബന്ധപ്പെട്ടവർക്ക് അധികം കാത്തിരിക്കാതെ നഷ്ടപരിഹാരം നൽകൽ ലഭ്യമാക്കാനും കഴിയത്തക്ക രീതിയിലുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അതുപോലെ ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയത്ത് മനുഷ്യജീവൻ നഷ്ടപ്പെട്ടാൽ, 5 ലക്ഷം രൂപ നഷ്ടപരിഹാരം നൽകിയിരുന്നത് ഇപ്പോൾ 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. കൂടാതെ യഥാസമയംതന്നെ അവ കൊടുത്തുതീർക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്. വനം വകുപ്പ് കാര്യക്ഷമമായിട്ടുള്ള രീതിയിൽ തന്നെയാണ് വനംസംരക്ഷണവും വന്യജീവി സംരക്ഷണവും ഏറ്റെടുത്ത് നടപ്പിലാക്കുന്നത്. കൂടാതെ നല്ല ആനകളെ പരിശീലിപ്പിച്ച് കുങ്കി ആനകളാക്കി ആർ.ആർ.ടീമിനോടൊപ്പം കാട്ടാനകളെ നിയന്ത്രിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, ഒരു പ്രധാനപ്പെട്ട വിഷയമാണിത്. വയനാട് ജില്ലയിൽ പല ആദിവാസി വാച്ചർമാരെയും ആന കൊലപ്പെടുത്തുകയും കടുവ ആക്രമിക്കുകയും ചെയ്തിട്ടുണ്ട്. വാച്ച് ടവർ വനത്തിലുള്ളിലാണെന്നുള്ളതാണ് പ്രധാനപ്പെട്ട പ്രശ്നം. ഞാൻ കഴിഞ്ഞ സഭയിലും ഇതുസംബന്ധിച്ച് പറഞ്ഞതാണ്. രാത്രികാലങ്ങളിലും അതിരാവിലെയും ഇവർ വനത്തിൽകൂടി നടന്നാണ് പോകുന്നത്. അതിനാൽ അവരെ അങ്ങോട്ട് കൊണ്ടുപോകാനും ഒരാഴ്ചത്തെ ഡ്യൂട്ടി കഴിഞ്ഞ് തിരിച്ച് അവരെ പുറത്തേയ്ക്ക് കൊണ്ടുവരാനും വാഹനം ഉപയോഗിക്കുന്നതിനുള്ള സാഹചര്യമൊരുക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. രാജു: സർ, അദ്ദേഹം ഉന്നയിച്ച ആവശ്യം സംബന്ധിച്ച് പരിശോധിക്കാം.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, വനം വകുപ്പിൽ നിന്നുണ്ടാകുന്ന ചില ബുദ്ധിമുട്ടുകൾകൂടി അങ്ങ് പരിഗണിക്കണം. ജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്ന കാര്യമാണിത്. കോതമംഗലം ഫോറസ്റ്റ് ഡിവിഷനിൽ മുള്ളരിങ്ങാട് റേഞ്ചിന്റെ പരിധിയിൽ വണ്ണപ്പുറം പഞ്ചായത്തിലെ കള്ളിപ്പാറ വാർഡിൽ പടിക്കകം ഭാഗത്ത് ജേക്കബ് ചാക്കോ അമ്പഴത്തിങ്കൾ എന്നയാളുടെ കൈവശമുണ്ടായിരുന്ന സ്ഥലത്ത് താമസിച്ചിരുന്നവരെ പോലീസ് സന്നാഹത്തോടെ വനം വകുപ്പിലെ ഉദ്യോഗസ്ഥർ കുടിയൊഴിപ്പിക്കുന്നതിനുള്ള നീക്കം നടത്തി. അതിനെ നാട്ടുകാർ തടഞ്ഞു. അന്ന് വെളുപ്പിനാണ് മഹാപ്രളയമുണ്ടായതും മൂന്നുപേർ മരണമടയുകയും ചെയ്തത്. ഞാൻ ആ സ്ഥലത്ത് പോയി. ശ്രീ. പി. ജെ. ജോസഫ് സാറിന്റെ മണ്ഡലമാണത്. അവിടെ മലമുകളിലേയ്ക്ക് ആളുകൾക്ക് നടന്നുപോകാൻപോലും മാർഗ്ഗമില്ല. അത്രയും വലിയ ദുരന്തമുണ്ടാകുന്ന സന്ദർഭത്തിൽപ്പോലും അവരെ ഇറക്കിവിടാനുള്ള സാഹചര്യമുണ്ടായിരിക്കുന്നത് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തി. അക്കാര്യത്തിൽ അങ്ങും ശ്രീ. എം. എം. മണിയും ഇടപെട്ടു. ബഹുമാനപ്പെട്ട മന്ത്രിയുടെ ഓഫീസിൽ യോഗം ചേരുകയും ബഹുമാനപ്പെട്ട എം.പി.-യും എം.എൽ.എ. -മാരും സ്ഥലം സന്ദർശിക്കട്ടെയെന്ന് തീരുമാനിക്കുകയും ചെയ്തു. എന്നാൽ വകുപ്പ് അതിനൊന്നും തയ്യാറായില്ല. വീണ്ടും അവരെ ഇറക്കിവിടാൻ യാത്രതിരിച്ചു. ഞങ്ങൾ വീണ്ടും ഇടപെട്ടു. 1-1-1977-നുമുമ്പ് കൈവശമിരിക്കുന്ന സ്ഥലമാണത്. വൈദ്യുതി കണക്ഷനും പഞ്ചായത്തിന്റെ വീട്ടുനമ്പരുമുണ്ട്. ഇതിനോട്ടുചേർന്ന് കിടക്കുന്ന സ്ഥലത്തിന് പൊസഷൻ സർട്ടിഫിക്കറ്റേയുള്ളൂ, പട്ടയമില്ല. ഉദ്യോഗസ്ഥർ ഇറക്കിവിടാൻ പോയപ്പോൾ എല്ലാവർക്കും ഭീതിയുണ്ടായി. ഒടുവിൽ 2018 ഡിസംബർ 31-ാം തീയതി ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ ജനപ്രതിനിധികളും അവിടത്തെ സമരസമിതിയും എം.എൽ.എ. എന്ന നിലയിൽ ഞാനും എം. പി. ശ്രീ. ജോയിസ് ജോർജ്ജും ഉൾപ്പെടെയുള്ളവർ സ്ഥലം സന്ദർശിച്ച് തീരുമാനമെടുത്തു.

മി. സ്പീക്കർ: ഇക്കാര്യം ചർച്ച നടന്ന സമയത്ത് ഉന്നയിക്കാൻ എന്തായിരുന്നു പ്രശ്നം?

ശ്രീ. റോഷി അഗസ്റ്റിൻ: പക്ഷെ ആ സ്ഥലം ഒരു സെന്റ് ഭൂമിപോലുമില്ലാതെ കല്ലിട്ട് തിരിക്കാൻ ഉദ്യോഗസ്ഥർ ചേർന്ന് തീരുമാനമെടുത്തിരിക്കുകയാണ്. ഈ വിഷയത്തിൽ അങ്ങ് അടിയന്തരമായി ഇടപെട്ട് അന്വേഷണം നടത്താൻ ഉത്തരവ് നൽകണം.

മി. സ്പീക്കർ: 3.30 മണിക്കൂർ ധനാഭ്യർത്ഥന ചർച്ച നടന്നപ്പോൾ ഈ വിഷയം ഉന്നയിക്കാൻ തടസ്സമുണ്ടായിരുന്നില്ലല്ലോ?

<u>ശ്രീ. കെ. രാജു:</u> ശ്രീ. റോഷി അഗസ്റ്റിൻ പറഞ്ഞ വിഷയത്തിൽ ഞാൻ നേരത്തെ ഇടപെട്ടതാണ്. ശ്രീ. റോഷി അഗസ്റ്റിനും ആ പ്രദേശത്തെ മറ്റ് ജനപ്രതിനിധികളും വനം വകുപ്പിലെ ഉദ്യോഗസ്ഥരും ചേർന്ന് അന്ന് ധാരണയുണ്ടാക്കി. അതിന്റെയടിസ്ഥാനത്തിൽ പിന്നീട് അവിടെ പ്രശ്നങ്ങളൊന്നുമുണ്ടായിട്ടില്ല. എന്നാൽ ഇപ്പോൾ വീണ്ടും ആ ധാരണ ലംഘിക്കാൻ ശ്രമിക്കുന്നുവെന്നാണ് ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ സൂചിപ്പിച്ചത്. അതിനെക്കുറിച്ച് പരിശോധിക്കാം.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u> സർ, കോടനാട് കാപ്രിക്കാടിൽ നിന്നും നീലകണ്ഠൻ എന്ന ആനയെ കുങ്കി പരിശീലനത്തിനുവേണ്ടി കൊണ്ടുപോയിരുന്നു. വളരെയധികം പ്രശ്നങ്ങളുണ്ടാക്കിയാണ് നീലകണ്ഠൻ എന്ന ആനയെ കുങ്കി പരിശീലനത്തിനായി കൊണ്ടുപോയത്. പരിശീലനം പൂർത്തിയാക്കിയശേഷം ആ ആനയെ തിരിച്ചുകൊണ്ടുവരുമെന്ന് അങ്ങ് പറഞ്ഞിരുന്നു. തിരിച്ചുകൊണ്ടുവന്നില്ലെന്ന് മാത്രമല്ല ആ പ്രദേശത്തെ കാട്ടിൽനിന്നും നിരവധി ആനകൾ പുറത്തുവരുന്നുണ്ട്. അങ്ങനെ വരുന്ന ആനകളെ വിരട്ടിയോടിക്കാനെങ്കിലും ആ ആനയെ തിരിച്ചുകൊണ്ടുവരാൻ സാധിക്കുമോ?

<u>ശ്രീ. കെ. രാജു:</u> സർ, എവിടെയെല്ലാമാണോ കാട്ടാനകൾ ഇറങ്ങുന്നത് ആ സ്ഥലങ്ങളിലെല്ലാം ഉപയോഗിക്കാൻ വേണ്ടിയാണ് ആനകളെ പരിശീലിപ്പിക്കുന്നത്. ആ ആന വനം വകുപ്പിന്റെ വകയാണ്, പൊതുവകയാണ്. അല്ലാതെ ഏതെങ്കിലുമൊരു പ്രത്യേക പ്രദേശത്തിന്റെ വകയല്ല. അതിനെ പരിശീലിപ്പിച്ചതിനുശേഷം ആവശ്യമുള്ളിടത്തേയ്ക്ക് കൊണ്ടുപോകുകയാണ് ചെയ്യുന്നത്.

ആദിവാസികൾ കാടിന്റെ മക്കളാണ്. ആദിവാസി കുടുംബത്തിൽപ്പെട്ട ഒരാൾക്കെങ്കിലും ഏതെങ്കിലും വകുപ്പുകളിൽ ജോലി നൽകുകയെന്നതാണ് സർക്കാരിന്റെ നയം. അതിന്റെയടിസ്ഥാനത്തിൽ ഈ സാമ്പത്തികവർഷം വനം വകുപ്പിൽ 500 ആദിവാസി ചെറുപ്പക്കാർക്ക് (സ്ത്രീകളും പുരുഷന്മാരും) ബീറ്റ് ഫോറസ്റ്റ് ഓഫീസർ പദവിയിൽ ജോലി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. അതിനുള്ള നടപടികൾ നടന്നുവരികയാണ്. വനം വകുപ്പിലെ ഉദ്യോഗസ്ഥന്മാരിൽ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ ഏതാണ്ട് 150-ലധികം വനിതാ ബീറ്റ് ഓഫീർസർമാരെ നിയമിച്ചുകഴിഞ്ഞു.

അട്ടപ്പാടിയിൽ ചന്ദനമരങ്ങളുടെ സ്വാഭാവിക പുനരുജ്ജീവനം ഉറപ്പുവരുത്തുന്നതിനായി മറയൂർ ചന്ദന റിസർവ്വിന് സംരക്ഷണം നൽകുന്നതിന് പ്രത്യേക കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. അതുകൂടാതെ ചന്ദനം റീട്ടെയിലായി ചെറിയ ചെറിയ ആവശ്യക്കാർക്ക് ലഭിക്കാനിടവരുന്ന തരത്തിൽ വനം വകുപ്പിന്റെ

വിവിധ ഡിപ്പോകളിലൂടെ അത് വിൽപ്പന നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ലോട്ട് തടി വലിയ കച്ചവടക്കാർ വാങ്ങിയിട്ട് അവരുടെ കയ്യിൽനിന്നും സാധാരണക്കാർ വാങ്ങേണ്ട സ്ഥിതിയാണുള്ളത്. അതിൽനിന്നും മാറി വിവിധ ഡിപ്പോകളിൽനിന്നും വില കൊടുത്ത് ആവശ്യത്തിന് തടി വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

വനം വകുപ്പിൽ വർക്കുകളും മറ്റും ചെയ്യുന്നതിന് നിലനിന്നിരുന്ന കൺവീനർ സിസ്റ്റം വ്യാപകമായ അഴിമതിക്ക് ഇടവന്നിരുന്ന സാഹചര്യമായിരുന്നു ഉണ്ടായിരുന്നത്. ഇഷ്ടമുള്ള കൺവീനർമാരെ വയ്ക്കുന്നു, ഉദ്യോഗസ്ഥന്മാർ തന്നെ കൺവീനർമാരുടെ പേരെഴുതി വർക്ക് ചെയ്തെടുക്കുന്നു എന്നീ പരാതികളുണ്ടായിരുന്നു. എത്രത്തോളം ശരിയായിരുന്നുവെന്നതല്ല, പരാതികളു ണ്ടായിരുന്നു. ആ പരാതികൾ ഒഴിവാക്കിക്കൊണ്ട് അത്തരം നിർമ്മാണ പ്രവർത്തനങ്ങളെല്ലാം പൂർണ്ണമായും കോൺട്രാക്ട് അടിസ്ഥാനത്തിൽ നടപ്പിലാക്കിവരികയാണ്. അങ്ങനെ കൺവീനർ സിസ്റ്റം മാറ്റി അഴിമതിക്കുള്ള സാദ്ധ്യത പരിപൂർണ്ണമായും ഒഴിവാക്കി മുന്നോട്ടുപോകുകയാണ്.

ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നുണ്ട്. ഇതിനോടകം 10 ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. തസ്തികകൾ അനുവദിച്ചുകിട്ടുന്ന മുറയ്ക്ക് ബാക്കി 15 ഫോറസ്റ്റ് സ്റ്റേഷനുകൾകൂടി നിലവിൽ വരുന്നതാണ്. വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടെയും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റിയുടെ കൂട്ടായ പ്രവർത്തനത്തിലൂടെയും ഇക്കോ ടൂറിസം മേഖലയിലെ പ്രവൃത്തികൾ വനസംരക്ഷണ സമിതിക്ക് നൽകി വരുമാനമുണ്ടാക്കുന്ന നടപടികളും നടന്നുവരുന്നുണ്ട്. വനം വകുപ്പുമായി ബന്ധപ്പെട്ട് ഇവിടെ ഉന്നയിക്കപ്പെട്ട മറ്റെല്ലാ വിഷയങ്ങളും ഞാൻ നോട്ട് ചെയ്തിട്ടുണ്ട്. അതിൽ സ്വീകരിക്കാവുന്ന എല്ലാ കാര്യങ്ങളും സ്വീകരിച്ച് തുടർപ്രവർത്തനങ്ങൾ നടത്തുന്നതാണ്.

മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട് ഒട്ടേറെ നല്ല ചർച്ചകളാണ് ഇവിടെ ഉയർന്നുവന്നത്. ക്ഷീരവികസനം, മൃഗസംരക്ഷണം എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട് ശ്രീ. പി. ജെ. ജോസഫ് ഇവിടെ സംസാരിക്കുകയുണ്ടായി. അദ്ദേഹത്തിന് ഇപ്പോൾത്തന്നെ 45-ഓളം കറക്കുന്ന പശുക്കളുണ്ടെന്നാണ് പറഞ്ഞത്. അദ്ദേഹം നടത്തിയ കാർഷികമേളയിൽ ഞാൻ രണ്ടുതവണ പങ്കെടുത്തിട്ടുണ്ട്. ഈ വർഷത്തെ മേളയിൽ എനിക്ക് പങ്കെടുക്കാൻ കഴിഞ്ഞില്ല. അദ്ദേഹം ഒരു മാതൃകാ കർഷകനാണ്. അദ്ദേഹത്തിന്റെ നിർദ്ദേശങ്ങളാകെ സ്വാഗതാർഹമാണ്. തദ്ദേശീയ ഇനങ്ങളിൽപ്പെടുന്ന പശുക്കളെയും പശുക്കുട്ടികളെയും കൂടുതലായി കർഷകർക്ക് എത്തിക്കുന്നതിനുള്ള നടപടികൾ

സ്വീകരിച്ചുവരികയാണ്. സംസ്ഥാനത്തെ കന്നുകാലി പ്രജനന നയം പരിഷ്കരിച്ചു. നാടൻ പശുവളർത്തലിന് പ്രത്യേക സഹായം നൽകുകയാണ്. വെച്ചൂർ, കാസർഗോഡ് കുള്ളൻ ഇനത്തിൽപ്പെട്ട നാടൻ ജെനുസ് പശുക്കളെ വളർത്തുന്ന കർഷകർക്ക് ഒറ്റത്തവണ ധനസഹായമായി 10,000 രൂപ വീതം വിവിധ ജില്ലകളിലായി 670 കർഷകർക്ക് വിതരണം ചെയ്തു. അതുപോലെ നാടൻ പശുക്കളെ വളർത്തുന്നവരെ പ്രോത്സാഹിപ്പിക്കാൻ സംസ്ഥാനതലത്തിൽ ഒരു ലക്ഷം രൂപയുടെ സംസ്ഥാന ഗോപാൽ രത്ന അവാർഡ് പ്രഖ്യാപിച്ചിരിക്കുകയാണ്. നാടൻ ജെനുസിൽപ്പെട്ട വർഗ്ഗഗുണമുള്ള ഉരുക്കളെ ശാസ്ത്രീയമായി പരിപാലിക്കുന്ന സംഘടനകൾ, സൊസൈറ്റികൾ, കർഷക കൂട്ടായ്മകൾ എന്നിവർക്ക് നൽകുന്ന അവാർഡാണ് സംസ്ഥാന കാമധേനു അവാർഡ്. രണ്ടുലക്ഷം രൂപയും പ്രശസ്തിപത്രവും അടങ്ങുന്ന അവാർഡ് കഴിഞ്ഞ വർഷം പാലക്കാട് ജില്ലയിലെ ഒരു ഗോശാലയ്ക്കാണ് ലഭിച്ചത്. വെച്ചൂർ പശുക്കൾക്ക് പ്രത്യേക പദ്ധതി നടപ്പിലാക്കുന്നുണ്ട്. ആ നിലയിൽ ശ്രീ. പി. ജെ. ജോസഫ് നിർദ്ദേശിച്ചതുപോലെ നാടൻപശുക്കളെ കൂടുതലായി വളർത്തുന്നതിനാവശ്യമായ പ്രോത്സാഹനം സർക്കാർ നൽകിവരികയാണ്. കൂടാതെ നിർത്തിയ മിലിട്ടറി ഫാമുകളിൽനിന്നും പശുക്കളെ വാങ്ങുന്ന കാര്യം സൂചിപ്പിച്ചു. വെറ്ററിനറി യൂണിവേഴ്സിറ്റി ഇതിൽപ്പെട്ട 100 പശുക്കളെ വാങ്ങി യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള വിവിധ ഫാമുകളിൽ നൽകിയിട്ടുണ്ട്. ഈ പശുക്കളെ വടക്കേ ഇന്ത്യയിൽനിന്നും കൊണ്ടുവന്നതാണ്. അതിന്റെ പ്രായം, കുളമ്പുരോഗം ഉൾപ്പെടെയുള്ള രോഗങ്ങൾ ബാധിച്ചിട്ടുണ്ടോ, പശുക്കളെ കൊണ്ടുവരുന്നതിൽ രാജ്യത്ത് നിലനിൽക്കുന്ന പ്രത്യേക സാഹചര്യങ്ങൾ എന്നിവ പരിഗണിച്ച് ഇതുവരെ 100 പശുക്കളെ മാത്രമേ കേരളത്തിലേയ്ക്ക് കൊണ്ടുവരാൻ സാധിച്ചിട്ടുള്ളൂവെന്നത് ശരിയാണ്. 100 പശുക്കളെ കൊണ്ടുവന്നത് വിജയകരമാണെന്ന് കണ്ടാൽ കൂടുതൽ പശുക്കളെ വാങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

പ്രളയവുമായി ബന്ധപ്പെട്ട് ഉരുക്കൾ നഷ്ടപ്പെട്ട കർഷകർക്ക് ദുരന്ത നിവാരണ മാനദണ്ഡപ്രകാരമുള്ള തുക കൊടുത്തിട്ടില്ലെന്നാണ് ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് ഇവിടെ സൂചിപ്പിച്ചത്. പ്രളയവുമായി ബന്ധപ്പെട്ട് പശുക്കൾ, കിടാരികൾ, താറാവ്, കോഴി എന്നിവ നഷ്ടപ്പെട്ട കർഷകർക്ക് നാളിതുവരെ 21.99 കോടി രൂപ സംസ്ഥാനത്തൊട്ടാകെ വിതരണം ചെയ്തിട്ടുണ്ട്. 6291 കർഷകർക്ക് മൃഗസംരക്ഷണാവശ്യങ്ങൾക്കായി എടുത്ത ലോണിന്റെ പലിശയിനത്തിൽ 2.57 കോടി രൂപ സബ്സിഡിയായി നൽകിയിട്ടുണ്ട്. നിലവിലുണ്ടായിരുന്ന പദ്ധതികളിൽ മാറ്റംവരുത്തി വെള്ളപ്പൊക്ക ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് ദുരിതമനുഭവിക്കുന്ന കർഷകരെ സഹായിക്കാൻ 22 കോടി രൂപയുടെ പദ്ധതി കഴിഞ്ഞ വർഷം നടപ്പിലാക്കിയിട്ടുണ്ട്. ഈ വർഷവും 22 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുകയാണ്.

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, നാടൻ എന്നുപറയുമ്പോൾ കേരളത്തിലെ മാത്രമല്ല ഇന്ത്യയിലെ മുഴുവൻ പശുക്കളെയും എരുമകളെയും കാണണം. ഏഷ്യൻ ആഫ്രിക്കൻ രാജ്യങ്ങളിൽ ഉല്പാദിപ്പിക്കുന്നതാണ് a2 milk. നാലിനം പശുക്കളാണ് ഇന്ത്യയിലെ ഏറ്റവും നല്ല പശുക്കളായി അറിയപ്പെടുന്നത്. ഞാൻ ഈ ഫാമുകളിലെല്ലാം പോയിട്ടുണ്ട്. രാജ്കോട്ടിലെ ഒരു ഫാമിൽ മുന്നൂറ് ഗീർ പശുക്കളുണ്ട്. അതിന്റെ ഉടമസ്ഥൻ ജീവിതംതന്നെ ഇതിനുവേണ്ടി മാറ്റിവച്ചിരിക്കുകയാണ്. ഇതേയിനം ബ്രസീലിലുമുണ്ട്. രാജസ്ഥാനിൽ താർപാക്കർ, സഹിവാൾ, സിന്ധി, ഗീർ എന്നീ നാലിനം പശുക്കളാണുള്ളത്. ആദ്യ പദ്ധതിയിൽ സിന്ധി പശുവായിരുന്നു. ശ്രീമതി വീണാ ജോർജ്ജിന്റെ വീട്ടിൽ സഹിവാൾ ഇനത്തിൽപ്പെട്ട പശുവുണ്ടെന്ന് പറഞ്ഞു. ഇവിടെ പശുക്കളെയല്ല, കാളകളെ വാങ്ങണം. ഈ ഇനങ്ങളിലുള്ള മൂരികളെ മാട്ടുപ്പെട്ടി ഫാമിൽ കൊണ്ടുവരണം. പശുവിനെ വാങ്ങാൻ എളുപ്പമല്ല, ഒരു മൂരിയെ കൊണ്ടുവന്നാൽ പത്തോ ഇരുന്നൂറോ പശുക്കളെയാണ് കിട്ടുന്നത്. നല്ല കാളകളെ കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കണം. വെച്ചൂർ പശുവിൽനിന്നും അധികമായി പാലുല്പാദിപ്പിക്കാൻ സാധിക്കില്ല. ഇന്ത്യയിലെ ഏറ്റവും ഉല്പാദനക്ഷമതയുള്ള പശുക്കളെയാണ് നാടൻ പശുക്കളായി വളർത്തേണ്ടത്.

<u>ശ്രീ. കെ. രാജു</u>: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. നാടൻ പശുക്കളെന്നു പറയുമ്പോൾ ഇവിടെ സൂചിപ്പിച്ച വെച്ചൂർ പശു മാത്രമല്ല. ചിറ്റൂർ എം.എൽ.എ. ശ്രീ. കെ. കൃഷ്ണൻകുട്ടിയുടെ മണ്ഡലത്തിൽ ഉൾപ്പെട്ട പെരുമാട്ടി ഗ്രാമപഞ്ചായത്തിൽ 100 ഗീർ ഇനത്തിൽപ്പെട്ട പശുക്കളെ കർഷകർക്ക് വിതരണം ചെയ്തു. ഇനിയും 100 പശുക്കളെക്കൂടി കൊണ്ടുവരാനുള്ള നടപടി പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. ശ്രീ. പി. ജെ. ജോസഫ് ചൂണ്ടിക്കാണിച്ചതുപോലെ വിവിധ പ്രദേശങ്ങളിൽനിന്നും നാല് ഇനത്തിൽപ്പെട്ട പശുക്കളെ/കിടാരികളെ കൊണ്ടുവരുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കും. അതിന്റെ ഭാഗമായി ഇപ്പോൾ 100 എണ്ണത്തിനെ കൊണ്ടുവന്നു. ബാക്കിയുള്ളതിനെക്കൂടി കൊണ്ടുവരും. കോട്ടയത്തെ ഒരു ആദിവാസി കോളനിയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഒന്നര കോടിയോളം രൂപ വിനിയോഗിച്ച് ഒരു പ്രോജക്ട് നടപ്പാക്കി. 150-ഓളം ആദിവാസികൾക്ക്, ഒരു കുടുംബത്തിന് രണ്ട് പശുക്കളെ വീതം നൽകുന്ന ആ പദ്ധതിയുടെ ഉദ്ഘാടനത്തിന് ഞാൻ അവിടെ പോയി. ഇത്തരത്തിൽ നിരവധി പുതിയ പദ്ധതികളും നിലവിൽ പ്രാവർത്തികമാകുന്ന പദ്ധതികളും കുറേക്കൂടി കാര്യക്ഷമമായി നടപ്പിലാക്കി മുന്നോട്ടുപോകാനാണ് ആഗ്രഹിക്കുന്നത്. പാലുല്പാദനത്തിൽ വലിയ വർദ്ധനവാണ് കേരളത്തിൽ ഉണ്ടായിരിക്കുന്നത്.അതുകൊണ്ട് പാലുല്പന്നങ്ങൾ ഉണ്ടാക്കുന്നതിലേയ്ക്ക് പോകേണ്ടത് ആവശ്യമാണ്. പാൽ സംഭരിച്ച് വിതരണം നടത്തിയാൽ മാത്രം പോര, പാൽ കൊണ്ടുള്ള ഉല്പന്നങ്ങളുണ്ടാക്കണമെന്നാണ് ഞാൻ മിൽമയോട്

ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നത്. ശ്രീ. സണ്ണി ജോസഫ് സൂചിപ്പിച്ചതുപോലെ, ഈ സർക്കാരിന് മിൽമയോട് യാതൊരു എതിർപ്പുമില്ലെന്നുമാത്രമല്ല അവരെ പരമാവധി സഹായിക്കുന്ന സമീപനമാണ് സർക്കാർ ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാൻ ആഗ്രഹിക്കുകയാണ്. എന്നാൽ മലബാർ മേഖല യൂണിയന്റെ ഭരണസമിതിയുമായി ബന്ധപ്പെട്ട വിഷയം ഇവിടെ പറഞ്ഞു. മലബാർ മേഖലാ യൂണിയന്റെ ഭരണസമിതിയുടെ കാലാവധി തീർന്നത് ഭരിച്ചുകൊണ്ടിരുന്നവർ അറിഞ്ഞില്ല. അങ്ങനെയൊരു സ്ഥിതിയുണ്ടാകാമോ? അവർ കോടതിയിൽ കേസ് കൊടുത്തു. കേസ് തള്ളി. ഇതിനിടയിൽ ഭരണസമിതിയുടെ കാലാവധി തീർന്നു. സർക്കാർ എന്തെങ്കിലും ചെയ്തതാണോ? ഒന്നും ചെയ്തതല്ല. നിങ്ങൾ അത് അന്വേഷിച്ചുനോക്കൂ. നിയമപരമായി ഇലക്ഷൻ നടത്താനുള്ള നടപടി സ്വീകരിക്കാൻ നിലവിലുള്ള സഹകരണ ആക്ടനുസരിച്ച് അവർ ബാദ്ധ്യസ്ഥരാണ്. അവർ അതിനുള്ള നടപടി സ്വീകരിച്ചില്ല. കേസിന്റെ വിധി അനുകൂലമാകുമെന്ന് കരുതിയിരുന്നു. സർക്കാർ കൊടുത്ത കേസ്സല്ല, മിൽമയിലെ ഭരണസമിതി കൊടുത്ത കേസാണ്. പക്ഷേ ആ കേസ് ബഹുമാനപ്പെട്ട ഹൈക്കോടതി തള്ളി. അപ്പോൾ കാലാവധിയും കഴിഞ്ഞു. നേരത്തെ സ്റ്റേയൊന്നും കിട്ടിയിരുന്നില്ല. നിയമപരമായി വേറെയൊന്നും ചെയ്യാൻ സാധിക്കില്ല. അത് പിടിച്ചെടുക്കണമെന്നാണ് സർക്കാർ ഉദ്ദേശിച്ചതെങ്കിൽ അഡ്മിനിസ്ട്രേറ്ററെ വയ്ക്കുന്നതിനുപകരം അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി വച്ചാൽ മതിയായിരുന്നു. അങ്ങനെ ചെയ്തില്ലല്ലോ? ഫെഡറേഷന്റെ എം.ഡി.-യെ തന്നെയാണ് ചുമതല കൊടുത്ത് അഡ്മിനിസ്ട്രേറ്ററായി വച്ചിരിക്കുന്നത്. അതിനുശേഷം ഇതുവരെ ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ വയ്ക്കാൻ തയ്യാറായില്ലല്ലോ? അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ വേണമെങ്കിൽ വച്ചുകൂടേ? സി.പി.ഐ.-ലോ സി.പി.ഐ.(എം.)-ലോ ഉൾപ്പെട്ടവർ അവിടെ ക്ഷീരകർഷകരായിട്ടുണ്ടല്ലോ? വേണമെങ്കിൽ അവരെ വയ്ക്കാം. ആ ഭരണസമിതിയെ പിടിച്ചെടുക്കാനുള്ള നടപടി സ്വീകരിച്ചുവെന്ന് പറയുന്നത് സത്യവിരുദ്ധമാണ്. അങ്ങനെയൊരു നടപടി സ്വീകരിച്ചിട്ടില്ല. എന്നാൽ ജനാധിപത്യപരമായി നിലനിൽക്കുന്ന നിയമാനുസരണമുള്ള നടപടികളാണ് അവിടെ നടന്നിട്ടുള്ളത്. ഈ സർക്കാർ കൊണ്ടുവന്ന ഓർഡിനൻസ് വഴി എന്ത് മാറ്റമാണ് വരുത്തിയത്? ഒരു മേഖലാ യൂണിയനിൽ വിവിധ ജില്ലകളിലെ ആളുകൾ ഭരണസമിതിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട് വരണം. ആ ഭരണസമിതിയിലേയ്ക്ക് അതാത് ജില്ലകളിലെ ആളുകൾ വോട്ട് ചെയ്യണമെന്ന ഭേദഗതിയാണ് കൊണ്ടുവന്നത്. അതിനെതിരായി മിൽമയുടെ ഭരണാധികാരികൾ ഹൈക്കോടതിയിൽ പോയി. അതാത് പ്രദേശത്ത് നിന്നുതന്നെ തെരഞ്ഞെടുക്കുക എന്നത് കൂടുതൽ ജനാധിപത്യപരമാണെന്ന് പറഞ്ഞ് ആ കേസ്സ് ഹൈക്കോടതി തള്ളി. മിൽമയുടെ ഭരണാധികാരികൾ സർക്കാരിനെതിരായി ഇതുവരെ 14 കേസ്സുകൾ കൊടുത്തു. പതിനാല് കേസ്സുകളിലും അവർ തോൽക്കുകയും സർക്കാർ ജയിക്കുകയും ചെയ്തുവെങ്കിലും മിൽമയെ പിടിച്ചെടുക്കാനോ ഭരണസമിതിയിൽ മാറ്റം വരുത്തി മറ്റെന്തെങ്കിലും

ചെയ്യാനോ ഈ സർക്കാർ ശ്രമിക്കുന്നില്ല. അത് ഈ സർക്കാരിന്റെ നയമല്ല. മിൽമയിലെ ധൂർത്ത് അവസാനിപ്പിച്ച് ഭരണം കൂടുതൽ മെച്ചപ്പെടണം. കൂടുതൽ പാലുല്പന്നങ്ങളുണ്ടാക്കി സ്വദേശത്ത് വിൽക്കാനും വിദേശത്തേയ്ക്ക് കയറ്റിയയയ്ക്കാനുമുള്ള സാഹചര്യങ്ങൾ ഇന്ന് നിലവിലുണ്ട്. യഥാർത്ഥത്തിൽ നമ്മൾ യോജിച്ച് നിൽക്കേണ്ടത് എന്തിനുവേണ്ടിയാണ്? കേന്ദ്രസർക്കാർ നവംബർ മാസത്തിൽ The Regional Comprehensive Economic Partnership കരാർ ഒപ്പിടാൻ പോകുകയാണ്. ആ കരാർ ഒപ്പിട്ടുകഴിഞ്ഞാൽ നമ്മുടെ രാജ്യത്തേയ്ക്ക് വിദേശരാജ്യങ്ങളിൽ നിന്നും, പ്രത്യേകിച്ച് പാലുല്പാദന രാജ്യങ്ങളിൽ നിന്നും, വൻതോതിൽ പാലും പാലുല്പന്നങ്ങളും ഇറക്കുമതി ചെയ്യാൻ പോകുകയാണ്. ആ കരാർ ഒപ്പിടരുതെന്നാണ് പറയുന്നത്. ശ്രീ. മൻമോഹൻ സിംഗ് ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ് ഇതുമായി ബന്ധപ്പെട്ട കരാറിന് തുടക്കം കുറിച്ചത്. കേന്ദ്ര സർക്കാർ വളരെ വാശിയോടെ ഒപ്പിടാൻ പോകുകയാണ്. നവംബർ മാസത്തിൽ ഒപ്പിടുമെന്നാണ് കേട്ടത്. അങ്ങനെ വന്നാൽ സംസ്ഥാനത്തെ പാൽമേഖലയെ അത് വല്ലാതെ ബാധിക്കുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. എല്ലാവരുടെയും കൂട്ടായ പരിശ്രമത്തിന്റെ ഫലമായി ക്ഷീരമേഖലയെ സ്വയംപര്യാപ്തമാക്കുകയെന്ന ലക്ഷ്യത്തിലേയ്ക്ക് എത്തിക്കൊണ്ടിരിക്കുകയാണ്. താമസിയാതെ പാലിന്റെ കാര്യത്തിൽ കേരളം സ്വയംപര്യാപ്തത നേടും. അതുപോലെ കോഴിമുട്ടയുടെയും കോഴിയിറച്ചിയുടെയും കാര്യത്തിൽ സ്വയംപര്യാപ്തത നേടാനാവശ്യമായ ചില പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കേരള ചിക്കൻ എന്നൊരു പദ്ധതി പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷനും മൃഗസംരക്ഷണവകുപ്പും കുടുംബശ്രീയും ചേർന്ന് ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. ഇതിനോടകം കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ കുറെയേറെ യൂണിറ്റുകൾ ആരംഭിച്ചു. സംസ്ഥാനത്താകെ 5000 യൂണിറ്റുകൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. ആ യൂണിറ്റുകളെല്ലാം യാഥാർത്ഥ്യമായാൽ കോഴിമുട്ടയുടെയും കോഴിയിറച്ചിയുടെയും ഉല്പാദനത്തിന്റെ കാര്യത്തിൽ വൻതോതിൽ മുന്നോട്ടുപോകാൻ കഴിയും. അതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ്. അതും സമ്പൂർണ്ണമായി വിജയിപ്പിക്കുന്നതിന് എല്ലാവരുടെയും പൂർണ്ണമായ പിന്തുണയും സഹകരണവും ഉണ്ടാകണമെന്നുമാത്രം ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുന്നു.

അതുപോലെ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലാണ് കേരള ഫീഡ്സ് വരുന്നത്. കർഷകർ അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട വിഷയം കാലിത്തീറ്റയുമായി ബന്ധപ്പെട്ടുള്ളതാണെന്നതിൽ ഒരു തർക്കവുമില്ല. അന്യ സംസ്ഥാനങ്ങളിൽ നിന്നാണ് അതിനാവശ്യമായിട്ടുള്ള എല്ലാ അസംസ്കൃത വസ്തുക്കളും കൊണ്ടുവരേണ്ടത് എന്നതാണ് കാലിത്തീറ്റയ്ക്ക് വില വർദ്ധിക്കുന്നതിനുള്ള കാരണം. തവിട്, ചോളം എന്നിവയെല്ലാം അന്യസംസ്ഥാനത്ത് നിന്നുമാണ് കൊണ്ടുവരുന്നത്. അങ്ങനെ കൊണ്ടുവരുന്നതു കൊണ്ടാണ് സ്വകാര്യ കമ്പനികൾ അടിക്കടി വില വർദ്ധിപ്പിക്കുന്നത്. സ്വകാര്യ കമ്പനികൾ വില

വർദ്ധിപ്പിക്കുന്നതിനനുസരിച്ച് വില വർദ്ധിപ്പിക്കാൻ കേരള ഫീഡ്സിന് കഴിയില്ലല്ലോ; മിൽമയ്ക്ക് ഒരു ഫാക്ടറിയുണ്ട്; അവർക്കും പറ്റില്ല. വില നിയന്ത്രിക്കാനുള്ള അവകാശം അവർക്കുണ്ടെങ്കിലും സർക്കാർ അതിന് അനുമതി കൊടുക്കുന്നില്ല. കാരണം, അത് കർഷകരെ ബാധിക്കും. പക്ഷേ ഒരു ചാക്ക് ഉൽപ്പാദിപ്പിക്കുമ്പോൾ 100 രൂപ നഷ്ടത്തിലാണ് ഇപ്പോൾ പൊതുമേഖലാ സ്ഥാപനങ്ങൾ കാലിത്തീറ്റ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതെന്നാണ് അതിന്റെ മാനേജ്മെന്റുകൾ പറയുന്നത്. നമ്മൾ കർഷകരുടെ പൊതുവായ ലക്ഷ്യം കണക്കിലെടുത്തുകൊണ്ടാണ് വില വർദ്ധനവ് പിടിച്ചു നിർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നത്. പാലിന്റെ വിലയെ സംബന്ധിച്ച് പറഞ്ഞു. ഈ സർക്കാർ വന്നതിനുശേഷം 4 രൂപ വില വർദ്ധിപ്പിച്ചു. ഇന്ത്യയിൽ ഏറ്റവും കൂടുതൽ പാലിന് വില ലഭിക്കുന്ന സംസ്ഥാനം കേരളമാണ്. തമിഴ്നാട്ടിൽ ഒരു ലിറ്റർ പാലിന് 21 രൂപയേയുള്ളൂ. മറ്റ് സംസ്ഥാനങ്ങളിലും പാലിന്റെ വില അതുപോലെയാണ്. പാലിന് സുസ്ഥിരമായ വിലനിലവാരം നിൽക്കുന്ന ഒരു സംസ്ഥാനം കേരളമാണ്. അതുകൊണ്ട് ക്ഷീരകർഷകന് ഉറച്ചുനിൽക്കാം. മറ്റ് മേഖലകളിൽ തകർച്ച വന്നിട്ടുള്ള സാഹചര്യത്തിൽ ഈ മേഖലയെ ആശ്വാസത്തോടുകൂടി കാണാൻ കഴിയും. നമ്മൾ കൂട്ടായി പരിശ്രമിച്ച് ക്ഷീരകർഷക മേഖല കുറച്ചുകൂടി സമ്പന്നമാക്കാൻ ശ്രമിക്കാമെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ധനാഭ്യർത്ഥന നമ്പർ XXX ഭക്ഷ്യം</u>

<u>മി. സ്പീക്കർ:</u> സർവ്വശ്രീ കെ. എസ്. ശബരീനാഥൻ, പി. ടി. തോമസ്, കെ. എൻ. എ. ഖാദർ, സി. മമ്മൂട്ടി, അൻവർ സാദത്ത്, വി. കെ. ഇബ്രാഹിം കുഞ്ഞ്, അനൂപ് ജേക്കബ്, സണ്ണി ജോസഫ്, എം. ഉമ്മർ, പി. ഉബൈദുള്ള, എൻ. ഷംസുദ്ദീൻ, ഷാഫി പറമ്പിൽ, എൽദോസ് പി. കുന്നപ്പിള്ളിൽ, എൻ. എ. നെല്ലിക്കുന്ന്, അനിൽ അക്കര, പി. കെ. അബ്ദു റബ്ബ്, വി. പി. സജീന്ദ്രൻ, എം. വിൻസെന്റ്, കെ. സി. ജോസഫ്, വി. ടി. ബൽറാം, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XXX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ

കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2019-2020 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...................

പ്രതികൂലിക്കുന്നവർ...................

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. ആന്റണി ജോൺ
4. പ്രൊഫ. കെ. യു. അരുണൻ
5. ശ്രീമതി സി. കെ. ആശ
6. ശ്രീ. കെ. ബാബു
7. ശ്രീ. എ. കെ. ബാലൻ
8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. ഇ. ചന്ദ്രശേഖരൻ
10. ശ്രീ. കെ. ദാസൻ
11. ശ്രീ. ബി. ഡി. ദേവസ്സി
12. ശ്രീ. സി. ദിവാകരൻ
13. ശ്രീ. എൽദോ എബ്രഹാം
14. ശ്രീമതി ഗീതാ ഗോപി
15. ശ്രീ. ജോർജ് എം. തോമസ്
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ

18. ഡോ. കെ. ടി. ജലീൽ
19. ശ്രീ. ജെയിംസ് മാത്യു
20. ശ്രീ. ജി. എസ്. ജയലാൽ
21. ശ്രീ. ഇ. പി. ജയരാജൻ
22. ശ്രീ. ജോൺ ഫെർണാണ്ടസ്
23. ശ്രീ. വി. ജോയി
24. ശ്രീ. ഒ. ആർ. കേളു
25. ശ്രീ. സി. കൃഷ്ണൻ
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കെ. കുഞ്ഞിരാമൻ
28. ശ്രീ. കോവൂർ കുഞ്ഞുമോൻ
29. ശ്രീ. വി. കെ. സി. മമ്മത് കോയ
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ പി.
35. ശ്രീ. ഡി. കെ. മുരളി
36. ശ്രീ. മുരളി പെരുനെല്ലി
37. ശ്രീ. സി. കെ. നാണു
38. ശ്രീ. എം. നൗഷാദ്
39. ശ്രീ. യു. ആർ. പ്രദീപ്
40. ശ്രീ. എ. പ്രദീപ്കുമാർ
41. ശ്രീ. കെ. ഡി. പ്രസേനൻ

42. ശ്രീ. പുരുഷൻ കടലുണ്ടി

43. ശ്രീ. പി. ടി. എ. റഹീം

44. ശ്രീ. എം. രാജഗോപാലൻ

45. ശ്രീ. കെ. രാജൻ

46. ശ്രീ. ആർ. രാജേഷ്

47. ശ്രീ. റ്റി. വി. രാജേഷ്

48. ശ്രീ. കെ. രാജു

49. ശ്രീ. രാജു എബ്രഹാം

50. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

51. ശ്രീ. മുല്ലക്കര രത്നാകരൻ

52. പ്രൊഫ. സി. രവീന്ദ്രനാഥ്

53. ശ്രീ. സജി ചെറിയാൻ

54. ശ്രീ. എസ്. ശർമ്മ

55. ശ്രീ. എ. കെ. ശശീന്ദ്രൻ

56. ശ്രീ. സി. കെ. ശശീന്ദ്രൻ

57. ശ്രീ. വി. ശശി

58. ശ്രീ. ഐ. ബി. സതീഷ്

59. ശ്രീ. ബി. സത്യൻ

60. ശ്രീ. എ. എൻ. ഷംസീർ

61. ശ്രീ. ജി. സുധാകരൻ

62. ശ്രീ. വി. ആർ. സുനിൽ കുമാർ

63. ശ്രീ. വി. എസ്. സുനിൽ കുമാർ

64. ശ്രീ. കെ. സുരേഷ് കുറുപ്പ്

65. ശ്രീ. എം. സ്വരാജ്

66. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
67. ശ്രീ. പി. തിലോത്തമൻ
68. ശ്രീ. തോമസ് ചാണ്ടി
69. ശ്രീ. പി. ഉണ്ണി
70. ശ്രീമതി വീണാ ജോർജ്ജ്
71. ശ്രീ. ഇ. കെ. വിജയൻ
72. ശ്രീ. പിണറായി വിജയൻ
73. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ശ്രീ. അനിൽ അക്കര
3. ശ്രീ. അനൂപ് ജേക്കബ്
4. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
5. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
6. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
7. ശ്രീ. ടി. വി. ഇബ്രാഹിം
8. ശ്രീ. കെ. സി. ജോസഫ്
9. ശ്രീ. പി. ജെ. ജോസഫ്
10. ശ്രീ. കെ. എൻ. എ. ഖാദർ
11. ശ്രീ. മോൻസ് ജോസഫ്
12. ഡോ. എം. കെ. മുനീർ
13. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
14. ശ്രീ. രമേശ് ചെന്നിത്തല
15. ശ്രീ. റോഷി അഗസ്റ്റിൻ
16. ശ്രീ. കെ. എസ്. ശബരീനാഥൻ

17. ശ്രീ. വി. പി. സജീന്ദ്രൻ

18. ശ്രീ. ഷാഫി പറമ്പിൽ

19. ശ്രീ. വി. എസ്. ശിവകുമാർ

20. ശ്രീ. സണ്ണി ജോസഫ്

21. ശ്രീ. പി. ടി. തോമസ്

22. ശ്രീ. പി. ഉബൈദുള്ള

23. ശ്രീ. എം. ഉമ്മർ

24. ശ്രീ. എം. വിൻസെന്റ്

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

അനുകൂലിക്കുന്നവർ - 73

പ്രതികൂലിക്കുന്നവർ - 24

നിഷ്പക്ഷത പാലിക്കുന്നവർ - 0

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXI

### മൃഗസംരക്ഷണം

മി. സ്പീക്കർ: സർവ്വശ്രീ സി. മമ്മൂട്ടി, എം. ഉമ്മർ, പി. കെ. അബ്ദുറബ്ബ്, പി. ഉബൈദുള്ള, വി. കെ. ഇബ്രാഹിം കുഞ്ഞ്, എം. വിൻസെന്റ്, അനൂപ് ജേക്കബ്, എൻ. എ. നെല്ലിക്കുന്ന്, കെ.എൻ.എ. ഖാദർ, എൻ. ഷംസുദ്ദീൻ, പി.ടി. തോമസ്, എൽദോസ് പി. കുന്നപ്പിള്ളിൽ, ഷാഫി പറമ്പിൽ, വി. പി. സജീന്ദ്രൻ, അൻവർ സാദത്ത്, കെ.സി. ജോസഫ്, സണ്ണി ജോസഫ്, അനിൽ അക്കര, കെ.എസ്. ശബരീനാഥൻ, വി.ടി. ബൽറാം, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XXXI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2019-2020 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...................

പ്രതികൂലിക്കുന്നവർ....................

<u>ശ്രീ. പി. ടി. തോമസ്:</u> സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. ആന്റണി ജോൺ
4. പ്രൊഫ. കെ. യു. അരുണൻ
5. ശ്രീമതി സി. കെ. ആശ
6. ശ്രീ. കെ. ബാബു
7. ശ്രീ. എ. കെ. ബാലൻ
8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. ഇ. ചന്ദ്രശേഖരൻ
10. ശ്രീ. കെ. ദാസൻ
11. ശ്രീ. ബി. ഡി. ദേവസ്സി
12. ശ്രീ. സി. ദിവാകരൻ
13. ശ്രീ. എൽദോ എബ്രഹാം
14. ശ്രീമതി ഗീതാ ഗോപി
15. ശ്രീ. ജോർജ് എം. തോമസ്
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ

18. ഡോ. കെ. ടി. ജലീൽ
19. ശ്രീ. ജെയിംസ് മാത്യു
20. ശ്രീ. ജി. എസ്. ജയലാൽ
21. ശ്രീ. ഇ. പി. ജയരാജൻ
22. ശ്രീ. ജോൺ ഫെർണാണ്ടസ്
23. ശ്രീ. വി. ജോയി
24. ശ്രീ. ഒ. ആർ. കേളു
25. ശ്രീ. സി. കൃഷ്ണൻ
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കെ. കുഞ്ഞിരാമൻ
28. ശ്രീ. കോവൂർ കുഞ്ഞുമോൻ
29. ശ്രീ. വി. കെ. സി. മമ്മത് കോയ
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ പി.
35. ശ്രീ. ഡി. കെ. മുരളി
36. ശ്രീ. മുരളി പെരുനെല്ലി
37. ശ്രീ. സി. കെ. നാണു
38. ശ്രീ. എം. നൗഷാദ്
39. ശ്രീ. യു. ആർ. പ്രദീപ്
40. ശ്രീ. എ. പ്രദീപ് കുമാർ
41. ശ്രീ. കെ. ഡി. പ്രസേനൻ

42. ശ്രീ. പുരുഷൻ കടലുണ്ടി

43. ശ്രീ. പി. ടി. എ. റഹീം

44. ശ്രീ. എം. രാജഗോപാലൻ

45. ശ്രീ. കെ. രാജൻ

46. ശ്രീ. ആർ. രാജേഷ്

47. ശ്രീ. റ്റി. വി. രാജേഷ്

48. ശ്രീ. കെ. രാജു

49. ശ്രീ. രാജു എബ്രഹാം

50. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

51. ശ്രീ. മുല്ലക്കര രത്നാകരൻ

52. പ്രൊഫ. സി. രവീന്ദ്രനാഥ്

53. ശ്രീ. സജി ചെറിയാൻ

54. ശ്രീ. എസ്. ശർമ്മ

55. ശ്രീ. എ. കെ. ശശീന്ദ്രൻ

56. ശ്രീ. സി. കെ. ശശീന്ദ്രൻ

57. ശ്രീ. വി. ശശി

58. ശ്രീ. ഐ. ബി. സതീഷ്

59. ശ്രീ. ബി. സത്യൻ

60. ശ്രീ. എ. എൻ. ഷംസീർ

61. ശ്രീ. ജി. സുധാകരൻ

62. ശ്രീ. വി. ആർ. സുനിൽ കുമാർ

63. ശ്രീ. വി. എസ്. സുനിൽ കുമാർ

64. ശ്രീ. കെ. സുരേഷ് കുറുപ്പ്

65. ശ്രീ. എം. സ്വരാജ്

66. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

67. ശ്രീ. പി. തിലോത്തമൻ

68. ശ്രീ. തോമസ് ചാണ്ടി

69. ശ്രീ. പി. ഉണ്ണി

70. ശ്രീമതി വീണാ ജോർജ്ജ്

71. ശ്രീ. ഇ. കെ. വിജയൻ

72. ശ്രീ. പിണറായി വിജയൻ

73. ശ്രീ. എൻ. വിജയൻ പിള്ള

പ്രതികൂലിക്കുന്നവർ:

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ശ്രീ. അനിൽ അക്കര
3. ശ്രീ. അനൂപ് ജേക്കബ്
4. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
5. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
6. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
7. ശ്രീ. ടി. വി. ഇബ്രാഹിം
8. ശ്രീ. കെ. സി. ജോസഫ്
9. ശ്രീ. പി. ജെ. ജോസഫ്
10. ശ്രീ. കെ. എൻ. എ. ഖാദർ
11. ശ്രീ. മോൻസ് ജോസഫ്
12. ഡോ. എം. കെ. മുനീർ
13. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
14. ശ്രീ. രമേശ് ചെന്നിത്തല
15. ശ്രീ. റോഷി അഗസ്റ്റിൻ

16. ശ്രീ. കെ. എസ്. ശബരീനാഥൻ
17. ശ്രീ. വി. പി. സജീന്ദ്രൻ
18. ശ്രീ. ഷാഫി പറമ്പിൽ
19. ശ്രീ. വി. എസ്. ശിവകുമാർ
20. ശ്രീ. സണ്ണി ജോസഫ്
21. ശ്രീ. പി. ടി. തോമസ്
22. ശ്രീ. പി. ഉബൈദുള്ള
23. ശ്രീ. എം. ഉമ്മർ
24. ശ്രീ. എം. വിൻസെന്റ്

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

അനുകൂലിക്കുന്നവർ - 73

പ്രതികൂലിക്കുന്നവർ - 24

നിഷ്പക്ഷത പാലിക്കുന്നവർ - 0

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXII

ക്ഷീരവികസനം

മി. സ്പീക്കർ: സർവ്വശ്രീ വി.ടി. ബൽറാം, കെ. സി. ജോസഫ്, അനൂപ് ജേക്കബ്, വി. കെ. ഇബ്രാഹിം കുഞ്ഞ്, എം. ഉമ്മർ, കെ.എൻ.എ. ഖാദർ, സി. മമ്മൂട്ടി, പി. കെ. അബ്ദുറബ്ബ്, എൻ. ഷംസുദ്ദീൻ, എൻ.എ. നെല്ലിക്കുന്ന്, പി. ഉബൈദുള്ള, പി. ടി. തോമസ്, എം. വിൻസെന്റ്, എൽദോസ് പി. കുന്നപ്പിള്ളിൽ, ഷാഫി പറമ്പിൽ, വി. പി. സജീന്ദ്രൻ, അൻവർ സാദത്ത്, സണ്ണി ജോസഫ്, അനിൽ അക്കര, കെ. എസ്. ശബരീനാഥൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XXXII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2019-2020 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...................

പ്രതികൂലിക്കുന്നവർ...................

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. ആന്റണി ജോൺ
4. പ്രൊഫ. കെ. യു. അരുണൻ
5. ശ്രീമതി സി. കെ. ആശ
6. ശ്രീ. കെ. ബാബു
7. ശ്രീ. എ. കെ. ബാലൻ
8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. ഇ. ചന്ദ്രശേഖരൻ
10. ശ്രീ. കെ. ദാസൻ
11. ശ്രീ. ബി. ഡി. ദേവസ്സി
12. ശ്രീ. സി. ദിവാകരൻ
13. ശ്രീ. എൽദോ എബ്രഹാം
14. ശ്രീമതി ഗീതാ ഗോപി
15. ശ്രീ. ജോർജ് എം. തോമസ്
16. ശ്രീ. ചിറ്റയം ഗോപകുമാർ

17. ശ്രീ. സി. കെ. ഹരീന്ദ്രൻ

18. ഡോ. കെ. ടി. ജലീൽ

19. ശ്രീ. ജെയിംസ് മാത്യു

20. ശ്രീ. ജി. എസ്. ജയലാൽ

21. ശ്രീ. ഇ. പി. ജയരാജൻ

22. ശ്രീ. ജോൺ ഫെർണാണ്ടസ്

23. ശ്രീ. വി. ജോയി

24. ശ്രീ. ഒ. ആർ. കേളു

25. ശ്രീ. സി. കൃഷ്ണൻ

26. ശ്രീ. കെ. കൃഷ്ണൻകുട്ടി

27. ശ്രീ. കെ. കുഞ്ഞിരാമൻ

28. ശ്രീ. കോവൂർ കുഞ്ഞുമോൻ

29. ശ്രീ. വി. കെ. സി. മമ്മത് കോയ

30. ശ്രീ. മാത്യു ടി. തോമസ്

31. ശ്രീ. കെ. ജെ. മാക്സി

32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ

33. ശ്രീ. എ. സി. മൊയ്തീൻ

34. ശ്രീ. മുഹമ്മദ് മുഹസിൻ പി.

35. ശ്രീ. ഡി. കെ. മുരളി

36. ശ്രീ. മുരളി പെരുനെല്ലി

37. ശ്രീ. സി. കെ. നാണു

38. ശ്രീ. എം. നൗഷാദ്

39. ശ്രീ. യു. ആർ. പ്രദീപ്

40. ശ്രീ. എ. പ്രദീപ്കുമാർ

41. ശ്രീ. കെ. ഡി. പ്രസേനൻ
42. ശ്രീ. പുരുഷൻ കടലുണ്ടി
43. ശ്രീ. പി. ടി. എ. റഹീം
44. ശ്രീ. എം. രാജഗോപാലൻ
45. ശ്രീ. കെ. രാജൻ
46. ശ്രീ. ആർ. രാജേഷ്
47. ശ്രീ. റ്റി. വി. രാജേഷ്
48. ശ്രീ. കെ. രാജു
49. ശ്രീ. രാജു എബ്രഹാം
50. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
51. ശ്രീ. മുല്ലക്കര രത്നാകരൻ
52. പ്രൊഫ. സി. രവീന്ദ്രനാഥ്
53. ശ്രീ. സജി ചെറിയാൻ
54. ശ്രീ. എസ്. ശർമ്മ
55. ശ്രീ. എ. കെ. ശശീന്ദ്രൻ
56. ശ്രീ. സി. കെ. ശശീന്ദ്രൻ
57. ശ്രീ. വി. ശശി
58. ശ്രീ. ഐ. ബി. സതീഷ്
59. ശ്രീ. ബി. സത്യൻ
60. ശ്രീ. എ. എൻ. ഷംസീർ
61. ശ്രീ. ജി. സുധാകരൻ
62. ശ്രീ. വി. ആർ. സുനിൽ കുമാർ
63. ശ്രീ. വി. എസ്. സുനിൽ കുമാർ
64. ശ്രീ. കെ. സുരേഷ് കുറുപ്പ്

65. ശ്രീ. എം. സ്വരാജ്
66. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
67. ശ്രീ. പി. തിലോത്തമൻ
68. ശ്രീ. തോമസ് ചാണ്ടി
69. ശ്രീ. പി. ഉണ്ണി
70. ശ്രീമതി വീണാ ജോർജ്ജ്
71. ശ്രീ. ഇ. കെ. വിജയൻ
72. ശ്രീ. പിണറായി വിജയൻ
73. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ശ്രീ. അനിൽ അക്കര
3. ശ്രീ. അനൂപ് ജേക്കബ്
4. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
5. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
6. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
7. ശ്രീ. ടി. വി. ഇബ്രാഹിം
8. ശ്രീ. കെ. സി. ജോസഫ്
9. ശ്രീ. പി. ജെ. ജോസഫ്
10. ശ്രീ. കെ. എൻ. എ. ഖാദർ
11. ശ്രീ. മോൻസ് ജോസഫ്
12. ഡോ. എം. കെ. മുനീർ
13. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
14. ശ്രീ. രമേശ് ചെന്നിത്തല

15. ശ്രീ. റോഷി അഗസ്റ്റിൻ
16. ശ്രീ. കെ. എസ്. ശബരീനാഥൻ
17. ശ്രീ. വി. പി. സജീന്ദ്രൻ
18. ശ്രീ. ഷാഫി പറമ്പിൽ
19. ശ്രീ. വി. എസ്. ശിവകുമാർ
20. ശ്രീ. സണ്ണി ജോസഫ്
21. ശ്രീ. പി. ടി. തോമസ്
22. ശ്രീ. പി. ഉബൈദുള്ള
23. ശ്രീ. എം. ഉമ്മർ
24. ശ്രീ. എം. വിൻസെന്റ്

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

അനുകൂലിക്കുന്നവർ - 73

പ്രതികൂലിക്കുന്നവർ - 24

നിഷ്പക്ഷത പാലിക്കുന്നവർ - 0

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXIV

## വനം

മി. സ്പീക്കർ: സർവ്വശ്രീ അനൂപ് ജേക്കബ്, വി. കെ. ഇബ്രാഹിം കുഞ്ഞ്, എം. ഉമ്മർ, കെ. എൻ. എ. ഖാദർ, സി. മമ്മൂട്ടി, പി. കെ. അബ്ദുറബ്ബ്, പി. ഉബൈദുള്ള, എൻ. ഷംസുദ്ദീൻ, എൻ. എ. നെല്ലിക്കുന്ന്, പി. ടി. തോമസ്, എം. വിൻസെന്റ്, എൽദോസ് പി. കുന്നപ്പിള്ളിൽ, കെ. സി. ജോസഫ്, സണ്ണി ജോസഫ്, അനിൽ അക്കര, കെ. എസ്. ശബരീനാഥൻ, ഷാഫി പറമ്പിൽ, വി. പി. സജീന്ദ്രൻ, അൻവർ സാദത്ത്, വി.ടി. ബൽറാം, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XXXIV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2019-2020 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ...................

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. ആന്റണി ജോൺ
4. പ്രൊഫ. കെ. യു. അരുണൻ
5. ശ്രീമതി സി. കെ. ആശ
6. ശ്രീ. കെ. ബാബു
7. ശ്രീ. എ. കെ. ബാലൻ
8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. ഇ. ചന്ദ്രശേഖരൻ
10. ശ്രീ. കെ. ദാസൻ
11. ശ്രീ. ബി. ഡി. ദേവസ്സി
12. ശ്രീ. സി. ദിവാകരൻ
13. ശ്രീ. എൽദോ എബ്രഹാം
14. ശ്രീമതി ഗീതാ ഗോപി
15. ശ്രീ. ജോർജ് എം. തോമസ്
16. ശ്രീ. ചിറ്റയം ഗോപകുമാർ

17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീ. ജെയിംസ് മാത്യു
20. ശ്രീ. ജി. എസ്. ജയലാൽ
21. ശ്രീ. ഇ. പി. ജയരാജൻ
22. ശ്രീ. ജോൺ ഫെർണാണ്ടസ്
23. ശ്രീ. വി. ജോയി
24. ശ്രീ. ഒ. ആർ. കേളു
25. ശ്രീ. സി. കൃഷ്ണൻ
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കെ. കുഞ്ഞിരാമൻ
28. ശ്രീ. കോവൂർ കുഞ്ഞുമോൻ
29. ശ്രീ. വി. കെ. സി. മമ്മത് കോയ
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ പി.
35. ശ്രീ. ഡി. കെ. മുരളി
36. ശ്രീ. മുരളി പെരുനെല്ലി
37. ശ്രീ. സി. കെ. നാണു
38. ശ്രീ. എം. നൗഷാദ്
39. ശ്രീ. യു. ആർ. പ്രദീപ്

40. ശ്രീ. എ. പ്രദീപ് കുമാർ
41. ശ്രീ. കെ. ഡി. പ്രസേനൻ
42. ശ്രീ. പുരുഷൻ കടലുണ്ടി
43. ശ്രീ. പി. ടി. എ. റഹീം
44. ശ്രീ. എം. രാജഗോപാലൻ
45. ശ്രീ. കെ. രാജൻ
46. ശ്രീ. ആർ. രാജേഷ്
47. ശ്രീ. റ്റി. വി. രാജേഷ്
48. ശ്രീ. കെ. രാജു
49. ശ്രീ. രാജു എബ്രഹാം
50. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
51. ശ്രീ. മുല്ലക്കര രത്നാകരൻ
52. പ്രൊഫ. സി. രവീന്ദ്രനാഥ്
53. ശ്രീ. സജി ചെറിയാൻ
54. ശ്രീ. എസ്. ശർമ്മ
55. ശ്രീ. എ. കെ. ശശീന്ദ്രൻ
56. ശ്രീ. സി. കെ. ശശീന്ദ്രൻ
57. ശ്രീ. വി. ശശി
58. ശ്രീ. ഐ. ബി. സതീഷ്
59. ശ്രീ. ബി. സത്യൻ
60. ശ്രീ. എ. എൻ. ഷംസീർ
61. ശ്രീ. ജി. സുധാകരൻ
62. ശ്രീ. വി. ആർ. സുനിൽ കുമാർ

63. ശ്രീ. വി. എസ്. സുനിൽ കുമാർ
64. ശ്രീ. കെ. സുരേഷ് കുറുപ്പ്
65. ശ്രീ. എം. സ്വരാജ്
66. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
67. ശ്രീ. പി. തിലോത്തമൻ
68. ശ്രീ. തോമസ് ചാണ്ടി
69. ശ്രീ. പി. ഉണ്ണി
70. ശ്രീമതി വീണാ ജോർജ്ജ്
71. ശ്രീ. ഇ. കെ. വിജയൻ
72. ശ്രീ. പിണറായി വിജയൻ
73. ശ്രീ. എൻ. വിജയൻ പിള്ള.

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ശ്രീ. അനിൽ അക്കര
3. ശ്രീ. അനൂപ് ജേക്കബ്
4. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
5. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
6. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
7. ശ്രീ. ടി. വി. ഇബ്രാഹിം
8. ശ്രീ. കെ. സി. ജോസഫ്
9. ശ്രീ. പി. ജെ. ജോസഫ്
10. ശ്രീ. കെ. എൻ. എ. ഖാദർ
11. ശ്രീ. മോൻസ് ജോസഫ്
12. ഡോ. എം. കെ. മുനീർ
13. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

14. ശ്രീ. രമേശ് ചെന്നിത്തല
15. ശ്രീ. റോഷി അഗസ്റ്റിൻ
16. ശ്രീ. കെ. എസ്. ശബരീനാഥൻ
17. ശ്രീ. വി. പി. സജീന്ദ്രൻ
18. ശ്രീ. ഷാഫി പറമ്പിൽ
19. ശ്രീ. വി. എസ്. ശിവകുമാർ
20. ശ്രീ. സണ്ണി ജോസഫ്
21. ശ്രീ. പി. ടി. തോമസ്
22. ശ്രീ. പി. ഉബൈദുള്ള
23. ശ്രീ. എം. ഉമ്മർ
24. ശ്രീ. എം. വിൻസെന്റ്

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

അനുകൂലിക്കുന്നവർ - 73

പ്രതികൂലിക്കുന്നവർ - 24

നിഷ്പക്ഷത പാലിക്കുന്നവർ - 0

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മി. സ്പീക്കർ: ഓർഡർ.... ഓർഡർ....സഭ ഇപ്പോൾ പിരിയുന്നതും ജൂൺ 24-ാം തീയതി രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2019 ജൂൺ മാസം 24-ാം തീയതി തിങ്കളാഴ്ച രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.55-ന് പിരിഞ്ഞു.)